വിശ്വാസവും
ജീവിതവും
വിശുദ്ധ
ഖുർആനിൽ.

ഭാഗം രണ്ട്.

അബ്ദുർ
റഹ്മാൻ
പുതിയവളപ്പ്

അദ്ധ്യായങ്ങൾ.

21.	നേർമാർഗത്തിനർഹരവുന്നവർ	001
22.	ദൈവികപരീക്ഷണങ്ങൾ	017
23.	ത്യാഗങ്ങളും അനുഗ്രഹങ്ങളും	043
24.	ദൈവമാർഗത്തിൽ ചിലവഴിക്കൽ	059
25.	ഭൗതികജീവിതം	077
26.	ദൈവകല്പനകൾ	095
27.	മഹാപാപങ്ങളും കുറ്റകൃത്യങ്ങളും	135
28.	ആരാധനാകർമങ്ങൾ	151
29.	വിശ്വാസികളുടെ പ്രത്യേകതകൾ	191
30.	അവിശ്വാസികളുടെ പ്രത്യേകതകൾ	205
31.	സ്ത്രീകളുടെ അവകാശങ്ങളും ബാദ്ധ്യതകളും	221
32.	വിവാഹവും വിവാഹമോചനവും	235
33.	പിന്തടർച്ചാവകാശ നിയമങ്ങൾ	279
34.	ദൈവികാനുഗ്രഹങ്ങൾ	295
35.	ദൈവികശിക്ഷകളും കാരണങ്ങളും	317
36.	മരണവും മരണശേഷവും	349
37.	ഉയിർത്തെഴുന്നേൽപ്പുനാൾ	365
38.	സ്വർഗവും സ്വർഗവാസികളും	389
39.	നരകവും നരകവാസികളും	407
40.	സ്തോത്രങ്ങളും പ്രാർത്ഥനകളും	421

21-നേർമാർഗ്ഗത്തിന്റെ അവകാശികൾ.

തന്റെ ചിന്തകളുടെയും വിചാരങ്ങളുടെയും അഗാധ തലങ്ങളിൽ നടക്കുന്ന വിശകലനങ്ങളിൽ നിന്നും വിശ്വാസം ഉടലെടുക്കുന്നു. ഇവിടെ വിശ്വാസം കൊണ്ടുദ്ദേശിക്കുന്നത് ദൈവത്തെ കണ്ടെത്തി സൃഷ്ടിയുടെ ഉദ്ദേശ്യം മനസ്സിലാക്കി ആ ഉദ്ദേശ്യത്തിന്നനുസൃതമായ ജീവിതം കെട്ടിപ്പടുക്കുന്നതിനെയാണ്. അങ്ങനെയുള്ള ജീവിതത്തിന്റെ ഫലമായിട്ട് മാത്രമെ മനുഷ്യന് അവന്റെ സമാധാനവും സന്തോഷവും കൈവരികയുള്ളൂ.

ദൈവത്തെക്കുറിച്ചുള്ള ബോധം മനുഷ്യന്റെ ആത്മാവിന്റെ അടിത്തട്ടിൽ ദൈവം തന്നെ ഇട്ടു കൊടുത്തിരിക്കുന്നു. ദൈവത്തെ കണ്ടെത്തണം എന്നാഗ്രഹിക്കുന്നവർക്ക് ആ ബോധത്തെ വികസിപ്പിച്ചുകൊണ്ട് ദൈവത്തിന്റെ സന്നിധിയിലേക്ക് എത്തിച്ചേരാവുന്നതാണ്. അതിന് താൽപ്പര്യമില്ലാത്തവർക്ക് ആ ബോധത്തെ അവഗണിച്ചുകൊണ്ട് തങ്ങളുടെ ആഗ്രഹങ്ങൾക്കനുസൃതമായ ജീവിതം നയിക്കാവുന്നതാണ്. രണ്ടിനുമുള്ള സ്വാതന്ത്രം മനുഷ്യസൃഷ്ടിയുടെ ഒരു ഘടകമെന്നനിലയിൽ അല്ലാഹു മനുഷ്യർക്ക് നൽകിയിരിക്കുന്നു. അതോടൊപ്പം ദൈവം ബുദ്ധിശക്തിയും നൽകിയിരിക്കുന്നു. ബുദ്ധിയെ ശരിയായി ഉപയോഗിച്ചുകൊണ്ട് യാതൊരു നിർബന്ധവുമില്ലാതെ നേർമാർഗ്ഗം പ്രാപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ബുദ്ധിയും വിവേകവും ശരിക്കുപയോഗിക്കാതെ തങ്ങളുടെ അധമ വികാരങ്ങൾക്കനുസൃതമായി ജീവിതം നയിക്കുന്നവർക്ക് അതിന്റെ തിക്തഫലവും അനുഭവിക്കേണ്ടി വരുമെന്ന് ദൈവം മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

തന്റെ ആത്മാവ് ശുദ്ധമായിരിക്കണം എന്ന ചിന്തയാണ് മനുഷ്യനെ ദൈവത്തെ കണ്ടെത്താൻ പ്രേരിപ്പിക്കുന്നത്. അതിനുള്ള ആഗ്രഹങ്ങൾ മനുഷ്യന്റെ മനസ്സിൽ മുളയിട്ടു തുടങ്ങുമ്പോൾ അവന്റെ ആത്മാവ് ദൈവത്തെ അന്വേഷിച്ചു തുടങ്ങുന്നു. ഈലോകത്തിന്റെ സൃഷ്ടിപ്പും ദിനരാത്രങ്ങളും ജീവിതവും മരണവും വളർച്ചയും നാശവും പ്രകശവും തമസ്സും അറിവും അജ്ഞതയും ആകാശവും ഭൂമിയും എല്ലാം തന്നെ അവന്റെ ചിന്തകളെ കൂടുതൽ ഉത്തേജിപ്പിക്കന്നതിന് കാരണമായിത്തീരുന്നതാണ്. അങ്ങനെ അവൻ ഈലോകത്തുള്ള എല്ലാ കാര്യങ്ങളിലേക്കും കണ്ണോടിക്കുമ്പോൾ അതിലൂടെ അവൻ ദൈവത്തെ കണ്ടെത്തുകയും ചെയ്യുന്നു.

ദൈവത്തെ കണ്ടെത്താൻ ആഗ്രഹമുള്ളവർക്ക് ഈ പ്രപഞ്ചത്തിൽ തന്നെ ധാരാളം തെളിവുകൾ ഉള്ളതായി വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു.

إِنَّ فِي خَلْقِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ لَءَايَٰتٍ لِّأُو۟لِى ٱلْأَلْبَٰبِ ۝

3:191. ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിമാറി വരു

ന്നതിലും ചിന്തിക്കുന്ന ജനതയ്ക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

قُلِ ٱنظُرُواْ مَاذَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ

وَمَا تُغْنِى ٱلْـَٔايَـٰتُ وَٱلنُّذُرُ عَن قَوْمٍ لَّا يُؤْمِنُونَ ۝

10:102. പറയുക ആകാശങ്ങളിലും ഭൂമിയുലുമുള്ളതിലൊക്കെ ദൃഷ്ടി ചലിപ്പിക്കുക. (അപ്പോൾ നിങ്ങൾക്ക് ദൈവത്തെക്കുറിച്ചുള്ള ദൃഷ്ടാന്തങ്ങൾ കണ്ടെത്താവുന്നതാണ്.) നേരെമറിച്ച് വിശ്വസിക്കാൻ തയ്യാറാകാത്ത ജനതയ്ക്ക് ദൃഷ്ടാന്തങ്ങളും മുന്നറിയിപ്പുകളും പ്രയോജനപ്പെടുകയില്ല.

إِنَّ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ لَـَٔايَـٰتٍ لِّلْمُؤْمِنِينَ ۝

وَفِى خَلْقِكُمْ وَمَا يَبُثُّ مِن دَآبَّةٍ ءَايَـٰتٌ لِّقَوْمٍ يُوقِنُونَ ۝

45:4–5. തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും വിശ്വാസികൾക്ക് ദൃഷ്ടാന്തങ്ങൾ ഉണ്ട്. നിങ്ങളുടെ തന്നെ സൃഷ്ടിയിലും ജന്തുക്കളായി അവൻ എങ്ങും വിതരണം ചെയ്തിട്ടുള്ളവയിലും വിശ്വസിക്കുന്ന ജനതക്ക് ദൃഷ്ടാന്തങ്ങൾ ഉണ്ട്.

അങ്ങനെ ഈലോകത്തുള്ള ദൃഷ്ടാന്തങ്ങളെ മനസ്സിലാക്കി അതിലൂടെ ദൈവത്തെ കണ്ടത്തി, അവന്റെ മാർഗ്ഗത്തെ മനസ്സിലാക്കി, അവന്റെ അഭീഷ്ടത്തിനനുസരിച്ച ജീവിതം കെട്ടിപ്പടുക്കുന്നതിനെയാണ് യഥാർത്ഥ ദൈവവിശ്വാസം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വിശ്വാസി അവന്റെ ജീവിതം നയിക്കേണ്ട മാർഗ്ഗത്തെ നേർമാർഗ്ഗം എന്നപദം കൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നു. നേർമാർഗ്ഗത്തെ വിവരിച്ചു കൊണ്ട് വിശുദ്ധഖുർആൻ പറയുകയാണ്:

وَإِنَّ ٱللَّهَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۚ هَـٰذَا صِرَٰطٌ مُّسْتَقِيمٌ ۝

19:37. തീർച്ചയായും അല്ലാഹു എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും ആകുന്നു. അതുകൊണ്ട് അവനെ ആരാധിക്കുവിൻ. അതാണ് നേർമാർഗ്ഗം.

صِرَٰطِ ٱللَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ

42:5. നേർമാർഗ്ഗമെന്നത് ആകാശഭൂമികളിൽ ഉള്ളതല്ലാം തന്റേതായ അല്ലാഹുവിന്റെ പാതയാണ്.

നേർമാർഗ്ഗത്തിന്നർഹരായിത്തീരുവാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ആ

ത്മാവിനെ പരിശുദ്ധമാക്കി വെക്കേണ്ടതാണെന്ന് വിശുദ്ധഖുർആനിൽ ദൈവം ഇങ്ങനെ ആഹ്വാനം ചെയ്യുന്നു.

قَدۡ أَفۡلَحَ مَن تَزَكَّىٰ ۝

87:15. ആർ ശുദ്ധിയാർജ്ജിക്കുന്നവോ അവൻ വിജയിച്ചു.

فَأَلۡهَمَهَا فُجُورَهَا وَتَقۡوَىٰهَا ۝ قَدۡ أَفۡلَحَ مَن زَكَّىٰهَا ۝ وَقَدۡ خَابَ مَن دَسَّىٰهَا ۝

91:8:11- നന്മയെയും തിന്മയെയും കുറിച്ചുള്ള ബോധം അല്ലാഹു (ആത്മാവിന്) നൽകിയിരിക്കുന്നു. (നന്മകൾ ചെയ്തുകൊണ്ട്) തന്റെ ആത്മാവിനെ ശുദ്ധീകരിക്കുന്നവൻ വിജയത്തിലേക്കെത്തിച്ചേരുന്നു. (തിന്മകൾചെയ്തുകൊണ്ട്) അതിനെ ദുഷിപ്പിക്കുന്നവൻ പരാജയമടയുന്നു.

നേർമാർഗ്ഗം കണ്ടുപിടിച്ച് അതിലൂടെ ജീവിതം നയിക്കുന്നത് ആത്മാവിന്റെ സംതൃപ്തിക്ക് കാരണമായിത്തീരുന്നതാണ്. അല്ലാതെയുള്ള ജിവിതം ആത്മദു:ഖത്തിനും കാരണമായിത്തീരുന്നു.

بَلَىٰ مَنۡ أَسۡلَمَ وَجۡهَهُۥ لِلَّهِ وَهُوَ مُحۡسِنٞ فَلَهُۥٓ أَجۡرُهُۥ

عِندَ رَبِّهِۦ وَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ۝

2:113-അങ്ങനെയല്ല, ഏതൊരാൾ സുകൃതം ചെയ്യുന്നവനായിരിക്കെ അല്ലാഹുവിന് സ്വയം അർപണം ചെയ്യുന്നുവോ അവന് തന്റെ രക്ഷിതാവിന്റെയടുക്കൽ അവന്റെ പ്രതിഫലമുണ്ട്. അവർക്ക് (ഭാവിയെക്കുറിച്ച്) യാതൊന്നും ഭയപ്പെടാനില്ല. (കഴിഞ്ഞതിനെക്കുറിച്ച്) അവർ വ്യസനിക്കുന്നതുമല്ല.

قُلۡ يَٰٓأَيُّهَا ٱلنَّاسُ قَدۡ جَآءَكُمُ ٱلۡحَقُّ مِن رَّبِّكُمۡۖ فَمَنِ ٱهۡتَدَىٰ فَإِنَّمَا يَهۡتَدِي

لِنَفۡسِهِۦۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيۡهَاۖ وَمَآ أَنَا۠ عَلَيۡكُم بِوَكِيلٖ ۝

10:109. പറയുക: അല്ലയോ ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിൽ നിന്നും സത്യം തീർച്ചയായും നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. അതുകൊണ്ട് ആർ നേർമാർഗം പ്രാപിക്കുന്നവോ അവന്റെ ആത്മാവിന് വേണ്ടി മാത്രമാണ് അവൻ നേർമാർഗം പ്രാപിക്കുന്നത്. ആർ വ്യതിചലിക്കുന്നുവോ അപ്പോൾ അതിനെതിരെയാണ് അവൻ വ്യതിചലിക്കുന്നത്.

തന്റെ ജീവിതം പരിശുദ്ധമായിരിക്കണം എന്ന ആഗ്രഹം മനുഷ്യമനസ്സിൽ ഉടലെടുക്കുമ്പോൾ അല്ലാഹു സ്വയം തന്നെ അവനെ നേർമാർഗത്തിലേക്ക് വഴി കാണിക്കുന്നു. എന്നാൽ നേർമാർഗ്ഗം ലഭിക്കുന്നതിനായി ചില

അടിസ്ഥാന ഗുണങ്ങൾ അവനിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ അടിസ്ഥാന ഗുണങ്ങളുള്ളവർ നേർമാർഗ്ഗത്തിന്നർഹരായിത്തീരുന്നു.

فَرِيقًا هَدَىٰ وَفَرِيقًا حَقَّ عَلَيْهِمُ ٱلضَّلَـٰلَةُ ۗ

7:31– ഒരു വിഭാഗത്തെ അവൻ നേർവഴി കാണിച്ചു. വേറൊരു വിഭാഗം മാർഗഭ്രംശത്തിന്നർഹരുമായി.

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّـٰغُوتَ ۖ فَمِنْهُم

مَّنْ هَدَى ٱللَّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ ٱلضَّلَـٰلَةُ ۚ

16:37. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും പിശാചിനെ വർജ്ജിക്കുകയും ചെയ്യുവിൻ (എന്ന കല്പനയുമായി) എല്ലാ സമുദായങ്ങളിലും ഒരു ദൂതനെ തീർച്ചയായും നാം നിയോഗിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹു നേർമാർഗത്തിലാക്കിയവൻ അവരിലുണ്ട്. വ്യതിചലനത്തിന്നർഹനായിത്തീർന്നവനും അവരിലുണ്ട്.

قُلْ إِن ضَلَلْتُ فَإِنَّمَآ أَضِلُّ عَلَىٰ نَفْسِى ۖ وَإِنِ ٱهْتَدَيْتُ

فَبِمَا يُوحِىٓ إِلَىَّ رَبِّىٓ ۚ إِنَّهُۥ سَمِيعٌ قَرِيبٌ ۝

34:51. പറയുക: ഞാൻ വ്യതിചലിക്കുന്നുവെങ്കിൽ അത് എന്റെ ആത്മാവിന്നെതിരെയാണ്. ഞാൻ നേർമാർഗം പ്രാപിക്കുന്നുവെങ്കിൽ എനിക്ക് എന്റെ നാഥനിൽനിന്നും ദിവ്യസന്ദേശം ലഭിക്കുന്നതുമൂലമാണത്. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും സമീപസ്ഥനുമാകുന്നു.

നേർമാർഗം ലഭിക്കുന്നതിന് ചില അടിസ്ഥാന ഗുണങ്ങൾ ഉണ്ടായിരിക്കണമെന്ന് പറഞ്ഞുവല്ലോ. അതിൽ ആദ്യത്തേത് നേർമാർഗ്ഗം കരസ്ഥമാക്കണമെന്ന അഭിവാഞ്ച മനസ്സിൽ ഉണ്ടായിത്തീരുക എന്നതാണ്. നേർമാർഗത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അതുകൊണ്ടാണ് ദൈവം ഇങ്ങനെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചിരിക്കുന്നത്:

ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ۝

1:6. (ദൈവമേ) നീ ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കേണമേ.

ഇങ്ങനെ പ്രാർത്ഥിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നേർമാർഗം ലഭിക്കുന്നതാണെന്ന് ദൈവം വിശുദ്ധഖുർആനിൽ വാഗ്ദാനം നൽകിയിരിക്കുന്നു:

وَٱلَّذِينَ جَٰهَدُواْ فِينَا لَنَهۡدِيَنَّهُمۡ سُبُلَنَاۚ وَإِنَّ ٱللَّهَ لَمَعَ ٱلۡمُحۡسِنِينَ ٦٩

29:70. നമ്മുടെ മാർഗത്തിൽ യത്നിക്കുന്നവരെ നമ്മുടെ വഴിയിലേക്ക് തീർച്ചയായും നാം നയിക്കുന്നതാണ്. തീർച്ചയായും അല്ലാഹു സജ്ജനങ്ങളുടെ കൂടെത്തെന്നെയാകുന്നു.

നേർമാർഗം ലഭിക്കുന്നുതിനുവേണ്ട മറ്റൊരു ഗുണം നന്മകൾ ചെയ്യുന്നതോടൊപ്പം ഈ ലോകത്തുള്ള ദൈവിക ദൃഷ്ടന്തങ്ങളെ ബുദ്ധിയുപയോഗിച്ച് മനസ്സിലാക്കുകയും അങ്ങനെ ദൈവത്തിന് അനുസരണം കാഴ്ച വെക്കുകയുമാകുന്നു.

إِنَّ ٱلَّذِينَ لَا يُؤۡمِنُونَ بِـَٔايَٰتِ ٱللَّهِ لَا يَهۡدِيهِمُ ٱللَّهُ

16:105. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവരെ അല്ലാഹു നേർമാർഗത്തിൽ നയിക്കുന്നതല്ല.

فَإِنۡ حَآجُّوكَ فَقُلۡ أَسۡلَمۡتُ وَجۡهِيَ لِلَّهِ وَمَنِ ٱتَّبَعَنِۗ وَقُل لِّلَّذِينَ

أُوتُواْ ٱلۡكِتَٰبَ وَٱلۡأُمِّيِّـۧنَ ءَأَسۡلَمۡتُمۡۚ فَإِنۡ أَسۡلَمُواْ فَقَدِ ٱهۡتَدَواْۖ

3:21. അവർ നിന്നോട് തർക്കിക്കുന്നുവെങ്കിൽ പറയുക: അല്ലാഹുവിന് ഞാൻ സ്വയം അർപ്പണം ചെയ്തിരിക്കുന്നു, എന്നെ പിന്തുടരുന്നവരും. ഗ്രന്ഥം നൽകപ്പെട്ടവരോടും നൽകപ്പെടാത്തവരോടും പറയുക: നിങ്ങൾ അനുസരിക്കാൻ തയ്യാറാണോ? എങ്കിൽ അവർ നേർമാർഗം പ്രാപിക്കുന്നതാണ്.

قُلۡ إِنِّيٓ أُمِرۡتُ أَنۡ أَعۡبُدَ ٱللَّهَ مُخۡلِصٗا لَّهُ ٱلدِّينَ ١١

39:12. പറയുക: അല്ലാഹുവിനോട് നിഷ്കളങ്കമായ കീഴ്വണക്കത്തോടെ അവനെ ആരാധിക്കണമെന്ന് തീർച്ചയായും ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു.

ആരാധനകൾ കൊണ്ടുദ്ദേശിക്കുന്നത് വെറും പ്രാർത്ഥനകളല്ല. പ്രാർത്ഥനകൾ അതിന്റെ ഒരു ഭാഗം മാത്രമാണ്. ദൈവിക കല്പനകൾ അനുസരിച്ചുള്ള ജീവിതം നയിക്കുന്നതിനെയാണ് ദൈവാരാധനയെന്ന് മൊത്തത്തിൽ അർത്ഥമാക്കുന്നത്.

നേർമാർഗം ലഭിക്കുന്നതിനുവേണ്ട മറ്റൊരു ഗുണം ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് സൽപ്രവൃർത്തികൾ ചെയ്യുക എന്നതാണ്.

بَلَىٰ مَنۡ أَسۡلَمَ وَجۡهَهُۥ لِلَّهِ وَهُوَ مُحۡسِنٞ فَلَهُۥٓ أَجۡرُهُۥ

عِندَ رَبِّهِۦ وَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ۝

2:113. അല്ലാഹുവിന് ആത്മസമർപ്പണം ചെയ്തുകൊണ്ട് സൽപ്രവൃർത്തികൾ ചെയ്യുന്നവന്റെ പ്രതിഫലം അവന്റെ നാഥനിൽനിന്നും അവന് ലഭിക്കുന്നതാണ്. അവരിൽ ഭയം ഉണ്ടാകുകയില്ല. അവർ ദു:ഖിക്കുകയുമില്ല.

എന്നാൽ ദൈവ മാർഗ്ഗത്തിൽ ചെയ്യുന്ന നാമമാത്രമായ സേവനങ്ങളെ വലുതായി ഗണിക്കുന്നവർക്ക് നേർമാർഗ്ഗം ലഭിക്കുന്നതല്ല.

أَجَعَلۡتُمۡ سِقَايَةَ ٱلۡحَآجِّ وَعِمَارَةَ ٱلۡمَسۡجِدِ ٱلۡحَرَامِ كَمَنۡ ءَامَنَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ وَجَٰهَدَ

فِي سَبِيلِ ٱللَّهِۚ لَا يَسۡتَوُۥنَ عِندَ ٱللَّهِۗ وَٱللَّهُ لَا يَهۡدِي ٱلۡقَوۡمَ ٱلظَّٰلِمِينَ ۝

9:19. തീർത്ഥാടകർക്ക് ദാഹജലം കൊടുക്കുന്നതും പുണ്യ ദേവാലയം പരിപാലിക്കുന്നതും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുകയും ചെയ്യുന്നവന്റെ സേവനത്തിനു തുല്യമായി നിങ്ങൾ ഗണിക്കുന്നുവോ? അല്ലാഹുവിങ്കൽ അവർ തുല്യരല്ല. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

നേർമാർഗ്ഗം ലഭിക്കേണ്ടതിനുവേണ്ട വേറൊരു ഗുണം വിനയശീലമാകുന്നു. വിനയശീലമില്ലാത്തവർക്കും നേർമാർഗ്ഗം ലഭിക്കുകയില്ല.

تِلۡكَ ٱلدَّارُ ٱلۡأٓخِرَةُ نَجۡعَلُهَا لِلَّذِينَ لَا يُرِيدُونَ عُلُوّٗا

فِي ٱلۡأَرۡضِ وَلَا فَسَادٗاۚ وَٱلۡعَٰقِبَةُ لِلۡمُتَّقِينَ ۝

28:84– ആ പരലോകഭവനം, ഭൂമിയിൽ ഔന്നത്യമോ അനർത്ഥമോ ആഗ്രഹിക്കാത്തവർക്ക് നാം നൽകുന്നതാണ്. ദൈവഭയമുള്ളവർക്കാണ് നല്ല പര്യവസാനം.

നേർമാർഗം ലഭിക്കേണ്ടതിന് വേണ്ട മറ്റൊരു പ്രധാന ഗുണം ത്യാഗമനോഭാവമാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവിതം നയിക്കുവാൻ പ്രതിജ്ഞാബദ്ധരായവരെയാണ് വിശ്വാസികൾ എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഇങ്ങനെയുള്ള ജീവിതത്തിന്റെ ഭാഗമായിട്ട് സ്വർഗം വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും ആ സ്വർഗ്ഗത്തിന് ഏറ്റവും അമൂല്യമായ ത്യാഗമാണ് അല്ലാഹു ആവശ്യപ്പെട്ടിരിക്കുന്നത്. ആ ത്യാഗത്തിന് സന്നദ്ധരാകുന്നവർ മാത്രമെ യഥാർത്ഥത്തിൽ വിശ്വാസികളയിത്തീരുകയുള്ളു. തന്റെ സൃഷ്ടാവിനോടുള്ള അനിർവചനീയവും അലൗകികവുമായ പ്രേമം അതിന്റെ അവിഭാജ്യ ഘടകമാകുന്നു. തന്റെ രക്ഷിതാവിനുവേണ്ടി

എന്തു ത്യാഗവും സഹിക്കാനുള്ള സന്നദ്ധത, അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാനുള്ള വെമ്പൽ, അവനുവേണ്ടി തന്റെ അഭിമാനവും സമ്പത്തും ജീവനും, ബന്ധുക്കളും എല്ലാം വലിച്ചെറിയാനുള്ള തയാറെടുപ്പും ഒരു സത്യവിശ്വാസിയിൽ അവന്റെ പ്രത്യേകതയായി ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹു അതിമഹത്തായ ത്യാഗമാണ് ഒരു വിശ്വാസിയിൽനിന്നും ആവശ്യപ്പെടുന്നത്.

إِنَّ ٱللَّهَ ٱشْتَرَىٰ مِنَ ٱلْمُؤْمِنِينَ أَنفُسَهُمْ وَأَمْوَٰلَهُم بِأَنَّ لَهُمُ ٱلْجَنَّةَ ۚ

9:111. വിശ്വാസികളിൽനിന്ന് അവരുടെ ജീവനും മുതലുകളും അല്ലാഹു സ്വർഗ്ഗത്തിനു പകരമായി വിലയ്ക്ക് വാങ്ങിയിരിക്കുന്നു.

قُلْ إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ رَبِّ ٱلْعَٰلَمِينَ ۝

6:163. പറയുക: എന്റെ പ്രാർത്ഥനയും ത്യാഗവും ജീവിതവും മരണവും എല്ലാം തന്നെ സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു.

ദൈവത്തിന്റെ പ്രീതിക്കുവേണ്ടി, വേണ്ടിവന്നാൽ തന്റെ മാതാപിതാക്കളെയും ഇണയെയും സന്താനങ്ങളെയും അതുപോലെ മറ്റു ബന്ധുക്കളെയും തന്റെ സമ്പത്തും വ്യപാരവും എല്ലാം ത്യജിക്കാൻ തയ്യാറുള്ളവർക്കു മാത്രമെ നേർമാർഗ്ഗം ലഭിക്കുകയുള്ളു. ഒരു വിശ്വാസി അവന്റെ റബ്ബിനെ മറ്റുള്ളവരെക്കാളെല്ലാം ഏറ്റവും അധികം സ്നേഹിക്കാൻ തയ്യാറുള്ളവനായിരിക്കണം.

അവന്റെ നാഥനേക്കാൾ വലുതായി ഒരു വിശ്വാസിക്ക് ഈ ലോകത്ത് ഒന്നും തന്നെ ഉണ്ടായിരിക്കാൻ പടുള്ളതല്ല. ദൈവത്തെക്കാൾ ഉപരിയായി സ്വന്തം ബന്ധുക്കൾക്കും സമ്പത്തുകൾക്കും പ്രധാനം കൊടുക്കുന്നവർക്കും നേർമാർഗ്ഗം ലഭിക്കുന്നതല്ല.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوٓا۟ ءَابَآءَكُمْ وَإِخْوَٰنَكُمْ أَوْلِيَآءَ إِنِ ٱسْتَحَبُّوا۟ ٱلْكُفْرَ عَلَى

ٱلْإِيمَٰنِ ۚ وَمَن يَتَوَلَّهُم مِّنكُمْ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ۝ قُلْ إِن كَانَ ءَابَآؤُكُمْ

وَأَبْنَآؤُكُمْ وَإِخْوَٰنُكُمْ وَأَزْوَٰجُكُمْ وَعَشِيرَتُكُمْ وَأَمْوَٰلٌ ٱقْتَرَفْتُمُوهَا وَتِجَٰرَةٌ تَخْشَوْنَ

كَسَادَهَا وَمَسَٰكِنُ تَرْضَوْنَهَآ أَحَبَّ إِلَيْكُم مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٍ فِى سَبِيلِهِۦ فَتَرَبَّصُوا۟

حَتَّىٰ يَأْتِىَ ٱللَّهُ بِأَمْرِهِۦ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ۝

9:23–24– അല്ലയോ വിശ്വസികളെ, നിങ്ങളുടെ പിതാക്കളും സഹോദരരും അവിശ്വാസത്തെയാണ് വിശ്വാസത്തിനുപരിയായി ഇഷ്ടപ്പെടുന്നതെങ്കിൽ അവരെ നിങ്ങൾ രക്ഷാധികാരികളാക്കാതിരിക്കുക. അവരെ ആരെങ്കിലും രക്ഷാധികാരികളാക്കുകയാണങ്കിൽ അവർ അക്രമികളാകുന്നു. പറയുക, നിങ്ങളുടെ പിതാക്കളും സന്താനങ്ങളും സഹോദരന്മാരും ഭാര്യമാരും അ ടുത്ത ബന്ധുക്കളും നിങ്ങൾ സമ്പാദിച്ച ധനവും മാന്ദ്യം ബാധിക്കുമെന്ന് നിങ്ങൾ കരുതുന്ന വ്യാപാരവും നിങ്ങൾ സ്നേഹിക്കുന്ന നിങ്ങളുടെ ഭ വനങ്ങളും അല്ലാഹുവിനെക്കാളും അവന്റെ പ്രവാചകനെക്കാളും അവന്റെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നതിനെക്കാളും നിങ്ങൾക്ക് പ്രിയങ്കരമാണെങ്കി ൽ അല്ലാഹുവിന്റെ ന്യായവിധിവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുവിൻ. അക്രമികളായ ജനതയെ അല്ലാഹു നേർമാർഗത്തിലാക്കുകയില്ല.

لَّا تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوْ كَانُوٓاْ ءَابَآءَهُمْ
أَوْ أَبْنَآءَهُمْ أَوْ إِخْوَٰنَهُمْ أَوْ عَشِيرَتَهُمْ ۚ أُوْلَٰٓئِكَ كَتَبَ فِى قُلُوبِهِمُ ٱلْإِيمَٰنَ وَأَيَّدَهُم بِرُوحٍ
مِّنْهُ ۖ وَيُدْخِلُهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ رَضِىَ ٱللَّهُ عَنْهُمْ
وَرَضُواْ عَنْهُ ۚ أُوْلَٰٓئِكَ حِزْبُ ٱللَّهِ ۚ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ۝

58:23. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അ ല്ലാഹുവിനെയും അവന്റെ പ്രവാചകനെയും എതിർക്കുന്നവരോട് സ്നേ ഹ ബന്ധം പുലർത്തുന്നതായി നീ കാണുകയില്ല. അവർ തങ്ങളുടെ പിതാക്കളോ പുത്രന്മാരോ കൂടപ്പിറപ്പുകളോ കുടുംബക്കാരോ ആയിരു ന്നാൽ പോലും. അവരുടെ ഹൃദയത്തിൽ അല്ലാഹു വിശ്വാസത്തെ ആ ലേഖനം ചെയ്യുകയും അവനിൽനിന്നുള്ള വെളിപാട് കൊണ്ട് അവരെ ശകതിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

നേർമാർഗ്ഗം ലഭിക്കണമെന്ന് ആഗ്രഹമുള്ളവർ അഹംഭാവം കാണിരിക്ക രുത്. അഹംഭാവികൾക്ക് മാർഗ്ഗദർശനം നൽകുന്നതല്ലന്ന് ദൈവം വ്യക്ത മാക്കിരിക്കുകയാണ്.

سَأَصْرِفُ عَنْ ءَايَٰتِىَ ٱلَّذِينَ يَتَكَبَّرُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَإِن يَرَوْاْ كُلَّ
ءَايَةٍ لَّا يُؤْمِنُواْ بِهَا وَإِن يَرَوْاْ سَبِيلَ ٱلرُّشْدِ لَا يَتَّخِذُوهُ سَبِيلًا وَإِن يَرَوْاْ سَبِيلَ
ٱلْغَىِّ يَتَّخِذُوهُ سَبِيلًا ۚ ذَٰلِكَ بِأَنَّهُمْ كَذَّبُواْ بِـَٔايَٰتِنَا وَكَانُواْ عَنْهَا غَٰفِلِينَ ۝

7:147. അന്യായമായി ഭൂമിയിൽ അഹംഭാവം നടിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നും ഞാൻ വേഗം അകറ്റിക്കളയും. ദൃഷ്ടാന്തങ്ങൾ എല്ലാം കണ്ടാലും ഒരു മാർഗമായി അതിനെ അവർ സ്വീകരിക്കുകയില്ല. ദുർമാർഗം കാണുന്നുവെങ്കിൽ അവരതിനെ സ്വീകരിക്കുന്നതാണ്. നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുന്നത് കൊണ്ടും അവരതിൽ അശ്രദ്ധ കാണിക്കുന്നതുകൊണ്ടുമത്രേ അത്.

إِنَّهُۥ لَا يُحِبُّ ٱلْمُسْتَكْبِرِينَ ۝

16:24- തീർച്ചയായും അല്ലാഹു അഹംഭാവികളെ സ്നേഹിക്കുന്നില്ല.

أَوْ تَقُولَ حِينَ تَرَى ٱلْعَذَابَ لَوْ أَنَّ لِى كَرَّةً فَأَكُونَ مِنَ ٱلْمُحْسِنِينَ ۝ بَلَىٰ قَدْ

جَآءَتْكَ ءَايَـٰتِى فَكَذَّبْتَ بِهَا وَٱسْتَكْبَرْتَ وَكُنتَ مِنَ ٱلْكَـٰفِرِينَ ۝

39:59-60. അല്ലെങ്കിൽ ശിക്ഷകാണുമ്പോൾ അവൻ പറയും, (രണ്ടാമത്) ഒരവസരം കൂടി (ഭൂമിയിൽ) എനിക്ക് ലഭിച്ചിരുന്നുവെങ്കിൽ ഞാൻ നന്മ ചെയ്യുന്നവൻ ആയി മാറിയേനെ. (പറയപ്പെടും) അങ്ങനയല്ല, എന്റെ ദൃഷ്ടാന്തങ്ങൾ നിന്നിൽ വന്നപ്പോൾ അവയെ നീ നിഷേധിച്ചു. നീ അഹംഭാവം നടിച്ചു. നീ അവിശ്വാസിയായി മാറി.

അഹംഭാവികൾക്ക് നേർമാർഗ്ഗം ലഭിക്കാത്തത് പോലെത്തന്നെ അക്രമികൾക്കും നേർമാർഗം ലഭിക്കുകയില്ലെന്ന് വിശുദ്ധഖുർആനിൽ പറയുന്നു. സൃഷ്ടികളോടുള്ള അക്രമവും ദൈവത്തോടുള്ള അക്രമവും രണ്ടും അക്രമം തന്നെയാണ്.

يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُوا۟ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا

وَفِى ٱلْـَٔاخِرَةِ ۖ وَيُضِلُّ ٱللَّهُ ٱلظَّـٰلِمِينَ

14:28. വിശ്വാസികളെ ദൃഢവചനത്താൽ ഈ ലോക ജീവിതത്തിലും പരലോകത്തിലും അല്ലാഹു ഉറപ്പിച്ചു നിറുത്തുന്നതാണ്. അക്രമികളെ അല്ലാഹു ദുർമാർഗത്തിൽ വിടുകയും ചെയ്യുന്നു.

ദൈവം കനിഞ്ഞു നൽകിയ ബുദ്ധിയും വിവേകവും കണ്ണും കാതും ശരിക്കുപയോഗിക്കാത്തവർക്കും നേർമാഗ്ഗം ലഭിക്കുന്നതല്ല.

إِنَّ شَرَّ ٱلدَّوَآبِّ عِندَ ٱللَّهِ ٱلصُّمُّ ٱلْبُكْمُ ٱلَّذِينَ لَا يَعْقِلُونَ ۝

8:23. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും നികൃഷ്ട ജന്തുക്കൾ ബുദ്ധി ഉപയോഗിക്കാത്ത ഊമരും ബധിരരുമാകുന്നു.

وَمَا كَانَ لِنَفْسٍ أَن تُؤْمِنَ إِلَّا بِإِذْنِ ٱللَّهِ ۚ وَيَجْعَلُ ٱلرِّجْسَ عَلَى ٱلَّذِينَ لَا يَعْقِلُونَ ﴿١٠٠﴾

10:101. അല്ലാഹുവിന്റെ അനുമതിയില്ലാതെ ഒരാത്മാവിനും വിശ്വസിക്കുവാൻ സാദ്ധ്യമല്ല. ബുദ്ധി ഉപയോഗിക്കാത്തവരുടെ മേൽ അവൻ കോപമിറക്കുന്നു.

وَمَنْ أَعْرَضَ عَن ذِكْرِى فَإِنَّ لَهُۥ مَعِيشَةً ضَنكًا وَنَحْشُرُهُۥ يَوْمَ ٱلْقِيَـٰمَةِ أَعْمَىٰ ﴿١٢٤﴾

قَالَ رَبِّ لِمَ حَشَرْتَنِىٓ أَعْمَىٰ وَقَدْ كُنتُ بَصِيرًا ﴿١٢٥﴾ قَالَ كَذَٰلِكَ أَتَتْكَ ءَايَـٰتُنَا فَنَسِيتَهَا ۖ

وَكَذَٰلِكَ ٱلْيَوْمَ تُنسَىٰ ﴿١٢٦﴾

20:125–127 എന്റെറ സ്മരണയിൽനിന്നും പിൻതിരിയുന്നവന്റെത് തീർച്ചയായും ഒരു ഇടുങ്ങിയ ജീവിതമായിരിക്കുന്നതാണ്. ഉയിർത്തെഴുന്നേല്പുനാൾ അവനെ നാം അന്ധനായി ഉയർത്തുന്നതാണ്. അവൻ പറയും, എന്റെ രക്ഷിതാവേ, ഞാൻ കാഴ്ച്ചയുള്ളവനായിരുന്നിരിക്കെ എന്തിന് എന്നെ നീ അന്ധനായി ഉയർത്തി? (അല്ലാഹു) പറയും, നമ്മുടെ സന്ദേശങ്ങൾ നിന്റെ അടുത്തു വന്നപ്പോൾ അവയെ നീ വിസ്മരിച്ചതു പോലെ ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു.

أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَآ أَوْ ءَاذَانٌ يَسْمَعُونَ

بِهَا ۖ فَإِنَّهَا لَا تَعْمَى ٱلْأَبْصَـٰرُ وَلَـٰكِن تَعْمَى ٱلْقُلُوبُ ٱلَّتِى فِى ٱلصُّدُورِ ﴿٤٦﴾

22:47. അവർക്ക് ഭൂമിയിൽ സഞ്ചരിച്ചുകൂടെ? ചിന്തിച്ചു ഗ്രഹിക്കാനുള്ള ഹൃദയങ്ങളോ കേൾക്കാൻ കഴിയുന്ന കാതുകളോ അവർക്കുണ്ടാകുന്നതിനുവേണ്ടി? എന്നാൽ തീർച്ചയായും കണ്ണുകൾ അല്ല അന്ധമാകുന്നത്, നെഞ്ചുകളിലെ ഹൃദയങ്ങളത്രെ (മനസ്സ്) അന്ധമാകുന്നത്.

കണ്ണും കാതും ചിന്താ ശക്തിയും ദൈവ മാർഗ്ഗത്തിൽ ഉപയോഗിക്കാത്തവർക്ക് അതിന്റെ ആത്മീയമായ ഉപയോഗം നഷ്ടമായി മുദ്ര വെക്കപ്പെടുന്നതാണെന്ന് ദൈവം വിശുദ്ധ ഖുൽആനിൽ വ്യക്തമാക്കുന്നു. പിന്നീടവർക്ക് നേർമാർഗം ലഭിക്കുന്നതല്ല.

خَتَمَ ٱللَّهُ عَلَىٰ قُلُوبِهِمْ وَعَلَىٰ سَمْعِهِمْ ۖ وَعَلَىٰٓ أَبْصَـٰرِهِمْ غِشَـٰوَةٌ ۖ وَلَهُمْ عَذَابٌ عَظِيمٌ ﴿٧﴾

2:8. അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും കേൾവിക്കും മുദ്ര വെച്ചു. അവരുടെ കണ്ണുകളിൻമേൽ ഒരു മറയുമുണ്ട്. വൻശിക്ഷയുമവർക്കുണ്ട്.

أُولَٰٓئِكَ ٱلَّذِينَ طَبَعَ ٱللَّهُ عَلَىٰ قُلُوبِهِمۡ وَسَمۡعِهِمۡ وَأَبۡصَٰرِهِمۡۖ وَأُوْلَٰٓئِكَ هُمُ ٱلۡغَٰفِلُونَ ۝

16:109. തങ്ങളുടെ ഹൃദയങ്ങൾക്കും കാതുകൾക്കും കണ്ണുകൾക്കും അല്ലാഹു മുദ്ര വെച്ചവരത്രേ അവർ. അവർ അശ്രദ്ധരുമാകുന്നു.

സത്യത്തെ നിഷേധിക്കുകയും കളവു പറയുകയും ദൈവത്തോടും അവന്റെ സൃഷ്ടികളോടും നന്ദികേട് കാണിക്കുകയും ചെയ്യുന്നവർക്ക് നേർമാർഗ്ഗം ലഭിക്കുകയില്ലെന്ന് ദൈവം വ്യക്തമാക്കിയിരിക്കുന്നതിനാൽ നേർമാർഗ്ഗം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ കളവു പറയാതിരിക്കുകയും സഹ സൃഷ്ടികളോടും ദൈവത്തോടും നന്ദിയുള്ളവരായിരിക്കുകയും വേണം.

إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ كَٰذِبٞ كَفَّارٞ ۝

39:04. കളവു പറയുന്നവനും കൃതഘ്നത കാണിക്കുന്നവനുമായവനെ അല്ലാഹു നിശ്ചയമായും നേർവഴിയിലാക്കുകയില്ല.

إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ مُسۡرِفٞ كَذَّابٞ ۝

40:29. അമിതത്വം പ്രവർത്തിക്കുകയും കളവു പറയുകയും ചെയ്യുന്നവനെ തീർച്ചയായും അല്ലാഹു നേർവഴിയിലാക്കുന്നില്ല.

وَمَنۡ أَظۡلَمُ مِمَّنِ ٱفۡتَرَىٰ عَلَى ٱللَّهِ كَذِبًا أَوۡ كَذَّبَ بِٱلۡحَقِّ
لَمَّا جَآءَهُۥٓۚ أَلَيۡسَ فِي جَهَنَّمَ مَثۡوٗى لِّلۡكَٰفِرِينَ ۝

29:69. അല്ലഹുവിന്റെ പേരിൽ കള്ളം പറയുകയോ അല്ലെങ്കിൽ സത്യം തന്റെ അടുത്തു വന്നപ്പോൾ അതിനെ നിഷേധിക്കുകയോ ചെയ്യുന്നവനേക്കാൾ അധികം തെറ്റുകാരൻ ആരാണ്? സത്യനിഷേധികൾക്ക് നരകത്തിൽ ഒരു പാർപ്പിടം ഇല്ലേ?

ദൈവത്തിൽ നിന്നുള്ള മാർഗ്ഗദർശനത്തിന് ആഗ്രഹിക്കാതെ സ്വന്തമിഷ്ട പ്രകാരമുള്ള ഒരു ജീവിതം തിരഞ്ഞെടുക്കുന്നവർക്കും നേർമാർഗ്ഗം ലഭിക്കുകയില്ല.

وَمَنۡ أَضَلُّ مِمَّنِ ٱتَّبَعَ هَوَىٰهُ بِغَيۡرِ هُدٗى مِّنَ ٱللَّهِۚ إِنَّ ٱللَّهَ لَا يَهۡدِي ٱلۡقَوۡمَ ٱلظَّٰلِمِينَ ۝

28:51- അല്ലാഹുവിൽനിന്നുള്ള മാർഗദർശനം സ്വീകരിക്കാതെ തന്റെ തന്നിഷ്ടത്തെ പിൻപറ്റുന്നവനേക്കാൾ മാർഗഭ്രംശം സംഭവിച്ചവൻ ആരാണ്? തീർച്ചയായും തെറ്റുകാരായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

أَفَرَءَيْتَ مَنِ ٱتَّخَذَ إِلَٰهَهُۥ هَوَىٰهُ وَأَضَلَّهُ ٱللَّهُ عَلَىٰ عِلْمٍ وَخَتَمَ عَلَىٰ سَمْعِهِۦ وَقَلْبِهِۦ وَجَعَلَ

عَلَىٰ بَصَرِهِۦ غِشَٰوَةً فَمَن يَهْدِيهِ مِنۢ بَعْدِ ٱللَّهِ ۚ أَفَلَا تَذَكَّرُونَ ﴿٢٣﴾

45:24. തന്റെ സ്വേച്ഛയെ ദൈവമായി എടുത്തവനെ നീ കണ്ടുവോ? അല്ലാഹു തന്റെ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ അവനെ മാർഗഭ്രംശത്തിൽ വിടുകയും അവന്റെ കേൾവിക്കും അവന്റെ ഹൃദയത്തിനും അവൻ മുദ്ര വെക്കുകയും അവന്റെ കാഴ്ചയുടെ മീതെ ഒരു മറയിടുകയും ചെയ്തു. അല്ലാഹുവിനുശേഷം അവനെ ആരാണ് നേർവഴിയിലാക്കുക? നിങ്ങൾ കാര്യം ഗ്രഹിച്ചിരുന്നുവെങ്കിൽ.

ഈ ലോക ജീവിതത്തിന് പ്രാധാന്യം കൊടുക്കുകയും അതിലെ സുഖാഡംബരങ്ങളുടെയും വിനോദങ്ങളുടെയും പിറകെ ഓടുകയും ചെയ്യുന്നവർക്ക് നേർമാർഗ്ഗം ലഭിക്കുകയില്ല. പുനരുത്ഥാനദിനം സത്യനിഷേധികൾ സ്വയം തന്നെ, ഇഹലോക ജീവിതം അവരെ വഞ്ചിച്ചിതായി സാക്ഷി പറയുന്നതായിരിക്കും.

قَالُوا۟ شَهِدْنَا عَلَىٰٓ أَنفُسِنَا ۖ وَغَرَّتْهُمُ ٱلْحَيَوٰةُ ٱلدُّنْيَا وَشَهِدُوا۟ عَلَىٰٓ أَنفُسِهِمْ أَنَّهُمْ كَانُوا۟ كَٰفِرِينَ

6:131. അവർ പറയും ഞങ്ങൾക്കെതിരെ ഞങ്ങൾ തന്നെ സാക്ഷ്യം വഹിക്കുന്നു. ഇഹലോക ജീവിതം അവരെ വഞ്ചിച്ചു. അവർ സത്യനിഷേധികളായിരുന്നുവെന്ന് അവർക്കെതിരായി അവർ തന്നെ സാക്ഷി പറയും.

ذَٰلِكَ بِأَنَّهُمُ ٱسْتَحَبُّوا۟ ٱلْحَيَوٰةَ ٱلدُّنْيَا عَلَى

ٱلْءَاخِرَةِ وَأَنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْكَٰفِرِينَ ﴿١٠٧﴾

16:108- പരലോകത്തെക്കാൾ ഐഹിക ജീവിതത്തെ അവർ കൂടുതൽ ഇഷ്ടപ്പെടുന്നത് കൊണ്ടാണത് (അവർ അവിശ്വസിക്കുന്നത്). തീർച്ചയായും സത്യനിഷേധികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

إِنَّ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا وَرَضُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَٱطْمَأَنُّوا۟ بِهَا وَٱلَّذِينَ

هُمْ عَنْ ءَايَٰتِنَا غَٰفِلُونَ ﴿٧﴾ أُو۟لَٰٓئِكَ مَأْوَىٰهُمُ ٱلنَّارُ بِمَا كَانُوا۟ يَكْسِبُونَ ﴿٨﴾

10:08-09. നാമുമായുള്ള കൂടിക്കാഴ്ച പ്രത്യാശക്കാതിരിക്കുകയും ഇഹലോക ജീവിതം കൊണ്ട് തൃപ്തിയടയുകയും അതിൽ നിവൃതി അടയുകയും ചെയ്യുന്നവരുടെയും നമ്മുടെ സന്ദേശങ്ങളെക്കുറിച്ച് അശ്രദ്ധരായി കഴിയുന്നവരുടെയും അഭയസ്ഥാനം അവരുടെ സമ്പാദ്യം കാരണം നര

കാഗ്നിയായിരിക്കും.

നരകവാസികൾ നരകത്തിൽ വന്നു പെടുന്നതിന്നുള്ള ഒരു കാരണമായി ദൈവം അവരോട് ഇങ്ങനെ പറയുന്നതായിരിക്കുമെന്നറിയിച്ചിരിക്കുകയാണ്:

ذَٰلِكُم بِمَا كُنتُمْ تَفْرَحُونَ فِي ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَبِمَا كُنتُمْ تَمْرَحُونَ ۝

40:76. ഇത് എന്തെന്നാൽ സത്യ വരുദ്ധമായി ഭൂമിയിൽ നിങ്ങൾ ആഹ്ലാദിക്കുന്നതുകൊണ്ടും നിങ്ങൾ കൂത്താടിയിരിക്കുന്നതുകൊണ്ടും അത്രെ.

ഏതെങ്കിലുമൊരു മത സമൂഹത്തിൽ വിശ്വസിക്കുന്നതുകൊണ്ടോ ഒരു പ്രവചകനിൽ വിശ്വസിക്കുന്നവരുടെ സന്താനങ്ങളായി ജനിക്കുന്നതു കൊണ്ടോ ആരും തന്നെ നേർമാർഗ്ഗത്തിലാവുകയില്ല.

ثُمَّ أَوْرَثْنَا ٱلْكِتَٰبَ ٱلَّذِينَ ٱصْطَفَيْنَا مِنْ عِبَادِنَا ۖ فَمِنْهُمْ ظَالِمٌ لِّنَفْسِهِۦ وَمِنْهُم
مُّقْتَصِدٌ وَمِنْهُمْ سَابِقٌۢ بِٱلْخَيْرَٰتِ بِإِذْنِ ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ۝

35:33. നമ്മുടെ ദാസന്മാരിൽ നിന്ന് നാം തിരഞ്ഞെടുത്തവർക്ക് ഗ്രന്ഥം നാം അനന്തരാവകാശം കൊടുത്തു. എന്നാൽ തന്റെ ആത്മാവിനോട് തെറ്റുചെയ്യുന്നവർ അവരിലുണ്ട്. മദ്ധ്യനിലക്കാരനും അവരിലുണ്ട്. അല്ലാഹുവിന്റെ അനുമതിയാൽ സൽപ്രവൃർത്തികളിൽ മുന്നിട്ടു നിൽക്കുന്നവനും അവരിലുണ്ട്. അതത്രെ മഹത്തായ അനുഗ്രഹം.

ഏതൊരു മത വിശ്വാസികളിലും നല്ലവരും ദുഷിച്ചവരുമുണ്ടാകുന്നതാണെന്ന് മേലുദ്ധരിച്ച വചനം വ്യക്തമാക്കി തരുന്നു. അതുകൊണ്ടാണ് എല്ലാവരോടും നേർമാർഗ്ഗം കാണിച്ചു തരാൻ വേണ്ടി ദൈവം പ്രാർത്ഥിക്കുവാനാവശ്യപ്പെട്ടിരിക്കുന്നത്.(1:5)

ഒരാൾക്ക് മറ്റൊരാളെ നേർവഴിയിൽ കൊണ്ടുവരണമെന്ന് വിചാരിച്ചാൽ സാധിക്കുകയില്ല. നേർമാർഗ്ഗം അല്ലാഹു തന്നെ കാണിച്ച് കൊടുക്കേണ്ടിയിരിക്കുന്നു. മതപ്രചരണം നടത്തുന്നവർക്ക് സന്ദേശം എത്തിച്ചു കൊടുക്കേണ്ട ബാദ്ധ്യത മാത്രമെ ദൈവം നൽകിയിട്ടുള്ളു.

إِن تَحْرِصْ عَلَىٰ هُدَىٰهُمْ فَإِنَّ ٱللَّهَ لَا يَهْدِى مَن يُضِلُّ ۖ وَمَا لَهُم مِّن نَّٰصِرِينَ ۝

16:38. അവരെ സന്മാർഗത്തിലാക്കുവാൻ നീ ആഗ്രഹിച്ചാൽ അല്ലാഹു വഴികേടിലാക്കിയവനെ അവൻ നേർവഴിയിലാക്കുകയില്ല. അവർക്കൊരു സഹായിയുമില്ല.

إِنَّكَ لَا تَهْدِى مَنْ أَحْبَبْتَ وَلَٰكِنَّ ٱللَّهَ يَهْدِى مَن يَشَآءُ ۚ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ۝

28:57. തീർച്ചയായും നീ സ്നേഹിക്കുന്നവരെ നിനക്ക് സന്മാർഗത്തിലാക്കാനാവുകയില്ല. എന്നാൽ അല്ലാഹു നിശ്ചയിക്കുന്നവരെ അവൻ സന്മാർഗത്തിലാക്കുന്നു. നേർവഴി പ്രാപിക്കുന്നവരെ ഏറ്റവും നന്നായി അറിയുന്നവനാണവൻ.

നേർമാർഗ്ഗം ലഭിക്കാനുള്ള അർഹതയും അതിനാവശ്യമായ സൽഗുണവും ഉള്ളവർക്ക് അല്ലാഹു നേരിട്ട് തന്നെ നേർമാർഗ്ഗം കാണിച്ച് കൊടുക്കുന്നതാണ്.

لَّيْسَ عَلَيْكَ هُدَىٰهُمْ وَلَٰكِنَّ ٱللَّهَ يَهْدِى مَن يَشَآءُ ۗ

2:273– അവരെ നേർവഴിയിലാക്കുക എന്നത് നിന്റെ ബാദ്ധ്യതയല്ല. എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു.

مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِى ۖ وَمَن يُضْلِلْ فَأُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ۝

7:179. അല്ലാഹുആരെ സന്മാർഗത്തിലാക്കുന്നുവോ അവനാണ് നേർവഴി പ്രാപിച്ചവൻ. ആരെയാണൊ അവൻ വ്യതിചലിപ്പിക്കുന്നത് അവരാകുന്നു നഷ്ടത്തിലായവർ.

وَعَلَى ٱللَّهِ قَصْدُ ٱلسَّبِيلِ وَمِنْهَا جَآئِرٌ ۚ وَلَوْ شَآءَ لَهَدَىٰكُمْ أَجْمَعِينَ ۝

16:10. നേർവഴി കാണിക്കേണ്ട ബാദ്ധ്യത അല്ലാഹുവിന്നേറതാകുന്നു. വഴികളിൽ ചിലത് തെറ്റായതുമാകുന്നു. അവൻ ഉദ്ദേശിച്ചിരിക്കുന്നുവെങ്കിൽ നിങ്ങളെ എല്ലാവരെയും അവൻ നേർവഴിയിലാക്കുമായിരുന്നു.

لَجَعَلَكُمْ أُمَّةً وَٰحِدَةً وَلَٰكِن يُضِلُّ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۚ

وَلَتُسْـَٔلُنَّ عَمَّا كُنتُمْ تَعْمَلُونَ ۝

16:94. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ തീർച്ചയായും അവൻ നിങ്ങളെ ഒരു സമുദായമാക്കിത്തീർക്കുമായിരുന്നു. എന്നാൽ അവൻ നിശ്ചയിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും അവൻ നിശ്ചയിക്കുന്നവരെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു.

أَفَمَن زُيِّنَ لَهُۥ سُوٓءُ عَمَلِهِۦ فَرَءَاهُ حَسَنًا ۖ فَإِنَّ ٱللَّهَ يُضِلُّ مَن يَشَآءُ وَيَهْدِى

مَن يَشَآءُ ۖ فَلَا تَذْهَبْ نَفْسُكَ عَلَيْهِمْ حَسَرَٰتٍ ۚ إِنَّ ٱللَّهَ عَلِيمٌۢ بِمَا يَصْنَعُونَ ۝

35:09. താനുദ്ദേശിക്കുന്നവരെ അല്ലാഹു വഴികേടിലാക്കുകയും താൻ ഉദ്ദേശിക്കുന്നവരെ അവൻ വഴികാട്ടുകയും ചെയ്യുന്നു.

അല്ലാഹു ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു എന്നതിന്റെ അർത്ഥം അവൻ ചിലരെ നറുക്കിട്ടെടുത്ത് നേർവഴിയിലാക്കുന്നുവെന്നോ പക്ഷപാത പരമായോ അല്ലെങ്കിൽ അനീതിയോടു കൂടിയോ പ്രവർത്തിക്കുന്നുവെന്നോ അല്ല. ഈ പ്രപഞ്ചവും അതിലെ എല്ലാ കാര്യങ്ങളും നടക്കുന്നത് ദൈവത്തിന്റെ നീതി വ്യവസ്ഥ അനുസരിച്ചാണ്. ഈ നീതി വ്യവസ്ഥയാണ് ദൈവത്തിന്റെ ഉദ്ദേശ്യം കൊണ്ട് അർത്ഥമാക്കുന്നത്. ഈ ലോകവും അതിലെ എല്ലാ പ്രവർത്തനങ്ങളും അവന്റെ ഉദ്ദേശ്യ പ്രകാരമുണ്ടായതത്രെ. എന്നാൽ ദൈവത്തിന്റെ ഉദ്ദേശ്യം അനീതിയിൽ നിലകൊള്ളുന്നതല്ല. അത് നീതിയിൽ നിലകൊള്ളുന്നതാകുന്നു.

നേർമാർഗ്ഗം ലഭിക്കുന്നതിന് വേണ്ടി അല്ലാഹു പല അടിസ്ഥാന ഗുണങ്ങളും വിവരിച്ചിട്ടുണ്ടെന്ന് നാം കണ്ടുകഴിഞ്ഞു. അങ്ങനെയുള്ള സൽഗുണങ്ങൾ വളർത്തിയെടുക്കുന്നവർക്ക് അവന്റെ കാരുണ്യം മൂലം നേർമാർഗ്ഗം ലഭിക്കുന്നു. എന്തെന്നാൽ നേർമാർഗ്ഗം തന്നെ ദൈവത്തിൽ നിന്നുള്ള ഏറ്റവും മഹത്തായ കാരുണ്യമാകുന്നു.

മനുഷ്യരിൽ സൽഗുണരും ദുർഗുണരുമുണ്ട്. തിന്മകൾ ചെയ്യുന്നവർ വളരെ അധികവും അവർ ചെയ്യുന്ന തിന്മകൾ കാരണമായി നേർമാർഗ്ഗം ലഭിക്കുന്നതിനുള്ള അർഹത അവർക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. അങ്ങനെ അവരുടെ പ്രവൃത്തികൾ കാരണമായി അവർക്ക് നേർമാർഗ്ഗം ലഭിക്കാതെ പോകുന്നു.

وَٱتۡلُ عَلَيۡهِمۡ نَبَأَ ٱلَّذِيٓ ءَاتَيۡنَٰهُ ءَايَٰتِنَا فَٱنسَلَخَ مِنۡهَا فَأَتۡبَعَهُ ٱلشَّيۡطَٰنُ فَكَانَ مِنَ ٱلۡغَاوِينَ ۝

وَلَوۡ شِئۡنَا لَرَفَعۡنَٰهُ بِهَا وَلَٰكِنَّهُۥٓ أَخۡلَدَ إِلَى ٱلۡأَرۡضِ وَٱتَّبَعَ هَوَىٰهُۚ

فَمَثَلُهُۥ كَمَثَلِ ٱلۡكَلۡبِۖ إِن تَحۡمِلۡ عَلَيۡهِ يَلۡهَثۡ أَوۡ تَتۡرُكۡهُ يَلۡهَثۡۚ ذَّٰلِكَ مَثَلُ ٱلۡقَوۡمِ

ٱلَّذِينَ كَذَّبُواْ بِـَٔايَٰتِنَاۚ فَٱقۡصُصِ ٱلۡقَصَصَ لَعَلَّهُمۡ يَتَفَكَّرُونَ ۝

7:176–177. നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ നല്കിയിരുന്ന ഒരുവന്റെ വൃത്താന്തം അവർക്ക് വിവരിച്ചുകൊടുക്കുക. എന്നാൽ, അവൻ അവയിൽ നിന്ന് വഴുതിമാറിക്കളഞ്ഞു. അങ്ങനെ പിശാച് അവനെ പിന്തുടർന്ന് പിടികൂടി. അതിനാൽ അവൻ വഴിപിഴച്ചവരിൽ പെട്ടവനായിത്തീർന്നു. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അവ (ആ ദൃഷ്ടാന്തങ്ങൾ) വഴി അവനെ നാം ഉയർത്തുമായിരുന്നു. എന്നാൽ, അവൻ ഭൂമിയിലേക്ക് ചായുകയും സ്വേച്ഛയെ പിൻപറ്റുകയും ചെയ്യുകയാണുണ്ടായത്. അപ്പോൾ അവന്റെ സ്ഥിതി ഒരു പട്ടിയുടെ സ്ഥിതിപോലെയാണ്. നീ അതിനെ ദ്രോഹിച്ചാൽ അത് കിതച്ചുകൊണ്ട് നാവു നീട്ടുന്നു. ഇനി നീ അതിനെ വിട്ടേക്കുന്ന

തായാൽ അപ്പോഴും അത് കിതച്ചുകൊണ്ട് നാവ്നീട്ടുന്നതാണ്. ഇത് ന മ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്ന ജനങ്ങളുടെ ഉപമയാകുന്നു. അ തുകൊണ്ട് നീ (അവർക്ക്) ചരിത്രസംഭവങ്ങൾ വിവരിച്ചുകൊടുക്കുക; അ വർ ചിന്തിച്ചേക്കാം.

ഏതെങ്കിലും ഒരു പ്രവാചകൻ അവസാനത്തെ ആളാണെന്ന് വിശ്വസി ക്കുന്നവർക്കും നേർമാർഗ്ഗം ലഭിക്കുന്നതല്ല.

وَلَقَدْ جَآءَكُمْ يُوسُفُ مِن قَبْلُ بِٱلْبَيِّنَٰتِ فَمَا زِلْتُمْ فِى شَكٍّ مِّمَّا جَآءَكُم بِهِۦ ۖ حَتَّىٰٓ إِذَا

هَلَكَ قُلْتُمْ لَن يَبْعَثَ ٱللَّهُ مِنۢ بَعْدِهِۦ رَسُولًا ۚ كَذَٰلِكَ يُضِلُّ ٱللَّهُ مَنْ هُوَ مُسْرِفٌ مُّرْتَابٌ ﴿٣٤﴾

40:35. വ്യക്തമായ തെളിവുകളുമായി യൂസുഫ് നിങ്ങളുടെ അടുക്കൽ വരികയുണ്ടായി. എന്നാൽ അദ്ദേഹം നിങ്ങളിൽക്കുവേണ്ടി കൊണ്ടുവന്ന സന്ദേശത്തേക്കുറിച്ച് നിങ്ങൾ സംശയിച്ചു കൊണ്ടേയിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിനുശേഷം ഇനി അല്ലാഹു ഒരു ദൂത നെയും നിയോഗിക്കുകയേ ഇല്ല എന്ന് നിങ്ങൾ പറഞ്ഞു. ഇപ്രകാരം അതിര് കവിയുന്നവനെയും സംശയം പ്രകടിപ്പിക്കുന്നവനെയും അല്ലാ ഹു ദുർമാർഗത്തിൽ വിടുന്നു.

പ്രവാചകത്വം ഒരു കാലഘട്ടത്തേക്കുമാത്രം പരിമിതപ്പെടുത്തുക വഴി, അല്ലാഹു സർവ്വലോക രക്ഷിതാവാണെന്ന അവന്റെ മഹത്വത്തെയാണ് പരിമിതപ്പെടുത്തുന്നത്. സാർവ്വ ലൗകികമായ അല്ലാഹുവിന്റെ അനുഗ്ര ഹത്തെ ഒരു ജനവഭാഗത്തിനു മാത്രമായി പരിമിതപ്പെടുത്താൻ വേണ്ടി ശ്രമിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം ഞങ്ങൾക്കുമാത്രമെ ലഭിക്കു വാൻ പാടുള്ളൂവെന്ന അസൂയ നിറഞ്ഞ മനസ്സിനെയും ഈ തെറ്റായ വിശ്വാസം പുറത്തുകൊണ്ടുവരുന്നു.

നീ ഞങ്ങൾക്ക് നേർമാർഗം കാണിച്ചു തരേണമേ എന്ന പ്രാർത്ഥന അല്ലാഹു നമുക്കെല്ലാവർക്കുവേണ്ടിയും സ്വീകരിക്കുമാറാകട്ടെ. ആമീൻ.

****

22 പരീക്ഷണങ്ങളും ആശ്വാസ വചനങ്ങളും.

യഥാർത്ഥത്തിലുള്ള വിശ്വാസം ദൈവവുമായുള്ള ഒരു ക്രയ വിക്രയമാകുന്നു. സ്വർഗ്ഗത്തിന് പകരമായി ദൈവം വിശ്വാസികളുടെ ജീവനും മുതലുകളും വിലക്കെടുക്കുകയാണ് ചെയ്യുന്നത്. ഒരു വിശ്വാസി അവന്റെ ജീവനും സമ്പത്തും ദൈവത്തിന്റെ ഉദ്ദേശ്യമനുസരിച്ച് വിനിയോഗിക്കാനുള്ള അവകാശം ദൈവത്തിനു വകവെച്ചുകൊടുക്കുന്നു. അതാണ് സത്യ വിശ്വാസത്തിന്റെ പ്രതിജ്ഞ. ആ പ്രതിജ്ഞയിൽ നാം എത്രമാത്രം സത്യ സന്ധരായിരുന്നുവെന്ന് നമ്മെ മനസ്സിലാക്കിത്തരാൻ പരീക്ഷണങ്ങൾ വിധിക്കപ്പെട്ടിരിക്കുന്നു.

വിശ്വസിച്ചു എന്നു പറയുന്നതുകൊണ്ട് മാത്രം ആരെയും മുഖവിലക്ക് എടുക്കുവാൻ ദൈവം തയ്യാറാകുന്നില്ല. വിശ്വാസത്തിന്റെ മഹത്വം പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ അല്ലാഹു അയാളുടെ ജീവിതത്തിൽ ഉണ്ടാക്കിക്കൊടുക്കുന്നു. അങ്ങനെ ഒരു വിശ്വാസിയുടെ മഹനീയ പ്രവർത്തനങ്ങൾക്കനുസൃതമായ മഹത്തായ സ്ഥാനം അല്ലാഹു അയാൾക്ക് നൽകുകയും ചെയ്യുന്നു. അല്ലാഹു ഒരാളെ നേർമാർഗ്ഗത്തിലേക്ക് വഴികാണിച്ചു കൊടുക്കുന്ന അതേ അവസരത്തിൽ തന്നെ അവനോടുള്ള പ്രേമത്തിന്റെ ആഴം പ്രകടിപ്പിക്കാനുള്ള സന്ദർഭങ്ങളും അയാളുടെ ജീവിതത്തിൽ ഒരുക്കിക്കൊടുക്കുന്നു.

ഒരു വിശ്വാസി അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിന് പാത്രമായിക്കൊണ്ട് നേർമാർഗ്ഗത്തിലേക്ക് കാലെടുത്ത് വെക്കുമ്പോൾ അവനെ സ്വീകരിക്കുന്നത് ഈ ലോകത്തിന്റെ സുഖലോലുപതയല്ല. അവന്റെ വിശ്വാസത്തിന്റെ മഹത്വം പ്രകടിപ്പിക്കാനും അതു വഴി അല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹമായിത്തീരാനുമുള്ള വഴികൾ അവന്റെ മുമ്പിൽ തുറന്ന് കൊടുക്കുകയാണ് ചെയ്യുന്നത്. ഇത് അവന്റെ ജീവിതത്തിന്റെ പല ഘട്ടങ്ങളിലായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പരീക്ഷണങ്ങളിലൂടെ സംഭവിക്കുന്നു. ഒരു വിശ്വാസി അവന്റെ ജീവിതത്തിലേക്ക് കാലെടുത്ത് വെക്കേണ്ടത് പരീക്ഷണങ്ങൾ നേരിടാനുള്ള മനക്കരുത്തോട് കൂടിയായിരിക്കണം. പരീക്ഷണ ഘട്ടങ്ങളിൽ പതറിപ്പോകുന്നവർ നേർമാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചു പോകുന്നതാണ്. ഓരോരുത്തർക്കും നേരിടേണ്ട പരീക്ഷണങ്ങൾ അവരവരുടെ മഹത്വത്തിനനുയോജ്യമായിരിക്കുന്നതാണ്.

പരീക്ഷണങ്ങൾ ജീവിതത്തിന്റെ ഒരു ഭാഗമാണെന്നും ജീവിതത്തിന്റെ തന്നെ ഉദ്ദേശ്യമാണെന്നും ദൈവം അവന്റെ തിരുവചനം മുഖേനെ നമുക്ക് ഇങ്ങനെ മനസ്സിലാക്കിത്തരുന്നു.

وَهُوَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ
وَكَانَ عَرْشُهُۥ عَلَى ٱلْمَآءِ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۗ

11:8. അവനത്രെ ആകാശവും ഭൂമിയും ആറ് ഘട്ടങ്ങളിലായി സൃഷ്ടിച്ച വൻ. അവന്റെ സിംഹാസനം ജലത്തിന്മേൽ നിലകൊള്ളുന്നു. നിങ്ങളിൽ ആരാണ് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്നവൻ എന്ന് നിങ്ങളെ പരീക്ഷിച്ചു തെളിയിക്കുന്നതിനുവേണ്ടി.

ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ۝

67:3. നിങ്ങളിൽ ആരാണ് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്നവൻ എന്ന് നിങ്ങളെ പരീക്ഷിച്ചു തെളിയിക്കുന്നതിനുവേണ്ടി മരണത്തെയും ജീവിതത്തെയും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ സർവ്വ ശക്തനും പൊറുത്ത് കൊടുക്കുന്നവനുമാകുന്നു.

വിശ്വസിച്ചു എന്ന് പറഞ്ഞത് കൊണ്ട് മാത്രം പരക്ഷണങ്ങളില്ലാതെ ആരും രക്ഷപ്പെടുകയില്ല. വിശ്വാസികൾ പരീക്ഷണ ഘട്ടങ്ങളിലൂടെ കടന്ന് പോകുവാൻ വിധിക്കപ്പെട്ടവരാകുന്നു.

أَمْ حَسِبْتُمْ أَن تُتْرَكُوا۟ وَلَمَّا يَعْلَمِ ٱللَّهُ ٱلَّذِينَ جَـٰهَدُوا۟ مِنكُمْ وَلَمْ يَتَّخِذُوا۟ مِن
دُونِ ٱللَّهِ وَلَا رَسُولِهِۦ وَلَا ٱلْمُؤْمِنِينَ وَلِيجَةً ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ۝

9:16. നിങ്ങളിൽനിന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിന പ്രയത്നം നടത്തുകയും അല്ലാഹുവിനെയും അവന്റെ റസൂലിനെയും വിശ്വാസികളെയും അല്ലാതെ ഉറ്റമിത്രമായി എടുക്കാത്തവരെയും അല്ലാഹു (പരീക്ഷിച്ച്) അറിയാതിരിക്കെ നിങ്ങളെ വിട്ടേക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു.

أَحَسِبَ ٱلنَّاسُ أَن يُتْرَكُوٓا۟ أَن يَقُولُوٓا۟ ءَامَنَّا وَهُمْ لَا يُفْتَنُونَ ۝

وَلَقَدْ فَتَنَّا ٱلَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُوا۟ وَلَيَعْلَمَنَّ ٱلْكَـٰذِبِينَ ۝

29:3–4. മനുഷ്യർ വിചാരിക്കുന്നവോ ഞങ്ങൾ വിശ്വസിച്ചു എന്ന് പറയുന്നതു കൊണ്ടുമാത്രം അവർ പരീക്ഷിക്കപ്പെടാതെ അവരെ വിട്ടേക്കുമെന്ന്? അവർക്കു മുമ്പുള്ളവരെ നാം പരീക്ഷിച്ചിരുന്നു. അങ്ങനെ അല്ലാഹു സത്യവാന്മാരെയും അസത്യവാന്മാരെയും തിരിച്ചറിയുന്നു.

وَلَنَبْلُوَنَّكُمْ حَتَّىٰ نَعْلَمَ ٱلْمُجَٰهِدِينَ مِنكُمْ وَٱلصَّٰبِرِينَ وَنَبْلُوَاْ أَخْبَارَكُمْ ۝

47:32. നിങ്ങളിൽ വെച്ച് നമ്മുടെ മാർഗ്ഗത്തിൽ കഠിന പ്രയത്നം നടത്തുന്നവരെയും സഹനശീലരെയും നാം അറിയിന്നതുവരെ തീർച്ചയായും നിങ്ങളെ നാം പരീക്ഷിക്കും. നിങ്ങളുടെ വൃത്താന്തങ്ങൾ നാം തെളിയിച്ചു കാണിക്കുകയും ചെയ്യും.

പരീക്ഷണ ഘട്ടങ്ങലിലൂടെ കടന്നു പോകാത്തവർ സ്വർഗ്ഗത്തിനർഹരായി തീരുകയില്ലെന്ന് താഴെ പറയുന്ന വാക്യങ്ങൾ വ്യക്തമാക്കിത്തരുന്നു. ഇതിൽ നിന്ന് ജീവിതത്തിൽ വലിയ വലിയ പരീക്ഷണങ്ങൾ അനുഭവിക്കുന്നവർ മഹാഭാഗ്യവാന്മാരാണെന്ന് മനസ്സിലാകുന്നതാണ്. പ്രവാചകന്മാരുടെയും അതുപോലെ മറ്റു പുണ്യാത്മാക്കളൂടെയും ജീവിതം ഈ വാക്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു.

أَمْ حَسِبْتُمْ أَن تَدْخُلُواْ ٱلْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ ٱلَّذِينَ خَلَوْاْ مِن قَبْلِكُم ۖ مَّسَّتْهُمُ ٱلْبَأْسَآءُ
وَٱلضَّرَّآءُ وَزُلْزِلُواْ حَتَّىٰ يَقُولَ ٱلرَّسُولُ وَٱلَّذِينَ ءَامَنُواْ مَعَهُۥ مَتَىٰ نَصْرُ ٱللَّهِ ۗ
أَلَآ إِنَّ نَصْرَ ٱللَّهِ قَرِيبٌ ۝

2:215. നിങ്ങൾക്കു മുമ്പ് കഴിഞ്ഞ് പോയവർക്ക് നേരിട്ടത് പോലെയുള്ള പരീക്ഷണങ്ങൾ നിങ്ങൾക്കും വരാതെകണ്ട് നിങ്ങൾ സ്വർഗ്ഗത്തിൽ കടക്കുമെന്ന് വിചാരിക്കുന്നുവോ? അവരെ കഷ്ടതകളും ആപത്തുകളും ബാധിച്ചു. അല്ലാഹുവിന്റെ സഹായം എപ്പോഴാണ് വരികയെന്ന് പ്രവാചകനും അദ്ദേഹത്തിന്റെ കൂടെയുള്ള വിശ്വാസികളും പറഞ്ഞു പോകുവോളം അവർ കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു. അറിയുക, തീർച്ചയായും അല്ലാഹുവിന്റെ സഹായം സമീപസ്ഥമാകുന്നു.

أَمْ حَسِبْتُمْ أَن تَدْخُلُواْ ٱلْجَنَّةَ وَلَمَّا يَعْلَمِ ٱللَّهُ ٱلَّذِينَ جَٰهَدُواْ مِنكُمْ وَيَعْلَمَ ٱلصَّٰبِرِينَ ۝

3:143. നിങ്ങളിൽനിന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിന പ്രയത്നം നടത്തുന്നവരെയും സഹനശീലരെയും അവൻ വേർതിരിച്ച് കാണിക്കാതെ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് വിചാരിക്കുന്നുവോ?

ഈ വാക്യങ്ങളിൽനിന്ന് ദൈവത്താൽ സ്വീകരിക്കപ്പെടുന്നവർക്കാണ് പരീക്ഷണങ്ങൾ വെച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. ജീവിതത്തിൽ തീരെ പരീക്ഷണങ്ങൾ അനുഭവിക്കാത്തവർ ദൈവത്താൽ തിരസ്കരിക്കപ്പെട്ടവരാണെന്ന് സാരം. പരീക്ഷണങ്ങളുടെ ഉദ്ദേശ്യങ്ങൾ പലതാണ്. പരീക്ഷണങ്ങൾ മുഖേന അല്ലാഹു വിശ്വാസികളെയും അവിശ്വാസികളെയും വേർതിരിക്കുന്നു. വിശ്വാസികൾക്ക് നേരിടേണ്ടി വരുന്ന

കഠിന പരീക്ഷണങ്ങൾ അവർ പതറാതെ തരണം ചെയ്യുന്നതിനാൽ അവരുടെ വിശ്വാസം സത്യത്തിലധിഷ്ടിതമാണെന്ന് അവർ ലോകത്തിന്റെ മുമ്പിൽ തെളിയിച്ചു കാട്ടുന്നു. അങ്ങനെ അവർ പ്രവാചകന്മാരുടെ സത്യത്തിന് സാക്ഷികളായിത്തീരുന്നു. പരീക്ഷണങ്ങൾ കാരണം ആത്മാവിന് പക്വത ലഭിക്കുകയും ആത്മാവ് കൂടുതൽ ശുദ്ധമായിത്തീരുകയും ചെയ്യുന്നു. ഓരോ പരീക്ഷണങ്ങളിലും ദൈവത്തോട് ചെയ്യപ്പെടുന്ന അകമഴിഞ്ഞ പ്രാർത്ഥനകളിലൂടെ ദൈവത്തോടുള്ള സാമീപ്യം വർദ്ധിക്കുകയും അങ്ങനെ വിഷമതകളും കഷ്ടപ്പാടുകളും നീങ്ങിപ്പോകുകയും ചെയ്യുമ്പോൾ ദൈവത്തെ കൂടുതൽ അറിയാനും സ്നേഹിക്കാനുമുള്ള സൗഭാഗ്യം ലഭിക്കുന്നു. പരീക്ഷണഘട്ടങ്ങളിൽ വരാനിരിക്കുന്ന നല്ല ജീവിതത്തെക്കുറിച്ചുള്ള വെളിപാടുകളും ദർശനങ്ങളും ലഭിക്കുന്നതു വഴി ദൈവാസ്തിത്വത്തെക്കുറിച്ച് ദൃഢമായ ഉറപ്പ് ലഭിക്കുന്നു. പരീക്ഷണങ്ങൾ ദൈവഭയം മനസ്സിൽ ദൃഢമാക്കുകയും അങ്ങനെ ലഭിക്കുന്ന ഭയഭക്തി മനുഷ്യനെ പാപകർമ്മങ്ങളിൽനിന്ന് അകറ്റി നിർത്തുകയും ചെയ്യുന്നു. പരീക്ഷണ ഘട്ടങ്ങളിൽ ദൈവത്തിനുവേണ്ടി പ്രകടിപ്പിക്കുന്ന ക്ഷമയുടെയും സഹനത്തിന്റെയും പ്രതിഫലമായി പരീക്ഷിക്കപ്പെടുന്നവർ സ്വർഗ്ഗത്തിനവകാശികളായിത്തീരുന്നു.

وَلِيَعْلَمَ ٱللَّهُ ٱلَّذِينَ ءَامَنُواْ وَيَتَّخِذَ مِنكُمْ شُهَدَآءَ ۗ وَٱللَّهُ لَا يُحِبُّ ٱلظَّٰلِمِينَ ۝

وَلِيُمَحِّصَ ٱللَّهُ ٱلَّذِينَ ءَامَنُواْ وَيَمْحَقَ ٱلْكَٰفِرِينَ ۝

3:141–142. (പരീക്ഷണങ്ങൾ) വിശ്വാസികളെ അല്ലാഹു വേർതിരിച്ചു കാണിക്കുന്നതിനും (സത്യവിശ്വാസത്തിന്) നിങ്ങളെ സാക്ഷ്യം വഹിക്കുന്ന വരാക്കിത്തീർക്കുന്നതിനും വിശ്വാസികളെ അല്ലാഹു ശുദ്ധീകരിക്കുന്നതിനും സത്യനിഷേധികളെ തുടച്ചു നീക്കുന്നതിനും വേണ്ടിയയാകുന്നു.

فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُواْ وَلَيَعْلَمَنَّ ٱلْكَٰذِبِينَ ۝

29:4. (പരീക്ഷണങ്ങൾ മുഖേനെ) അല്ലാഹു സത്യവാന്മാരെയും അസത്യവാന്മാരെയും തിരിച്ചറിയുന്നു.

പരീക്ഷണങ്ങളെക്കുറിച്ച് മനസ്സിലാക്കേണ്ട പ്രധാന കാര്യം പരീക്ഷണങ്ങൾ ദൈവിക ശിക്ഷയല്ലെന്നാണ്. ദൈവമാർഗ്ഗത്തിൽ കാലെടുത്തു വെക്കുമ്പോൾ അനുഭവിക്കേണ്ടി വരുന്ന കഷ്ടപ്പാടുകൾ ദൈവത്തിന്റെ ശിക്ഷയായി കരുതുകയാണെങ്കിൽ വിശ്വാസികളുടെ മനസ്സിൽ ദൈവത്തോട് വിദ്വേഷം ജനിക്കുകയും അങ്ങനെ ദൈവമാർഗ്ഗത്തിൽനിന്നും പുറംതള്ളപ്പെടുകയും ചെയ്യുന്നതാണ്. കൂടാതെ പരീക്ഷണങ്ങളെ ശിക്ഷയായി കണക്കാക്കുന്നത് ദൈവത്തിൽ വിശ്വസിക്കുന്നവരെ പീഡിപ്പിക്കുന്ന ക്രൂര

നാണ് ദൈവമെന്ന് പറയുന്നതിനു തുല്യമായിരിക്കും. എന്നാൽ ദൈവം വിശ്വാസികളെ ശിക്ഷിക്കാത്തവനും വിശ്വാസികളുടെ പ്രവർത്തനങ്ങളെ വിലമതിക്കുന്നവനും അവരെ സംരക്ഷിക്കുന്നവനും അവർക്ക് അനുഗ്രഹങ്ങൾ നൽകുന്നവനും ആകുന്നു.

وَإِذْ تَأَذَّنَ رَبُّكُمْ لَئِن شَكَرْتُمْ لَأَزِيدَنَّكُمْ وَلَئِن كَفَرْتُمْ إِنَّ عَذَابِي لَشَدِيدٌ ﴿٧﴾

14:8. നിങ്ങളുടെ നാഥൻ പ്രഖ്യാപിച്ചു, നിങ്ങൾ നന്ദികാട്ടുമെങ്കിൽ ഞാൻ (അനുഗ്രഹങ്ങൾ) വർദ്ധിപ്പിച്ചു തരും. നിങ്ങൾ നന്ദികേട് കാട്ടിയാൽ തീർച്ചയായും എന്റെ ശിക്ഷ കാഠിന്യമിള്ളത് തന്നെയാണ്.

مَّا يَفْعَلُ ٱللَّهُ بِعَذَابِكُمْ إِن شَكَرْتُمْ وَءَامَنتُمْ ۚ وَكَانَ ٱللَّهُ شَاكِرًا عَلِيمًا ﴿١٤٧﴾

4:148. നിങ്ങൾ നന്ദി കാണിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങളെ ശിക്ഷിക്കുന്നതുകൊണ്ട് അല്ലാഹു എന്തു നേടുവാനാണ്? അല്ലാഹു (പ്രവർത്തനങ്ങളെ)വിലമതിക്കുന്നവനും അറിവുറ്റവനുമാകുന്നു.

ദൈവ മാർഗ്ഗത്തിൽ സഹിക്കേണ്ടി വരുന്ന പീഢനങ്ങൾ ദൈവിക ശിക്ഷയായി ഗണിക്കുന്ന ചിലർ മനുഷ്യരിലുണ്ടെന്ന് ദൈവം പറയുന്നു.

وَمِنَ ٱلنَّاسِ مَن يَقُولُ ءَامَنَّا بِٱللَّهِ فَإِذَآ أُوذِىَ فِى ٱللَّهِ جَعَلَ فِتْنَةَ ٱلنَّاسِ كَعَذَابِ ٱللَّهِ وَلَئِن

جَآءَ نَصْرٌ مِّن رَّبِّكَ لَيَقُولُنَّ إِنَّا كُنَّا مَعَكُمْ ۚ أَوَلَيْسَ ٱللَّهُ بِأَعْلَمَ بِمَا فِى صُدُورِ ٱلْعَـٰلَمِينَ ﴿١٠﴾

29:11. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചു എന്നു പറയുന്ന ചിലർ മനുഷ്യരിലുണ്ട്. അല്ലാഹുവിൽ വിശ്വസിച്ചതുകാരണമായി അവർ പീഡിപ്പിക്കപ്പെടുമ്പോൾ ജനങ്ങളുടെ മർദ്ദനത്തെ അവന്റെ ശിക്ഷയായി അവർ ഗണിക്കുന്നു.

അതുപോലെ അതിർവരമ്പത്തു നിന്നുകൊണ്ട് ദൈവത്തെ ആരാധിക്കുന്നവരും മനുഷ്യരിലുണ്ടെന്ന് പറഞ്ഞുതരുന്നു. ഇങ്ങനെയുള്ളവർ പരീക്ഷണങ്ങൾ നേരിടാൻ തയ്യാറാവാത്തതു കാരണം, പരീക്ഷണങ്ങൾ വരുമ്പോൾ പിന്തിരിഞ്ഞു പോകുന്നു. പരീക്ഷണങ്ങൾ നേരിടാൻ തയ്യാറില്ലാത്തവർക്ക് ഈ ലോകത്തെ അനുഗ്രഹവും പരലോകത്തെ അനുഗ്രഹവും നഷ്ടമാകുന്നതാണെന്ന് ദൈവം മുന്നറിയിപ്പു നൽകുന്നു.

وَمِنَ ٱلنَّاسِ مَن يَعْبُدُ ٱللَّهَ عَلَىٰ حَرْفٍ ۖ فَإِنْ أَصَابَهُۥ خَيْرٌ ٱطْمَأَنَّ بِهِۦ ۖ وَإِنْ أَصَابَتْهُ

فِتْنَةٌ ٱنقَلَبَ عَلَىٰ وَجْهِهِۦ خَسِرَ ٱلدُّنْيَا وَٱلْـَٔاخِرَةَ ۚ ذَٰلِكَ هُوَ ٱلْخُسْرَانُ ٱلْمُبِينُ ﴿١١﴾

22:12. മനുഷ്യരിൽ ചിലർ അതിർവരമ്പത്തു നിന്നുകൊണ്ട് അല്ലാഹുവി

നെ ആരാധിക്കുന്നു. അവനൊരു ഗുണം ലഭിച്ചാൽ അവൻ അതുമൂലം തൃപ്തിപ്പെടും. അവനെ ഒരു പരീക്ഷണം ബാധിച്ചാൽ അവൻ നേരേ പുറകോട്ട് തിരിയും. ഈ ലോകവും പരലോകവും അവന് നഷ്ടപ്പെടുകയായി. അതു തന്നെയാണ് പ്രകടമായ നഷ്ടം.

വിശ്വാസികൾക്ക് നേരിടേണ്ടി വരുന്ന പരീക്ഷണങ്ങൾ വളരെ കാഠിന്യമേറിയതാണെന്ന് ദൈവം മുൻകൂട്ടി തന്നെ വിശദീകരിച്ചു തന്നിരിക്കുകയാണ്. ആപത്തുകളും പ്രശ്നങ്ങളും ഒന്നിനു മീതെ മറ്റൊന്നായി വന്ന് വിശ്വാസികൾ വിറപ്പിക്കപ്പെടുന്ന അവസ്ഥ വന്നു ചേരുന്നതാണ്. ദൈവത്തെക്കുറിച്ച് പല തെറ്റായ ഭാവനകളും മനസ്സിൽ ഉയർന്നുവരുന്ന സന്ദർഭങ്ങൾ ജീവിതത്തിൽ വന്നുഭവിക്കുന്നതാണെന്ന് വിശുദ്ധ ഖുർആൻ മുന്നറിയിപ്പ് നൽകുന്നു.

مَسَّتْهُمُ ٱلْبَأْسَآءُ وَٱلضَّرَّآءُ وَزُلْزِلُوا۟ حَتَّىٰ يَقُولَ ٱلرَّسُولُ وَٱلَّذِينَ

ءَامَنُوا۟ مَعَهُۥ مَتَىٰ نَصْرُ ٱللَّهِ ۗ أَلَآ إِنَّ نَصْرَ ٱللَّهِ قَرِيبٌ ۝

2:215. അവരെ കഷ്ടപ്പാടുകളും ആപത്തുകളും ബാധിച്ചു. അല്ലാഹുവിന്റെ സഹായം ഇനിയെപ്പോഴാണെത്തുകയെന്ന് പ്രവാചകനും കൂടെയുള്ള വിശ്വാസികളും പറഞ്ഞുപോകുവോളം അവർ കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു.

إِذْ جَآءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ وَإِذْ زَاغَتِ ٱلْأَبْصَـٰرُ وَبَلَغَتِ ٱلْقُلُوبُ

ٱلْحَنَاجِرَ وَتَظُنُّونَ بِٱللَّهِ ٱلظُّنُونَا۠ ۝ هُنَالِكَ ٱبْتُلِىَ ٱلْمُؤْمِنُونَ وَزُلْزِلُوا۟ زِلْزَالًا شَدِيدًا ۝

33:11–12. നിങ്ങളുടെ മീതെനിന്നും നിങ്ങളുടെ താഴെനിന്നും അവർ (അവിശ്വാസികൾ) നിങ്ങൾക്കെതിരെ വന്ന സന്ദർഭം, ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ കണ്ഠനാളങ്ങളിൽ എത്തുകയും (തെറ്റായ) ഭാവനകൾ അല്ലാഹുവിനെ കുറിച്ച് നിങ്ങൾ വെച്ചുപുലർത്തുകയും ചെയ്ത സന്ദർഭം. അവിടെ വെച്ച് വിശ്വാസികൾ പരീക്ഷിക്കപ്പെടുകയും കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു.

ദൈവം വിശ്വാസികളെ ഉയർച്ച കൊണ്ടും താഴ്ച കൊണ്ടും പരീക്ഷിക്കുന്നതാണെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ്. ഭയവും വിശപ്പും കൊണ്ടും ബന്ധുമിത്രാദികളുടെ വിയോഗം കൊണ്ടും സാമ്പത്തിക നഷ്ടം കൊണ്ടും പരീക്ഷിക്കപ്പെടുന്നതായിരിക്കും. ബന്ധുക്കളുടെ നഷ്ടം ഒന്നുകിൽ നാം സ്നേഹിക്കുകയും നമ്മെ സ്നേഹിക്കുകയും ചെയ്യുന്നവരുടെ മരണത്തെ സൂചിപ്പിക്കുന്നു. അല്ലെങ്കിൽ നമ്മുടെ ബന്ധുക്കൾ നമുക്കെതിരായി തിരിഞ്ഞു നമ്മെ ഉപദ്രവിക്കുന്നതിനെ സൂചിപ്പിക്കുന്നു.

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ ٱلْخَوْفِ وَٱلْجُوعِ وَنَقْصٍ مِّنَ ٱلْأَمْوَٰلِ وَٱلْأَنفُسِ وَٱلثَّمَرَٰتِ ۗ
وَبَشِّرِ ٱلصَّٰبِرِينَ ۝ ٱلَّذِينَ إِذَآ أَصَٰبَتْهُم مُّصِيبَةٌ قَالُوٓاْ إِنَّا لِلَّهِ وَإِنَّآ إِلَيْهِ رَٰجِعُونَ ۝
أُوْلَٰٓئِكَ عَلَيْهِمْ صَلَوَٰتٌ مِّن رَّبِّهِمْ وَرَحْمَةٌ ۖ وَأُوْلَٰٓئِكَ هُمُ ٱلْمُهْتَدُونَ ۝

2:156–158. കുറച്ചൊക്കെ ഭയവും വിശപ്പും കൊണ്ടും ആളുകളിലും മുതലുകളിലും ഫലങ്ങളിലുമുള്ള നഷ്ടം കൊണ്ടും തീർച്ചയായും നിങ്ങളെ നാം പരീക്ഷിക്കും. എന്നാൽ സഹനം കൈക്കൊള്ളുന്നവരെ സന്തോഷ വാർത്ത അറിയിക്കുക. ഒരാപത്ത് അവരെ ബാധിക്കുമ്പോൾ അവർ പറയും: തീർച്ചയായും ഞങ്ങൾ അല്ലാഹുവിനുവേണ്ടിയുള്ളവരും അവനിലേക്ക് മടങ്ങുന്നവരുമാകുന്നു. അവരുടെ മേൽ അവരുടെ രക്ഷിതാവിൽ നിന്നുള്ള അനുഗ്രഹാശിസുകളും കാരുണ്യവും ഉണ്ട്. അവരത്രെ നേർ വഴി പ്രാപിച്ചവർ.

പ്രകൃതിയാലുള്ള പരീക്ഷണങ്ങൾ കൂടാതെ പൂർവ്വ വേദക്കാരായ ആളുകളിൽ നിന്നും വിശ്വാസികൾക്ക് പരീക്ഷണങ്ങൾ നേരിടേണ്ടിവരുന്നതാണ്. മറ്റു മുസ്ലിംകളും കൃസ്ത്യാനികളം ജൂതന്മാരും അതുപോലെ മറ്റു വേദക്കാരിൽനിന്നും ബഹുദൈവാരാധകരിൽനിന്നും ദ്രോഹങ്ങളും കഷ്ടതകളും സഹിക്കേണ്ടി വരുന്നതാണ്.

لَتُبْلَوُنَّ فِيٓ أَمْوَٰلِكُمْ وَأَنفُسِكُمْ وَلَتَسْمَعُنَّ مِنَ ٱلَّذِينَ أُوتُواْ ٱلْكِتَٰبَ مِن قَبْلِكُمْ وَمِنَ
ٱلَّذِينَ أَشْرَكُوٓاْ أَذًى كَثِيرًا ۚ وَإِن تَصْبِرُواْ وَتَتَّقُواْ فَإِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ ۝

3:187. നിങ്ങളുടെ സമ്പത്തിനാലും നിങ്ങളുടെ ആൾക്കാരാലും നിങ്ങൾ തീർച്ചയായും പരീക്ഷിക്കപ്പെടും. നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നും ബഹുദൈവ വിശ്വാസികളിൽനിന്നും ധാരാളം കുത്തുവാക്കുകൾ നിങ്ങൾ കേൾക്കുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും ദൈവത്തെ സൂക്ഷിക്കുകയും ചെയ്യുമെങ്കിൽ തീർച്ചയായും അത് നിശ്ചയ ദാർഢ്യമുള്ള കാര്യമാകുന്നു.

താഴ്ചകൾ കൊണ്ട് പരീക്ഷിക്കപ്പെടുന്നതു പോലെ ഉയർച്ചകൾ കൊണ്ടും പരീക്ഷിക്കപ്പെടുന്നതാണ്. കഷ്ടപ്പാടുകളും ആപത്തുകളും ദാരിദ്ര്യവും കൊണ്ട് പരീക്ഷിക്കപ്പെടുന്നതുപോലെ സമ്പത്തുകൾ കൊണ്ടും ഉന്നതമായ പദവികൾ കൊണ്ടും സന്താനങ്ങളുടെയും ബന്ധുക്കളുടെയും ആധിക്യം കൊണ്ടും പരീക്ഷിക്കപ്പെടുന്നതായിരിക്കും. വിഷമതകളിൽ സഹനം കൈകൊള്ളാൻ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ ഉന്നതമായ പദവികൾ നൽകപ്പെടുമ്പോഴും വിശ്വാസികൾ ദൈവത്തെ മറന്നുപോകാതെ

അവന്റെ കല്പനകളെ മുറുകെപ്പിടിച്ച് തങ്ങൾ ദൈവത്തിൽ നിന്നുള്ളവ രാണെന്ന് മറ്റുള്ളവർക്ക് മാതൃക കാണിച്ചു കൊടുക്കേണ്ടവരാകുന്നു. അങ്ങനെയല്ലെങ്കിൽ അവരെയും ശിക്ഷ ബാധിക്കുന്നതാണെന്ന് മുന്നറി യിപ്പ് നൽകിയിരിക്കുന്നു. അമിതമായ ഭൗതിക പദവിയിൽ വഴിതെറ്റിപ്പോ കാനുള്ള സാദ്ധ്യത വളരെ അധികമായതിനാൽ വിശ്വാസികൾ അവരു ടെ മുതലുകൾ ദൈവമാർഗ്ഗത്തിൽ ഉപയോഗിച്ച് സന്തുലിതത്വം കൈ വരിക്കേണ്ടതാകുന്നു. അല്ലാത്തവർ വിശ്വാസത്തിനു ശേഷം വഴിപിഴച്ചു പോകുന്നതാണ്.

وَهُوَ ٱلَّذِى جَعَلَكُمْ خَلَـٰٓئِفَ ٱلْأَرْضِ وَرَفَعَ بَعْضَكُمْ

فَوْقَ بَعْضٍ دَرَجَـٰتٍ لِّيَبْلُوَكُمْ فِى مَآ ءَاتَىٰكُمْ ۗ

6:166. അവനത്രെ ഭൂമിയിൽ നിങ്ങളെ പ്രതിനിധികളാക്കിയത്. നിങ്ങളിൽ ചിലരെ മറ്റുള്ളവരെക്കാൾ പദവികളിൽ അവൻ ഉയർത്തി. നിങ്ങൾക്കവ ൻ നൽകിയതിൽ നിങ്ങളെ അവൻ പരീക്ഷിക്കുവാൻ വേണ്ടി.

സമ്പത്തുകൾ കൊണ്ട് പരീക്ഷിക്കപ്പെടുന്നതിനെക്കുറിച്ച് വിശുദ്ധ ഖുർ ആൻ പറയുകയാണ്:

وَأَلَّوِ ٱسْتَقَـٰمُوا۟ عَلَى ٱلطَّرِيقَةِ لَأَسْقَيْنَـٰهُم مَّآءً غَدَقًا ۝

لِّنَفْتِنَهُمْ فِيهِ ۚ وَمَن يُعْرِضْ عَن ذِكْرِ رَبِّهِۦ يَسْلُكْهُ عَذَابًا صَعَدًا ۝

72:17.18 അവർ നേർമാർഗ്ഗത്തിൽ നിലകൊള്ളുകയാണെങ്കിൽ തീർച്ച യായും നാം അവർക്ക് സമൃദ്ധമായി ജലം കുടിക്കുവാൻ നൽകുന്നതാണ്, അവരെ പരീക്ഷിക്കുന്നതിനുവേണ്ടി. (എന്നാൽ) തന്റെ രക്ഷിതാവിന്റെ സ്മരണയിൽനിന്നും പിൻതിരിഞ്ഞു മാറുന്നുവനെ കഠിനമായ ശിക്ഷയി ൽ അവൻ പ്രവേശിപ്പിക്കുന്നതാണ്.

ഒരു പരീക്ഷണമായി ഭൗതിക നേട്ടങ്ങൾ നൽകപ്പെടുമ്പോൾ അത് തന്റെ കഴിവുകൊണ്ട് കരസ്ഥമാക്കിയതാണെന്ന് അഹങ്കാരികൾ വമ്പു പറയു ന്നതാണെന്ന് താഴെ പറയുന്ന വിശുദ്ധവാക്യം മനസ്സിലാക്കിത്തരുന്നു.

فَإِذَا مَسَّ ٱلْإِنسَـٰنَ ضُرٌّ دَعَانَا ثُمَّ إِذَا خَوَّلْنَـٰهُ نِعْمَةً مِّنَّا قَالَ إِنَّمَآ أُوتِيتُهُۥ

عَلَىٰ عِلْمٍ ۚ بَلْ هِىَ فِتْنَةٌ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ۝

39:50. മനുഷ്യനെ വല്ല ദോഷവും ബാധിക്കുമ്പോൾ അവൻ നമ്മെ വിളി ച്ചു പ്രാർത്ഥിക്കുന്നു. പിന്നീട് നമ്മിൽനിന്നും വല്ല അനുഗ്രഹവും നാം

പ്രദാനം ചെയ്താൽ അവൻ പറയുന്നു, (എന്റെ) അറിവുമുഖേനെയാണ് അതെനിക്ക് ലഭിച്ചത്. അല്ല, അത് ഒരു പരീക്ഷണമാകുന്നു. പക്ഷേ അവരിൽ അധികപേരും അറിയുന്നില്ല.

ഉന്നതമായ പദവികളും സമ്പത്തുകളും അതുപോലെ സന്താനങ്ങളും ദൈവിക പരീക്ഷണങ്ങളാകുന്നു. പരീക്ഷണമായി നല്ലതും ചീത്തയും നൽകപ്പെടുന്നതാണ്.

وَٱعْلَمُوٓاْ أَنَّمَآ أَمْوَٰلُكُمْ وَأَوْلَٰدُكُمْ فِتْنَةٌ وَأَنَّ ٱللَّهَ عِندَهُۥٓ أَجْرٌ عَظِيمٌ ۝

8:29. നിങ്ങളുടെ സമ്പത്തുകളും സന്താനങ്ങളും ഒരു പരീക്ഷണം മാത്ര മാണെന്നും എന്നാൽ അല്ലാഹുവിന്റെയടുക്കലാണ് ശ്രേഷ്ടമായ പ്രതി ഫലം ഉള്ളതെന്നും അറിയുവിൻ.

وَنَبْلُوكُم بِٱلشَّرِّ وَٱلْخَيْرِ فِتْنَةً ۖ

21:36. നല്ലതും ചീത്തയും മുഖേനെ നിങ്ങളെ നാം പരീക്ഷിക്കുന്നതാണ്.

പരീക്ഷണങ്ങൾ എത്ര തന്നെ കഠിനമായാലും അതൊക്കെ താല്ക്കാലി കമാണ്. എല്ലാ പരീക്ഷണങ്ങളിൽനിന്നും ദൈവം വിശ്വാസികളെ രക്ഷ പ്പെടുത്തി സംരക്ഷിക്കുന്നതാണ്. അതുകൊണ്ട് തന്നെ ദാരിദ്ര്യത്തെക്കു റിച്ചും മറ്റുമുള്ള ഭീഷണികളെ ഭയപ്പെടരുത്. അങ്ങനെയുള്ള വിചാരങ്ങൾ പൈശാചികമാണെന്ന് ദൈവം വിശ്വാസികളെ ഉത്ബോധിപ്പിക്കുന്നു.

ٱلشَّيْطَٰنُ يَعِدُكُمُ ٱلْفَقْرَ وَيَأْمُرُكُم بِٱلْفَحْشَآءِ ۖ وَٱللَّهُ
يَعِدُكُم مَّغْفِرَةً مِّنْهُ وَفَضْلًا ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ۝

2:269. പിശാച് ദാരിദ്ര്യം കൊണ്ട് നിങ്ങളെ ഭീഷണിപ്പെടുത്തുന്നു. നീച കൃത്യങ്ങൾക്ക് അവൻ നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാ ഹു അവനിൽനിന്നുള്ള പാപമോചനവും അനുഗ്രഹവും നിങ്ങൾക്ക് വാ ഗ്ദാനം ചെയ്യുന്നു. അല്ലാഹു വിശാലതയുള്ളവനും അറിവുറ്റവനുമാ കുന്നു.

إِنَّمَا ذَٰلِكُمُ ٱلشَّيْطَٰنُ يُخَوِّفُ أَوْلِيَآءَهُۥ فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ ۝

3:176. തീർച്ചയായും പിശാചാണ് അവന്റെ മിത്രങ്ങളെ ഭയപ്പെടുത്തുന്നത്. അതുകൊണ്ട് അവരെ നിങ്ങൾ ഭയപ്പെടരുത്. നിങ്ങൾ വിശ്വാസികളാ ണെങ്കിൽ എന്നെ ഭയപ്പെടുവിൻ.

وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا ۝ وَيَرْزُقْهُ مِنْ حَيْثُ

لَا يَحۡتَسِبُۚ وَمَن يَتَوَكَّلۡ عَلَى ٱللَّهِ فَهُوَ حَسۡبُهُۥٓۚ

65:3–4. അല്ലാഹുവിനെ ഭയപ്പെടുന്നുവന് ഒരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ നിനച്ചിരിക്കാത്ത രീതിയിൽ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുവിനെ ഭാരമേൽപിക്കുന്നവന് അല്ലാഹു മതിയാകുന്നതാണ്.

മുൻകഴിഞ്ഞ പ്രവാചകന്മാരും അവരുടെ അനുയായികളും ദൈവ മാർഗ്ഗത്തിൽ നേരിടേണ്ടി വന്ന പരീക്ഷണങ്ങളിൽ ഒന്നിലും തന്നെ നിരാശപ്പെട്ടിരുന്നില്ല. അവരുടെ മാതൃകയെ പിന്തുടർന്ന് കൊണ്ട് നാമും നിരാശപ്പെടാതിരിക്കേണ്ടതാണ്. വിശ്വാസികളായിരിക്കും അവസാനം മികച്ചു നിൽക്കുകയെന്ന് ദൈവം വാഗ്ദാനം നൽകിയിരിക്കുകയാണ്.

وَلَا تَهِنُواْ وَلَا تَحۡزَنُواْ وَأَنتُمُ ٱلۡأَعۡلَوۡنَ إِن كُنتُم مُّؤۡمِنِينَ ١٣٩

3:140. നിങ്ങൾ നിരാശപ്പെടരുത്. നിങ്ങൾ ദു:ഖിക്കുകയുമരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെ മികച്ചു നിൽക്കുന്നതാണ്.

وَكَأَيِّن مِّن نَّبِيٍّ قَٰتَلَ مَعَهُۥ رِبِّيُّونَ كَثِيرٞۚ فَمَا وَهَنُواْ لِمَآ أَصَابَهُمۡ فِي سَبِيلِ ٱللَّهِ وَمَا ضَعُفُواْ وَمَا ٱسۡتَكَانُواْۗ وَٱللَّهُ يُحِبُّ ٱلصَّٰبِرِينَ ١٤٦

3:147. എത്രയെത്ര പ്രവാചകന്മാരും അവരുടെ അനുയായികളും (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) യുദ്ധം ചെയ്തു. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നേരിടേണ്ടിവന്ന യാതൊന്നിലും അവർ നിരാശപ്പെട്ടില്ല. അവർ ദുർബലരാകുകയോ കീഴടങ്ങുകയോ ചെയ്തില്ല. സഹനശീലരെ അല്ലാഹു സ്നേഹിക്കുന്നു.

وَلَا تَاْيۡـَٔسُواْ مِن رَّوۡحِ ٱللَّهِۖ إِنَّهُۥ لَا يَاْيۡـَٔسُ مِن رَّوۡحِ ٱللَّهِ إِلَّا ٱلۡقَوۡمُ ٱلۡكَٰفِرُونَ ٨٧

12:88. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനതയല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുകയില്ല.

قَالَ وَمَن يَقۡنَطُ مِن رَّحۡمَةِ رَبِّهِۦٓ إِلَّا ٱلضَّآلُّونَ ٥٦

15:57. (ഇബ്രാഹിം)പറഞ്ഞു: ആരാണ് തന്റെ രക്ഷിതാവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുക? വഴിപിഴച്ചവർ അല്ലാതെ.

قُلۡ يَٰعِبَادِيَ ٱلَّذِينَ أَسۡرَفُواْ عَلَىٰٓ أَنفُسِهِمۡ لَا تَقۡنَطُواْ مِن رَّحۡمَةِ ٱللَّهِۚ

إِنَّ ٱللَّهَ يَغۡفِرُ ٱلذُّنُوبَ جَمِيعًاۚ إِنَّهُۥ هُوَ ٱلۡغَفُورُ ٱلرَّحِيمُ ۝

39:54. പറയുക: സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ചു പോയ എന്റെ അടിമകളേ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങൾ എല്ലാം പൊറുത്ത് കൊടുക്കുന്നു. തീർച്ചയായും അവനത്രെ പൊറുത്ത് കൊടുക്കുന്നവൻ, കരുണാനിധി.

പരീക്ഷണങ്ങളെ തരണം ചെയ്യേണ്ടത് സഹനവും നമസ്കാരവും മുഖേനെയും അതോടൊപ്പം ദൈവത്തോട് പശ്ചാത്തപിച്ചു കൊണ്ടുമാണ്. പരീക്ഷണങ്ങളിൽ ക്ഷമ പ്രകടിപ്പിക്കാതെ കോപാകുലരായിത്തീരുന്നവർ ദൈവീകാനുഗ്രഹത്തിൽനിന്നും പുറം തള്ളപ്പെട്ടു പോകുന്നതാണ്. വിഷമ ഘട്ടങ്ങളിൽ ക്ഷമ കൈകൊണ്ട് പ്രാർത്ഥനയിൽ മുഴുകുകയാണ് വേണ്ടത്.

وَٱسۡتَعِينُواْ بِٱلصَّبۡرِ وَٱلصَّلَوٰةِۚ وَإِنَّهَا لَكَبِيرَةٌ إِلَّا عَلَى ٱلۡخَٰشِعِينَ ۝

2:46. സഹനവും നമസ്കാരവും മൂലം നിങ്ങൾ അല്ലാഹുവിന്റെ സഹായം തേടുവിൻ. വിനയ ശീലരല്ലാത്തവർക്ക് തീർച്ചയായും ഇത് വലിയ പ്രയാസമുള്ള കാര്യം തന്നെയാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسۡتَعِينُواْ بِٱلصَّبۡرِ وَٱلصَّلَوٰةِۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ۝

2:154. അല്ലയോ വിശ്വാസികളേ: സഹനവും നമസ്കാരവും മുഖേനെ നിങ്ങൾ സഹായം തേടുക. തീർച്ചയായും അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱصۡبِرُواْ وَصَابِرُواْ وَرَابِطُواْ وَٱتَّقُواْ ٱللَّهَ لَعَلَّكُمۡ تُفۡلِحُونَ ۝

3:201. അല്ലയോ വിശ്വാസികളേ, ക്ഷമ കൈകൊള്ളുവിൻ. സഹനത്തിൽ മുന്നിട്ടു നിൽക്കുവിൻ. (ധർമ്മസമരത്തിൽ) ഉറച്ച് നിൽക്കുവിൻ. അല്ലാഹുവിനെ ഭയപ്പെടുവിൻ. നിങ്ങൾ വിജയിക്കുന്നതിനുവേണ്ടി.

وَٱصۡبِرۡ عَلَىٰ مَآ أَصَابَكَۖ إِنَّ ذَٰلِكَ مِنۡ عَزۡمِ ٱلۡأُمُورِ ۝

31:18. നിന്നെ ബാധിക്കുന്ന ആപത്തുകളിൽ സഹനം കൈക്കൊള്ളുക. തീർച്ചയായും ഇത് നിശ്ചയദാർഢ്യമുള്ള കാര്യമാകുന്നു.

وَلِرَبِّكَ فَٱصۡبِرۡ ۝

74:08. നിന്റെ നാഥനുവേണ്ടി ക്ഷമ കൈകൊള്ളുക.

ദൈവം ക്ഷമിക്കുന്നവരുടെ കൂടെയാണെന്ന് വിശുദ്ധ ഖുർആനിൽ പല യിടങ്ങളിലും പറയുന്നുണ്ട്. ക്ഷമ പ്രകടിപ്പിക്കാത്തവരുടെ കൂടെ ദൈവ മുണ്ടാവുകയില്ലെന്ന് ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ദൈവ സഹായം നേടിയെടുക്കാൻ ക്ഷമ പ്രകടിപ്പിക്കാൻ ശീലിക്കേണ്ടത് ആ ത്മാവിന്ന് നാം കൊടുക്കേണ്ട ഒരു വ്യായാമമാകുന്നു. ക്ഷമിക്കുന്നവർ ക്കാണ് ദൈവിക സഹായം വന്നുചേരുക.

إِنَّهُۥ مَن يَتَّقِ وَيَصۡبِرۡ فَإِنَّ ٱللَّهَ لَا يُضِيعُ أَجۡرَ ٱلۡمُحۡسِنِينَ ٩٠

12:91. തീർച്ചയായും ആർ അല്ലാഹുവിനെ ഭയപ്പെടുകയും ക്ഷമ കൈ കൊള്ളുകയും ചെയ്യുന്നവോ അപ്പോൾ തീർച്ചയായും നന്മചെയ്യുന്നവരു ടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല.

وَبَشِّرِ ٱلۡمُخۡبِتِينَ ٣٤ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتۡ قُلُوبُهُمۡ

وَٱلصَّٰبِرِينَ عَلَىٰ مَآ أَصَابَهُمۡ وَٱلۡمُقِيمِي ٱلصَّلَوٰةِ وَمِمَّا رَزَقۡنَٰهُمۡ يُنفِقُونَ ٣٥

22:35–36. അല്ലാഹുവിനെക്കുറിച്ച് ഓർക്കുമ്പോൾ തങ്ങളുടെ ഹൃദയങ്ങൾ ഭയചകിതമാകുകയും തങ്ങളെ ബാധിക്കുന്നതതിൽ ക്ഷമ കൈകൊള്ളു കയും നമസ്ക്കാരം നിലനിർത്തുകയും അവർക്ക് നാം നൽകിയട്ടുള്ളതി ൽനിന്നും ചിലവഴിക്കുകയും ചെയ്യുന്ന വിനയശീലരെ സന്തോഷവാർത്ത അറിയിക്കുക.

പരീക്ഷണഘട്ടങ്ങളെ തരണം ചെയ്യാനുള്ള വേറൊരുമാർഗ്ഗം നമ്മുടെ എ ല്ലാപ്രശ്നങ്ങളും ദൈവത്തെ ഏല്പിച്ചു കൊടുക്കുക എന്നതാണ്. നമു ക്ക് നേരിടുന്ന പ്രശ്നങ്ങൾ താൽക്കാലികമാണന്നും ദൈവം ഉദ്ദേശിക്കു ന്ന സമയം വരുമ്പോൾ അതിൽനിന്നല്ലാം മുക്തി ലഭിക്കുന്നതാണന്നും ശരിക്കും മനസ്സിലാക്കി നമ്മുടെ മനസ്സിന്റെ ഭാരം ദൈവത്തിൽ അർപ്പി ക്കേണ്ടതാകുന്നു. നമ്മുടെ എല്ലാ ഭാരങ്ങളും വഹിക്കുവാൻ കരുണാമയ ൻ തയ്യാറായി നിൽക്കുകയാണ്. മാത്രമല്ല നമ്മുടെ ഭാരങ്ങൾ അവനിൽ ഏല്പിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

وَعَلَى ٱللَّهِ فَلۡيَتَوَكَّلِ ٱلۡمُؤۡمِنُونَ ١٢٢

3:123. വിശ്വാസികൾ അല്ലാഹുവിനെ ഭരമേല്പിക്കട്ടെ.

وَمَن يَتَوَكَّلۡ عَلَى ٱللَّهِ فَإِنَّ ٱللَّهَ عَزِيزٌ حَكِيمٞ ٦٢

8:50. അല്ലാഹുവിൽ ആരെങ്കിലും ഭരമേൽപ്പിക്കുന്നവെങ്കിൽ തീർച്ചയാ യും അല്ലാഹു സർവ്വശക്തനും പരമതത്രജ്ഞാനുമാകുന്നു.

وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ۝

33:04. അല്ലാഹുവിൽ നീ ഭരമേൽപ്പിക്കുക. കാര്യനിർവ്വാഹകനായി അല്ലാഹു മതിയാകുന്നതാണ്.

وَلَا تَكُونُوا۟ كَٱلَّذِينَ نَسُوا۟ ٱللَّهَ فَأَنسَىٰهُمْ أَنفُسَهُمْ ۚ أُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ۝

59:20. അല്ലാഹുവിനെ മറന്നവരെപോലെ നിങ്ങൾ ആയിപ്പോകരുത്. അപ്പോൾ അല്ലാഹു അവരെക്കുറിച്ച് അവരെത്തന്നെ വിസ്മരിപ്പിച്ചു. അവരാകുന്നു ആജ്ഞാലംഘകർ.

വിശ്വാസികൾ എപ്പോഴും ദൈവത്തെ ഭയപ്പെട്ടു ജീവിക്കുന്നതുകൊണ്ട് എന്തെങ്കിലും വിഷമസന്ധികൾ വരുമ്പോൾ അതു നാം ചെയ്ത തെറ്റുകൾ മൂലമാണോ എന്നൊരു സംശയം തീർച്ചയായും മനസ്സിൽ ഉദിക്കുന്നതാണ്. ചിലപ്പോൾ ആയിരിക്കാം അല്ലായിരിക്കാം. മനുഷ്യമനസ്സ് കുറ്റമറ്റതല്ലെന്ന് യൂസ്ഫ് നബി (അ) പറഞ്ഞവാക്കുകൾ ദൈവം വിശുദ്ധ ഖുർആനിൽ എടുത്തുദ്ധരിച്ചിരിക്കുന്നു. അതുകൊണ്ട് ഒരാൾ അറിഞ്ഞുകൊണ്ട് തെറ്റുകൾ ഒന്നും ചെയ്തില്ലങ്കിലും അയാൾക്ക് വീഴ്ച്ചകൾ സംഭവിച്ചിരിക്കാവുന്നതാണ്. അങ്ങനെ നമ്മുടെ വീഴ്ച്ചകൾ കാരണമാണോ വിഷമതകൾ വന്നിരിക്കുന്നതെന്ന് നമുക്ക് അറിയാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ പരീക്ഷണഘട്ടങ്ങളിൽ ക്ഷമ പ്രകടിപ്പിക്കുന്നതോടപ്പം നാം ദൈവത്തോട് പശ്ചാത്തപിച്ചു കൊണ്ടിരിക്കുകയും ചെയ്യേണ്ടതാകുന്നു. നാം തെറ്റുകൾ ഒന്നും ചെയ്തില്ലെങ്കിൽ തന്നെയും പശ്ചാത്തപിക്കുന്നതിൽ നേട്ടമുണ്ട്. പശ്ചാത്തപിക്കുന്നവരുടെ നേരെ ദൈവം കാരുണ്യം വർഷിക്കുന്നതാണെന്ന് വിശുദ്ധഖുർആനിൽ പറയുന്നു:

فَمَن تَابَ مِنۢ بَعْدِ ظُلْمِهِۦ وَأَصْلَحَ فَإِنَّ ٱللَّهَ يَتُوبُ عَلَيْهِ ۗ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ۝

5:40. തന്റെ തെറ്റിനു ശേഷം ഒരാൾ പശ്ചാത്തപിക്കുകയും സ്വയം നന്നാക്കുകയും ചെയ്യുന്നതായാൽ തീർച്ചയായും അല്ലാഹു അയാളുടെ നേരെ കനിയുന്നു. തീർച്ചയായും അല്ലാഹു പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

وَمَآ أُبَرِّئُ نَفْسِىٓ ۚ إِنَّ ٱلنَّفْسَ لَأَمَّارَةٌۢ بِٱلسُّوٓءِ إِلَّا مَا رَحِمَ رَبِّىٓ ۚ إِنَّ رَبِّى غَفُورٌ رَّحِيمٌ ۝

12:54 (യൂസുഫ് നബി (അ) പറഞ്ഞു.) എന്റെ മനസ്സിനെ ഞാൻ സ്വയം കുറ്റവിമോചിതമാക്കുന്നില്ല. തീർച്ചയായും (മനുഷ്യ) മനസ്സ് തിന്മകൾ ചെയ്യുവാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നു. എന്റെ രക്ഷിതാവിന്റെ കാരുണ്യം ലഭിച്ചവരുടെതൊഴികെ. തീർച്ചയായും എന്റെ നാഥൻ പൊറുത്ത് തരുന്നവനും കരുണാനിധിയുമാകുന്നു.

وَمَن تَابَ وَعَمِلَ صَٰلِحًا فَإِنَّهُۥ يَتُوبُ إِلَى ٱللَّهِ مَتَابًا ۝

25:72. ആരെങ്കിലും പാശ്ചാതപിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ അതുമുഖേനെ അയാൾ തീർച്ചയായും അല്ലാഹുവിലേക്കെത്തിച്ചേരുന്നു.

പരീക്ഷണഘട്ടങ്ങളിൽ ഒരിക്കലും തന്നെ ദൈവത്തോട് കോപിക്കുവാൻ പടുള്ളതല്ല. കോപം വന്നാൽ നാം ദൈവിക ശിക്ഷയ്ക്ക് അർഹരായിത്തീരുന്നതാണ്. യൂനുസ് നബി(അ)യെ ഒരു ഉദാഹരണമായി എടുത്തു പറഞ്ഞിരിക്കുകയാണ്. ദൈവത്തോട് കോപാകുലനായിക്കൊണ്ട് അദ്ദേഹം യാത്ര ചെയ്തപ്പോൾ പിണഞ്ഞ അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് തന്നുകൊണ്ട് വിശ്വാസികൾ അങ്ങനെ ആയിരിക്കരുതെന്ന് ഉദ്ബോധിപ്പിച്ചിരിക്കുകയാണ്.

وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِى ٱلظُّلُمَٰتِ

أَن لَّآ إِلَٰهَ إِلَّآ أَنتَ سُبْحَٰنَكَ إِنِّى كُنتُ مِنَ ٱلظَّٰلِمِينَ ۝ فَٱسْتَجَبْنَا لَهُۥ

وَنَجَّيْنَٰهُ مِنَ ٱلْغَمِّ ۚ وَكَذَٰلِكَ نُنجِى ٱلْمُؤْمِنِينَ ۝

21:87–88 ദുന്നൂനെയും (യൂനുസ് നബി) അനുസ്മരിക്കുക. കുപിതനായി അദ്ദേഹം പോയപ്പോൾ നാം അദ്ദേഹത്തെ പിടികൂടുകയില്ലെന്ന് അദ്ദേഹം ഊഹിച്ച സന്ദർഭം. പിന്നീട് അന്ധകാരങ്ങളിൽനിന്ന് അദ്ദേഹം വിളിച്ചു പ്രാർത്ഥിച്ചു. നീ അല്ലാതെ ഒരു ദൈവവുമില്ല. നിനക്ക് സ്തോത്രം. തീർച്ചയായും ഞാൻ അധർമകാരികളിൽപെട്ടവനാകുന്നു. അപ്പോൾ നാം അദ്ദേഹത്തിന് മറുപടി കൊടുത്തു. ദു:ഖാവസ്ഥയിൽ നിന്നും അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം നാം സത്യ വിശ്വാസികളെ രക്ഷപ്പെടുത്തുന്നു.

ഇപ്രകാരം നാം സത്യവിശ്വാസികളെ നാം രക്ഷപെടുത്തുന്നു എന്ന് പറഞ്ഞതിൽനിന്നും സത്യവിശ്വാസികൾക്ക് നേരിടുന്ന പ്രതിസന്ധികൾ എത്ര തന്നെ രക്ഷാമാർഗ്ഗമില്ലാത്തതായി തോന്നിയാലും അല്ലാഹു അതിൽനിന്നെല്ലാം അവരെ മോചിപ്പിക്കുന്നതാണെന്നത് സുനിശ്ചിതമാണ്. അത് നമുക്ക് എത്രതന്നെ അസാദ്ധ്യമായി കാണപ്പെടുന്നുവെങ്കിലും.

فَٱصْبِرْ لِحُكْمِ رَبِّكَ وَلَا تَكُن كَصَاحِبِ ٱلْحُوتِ إِذْ نَادَىٰ وَهُوَ مَكْظُومٌ ۝

لَّوْلَآ أَن تَدَٰرَكَهُۥ نِعْمَةٌ مِّن رَّبِّهِۦ لَنُبِذَ بِٱلْعَرَآءِ وَهُوَ مَذْمُومٌ ۝

68:49–50 നിന്റെ രക്ഷിതാവിന്റെ വിധിതീർപ്പ് വരുന്നതുവരെ നീ ക്ഷമിച്ചിരിക്കുക. മത്സ്യത്തിന്റെ കൂട്ടുകാരനെപ്പോലെ നീ ആയിപ്പോകരുത്. ദു: ഖാർത്ഥനായി അദ്ദേഹം വിളിച്ച സന്ദർഭം. അദ്ദേഹത്തിന്റെ രക്ഷിതാവിന്റെ അനുഗ്രഹം ലഭിച്ചില്ലായിരുന്നുവെങ്കിൽ നിന്ദിതനായ നിലയിൽ മരുഭൂമിയിൽ അദ്ദേഹം തള്ളപ്പെടുമായിരുന്നു.

പരീക്ഷണഘട്ടങ്ങളിൽ നാം ക്ഷമ പ്രകടിപ്പിക്കാതെയും പശ്ചാത്തപിക്കാതെയും ദൈവത്തോട് കോപം പ്രകടിപ്പിക്കുകയാണെങ്കിൽ നാം നിന്ദിതരായിത്തീരുന്നതാണെന്ന് പ്രസ്തുത വാക്യം വ്യക്തമാക്കുന്നു. ദൈവത്തോട് നാം കോപം പ്രകടിപ്പിക്കുകയാണെങ്കിൽ നാം ദൈവിക മതത്തിൽനിന്ന് അകന്ന് പോകുന്നതാണ്. ആ സന്ദർഭത്തിൽ നാം മരിച്ചു പോകുകയാണെങ്കിൽ നാം ദൈവ നിഷേധികളായിട്ടായിരിക്കും മരിക്കാനിടയാകുക. അങ്ങനെയുള്ള സന്ദർഭം നമ്മുടെ ജീവിതത്തിൽ ഒരിക്കലും സംഭവിക്കാനിടയാകരുത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسۡلِمُونَ ١٠٢

3:103. അല്ലയോ വിശ്വാസികളെ, അല്ലാഹുവിനെ ഭയപ്പെടേണ്ടതായരീതിയിൽ അവനെ നിങ്ങൾ ഭയപ്പെടുവിൻ. തീർച്ചയായും നിങ്ങൾ മുസ്ലിംകളായല്ലാതെ മരിക്കാനിടയാകരുത്.

പരീക്ഷണ ഘട്ടങ്ങളെക്കുറിച്ച് നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം എല്ലാ സുഖങ്ങളും ദുഖങ്ങളും അല്ലാഹുവിൽനിന്നാണെന്നതാണ്. ദൈവം നമുക്ക് നന്മയാണ് കണക്കാക്കിയിരിക്കുന്നതെങ്കിൽ അതിനെ തടഞ്ഞുവെക്കാൻ ആർക്കും സാധ്യമല്ല. നേരേ വിപരീതമായി വിഷമതകളാണ് നമുക്ക് വിധിച്ചിരിക്കുന്നതെങ്കിൽ അതിനെ മാറ്റിത്തരുവാനും ദൈവത്തിനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. അതിനാൽ ദൈവഹിതത്താൽ നമുക്ക് വന്ന് ഭവിക്കുന്നതെന്തായാലും അത് നമ്മുടെ ഗുണത്തിന്വേണ്ടിയായിരിക്കുമെന്ന് കരുതി നാം ആശ്വസിക്കുകയാണ് വേണ്ടത്. അങ്ങനെ എല്ലാം ദൈവത്തിൽ അർപ്പിച്ചുകൊണ്ട് നാം ആശ്വാസം കണ്ടെത്തേണ്ടതാണ്.

إِن يَنصُرۡكُمُ ٱللَّهُ فَلَا غَالِبَ لَكُمۡۖ وَإِن يَخۡذُلۡكُمۡ فَمَن ذَا ٱلَّذِي

يَنصُرُكُم مِّنۢ بَعۡدِهِۦۗ وَعَلَى ٱللَّهِ فَلۡيَتَوَكَّلِ ٱلۡمُؤۡمِنُونَ ١٦٠

3:161. അല്ലാഹു നിങ്ങളെ സഹായിക്കുകയാണെങ്കിൽ ആരും നിങ്ങളെ ജയിച്ചടക്കുകയില്ല. അവൻ നിങ്ങളെ കൈ വെടിഞ്ഞാൽ നിങ്ങളെ സഹായിക്കുവാൻ മറ്റാരാണുള്ളത്. അതുകൊണ്ട് വിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ.

وَإِن يَمۡسَسۡكَ ٱللَّهُ بِضُرّٖ فَلَا كَاشِفَ لَهُۥٓ إِلَّا هُوَۖ

وَإِن يَمۡسَسۡكَ بِخَيۡرٖ فَهُوَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ١٧

6:18. അല്ലാഹു നിനക്ക് വല്ല ദുരിതവും ഏല്പിക്കുന്നുവെങ്കിൽ അത് മാറ്റുവാൻ അവനല്ലാതെ മറ്റാരുമില്ല. വല്ല നന്മയും അവൻ നിനക്ക് വരുത്തുന്നുവെങ്കിൽ (അറിയുക) അവനെല്ലാ കാര്യത്തിനും ശക്തിയുള്ളവനാകുന്നു.

قُل لَّن يُصِيبَنَآ إِلَّا مَا كَتَبَ ٱللَّهُ لَنَا هُوَ مَوۡلَىٰنَاۚ وَعَلَى ٱللَّهِ فَلۡيَتَوَكَّلِ ٱلۡمُؤۡمِنُونَ ٥١

9:51. പറയുക: അല്ലാഹു ഞങ്ങൾക്ക് വിധിച്ചതല്ലാതെ ഞങ്ങളെ (ഒന്നും തന്നെ) ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ രക്ഷാധികാരി. അതു കൊണ്ട് വിശ്വാസികൾ അല്ലാഹുവിനെ ഭരമേൽപിക്കട്ടെ.

وَمَن يُهِنِ ٱللَّهُ فَمَا لَهُۥ مِن مُّكۡرِمٍۚ إِنَّ ٱللَّهَ يَفۡعَلُ مَا يَشَآءُ ١٨

22:19. ആരെ അല്ലാഹു അപമാനിച്ചുവോ അപ്പോൾ അവനെ ബഹുമാനിക്കുവാൻ ആരുമില്ല. തീർച്ചയായും അല്ലാഹു ഉദ്ദേശിക്കുന്നത് പ്രവർത്തിക്കുന്നു.

قُلۡ مَن ذَا ٱلَّذِي يَعۡصِمُكُم مِّنَ ٱللَّهِ إِنۡ أَرَادَ بِكُمۡ سُوٓءًا أَوۡ أَرَادَ بِكُمۡ

رَحۡمَةٗۚ وَلَا يَجِدُونَ لَهُم مِّن دُونِ ٱللَّهِ وَلِيّٗا وَلَا نَصِيرٗا ١٧

33:18. പറയുക: അല്ലാഹു നിങ്ങൾക്ക് ദോഷമോ അല്ലെങ്കിൽ കാരുണ്യമോ ഉദ്ദേശിക്കുന്നുവെങ്കിൽ അല്ലാഹുവിൽനിന്നും നിങ്ങളെ പരിരക്ഷിക്കുവാൻ ആരുണ്ട്? അല്ലാഹുവിനെ കൂടാതെ ഒരു സംരക്ഷകനേയോ സഹായിയേയൊ അവർ കണ്ടെത്തുകയില്ല.

مَّا يَفۡتَحِ ٱللَّهُ لِلنَّاسِ مِن رَّحۡمَةٖ فَلَا مُمۡسِكَ لَهَاۖ وَمَا يُمۡسِكۡ فَلَا مُرۡسِلَ لَهُۥ مِنۢ بَعۡدِهِۦۚ

35:03. അല്ലാഹു തന്റെ കാരുണ്യത്തിൽ നിന്നും മനുഷ്യർക്ക് നൽകുന്നത് പിടിച്ചു വെക്കുവാൻ ആരുമില്ല. അവൻ പിടിച്ച് വെച്ചതിനു ശേഷം അത് നൽകുവാനും ആരുമില്ല.

إِنۡ أَرَادَنِيَ ٱللَّهُ بِضُرّٖ هَلۡ هُنَّ كَٰشِفَٰتُ ضُرِّهِۦٓ أَوۡ أَرَادَنِي بِرَحۡمَةٍ هَلۡ

هُنَّ مُمۡسِكَٰتُ رَحۡمَتِهِۦۚ قُلۡ حَسۡبِيَ ٱللَّهُۖ عَلَيۡهِ يَتَوَكَّلُ ٱلۡمُتَوَكِّلُونَ ۝

39:39. അല്ലാഹു എനിക്ക് ദുരിതമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് അവ (മറ്റു ദൈവങ്ങൾ) മാറ്റിക്കളയുമോ?. അല്ലെങ്കിൽ എനിക്ക് കാരണ്യമാണ് അവൻ ഉദ്ദേശികുന്നതെങ്കിൽ അതിനെ അവ പിടച്ചുവെക്കുമോ? പറയു ക, എനിക്ക് അല്ലാഹു മതി. ഭരമേൽപിക്കുന്നവൻ അവനിൽ ഭരമേൽപി ക്കട്ടെ.

എല്ലാ സൗഭാഗ്യങ്ങളും പ്രയാസങ്ങളൂം ദൈവത്തിൽ നിന്നാണെന്നും അതു നമ്മുടെ ഗുണത്തിന് വേണ്ടിയാണെന്നും കരുതി നാം പരീക്ഷണ ഘട്ടങ്ങളെ സമാധാനപൂർവ്വം തരണം ചെയ്യുകയാണ് വേണ്ടത്.

പരീക്ഷണ ഘട്ടങ്ങളിൽ നമ്മുടെ മനോവ്യഥകൾ അല്ലാഹുവിനോട് മാത്രം പറയേണ്ടതാണ്. വിശ്വാസികൾ നേരിടുന്ന പരീക്ഷണങ്ങളിൽ ഏ റിയവയും ദൈവം തന്നെ നേരിട്ട് മാറ്റത്തരേണ്ട രീതിയിലുള്ളതായിരി ക്കും. ഈ ഘട്ടങ്ങളിൽ മറ്റുള്ളവരിൽ നിന്നും സഹായം ചോദിക്കാൻ ഒ രു വിശ്വാസിയുടെ അഭിമാനം അവനെ പ്രേരിപ്പിക്കുകയില്ല. മറ്റുള്ളവർ നമ്മെ സഹായിക്കുമെന്ന് പ്രതീക്ഷിച്ചാൽ തന്നെയും അവരുടെ സഹാ യം നമുക്ക് ലഭിച്ചെന്നും വരില്ല. ചില പരീക്ഷണങ്ങൾ വളരെ കാഠിന്യ മേറിയതാണ്. ആ പരീക്ഷണങ്ങളൂടെ കാഠിന്യം മൂലം ബന്ധുക്കളും സുഹൃത്തുക്കളും, ദൈവം വിശ്വാസികളെ കൈവെടിഞ്ഞിരിക്കുകയാണെ ന്നും തരം താഴ്ത്തിയിരിക്കയാണെന്നും കരുതി അവർ സഹായിക്കുന്ന തിനു പകരം അപമാനിക്കാനും വേദനിപ്പിക്കുവാനുമായിരിക്കും ശ്രമിക്കു ക. അങ്ങനെ നാനാ ഭാഗത്തുനിന്നും കൊടുങ്കാറ്റുകൾ വരികയും മലക ൾ ഉതിർന്ന് വീണ് നമ്മുടെ മീതെ പതിഞ്ഞു നാം നാശമാകുമെന്ന ഘ ട്ടമെത്തിയാൽ പോലും നാം കൂസാതെ തളരാതെ മറ്റുള്ളവരെ എല്ലാം അഗണ്യമാത്തിക്കൊണ്ട് നാം ദൈവത്തിൽ അലിഞ്ഞ് ചേർന്നു കൊണ്ട് അവന്റെ സഹായത്തെ മാത്രം പ്രതീക്ഷിക്കേണ്ടതാകുന്നു. മനോവ്യഥകൾ ദൈവത്തോട് മാത്രം പറയേണ്ടതാണ്. പ്രവാചകൻമാർ അങ്ങനെ ചെയ്തിരുന്നതായി വിശുദ്ധ ഖുർആൻ സാക്ഷ്യം പറയുന്നു.

وَمَا تَوۡفِيقِيٓ إِلَّا بِٱللَّهِۚ عَلَيۡهِ تَوَكَّلۡتُ وَإِلَيۡهِ أُنِيبُ ۝

11:89. (ശുഐബ്) പറഞ്ഞു: എന്റെ സൗഭാഗ്യം അല്ലാഹുവിലാകുന്നു. അവനെ ഞാൻ ഭരമേൽപിക്കുന്നു. അവനിലേക്ക് ഞാൻ പശ്ചാതപിച്ചു മടങ്ങുകയും ചെയ്യുന്നു.

قَالَ إِنَّمَآ أَشۡكُواْ بَثِّي وَحُزۡنِيٓ إِلَى ٱللَّهِ وَأَعۡلَمُ مِنَ ٱللَّهِ مَا لَا تَعۡلَمُونَ ۝

12:87. (യഅ്ഖൂബ്) പറഞ്ഞു: അല്ലാഹുവിനോടു മാത്രമാണ് എന്റെ മ നോവ്യഥയൂം വ്യസനവും ഞാൻ ബോധിപ്പിക്കുന്നത്. നിങ്ങൾ അറിയാ

ത്തതായ സംഗതി ഞാൻ അല്ലാഹുവിൽ നിന്ന് അറിയുന്നു.

പരീക്ഷണങ്ങൾ യാഥാർത്ഥത്തിൽ വിശ്വാസികളെ പ്രയാസപ്പെടുത്താൻ വേണ്ടിയല്ല ദൈവം വെച്ചിരിക്കുന്നത്. പരീക്ഷണങ്ങളിൽ വളരെയധികം നന്മകൾ ഒളിഞ്ഞു കിടപ്പുണ്ടെന്ന് പിന്നീട് മനസ്സിലാവുന്നതാണ്. ദൈവം വിശ്വാസികൾക്ക് പ്രയാസങ്ങൾ നൽകുന്നതിന് പകരം അവരുടെ ഭാരങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നവനാകുന്നു.

وَٱللَّهُ يُرِيدُ أَن يَتُوبَ عَلَيۡكُمۡ وَيُرِيدُ ٱلَّذِينَ يَتَّبِعُونَ ٱلشَّهَوَٰتِ أَن تَمِيلُواْ مَيۡلًا عَظِيمًا ۝

يُرِيدُ ٱللَّهُ أَن يُخَفِّفَ عَنكُمۡۚ وَخُلِقَ ٱلۡإِنسَٰنُ ضَعِيفًا ۝

4:28–29 നിങ്ങളുടെ നേരേ കനിയണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. നിങ്ങൾക്ക് മാർഗ്ഗഭ്രംശം സംഭവിക്കണമെന്ന് സ്വേച്ഛരകളെ പിൻതുടരുന്നവരും ആഗ്രഹിക്കുന്നു. നിങ്ങളുടെ (ഭാരം) ലഘൂകരിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു, കാരണം ദുർബലനായിട്ട് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

പരീക്ഷണം ഒരു ശിക്ഷയല്ലെന്ന് മുമ്പ് തന്നെ പറഞ്ഞിട്ടുണ്ട്. വിശ്വാസികളെ ശിക്ഷിക്കുകയെന്നത് ദൈവത്തിന്റെ ഉദ്ദേശ്യമല്ല. അവൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നവർക്കാണ് കഠിനമായ പരീക്ഷണങ്ങൾ നൽകുന്നത്. അത് തന്റെ ദാസനെ ദൈവം തന്നിലേക്ക് അലിഞ്ഞ് ചേർപ്പിക്കുന്നതിന് വേണ്ടിയാണ്. അല്ലാഹു വിശ്വാസികളെ ശിക്ഷിക്കുന്നവനല്ല. അവർക്ക് നേരിടുന്ന ആപത്തുകളിൽ നിന്നും അവരെ രക്ഷിക്കുന്നവനാകുന്നു.

بَلِ ٱللَّهُ مَوۡلَىٰكُمۡۖ وَهُوَ خَيۡرُ ٱلنَّٰصِرِينَ ۝

3:151. അല്ലാഹുവാണ് നിങ്ങളുടെ രക്ഷകൻ. സഹായികളിൽ അത്യുത്തമനും അവനാകുന്നു.

وَٱللَّهُ أَعۡلَمُ بِأَعۡدَآئِكُمۡۚ وَكَفَىٰ بِٱللَّهِ وَلِيّٗا وَكَفَىٰ بِٱللَّهِ نَصِيرٗا ۝

4:46. നിങ്ങളുടെ ശത്രുക്കളെ അല്ലാഹു നന്നായി അറിയുന്നു. രക്ഷാധികാരിയായി അല്ലാഹു മതി. സഹായിയായും അല്ലാഹു മതി.

يَٰٓأَيُّهَا ٱلنَّبِيُّ حَسۡبُكَ ٱللَّهُ وَمَنِ ٱتَّبَعَكَ مِنَ ٱلۡمُؤۡمِنِينَ ۝

8:65. അല്ലയോ നബിയേ താങ്കൾക്ക് അല്ലാഹു മതി. വിശ്വാസികളിൽ താങ്കളെ പിന്തടരുന്നവർക്കും.

وَكَفَى ٱللَّهُ ٱلْمُؤْمِنِينَ ٱلْقِتَالَ ۚ وَكَانَ ٱللَّهُ قَوِيًّا عَزِيزًا ۝

33:26. യുദ്ധത്തിൽ വിശ്വാസികൾക്ക് അല്ലാഹു മതിയായവനാകുന്നു. അല്ലാഹു ശക്തനും പ്രതാപശാലിയുമത്രെ.

وَٱللَّهُ وَلِيُّ ٱلْمُتَّقِينَ ۝

45:20. അല്ലാഹു സുകൃതികളുടെ രക്ഷാധികാരിയാകുന്നു.

قُلْ إِنِّي لَن يُجِيرَنِي مِنَ ٱللَّهِ أَحَدٌ وَلَنْ أَجِدَ مِن دُونِهِۦ مُلْتَحَدًا ۝

72:23. പറയുക: അല്ലാഹുവിൽ നിന്നും ആരും തന്നെ എന്നെ പരിരക്ഷിച്ചു കൊള്ളുന്നില്ല. അവനെ കൂടാതെ ഒരു അഭയകേന്ദ്രം ഞാൻ കണ്ടെത്തുന്നുമില്ല.

إِنَّ ٱللَّهَ يُدَٰفِعُ عَنِ ٱلَّذِينَ ءَامَنُوٓا۟ ۗ إِنَّ ٱللَّهَ لَا يُحِبُّ كُلَّ خَوَّانٍ كَفُورٍ ۝

22:39. തീർച്ചയായും വിശ്വാസികളെ അല്ലാഹു സംരക്ഷിക്കുന്നതാണ്. വഞ്ചകരും കൃതഘ്നരും ആയ ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

وَكَانَ حَقًّا عَلَيْنَا نَصْرُ ٱلْمُؤْمِنِينَ ۝

30:48. വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ (അല്ലാഹുവിന്റെ) കടമയാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن تَنصُرُوا۟ ٱللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ ۝

47:8. അല്ലയോ വിശ്വാസികളെ, അല്ലാഹുവിനെ നിങ്ങൾ സഹായിച്ചാൽ നിങ്ങളെ അവൻ സഹായിക്കുകയും നിങ്ങളുടെ ഹൃദയങ്ങളെ അവൻ ഉറപ്പിച്ചു നിർത്തുകയും ചെയ്യും.

ദൈവം വിശ്വാസികളെ സഹായിക്കുന്നവനും രക്ഷിക്കുന്നവനുമാണെന്ന് നാം കണ്ടു കഴിഞ്ഞു. കൂടാതെ വിശ്വാസികൾക്ക് സ്നേഹാർപ്പണം നടത്തുന്നവനാണ് ദൈവം. വിശ്വാസികളോടുള്ള ദൈവത്തിന്റെ സ്നേഹം താഴെ ഉദ്ധരിക്കുന്ന വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു.

فَٱذْكُرُونِيٓ أَذْكُرْكُمْ وَٱشْكُرُوا۟ لِى وَلَا تَكْفُرُونِ ۝

2:153. എന്നെ സ്മരിക്കുവിൻ. ഞാൻ നിങ്ങളെയും സ്മരിക്കും. എന്നോട് നന്ദികാട്ടുകയും എന്നെ നിഷേധിക്കാതിരിക്കുകയും ചെയ്യുവിൻ.

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ
وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٣١﴾

3:32. പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ (റസൂൽ സ.അ തിരുമേനിയെ) പിന്തുടരുവിൻ. അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങളെ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു പൊറുത്തുതരുന്നവനും കരുണാനിധിയുമാകുന്നു.

بَلَىٰ مَنْ أَوْفَىٰ بِعَهْدِهِۦ وَٱتَّقَىٰ فَإِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٧٦﴾

3:77. തന്റെ പ്രതിജ്ഞ പാലിക്കുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്യുന്ന തന്റെ ഭയഭക്തനെ തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നു.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ سَيَجْعَلُ لَهُمُ ٱلرَّحْمَٰنُ وُدًّا ﴿٩٦﴾

19:97. തീർച്ചയായും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് പരമകാരുണികൻ സ്നേഹം അർപ്പിക്കുന്നു.

വിശ്വാസികൾ നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ എത്രതന്നെ പ്രയാസ്സപൂർണ്ണമായാലും മറ്റുള്ളവരിൽ നിന്നും ഏൽക്കേണ്ടിവരുന്ന കുത്തുവാക്കുകളും ദ്രോഹങ്ങളും എത്ര തന്നെ കഠിനമായാലും ദൈവം അതൊക്കെ തട്ടിമാറ്റി വിശ്വാസികളെ വിജയത്തിലത്തിക്കുന്നതാണന്ന് വാഗ്ദാനം നൽകിരിക്കുകയാണ്. ഈ ദൈവിക വാഗ്ദാനം വിശ്വാസികൾ അവരുടെ ജീവിതത്തിൽതന്നെ സഫലമായി കാണുന്നതും എതിരാളികൾ എത്ര തന്നെ അഹങ്കാരികളും ഉന്നതരും ആയിരുന്നാലും അവരെ നികൃഷടന്മാരാക്കി തരംതാഴ്ത്തുകയും ചെയ്യുന്നതാണ്. അങ്ങനെ സർവ്വശക്തനും സർവ്വവും അറിയുന്നവനുമായ ദൈവത്തിന്റെ അദൃശ്യമായ സഹായഹസ്തങ്ങളിലൂടെയും അപ്രതീക്ഷിത വഴികളിലുടെയും സഹായം ലഭ്യമായിക്കൊണ്ട് വിശ്വാസികൾ വിജയത്തിൽ നിന്നും വിജയത്തിലേക്ക് മുന്നേറുന്നതാണ്. ഈ മുന്നേറ്റത്തെ തടയുവാൻ ഒരു ശക്തിക്കും സാധിക്കുന്നതല്ല.

وَلَن يَجْعَلَ ٱللَّهُ لِلْكَٰفِرِينَ عَلَى ٱلْمُؤْمِنِينَ سَبِيلًا ﴿١٤١﴾

4:142. വിശ്വാസികൾക്കെതിരായി അവിശ്വാസികൾക്കുവേണ്ടി അല്ലാഹു ഒരു വിജയ മാർഗവും തുറന്നുവെക്കുകയില്ല.

وَمَن يَتَوَلَّ ٱللَّهَ وَرَسُولَهُۥ وَٱلَّذِينَ ءَامَنُواْ فَإِنَّ حِزۡبَ ٱللَّهِ هُمُ ٱلۡغَٰلِبُونَ ۝

5:57. ആരെങ്കിലും അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസിക ളെയും മിത്രങ്ങളായി എടുക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയായിരിക്കും വിജയിക്കുന്നവർ.

أَفَنَجۡعَلُ ٱلۡمُسۡلِمِينَ كَٱلۡمُجۡرِمِينَ ۝ مَا لَكُمۡ كَيۡفَ تَحۡكُمُونَ ۝

68:36–37. അനുസരണം കൈകൊണ്ടവരെ കുറ്റവാളികളെ പോലെ നാം ആ ക്കിതീർക്കേണമേ? നിങ്ങൾ എങ്ങനെയാണ് വിധിയെഴുതുന്നത്?

ദൈവദാസന്മാർ അവർക്ക് നേരിടുന്ന പരീക്ഷണങ്ങളിലൂടെ ക്ഷമ പ്രകടി പ്പിക്കുക വഴി അവർ ഉന്നതമായ പദവികൾ നിറഞ്ഞ ദൈവിക പ്രതിഫ ലത്തിന് അർഹരായിത്തീരുകയാണ് ചെയ്യുന്നത്. ഭൗതികമായ ഉന്നതിക ൾ മാത്രം മേന്മയുടെലക്ഷണമായി കണക്കാക്കുന്ന കുരുടന്മാർക്ക് ദൈവ ത്തിന്റെ നിഗൂഢമായ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാനുള്ള ശ ക്തിയില്ലാതെ പോകുന്നു. പ്രയാസ്സങ്ങൾ അനുഭവിക്കുന്നവർക്കാണ് സ ന്തോഷിക്കുവാൻ ഏറ്റവും കൂടുതൽ അർഹതയെന്ന കാര്യം അവർ മറ ന്നുപോകുന്നു. ദൈവമാർഗ്ഗത്തിൽ നേരിടുന്ന പരീക്ഷണങ്ങളെ സഹന ത്തോടെ അതിജീവിക്കുന്നവർക്ക് ദൈവം അവന്റെ ഉദാത്തമായ പ്രതിഫ ലം വാഗ്ദാനം ചെയ്യുന്നു. അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുമെന്നും അവർ കാഴ്ച്ച വെച്ച ക്ഷമയുടെ ഫലമായി അവർക്ക് സ്വർഗ്ഗത്തിൽ പട്ടു വസ്ത്രങ്ങൾ നൽകുമെന്നും വാഗ്ദാനം നൽകുന്നു. പരീക്ഷണങ്ങൾ അനുഭവിക്കുന്നവരുടെ ജീവിതത്തെ ഏറ്റവും മേത്തരമായി എടുത്തുകാ ണിച്ചിരിക്കുകയാണ്. അതുകൊണ്ട് പരീക്ഷണങ്ങളിൽ ദൈവത്തിന് വേ ണ്ടി ക്ഷമ പ്രകടിപ്പിക്കുവാൻ കഴിയുന്നവർ മഹാഭാഗ്യവാന്മാരാകുന്നു.

مَا عِندَكُمۡ يَنفَدُۖ وَمَا عِندَ ٱللَّهِ بَاقٖۗ وَلَنَجۡزِيَنَّ ٱلَّذِينَ

صَبَرُوٓاْ أَجۡرَهُم بِأَحۡسَنِ مَا كَانُواْ يَعۡمَلُونَ ۝

16:97. നിങ്ങളുടെ അടുക്കലുള്ളതെന്തും തീർന്നു പോകുന്നതും അല്ലാഹു വിലുള്ളത് ശേഷിച്ചു നിൽക്കുന്നതുമാണ്. ക്ഷമ കൈകൊണ്ടവർക്ക് അ വർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായതുനനുസൃതമായി അവരുടെ പ്രതിഫലം തീർച്ചയായും നാം നൽകുന്നതാണ്.

أُوْلَٰٓئِكَ يُجۡزَوۡنَ ٱلۡغُرۡفَةَ بِمَا صَبَرُواْ وَيُلَقَّوۡنَ فِيهَا تَحِيَّةٗ وَسَلَٰمًا ۝

25:76. അവർ ക്ഷമ കൈകൊണ്ടത് കാരണമായി ഉന്നത പദവി (സ്വർഗ്ഗ ത്തിൽ) അവർക്ക് പ്രതിഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോ

ടും സമാധാനാശംസകളോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതുമാണ്.

وَجَزٰىهُم بِمَا صَبَرُوا۟ جَنَّةً وَحَرِيرًا ﴿١٢﴾

76:13. അവർ ക്ഷമിച്ചിരുന്നതിനാൽ ഉദ്യാനങ്ങളും പട്ടുവസ്ത്രങ്ങളും അവർക്ക് അവൻ പ്രതിഫലമായി നൽകുന്നതാണ്.

പരീക്ഷണങ്ങളിൽകൂടി ക്ഷമ പ്രകടിപ്പിക്കാൻ അവസരം കിട്ടിയവർക്ക് ദൈവം നൽകുന്ന പ്രതിഫലം ഇത്രയും ഉന്നതമായതിനാൽ നമുക്ക് പരീക്ഷണങ്ങൾ തന്ന് ഇതുപോലെയുള്ള അനുഗ്രഹങ്ങൾ നേടിയെടുക്കുവാൻ അവസരം ഉണ്ടാക്കിത്തന്ന ദൈവത്തിന് നാം നന്ദി പറയുകയാണ് വേണ്ടത്. പരീക്ഷണഘട്ടങ്ങളിൽ ക്ഷമ പ്രകടിപ്പിക്കാതെ ദൈവത്തോട് കോപം പ്രകടിപ്പിച്ച് പിൻവാങ്ങുന്നവർ ദൈവികാനുഗ്രഹത്തെ കുറിച്ച് അറിവില്ലാത്ത വിവരദോഷികൾ അത്രെ. അവരുടെ വിശ്വാസവും അപൂർണ്ണമത്രെ. അപൂർണ്ണമായ വിശ്വാസത്തിൽ കൂടിയും അല്പമായ പ്രയാസങ്ങളിൽ കൂടിയും ദൈവിക സാമിപ്യം നേടിയെടുക്കാമെന്നാഗ്രഹിക്കുന്നവർ വ്യാമോഹത്തിൽ അകപ്പെട്ടിരിക്കുന്നു. യഥാർത്ത വിശ്വാസികൾ അങ്ങേ അറ്റം വരെ ക്ഷമ പ്രകടിപ്പിച്ചു പ്രണയനെ കൈവരിക്കുന്നവരാകുന്നു. അവർ ദൈവത്തിൽ സംതൃപ്തി കണ്ടെത്തുന്നവരും ദൈവം അവരിൽ സംതൃപ്തിപ്പെടുന്നതുമായിരിക്കും.

പരീക്ഷണഘട്ടങ്ങളിൽ ദൈവത്തോട് പശ്ചാത്തപിച്ചു കൊണ്ടിരിക്കേണ്ടതാണന്ന് ഇതിനുമുമ്പു പറഞ്ഞുവല്ലോ. എല്ലാ പ്രവാചകന്മാരും വിശ്വാസികളും ദൈവത്തോട് പശ്ചാത്തപിച്ചുകൊണ്ടിരുന്നതായി വിശുദ്ധ ഖുർആനിൽ പറയുന്നു. പശ്ചാത്തപിക്കുന്നത് പാപങ്ങൾപൊറുത്ത് തരുവാൻ വേണ്ടി മാത്രമല്ല, ഒന്നിനു മീതെ മറ്റൊന്നായി എണ്ണമില്ലാത്ത ആത്മീയ പദവികൾ ദൈവം സൃഷ്ടിച്ചിരിക്കുകയാണ്. ഓരോ മനുഷ്യനും അപ്പപ്പോഴുള്ള ആത്മീയ പദവിയിൽ നിന്ന് അതിനടുത്ത പദവിയിലേക്ക് മേൽപ്പോട്ടുയരുന്നതിന് വേണ്ടിയാണ് പശ്ചാത്താപം വെച്ചിരിക്കുന്നത്. തെറ്റുചെയ്തവർ പശ്ചാത്തപിക്കമ്പോൾ അവരുടെ തെറ്റുകൾ ദൈവം പൊറുത്ത് കൊടുക്കുകയും അല്ലാത്തവർ പശ്ചാത്തപിക്കുമ്പോൾ ദൈവം അവരെ ആത്മീയമായി ഉയർത്തുകയും ചെയ്യുന്നു. ദൈവത്തോട് പശ്ചാത്താപം പ്രകടിപ്പിക്കുന്നതു വഴി മനസ്സിന് ലാളിത്യം ലഭിക്കുകയും അതിൽ ഒഴുകുന്ന കണ്ണീരിൽ കൂടി വികാരങ്ങളും വിചാരങ്ങളും ലോലമായിത്തീരുകയും ഹൃദയം കരുണാമയമായിത്തീരുകയും ചെയ്യുന്നു. സ്വർഗ്ഗത്തിൽ വെച്ച് പോലും സ്വർഗ്ഗവാസികൾ ദൈവത്തോട് പശ്ചാത്തപിച്ചു കൊണ്ടിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ ദൈവം പറഞ്ഞ് തന്നിരിക്കുന്നു. പശ്ചാത്താപത്തിൽ കൂടി ദൈവത്തിന്റെ ആത്മസാമീപ്യം നേടിയെടുക്കാൻ സാധിക്കുന്നതു മൂലമത്രെ, പരിശുദ്ധരായ പ്രവാചകന്മാരും വശ്വാസികളും എന്നും പശ്ചാത്തപിച്ചു കൊണ്ടിരുന്നത്. അവരെ

പിൻതുടർന്നുകൊണ്ട് നാമും ദൈവത്തോട് പശ്ചാത്തപിച്ചുകൊണ്ടിരിക്കേണ്ടതാണ്. പ്രവാചകന്മാൻക്കും വിശ്വാസികൾക്കും നേരിട്ട പരീക്ഷണ ഘട്ടങ്ങളിൽ തളരാതെയും ദുർബലരാകാതെയും അവർ ദൈവത്തോട് പശ്ചാത്തപിച്ചു കൊണ്ടിരുന്നതായും ദൈവം അവരുടെ പ്രാർത്ഥനയെ സ്വീകരിച്ച് അവർക്ക് ഈ ലോകത്തിലെയും പരലോകത്തിലെയും മഹനീയ സ്ഥാനങ്ങൾ നൽകിയതായും അവന്റെ വിശുദ്ധ വചനത്തിലൂടെ നമുക്ക് മനസ്സിലാക്കി ത്തരുന്നു.

وَكَأَيِّن مِّن نَّبِيٍّ قَـٰتَلَ مَعَهُۥ رِبِّيُّونَ كَثِيرٌ فَمَا وَهَنُوا۟ لِمَآ أَصَابَهُمْ فِى سَبِيلِ ٱللَّهِ وَمَا ضَعُفُوا۟

وَمَا ٱسْتَكَانُوا۟ ۗ وَٱللَّهُ يُحِبُّ ٱلصَّـٰبِرِينَ ﴿١٤٦﴾ وَمَا كَانَ قَوْلَهُمْ إِلَّآ أَن قَالُوا۟ رَبَّنَا ٱغْفِرْ لَنَا

ذُنُوبَنَا وَإِسْرَافَنَا فِىٓ أَمْرِنَا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَـٰفِرِينَ ﴿١٤٧﴾

فَـَٔاتَىٰهُمُ ٱللَّهُ ثَوَابَ ٱلدُّنْيَا وَحُسْنَ ثَوَابِ ٱلْـَٔاخِرَةِ ۗ وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ﴿١٤٨﴾

3:147–149. എത്രയെത്ര പ്രവാചകന്മാരും കൂടെ അനേകം ദൈവഭക്തന്മാരും (ദൈവ മാർഗ്ഗത്തിൽ) യുദ്ധം ചെയ്തു. പക്ഷേ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവരെ ബാധിച്ചതിലൊന്നിലും അവർ നിരാശരായില്ല. അവർ ദുർബലരാവുകയോ കീഴടങ്ങുകയോ ചെയ്തില്ല. സഹനശീലരെ അല്ലാഹു സ്നേഹിക്കുന്നു. അവർ പറഞ്ഞത് ഇങ്ങനെ മാത്രമായിരുന്നു, ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളുടെ പാപങ്ങളെയും (വീഴ്ചകളെയും) ഞങ്ങളുടെ അതിക്രമങ്ങളെയും ഞങ്ങൾക്ക് പൊറുത്ത് തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തേണമേ. അവിശ്വാസികളായ ജനതയ്ക്കെതിരെ ഞങ്ങളെ സഹായിക്കേണമെ. അപ്പോൾ അല്ലാഹു ഈ ലോകത്തിലെ പ്രതിഫലവും പരലോകത്തിലെ വിശിഷ്ടമായ പ്രതിഫലവും അവർക്ക് നൽകി. നന്മ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

വിശ്വാസികളോട് ദൈവം പശ്ചാത്തപിക്കുവാൻ ആവശ്യപ്പെടുകയും പശ്ചാത്തപിച്ച് സൽകർമ്മങ്ങൾ ചെയ്യുന്നതിലൂടെ അവർ സ്വർഗ്ഗത്തിന് അർഹരായിത്തീരുകയും ചെയ്യുന്നതാണന്ന് പറഞ്ഞിരിക്കുകയാണ്. വിശ്വാസികളുടെ പശ്ചാത്താപം സ്വർഗ്ഗത്തിൽ വെച്ചും തുടർന്നുകൊണ്ടിരിക്കുന്നതാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ أَن يُكَفِّرَ

عَنكُمْ سَيِّـَٔاتِكُمْ وَيُدْخِلَكُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ يَوْمَ لَا يُخْزِى

ٱللَّهُ ٱلنَّبِيَّ وَٱلَّذِينَ ءَامَنُواْ مَعَهُۥ ۖ نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَـٰنِهِمْ يَقُولُونَ

رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝

66:9. അല്ലയോ വിശ്വാസികളേ, ഹൃദയംഗമായ പശ്ചാത്താപത്തോടുകൂടി അല്ലാഹുവിലേക്ക് മടങ്ങുവിൻ. പ്രവാചകനെയും കൂടെ വിശ്വസിച്ചവരെയും അല്ലാഹു നിന്ദ്യരാക്കാത്ത ആ ദിവസം, നിങ്ങളുടെ രക്ഷിതാവ് നിങ്ങളിൽ നിന്നും നിങ്ങളുടെ ദോഷങ്ങളെ അകറ്റുകയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്നതുമായ ഉദ്യാനങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അവരുടെ മുൻ വശത്തും അവരുടെ വലതു ഭാഗത്തും അവരുടെ പ്രകാശം പ്രസരിച്ചു കൊണ്ടിരിക്കുന്നതാണ്. അവർ പറയും, ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം നീ ഞങ്ങൾക്ക് പൂർണമാക്കിത്തരികയും ഞങ്ങൾക്ക് പൊറുത്ത് തരികയും ചെയ്യേണമേ. തിർച്ചയായും നീ എല്ലാകാര്യത്തിനും കഴിവുള്ളവനാകുന്നു.

ദൈവത്തോട് പശ്ചാത്തപിക്കുന്നതു മൂലം ഈ ലോകത്ത് വെച്ച് കരഗതമാകുന്ന അനുഗ്രഹങ്ങളെക്കുറിച്ച് വിശുദ്ധഖുർആൻ ഇങ്ങനെ പറയുന്നു:

وَيَـٰقَوْمِ ٱسْتَغْفِرُواْ رَبَّكُمْ ثُمَّ تُوبُوٓاْ إِلَيْهِ يُرْسِلِ ٱلسَّمَآءَ عَلَيْكُم

مِّدْرَارًا وَيَزِدْكُمْ قُوَّةً إِلَىٰ قُوَّتِكُمْ وَلَا تَتَوَلَّوْاْ مُجْرِمِينَ ۝

11:53. എന്റെ ജനങ്ങളെ, നിങ്ങളുടെ രക്ഷിതാവിനോട് പൊറുത്ത് തരുവാനപേക്ഷിക്കുവിൻ. പാശ്ചാതാപത്തോടുകൂടി അവനിലേക്ക് മടങ്ങുവിൻ. മഴപൊഴിക്കുന്ന മേഘത്തെ അവൻ നിങ്ങൾക്ക് അയച്ചു തരും. നിങ്ങളുടെ ശക്തിയോടൊപ്പം നിങ്ങൾക്കവൻ ശക്തി വർദ്ധിപ്പിച്ച് തരികയും ചെയ്യും. കുറ്റവാളികളായിക്കൊണ്ട് നിങ്ങൾ പിന്തിരിയരുത്.

ٱسْتَغْفِرُواْ رَبَّكُمْ إِنَّهُۥ كَانَ غَفَّارًا ۝ يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا ۝

وَيُمْدِدْكُم بِأَمْوَٰلٍ وَبَنِينَ وَيَجْعَل لَّكُمْ جَنَّـٰتٍ وَيَجْعَل لَّكُمْ أَنْهَـٰرًا ۝

71:11–13. നിങ്ങളുടെ രക്ഷിതാവിനോട് പൊറുത്ത് തരുവാൻ പ്രാർത്ഥിക്കുവിൻ. തീർച്ചയായും അവൻ വളരെയധികം പൊറുത്ത് തരുന്നവനത്രെ. സമൃദ്ധമായി മഴപൊഴിക്കുന്ന മേഘങ്ങളെ നിങ്ങൾക്കവൻ അയച്ചു തരികയും സമ്പത്തുകളിലും സന്തതികളിലും അവൻ നിങ്ങൾക്ക് വർദ്ധനവ് നൽകുകയും നിങ്ങൾക്കവൻ ഉദ്യനങ്ങളും അരുവകളും ഉണ്ടാക്കി

ത്തരികയും ചെയ്യും.

എന്നാൽ ഭൗതികമായ അനുഗ്രഹങ്ങൾ ലഭിച്ച ശേഷം ദൈവത്തെ മറന്നു കളയുന്നവർ ശിക്ഷയ്ക്കർഹരായിത്തീരുന്നതാണെന്ന് തുടർന്ന് പറയുന്നു.

وَأَلَّوِ ٱسْتَقَـٰمُوا۟ عَلَى ٱلطَّرِيقَةِ لَأَسْقَيْنَـٰهُم مَّآءً غَدَقًا ۝

لِّنَفْتِنَهُمْ فِيهِ ۚ وَمَن يُعْرِضْ عَن ذِكْرِ رَبِّهِۦ يَسْلُكْهُ عَذَابًا صَعَدًا ۝

72:17–18. അവർ നേർമാർഗ്ഗത്തിൽ നിലകൊണ്ടാൽ തീർച്ചയായും നാം അവർക്ക് സമൃദ്ധമായി ജലം കുടിക്കുവാൻ നൽകും. അതിൽകൂടി അവരെ നാം പരീക്ഷിക്കുന്നതിനുവേണ്ടി. തന്റെ രക്ഷിതാവിന്റെ സ്മരണയിൽനിന്നും തിരിഞ്ഞു മാറുന്നുവനെ കഠിനമായ ശിക്ഷയിൽ അവൻ പ്രവേശിപ്പിക്കുകയും ചെയ്യും.

അല്ലാഹുവിന്റെ പരീക്ഷണങ്ങളെ ക്ഷമയോടുകൂടി തരണം ചെയ്തു കൊണ്ട് അവന്റെ മഹത്തായ പ്രതിഫലങ്ങൾ കരസ്ഥമാക്കാനുള്ള സൗഭാഗ്യം അവൻ നമുക്കെല്ലാവർക്കും നൽകുമാറാകട്ടെ, ആമീൻ.

****

23 ത്യാഗങ്ങളും അനുഗ്രഹങ്ങളും

ദൈവമാർഗ്ഗത്തിൽ അനുഷ്ടിക്കുന്ന ത്യാഗങ്ങളെയാണ് ദൈവത്തിന്റെ ആരാധനയായി വിശുദ്ധ ഖുർആൻ പറയുന്നത്. പ്രാർത്ഥനകളും അതിനോടനുബന്ധിച്ച കർമ്മങ്ങളും ഈ ആരാധനയുടെ ഒരു ഭാഗം മാത്രമാകുന്നു. വീട്ടിലൊതുങ്ങിയിരുന്നുള്ള ആരാധനയെക്കാളും അവന്റെ മാർഗ്ഗത്തിൽ മുന്നിട്ടിറങ്ങി പരിശ്രമിക്കുന്നതിനെ ദൈവം മഹത്വപ്പെടുത്തിയിരിക്കുന്നു. ആ പരിശ്രമങ്ങളിൽ വേണ്ടിവന്നാൽ തന്റെ ജീവനും സമ്പത്തും താമസസൗകര്യവും ബന്ധുക്കളും എല്ലാം തന്നെ ത്യജിക്കപ്പെടേണ്ടതാണെന്നും അതിന് ഒരു വിശ്വാസി തയ്യാറായിക്കൊള്ളണമെന്നും ദൈവം ആവശ്യപ്പെട്ടിരിക്കുകയാണ്.

അല്ലഹുവിന്റെ സ്മരണിയിലലിഞ്ഞ് സത്യമാർഗ്ഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു വിശ്വാസിക്ക് കൂടുതൽ കൂടുതൽ ത്യാഗങ്ങൾ അർപ്പിക്കാനുള്ള സാഹചര്യങ്ങൾ ദൈവം അവന്റെ കരുണാകടാക്ഷം കൊണ്ട് ഈ ലോകത്ത് ഒരുക്കികൊടുക്കുന്നു. ത്യാഗത്തിലേക്കുള്ള ആദ്യത്തെ കാല് വെപ്പ് മാത്രമാണ് വിശ്വാസം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വദേശം വെടിയേണ്ടി വരുന്നതിനേയും പോരിടുന്നതിനേയും ചിലവ് ചെയ്യുന്നതിനേയും ഏറ്റവും മഹത്തായ ത്യാഗങ്ങളായി അല്ലാഹു വിശുദ്ധഖുർആനിൽ വിവരിക്കുന്നു.

അല്ലാഹു സ്വയം പര്യാപ്തനാണ്. നമ്മെ സൃഷ്ടിക്കുന്നതിന് മുമ്പു തന്നെ നമുക്ക് വേണ്ടതല്ലാം അവൻ ഇവിടെ ഒരുക്കിവെച്ചിരിക്കുന്നു. ദൈവമാർഗ്ഗത്തിൽ അനുഷ്ടിക്കപ്പെടുന്ന ത്യാഗങ്ങൾ കൊണ്ടുള്ള നേട്ടം ദൈവത്തിനല്ല, നമുക്ക് തന്നെയാണ്. അവന്റെ പ്രതിഫലങ്ങളെ കരസ്ഥമാക്കാനുള്ള മാർഗ്ഗമായാണ് ത്യാഗങ്ങൾ വെച്ചിരിക്കുന്നത്. ഈ ലോകത്ത് വിലപിടിപ്പുള്ളതെന്തും നേടിയെടുക്കുന്നതിനുവേണ്ടി കൂടുതൽ കഷ്ടപ്പാടുൾ സഹിക്കേണ്ടിവരുന്നു എന്നതൊരു പ്രകൃതി നിയമമാണ്. ഈ പ്രപഞ്ചത്തിൽവെച്ച് ഏറ്റവും അമൂല്യമായ ദൈവസാമിപ്യം കരസ്ഥമാക്കുന്നതിന് അതുല്യമായ ത്യാഗങ്ങൾ അനുഷ്ടിച്ചേ മതിയാകൂ. ത്യാഗങ്ങൾ അനുഷ്ടിക്കാൻ തയ്യാറില്ലാത്തവർക്ക് ദൈവത്തിലത്തിച്ചേരാനും സാധിക്കുകയില്ല. ദൈവത്തിലത്തിച്ചേരാൻ ആഗ്രഹിക്കുന്നവർ ത്യാഗങ്ങൾ അനുഷ്ടിക്കുവാൻ എന്നും സന്നദ്ധരായിരിക്കേണ്ടതാണ്.

ത്യാഗങ്ങൾ അനുഷ്ടിച്ചുകൊണ്ട് ദൈവത്തിലേക്കെത്തിച്ചേരുവാനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്.

يَـٰٓأَيُّهَا ٱلْإِنسَـٰنُ إِنَّكَ كَادِحٌ إِلَىٰ رَبِّكَ كَدْحًا فَمُلَـٰقِيهِ ۝

84:07. ഹേ മനുഷ്യാ നീ കഠിനമായി പ്രയത്നിച്ച് കൊള്ളേണ്ടവനാണ്. അപ്പോൾ നിന്റെ നാഥനെ നീ കണ്ടുമുട്ടുന്നതാണ്.

لَقَدْ خَلَقْنَا ٱلْإِنسَـٰنَ فِى كَبَدٍ ۝

90:05. തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചത് ക്ലേശങ്ങൾ സഹിക്കുവാനായാണ്.

وَهَدَيْنَـٰهُ ٱلنَّجْدَيْنِ ۝ فَلَا ٱقْتَحَمَ ٱلْعَقَبَةَ ۝ وَمَآ أَدْرَىٰكَ مَا ٱلْعَقَبَةُ ۝ فَكُّ رَقَبَةٍ ۝

أَوْ إِطْعَـٰمٌ فِى يَوْمٍ ذِى مَسْغَبَةٍ ۝ يَتِيمًا ذَا مَقْرَبَةٍ ۝ أَوْ مِسْكِينًا ذَا مَتْرَبَةٍ ۝

ثُمَّ كَانَ مِنَ ٱلَّذِينَ ءَامَنُوا۟ وَتَوَاصَوْا۟ بِٱلصَّبْرِ وَتَوَاصَوْا۟ بِٱلْمَرْحَمَةِ ۝

90:11–18. രണ്ടു പാതകൾ നാം അവന് കാട്ടിക്കൊടുത്തു. എന്നാൽ ഗിരിമാർഗത്തിലേക്ക് അവൻ കയറിച്ചെന്നില്ല. ഗിരിമാർഗം എന്താണെന്ന് നിനക്ക് അറിയാമോ? അടിമയെ മോചിപ്പിക്കുകയോ, ദാരിദ്ര്യനാളിൽ അടുത്ത ബന്ധമുള്ള അനാഥനോ അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള പാവപ്പെട്ടവനോ ആഹാരം നൽകുകയൊ അത്രെ അത്. അതിനുപുറമെ വിശ്വസിച്ചവരോടൊപ്പം ചേർന്നുകൊണ്ട് അന്നോന്യം ക്ഷമകൈകൊള്ളുവാനും കാരുണ്യം കാണിക്കുവാനും അനുശാസിക്കുകയും ചെയ്യുകയത്രേ അത്.

യഥാർത്ഥ വിശ്വാസികൾ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് സ്വന്തം ജീവനെ തന്നെ അവന്റെ മാർഗ്ഗത്തിൽ വില്ക്കുന്നവരാകുന്നു. അല്ലാഹുവിന്റെ തൃപ്തി നമ്മുടെ തൃപ്തിയായി സ്വീകരിക്കുവോളോം നാം നേർമാർഗ്ഗത്തിൽ ആയിരിക്കുകയില്ല. നേർമാർഗ്ഗത്തിൽ ചരിക്കണമെന്ന് ആഗ്രഹിക്കുന്നവർ അല്ലാഹുവിന്റെ ഇച്ഛയെ സ്വന്തം ഇച്ഛയായി സ്വീകരിക്കേണ്ടതാണ്.

وَمِنَ ٱلنَّاسِ مَن يَشْرِى نَفْسَهُ ٱبْتِغَآءَ مَرْضَاتِ ٱللَّهِ ۗ وَٱللَّهُ رَءُوفٌۢ بِٱلْعِبَادِ ۝

2:208. അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ട് തന്റെ ജീവനെ വില്ക്കുന്ന ചിലർ മനുഷ്യരിലുണ്ട്. അല്ലാഹു തന്റെ ദാസന്മാരോട് കൃപാവായ്പുള്ളവനാകുന്നു.

ദൈവത്തിന്റെ ഭൂമി വിസ്തൃതമാണെന്നും അതുകൊണ്ട് മറ്റുള്ളവരെ ഭയപ്പെടാതെ ദൈവത്തെ ഭയപ്പെട്ടുകൊണ്ട് അവന്റെ മാർഗ്ഗത്തിൽ മുന്നിട്ടിറങ്ങുവാൻ ദൈവം വിശ്വാസികളോട് ആവശ്യപ്പെടുന്നു.

قُلْ يَٰعِبَادِ ٱلَّذِينَ ءَامَنُواْ ٱتَّقُواْ رَبَّكُمْۚ لِلَّذِينَ أَحْسَنُواْ
فِي هَٰذِهِ ٱلدُّنْيَا حَسَنَةٌۗ وَأَرْضُ ٱللَّهِ وَٰسِعَةٌۗ

39:11. പറയുക: വിശ്വാസികളായ എന്റെ ദാസന്മാരെ നിങ്ങളുടെ നാഥനോടുള്ള കടമ സൂക്ഷിക്കുവിൻ. നന്മ പ്രവർത്തിക്കുന്നവർക്ക് ഈ ലോകത്ത് സൽഫലമുണ്ട്. അല്ലാഹുവിന്റെ ഭൂമി വിശാലവുമാകുന്നു.

ത്യഗങ്ങൾ അനുഷ്ടിച്ച് ആകാശ ഭൂമിയോളം വിസ്തൃതിയുള്ള അവന്റെ സ്വർഗ്ഗത്തിലേക്ക് മുന്നേറുവാനാണ് ദൈവം വിശ്വാസികളോട് ആവശ്യപ്പെടുന്നത്.

سَابِقُوٓاْ إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا كَعَرْضِ ٱلسَّمَآءِ وَٱلْأَرْضِ

57:22. നിങ്ങളുടെ രക്ഷിതാവിൽനിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമിയോളം വിസ്തൃതിയുള്ള സ്വർഗ്ഗത്തിലേക്കും ഓടി മുന്നേറുവിൻ.

വിശ്വസിച്ചുകൊണ്ട് ദൈവപ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി സൽകർമ്മങ്ങൾ ചെയ്യുന്നതിനെയാണ് ദൈവമാർഗ്ഗത്തലുള്ള ത്യാഗമായി കണക്കാക്കുന്നത്. വിശ്വാസത്തിന്റെ പേരിൽ വീട് വിട്ട് സ്വദേശം വെടിയേണ്ടി വരുന്നതിനെയും ദൈവമാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നതിനെയും ദൈവമാർഗ്ഗത്തിൽ ചെലവ് ചെയ്യുന്നതിനെയും മഹത്തരമായ ത്യാഗമായി വിശുദ്ധ ഖുർആൻ വിവരിക്കുന്നു.

وَٱلَّذِينَ ءَامَنُواْ وَهَاجَرُواْ وَجَٰهَدُواْ فِي سَبِيلِ ٱللَّهِ
وَٱلَّذِينَ ءَاوَواْ وَّنَصَرُوٓاْ أُوْلَٰٓئِكَ هُمُ ٱلْمُؤْمِنُونَ حَقًّاۚ

8:75. വിശ്വാസിക്കുകയും സ്വദേശം വെടിഞ്ഞ് പ്രയാണം ചെയ്യുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിന പ്രയത്നം നടത്തുകയും ചെയ്തവരും, അവർക്ക് അഭയം കൊടുക്കുകയും സഹായം നൽകുകയും ചെയ്തവരും തന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ.

ٱلَّذِينَ ءَامَنُواْ وَهَاجَرُواْ وَجَٰهَدُواْ فِي سَبِيلِ ٱللَّهِ بِأَمْوَٰلِهِمْ
وَأَنفُسِهِمْ أَعْظَمُ دَرَجَةً عِندَ ٱللَّهِۚ وَأُوْلَٰٓئِكَ هُمُ ٱلْفَآئِزُونَ ۝

9:20. വിശ്വസിക്കുകയും പ്രയാണം ചെയ്യുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ മുതലുകളും ശരീരങ്ങളും കൊണ്ട് കഠിന പ്രയത്നം ന

ടത്തുകയും ചെയ്യുന്നവർ അല്ലാഹുവിങ്കൽ ഏറ്റവും ശ്രേഷ്ടമായ പദവി യുള്ളവരാണ്. അവരാണ് വിജയം നേടുന്നവർ.

ദൈവമാർഗ്ഗത്തിൽ ചെയ്യപ്പടുന്ന സൽക്കർമ്മങ്ങൾക്ക് അപാരമായ ദൈവി ക പ്രതിഫലം നൽകപ്പെടുന്നതാണെന്ന് താഴെ പറയുന്ന വിശുദ്ധ ഖുർ ആൻ വാക്യങ്ങൾ സന്തോഷ വാർത്ത അറിയിക്കുന്നു.

وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَنُكَفِّرَنَّ عَنۡهُمۡ سَيِّـَٔاتِهِمۡ

وَلَنَجۡزِيَنَّهُمۡ أَحۡسَنَ ٱلَّذِى كَانُواْ يَعۡمَلُونَ ۝

29:08. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന വരുടെ ദൂഷ്യങ്ങളെ നാം നീക്കിക്കളയുകയും അവരുടെ പ്രവർത്തികളി ൽ ഏറ്റവും നല്ലതനുസരിച്ച് തീർച്ചയായും നാം അവർക്ക് പ്രതിഫലം നൽകുകയും ചെയ്യും.

لِيُكَفِّرَ ٱللَّهُ عَنۡهُمۡ أَسۡوَأَ ٱلَّذِى عَمِلُواْ وَيَجۡزِيَهُمۡ أَجۡرَهُم بِأَحۡسَنِ ٱلَّذِى كَانُواْ يَعۡمَلُونَ ۝

39:36. അവർ പ്രവർത്തിച്ചതിൽ ഏറ്റവും ചീത്തയായതിനെയും അവരിൽ നിന്ന് അല്ലാഹു നീക്കിക്കളയും. അവർ പ്രവർത്തിച്ചതിൽ ഏറ്റവും നല്ലത നുസരിച്ച് അവർക്കവൻ പ്രതിഫലം നൽകുകയും ചെയ്യും.

ദൈവ മാർഗ്ഗത്തിൽ നാടും വീടും ജോലിസ്ഥലവും വിട്ട് ഓടിപ്പോകേ ണ്ടി വരുന്നവർക്ക് അതി മഹത്തായ പ്രതിഫലമാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്. ഈ വാഗ്ദാനം വിശുദ്ധ ഖുർആനിൽ പലയിടത്തും ആവർത്തിച്ചിരിക്കുന്നു.

إِنَّ ٱلَّذِينَ ءَامَنُواْ وَٱلَّذِينَ هَاجَرُواْ وَجَٰهَدُواْ فِى سَبِيلِ ٱللَّهِ

أُوْلَٰٓئِكَ يَرۡجُونَ رَحۡمَتَ ٱللَّهِۚ وَٱللَّهُ غَفُورٌ رَّحِيمٌ ۝

2:219. വിശ്വസിച്ചവരും സ്വദേശം വെടിഞ്ഞവരും അല്ലാഹുവിന്റെ മാർഗ്ഗ ത്തിൽ പോരാടുന്നവരും അല്ലാഹുവിന്റെ കാരുണ്യം പ്രത്യാശിക്കുന്നു. അ ല്ലാഹു പൊറുത്ത് കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

فَٱلَّذِينَ هَاجَرُواْ وَأُخۡرِجُواْ مِن دِيَٰرِهِمۡ وَأُوذُواْ فِى سَبِيلِى وَقَٰتَلُواْ

وَقُتِلُواْ لَأُكَفِّرَنَّ عَنۡهُمۡ سَيِّـَٔاتِهِمۡ وَلَأُدۡخِلَنَّهُمۡ جَنَّٰتٍ تَجۡرِى مِن

تَحۡتِهَا ٱلۡأَنۡهَٰرُ ثَوَابٗا مِّنۡ عِندِ ٱللَّهِۗ وَٱللَّهُ عِندَهُۥ حُسۡنُ ٱلثَّوَابِ ۝

3:196. ഓടിപ്പോകുകയും തങ്ങളുടെ വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും എന്റെ മാർഗ്ഗത്തിൽ പീഡിതരാവുകയും യുദ്ധം ചെയ്യുകയും കൊല്ലപ്പെടുകയും ചെയ്തവരുടെ ദുഷ്യങ്ങൾ ഞാൻ നീക്കിക്കളയും. അവരെ താഴത്തുകൂടി അരുവികളൊഴുകുന്ന ആരാമങ്ങളിൽ ഞാൻ പ്രവേശിപ്പിക്കുകയും ചെയ്യും. അല്ലാഹുവിൽ നിന്നും ഒരു പ്രതിഫലമായി. അല്ലാഹു വിലാകുന്നു ഏറ്റവും ഉത്തമമായ പ്രതിഫലം.

وَمَن يُهَاجِرۡ فِي سَبِيلِ ٱللَّهِ يَجِدۡ فِي ٱلۡأَرۡضِ مُرَٰغَمٗا كَثِيرٗا وَسَعَةٗۚ

وَمَن يَخۡرُجۡ مِنۢ بَيۡتِهِۦ مُهَاجِرًا إِلَى ٱللَّهِ وَرَسُولِهِۦ ثُمَّ يُدۡرِكۡهُ

ٱلۡمَوۡتُ فَقَدۡ وَقَعَ أَجۡرُهُۥ عَلَى ٱللَّهِۗ وَكَانَ ٱللَّهُ غَفُورٗا رَّحِيمٗا ۝

4:101. ആരാണോ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രയാണം ചെയ്യുന്നത്, ധാരാളം രക്ഷാകേന്ദ്രങ്ങളും ജീവിത സൗകര്യങ്ങളും ഭൂമിയിൽ അവൻ കണ്ടെത്തുന്നതാണ്. തന്റെ വീട്ടിൽനിന്ന് അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും ഒരു അഭയാർത്ഥിയായി ഇറങ്ങിത്തിരിക്കുകയും എന്നിട്ട് അവന് മരണം ആസന്നമാകുകയും ചെയ്താൽ അവന്റെ പ്രതിഫലം അല്ലാഹുവിങ്കൽ നിശ്ചയിക്കപ്പെട്ടു കഴിഞ്ഞു. അല്ലാഹു പൊറുത്ത് കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

وَٱلَّذِينَ هَاجَرُواْ فِي ٱللَّهِ مِنۢ بَعۡدِ مَا ظُلِمُواْ لَنُبَوِّئَنَّهُمۡ فِي ٱلدُّنۡيَا حَسَنَةٗۖ

16:42. അക്രമത്തിന് വിധേയരായതിന് ശേഷം അല്ലാഹുവിന്റെ മാർഗത്തിൽ പ്രയാണം ചെയ്തവർക്ക് ഈ ലോകത്ത് തീർച്ചയായും നാം നല്ല താമസസൗകര്യം ഒരുക്കിക്കൊടുക്കുന്നതാണ്.

وَٱلَّذِينَ هَاجَرُواْ فِي سَبِيلِ ٱللَّهِ ثُمَّ قُتِلُوٓاْ أَوۡ مَاتُواْ لَيَرۡزُقَنَّهُمُ

ٱللَّهُ رِزۡقٗا حَسَنٗاۚ وَإِنَّ ٱللَّهَ لَهُوَ خَيۡرُ ٱلرَّٰزِقِينَ ۝

22:59. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വദേശം വെടിഞ്ഞതിനുശേഷം കൊല്ലപ്പെടുകയോ മരണപ്പെടുകയോ ചെയ്തവർക്ക് അല്ലാഹു തീർച്ചയായും ഉത്തമമായ ഉപജീവനം നൽകുന്നതാണ്. നിശ്ചയമായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവരിൽ അത്യുത്തമൻ.

ദൈവമാർഗ്ഗത്തിലുള്ള പോരാട്ടത്തിൽ കൊല്ലപ്പെടുന്നവർക്കുള്ള പ്രതിഫ

ലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നതിങ്ങനെയാണ്.

وَلَئِن قُتِلْتُمْ فِى سَبِيلِ ٱللَّهِ أَوْ مُتُّمْ لَمَغْفِرَةٌ مِّنَ ٱللَّهِ وَرَحْمَةٌ خَيْرٌ مِّمَّا يَجْمَعُونَ ۝

3:158. നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടാൽ അല്ലെങ്കിൽ മരണപ്പെട്ടാൽ അല്ലാഹുവിൽനിന്ന് ലഭിക്കുന്ന പാപമോചനവും കാരുണ്യവും ആണ് അവർ (അവിശ്വാസികൾ) സമ്പാദിച്ചുവെക്കുന്നതിനേക്കാൾ അധികം ഗുണകരമായിട്ടുള്ളത്.

وَلَا تَحْسَبَنَّ ٱلَّذِينَ قُتِلُوا۟ فِى سَبِيلِ ٱللَّهِ أَمْوَٰتًۢا ۚ بَلْ أَحْيَآءٌ عِندَ رَبِّهِمْ يُرْزَقُونَ ۝ فَرِحِينَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ وَيَسْتَبْشِرُونَ بِٱلَّذِينَ لَمْ يَلْحَقُوا۟ بِهِم مِّنْ خَلْفِهِمْ أَلَّا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ۝ يَسْتَبْشِرُونَ بِنِعْمَةٍ مِّنَ ٱللَّهِ وَفَضْلٍ وَأَنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُؤْمِنِينَ ۝

3:170–172 അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവരെ മരിച്ചവരായി നീ കണക്കാക്കരുത്. അവരുടെ നാഥന്റെ അടുക്കൽ അവർ ജീവിച്ചിരിക്കുന്നവരാകുന്നു. അവർക്ക് ആഹാരം നൽകപ്പെടുന്നു. അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്നും അവർക്ക് നൽകിയതിൽ അവർ ആഹ്ലാദിക്കുന്നു. തങ്ങളോടൊപ്പം ഇനിയും വന്നുചേരാത്ത അവരുടെ പിറകിലുള്ളവരെ (ഈ ലോകത്തുള്ള വിശ്വാസികളെ) കുറിച്ച് അവർക്ക് യാതൊന്നും ഭയപ്പെടുവാനോ ദു:ഖിക്കുവാനോ ഇല്ലെന്നോർത്ത് അവർ സന്തോഷിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും മൂലം അവർ സന്തോഷമടയുന്നു. തീർച്ചയായും വിശ്വാസികളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല (എന്നതിലും അവർ സന്തോഷം കൊള്ളുന്നു).

വീടുകളിൽ സ്വസ്ഥരായി ഇരിക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവരും തുല്യരല്ല. ദൈവമാർഗ്ഗത്തിൽ യത്നിക്കുന്നവർ സ്വഭവനങ്ങളിൽ അടങ്ങിയൊതുങ്ങി കഴിയുന്നവരെക്കാൾ ഉയർന്ന പദവിയുള്ളവരാണ്.

لَّا يَسْتَوِى ٱلْقَٰعِدُونَ مِنَ ٱلْمُؤْمِنِينَ غَيْرُ أُو۟لِى ٱلضَّرَرِ وَٱلْمُجَٰهِدُونَ فِى سَبِيلِ ٱللَّهِ بِأَمْوَٰلِهِمْ وَأَنفُسِهِمْ ۚ فَضَّلَ ٱللَّهُ ٱلْمُجَٰهِدِينَ بِأَمْوَٰلِهِمْ وَأَنفُسِهِمْ عَلَى ٱلْقَٰعِدِينَ دَرَجَةً ۚ وَكُلًّا وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ وَفَضَّلَ ٱللَّهُ ٱلْمُجَٰهِدِينَ عَلَى ٱلْقَٰعِدِينَ أَجْرًا عَظِيمًا ۝

4:96. വൈകല്യങ്ങൾ കൂടാതെ സ്വസ്ഥരായിരിക്കുന്ന വിശ്വാസികളും തങ്ങളുടെ ധനവും ദേഹവും കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാ

ടുന്നവരും തുല്യരല്ല. തങ്ങളുടെ ധനവും ദേഹവും കൊണ്ട് പോരാടുന്നവരെ സ്വസ്ഥരായിരിക്കുന്നവർക്കുപരിയായി അല്ലാഹു പദവിയിൽ ഉയർത്തിയിരിക്കുന്നു. എല്ലാവർക്കും അല്ലാഹു നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ പോരാടുന്നവരെ സ്വസ്ഥരായിരിക്കുന്നവരെക്കാൾ മഹത്തായ പ്രതിഫലം കൊണ്ട് അല്ലാഹു ഉൽകൃഷ്ടരാക്കിയിരിക്കുന്നു.

ദൈവമാർഗ്ഗത്തിൽ ത്യാഗങ്ങൾ അനുഷ്ടിക്കുന്നവർക്ക് ദൈവം പല അനുഗ്രഹങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. ത്യാഗങ്ങൾ മൂലം ജീവിതത്തിൽ ഉടലെടുക്കുന്ന ഭയവിഹ്വലതയെ മാറ്റി തൽസ്ഥാനത്ത് ഭദ്രത നൽകുമെന്നും സത്യാസത്യങ്ങളെ തിരിച്ചറിയാനുള്ള വിവേചന ശക്തിയും പ്രതീക്ഷിക്കാത്ത നിലയിലുള്ള ആഹാരവും അല്ലാഹു അവർക്ക് കൊടുക്കുമെന്നും വെളിപ്പെടുത്തിയിരിക്കുന്നു. അവർക്ക് ദു:ഖിക്കുകയോ ഖേദിക്കുകയോ വേണ്ടിവരില്ലെന്നും അവരെ സജ്ജനങ്ങളുടെ കൂടെയാക്കിത്തീർക്കുമെന്നും വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ പ്രാർത്ഥനകൾക്ക് ദൈവം ഉത്തരം നൽകുന്നതും ഈ ലോകത്ത് വെച്ച് തന്നെ സ്വർഗ്ഗീയാനുഭൂതി ലഭ്യമാക്കുന്നതും മലക്കുകൾ ഇറങ്ങിവന്ന് അവർക്ക് സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷ വാർത്തകൾ നൽകുന്നതും ആയിരിക്കും. എന്തിനധികം അല്ലാഹു തന്നെ നേരിട്ട് അവരെ സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത അറയിക്കുന്നതായിരിക്കും. അവരെ അധിക്ഷേപിക്കുകയോ താഴ്ത്തുവാനുദ്ദേശിക്കുകയോ ചെയ്യുന്നവരെ അല്ലാഹു തന്നെ തരം താഴ്ത്തുന്നതും നിന്ദ്യരാക്കിത്തീർക്കുന്നതുമാണ്. വിശ്വാസികളുടെ ഭയത്തിനു ശേഷം ഭദ്രത പ്രദാനം ചെയ്യുമെന്നും അവരുടെ മതത്തെ പൂർവ്വോപരി ശക്തിപ്പെടുത്തുമെന്നും ദൈവം വാഗ്ദാനം നൽകുന്നു.

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ مِنكُمۡ وَعَمِلُواْ ٱلصَّٰلِحَٰتِ لَيَسۡتَخۡلِفَنَّهُمۡ فِي ٱلۡأَرۡضِ كَمَا

ٱسۡتَخۡلَفَ ٱلَّذِينَ مِن قَبۡلِهِمۡ وَلَيُمَكِّنَنَّ لَهُمۡ دِينَهُمُ ٱلَّذِي ٱرۡتَضَىٰ لَهُمۡ وَلَيُبَدِّلَنَّهُم مِّنۢ بَعۡدِ خَوۡفِهِمۡ

أَمۡنٗاۚ يَعۡبُدُونَنِي لَا يُشۡرِكُونَ بِي شَيۡـٔٗاۚ وَمَن كَفَرَ بَعۡدَ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلۡفَٰسِقُونَ ٥٥

24:56. നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ടിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, അവർക്ക് മുമ്പുള്ളവരെ അവൻ ഭൂമിയിൽ പ്രതിനിധികളാക്കിയതുപോലെ തീർച്ചയായും അവൻ അവരെയും പ്രതിനിധികളാക്കും. അവർക്ക് അവൻ അംഗീകരിച്ചുകൊടുത്ത മതവിശ്വാസം തീർച്ചയായും അവൻ അവർക്ക് സ്ഥാപിച്ചുകൊടുക്കും. അവരുടെ ഭയപ്പാടിനുശേഷം നിർഭയത്വം അവൻ അവർക്ക് പകരം നൽകുകയും ചെയ്യും. അവർ എന്നെ മാത്രം ആരാധിക്കുകയും ഒരു വസ്തുവിനെയും എനിക്ക് പങ്ക് ചേർക്കാതിരിക്കുകയും വേണം. ഇതിനുശേഷം നന്ദികേട് കാണിക്കുന്നവർ തന്നെയാണ് ധിക്കാ

രികൾ.

ദൈവ മാർഗ്ഗത്തിൽ ത്യാഗങ്ങൾ അനുഷ്ടിക്കുന്നവരെ ദൈവം വിജയ ത്തിലേക്ക് നയിക്കുന്നതാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَٱبۡتَغُوٓاْ إِلَيۡهِ

ٱلۡوَسِيلَةَ وَجَٰهِدُواْ فِي سَبِيلِهِۦ لَعَلَّكُمۡ تُفۡلِحُونَ ۝

5:36. അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ സൂക്ഷിക്കുവിൻ. അവനി ലെത്തിച്ചേരാനുള്ള സാമീപ്യമാർഗം അന്വേഷിക്കുകും അവന്റെ മാർഗ്ഗ ത്തിൽ പോരാടുകയും ചെയ്യുവിൻ. നിങ്ങൾ വിജയിക്കുന്നതിന് വേണ്ടി.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱرۡكَعُواْ وَٱسۡجُدُواْ وَٱعۡبُدُواْ

رَبَّكُمۡ وَٱفۡعَلُواْ ٱلۡخَيۡرَ لَعَلَّكُمۡ تُفۡلِحُونَ ۝

22:78. അല്ലയോ വിശ്വാസികളെ, കുമ്പിടുകയും സാഷ്ടാംഗം ചെയ്യുക യും നിങ്ങളുടെ നാഥനെ ആരാധിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുവിൻ. നിങ്ങൾ വിജയിക്കുന്നതിന് വേണ്ടി.

ത്യാഗങ്ങൾ അനുഷടിക്കുന്ന വിശ്വാസികൾക്ക് ദൈവം അപ്രതീക്ഷിത മായ നിലയിൽ ആഹാരം നൽകുന്നതായിരിക്കും.

فَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَهُم مَّغۡفِرَةٞ وَرِزۡقٞ كَرِيمٞ ۝

22:51. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന വർക്ക് പാപമോചനവും ധന്യമായ ഉപജീവനമാർഗവും ലഭിക്കുന്നതാണ്.

وَمَن يَتَّقِ ٱللَّهَ يَجۡعَل لَّهُۥ مَخۡرَجٗا ۝ وَيَرۡزُقۡهُ مِنۡ حَيۡثُ لَا يَحۡتَسِبُۚ

65:3–4 ആർ അല്ലാഹുവിനെ ഭയപ്പെടുന്നുവോ അവന് ഒരു പോംവഴി ഉ ണ്ടാക്കി കൊടുക്കുകയും അവൻ വിചാരിക്കാത്ത രീതിയിൽ അവന് ഉപ ജീവനം നൽകുകയും ചെയ്യുന്നതാണ്.

ത്യാഗികളെ ദൈവം അവന്റെ കരുണാകടാക്ഷത്തിലേക്ക് ആനയിക്കുന്ന തായിരിക്കും.

فَأَمَّا ٱلَّذِينَ ءَامَنُواْ بِٱللَّهِ وَٱعۡتَصَمُواْ بِهِۦ فَسَيُدۡخِلُهُمۡ

فِي رَحْمَةٍ مِّنْهُ وَفَضْلٍ وَيَهْدِيهِمْ إِلَيْهِ صِرَاطًا مُّسْتَقِيمًا ۝

4:176. അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപ്പിടിക്കുകയും ചെയ്യുന്നവരെ അവന്റെ കാരുണ്യത്തിലും ഔദാര്യത്തിലും അവരെ അവ ൻ പ്രവേശിപ്പിക്കും. നേരായ പാതയിൽ അവരെ അവൻ നയിക്കുകയും ചെയ്യും.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَتَّقُواْ ٱللَّهَ يَجْعَل لَّكُمْ فُرْقَانًا وَيُكَفِّرْ عَنكُمْ

سَيِّـَٔاتِكُمْ وَيَغْفِرْ لَكُمْ ۗ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ۝

8:30. അല്ലയോ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിച്ചു ജീ വിക്കുമെങ്കിൽ നിങ്ങൾക്കവൻ വിവേചനശക്തി നൽകുകയും നിങ്ങളിൽ നിന്ന് നിങ്ങളുടെ ദൂഷ്യങ്ങളെ നീക്കിക്കളയുകയും നിങ്ങൾക്ക് പൊറുത്ത് തരികയും ചെയ്യും. അല്ലാഹു മഹത്തായ അനുഗ്രഹമുടയവനാകുന്നു.

فَأَمَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّـٰلِحَـٰتِ فَيُدْخِلُهُمْ

رَبُّهُمْ فِى رَحْمَتِهِۦ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْمُبِينُ ۝

45:31. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവ രെ അവരുടെ നാഥൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അതു തന്നെയാണ് മഹത്തായ നേട്ടം.

وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّـٰلِحَـٰتِ لَنُدْخِلَنَّهُمْ فِى ٱلصَّـٰلِحِينَ ۝

29:10. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന വരെ തീർച്ചയായും നാം സജ്ജനങ്ങളോടൊപ്പം ചേർക്കുന്നതാണ്.

ത്യാഗങ്ങൾ അനുഷ്ടിക്കുന്നവർക്ക് നേരിടുന്ന നാശനഷ്ടങ്ങൾക്കും ദൗ ർഭാഗ്യങ്ങൾക്കും പകരമായി ദൈവം അവർക്ക് നേരിട്ടപ്രയാസങ്ങളെ അ വർ മറന്നുപോകത്തക്ക രീതിയിൽ അവന്റെ അനുഗ്രഹങ്ങൾ നൽകുന്ന താണ്. വിശ്വാസികൾക്ക് ദു:ഖിക്കേണ്ടി വരികയില്ലന്നും ദൈവം വാഗ്ദാ നം ചെയ്യുന്നു. അവർക്ക് നേരിട്ട കഷ്ടപ്പാടുകളെ കുറിച്ചും വഞ്ചനകളെ കുറിച്ചും അവർക്ക് ദു:ഖിക്കേണ്ടി വരില്ല. അതുപോലെ എല്ലാപ്രയാസങ്ങ ളിൽനിന്നും ദൈവം അവരെ സംരക്ഷിക്കുന്നതാണ്. സത്യവിശ്വാസികൾ ക്ക് ദൈവം നൽകിയ വാഗ്ദാനങ്ങൾ അവരുടെ ജീവിതത്തിൽ ദൈവം പ്രാവർത്തികമാക്കി കാണിച്ചു കൊടിക്കുന്നതിനാൽ ഭാവിയെ കുറിച്ച് അവർക്ക് ഭയം ഉണ്ടാവുകയില്ല. സൽക്കർമ്മങ്ങൾ ആത്മാവിന് ശാന്തി

നൽകുന്നതുകൊണ്ടും പാപങ്ങൾ ചെയ്യാത്തവർക്ക് ദൈവിക ശിക്ഷയെ കുറിച്ച് ഭയം കുറയുന്നതുകൊണ്ടും അവരുടെ ആത്മാവ് എന്നും പ്രാ സന്നമായിരിക്കുന്നതാണ്.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَأَقَامُواْ ٱلصَّلَوٰةَ وَءَاتَوُاْ ٱلزَّكَوٰةَ

لَهُمۡ أَجۡرُهُمۡ عِندَ رَبِّهِمۡ وَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ۝

2:278. വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും നമസ്ക്കാരം കൃത്യ മായി അനുഷ്ടിക്കുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുന്നവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിങ്കലുണ്ട്. അവർക്ക് ഭയപ്പെടേണ്ടതില്ല, അവർക്ക് ദു:ഖിക്കേണ്ടതുമില്ല.

أَلَآ إِنَّ أَوۡلِيَآءَ ٱللَّهِ لَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ۝

10:63. അറിയുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളായവർക്ക് ഭയ പ്പെടേണ്ടതില്ല, അവർക്ക് ദു:ഖിക്കേണ്ടതുമില്ല.

وَمَن يَعۡمَلۡ مِنَ ٱلصَّٰلِحَٰتِ وَهُوَ مُؤۡمِنٞ فَلَا يَخَافُ ظُلۡمٗا وَلَا هَضۡمٗا ۝

20:113. ആരാണോ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമ്മങ്ങൾ പ്രവ ർത്തിക്കുന്നത് അവന് അനീതിയൊ അവകാശ നഷ്ടമോ ഭയപ്പെടേണ്ട തില്ല.

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسۡتَقَٰمُواْ فَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ۝

46:14. ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്നു പറഞ്ഞുകൊണ്ട് ഉ റച്ചു നിൽക്കുന്നവർക്ക് ഭയപ്പെടേണ്ടതില്ല, അവർക്ക് ദു:ഖിക്കേണ്ടതുമില്ല.

ത്യാഗങ്ങൾ സഹിക്കുന്നവർക്ക് ഈ ലോകത്തുവെച്ചുതന്നെ നന്മകൾ വ ന്നു ഭവിക്കുന്നതാണ്.

لِّلَّذِينَ أَحۡسَنُواْ فِي هَٰذِهِ ٱلدُّنۡيَا حَسَنَةٞۚ وَلَدَارُ ٱلۡأٓخِرَةِ خَيۡرٞۚ

16:31. നന്മകൾ ചെയ്യുന്നവർക്ക് ഈ ലോകത്ത്വെച്ചുതന്നെ നന്മ(യുടെ പ്രതിഫലം) ലഭിക്കുന്നതാണ്. പരലോകം കൂടുതൽ നല്ലതുമത്രെ.

ത്യാഗങ്ങൾ അനുഷ്ടിക്കുന്നവർക്ക് അവർക്ക് നേരിടുന്ന ആപൽഘട്ടങ്ങ ളിൽ വരാനിരിക്കുന്ന നല്ലഭാവിയെക്കുറിച്ച് ദൈവത്തിൽനിന്നും സന്തോ ഷ വാർത്തകൾ ലഭിക്കുന്നതിനാൽ അവർ തങ്ങളുടെ പരിശ്രമങ്ങളിൽ പതറിപോകാതെയും നിരാശകരാകാതെയും ദൈവമാർഗ്ഗത്തിൽ സധൈ ര്യം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നതാണ്. മറ്റുള്ളവർക്ക് ഗ്രഹിക്കാൻ

കഴിയാത്ത പലകാര്യങ്ങളും അവർ ദൈവത്തിൽനിന്നും നേരിട്ടു അറിയുന്നതിനാൽ അവിശ്വാസികളുടെ സങ്കൽപ്പത്തിനപ്പുറമായി വിശ്വാസികൾ അവരുടെ ത്യാഗകർമ്മങ്ങൾ ഒന്നിനുമീതെ മറ്റൊന്നായി തുടർന്നുകൊണ്ട് പോകുന്നതാണ്. വിശ്വാസികൾക്ക് ഈ ലോകത്ത്വെച്ച് ലഭിക്കുന്ന സന്തോഷ വാർത്തകളെക്കുറിച്ച് അല്ലാഹു പറയുകയാണ്:

ٱلَّذِينَ ءَامَنُواْ وَهَاجَرُواْ وَجَٰهَدُواْ فِى سَبِيلِ ٱللَّهِ بِأَمۡوَٰلِهِمۡ وَأَنفُسِهِمۡ أَعۡظَمُ دَرَجَةً
عِندَ ٱللَّهِۚ وَأُوْلَٰٓئِكَ هُمُ ٱلۡفَآئِزُونَ ۝ يُبَشِّرُهُمۡ رَبُّهُم بِرَحۡمَةٖ مِّنۡهُ وَرِضۡوَٰنٖ وَجَنَّٰتٖ
لَّهُمۡ فِيهَا نَعِيمٞ مُّقِيمٌ ۝ خَٰلِدِينَ فِيهَآ أَبَدًاۚ إِنَّ ٱللَّهَ عِندَهُۥٓ أَجۡرٌ عَظِيمٞ ۝

9:20–22. വിശ്വസിക്കുകയും പ്രയാണം ചെയ്യുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൾ തങ്ങളുടെ മുതലുകളും ശരീരങ്ങളും കൊണ്ട് പോരാടുകയും ചെയ്യുന്നവർ അല്ലാഹുവിങ്കൽ ഏറ്റവും ശ്രേഷ്ടമായ പദവിയുള്ളവരാണ്. അവരാണ് വിജയം നേടുന്നവർ. അവരുടെ രക്ഷിതാവ് തന്നിൽനിന്നുള്ള കാരുണ്യത്തെയും സംതൃപ്തിയെയും കുറിച്ച് അവരെ സന്തോഷ വാർത്ത അറിയിക്കുന്നു. നിത്യമായി അവർ വസിക്കുന്ന ശാശ്വതമായ സുഖാനുഭൂതികളുള്ള ഉദ്യാനങ്ങളെ കുറിച്ചും. തീർച്ചയായും അല്ലാഹുവിലാണ് മഹത്തായ പ്രതിഫലമുള്ളത്.

أَلَآ إِنَّ أَوۡلِيَآءَ ٱللَّهِ لَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ۝ ٱلَّذِينَ ءَامَنُواْ
وَكَانُواْ يَتَّقُونَ ۝ لَهُمُ ٱلۡبُشۡرَىٰ فِى ٱلۡحَيَوٰةِ ٱلدُّنۡيَا وَفِى ٱلۡأٓخِرَةِۚ
لَا تَبۡدِيلَ لِكَلِمَٰتِ ٱللَّهِۚ ذَٰلِكَ هُوَ ٱلۡفَوۡزُ ٱلۡعَظِيمُ ۝

10:63–65. അറിയുക തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളുടെമേൽ ഭയം ഉണ്ടാകുകയില്ല. അവർ ദു;ഖിക്കുന്നതുമല്ല, വിശ്വസിക്കുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്യുന്നവരാണവർ. ഈ ലോക ജീവിതത്തിലും പരലോക ജീവിതത്തിലും അവർക്ക് സന്തോഷ വാർത്തകൾ ഉണ്ട്. അല്ലാഹുവിന്റെ വചനങ്ങൾക്ക് ഒരു മാറ്റവും ഇല്ല. അതുതന്നെയാണ് മഹത്തായ വിജയം.

ത്യാഗങ്ങൾ അനുഷ്ടിക്കുന്നവരുടെ പ്രാർത്ഥനകൾ ദൈവം സ്വീകരിക്കുന്നതും അവരുടെ പ്രാർത്ഥനകൾക്ക് ദൈവത്തിൽ നിന്നും ഉത്തരം ലഭിക്കുന്നതും അവരുടെ പ്രയാസങ്ങളെ ദൈവം ലഘൂകരിച്ചു കൊടുക്കുന്നതുമായിരിക്കും.

وَيَسْتَجِيبُ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَيَزِيدُهُم
مِّن فَضْلِهِۦۚ وَٱلْكَٰفِرُونَ لَهُمْ عَذَابٌ شَدِيدٌ ۝

42:27. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ടിക്കുകയും ചെയ്യുന്ന വർക്ക് അവൻ പ്രത്യുത്തരം നൽക്കുകയും അവന്റെ അനുഗ്രഹത്തിൽ നിന്നും അവർക്ക് അധികം നൽകുകയും ചെയ്യുന്നു.

ത്യാഗങ്ങൾ അനുഷ്ടിക്കുന്നവർക്ക് ഈ ലോകത്തു വെച്ച് ലഭിക്കുന്ന ഏറ്റവും മഹത്തായ നേട്ടം അവർക്ക് ദൈവത്തിൽനിന്നും വെളിപാടുകൾ ലഭിക്കുന്നു എന്നതാണ്. തൽഫലമായി അവരുടെ വിശ്വാസത്തെക്കുറിച്ചും അവർ സഞ്ചരിക്കുന്ന മാർഗ്ഗത്തെക്കുറിച്ചും അവർക്ക് ദൃഢമായ ഉറപ്പു ലഭിക്കുന്നു. ദൈവാസ്തിത്വത്തെക്കുറിച്ചുള്ള സമ്പൂർണ്ണമായ ദൃഢജ്ഞാനം ദൈവിക വെളിപാടുകളിൽകൂടി മാത്രം ലഭ്യമായിത്തീരുന്നതിനാൽ ത്യാഗികൾ പാപകർമ്മങ്ങളിൽനിന്നും സംരക്ഷിക്കപ്പെടുന്നു. ദൈവത്തെ അടുത്തറിയാൻ സാധിക്കുന്ന ദൃഢ ബോധത്തിന് മാത്രമെ മനുഷ്യനെ പാപകർമ്മങ്ങളിൽനിന്നും വിമുക്തനാക്കാൻ സാധിക്കുകയുള്ളു. തങ്ങൾക്ക് ലഭിക്കാനിരിക്കുന്ന സ്വർഗ്ഗത്തെ കുറിച്ചുള്ള സന്തോഷ വാർത്തകളും ഈ ലോകത്ത് വെച്ച് തന്നെ അവർക്ക് ലഭിക്കുന്നതാണന്ന് വിശുദ്ധഖുർആൻ വെളിപ്പെടുത്തുന്നു.

يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُواْ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى
ٱلْءَاخِرَةِۖ وَيُضِلُّ ٱللَّهُ ٱلظَّٰلِمِينَۚ وَيَفْعَلُ ٱللَّهُ مَا يَشَآءُ ۝

14:28. വിശ്വാസികളെ ദൃഢവചനങ്ങൾ മുഖേനെ ഈ ലോകജീവിതത്തിലും പരലോക ജീവിതത്തിലും അല്ലാഹു ഉറപ്പിച്ചു നിർത്തുന്നതാണ്. അക്രമികളെ അല്ലാഹു ദുർമാർഗത്തിൽ വിടുകയും ചെയ്യുന്നു. താൻ നിശ്ചയിക്കുന്നതെന്തും അല്ലാഹു പ്രവർത്തിക്കുന്നു.

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَٰمُواْ تَتَنَزَّلُ عَلَيْهِمُ ٱلْمَلَٰٓئِكَةُ أَلَّا تَخَافُواْ وَلَا تَحْزَنُواْ
وَأَبْشِرُواْ بِٱلْجَنَّةِ ٱلَّتِى كُنتُمْ تُوعَدُونَ ۝ نَحْنُ أَوْلِيَآؤُكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْءَاخِرَةِۖ
وَلَكُمْ فِيهَا مَا تَشْتَهِىٓ أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ ۝

41:31–32 ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും എന്നിട്ടതിൽ ഉറച്ച് നിൽക്കുകയും ചെയ്യുന്നവരിൽ മലക്കുകൾ ഇറങ്ങുന്ന

താണ്, നിങ്ങൾ ഭയപ്പെടേണ്ട, നിങ്ങൾ ദു:ഖിക്കുകയും വേണ്ട, നിങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത കോട്ടാലും എന്ന് പറഞ്ഞുകൊണ്ട്. ഞങ്ങൾ ഈ ലോകത്തിലും പരലോകത്തിലും നിങ്ങളുടെ സ്നേഹിതന്മാരാണ്. നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്കവിടെ ലഭിക്കുന്നതാണ്. നിങ്ങൾ ആവശ്യപ്പെടുന്നതും നിങ്ങൾക്കവിടെ ലഭിക്കുന്നതാണ്.

لَّا تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوْ كَانُوٓاْ ءَابَآءَهُمْ
أَوْ أَبْنَآءَهُمْ أَوْ إِخْوَٰنَهُمْ أَوْ عَشِيرَتَهُمْ ۚ أُوْلَـٰٓئِكَ كَتَبَ فِى قُلُوبِهِمُ ٱلْإِيمَـٰنَ وَأَيَّدَهُم بِرُوحٍ
مِّنْهُ ۖ وَيُدْخِلُهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ رَضِىَ ٱللَّهُ عَنْهُمْ
وَرَضُواْ عَنْهُ ۚ أُوْلَـٰٓئِكَ حِزْبُ ٱللَّهِ ۚ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ۝

58:23. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ അല്ലാഹുവിനെയും അവന്റെ റസൂലിനെയും എതിർക്കുന്നവരോട് സ്നേഹബന്ധം പുലർത്തുന്നതായി നീ കാണുകയില്ല. അവർ തങ്ങളുടെ സ്വന്തം പിതാക്കളോ പുത്രന്മാരോ കൂടപ്പിറപ്പുകളോ കുടുംബക്കാരോ ആയിരുന്നാൽ പോലും. അവരുടെ ഹൃദയങ്ങളിൽ അല്ലാഹു സത്യവിശ്വാസത്തെ ആലേഖനം ചെയ്യുകയും അവനിൽ നിന്നുള്ള വെളിപാടുകൊണ്ട് അവരെ അവൻ ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകുന്ന തോട്ടങ്ങളിൽ അവരെ അവൻ പ്രവേശിപ്പിക്കുന്നതാണ്. അവിടെ അവർ ശാശ്വതമായി വസിക്കുന്നതാണ്. അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെടുന്നു, അവർ അവനെക്കുറിച്ചും തൃപ്തിപ്പെടുന്നു. അവരാണ് അല്ലാഹുവിന്റെ സംഘം. അറിയുക, അല്ലാഹുവിന്റെ സംഘമാണ് വിജയികൾ.

ഈ ജീവിതത്തിൽ വെച്ച് സ്വർഗ്ഗത്തെക്കുറിച്ചുള്ള വെളിപാടുകൾ ലഭിക്കുന്നതുപോലെ മരണ സമയത്തും അവർക്ക് സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത ലഭിക്കുന്നതാണ്. അങ്ങനെ അവരുടെ ആത്മാവ് ഈ ലോകത്ത് നിന്ന് സമാധാനത്തോടും സന്തോഷത്തോടും കൂടി വിടപറയുന്നതായിരിക്കും.

ٱلَّذِينَ تَتَوَفَّىٰهُمُ ٱلْمَلَـٰٓئِكَةُ طَيِّبِينَ ۙ يَقُولُونَ سَلَـٰمٌ
عَلَيْكُمُ ٱدْخُلُواْ ٱلْجَنَّةَ بِمَا كُنتُمْ تَعْمَلُونَ ۝

16:33. മലക്കുകൾ പരിശുദ്ധരായിരിക്കുന്നവരുടെ ജീവനെടുക്കുമ്പോൾ

അവരോട് പറയും: നിങ്ങൾക്ക് സമാധാനം, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി സ്വർഗ്ഗത്തിൽ പ്രവേശിക്കുവിൻ.

അല്ലാഹു നേരിട്ട് ത്യാഗികളെ സംബോധന ചെയ്തുകൊണ്ട് ഇങ്ങനെ പറയുന്നതായിരിക്കും:

يَـٰٓأَيَّتُهَا ٱلنَّفْسُ ٱلْمُطْمَئِنَّةُ ۝ ٱرْجِعِىٓ إِلَىٰ رَبِّكِ رَاضِيَةً مَّرْضِيَّةً ۝

فَٱدْخُلِى فِى عِبَـٰدِى ۝ وَٱدْخُلِى جَنَّتِى ۝

89:28–31 അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ, നിന്റെ നാഥനിലേക്ക് മടങ്ങിവരിക. അവനിൽ തൃപ്തിപ്പെട്ടുകൊണ്ടും അവന്റെ തൃപ്തിഭാജനമായിക്കൊണ്ടും, എന്റെ ആരാധകരിൽ ചേരുക, എന്റെ ആരാമത്തിൽ പ്രവേശിക്കുക.

ദൈവമാർഗ്ഗത്തിൽ ത്യാഗങ്ങൾ സഹിച്ചവരെയും അവരുടെ കഷടപ്പാടുകളിലും വിഷമതകളിലും അവരെ സഹായിച്ചവരെയും ത്യാഗങ്ങളിൽ അവരെ പിന്തുടരുന്ന അവരുടെ ഭാര്യമാരെയും സന്താനങ്ങളെയും അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ച് അവരോടൊപ്പം ഒരുമിച്ച് ചേർക്കുന്നതണ്. അപൂർവ്വം ചിലർക്ക് മാത്രം ലഭിക്കുന്ന അതി മഹത്തായ നേട്ടമത്രേ ഇത്. ത്യാഗമനുഷ്ടിക്കുന്നവർക്ക് ലഭിക്കുന്ന മഹത്തായ ഈ അനുഗ്രഹത്തെക്കുറിച്ച് അല്ലാഹു പറയുകയാണ്:

وَٱلسَّـٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَـٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم

بِإِحْسَـٰنٍ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ وَأَعَدَّ لَهُمْ جَنَّـٰتٍ تَجْرِى

تَحْتَهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَآ أَبَدًا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ۝

9:100. (സത്യവിശ്വാസത്തിൽ) മുൻകടന്നുകൊണ്ട് പ്രയാണം ചെയ്തവർ, അവരെ സഹായിച്ചവർ, നന്മയിൽ അവരെ പിന്തുടർന്നവർ എന്നിവരെക്കുറിച്ച് അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെക്കുറിച്ച് അവരും തൃപ്തിയടഞ്ഞിരിക്കുന്നു. അവർക്ക് അവൻ താഴ്ഭാഗത്ത് അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങൾ തയ്യാറാക്കിയിരിക്കുന്നു. അതിലവർ എന്നെന്നും വസിക്കുകയായി. അതത്രെ മഹത്തായ നേട്ടം.

جَنَّـٰتُ عَدْنٍ يَدْخُلُونَهَا وَمَن صَلَحَ مِنْ ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّـٰتِهِمْ ۖ وَٱلْمَلَـٰٓئِكَةُ

يَدۡخُلُونَ عَلَيۡهِم مِّن كُلِّ بَابٍ ۝ سَلَـٰمٌ عَلَيۡكُم بِمَا صَبَرۡتُمۡۚ فَنِعۡمَ عُقۡبَى ٱلدَّارِ ۝

13:24–25 നിത്യനിവാസത്തിനുള്ള ഉദ്യാനങ്ങങ്ങളിൽ അവർ പ്രവേശിക്കുന്നതാണ്. അവരുടെ മാതാപിതാക്കന്മാർ, ഭാര്യാഭർത്താക്കന്മാർ, സന്താനങ്ങൾ എന്നിവരിൽ നിന്നുള്ള സൽക്കർമ്മികളും. എല്ലാ തുറകളിൽനിന്നുമുള്ള മലക്കുകൾ അവരുടെ അടുക്കൽ കടന്നു ചെല്ലുന്നതാണ്. നിങ്ങൾ ക്ഷമ കൈക്കൊണ്ട കാരണത്താൽ നിങ്ങൾക്ക് സമാധാനം. അതിനാൽ അന്തിമ ഗൃഹം എത്ര വിശിഷ്ടം.

وَٱلَّذِينَ ءَامَنُواْ وَٱتَّبَعَتۡهُمۡ ذُرِّيَّتُهُم بِإِيمَـٰنٍ أَلۡحَقۡنَا بِهِمۡ ذُرِّيَّتَهُمۡ

52:22 സത്യവിശ്വാസികളെയും സത്യവിശ്വാസത്തിൽ അവരെ പിന്തുടർന്ന സന്തതികളെയും നാം അവരോടൊപ്പം ചേർക്കുന്നതാണ്.

അങ്ങനെ വിശ്വസിച്ചവരും ദൈവ മാർഗ്ഗത്തിൽ ത്യാഗങ്ങൾ അനുഷ്ടിക്കുന്നവരുമാണ് സൃഷ്ടികളിൽ ഏറ്റവും നല്ലവരെന്ന് ദൈവം മുദ്രകുത്തിയിരിക്കുന്നു.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّـٰلِحَـٰتِ أُوْلَـٰٓئِكَ هُمۡ خَيۡرُ ٱلۡبَرِيَّةِ ۝

98:8. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ടുക്കുകയും ചെയ്യുന്നവർ തന്നെയാണ് സൃഷ്ടികളിൽ വെച്ചേറ്റവും നല്ലവർ.

ഇങ്ങനെ നല്ലവരായ ദൈവദാസന്മാരെ അപമാനിക്കുവാനും തരം താഴ്ത്തുവാനും തുനിയുന്നവരെ ദൈവം അപമാനിക്കുന്നതാണെന്നും തരം താഴ്ത്തുന്നതാണെന്നും മുന്നറിയിപ്പു നൽകിയിരിക്കുന്നു.

إِنَّ ٱلَّذِينَ يُحِبُّونَ أَن تَشِيعَ ٱلۡفَـٰحِشَةُ فِى ٱلَّذِينَ ءَامَنُواْ لَهُمۡ عَذَابٌ

أَلِيمٌ فِى ٱلدُّنۡيَا وَٱلۡأَخِرَةِۚ وَٱللَّهُ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ۝

24:20. വിശ്വാസികളെക്കുറിച്ച് ലജ്ജാകരമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് ഇഷ്ടപ്പെടുന്നവർക്ക് തീർച്ചയായും ഇഹത്തിലും പരത്തിലും വേദനാജനകമായ ശിക്ഷലഭിക്കുന്നതാണ്. അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നില്ല.

وَٱلَّذِينَ يُؤۡذُونَ ٱلۡمُؤۡمِنِينَ وَٱلۡمُؤۡمِنَـٰتِ بِغَيۡرِ مَا

ٱكۡتَسَبُواْ فَقَدِ ٱحۡتَمَلُواْ بُهۡتَـٰنًا وَإِثۡمًا مُّبِينًا ۝

33:59 അന്യായമായി സത്യവിശ്വാസികളേയും സത്യവിശ്വാസിനികളേയും പീഡിപ്പിക്കുന്നവർ തീർച്ചയായും അപവാദവും വ്യക്തമായ പാപവും സ്വയം ഏറ്റെടുക്കുകയായി.

إِنَّ ٱلَّذِينَ فَتَنُواْ ٱلۡمُؤۡمِنِينَ وَٱلۡمُؤۡمِنَٰتِ ثُمَّ لَمۡ يَتُوبُواْ

فَلَهُمۡ عَذَابُ جَهَنَّمَ وَلَهُمۡ عَذَابُ ٱلۡحَرِيقِ ۝

85:11 സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഡിപ്പിക്കുകയും എന്നിട്ട് പാശ്ചാതപിക്കാതിരുക്കുകയും ചെയ്യുന്നവർക്ക് തീർച്ചയായും നരക ശിക്ഷ ലഭിക്കുന്നതാണ്. അവർക്ക് ചുട്ടെരിക്കുന്ന ശിക്ഷയും ലഭിക്കുന്നതാണ്.

ദൈവമാർഗത്തിൽ ത്യാഗങ്ങൾ അനുഷ്ടിക്കാനും അതുവഴി ദൈവത്തിന്റെ പ്രേമഭാജനമായിത്തീരുവാനും അല്ലാഹു നമ്മെ എല്ലാവരേയും സഹായിക്കട്ടെ. ആമീൻ.

****

24 ദൈവമാർഗ്ഗത്തിൽ ചിലവഴിക്കൽ

ദൈവമാർഗ്ഗത്തിൽ വിശ്വാസികൾ അനുഷ്ടിക്കേണ്ട മറ്റൊരു ത്യാഗമാണ് തങ്ങളുടെ മുതലുകളും സമ്പാദ്യങ്ങളും അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുകയെന്നത്. വിശ്വാസികളിൽനിന്ന് അവരുടെ ജീവനും മുതലുകളും അല്ലാഹു സ്വർഗ്ഗത്തിനു പകരമായി വിലയ്ക്കെടുത്തുവെന്ന് (9:111) വിശുദ്ധഖുർആൻ പറയുന്നു. ദൈവമാർഗ്ഗത്തിൽ ചെലവുചെയ്യാതെ വെറും ആരാധനാകർമ്മങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയെന്നതല്ല പുണ്യമെന്നും ദൈവമാർഗ്ഗത്തിൽ ചെലവു ചെയ്യുകയും അതോടൊപ്പം ആരാധനാകർമ്മങ്ങൾ അനുഷ്ടിക്കുകയും ചെയ്യുന്നതാണ് പുണ്യമെന്നും ആ പവിത്രഗ്രന്ഥം പറഞ്ഞു തരുന്നു.

لَّيْسَ ٱلْبِرَّ أَن تُوَلُّوا۟ وُجُوهَكُمْ قِبَلَ ٱلْمَشْرِقِ وَٱلْمَغْرِبِ وَلَـٰكِنَّ ٱلْبِرَّ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ

ٱلْـَٔاخِرِ وَٱلْمَلَـٰٓئِكَةِ وَٱلْكِتَـٰبِ وَٱلنَّبِيِّـۧنَ وَءَاتَى ٱلْمَالَ عَلَىٰ حُبِّهِۦ ذَوِى ٱلْقُرْبَىٰ

وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينَ وَٱبْنَ ٱلسَّبِيلِ وَٱلسَّآئِلِينَ وَفِى ٱلرِّقَابِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ

2:178– നിങ്ങളുടെ മുഖങ്ങളെ കിഴക്കോട്ടും പടിഞ്ഞാറോട്ടും തിരിക്കുകയെന്നതല്ല പുണ്യം. പുണ്യമെന്നത് അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും ഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിച്ചുകൊണ്ട് അവനോടുള്ള സ്നേഹത്താൽ തന്റെ ധനം അടുത്ത ബന്ധുവിനും അനാഥർക്കും ദരിദ്രർക്കും വഴിയാത്രക്കാരനും (സഹായം) ചോദിക്കുന്നവർക്കും അടിമയെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുകയും നമസ്കാരം കൃത്യമായി അനുഷ്ടിക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്യുക എന്നതാകുന്നു.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവ് ചെയ്യുക എന്നു പറഞ്ഞാൽ സക്കാത്ത് മാത്രം കൊടുക്കുക എന്നല്ല അർത്ഥം. അടുത്ത ബന്ധുകൾക്കും വഴിയാത്രക്കാർക്കും അനാഥർക്കും ധനസഹായം നൽകുന്നതോടൊപ്പം സക്കാത്ത് വേറെ തന്നെ നൽകേണ്ടതാണെന്ന് മേൽ വചനത്തിൽനിന്നും സുതാര്യം വ്യക്തമാകുന്നു.

തന്റെ ദാസന്മാരിൽ നിന്നും ദാനധർമ്മങ്ങൾ സ്വീകരിക്കുകയെന്നത് ദൈവത്തിന്റെ ഗുണമഹാത്മ്യങ്ങളിൽ ഒന്നാണെന്നും അങ്ങനെ ധാനധർമ്മങ്ങൾ മുഖേനെ ദൈവിക പ്രതിഫലം കരസ്ഥമാക്കുന്നതിനുവേണ്ടി വിശ്വാസികൾ ദൈവമാർഗ്ഗത്തിൽ ചെലവുചെയ്യട്ടെ എന്നും വിശുദ്ധഖുർആനിൽ അവന്റെ പരിശുദ്ധ വചനങ്ങൾ മുഖേന ദൈവം ആവശ്യപ്പെടുന്നു. ഈ അവസരം മരണംവരെ മാത്രം തുറന്നു കിടക്കുന്നതിനാൽ

മരണം വന്നതിനു ശേഷം ദാനധർമ്മങ്ങൾ ചെയ്തുകൊണ്ട് പുണ്യം നേടാൻ ആർക്കും തന്നെ സാധിക്കുകയില്ലെന്നും മുന്നറിയിപ്പു തരുന്നു.

أَلَمْ يَعْلَمُوٓاْ أَنَّ ٱللَّهَ هُوَ يَقْبَلُ ٱلتَّوْبَةَ عَنْ عِبَادِهِۦ

وَيَأْخُذُ ٱلصَّدَقَٰتِ وَأَنَّ ٱللَّهَ هُوَ ٱلتَّوَّابُ ٱلرَّحِيمُ ۝

9:104– അല്ലാഹു തന്റെ ദാസന്മാരിൽനിന്നും പാശ്ചാതാപം സ്വീകരിക്കുകയും ദാനധർമ്മങ്ങൾ കൈകൊള്ളുകയും ചെയ്യുന്നുവെന്നും അല്ലാഹു കനിയുന്നവനും കരുണാനിധിയുമാണെന്നും അവർ അറിഞ്ഞിട്ടില്ലേ?

وَلَا يُنفِقُونَ نَفَقَةً صَغِيرَةً وَلَا كَبِيرَةً وَلَا يَقْطَعُونَ وَادِيًا

إِلَّا كُتِبَ لَهُمْ لِيَجْزِيَهُمُ ٱللَّهُ أَحْسَنَ مَا كَانُواْ يَعْمَلُونَ ۝

9:121–ചെറുതോ വലുതോ ആയ ഒരു ചെലവ് അവർ ചെയ്യുന്നതും ഒരു താഴ്വര മുറിച്ചു കടക്കുന്നതും അവർക്കായി എഴുതപ്പെടാതിരിക്കുന്നില്ല. അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായതിന് അല്ലാഹു അവർക്ക് പ്രതിഫലം നൽകുന്നതിനുവേണ്ടി.

قُل لِّعِبَادِىَ ٱلَّذِينَ ءَامَنُواْ يُقِيمُواْ ٱلصَّلَوٰةَ وَيُنفِقُواْ مِمَّا رَزَقْنَٰهُمْ

سِرًّا وَعَلَانِيَةً مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خِلَٰلٌ ۝

14:32– ക്രയവിക്രയമോ സ്നേഹബന്ധങ്ങളോ സാദ്ധ്യമല്ലത്ത ഒരു ദിനം വരുന്നതിനുമുമ്പ് നമസ്കാരം നിലനിർത്തുവാനും നാം അവർക്ക് നൽകിയതിൽനിന്നും രഹസ്യമായും പരസ്യമായും ചെലവു ചെയ്യുവാനും വിശ്വാസികളായ എന്റെ ദാസന്മാരോട് നീ പറയുക.

وَأَنفِقُواْ مِن مَّا رَزَقْنَٰكُم مِّن قَبْلِ أَن يَأْتِىَ أَحَدَكُمُ ٱلْمَوْتُ فَيَقُولَ رَبِّ لَوْلَآ

أَخَّرْتَنِىٓ إِلَىٰٓ أَجَلٍ قَرِيبٍ فَأَصَّدَّقَ وَأَكُن مِّنَ ٱلصَّٰلِحِينَ ۝ وَلَن يُؤَخِّرَ ٱللَّهُ

نَفْسًا إِذَا جَآءَ أَجَلُهَا ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ۝

63:11–12 നിങ്ങൾക്കു നാം നൽകിയിട്ടുള്ള വിഭവങ്ങളിൽനിന്നും ചെലവഴിക്കുവിൻ. നിങ്ങളിൽ ഒരുവന് മരണം വന്നണയുന്നതിനു മുമ്പേ. അപ്പോൾ അവൻ പറയും, എന്റെ രക്ഷിതാവേ അടുത്ത ഒരവധിവരെ നീ എനി

ക്ക് സാവകാശം നൽകുമെങ്കിൽ ഞാൻ ദാനധർമ്മം ചെയ്യുകയും സദ്‌വൃത്തരിൽപ്പെട്ടവനായിത്തീരുകയും ചെയ്യുന്നതാണ്. എന്നാൽ ഒരാത്മാവിനേയും അല്ലാഹു അതിന്റെ അവധി വന്നുകഴിയുമ്പോൾ പിന്തിച്ചു നിർത്തുകയില്ല. നിങ്ങൾ പ്രവർത്തക്കുന്നതിനെക്കുറിച്ച് അല്ലാഹു ബോധവാനാകുന്നു.

ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നത് പാപങ്ങളെ കഴുകിക്കളയുവാൻ കാരണമായിത്തീരുന്നു. അത് ആത്മാവിനെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

وَيُكَفِّرُ عَنكُم مِّن سَيِّـَٔاتِكُمْ ۗ

2:272. (ദാനധർമ്മങ്ങൾ) നിങ്ങളുടെ പല ദോഷങ്ങളെയും മായിച്ചുകളയുന്നു.

وَمَا تُنفِقُواْ مِنْ خَيْرٍ فَلِأَنفُسِكُمْ ۚ

2:273– നല്ലതിൽനിന്നും നിങ്ങൾ ചെലവഴിക്കുന്നത് നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടിയാകുന്നു.

خُذْ مِنْ أَمْوَٰلِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا

9:103– അവരുടെ മുതലുകളിൽനിന്നും ദാനധർമ്മം വാങ്ങുക. അതവരെ ശുദ്ധീകരിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു.

എന്തുമാത്രം ചെലവഴിക്കണം എന്ന ചോദ്യത്തിനുത്തരമായി ദൈവം വിശുദ്ധ ഖുർആനിൽ പറയുന്നത് കഴിവുള്ളത്ര ചെലവഴിക്കുവാനാണ്. കാരണം ആത്മീയവികാസം സംഭവിക്കുന്നത് പടിപടിയായിട്ടാണ്. ചെറിയ ചെറിയ ത്യാഗങ്ങൾ അനുഷ്ടിച്ചുകൊണ്ട് വലിയ വലിയ ത്യാഗങ്ങളിലേക്ക് ക്രമേണയായി മുന്നേറുവാൻ അതുപദേശിക്കുന്നു. ആത്മാവിന് ഒറ്റയടിക്ക് വലിയ ഭാരം നൽകുന്നതിനേക്കാൾ ചെറിയ ചെറിയ ഭാരങ്ങൾ ചുമത്തിക്കൊണ്ട് ആത്മാവിന്റെ കഴിവുകളെ വികസിപ്പിച്ചെടുക്കുവാൻ തക്കരീതിയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്.

يَسْـَٔلُونَكَ مَاذَا يُنفِقُونَ ۖ قُلْ مَآ أَنفَقْتُم مِّنْ خَيْرٍ

2:216– അവർ ചെലവാക്കേണ്ടത് എന്താണെന്ന് നിന്നോടവർ ചോദിക്കുന്നു. ഉത്തമമായ (സമ്പാദ്യത്തിൽ) നിന്നും നിങ്ങൾ ചെലവഴിക്കുന്നതെന്തോ അത് ചെലവു ചെയ്യുക.

إِنَّمَآ أَمْوَٰلُكُمْ وَأَوْلَـٰدُكُمْ فِتْنَةٌ ۚ وَٱللَّهُ عِندَهُۥٓ أَجْرٌ عَظِيمٌ ﴿١٥﴾ فَٱتَّقُواْ ٱللَّهَ مَا ٱسْتَطَعْتُمْ

وَٱسْمَعُوا۟ وَأَطِيعُوا۟ وَأَنفِقُوا۟ خَيْرًا لِّأَنفُسِكُمْ ۗ وَمَن يُوقَ شُحَّ نَفْسِهِۦ فَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٦﴾

64:16–17 തീർച്ചയായും നിങ്ങളുടെ മുതലുകളും സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാണ്. എന്നാൽ അല്ലാഹുവിലാകുന്നു മഹത്തായ പ്രതിഫലം. അതുകൊണ്ട് നിങ്ങൾക്ക് കഴിവുള്ളത്ര അല്ലാഹുവിനെ ഭയപ്പെടുകയും സൂക്ഷിക്കുകയും കേൾക്കുകയും അനുസരിക്കുകയും ചെയ്യുവിൻ. അത് നിങ്ങളുടെ ആത്മാക്കൾക്ക് ഏറ്റവും നല്ലതാകുന്നു. തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് പരിരക്ഷിക്കപ്പെടുന്നവർ തന്നെയാകുന്നു വിജയികൾ.

لِيُنفِقْ ذُو سَعَةٍ مِّن سَعَتِهِۦ ۖ وَمَن قُدِرَ عَلَيْهِ رِزْقُهُۥ فَلْيُنفِقْ مِمَّآ ءَاتَىٰهُ ٱللَّهُ ۚ

لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا مَآ ءَاتَىٰهَا ۚ

65:8– സമൃദ്ധിയുള്ളവൻ അവന്റെ സമൃദ്ധിയിൽനിന്നും ചെലവഴിക്കട്ടെ. തന്റെ വിഭവത്തിൽ ഞെരുക്കമുള്ളവൻ അല്ലാഹു അവന് നൽകിയതിൽ നിന്നും ചെലവഴിക്കട്ടെ. അല്ലാഹു ഒരാത്മാവിനേയും അതിന് നൽകിയതിനപ്പുറം നിർബന്ധിക്കുന്നില്ല.

ദൈവ മാർഗ്ഗത്തിൽ ചെലവഴിക്കുന്നത് എന്ത് തന്നെയായാലും അത് ഉത്തമമായ വിധത്തിൽ സമ്പാദിച്ചതായിരിക്കണം എന്നത് ഒരു അടിസ്ഥാന നിബന്ധനയാകുന്നു. ദൈവം നിഷേധിച്ച വഴികളിൽകൂടി സമ്പാധിച്ച ധനം അവന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചാൽ ദൈവം അത് സ്വീകരിക്കുകയില്ലെന്ന് വ്യക്തമായി തന്നെ പറഞ്ഞുതന്നിരിക്കുന്നു. ദൈവം ധനവാനും പരാശ്രയരഹിതനും ആകുന്നു. ദൈവമാർഗ്ഗത്തിൽ ചെലവഴിക്കാൻ പറഞ്ഞിരിക്കുന്നത് ആത്മാവിന്റെ ശുദ്ധീകരണത്തിനുവേണ്ടിയാകുന്നു. ഒരു വസ്തുവിനെ ശുദ്ധമാക്കാൻ ഉപയോഗിക്കുന്ന വസ്തുവും ശുദ്ധമായിരിക്കണം. അശുദ്ധമായ ഒന്നുകൊണ്ട് മറ്റൊന്നിനെ ശുദ്ധമാക്കാൻ സാധിക്കുകയില്ല. അവിഹിതമായ മാർഗ്ഗത്തിലൂടെ ദൈവനിർദ്ദേശത്തെ മറികടന്നുകൊണ്ട്, ആത്മാവിനെ മലിനപ്പെടുത്തിക്കൊണ്ട് ധനം സമ്പാദിക്കുകയും അങ്ങനെ സമ്പാധിച്ച ധനത്തിന്റെ ചെറിയൊരു ഭാഗം ദാനം ചെയ്തുകൊണ്ട് ആ മലിന ധനത്തിന്റെ സിംഹഭാഗവും ശുദ്ധമായിത്തീരുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ ജീവിക്കുന്നവരാണ്. അവർക്കത് പ്രയോജനപ്പെടുകയില്ല.

يَسْـَٔلُونَكَ مَاذَا يُنفِقُونَ ۖ قُلْ مَآ أَنفَقْتُم مِّنْ خَيْرٍ

2:216– അവർ ചെലവാക്കേണ്ടതെന്താണെന്ന് നിന്നോടവർ ചോദിക്കുന്നു. ഉത്തമമായ സമ്പാദ്യത്തിൽ നിന്നും നിങ്ങൾ ചെലവാക്കുന്നതെന്താണോ അത്.....

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِن طَيِّبَـٰتِ مَا كَسَبْتُمْ وَمِمَّآ أَخْرَجْنَا لَكُم مِّنَ ٱلْأَرْضِ ۖ وَلَا تَيَمَّمُواْ
ٱلْخَبِيثَ مِنْهُ تُنفِقُونَ وَلَسْتُم بِـَٔاخِذِيهِ إِلَّآ أَن تُغْمِضُواْ فِيهِ ۚ وَٱعْلَمُوٓاْ أَنَّ ٱللَّهَ غَنِىٌّ حَمِيدٌ ۝

2:268– അല്ലയോ വിശ്വാസികളേ, നിങ്ങൾ സമ്പാദിച്ച നല്ലവസ്തുക്കളിൽ നിന്നും ഭൂമിയിൽ നിങ്ങൾക്കു നാം ഉൽപാദിപ്പിച്ചു തന്നവയിൽനിന്നും നിങ്ങൾ ചെലവ് ചെയ്യുവിൻ. അതിൽനിന്നും ചീത്തയായത് ചെലവു ചെയ്യാനായി നിങ്ങൾ ഉദ്ദേശിക്കരുത്. കണ്ണടച്ചുകൊണ്ടല്ലാതെ നിങ്ങൾ അത് സ്വീകരിക്കുകയില്ല. അല്ലാഹു പരാശ്രയമില്ലാത്തവനും (ധനവാനും) സ്തുത്യർഹനുമാണെന്നറിയുക.

وَمَا تُنفِقُواْ مِنْ خَيْرٍ فَلِأَنفُسِكُمْ ۚ وَمَا تُنفِقُونَ إِلَّا ٱبْتِغَآءَ وَجْهِ ٱللَّهِ ۚ
وَمَا تُنفِقُواْ مِنْ خَيْرٍ يُوَفَّ إِلَيْكُمْ وَأَنتُمْ لَا تُظْلَمُونَ ۝

2:273– നല്ലതിൽ നിന്നും നിങ്ങൾ എന്തു ചെലവു ചെയ്യുന്നുവോ അത് നിങ്ങളുടെ ആത്മാക്കൾക്ക് വേണ്ടിയാണ്. അല്ലാഹുവിന്റെ തൃപ്തി തേടിക്കൊണ്ടല്ലാതെ നിങ്ങൾ ചെലവ് ചെയ്യുകയും അരുത്. നല്ലതിൽനിന്നും നിങ്ങൾ എന്തു ചെലവു ചെയ്യുന്നുവോ അതു മുഴുവനും നിങ്ങൾക്ക് തിരിച്ചു നൽകപ്പെടും. നിങ്ങളോട് അനീതി ചെയ്യപ്പെടുകയുമില്ല.

നല്ലതിൽനിന്നും ചെലവു ചെയ്യുന്നത് തിരിച്ചുനൽകപ്പെടും എന്നു പറഞ്ഞതിൽ നിന്നും ചീത്ത സമ്പാദ്യങ്ങളിൽനിന്നും ചെലവഴിച്ചത് തിരിച്ചു നൽകപ്പെടുകയില്ലെന്ന് മനസ്സിലാക്കാവുന്നതാണ്.

ദൈവ മാർഗ്ഗത്തിൽ രഹസ്യമായും പരസ്യമായും ചെലവഴിക്കാവുന്നതാണ്. പരസ്യമായി ചെലവഴിക്കുന്നത് നല്ല ഉദ്ദേശ്യം വെച്ചുകൊണ്ടായിരിക്കണം. ജനങ്ങളെ കാണിക്കാൻ വേണ്ടിയായിരിക്കരുത്. എന്നാൽ രഹസ്യമായി ചെലവഴിക്കുന്നതാണ് കൂടുതൽ ഉത്തമമമെന്ന് ദൈവം പറഞ്ഞുതരുന്നു. നല്ലമാതൃകയെ പിന്തുടർന്ന് കൊണ്ട് മറ്റുള്ളവർക്ക് ഉത്തേജനം നൽകുന്നതിനുവേണ്ടി പരസ്യമായി ചെലവഴിക്കുമ്പോൾ അതൊരു അഭിനന്ദനമർഹിക്കുന്ന പ്രവൃത്തിയായിത്തീരുന്നു. എന്നാൽ ദാനധർമ്മങ്ങൾ വളരെയധികം ചെയ്യുന്നവർ അവരുടെ ദാനധർമ്മങ്ങളുടെ ഒരു ഭാഗം രഹസ്യമാക്കിവെക്കാനായിരിക്കും ശ്രമിക്കുക. ആൾക്കാരെ കാണിക്കാൻ വേണ്ടി ചെയ്യുന്നു എന്ന തോന്നലുകളിൽ നിന്നും മോചനം നേടുന്നതിനുവേണ്ടി. വലത്തെ കൈ കൊടുക്കുന്നത് ഇടത്തെ കൈ അറിയരുതെന്ന നബി(സ) തിരുമേനിയുടെ തിരുവചനം ഇതിനു തെളിവു നിൽക്കുന്നു.

إِن تُبْدُواْ ٱلصَّدَقَٰتِ فَنِعِمَّا هِيَ ۖ وَإِن تُخْفُوهَا وَتُؤْتُوهَا ٱلْفُقَرَآءَ فَهُوَ خَيْرٌ لَّكُمْ ۚ

2:272– ദാനധർമ്മങ്ങളെ നിങ്ങൾ വെളിപ്പെടുത്തുന്നുവെങ്കിൽ അത് നല്ലതു തന്നെ. നിങ്ങൾ അത് മറച്ചുവെയ്ക്കുകയും ദരിദ്രർക്ക് അതു നിങ്ങൾ നൽകുകയും ചെയ്യുന്നുവെങ്കിൽ അപ്പോൾ അതാണ് നിങ്ങൾക്ക് ഏറ്റവും ഉത്തമം.

قُل لِّعِبَادِيَ ٱلَّذِينَ ءَامَنُواْ يُقِيمُواْ ٱلصَّلَوٰةَ

وَيُنفِقُواْ مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً

14:32– നമസ്കാരം നിലനിർത്തുവാനും നാം അവർക്ക് നൽകിയതിൽ നിന്നും രഹസ്യമായും പരസ്യമായും ചെലവുചെയ്യുവാനും വിശ്വാസികളായ എന്റെ ദാസന്മരോട് നീ പറയുക.

കുത്തുവാക്കുകൾ പറഞ്ഞുകൊണ്ട് ദാനധർമ്മങ്ങൾ ചെയ്യരുത്. ചെയ്തു കഴിഞ്ഞ ദാനധർമ്മങ്ങളെ എടുത്തു പറഞ്ഞുകൊണ്ടും വിളിച്ചു പറഞ്ഞുകൊണ്ടും അത് സ്വീകരിച്ചിരുന്നവരെ തരം താഴ്ത്തുകയും അരുത്. അങ്ങനെ ചെയ്യുന്നതായാൽ ആ ദാനധർമ്മങ്ങൾ നിഷ്ഫലമായിത്തീരുന്നതാണ്.

قَوْلٌ مَّعْرُوفٌ وَمَغْفِرَةٌ خَيْرٌ مِّن صَدَقَةٍ يَتْبَعُهَآ أَذًى ۗ وَٱللَّهُ غَنِيٌّ حَلِيمٌ ۝

2:264– കുത്തുവാക്കുകൾ പറഞ്ഞുകൊണ്ടുള്ള ദാനധർമ്മത്തേക്കാൾ ഉത്തമം നല്ല വാക്കുകൾ പറയലും പെറുത്ത് കൊടുക്കലുമാകുന്നു. അല്ലാഹു പരാശ്രയരഹിതനും സഹനശീലനുമത്രെ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُبْطِلُواْ صَدَقَٰتِكُم بِٱلْمَنِّ وَٱلْأَذَىٰ

كَٱلَّذِي يُنفِقُ مَالَهُۥ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۖ

2:265–അല്ലയോ വിശ്വാസികളേ, ഉപകാരങ്ങൾ എടുത്തുപറഞ്ഞും കുത്തുവാക്കുകൾ പറഞ്ഞും നിങ്ങളുടെ ദാനധർമ്മങ്ങളെ നിഷ്ഫലമാക്കരുത്. ആളുകളെ കാണിക്കാൻ വേണ്ടി തന്റെ ധനം ചെലവാക്കുകയും അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവനെപ്പോലെ (നിങ്ങൾ ആയിത്തീരുകയും അരുത്).

ധനം പരസ്യമായി ചെലവഴിക്കാമെന്ന് പറഞ്ഞത് നാം അറിഞ്ഞു കഴിഞ്ഞു. എങ്കിലും അത് ആൾക്കാരിൽ നിന്നും പ്രശസ്തി ലഭിക്കുന്നതിനു വേണ്ടിയായിരിക്കരുതെന്ന് ദൈവം പ്രത്യേകമായി നമ്മെ ഉണർത്തിയി

രിക്കുന്നു. അങ്ങനെയുള്ള ദാനധർമ്മങ്ങൾ കാരണം അവർക്ക് പ്രശസ്തി ലഭിക്കുമെങ്കിലും ദൈവത്തിൽനിന്നുള്ള പ്രതിഫലം അവർക്ക് ലഭിക്കുന്നതല്ല.

كَٱلَّذِى يُنفِقُ مَالَهُۥ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۖ فَمَثَلُهُۥ كَمَثَلِ صَفْوَانٍ عَلَيْهِ
تُرَابٌ فَأَصَابَهُۥ وَابِلٌ فَتَرَكَهُۥ صَلْدًا ۖ لَّا يَقْدِرُونَ عَلَىٰ شَىْءٍ مِّمَّا كَسَبُوا۟ ۗ

2:265– ആൾക്കാരെ കാണിക്കാൻവേണ്ടി തന്റെ ധനം ചെലവഴിക്കുകയും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസിക്കാതിരിക്കുകയും ചെയ്യുന്നവനെപ്പോലെയാകരുത്. അവന്റെ ഉപമ പുറത്തു മണ്ണുള്ള ഒരു പാറപോലെയാകുന്നു. അതിനെ പെരുമഴ ബാധിച്ചപ്പോൾ (മണ്ണുകൾ നീങ്ങിപ്പോയി) വെറും ശൂന്യമായ പാറമാത്രം ബാക്കിയായി. അവർ സമ്പാദിച്ചതൊന്നും അവർക്ക് കരസ്ഥമാക്കാൻ സാധിക്കാതെയായി.

ജനങ്ങളെ കാണിക്കാൻ വേണ്ടി ധനം ചെലവഴിക്കുന്നവർ സാത്താന്റെ സ്നേഹിതന്മാരാണെന്ന് ദൈവം പറയുന്നു.

وَٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُونَ بِٱللَّهِ
وَلَا بِٱلْيَوْمِ ٱلْءَاخِرِ ۗ وَمَن يَكُنِ ٱلشَّيْطَٰنُ لَهُۥ قَرِينًا فَسَآءَ قَرِينًا ﴿٣٨﴾

4:39– (അവിശ്വാസികൾ) ജനങ്ങളെ കാണിക്കാനായി തങ്ങളുടെ ധനം ചെലവഴിക്കുകയും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവരാണ്. ആർക്കാണോ പിശാച് ഒരു കൂട്ടുകാരനായിത്തീരുന്നത് (അയാൾ ഓർക്കട്ടെ) അവനൊരു ചീത്തകൂട്ടുകാരനാകുന്നു.

ജനങ്ങളെ കാണിക്കാൻ ധനം ചെലവഴിക്കരുതെന്ന് ഉപദേശിച്ചതുപോലെ മറ്റുള്ളവരിൽനിന്നും പ്രതിഫലം ആഗ്രഹിച്ചുകൊണ്ടും ധനം ചെലവഴിക്കരുതെന്ന് ദൈവം കല്പിക്കുന്നു. ദാനധർമ്മങ്ങളുടെ ലക്ഷ്യം ദൈവത്തിന്റെ പ്രീതി കരസ്ഥമാക്കുകയായിരിക്കണം. അല്ലാഹുവിന്റെ പ്രീതിയ്ക്കുവേണ്ടി മാത്രം ധനം ചെലവഴിക്കുകയെന്നത് യഥാർത്ഥ വിശ്വാസികളുടെ ലക്ഷ്യമായിരിക്കേണ്ടതാണ്.

وَمَا تُنفِقُوا۟ مِنْ خَيْرٍ فَلِأَنفُسِكُمْ ۚ وَمَا تُنفِقُونَ إِلَّا ٱبْتِغَآءَ وَجْهِ ٱللَّهِ ۚ

2:273– നല്ല വസ്തുക്കളിൽനിന്നും നിങ്ങൾ എന്തുചെലവഴിക്കുന്നുവോ അതു നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടിയാകുന്നു. അല്ലാഹുവിന്റെ തൃപ്തി തേടിക്കൊണ്ടല്ലാതെ നിങ്ങൾ ചെലവ് ചെയ്യുകയും അരുത്.

وَيُطۡعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسۡكِينٗا وَيَتِيمٗا وَأَسِيرًا ۝

إِنَّمَا نُطۡعِمُكُمۡ لِوَجۡهِ ٱللَّهِ لَا نُرِيدُ مِنكُمۡ جَزَآءٗ وَلَا شُكُورًا ۝

76:9–10. അവർ (വിശ്വാസികൾ) അല്ലാഹുവിനോടുള്ള സ്നേഹത്താൽ ദരിദ്രനും അനാഥനും തടവുകാരനും ഭക്ഷണം നൽകുന്നു. (അവർ പറയും) നിങ്ങൾക്കു ഞങ്ങൾ ഭക്ഷണം തരുന്നത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമാണ്. നിങ്ങളിൽനിന്നും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

ദൈവമാർഗ്ഗത്തിൽ ചെലവാക്കാതെ പിശുക്കുപിടിക്കുന്നതും അതുപോലെ ധനം ധൂർത്തടിക്കുന്നതും തിന്മകളാണെന്ന് ദൈവം മുന്നറിയിപ്പു നൽകുന്നു. ധനം ചെലവഴിക്കാതെ പിശുക്കു പിടിക്കുന്നവർ ദുരിതത്തിലേക്കെത്തിച്ചേരുന്നതണ്.

وَلَا يَحۡسَبَنَّ ٱلَّذِينَ يَبۡخَلُونَ بِمَآ ءَاتَىٰهُمُ ٱللَّهُ مِن فَضۡلِهِۦ هُوَ خَيۡرٗا لَّهُم ۖ بَلۡ هُوَ شَرّٞ لَّهُمۡ ۖ سَيُطَوَّقُونَ مَا

بَخِلُواْ بِهِۦ يَوۡمَ ٱلۡقِيَٰمَةِ ۗ وَلِلَّهِ مِيرَٰثُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ ۗ وَٱللَّهُ بِمَا تَعۡمَلُونَ خَبِيرٞ ۝

3:181– അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്നും തങ്ങൾക്ക് നൽകിയതിൽ ലുബ്ധ് കാണിക്കുന്നവർ ധരിക്കേണ്ട അതവർക്ക് ഗുണകരമാണെന്ന്. അത് അവർക്ക് ദോഷകരമാകുന്നു. അവർ ലുബ്ധ് പിടിച്ചവ കൊണ്ട് ഉയിർത്തെഴുന്നേൽപ്പുനാളിൽ അവരിൽ വളയം ചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനുള്ളതാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ബോധവാനുമാകുന്നു.

هَٰٓأَنتُمۡ هَٰٓؤُلَآءِ تُدۡعَوۡنَ لِتُنفِقُواْ فِي سَبِيلِ ٱللَّهِ فَمِنكُم مَّن يَبۡخَلُ ۖ وَمَن يَبۡخَلۡ فَإِنَّمَا يَبۡخَلُ عَن

نَّفۡسِهِۦ ۚ وَٱللَّهُ ٱلۡغَنِيُّ وَأَنتُمُ ٱلۡفُقَرَآءُ ۚ وَإِن تَتَوَلَّوۡاْ يَسۡتَبۡدِلۡ قَوۡمًا غَيۡرَكُمۡ ثُمَّ لَا يَكُونُوٓاْ أَمۡثَٰلَكُم ۝

47:39– നോക്കൂ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാനായി വിളിക്കപ്പെട്ടവരാണ് നിങ്ങൾ. എന്നാൽ നിങ്ങളിൽ ലുബ്ധ് കാട്ടുന്നവരുണ്ട്. ആരെങ്കിലും ലുബ്ധ് കാട്ടുന്നുവെങ്കിൽ തന്റെ ആത്മാവിനെതിരായി അവൻ ലുബ്ധ് കാട്ടുന്നു. അല്ലാഹു ധനവാനും നിങ്ങൾ ആവശ്യക്കാരുമാകുന്നു. നിങ്ങൾ പിന്തിരിഞ്ഞു പോകുന്നതായാൽ നിങ്ങളൾക്കു പകരം മറ്റൊരു ജനതയെ അവൻ മാറ്റിക്കൊണ്ടുവരും. അപ്പോൾ അവർ നിങ്ങളെപ്പോലെ ആയിരിക്കുകയില്ല.

وَأَمَّا مَنۢ بَخِلَ وَٱسۡتَغۡنَىٰ ۝ وَكَذَّبَ بِٱلۡحُسۡنَىٰ ۝ فَسَنُيَسِّرُهُۥ لِلۡعُسۡرَىٰ ۝

92:9–11 ആർ പിശുക്കുകാട്ടുകയും പരാശ്രയരഹിതനായി സ്വയം കരുതുകയും ഏറ്റവും ഉത്തമമായതിനെ നിഷേധിക്കുകയും ചെയ്യുന്നുവോ അവന് നാം ദുരിതം ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്.

പിശുക്ക് ദുരിതത്തിനു കാരണമായിത്തീരുന്നതുപോലെ അമിതവ്യയവും ദുരിതത്തിന് കാരണമായിത്തീരുന്നതാണ്. അമിതവ്യയം പൈശാചികമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. യഥാർത്ഥ വിശ്വാസി പിശുക്കുകാട്ടാതെയും അമിതമായി ചെലവഴിക്കാതെയും രണ്ടിന്നുമിടയിൽ ഒരു മദ്ധ്യമാർഗ്ഗം കൈകൊള്ളുന്നവനാകുന്നു.

وَكُلُواْ وَٱشۡرَبُواْ وَلَا تُسۡرِفُوٓاْۚ إِنَّهُۥ لَا يُحِبُّ ٱلۡمُسۡرِفِينَ ۝

7:32– ...തിന്നുകയും കുടിക്കുകയും ചെയ്യുവിൻ. എന്നാൽ അമിതമാകരുത്. തീർച്ചയായും അവൻ ധൂർത്തന്മാരെ ഇഷ്ടപ്പെടുന്നില്ല.

وَءَاتِ ذَا ٱلۡقُرۡبَىٰ حَقَّهُۥ وَٱلۡمِسۡكِينَ وَٱبۡنَ ٱلسَّبِيلِ وَلَا تُبَذِّرۡ تَبۡذِيرًا

إِنَّ ٱلۡمُبَذِّرِينَ كَانُوٓاْ إِخۡوَٰنَ ٱلشَّيَٰطِينِۖ وَكَانَ ٱلشَّيۡطَٰنُ لِرَبِّهِۦ كَفُورًا ۝

17:27–28 അടുത്ത ബന്ധുവിനും ദരിദ്രനും വഴിയാത്രക്കാരനും അവന്റെ അവകാശം നൽകുക. ധൂർത്തടിച്ച് ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയക്കാർ പിശാചുക്കളുടെ സഹോദരന്മാരാകുന്നു. പിശാച് അവന്റെ രക്ഷിതാവിനോട് നന്ദിയില്ലാത്തവനും ആകുന്നു.

وَٱلَّذِينَ إِذَآ أَنفَقُواْ لَمۡ يُسۡرِفُواْ وَلَمۡ يَقۡتُرُواْ وَكَانَ بَيۡنَ ذَٰلِكَ قَوَامًا ۝

25:68–(ദൈവ ദാസന്മാർ) ചെലവു ചെയ്യുമ്പോൾ അമിതമാക്കാത്തവരും ലുബ്ധ് കാണിക്കാത്തവരും അതിനിടയിൽ ഒരു മദ്ധ്യനില കൈകൊള്ളുന്നവരും ആകുന്നു.

ദൈവ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവർ ഊറ്റം നടിക്കുകയോ അതിനു കഴിവില്ലാത്തവരെ കുറ്റം പറയുകയോ പരിഹസിക്കുകയോ ചെയ്യരുത്. അങ്ങനെ ചെയ്യുന്നവർ തരം താഴ്ത്തപ്പെടുകയും ശിക്ഷയ്ക്ക് പാത്രമായിത്തീരുകയും ചെയ്യുന്നതാണ്.

ٱلَّذِينَ يَلۡمِزُونَ ٱلۡمُطَّوِّعِينَ مِنَ ٱلۡمُؤۡمِنِينَ فِي ٱلصَّدَقَٰتِ وَٱلَّذِينَ لَا يَجِدُونَ

إِلَّا جُهْدَهُمْ فَيَسْخَرُونَ مِنْهُمْ سَخِرَ ٱللَّهُ مِنْهُمْ وَلَهُمْ عَذَابٌ أَلِيمٌ ﴿٧٩﴾

9:79- വിശ്വാസികളിൽ ദാനധർമ്മങ്ങളിൽ സ്വമനസ്സാലെ പ്രവർത്തിക്കുന്നവരേയും തങ്ങളുടെ അദ്ധ്വാനമല്ലാതെ മറ്റൊന്നും കണ്ടെത്താത്തവരേയും കുറ്റം പറയുകയും പരിഹസിക്കുകയും ചെയ്യുന്നവരെ അല്ലാഹു പരിഹസിക്കുന്നതാണ്. അവർക്ക് വേദനയുറ്റ ശിക്ഷയുമുണ്ട്.

ആർക്കെങ്കിലും കടം കൊടുത്താൽ കടം വാങ്ങിയവൻ തിരിച്ചു നൽകാൻ കഴിയാതെ പ്രയാസമനുഭവിക്കുകയാണെങ്കിൽ അവന് സാവകാശം കൊടുക്കുവാനും കടം കൊടുത്തത് ദാനമായി വിട്ടുകൊടുക്കുവാനും ദൈവം വിശ്വാസികളെ ഉപദേശിക്കുന്നു.

وَإِن كَانَ ذُو عُسْرَةٍ فَنَظِرَةٌ إِلَىٰ مَيْسَرَةٍ ۚ وَأَن تَصَدَّقُوا۟ خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿٢٨١﴾

2:281- (കടം വാങ്ങിയവൻ) പ്രയാസ്സത്തിലായാൽ പ്രയാസം മാറുന്നതു വരെ ഇളവ് അനുവദിക്കുക. നിങ്ങൾ അറിവുള്ളവരാണെങ്കിൽ ദാനമായി വിട്ടുകൊടുക്കുന്നതു തന്നെയാണ് ഏറ്റവും ഉത്തമം.

സ്വന്തം മാതാപിതാക്കൾക്കും ഭാര്യാമക്കൾക്കും അടുത്ത ബന്ധുക്കൾക്കും ചെലവഴിക്കുന്നത് ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നതിന് തുല്യമായി ദൈവം പരിഗണിക്കുന്നു. എന്നാൽ അവർക്കുവേണ്ടി ചെലവഴിക്കുന്നതുപോലെ ദൈവം കൽപ്പിച്ച രീതിയിൽ മറ്റുള്ളവർക്കുവേണ്ടിയും ചെലവഴിക്കേണ്ടതാണ്. മാതാപിതാക്കൾക്കും ഭാര്യാമക്കൾക്കും ചെലവഴിക്കുന്നതിൽ വൈകാരിക പ്രേരണ കൂടുതലായിരിക്കും. ദൈവ വിശ്വാസികൾ അല്ലാത്തവരും ബഹുദൈവാരാധകരും സ്വന്തം ബന്ധുക്കൾക്കു വേണ്ടി അവരുടെ ധനം ചെലവഴിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥ വിശ്വാസികൾ അടുത്ത ബന്ധുക്കൾക്കുവേണ്ടി ചെലവഴിക്കുന്നതോടൊപ്പം മറ്റുള്ളവർക്കുവേണ്ടിയും ചെലവഴിക്കുന്നവരായിരിക്കണമെന്നാണ് ദൈവം കല്പിക്കുന്നത്.

وَءَاتَى ٱلْمَالَ عَلَىٰ حُبِّهِۦ ذَوِى ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ

وَٱلْمَسَـٰكِينَ وَٱبْنَ ٱلسَّبِيلِ وَٱلسَّآئِلِينَ وَفِى ٱلرِّقَابِ

2:178- തന്റെ ധനം അടുത്ത ബന്ധുവിനും അനാഥർക്കും ദരിദ്രർക്കും വഴിയാത്രക്കാരനും ചോദിക്കുന്നവർക്കും അടിമയെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുന്നതത്രെ (പുണ്യം)

يَسْـَٔلُونَكَ مَاذَا يُنفِقُونَ ۖ قُلْ مَآ أَنفَقْتُم مِّنْ خَيْرٍ فَلِلْوَٰلِدَيْنِ وَٱلْأَقْرَبِينَ وَٱلْيَتَـٰمَىٰ

وَٱلْمَسَٰكِينِ وَٱبْنِ ٱلسَّبِيلِ ۗ وَمَا تَفْعَلُوا۟ مِنْ خَيْرٍ فَإِنَّ ٱللَّهَ بِهِۦ عَلِيمٌ ۝

2:216– ചെലവാക്കേണ്ടതെന്താണെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക, നല്ലധനത്തിൽനിന്നും നിങ്ങൾ ചെലവാക്കുന്നതെന്തോ, അത് മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും ദരിദ്രർക്കും വഴിയാത്രക്കാർക്കുംവേണ്ടി ചെലവഴിക്കുക. നന്മയിൽ നിങ്ങൾ എന്ത് പ്രവർത്തിക്കുന്നവോ തീർച്ചയായും അല്ലാഹു അതിനെ സംബന്ധിച്ച് അറിവുറ്റവനത്രെ.

ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നവർ ധനം യഥാർത്ഥ്യത്തിൽ ആവശ്യമുള്ളവരെ തേടിപ്പിടിച്ചു മനസ്സിലാക്കി അതിനർഹതയുള്ള ആൾക്കാർക്ക് നൽകേണ്ടതാണ്. ഭിക്ഷയാചിക്കുന്നവർക്ക് എന്തെങ്കിലും കൊടുത്താൽ വലിയ കാര്യമായി എന്ന് വിചാരിക്കുന്നവരാണ് നമ്മളിലധികവും. എന്നാൽ കഷ്ടപ്പെടുന്നവരെ അങ്ങോട്ടുപോയി ചെന്നുകണ്ട് അവരുടെ ദുരിതങ്ങൾ ചോദിച്ച് മനസ്സിലാക്കി അവരെ സഹായിക്കുകയാണ് വേണ്ടെതെന്ന് ദൈവം നമ്മെ പഠിപ്പിക്കുന്നു.

لِلْفُقَرَآءِ ٱلَّذِينَ أُحْصِرُوا۟ فِى سَبِيلِ ٱللَّهِ لَا يَسْتَطِيعُونَ ضَرْبًا فِى ٱلْأَرْضِ

يَحْسَبُهُمُ ٱلْجَاهِلُ أَغْنِيَآءَ مِنَ ٱلتَّعَفُّفِ تَعْرِفُهُم بِسِيمَٰهُمْ لَا يَسْـَٔلُونَ ٱلنَّاسَ

إِلْحَافًا ۗ وَمَا تُنفِقُوا۟ مِنْ خَيْرٍ فَإِنَّ ٱللَّهَ بِهِۦ عَلِيمٌ ۝

2:274– (ദാനധർമങ്ങൾ) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രവർത്തിക്കുന്ന ദരിദ്രർക്കുള്ളതാണ്. അവർക്ക് (ഉപജീവനം തേടി) ഭൂമിയിൽ സഞ്ചരിക്കുവാൻ കഴിയുന്നില്ല. അവരുടെ ഒതുങ്ങിയ ജീവിതരീതി കാരണം അവരെ ധനികരായി അറിവില്ലാത്തവൻ കരുതുന്നു. അവരുടെ അടയാളങ്ങൾകൊണ്ട് നീ അവരെ തിരിച്ചറിയും. ജനങ്ങളെ വിഷമിപ്പിച്ചുകൊണ്ട് അവർ ചോദിക്കുകയില്ല. നല്ല ധനത്തിൽനിന്നും നിങ്ങൾ ചെലവാക്കുന്നതിനെക്കുറിച്ച് അല്ലാഹു തീർച്ചയായും അറിയുന്നവനാകുന്നു.

ഒരു വിശ്വാസിയുടെ സമ്പത്തിൽ ആവശ്യങ്ങൾ ചോദിക്കുന്നവർക്കും ആവശ്യങ്ങൾ ചോദിക്കാൻ സാധിക്കാത്തവർക്കും അവകാശമുണ്ടെന്ന് ദൈവം അറിയിച്ചിരിക്കുന്നു. ഒരു വിശ്വാസി അവന്റെ ധനം മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കുമ്പോൾ അവൻ അവരുടെ അവകാശം കൊടുത്തു തീർക്കുകയാണ് ചെയ്യുന്നത്. അല്ലാതെ മറ്റുള്ളവർക്ക് പരോപകാരം ചെയ്തു കൊടുക്കുകയല്ല. സത്യവിശ്വാസി ദൈവം അവനു നൽകിയതിൽനിന്നും അവന്റെ കടമ നിർവ്വഹിക്കുന്നു.

وَفِيٓ أَمۡوَٰلِهِمۡ حَقّٞ لِّلسَّآئِلِ وَٱلۡمَحۡرُومِ ۝

51:20– ചോദിക്കുന്നവർക്കും ചോദിക്കാൻ സാധിക്കാത്തവർക്കും അവരുടെ മുതലുകളിൽ അവകാശമുണ്ട്.

അടുത്ത ബന്ധുക്കൾക്കു വേണ്ടി ചെലവഴിക്കുന്നത് ദാനധർമ്മങ്ങളായി കണക്കാക്കപ്പെടുന്നുവെങ്കിലും തന്റെ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം നിർബന്ധ ദാനമായി ചെലവഴിക്കാൻ ദൈവം ഉത്തരവ് നൽകുന്നു. നിർബന്ധമായി ചെലവഴിക്കേണ്ട ഈ സക്കാത്ത് മുതലുകളിൽ അടുത്ത ബന്ധുക്കളെ ദൈവം ഉൾപ്പെടുത്തിയിട്ടില്ല. നിർബന്ധ ദാന മുതലുകൾക്ക് അർഹരായിത്തീരുന്നവർ താഴെ പറയുന്നവരാണ്.

إِنَّمَا ٱلصَّدَقَٰتُ لِلۡفُقَرَآءِ وَٱلۡمَسَٰكِينِ وَٱلۡعَٰمِلِينَ عَلَيۡهَا وَٱلۡمُؤَلَّفَةِ قُلُوبُهُمۡ وَفِي ٱلرِّقَابِ

وَٱلۡغَٰرِمِينَ وَفِي سَبِيلِ ٱللَّهِ وَٱبۡنِ ٱلسَّبِيلِۖ فَرِيضَةٗ مِّنَ ٱللَّهِۗ وَٱللَّهُ عَلِيمٌ حَكِيمٞ ۝

9:60– ദാനമുതലുകൾ (നിർബന്ധ ദാനം) ദരിദ്രർക്കും അഗതികൾക്കും അതിനുവേണ്ടി പ്രവർത്തിയെടുക്കുന്നവർക്കും തങ്ങളുടെ ഹൃദയങ്ങൾ യോജിപ്പിക്കപ്പെടേണ്ടവർക്കും അടിമകളെ മോചിപ്പിക്കേണ്ടതിനും കടബാദ്ധ്യതയുള്ളവർക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിലും വഴിയാത്രക്കാർക്കും വേണ്ടിയാകുന്നു. ഇത് അല്ലാഹുവിൽനിന്നുള്ള നിർബന്ധ നിയമമാകുന്നു അല്ലാഹു അറിവുറ്റവനും പരമതന്ത്രജ്ഞനുമാകുന്നു.

ദൈവമാർഗ്ഗത്തിൽ ചെലവഴിക്കാത്തവർക്ക് നന്മ പ്രാപിക്കുവാൻ സാധിക്കുകയില്ല. ചെലവഴിക്കാതെ കൈകളെ തടഞ്ഞു വെക്കുന്നവർ നാശത്തിൽ ചെന്ന് പതിക്കുന്നതാണ്.

لَن تَنَالُواْ ٱلۡبِرَّ حَتَّىٰ تُنفِقُواْ مِمَّا تُحِبُّونَۚ وَمَا تُنفِقُواْ مِن شَيۡءٖ فَإِنَّ ٱللَّهَ بِهِۦ عَلِيمٞ ۝

3:93– നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്നും ചെലവ് ചെയ്യുന്നതുവരെ നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ചെലവഴിക്കുന്നതിനെക്കുറിച്ച് തീർച്ചയായും അല്ലാഹു അറിയുന്നവനാകുന്നു.

وَأَنفِقُواْ فِي سَبِيلِ ٱللَّهِ وَلَا تُلۡقُواْ بِأَيۡدِيكُمۡ إِلَى

ٱلتَّهۡلُكَةِۛ وَأَحۡسِنُوٓاْۛ إِنَّ ٱللَّهَ يُحِبُّ ٱلۡمُحۡسِنِينَ ۝

2:196– അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുവിൻ. നിങ്ങളുടെ കൈകൾകൊണ്ട് നിങ്ങളെ നാശത്തിലേക്കെറിയരുത്. നന്മ ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു നന്മചെയ്യുന്നവരെ സ്നേഹിക്കുന്നു.

ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നവരും വീട്ടിൽ ഒതുങ്ങിക്കൂടി ആരാധനകൾ മാത്രം അർപ്പിക്കുന്നവരും തുല്യരല്ലെന്ന് ദൈവം പ്രഖ്യാപിക്കുന്നു. ചെലവഴിക്കുന്നവർ ചെലവഴിക്കാത്തവരേക്കാൾ പദവിയിൽ ശ്രേഷ്ടരാണെന്ന് അല്ലാഹു വെളിപ്പെടുത്തുന്നു.

لَّا يَسْتَوِى ٱلْقَـٰعِدُونَ مِنَ ٱلْمُؤْمِنِينَ غَيْرُ أُو۟لِى ٱلضَّرَرِ وَٱلْمُجَـٰهِدُونَ فِى سَبِيلِ ٱللَّهِ
بِأَمْوَٰلِهِمْ وَأَنفُسِهِمْ ۚ فَضَّلَ ٱللَّهُ ٱلْمُجَـٰهِدِينَ بِأَمْوَٰلِهِمْ وَأَنفُسِهِمْ عَلَى ٱلْقَـٰعِدِينَ دَرَجَةً ۚ وَكُلًّا
وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ وَفَضَّلَ ٱللَّهُ ٱلْمُجَـٰهِدِينَ عَلَى ٱلْقَـٰعِدِينَ أَجْرًا عَظِيمًا ﴿٩٥﴾

4:96- വൈകല്യങ്ങളൊന്നുമില്ലാതെ വിശ്വാസികളിൽനിന്ന് വീട്ടിൽ കഴിയുന്നവരും തങ്ങളുടെ മുതലുകളും ശരീരങ്ങളുംകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രയത്നിക്കുന്നവരും തുല്യരല്ല. തങ്ങളുടെ മുതലുകളും ശരീരങ്ങളുംകൊണ്ട് പോരടുന്നവരെ സ്വസ്ഥരായി ഇരിക്കുന്നവരേക്കാൾ അല്ലാഹു പദവിയിൽ ഉന്നതരാക്കിയിരിക്കുന്നു.

അതുപോലെ ഇസ്ലാമിന്റെ (ആഗോള) വിജയത്തിനുമുമ്പായി അതിനുവേണ്ടി ചെലവഴിക്കുന്നവരും വിജയം വന്നെത്തിയ ശേഷം ചെലവഴിക്കുന്നവരും തുല്യരല്ല. വിജയത്തിനുമുമ്പ് വിലവഴിക്കുന്നവർ പിന്നീട് ചെലവഴിക്കുന്നവരേക്കാൾ ശ്രേഷ്ടരാണ്. വിജയത്തിനുമുമ്പായി ചെലവഴിക്കുന്നവർ വളരെയധികം വേദനകളും യാതനകളും സഹിച്ച് മുന്നോട്ട് കുതിക്കുന്നതിനാൽ ദൈവം അവർക്ക് കൂടുതൽ ശ്രേഷ്ടത നൽകിയിരിക്കുന്നു.

وَمَا لَكُمْ أَلَّا تُنفِقُوا۟ فِى سَبِيلِ ٱللَّهِ وَلِلَّهِ مِيرَٰثُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ
لَا يَسْتَوِى مِنكُم مَّنْ أَنفَقَ مِن قَبْلِ ٱلْفَتْحِ وَقَـٰتَلَ ۚ أُو۟لَـٰٓئِكَ أَعْظَمُ دَرَجَةً مِّنَ
ٱلَّذِينَ أَنفَقُوا۟ مِنۢ بَعْدُ وَقَـٰتَلُوا۟ ۚ وَكُلًّا وَعَدَ ٱللَّهُ ٱلْحُسْنَىٰ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١٠﴾

57:11- അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവാക്കാതിരിക്കാൻ നിങ്ങൾക്ക് എന്ത് കാരണമാണുള്ളത്? ആകാശഭൂമികളിലെ മുതലാവകാശം അല്ലാഹുവിന്റേതാണ്. നിങ്ങളിൽ വിജയത്തിനുമുമ്പ് ചെലവാക്കുകയും പോരാടുകയും ചെയ്തവർ (മറ്റുള്ളവർക്ക്) തുല്യരല്ല. പിന്നീട് ചെലവാക്കുകയും പോരാടുകയും ചെയ്യുന്നവരേക്കാൾ പദവിയിൽ ശ്രേഷ്ടരാണവർ. എല്ലാവർക്കും അല്ലാഹു നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുണ്ട്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ബോധവാനാകുന്നു.

ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നവരാണ് യഥാർത്ഥ വിശ്വാസികൾ. അവർ തന്നെയാണ് വിജയം നേടുന്നവരും സത്യസന്ധരും.

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ۝ أُو۟لَٰٓئِكَ هُمُ

ٱلْمُؤْمِنُونَ حَقًّا ۚ لَّهُمْ دَرَجَٰتٌ عِندَ رَبِّهِمْ وَمَغْفِرَةٌ وَرِزْقٌ كَرِيمٌ ۝

8:4–5 ....നമസ്കാരം നിലനിർത്തുകയും നാം അവർക്ക് നൽകിയതിൽ നിന്നും ചെലവഴിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ വിശ്വാസികൾ. അവർക്ക് അവരുടെ രക്ഷിതാവിൽ പദവികളും പാപമോചനവും ഉൽകൃഷ്ടമായ വിഭവങ്ങളുമുണ്ട്.

لَٰكِنِ ٱلرَّسُولُ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ جَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ ۚ

وَأُو۟لَٰٓئِكَ لَهُمُ ٱلْخَيْرَٰتُ ۖ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ۝

9:88– പ്രവാചകനും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ മുതലുകളും ശരീരങ്ങളും കൊണ്ട് കഠിനപ്രയത്നം നടത്തുന്നു. അവർക്കുതന്നെയാണ് നല്ല പ്രതിഫലം. അവർ തന്നെയാണ് വിജയം നേടുന്നവരും.

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ ثُمَّ لَمْ يَرْتَابُوا۟ وَجَٰهَدُوا۟

بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ ۚ أُو۟لَٰٓئِكَ هُمُ ٱلصَّٰدِقُونَ ۝

49:16– അല്ലാഹുവിലും അവന്റെ പ്രവാചകനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ മുതലുകളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനപ്രയത്നം നടത്തുകയും ചെയ്യുന്നവരാണ് (യഥാർത്ഥ) വിശ്വാസികൾ. അവരത്രെ സത്യസന്ധരും.

ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നവർക്ക് ഒരിക്കലും തന്നെ നഷ്ടം സഹിക്കേണ്ടിവരില്ല. ദൈവം അത് എഴുനൂറ് ഇരട്ടിയായും അനവധി മടങ്ങായും വർദ്ധിപ്പിച്ചു കൊടുക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. അവരെ ഉയർന്നഭൂമിയിൽ തോട്ടം പണിതവരോട് ഉപമിച്ചിരിക്കുന്നു. ചെറിയൊരു മഴ കൊണ്ടുതന്നെ അതിൽ ഫലം ലഭിക്കുന്നതാണ്. ദൈവമാർഗ്ഗത്തിൽ ചെലവുചെയ്യുന്നവരുടെ സമ്പത്തുകൾ നശിച്ചുപോകാതെ ദൈവം അവർക്ക് വർദ്ധനവ് നൽകി അവരെ കൂടുതൽ സമ്പന്നരാക്കുന്നതാണ്.

مَّن ذَا ٱلَّذِى يُقْرِضُ ٱللَّهَ قَرْضًا حَسَنًا فَيُضَٰعِفَهُۥ لَهُۥٓ

أَضۡعَافٗا كَثِيرَةٗۚ وَٱللَّهُ يَقۡبِضُ وَيَبۡصُۜطُ وَإِلَيۡهِ تُرۡجَعُونَ ٢٤٥

2:246– ഉത്തമമായ ഒരു നിക്ഷേപം അല്ലാഹുവിൽ നിക്ഷേപിക്കുന്നവൻ ആരുണ്ട്? അപ്പോൾ അവനുവേണ്ടി അതിനെ അനേകമിരട്ടിയായി (അല്ലാഹു) വർദ്ധിപ്പിച്ചു കൊടുക്കും. അല്ലാഹു ധനം സ്വീകരിക്കുകയും വർദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു.

مَّثَلُ ٱلَّذِينَ يُنفِقُونَ أَمۡوَٰلَهُمۡ فِي سَبِيلِ ٱللَّهِ كَمَثَلِ حَبَّةٍ أَنۢبَتَتۡ سَبۡعَ سَنَابِلَ فِي

كُلِّ سُنۢبُلَةٖ مِّاْئَةُ حَبَّةٖۗ وَٱللَّهُ يُضَٰعِفُ لِمَن يَشَآءُۗ وَٱللَّهُ وَٰسِعٌ عَلِيمٌ ٢٦١

2:262– അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടെത് പോലെയാകുന്നു. അതു ഏഴു കതിരുകൾ മുള പ്പിക്കുന്നു. ഓരോ കതിരിലും നൂറു മണി വീതം. അല്ലാഹു നിശ്ചയിക്കു ന്നർക്ക് അവൻ (അതിലും) വർദ്ധിപ്പിച്ചു കൊടുക്കുന്നു. അല്ലാഹു വിശാ ലതയുള്ളവനും അറിവുറ്റവനുമാകുന്നു.

وَمَثَلُ ٱلَّذِينَ يُنفِقُونَ أَمۡوَٰلَهُمُ ٱبۡتِغَآءَ مَرۡضَاتِ ٱللَّهِ وَتَثۡبِيتٗا مِّنۡ أَنفُسِهِمۡ كَمَثَلِ جَنَّةِۭ بِرَبۡوَةٍ

أَصَابَهَا وَابِلٞ فَـَٔاتَتۡ أُكُلَهَا ضِعۡفَيۡنِ فَإِن لَّمۡ يُصِبۡهَا وَابِلٞ فَطَلّٞۗ وَٱللَّهُ بِمَا تَعۡمَلُونَ بَصِيرٌ ٢٦٥

2:266– അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടും തങ്ങളുടെ ആത്മാ ക്കളെ ദൃഢമാക്കുന്നതിനുവേണ്ടിയും തങ്ങളുടെ മുതലുകൾ ചെലവഴി ക്കുന്നവരുടെ ഉപമ ഉയർന്ന ഭൂമിയിലുള്ള ഒരു തോട്ടം പോലെയാകുന്നു. പെരുമഴ കിട്ടിയാൽ അത് രണ്ടിരട്ടി ഫലം തരുന്നു. പെരുമഴ കിട്ടിയില്ലെ ങ്കിൽ ചെറുമഴയും അതിന് മതിയാകും. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു കാണുന്നവനത്രെ.

വിശ്വാസികൾ സമ്പന്നതയിലും പ്രതിസന്ധിഘട്ടത്തിലും ചിലവഴിക്കുന്ന വരാണെന്ന് മേൽവചനം വ്യക്തമാക്കുന്നു.

إِنَّ ٱلَّذِينَ يَتۡلُونَ كِتَٰبَ ٱللَّهِ وَأَقَامُواْ ٱلصَّلَوٰةَ وَأَنفَقُواْ مِمَّا

رَزَقۡنَٰهُمۡ سِرّٗا وَعَلَانِيَةٗ يَرۡجُونَ تِجَٰرَةٗ لَّن تَبُورَ ٢٩

35:30– അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും നമസ്കാരം നി ലനിർത്തുകയും നാം നൽകിയിതിൽനിന്നും രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവർ ഒരിക്കലും നശിക്കാത്ത ക്രയവിക്രയം പ്രത്യാശിക്കുന്നു.

إِنَّ ٱلْمُصَّدِّقِينَ وَٱلْمُصَّدِّقَٰتِ وَأَقْرَضُوا۟ ٱللَّهَ قَرْضًا

حَسَنًا يُضَٰعَفُ لَهُمْ وَلَهُمْ أَجْرٌ كَرِيمٌ ۝

57:19– തീർച്ചയായും ദാനധർമ്മം ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിന് നല്ല നിലയിൽ കടം കൊടുക്കുന്നവരും ആരോ അവർക്കത് അനേകമിരട്ടിയായി പകരം നൽകുന്നതാണ്. ഉദാരമായ പ്രതിഫലവും അവർക്കുണ്ട്.

إِن تُقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا يُضَٰعِفْهُ لَكُمْ وَيَغْفِرْ لَكُمْ ۚ وَٱللَّهُ شَكُورٌ حَلِيمٌ ۝

64:18–നിങ്ങൾ അല്ലാഹുവിന് നല്ല നിലയിൽ കടം കൊടുക്കുന്നതായാൽ അതവൻ നിങ്ങൾക്കു വർദ്ധിപ്പിച്ചു തരികയും നിങ്ങൾക്കവൻ പൊറുത്തു തരികയും ചെയ്യും. അല്ലാഹു പ്രതിഫലം തരുന്നവനും സഹനശീലനുമാകുന്നു.

ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നതിനെല്ലാം തന്നെ ദൈവം പകരം നൽകുന്നതാണെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണ്.

وَمَا تُنفِقُوا۟ مِنْ خَيْرٍ يُوَفَّ إِلَيْكُمْ وَأَنتُمْ لَا تُظْلَمُونَ ۝

2:273– നല്ല സമ്പാദ്യത്തിൽ നിന്നും നിങ്ങൾ എന്തു ചെലവഴിക്കുന്നുവോ അതു മുഴുവനായും നിങ്ങൾക്ക് പകരം നൽകപ്പെടും. നിങ്ങളോട് അനീതി ചെയ്യപ്പെടുകയില്ല.

وَمَآ أَنفَقْتُم مِّن شَىْءٍ فَهُوَ يُخْلِفُهُۥ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ۝

34:40– നിങ്ങൾ എന്തു ചെലവഴിക്കുന്നുവോ അപ്പോൾ അവൻ അതിന്നു പകരം നൽകുന്നു. അവനത്രെ അന്നദാതാക്കളിൽ അത്യുന്നതൻ.

മറ്റു സൽക്കർമ്മങ്ങളെക്കുറിച്ച് പറഞ്ഞതുപോലെ ദൈവ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവർക്ക് നേരിടുന്ന കഷ്ടങ്ങളും നഷ്ടങ്ങളും അല്ലാഹു നികത്തിക്കൊടുക്കുന്നതിനാൽ ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നവർക്ക് ഒരിക്കലും തന്നെ ദു:ഖിക്കുകയോ ഖേദിക്കുകയോ വേണ്ടിവരില്ലെന്ന് ദൈവം സന്തോഷ വാർത്ത അറിയിക്കുന്നു.

ٱلَّذِينَ يُنفِقُونَ أَمْوَٰلَهُم بِٱلَّيْلِ وَٱلنَّهَارِ سِرًّا وَعَلَانِيَةً فَلَهُمْ

أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ۝

2:275– രാവും പകലും തങ്ങളുടെ ധനം രഹസ്യമായും പരസ്യമായും ചെലവഴിക്കുന്നവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിങ്കലുണ്ട്. അവർക്ക് ഭയം ഉണ്ടായിരിക്കുകയില്ല. അവർ ദു:ഖിക്കുന്നതുമല്ല.

ദൈവ മാർഗ്ഗത്തിൽ ചെലവ് ചെയ്യുന്നവർ ഉന്നതമായ പടവുകൾ കയറിക്കൊണ്ട് സ്വർഗ്ഗത്തിലേക്കുള്ള തങ്ങളുടെ വാതിലുകൾ തുറന്നുവെക്കുകയാണ് ചെയ്യുന്നത്.

وَسَارِعُوٓاْ إِلَىٰ مَغۡفِرَةٖ مِّن رَّبِّكُمۡ وَجَنَّةٍ عَرۡضُهَا ٱلسَّمَٰوَٰتُ وَٱلۡأَرۡضُ
أُعِدَّتۡ لِلۡمُتَّقِينَ ١٣٣ ٱلَّذِينَ يُنفِقُونَ فِي ٱلسَّرَّآءِ وَٱلضَّرَّآءِ وَٱلۡكَٰظِمِينَ
ٱلۡغَيۡظَ وَٱلۡعَافِينَ عَنِ ٱلنَّاسِۗ وَٱللَّهُ يُحِبُّ ٱلۡمُحۡسِنِينَ ١٣٤

3:134–135 നിങ്ങളുടെ രക്ഷിതാവിൽനിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമിയോളം വിസ്തൃതിയുള്ള ഉദ്യാനത്തിലേക്കും നിങ്ങൾ ഓടി മുന്നേറുവിൻ. അത് ദൈവത്തെ ഭയപ്പെടുന്നവർക്കുവേണ്ടി ഒരുക്കിവെച്ചിരിക്കുന്നു. അവർ ഐശ്വര്യഘട്ടത്തിലും വിഷമഘട്ടത്തിലും ചെലവഴിക്കുന്നവരും കോപം അടക്കുന്നവരും ജനങ്ങൾക്ക് മാപ്പ് ചെയ്തു കൊടുക്കുന്നവരുമാകുന്നു. അല്ലാഹു നന്മ ചെയ്യുന്നവരെ സ്നേഹിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ هَلۡ أَدُلُّكُمۡ عَلَىٰ تِجَٰرَةٖ تُنجِيكُم مِّنۡ عَذَابٍ أَلِيمٖ ١٠
تُؤۡمِنُونَ بِٱللَّهِ وَرَسُولِهِۦ وَتُجَٰهِدُونَ فِي سَبِيلِ ٱللَّهِ بِأَمۡوَٰلِكُمۡ وَأَنفُسِكُمۡۚ ذَٰلِكُمۡ
خَيۡرٞ لَّكُمۡ إِن كُنتُمۡ تَعۡلَمُونَ ١١ يَغۡفِرۡ لَكُمۡ ذُنُوبَكُمۡ وَيُدۡخِلۡكُمۡ جَنَّٰتٖ
تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ وَمَسَٰكِنَ طَيِّبَةٗ فِي جَنَّٰتِ عَدۡنٖۚ ذَٰلِكَ ٱلۡفَوۡزُ ٱلۡعَظِيمُ ١٢

61:11–13 അല്ലയോ വിശ്വാസികളേ, വേദനയുറ്റ ഒരു ശിക്ഷയിൽ നിന്നും രക്ഷിക്കുന്ന ഒരു ക്രയവിക്രയം നിങ്ങൾക്ക് ഞാൻ കാട്ടിത്തരട്ടയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ മുതലുകളും ശരീരങ്ങളും കൊണ്ട് പ്രയത്നിക്കുകയും ചെയ്യുകയത്രേ അത്. നിങ്ങൾ അറിയുന്നുവെങ്കിൽ അത് നിങ്ങൾക്ക് ഏറ്റവും നല്ലതത്രെ. നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കവൻ പൊറുത്തുതരികയും താഴത്തുകൂടി അരുവികൾ ഒഴുകുന്ന തോട്ടങ്ങളിലും നല്ലഭവനങ്ങളുള്ള നിത്യനിവാസോദ്യാനങ്ങളിലും അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യും. അതത്രെ മഹത്തായ വിജയം.

മഹത്തായ വിജയം ആഗ്രഹിക്കുന്നവരൊക്കെ ദൈവമാർഗത്തിൽ ചെലവഴിക്കേണ്ടതാണെന്ന് ഈ വചനം വ്യക്തമാക്കുന്നു. അല്ലാഹു അതിനുള്ള സൗഭാഗ്യം നമുക്കു നൽകട്ടെ. ആമീൻ.

****

25 ഭൗതിക ജീവിതം

നമ്മളിൽ അധിക പേരും ഭൗതിക സുഖത്തിന്റെ പിറകെ പരക്കം പാ യുന്നവരാണ്. ഏതു രീതിയിലുള്ള കളവും വഞ്ചനയും വെട്ടിപ്പും കാട്ടി മറ്റുള്ളവരുടെ സമ്പത്തുകളും അവകാശങ്ങളും കവർന്നെടുക്കുന്ന തിൽ യാതൊരു കുറ്റബോധവും തോന്നാത്തവരായി നാം മാറിയിരിക്കുന്നു. എന്തു വൃത്തികേടുകൾ കാണിച്ചും പണം സമ്പാദിച്ചു കഴിഞ്ഞാൽ പി ന്നെ അവനെ ബഹുമാനിക്കുന്നതിന് നാം യാതൊരു കൂസലും കാണി ക്കുന്നില്ല. അങ്ങനെ കൃത്രിമ മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിക്കുന്നവ രെ നാം കേമന്മാരായി കണക്കാക്കുകയും അവർ കടന്നു വന്ന മാർഗ്ഗ ങ്ങളെക്കുറിച്ച് നാം അറിയാൻ ഭാവിക്കാതെ അവർക്ക് അനർഹമായ ബഹുമാനാദാരങ്ങൾ വെച്ചുനീട്ടുന്നതിൽ നാം യാതൊരു മടിയും കാ ണിക്കാതെയുമിരിക്കുന്നു. സാമ്പത്തികമായ ഉന്നതി എല്ലാ മഹത്വങ്ങളു ടെയും മാനദണ്ഡമായി നാം അളക്കാൻ തുടങ്ങിയിരിക്കുന്നു. ദൈവ ബോധം, സത്യസന്ധത, ക്ഷമ, സഹനം, കാരുണ്യം, ദയ, സൗമ്യഭാവം, സഹതാപം, തുടങ്ങിയ മാനുഷിക ഗുണങ്ങൾക്ക് അതിന്റെ മഹത്വം ന ഷ്ടപ്പെട്ടു വരുന്നു. സ്നേഹത്തിന്റെയും പരോപകാരത്തിന്റെയും മാനു ഷിക മൂല്യം ഇടിഞ്ഞു തകർന്നു പോയിരിക്കുന്നു.

എല്ലാവരുടെയും ലക്ഷ്യം അനധികൃതമായ രീതിയിലായാലും, അവിഹി തമായാലും സമ്പത്ത് കുന്നുകൂട്ടുകയാണ്. അത് ദൈവം നിരോധിച്ച മാർഗ്ഗത്തിളിലൂടെയായാലും ദൈവം അരുത് എന്ന് പറഞ്ഞ വഴിയിലൂ ടെയായാലും നമുക്കത് പ്രശ്നമേയല്ല. പണമുണ്ടാക്കണം, മറ്റുള്ളവരു ടെ മുമ്പിൽ മാന്യനായി നടക്കണം എന്ന ചിന്തയിൽ നാം ജീവിതത്തി ന്റെ ഭൂരിഭാഗവും തള്ളി നീക്കുന്നു. പണത്തിന്റെ മാന്യത നേടിയെടു ക്കുന്നതിന് വേണ്ടി ദൈവത്തിന്റെ സന്നിധിയിലുള്ള മാന്യത വെടിയു വാൻ നാം സന്തോഷത്തോടെ തയ്യാറായിരിക്കുന്നു. അങ്ങനെ നാം അ റിഞ്ഞോ അറിയാതെയോ സമ്പത്തിനെ എല്ലാ മഹത്വങ്ങളുടെയും സ മ്മേളനമായി കരുതിയിരിക്കയാണ്. എന്നാൽ ദൈവ സന്നിധിയിൽ സ മ്പത്തിനും ഭൗതീക ജീവിതത്തിനും എന്ത് പ്രാധാന്യമാണുള്ളതെന്ന് നാം അറിയേണ്ടിയിരിക്കുന്നു. മനുഷ്യൻ ഈ ലോകത്തേക്കു കടന്നു വരുന്നത് വെറും കൈകളുമായാണ്. ഒന്നുമില്ലാതെ അവൻ ഈ ലോ കത്തേക്ക് വരികയും ഒന്നുമെടുക്കാതെ ഈ ലോകത്തുനിന്നും മടങ്ങു കയും ചെയ്യുന്നു. ഇവിടെ വന്നതിനു ശേഷം അവന് എന്തൊക്കെ ലഭി ക്കുന്നുവോ അതെല്ലാം ദൈവത്തിൽ നിന്നുള്ളതാകുന്നു. ദൈവം ഒരാ ൾക്ക് സമ്പത്ത് നൽകുകയൊ പദവി നൽകുകയൊ വിദ്യഭാസം നൽ കുകയൊ മറ്റു കഴിവുകൾ നൽകുകയൊ ചെയ്യുന്നുവെങ്കിൽ അത് മ നുഷ്യന്റെ മഹത്വമല്ല, അത് നൽകിയവനായ ദൈവത്തിന്റെ മഹത്വമ ത്രെ വെളിപ്പെടുത്തുന്നത്. മനുഷ്യന് ഈ പ്രകൃതിയിൽവെച്ച് ലഭിക്കു

ന്ന നേട്ടങ്ങളിൽ നാം ദൈവത്തിന്റെ മഹത്വം കണ്ടെത്തുന്നതിനു പക രം മനുഷ്യന്റെ മഹത്വമായി അതിനെ നാം കണക്കാക്കുമ്പോൾ നമ്മു ടെ നിഗമനങ്ങൾ വ്യതിചലിച്ചു പോവുകയാണ് ചെയ്യുന്നത്. അങ്ങനെ ദൈവത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് അവന് ലഭിക്കുന്ന ഭൗതിക നേ ട്ടങ്ങൾ കാരണം അവൻ ദൈവത്തിന്റെ അടുക്കൽ സ്വീകാര്യനായ വ്യ ക്തിയാണെന്ന് മനസ്സിലാക്കുന്നത് വലിയൊരു മഠയത്തരമാകുന്നതാണ്. അധികമായ സമ്പത്തുക്കൾ ലഭിക്കുന്നതുകൊണ്ടോ അധികമായ സന്താനങ്ങളെ ജനിപ്പിക്കുന്നതു കൊണ്ടോ ആരും തന്നെ ദൈവസന്നി ധിയിൽ പ്രത്യേക പദവിക്ക് അർഹരായിത്തീരുകയില്ലെന്ന് വിശുദ്ധഖുർ ആനിൽ ദൈവം നമുക്ക് പറഞ്ഞുതരുന്നു. സമ്പത്തുകൾ മനുഷ്യൻ ദൈവത്തിന്റെ അടുക്കൽ സ്വീകാര്യനായതുകൊണ്ട് നൽകുന്നതല്ല. സ മ്പത്തുകളും കഴിവുകളും ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യമായ സ്ഥാ നം നേടിയെടുക്കുന്നതിന് വേണ്ടി നൽകപ്പെടുന്നതത്രെ. ഈ പരമാർ ത്ഥം മനസ്സിലാക്കുന്നതിലാണ് വളരെയധികം പേർക്കും തെറ്റു പറ്റുന്ന ത്. സമ്പത്തിന്റെയൊ സന്താനങ്ങളുടെയൊ ആധിക്യം മൂലം ആരും തന്നെ ദൈവത്തിന്റെ അടുക്കൽ എത്തിച്ചേരുകയില്ലെന്നും എന്നാൽ ആ സമ്പത്തുകൾ ദൈവം കല്പിച്ച വഴിയിൽ ചിലവഴിക്കുന്നവരെ മാത്രമെ മഹത്വമുള്ളവരായി കണക്കാക്കുകയുള്ളുവെന്ന് വിശുദ്ധ ഖുർആൻ വെളിപ്പെടുത്തുന്നു. ദൈവം അവന്റെ സന്നിധിയിലേക്ക് എത്തിച്ചേരു ന്നതിനെക്കുറിച്ച് പറയുകയാണ്:

وَمَآ أَمۡوَٰلُكُمۡ وَلَآ أَوۡلَٰدُكُم بِٱلَّتِي تُقَرِّبُكُمۡ عِندَنَا زُلۡفَىٰٓ إِلَّا مَنۡ ءَامَنَ وَعَمِلَ صَٰلِحٗا

فَأُوْلَٰٓئِكَ لَهُمۡ جَزَآءُ ٱلضِّعۡفِ بِمَا عَمِلُواْ وَهُمۡ فِي ٱلۡغُرُفَٰتِ ءَامِنُونَ ٣٧

34:38. നിങ്ങളുടെ സമ്പത്തുകളും നിങ്ങളുടെ സന്താനങ്ങളും അല്ല നി ങ്ങൾക്ക് നമ്മുടെ അടുക്കൽ സാമീപ്യം നേടിത്തരുന്നത്. വിശ്വസിക്കു കയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരൊഴികെ. അവ ർക്ക് തങ്ങളുടെ പ്രവൃത്തികൾ കാരണമായി ഇരട്ടി പ്രതിഫലമുണ്ട്. അവർ ഉന്നത സൗധങ്ങളിൽ സുരക്ഷിതരായി കഴിയുന്നതാണ്.

യഥാർത്ഥത്തിൽ ഒരു വ്യക്തിയുടെ സൽക്കർമ്മങ്ങളാണ് അവനെ ദൈ വവുമായി അടുപ്പിക്കുന്നത്. ദുഷ്കർമ്മങ്ങളിലൂടെ സമ്പത്ത് നേടിയെടു ക്കുന്നവർ ദൈവവുമായി അടുക്കുന്നതിനു പകരം ദൈവത്തിൽ നിന്നും അകന്നു പോകുകയാണ് ചെയ്യുന്നതെന്ന് മേൽ വാക്യം നമുക്ക് മനസ്സി ലാക്കിത്തരുന്നു.

ദൈവം ഒരു വ്യക്തിക്ക് സമ്പത്ത് നൽകുന്നത് അവൻ വലിയ മാന്യത നടിച്ച് ഭൂമിയിൽ ഔന്നിത്യം ഭാവിച്ചുകൊണ്ട് നടക്കുവാനല്ല. ദൈവം അവനിൽ സാമ്പത്തികമായ അനുഗ്രഹങ്ങൾ ചൊരിഞ്ഞതുപൊലെ അവനും മറ്റുള്ളവർക്കുവേണ്ടി അവനുലഭിച്ച അനുഗ്രഹത്തിൽനിന്നും

നൽകുവാൻ വേണ്ടിയാകുന്നു.

وَٱبۡتَغِ فِيمَآ ءَاتَىٰكَ ٱللَّهُ ٱلدَّارَ ٱلۡأٓخِرَةَۖ وَلَا تَنسَ نَصِيبَكَ مِنَ ٱلدُّنۡيَاۖ وَأَحۡسِن كَمَآ أَحۡسَنَ ٱللَّهُ إِلَيۡكَۖ وَلَا تَبۡغِ ٱلۡفَسَادَ فِي ٱلۡأَرۡضِۖ إِنَّ ٱللَّهَ لَا يُحِبُّ ٱلۡمُفۡسِدِينَ ٧٧

28:78. അല്ലാഹു നിനക്ക് നൽകിയതിലൂടെ നീ പരലോക ഭവനം നേടുക. ഐഹിക ജീവിതത്തിൽ നിന്റെ ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തതുപോലെ നീയും നന്മ ചെയ്യുക. ഭൂമിയിൽ അനർത്ഥമുണ്ടാക്കാൻ മുതിരരുത്. തീർച്ചയായും അനർത്ഥകാരികളെ അല്ലാഹു സ്നേഹിക്കുന്നില്ല.

أَيَحۡسَبُونَ أَنَّمَا نُمِدُّهُم بِهِۦ مِن مَّالٖ وَبَنِينَ ٥٥ نُسَارِعُ لَهُمۡ فِي ٱلۡخَيۡرَٰتِۚ بَل لَّا يَشۡعُرُونَ ٥٦

23:56–57. അവർ വിചാരിക്കുന്നുവോ, സമ്പത്തുകളിലും സന്താനങ്ങളിലും നാം അഭിവൃദ്ധി നൽകുന്നത് അവർക്ക് നന്മകൾ ത്വരിതപ്പെടുത്തിക്കൊടുക്കാനാണെന്ന്? പക്ഷേ അവർ ഗ്രഹിക്കുന്നില്ല.

ഭൗതിക ജീവിതം നൽകിയിരിക്കുന്നത് നന്മകൾ ചെയ്യുന്നവരെയും തിന്മകൾ ചെയ്യുന്നവരെയും തിരിച്ചറിയുവാനുള്ള ഒരു പരീക്ഷണമായിട്ടാണ്. ഇതേ പരീക്ഷണത്തിനു വേണ്ടിയാണ് ദൈവം സമ്പത്തുകളും സന്താനങ്ങളും സൽകുന്നതും.

وَٱعۡلَمُوٓاْ أَنَّمَآ أَمۡوَٰلُكُمۡ وَأَوۡلَٰدُكُمۡ فِتۡنَةٞ وَأَنَّ ٱللَّهَ عِندَهُۥٓ أَجۡرٌ عَظِيمٞ ٢٨

8:29. നിങ്ങളുടെ സമ്പത്തുകളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാണെന്നും എന്നാൽ അല്ലാഹുവിലാണ് ശ്രേഷ്ഠമായ പ്രതിഫലം ഉള്ളതെന്നും അറിയുവിൻ.

وَلَا تَمُدَّنَّ عَيۡنَيۡكَ إِلَىٰ مَا مَتَّعۡنَا بِهِۦٓ أَزۡوَٰجٗا مِّنۡهُمۡ زَهۡرَةَ ٱلۡحَيَوٰةِ ٱلدُّنۡيَا لِنَفۡتِنَهُمۡ فِيهِۚ وَرِزۡقُ رَبِّكَ خَيۡرٞ وَأَبۡقَىٰ ١٣١

20:132. അവരിൽപ്പെട്ട ചിലർക്ക് ഭൗതിക ജീവിതത്തിന്റെ അലങ്കാരമായി നാം നൽകിയ സുഖസൗകര്യങ്ങളിലേക്ക് നീ നിന്റെ ദൃഷ്ടികൾ പതിപ്പിക്കരുത്. അതുമുഖേനെ നാം അവരെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. എന്നാൽ നിന്റെ രക്ഷിതാവ് നൽകുന്ന വിഭവങ്ങളാണ് ഏറ്റവും നല്ലതും നലനിൽക്കുന്നതും.

فَإِذَا مَسَّ ٱلۡإِنسَٰنَ ضُرّٞ دَعَانَا ثُمَّ إِذَا خَوَّلۡنَٰهُ نِعۡمَةٗ مِّنَّا قَالَ إِنَّمَآ

أُوتِيتُهُۥ عَلَىٰ عِلْمٍۚ بَلْ هِيَ فِتْنَةٌ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ۝

39:50. മനുഷ്യനൊരു വിഷമം നേരിടുമ്പോൾ അവൻ നമ്മെ വിളിച്ചു പ്രാർത്ഥിക്കുന്നു. പിന്നീട് നാം ഒരനുഗ്രഹം നൽകിയാൽ അവൻ പറയുന്നു, (എന്റെ) അറിവു മുഖേനെ ലഭിച്ചതാണിതെനിക്ക്. അല്ല അതൊരു പരീക്ഷണമാകുന്നു. പക്ഷേ അവരിൽ അധിക പേരും അറിയുന്നില്ല.

അവിശ്വാസികൾക്കുനൽകുന്ന സമ്പത്തുകൾ ഒരു പരീക്ഷണമെന്നതു പോലെ വിശ്വാസികൾക്കു നൽകുന്ന സമ്പത്തുകളും ഒരു പരീക്ഷണമാകുന്നു.

وَأَلَّوِ ٱسْتَقَٰمُوا۟ عَلَى ٱلطَّرِيقَةِ لَأَسْقَيْنَٰهُم مَّآءً غَدَقًا ۝

لِّنَفْتِنَهُمْ فِيهِۚ وَمَن يُعْرِضْ عَن ذِكْرِ رَبِّهِۦ يَسْلُكْهُ عَذَابًا صَعَدًا ۝

72:17–18. അവർ നേർമാർഗ്ഗത്തിൽ നിലയുറപ്പിച്ചാൽ തീർച്ചയായും നാം അവർക്ക് സമൃദ്ധമായി ജലം കുടിക്കുവാൻ നൽകും. അതിൽ കൂടി അവരെ നാം പരീക്ഷിക്കുന്നതിനു വേണ്ടി. തന്റെ രക്ഷിതാവിന്റെ സ്മരണയിൽ നിന്നും തിരിഞ്ഞു മാറുന്നവനെ കഠിനമായ ശിക്ഷയിൽ അവൻ പ്രവേശിപ്പിക്കുന്നതാണ്.

സമ്പത്തുകൾ മഹത്വത്തിന്റെ ഭാഗമല്ലാതിരിക്കുന്നതു പോലെ ദാരിദ്ര്യവും അവഗണനയുടെ ഭാഗമല്ല. രണ്ടും പരീക്ഷണത്തിന്റെ ഭാഗമാണ്. ഒരാൾക്കു സമ്പത്ത് നൽകിയതുകൊണ്ട് ദൈവം അയാളെ മഹത്വപ്പെടുത്തുകയല്ല ചെയ്തിരിക്കുന്നതെന്ന് മനസ്സിലാക്കിത്തരുന്നതു പോലെ ഒരാളെ ദരിദ്രനാക്കുന്നതുകൊണ്ട് ദൈവം അയാളെ നിന്ദിച്ചിരിക്കയണെന്ന് തോന്നേണ്ടതില്ലെന്നും വ്യക്തമാക്കുന്നു.

فَأَمَّا ٱلْإِنسَٰنُ إِذَا مَا ٱبْتَلَىٰهُ رَبُّهُۥ فَأَكْرَمَهُۥ وَنَعَّمَهُۥ فَيَقُولُ رَبِّىٓ أَكْرَمَنِ ۝

وَأَمَّآ إِذَا مَا ٱبْتَلَىٰهُ فَقَدَرَ عَلَيْهِ رِزْقَهُۥ فَيَقُولُ رَبِّىٓ أَهَٰنَنِ ۝ كَلَّا ۖ

89:16–17. മനുഷ്യനെ അവന്റെ നാഥൻ പരീക്ഷിക്കുകയും അങ്ങനെ അവന് പദവിയും ഐശ്വര്യവും നൽകുകയും ചെയ്യുമ്പോൾ അവൻ പറയുന്നു, എന്റെ നാഥൻ എന്നെ ആദരിച്ചു. എന്നാൽ മനുഷ്യനെ അവന്റെ നാഥൻ പരീക്ഷിക്കുകയും അവന്റെ ഉപജീവനത്തിന് ഇടുക്കമുണ്ടാക്കുകയും ചെയ്യുമ്പോൾ അവൻ പറയുന്നു, എന്റെ നാഥൻ എന്നെ അപമാനിച്ചിരിക്കുന്നു. ഒരിക്കലുമല്ല.

ദൈവത്തിന്റെ ഉപദേശങ്ങളെ മറന്നു ജീവിക്കുന്നവർക്കാണ് ദൈവം ഈ ലോകത്തിലെ വിഭവങ്ങൾ അധികമായി നൽകുന്നതെന്ന് വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നു. ആ സമ്പത്തുകൾ അനുഗ്രഹത്തിന്റെ ഭാഗമായിട്ടല്ല, ശിക്ഷയുടെ ഭാഗമായിട്ട് നൽകുന്നതത്രെ. ഏറ്റവും കൂടുതൽ സമ്പന്നത അനുഭവിച്ചവർക്കായിരിക്കും ദാരിദ്ര്യത്തിന്റെ വേദന ഏറ്റവും കൂടുതൽ കൈപ്പേറിയതും കഠിനവുമായി അനുഭവപ്പെടുക. ദൈവം നൽകിയ സമ്പത്തുകൾ ദൈവ നിഷേധികളിൽ നിന്നും എടുത്തുകളയുമ്പോൾ അവർക്ക് ദൈവിക ശിക്ഷയുടെ വേദന വളരെ തീവ്രമായി അനുഭവപ്പെടുന്നതാണ്. അങ്ങനെ കഠിനമായ ശിക്ഷ അനുഭവിക്കുന്നതിന് വേണ്ടിയാണ് ദൈവനിഷേധികൾക്ക് ഭൗതിക സമ്പത്തുകൾ അധികമായി നൽകുന്നതെന്ന് പറഞ്ഞുകൊണ്ട് വിശുദ്ധ ഖുർആനിൽ ദൈവം അവന്റെ രഹസ്യത്തിന്റെ മറനീക്കിത്തന്നിരിക്കുന്നു.

فَلَمَّا نَسُوا۟ مَا ذُكِّرُوا۟ بِهِۦ فَتَحْنَا عَلَيْهِمْ أَبْوَٰبَ كُلِّ شَىْءٍ حَتَّىٰٓ

إِذَا فَرِحُوا۟ بِمَآ أُوتُوٓا۟ أَخَذْنَٰهُم بَغْتَةً فَإِذَا هُم مُّبْلِسُونَ ﴿٤٤﴾

6:45. അങ്ങനെ അവരെ അനുസ്മരിപ്പിച്ച (ദൈവിക നിർദ്ദേശങ്ങൾ) അവർ വിസ്മരിച്ചപ്പോൾ നാം അവർക്ക് എല്ലാ വസ്തുക്കളുടെയും വാതിലുകൾ തുറന്നുകൊടുത്തു. അങ്ങനെ അവർക്ക് ലഭിച്ചതിൽ അവർ ആഹ്ലാദിച്ചു കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശരായിത്തീരുന്നു.

فَلَا تُعْجِبْكَ أَمْوَٰلُهُمْ وَلَآ أَوْلَٰدُهُمْ ۚ إِنَّمَا يُرِيدُ ٱللَّهُ لِيُعَذِّبَهُم بِهَا

فِى ٱلْحَيَوٰةِ ٱلدُّنْيَا وَتَزْهَقَ أَنفُسُهُمْ وَهُمْ كَٰفِرُونَ ﴿٥٥﴾

9:55. അവരുടെ (അവിശ്വാസികളുടെ) സമ്പത്തുകളും സന്താനങ്ങളും നിന്നെ വിസ്മയിപ്പിക്കാതിരിക്കട്ടെ. അവ മുഖേനെ ഇഹലോക ജീവിതത്തിൽ അവരെ ശിക്ഷിക്കുവാനും അവർ അവിശ്വാസികളായിരിക്കെതന്നെ അവരുടെ ജീവൻ വേർപെടുവാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

ദൈവം എല്ലാവർക്കും ഒരുപോലെ സമ്പത്തുകൾ വർദ്ധിപ്പിച്ചു കൊടുത്തിരുന്നുവെങ്കിൽ മനുഷ്യർ അതിക്രമം പ്രവർത്തിക്കുന്ന സമൂഹമായി മാറുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അതുകൊണ്ടാണ് ദൈവം അവന്റെ നിയമവ്യവസ്ഥയനുസരിച്ച് നിശ്ചിത തോതിൽ സമ്പത്തുകൾ അധികമായും അല്പമായും അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്നത്.

وَلَوۡ بَسَطَ ٱللَّهُ ٱلرِّزۡقَ لِعِبَادِهِۦ لَبَغَوۡاْ فِي ٱلۡأَرۡضِ وَلَٰكِن

يُنَزِّلُ بِقَدَرٖ مَّا يَشَآءُۚ إِنَّهُۥ بِعِبَادِهِۦ خَبِيرُۢ بَصِيرٞ ٢٧

42:28. അല്ലാഹു തന്റെ ദാസന്മാർക്ക് ജീവിത വിഭവം അധികമായി നൽകിയിരുന്നുവങ്കിൽ ഭൂമിയിൽ തീർച്ചയായും അവർ അതിക്രമം പ്രവർത്തിക്കുമായിരുന്നു. എന്നാൽ അവൻ നിശ്ചയിക്കുന്ന തോതനുസരിച്ച് അവൻ ഇറക്കി കൊടുക്കുന്നു. തീർച്ചയായും തന്റെ ദാസന്മാരെക്കുറിച്ച് അവൻ സൂക്ഷ്മജ്ഞാനമുള്ളവനും അവരെ നിരീക്ഷിക്കുന്നവനുമാകുന്നു.

ദൈവ സന്നിധിയിൽ സ്വർണ്ണങ്ങളുടെയും വെള്ളിയുടെയും കൂമ്പാരങ്ങൾക്ക് യാതൊരു വിലയുമില്ലെന്നും സത്യ നിഷേധികളുടെ വഴികൾ സ്വീകരിച്ചു കൊണ്ട് മറ്റുള്ളവരും അവരെപ്പോലെ ഒരു സമൂഹമായി മാറുകയില്ലായിരുന്നുവെങ്കിൽ ദൈവം നിഷേധികൾക്ക് വെള്ളിയും സ്വർണ്ണവും കൊണ്ടുള്ള കൊട്ടാരങ്ങളും സിംഹാസനങ്ങളും നൽകുമായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

وَلَوۡلَآ أَن يَكُونَ ٱلنَّاسُ أُمَّةٗ وَٰحِدَةٗ لَّجَعَلۡنَا لِمَن يَكۡفُرُ بِٱلرَّحۡمَٰنِ لِبُيُوتِهِمۡ سُقُفٗا

مِّن فِضَّةٖ وَمَعَارِجَ عَلَيۡهَا يَظۡهَرُونَ ٣٣ وَلِبُيُوتِهِمۡ أَبۡوَٰبٗا وَسُرُرًا عَلَيۡهَا يَتَّكِـُٔونَ ٣٤

وَزُخۡرُفٗاۚ وَإِن كُلُّ ذَٰلِكَ لَمَّا مَتَٰعُ ٱلۡحَيَوٰةِ ٱلدُّنۡيَاۚ وَٱلۡأٓخِرَةُ عِندَ رَبِّكَ لِلۡمُتَّقِينَ ٣٥

43:34–36 മനുഷ്യർ (സത്യനിഷേധികളായ) ഒറ്റസമൂഹമായി മാറുമായിരുന്നില്ലെങ്കിൽ പരമകാരുണികനെ നിഷേധിക്കുന്നവരുടെ വീടുകൾക്ക് വെള്ളി കൊണ്ടുള്ള മേൽപ്പുരകളും അവർ കയറിപ്പോകുതിന് (വെള്ളി കൊണ്ടുള്ള) കോണിപ്പടികളും അവരുടെ വീടുകൾക്ക് (വെള്ളി) വാതിലുകളും അവർക്ക് ചാരിക്കിടക്കുന്നതിന് സിംഹാസനങ്ങളൂം നാം കൊടുക്കുമായിരുന്നു. അതുപോലെ സ്വർണ്ണം കൊണ്ടുള്ളതും. എന്നാൽ ഇതെല്ലാം തന്നെ ഇഹലോക ജീവിതത്തിലെ സുഖഭോഗ സാമഗ്രികൾ മാത്രമാണ്. പരലോകം നിന്റെ രക്ഷിതാവിന്റെ അടുക്കൽ ഭയഭക്തിയുള്ളവർക്കാകുന്നു.

ദൈവിക സാമീപ്യം നേടുന്നതിന് വേണ്ടി ഭൗതിക സുഖലോലുപതകൾ വെടിയുവാനും ലളിത ജീവിതം നയിക്കുവാനും ദൈവം വിശ്വാസികളെ ഉപദേശിക്കുന്നു. ലൗകിക സുഖങ്ങളെ തേടിപ്പോകുന്നവർക്ക് പരലോകത്തിലെ സുഖാനുഭവങ്ങൾ ലഭിക്കുകയില്ലെന്ന് ദൈവം മുന്നറിയിപ്പ് തരുന്നു. ദൈവ സ്മരണയെ വെടിഞ്ഞു കൊണ്ട് സമ്പത്തിലും

സന്താനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നവൻ നാശത്തിൽ ചെന്നു പതിക്കുന്നതായിരിക്കും.

مَن كَانَ يُرِيدُ حَرۡثَ ٱلۡأٓخِرَةِ نَزِدۡ لَهُۥ فِي حَرۡثِهِۦۖ وَمَن كَانَ يُرِيدُ

حَرۡثَ ٱلدُّنۡيَا نُؤۡتِهِۦ مِنۡهَا وَمَا لَهُۥ فِي ٱلۡأٓخِرَةِ مِن نَّصِيبٍ ۝

42:21. പരലോകത്തെ കൃഷിവിള ആഗ്രഹിക്കുന്നവന് അതിൽ നാം വർദ്ധനവ് നൽകുന്നതാണ്. ഈ ലോകത്തെ കൃഷിവിള ആഗ്രഹിക്കുന്നവന് അതിലും നാം വർദ്ധനവ് നൽകുന്നതാണ്. എന്നാൽ പരലോകത്തിൽ ഒരോഹരിയും അവന് ഉണ്ടായിരിക്കുന്നതല്ല.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُلۡهِكُمۡ أَمۡوَٰلُكُمۡ وَلَآ أَوۡلَٰدُكُمۡ عَن ذِكۡرِ ٱللَّهِۚ

وَمَن يَفۡعَلۡ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلۡخَٰسِرُونَ ۝

63:10. അല്ലയോ വിശ്വാസികളെ: നിങ്ങളുടെ സമ്പത്തുകളും സന്താനങ്ങളും അല്ലാഹുവിന്റെ സ്മരണയിൽ നിന്നും നിങ്ങളെ തിരിച്ചു വിടാതിരിക്കട്ടെ. അതു ചെയ്യുന്നുവർ തന്നെയാകുന്നു നഷ്ടപ്പെട്ടവർ.

ഭൗതിക ജീവിതത്തിൽ മതിമറന്നുപോകുന്നവർ അവിശ്വാസികളാണെന്നും ലാളിത്യം ഇഷ്ടപ്പെടുന്ന വിശ്വാസികൾ അവരുടെ പരിഹാസത്തിന് പാത്രമായിത്തീരുമെങ്കിലും പുനരുത്ഥാന ദിവസം വിശ്വാസികൾക്ക് അവിശ്വാസികൾക്കുപരിയായി മെച്ചമായ പദവികൾ നൽകപ്പെടുന്നതാണെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു.

زُيِّنَ لِلَّذِينَ كَفَرُواْ ٱلۡحَيَوٰةُ ٱلدُّنۡيَا وَيَسۡخَرُونَ مِنَ ٱلَّذِينَ ءَامَنُواْۘ وَٱلَّذِينَ

ٱتَّقَوۡاْ فَوۡقَهُمۡ يَوۡمَ ٱلۡقِيَٰمَةِۗ وَٱللَّهُ يَرۡزُقُ مَن يَشَآءُ بِغَيۡرِ حِسَابٖ ۝

2:213. ഭൗതിക ജീവിതം അവിശ്വാസികൾക്ക് ആകർഷകമാക്കപ്പെട്ടിരിക്കുന്നു. അവർ വിശ്വാസികളെ പരിഹസിക്കുകയും ചെയ്യുന്നു. ദൈവത്തെ ഭയപ്പെടുന്നവൻ ഉയർത്തെഴുന്നേൽപ് നാളിൽ അവർക്കുപരിയായിരിക്കും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നൽകുന്നു.

മറ്റുള്ളവർക്ക് നൽകിയ ഭൗതികാഡംബരങ്ങളിൽ വിശ്വാസികൾ ശ്രദ്ധ പതിപ്പിക്കരുതെന്നും അവരോട് അസൂയ പ്രകടിപ്പിക്കരുതെന്നും ദൈവം വിശ്വാസികളെ ഉപദേശിക്കുന്നു. ഭൗതിക ജീവിതത്തിൽ മതിമറന്നുപോയവരിൽനിന്നും അകന്നു നിൽക്കുവാനാണ് ദൈവം ആവശ്യപ്പെടുന്നത്.

വിശ്വാസികൾക്കും ഭൗതികമായ ആഗ്രഹങ്ങൾ തോന്നുകയാണങ്കിൽ ദൈവത്തോട് പ്രാർത്ഥിക്കുവാനും അങ്ങനെ ദൈവികാനുഗ്രഹത്തിന്റെ സമയം ആഗതമാകുന്നതുവരെ ക്ഷമയോടും സഹനത്തോടും കൂടി കാത്തിരിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്.

وَلَا تَتَمَنَّوْا۟ مَا فَضَّلَ ٱللَّهُ بِهِۦ بَعْضَكُمْ عَلَىٰ بَعْضٍ ۚ لِّلرِّجَالِ نَصِيبٌ مِّمَّا ٱكْتَسَبُوا۟ ۖ وَلِلنِّسَآءِ
نَصِيبٌ مِّمَّا ٱكْتَسَبْنَ ۚ وَسْـَٔلُوا۟ ٱللَّهَ مِن فَضْلِهِۦٓ ۚ إِنَّ ٱللَّهَ كَانَ بِكُلِّ شَىْءٍ عَلِيمًا ﴿٣٢﴾

4:33. നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ അല്ലാഹു ഏതൊന്നുകൊണ്ട് മെച്ചപ്പെടുത്തിയിരിക്കുന്നുവോ അതിനെ നിങ്ങൾ കൊതിക്കരുത്. പുരുഷന്മാർ സമ്പാദിക്കുന്നതിൽനിന്ന് ഒരു ഭാഗം അവർക്കുണ്ട്. സ്ത്രീകൾ സമ്പാദിക്കുന്നതിൽനിന്ന് ഒരു ഭാഗം അവർക്കുമുണ്ട്. നിങ്ങൾ അല്ലാഹുവിനോട് അവന്റെ ഔദാര്യത്തിൽ നിന്നും നൽകുവാൻ വേണ്ടി ചോദിക്കുവിൻ. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളും നല്ലപോലെ അറിയുന്നവനാകുന്നു.

وَلَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِۦٓ أَزْوَٰجًا مِّنْهُمْ زَهْرَةَ
ٱلْحَيَوٰةِ ٱلدُّنْيَا لِنَفْتِنَهُمْ فِيهِ ۚ وَرِزْقُ رَبِّكَ خَيْرٌ وَأَبْقَىٰ ﴿١٣١﴾

20:132. അവരിലുള്ള ചിലർക്ക് ഭൗതിക ജീവിതത്തിന്റെ മോടിയായി നൽകിയ സുഖസൗകര്യങ്ങളിലേക്ക് നിന്റെ ദൃഷ്ടികൾ പതിപ്പിക്കാതിരിക്കുക. അതിലൂടെ നാം അവരെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. എന്നാൽ നിന്റെ രക്ഷിതാവ് നൽകുന്ന വിഭവങ്ങളാണ് ഏറ്റവും നല്ലതും കൂടുതൽ നിലുനിൽക്കുന്നതും.

فَأَعْرِضْ عَن مَّن تَوَلَّىٰ عَن ذِكْرِنَا وَلَمْ يُرِدْ إِلَّا ٱلْحَيَوٰةَ ٱلدُّنْيَا ﴿٢٩﴾

53:30. നമ്മുടെ സ്മരണയെവിട്ട് പിന്തിരിഞ്ഞു പോകുകയും ലൗകികജീവിതത്തെയല്ലാതെ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നവരിൽ നിന്നും നീ അകന്നു നിൽക്കുക.

ഭൗതിക ജീവിതത്തെക്കുറിച്ച് മനസ്സിലാക്കാനുള്ള മറ്റൊരു കാര്യം വരാനിരിക്കുന്ന ജീവിതവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ജീവിതം ദൈർഘ്യത്തിലും സുഖസൗകര്യങ്ങളിലും വളരെ നിസ്സാരമാണെന്നതാണ്. ഈ ജീവിതം പരലോകത്തുവെച്ച് പകലിന്റെ ഒരു നാഴികപോലെ മാത്രം അനുഭവപ്പെടുന്നതാണന്ന് വിശുദ്ധഖുർആൻ പറയുന്നു. (23:112). നാം സമ്പാദിച്ചതെല്ലാം ഇവിടെ വിട്ടേച്ച് ഈ ലോകത്തുനിന്നും വേർപ്പെട്ടുപോകുന്നത് തന്നെ ഈ ജീവിതത്തിന്റെ നിസ്സാരതയെ ചൂണ്ടികാ

ണിക്കുന്നു. ഈ ലോക ജീവിതം താൽക്കാലികവും നശ്വരവുമായതു കൊണ്ട് ബുദ്ധിയുള്ളവർ വരാനിരിക്കുന്ന ശാശ്വതമായ പരലോക ജീവിതത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നവരാണ്.

أَرَضِيتُم بِٱلْحَيَوٰةِ ٱلدُّنْيَا مِنَ ٱلْأَخِرَةِ ۚ فَمَا مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا فِى ٱلْأَخِرَةِ إِلَّا قَلِيلٌ ﴿٣٨﴾

9:38. പരലോകത്തിനു പകരം ഇഹലോക ജീവിതം നിങ്ങൾ ഇഷ്ടപ്പെടുകയാണോ? എന്നാൽ ഈ ലോകജീവിതത്തിലെ സുഖസൗകര്യങ്ങൾ പരലോകത്തെ അപേക്ഷിച്ച് എത്രയും നിസ്സാരമാണ്.

وَفَرِحُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَمَا ٱلْحَيَوٰةُ ٱلدُّنْيَا فِى ٱلْأَخِرَةِ إِلَّا مَتَٰعٌ ﴿٢٦﴾

13:27. ഇഹലോക ജിവിതത്താൽ അവർ ആഹ്ലാദിക്കുന്നു. എന്നാൽ പരലോകത്തെ അപേക്ഷിച്ചു ഇഹലോക ജീവിതം ഒരു സുഖാനുഭൂതി മാത്രമാണ്.

يَٰقَوْمِ إِنَّمَا هَٰذِهِ ٱلْحَيَوٰةُ ٱلدُّنْيَا مَتَٰعٌ وَإِنَّ ٱلْأَخِرَةَ هِىَ دَارُ ٱلْقَرَارِ ﴿٣٩﴾

40:40. എന്റെ ജനമേ ഈ ലൗകിക ജീവിതം ഒരു താൽക്കാലിക സുഖാനുഭൂതി മാത്രമാണ്. തീർച്ചയായും പരലോകം തന്നെയാണ് ശാശ്വത ഭവനം.

بَلْ تُؤْثِرُونَ ٱلْحَيَوٰةَ ٱلدُّنْيَا ﴿١٦﴾ وَٱلْأَخِرَةُ خَيْرٌ وَأَبْقَىٰٓ ﴿١٧﴾

87:17–18 ലൗകിക ജീവിതം നിങ്ങൾ ഇഷ്ടപ്പെടുന്നു. എന്നാൽ പരലോക ജീവിതം ഏറെ നല്ലതും ശാശ്വതവുമാകുന്നു.

ഭൗതിക ജീവിതം ഒരു കളി തമാശ പോലെയാണ്. കളിതമാശകളിൽ നിന്ന് ലഭിക്കുന്ന സംതൃപ്തി താൽക്കാലികമായിരിക്കുന്നതു പോലെ, ഈ ജീവിതത്തിൽ നിന്ന് ലഭിക്കുന്ന സംതൃപ്തിയും താൽക്കാലികമാണ്. അതുകൊണ്ട് കളിതമാശകൾ നിറഞ്ഞ ഭൗതിക ജീവിതം വെടിഞ്ഞുകൊണ്ട് ശാശ്വത സംതൃപ്തി കരസ്ഥമാകുന്ന പരലോക ജീവിതം നേടിയെടുക്കുന്നവരാണ് യഥാർത്ഥ ബുദ്ധിശാലികൾ.

زُيِّنَ لِلنَّاسِ حُبُّ ٱلشَّهَوَٰتِ مِنَ ٱلنِّسَآءِ وَٱلْبَنِينَ وَٱلْقَنَٰطِيرِ ٱلْمُقَنطَرَةِ مِنَ ٱلذَّهَبِ وَٱلْفِضَّةِ
وَٱلْخَيْلِ ٱلْمُسَوَّمَةِ وَٱلْأَنْعَٰمِ وَٱلْحَرْثِ ۗ ذَٰلِكَ مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَٱللَّهُ عِندَهُۥ حُسْنُ
ٱلْمَـَٔابِ ﴿١٤﴾ قُلْ أَؤُنَبِّئُكُم بِخَيْرٍ مِّن ذَٰلِكُمْ ۚ لِلَّذِينَ ٱتَّقَوْا۟ عِندَ رَبِّهِمْ جَنَّٰتٌ تَجْرِى مِن تَحْتِهَا

ٱلۡأَنۡهَـٰرُ خَـٰلِدِينَ فِيهَا وَأَزۡوَٰجٞ مُّطَهَّرَةٞ وَرِضۡوَٰنٞ مِّنَ ٱللَّهِۗ وَٱللَّهُ بَصِيرُۢ بِٱلۡعِبَادِ ۝

3:15–16 സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണത്തിന്റെയും വെള്ളിയുടെയും അടുക്കിവെച്ച കൂമ്പാരങ്ങൾ, മേൽത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമികൾ എന്നീ മോഹവസ്തുക്കളോടുള്ള സ്നേഹം മനുഷ്യർക്ക് ആകർഷകമാക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ഈ ലോക ജീവിതത്തിലെ വിഭവങ്ങൾ മാത്രമാണ്. എന്നാൽ അല്ലാഹുവിലാകുന്നു സുന്ദരമായ പ്രത്യാഗമനസ്ഥാനം. പറയുക, ഇതിനേക്കാൾ നല്ലത് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടയോ? ദൈവത്തെ ഭയപ്പെടുന്നവർക്ക് അവരുടെ രക്ഷിതാവിന്റെ അടുക്കൽ താഴ്ഭാഗത്ത് അരുവികൾ ഒഴുകുന്ന തോട്ടങ്ങളുണ്ട്. അവരതിൽ വസിക്കുന്നാണ്. (അതോടൊപ്പം) പരിശുദ്ധരായ ഇണകളും അല്ലാഹുവിൽ നിന്നുള്ള തൃപ്തിയുമുണ്ട്. അല്ലാഹു തന്റെ ദാസന്മാരെ നിരീക്ഷിക്കുന്നവനാകുന്നു.

وَمَا ٱلۡحَيَوٰةُ ٱلدُّنۡيَآ إِلَّا لَعِبٞ وَلَهۡوٞۖ وَلَلدَّارُ ٱلۡأٓخِرَةُ خَيۡرٞ لِّلَّذِينَ يَتَّقُونَۗ أَفَلَا تَعۡقِلُونَ ۝

6:33. ഇഹലോക ജീവതം ഒരു കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ പരലോകമാണ് ദൈവത്തെ ഭയപ്പെടുന്നവർക്ക് ഏറ്റവും ഉത്തമം. അപ്പോൾ നിങ്ങൾ ഗ്രഹിക്കുകയില്ലേ?

ٱلۡمَالُ وَٱلۡبَنُونَ زِينَةُ ٱلۡحَيَوٰةِ ٱلدُّنۡيَاۖ وَٱلۡبَٰقِيَٰتُ

ٱلصَّٰلِحَٰتُ خَيۡرٌ عِندَ رَبِّكَ ثَوَابٗا وَخَيۡرٌ أَمَلٗا ۝

18:47. സമ്പത്തും സന്താനങ്ങളും ഈ ലോക ജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽപ്രവൃർത്തികൾ നിന്റെ രക്ഷിതാവിങ്കൽ പ്രതിഫലത്തിന് ഏറ്റവും നല്ലതും പ്രത്യാശയ്ക്ക് കൂടുതൽ വക നല്കുന്നതുമത്രെ.

وَمَآ أُوتِيتُم مِّن شَيۡءٖ فَمَتَٰعُ ٱلۡحَيَوٰةِ ٱلدُّنۡيَا

وَزِينَتُهَاۚ وَمَا عِندَ ٱللَّهِ خَيۡرٞ وَأَبۡقَىٰٓۚ أَفَلَا تَعۡقِلُونَ ۝

28:61. നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള വസ്തുക്കൾ ഈ ലോക ജീവിതത്തിന്റെ സുഖസൗകര്യവും അതിന്റെ അലങ്കാരവുമാകുന്നു. അല്ലാഹുവിലുള്ളതാണ് ഏറ്റവും നല്ലതും ശാശ്വതമായതും. അപ്പോൾ നിങ്ങൾ ബുദ്ധി ഉപയോഗിക്കുകയില്ലേ?.

إِنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ ۚ وَإِن تُؤْمِنُوا۟

وَتَتَّقُوا۟ يُؤْتِكُمْ أُجُورَكُمْ وَلَا يَسْـَٔلْكُمْ أَمْوَٰلَكُمْ ﴿٣٧﴾

47:37. നിശ്ചയമായും ഈ ലോക ജീവിതം ഒരു കളിയും വിനോദവും മാത്രമാണ്. നിങ്ങൾ വിശ്വസിക്കുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്താൽ നിങ്ങളുടെ പ്രതിഫലം അവൻ നിങ്ങൾക്ക് തരുന്നതാണ്. (പിന്നീട്) നിങ്ങളുടെ സമ്പത്തുകൾ അവൻ നിങ്ങളോട് ചോദിക്കുകയുമില്ല.

ഭൗതിക ജീവിതത്തെ ഒരു മരീചികയായി വിശുദ്ധ ഖുർആൻ ഉപമിക്കുന്നു. ഫലം തരാത്ത ഒരു കൃഷിയെപ്പോലെയാണത്. വിത്ത് വിതച്ചവർ അതു മുളച്ച് വളർന്നു വലുതായി വരുന്നതു കണ്ട് ആഹ്ലാദിക്കുന്നു. എന്നാൽ ഫലം എടുക്കുവാൻ വേണ്ടി അവർ തയ്യാറെടുത്ത് വരുമ്പോഴേക്കും അത് കരിഞ്ഞുപോയതായി അവർ കാണുന്നു. അങ്ങനെ ഭൗതിക സമ്പത്തുകൾ കുന്നുകൂട്ടുന്നവർക്ക് നിരാശ മാത്രം ബാക്കി ലഭിക്കുന്നു.

أَيَوَدُّ أَحَدُكُمْ أَن تَكُونَ لَهُۥ جَنَّةٌ مِّن نَّخِيلٍ وَأَعْنَابٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ لَهُۥ

فِيهَا مِن كُلِّ ٱلثَّمَرَٰتِ وَأَصَابَهُ ٱلْكِبَرُ وَلَهُۥ ذُرِّيَّةٌ ضُعَفَآءُ فَأَصَابَهَآ إِعْصَارٌ فِيهِ نَارٌ

فَٱحْتَرَقَتْ ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلْـَٔايَـٰتِ لَعَلَّكُمْ تَتَفَكَّرُونَ ﴿٢٦٦﴾

2:267. നിങ്ങളിൽ ആരെങ്കിലും ഇങ്ങനെ ആഗ്രഹിക്കുമോ? നിങ്ങളിൽ ഒരാൾക്ക് ഈന്തപ്പനയുടെയും മുന്തിരിയുടെയും തോട്ടമുണ്ടായി. അതിന്റെ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുകയും അതിൽ അയാൾക്ക് പലവിധ പഴങ്ങൾ ലഭിക്കുകയും ചെയ്തു. അയാൾക്ക് വാർദ്ധക്യം ബാധിച്ചു. അതോടൊപ്പം കെല്പില്ലാത്ത സന്താനങ്ങളും ഉണ്ടായപ്പോൾ ഒരു തീക്കാറ്റ് വരികയും അതിന്റെ അഗ്നിയിൽ അത് കരിഞ്ഞുപോകുകയും ചെയ്തു. നിങ്ങൾ ചിന്തിക്കുന്നതിനായി ഇപ്രകാരം അല്ലാഹു ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിത്തരുന്നു.

مَثَلُ مَا يُنفِقُونَ فِى هَـٰذِهِ ٱلْحَيَوٰةِ ٱلدُّنْيَا كَمَثَلِ رِيحٍ فِيهَا صِرٌّ أَصَابَتْ حَرْثَ قَوْمٍ ظَلَمُوٓا۟

أَنفُسَهُمْ فَأَهْلَكَتْهُ ۚ وَمَا ظَلَمَهُمُ ٱللَّهُ وَلَـٰكِنْ أَنفُسَهُمْ يَظْلِمُونَ ﴿١١٧﴾

3:118. ഈ ലോക ജീവിതത്തിൽ അവർ ചിലവഴിക്കുന്നതിന്റെ ഉപമ

അതി ശൈത്യമുള്ള ഒരു കാറ്റിൻേറതു പോലെയാണ്. അത് ആത്മ ദ്രോഹം ചെയ്ത ഒരു ജനതയുടെ കൃഷിയെ ബാധിക്കുകയും നശിപ്പി ക്കുകയും ചെയ്തു. അല്ലാഹു അവരെ ദ്രോഹിച്ചില്ല. എന്നാൽ അവർ അവരെത്തന്നെ ദ്രോഹിക്കുകയാകുന്നു.

إِنَّمَا مَثَلُ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ

مِمَّا يَأْكُلُ ٱلنَّاسُ وَٱلْأَنْعَٰمُ حَتَّىٰٓ إِذَآ أَخَذَتِ ٱلْأَرْضُ زُخْرُفَهَا وَٱزَّيَّنَتْ

وَظَنَّ أَهْلُهَآ أَنَّهُمْ قَٰدِرُونَ عَلَيْهَآ أَتَىٰهَآ أَمْرُنَا لَيْلًا أَوْ نَهَارًا فَجَعَلْنَٰهَا حَصِيدًا

كَأَن لَّمْ تَغْنَ بِٱلْأَمْسِ ۚ كَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَتَفَكَّرُونَ ﴿٢٤﴾

10:25. ഈ ലോക ജീവിതത്തിന്റെ ഉപമ ആകാശത്തിൽ നിന്നും നാം ഇറക്കുന്ന ജലത്തിൻേറതുപോലെയാണ്. മനുഷ്യരും കന്നുകാലികളും ഭക്ഷിക്കുന്ന ഭൂമിയിലെ സസ്യലതാതികൾ അതുമായി ലയിച്ച് വളരു ന്നു. ഭൂമി അതിന്റെ വേഷഭൂഷാതികൾ അണിയുകയും അലംകൃതമാവു കയും, അതിൻെറ ഉടമസ്ഥർ അവയുടെ സർവ്വാധികാരികളാണന്ന് വിചാരിക്കുകയും ചെയ്യുമ്പോൾ രാത്രിയോ പകലോ നമ്മുടെ കല്പന വരികയും അങ്ങനെയൊന്ന് ഇന്നലെ അവിടെ ഉണ്ടായിരുന്നില്ല എന്ന തുപോലെ നാം അതിനെ കൊയ്തെടുക്കപ്പെട്ടതാക്കിത്തീർക്കുകയും ചെയ്യുന്നു. ചിന്തിക്കുന്ന ജനതയ്ക്ക് ഇപ്രകാരം നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു.

وَٱضْرِبْ لَهُم مَّثَلَ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ

فَأَصْبَحَ هَشِيمًا تَذْرُوهُ ٱلرِّيَٰحُ ۗ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ مُّقْتَدِرًا ﴿٤٥﴾

18:46. ലൗകിക ജീവിതത്തിന്റെ ഉപമ നീ അവർക്ക് വിവരിച്ചു കൊടു ക്കുക. അത് ആകാശത്തിൽ നിന്നും നാം ഇറക്കുന്ന ജലം പോലെയാ ണത്. ഭൂമിയിലെ സസ്യലതാതികൾ അതുമായി ലയിച്ചു വളരുന്നു. പിന്നെ കാറ്റുകൾ പറത്തിക്കളയുന്ന പൊടിഞ്ഞ ചവറുകളായി അവ മാറുന്നു. അല്ലാഹു എല്ലാ കാര്യത്തിനും ശക്തിയുള്ളവനാകുന്നു.

أَفَمَن شَرَحَ ٱللَّهُ صَدْرَهُۥ لِلْإِسْلَٰمِ فَهُوَ عَلَىٰ نُورٍ مِّن رَّبِّهِۦ ۚ

فَوَيْلٌ لِّلْقَٰسِيَةِ قُلُوبُهُم مِّن ذِكْرِ ٱللَّهِ ۚ أُو۟لَٰٓئِكَ فِى ضَلَٰلٍ مُّبِينٍ ﴿٢٢﴾

39:23. അല്ലാഹു ആകാശത്തിൽ നിന്ന് ജലമിറക്കുകയും അതിനെ ഭൂമിയിലെ അരുവികളിൽ ഒഴുക്കുകയും ചെയ്യുന്നതായി നീ കാണുന്നില്ലേ? എന്നിട്ട് അതുമുഖേനെ പല വിധത്തിലുള്ള വിത്തുവിളവുകൾ അവൻ ഉല്പാദിപ്പിക്കുന്നു. പിന്നീട് അത് വാടിക്കൊഴിഞ്ഞ് മഞ്ഞയായതായി നീ കാണുന്നു. തുടർന്ന് അതിനെ അവൻ ചവറാക്കിക്കളയുന്നു. തീർച്ചയായും ബുദ്ധിമാന്മാർക്കിതിൽ വലിയൊരു പാഠമുണ്ട്.

ٱعۡلَمُوٓاْ أَنَّمَا ٱلۡحَيَوٰةُ ٱلدُّنۡيَا لَعِبٞ وَلَهۡوٞ وَزِينَةٞ وَتَفَاخُرُۢ بَيۡنَكُمۡ وَتَكَاثُرٞ فِي ٱلۡأَمۡوَٰلِ وَٱلۡأَوۡلَٰدِۖ كَمَثَلِ غَيۡثٍ أَعۡجَبَ ٱلۡكُفَّارَ نَبَاتُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصۡفَرّٗا ثُمَّ يَكُونُ حُطَٰمٗاۖ وَفِي ٱلۡأٓخِرَةِ عَذَابٞ شَدِيدٞ وَمَغۡفِرَةٞ مِّنَ ٱللَّهِ وَرِضۡوَٰنٞۚ وَمَا ٱلۡحَيَوٰةُ ٱلدُّنۡيَآ إِلَّا مَتَٰعُ ٱلۡغُرُورِ ٢٠

57:21. ഈ ലോക ജീവിതം ഒരു കളിയും വിനോദവും ആഡംബരവും നിങ്ങൾ തമ്മിൽ അന്യോന്യം വമ്പു നടിക്കലും സമ്പത്തിലും സന്തതികളിലും പെരുമ കാണിക്കലും മാത്രമാണെന്ന് അറിയുവിൻ. ഒരു മഴയുടെ ഉപമയെപോലെ. അതുമൂലം വളരുന്ന സസ്യലതാതികൾ കർഷകരെ ഉല്ലസിപ്പിക്കുന്നു. പിന്നീടത് വാടിപ്പോകുകയും നീ അതിനെ മഞ്ഞനിറമുള്ളതായി കാണുകയും ചെയ്യുന്നു. പിന്നീടത് ചവറായിത്തീരുന്നു. പരലോകത്തിൽ (അവിശ്വാസികൾക്ക് കഠിന ശിക്ഷയുണ്ട്. (വിശ്വാസികൾക്ക്) അല്ലാഹുവിൽ നിന്നുള്ള പാപമോചനവും തൃപ്തിയുമുണ്ട്. ഈലോക ജീവിതം വഞ്ചനയുടെ ഉപകരണങ്ങൾ മാത്രമല്ലാതെ മറെറാന്നുമല്ല.

ഒരു പ്രവാചകൻ ആഗതനാകുമ്പോൾ വിശ്വാസികൾ ഒരു ഭാഗത്തും നിഷേധികൾ മറുഭാഗത്തും നിലകൊള്ളുന്നു. നിഷേധികൾ പൊതുവെ ആൾ ബലമുള്ളവരും അധികം സമ്പത്തുള്ളവരുമായിരിക്കും. വിശ്വാസികൾ പൊതുവെ ബലഹീനരും നിർധനരും ആയിരിക്കും. നിഷേധികൾ തങ്ങൾക്കാണ് ആൾ ബലമുള്ളതെന്നും സമ്പത്തുള്ളതെന്നും പറഞ്ഞ് വിശ്വാസികളെ ആക്ഷേപിക്കുവാൻ തുനിയുന്നു. അങ്ങനെയുള്ള അവിശ്വാസികളുടെ സമ്പത്ത് ദൈവിക ശിക്ഷയുടെ കാലാവധിവരുമ്പോൾ ദൈവം തന്നെ നശിപ്പിച്ചു കളയുന്നതാണെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

وَٱضۡرِبۡ لَهُم مَّثَلٗا رَّجُلَيۡنِ جَعَلۡنَا لِأَحَدِهِمَا جَنَّتَيۡنِ مِنۡ أَعۡنَٰبٖ وَحَفَفۡنَٰهُمَا بِنَخۡلٖ وَجَعَلۡنَا بَيۡنَهُمَا زَرۡعٗا ٣٢ ..... وَلَمۡ تَكُن لَّهُۥ فِئَةٞ يَنصُرُونَهُۥ مِن دُونِ ٱللَّهِ وَمَا كَانَ مُنتَصِرٗا ٤٣

18:33–44. നീ അവർക്ക് രണ്ടാൾക്കാരുടെ ഉപമ വിവരിച്ചു കൊടുക്കുക. അവരിൽ ഒരാൾക്ക് നാം മുന്തിരിയുടെ രണ്ടു തോട്ടങ്ങൾ നൽകുകയും

അതിനുചുറ്റും ഈന്തപ്പന മരങ്ങൾ വളർത്തുകയും അവ രണ്ടിനുമിട യിൽ ഒരു ധാന്യവയൽ ഉണ്ടാക്കുകയും ചെയ്തു. ആ രണ്ടു തോട്ടങ്ങ ളും ഒരു കുറവും വരുത്താതെ അവയുടെ ഫലം നൽകിക്കൊണ്ടിരുന്നു. രണ്ടിന്നുമിടയിൽ നാം ഒരു അരുവി ഒഴുക്കുകയും ചെയ്തു. അവന് ധാരാളം ഫലങ്ങൾ ലഭിക്കുന്നുണ്ടായിരുന്നു. എന്നാൽ തന്റെ കൂട്ടുകാ രനോട് സംസാരിച്ചു കൊണ്ടിരിക്കേ അവൻ പറഞ്ഞു, ഞാൻ നിന്നെ ക്കാൾ അധികം സമ്പത്തുള്ളവനും ആൾബലം കൊണ്ട് കൂടുതൽ ശ ക്തനുമാണ്. തന്റെ ആത്മാവിനോട് തെറ്റ് ചെയ്തുകൊണ്ടിരിക്കെ അ വൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു, ഇത് എപ്പോഴെ ങ്കിലും നശിച്ചു പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ആ നാഴിക വ രുമെന്നും ഞാൻ വിചാരിക്കുന്നില്ല. എന്റെ രക്ഷിതാവിലേക്ക് തിരച്ചയ ക്കപ്പെട്ടാൽ തന്നെയും ഇതിനേക്കാൾ നല്ലൊരു പ്രത്യാഗമനസ്ഥാനം ഞാൻ കണ്ടെത്തുന്നതുമാണ്. തന്നോട് സംസാരിച്ചു കൊണ്ടിരിക്കുന്ന സ്നേഹിതനോട് മറ്റെയാൾ പറഞ്ഞു, നിന്നെ മണ്ണിൽ നിന്നും പിന്നെ ഒരു രേതസ്സ്കണത്തിൽ നിന്നും സൃഷ്ടിച്ചിക്കുകയും പിന്നീടൊരു ഉ ത്തമപുരുഷനായി നിന്നെ രൂപപ്പെടുത്തുകയും ചെയ്തവനെ നീ നി ഷേധിക്കുകയാണോ? എന്നാൽ ദൈവം തന്നെയാണ് എന്റെ രക്ഷിതാ വ്. എന്റെ രക്ഷിതാവിനോട് ഞാൻ ഒന്നിനെയും പങ്കുചേർക്കുകയില്ല. നിന്റെ തോട്ടത്തിൽ നീ പ്രവേശിക്കുമ്പോൾ അല്ലാഹു നിശ്ചയിച്ചതു പോലെയിരിക്കുമെന്നും അല്ലാഹുവിനല്ലാതെ ഒരു ശക്തിയുമില്ലെന്നും നീ എന്തു കൊണ്ട് പറഞ്ഞില്ല. നിന്നേക്കാൾ സമ്പത്തും സന്തതികളും കുറഞ്ഞവനായി എന്നെ നീ കാണുന്നുവെങ്കിൽ, എന്റെ നാഥൻ നിന്റെ തോട്ടത്തേക്കാൾ നല്ലത് എനിക്ക് തരികയും നിന്റെ തോട്ടത്തി ന്മേൽ ആകാശത്തുനിന്ന് ഒരു ഇടിത്തീ അവൻ വീഴ്ത്തുകയും ചെയ്തേക്കാവു ന്നതാണ്. അങ്ങനെ അത് വഴുവഴുപ്പുള്ള തരിശുഭൂമിയായി മാറുകയും ചെയ്യും. അല്ലെങ്കിൽ അതിലെ വെള്ളം നിനക്ക് ഒരിക്കലും കണ്ടെത്താൻ കഴിയാത്തവിധം വറ്റിപ്പോയെന്നും വരാം. അവന്റെ ഫലസമൃദ്ധി വല യം ചെയ്യപ്പെട്ടു. അവ (തോട്ടങ്ങൾ) അവയുടെ പന്തലുകളോടെ വീണ ടിഞ്ഞപ്പോൾ താൻ അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ (നഷ്ട ബോധത്താൽ) കൈ മലർത്തുന്നവനായിത്തീർന്നു. എന്റെ രക്ഷിതാവി നോട് ആരെയും ഞാൻ പങ്കുചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരു ന്നേനെ എന്നവൻ പറഞ്ഞുകൊണ്ടുമിരുന്നു. അല്ലാഹുവിന് പുറമെ അവ നെ സഹായിക്കുവാൻ ഒരു കക്ഷിയും ഉണ്ടായില്ല. (സ്വയം) സഹായം കണ്ടെത്താനും അവന് കഴിഞ്ഞില്ല.

قُلْ هَلْ نُنَبِّئُكُم بِٱلْأَخْسَرِينَ أَعْمَـٰلًا ﴿١٠٣﴾

ٱلَّذِينَ ضَلَّ سَعْيُهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا وَهُمْ يَحْسَبُونَ أَنَّهُمْ يُحْسِنُونَ صُنْعًا ﴿١٠٤﴾

18:104–105. പറയുക, കർമ്മങ്ങൾ ഏറ്റവും അധികം പാഴായിപ്പോയവരെ ക്കുറിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടയോ? ഈ ലോക ജീവിതത്തിൽ നല്ല പ്രവൃത്തികൾ ചെയ്യുന്നുവെന്ന് സ്വയം കരുതിക്കൊണ്ടിരിക്കെ തങ്ങളുടെ പ്രവൃത്തികൾ പാഴായിപ്പോയവരത്രെ അവർ.

ഭൗതിക ജീവിതത്തെക്കുറിച്ച് മനസ്സിലാക്കാനുള്ള മറ്റൊരു കാര്യം ഭൗ തികമായ ഉന്നതികൾ നാം ദൈവത്തോട് പ്രാർത്ഥനയിലൂടെ ആവശ്യ പ്പെടുന്നുവെങ്കിൽ തന്നെയും അത് ഭൗതികമായ ത്യാഗങ്ങൾ ദൈവ മാ ർഗ്ഗത്തിൽ അനുഷ്ടിക്കുവാനുള്ള തയ്യാറെടുപ്പോടു കൂടിയായിരിക്കണം. ഭൗതിക സമ്പത്തിൽ ദൈവിക ശിക്ഷയും ഒളിഞ്ഞു കിടക്കുന്നുണ്ടെന്ന് ഹസ്രത്ത് ഈസാ(അ)യുടെ പ്രാർത്ഥനയും അതിന് ദൈവം നൽകിയ മറുപടിയും വ്യക്തമാക്കിത്തരുന്നു.

قَالَ عِيسَى ٱبْنُ مَرْيَمَ ٱللَّهُمَّ رَبَّنَآ أَنزِلْ عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ تَكُونُ لَنَا عِيدًا لِّأَوَّلِنَا

وَءَاخِرِنَا وَءَايَةً مِّنكَ ۖ وَٱرْزُقْنَا وَأَنتَ خَيْرُ ٱلرَّٰزِقِينَ ﴿١١٤﴾ قَالَ ٱللَّهُ إِنِّى مُنَزِّلُهَا عَلَيْكُمْ ۖ فَمَن

يَكْفُرْ بَعْدُ مِنكُمْ فَإِنِّىٓ أُعَذِّبُهُۥ عَذَابًا لَّآ أُعَذِّبُهُۥٓ أَحَدًا مِّنَ ٱلْعَٰلَمِينَ ﴿١١٥﴾

5:115–116 മർയമിന്റെ മകൻ ഈസാ പ്രാർത്ഥിച്ചു, ഞങ്ങളുടെ രക്ഷിതാ വായ അല്ലാഹുവേ, ഞങ്ങളിലുള്ള മുൻഗാമികൾക്കും പിൻഗാമികൾ ക്കും ഒരു ഉൽസവമായും നിന്നിൽ നിന്നുമുള്ള ഒരടയാളമായും ഞങ്ങ ൾക്കായി ആകാശത്തിൽ നിന്നും ഒരു ഭക്ഷണത്തളിക നീ ഇറക്കിത്ത ന്നാലും. നീ ഞങ്ങൾക്ക് ആഹാരം നൽകേണമേ, നീയാണല്ലോ ആ ഹാരം നൽകുന്നവരിൽ ഏറ്റവും ഉത്തമൻ. അല്ലാഹു പറഞ്ഞു, തീർച്ച യായും നിങ്ങൾക്ക് ഞാനത് ഇറക്കിത്തരാം. പക്ഷേ അതിനുശേഷം നി ങ്ങളിൽ ആരെങ്കിലും അവിശ്വസിക്കുന്നതായാൽ മുഴുലോകങ്ങളിൽ വെച്ച് ആർക്കും കൊടുക്കാത്ത ശിക്ഷ ഞാൻ അവന് നൽകുന്നതാണ്.
ഭൗതിക ജീവിതത്തെ പ്രിയപ്പെടുകയും ഭൗതിക സമ്പത്തുകൾ നേടി യെടുക്കുന്നതിന് വേണ്ടി ദൈവ കൽപ്പനകളെ ധിക്കരിച്ചു പ്രവർത്തി ക്കുകയും ചെയ്യുന്നവർ പരലോകത്ത് വെച്ച് നരകശിക്ഷയ്ക്ക് അർഹ രായിത്തീരുന്നതാണെന്ന് വിശുദ്ധഖുർആൻ വളരെ കഠിനവും ഭയവി ഹ്വലവുമായ രീതിയിൽ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അതുകൊണ്ട് വിശ്വാസികളായ നാം ഈ മുന്നറിയിപ്പുകളിൽനിന്ന് പാഠം പഠിക്കുക യും ദൈവാഭീഷ്ടം സ്വീകരിച്ചുകൊണ്ട് ഭൗതിക സുഖാഡംബരങ്ങൾ വെടിയുകയും ചെയ്യേണ്ടതാണ്. ഭൗതികസുഖാഡംബരങ്ങൾ വെടിയു ന്നതിന് നാം ആദ്യം നമ്മുടെ സാഹചര്യങ്ങൾ മാറ്റിയെടുക്കുകയാണ് വേണ്ടത്. ഭൗതികാഡംബരങ്ങളിൽ മുഴുകിക്കിടക്കുന്ന ദൈവ ധിക്കാര ങ്ങളെ നാം അവജ്ഞാഭാവത്തോടെ വർജിക്കുകയും നമ്മുടെ മനസ്സിൽ

അങ്ങനെയുള്ളവരോട് ഒരു അവജ്ഞാ ബോധം ഉടലെടുക്കുകയും വേണം. കാരുണ്യം, സ്നേഹം, സഹതാപം, പരോപകാരം തുടങ്ങിയ മാനുഷിക മൂല്യങ്ങളെ വിലമതിക്കുന്നവരുമായും ജീവിതത്തിൽ ലാളിത്യം പുലർത്തുന്നവരുമായും നാം സ്നേഹബന്ധം സ്ഥാപിക്കുകയും നമ്മുടെ ദൈനം ദിന വ്യവഹാരങ്ങൾ അവരുമായി നടത്തുകയും വേണം. നമ്മുടെ മനസ്സിൽ ആർദ്ര ഭാവവും ദൈവ സ്മരണയും നിലനിർത്തുവാൻ നാം ഭൗതികാഡംബരങ്ങൾ വെടിഞ്ഞേ മതിയാകൂ. അല്ലെങ്കിൽ താഴെ പറയുന്ന വിശുദ്ധവചനങ്ങളിൽ മുന്നറിയിപ്പു നൽകിയ ശിക്ഷയിൽ നാമും ഉൾപ്പെട്ടുപോകുന്നതാണ്.

وَٱلَّذِينَ يَكۡنِزُونَ ٱلذَّهَبَ وَٱلۡفِضَّةَ وَلَا يُنفِقُونَهَا فِي سَبِيلِ ٱللَّهِ فَبَشِّرۡهُم بِعَذَابٍ

أَلِيمٖ ۝ يَوۡمَ يُحۡمَىٰ عَلَيۡهَا فِي نَارِ جَهَنَّمَ فَتُكۡوَىٰ بِهَا جِبَاهُهُمۡ وَجُنُوبُهُمۡ وَظُهُورُهُمۡۖ

هَٰذَا مَا كَنَزۡتُمۡ لِأَنفُسِكُمۡ فَذُوقُواْ مَا كُنتُمۡ تَكۡنِزُونَ ۝

9:34–35.സ്വർണ്ണവും വെള്ളിയും സംഭരിച്ചു വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവാക്കാതിരിക്കുകയും ചെയ്യുന്നവരെ വേദനയേറിയ ശിക്ഷയെക്കുറിച്ചുള്ള സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽ അവ ചുട്ടുപഴുപ്പിക്കപ്പെടുകയും, എന്നിട്ട് അവകൊണ്ട് അവരുടെ നെറ്റിത്തടങ്ങളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടു വെപ്പിക്കപ്പെടുകയും ചെയ്യുന്ന ദിനം, (അവരോട് പറയപ്പെടും) ഇതാണ് നിങ്ങൾക്കുവേണ്ടി നിങ്ങൾ നിക്ഷേപിച്ചു വെച്ചിരുന്നത്. അതുകൊണ്ട് നിങ്ങൾ നിക്ഷേപിച്ചു വെച്ചത് നിങ്ങൾ ആസ്വദിക്കുവിൻ.

إِنَّ ٱلَّذِينَ لَا يَرۡجُونَ لِقَآءَنَا وَرَضُواْ بِٱلۡحَيَوٰةِ ٱلدُّنۡيَا وَٱطۡمَأَنُّواْ بِهَا وَٱلَّذِينَ

هُمۡ عَنۡ ءَايَٰتِنَا غَٰفِلُونَ ۝ أُوْلَٰٓئِكَ مَأۡوَىٰهُمُ ٱلنَّارُ بِمَا كَانُواْ يَكۡسِبُونَ ۝

10:8–9. നമ്മുടെ കൂടിക്കാഴ്ചയെ പ്രത്യാശിക്കാതിരിക്കുകയും ഇഹലോക ജീവിതം കൊണ്ട് തൃപ്തിയടയുകയും അതിൽ നിർവൃതികൊള്ളുകയും ചെയ്യുന്നവരും നമ്മുടെ സന്ദേശങ്ങളെക്കുറിച്ച് അശ്രദ്ധരായി കഴിയുന്നവരും ആരോ അവർ സമ്പാദിച്ച (തിന്മകൾ) കാരണം അവരുടെ അഭയസ്ഥാനം നരകാഗ്നിയായിരിക്കും.

مَّن كَانَ يُرِيدُ ٱلۡعَاجِلَةَ عَجَّلۡنَا لَهُۥ فِيهَا مَا نَشَآءُ لِمَن

نُّرِيدُ ثُمَّ جَعَلْنَا لَهُۥ جَهَنَّمَ يَصْلَىٰهَا مَذْمُومًا مَّدْحُورًا ۝

17:19. ക്ഷണികമായ ജീവിതം ആഗ്രഹിക്കുന്നവന് നാം ഉദ്ദേശിക്കുന്നത് നാം ഉദ്ദേശിക്കുന്നവന് വേഗത്തിൽ നൽകുന്നതാണ്. പിന്നീട് അവന് വേണ്ടി നരകം നാം ഒരുക്കിവെച്ചിരിക്കുന്നു. അതിക്ഷിപ്തനായും തിര സ്കൃതനായും അതിൽ അവൻ പ്രവേശിക്കുന്നതാണ്.

أَفَمَن وَعَدْنَٰهُ وَعْدًا حَسَنًا فَهُوَ لَٰقِيهِ كَمَن مَّتَّعْنَٰهُ مَتَٰعَ

ٱلْحَيَوٰةِ ٱلدُّنْيَا ثُمَّ هُوَ يَوْمَ ٱلْقِيَٰمَةِ مِنَ ٱلْمُحْضَرِينَ ۝

28:62. സുന്ദരമായൊരു വാഗ്ദാനം നാം നൽകുകയും അതിന്റെ സാഫ ല്യം നേരിട്ട് കാണുകയും ചെയ്യുന്ന ഒരാൾ ഇഹലോക ജീവിതത്തിൽ സുഖ സൗകര്യം നാം അനുഭവിപ്പിക്കുകയും ഉയർത്തെഴുന്നേൽപ്പുനാ ളിൽ (ശിക്ഷയ്ക്കായി) ഹാജറാക്കപ്പെടുകയും ചെയ്യുന്നവരിലൊരാളെ പ്പോലെയാണോ?

فَأَمَّا مَن طَغَىٰ ۝ وَءَاثَرَ ٱلْحَيَوٰةَ ٱلدُّنْيَا ۝ فَإِنَّ ٱلْجَنَّةَ هِىَ ٱلْمَأْوَىٰ ۝

79:38–40. അതിക്രമം കാട്ടുകയും ഇഹലോക ജീവിതം ഇഷ്ടപ്പെടുകയും ചെയ്തവരുടെ അഭയസ്ഥാനം തീർച്ചയായും നരകാഗ്നിയായിരിക്കും.

ദൈവം തന്നനുഗ്രഹിച്ച ബുദ്ധി ശരിക്കുപയോഗിക്കാത്തവർ മരണം വ ന്നണയുന്നതുവരെ ഭൗതിക സമ്പത്തുകൾ കരസ്ഥമാക്കുവാൻ മത്സ രിച്ചു കൊണ്ടിരിക്കുമെന്നും എന്നാൽ ചിന്തിച്ചു കാര്യങ്ങൾ ഗ്രഹിക്കു വാൻ ആഗ്രഹിക്കുന്നവർക്ക് വരാനിരിക്കുന്ന നരകത്തെക്കുറിച്ചുള്ള സ ത്യം ഈ ലോകത്ത് വെച്ച് തന്നെ മനസ്സിലാക്കാൻ സാധിക്കുമെന്നും വിശുദ്ധ ഖുർആൻ ഉണർത്തുന്നു. ദൈവത്തിൽനിന്നും ലഭിച്ച എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും മനുഷ്യന് കണക്ക് ബോധിപ്പിക്കേണ്ടിവരുമെ ന്നും വിശുദ്ധ വേദം വ്യക്തമാക്കുന്നു.

أَلْهَىٰكُمُ ٱلتَّكَاثُرُ ۝ حَتَّىٰ زُرْتُمُ ٱلْمَقَابِرَ ۝ كَلَّا سَوْفَ تَعْلَمُونَ ۝ ثُمَّ كَلَّا

سَوْفَ تَعْلَمُونَ ۝ كَلَّا لَوْ تَعْلَمُونَ عِلْمَ ٱلْيَقِينِ ۝ لَتَرَوُنَّ ٱلْجَحِيمَ ۝ ثُمَّ

لَتَرَوُنَّهَا عَيْنَ ٱلْيَقِينِ ۝ ثُمَّ لَتُسْـَٔلُنَّ يَوْمَئِذٍ عَنِ ٱلنَّعِيمِ ۝

102:2–9 (ഭൗതിക സമ്പത്തിനു വേണ്ടിയുള്ള) നിങ്ങൾ തമ്മിലുള്ള മാത്സര്യം (ദൈവത്തിൽനിന്ന്) നിങ്ങളുടെ ശ്രദ്ധ തിരിച്ചു വിടുന്നു.

നിങ്ങൾ ഖബറുകളിൽ എത്തുന്നതുവരെ. എന്നാൽ നിങ്ങൾക്കുടനെ തന്നെ (സത്യം) മനസ്സിലാവുന്നതാണ്. നിങ്ങൾ (ചിന്തിച്ചു) മനസ്സിലാക്കുകയാണെങ്കിൽ നിങ്ങൾ (ഈ ലോകത്ത് വെച്ച് തന്നെ) നരകത്തെ കാണും. പിന്നീട് നിങ്ങൾ നിങ്ങളുടെ കണ്ണുകൾ കൊണ്ടത് (പരലോകത്ത് വെച്ച്) കാണുകയും ചെയ്യും. അപ്പോൾ (നിങ്ങൾക്കു നൽകിയ) അനുഗ്രഹത്തെക്കുറിച്ച് നിങ്ങൾക്ക് കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്.

ഭൗതികമായ ആഗ്രഹങ്ങളിൽനിന്ന് മനസ്സിനെ മോചിപ്പിച്ചു നിർത്തുന്നവർക്ക് മാത്രമെ ജീവിത വിജയം നേടാൻ സാധിക്കുകയുള്ളുവെന്ന് വിശുദ്ധ ഖുർആനിൽ നിന്നും താഴെ ഉദ്ധരിക്കുന്ന വാക്യങ്ങൾ വ്യക്തമാക്കുന്നു.

وَمَن يُوقَ شُحَّ نَفْسِهِۦ فَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ۝

59:10. തന്റെ മനസ്സിന്റെ ആർത്തിയിൽ നിന്നും രക്ഷ നേടുന്നവരാകു ന്നു വിജയികൾ.

وَيْلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ ۝ ٱلَّذِى جَمَعَ مَالًا وَعَدَّدَهُۥ ۝ يَحْسَبُ أَنَّ مَالَهُۥٓ أَخْلَدَهُۥ ۝ كَلَّا ۖ

لَيُنۢبَذَنَّ فِى ٱلْحُطَمَةِ ۝ وَمَآ أَدْرَىٰكَ مَا ٱلْحُطَمَةُ ۝ نَارُ ٱللَّهِ ٱلْمُوقَدَةُ ۝

104:2–7. ഓരോ പരദൂഷണക്കാരനും അപവാദക്കാരനും നാശം. ധനം ശേഖരിക്കുകയും അതെണ്ണിവെക്കുകയും ചെയ്യുന്നവൻ, അവന്റെ ധനം അവനെ ശാശ്വതമായി നിലനിർത്തുമെന്ന് അവൻ വിചാരിക്കുന്നു. ഒരിക്കലുമില്ല. ചിന്നഭിന്നമാക്കുന്നതിലേക്ക് അവൻ എറിയപ്പെടും. ചിന്നഭിന്നമാക്കുന്ന വസ്തു എന്താണെന്ന് നിനക്കറിയാമോ? ഹൃദയങ്ങളിൽ കത്തിപ്പടരുന്ന അല്ലാഹുവിന്റെ അഗ്നിയത്രെ അത്.

ഭൗതികമായ ആഗ്രഹങ്ങിൽനിന്ന് രക്ഷ നേടിക്കൊണ്ട് നമ്മുടെ സമ്പത്തുകൾ അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കാനുള്ള സൗഭാഗ്യം അല്ലാഹു നമുക്കെല്ലാവർക്കും നൽകട്ടെ. ആമീൻ.

****

26 ദൈവകല്പനകൾ

ഒരു വിശ്വാസിയുടെ ജീവിത ലക്ഷ്യം അവന് ദൈവം നൽകിയ കഴിവുകളെ പരമാവധി ഉപയോഗിച്ചുകൊണ്ട് ദൈവത്തിന്റെ സംതൃപ്തി കരസ്ഥമാക്കുകയാകുന്നു. ഇതിനെയാണ് ദൈവാരാധന എന്നു പറയുന്നത്. പ്രാർത്ഥനാകർമ്മങ്ങൾ ഈ ആരാധനയുടെ ഒരു ഭാഗം മാത്രമാണ്. ദൈവം പറഞ്ഞ എല്ലാ കല്പനകളും ശിരസ്സാവഹിച്ചുകൊണ്ട് ആ കല്പനകളെ ജീവിതത്തിൽ പകർത്തുവാൻ ആത്മാവിനെ പാകപ്പെടുത്തി സൽഗുണങ്ങൾ സ്വായത്തമാക്കിക്കൊണ്ട് സൽക്കർമ്മങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്നതാണ് യഥാർത്ഥത്തിലുള്ള ദൈവാരാധന. അങ്ങനെ ദൈവം കാണിച്ചു തന്ന വഴിയിലൂടെ ജീവിതം ഉഴിഞ്ഞുവെച്ച് അവന്റെ കല്പനകളെയും നിർദ്ദേശങ്ങളെയും ആഹ്വാനങ്ങളെയും കുറിച്ച് മനസ്സിലാക്കേണ്ടതും അവ ജീവിതത്തിൽ പകർത്തി ദൈവത്തിന്റെ മുന്നിൽ കാഴ്ചവെക്കേണ്ടതുമാണ്.

ആചാരപരമായ രീതിയിൽ വെറും പ്രാർത്ഥനാ കർമ്മങ്ങൾ മാത്രം അനുഷ്ടിക്കുകയും ദൈവിക നിർദ്ദേശങ്ങൾക്കെതിരായി ജീവിതം നയിക്കുകയും ചെയ്യുന്നവർക്ക് ജീവിത മോക്ഷം നേടിയെടുക്കാൻ സാധിക്കുകയില്ല. അവരുടെ പ്രാർത്ഥനകളൂം അതോടനുബന്ധിച്ച കർമ്മങ്ങളൂം ആത്മാവിൽ ചലനം സൃഷ്ടിക്കാനാവാതെ വെറും ദേഹവ്യായാമവും അധര വ്യായാമവും ആയിത്തീരുന്നതാണ്. ഇങ്ങനെയുള്ള പ്രാർത്ഥനകളിൽ ദൈവത്തെ ഓർക്കുവാനോ ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനോ സാധിക്കുകയില്ല. അവൻ പ്രാർത്ഥിക്കുന്ന സമയത്തും അവന്റെ മനസ്സിൽ അനാവശ്യ ചിന്തകളായിരിക്കും കടന്നു വരിക. അവനറിയാതെ തന്നെ അവന്റെ പ്രാർത്ഥന പൂർത്തിയാകുകയും ആത്മാവ് ഒന്നുമറിഞ്ഞില്ല എന്ന രീതിയിൽ അവൻ എഴുന്നേറ്റു പോകുകയും അങ്ങനെ അവന്റെ പ്രാർത്ഥനയുടെ ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ ദൈവ കല്പനകളെ ജീവിതത്തിൽ പകർത്തി സ്വന്തം ജീവനെ ദൈവത്തിനു മുന്നിൽ സമർപ്പിക്കുന്നവരുടെ പ്രാർത്ഥനകൾ മറ്റുള്ളവരിൽ നിന്നും തുലോം വ്യത്യസ്ഥമായിരിക്കുന്നതാണ്. അവരുടെ പ്രാർത്ഥനകളിൽ ഉടനീളം ദൈവ സ്മരണകൾ നിറഞ്ഞു നിൽക്കുന്നതും അവരുടെ മനസ്സ് അവർ പ്രാർത്ഥിക്കുന്ന സമയത്തും അതുപോലെ മറ്റു സമയങ്ങളിലും ദൈവത്തിൽ മുഴുകിയിരിക്കുന്നതുമാണ്. അങ്ങനെ ദൈവ കല്പനകൾ അനുസരിച്ച് ജീവിക്കുന്നവരുടെ പ്രാർത്ഥനകളൂം നമസ്കാരവും മറ്റും വെറും ആചാരപരമായ രീതിയിൽ അനുഷ്ടാനങ്ങൾ നടത്തുന്നവരുടെ പ്രാർത്ഥനകളെക്കാളും അനേകമിരട്ടി പ്രതിഫലത്തിന് അർഹമായിത്തീരുന്നു. വെറും പ്രാർത്തനാകർമ്മങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചു മറ്റു കല്പനകളെ ധിക്കരിച്ചു ജീവിക്കുന്നവർ അവ

രുടെ തെറ്റുതിരുത്തി ദൈവകല്പനകളെ പൂർണ്ണമായും ജീവിതത്തിൽ പകർത്താൻ സന്നദ്ധരാകേണ്ടതാണ്.

ദൈവകല്പനകളിൽ പ്രഥമവും പ്രധാനവുമായത് ഏകദൈവത്തെ മാത്രം ആരാധിക്കുകയും അവനോട് മാത്രം പ്രാർത്ഥിക്കുകയും ചെയ്യുന്നതോടപ്പം അവന്റെ അധികാരാവകാശങ്ങളിൽ പങ്കു വഹിക്കുന്ന വേറെ ആരും തന്നെ ഇല്ലാത്തത് കൊണ്ട് മറ്റാരെയും തന്നെ ദൈവ തുല്യമായോ ദൈവത്തിന്റെ സഹായിയായോ സങ്കൽപ്പിക്കാതിരിക്കുകയും ചെയ്യുകയാകുന്നു.

يَـٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا۟ رَبَّكُمُ ٱلَّذِى خَلَقَكُمْ وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ۝

2:22. അല്ലയോ ജനങ്ങളെ, നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾക്ക് മോക്ഷം ലഭിക്കുന്നതിന് വേണ്ടി.

يَـٰعِبَادِىَ ٱلَّذِينَ ءَامَنُوٓا۟ إِنَّ أَرْضِى وَٰسِعَةٌ فَإِيَّـٰىَ فَٱعْبُدُونِ ۝

29:57. അല്ലയോ സത്യവിശ്വാസികളായ എന്റെ ദാസന്മാരെ തീർച്ചയായും എന്റെ ഭൂമി വിസ്തൃതമാണ് അതുകൊണ്ട് എന്നെ മാത്രം നിങ്ങൾ ആരാധിക്കുവിൻ.

ഇവിടെ ഭൂമി വിസ്തൃതമാണെന്ന് പറഞ്ഞതിന്റെ അർത്ഥം ഏകദൈവത്തെ ആരാധിക്കുന്നതിന് വല്ലതടസ്സവും നേരിട്ടാൽ അവിടെ നിന്നും പ്രയാണം ചെയ്ത് ആരാധന സ്വാതന്ത്ര്യമുള്ളടത്തേക്ക് പോകണമെന്നാണ്. അങ്ങനെ പോകുന്നവർക്ക് ദൈവിക വാഗ്ദാനപ്രകാരമുള്ള കൂടുതൽ മെച്ചമായ പാർപ്പിടസൗകര്യം ലഭിക്കുന്നതായിരിക്കും.

قُلْ إِنِّىٓ أُمِرْتُ أَنْ أَعْبُدَ ٱللَّهَ مُخْلِصًا لَّهُ ٱلدِّينَ ۝

39:12. പറയുക അല്ലാഹുവിനോട് നിഷ്കളങ്കമായ കീഴ്വണക്കത്തോടെ അവനെ ഞാൻ ആരാധിക്കണമെന്ന് തീർച്ചയായും കല്പിക്കപ്പെട്ടിരുക്കുന്നു.

وَمِنْ ءَايَـٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ

وَلَا لِلْقَمَرِ وَٱسْجُدُوا۟ لِلَّهِ ٱلَّذِى خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ۝

41:38. അവന്റെ ദൃഷ്ട്താന്തങ്ങളിൽപ്പെട്ടതത്രേ രാത്രിയും പകലും സൂര്യനും ചന്ദ്രനും. സൂര്യനേയും ചന്ദ്രനേയും നിങ്ങൾ ആരാധിക്കരുത്. അവയെ സൃഷ്ട്ടിച്ച അല്ലാഹുവിനെ ആരാധിക്കുവിൻ. നിങ്ങൾ അവനെ തന്നെയാണ് ആരാധിക്കുന്നതെങ്കിൽ.

അല്ലാഹുവിനെ ആരാധിക്കുന്നതിനോടപ്പം നമ്മുടെ ആവശ്യങ്ങൾ അവ ന്റെ മുമ്പിൽ സമർപ്പിക്കുകയും അവനോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കു കയും ചെയ്യേണ്ടതാണ്. ദൈവം നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കുക യും മറുപടി തരികയും ചെയ്യുന്നത് കൊണ്ട് പ്രാർത്ഥനയിൽ കൂടിനമു ക്ക് ദൈവത്തിന്റെ അസ്ഥിത്വം മനസ്സിലാക്കാൻ സാധിക്കുന്നു. അവ നോട് പ്രാർത്ഥിക്കാത്തവർ അവന്റെ പരിഗണനയക്ക് അർഹമായിത്തി രുകയില്ലെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കുന്നു.

قُلْ مَا يَعْبَؤُا۟ بِكُمْ رَبِّى لَوْلَا دُعَآؤُكُمْ ۖ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا ﴿٧٧﴾

25:78. നീ പറയുക നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ നിങ്ങളെ എന്റെ രക്ഷിതാവ് ഗണ്യമാക്കുന്നതല്ല.

وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ

يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾

40:61. നിങ്ങളുടെ നാഥൻ പറയുന്നു, എന്നോട് പ്രാർത്ഥിക്കുവിൻ. ഞാ ൻ നിങ്ങളുടെ പ്രാർത്ഥനയക്ക് ഉത്തരം നൽകുന്നതാണ്. എന്നെ ആരാ ധിക്കുന്നതിൽ അഹംഭാവം പ്രകടിപ്പിക്കുന്നവർ തീർച്ചയായും നിന്ദ്യരാ യി നരകത്തിൽ പ്രവേശിക്കുന്നതാണ്.

ഏക ദൈവത്തെ ആരാധിക്കുകയും അവനോട് പ്രാർത്ഥിക്കുകയും ചെ യ്യുന്നതോടൊപ്പം വേറൊരു ദൈവത്തെ സങ്കൽപ്പിക്കുവാനോ, മറ്റാരെ യെങ്കിലും ദൈവത്തിന്റെ സഹായിയായി സങ്കൽപ്പിക്കുവാനോ വേറെ ആരോടും തന്നെ പ്രാർത്ഥിക്കുവാനോ പാടില്ലാത്തതാകുന്നു.

ذَٰلِكَ مِمَّآ أَوْحَىٰٓ إِلَيْكَ رَبُّكَ مِنَ ٱلْحِكْمَةِ ۗ وَلَا تَجْعَلْ مَعَ

ٱللَّهِ إِلَٰهًا ءَاخَرَ فَتُلْقَىٰ فِى جَهَنَّمَ مَلُومًا مَّدْحُورًا ﴿٣٩﴾

17:40. അല്ലാഹുവിന്റെ കൂടെ മറ്റൊരു ദൈവത്തെ നീ സങ്കൽപ്പിക്കരുത് എങ്കിൽ നീ അവമതിക്കപ്പെട്ടും പരിത്യജിക്കപ്പെട്ടും നരകത്തിലേക്ക് എ റിയപ്പെടുന്നതാണ്.

فَلَا تَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَتَكُونَ مِنَ ٱلْمُعَذَّبِينَ ﴿٢١٣﴾

26:214. അല്ലാഹുവിനെ കുടാതെ മറ്റൊരു ദൈവത്തെ നീ വിളിക്കരുത്. എങ്കിൽ നിനക്കും ശിക്ഷ ലഭിക്കും.

ഏകദൈവത്തെ ആരാധിക്കുന്നതോടപ്പം അവനെ ഭയപ്പെടണമെന്നതും ദൈവ കല്പനയാകുന്നു. ദൈവഭയം മനുഷ്യനെ തെറ്റിൽ നിന്ന് മോചിതനാക്കുകയും ദൈവ കാരുണ്യത്തിനും പാപമോചനത്തിനും അർഹനാക്കിത്തിർക്കുകയും ചെയ്യുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسۡلِمُونَ ١٠٢

3:103. അല്ലയോ വിശ്വാസികളെ അല്ലാഹുവിനെ ഭയപ്പെടേണ്ട യഥാർത്ഥമായ രീതിയിൽ അവനെ നിങ്ങൾ ഭയപ്പെടുവിൻ. നിങ്ങൾ മുസ്ലിംകൾ ആയിട്ടല്ലാതെ നിശ്ചയമായും മരിക്കാനിടയാക്കരുത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَتَّقُواْ ٱللَّهَ يَجۡعَل لَّكُمۡ فُرۡقَانٗا وَيُكَفِّرۡ
عَنكُمۡ سَيِّـَٔاتِكُمۡ وَيَغۡفِرۡ لَكُمۡۗ وَٱللَّهُ ذُو ٱلۡفَضۡلِ ٱلۡعَظِيمِ ٢٩

8:30. അല്ലയോ വിശ്വാസികളെ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുമെങ്കിൽ നിങ്ങൾക്കവൻ വിവേചനശക്തി നൽകുകയും നിങ്ങളിൽ നിന്നും നിങ്ങളുടെ ദൂഷ്യത്തെ മാറ്റിക്കളയുകയും നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു മഹത്തായ അനുഗ്രഹം നൽകുന്നവനാകുന്നു.

നമ്മുടെ വീഴ്ചകളിൽ നിന്നും അപരാധങ്ങളിൽ നിന്നും ദൂഷ്യങ്ങളിൽ നിന്നും മോചനം ലഭിക്കുന്നതിനു വേണ്ടിയും നമ്മുടെ അധമമായ ആത്മീയാവസ്ഥയിൽ നിന്നും ഔന്നിത്യത്തിലേക്കുള്ള ആത്മീയാവസ്ഥയിലേക്ക് മുന്നേറുന്നതിനു വേണ്ടിയും നാം ദൈവത്തോട് പാശ്ചാത്തപിച്ചു കൊണ്ടിരിക്കേണ്ടതാകുന്നു. പാശ്ചാതപിക്കുന്നതു കൊണ്ട് നമ്മുടെ ഹൃദയവികാരത്തെ ആർദ്രമാക്കിത്തീർക്കുവാനും മറ്റുള്ളവരുടെ തെറ്റുകൾ പൊറുത്തു കൊടുക്കുവാനുമുള്ള കരുത്ത് നമുക്ക് നേടിയെടുക്കുവാൻ സാധിക്കുന്നതാണ്.

مَنۡ عَمِلَ مِنكُمۡ سُوٓءَۢا بِجَهَـٰلَةٖ ثُمَّ تَابَ مِنۢ بَعۡدِهِۦ وَأَصۡلَحَ فَأَنَّهُۥ غَفُورٞ رَّحِيمٞ ٥٤

6:55. നിങ്ങളിൽ ആരെങ്കിലും അവിവേകം മൂലം ഒരു തിന്മ ചെയ്യുകയും അതിന് ശേഷം പശ്ചാതപിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ തീർച്ചയായും (അല്ലാഹു) പൊറുത്ത് കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

وَلَيۡسَتِ ٱلتَّوۡبَةُ لِلَّذِينَ يَعۡمَلُونَ ٱلسَّيِّـَٔاتِ حَتَّىٰٓ إِذَا حَضَرَ أَحَدَهُمُ ٱلۡمَوۡتُ قَالَ إِنِّي
تُبۡتُ ٱلۡـَٰٔنَ وَلَا ٱلَّذِينَ يَمُوتُونَ وَهُمۡ كُفَّارٌۚ أُوْلَـٰٓئِكَ أَعۡتَدۡنَا لَهُمۡ عَذَابًا أَلِيمٗا ١٨

4:18. പശ്ചാത്താപം എന്നത് തെറ്റുകൾ തുടർന്നു കൊണ്ടിരിക്കുകയും എന്നിട്ട് മരണം ആസന്നമാകുകയും ചെയ്യുമ്പോൾ ഞാനിതാ പാശ്ചാത്തപിക്കുന്നു എന്നു പറയുകയും ചെയ്യുന്നവർക്കുവേണ്ടിയുള്ളതല്ല. സത്യനിഷേധികളായി മരിക്കുന്നവർക്കുവേണ്ടിയുള്ളതുമല്ല. അവർക്കെല്ലാം വേദനയേറിയ ശിക്ഷ നാം ഒരുക്കിവെച്ചിരിക്കുന്നു.

وَمَن تَابَ وَعَمِلَ صَٰلِحًا فَإِنَّهُۥ يَتُوبُ إِلَى ٱللَّهِ مَتَابًا ۝

25:72. പശ്ചാതപിക്കുകയും (തുടർന്ന് കൊണ്ട്) സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥമായ പശ്ചാതാപത്തോടു കൂടി ദൈവത്തിലേക്ക് മടങ്ങുന്നവർ.

ٱلَّذِينَ يَجْتَنِبُونَ كَبَٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ إِلَّا ٱللَّمَمَ ۚ إِنَّ رَبَّكَ وَٰسِعُ ٱلْمَغْفِرَةِ

هُوَ أَعْلَمُ بِكُمْ إِذْ أَنشَأَكُم مِّنَ ٱلْأَرْضِ وَإِذْ أَنتُمْ أَجِنَّةٌ فِى بُطُونِ أُمَّهَٰتِكُمْ ۖ

فَلَا تُزَكُّوٓا۟ أَنفُسَكُمْ ۖ هُوَ أَعْلَمُ بِمَنِ ٱتَّقَىٰٓ ۝

53:33. ചെറിയ തെറ്റുകൾ ഒഴികെയുള്ള മഹാപാപങ്ങളിൽനിന്നും ഹീന പ്രവൃർത്തികളിൽനിന്നും അകന്നുനിൽക്കുന്നവർക്ക് നിശ്ചയമായും നിന്റെ നാഥൻ വിശാലമായി പൊറുത്ത് കൊടുക്കുന്നവനാകുന്നു. ഭൂമിയിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചു കൊണ്ടുവന്നപ്പോഴും നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങൾ ഭ്രൂണങ്ങളായിരുന്നപ്പോഴും അവനാകുന്നു നിങ്ങളെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവൻ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ أَن يُكَفِّرَ عَنكُمْ سَيِّـَٔاتِكُمْ

وَيُدْخِلَكُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ يَوْمَ لَا يُخْزِى

ٱللَّهُ ٱلنَّبِىَّ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ ۖ نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَٰنِهِمْ يَقُولُونَ

رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝

66:9. അല്ലയോ വിശ്വാസികളെ, ഹൃദയംഗമായ പാശ്ചാതാപത്തോടെ അല്ലാഹുവിലേക്കു നിങ്ങൾ മടങ്ങുവിൻ. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങളെ ദൂരീകരിക്കുകയും താഴത്തു കൂടി അരുവികൾ ഒഴുകുന്നതായ തോട്ടങ്ങളിൽ അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെ

യ്തെന്നുവരാം, പ്രവാചകനേയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരേയും അല്ലാഹു അപമാനിക്കാത്ത ദിവസത്തിൽ. അവരുടെ മുന്നിലൂടെയും അവരുടെ വലതു വശങ്ങളിലൂടെയും അവരുടെ പ്രകാശം പ്രസരിക്കുകയായി. അവർ പറയും, ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം നീ ഞങ്ങൾക്ക് പൂർത്തിയാക്കിത്തരികയും ഞങ്ങൾക്ക് പൊറുത്ത് തരികയും ചെയ്യേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

വിശ്വാസികൾ അല്ലാഹുവിനോട് പശ്ചാതപിച്ചു കൊണ്ടിരിക്കുന്നതോടൊപ്പം അവരുടെ എല്ലാ കാര്യങ്ങളും ദൈവത്തിൽ അർപ്പിച്ചുകൊണ്ട് മനസ്സിനെ സ്വസ്ഥമാക്കി വെക്കേണ്ടതാണ്. അവൻ നമുക്ക് വിധിച്ചതല്ലാതെ നമ്മെ ഒന്നും ബാധിക്കുകയില്ലെന്നും അവൻ നമുക്ക് കാംക്ഷിക്കുന്ന നന്മയെ തടയുവാൻ ആരെക്കൊണ്ടും സാധിക്കുകയില്ലെന്നും അവൻ നമുക്ക് ഉദ്ദേശിക്കുന്ന പ്രയാസത്തെ മാറ്റിത്തരുവാൻ അവനല്ലാതെ മറ്റാരുമില്ലെന്നും മനസ്സിലാക്കി നാം എല്ലാകാര്യവും അവനിൽ അർപ്പിച്ചുകൊണ്ട് നമ്മുടെ മനസ്സിനെ വേവിലാതികളിൽ നിന്നും മുക്തമാക്കി വെക്കേണ്ടതാണ്.

قُل لَّن يُصِيبَنَآ إِلَّا مَا كَتَبَ ٱللَّهُ لَنَا هُوَ مَوۡلَىٰنَاۚ وَعَلَى ٱللَّهِ فَلۡيَتَوَكَّلِ ٱلۡمُؤۡمِنُونَ ۝

9:52. പറയുക, അല്ലാഹു ഞങ്ങൾക്ക് വിധിച്ചതല്ലാതെ ഞങ്ങളെ മറെറാന്നും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് വിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ.

ദൈവം വളരെയധികം അനുഗ്രഹമുടയവാണ്. നാം ജനിക്കുന്നതിനുമുമ്പുതന്നെ മാതാവിന്റെ സ്തനങ്ങളിൽ നമുക്ക് കുടിക്കുവാൻ പാലും ഈ ലോകത്ത് നമുക്ക് ഭക്ഷിക്കുവാൻ വേണ്ട ആഹാര സാധനങ്ങളും വസ്ത്രങ്ങളും പാർപ്പിടങ്ങളും അതുപോലെ എണ്ണാൻ സാധിക്കാത്ത മറ്റു പല സൗകര്യങ്ങളും ചെയ്തു തന്നിരിക്കുന്നു. നമ്മുടെ ആഗ്രഹങ്ങൾ അതിരു കവിയുമ്പോൾ മാത്രമാണ് നമുക്ക് പ്രയാസ്സങ്ങൾ അനുഭവപ്പെടുന്നത്. അതിന് കുറ്റക്കാർ നാം തന്നെയാണ്. അല്ലാതെ ദൈവമല്ല. എങ്കിലും ദൈവവിധിയാലുണ്ടാകുന്ന പ്രയാസ്സങ്ങൾക്കെതിരെ നാം സഹനം കൈകൊള്ളുകയാണെങ്കിൽ നമുക്കവൻ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. അങ്ങനെ നമുക്ക് വേണ്ടി ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹങ്ങളെയോർത്ത് നാം ദൈവത്തോട് നന്ദി കാണിക്കണമെന്നത് ദൈവിക കല്പനയാകുന്നു.

أَنِ ٱشۡكُرۡ لِلَّهِۚ وَمَن يَشۡكُرۡ فَإِنَّمَا يَشۡكُرُ لِنَفۡسِهِۦۖ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِيٌّ حَمِيدٞ ۝

31:13. അല്ലാഹുവിനോട് നീ നന്ദി പ്രകടിപ്പിക്കുക. ആരാണോ നന്ദി പ്രകടിപ്പിക്കുന്നത്, അയാൾ തന്നെറ ആത്മാവിനു വേണ്ടിയാണ് നന്ദി പ്ര

കടിപ്പിക്കുന്നത്. ആരെങ്കിലും നന്ദികേട് കാണിക്കുന്നുവെങ്കിൽ തീർച്ച യായും അല്ലാഹു പരാശ്രയരഹിതനും സ്തുത്യർഹനുമാകുന്നു.

വിശ്വാസികൾ അല്ലാഹുവിന്റെ ഇച്ഛയ്ക്കു മുൻഗണന നൽകേണ്ടതാ കുന്നു. എന്തിലാണോ ദൈവത്തിന്റെ തൃപ്തി അതിൽ നാമും തൃപ്തി കണ്ടെത്തേണ്ടതാണ്. നാം ചെയ്യാനുദ്ദേശിക്കുന്ന എല്ലാകാര്യത്തിനും ദൈവ നിശ്ചയം മുൻകൂട്ടി കണക്കിലെടുക്കേണ്ടതും നമ്മുടെ ഉദ്ദേശ്യമ നുസരിച്ച് കാര്യങ്ങൾ സംഭവിച്ചില്ലെങ്കിൽ തന്നെയും നാം ദുഃഖിക്കാതി രിക്കുകയും ചെയ്യേണ്ടതാണ്.

وَلَا تَقُولَنَّ لِشَاْىْءٍ إِنِّى فَاعِلٌ ذَٰلِكَ غَدًا ۝ إِلَّآ أَن يَشَآءَ ٱللَّهُ ۚ وَٱذْكُر

رَّبَّكَ إِذَا نَسِيتَ وَقُلْ عَسَىٰٓ أَن يَهْدِيَنِ رَبِّى لِأَقْرَبَ مِنْ هَٰذَا رَشَدًا ۝

18:24–25 ഞാൻ നാളെ തീർച്ചയായും ചെയ്യുന്നതാണെന്ന് ഒരു കാര്യ ത്തെക്കുറിച്ചും (ഒരിക്കലും) നീ പറയരുത്. അല്ലാഹു നിശ്ചയിക്കുന്നു വെങ്കിൽ എന്നു (ചേർത്തുകൊണ്ട്) അല്ലാതെ. നീ മറന്നുപോകുന്നുവെ ങ്കിൽ (ഓർമ്മ വരുമ്പോൾ) നിന്റെ നാഥനെ സ്മരിക്കുകയും ചെയ്യുക.

നമ്മുടെ ആരാധനാപാത്രവും ബഹുമാന പാത്രവും ദൈവമായത് കൊ ണ്ട് ദൈവത്തെയും ദൈവിക സന്ദേശങ്ങളെയും പരിഹസിക്കുന്നവരുടെ കൂട്ടുകെട്ടിൽ നിന്നും നാം ഒഴിഞ്ഞു നിൽക്കേണ്ടതാണ്. ദൈവിക ദൃ ഷ്ടാന്തങ്ങളെക്കുറിച്ച് വ്യർത്ഥ ഭാഷണം നടത്തുന്നവരിൽ നിന്നും ഒഴി ഞ്ഞു നിൽക്കുവാൻ ദൈവം നിർദ്ദേശിച്ചിരിക്കുന്നു.

وَقَدْ نَزَّلَ عَلَيْكُمْ فِى ٱلْكِتَٰبِ أَنْ إِذَا سَمِعْتُمْ ءَايَٰتِ ٱللَّهِ يُكْفَرُ بِهَا وَيُسْتَهْزَأُ

بِهَا فَلَا تَقْعُدُوا۟ مَعَهُمْ حَتَّىٰ يَخُوضُوا۟ فِى حَدِيثٍ غَيْرِهِۦٓ ۚ إِنَّكُمْ إِذًا مِّثْلُهُمْ ۗ

إِنَّ ٱللَّهَ جَامِعُ ٱلْمُنَٰفِقِينَ وَٱلْكَٰفِرِينَ فِى جَهَنَّمَ جَمِيعًا ۝

4:141. തീർച്ചയായും ഗ്രന്ഥത്തിൽ ഇറക്കിതന്നിരിക്കുന്നു, അല്ലാഹുവി ന്റെ സന്ദേശങ്ങൾ നിഷേധിക്കപ്പെടുന്നതായും പരിഹസിക്കപ്പെടുന്നതാ യും നിങ്ങൾ കേൾക്കുകയാണെങ്കിൽ അവരുടെ കൂടെ നിങ്ങൾ ഇരി ക്കരുത്, വേറൊരു സംസാരത്തിൽ അവർ ഏർപ്പെടുന്നത് വരെ. അങ്ങ നെയാണങ്കിൽ തീർച്ചയായും നിങ്ങളും അവരെപ്പോലെയായിത്തീരുന്ന താണ്. തീർച്ചയായും അല്ലാഹു കപട വിശ്വാസികളെയും അവിശ്വാസി കളെയും ഒന്നിച്ച് നരകത്തിൽ ഒരുമിച്ചു കൂട്ടുന്നതാണ്.

وَإِذَا رَأَيْتَ ٱلَّذِينَ يَخُوضُونَ فِىٓ ءَايَٰتِنَا فَأَعْرِضْ عَنْهُمْ حَتَّىٰ يَخُوضُوا۟ فِى حَدِيثٍ غَيْرِهِۦ ۚ

وَإِمَّا يُنسِيَنَّكَ ٱلشَّيْطَٰنُ فَلَا تَقْعُدْ بَعْدَ ٱلذِّكْرَىٰ مَعَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٦٨﴾

6:69. നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് വ്യർത്ഥ ഭാഷണം നടത്തുന്നവരെ നീ കാണുമ്പോൾ അവർ മറ്റൊരു വിഷയത്തിൽ ഏർപ്പെടുന്നതുവരെ അവരിൽ നിന്നും നീ വിട്ടുനിൽക്കുക. പിശാച് നിനക്ക് മറവിവരുത്തുന്നുവെങ്കിൽ ഓർമ്മവന്നതിന് ശേഷം തെറ്റു ചെയ്യുന്നവരുടെ കൂടെ നീ ഇരിക്കരുത്.

وَذَرِ ٱلَّذِينَ ٱتَّخَذُوا۟ دِينَهُمْ لَعِبًا وَلَهْوًا وَغَرَّتْهُمُ ٱلْحَيَوٰةُ ٱلدُّنْيَا ۚ

6:71. തങ്ങളുടെ മതം കളിയും വിനോദവുമായി എടുക്കുകയും ഇഹലോക ജീവിതത്തിൽ വഞ്ചിതരായി പോവുകയും ചെയ്തവരിൽനിന്നും നീ വിട്ടു നിൽക്കുക.

നാം വിശ്വാസത്തിലേക്ക് കാലെടുത്തു വെക്കുമ്പോൾ ദൈവവുമായി ചെയ്യുന്ന പ്രതിജ്ഞ നാം ജീവിതകാലം മുഴുവൻ ഓർമ്മയിൽ വെക്കേണ്ടതാകുന്നു. നമ്മുടെ ജീവിതത്തിലെ എല്ലാ പ്രയാസഘട്ടങ്ങളിലും പ്രതിസന്ധിയിലും ദൈവത്തോടുള്ള നമ്മുടെ കൂറ് ത്യാഗങ്ങൾ സഹിച്ചു കൊണ്ട് നാം തെളിയിക്കേണ്ടിയിരിക്കുന്നു.

وَٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ وَمِيثَٰقَهُ ٱلَّذِى وَاثَقَكُم بِهِۦٓ إِذْ قُلْتُمْ

سَمِعْنَا وَأَطَعْنَا ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٧﴾

5:08. (അല്ലയോ വിശ്വാസികളെ) നിങ്ങൾക്ക് അല്ലാഹു നൽകിയ അനുഗ്രഹവും ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു എന്ന് നിങ്ങൾ പറഞ്ഞ സന്ദർഭത്തിൽ നിങ്ങളോട് അവൻ വാങ്ങിയ ഉറച്ചകരാറും നിങ്ങൾ ഓർക്കുക. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു തീർച്ചയായും ഹൃദയരഹസ്യം അറിയുന്നവനാകുന്നു.

إِنَّ ٱلَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ ٱللَّهَ يَدُ ٱللَّهِ فَوْقَ أَيْدِيهِمْ ۚ فَمَن نَّكَثَ فَإِنَّمَا

يَنكُثُ عَلَىٰ نَفْسِهِۦ ۖ وَمَنْ أَوْفَىٰ بِمَا عَٰهَدَ عَلَيْهُ ٱللَّهَ فَسَيُؤْتِيهِ أَجْرًا عَظِيمًا ﴿١٠﴾

48:11. നിന്നോട് (പ്രവാചകനോട്) പ്രതിജ്ഞ ചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിനോടാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കരം അവരുടെ കരങ്ങൾക്ക് മീതെയുണ്ട്. എന്നാൽ ആരെങ്കിലും അത്

ലംഘിക്കുന്നുവെങ്കിൽ അതിന്റെ ദോഷഫലം അവനുതന്നെയാകുന്നു. അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞ നിറവേറ്റുന്നവർക്ക് മഹത്തായ പ്രതിഫലം വേഗം നൽകപ്പെടുന്നതാണ്.

ഒരു വിശ്വാസി അല്ലാഹുവുമായി പ്രതിജ്ഞ ചെയ്യുമ്പോൾ അവൻ ഈ ലോകത്തു നിന്നും സ്വർഗ്ഗ ലോകത്തേക്ക് കാലെടുത്ത് വെക്കുകയാണ് ചെയ്യുന്നത്. എങ്കിലും ഭൗതികമായ അവന്റെ കെട്ടുപാടുകൾ അവനെ ഈ ലോകത്തേക്ക് തന്നെ പിടിച്ചു വലിക്കുന്നു. അപ്പോഴുണ്ടാകുന്ന പൈശാചിക പ്രേരണകളിൽ നിന്നും രക്ഷ നേടുവാൻ വിശ്വാസികളോട് ദൈവത്തിലേക്ക് അഭയം പ്രാപിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيۡطَـٰنِ نَزۡغٌ فَٱسۡتَعِذۡ بِٱللَّهِۚ إِنَّهُۥ سَمِيعٌ عَلِيمٌ ۝

7:201. പിശാചിൽ നിന്നുള്ള ദുർബോധനം നിന്നിൽ ഉണ്ടാകുമ്പോൾ അല്ലാഹുവിലേക്ക് അഭയം തേടുക. തീർച്ചയായും അവൻ അറിയുന്നവനും കേൾക്കുന്നവനുമാകുന്നു. (41:36.)

وَقُل رَّبِّ أَعُوذُ بِكَ مِنۡ هَمَزَٰتِ ٱلشَّيَـٰطِينِ ۝ وَأَعُوذُ بِكَ رَبِّ أَن يَحۡضُرُونِ ۝

23:98–99. പറയുക, എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുഷ്പ്രേരണകളിൽ നിന്നും ഞാൻ നിന്നിലേക്ക് അഭയം പ്രാപിക്കുന്നു. അവർ എന്നെ സമീപിക്കുന്നതിൽനിന്നും എന്റെ നാഥാ നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّبِعُواْ خُطُوَٰتِ ٱلشَّيۡطَـٰنِۚ

وَمَن يَتَّبِعۡ خُطُوَٰتِ ٱلشَّيۡطَـٰنِ فَإِنَّهُۥ يَأۡمُرُ بِٱلۡفَحۡشَآءِ وَٱلۡمُنكَرِۚ عَلِيمٌ ۝

24:22. അല്ലയോ വിശ്വാസികളെ, പിശാചിന്റെ കാൽപ്പാദങ്ങളെ നിങ്ങൾ പിന്തുടരരുത്. പിശാചിന്റെ കാലടികളെ പിന്തുടരുന്നവരോട് അവൻ നീചകൃത്യങ്ങളും നിഷിദ്ധകാര്യങ്ങളും കല്പിക്കുന്നു.

ദൈവത്തിലും അവന്റെ ദൂതന്മാരിലും ഗ്രന്ഥങ്ങളിലും മലക്കുകളിലും അവസാന നാളിലും തെളിവുകൾ കണ്ടെത്തി വിശ്വാസിക്കുകയെന്നത് വിശ്വാസികളുടെ കർത്തവ്യമാകുന്നു. തെളിവുകൾ കണ്ടെത്തി ദൃഢജ്ഞാനത്തോടു കൂടിയുള്ള വിശ്വാസം കൊണ്ടു മാത്രമെ സൽക്കർമ്മങ്ങൾ ചെയ്യുവാൻ സാദ്ധ്യമാവുകയുള്ളു. അന്ധമായി കേട്ടുകേൾവിയെ അടിസ്ഥാനമാക്കി ജന്മസിദ്ധമായി ലഭിക്കുന്ന വിശ്വാസ കാര്യങ്ങളെ ബോധപൂർവ്വം അവധാനം ചെയ്യാത്തവർക്ക് സൽക്കർമ്മങ്ങളിൽ മുന്നേറുവാനോ ദൈവത്തെ കണ്ടെത്തുവാനോ സാധിക്കുകയില്ല. വിശുദ്ധഖുർആനിൽ പറയുന്ന വിശ്വാസകാര്യങ്ങളെ കണ്ണടച്ചു വിശ്വസി

ക്കുവാനല്ല വിശുദ്ധഖുർആൻ ആവശ്യപ്പെടുന്നത്. മനുഷ്യന് ലഭിച്ച ബുദ്ധിശക്തിയെ ശരിക്ക് ഉപയോഗിച്ച് കൊണ്ട് സത്യം മനസ്സിലാക്കി വിശ്വസിക്കുവാനാണ്. അതുകൊണ്ട് തന്നെയാണ് വിശുദ്ധഖുർആനിൽ ദൈവം ഒരോ കാര്യങ്ങൾക്കും തെളിവുകൾ നിരത്തിയിരിക്കുന്നത്. ദൈവം പറയുന്നത് അതിന്റെ സത്തയിൽ തന്നെ സത്യമായിരിക്കുന്നതിനാൽ തെളിവുകൾ നിരത്തേണ്ട ആവശ്യം ദൈവത്തിന് ഇല്ല തന്നെ. കണ്ണടച്ചു കൊണ്ട് ബുദ്ധിയെ പണയം വെച്ച് സ്വീകരിക്കുന്ന ഒരു വിശ്വാസത്തിനും നേർവഴിയിലേക്ക് നയിച്ചു സൽകർമ്മങ്ങൾ ചെയ്യിക്കാൻ ശകതിയില്ലാത്തത് കൊണ്ടാണ് ദൈവം പറയുന്ന കാര്യങ്ങൾക്ക് പോലും മനുഷ്യർക്ക് വേണ്ടി ദൈവം തെളിവുകൾ നിരത്തിക്കാണിച്ചിരിക്കുന്നത്. വിശ്വാസകാര്യങ്ങൾ രണ്ടു രീതിയിലും സ്വീകരിക്കാവുന്നതാണ്. വിശ്വസിച്ചു കൊണ്ട് തെളിവുകൾ കണ്ടത്തുകയോ അല്ലെങ്കിൽ തെളിവുകൾ കണ്ടെത്തി വിശ്വസിക്കുകയൊ ചെയ്യാവുന്നതാണ്. ഒരോരുത്തർക്കും അനുയോജ്യമായ മാർഗ്ഗം സ്വീകരിക്കുന്നതായിരിക്കും ഉചിതം. വിശ്വസിച്ചു കൊണ്ട് തെളിവുകൾ കണ്ടെത്താത്തവർക്കും തെളിവുകൾ കണ്ടെത്തി വിശ്വസിക്കാത്തവർക്കും അവരുടെ ജീവിതം പ്രയോജനപ്പെടുകയില്ല. ഈ പ്രപഞ്ചത്തിൽ നിന്നും തെളിവുകൾ കണ്ടെത്തി സ്വീകരിക്കാനാവശ്യപ്പെടുന്ന വിശ്വാസകാര്യങ്ങൾ താഴെ പറയുന്നവയാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ ءَامِنُواْ بِٱللَّهِ وَرَسُولِهِۦ وَٱلۡكِتَـٰبِ ٱلَّذِى نَزَّلَ عَلَىٰ رَسُولِهِۦ

وَٱلۡكِتَـٰبِ ٱلَّذِىٓ أَنزَلَ مِن قَبۡلُۚ وَمَن يَكۡفُرۡ بِٱللَّهِ وَمَلَـٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ

وَٱلۡيَوۡمِ ٱلۡأَخِرِ فَقَدۡ ضَلَّ ضَلَـٰلَۢا بَعِيدًا ۝

4:137. അല്ലയോ വിശ്വാസികളെ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദുതന് അവൻ ഇറക്കിക്കൊടുത്ത ഗ്രന്ഥത്തിലും മുമ്പ് അവൻ ഇറക്കിയിട്ടുള്ള ഗ്രന്ഥത്തിലും വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അവസാന നാളിലും ആരെങ്കിലും അവിശ്വസിക്കുന്നുവെങ്കിൽ അപ്പോൾ തീർച്ചയായും അവൻ ബഹുദൂരം വഴിതെറ്റിപ്പോയിരിക്കുന്നു.

يَـٰٓأَيُّهَا ٱلنَّاسُ قَدۡ جَآءَكُمُ ٱلرَّسُولُ بِٱلۡحَقِّ مِن رَّبِّكُمۡ فَـَٔامِنُواْ خَيۡرًا لَّكُمۡۚ وَإِن

تَكۡفُرُواْ فَإِنَّ لِلَّهِ مَا فِى ٱلسَّمَـٰوَٰتِ وَٱلۡأَرۡضِۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ۝

4:171. അല്ലയോ മനുഷ്യരെ, നിങ്ങളുടെ രക്ഷിതാവിൽ നിന്നും സത്യവും കൊണ്ട് റസൂൽ തീർച്ചയായും നിങ്ങളിൽ വന്നിരിക്കുന്നു. അതി

നാൽ നിങ്ങൾ വിശ്വസിക്കുവിൻ. അതാകുന്നു നിങ്ങൾക്കേറ്റവും ഉത്തമം. നിങ്ങൾ അവിശ്വസിക്കുന്നുവെങ്കിൽ തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെതാകുന്നു.

ദൈവത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുക എന്ന് പറഞ്ഞാൽ ദൈവത്തിന്റെ സത്തയെയും പ്രവാചകന്മാരുടെ സത്യത്തെയും ബോധ്യപ്പെടുത്തുന്ന തെളിവുകൾ കണ്ടെത്തി അവർ പറയുന്ന കാര്യങ്ങൾ അനുസരിച്ച് ജീവിക്കുക എന്നതാകുന്നു. പ്രവാചകന്മാർ ദൈവത്തിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ചു കൊണ്ട് പ്രവർത്തിക്കുന്നവരായതിനാലും അവർ പറയുന്ന കാര്യങ്ങളെല്ലാം തന്നെ നന്മകൾ നിറഞ്ഞതായതിനാലും അവരെ പൂർണ്ണമായി അനുസരിക്കുക എന്നത് വിശ്വാസികളുടെ ബാദ്ധ്യതയാണ്.

وَأَطِيعُواْ ٱللَّهَ وَٱلرَّسُولَ لَعَلَّكُمۡ تُرۡحَمُونَ ۝

3:133. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവിൻ, നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന്ന് വേണ്ടി.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسۡتَجِيبُواْ لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمۡ لِمَا يُحۡيِيكُمۡۖ

وَٱعۡلَمُوٓاْ أَنَّ ٱللَّهَ يَحُولُ بَيۡنَ ٱلۡمَرۡءِ وَقَلۡبِهِۦ وَأَنَّهُۥٓ إِلَيۡهِ تُحۡشَرُونَ ۝

8:25. അല്ലയോ വിശ്വാസികളെ, നിങ്ങൾക്ക് ജീവൻ നൽകുന്നതിന് വേണ്ടി നിങ്ങളെ വിളിക്കുമ്പോൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുവിൻ. ഒരു മനുഷ്യന്റെയും അവന്റെ ഹൃദയത്തിന്റെയും മധ്യേ നിശ്ചയമായും അല്ലാഹു വരുന്നുവെന്നും അവനിലേക്ക് നിങ്ങൾ ശേഖരിക്കപ്പെടുമെന്നും അറിയുക.

وَمَا كَانَ لِمُؤۡمِنٖ وَلَا مُؤۡمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمۡرًا أَن يَكُونَ لَهُمُ

ٱلۡخِيَرَةُ مِنۡ أَمۡرِهِمۡۗ وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ فَقَدۡ ضَلَّ ضَلَٰلٗا مُّبِينٗا ۝

33:37. അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ തങ്ങളുടെ കാര്യത്തിൽ മറ്റൊന്ന് തീരിമാനിക്കുവാൻ വിശ്വാസിയായ പുരുഷനോ സ്ത്രീക്കോ പാടുള്ളതല്ല. അല്ലാഹുവിനെയും റസൂലിനെയും ധിക്കരിക്കുന്നവർ വ്യക്തമായനിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَلَا تُبۡطِلُوٓاْ أَعۡمَٰلَكُمۡ ۝

47:34. അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ നിങ്ങൾ അനുസരിക്കുവിൻ. റസൂലിനെ നിങ്ങൾ അനുസരിക്കുവിൻ. നിങ്ങളുടെ പ്രവൃത്തികളെ അന്യഥാ പാഴാക്കാതിരിക്കുകയും ചെയ്യുവിൻ.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَءَامِنُواْ بِرَسُولِهِۦ يُؤۡتِكُمۡ كِفۡلَيۡنِ مِن رَّحۡمَتِهِۦ وَيَجۡعَل

لَّكُمۡ نُورٗا تَمۡشُونَ بِهِۦ وَيَغۡفِرۡ لَكُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ ٢٨

57:29. അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുവിൻ. അവന്റെ കാരുണ്യത്തിൽ നിന്ന് രണ്ടു പങ്ക് അവൻ നിങ്ങൾക്കു നൽകുകയും നിങ്ങൾക്ക് പൊറുത്ത് തരികയും ചെയ്യും. അല്ലാഹു പൊറുത്ത് തരുന്നവനും കരുണാനിധിയുമാകുന്നു.

ദൈവത്തെയും ദൈവദൂതനെയും അനുസരിക്കാൻ കല്പിച്ചതുപോലെ നമ്മുടെ ഇടയിലുള്ള അധികാരസ്ഥന്മാരെയും അനുസരിക്കുവാൻ കല്പിച്ചിരിക്കുകയാണ്. ഈ അധികാരസ്ഥന്മാരിൽ നമ്മുടെ മാതാപിതാക്കളും സഹോദരീ സഹോദരന്മാരും ഉന്നതാധികരികളും മേലുദ്യോഗസ്ഥന്മാരും തൊഴിലുടമകളും പെടുന്നതാണ്. എന്നാൽ ദൈവ ദൂതൻ പറഞ്ഞ കല്പനയ്ക്കു വിരുദ്ധമായി അവർ പറയുന്ന കാര്യങ്ങൾ അനുസരിക്കണമെന്നല്ല ഇതിന്റെ അർത്ഥം. അവർ പറയുന്ന കാര്യങ്ങൾ നല്ലതും തിന്മയില്ലാത്തതും ദൈവവും ദൈവദൂതനും പഠിപ്പിച്ചതിന് വിരുദ്ധമല്ലാത്തതും നീതിയിലും സത്യത്തിലും അടിയുറച്ചതുമായിരിക്കണം. അവരുടെ കല്പനകൾ ദൈവവും ദൈവ ദൂതനും (സ:അ) പറഞ്ഞതിന് വിരുദ്ധമാണെങ്കിൽ അവരുടെ കല്പനകളെ ധിക്കരിക്കുകയും അതിൽ നിന്നും പിന്മാറുകയുമാണ് വേണ്ടത്. മാതാപിതാക്കളുടെ കല്പനകൾക്കും ഇത് ബാധകമാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِي ٱلۡأَمۡرِ مِنكُمۡۖ

فَإِن تَنَـٰزَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمۡ تُؤۡمِنُونَ

بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ ذَٰلِكَ خَيۡرٞ وَأَحۡسَنُ تَأۡوِيلًا ٥٩

4:60. അല്ലയോ വിശ്വാസികളെ, അല്ലാഹുവിനെ നിങ്ങൾ അനുസരിക്കുവിൻ. ദൈവദൂതനെയും നിങ്ങളിൽപ്പെട്ട അധികാരസ്ഥന്മാരെയും അനുസരിക്കുവിൻ. എന്നാൽ ഒരു കാര്യത്തിൽ നിങ്ങൾ അന്യോന്യം ഭിന്നിക്കുകയാണെങ്കിൽ അപ്പോൾ അത് അല്ലാഹുവിലേക്കും ദൈവദൂതനിലേക്കും തിരിച്ചു വിടുവിൻ. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും

വിശ്വസിക്കുന്നുവെങ്കിൽ അതാണ് ഏറ്റവും ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും.

റസൂൽ (സ:അ) യുടെ കല്പനകൾ അനുസരിച്ച് ജീവിക്കുന്നതോടൊപ്പം റസൂൽ തിരുമേനിയുടെ മേൽ അനുഗ്രഹാശംസകൾ നേരുവാനും ദൈവം വിശ്വാസികളോട് കല്പിച്ചിരിക്കുന്നു. അനുഗ്രഹാശംസകൾ നേരുന്നതിന്റെ ഉദ്ദേശ്യം റസൂൽ തിരുമേനിയുടെ ദൗത്യം ലോകത്ത് എന്നെന്നും നില നിർത്തുവാൻ വേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യുവാനും അങ്ങനെ ആ ദൗത്യം ലോകത്തെ കീഴടക്കുന്നതിനും വേണ്ടിയാകുന്നു. റസൂൽ തിരുമേനിയുടെ മേൽ ആത്മാർത്ഥമായി അനുഗ്രഹാശംസകൾ അർപ്പിക്കുന്നവർ ആ ദൗത്യം ലോകത്ത് വിജയിച്ചു കാണുവാൻ ആഗ്രഹിക്കുന്നവരും അതിനുവേണ്ടി ത്യാഗങ്ങൾ അർപ്പിക്കുന്നവരും ആയിരിത്തീരുന്നതാണ്.

إِنَّ ٱللَّهَ وَمَلَـٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِىِّ ۚ يَـٰٓأَيُّهَا
ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا ۝

33:57. തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേൽ അനുഗ്രഹങ്ങളാശംസിക്കുന്നു. അല്ലയോ വിശ്വാസികളേ, അദ്ദേഹത്തിനായി നിങ്ങളും അനുഗ്രഹത്തിനും സമാധാനത്തിനും വേണ്ടി പ്രാത്ഥിക്കുവിൻ.

ദൈവത്തെയും റസൂൽ തിരുമേനി(സ:അ)യെയും അനുസരിക്കണമെന്ന് പറഞ്ഞതിനുശേഷം ദൈവത്തിൽ നിന്നും പ്രവാചകന്മാർ ഏതു സമയത്തും ആഗതരാകാമെന്നും അങ്ങനെ ആഗതനാകുന്ന പ്രവാചകന്റെ ദൗത്യത്തിന്റെ സത്യസന്ധതയെ മനസ്സിലാക്കി അദ്ദേഹത്തിൽ വിശ്വസിക്കേണ്ടതാണെന്നും ദൈവം കല്പിച്ചിരിക്കുന്നു.

يَـٰبَنِىٓ ءَادَمَ إِمَّا يَأْتِيَنَّكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ ءَايَـٰتِى ۙ
فَمَنِ ٱتَّقَىٰ وَأَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ۝

7:36. അല്ലയോ ആദം സന്തതികളേ! എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങളെ വിവരിച്ചു കേൾപ്പിക്കുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ തീർച്ചയായും നിങ്ങളുടെ അടുക്കൽ വരുമ്പോൾ ദൈവത്തെ ഭയപ്പെടുകയും സ്വയം പരിഷ്കരണം വരുത്തുകയും ചെയ്യുന്നവർക്ക് ഭയപ്പെടുകയോ ദു:ഖിക്കുകയോ വേണ്ടിവരില്ല.

ദൈവത്തിലും അവന്റെ ദൂതന്മാരിലും തെളിവുകൾ കണ്ടെത്തി വിശ്വസിക്കാൻ പറഞ്ഞതിനുശേഷം അവന്റെ ദൂതന്മാർക്ക് അവൻ അവതരി

പ്പിച്ചു കൊടുത്ത എല്ലാ ഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ പറഞ്ഞിരിക്കയാണ്. ദൈവത്തിന്റെ മറ്റു ഗ്രന്ഥങ്ങളിൽ അവതരിച്ച തത്വങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധഖുർആനെ പിൻപ്പറ്റുവാനും ആവശ്യപ്പെട്ടിരിക്കുകയാണ്.

يَـٰٓأَيُّهَا ٱلنَّاسُ قَدْ جَآءَكُم بُرْهَـٰنٌ مِّن رَّبِّكُمْ وَأَنزَلْنَآ إِلَيْكُمْ نُورًا مُّبِينًا ۝

4:175. അല്ലയോ മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിൽനിന്നും ഒരു തെളിവ് നിങ്ങൾക്ക് തീർച്ചയായും വന്നെത്തിയിരിക്കുന്നു. നിങ്ങൾക്കുവേണ്ടി ഒരു പ്രകാശം നാം ഇറക്കിത്തരികയും ചെയ്തിരിക്കുന്നു.

وَهَـٰذَا كِتَـٰبٌ أَنزَلْنَـٰهُ مُبَارَكٌ فَٱتَّبِعُوهُ وَٱتَّقُوا۟ لَعَلَّكُمْ تُرْحَمُونَ ۝

6:156. ഇത് നാം ഇറക്കിയ അനുഗ്രഹീത ഗ്രന്ഥമാണ്. അതുകൊണ്ട് അതിനെ പിന്തുടരുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുവിൻ, നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി.

وَإِذَا قُرِئَ ٱلْقُرْءَانُ فَٱسْتَمِعُوا۟ لَهُۥ وَأَنصِتُوا۟ لَعَلَّكُمْ تُرْحَمُونَ ۝

7:205. ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ ശ്രദ്ധിച്ച് കേൾക്കുകയും നിശബ്ധരായിരിക്കുകയും ചെയ്യുവിൻ, നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി.

ശരിക്ക് ആന്തരാർത്ഥം മനസ്സിലാക്കി വിശുദ്ധ ഖുർആനെ പിൻപറ്റേണ്ടതാകുന്നു. അതിന്റെ ഉള്ളടക്കത്തെ മനസ്സിലാക്കിക്കൊണ്ട് അതിനെ അനുഷ്ടാനത്തിൽ വരുത്താത്തവരെ ദൈവം ഗ്രന്ഥം ചുമയ്ക്കുന്ന കഴുതകളെപ്പോലെ ഉപമിച്ചിരിക്കയാണ്.

مَثَلُ ٱلَّذِينَ حُمِّلُوا۟ ٱلتَّوْرَىٰةَ ثُمَّ لَمْ يَحْمِلُوهَا كَمَثَلِ ٱلْحِمَارِ يَحْمِلُ أَسْفَارًۢا ۚ بِئْسَ

مَثَلُ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِ ٱللَّهِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ۝

62:06. തൗറാത്ത് നൽകിയിട്ട് പിന്നീടത് അനുഷ്ടാനത്തിൽ വരുത്താത്തവരുടെ ഉപമ ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടെത് പോലെയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരുടെ ഉപമ എത്ര മോശം. അക്രമികളായ ജനതയെ അല്ലാഹു നേർമാർഗത്തിൽ നയിക്കുകയില്ല.

ദൈവം അവനിലും അവന്റെ ദൂതന്മാരിലും ഗ്രന്ഥങ്ങളിലും വിശ്വസിക്കുവാൻ കല്പിച്ചതിനു ശേഷം അവന് ആരാധനകളർപ്പിക്കുവാനും അവന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുവാനും കല്പിച്ചിരിക്കുകയാണ്.

قُل لِّعِبَادِىَ ٱلَّذِينَ ءَامَنُواْ يُقِيمُواْ ٱلصَّلَوٰةَ وَيُنفِقُواْ مِمَّا رَزَقْنَـٰهُمْ
سِرًّا وَعَلَانِيَةً مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خِلَـٰلٌ ﴿٣١﴾

14:32. ക്രയവിക്രയമോ സ്നേഹ ബന്ധങ്ങളോ സാദ്ധ്യമല്ലാത്ത ഒരു ദിനം വരുന്നതിനു മുമ്പേ നമസ്ക്കാരം നിലനിർത്തുവാനും നാം നൽകിയ വിഭവങ്ങളിൽ നിന്ന് രഹസ്യമായും പരസ്യമായും ചിലവു ചെയ്യുവാനും വിശ്വാസികളായ എന്റെ ദാസന്മാരോട് നീ പറയുക.

നമസ്ക്കാരവും അവന്റെ മാർഗത്തിൽ ചിലവ് ചെയ്യലും നിർബന്ധമാക്കിയതോടൊപ്പം റമസാൻ മാസത്തിലെ വ്രതവും ഹജ്ജ് കർമ്മങ്ങളും നിർബന്ധമാക്കിയിരിക്കുന്നു. ആരാധനാകർമങ്ങളെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ കൂടുതൽ വിവരിക്കുന്നുണ്ട്.

شَهْرُ رَمَضَانَ ٱلَّذِىٓ أُنزِلَ فِيهِ ٱلْقُرْءَانُ هُدًى لِّلنَّاسِ وَبَيِّنَـٰتٍ
مِّنَ ٱلْهُدَىٰ وَٱلْفُرْقَانِ ۚ فَمَن شَهِدَ مِنكُمُ ٱلشَّهْرَ فَلْيَصُمْهُ ۖ

2:186. റമസാൻ മാസം, അതിലാണ് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത്, മനുഷ്യരുടെ മാർഗ്ഗദർശനത്തിനുവേണ്ടി, സന്മാർഗദായകമായ പ്രമാണങ്ങളുമായും സത്യാസത്യം വേർതിരിക്കുന്നതുമായും. അതിനാൽ നിങ്ങളിൽ ഈ മാസത്തിന് സാക്ഷികളാകുന്നവർ ഉപവാസം അനുഷ്ടിക്കട്ടെ.

وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ
لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾ وَأَذِّن فِى ٱلنَّاسِ بِٱلْحَجِّ
يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ ﴿٢٧﴾

22:27–28. ഇബ്രാഹീമിന് (പരിശുദ്ധ) മന്ദിരത്തിന്റെ സ്ഥാനം ഏർപ്പെടുത്തിക്കൊടുത്ത സന്ദർഭം (നാം കല്പിച്ചു), എന്നോടൊപ്പം ഒരു വസ്തുവിനേയും നീ പങ്കുചേർക്കരുത്. എന്റെ മന്ദിരം പ്രദക്ഷിണം ചെയ്യുന്നവർക്കും നിന്നും കുനിഞ്ഞും കുമ്പിട്ടും ആരാധനകൾ അർപ്പിക്കുന്നവർക്കും വേണ്ടി നീ ശുദ്ധമാക്കി വെക്കുക. മനുഷ്യരോട് ഹജ്ജിനെക്കുറിച്ച് വിളംബരം ചെയ്യുക. അവർ കാൽനടയായും യാത്രാക്ഷീണമുള്ള ഒട്ടകത്തിന്മേലും വിദൂര സ്ഥലങ്ങളിൽനിന്ന് നിന്റെ അടുക്കൽ വരുന്നതാണ്.

ദൈവം ഓരോരുത്തരെയും വിവിധ കഴിവുകളോടെയാണ് സൃഷ്ടിച്ചിരിക്കുന്നത്. നമ്മളിൽ തന്നെ വികലാംഗരും രോഗികളും ആരോഗ്യവാന്മാരും ദരിദ്രരും ധനവാന്മാരും ഉണ്ട്. ഓരോരുത്തർക്കും ദൈവം നൽകിയ കഴിവുകൾക്കനുസരിച്ച് മാത്രമെ അവന്റെ വഴികളിൽ മുന്നേറുവാനും അവനെ ആരാധിക്കുവാനും അവന്റെ കല്പനകളെ പ്രാവർത്തികമാക്കുവാനും ദൈവം ആവശ്യപ്പെടുന്നുള്ളു.

فَٱتَّقُواْ ٱللَّهَ مَا ٱسۡتَطَعۡتُمۡ وَٱسۡمَعُواْ وَأَطِيعُواْ وَأَنفِقُواْ خَيۡرٗا لِّأَنفُسِكُمۡۗ

وَمَن يُوقَ شُحَّ نَفۡسِهِۦ فَأُوْلَٰٓئِكَ هُمُ ٱلۡمُفۡلِحُونَ ۝

64:17. നിങ്ങൾക്ക് കഴിയുന്നത്ര അല്ലാഹുവിനെ ഭയപ്പെടുകയും കേൾക്കുകയും അനുസരിക്കുകയും ചിലവ് ചെയ്യുകയും ചെയ്യുവിൻ. അത് നിങ്ങൾക്ക് ഏറ്റവും ഗുണകരമാകുന്നു.

لَا يُكَلِّفُ ٱللَّهُ نَفۡسًا إِلَّا مَآ ءَاتَىٰهَاۚ

65:08. അല്ലാഹു നൽകിയതിനപ്പുറം ഒരാൾക്കും ഭാരം ചുമത്തുന്നില്ല.

നാം ദൈവത്തോട് നാം നേരിട്ട് പാലിക്കേണ്ട ബാദ്ധ്യതകളെക്കുറിച്ചാണ് ഇതുവരെ പറഞ്ഞു വന്നത്. എന്നാൽ ദൈവത്തിന് വേണ്ടിത്തന്നെ (നമുക്ക് വേണ്ടിത്തന്നെ) ദൈവത്തിന്റെ സൃഷ്ടികളോട് പാലിക്കേണ്ട ബാദ്ധ്യതകളുണ്ട്. അവരിൽ ഏറ്റവും കൂടുതൽ പ്രധാന്യം കല്പിച്ചിരിക്കുന്നത് മാതാപിതാക്കൾക്കാണ്. മാതാപിതാക്കൾക്കുശേഷം അടുത്ത ബന്ധുക്കളേയും അതിനു ശേഷം അതിനടുത്തവരേയും അങ്ങനെ ആശ്യംഖല നമുക്ക് കണ്ണെത്താത്ത ദൂരത്തിലുള്ള ദൈവത്തിന്റെ സകല സൃഷ്ടി ചരാചരങ്ങളിലേക്കും വ്യാപിച്ചു നിൽക്കുന്നു.

മാതാപിതാക്കളെ എങ്ങനെ അനുസരിക്കണം എന്ന കാര്യത്തിൽ വ്യക്തമായ ധാരണയില്ലാത്തവരാണ് നമ്മളിൽ അധികവും. മാതാപിതാക്കൾ എന്തു പറഞ്ഞാലും അത് ന്യായമായതായാലും അന്യായമായതായാലും കണ്ണടച്ച് അനുസരിക്കണമെന്നാണ് പലരും മനസ്സിലാക്കിയിരിക്കുന്നത്. അവരുടെ കല്പനകൾ തെറ്റായിരുന്നാലും അവരെ ധിക്കരിക്കുന്നത് മഹാപാപമായി പലരും കരുതുന്നു. എന്നാൽ ദൈവകല്പനകൾക്കെതിരായും അന്യായമായും ഈ ലോകത്തിൽ ആരെയും അനുസരിക്കാൻ പാടില്ല എന്നത് ദൈവത്തിന്റെ വ്യക്തമായ കല്പനയാകുന്നു. ദൈവകല്പനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന മാതാപിതാക്കളെ നാം രക്ഷാധികരികളായി എടുക്കരുതെന്നും ദൈവത്തേക്കാളുപരി മാതാപിതാക്കൾക്ക് പ്രാധാന്യം കൊടുക്കരുതെന്നും അങ്ങനെ ചെയ്യുന്നവർ തെറ്റുകാരാണെന്നും നിയമ ലംഘകരാണെന്നും അവർക്ക്

നേർമാർഗം ലഭിക്കുകയില്ലെന്നും ദൈവം വ്യക്തമാക്കുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُوٓاْ ءَابَآءَكُمۡ وَإِخۡوَٰنَكُمۡ أَوۡلِيَآءَ إِنِ ٱسۡتَحَبُّواْ
ٱلۡكُفۡرَ عَلَى ٱلۡإِيمَـٰنِۚ وَمَن يَتَوَلَّهُم مِّنكُمۡ فَأُوْلَـٰٓئِكَ هُمُ ٱلظَّـٰلِمُونَ ٢٣

9:24. അല്ലയോ വിശ്വാസികളേ, നിങ്ങളുടെ മാതാപതാക്കളും നിങ്ങളുടെ സഹോദരങ്ങളും സത്യവിശ്വാസത്തെക്കാൾ അവിശ്വാസത്തെയാണ് ഇഷ്ടപ്പെടുന്നതെങ്കിൽ നിങ്ങൾ അവരെ രക്ഷാധികാരികളായി എടുക്കരുത്. നിങ്ങളിൽ അവരെ മിത്രങ്ങളാക്കുന്നവരാകുന്നു തെറ്റുകാർ.

قُلۡ إِن كَانَ ءَابَآؤُكُمۡ وَأَبۡنَآؤُكُمۡ وَإِخۡوَٰنُكُمۡ وَأَزۡوَٰجُكُمۡ وَعَشِيرَتُكُمۡ وَأَمۡوَٰلٌ ٱقۡتَرَفۡتُمُوهَا
وَتِجَـٰرَةٌ تَخۡشَوۡنَ كَسَادَهَا وَمَسَـٰكِنُ تَرۡضَوۡنَهَآ أَحَبَّ إِلَيۡكُم مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٖ فِي
سَبِيلِهِۦ فَتَرَبَّصُواْ حَتَّىٰ يَأۡتِيَ ٱللَّهُ بِأَمۡرِهِۦۗ وَٱللَّهُ لَا يَهۡدِي ٱلۡقَوۡمَ ٱلۡفَـٰسِقِينَ ٢٤

9:25. പറയുക, നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ ഭാര്യമാരും നിങ്ങളുടെ ബന്ധുജനങ്ങളും നിങ്ങൾ ആർജ്ജിച്ചതായ മുതലുകളും നഷ്ടം സംഭവിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്ന നിങ്ങളുടെ കച്ചവടവും നിങ്ങൾ ഇഷ്ടപ്പെടുന്ന ഭവനങ്ങളും അല്ലാഹുവിനെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗ്ഗത്തിൽ പ്രയത്നിക്കുന്നതിനെക്കാളും നിങ്ങൾക്ക് പ്രിയങ്കരമാണെങ്കിൽ അല്ലാഹു അവന്റെ കല്പനയുമായി വരുന്നതു വരെ കാത്തിരിക്കുവിൻ. നിയമലംഘകരായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.

യഥാർത്ഥ വിശ്വാസികൾ അല്ലാഹുവിന്റെ പ്രവാചകനെ എതിർക്കുന്ന മാതാപിതാക്കളോട് സ്നേഹബന്ധം പുലർത്തുന്നവരായിരിക്കുകയില്ലെന്നും മാതാപിതാക്കളെക്കാൾ ദൈവത്തിനു പ്രാധാന്യം കൊടുക്കുന്നവർക്ക് മാത്രമെ ദൈവിക വെളിപാടുകൾ ലഭിക്കുകയുള്ളുവെന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.

لَّا تَجِدُ قَوۡمٗا يُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ يُوَآدُّونَ مَنۡ حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوۡ كَانُوٓاْ ءَابَآءَهُمۡ
أَوۡ أَبۡنَآءَهُمۡ أَوۡ إِخۡوَٰنَهُمۡ أَوۡ عَشِيرَتَهُمۡۚ أُوْلَـٰٓئِكَ كَتَبَ فِي قُلُوبِهِمُ ٱلۡإِيمَـٰنَ وَأَيَّدَهُم بِرُوحٖ
مِّنۡهُۖ وَيُدۡخِلُهُمۡ جَنَّـٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَـٰرُ خَـٰلِدِينَ فِيهَاۚ رَضِيَ ٱللَّهُ عَنۡهُمۡ

وَرَضُوا۟ عَنْهُ ۚ أُو۟لَٰٓئِكَ حِزْبُ ٱللَّهِ ۚ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ﴿٢٢﴾

58:23. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനം അ ല്ലാഹുവിനെയും അവന്റെ റസൂലിനെയും എതിർക്കുന്നവരോട് സ്നേഹ ബന്ധം പുലർത്തുന്നാതായി നീ കാണുകയില്ല. അവർ തങ്ങളുടെ മാ താപിതാക്കളോ തങ്ങളുടെ പുത്രന്മാരോ തങ്ങളുടെ കൂടെപ്പിറപ്പുകളോ തങ്ങളുടെ കുടുംബക്കാരോ ആയിരുന്നാലും ശരി. ഇങ്ങനെയുള്ളവരുടെ ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസത്തെ ആലേഖനം ചെയ്യുകയും അവ നിൽനിന്നുള്ള വെളിപാടുകൊണ്ട് അവരെ അവൻ ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന തോട്ടങ്ങ ളിൽ അവരെ അവൻ പ്രവേശിപ്പിക്കുന്നതാണ്. അവർ അവിടെ ശാശ്വത മായി വസിക്കുന്നതാണ്. അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെടുകയും അവർ അവനെക്കുറിച്ച് തൃപ്തിപ്പെടുകയും ചെയ്യുന്നു. അവർ അല്ലാഹു വിന്റെ സംഘമാകുന്നു. അറിയുക. തീർച്ചയായും അല്ലാഹുവിന്റെ സം ഘം തന്നെയാണ് വിജയികൾ.

ഒരു വിശ്വാസിയുടെ ജീവിതം നീതിയിലും സത്യത്തിലും അധിഷ്ഠിത മായിരക്കണമെന്നും മാതാപിതാക്കൾക്കെതിരായാലും നീതി പാലിക്കു ന്നവർ ആയിരിക്കണമെന്നും ദൈവം കല്പിച്ചിരിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ ٱلْوَٰلِدَيْنِ وَٱلْأَقْرَبِينَ

4:136. അല്ലയോ വിശ്വാസികളേ, അല്ലാഹുവിനു വേണ്ടി സാക്ഷ്യം വ ഹിക്കുന്നവരായിക്കൊണ്ട് നിങ്ങൾ നീതിയുടെ പരിപാകലന്മാർ ആയി രിക്കുവിൻ. അതു നിങ്ങൾക്കു തന്നെയോ മാതാപിതാക്കൾക്കോ അടു ത്ത ബന്ധുക്കൾക്കോ എതിരായാലും ശരി.

ദൈവം വിരോധിക്കാത്ത കാര്യങ്ങളിലെല്ലാം മാതാപിതാക്കളോട് സഹ കരിക്കണമെന്നതും അവരെ ബഹുമാനിക്കണമെന്നതും അവർക്ക് കരു ണ ചെയ്യണമെന്നതും ദൈവ കല്പനയാകുന്നു.

وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَٰنًا ۚ إِمَّا يَبْلُغَنَّ عِندَكَ ٱلْكِبَرَ

أَحَدُهُمَآ أَوْ كِلَاهُمَا فَلَا تَقُل لَّهُمَآ أُفٍّ وَلَا تَنْهَرْهُمَا وَقُل لَّهُمَا قَوْلًا كَرِيمًا ﴿٢٣﴾ وَٱخْفِضْ لَهُمَا

جَنَاحَ ٱلذُّلِّ مِنَ ٱلرَّحْمَةِ وَقُل رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا ﴿٢٤﴾

17:24–25 അവനെ (അല്ലാഹുവിനെ) മാത്രമല്ലാതെ നിങ്ങൾ ആരാധിക്ക രുതെന്നും മാതാപിതാക്കളോട് നന്മ ചെയ്യണമെന്നും നിന്റെ നാഥൻ ക ല്പിച്ചിരിക്കുന്നു. അവരിൽ ഒരാളോ രണ്ട് പേരോ നിന്റെ ജീവിതകാ

ലത്ത് വാർദ്ധക്യം പ്രാപിക്കുന്നുവെങ്കിൽ അവരോട് ഛെ എന്നു പോലും നീ പറയരുത്. അവരോട് നീ കയർത്തു സംസാരിക്കുകയും അരുത്. ഇരുവരോടും മാന്യമായ വാക്കുകൾ നീ പറയുക. കാരുണ്യത്തോടെ ഇരുവർക്കും വിനയത്തിന്റെ ചിറക് നീ താഴ്ത്തിക്കൊടുക്കുക. പ്രാർത്ഥിക്കുക, എന്റെ രക്ഷിതാവേ, ചെറുപ്രായത്തിൽ അവരിരുവരും എന്നെ പോറ്റി വളർത്തിക്കൊണ്ടുവന്നതു പോലെ ഇരുവർക്കും നീ കരുണ ചെയ്യേണമേ.

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ حُسْنًا ۖ وَإِن جَـٰهَدَاكَ لِتُشْرِكَ بِى مَا لَيْسَ لَكَ بِهِۦ
عِلْمٌ فَلَا تُطِعْهُمَآ ۚ إِلَىَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۝

29:09 സ്വന്തം മാതാപിതാക്കളോട് നന്മ ചെയ്യണമെന്ന് മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. എന്നാൽ നിനക്ക് അറിവില്ലാത്തവയെ എന്നോടൊപ്പം ആരാധിക്കുവാൻ ഇരുവരും നിന്നോട് കല്പിക്കുകയാണെങ്കിൽ അവരെ നീ അനുസരിക്കരുത്. എന്നിലേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചതിനെക്കുറിച്ച് നിങ്ങളെ അറിയിക്കുന്നതാണ്.

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ حَمَلَتْهُ أُمُّهُۥ وَهْنًا عَلَىٰ وَهْنٍ وَفِصَـٰلُهُۥ فِى عَامَيْنِ أَنِ
ٱشْكُرْ لِى وَلِوَٰلِدَيْكَ إِلَىَّ ٱلْمَصِيرُ ۝ وَإِن جَـٰهَدَاكَ عَلَىٰٓ أَن تُشْرِكَ بِى مَا لَيْسَ
لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا ۖ وَصَاحِبْهُمَا فِى ٱلدُّنْيَا مَعْرُوفًا ۖ وَٱتَّبِعْ سَبِيلَ مَنْ أَنَابَ
إِلَىَّ ۚ ثُمَّ إِلَىَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۝

31:15–16 തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. ക്ഷീണത്തിനു മീതെ ക്ഷീണം സഹിച്ചുകൊണ്ട് അവന്റെ മാതാവ് അവനെ (ഗർഭം) ചുമന്നു. അവന്റെ മുലകുടിനിറുത്തൽ രണ്ടുവർഷത്തിലാകുന്നു. എന്നേടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാക്കുക. എന്റെ അടുക്കലേക്കാണ് (നിങ്ങളുടെ) മടക്കം. എന്നാൽ നിനക്ക് അറിവില്ലാത്തവയെ എന്നോടൊപ്പം ചേർത്ത് ആരാധിക്കുവാൻ നിന്നോട് അവർ കല്പിക്കുകയാണെങ്കിൽ നീ അവരെ അനുസരിക്കരുത്. എന്നാൽ നല്ല രീതിയിൽ അവരുമായി നീ ലൗകികകാര്യങ്ങളിൽ ബന്ധം പുലർത്തുകയും എന്നെ ലക്ഷ്യമാക്കുന്നവന്റെ മാർഗം പിന്തുടരുകയും ചെയ്യുക.

ദൈവത്തെ ആരാധിക്കുക എന്ന് പറഞ്ഞാൽ ദൈവ കല്പനകൾ അനുസരിച്ച് ജീവിക്കുക എന്നാണർത്ഥം. ഏതെങ്കിലും ദൈവ കല്പനയെ ധിക്കരിക്കുവാൻ മാതാപിതാക്കൾ പ്രേരിപ്പിച്ചാൽ അവരെ അനുസരിക്കരുതെന്നാണ് മേൽ വാക്യം വ്യക്തമാക്കുന്നത്.

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ إِحْسَـٰنًا ۖ حَمَلَتْهُ أُمُّهُۥ كُرْهًا وَوَضَعَتْهُ كُرْهًا ۖ وَحَمْلُهُۥ وَفِصَـٰلُهُۥ

ثَلَـٰثُونَ شَهْرًا ۚ حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ وَبَلَغَ أَرْبَعِينَ سَنَةً قَالَ رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ

أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَـٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ

وَإِنِّى مِنَ ٱلْمُسْلِمِينَ ﴿١٥﴾ أُو۟لَـٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنْهُمْ أَحْسَنَ مَا عَمِلُوا۟ وَنَتَجَاوَزُ عَن

سَيِّـَٔاتِهِمْ فِىٓ أَصْحَـٰبِ ٱلْجَنَّةِ ۖ وَعْدَ ٱلصِّدْقِ ٱلَّذِى كَانُوا۟ يُوعَدُونَ ﴿١٦﴾

46:16–17. മനുഷ്യനോട് തന്റെ മാതാപിതാക്കളോട് നന്മ ചെയ്യുവാൻ നാം അനുശാസിച്ചു. കഷ്ടപ്പാടോടുകൂടി അവന്റെ മാതാവ് അവനെ ഗർഭം ചുമന്നു. പ്രയാസങ്ങൾ സഹിച്ചുകൊണ്ട് അവനെ അവൾ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിയും മുപ്പത് മാസക്കാലമാണ്. ഒടുവിൽ അവന്റെ പൂർണ്ണ ശക്തി അവൻ പ്രാപിക്കുകയും നാല്പത് വയസ്സ് തികയുകയും ചെയ്യുമ്പോൾ അവൻ പ്രാർത്ഥിക്കുന്നു. എന്റെ രക്ഷിതാവേ, എന്നിലും എന്റെ മാതാപിതാക്കളിലും നീ ചെയ്ത നിന്റെ അനുഗ്രഹത്തിന് ഞാൻ നന്ദി കാണിക്കുന്നതിനും നിനക്ക് തൃപ്തികരമായ കാര്യങ്ങൾ ഞാൻ ചെയ്യുന്നതിനും നീ എനിക്ക് പ്രേരണ നൽകേണമേ. എന്റെ സന്തതികളിൽ എനിക്കായി നീ നന്മവരുത്തേണമെ. തീർച്ചയായും നിന്നെ ഞാൻ ലക്ഷ്യമാക്കുന്നു. തീർച്ചയായും ഞാൻ അനുസരണമർപ്പിക്കുന്നവരിൽപ്പെട്ടവനാകുന്നു. അവരിൽ നിന്നും അവർ പ്രവർത്തിച്ചതിൽ ഏറ്റവും നല്ലത് നാം സ്വീകരിക്കുകയും അവരുടെ ദോഷങ്ങളെ നാം വിട്ട് കളയുകയും ചെയ്യുന്നതാണ്, സ്വർഗ്ഗവാസികളുടെ കൂടെയായിരിക്കും അവർ. അവരോട് ചെയ്ത സത്യമായവാഗ്ദത്തനിർവ്വഹണമാണിത്.

وَٱلَّذِى قَالَ لِوَٰلِدَيْهِ أُفٍّ لَّكُمَآ أَتَعِدَانِنِىٓ أَنْ أُخْرَجَ وَقَدْ خَلَتِ ٱلْقُرُونُ مِن قَبْلِى وَهُمَا يَسْتَغِيثَانِ

ٱللَّهَ وَيْلَكَ ءَامِنْ إِنَّ وَعْدَ ٱللَّهِ حَقٌّ فَيَقُولُ مَا هَـٰذَآ إِلَّآ أَسَـٰطِيرُ ٱلْأَوَّلِينَ ﴿١٧﴾ أُو۟لَـٰٓئِكَ ٱلَّذِينَ حَقَّ

عَلَيۡهِمُ ٱلۡقَوۡلُ فِيٓ أُمَمٖ قَدۡ خَلَتۡ مِن قَبۡلِهِم مِّنَ ٱلۡجِنِّ وَٱلۡإِنسِۖ إِنَّهُمۡ كَانُواْ خَٰسِرِينَ ١٨

46:18–19 തന്റെ മാതാപിതാക്കളോട് ഇങ്ങനെ പറയുന്നവനുണ്ട്, ഛെ, എനിക്ക് മുമ്പ് തലമുറകൾ കഴിഞ്ഞ് കടന്നിരിക്കേ ഞാൻ പുനർജീവിപ്പിക്കപ്പെടുമെന്ന് പറഞ്ഞ് നിങ്ങൾ ഇരുവരും എന്നെ ഭീഷണിപ്പെടുത്തുകയാണോ? അവരിരുവരും അല്ലാഹുവിനോട് സഹായം തേടുന്നു, നിനക്ക് നാശം. നീ വിശ്വസിക്കൂ. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. എന്നാൽ അവൻ പറയുന്നു, ഇത് പൂർവ്വീകരുടെ കെട്ടുകഥകളല്ലാതെ മറ്റൊന്നുമല്ല. ജിന്നുകളിലും മനുഷ്യരിലും വെച്ച് മുമ്പ് കഴിഞ്ഞുകടക്കുന്ന സമുദായങ്ങളോടൊപ്പം (ശിക്ഷാ) വചനം സത്യമായി പുലർന്നവരാകുന്നു അവർ. തീർച്ചയായും അവർ നഷ്ടപ്പെട്ടവരാകുന്നു.

മാതാപിതാക്കൾക്ക് നന്മ ചെയ്യുവാൻ കല്പിക്കുന്നതോടൊപ്പം അതിൽ നിന്നും പാഠം ഉൾക്കൊണ്ടു കൊണ്ട് അതേ നന്മകൾ മറ്റുള്ള സഹജീവികളിലേക്കും വ്യാപിപ്പിക്കുവാൻ ദൈവം കല്പിച്ചിരിക്കുകയാണ്.

لَّيۡسَ ٱلۡبِرَّ أَن تُوَلُّواْ وُجُوهَكُمۡ قِبَلَ ٱلۡمَشۡرِقِ وَٱلۡمَغۡرِبِ وَلَٰكِنَّ ٱلۡبِرَّ مَنۡ ءَامَنَ
بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ وَٱلۡمَلَٰٓئِكَةِ وَٱلۡكِتَٰبِ وَٱلنَّبِيِّـۧنَ وَءَاتَى ٱلۡمَالَ عَلَىٰ حُبِّهِۦ
ذَوِي ٱلۡقُرۡبَىٰ وَٱلۡيَتَٰمَىٰ وَٱلۡمَسَٰكِينَ وَٱبۡنَ ٱلسَّبِيلِ وَٱلسَّآئِلِينَ وَفِي ٱلرِّقَابِ
وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ وَٱلۡمُوفُونَ بِعَهۡدِهِمۡ إِذَا عَٰهَدُواْۖ وَٱلصَّٰبِرِينَ فِي
ٱلۡبَأۡسَآءِ وَٱلضَّرَّآءِ وَحِينَ ٱلۡبَأۡسِۗ أُوْلَٰٓئِكَ ٱلَّذِينَ صَدَقُواْۖ وَأُوْلَٰٓئِكَ هُمُ ٱلۡمُتَّقُونَ ١٧٧

2:178. നിങ്ങളുടെ മുഖങ്ങളെ കിഴക്കോട്ടും പടിഞ്ഞാറോട്ടും നിങ്ങൾ തിരിക്കുന്നു എന്നതല്ല നന്മ. എന്നാൽ നന്മ എന്നത് അല്ലഹുവിലും അന്ത്യ ദിനത്തിലും മലക്കുകളിലും ഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിച്ചുകൊണ്ട് (അല്ലാഹു)വിനോടുള്ള സ്നേഹം മൂലം തന്റെ ധനം അടുത്ത ബന്ധുവിനും അനാഥർക്കും ദരിദ്രർക്കും വഴിയാത്രക്കാരനും (ആവശ്യങ്ങൾ) ചോദിക്കുന്നവർക്കും അടിമയെ മോചിപ്പിക്കുന്നതിനും വേണ്ടി ചിലവഴിക്കുകയും നമസ്കാരം കൃത്യമായി അനുഷ്ടിക്കുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുക എന്നതത്രെ.

സ്വന്തം മാതാപിതാക്കളോട് നന്മ ചെയ്യുവാൻ കല്പിച്ചതു പോലെ സ്വന്തം കുടുംബങ്ങളോടും സഹജീവികളോടും നന്മ ചെയ്യുവാനുള്ള ദൈ

വത്തിന്റെ കല്പന നാം അറിഞ്ഞു കഴിഞ്ഞു. അതുപോലെ പ്രാധാന്യ മുള്ള മറ്റൊരു കല്പനയാണ് ബന്ധങ്ങളെ നിലനിർത്തുകയും ശക്ത മാക്കുകയും ചെയ്യുക എന്നത്. ബന്ധങ്ങളെ വിഛേദിച്ച് കുടുംബങ്ങളെ ശിഥിലമാക്കാൻ ശ്രമിക്കുന്നവരെ ദൈവം കർശനമായി താക്കീത് ചെ യ്തിരിക്കുകയാണ്.

وَأَصْلِحُوا۟ ذَاتَ بَيْنِكُمْ ۖ وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥٓ إِن كُنتُم مُّؤْمِنِينَ ۝

8:2. .... അല്ലാഹുവിനെ ഭയപ്പെടുകയും നിങ്ങളുടെ ഇടയിലുള്ള (ബന്ധങ്ങൾ) ശരിയാക്കുകയും ചെയ്യുക. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുക, നിങ്ങൾ സത്യവിശ്വാസികളണെങ്കിൽ.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قُوٓا۟ أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ عَلَيْهَا

مَلَـٰٓئِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ۝

66:7. അല്ലയോ വിശ്വാസികളേ, നിങ്ങളേയും നിങ്ങളുടെ കുടുംബാംഗങ്ങളേയും അഗ്നിയിൽനിന്ന് രക്ഷിച്ചുകൊള്ളുവിൻ. അതിന്റെ ഇന്ധനം മനുഷ്യരും കല്ലുകളും (കഠിന ഹൃദയരും) ആകുന്നു. അതിന്മേൽ ഉഗ്രന്മാരും കർക്കശന്മാരുമായ മലക്കുകൾ ഉണ്ട്. അല്ലാഹു അവരോട് കല്പിക്കുന്ന ഒരു കല്പനയും അവർ അനുസരിക്കാതിരിക്കുകയില്ല. അവരോട് കല്പിക്കുന്നതെന്തും അവർ പ്രവർത്തിക്കുന്നു.

ദൈവിക കല്പനകളിൽ ഏറ്റവും പ്രാധാന്യമേറിയതാണ് നീതിനിർവ്വഹണത്തെക്കുറിച്ചുള്ള കല്പനകൾ. നീതിക്കു വേണ്ടി നിലകൊള്ളുവാനും എല്ലാ ജനവിഭാഗങ്ങൾക്കും മതവിശ്വാസികൾക്കും അവരുടെ വിശ്വാസങ്ങൾക്കും ആചാരമുറകൾക്കും അതീതമായി നീതിയിൽ തുല്യത പുലർത്തുവാനും എല്ലാവർക്കും തുല്യനീതി ഉറപ്പു വരുത്തുവാനും ദൈവം വിശ്വാസികൾക്ക് കല്പന നൽകിയിരിക്കുകയാണ്. നീതിനിർവ്വഹിക്കുന്നതിന്റെ കാര്യത്തിൽ യാതൊരു പരിഗണനയും പാടില്ലെന്ന് വിശുദ്ധ ഖുർആനിൽ ദൈവം വളരെ കണിശമായിതന്നെ പറഞ്ഞിരിക്കുന്നു. നീതി നിർവ്വഹണം മാതാപിതാക്കൾക്കതിരായാലും അടുത്തബന്ധുക്കൾക്കതിരായാലും അവർക്കൊന്നും യാതൊരു പരിഗണനയും നൽകാതെ നിർവ്വഹിക്കുവാൻ കല്പ്പിച്ചിരിക്കുകയാണ്.

إِنَّ ٱللَّهَ يَأْمُرُكُمْ أَن تُؤَدُّوا۟ ٱلْأَمَـٰنَـٰتِ إِلَىٰٓ أَهْلِهَا وَإِذَا حَكَمْتُم بَيْنَ ٱلنَّاسِ أَن

تَحْكُمُوا۟ بِٱلْعَدْلِ ۚ إِنَّ ٱللَّهَ نِعِمَّا يَعِظُكُم بِهِۦٓ ۗ إِنَّ ٱللَّهَ كَانَ سَمِيعًۢا بَصِيرًا ۝

4:59. അമാനത്തുകൾ അവയുടെ അവകാശികൾക്ക് തിരിച്ചേൽപ്പിക്കണ

മെന്നും നിങ്ങൾ ജനങ്ങളുടെയിടയിൽ വിധികല്പിക്കുമ്പോൾ നീതിപൂർവ്വം വിധികല്പിക്കണമെന്നും തീർച്ചയായും അല്ലാഹു നിങ്ങളോട് കല്പിക്കുന്നു. നിശ്ചയമായും അല്ലാഹു എത്ര ഉത്തമമായതിനെയാണ് നിങ്ങളോട് ഉപദേശിക്കുന്നത്. നിശ്ചയമായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനും ആകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُونُواْ قَوَّٰمِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ
ٱلْوَٰلِدَيْنِ وَٱلْأَقْرَبِينَ ۚ إِن يَكُنْ غَنِيًّا أَوْ فَقِيرًا فَٱللَّهُ أَوْلَىٰ بِهِمَا ۖ فَلَا تَتَّبِعُواْ ٱلْهَوَىٰٓ
أَن تَعْدِلُواْ ۚ وَإِن تَلْوُۥٓاْ أَوْ تُعْرِضُواْ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿١٣٥﴾

4:136. അല്ലയോ വിശ്വാസികളെ, അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട് നിങ്ങൾ നീതിയുടെ പരിപാലകന്മാർ ആയിത്തീരുവിൻ. അതു നിങ്ങൾക്കു തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എതിരായാലും ശരി. അയാൾ ധനികനോ ദരിദ്രനോ ആവട്ടെ, അല്ലാഹു ആണ് അവരോട് (നിങ്ങളേക്കാൾ) ഏറെ അടുത്തവൻ. നിങ്ങൾ സ്വേച്ഛയെ പിന്തുടർന്നുകൊണ്ട് നീതി പാലിക്കാതിരിക്കരുത്. നിങ്ങൾ (സത്യം) വളച്ചുതിരിക്കുകയോ (അതിൽനിന്നും) പിന്മാറിക്കളയുകയോ ചെയ്താൽ തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ബോധവാനാകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُونُواْ قَوَّٰمِينَ لِلَّهِ شُهَدَآءَ بِٱلْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ
أَلَّا تَعْدِلُواْ ۚ ٱعْدِلُواْ هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَٱتَّقُواْ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ ﴿٨﴾

5:09. അല്ലയോ വിശ്വാസികളേ, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. നിങ്ങൾക്ക് ഒരു സമുദായത്തോടുള്ള വെറുപ്പ് അവരോട് നീതി പാലിക്കാതിരിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിച്ചുകൊണ്ടിരിക്കുവിൻ. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാകുന്നു. അല്ലാഹുവിനെ ഭയപ്പെടുവിൻ. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മബോധവാനാകുന്നു.

അന്യ ജാതികളേയും വർഗ്ഗങ്ങളേയും നശിപ്പിക്കുന്നതിനുവേണ്ടി ഗൂഢസംഘങ്ങൾ ചേരുന്നതിനേയും ഭീകരപ്രവർത്തനങ്ങൾ നടത്തുന്നതിനേയും ദൈവം വിശുദ്ധഖുർആനിൽ വിലക്കിയിരിക്കുന്നു.

لَّا خَيۡرَ فِي كَثِيرٖ مِّن نَّجۡوَىٰهُمۡ إِلَّا مَنۡ أَمَرَ بِصَدَقَةٍ أَوۡ مَعۡرُوفٍ أَوۡ إِصۡلَٰحِۭ بَيۡنَ
ٱلنَّاسِۚ وَمَن يَفۡعَلۡ ذَٰلِكَ ٱبۡتِغَآءَ مَرۡضَاتِ ٱللَّهِ فَسَوۡفَ نُؤۡتِيهِ أَجۡرًا عَظِيمٗا ١١٤

4:115. അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും നന്മയില്ല, ദാനധർമ്മമോ നല്ല പ്രവൃത്തിയോ ജനങ്ങളുടെ ഇടയിൽ രജ്ഞിപ്പോ ഉണ്ടാക്കുന്നവരുടേതല്ലാതെ. അല്ലാഹുവിന്റെ പ്രീതി അന്വേഷിച്ചുകൊണ്ട് ആരെങ്കിലും ഇത് (ഇത്തരം കൂടിയാലോചനകൾ) നടത്തുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്.

നീതിയുടെ ഭാഗമായിത്തന്നെ നാം മറ്റുള്ളവരേട് ഇടപാടുകൾ നടത്തുമ്പോൾ അളവിലും തൂക്കത്തിലും കുറവ് വരുത്തുകയോ വഞ്ചനകാട്ടുകയോ നല്ലസാധനങ്ങൾക്കുപകരം ചീത്തസാധനങ്ങൾ നൽകുകയോ മായം ചേർക്കുകയോ ചെയ്യരുതന്ന് വിശുദ്ധഖുർആൻ കല്പിക്കുന്നു. അങ്ങനെയുള്ളവർക്ക് ദൈവം വിധിയാൽ നഷ്ടം വന്നു ഭവിക്കുന്നതാണെന്ന് മുന്നറിയിപ്പ് നൽകിയിരിക്കയാണ്.

وَأَوۡفُواْ ٱلۡكَيۡلَ إِذَا كِلۡتُمۡ وَزِنُواْ بِٱلۡقِسۡطَاسِ ٱلۡمُسۡتَقِيمِۚ ذَٰلِكَ خَيۡرٞ وَأَحۡسَنُ تَأۡوِيلٗا ٣٥

17:36. നിങ്ങൾ അളന്നുകൊടുക്കുമ്പോൾ അളവ് പൂർത്തിയാക്കിക്കൊടുക്കുവിൻ. നേരെയായ ത്രാസ് കൊണ്ട് തൂക്കിക്കൊടുക്കുകയും ചെയ്യുവിൻ. അതാണ് ഏറ്റവും ഉത്തമവും പര്യവസാനത്തിൽ ഏറ്റവും ഗുണകരവും.

أَوۡفُواْ ٱلۡكَيۡلَ وَلَا تَكُونُواْ مِنَ ٱلۡمُخۡسِرِينَ ١٨١ وَزِنُواْ بِٱلۡقِسۡطَاسِ ٱلۡمُسۡتَقِيمِ ١٨٢
وَلَا تَبۡخَسُواْ ٱلنَّاسَ أَشۡيَآءَهُمۡ وَلَا تَعۡثَوۡاْ فِي ٱلۡأَرۡضِ مُفۡسِدِينَ ١٨٣

26:182–184. നിങ്ങൾ അളന്നുകൊടുക്കുമ്പോൾ അളവ് പൂർത്തിയാക്കിക്കൊടുക്കുവിൻ. കുറച്ച് കൊടുക്കുന്നവരിൽ നിങ്ങൾ ഉൾപ്പെടരുത്. നേരായ ത്രാസ് കൊണ്ട് തൂക്കിക്കൊടുക്കുവിൻ. ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കുറച്ച് കൊടുക്കരുത്. അനർത്ഥകാരികളായി ഭൂമിയിൽ അതിക്രമം ചെയ്യരുത്.

وَٱلسَّمَآءَ رَفَعَهَا وَوَضَعَ ٱلۡمِيزَانَ ٧ أَلَّا تَطۡغَوۡاْ فِي ٱلۡمِيزَانِ ٨
وَأَقِيمُواْ ٱلۡوَزۡنَ بِٱلۡقِسۡطِ وَلَا تُخۡسِرُواْ ٱلۡمِيزَانَ ٩

55:8–10. ആകാശം അവൻ ഉയർത്തുകയും (നീതിയുടെ) ത്രാസ്സ് സ്

ഥാപിക്കുകയും ചെയ്തു. നിങ്ങൾ തൂക്കിക്കൊടുക്കുമ്പോൾ പരിധിലംഘി ക്കാതിരിക്കുന്നതിനുവേണ്ടി. നിങ്ങൾ നീതിപൂർവ്വം തൂക്കം നിലനിർത്തു വിൻ. നിങ്ങൾ അളവിൽ കൃത്രിമം കാണിക്കരുത്.

وَيْلٌ لِّلْمُطَفِّفِينَ ۝ ٱلَّذِينَ إِذَا ٱكْتَالُوا۟ عَلَى ٱلنَّاسِ يَسْتَوْفُونَ ۝

وَإِذَا كَالُوهُمْ أَو وَّزَنُوهُمْ يُخْسِرُونَ ۝

83:2–4. ജനങ്ങളിൽ നിന്ന് അളന്നെടുക്കുമ്പോൾ പൂർണമായി അളന്നെ ടുക്കുകയും അവർക്ക് അളന്ന് കൊടുക്കുകയോ തൂക്കി കൊടുക്കുക യോ ചെയ്യുമ്പോൾ കുറച്ച് കൊടുക്കുകയും ചെയ്യുന്നവർക്കാണ് മഹാ നാശം.

എന്തു തന്നെ സംഭവിച്ചാലും പ്രയാസ്സങ്ങൾ അനുഭവിച്ചാലും സത്യം ത ന്നെ പറയണമെന്നും സത്യം പാലിക്കുന്നവരുടെ കൂടെ നിൽക്കണമെ ന്നും അസത്യങ്ങൾ പറയരുതന്നും ദൈവം കല്പിക്കുന്നു. അസത്യം പ റയുന്നത് ദൈവത്തോട് പങ്ക് ചേർക്കുന്നതിന് തുല്യമാണെന്നും അങ്ങ നെയുള്ളവർക്ക് നേർമാർഗ്ഗം ലഭിക്കുകയില്ലെന്നും ദൈവം മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَكُونُوا۟ مَعَ ٱلصَّـٰدِقِينَ ۝

9:120. അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ ഭയപ്പെടുക, സത്യം പാലിക്കുന്നവരോടപ്പം ആയിരിക്കുകയും ചെയ്യുക.

إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ كَـٰذِبٌ كَفَّارٌ ۝

39:04. അസത്യവാനും നന്ദികെട്ടവനും ആയവനെ അല്ലാഹു നിശ്ചയ മായും നേർമാർഗത്തിൽ നയിക്കുകയില്ല.

فَٱجْتَنِبُوا۟ ٱلرِّجْسَ مِنَ ٱلْأَوْثَـٰنِ وَٱجْتَنِبُوا۟ قَوْلَ ٱلزُّورِ ۝

22:31. ബിംബാരാധനയുടെ മാലിന്യങ്ങളിൽനിന്ന് അകന്നു നിൽക്കുക, അസത്യം പറയുന്നതിൽനിന്നും അകന്നു നിൽക്കുക.

സംസാരിക്കുമ്പോൾ മാന്യമായും തെറ്റിദ്ധാരണ ജനിക്കാത്ത തീതിയി ലും മറ്റുള്ളവരെ തരം താഴ്ത്താതെയും കുറ്റപ്പെടുത്താതെയും സംസാ രിക്കണമെന്നതും ദൈവത്തിന്റെ നിർദ്ദേശമാകുന്നു.

وَقُل لِّعِبَادِى يَقُولُوا۟ ٱلَّتِى هِىَ أَحْسَنُ ۚ إِنَّ ٱلشَّيْطَـٰنَ يَنزَغُ

بَيۡنَهُمۡۚ إِنَّ ٱلشَّيۡطَٰنَ كَانَ لِلۡإِنسَٰنِ عَدُوّٗا مُّبِينٗا ۝

17:54. എന്റെ ദാസന്മാരോട് നീപറയുക, ഏറ്റവും നല്ലതെന്തോ അത് അവർ പറയട്ടെ. തീർച്ചയായും പിശാച് മനുഷ്യന്റെ വ്യക്തമായ ശത്രുവാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَقُولُواْ قَوۡلٗا سَدِيدٗا ۝

يُصۡلِحۡ لَكُمۡ أَعۡمَٰلَكُمۡ وَيَغۡفِرۡ لَكُمۡ ذُنُوبَكُمۡۗ

33:71–72. അല്ലയോ വിശ്വാസികളെ അല്ലാഹുവിനെ ഭയപ്പെടുകയും ശരിയായ വാക്ക് പറയുകയും ചെയ്യുവിൻ. നിങ്ങളുടെ പ്രവർത്തനങ്ങളെ നിങ്ങൾക്കവൻ കുറ്റമറ്റതാക്കിത്തീർക്കുകയും നിങ്ങൾക്ക് പെറുത്തുതരികയും ചെയ്യും.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لِمَ تَقُولُونَ مَا لَا تَفۡعَلُونَ ۝

كَبُرَ مَقۡتًا عِندَ ٱللَّهِ أَن تَقُولُواْ مَا لَا تَفۡعَلُونَ ۝

61:3–4. അല്ലയോ വിശ്വാസികളേ, നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയുന്നുവെന്നത് അല്ലാഹുവിങ്കൽ ഏറ്റവും നിന്ദ്യമായ കാര്യമാകുന്നു.

നാം ഊഹത്തെയും കേട്ടുകേൾവിയെയും വിചിന്തനം ചെയ്യാതെ പിന്തുടരുന്നതു കൊണ്ടാണ് പല അനർത്ഥങ്ങളും കുഴപ്പങ്ങളും സംഭവിക്കുന്നത്. നാം കേട്ടുകേൾവിയെ അടിസ്ഥാനമാക്കി പ്രവർത്തിക്കരുതെന്നും എന്തു വൃത്താന്തങ്ങൾ കേട്ടാലും അതിന്റെ സത്യാവസ്ഥയെ നിജപ്പെടുത്തി മനസ്സിലാക്കേണ്ടതാണെന്നും ദൈവം നിർദ്ദേശിക്കുന്നു.

وَلَا تَقۡفُ مَا لَيۡسَ لَكَ بِهِۦ عِلۡمٌۚ إِنَّ ٱلسَّمۡعَ وَٱلۡبَصَرَ

وَٱلۡفُؤَادَ كُلُّ أُوْلَٰٓئِكَ كَانَ عَنۡهُ مَسۡـُٔولٗا ۝

17:37. നിനക്ക് അറിവില്ലാത്തതിനെ നീ പിന്തുടരരുത്. തീർച്ചയായും കേൾവി, കാഴ്ച്ച, ഹൃദയം ഇവയെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن جَآءَكُمۡ فَاسِقُۢ بِنَبَإٖ فَتَبَيَّنُوٓاْ أَن

تُصِيبُواْ قَوۡمَۢا بِجَهَٰلَةٖ فَتُصۡبِحُواْ عَلَىٰ مَا فَعَلۡتُمۡ نَٰدِمِينَ ۝

49:7. അല്ലയോ വിശ്വാസികളേ, ദുർമാർഗിയായ ഒരാൾ വല്ലവാർത്തയുമായി നിങ്ങളുടെ അടുക്കൽ വന്നാൽ അതിന്റെ യാഥാർത്ഥ്യം അന്വേഷിച്ച് അറിയുവിൻ. അറിയാതെ നിങ്ങൾ ഒരു ജനതയെ പീഡിപ്പിക്കുകയും അങ്ങനെ നിങ്ങൾ ചെയ്തു പോയതിൽ ഖേദിക്കുന്നവരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا يَسۡخَرۡ قَوۡمٞ مِّن قَوۡمٍ عَسَىٰٓ أَن يَكُونُواْ خَيۡرٗا مِّنۡهُمۡ وَلَا نِسَآءٞ مِّن نِّسَآءٍ عَسَىٰٓ أَن يَكُنَّ خَيۡرٗا مِّنۡهُنَّۖ وَلَا تَلۡمِزُوٓاْ أَنفُسَكُمۡ وَلَا تَنَابَزُواْ بِٱلۡأَلۡقَٰبِۖ بِئۡسَ ٱلِٱسۡمُ ٱلۡفُسُوقُ بَعۡدَ ٱلۡإِيمَٰنِۚ وَمَن لَّمۡ يَتُبۡ فَأُوْلَٰٓئِكَ هُمُ ٱلظَّٰلِمُونَ ۝

49:12. അല്ലയോ വിശ്വാസികളേ, ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കാതിരിക്കട്ടെ. ഒരു പക്ഷേ ഇവർ അവരെക്കാൾ മെച്ചമായവരാണന്വരാം. സ്ത്രീകൾ മറ്റു സ്ത്രീകളേയും പരിഹസിക്കരുത്. ഇവർ അവരെക്കാൾ ഉത്തമകളായെന്നുവരാം. നിങ്ങൾ നിങ്ങളുടെ ആളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ അന്യോന്യം പരിഹാസപ്പേരുകൾ വിളിക്കുകയും അരുത്. സത്യവിശ്വാസത്തിനുശേഷം ചീത്തപ്പേര് വിളിക്കുന്നത് എത്ര മോശം. ആരാണോ പശ്ചാത്തപിക്കാതിരിക്കുന്നത് അവരാകുന്നു അക്രമികൾ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱجۡتَنِبُواْ كَثِيرٗا مِّنَ ٱلظَّنِّ إِنَّ بَعۡضَ ٱلظَّنِّ إِثۡمٞۖ وَلَا تَجَسَّسُواْ وَلَا يَغۡتَب بَّعۡضُكُم بَعۡضًاۚ أَيُحِبُّ أَحَدُكُمۡ أَن يَأۡكُلَ لَحۡمَ أَخِيهِ مَيۡتٗا فَكَرِهۡتُمُوهُۚ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ تَوَّابٞ رَّحِيمٞ ۝

49:13. അല്ലയോ വിശ്വാസികളേ, ഊഹത്തിൽനിന്ന് അധികവും നിങ്ങൾ ഒഴിവാക്കുവിൻ. തീർച്ചയായും ഊഹത്തിൽ ചിലത് പാപമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അന്യോന്യം പരദൂഷണം പറയുകയുമരുത്. മരിച്ച് കിടക്കുന്ന സഹോദരന്റെ മാംസം തിന്നുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? നിങ്ങൾ അത് വെറുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.

ദൈവ കോപത്തിന് പാത്രമായിത്തീരുന്ന വലിയൊരു ദുഃസ്വഭാവമാണ് അഹംഭാവം. എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളായിരിക്കുന്നതിനാൽ ഒരാൾക്ക് മറ്റൊരാളേക്കാൾ മേന്മ നടിക്കുവാൻ യാതൊരവകാശവും ഇല്ല. സമ്പത്തുള്ളവൻ സമ്പത്തില്ലാത്തവനേക്കാൾ മേന്മയുള്ളവനല്ല. ഉള്ളവന്റെ സമ്പത്ത് ദൈവം തിരിച്ചെടുത്തെന്നും ഇല്ലാത്തവന് നൽകിയെന്നും വരാം. കഴിവുള്ളവന്റെ കഴിവ് നഷടപ്പെട്ടെന്നും കഴിവില്ലാത്തവരെ ദൈവം ശക്തരാക്കിയെന്നും വരാം.

وَلَا تَمْشِ فِى ٱلْأَرْضِ مَرَحًا ۖ إِنَّكَ لَن تَخْرِقَ ٱلْأَرْضَ وَلَن تَبْلُغَ ٱلْجِبَالَ طُولًا ﴿٣٧﴾

17:38. അഹംഭാവത്തോടെ നീ ഭൂമിയിൽ നടക്കരുത്. നിനക്ക് ഭൂമിയെ പിളർക്കുവാൻ സാധിക്കുകയില്ല. നീളത്തിൽ (ഉയരത്തിൽ) പർവ്വതങ്ങൾക്കൊപ്പം എത്താനാവുകയുമില്ല.

وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِى ٱلْأَرْضِ

مَرَحًا ۖ إِنَّ ٱللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿١٨﴾

31:19. മനുഷ്യരുടെ നേർക്ക് നിന്റെ മുഖം തിരിച്ച് കളയരുത്. ഭൂമിയിൽ പൊങ്ങച്ചം കാട്ടി നടക്കുകയുമരുത്. തീർച്ചയായും ദുരഭിമാനിയും വമ്പുപറയുന്നവനുമായ ആരെയും അല്ലാഹു സ്നേഹിക്കുന്നില്ല.

وَٱقْصِدْ فِى مَشْيِكَ وَٱغْضُضْ مِن صَوْتِكَ ۚ إِنَّ أَنكَرَ ٱلْأَصْوَٰتِ لَصَوْتُ ٱلْحَمِيرِ ﴿١٩﴾

31:20. നിന്റെ നടത്തത്തിൽ മിതത്വം പാലിക്കുകയും നിന്റെ ശബ്ദം പതിഞ്ഞതാക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതകളുടെ ശബ്ദമാകുന്നു.

നമ്മുടെ സ്വഭാവ രൂപീകരണം ക്രമപ്പെടുത്തുന്ന കല്പനകൾക്ക് ശേഷം നമ്മുടെ ആത്മാവിന് സംസ്കരണം വരുത്തുന്ന ദൈവിക കല്പനകളാണ് മറ്റുള്ളവരുടെ തെറ്റുകളെ നാം പൊറുത്ത് കൊടുക്കയും നമ്മുടെ വിഷമതകളിൽ നാം സഹനം കൈക്കൊള്ളുകയും നമ്മുടെ ദു:ഖങ്ങളിൽ നാം നിരാശപ്പെടാതിരിക്കുകയും ചെയ്യുകയെന്നത്. സാധാരണ മനുഷ്യരായ നാം തെറ്റുകളിൽ നിന്ന് പരിപൂർണ്ണമായി മുക്തരല്ലാത്തതിനാൽ നാം മറ്റുള്ളവരുടെ തെറ്റുകൾ പൊറുത്ത് കൊടുക്കുന്നത് ദൈവം നമ്മുടെ തെറ്റുകൾ പൊറുത്ത് തരുന്നതിന് കാരണമായിത്തീരുന്നു. വിഷമാവസ്ഥകളിലുള്ള നമ്മുടെ ക്ഷമയും സഹനവും മഹത്തായ ദൈവ കാരുണ്യത്തിന് നിദാനമായിത്തീരുന്നു. വിശ്വാസികൾക്ക് ദുഃഖിക്കുകയോ ഖേദിക്കുകയോ വേണ്ടിവരില്ലെന്ന് പറഞ്ഞതിൽനിന്ന് ദൈവം നമ്മുടെ ദു:ഖങ്ങളെ മാറ്റിത്തരുന്നതാണെന്ന വാഗ്ദാനമാണ് നൽകിയിരിക്കുന്നത്. താൽക്കാലികമായി ഉണ്ടാകുന്ന ദുഃഖങ്ങൾ കാരണ

മായി നാം നിരാശപ്പെടാൻ പാടില്ലാത്തതാകുന്നു.

خُذِ ٱلۡعَفۡوَ وَأۡمُرۡ بِٱلۡعُرۡفِ وَأَعۡرِضۡ عَنِ ٱلۡجَٰهِلِينَ ۝

7:200. മാപ്പ് കൊടുക്കുന്ന സ്വഭാവം സ്വായത്തമാക്കുകയും നന്മ കല്പിക്കുകയും ചെയ്യുക. അവിവേകികളിൽ നിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുക.

وَإِنۡ عَاقَبۡتُمۡ فَعَاقِبُواْ بِمِثۡلِ مَا عُوقِبۡتُم بِهِۦۖ وَلَئِن صَبَرۡتُمۡ لَهُوَ خَيۡرٞ لِّلصَّٰبِرِينَ ۝

16:127. നിങ്ങൾ പകരം വീട്ടുന്നുവെങ്കിൽ നിങ്ങൾ ദ്രോഹിക്കപ്പെട്ടതിന് തുല്യമായി നിങ്ങൾ അവരെ ശിക്ഷിക്കുക. എന്നാൽ നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ അത് തന്നെയാണ് ക്ഷമാശീലർക്ക് ഏറ്റവും നല്ലത്.

وَجَزَٰٓؤُاْ سَيِّئَةٖ سَيِّئَةٞ مِّثۡلُهَاۖ فَمَنۡ عَفَا وَأَصۡلَحَ فَأَجۡرُهُۥ عَلَى ٱللَّهِۚ إِنَّهُۥ لَا يُحِبُّ ٱلظَّٰلِمِينَ ۝

42:41. ഒരു തിന്മയ്ക്ക് അതിന് തുല്യമായ രീതിയിലാണ് അതിന്റെ പ്രതിഫലം (ശിക്ഷ). എന്നാൽ ആരെങ്കിലും മാപ്പ് കൊടുക്കുകയും രജ്ഞിപ്പുണ്ടാക്കുകയും ചെയ്യുന്നുവെങ്കിൽ അവന് അല്ലാഹു പ്രതിഫലം നൽകുന്നതാണ്. തീർച്ചയായും അക്രമികളെ അവൻ സ്നേഹിക്കുന്നില്ല.

قُل لِّلَّذِينَ ءَامَنُواْ يَغۡفِرُواْ لِلَّذِينَ لَا يَرۡجُونَ أَيَّامَ ٱللَّهِ لِيَجۡزِيَ قَوۡمَۢا بِمَا كَانُواْ يَكۡسِبُونَ ۝

45:15. അല്ലാഹുവിന്റെ നാളുകളെ പ്രത്യശിക്കാത്തവർക്ക് പൊറുത്ത് കൊടുക്കുവാൻ നീ വിശ്വാസികളോട് പറയുക. ഓരോ ജനതയും സമ്പാദിക്കുന്നതനുസരിച്ച് അല്ലാഹു അവർക്ക് പ്രതിഫലം നൽകുന്നതിന് വേണ്ടി.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱصۡبِرُواْ وَصَابِرُواْ وَرَابِطُواْ وَٱتَّقُواْ ٱللَّهَ لَعَلَّكُمۡ تُفۡلِحُونَ ۝

3:201. അല്ലയോ വിശ്വാസികളേ, ക്ഷമ കൈകൊള്ളുവിൻ, സഹനത്തിൽ മുന്നിട്ടു നിൽക്കുവിൻ, (ധർമ്മസമരത്തിൽ) ഉറച്ചുനിൽക്കുവിൻ. അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുവിൻ. നിങ്ങൾ വിജയിക്കുന്നതിനു വേണ്ടി.

وَٱصۡبِرۡ وَمَا صَبۡرُكَ إِلَّا بِٱللَّهِۚ

16:128. നീ ക്ഷമ കൈകൊള്ളുക. നിന്റെ ക്ഷമ അല്ലാഹുവിനുവേണ്ടിയല്ലാതെ മറ്റാർക്കുമല്ല.

وَلِرَبِّكَ فَٱصۡبِرۡ ۝

74:08. നിന്റെ നാഥനുവേണ്ടി നീ ക്ഷമ കൈ കൊള്ളുക.

എന്തുതന്നെ പ്രയാസ്സങ്ങൾ വന്നാലും നമ്മുടെ ദൃഷ്ടിയിൽ ആ വിഷമ തകൾക്ക് യാതൊരു പരിഹാരമാർഗ്ഗവും കാണാതിരുന്നാലും നാം നിരാ ശരാകാൻ പാടില്ലന്ന് ദൈവം നമ്മോട് കല്പിക്കുന്നു. നമുക്കുണ്ടാകുന്ന പരീക്ഷണങ്ങൾ ദൈവമർഗ്ഗത്തിൽ നമ്മെ ഉറപ്പിച്ചു നിർത്തുവാനും നമ്മെ ആത്മീയോന്നതിയിലേക്ക് നയിക്കുവാനും വേണ്ടിയാണ്. നിരാശ രാകുന്നവർ നിരാശപ്പെടാൻ പാടില്ലന്ന ദൈവ കല്പനയെ ധിക്കരിക്കു ന്നവരത്രേ. ദൈവത്തിനു അസാദ്ധ്യമായി ഒന്നും തന്നെ ഇല്ലാത്തതിനാ ൽ അവൻ നമ്മുടെ മോഹഭംഗങ്ങളെ മാറ്റി സാഫല്യങ്ങൾ നൽകുമെ ന്നത് ഉറപ്പുള്ള കാര്യമാണ്.

وَلَا تَهِنُوا۟ وَلَا تَحْزَنُوا۟ وَأَنتُمُ ٱلْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ ﴿١٣٩﴾

3:140. നിങ്ങൾ നിരാശപ്പെടരുത്, നിങ്ങൾ ദുഃഖിക്കുകയുമരുത്. നിങ്ങൾ വിശ്വാസികളാണങ്കിൽ നിങ്ങൾ തന്നെ മികച്ചു നിൽക്കുന്നതാണ്.

يَٰبَنِىَّ ٱذْهَبُوا۟ فَتَحَسَّسُوا۟ مِن يُوسُفَ وَأَخِيهِ وَلَا تَا۟يْـَٔسُوا۟ مِن رَّوْحِ ٱللَّهِ ۖ

إِنَّهُۥ لَا يَا۟يْـَٔسُ مِن رَّوْحِ ٱللَّهِ إِلَّا ٱلْقَوْمُ ٱلْكَٰفِرُونَ ﴿٨٧﴾

12:88. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെക്കു റിച്ച് നിരാശപ്പെടുകയില്ല.

നമ്മുടെ പ്രവൃത്തികളും ചിന്താഗതികളും ശുദ്ധമാക്കിവെക്കുവാൻ കല് പിച്ചതു പോലെ നാം കഴിക്കുന്ന ഭക്ഷണവും ശുദ്ധമായതും നീതിപൂർ വ്വമായ സമ്പാദ്യത്തിൽ നിന്ന് ലഭ്യമായതും ആയിരിക്കുവാൻ ദൈവം കല്പിക്കുന്നു. അമിതമായി ഭക്ഷണം കഴിക്കുന്നതിനെ ദൈവം വില ക്കുകയും ചെയ്യുന്നു. അമിതമായ ഭക്ഷണം ആലസ്യത്തേയും വികാര തൃഷ്ണകളേയും വർദ്ധിപ്പിക്കുന്നു. ആരാധനയ്ക്കുള്ള ഉന്മേഷം കുറ ക്കുന്നു. അനാരോഗ്യത്തിനും വികാരക്ഷോഭങ്ങൾക്കും അമിത ഭക്ഷണം കാരണമായിത്തീരുന്നു.

يَٰٓأَيُّهَا ٱلنَّاسُ كُلُوا۟ مِمَّا فِى ٱلْأَرْضِ حَلَٰلًا طَيِّبًا

وَلَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَٰنِ ۚ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿١٦٩﴾

2:169. അല്ലയോ ജനങ്ങളെ, ഭൂമിയിൽ ലഭിക്കുന്നതിൽ നിന്നും അനുവ ദിക്കപ്പെട്ടതും പരിശുദ്ധമായതും നിങ്ങൾ ഭക്ഷിക്കുവിൻ. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരരുത് അവൻ തീർച്ചയായും നിങ്ങളുടെ

പ്രത്യക്ഷ ശത്രുവാകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُلُواْ مِن طَيِّبَـٰتِ مَا رَزَقْنَـٰكُمْ

وَٱشْكُرُواْ لِلَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ ﴿١٧٢﴾

2:173. അല്ലയോ വിശ്വാസികളേ, നാം നിങ്ങൾക്ക് നൽകിയ ആഹാര വിഭവങ്ങളിൽ നിന്ന് ശുദ്ധമായത് നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. നിങ്ങൾ അവനെ തന്നെയാണ് ആരാധിക്കുന്നതെങ്കിൽ അവനോട് നന്ദി കാണിക്കുകയും ചെയ്യുക.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُحَرِّمُواْ طَيِّبَـٰتِ مَآ أَحَلَّ ٱللَّهُ لَكُمْ

وَلَا تَعْتَدُوٓاْ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْمُعْتَدِينَ ﴿٨٧﴾

5:88. അല്ലയോ വിശ്വാസികളേ, അല്ലാഹു നിങ്ങൾക്ക് നിയമാനുസൃതമാക്കിയിട്ടുള്ള നല്ലസാധനങ്ങൾ നിങ്ങൾ നിഷിദ്ധമാക്കി വെക്കരുത്. നിങ്ങൾ അതിരു കവിയുകയുമരുത്. അതിരു കവിയുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നില്ല.

وَكُلُواْ وَٱشْرَبُواْ وَلَا تُسْرِفُوٓاْ ۚ إِنَّهُۥ لَا يُحِبُّ ٱلْمُسْرِفِينَ ﴿٣١﴾

7:32. തിന്നുകയും കുടിക്കുകയും ചെയ്യുവിൻ, എന്നാൽ അമിതമാകരുത്. തീർച്ചയായും ധൂർത്തന്മാരെ അവൻ ഇഷ്ടപ്പെടുന്നില്ല.

ഈ ഭൂമിയിലുള്ള ഏല്ലാ വസ്തുക്കളും അല്ലാഹു വിശ്വാസികൾക്ക് വേണ്ടിയാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് തന്നെ അവനെ ആരാധിക്കുന്നവർക്ക് ഭക്ഷണ വിഭവങ്ങൾ അധികമായി ലഭിക്കുന്നതാണെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണ്. വിശ്വാസികൾക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ട ആഹാര വിഭവങ്ങളിൽ ഈ ലോകത്ത് മറ്റുള്ളവരെയും പങ്കുചേരാൻ അനുവദിച്ചിരിക്കുന്നു. എങ്കിലും അവനെ ആരാധിക്കാത്തവർക്ക് എപ്പോഴും ഭക്ഷണം കിട്ടിക്കൊണ്ടിരിക്കുന്നതാണെന്നതിന് യാതൊരു ഉറപ്പുമില്ല. മാത്രമല്ല, ഉയിർത്തെഴുന്നേൽപ്പു നാളിൽ അല്ലാഹു വിശ്വാസികൾക്ക് വേണ്ടി സൃഷ്ടിച്ച വിഭവങ്ങൾ അവർക്ക് മാത്രമായി നൽകുന്നതാണെന്നും അവിശ്വാസികൾക്ക് അതിൽ നിന്ന് യാതൊന്നും ലഭിക്കുകയില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു.

قُلْ مَنْ حَرَّمَ زِينَةَ ٱللَّهِ ٱلَّتِىٓ أَخْرَجَ لِعِبَادِهِۦ وَٱلطَّيِّبَـٰتِ مِنَ ٱلرِّزْقِ ۚ قُلْ هِىَ لِلَّذِينَ ءَامَنُواْ فِى

ٱلْحَيَوٰةِ ٱلدُّنْيَا خَالِصَةً يَوْمَ ٱلْقِيَـٰمَةِ ۗ كَذَٰلِكَ نُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ ﴿٣٢﴾

7:33 പറയുക: തന്റെ ദാസന്മാർക്ക് വേണ്ടി അല്ലാഹു ഉല്പാദിപ്പിച്ച അലങ്കാര വസ്തുക്കളും ശുദ്ധമായ ഭക്ഷണ പദാർത്ഥങ്ങളും ആരാണ് നിഷിദ്ധമാക്കിയത്? പറയുക: അവ ഇഹലോക ജീവിതത്തിൽ സത്യവിശ്വാസികൾക്ക് വേണ്ടിയുള്ളതാണ്. അവ ഉയിർത്തെഴുന്നേൽപ്പു നാളിൽ അവർക്ക് പ്രത്യേകമായുള്ളതുമായിരിക്കും. അറിയാനാഗ്രഹിക്കുന്ന ജനങ്ങൾക്കുവേണ്ടി ഇപ്രകാരം നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു.

وَنَادَىٰٓ أَصْحَـٰبُ ٱلنَّارِ أَصْحَـٰبَ ٱلْجَنَّةِ أَنْ أَفِيضُوا۟ عَلَيْنَا مِنَ ٱلْمَآءِ أَوْ

مِمَّا رَزَقَكُمُ ٱللَّهُ ۚ قَالُوٓا۟ إِنَّ ٱللَّهَ حَرَّمَهُمَا عَلَى ٱلْكَـٰفِرِينَ ﴿٥٠﴾

7:51 നരക വാസികൾ സ്വർഗ്ഗവാസികളെ വിളിച്ചു ചോദിക്കും: വെള്ളമോ അല്ലെങ്കിൽ അല്ലാഹു നിങ്ങൾക്ക് നൽകിയ ആഹാരമോ അല്പം ഞങ്ങൾക്ക് തരുമോ? അവർ പറയും: അവ രണ്ടും അല്ലാഹു അവിശ്വാസികൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു.

അനുവദനീയമായ ആഹാര വിഭവങ്ങൾ താഴെ പറയുന്നവയാണ്.

يَسْـَٔلُونَكَ مَاذَآ أُحِلَّ لَهُمْ ۖ قُلْ أُحِلَّ لَكُمُ ٱلطَّيِّبَـٰتُ ۙ وَمَا عَلَّمْتُم مِّنَ ٱلْجَوَارِحِ مُكَلِّبِينَ تُعَلِّمُونَهُنَّ مِمَّا

عَلَّمَكُمُ ٱللَّهُ ۖ فَكُلُوا۟ مِمَّآ أَمْسَكْنَ عَلَيْكُمْ وَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهِ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ﴿٤﴾

05:05. ഞങ്ങൾക്ക് അനുവദിക്കപ്പെട്ട (ഭക്ഷണ സാധനങ്ങൾ) എന്തൊക്കെയാണെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക: നല്ല വസ്തുക്കൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചു തന്ന നായാട്ടു വിദ്യ അഭ്യസിപ്പിച്ച വേട്ട ജന്തുക്കൾ നിങ്ങൾക്ക് വേണ്ടി പിടിച്ചുകൊണ്ടുവരുന്നവയെ നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. അവയുടെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ചെയ്യുക. അല്ലാഹുവിനെ ഭയപ്പെടുവിൻ. തീർച്ചയായും അല്ലാഹുകണക്കെടുപ്പിൽ തീവ്രതയുള്ളവനാകുന്നു.

أُحِلَّ لَكُمْ صَيْدُ ٱلْبَحْرِ وَطَعَامُهُۥ مَتَـٰعًا لَّكُمْ وَلِلسَّيَّارَةِ ۖ وَحُرِّمَ عَلَيْكُمْ

صَيْدُ ٱلْبَرِّ مَا دُمْتُمْ حُرُمًا ۗ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٩٦﴾

05:97. നിങ്ങൾക്കും യാത്രക്കാർക്കും ജീവിതവിഭവമെന്നനിലയിൽ കടലിലെ വേട്ടയും അതിലെ ഭക്ഷണവിഭവങ്ങളും അനുവദിക്കപ്പെട്ടിരിക്കുന്നു.

അനുവദനീയമല്ലാത്ത ആഹാര വിഭവങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

إِنَّمَا حَرَّمَ عَلَيْكُمُ ٱلْمَيْتَةَ وَٱلدَّمَ وَلَحْمَ ٱلْخِنزِيرِ وَمَآ أُهِلَّ بِهِۦ لِغَيْرِ ٱللَّهِ ۖ فَمَنِ
ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَلَآ إِثْمَ عَلَيْهِ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٧٣﴾

02:174. ശവവും രക്തവും പന്നിമാംസവും അല്ലാഹുവിനുവേണ്ടിയല്ലാതെ അറുക്കപ്പെട്ടതും നിങ്ങൾക്കവൻ നിഷിദ്ധമാക്കിയിരിക്കുന്നു. എന്നാൽ നിയമം ലംഘിക്കാതെയും അതിര് കടക്കാതെയും ആരെങ്കിലും നിർബന്ധിതനായിത്തീരുന്നുവെങ്കിൽ അവന്റെ മേൽ കുറ്റമില്ല. തീർച്ചയായും അല്ലാഹു പൊറുത്ത് കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

حُرِّمَتْ عَلَيْكُمُ ٱلْمَيْتَةُ وَٱلدَّمُ وَلَحْمُ ٱلْخِنزِيرِ وَمَآ أُهِلَّ لِغَيْرِ ٱللَّهِ بِهِۦ وَٱلْمُنْخَنِقَةُ وَٱلْمَوْقُوذَةُ
وَٱلْمُتَرَدِّيَةُ وَٱلنَّطِيحَةُ وَمَآ أَكَلَ ٱلسَّبُعُ إِلَّا مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى ٱلنُّصُبِ وَأَن
تَسْتَقْسِمُوا۟ بِٱلْأَزْلَٰمِ ۚ ذَٰلِكُمْ فِسْقٌ

5:04. ശവം, രക്തം, പന്നിമാംസം, അല്ലാഹുവിനുവേണ്ടിയല്ലാതെ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, തല്ലിക്കൊന്നത്, വീണ് ചത്തത്, (കൊമ്പ്കൊണ്ട്) കുത്തേറ്റ് മരിച്ചത്, നിങ്ങൾ യഥാവിധി അറുക്കാതെ വന്യജന്തുക്കൾ ഭക്ഷിച്ചത്, പ്രതിഷ്ടകൾക്കു മുമ്പിൽ ബലിയർപ്പിക്കപ്പെട്ടത്, അമ്പുകൾ കൊണ്ട് നിങ്ങൾ (ചൂതാടി) പങ്കുവെക്കുന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അതൊക്കെ അധർമ്മമാകുന്നു.

പന്നി മാംസം നിഷിദ്ധമാക്കിയതിന്റെ ഉദ്ദേശ്യം പന്നിയുടെ സ്വഭാവരീതികളായ ലജ്ജയില്ലായ്മയും കൂട്ടായ ലൈംഗീക പ്രവർത്തനങ്ങളും മനുഷ്യനിൽ പകരാതിരിക്കാൻ വേണ്ടിയാണ്.

മനുഷ്യന്റെ സാമൂഹ്യ ബാദ്ധ്യതയായി ദൈവം കല്പിച്ചതിൽ പ്രധാനമായതാണ് വിവാഹം. വിവാഹം കഴിക്കാൻ കഴിവുള്ളവർ വിവാഹം കഴിക്കാതെ സന്യാസമനുഷ്ടിക്കുന്നത് ദൈവം വെറുത്തിരിക്കുന്നു.

وَأَنكِحُوا۟ ٱلْأَيَـٰمَىٰ مِنكُمْ وَٱلصَّـٰلِحِينَ مِنْ عِبَادِكُمْ وَإِمَآئِكُمْ ۚ
إِن يَكُونُوا۟ فُقَرَآءَ يُغْنِهِمُ ٱللَّهُ مِن فَضْلِهِۦ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٣٢﴾

24:33. നിങ്ങളിലുള്ള അവിവാഹിതരേയും സദ്വൃത്തരായ നിങ്ങളുടെ

അടിമകളേയും അടിമസ്ത്രീകളേയും വിവാഹം കഴിച്ചു കൊടുക്കുക. അവർ ദരിദ്രരാണങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്നും അവരെ സമ്പന്നരാക്കുന്നതാണ്. അല്ലാഹു വിശാലതയുള്ളവനും സർവജ്ഞനും ആകുന്നു.

وَرَهْبَانِيَّةً ٱبْتَدَعُوهَا مَا كَتَبْنَـٰهَا عَلَيْهِمْ إِلَّا ٱبْتِغَآءَ رِضْوَٰنِ ٱللَّهِ فَمَا رَعَوْهَا

حَقَّ رِعَايَتِهَا ۖ فَـَٔاتَيْنَا ٱلَّذِينَ ءَامَنُوا۟ مِنْهُمْ أَجْرَهُمْ ۖ وَكَثِيرٌ مِّنْهُمْ فَـٰسِقُونَ ۝

57:28. അവർ (ക്രിസ്ത്യാനികൾ) നൂതനമായി ഏർപ്പെടുത്തിയ സന്യാസജീവിതം നാം അവരോട് കല്പിച്ചതല്ല. അല്ലാഹുവിന്റെ തൃപ്തി തേടുന്നതിനുവേണ്ടിയല്ലാതെ (നാം അവരോട് കല്പിച്ചിട്ടില്ല). എന്നാൽ അനുഷ്ടിക്കേണ്ട ക്രമപ്രകാരം അവർ അത് അനുഷ്ടിച്ചതുമില്ല. അവരിൽപ്പെട്ട സത്യ വിശ്വാസികൾക്ക് അവരുടെ പ്രതിഫലം നാം നൽകി. അവരിൽ അധികപേരും ദുർമാർഗികൾ ആകുന്നു.

ലൈംഗിക അരാജകത്വത്തിലേക്ക് പ്രേരിപ്പിക്കുന്ന സൗന്ദര്യ പ്രദർശനങ്ങളും നൃത്ത വിന്യാസങ്ങളും ദൈവം നിരോധിച്ചിരിക്കുകയാണ്. അതോടൊപ്പം സ്ത്രീകളോടും പുരുഷന്മാരോടും അവരുടെ ചാരിത്ര്യം സംരക്ഷിച്ചു കൊള്ളുവാനും കല്പിച്ചിരിക്കുന്നു. ദൈവം നൽകിയ സൗന്ദര്യം പ്രദർശിപ്പിച്ചുകൊണ്ട് സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിനെ ദൈവം വിലക്കിയിരിക്കുന്നു.

وَقَرْنَ فِى بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَـٰهِلِيَّةِ ٱلْأُولَىٰ ۖ وَأَقِمْنَ ٱلصَّلَوٰةَ وَءَاتِينَ ٱلزَّكَوٰةَ وَأَطِعْنَ ٱللَّهَ

وَرَسُولَهُۥٓ ۚ إِنَّمَا يُرِيدُ ٱللَّهُ لِيُذْهِبَ عَنكُمُ ٱلرِّجْسَ أَهْلَ ٱلْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ۝

33:34. (പ്രവാചക ഭാര്യമാരേ) നിങ്ങളുടെ ഭവനങ്ങളിൽ വസിക്കുക. അജ്ഞാനകാലത്ത് അണിഞ്ഞൊരുങ്ങുന്നതുപോലെ നിങ്ങൾ അണിഞ്ഞൊരുങ്ങരുത്. നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുക. അല്ലയോ വീട്ടുകാരെ, തീർച്ചയായും അല്ലാഹു ഉദ്ദേശിക്കുന്നത് നിങ്ങളിൽ നിന്നും മാലിന്യം നീക്കിക്കളയുവാനും നിങ്ങളെ ശരിയായ നിലയിൽ ശുദ്ധീകരിക്കുവാനുമാണ്.

ഈ കല്പനകൾ പ്രവാചക ഭാര്യമാരോടൊപ്പം മറ്റു വിശ്വാസികൾക്കും ബാധകമാണ്. പ്രവാചക ഭാര്യമാരെ സത്യവിശ്വാസികളുടെ മാതാക്കളായിട്ടാണ് അല്ലാഹു ചിത്രീകരിച്ചിരിട്ടുള്ളത്.

قُل لِّلْمُؤْمِنِينَ يَغُضُّوا۟ مِنْ أَبْصَـٰرِهِمْ وَيَحْفَظُوا۟ فُرُوجَهُمْ ۚ ذَٰلِكَ أَزْكَىٰ لَهُمْ ۗ إِنَّ ٱللَّهَ خَبِيرٌۢ

بِمَا يَصْنَعُونَ ۝ وَقُل لِّلْمُؤْمِنَٰتِ يَغْضُضْنَ مِنْ أَبْصَٰرِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا
يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ۖ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ۖ

24:31–32 വിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ചാരിത്ര്യം സൂക്ഷിക്കുവാനും നീ പറയുക. അത് അവർക്ക് അവരുടെ പരിശുദ്ധിക്കുള്ളതാണ്. അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് തീർച്ചയായും അല്ലാഹു സൂക്ഷ്മ ബോധവാനാകുന്നു. വിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ചാരിത്ര്യം സൂക്ഷിക്കുവാനും സാമാന്യം വെളിവാകുന്ന സൗന്ദര്യമൊഴികെ പ്രദർശിപ്പിക്കാതിരിക്കുവാനും അവരുടെ ഉത്തരീയങ്ങൾ അവരുടെ മാറിടങ്ങൾക്കു മീതെ വലിച്ചിടുവാനും നീ പറയുക.

ഇതേ തുടർന്ന് കൊണ്ട് നൃത്തവിന്യാസങ്ങൾ പാടില്ലെന്ന് ദൈവം വ്യക്തമായി നിർദ്ദേശിക്കുന്നു.

وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ ۚ

24:32. അവരുടെ ഗോപ്യമായ സൗന്ദര്യം അറിയപ്പെടുവാൻ വേണ്ടി (വിശ്വാസിനികൾ) അവരുടെ കാലുകൾ കൊണ്ട് അടിക്കുകയും (നൃത്തം ചവിട്ടുകയും) അരുത്.

കടമിടപാടുകൾ നടത്തുമ്പോൾ അത് എഴുതി വെക്കുവാനും കടക്കാരൻ പ്രയാസത്തിലായിരുന്നാൽ അവന് ഇളവനുവദിച്ചു കൊടുക്കുവാനും ദൈവം നമ്മെ ഉണർത്തുന്നു. അതു പോലെ മറ്റുള്ളവർ വിശ്വസിച്ചേൽപിച്ച സൂക്ഷിപ്പ് മുതലുകൾ തിരിച്ചു കൊടുക്കുവാനും നാം മറ്റുള്ളവരോട് ചെയ്യുന്ന കരാറുകളും നമ്മുടെ പ്രതിജ്ഞകളും നിറവേറ്റുവാനും ദൈവം കല്പിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا تَدَايَنتُم بِدَيْنٍ إِلَىٰٓ أَجَلٍ مُّسَمًّى فَٱكْتُبُوهُ ۚ

2:283. അല്ലയോ വിശ്വാസികളേ, ഒരു നിശ്ചിത അവധി വെച്ച് നിങ്ങൾ കടമിടപാടു നടത്തുമ്പോൾ അത് എഴുതിവെക്കുക.

وَإِن كَانَ ذُو عُسْرَةٍ فَنَظِرَةٌ إِلَىٰ مَيْسَرَةٍ ۚ وَأَن تَصَدَّقُوا۟ خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ۝

2:281. (കടം വാങ്ങിയവർ) പ്രയാസത്തിലാണെങ്കിൽ ആശ്വാസം വരുന്നതുവരെ സാവകാശം നൽകുക. എന്നാൽ നിങ്ങൾ അറിയുന്നവരാണെങ്കിൽ ദാനമായി വിട്ടുകൊടുക്കുന്നതാണ് ഏറ്റവും ഉത്തമം.

إِنَّ ٱللَّهَ يَأۡمُرُكُمۡ أَن تُؤَدُّواْ ٱلۡأَمَٰنَٰتِ إِلَىٰٓ أَهۡلِهَا وَإِذَا حَكَمۡتُم بَيۡنَ ٱلنَّاسِ أَن تَحۡكُمُواْ بِٱلۡعَدۡلِ

4:59. അമാനത്തുകൾ അവയുടെ അവകാശികൾക്ക് തിരിച്ചേൽപിക്കണ മെന്നും നിങ്ങൾ ജനങ്ങളുടെയിടയിൽ വിധി കല്പിക്കുമ്പോൾ നീതി പൂർവ്വം വിധി കല്പിക്കണമെന്നും തീർച്ചയായും അല്ലാഹു നിങ്ങളോട് കല്പിച്ചിരിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَخُونُواْ ٱللَّهَ وَٱلرَّسُولَ وَتَخُونُوٓاْ أَمَٰنَٰتِكُمۡ وَأَنتُمۡ تَعۡلَمُونَ ۝

8:28 വിശ്വാസികളേ, അല്ലാഹുവിനോടും റസൂലിനോടും നിങ്ങൾ വഞ്ച ന കാട്ടരുത്. നിങ്ങൾ അറിഞ്ഞുകൊണ്ട് നിങ്ങളെ വിശ്വസിച്ചേൽപ്പിച്ചി ട്ടുള്ള അമാനത്തുകളിലും നിങ്ങൾ വഞ്ചന കാണിക്കരുത്.

وَأَوۡفُواْ بِعَهۡدِ ٱللَّهِ إِذَا عَٰهَدتُّمۡ وَلَا تَنقُضُواْ ٱلۡأَيۡمَٰنَ بَعۡدَ تَوۡكِيدِهَا

وَقَدۡ جَعَلۡتُمُ ٱللَّهَ عَلَيۡكُمۡ كَفِيلًاۚ إِنَّ ٱللَّهَ يَعۡلَمُ مَا تَفۡعَلُونَ ۝

16:92. നിങ്ങൾ ഒരു കരാർ ചെയ്താൽ അല്ലാഹുവിന്റെ കരാറിനെ നി ങ്ങൾ നിറവേറ്റുവിൻ. നിങ്ങളുടെ ശപഥങ്ങൾ സ്ഥിരീകരിക്കപ്പെട്ടതിനു ശേഷം അവയെ നിങ്ങൾ ഭഞ്ജിക്കരുത്. തീർച്ചയായും അല്ലാഹുവിനെ നിങ്ങൾ സംരക്ഷകനാക്കി വെച്ചിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്ന തെന്തും തീർച്ചയായും അല്ലാഹു അറിയുന്നു.

കരാറുകളെ നിറവേറ്റുവാൻ ആവശ്യപ്പെട്ടതുപോലെ നാം നമ്മുടെ ശപ ഥങ്ങളേയും നിറവേറ്റുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. എങ്കിലും നന്മ ചെയ്യുന്നതിനെതിരെ ആ ശപഥങ്ങൾ ഒരു തടസ്സമായി നിൽക്കരുതെന്ന് ദൈവം ആജ്ഞാപിക്കുന്നു. വഞ്ചനാപരമായ ശപഥങ്ങൾ ചെയ്യുന്നവർ ക്കും ശപഥങ്ങളിൽ നിന്ന് പിന്മാറുന്നവർക്കും ദൈവിക ശിക്ഷയെക്കുറി ച്ച് താക്കീത് നൽകിയിരിക്കുന്നു.

وَلَا تَجۡعَلُواْ ٱللَّهَ عُرۡضَةً لِّأَيۡمَٰنِكُمۡ أَن تَبَرُّواْ وَتَتَّقُواْ

وَتُصۡلِحُواْ بَيۡنَ ٱلنَّاسِۗ وَٱللَّهُ سَمِيعٌ عَلِيمٞ ۝

2:225. നിങ്ങൾ നന്മ പ്രവർത്തിക്കുന്നതിനും ധർമ്മം പാലിക്കുന്നതിനും ജനങ്ങളുടെ ഇടയിൽ രജ്ഞിപ്പുണ്ടാക്കുന്നതിനും എതിരെ നിങ്ങൾ അ ല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്തിരിക്കുന്നു എന്നതിനെ ഒരു കാ രാണമാക്കി വെക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്ന വനുമാകുന്നു.

لَا يُؤَاخِذُكُمُ ٱللَّهُ بِٱللَّغۡوِ فِيٓ أَيۡمَٰنِكُمۡ وَلَٰكِن يُؤَاخِذُكُم بِمَا عَقَّدتُّمُ ٱلۡأَيۡمَٰنَۖ

5:90. ബോധപൂർവ്വമല്ലാത്ത നിങ്ങളുടെ ശപഥങ്ങളുടെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. എന്നാൽ നിങ്ങൾ ഉറപ്പിച്ചു ചെയ്തശപഥങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുന്നതാണ്.

ന്യായമായ രീതിയിലുള്ള ശപഥം ലംഘിക്കേണ്ടി വരികയാണെങ്കിൽ അതിന് പ്രായശ്ചിത്തം നൽകണം. ശപഥലംഘനത്തിന്റെ പ്രായശ്ചിത്തം താഴെ പറയുന്ന രീതിയിലാണ്.

فَكَفَّٰرَتُهُۥٓ إِطۡعَامُ عَشَرَةِ مَسَٰكِينَ مِنۡ أَوۡسَطِ مَا تُطۡعِمُونَ أَهۡلِيكُمۡ أَوۡ كِسۡوَتُهُمۡ أَوۡ تَحۡرِيرُ

رَقَبَةٖۖ فَمَن لَّمۡ يَجِدۡ فَصِيَامُ ثَلَٰثَةِ أَيَّامٖۚ ذَٰلِكَ كَفَّٰرَةُ أَيۡمَٰنِكُمۡ إِذَا حَلَفۡتُمۡۚ وَٱحۡفَظُوٓاْ

أَيۡمَٰنَكُمۡۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمۡ ءَايَٰتِهِۦ لَعَلَّكُمۡ تَشۡكُرُونَ ٨٩

5:90. (ശപഥ ലംഘനത്തിനുള്ള) പ്രായശ്ചിത്തം നിങ്ങളുടെ കുടുംബാംഗങ്ങൾക്ക് നിങ്ങൾ ആഹാരം നൽകുന്നതിന്റെ തോതനുസരിച്ച് പത്ത് ദരിദ്രർക്ക് ഭക്ഷണം നൽകുകയോ, അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുകയോ അല്ലെങ്കിൽ ഒരടിമയെ മോചിപ്പിക്കുകയോ ആണ്. എന്നാൽ അതിന് കഴിവില്ലാത്തവർ മൂന്ന് ദിവസം നോമ്പ് എടുക്കേണ്ടതാണ്. നിങ്ങൾ പ്രതിജ്ഞ ചെയ്തുകഴിഞ്ഞാൽ അത് ലംഘിക്കുന്നതിന്റെ പ്രായശ്ചിത്തമാണിത്. നിങ്ങളുടെ പ്രതിജ്ഞകൾ നിങ്ങൾ നിറവേറ്റുവിൻ. നിങ്ങൾ നന്ദികാട്ടുന്നതിന് വേണ്ടി നിങ്ങൾക്ക് അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിത്തരുന്നു.

എല്ലാ തിന്മകളുടെയും ഉറവിടം ഭൗതികതയുടെ വേലിയേറ്റമായതിനാൽ ഭൗതിക സുഖങ്ങളെ ത്യജിക്കുവാനാണ് ദൈവം കല്പിക്കുന്നത്. ഭൗതിക സുഖങ്ങളെ ത്യജിക്കുക എന്നതു കൊണ്ടുദ്ദേശിക്കുന്നത് അനാശാസ്യമായ രീതിയിൽ ദൈവിക കല്പനകളെ ധിക്കരിച്ചുകൊണ്ട് സമ്പത്തുകൾ സ്വായത്തമാക്കുന്നതിനെയാണ്. ദൈവം അനുവദിച്ച മാർഗ്ഗങ്ങളിൽ ഉപജീവനമാർഗ്ഗങ്ങൾ നേടിയെടുക്കുന്നതിനെ ദൈവം പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُلۡهِكُمۡ أَمۡوَٰلُكُمۡ وَلَآ أَوۡلَٰدُكُمۡ عَن

ذِكۡرِ ٱللَّهِۚ وَمَن يَفۡعَلۡ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلۡخَٰسِرُونَ ٩

63:10. അല്ലയോ വിശ്വാസികളേ, നിങ്ങളുടെ മുതലുകളോ നിങ്ങളുടെ

സന്താനങ്ങളോ അല്ലാഹുവിന്റെ സ്മരണയിൽ നിന്നും നിങ്ങളെ തിരിച്ചു വിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അപ്പോൾ അവരാകുന്നു നഷ്ടപ്പെട്ടവർ.

ന്യായമായ മാർഗ്ഗത്തിൽ സമ്പാധിക്കുന്ന ധനം പിശുക്കു കാട്ടാതെയും അമിത വ്യയം ചെയ്യാതെയും ദൈവം അനുവദിച്ച രീതിയിൽ ചിലവഴിക്കാനാണ് ദൈവം നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്.

وَءَاتِ ذَا ٱلْقُرْبَىٰ حَقَّهُۥ وَٱلْمِسْكِينَ وَٱبْنَ ٱلسَّبِيلِ وَلَا تُبَذِّرْ تَبْذِيرًا ۝

17:27. അടുത്ത ബന്ധുവിന് അവന്റെ അവകാശം നൽകുക, ദരിദ്രനും വഴിയാത്രക്കാരനും. ധൂർത്തടിച്ച് (ധനം) ദുർവ്യയം ചെയ്യരുത്.

وَلَا تَجْعَلْ يَدَكَ مَغْلُولَةً إِلَىٰ عُنُقِكَ وَلَا تَبْسُطْهَا كُلَّ ٱلْبَسْطِ فَتَقْعُدَ مَلُومًا مَّحْسُورًا ۝

17:30. (പിശുക്കു കാട്ടിക്കൊണ്ട്) നിന്റെ കൈ നിന്റെ കഴുത്തിനോട് ബന്ധിച്ചിടരുത്. മുഴുവനായി (ദുർവ്യയത്തിൽ) തുറന്നിടുകയുമരുത്. അങ്ങനെയായാൽ അവഹേളിതനായി തളർന്ന് നീ ഇരുന്ന് പോകും.

ഒരാൾ നമ്മെ അഭിവാദനം ചെയ്യുമ്പോൾ തത്തുല്യമായോ അതിനേക്കാൾ ഉത്തമമായോ തിരിച്ചങ്ങോട്ട് അഭിവാദനം ചെയ്യേണ്ടതാണെന്ന് ദൈവം കല്പിക്കുന്നു. ഈ നിർദ്ദേശം ജാതിമത ചിന്തകൾക്കതീതമായിട്ടുള്ളതാണ്. മതപരമായ അഭിപ്രായ വ്യത്യാസമുള്ളവരോട് സലാം ചെല്ലാൻ പാടില്ലെന്ന് പറയുന്നവർ ദൈവത്തിന്റെ ഈ കല്പനകളെ ശ്രദ്ധാപൂർവ്വം ഗൗനിക്കേണ്ടതാണ്. സലാം ആശംസിക്കുന്ന ഒരാളോട് നീ സത്യവിശ്വാസിയല്ല എന്ന് യുദ്ധ സമയങ്ങളിൽ പോലും പറയരു തെന്ന് ദൈവം മുന്നറിയിപ്പു നൽകുന്നു. മതപരമായ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ അന്യോന്യം കാഫിറാക്കി ഫത്വ പുറപ്പെടുവിക്കുന്ന മതപണ്ഡിതന്മാർ ഖുർആനിക ജ്ഞാനം അശ്ശേഷം ഇല്ലാത്തവരാണ്.

وَإِذَا حُيِّيتُم بِتَحِيَّةٍ فَحَيُّوا۟ بِأَحْسَنَ مِنْهَآ أَوْ رُدُّوهَآ ۗ إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ حَسِيبًا ۝

4:87. നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ അതിനേക്കാൾ നല്ലരീതിയിൽ തിരിച്ച് നിങ്ങൾ അഭിവാദ്യം ചെയ്യുവിൻ. അല്ലെങ്കിൽ അതു തന്നെ മടക്കുവിൻ. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളുടെയും കണക്കെടുക്കുന്നവനാകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا ضَرَبْتُمْ فِى سَبِيلِ ٱللَّهِ فَتَبَيَّنُوا۟ وَلَا تَقُولُوا۟ لِمَنْ أَلْقَىٰٓ

إِلَيْكُمُ ٱلسَّلَـٰمَ لَسْتَ مُؤْمِنًا تَبْتَغُونَ عَرَضَ ٱلْحَيَوٰةِ ٱلدُّنْيَا

4:95. അല്ലയോ വിശ്വാസികളേ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ സഞ്ചരിക്കുമ്പോൾ (ശത്രു ആരെന്ന്) വ്യക്തമായി അറിയുവിൻ. നിങ്ങളോട് സലാം പറയുന്നവനോട് നീ സത്യവിശ്വാസിയല്ല എന്ന് ഇഹലോക ജീവിതത്തിലെ നേട്ടം കൊതിച്ചുകൊണ്ട് നിങ്ങൾ പറയരുത്.

നാം എല്ലാ ദൈവ കല്പനകളേയും സ്വായത്തമാക്കുകയും ജീവിതത്തിൽ പകർത്തുകയും മറ്റുള്ളവർക്ക് കാഴ്ചവെക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം നാം മറ്റുള്ളവരെ ദൈവമാർഗ്ഗത്തിലേക്ക് ക്ഷണിക്കുകയും വേണം. അപ്പോൾ മാത്രമെ നമുക്ക് പൂർണ്ണത പ്രാപിക്കുവാനും നമ്മുടെ ജീവിതത്തെ ധന്യമാക്കിത്തീർക്കുവാനും സാധിക്കുകയുള്ളു. ദൈവത്തിൽ വിശ്വസിക്കുകയും അവനെ കണ്ടെത്താൻ സാധിക്കുകയും ചെയ്തതിന്റെ നേട്ടം നാം മറ്റുള്ളവർക്കും പകർന്നു കൊടുക്കേണ്ടതാണ്. അങ്ങനെ മറ്റുള്ളവരേയും അവരുടെ ജീവിതോദ്ദേശ്യം പ്രാപിക്കുവാൻ നാം സഹായിക്കേണ്ടത് നമ്മുടെ ബാദ്ധ്യതയാണ്.

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَـٰدِلْهُم بِٱلَّتِى هِىَ
أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿١٢٥﴾

16:126. യുക്തിധീക്ഷയോടും സദുപദേശം മുഖേനെയും നീ (ജനങ്ങളെ) നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് ക്ഷണിക്കുക. ഏറ്റവും നല്ല രീതിയിൽ നീ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോകുന്നവരെപ്പറ്റി നിന്റെ നാഥൻ നന്നായി അറിയുന്നവനാകുന്നു. നേർവഴി പ്രാപിക്കുന്നവരെപ്പറ്റിയും അവൻ നന്നായി അറിയുന്നു.

ഇതുവരെ വിവരിച്ച ദൈവ കല്പനകൾ അപൂർണ്ണമാകുന്നു. വിശുദ്ധ ഖുർആനിലെ എല്ലാ കല്പനകളും ഇവിടെ ഉദ്ധരിച്ചിട്ടില്ല. എല്ലാം ഉദ്ധരിക്കുവാൻ വിശുദ്ധ ഖുർആൻ തന്നെ പകർത്തിയെഴുതേണ്ടിവരും. ഇവിടെ വിവരിച്ച ചില കല്പനകൾ വിശദമായി മറ്റു അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇവിടെ വിവരിക്കാത്ത മറ്റു ചില കല്പനകളും തുടർന്നുള്ള അദ്ധ്യായങ്ങളിൽ കണ്ടെത്താൻ സാധിക്കുന്നതാണ്. ദിവ്യജ്ഞാനത്തിൽ പൂർണ്ണതനേടാൻ ആഗ്രഹിക്കുന്നവർ വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്യേണ്ടതാണ്.

അല്ലാഹുവിന്റെ കല്പനകളെ ജീവിതത്തിൽ പകർത്തി അവയനുസരിച്ച് ജീവിക്കാനുള്ള സൗഭാഗ്യം നമുക്കെല്ലാവർക്കും അല്ലാഹു നൽകുമാറാകട്ടെ. ആമീൻ.

****

27 മഹാപാപങ്ങളും കുറ്റകൃത്യങ്ങളും

ദൈവം നമ്മോട് നന്മകൾ ചെയ്യുവാൻ ആവശ്യപ്പെട്ടിരിക്കുന്നതോടൊപ്പം തിന്മകളിൽ നിന്നും പാപങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽനിന്നും വിട്ടു നിൽക്കുവാനും ആവശ്യപ്പെട്ടിരിക്കുന്നു. ഓരോ നന്മകൾക്കും പത്തിരട്ടി പ്രതിഫലം ലഭിക്കുമ്പോൾ തിന്മയ്ക്ക് അതിനനുസൃതമായ ശിക്ഷമാത്രമേ ലഭിക്കുകയുള്ളൂ. ഓരോരുത്തർക്കും അവരവർ ചെയ്ത തെറ്റുകൾക്കനുസൃതമായി മാത്രമെ ശിക്ഷ ലഭിക്കുകയുള്ളുവെന്ന് താഴെ ഉദ്ധരിക്കുന്ന വിശുദ്ധ വാക്യങ്ങൾ വ്യക്തമാക്കുന്നു.

وَذَرُوا۟ ظَـٰهِرَ ٱلْإِثْمِ وَبَاطِنَهُۥٓ ۚ إِنَّ ٱلَّذِينَ يَكْسِبُونَ ٱلْإِثْمَ سَيُجْزَوْنَ بِمَا كَانُوا۟ يَقْتَرِفُونَ ﴿١٢٠﴾

6:121. പ്രത്യക്ഷമായതും പരോക്ഷമായതുമായ പാപത്തെ നിങ്ങൾ വർജ്ജിക്കുക. തീർച്ചയായും പാപം ചെയ്തുകൊണ്ടിരിക്കുന്നവർക്ക് അതിനനുസൃതമായി പ്രതിഫലം നൽകപ്പെടുന്നതാണ്.

وَجَزَٰٓؤُا۟ سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۖ فَمَنْ عَفَا وَأَصْلَحَ فَأَجْرُهُۥ عَلَى ٱللَّهِ ۚ إِنَّهُۥ لَا يُحِبُّ ٱلظَّـٰلِمِينَ ﴿٤٠﴾

42:41. ഒരു തിന്മയുടെ പ്രതിഫലം (പ്രതികാരം) അതിനു സമമായ ഒരു തിന്മയാണ്. എന്നാൽ ആരെങ്കിലും മാപ്പ് ചെയ്യുകയും രജ്ഞിപ്പുണ്ടക്കുകയും ചെയ്യുന്നുവെങ്കിൽ അവന്റെ പ്രതിഫലം അല്ലാഹു നൽകുന്നതാണ്. തീർച്ചയായും അക്രമികളെ അവൻ ഇഷ്ടപ്പെടുന്നില്ല.

ദൈവത്തിന്റെ മുന്നിൽ സൃഷ്ടികളെല്ലാം തുല്യരായതിനാൽ തെറ്റു ചെയ്യുന്നവർ ആരായാലും അവർക്ക് ശിക്ഷലഭിക്കുതാണെന്ന് ദൈവം മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അവിടെ വിശ്വാസികളെന്നൊ അവിശ്വാസികളെന്നൊ ദൈവത്തിന്റെ ഇഷ്ട ദാസരെന്നൊ അല്ലാത്തവരെന്നൊ ഉള്ള വ്യത്യാസമില്ല. അതുകൊണ്ടാണ് ദൈവം തെറ്റുകൾ ചെയ്യരുതെന്ന് വിശ്വാസികളെ പ്രത്യേകമായി ഉണർത്തിയിരിക്കുന്നത്.

وَلَا تَرْكَنُوٓا۟ إِلَى ٱلَّذِينَ ظَلَمُوا۟ فَتَمَسَّكُمُ ٱلنَّارُ وَمَا لَكُم

مِّن دُونِ ٱللَّهِ مِنْ أَوْلِيَآءَ ثُمَّ لَا تُنصَرُونَ ﴿١١٣﴾

11:114. തെറ്റുചെയ്യുന്നവരിലേക്ക് നിങ്ങൾ ചായുകയുമരുത്. അപ്പോൾ അഗ്നി നിങ്ങളെ സ്പർശിക്കും. അല്ലാഹുവിനെ കൂടാതെ രക്ഷാധികാരികൾ നിങ്ങൾക്കില്ല. പിന്നീട് നിങ്ങൾ സഹായിക്കപ്പെടുന്നതുമല്ല.

മറ്റുള്ളവരെ നന്മയിലേക്ക് ക്ഷണിക്കുകയും തിന്മകളെ തടയുകയുമായിരിക്കണം വിശ്വാസികളുടെ ലക്ഷ്യമെന്നും അങ്ങനെയുള്ളൊരു സമൂഹം

മാത്രമെ അതിജീവിക്കുകയുള്ളുവെന്നും ദൈവം നമ്മെ പഠിപ്പിക്കുന്നു. ഈ ലോകത്തു ജീവിക്കുന്ന പലരുടെയും ലക്ഷ്യം വിഭിന്നങ്ങളണെന്നും എന്നാൽ വിശ്വാസികളുടെ ലക്ഷ്യം നന്മയിൽ മുന്നിട്ടു നിൽക്കുകയാ യിരിക്കണമെന്നും ദൈവം നിർദ്ദേശിച്ചിരിക്കുന്നു.

وَلِكُلٍّ وِجْهَةٌ هُوَ مُوَلِّيهَا فَاسْتَبِقُوا الْخَيْرَاتِ

2:149– ഓരോരുത്തർക്കും ഓരോ ലക്ഷ്യമുണ്ട്. അതിലേക്ക് അവർ തി രിയുന്നു. അതുകൊണ്ട് നിങ്ങൾ നല്ലകാര്യങ്ങളിൽ മുന്നിട്ടു നിൽക്കുവി ൻ.

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ

وَيَنْهَوْنَ عَنِ الْمُنكَرِ وَأُولَٰئِكَ هُمُ الْمُفْلِحُونَ

3:105– (ജനങ്ങളെ) നന്മയിലേക്ക് ക്ഷണിക്കുകയും നന്മയെ കല്പിക്കു കയും തിന്മയെ വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്നും ഉണ്ടാവട്ടെ. അവരത്രെ അഭിവൃദ്ധി നേടുന്നവർ.

ആത്മീയമായി ഔന്നത്യത്തിലേക്ക് ഉയർന്നവർക്കു മാത്രമേ പാപങ്ങളി ൽ നിന്നും പരിപൂർണ്ണമായി മോചനം നേടാൻ സാധിക്കുകയുള്ളു. എ ങ്കിലും സാധാരാണക്കാരായ വിശ്വാസികൾ വൻപാപങ്ങളിൽ നിന്നും ഒ ഴിഞ്ഞു നിൽക്കേണ്ടതാണ്. അങ്ങനെയുള്ളവർക്ക് പ്രത്യാശയ്ക്ക് വക യുണ്ട്. വൻപാപങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നവരുടെ ദൂഷ്യങ്ങ ൾ ദൈവം മായിച്ചു കളയുന്നതാണെന്ന് ആശ്വാസ വചനം നൽകിയി രിക്കുകയാണ്.

إِن تَجْتَنِبُوا كَبَائِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنكُمْ سَيِّئَاتِكُمْ وَنُدْخِلْكُم مُّدْخَلًا كَرِيمًا

04:32– നിങ്ങളോട് വിലക്കപ്പെട്ട വൻ പാപങ്ങൾ നിങ്ങൾ വർജ്ജിക്കു മെങ്കിൽ നിങ്ങളുടെ ദൂഷ്യങ്ങളെ നിങ്ങളിൽ നിന്നു നാം മായിച്ചു കള യുകയും മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുക യും ചെയ്യുന്നതാണ്.

ദൈവം നിഷിദ്ധമായി കൽപിച്ചിരിക്കുന്ന കാര്യങ്ങൾ താഴെ പറയുന്നവ യാണ്.

قُلْ تَعَالَوْا أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ أَلَّا تُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَلَا

تَقْتُلُوا أَوْلَادَكُم مِّنْ إِمْلَاقٍ نَّحْنُ نَرْزُقُكُمْ وَإِيَّاهُمْ وَلَا تَقْرَبُوا الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا

بَطَنَ ۖ وَلَا تَقْتُلُوا۟ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ ۚ ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَعْقِلُونَ ﴿١٥١﴾

6:152. പറയുക: വരൂ, നിങ്ങളുടെ നാഥൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയ ത് എന്താണെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാം. അവനോട് ഒരു വ സ്തുവിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മ ചെയണം. ദാരിദ്ര്യഭയം നിമിത്തം നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്. നിങ്ങൾക്കും അവർക്കും നാമാണ് ആഹാരം തരുന്നത്. പ്ര ത്യക്ഷവും പരോക്ഷവുമായ നീച കർമ്മങ്ങളെ നിങ്ങൾ സമീപിക്കരുത്. അല്ലാഹു പവിത്രമാക്കിയ ഒരു ജീവനേയും നിങ്ങൾ നീതിക്കുവേണ്ടിയ ല്ലാതെ നിങ്ങൾ കൊല്ലരുത്. ഇതാണ് നിങ്ങളോട് അവൻ അനുശാസി ക്കുന്നത്, നിങ്ങൾ ചിന്തിച്ച് ഗ്രഹിക്കുന്നതിന് വേണ്ടി.

وَلَا تَقْرَبُوا۟ مَالَ ٱلْيَتِيمِ إِلَّا بِٱلَّتِى هِىَ أَحْسَنُ حَتَّىٰ يَبْلُغَ أَشُدَّهُۥ ۖ وَأَوْفُوا۟ ٱلْكَيْلَ وَٱلْمِيزَانَ بِٱلْقِسْطِ ۖ لَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا ۖ وَإِذَا قُلْتُمْ فَٱعْدِلُوا۟ وَلَوْ كَانَ ذَا قُرْبَىٰ ۖ وَبِعَهْدِ ٱللَّهِ أَوْفُوا۟ ۚ ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَذَكَّرُونَ ﴿١٥٢﴾

6:153. അനാഥയുടെ സമ്പത്തിനെ ഏറ്റവും ഉത്തമമായ വിധത്തിലല്ലാ തെ അവന്റെ പ്രായപൂർത്തി എത്തുന്നതുവരെ നിങ്ങൾ സമീപിക്കരുത്. അളവും തൂക്കവും നീതിയോടു കൂടി നിറവേറ്റുക. ഒരാൾക്കും അയാളു ടെ കഴിവിന്നപ്പുറം നാം ബാദ്ധ്യത ചുമത്തുന്നില്ല. നിങ്ങൾ സംസാരി ക്കുമ്പോൾ ബന്ധുക്കൾക്കു വേണ്ടിയാണെങ്കിലും നീതി പുലർത്തുക. അല്ലാഹുവുമായുള്ള പ്രതിജ്ഞയും നിറവേറ്റുക. അതാണ് നിങ്ങളോട് അവൻ അനുശാസിക്കുന്നത്, നിങ്ങൾ ഓർമ്മ വെക്കുന്നതിന് വേണ്ടി.

قُلْ إِنَّمَا حَرَّمَ رَبِّىَ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَٱلْإِثْمَ وَٱلْبَغْىَ بِغَيْرِ ٱلْحَقِّ وَأَن تُشْرِكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٣٣﴾

7:34– പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ള നീചകൃത്യങ്ങ ൾ പ്രത്യക്ഷവും പരോക്ഷവും നീചപ്രവൃത്തികളും അന്യായമായ അതി ക്രമവും നിങ്ങൾക്ക് അവൻ പ്രമാണവും ഇറക്കിത്തന്നിട്ടില്ലാത്തതിനെ അല്ലാഹുവിനോട് നിങ്ങൾ പങ്കുചേർക്കുന്നതും നിങ്ങൾക്കറിഞ്ഞുകൂടാ ത്തത് അല്ലാഹുവിനെക്കുറിച്ച് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും ആകു ന്നു.

ഇസ്ലാം ആദ്യം തന്നെ പാപത്തിലേക്ക് പ്രേരിപ്പിക്കുന്ന എല്ലാവാതിലുക ളും അടച്ചിട്ടിരിക്കുകയാണ്. എല്ലാ പാപങ്ങളുടെയും പ്രവേശന കവാട മായ മദ്യവും ചൂതുകളിയും നിരോധിച്ചിരിക്കുന്നു.

يَسْـَٔلُونَكَ عَنِ ٱلْخَمْرِ وَٱلْمَيْسِرِ ۖ قُلْ فِيهِمَآ إِثْمٌ كَبِيرٌ وَمَنَـٰفِعُ لِلنَّاسِ وَإِثْمُهُمَآ أَكْبَرُ مِن نَّفْعِهِمَا ۗ

وَيَسْـَٔلُونَكَ مَاذَا يُنفِقُونَ قُلِ ٱلْعَفْوَ ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلْـَٔايَـٰتِ لَعَلَّكُمْ تَتَفَكَّرُونَ ۝

2:220. മദ്യത്തെയും ചൂതുകളിയെയും കുറിച്ച് അവർ നിന്നോട് ചോദി ക്കുന്നു. പറയുക, അവയിൽ വലിയ പാപവും ജനങ്ങൾക്ക് ചില പ്ര യോജനങ്ങളുമുണ്ട്. എന്നാൽ അവമൂലമുണ്ടാകുന്ന പാപം അവയുടെ പ്രയോജനത്തേക്കാൾ വലിയതാകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّمَا ٱلْخَمْرُ وَٱلْمَيْسِرُ وَٱلْأَنصَابُ وَٱلْأَزْلَـٰمُ

رِجْسٌ مِّنْ عَمَلِ ٱلشَّيْطَـٰنِ فَٱجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ ۝

5:91. അല്ലയോ സത്യവിശ്വാസികളേ, തീർച്ചയായും മദ്യവും ചൂതാട്ടവും പ്രതിഷ്ടകളും പ്രശ്നം വെച്ചുകൊണ്ടുള്ള അമ്പുകളും പൈശാചിക മായ മ്ലേച്ഛ പ്രവൃത്തികളാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുവിൻ. നിങ്ങൾ വിജയം നേടുന്നതിനു വേണ്ടി.

മദ്യവും ചൂതുകളിയും കാരണം മനുഷ്യൻ ദൈവസ്മരണയിൽ നിന്നും അകന്നു പോകുന്നതു തന്നെ അവന് ലഭിക്കുന്ന വലിയൊരു ശിക്ഷ യാകുന്നു. ഒരു യഥാർത്ഥ ഇസ്ലാമിക ഭരണ കൂടത്തിൻ കീഴിൽ മദ്യ വും ചൂതുകളിയും ഒരിക്കലും നിയമപരമായി അനുവദിക്കപ്പെടുകയില്ല. മദ്യപാനം കാരണമായി ഉണ്ടാകുന്ന കുറ്റ കൃത്യങ്ങൾക്ക് അതിന്റെതോ തനുസരിച്ച് ശിക്ഷ വിധിക്കുവാനും അധികാരികൾക്ക് അവകാശമുണ്ടാ യിരിക്കുന്നതാണ്.

ദൈവം മ്ലേച്ഛമായി ഗണിച്ചിട്ടുള്ള മറ്റൊരു പ്രവൃത്തിയാണ് വ്യഭിചാരം. വ്യഭിചാരം ചെയ്യരുതെന്ന് മാത്രമല്ല അതിലേക്ക് പ്രേരിപ്പിക്കാൻ സാദ്ധ്യത കളുള്ള മാർഗ്ഗങ്ങളിൽ നിന്നെല്ലാം അകന്നു നിൽക്കുവാനും ദൈവം നമ്മോട് കല്പിച്ചിരിക്കുന്നു.

وَلَا تَقْرَبُوا۟ ٱلزِّنَىٰٓ ۖ إِنَّهُۥ كَانَ فَـٰحِشَةً وَسَآءَ سَبِيلًا ۝

17:33 വ്യഭിചാരത്തോട് നിങ്ങൾ അടുക്കുകയുമരുത്. തീർച്ചയായും അത് ഒരു നീചപ്രവൃത്തിയും ചീത്തവഴിയുമാകുന്നു.

وَٱلَّذِينَ لَا يَدْعُونَ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ وَلَا يَقْتُلُونَ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا

بِٱلْحَقِّ وَلَا يَزْنُونَ ۚ وَمَن يَفْعَلْ ذَٰلِكَ يَلْقَ أَثَامًا ۝ يُضَٰعَفْ لَهُ ٱلْعَذَابُ يَوْمَ
ٱلْقِيَٰمَةِ وَيَخْلُدْ فِيهِۦ مُهَانًا ۝ إِلَّا مَن تَابَ وَءَامَنَ وَعَمِلَ عَمَلًا صَٰلِحًا
فَأُو۟لَٰٓئِكَ يُبَدِّلُ ٱللَّهُ سَيِّـَٔاتِهِمْ حَسَنَٰتٍ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ۝

25:69–71 (പരമകാരുണ്ണിന്റെ ദാസന്മാർ) അല്ലാഹുവിനോടൊപ്പം മറ്റൊരു ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കത്തവരും നീതി നിർവ്വഹണത്തിനല്ലാതെ അല്ലാഹു പവിത്രമാക്കിയ ജീവനെ കൊലപ്പെടുത്താത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു. ആരെങ്കിലും അത് ചെയ്യുന്നുതായാൽ അതിന്റെ പാപഫലം അവൻ അനുഭവിക്കുന്നതാണ്. ഉയിർത്തെഴുന്നേൽപ്പു നാളിൽ ശിക്ഷ അവന് ഇരട്ടിയാക്കപ്പെടുകും, നിന്ദിതനായി അവൻ അതിൽ വസിക്കുകയും ചെയ്യുന്നതാണ്. പാശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നവർ ഒഴികെ. അപ്പോൾ അല്ലാഹു അവരുടെ തിന്മകൾക്കു പകരം നന്മകൾ മാറിക്കൊടുക്കുന്നതാണ്. അല്ലാഹു പെറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

വ്യഭിചാരത്തെപ്പോലെത്തന്നെ മറ്റുള്ളവരുടെ മേൽ വ്യഭിചാരക്കുറ്റം ആരോപിക്കുന്നതും മഹാപാപത്തിൽപ്പട്ടതാണ്.

إِنَّ ٱلَّذِينَ يَرْمُونَ ٱلْمُحْصَنَٰتِ ٱلْغَٰفِلَٰتِ ٱلْمُؤْمِنَٰتِ
لُعِنُوا۟ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ وَلَهُمْ عَذَابٌ عَظِيمٌ ۝

24:24. വിശ്വാസികളും നിരപരാധികളുമായ പതിവ്രതകളുടെമേൽ കുറ്റമാരോപിക്കുന്നവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു. കഠിനമായ ശിക്ഷയും അവർക്കുണ്ട്.

കുറ്റകൃത്യങ്ങൾക്ക് മാതൃകാപരമായ ശിക്ഷയാണ് ദൈവം അവന്റെ അപാരജ്ഞാനത്താൽ വിശുദ്ധ ഖുർആനിൽ നിർദ്ദേശിച്ചിട്ടുള്ളത്. ശിക്ഷകൾ മാതൃകാപരമാക്കിയതിന്റെ കാരണം മറ്റുള്ളവർ ശിക്ഷിക്കപ്പെടുന്നതു കണ്ടുകൊണ്ട് അതു പോലെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള അഭിവാഞ്ചയും പേറിനടക്കുന്നവർ അതിൽനിന്നും ഭയപ്പെട്ട് പിന്മാറുവാൻവേണ്ടിയാണ്. എങ്കിലും ദൈവം നിർദ്ദേശിച്ച ശിക്ഷകൾ ഓരോ കുറ്റത്തിനും നൽകാവുന്ന പരമാവധി ശിക്ഷയാണ്. അതിനേക്കാൾ കഠിനമായ ശിക്ഷ നൽകുവാൻ ആർക്കും അധികാരമില്ല. എന്നാൽ ഇളവ് അർഹിക്കുന്നവർക്ക് ഏതു ശിക്ഷയും ലഘൂകരിച്ചു കൊടുക്കുവാനും വേണ്ടിവന്നാൽ പൂർണ്ണമായി മാപ്പു ചെയ്തു കൊടുക്കുവാനും ദൈവം നിർദ്ദേ

ശിച്ചിരിക്കുന്നു. ദൈവിക ശിക്ഷാ വിധികൾ ക്രൂരമാണെന്ന് വിമർശിക്കുന്നവർ ദൈവിക വിധികളുടെ ലോല ഭാഗത്തെ കാണാത്തവരോ മനസ്സിലാക്കാത്തവരോ അല്ലെങ്കിൽ കണ്ടില്ലെന്ന് നടിക്കുന്നവരോ ആണ്. ഇസ്ലാമിൽ മോഷണത്തിന്നും വ്യഭിചാരത്തിന്നും മാത്രമല്ല കൊലക്കുറ്റത്തിന്നു പോലും അർഹിക്കുന്നവർക്ക് മാപ്പു നൽകാവുന്നതാണ്. ദൈവം മാപ്പ് നൽകുവാൻ ആവശ്യപ്പെട്ടിരിക്കുകയുമാണ്. ഉദാഹരണമായി മോഷ്ടിക്കുന്നവരുടെ കൈകൾ വെട്ടിക്കളയണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പശ്ചാത്തപിക്കുന്നവർക്ക് മാപ്പു കൊടുക്കുവാനാണ് ദൈവം ആവശ്യപ്പെടുന്നത്.

وَٱلسَّارِقُ وَٱلسَّارِقَةُ فَٱقْطَعُوٓاْ أَيْدِيَهُمَا جَزَآءًۢ بِمَا كَسَبَا نَكَٰلًا مِّنَ ٱللَّهِ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٣٨﴾

فَمَن تَابَ مِنۢ بَعْدِ ظُلْمِهِۦ وَأَصْلَحَ فَإِنَّ ٱللَّهَ يَتُوبُ عَلَيْهِ ۗ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٣٩﴾

5:39–40. മോഷ്ടിക്കുന്നവന്റെയും മോഷ്ടിക്കുന്നവളുടെയും കൈകൾ അവർ നടത്തിയ കുറ്റകൃത്യത്തിനുള്ള പ്രതിഫലമെന്ന നിലയിലും അല്ലാഹുവിൽ നിന്നുള്ള ഒരു മാതൃകാ ശിക്ഷയെന്നനിലയിലും മുറിച്ചുകളയുക. അല്ലാഹു സർവ്വ ശക്തനും യുക്തിജ്ഞനുമാകുന്നു. എന്നാൽ തെറ്റ് ചെയ്തതിനു ശേഷം ആരെങ്കിലും പശ്ചാത്തപിക്കുകയും സ്വജീവിതം നന്നാക്കിത്തീർക്കുകയും ചെയ്യുന്നുതായാൽ തീർച്ചയായും അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പൊറുത്ത് കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

ആരെങ്കിലും എന്തെങ്കിലും ചെറിയ മോഷണം ചെയ്താൽ ഉടനെകൊണ്ടുപോയി അവന്റെ കൈകൾ വെട്ടിക്കളഞ്ഞ് അവന്റെ ജീവിത മാർഗ്ഗം തടസ്സപ്പെടുത്തണം എന്നല്ല ഈ വാക്യങ്ങളുടെ സാരം. മോഷ്ടിച്ചവർ എന്തുകാരണത്താൽ മോഷ്ടിച്ചു എന്നതിന്റെ സാഹചര്യങ്ങൾ വിശകലനം ചെയ്ത് മനസ്സിലാക്കി അത് മാനുഷിക പരിഗണന അർഹിക്കുന്ന സന്ദർഭമാണെങ്കിൽ മാപ്പു കൊടുക്കുകയോ അല്ലെങ്കിൽ ലഘുവായ ശിക്ഷകൾ നൽകി വിട്ടയക്കുകയോ ആണ് വേണ്ടത്. വീണ്ടും മോഷണം തുടർന്നു കൊണ്ടുപോകുകയാണെങ്കിൽ ശിക്ഷകൾ വർദ്ധിപ്പിച്ച് കൊണ്ടുവരണം. അങ്ങനെ ഒരാൾ പോക്കറ്റടിയും ഭവന ഭേദനവും തൊഴിലായി സ്വീകരിക്കുകയാണെങ്കിൽ അറ്റകൈയെന്നോണം അയാളുടെ കരങ്ങളെ വെട്ടിക്കളയുകയാണ് വേണ്ടത്.

ഇതേ ആശയം തന്നെയാണ് കൊലക്കുറ്റത്തെക്കുറിച്ചും വ്യഭിചാരത്തെക്കുറിച്ചും പറഞ്ഞതിൽനിന്നും മനസ്സിലാകുന്നത്. പശ്ചാത്തപിച്ച് ജീവിതം നന്നാക്കിത്തീർക്കാനുദ്ദേശിക്കുന്ന കൊലയാളികൾക്കും വ്യഭിചാരികൾക്കും ദൈവം പൊറുത്ത് കൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. (25:68–69 കാണുക)

പാശ്ചാതപിക്കാതെ ജീവിതാവസാനം വരെ പാപങ്ങളിൽ തുടർന്ന്പോ കുന്നവർക്കാണ് ഈ ശിക്ഷകൾ പറഞ്ഞിരിക്കുന്നത്. കാരണം പാശ്ചാ ത്തപിച്ച് നല്ല കർമ്മങ്ങൾ ചെയ്യുന്നവർക്ക് ദൈവം പൊറുത്ത് കൊടു ക്കുമെന്നണ് പറഞ്ഞിരിക്കുന്നത്.

വിശുദ്ധ ഖുർആനിൽ വ്യഭിചാരത്തിന് പറഞ്ഞ ശിക്ഷയായ നൂറ് അടി കൾ സാധാരണ സന്ദർഭങ്ങളിൽ നടപ്പാക്കാൻ സാധിക്കുന്ന ഒരു ശി ക്ഷയല്ല. കാരണം അതിന് നാല് സാക്ഷികളെ ഹാജരാക്കണം. സാധാ രണ ഗതിയിൽ മറ്റുള്ളവരുടെ മുന്നിൽ വെച്ച് ആരും തന്നെ വ്യഭിചരി ക്കുകയില്ല. അതും നാലുപേരുടെ മുമ്പിൽ വെച്ച്. എല്ലാവരും തന്നെ അവരവരുടെ അവിഹിത ബന്ധം രഹസ്യമാക്കിവെക്കാൻ ശ്രമിക്കുന്നവ രാണ്. വളരെ പരസ്യമായി മറ്റുള്ളവരെ ഗൗനിക്കാതെ പൊതു സ്ഥല ങ്ങളിൽ വെച്ച് വ്യഭിചരിക്കുന്നവർക്കെതിരായി മാത്രമെ നാലു സാക്ഷി കളെ ഹാജരാക്കാൻ സാധിക്കുകയുള്ളു. അതുപോലെ വ്യഭിചാരം ഒരു തൊഴിലാക്കി സ്വീകരിക്കുകയും മറ്റുള്ളവരെ കൂട്ടം കൂട്ടമായി അതിലേ ക്ക് ക്ഷണിക്കുകയും ചെയ്യുന്നവർക്കെതിരായും നാലു സാക്ഷികളെ ഹാജരാക്കുവാൻ സാധിക്കും. അപ്പോൾ ദൈവം വിധിച്ച ഈ ശിക്ഷക ൾ പെട്ടെന്ന് ഒരു ദുർബല നിമിഷത്തിൽ തെറ്റിൽ അകപ്പെട്ടു പോകു ന്നവർക്കല്ലെന്നും എന്നാൽ വ്യഭിചാരം ഒരു തൊഴിലായി സ്വീകരിച്ചു സമൂഹത്തിൽ വിഷം പരത്തി ദാമ്പത്യ ബന്ധത്തിന്റെ അകൽച്ചയ്ക്ക് കാരണമാക്കുകയും കുടുംബ ബന്ധങ്ങളെ തകർക്കുകയും ചെയ്യുന്ന വിഷ ബീജങ്ങൾക്കെതിരാണെന്നും വ്യക്തമാകുന്നതാണ്. അവർ പര സ്യമായി തെറ്റുചെയ്യാൻ തുനിയുന്നവരായതിനാൽ അവർക്ക് ലഭിക്കേ ണ്ട ശിക്ഷയും പരസ്യമായി മറ്റുള്ളവരുടെ മുമ്പിൽ വെച്ച് നൽകാൻ പറഞ്ഞിരിക്കുകയാണ്.

ٱلزَّانِيَةُ وَٱلزَّانِى فَٱجْلِدُوا۟ كُلَّ وَٰحِدٍ مِّنْهُمَا مِا۟ئَةَ جَلْدَةٍ ۖ وَلَا تَأْخُذْكُم بِهِمَا رَأْفَةٌ فِى دِينِ

ٱللَّهِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۖ وَلْيَشْهَدْ عَذَابَهُمَا طَآئِفَةٌ مِّنَ ٱلْمُؤْمِنِينَ ۝

24:03. വ്യഭിചാരിണിയും വ്യഭിചാരിയും ആയ ഓരോരുത്തരേയും നൂറു വീതം അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വ സിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ മത(വിധിയെ)ക്കുറിച്ചുള്ള സഹതാ പം നിങ്ങളെ പുറകോട്ടു വലിക്കാതിരിക്കട്ടെ. ഇരുവരുടെയും ശിക്ഷയ് ക്ക് വിശ്വാസികളിൽ നിന്നുള്ള ഒരു സംഘം സാക്ഷ്യം വഹിക്കുകയും ചെയ്യട്ടെ.

പരസ്യമായി വ്യഭിചാരം നടത്തുന്നതു പോലെ തന്നെ മറ്റൊരു കുറ്റമാ ണ് പതിവ്രതകളുടെ മേൽ കുറ്റാരോപണം നടത്തുന്നത്. വെറും കേട്ടു കേൾവികളേയും സംശയങ്ങളേയും അടിസ്ഥാനപ്പെടുത്തി മാത്രം ആരു

ടെയും മാനഹാനിക്ക് കാരണമാകുന്ന പ്രസ്താവനകൾ ചെയ്യുന്നത് വ ൻകുറ്റമായി ദൈവം വീക്ഷിക്കുന്നു. അങ്ങനെയുള്ള പ്രസ്താവനകൾ ചെയ്യുന്നവരും നാല് സാക്ഷികളെ ഹാജരാക്കേണ്ടതാണ്. അല്ലെങ്കിൽ കുറ്റാരോപണം നടത്തിയവരെ ശിക്ഷിക്കെണ്ടതാണെന്ന് ദൈവം വിധി ക്കുന്നു. സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടാൽ പോലും കൂടെ നാലു സാക്ഷികൾ ഇല്ലെങ്കിൽ കുറ്റാരോപണം നടത്താൻ ദൈവം ഒരാൾക്കും അനുവാദം നൽകുന്നില്ല (ഭാര്യാഭർത്താക്കന്മാരുടെ കേസുകൾ ഒഴികെ) എന്ന് ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. അപ്പോൾ കുറ്റം പര സ്യമായിക്കൊണ്ട് അതിന്റെ പാരമ്യഘട്ടത്തിലെത്തുന്നതുവരെ ദൈവം ആരെയും ശിക്ഷയ്ക്ക് വിധിക്കുന്നില്ലെന്നും രഹസ്യമായ കുറ്റങ്ങൾ ചെ യ്യുന്നവർക്ക് പശ്ചാത്തപിക്കാനുള്ള സാഹചര്യങ്ങൾ തുറന്നു കൊടുക്കു കയാണ് ദൈവം ചെയ്തിരിക്കുന്നതെന്നും ഇതിൽ നിന്നും മനസ്സിലാ ക്കാൻ സാധിക്കുന്നതാണ്. അങ്ങനെ ദൈവം ദുർബല നിമിഷത്തിൽ ബലഹീനതകൾ കാരണം തെറ്റു ചെയ്തു പോകുന്നവർക്ക് സ്വയം തി രുത്തുവാനും സ്വയം നന്നായിത്തീരാനുമുള്ള അവസരങ്ങൾ നൽകിയി രിക്കയാണ്. പശ്ചാത്തപിക്കാനും സ്വയം തിരുത്താനും തയ്യാറാവാതെ കുറ്റങ്ങൾ തുടർന്നുകൊണ്ട് സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ ശ്രമിക്കു ന്നവരെയും അങ്ങനെ സമൂഹത്തിന് ഒരു ശാപമായിത്തീരുന്നവരെയും മാത്രമാണ് ദൈവം ശിക്ഷയ്ക്ക് വിധിച്ചിരിക്കുന്നത്.

وَٱلَّذِينَ يَرۡمُونَ ٱلۡمُحۡصَنَٰتِ ثُمَّ لَمۡ يَأۡتُواْ بِأَرۡبَعَةِ شُهَدَآءَ فَٱجۡلِدُوهُمۡ ثَمَٰنِينَ
جَلۡدَةٗ وَلَا تَقۡبَلُواْ لَهُمۡ شَهَٰدَةً أَبَدٗاۚ وَأُوْلَٰٓئِكَ هُمُ ٱلۡفَٰسِقُونَ ۝ إِلَّا ٱلَّذِينَ
تَابُواْ مِنۢ بَعۡدِ ذَٰلِكَ وَأَصۡلَحُواْ فَإِنَّ ٱللَّهَ غَفُورٞ رَّحِيمٞ ۝

24:5–6 ചാരിത്രവതികളുടെ മേൽ കുറ്റാരോപണം നടത്തുകയും എന്നിട്ട് നാലു സാക്ഷികളെ ഹാജാരാക്കാതിരിക്കുകയും ചെയ്യുന്നവരെ എൺപ ത് അടി അടിക്കുക. അവരുടെ സാക്ഷ്യം ഒരിക്കലും നിങ്ങൾ സ്വീകരി ക്കുകയും അരുത്. അവർ നിയമ ലംഘകരാകുന്നു. അതിനു ശേഷം പാശ്ചാതപിക്കുകയും ശുദ്ധീകരിക്കുകയും (സൽകർമ്മങ്ങൾ ചെയ്യുകയു ം) ചെയ്യുന്നവർ ഒഴികെ. അപ്പോൾ തീർച്ചയായും അല്ലാഹു പൊറുത്ത് കൊടുക്കുന്നവനും കരുണാനിധിയും ആകുന്നു.

ഇവിടെയും പശ്ചാത്തപിക്കുന്നവർക്ക് ദൈവം മാപ്പു കൊടുക്കുന്നതാ ണെന്ന് പറഞ്ഞത് വളരെ ശ്രദ്ധേയമാണ്.

ഈ കാലഘട്ടത്ത് വളരെയധികം വിവാദങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണ് കൊലക്കുറ്റവും അതിന് നടപ്പാക്കുന്ന വധശിക്ഷയും. വധശിക്ഷ പാടി ല്ലെന്നും അത് ക്രൂരമാണെന്നും അതുകൊണ്ട് വധശിക്ഷ നടപ്പാക്കരു

തെന്നും ഒരു വിഭാഗം ആൾക്കാർ വാദിക്കുമ്പോൾ വധശിക്ഷ നിലനിർത്തണമെന്ന് എതിർവിഭാഗം വാദിക്കുന്നു. ഓരോരുത്തർക്കും അവരുടേതായ ന്യായങ്ങളുമുണ്ട്. എന്നാൽ ക്രൂരകൃത്യങ്ങൾ ചെയ്ത് അതിന് തുല്യമായ ശിക്ഷ നൽകരുതെന്ന് പറയുന്നവർ കുറ്റവാളികൾക്ക് അനുകൂലമായി വാദിക്കുന്നവരാണ്. ഓരോരുത്തരും ചെയ്യുന്ന കുറ്റ കൃത്യങ്ങൾക്ക് തുല്യമായ ശിക്ഷ ലഭിക്കുകയില്ലെന്ന് വരുമ്പോൾ ഭീകരത വളർന്നു വരികയും നിരപരാധികളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഇല്ലാതാവുകയും ചെയ്യുന്നതാണ്. കുറ്റവാളികൾ ശിക്ഷിക്കപ്പെടാതിരിക്കുന്നതിന് പകരം നിരപരാധികൾ കുരുതിക്കൊടുക്കപ്പെടേണ്ടിവരുമെന്ന് സാരം. ഈ യാഥാർത്ഥ്യം അപാര ബുദ്ധിശക്തിയൊന്നുമില്ലാതെ ലളിതമായി ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. എങ്കിലും ദൈവം കൊലക്കുറ്റത്തെ എങ്ങനെയാണ് വീക്ഷിക്കുന്നതെന്ന് നമ്മുക്ക് പരിശോധിക്കാം. ഒരു വ്യക്തി മറ്റൊരാളെ വധിക്കുകയാണെങ്കിൽ അവൻ മുഴുവൻ മനുഷ്യരാശിയേയും കൊല ചെയ്തവനെപ്പോലെയാണെന്ന് ദൈവം പറയുന്നു. ആരെങ്കിലും ഒരാളുടെ ജീവൻ രക്ഷിക്കുകയാണെങ്കിൽ അയാൾ മുഴുവൻ മനുഷ്യരാശിയുടെ ജീവൻ രക്ഷിച്ചവനെപ്പോലെയാണെന്ന് പറയുന്നു. ഇതിൽ നിന്നും കൊലക്കുറ്റത്തെ ദൈവം എത്ര നീചമായാണ് വീക്ഷിക്കുന്നതെന്നും ജീവന്റെ സംരക്ഷണം ദൈവം എത്ര മഹത്വമേറിയതായി ഗണിക്കുന്നുവെന്നും വ്യക്തമാകുന്നു.

مِنْ أَجْلِ ذَٰلِكَ كَتَبْنَا عَلَىٰ بَنِيٓ إِسْرَٰٓءِيلَ أَنَّهُۥ مَن قَتَلَ نَفْسًۢا بِغَيْرِ نَفْسٍ أَوْ فَسَادٍ فِى ٱلْأَرْضِ
فَكَأَنَّمَا قَتَلَ ٱلنَّاسَ جَمِيعًا وَمَنْ أَحْيَاهَا فَكَأَنَّمَآ أَحْيَا ٱلنَّاسَ جَمِيعًا ۚ

5:33. ഇസ്രായീൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകി: ഒരാളെ കൊന്നതിനോ അല്ലെങ്കിൽ നാട്ടിൽ കുഴപ്പമുണ്ടാക്കിയതിനോ അല്ലാതെ ആരെങ്കിലും മറ്റൊരാളെ കൊല്ലുകയാണെങ്കിൽ അയാൾ മനുഷ്യരെ ഒന്നടങ്കം കൊലചെയ്തതു പോലെയാണ്. ഒരാളുടെ (ജീവൻ) ആരെങ്കിലും രക്ഷിക്കുകയാണെങ്കിൽ അയാൾ മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിച്ചതുപോലെയാകുന്നു.

ഒരാളെ കൊന്നയാൾക്കും അതു പോലെ നാട്ടിൽ കലാപമുണ്ടാക്കി കൊല നടത്തുവാൻ നേതൃത്വം കൊടുക്കുന്നവർക്കും എതിരെ വധശിക്ഷ നടപ്പാക്കാവുന്നതാണെന്ന് മേൽ വാക്യം വ്യക്തമാക്കുന്നു.

وَلَا تَقْتُلُوا۟ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ ۚ

6:152. അല്ലാഹു പാവനമാക്കിയ ഒരു ജീവനെയും നീതിക്കു വേണ്ടിയല്ലാതെ നിങ്ങൾ കൊല ചെയ്യരുത്.

എങ്കിലും കൊലക്കുറ്റത്തിന് വധശിക്ഷ നടപ്പാക്കിയേ തീരൂ എന്ന് ദൈ

വം നിർബ്ബന്ധിക്കുന്നില്ല. ഇതിനു മുമ്പ് വിവരിച്ച കുറ്റകൃത്യങ്ങൾക്ക് അർഹിക്കുന്നവർക്ക് മാപ്പു നൽകുവാൻ ആവശ്യപ്പെട്ടതുപോലെ ഇവിടെയും വധശിക്ഷ നടപ്പാക്കാതെ മോചന മൂല്യം വാങ്ങി അർഹിക്കുന്നവർക്ക് മാപ്പ് കാടുക്കുവാൻ ദൈവം ആവശ്യപ്പെട്ടിരിക്കുന്നു. വധശിക്ഷയ്ക്ക് മാപ്പു നൽകുവാനുള്ള അധികാരം ഗവർമെൻറിനല്ല വിട്ടുകൊടുത്തിരിക്കുന്നത്. നേരെ മറിച്ച് കൊല്ലപ്പെട്ടവന്റെ അടുത്ത അവകാശികൾക്കാണ്. എങ്കിലും അനർഹമായ രീതിയിൽ മാപ്പു നൽകുന്നതും ദൈവം വിലക്കിയിരിക്കുകയാണ്. കാരണം നീതി തുല്യമായി നടപ്പാക്കുന്നതിലാണ് മനുഷ്യരുടെ ജീവിനും സ്വത്തിനും സംരക്ഷണമുള്ളതെന്ന് ദൈവം വ്യക്തമാക്കിത്തരുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ ٱلۡقِصَاصُ فِي ٱلۡقَتۡلَى ۖ ٱلۡحُرُّ بِٱلۡحُرِّ وَٱلۡعَبۡدُ

بِٱلۡعَبۡدِ وَٱلۡأُنثَىٰ بِٱلۡأُنثَىٰۚ فَمَنۡ عُفِيَ لَهُۥ مِنۡ أَخِيهِ شَيۡءٞ فَٱتِّبَاعُۢ بِٱلۡمَعۡرُوفِ وَأَدَآءٌ

إِلَيۡهِ بِإِحۡسَٰنٖۗ ذَٰلِكَ تَخۡفِيفٞ مِّن رَّبِّكُمۡ وَرَحۡمَةٞۗ فَمَنِ ٱعۡتَدَىٰ بَعۡدَ ذَٰلِكَ فَلَهُۥ

عَذَابٌ أَلِيمٞ ۝ وَلَكُمۡ فِي ٱلۡقِصَاصِ حَيَوٰةٞ يَـٰٓأُوْلِي ٱلۡأَلۡبَٰبِ لَعَلَّكُمۡ تَتَّقُونَ ۝

2:179–180 അല്ലയോ വിശ്വാസികളേ, കൊല്ലപ്പെട്ടവന്റെ കാര്യത്തിൽ തുല്യനീതി (ഖിസാസ്) നിങ്ങൾക്ക് വിധിക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രൻ (കൊല ചെയ്താൽ) സ്വതന്ത്രനെയും അടിമ (കൊല ചെയ്താൽ) അടിമയേയും സ്ത്രീ (കൊല ചെയ്താൽ) സ്ത്രീയേയും. എന്നാൽ കൊല്ലപ്പെട്ടവന്റെ സഹോദരനിൽനിന്നും വല്ലതും മാപ്പു ചെയ്യപ്പെടുകയാണെങ്കിൽ അപ്പോൾ തീരുമാനമനുസരിച്ച് അവന് മോചന മൂല്യം കൊടുത്തു വീട്ടുക. ഇത് നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള ഒരു വിട്ടുവീഴ്ചയും കാരുണ്യവുമാകുന്നു. എന്നാൽ അതിനുശേഷം ആരെങ്കിലും അതിര് കടക്കുന്നുതായാൽ അപ്പോൾ അവന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുന്നതാണ്. തുല്യതയുടെ നിയമത്തിൽ നിങ്ങൾക്ക് ജീവിത(സംരക്ഷണ)മുണ്ട്. അല്ലയോ വിവേകമുള്ളവരേ, നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനുവേണ്ടി.

وَلَا تَقۡتُلُواْ ٱلنَّفۡسَ ٱلَّتِي حَرَّمَ ٱللَّهُ إِلَّا بِٱلۡحَقِّۗ وَمَن قُتِلَ مَظۡلُومٗا فَقَدۡ

جَعَلۡنَا لِوَلِيِّهِۦ سُلۡطَٰنٗا فَلَا يُسۡرِف فِّي ٱلۡقَتۡلِۖ إِنَّهُۥ كَانَ مَنصُورٗا ۝

17:34. നീതിക്കു വേണ്ടിയല്ലാതെ അല്ലാഹു വിലക്കിയിട്ടുള്ള ഒരു ജീവനെയും നിങ്ങൾ കൊല ചെയ്യരുത്. അക്രമ വിധേയനായി ആർ കൊ

ല്ലപ്പെട്ടുവോ അപ്പോൾ അവന്റെ അവകാശിക്ക് തീർച്ചയായും നാം അ ധികാരം നൽകിയിട്ടുണ്ട്. എന്നാൽ (പകരമായി) കൊലചെയ്യുമ്പോൾ അവൻ അതിരു കവിയാതിരിക്കട്ടെ. തീർച്ചയായും അവൻ സഹായിക്ക പ്പെടേണ്ടവനാകുന്നു.

മേൽ വിവരിച്ച വാക്യങ്ങളിൽ പ്രസ്താവിക്കപ്പെട്ട തുല്യനീതി മതം, രാ ഷ്ട്രീയം, പാരമ്പര്യം തുടങ്ങിയ എല്ലാവിധ ഉച്ച നീചത്വങ്ങൾക്കും അ ധീതമായിട്ടുള്ളതാണ്. രാഷ്ട്രീയപരമോ വർഗ്ഗപരമോ മതപരമോ ആയ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ ആരെയും കൊലപ്പെടുത്താനുള്ള അധികാരം ദൈവം ആർക്കും തന്നെ നൽകിയിട്ടില്ല.

വിശ്വാസികൾ തമ്മിൽ അന്യോന്യം യുദ്ധം ചെയ്തോ കലാപങ്ങൾ സൃഷ്ടിച്ചോ ആരെയും കൊല്ലുവാൻ പാടില്ലെന്നും എന്നാൽ മനപൂർവ്വ മല്ലാതെ അബദ്ധവശാൽ സംഭവിച്ചു പോകുന്ന വധങ്ങൾക്ക് പ്രായശ്ചി ത്തം നൽകേണ്ടതാണെന്നും ദൈവം വിശുദ്ധ ഖുർആനിൽ കല്പിക്കു ന്നു. ഒരു വിശ്വാസിയെ മറ്റൊരു വിശ്വാസി അബദ്ധവശാൽ വധിച്ചു പോയെങ്കിൽ പ്രയശ്ചിത്തമായി അടിമയെ മോചിപ്പിക്കേണ്ടതും നഷ്ട പരിഹാരം കൊടുക്കേണ്ടതുമാകുന്നു. കൊല്ലപ്പെട്ട വിശ്വാസി ശത്രു ജന തയിൽപ്പെട്ടവനാണെങ്കിൽ അടിമയെ മോചിപ്പിച്ചാൽ മാത്രം മതിയാകു ന്നതാണ്. ശത്രുക്കൾക്ക് നഷ്ട പരിഹാരം കൊടുക്കാൻ കല്പിച്ചിട്ടില്ല. എന്നാൽ മുസ്ലിംകളുമായി സന്ധിയിലുള്ളവരിൽ നിന്നുള്ള ഒരാളാണ് കൊല്ലപ്പെട്ടതെങ്കിൽ (അയാൾ മുസ്ലിമായാലും അമുസ്ലിമയാലും) ആദ്യം നഷ്ട പരിഹാരം നൽകേണ്ടതും പിന്നീട് അടിമയെ മോചിപ്പിക്കേണ്ട തുമാകുന്നു. കാരണം ഉടമ്പടികൾ അങ്ങേയറ്റം സൂക്ഷ്മതയോടെ പാ ലിക്കേണ്ട ബാദ്ധ്യത മുസ്ലിംകളുടെ ചുമതലയായി ദൈവം കല്പിച്ചിരി ക്കുകയാണ്. അടിമയെ മോചിപ്പിക്കാനോ നഷ്ട പരിഹാരം നൽകാ നോകഴിവില്ലാത്തവർ രണ്ടു മാസം തുടർച്ചയായി നോമ്പ് അനുഷ്ടി ക്കേണ്ടതാണ്. ഈ പറഞ്ഞതെല്ലാം യുദ്ധകാലങ്ങളിൽ അബദ്ധത്തിൽ സംഭവിച്ചു പോകുന്ന വധങ്ങളെക്കുറിച്ചാണ്.

وَمَا كَانَ لِمُؤْمِنٍ أَن يَقْتُلَ مُؤْمِنًا إِلَّا خَطَـًٔا ۚ وَمَن قَتَلَ مُؤْمِنًا خَطَـًٔا فَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ
وَدِيَةٌ مُّسَلَّمَةٌ إِلَىٰٓ أَهْلِهِۦٓ إِلَّآ أَن يَصَّدَّقُوا۟ ۚ فَإِن كَانَ مِن قَوْمٍ عَدُوٍّ لَّكُمْ وَهُوَ مُؤْمِنٌ فَتَحْرِيرُ
رَقَبَةٍ مُّؤْمِنَةٍ ۖ وَإِن كَانَ مِن قَوْمٍۭ بَيْنَكُمْ وَبَيْنَهُم مِّيثَـٰقٌ فَدِيَةٌ مُّسَلَّمَةٌ إِلَىٰٓ أَهْلِهِۦ وَتَحْرِيرُ رَقَبَةٍ
مُّؤْمِنَةٍ ۖ فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ تَوْبَةً مِّنَ ٱللَّهِ ۗ وَكَانَ ٱللَّهُ عَلِيمًا حَكِيمًا ﴿٩٢﴾

4:93. വിശ്വാസിയെ കൊലചെയ്യുവാൻ വിശ്വാസിക്ക് പാടുള്ളതല്ല. അ ബദ്ധവശാൽ ഒഴികെ. അബദ്ധത്തിൽ ഒരു വിശ്വാസിയെ ആരെങ്കിലും

കൊലപ്പെടുത്തിയാൽ അവൻ വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കേണ്ടതും കൊല്ലപ്പെട്ടവന്റെ കുടുംബത്തിന് നഷ്ട പരിഹാരം നൽകേണ്ടതുമാകുന്നു. അവരത് ഇളവു ചെയ്യുന്നില്ലെങ്കിൽ. കൊല്ലപ്പെട്ടവൻ നിങ്ങളുടെ ശത്രു ജനതയിൽപ്പെട്ട വിശ്വാസിയാണെങ്കിൽ വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കേണ്ടതാണ്. നിങ്ങൾ തമ്മിൽ സന്ധിയുള്ള ഒരു ജനതയിൽ പെട്ടവനാണ് കൊല്ലപ്പെട്ടതെങ്കിൽ (ആദ്യമായി) അവന്റെ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കേണ്ടതും വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കേണ്ടതുമാകുന്നു. ഇതിനു സാധിക്കതെ വന്നാൽ തുടർച്ചയായി രണ്ടു മാസം നോമ്പനുഷടിക്കേണ്ടതാണ്. അല്ലാഹുവിൽ നിന്നുള്ള ഒരു പാശ്ചാതാപ നടപടിയാണിത്. അല്ലാഹു അറിവുറ്റവനും പരമതന്ത്രജ്ഞനും ആകുന്നു.

മത വിശ്വാസത്തിന്റെ പേരിൽ ആർക്ക് ആരെയും കൊല്ലുവാനുള്ള അധികാരം ദൈവം കൊടുത്തിട്ടില്ല. ഒരു സത്യവിശ്വാസി ആരെയും തന്നെ കൊലപ്പെടുത്തുന്നവനായിരിക്കുകയില്ല. ഒരു ഉറുമ്പിനെപ്പോലും നോവിക്കാൻ അവന്റെ മനസ്സ് അനുവദിക്കുന്നതല്ല. എന്നാൽ മത വിശ്വാസത്തിന്റെയും മത പരിത്യാഗത്തിന്റെയും പേരും പറഞ്ഞു അവിശ്വാസികൾ വിശ്വാസികളെ കൊലപ്പെടുത്തുന്നതായിരിക്കും. പക്ഷെ വിശ്വാസത്തിന്റെ പേരിൽ കൊലപാതങ്ങൾ നടത്തുന്നവരെ ദൈവം ശപിക്കുകയും അവരെ നരകത്തിൽ പ്രവേശിപ്പിക്കുന്നതാണെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിരിക്കുന്നു.

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَـٰلِدًا فِيهَا

وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا ۝

4:94. ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനപ്പൂർവ്വം കൊലപ്പെടുത്തുന്നതായാൽ അവന്നുള്ള പ്രതിഫലം നരകമാകുന്നു. അതിൽ അവൻ വസിക്കുന്നതാണ്. അല്ലാഹു അവന്റെ നേരേ കോപിക്കുകയും അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കഠിന ശിക്ഷയാണ് അല്ലാഹു അവനുവേണ്ടി ഒരുക്കിയിട്ടുള്ളത്.

മറ്റു കൊലപാതകങ്ങൾ പോലെ ദാരിദ്ര്യത്തിന്റെ പേരിൽ സന്താനങ്ങളെ കൊല ചെയ്യുന്നതും മഹാപാപമാണെന്ന് ദൈവം നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു.

وَلَا تَقْتُلُوٓاْ أَوْلَـٰدَكُمْ خَشْيَةَ إِمْلَـٰقٍ ۖ نَّحْنُ نَرْزُقُهُمْ وَإِيَّاكُمْ ۚ إِنَّ قَتْلَهُمْ كَانَ خِطْـًٔا كَبِيرًا ۝

17:32. ദാരിദ്ര്യ ഭയത്താൽ നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല ചെയ്യരുത്. നാമാണ് അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത്. അവരെ കൊല ചെയ്യുന്നത് തീർച്ചയായും മഹാപാപമാണ്.

കൊലപാതകത്തെപ്പോലെ തന്നെ മഹാപാതകമായിട്ടാണ് ദൈവം ആത്മഹത്യയേയും ചിത്രീകരിച്ചിരിക്കുന്നത്. ദൈവം കാരുണ്യവാനാണെന്നും അതുകൊണ്ട് (നിരാശകൾ മൂലം) സ്വയം കൊലപ്പെടുത്തരുതെന്നും കല്പിച്ചിരിക്കുകയാണ്. അങ്ങനെ ചെയ്യുന്നവർക്ക് നരകാഗ്നിവാഗ്ദാനം ചെയ്തിരിക്കയാണ്. (4:29–30). ഈ വിശുദ്ധ വാക്യം അടുത്ത പേജിൽ ഉദ്ധരിച്ചിട്ടുണ്ട്.

സാമ്പത്തിക കുറ്റങ്ങളെയും ദൈവം മഹാപാപങ്ങളൂടെ പട്ടികയിൽ തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കണ്ടു പിടിക്കാവുന്നതും തെളിയിക്കാവുന്നതുമായ സാമ്പത്തിക കുറ്റങ്ങൾക്ക് (മോഷണങ്ങൾക്ക്)കൈവെട്ടിക്കളയാൻ വരെ കല്പിച്ചിട്ടുണ്ടെങ്കിലും വഞ്ചനാപരമായി ചെയ്യു സാമ്പത്തിക കുറ്റങ്ങൾക്കുള്ള ശിക്ഷ ദൈവം അവന്റെയടുക്കൽ തന്നെ വെച്ചിരിക്കയാണ്. പലിശയും അനാഥരുടെയും അന്യരുടെയും മുതലുകൾ വഞ്ചനാപരമായി തട്ടിയെടുക്കുന്നതിനേയും സ്വന്തം സന്താനങ്ങൾക്കും അടുത്ത ബന്ധുക്കൾക്കും ദൈവം നിർദ്ദേശിച്ച രീതിയിൽ അനന്തരാവകാശങ്ങൾ വീതിച്ചു കൊടുക്കാതിരിക്കുന്നതിനേയും നരക ശിക്ഷയ്ക്ക് അർഹമായിത്തീരുന്ന മഹാപാതകമായി ദൈവം വിശുദ്ധ ഖുർആനിൽ മുന്നറിയിപ്പു നൽകിയിരുന്നു. ദൈവിക മുന്നറിയിപ്പിനെ മാനിച്ചു കൊണ്ട് ഈ ജീവിതത്തിൽ തന്നെ തെറ്റുതിരുത്തുന്നവർ ഭാഗ്യവാന്മാരായിരിക്കും.

وَمَنْ عَادَ فَأُوْلَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ۝

2:276. ആർ പലിശയിലേക്ക് മടങ്ങുന്നുവോ അപ്പോൾ അവർ നരകാഗ്നിയുടെ ആൾക്കാരാണ്. അവർ അതിൽ പാർക്കുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَذَرُواْ مَا بَقِىَ مِنَ ٱلرِّبَوٰٓاْ إِن كُنتُم مُّؤْمِنِينَ ۝ فَإِن لَّمْ تَفْعَلُواْ فَأْذَنُواْ

بِحَرْبٍ مِّنَ ٱللَّهِ وَرَسُولِهِۦ ۖ وَإِن تُبْتُمْ فَلَكُمْ رُءُوسُ أَمْوَٰلِكُمْ لَا تَظْلِمُونَ وَلَا تُظْلَمُونَ ۝

2:279–280. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, പലിശവകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടു കളയുകയും ചെയ്യുക, നിങ്ങൾ (യഥാർത്ഥ) വിശ്വാസികളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്തു നിന്ന് (നിങ്ങൾക്കെതിരിലുള്ള) യുദ്ധപ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞുകൊള്ളുക. നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്കുതന്നെ ലഭിക്കുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത് (പലിശ വാങ്ങരുത്) നിങ്ങൾ അക്രമിക്കപ്പെടുകയും അരുത് (പലിശ കൊടുക്കുകയുമരുത്).

അല്ലാഹുവിന്റെയും ദൈവദൂതന്റെയും യുദ്ധ പ്രഖ്യാപനം കൊണ്ട് ഉദ്ദേശിക്കുന്നത്, പലിശമുതലുകൾ ഭക്ഷിക്കുന്നവർ വളരെ വേഗം തന്നെ

ഈ ലോകത്ത് വെച്ച് കഠിനമായ വിഷമതകളിൽ അകപ്പെടുമെന്നാണ്. പലിശ മുതലുകൾ ഭക്ഷിക്കുന്ന രാഷ്ട്രങ്ങൾ യുദ്ധക്കെടുതിയിൽ അക പ്പെടുന്നതുമായിരിക്കും.

إِنَّ ٱلَّذِينَ يَأۡكُلُونَ أَمۡوَٰلَ ٱلۡيَتَٰمَىٰ ظُلۡمًا إِنَّمَا

يَأۡكُلُونَ فِي بُطُونِهِمۡ نَارٗاۖ وَسَيَصۡلَوۡنَ سَعِيرٗا ١٠

4:11. അക്രമമായി അനാഥക്കുട്ടികളുടെ മുതലുകൾ തിന്നുന്നവർ തീർ ച്ചയായും തങ്ങളുടെ വയറുകളിൽ തീയാണ് തിന്നുനിറക്കുന്നത്. പിന്നീ ട് അവർ ജ്വലിക്കുന്ന തീയിൽ കത്തിയെരിയുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَأۡكُلُوٓاْ أَمۡوَٰلَكُم بَيۡنَكُم بِٱلۡبَٰطِلِ إِلَّآ أَن تَكُونَ تِجَٰرَةً

عَن تَرَاضٖ مِّنكُمۡۚ وَلَا تَقۡتُلُوٓاْ أَنفُسَكُمۡۚ إِنَّ ٱللَّهَ كَانَ بِكُمۡ رَحِيمٗا ٢٩ وَمَن يَفۡعَلۡ ذَٰلِكَ

عُدۡوَٰنٗا وَظُلۡمٗا فَسَوۡفَ نُصۡلِيهِ نَارٗاۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ٣٠

4:30–31 അല്ലയോ വിശ്വാസികളേ, അന്യായമായി നിങ്ങളുടെ മുതലുക ൾ നിങ്ങൾ അന്നോന്യം തിന്നു കളയരുത്, നിങ്ങൾ അന്യോന്യം തൃ പ്തിപ്പെട്ടു നടത്തുന്ന വ്യാപാരം മുഖേനെയല്ലാതെ. നിങ്ങൾ നിങ്ങളെ ത്തന്നെ കൊലപ്പെടുത്തുകയും അരുത്. തീർച്ചയായും അല്ലാഹു നിങ്ങ ളോട് കാരുണ്യമുള്ളവനാകുന്നു. അക്രമമായും അന്യായമായും ആരെ ങ്കിലും ഇതു ചെയ്യുന്നതായാൽ വേഗം തന്നെ അവനെ നാം അഗ്നിയി ൽ ഇടുന്നതാണ്. അല്ലാഹുവിന്ന് അത് എളുപ്പവുമാകുന്നു.

وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ وَيَتَعَدَّ حُدُودَهُۥ يُدۡخِلۡهُ نَارٗا خَٰلِدٗا فِيهَا وَلَهُۥ عَذَابٞ مُّهِينٞ ١٤

4:15. അല്ലാഹുവിനെയും അവന്റെ റസൂലിനെയും ആർ അനുസരിക്കാ തിരിക്കുകയും അവന്റെ (അനന്തരാവകാശ) പരിധികളെ ലംഘിക്കുക യും ചെയ്യുന്നുവോ അവനെ (അല്ലാഹു) നരകാഗ്നിയിൽ പ്രവേശിപ്പി ക്കുന്നതാണ്. അവന് മാനം കെടുത്തുന്ന ശിക്ഷയുമുണ്ട്.

വിശ്വാസപരമായി സ്വന്തം ആത്മാവിനോട് ചെയ്യുന്ന പാതകങ്ങളും മ ഹാപാപമായി വിശുദ്ധഖുർആൻ ചിത്രീകരിക്കുന്നു. എന്നാൽ വിശ്വാസ ത്തിന്റെ പേരിൽ മറ്റുള്ളവരെ ദ്രോഹിക്കുകയും പീഡിപ്പിക്കുകയും ചെ യ്യുന്നത് സ്വന്തം ആത്മാവിനോട് ചെയ്യുന്നതിനേക്കാൾ വലുതും അതി കഠിനവുമായ മഹാപാതകങ്ങളാണ്. പശ്ചാത്തപിക്കാതെ പാപത്തിൽ തുടർന്നു കൊണ്ട് മരിച്ചു പോകുന്നവർക്ക് ദൈവം നരകാഗ്നി ഒരുക്കി വെച്ചിരിക്കുന്നു.

مَن يُشۡرِكۡ بِٱللَّهِ فَقَدۡ حَرَّمَ ٱللَّهُ عَلَيۡهِ ٱلۡجَنَّةَ وَمَأۡوَىٰهُ ٱلنَّارُۖ وَمَا لِلظَّٰلِمِينَ مِنۡ أَنصَارٍ ۝

5:73. അല്ലാഹുവിനോട് ആർ പങ്കാളികളെ ചേർക്കുന്നുവോ അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കിക്കഴിഞ്ഞു. അവന്റെ അഭയസ്ഥാനം അഗ്നിയാകുന്നു. അക്രമികൾക്ക് സഹായി ആരുമില്ല.

إِنَّ ٱلَّذِينَ لَا يَرۡجُونَ لِقَآءَنَا وَرَضُواْ بِٱلۡحَيَوٰةِ ٱلدُّنۡيَا وَٱطۡمَأَنُّواْ بِهَا وَٱلَّذِينَ

هُمۡ عَنۡ ءَايَٰتِنَا غَٰفِلُونَ ۝ أُوْلَٰٓئِكَ مَأۡوَىٰهُمُ ٱلنَّارُ بِمَا كَانُواْ يَكۡسِبُونَ ۝

10:8–9. നാമുമായുള്ള കൂടിക്കാഴ്ചയെ പ്രത്യാശിക്കാതിരിക്കുകയും ഇഹലോക ജീവിതം കൊണ്ട് തൃപ്തിയടയുകയും അതിൽ നിവൃതികൊള്ളുകയും ചെയ്യുന്നവരും നമ്മുടെ സന്ദേശങ്ങളെക്കുറിച്ച് അശ്രദ്ധരായി കഴിയുന്നവരും ആരോ, അവർ ചെയ്ത തിന്മകൾ കാരണം അവരുടെ അഭയസ്ഥാനം നരകാഗ്നിയായിരിക്കും.

إِنَّ ٱلَّذِينَ يُحِبُّونَ أَن تَشِيعَ ٱلۡفَٰحِشَةُ فِي ٱلَّذِينَ ءَامَنُواْ لَهُمۡ عَذَابٌ

أَلِيمٞ فِي ٱلدُّنۡيَا وَٱلۡأٓخِرَةِۚ وَٱللَّهُ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ۝

24:20. സത്യവിശ്വാസികളെക്കുറിച്ച് ദുർവൃത്തി പ്രചരിപ്പക്കുന്നത് ഇഷ്ടപ്പെടുന്നവർക്ക് തീർച്ചയായും ഇഹത്തിലും പരത്തിലും വേദനയുറ്റശിക്ഷയുണ്ട്. അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നില്ല.

إِنَّ ٱلَّذِينَ فَتَنُواْ ٱلۡمُؤۡمِنِينَ وَٱلۡمُؤۡمِنَٰتِ ثُمَّ لَمۡ يَتُوبُواْ

فَلَهُمۡ عَذَابُ جَهَنَّمَ وَلَهُمۡ عَذَابُ ٱلۡحَرِيقِ ۝

85:11. വിശ്വാസികളെയും വിശ്വാസിനികളെയും പീഡിപ്പിക്കുകയും എന്നിട്ട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് തീർച്ചയായും നരക ശിക്ഷയുണ്ട്. അവർക്ക് ചുട്ടെരിക്കുന്ന ശിക്ഷയുമുണ്ട്.

ഏതു മഹാപാപികൾക്കും മരണം വരുന്നതിനു മുമ്പായി ദൈവത്തോട് പശ്ചാത്തപിച്ച് ദുഷ്കർമ്മങ്ങൾക്ക് പകരം സൽക്കർമ്മങ്ങൾ ചെയ്തു കൊണ്ട് ദൈവിക ശിക്ഷയിൽനിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്. മരണത്തോടു കൂടി പശ്ചാത്തപത്തിന്റെ വാതിൽ അടഞ്ഞു പോകുന്നതിനാൽ പിന്നീട് ശിക്ഷയിൽനിന്നും രക്ഷപ്പെടാൻ ദൈവത്തിന്റെ കാരുണ്യത്തിന് അർഹതയുണ്ടെങ്കിലല്ലാതെ മറ്റു വഴികളൊന്നുമില്ല.

മഹാപാപങ്ങളിൽനിന്നും രക്ഷപ്പെട്ട് പരിശുദ്ധമായ ജീവിതം നയിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ആമീൻ.

****

28 ആരാധനാകർമ്മങ്ങൾ

സ്വന്തം ആത്മാവിനെ ദൈവവുമായി ബന്ധിപ്പിക്കാനുള്ള കണ്ണികളാണ് ആരാധനാകർമ്മങ്ങൾ. സൽകർമ്മങ്ങൾ ചെയ്യാതെയുള്ള വെറും ആചാര പരമായ കർമ്മങ്ങൾക്ക് പ്രസക്തിയില്ല. അതുകൊണ്ടാണ് ദൈവം അവ നെ ആരാധിക്കുന്നതോടൊപ്പം സമ്പത്തുകൾ അവന്റെ മാർഗ്ഗത്തിൽ ചില വഴിക്കുവാനും ആവശ്യപ്പെട്ടിരിക്കുന്നത്. സൽക്കർമ്മങ്ങൾ ചെയ്യാനുള്ള പ്രേരണകളും ശക്തിയുമാണ് യഥാർത്ഥത്തിൽ ആരാധനകളിലൂടെ നാം നേടിയെടുക്കുന്നത്. നിഷ്കളങ്കമായ ആരാധനകൾ സൽക്കർമ്മങ്ങൾ ചെ യ്യാനുള്ള പ്രേരണകൾ നൽകുന്നതുപോലെ പ്രതിഫലേച്ഛയില്ലാത്ത സ ൽകർമ്മങ്ങൾ ദൈവത്തെ ആരാധിക്കുന്നതിനും മനുഷ്യനെ പ്രേരിപ്പിക്കു ന്നു. അങ്ങനെ നോക്കുമ്പോൾ ആരാധനയും സൽകർമ്മങ്ങളും ഒരേ വി കാരത്തിന്റെ രണ്ടു ഭാഗമാണെന്ന് കാണാം. അതുകൊണ്ടാണ് ദൈവം അവനെ ആരാധിക്കുന്നതിനോടൊപ്പം അവന്റെ മാർഗ്ഗത്തിൽ ചിലവഴിക്കു വാനും ആവശ്യപ്പെട്ടിരിക്കുന്നത്. ആരാധനാകർമ്മങ്ങളിൽ ഏറ്റവും പ്രാ ധാന്യമർഹിക്കുന്നതാണ് നമസ്കാരവും ദൈവ മാർഗ്ഗത്തിൽ ചിലവഴി ക്കലും.

സൃഷ്ടിയുടെ ഉദ്ദേശ്യം തന്നെ ദൈവത്തിന്റെ ആരാധനയാണ്. നമ്മുടെ ആരാധനകൾ കൊണ്ടുള്ള നേട്ടം നമ്മുടെ ആത്മാവിന് തന്നെയാണ്. അ ല്ലാതെ ദൈവത്തിന്റെ മഹത്വത്തിനല്ല. ഈ പ്രപഞ്ചത്തിലെ എല്ലാ ജീവി കളും ദൈവത്തെ പുകഴ്ത്തിയാലോ അല്ലെങ്കിൽ ദൈവത്തെ നിന്ദിച്ചാ ലോ ദൈവത്തിന്റെ മഹത്വത്തിൻെറ ഒരംശം പോലും ഉയരാനോ താഴാ നോ പോകുന്നില്ലെന്ന് നബി തിരുമേനി(സ) പറഞ്ഞിരിക്കുന്നു. ദൈവ മാർഗ്ഗത്തിൽ ചിലവ് ചെയ്യുന്നതിന് സാമ്പത്തിക പരാധീനതകളിൽ നി ന്നുള്ള മോചനം ആവശ്യമാണ്. എന്നാൽ ദൈവത്തിന് പ്രാർത്ഥനാകർ മ്മങ്ങൾ അർപ്പിക്കുന്നതിന് മനുഷ്യന് സ്വബോധമുള്ള കാലത്തോളം യാ തൊരു കഴിവുകേടുമില്ല. അവന്റെ ആരോഗ്യത്തിന്റെ നിലയനുസരിച്ച് നി ന്നോ ഇരുന്നോ കിടന്നോ അല്ലെങ്കിൽ മനസ്സിൽ ധ്യാനിച്ചോ പ്രാർത്ഥി ക്കാവുന്നതാണ്. അതുകൊണ്ട് തന്നെ നമസ്കാരം സമയ ബന്ധിത മായി ജീവിതത്തിൽ സ്വബോധമുള്ള ഒരവസ്ഥകളിൽ പോലും ഒഴിച്ചു വെക്കാൻ പാടില്ലാത്ത നിർബന്ധ കർമ്മമായി ദൈവം കല്പിച്ചിരിക്കു ന്നു. നമസ്കരിക്കുവാനും അതോടൊപ്പം ദൈവ മാർഗ്ഗത്തിൽ ചിലവഴി ക്കുവാനും വിശുദ്ധ ഖുർആനിലുള്ള ദൈവ കല്പനകൾ ഇപ്രകാരമാണ്.

وَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَٱرۡكَعُواْ مَعَ ٱلرَّٰكِعِينَ ۝

2:44. നമസ്ക്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും (അല്ലാ ഹുവിൻെറ മുമ്പിൽ) തലകുനിക്കുന്നവരോടൊപ്പം തലകുനിക്കുകയും

ചെയ്യുവിൻ.

قُل لِّعِبَادِيَ ٱلَّذِينَ ءَامَنُواْ يُقِيمُواْ ٱلصَّلَوٰةَ وَيُنفِقُواْ مِمَّا رَزَقۡنَٰهُمۡ

سِرّٗا وَعَلَانِيَةٗ مِّن قَبۡلِ أَن يَأۡتِيَ يَوۡمٞ لَّا بَيۡعٞ فِيهِ وَلَا خِلَٰلٞ ۝

14:32. ക്രയ വിക്രയമോ സ്നേഹബന്ധമോ സാദ്ധ്യമല്ലാത്ത ഒരു ദിനം വരുന്നതിനു മുമ്പേ നമസ്കാരം നിലനിർത്തുവാനും നാം അവർക്ക് നൽകിയതിൽ നിന്നും ചിലവു ചെയ്യുവാനും വിശ്വാസികളായ എന്റെ ദാസന്മരോട് നീ പറയുക.

നമസ്കാരം നിലനിർത്തുകയും സക്കാത്തു കൊടുക്കുകയും ചെയ്യുന്നവ രുടെ രക്ഷാകർതൃത്വം അല്ലാഹുതന്നെ സ്വയം ഏറെറടുത്തിരിക്കുക യാണ്.

فَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَٱعۡتَصِمُواْ بِٱللَّهِ هُوَ مَوۡلَىٰكُمۡۖ فَنِعۡمَ ٱلۡمَوۡلَىٰ وَنِعۡمَ ٱلنَّصِيرُ ۝

22:79. നമസ്കാരം നിലനിർത്തുകയും സക്കാത്തു കൊടുക്കുകയും അല്ലാ ഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുവിൻ. അവൻ നിങ്ങളുടെ രക്ഷാ ധികാരിയാകുന്നു. എത്ര നല്ല രക്ഷകൻ, എത്രനല്ല സഹായി.

വിനോദങ്ങളിൽ മുഴുകിക്കൊണ്ട് നമസ്ക്കാരം ഒഴിവാക്കരുതെന്ന് ദൈവം വിശുദ്ധഗ്രന്ഥത്തിൽ മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

وَتَضۡحَكُونَ وَلَا تَبۡكُونَ ۝ وَأَنتُمۡ سَٰمِدُونَ ۝ فَٱسۡجُدُواْ لِلَّهِ وَٱعۡبُدُواْ ۩ ۝

53:61–63. കരഞ്ഞിടാതെ നിങ്ങൾ വിനോദമഗ്നരായിക്കൊണ്ടു ചിരിക്കുക യാണോ? നിങ്ങൾ അല്ലാഹുവിനെ സാഷ്ടാംഗം പ്രണമിക്കുകയും അവ നെ ആരാധിക്കുകയും ചെയ്യുവിൻ.

യഥാർത്ഥ വിശ്വാസികൾ നമസ്കരിക്കുന്നവരും ദൈവമാർഗ്ഗത്തിൽ ചിലവഴിക്കുന്നവരുമായിരിക്കുമെന്ന് ദൈവം വെളിപ്പെടുത്തിയിരിക്കുന്നു.

إِنَّمَا وَلِيُّكُمُ ٱللَّهُ وَرَسُولُهُۥ وَٱلَّذِينَ ءَامَنُواْ ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤۡتُونَ ٱلزَّكَوٰةَ وَهُمۡ رَٰكِعُونَ ۝

5:56. തീർച്ചയായും നിങ്ങളുടെ മിത്രം അല്ലാഹുവും അവന്റെ റസൂലും വിശ്വാസികളും മാത്രമാണ്. അവർ നിസ്കാരം നിലനിർത്തുകയും സ ക്കാത്ത് കൊടുക്കുകയും ചെയ്യുന്നവരാകുന്നു. അവർ (അല്ലാഹുവിന്റെ മുമ്പിൽ) കുമ്പിടുന്നവരുമാകുന്നു.

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقۡنَٰهُمۡ يُنفِقُونَ ۝

8:04. (വിശ്വാസികൾ) നമസ്കാരം നിലനിർത്തകയും നാം അവർക്ക് നൽ

കിയതിൽ നിന്ന് ചിലവാക്കുകയും ചെയ്യുന്നവരാണ്.

യാഥാർത്ഥ വിശ്വാസികളെ നമസ്കാരത്തിൽനിന്നും ലൗകിക കാര്യങ്ങളൊന്നും പിന്തിരിപ്പിക്കുകയില്ലെന്നും അവർ ദൈവത്തെ കണ്ടുമുട്ടുന്ന ദിനത്തെ ഭയപ്പെടുന്നവരാണെന്നും എഴുതപ്പെട്ടിരിക്കുന്നു.

رِجَالٌ لَّا تُلْهِيهِمْ تِجَـٰرَةٌ وَلَا بَيْعٌ عَن ذِكْرِ ٱللَّهِ وَإِقَامِ ٱلصَّلَوٰةِ وَإِيتَآءِ ٱلزَّكَوٰةِ ۙ
يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ ٱلْقُلُوبُ وَٱلْأَبْصَـٰرُ ﴿٣٧﴾

24:37–38 (അല്ലാഹുവിന്റെ ഭവനങ്ങളിൽ അവനെ പ്രകീർത്തിക്കുന്നവർ) അല്ലാഹുവിനെ സ്മരിക്കുന്നതിലും നമസ്കാരം അനുഷ്ടിക്കുന്നതിലും സക്കാത്ത് നൽകുന്നതിലും നിന്ന് വ്യാപാരമോ ക്രയവിക്രയമോ അവരുടെ ശ്രദ്ധയെ തിരിച്ചു വിടുകയില്ല. ഹൃദയങ്ങളും കണ്ണുകളും ഇളകി മറിയുന്ന ഒരു ദിനം അവർ ഭയപ്പെടുന്നു.

നമസ്കാരം പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ നിർബ്ബന്ധമാണ്. സത്യ വിശ്വാസികളായ പുരുഷന്മാരെപ്പോലെ സത്യവിശ്വാസിനികളായ സ്ത്രീകളും നമസ്കരിക്കുന്നവരും നമസ്കരിക്കേണ്ടവരുമാകുന്നു.

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَـٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ
عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ

9:72. സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം രക്ഷാധികാരികളാകുന്നു. അവർ നന്മ അനുശാസിക്കുകയും തിന്മ വിരോധിക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുന്നു.

ജീവിതകാലം മുഴുവനും നമസ്കാരം അതിന്റെതായ കൃത്യസമയത്ത് നിർവഹിച്ചുകൊണ്ടുവരിക എന്നത് നിസ്സാരമായൊരു ചുമതലയല്ല. മനുഷ്യന്റെ കഴിവിനുപരിയായി ദൈവിക സഹായവും കൂടി അതിന്നാവശ്യമാണ്. അതുകൊണ്ട് നമസ്കരിക്കുന്നതോടൊപ്പം എന്നെന്നും നമസ്കാരം നിലനിർത്തുന്നവരായിത്തീരുവാനും വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം തന്നെ വിശ്വാസികളെ പഠിപ്പിച്ചിരിക്കുന്നു.

رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ﴿٤٠﴾

14:41. എന്റെ നാഥാ, എന്നെയും എന്റെ സന്തതികളെയും നീ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുന്നവരാക്കേണമേ. ഞങ്ങളുടെ രക്ഷിതാവേ,

എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ.

നാം സ്വയം നമസ്കരിക്കുന്നതോടൊപ്പം നമ്മുടെ കുടുംബത്തെയും അതിൽ സ്ഥിരനിഷ്ടയുള്ളവരാക്കിത്തീർക്കേണ്ടതും നമ്മുടെ ബാദ്ധ്യതയാകുന്നു.

وَأْمُرْ أَهْلَكَ بِالصَّلَوٰةِ وَاصْطَبِرْ عَلَيْهَا ۖ لَا نَسْـَٔلُكَ رِزْقًا ۖ نَّحْنُ نَرْزُقُكَ ۗ وَالْعَـٰقِبَةُ لِلتَّقْوَىٰ ﴿١٣٢﴾

20:133. നിന്റെ കുടുംബത്തോട് നീ നമസ്കരിക്കാൻ കല്പിക്കുക. നീ അതിൽ സ്ഥിരനിഷ്ട പ്രകടിപ്പിക്കുകയും ചെയ്യുക.

ഹസ്രത്ത് ലുഖ്മാൻ തന്റെ മകനെ ഇങ്ങനെ ഉപദേശിച്ചതായി വിശുദ്ധ ഖുർആനിൽ വിവരിക്കുന്നു.

يَـٰبُنَىَّ أَقِمِ الصَّلَوٰةَ وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنكَرِ

وَاصْبِرْ عَلَىٰ مَآ أَصَابَكَ ۖ إِنَّ ذَٰلِكَ مِنْ عَزْمِ الْأُمُورِ ﴿١٧﴾

31:18. എന്റെ കൊച്ചുമകനേ, നമസ്കാരം നിലനിർത്തുകയും നന്മ അനുശാസിക്കുകയും നിഷിദ്ധ കാര്യങ്ങൾ വിലക്കുകയും ചെയ്യുക. നിന്നെ ബാധിക്കുന്ന വിഷമതകളിൽ സഹനം കൈക്കൊള്ളുകയും ചെയ്യുക. തീർച്ചയായും ഇത് നിശ്ചയ ദാർഢ്യമുള്ള കാര്യമാകുന്നു.

നാം നമസ്കരിക്കുമ്പോൾ നാം ദൈവത്തെ കാണുന്നുവെന്ന ബോധത്തോടു കൂടിയായിരിക്കണം നമസ്ക്കരിക്കേണ്ടത്. കുറഞ്ഞ പക്ഷം ദൈവം നമ്മെ കാണുന്നു എന്ന ബോധത്തോടു കൂടിയെങ്കിലും നമസ്കരിക്കണമെന്ന് റസൂൽ(സ) ഉപദേശിച്ചിരിക്കുന്നു.

ٱلَّذِى يَرَىٰكَ حِينَ تَقُومُ ﴿٢١٩﴾ وَتَقَلُّبَكَ فِى السَّـٰجِدِينَ ﴿٢٢٠﴾

26:219–220 നീ നിന്നു പ്രാത്ഥിക്കുന്ന സമയത്ത് നിന്നെ കാണുന്നവനാകുന്നു അവൻ. സാഷ്ടാംഗം ചെയ്യുന്നവരുടെ ഇടയിലുള്ള നിന്റെ വ്യഗ്രതയും അവൻ കാണുന്നു.

ആദ്യമാദ്യം നമസ്കാരത്തിൽ പൂർണ്ണ സംതൃപ്തി ലഭിച്ചില്ലെങ്കിലും നമസ്കാരം മുഖേനെ ദൈവത്തെക്കുറിച്ച് ദൃഢവിശ്വാസം വരുന്ന ഒരു ഘട്ടം സമാഗതമാകുന്നതാണെന്ന് വിശുദ്ധ ഖുർആനിൽ വിവരിക്കുന്നു. അപ്പോൾ നമസ്കാരത്തിൽ പൂർണ്ണ സംതൃപ്തിയും ലഭിക്കുന്നതാണ്. അതിനുശേഷം നമസ്കാരം തുടർന്നു പോകുന്നതിൽ പ്രയാസം തോന്നുകയില്ല. ആ ഘട്ടം വരുന്നതുവരെ തൃപ്തി ലഭിച്ചില്ലെങ്കിലും നമസ്കാരം തുടർന്ന് പോകേണ്ടതാകുന്നു.

فَسَبِّحْ بِحَمْدِ رَبِّكَ وَكُن مِّنَ ٱلسَّـٰجِدِينَ ۝ وَٱعْبُدْ رَبَّكَ حَتَّىٰ يَأْتِيَكَ ٱلْيَقِينُ ۝

15:99–100 നിന്റെ നാഥനെ സ്തുതിച്ചുകൊണ്ട് അവനെ പുകഴ്ത്തുക. സാഷ്ടാംഗം ചെയ്യുന്നവരുടെ കൂടെ ആയിരിക്കുക. നിനക്ക് (ദൈവത്തെക്കുറിച്ച്) ദൃഢവിശ്വാസം വരുന്നതു വരെ.

പറയുന്നത് എന്താണെന്ന് സ്വയം മനസ്സിലാകാത്ത രീതിയിൽ നമസ്കരിക്കരുതെന്ന് അല്ലാഹു ഉപദേശിക്കുന്നു. അതുപോലെ ഉദാസീനരായും അശ്രദ്ധരായും നമസ്കരിക്കുവാൻ പാടില്ല. ഉദാസീനരായി നമസ്കരിക്കുന്നവർക്ക് നാശമാണ് സംഭവിക്കുകയെന്ന് ദൈവം മുന്നറിയിപ്പ് നൽകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْرَبُوا۟ ٱلصَّلَوٰةَ وَأَنتُمْ سُكَـٰرَىٰ حَتَّىٰ تَعْلَمُوا۟ مَا تَقُولُونَ

4:44. അല്ലയോ വിശ്വാസികളേ, നിങ്ങൾ പറയുന്നത് എന്തെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതുവരെ നിങ്ങൾ ലഹരി ബാധിതരായിക്കൊണ്ട് നമസ്കാരത്തെ സമീപിക്കരുത്.

أَرَءَيْتَ ٱلَّذِى يُكَذِّبُ بِٱلدِّينِ ۝ فَذَٰلِكَ ٱلَّذِى يَدُعُّ ٱلْيَتِيمَ ۝ وَلَا يَحُضُّ

عَلَىٰ طَعَامِ ٱلْمِسْكِينِ ۝ فَوَيْلٌ لِّلْمُصَلِّينَ ۝ ٱلَّذِينَ هُمْ عَن صَلَاتِهِمْ

سَاهُونَ ۝ ٱلَّذِينَ هُمْ يُرَآءُونَ ۝ وَيَمْنَعُونَ ٱلْمَاعُونَ ۝

107:2–8. മതത്തെ നിഷേധിക്കുന്നവനെ നീ കണ്ടുവോ? അവൻ അനാഥയെ തള്ളിമാറ്റുന്നവനും പാവപ്പെട്ടവർക്ക് ഭക്ഷണം കൊടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കാത്തവനും ആണ്. തങ്ങളുടെ നമസ്കാരങ്ങളിൽ ഉദാസീനത കാട്ടുന്ന നമസ്കാരക്കാർക്കാണ് നാശം. അവർ മറ്റുള്ളവരെ കാണിക്കാൻവേണ്ടി ചെയ്തുകൂട്ടുന്നവരും ചെറിയ ഉപകാരംപോലും നിഷേധിക്കുന്നവരും ആകുന്നു.

അല്ലാഹുവിന്റെ പള്ളികളിൽ അല്ലാഹുവിനോടൊപ്പം മറ്റുള്ള നബിമാരെയും ഔലിയാക്കളെയും അതുപോലെ പുണ്യവാളന്മാരെയും വിളിച്ചു പ്രാർത്ഥിക്കുന്ന കാഴ്ചകൾ നാം ഇന്ന് പലയിടത്തും കണ്ടുവരുന്നു. ഇത് വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് എതിരായ പ്രവൃത്തിയാകുന്നു.

وَأَنَّ ٱلْمَسَـٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا ۝

72:19. മസ്ജിദുകൾ അല്ലാഹുവിനുവേണ്ടിയുള്ളതാകുന്നു. അതു കൊണ്ട്

നിങ്ങൾ അല്ലാഹുവിനോടൊപ്പം മറ്റാരേയും വിളിച്ച് പ്രാർത്ഥിക്കരുത്.

നമസ്കാരവും സക്കാത്തും മുസ്ലിംകളിൽ മാത്രമല്ല, മുമ്പുള്ള മതസമുദായങ്ങളിലും നിർബ്ബന്ധമാക്കിയിരുന്നുവെന്ന് ദൈവം വെളിപ്പെടുത്തുന്നു. പക്ഷെ അവരുടെ പ്രാർത്ഥനാരൂപം മുസ്ലിംകളുടെ പ്രാർത്ഥനാ രൂപം പോലെ ആയിരുന്നില്ല.

وَمَا تَفَرَّقَ ٱلَّذِينَ أُوتُوا۟ ٱلْكِتَـٰبَ إِلَّا مِنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَةُ ۝ وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟

ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُوا۟ ٱلصَّلَوٰةَ وَيُؤْتُوا۟ ٱلزَّكَوٰةَ ۚ وَذَٰلِكَ دِينُ ٱلْقَيِّمَةِ ۝

98:5–6 വേദം നൽകപ്പെട്ടവർ വ്യക്തമായ തെളിവ് വന്നെത്തിയതിനു ശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല. (നേർമാർഗ്ഗത്തിൽ) നിലകൊള്ളുന്നവരായി മതത്തെ പരിശുദ്ധമാക്കിക്കൊണ്ട് അല്ലാഹുവിനെ ആരാധിക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുന്നതിനല്ലാതെ അവരോട് കല്പിച്ചിരുന്നില്ല. അതത്രെ ഋജുവായ മതം.

ശാരീരിക അശുദ്ധിയുള്ളവർ നമസ്കരിക്കുന്നതിനുമുമ്പ് കുളിച്ച് ശുദ്ധമാകേണ്ടതാണ്. ലൈംഗിക ബന്ധവും അതോടൊപ്പമോ അതു കൂടാതെയോയുള്ള രതിമൂർച്ചയും ആണ് സാധാരണഗതിയിൽ ശാരീരികാശുദ്ധിയായി ഗണിക്കപ്പെടുന്നത്. എന്നാൽ രോഗികൾക്കും യാത്രക്കാർക്കും വെള്ളം ലഭ്യമായാൽ തന്നെയും കുളിക്കുന്നതിനു പകരം തയമ്മും ചെയ്യാവുന്നതാണ്. തയമ്മും എങ്ങനെയാണ് ചെയ്യേണ്ടതെന്ന് താഴെ ഉദ്ധരിച്ചിരിക്കുന്ന വാക്യത്തിന്റെ അവസാന ഭാഗത്തിൽ വിവരിച്ചിരിക്കുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْرَبُوا۟ ٱلصَّلَوٰةَ ...وَلَا جُنُبًا إِلَّا عَابِرِى سَبِيلٍ حَتَّىٰ تَغْتَسِلُوا۟ ۚ وَإِن

كُنتُم مَّرْضَىٰٓ أَوْ عَلَىٰ سَفَرٍ أَوْ جَآءَ أَحَدٌ مِّنكُم مِّنَ ٱلْغَآئِطِ أَوْ لَـٰمَسْتُمُ ٱلنِّسَآءَ فَلَمْ تَجِدُوا۟

مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا فَٱمْسَحُوا۟ بِوُجُوهِكُمْ وَأَيْدِيكُمْ ۗ إِنَّ ٱللَّهَ كَانَ عَفُوًّا غَفُورًا ۝

4:44. നിങ്ങൾ അശുദ്ധമായിരിക്കെ കുളിച്ചു ശുദ്ധമാകുന്നതുവരെ നമസ്കാരത്തെ സമീപിക്കരുത്, നിങ്ങളിൽ യാത്രചെയ്യുന്നവർ ഒഴികെ. നിങ്ങൾ രോഗികളാണ് അല്ലെങ്കിൽ യാത്രയിലാണ്, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജനം ചെയ്യുകയോ സ്ത്രീകളെ സ്പർശിക്കുകയൊ ചെയ്തതിനുശേഷം വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖത്തിൽ (കൈതലം വെച്ചുകൊണ്ട്) നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക. തീർച്ചയായും അല്ലാഹു മാപ്പു ചെയ്യുന്നവനും പൊറുത്ത് കൊടുക്കുന്നവനുമാകുന്നു.

ശരീരാശുദ്ധിയുള്ളവർ കുളിച്ച് ശുദ്ധമാകേണ്ടത് പോലെ ശുദ്ധിയില്ലാത്ത

വർ നമസ്ക്കാരത്തിനു മുമ്പായി വുസു ചെയ്യേണ്ടതാണ്. വെള്ളം ലഭ്യ മായില്ലെങ്കിലും അതുപോലെ രോഗികൾക്കും യാത്രക്കാർക്കും വെള്ളം ലഭിച്ചാലും വുസുവിനു പകരം തയമ്മും ചെയ്യാവുന്നതാണ്. വുസു എ ങ്ങനെയാണ് ചെയ്യേണ്ടതെന്ന് വിശുദ്ധഖുർആൻ ഇങ്ങനെ വിവരിക്കു ന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا قُمْتُمْ إِلَى ٱلصَّلَوٰةِ فَٱغْسِلُواْ وُجُوهَكُمْ وَأَيْدِيَكُمْ

إِلَى ٱلْمَرَافِقِ وَٱمْسَحُواْ بِرُءُوسِكُمْ وَأَرْجُلَكُمْ إِلَى ٱلْكَعْبَيْنِ ۚ

05:07. അല്ലയോ വിശ്വാസികളേ, നിങ്ങൾ നമസ്ക്കാരത്തിനായി തയ്യാറെ ടുക്കുമ്പോൾ നിങ്ങളുടെ മുഖങ്ങളും മുട്ടുവരെ രണ്ടു കൈകളും കഴുകു കയും നിങ്ങളുടെ ശിരസ്സുകൾ തടവുകയും ചെയ്യുക. നിങ്ങളുടെ കാലു കൾ രണ്ടും നെരിയാണിവരെയും കഴുകുക.

എല്ലാവിശ്വാസികളും ഒരു കേന്ദ്രബിന്ദുവിനു നേരെ തിരിഞ്ഞു നമസ്കരി ക്കണമെന്നത് ദൈവ കല്പനയാകുന്നു. മനുഷ്യരാശിക്കു വേണ്ടി ആ ദ്യമായി സ്ഥാപിക്കപ്പെട്ട മക്കയിലെ വിശുദ്ധ പ്രാർത്ഥനാലയത്തിന്റെ നേരെ തിരിഞ്ഞു നമസ്ക്കരിക്കാനാണ് ദൈവം കല്പന നൽകിയിരി ക്കുന്നത്.

وَمِنْ حَيْثُ خَرَجْتَ فَوَلِّ وَجْهَكَ شَطْرَ ٱلْمَسْجِدِ ٱلْحَرَامِ ۖ

وَإِنَّهُۥ لَلْحَقُّ مِن رَّبِّكَ ۗ وَمَا ٱللَّهُ بِغَـٰفِلٍ عَمَّا تَعْمَلُونَ ﴿١٤٩﴾

2:150. നീ എവിടെ നിന്ന് (നമസ്കാരത്തിനായി) പുറപ്പെട്ടാലും വിശുദ്ധ പ്രാർത്ഥനാലയത്തിന്റെ നേരെ നിന്റെ മുഖം തിരിക്കുക. തീർച്ചയായും ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ്. നിങ്ങൾ പ്രവർ ത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനല്ല.

وَمِنْ حَيْثُ خَرَجْتَ فَوَلِّ وَجْهَكَ شَطْرَ ٱلْمَسْجِدِ ٱلْحَرَامِ ۚ

وَحَيْثُ مَا كُنتُمْ فَوَلُّواْ وُجُوهَكُمْ شَطْرَهُۥ

2:151. നീ എവിടെ നിന്നു പുറപ്പെട്ടുവന്നാലും വിശുദ്ധ പ്രാർത്ഥനാലയ ത്തിന്റെ നേരെ നിന്റെ മുഖം തിരിക്കുവിൻ. നിങ്ങൾ എവിടെയായിരുന്നാ ലും നിങ്ങളുടെ മുഖങ്ങൾ അതിന്റെ നേരെ തിരിക്കുവിൻ.

ആകെ നമസ്ക്കാര സമയങ്ങൾ അഞ്ചുനേരമാണ്. മദ്ധ്യാഹ്നം, സായാ ഹ്നം, സൂര്യാസ്തമയം, രാത്രി, പ്രഭാതം. ഈ അഞ്ചുസമയങ്ങൾ പല

സൂക്തങ്ങളിലായി വിശുദ്ധഖുർആനിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

وَأَقِمِ ٱلصَّلَوٰةَ طَرَفَيِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيۡلِۚ إِنَّ ٱلۡحَسَنَٰتِ يُذۡهِبۡنَ ٱلسَّيِّـَٔاتِۚ

11:115. പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയുടെ ആദ്യ യാമങ്ങളിലും നമസ്കാരം നിലനിർത്തുക. തീർച്ചയായും സൽപ്രവൃർത്തികൾ ദുഷ്പ്രവൃർത്തികളെ നീക്കിക്കളയുന്നു.

(ഈ വാക്യം സുബ്ഹി, അസർ, മഗ്രിബ്, ഇഷാ എന്നീ നമസ്കാരങ്ങളെ സൂചിപ്പിക്കുന്നു.)

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمۡسِ إِلَىٰ غَسَقِ ٱلَّيۡلِ وَقُرۡءَانَ

ٱلۡفَجۡرِۖ إِنَّ قُرۡءَانَ ٱلۡفَجۡرِ كَانَ مَشۡهُودٗا ٧٨

17:79. സൂര്യൻ (മദ്ധ്യാഹ്നത്തിൽനിന്ന്) തിരിയുന്നതു മുതൽ രാത്രി ഇരുൾ വീഴുന്നതുവരെ നീ നമസ്കാരം നിലനിർത്തുക. പ്രഭാതവേളയിൽ നീ ഖുർആൻ പാരായണം ചെയ്യുക. തീർച്ചയായും പ്രഭാതവേളയിലെ ഖുർആൻ പാരായണം സാക്ഷ്യം വഹിക്കുന്നതാണ്.

(ളുഹർ, അസർ, മഗ്രിബ്, ഇഷാ, സുബഹ് എന്നീ നമസ്കാരങ്ങളെ സൂചിപ്പിക്കുന്നു.)

فَٱصۡبِرۡ عَلَىٰ مَا يَقُولُونَ وَسَبِّحۡ بِحَمۡدِ رَبِّكَ قَبۡلَ طُلُوعِ ٱلشَّمۡسِ وَقَبۡلَ

غُرُوبِهَاۖ وَمِنۡ ءَانَآيِٕ ٱلَّيۡلِ فَسَبِّحۡ وَأَطۡرَافَ ٱلنَّهَارِ لَعَلَّكَ تَرۡضَىٰ ١٣٠

20:131 നിന്റെ നാഥനെ സ്തുതി കീർത്തനം ചെയ്യുക. സൂര്യോദയത്തിന് മുമ്പും സൂര്യാസ്തമയത്തിന് മുമ്പും രാത്രിയുടെ ചില യാമങ്ങളിലും പകലിന്റെ സീമകളിലും അവനെ നീവാഴ്ത്തുക, നീ സംതൃപ്തി നേടുന്നതിന് വേണ്ടി.

(ളുഹർ, അസർ, മഗ്രിബ്, ഇഷാ, സുബഹ് എന്നീ നമസ്കാരങ്ങളെ ഉദ്ദേശിക്കുന്നു.)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لِيَسۡتَـٔۡذِنكُمُ ٱلَّذِينَ مَلَكَتۡ أَيۡمَٰنُكُمۡ وَٱلَّذِينَ لَمۡ يَبۡلُغُواْ ٱلۡحُلُمَ

مِنكُمۡ ثَلَٰثَ مَرَّٰتٖۚ مِّن قَبۡلِ صَلَوٰةِ ٱلۡفَجۡرِ وَحِينَ تَضَعُونَ ثِيَابَكُم مِّنَ ٱلظَّهِيرَةِ وَمِنۢ بَعۡدِ

صَلَوٰةِ ٱلۡعِشَآءِۚ لَّيۡسَ عَلَيۡكُمۡ وَلَا عَلَيۡهِمۡ جُنَاحُۢ بَعۡدَهُنَّۚ طَوَّٰفُونَ عَلَيۡكُم بَعۡضُكُمۡ عَلَىٰ بَعۡضٍۚ

كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلۡأٓيَٰتِۗ وَٱللَّهُ عَلِيمٌ حَكِيمٞ ٥٨

24:59. അല്ലയോ വിശ്വാസികളേ, നിങ്ങളുടെ വലുതുകൈ ഉടമപ്പെടുത്തിയവരും (അടിമകൾ) നിങ്ങളിൽ പ്രായപൂർത്തിയാകാത്തവരും മൂന്നു സന്ദർഭങ്ങളിൽ നിങ്ങളോട് അനുവാദം ചോദിക്കട്ടെ. പ്രാഭത നമസ്ക്കാരത്തിനു മുമ്പും ഉച്ചയ്ക്ക് നിങ്ങളുടെ വസ്ത്രങ്ങൾ നിങ്ങൾ അഴിച്ചു വെക്കുന്ന സമയത്തും ഇഷാ നമസ്ക്കാരത്തിനു ശേഷവും.

(സുബ്ഹി ളുഹർ ഇഷാ നമസ്ക്കാരങ്ങൾ).

فَسُبۡحَٰنَ ٱللَّهِ حِينَ تُمۡسُونَ وَحِينَ تُصۡبِحُونَ ١٧

وَلَهُ ٱلۡحَمۡدُ فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَعَشِيّٗا وَحِينَ تُظۡهِرُونَ ١٨

30:18–19. നിങ്ങൾ സന്ധ്യാവേളയിലും പ്രഭാതവേളയിലും അല്ലാഹുവിനെ സ്തുതിക്കുക. ആകാശങ്ങളിലും ഭൂമിയിലും അവന്നാണ് സ്തുതി, സായാഹ്നത്തിലും മദ്ധ്യാഹ്നത്തിലും.

(മഗ്രിബ്, സുബ്ഹി, അസർ, ളുഹർ എന്നീ നമസ്ക്കാരങ്ങൾ).

നമസ്കാരങ്ങൾ അഞ്ചുനേരം തന്നെയാണെന്ന് ഈ വാക്യങ്ങളെല്ലാം വളരെ വ്യക്തമായും സംശയത്തിനതീതമായും വെളിപ്പെടുത്തിത്തന്നിരിക്കുകയാണ്.

വുസു നിർബ്ബന്ധമായിത്തീരുന്ന കാരണങ്ങളും അതിന്റെ പൂർണ്ണരൂപവും അതുപോലെ നമസ്കരിക്കേണ്ട വിധവും നമസ്കാരത്തിൽ ചെയ്യേണ്ട പ്രാർത്ഥനകളും നമസ്കാരങ്ങളുടെ ദൈർഘ്യവും മറ്റും വിശദമായി വിശുദ്ധ ഖുർആനിൽ വിവരിക്കാതെ സൂചനകൾ നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. എന്നാൽ റസൂൽ തിരുമേനി(സ)യിൽകൂടി ദൈവം പഠിപ്പിച്ചു തന്നതുപോലെ നമസ്കരിക്കുക എന്ന് പറഞ്ഞുകൊണ്ട് (താഴെ വാക്യം 2:239 കാണുക) അതിന്റെ പൂർണ്ണ രൂപങ്ങളെ മനസ്സിലാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

നമസ്കാരത്തിന്റെ ദൈർഘ്യവും തവണകളും യാത്രയിലും രോഗാവസ്ഥയിലും ചുരുക്കാവുന്നതാണ്. യുദ്ധ സമയങ്ങളിലും അതുപോലെ ശത്രുക്കളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങളിലും നമസ്കാരങ്ങൾ പിന്നെയും ചുരുക്കി നമസ്കരിക്കാവുന്നതാണ്.

2:239 നിങ്ങൾ (ശത്രുക്കളെ) ഭയപ്പെടുന്നുവെങ്കിൽ നടന്നു കൊണ്ടോ സവാരി ചെയ്തു കൊണ്ടോ (നമസ്കരിക്കുക). എന്നാൽ നിങ്ങൾ സുര

ക്ഷിതരാകുമ്പോൾ നിങ്ങൾ അറിയാതിരുന്നത് നിങ്ങളെ പഠിപ്പിച്ചതുപോ
ലെ അല്ലാഹുവിനെ സ്മരിക്കുക.

وَإِذَا ضَرَبْتُمْ فِي الْأَرْضِ فَلَيْسَ عَلَيْكُمْ جُنَاحٌ أَن تَقْصُرُوا مِنَ الصَّلَاةِ إِنْ خِفْتُمْ أَن يَفْتِنَكُمُ
الَّذِينَ كَفَرُوا ۚ إِنَّ الْكَافِرِينَ كَانُوا لَكُمْ عَدُوًّا مُّبِينًا ﴿١٠١﴾ وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ
الصَّلَاةَ فَلْتَقُمْ طَائِفَةٌ مِّنْهُم مَّعَكَ وَلْيَأْخُذُوا أَسْلِحَتَهُمْ فَإِذَا سَجَدُوا فَلْيَكُونُوا مِن وَرَائِكُمْ
وَلْتَأْتِ طَائِفَةٌ أُخْرَىٰ لَمْ يُصَلُّوا فَلْيُصَلُّوا مَعَكَ وَلْيَأْخُذُوا حِذْرَهُمْ وَأَسْلِحَتَهُمْ ۗ وَدَّ الَّذِينَ
كَفَرُوا لَوْ تَغْفُلُونَ عَنْ أَسْلِحَتِكُمْ وَأَمْتِعَتِكُمْ فَيَمِيلُونَ عَلَيْكُم مَّيْلَةً وَاحِدَةً ۚ وَلَا جُنَاحَ عَلَيْكُمْ
إِن كَانَ بِكُمْ أَذًى مِّن مَّطَرٍ أَوْ كُنتُم مَّرْضَىٰ أَن تَضَعُوا أَسْلِحَتَكُمْ ۖ وَخُذُوا حِذْرَكُمْ ۗ إِنَّ اللَّهَ
أَعَدَّ لِلْكَافِرِينَ عَذَابًا مُّهِينًا ﴿١٠٢﴾ فَإِذَا قَضَيْتُمُ الصَّلَاةَ فَاذْكُرُوا اللَّهَ قِيَامًا وَقُعُودًا وَعَلَىٰ
جُنُوبِكُمْ ۚ فَإِذَا اطْمَأْنَنتُمْ فَأَقِيمُوا الصَّلَاةَ ۚ إِنَّ الصَّلَاةَ كَانَتْ عَلَى الْمُؤْمِنِينَ كِتَابًا مَّوْقُوتًا ﴿١٠٣﴾

4:102–104.നിങ്ങൾ ഭൂമിയിൽ കൂടി യാത്ര പോകുമ്പോൾ അവിശ്വാസികൾ നിങ്ങളെ ഉപദ്രവിക്കുമെന്ന് ഭയപ്പെടുന്നുവെങ്കിൽ നമസ്കാരം ചുരുക്കി നിർവ്വഹിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. തീർച്ചയായും അവിശ്വാസി കൾ നിങ്ങളുടെ പ്രത്യക്ഷശത്രുക്കളാകുന്നു. താങ്കൾ അവരുടെ കൂട്ട ത്തിൽ ഉണ്ടായിരിക്കുകയും അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ് കാരം നിർവ്വഹിക്കുകയും ചെയ്യുമ്പോൾ അവരിൽ ഒരു വിഭാഗം താങ്ക ളുടെ കൂടെ (നമസ്കാരത്തിന്) നില്ക്കട്ടെ. അവരുടെ ആയുധങ്ങൾ അ വർ എടുത്തുകൊള്ളുകയും ചെയ്യട്ടെ. അങ്ങനെ അവർ സുജൂദ് ചെ യ്തു കഴിഞ്ഞൽ അവർ നിങ്ങളുടെ പിന്നിലേക്ക് മാറിനില്ക്കുകയും നമസ്കരിച്ചിട്ടില്ലാത്ത മറ്റെ വിഭാഗം വന്ന് താങ്കളുടെ കൂടെ നമസ്കരി ക്കുകയും ചെയ്യട്ടെ. അവർ ജാഗരൂകരായിരിക്കുകയും അവരുടെ ആയുധ ങ്ങൾ എടുത്ത് കൊള്ളുകയും ചെയ്യട്ടെ. നിങ്ങളുടെ ആയുധങ്ങളെയും സാധന സാമഗ്രികളെയും കുറിച്ച് നിങ്ങൾ അശ്രദ്ധരായെങ്കിൽ എന്ന് അവിശ്വാസികൾ ആശിക്കുന്നു. പെട്ടെന്ന് നിങ്ങളെ അവർക്ക് കടന്നാ ക്രമിക്കുന്നതിനുവേണ്ടി. മഴ കാരണമായി നിങ്ങൾ ബുദ്ധിമുട്ടുകയൊ, നിങ്ങൾ രോഗബാധിതരാവുകയോ ചെയ്താൽ നിങ്ങളുടെ ആയുധങ്ങൾ താഴെ വെക്കുന്നതിൽ കുറ്റമില്ല. എന്നാൽ നിങ്ങൾ ജാഗ്രത കൈകൊ ള്ളേണ്ടതാണ്. തീർച്ചയായും അല്ലാഹു അവിശ്വാസികൾക്ക് അപമാനകര

മായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്. അങ്ങനെ നിങ്ങൾ നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവിനെ സ്മരിക്കുവിൻ. എന്നാൽ നിങ്ങൾ സമാധാനചിത്തരായിക്കഴിഞ്ഞാൽ നമസ്കാരം (മുറപോലെ) നിർവ്വഹിക്കുവിൻ. തീർച്ചയായും നമസ്കാരം വിശ്വാസികൾക്ക് സമയനിർബ്ബന്ധിതമായ ബാദ്ധ്യതയാകുന്നു.

അങ്ങനെ യുദ്ധവേളയിലായാലും രോഗാവസ്ഥയിലായാലും കഴിയുന്ന വിധത്തിൽ നമസ്കാരം അതിന്റെ നിശ്ചിത സമയങ്ങളിൽ തന്നെ നിർവ്വഹിക്കേണ്ടത് വിശ്വാസികൾക്ക് നിർബ്ബന്ധമാക്കി കല്പിച്ചിരിക്കുകയാണ്.

ലൗകിക കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് വെള്ളിയാഴ്ച ദിവസത്തെ കൂട്ടപ്രാർത്ഥനയ്ക്ക് പങ്കെടുക്കേണ്ടത് മുസ്ലിംകളുടെ നിർബ്ബന്ധ കടമയാണ്. നമസ്കാരത്തിന് മുമ്പോ അല്ലെങ്കിൽ അതിന് ശേഷമോ ഭൗതിക കാര്യങ്ങൾക്കുവേണ്ടി പ്രയത്നിക്കുന്നത് വിലക്കിയിട്ടില്ല. എന്നാൽ വെള്ളിയാഴ്ച പ്രാർത്ഥനയ്ക്ക് വേണ്ടി വിളിക്കുമ്പോൾ എല്ലാം ഉപേക്ഷിച്ചുകൊണ്ട് പ്രാർത്ഥനയ്ക്ക് ചെല്ലുവാൻ ദൈവം ആവശ്യപ്പെട്ടിരിക്കുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نُودِىَ لِلصَّلَوٰةِ مِن يَوْمِ ٱلْجُمُعَةِ فَٱسْعَوْاْ إِلَىٰ ذِكْرِ ٱللَّهِ وَذَرُواْ ٱلْبَيْعَ ۚ

ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ۝ فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُواْ فِى ٱلْأَرْضِ

وَٱبْتَغُواْ مِن فَضْلِ ٱللَّهِ وَٱذْكُرُواْ ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ۝

62:10–11 അല്ലയോ വിശ്വാസികളേ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനായി വിളിക്കപ്പെടുമ്പോൾ അല്ലാഹുവിനെ സ്മരിക്കുന്നതിനുവേണ്ടി നിങ്ങൾ ധൃതിപ്പെട്ടുപോവുകയും ക്രയവിക്രയം നിറുത്തിവെക്കുകയും ചെയ്യുവിൻ. നിങ്ങൾ അറിയുന്നുവെങ്കിൽ അതാണ് നിങ്ങൾക്ക് ഏറ്റവും ഗുണകരം. അങ്ങനെ നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ നിങ്ങൾ പിരിഞ്ഞു പോകുകയും അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊള്ളുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുവിൻ, നിങ്ങൾ വിജയം പ്രാപിക്കുന്നതിനുവേണ്ടി.

പ്രഭാത നമസ്കാരത്തിനു മുമ്പേ രാത്രിയുടെ അന്ത്യയാമങ്ങളിൽ ചെയ്യപ്പെടുന്നതാണ് തഹജ്ജുദ് നമസ്കാരം. അത് ഐച്ഛികമാണെങ്കിലും വളരെ പ്രാധാനപ്പെട്ടൊരു നമസ്കാരമാകുന്നു. അങ്ങനെയുള്ളവരെ ദൈവം സ്തുത്യർഹമായ സ്ഥാനത്തേക്ക് ഉയർത്തുന്നതാണെന്ന് വാഗ്ദാനം നൽകിയിരിക്കുന്നു. ആരാധനയിൽ ഏകാഗ്രത ലഭിക്കുന്നതിനും ശബ്ദ സൗകമാര്യത്തിനും തഹജ്ജുദ് നിസ്കാരം സഹായകമായിത്തീ

രുന്നു.

وَمِنَ ٱلَّيۡلِ فَتَهَجَّدۡ بِهِۦ نَافِلَةً لَّكَ عَسَىٰٓ أَن يَبۡعَثَكَ رَبُّكَ مَقَامٗا مَّحۡمُودٗا ۝

17:80. രാത്രിയിൽ (ഖുർആൻ പാരായണം ചെയ്തുകൊണ്ട്) ഉണർന്ന് നമസ്കരിക്കുക. അത് നിനക്ക് ഐച്ഛികമായ ഒരു കർമ്മമാകുന്നു. സ്തുത്യർഹമായ സ്ഥാനത്തേക്ക് നിന്നെ നിന്റെ രക്ഷിതാവ് ഉയർത്തുന്നതിനുവേണ്ടി.

ലോകത്തിൽ വെച്ച് ഏറ്റവും ഭാരിച്ച ചുമതലയായിരുന്നു, അല്ലാഹു റസൂൽ തിരുമേനി(സ.അ.)യെ ഏല്പിച്ചിട്ടുണ്ടായിരുന്നത്. ആ ഭാരിച്ച ഉത്തരവാദിത്വം പൂർത്തിയാക്കാനുള്ള ശക്തി നേടിയെടുക്കുന്നതിനു വേണ്ടി തഹജ്ജുദ് നമസ്കരിക്കുവാനാണ് ദൈവം റസൂൽ(സ) തിരുമേനിയോട് ആവശ്യപ്പെട്ടത്.

يَٰٓأَيُّهَا ٱلۡمُزَّمِّلُ ۝ قُمِ ٱلَّيۡلَ إِلَّا قَلِيلٗا ۝ نِّصۡفَهُۥٓ أَوِ ٱنقُصۡ مِنۡهُ قَلِيلًا ۝ أَوۡ زِدۡ عَلَيۡهِ وَرَتِّلِ

ٱلۡقُرۡءَانَ تَرۡتِيلًا ۝ إِنَّا سَنُلۡقِي عَلَيۡكَ قَوۡلٗا ثَقِيلًا ۝ إِنَّ نَاشِئَةَ ٱلَّيۡلِ هِيَ أَشَدُّ وَطۡـٔٗا وَأَقۡوَمُ قِيلٗا ۝

73:2–7 അല്ലയോ പുതച്ചുമൂടിയവനേ, കുറച്ചു സമയം ഒഴിച്ച് (ഉറങ്ങിയതിനുശേഷം) രാത്രി എഴുന്നേറ്റു നമസ്കരിക്കുക. അതിന്റെ (രാത്രിയുടെ) പകുതി സമയം അല്ലെങ്കിൽ അതിൽനിന്ന് അല്പം കുറച്ചുകൊള്ളുക. അല്ലെങ്കിൽ അല്പം കൂട്ടുക. ഖുർആൻ ഭംഗിയായി ഓതുകയും ചെയ്യുക. ഭാരിച്ച (ഉത്തരവാദിത്വമേറിയ) ഒരു വചനം (കർത്തവ്യം) നിന്നെ ഏല്പിക്കുവാൻ പോവുകയാണ്. തീർച്ചയായും രാത്രി എഴുന്നേൽക്കുന്നത് ഏകാഗ്രത ലഭിക്കുന്നതിനും സംസാരം നേരെയാകുന്നതിനും ഏറെ അനുയോജ്യമാകുന്നു.

ദൈവം നിർദ്ദേശിച്ചിരുന്ന പ്രകാരം റസൂൽ(സ.അ) തിരുമേനിയും അനുയായികളും തഹജ്ജുദ് നമസ്ക്കരിക്കുന്നവരായിരുന്നുവെന്ന് വിശുദ്ധഖുർആനിൽ അല്ലാഹു തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എങ്കിലും വിശ്വാസികളിൽ പല തുറക്കരായ ആൾക്കാർ ഉള്ളത് കൊണ്ട് എല്ലാവർക്കും ഒരു പോലെ തഹജ്ജുദ് നമസ്ക്കരിക്കാൻ സാധിക്കുകയില്ലങ്കിലും കഴിയുന്ന രീതിയിൽ തഹജ്ജുദ് നമസ്ക്കരിക്കുവാൻ വേണ്ടി ഉപദേശിച്ചിരിക്കുന്നു.

إِنَّ رَبَّكَ يَعۡلَمُ أَنَّكَ تَقُومُ أَدۡنَىٰ مِن ثُلُثَيِ ٱلَّيۡلِ وَنِصۡفَهُۥ وَثُلُثَهُۥ وَطَآئِفَةٞ مِّنَ ٱلَّذِينَ مَعَكَۚ

وَٱللَّهُ يُقَدِّرُ ٱلَّيۡلَ وَٱلنَّهَارَۚ عَلِمَ أَن لَّن تُحۡصُوهُ فَتَابَ عَلَيۡكُمۡۖ فَٱقۡرَءُواْ مَا تَيَسَّرَ مِنَ ٱلۡقُرۡءَانِۚ

عَلِمَ أَن سَيَكُونُ مِنكُم مَّرْضَىٰ ۙ وَءَاخَرُونَ يَضْرِبُونَ فِى ٱلْأَرْضِ يَبْتَغُونَ مِن فَضْلِ ٱللَّهِ ۙ
وَءَاخَرُونَ يُقَـٰتِلُونَ فِى سَبِيلِ ٱللَّهِ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنْهُ ۚ

73:21 തീർച്ചയായും നിന്റെ നാഥൻ അറിയുന്നു, രാത്രിയുടെ ഏകദേശം മൂന്നിൽ രണ്ട് ഭാഗമോ, അതിന്റെ പകുതിയോ, അതിന്റെ മൂന്നിലൊന്ന് ഭാഗമോ നീ എഴുന്നേറ്റ് നമസ്ക്കരിക്കുന്നുവെന്ന്. നിന്റെ കൂടെയുള്ള വരിൽ ഒരു സംഘവും. അല്ലാഹു രാത്രിയും പകലും നിർണ്ണയിക്കുന്നു. നിങ്ങൾക്ക് അത് കൃത്യമായി കണക്കാക്കുവാൻ കഴിയുകയില്ലന്ന് അവൻ അറിയുന്നു. നിങ്ങളുടെ നേരെ അവൻ കനിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഖുർആനിൽ നിന്നും സൗകര്യപ്പെടുന്നത് നിങ്ങൾ ഓതുവിൻ. നിങ്ങളിൽ ചിലർ രോഗികളും മറ്റു ചിലർ അല്ലാഹുവിന്റെ അനുഗ്രഹവും തേടി ലോകത്ത് സഞ്ചരിക്കുന്നവരും മറ്റു ചിലർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവരും ആണെന്ന് അവൻ അറിയുന്നു. അതുകൊണ്ട് അതിൽ നിന്നും സൗകര്യപ്പെടുന്നത് നിങ്ങൾ പാരായണം ചെയ്യുവിൻ.

രാത്രി എഴുന്നേറ്റു നമസ്ക്കരിക്കുകയെന്നത് വിശ്വാസികളുടെ പ്രത്യേകതയായി ദൈവം വുശുദ്ധഖുർആനിൽ വിവരിക്കുന്നു.

وَٱلَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَـٰمًا ﴿٦٤﴾

25:65. (പരമകാരുണികന്റെ ദാസന്മാർ) സാഷ്ടാംഗം ചെയ്തുകൊണ്ടും നിന്ന് (നമസ്കരിച്ചു) കൊണ്ടും തങ്ങളുടെ നാഥനുവേണ്ടി രാത്രി കഴിച്ചുകൂട്ടുന്നവരുമാകുന്നു.

تَتَجَافَىٰ جُنُوبُهُمْ عَنِ ٱلْمَضَاجِعِ يَدْعُونَ رَبَّهُمْ خَوْفًا وَطَمَعًا وَمِمَّا رَزَقْنَـٰهُمْ يُنفِقُونَ ﴿١٦﴾

32:17. ഭയത്തോടും പ്രത്യാശ്യയോടും കൂടി തങ്ങളുടെ രക്ഷിതാവിനെ വിളിച്ചു പ്രാർത്ഥിക്കുന്നതിനു വേണ്ടി കിടന്നുറങ്ങുന്ന സ്ഥലങ്ങളിൽ നിന്നും അവരുടെ (വിശ്വാസികളുടെ) പാർശ്വങ്ങൾ വിട്ടുനിൽക്കുന്നു.

നമസ്ക്കാരം നിലനിർത്തുന്നതിനോടൊപ്പം ചെയ്യേണ്ട മറ്റൊരു ആരാധനയാണ് ദൈവത്തെ എന്നും സ്മരിച്ചു കൊണ്ടിരിക്കൽ. ദൈവത്തെ സ്മരിക്കുന്നതിനു വേണ്ടി നിർണ്ണായകമായ രീതിയിലുള്ള ഏർപ്പാടാണ് നമസ്കാരം. എന്നാൽ നമസ്കാരത്തിനു ശേഷവും അതു പോലെ ജീവിതത്തിന്റെ മറ്റെല്ലാവസ്ഥകളിലും തുടർന്നു പോരേണ്ട ആരാധനയാണ് ദൈവത്തെ സ്മരിക്കൽ അഥവാ ദിക്ർ ചെയ്യൽ. ഈലോകത്തിൽ ഏറ്റവും അമൂല്യമായ വസ്തു ദൈവസ്മരണയാണെന്നും ദൈവസ്മരണയിൽ കൂടി മാത്രമേ മനസ്സിന് ശാന്തിയും സമാധാനവും ലഭിക്കുകയുള്ളുവെന്നും ദൈവം നമ്മെ അറിയിച്ചിരിക്കുന്നു.

فَإِذَا قَضَيْتُم مَّنَاسِكَكُمْ فَٱذْكُرُواْ ٱللَّهَ كَذِكْرِكُمْ ءَابَآءَكُمْ أَوْ أَشَدَّ ذِكْرًا

2:201. അല്ലാഹുവിനെ നിങ്ങൾ സ്മരിക്കുക, നിങ്ങളുടെ പിതാക്കളെ നിങ്ങൾ സ്മരിക്കുന്നത് പോലെയൊ അല്ലെങ്കിൽ അതിനേക്കാൾ ശക്തമായ സ്മരണയോടുകൂടിയോ.

ٱلَّذِينَ يَذْكُرُونَ ٱللَّهَ قِيَـٰمًا وَقُعُودًا وَعَلَىٰ جُنُوبِهِمْ وَيَتَفَكَّرُونَ فِى خَلْقِ ٱلسَّمَـٰوَٰتِ

وَٱلْأَرْضِ رَبَّنَا مَا خَلَقْتَ هَـٰذَا بَـٰطِلًا سُبْحَـٰنَكَ فَقِنَا عَذَابَ ٱلنَّارِ ﴿١٩١﴾

3:192. (ബുദ്ധിമാന്മാർ) നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിക്കുകയും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടി വൈഭവത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നവരാണ്. (അവർ പ്രാർത്ഥിക്കുന്നു:) ഞങ്ങളുടെ രക്ഷിതാവേ, നീ ഇത് വ്യർത്ഥമായി സൃഷ്ടിച്ചതല്ല. നിനക്കു സ്തുതി. അതുകൊണ്ട് നരകാഗ്നിയുടെ ശിക്ഷയിൽ നിന്നും ഞങ്ങളെ നീ രക്ഷിക്കേണമേ.

فَإِذَا قَضَيْتُمُ ٱلصَّلَوٰةَ فَٱذْكُرُواْ ٱللَّهَ قِيَـٰمًا وَقُعُودًا وَعَلَىٰ جُنُوبِكُمْ ۚ

4:104. (യുദ്ധവേളയിൽ) നിങ്ങൾ നമസ്ക്കാരം നിർവ്വഹിച്ചു കഴിയുമ്പോൾ നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ സ്മരിക്കുവിൻ.

وَٱذْكُر رَّبَّكَ فِى نَفْسِكَ تَضَرُّعًا وَخِيفَةً وَدُونَ ٱلْجَهْرِ

مِنَ ٱلْقَوْلِ بِٱلْغُدُوِّ وَٱلْـَٔاصَالِ وَلَا تَكُن مِّنَ ٱلْغَـٰفِلِينَ ﴿٢٠٥﴾

7:206. വിനയത്തോടു കൂടിയും ഭയത്തോടുകൂടിയും ശബ്ദം ഉച്ചത്തിൽ ആക്കാതെയും പ്രഭാതത്തിലും സന്ധ്യകളിലും നിന്റെ മനസ്സിൽ നിന്റെ നാഥനെ സ്മരിക്കുക. അശ്രദ്ധരായി കഴിയുന്നവരിൽ നീ ഉൾപ്പെടുകയും അരുത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱذْكُرُواْ ٱللَّهَ ذِكْرًا كَثِيرًا ﴿٤١﴾

33:42. അല്ലയോ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവിൻ. അത്യധികമായി അവന്റെ സ്മരണയിൽ അലിഞ്ഞു ചേരുകയും ചെയ്യുവിൻ.

മനസ്സിന്റെ യഥാർത്ഥമായ സംതൃപ്തിയും സമാധാനവും ദൈവ സ്മരണയിലാണ് നിലകൊള്ളുന്നത്. ദൈവത്തെ യഥാർത്ഥത്തിൽ അറിയാൻ സാധിക്കുന്നതു മൂലം മനസ്സ് ഈ ലോകത്തിന്റെ വേവലാതിയിൽനിന്നും

മരണത്തിനു ശേഷം എന്തു സംഭവിക്കുമെന്ന ഭയപ്പാടിൽനിന്നും മുക്തി നേടുന്നു.

ٱلَّذِينَ ءَامَنُواْ وَتَطۡمَئِنُّ قُلُوبُهُم بِذِكۡرِ ٱللَّهِۗ أَلَا بِذِكۡرِ ٱللَّهِ تَطۡمَئِنُّ ٱلۡقُلُوبُ ۝

13:29. അറിഞ്ഞിരിക്കുക. അല്ലാഹുവിന്റെ സ്മരണയിൽകൂടി മാത്രമേ ഹൃദയം സമാധാനം കണ്ടെത്തുകയുള്ളു.
ഈ ലോകത്തിലെ ഏറ്റവും അമൂല്യവസ്തു ദൈവ സ്മരണയായതിനാൽ അതിന്റെ പ്രത്യക്ഷഫലം പരലോകത്ത് ഗോചരീഭവിക്കുന്നതാണ്. അപ്പോൾ വിശ്വാസികൾ ഏറ്റവും കൂടുതൽ ദു;ഖിക്കുന്നത് ഈ ലോകത്ത് വെച്ച് ദൈവത്തെ ഓർക്കാതിരുന്ന നിമിഷങ്ങളെക്കുറിച്ചായാരിക്കുമെന്ന് നബി തിരുമേനി(സ:അ) അരുൾ ചെയ്തിരിക്കുന്നു.

وَلَذِكۡرُ ٱللَّهِ أَكۡبَرُۗ وَٱللَّهُ يَعۡلَمُ مَا تَصۡنَعُونَ ۝

29:46. അല്ലാഹുവിന്റെ സ്മരണയാണ് ഏറ്റവും വലുത്. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു അറിയുന്നു.

ദൈവത്തെ സ്മരിക്കുന്നതിനായിട്ടാണ് നമസ്ക്കാരം നിലനിർത്താൻ കല്പിച്ചിരിക്കുന്നതെന്ന് വിശുദ്ധഖുർആനിൽ ദൈവം തന്നെ വ്യക്തമാക്കിയിരിക്കുന്നു.

إِنَّنِيٓ أَنَا ٱللَّهُ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدۡنِي وَأَقِمِ ٱلصَّلَوٰةَ لِذِكۡرِيٓ ۝

20:15. തീർച്ചയായും ഞാൻ അല്ലാഹു ആകുന്നു. ഞാനല്ലാതെ വേറൊരു ദൈവമേയില്ല. അതുകൊണ്ട് എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനായി നമസ്കാരം നിലനിർത്തുകയും ചെയ്യുക.

നമസ്കാരം കൊണ്ട് നമ്മുടെ ജീവിതത്തിനും ആത്മാവിനും പല നേട്ടങ്ങളും ഉണ്ട്. അതിൽ ആദ്യത്തേത് നമസ്ക്കരിക്കുകയും ദൈവമാർഗ്ഗത്തിൽ ചിലവഴിക്കുകയും ചെയ്യുന്നവർക്ക് ഒരിക്കലും തന്നെ ദു;ഖിക്കേണ്ടി വരില്ല എന്നതാണ്. ഇതിന്റെ അർത്ഥം അവർക്ക് കഷ്ടപ്പാടുകൾ വരികയില്ല എന്നല്ല. എന്നാൽ അവർക്ക് നഷ്ട്ടപ്പെട്ടത് ദൈവം നികത്തികൊടുക്കുന്നതും നഷ്ട്ടപ്പെട്ടതിനേക്കാൾ കൂടുതൽ നല്ലത് ദൈവം നൽകുന്നതുമായിരിക്കും.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَأَقَامُواْ ٱلصَّلَوٰةَ وَءَاتَوُاْ ٱلزَّكَوٰةَ

لَهُمۡ أَجۡرُهُمۡ عِندَ رَبِّهِمۡ وَلَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ۝

2:278. വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും നമസ്കാരം നിലനിർത്തുകും സക്കാത്ത് കൊടുക്കുകയും ചെയ്യുന്നവരുടെ പ്രതിഫലം

അവരുടെ രക്ഷിതാവിങ്കലുണ്ട്. അവർക്ക് ഭയപ്പെടേണ്ടതില്ല, ദു:ഖിക്കേണ്ട തുമില്ല.

وَٱلَّذِينَ يُمَسِّكُونَ بِٱلْكِتَٰبِ وَأَقَامُوا۟ ٱلصَّلَوٰةَ إِنَّا لَا نُضِيعُ أَجْرَ ٱلْمُصْلِحِينَ ﴿١٧١﴾

7:171. ഗ്രന്ഥം മുറുകെ പിടിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുന്ന ധർമ്മോദ്ധാരകന്മാരുടെ പ്രതിഫലം തീർച്ചയായും നാം പാഴാക്കുകയില്ല.

നമസ്കാരം ചെയ്തു പോയ പാപങ്ങളെ മായിച്ചുകളയുന്നതു പോലെ തന്നെ പാപങ്ങളിൽ നിന്ന് മോചനം നേടിയെടുക്കാനുള്ള ശക്തിയും അത് പ്രദാനം ചെയ്യുന്നു.

وَأَقِمِ ٱلصَّلَوٰةَ طَرَفَىِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيْلِ ۚ إِنَّ ٱلْحَسَنَٰتِ

يُذْهِبْنَ ٱلسَّيِّـَٔاتِ ۚ ذَٰلِكَ ذِكْرَىٰ لِلذَّٰكِرِينَ ﴿١١٤﴾

11:115. പകലിന്റെ രണ്ടറ്റങ്ങളിലും രാവിന്റെ ആദ്യ യാമങ്ങളിലും നമസ്കാരം നിലനിർത്തുക. തീർച്ചയായും സൽപ്രവൃർത്തികൾ ദുഷ്പ്രവൃർത്തികളെ നീക്കിക്കളയുന്നു.

ٱتْلُ مَآ أُوحِىَ إِلَيْكَ مِنَ ٱلْكِتَٰبِ وَأَقِمِ ٱلصَّلَوٰةَ ۖ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ

ٱلْفَحْشَآءِ وَٱلْمُنكَرِ ۗ وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿٤٥﴾

29:46. ഗ്രന്ഥത്തിൽ നിന്ന് നിനക്ക് വെളിപാടായി നൽകിയത് നീ പാരായണം ചെയ്യുകയും നമസ്കാരം നിലനിർത്തുകയും ചെയ്യുക. തീർച്ചയായും നമസ്കാരം ചീത്ത പ്രവൃത്തിയെയും നിഷിദ്ധ കർമ്മത്തെയും തടഞ്ഞു നിർത്തുന്നു.

നമസ്കാരത്തിന്റെ മറ്റൊരു നേട്ടം ആത്മാവിന് ലഭിക്കുന്ന സംതൃപ്തിയാണ്. നമസ്കാരത്തിൽ കൂടി ആത്മാവിന് സംതൃപ്തി ലഭിക്കുന്നതാണെന്ന് ദൈവം പറഞ്ഞിരിക്കുന്നു. എന്റെ കണ്ണിന് കുളിർമ്മ ലഭിക്കുന്നത് നമസ്കാരത്തിലാണെന്ന് റസൂൽ(സ) അരുൾ ചെയ്തിരിക്കുന്നു.

فَٱصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ ٱلشَّمْسِ وَقَبْلَ غُرُوبِهَا ۖ

وَمِنْ ءَانَآئِ ٱلَّيْلِ فَسَبِّحْ وَأَطْرَافَ ٱلنَّهَارِ لَعَلَّكَ تَرْضَىٰ ﴿١٣١﴾

20:131 നിന്റെ നാഥനെ നീ പ്രകീർത്തനം ചെയ്യുക. സൂര്യോദയത്തിന്

മുമ്പും സൂര്യാസ്തമയത്തിന് മുമ്പും. രാത്രിയുടെ ചില യാമങ്ങളിലും പകലിന്റെ സീമകളിലും അവനെ വാഴ്ത്തുക. നീ സംതൃപ്തി കൈവരിക്കുന്നതിന് വേണ്ടി.

നമസ്കാരം കൊണ്ടുള്ള മറ്റൊരു നേട്ടം നമസ്ക്കരിക്കുന്നവർക്ക് വിപുലമായ രീതിയിൽ ലഭ്യമാകുന്ന ആഹാര വിഭവങ്ങളാണ്. ആഹാരം തേടുന്നതിന് മുൻഗണന കൊടുക്കാതെ നമസ്ക്കരിക്കുവാനാണ് ദൈവം കല്പിച്ചിരിക്കുന്നത്. അങ്ങനെയുള്ളവർക്ക് ആഹാരം നൽകുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു.

وَأْمُرْ أَهْلَكَ بِالصَّلَوٰةِ وَاصْطَبِرْ عَلَيْهَا ۖ لَا نَسْـَٔلُكَ
رِزْقًا ۖ نَّحْنُ نَرْزُقُكَ ۗ وَالْعَـٰقِبَةُ لِلتَّقْوَىٰ ﴿١٣٢﴾

20:133. നിന്റെ കുടംബത്തോട് നമസ്കരിക്കുവാൻ കല്പിക്കുക. നീ അതിൽ സ്ഥിരനിഷ്ട കാട്ടുകയും ചെയ്യുക. നിന്നോട് നാം ഭക്ഷണം (തേടുവാൻ) ആവശ്യപ്പെടുന്നില്ല. നിനക്ക് നാമാണ് ആഹാരം തരുന്നത്. ദൈവത്തെ ഭയപ്പെടുന്നവർക്കത്രേ നല്ല പര്യവസാനം.

إِنَّ الَّذِينَ تَعْبُدُونَ مِن دُونِ اللَّهِ لَا يَمْلِكُونَ لَكُمْ رِزْقًا فَابْتَغُوا
عِندَ اللَّهِ الرِّزْقَ وَاعْبُدُوهُ وَاشْكُرُوا لَهُ ۖ إِلَيْهِ تُرْجَعُونَ ﴿١٧﴾

29:18. അല്ലാഹുവിനെ വിട്ടു നിങ്ങൾ ആരാധിക്കുന്നവർ നിങ്ങൾക്ക് ആഹാരം (തരാൻ) ശക്തിയുള്ളവരല്ല. അതുകൊണ്ട് അല്ലാഹുവിനോട് നിങ്ങൾ ആഹാരം ചോദിക്കുവിൻ. അവനെ ആരാധിക്കുകയും അവനോട് നന്ദികാട്ടുകയും ചെയ്യുവിൻ. അവനിലേക്കാണ് നിങ്ങൾ മടങ്ങിപ്പോകുന്നത്.

ജീവിത വിജയം കരസ്ഥമാക്കുന്നതിനു വേണ്ടി നമസ്ക്കരിക്കുവാനാണ് ദൈവം കല്പ്പിച്ചിരിക്കുന്നത്. നമസ്കാരം കൊണ്ടുള്ള മറ്റൊരു നേട്ടമാണ് ജിവിത വിജയം.

يَـٰٓأَيُّهَا الَّذِينَ ءَامَنُوا ارْكَعُوا وَاسْجُدُوا وَاعْبُدُوا رَبَّكُمْ وَافْعَلُوا الْخَيْرَ لَعَلَّكُمْ تُفْلِحُونَ ﴿٧٧﴾

22:78. അല്ലയോ വിശ്വാസികളെ കുമ്പിടികയും സുജൂദ് ചെയ്യുകയും നിങ്ങളുടെ നാഥനെ ആരാധിക്കുകയും നന്മപ്രവർത്തിക്കുകയും ചെയ്യുവിൻ. നിങ്ങൾ വിജയിക്കുന്നതിനു വേണ്ടി.

നമസ്ക്കരിക്കുന്നവർക്ക് പ്രത്യേകമായ രീതിയിൽ ദൈവ കാരുണ്യം ലഭിക്കുന്നതാണ്. ദൈവം അവരെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് കടത്തിക്കൊണ്ടുവരുന്നതാണ്. അവരുടെ ആത്മാവിനെ വളർത്തി

ക്കൊണ്ടു വരുന്നതും ദൈവം അവരുടെ മേൽ അനുഗ്രഹാശിസ്സുകൾ വർഷിച്ചു കൊണ്ടിരിക്കുന്നതുമാകുന്നു.

وَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَأَطِيعُواْ ٱلرَّسُولَ لَعَلَّكُمۡ تُرۡحَمُونَ ۝

24:57. നമസ്ക്കാരം നിലനിർത്തികയും സക്കാത്ത് കെടുക്കുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിക്കുന്നതിനുവേണ്ടി.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱذۡكُرُواْ ٱللَّهَ ذِكۡرٗا كَثِيرٗا ۝ وَسَبِّحُوهُ بُكۡرَةٗ وَأَصِيلًا ۝ هُوَ ٱلَّذِي
يُصَلِّي عَلَيۡكُمۡ وَمَلَٰٓئِكَتُهُۥ لِيُخۡرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِۚ وَكَانَ بِٱلۡمُؤۡمِنِينَ رَحِيمٗا ۝

33:42–44. അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ സ്മരിക്കുവിൻ, അത്യധികം സ്മരണയിലലിഞ്ഞു ചേരുവിൻ. പ്രഭാതത്തിലും സായാഹ്നത്തിലും അവനെ വാഴ്ത്തുകയും ചെയ്യുവിൻ. അവനത്രേ നിങ്ങളുടെ മേൽ അനുഗ്രഹാശിസ്സുകൾ അർപ്പിക്കുന്നത്, ഒപ്പം അവന്റെ മലക്കുകളും. ഇരുട്ടിൽ നിന്ന് വെളച്ചത്തിലേക്ക് നിങ്ങളെ അവൻ കടത്തിക്കൊണ്ടു വരുന്നതിനു വേണ്ടി. സത്യവിശ്വാസികളോട് അവൻ പ്രത്യേകം കാരുണ്യം ചെയ്യുന്നവനാകുന്നു.

നമസ്ക്കാരം കൊണ്ടുള്ള മറ്റൊരു നേട്ടം നമസ്ക്കരിക്കുന്നവർക്ക് ലഭിക്കുന്ന മഹത്തായ ദൈവിക പ്രതിഫലമാണ്.

إِنَّ ٱلَّذِينَ يَتۡلُونَ كِتَٰبَ ٱللَّهِ وَأَقَامُواْ ٱلصَّلَوٰةَ وَأَنفَقُواْ مِمَّا رَزَقۡنَٰهُمۡ سِرّٗا وَعَلَانِيَةٗ يَرۡجُونَ
تِجَٰرَةٗ لَّن تَبُورَ ۝ لِيُوَفِّيَهُمۡ أُجُورَهُمۡ وَيَزِيدَهُم مِّن فَضۡلِهِۦٓۚ إِنَّهُۥ غَفُورٞ شَكُورٞ ۝

35:30–31. അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും. നമസ്ക്കാരം നിലനിർത്തുകയും നാം നൽകിയതിൽ നിന്നും രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും ചെയ്യുന്നവർ ഒരിക്കലും നശിക്കാത്ത ഒരു കച്ചവടം പ്രത്യാശിക്കുന്നു. അവരുടെ പ്രതിഫലം അവർക്ക് അവൻ പൂർണമായി നൽകുകയും തന്റെ അനുഗ്രഹത്തിൽനിന്ന് വർധിപ്പിച്ച് കെടുക്കുകയും ചെയ്യുന്നതാണ്. തീർച്ചയായും അവൻ പൊറുത്തു കൊടുക്കുന്നവനും സൽക്കർമ്മങ്ങളെ വിലമതിക്കുന്നവനും ആകുന്നു.

നമസ്ക്കരിക്കുന്നവർ ഒരിക്കലും തന്നെ ജീവിതത്തിൽ അപമാനിക്കപ്പെടുന്നതല്ല. മാത്രമല്ല നമസ്ക്കരിക്കുന്നവരെ അപമാനിക്കാൻ ശ്രമിക്കുന്ന ശത്രുക്കളെ ദൈവം തന്നെ ഛേദിച്ചു കളയുന്നതാണന്ന് മുന്നറിയിപ്പു നൽകിയിരിക്കുകയാണ്.

إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ ۝ فَصَلِّ لِرَبِّكَ وَٱنۡحَرۡ ۝ إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ ۝

108:2–4. തീർച്ചയായും നിനക്ക് നാം ആധിക്യം നൽകിയരിക്കുന്നു. അതു കൊണ്ട് നിന്റെ നാഥനുവേണ്ടി നമസ്ക്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. നിന്നോട് ശത്രുത കാണിക്കുന്നവൻ നിശ്ചയമായും ഛേദിക്ക പ്പെടുന്നതാണ്.

നമസ്ക്കരിക്കുന്നതുകൊണ്ട് ലഭിക്കുന്ന നേട്ടങ്ങൾ നമസ്ക്കരിക്കാത്ത വർക്ക് ലഭിക്കുന്നതല്ല. അവർക്ക് വൻനാശത്തെയാണ് അഭീമുഖികരി ക്കേണ്ടി വരികയെന്ന് വിശുദ്ധഖുർആൻ മുന്നറിയിപ്പ് നൽകുന്നു.

فَخَلَفَ مِنۢ بَعۡدِهِمۡ خَلۡفٌ أَضَاعُواْ ٱلصَّلَوٰةَ وَٱتَّبَعُواْ ٱلشَّهَوَٰتِۖ فَسَوۡفَ يَلۡقَوۡنَ غَيّٗا ۝

19:60. എന്നാൽ അവർക്ക് ശേഷം (ആദ്യവിശ്വാസികൾക്കു ശേഷം) ഒരു തലമുറ തുടർന്നുവന്നു. അവർ നമസ്ക്കാരം പാഴാക്കുകയും ശരീരേ ച്ഛകളെ പിന്തുടരുകയും ചെയ്തു. അതുകൊണ്ട് അവർ നേരിടാൻ പോകുന്നത് വൻനാശമാണ്.

നമസ്ക്കരിക്കാതെയും ദൈവത്തിന് അനുസരണം കാഴ്ച വെക്കാതെയും ജീവിക്കുന്നവർ അവരുടെ ജീവിതം പാഴാക്കിക്കളയുന്നു. അങ്ങനെയു ള്ളവർ നിന്ദിതരായി നരകത്തിൽ പ്രവേശിക്കുന്നതാണന്ന് ദൈവം വിധി ച്ചിരിക്കുന്നു. നമസ്ക്കരിക്കുന്നവരും അല്ലാത്തവരും ദൈവ ദൃഷ്ടിയിൽ തുല്യരല്ലാത്തത് കൊണ്ട് നമസ്ക്കരിക്കുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹ ങ്ങൾ നമസ്ക്കരിക്കാത്തവർക്ക് ലഭിക്കുമെന്ന് പ്രത്യാശിക്കുന്നതും വ്യർ ത്ഥമാണ്.

وَقَالَ رَبُّكُمُ ٱدۡعُونِيٓ أَسۡتَجِبۡ لَكُمۡۚ إِنَّ ٱلَّذِينَ يَسۡتَكۡبِرُونَ

عَنۡ عِبَادَتِي سَيَدۡخُلُونَ جَهَنَّمَ دَاخِرِينَ ۝

40:61. നിങ്ങളുടെ നാഥൻ പറയുന്നു, എന്നെ വിളിച്ച് പ്രാർത്ഥിക്കുവിൻ, ഞാൻ നിങ്ങളുടെ പ്രാർത്ഥനയ്ക്കുത്തരം നൽകുന്നു. എന്നെ ആരാധി ക്കാതെ അഹംഭാവം കാണിക്കുന്നവർ നിന്ദ്യരായി നരകത്തിൽ പ്രവേശി ക്കുന്നതാണ്.

فِي جَنَّٰتٖ يَتَسَآءَلُونَ ۝ عَنِ ٱلۡمُجۡرِمِينَ ۝ مَا سَلَكَكُمۡ فِي سَقَرَ ۝

قَالُواْ لَمۡ نَكُ مِنَ ٱلۡمُصَلِّينَ ۝ وَلَمۡ نَكُ نُطۡعِمُ ٱلۡمِسۡكِينَ ۝ وَكُنَّا نَخُوضُ مَعَ ٱلۡخَآئِضِينَ ۝

74:41–48. ആരാമങ്ങളിലുള്ളവർ കുറ്റവാളികളെക്കുറിച്ച് അന്യോന്യം ചോ

ദിക്കുന്നതാണ്, ഏതൊരു കാര്യമാണ് നിങ്ങളെ നരകാഗ്നിയിൽ കൊണ്ടെത്തിച്ചത്? അവർ പറയും, ഞങ്ങൾ നമസ്കരിക്കുന്നവർ ആയിരുന്നില്ല. ഞങ്ങൾ ദരിദ്രർക്ക് ആഹാരം നൽകുന്നവരും ആയിരുന്നില്ല. കളിതമാശകൾ പറയുന്നവരുടെ കൂടെ ഞങ്ങളും തമാശകൾ പറഞ്ഞു കൊണ്ടിരുന്നു.

നമസ്കാരത്തോടൊപ്പം ദൈവ മാർഗ്ഗത്തിൽ ചിലവഴിക്കുകയും ചെയ്യേണ്ടതാണ്. ദൈവ മാർഗ്ഗത്തിൽ ചിലവഴിക്കാതെ വെറുതെ മുഖങ്ങളെ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുന്നതു കൊണ്ട് പുണ്യമില്ലെന്ന് വിശുദ്ധ ഖുർആനിൽ (2:177) വ്യക്തമാക്കിയിരിക്കുന്നു. ദൈവമാർഗ്ഗത്തിൽ ചിലവഴിക്കുന്നതിനെ കുറിച്ച് വേറൊരു അദ്ധ്യായത്തിൽ പ്രത്യേകമായി തന്നെ വിവരിച്ചിരിക്കുന്നു.

ആരാധനാ കർമ്മങ്ങളിൽ ഇനിയേറ്റവും പ്രധാന്യമർഹിക്കുന്നതാണ് വ്രതാനുഷ്ടാനം. നമസ്കാരത്തെപ്പോലെത്തന്നെ വ്രതാനുഷ്ടാനവും മുമ്പുള്ള മതവിശ്വാസികളിൽ നർബന്ധമാക്കിയിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാവുന്നു. (2:183)

വ്രതാനുഷ്ടാനത്തിന്റെ നേട്ടങ്ങൾ പലതാണെങ്കിലും അതിന്റെ മുഖ്യമായ ഉദ്ദേശ്യം രണ്ടാണെന്നാണ് വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അതിൽ ഒന്നാമത്തേതാണ് തഖ്വ. അഥവാ ദൈവ ഭക്തി. യഥാർത്ഥത്തിലുള്ള ദൈവഭയം ദൈവികജ്ഞാനം മുഖേനെയാണ് ഉണ്ടാകുന്നത്. വ്രതമനുഷ്ടിക്കുന്നതു മൂലം മഅ്രിഫത്ത് അഥവാ ദിവ്യജ്ഞാനം നേടിയെടുക്കാൻ സാധിക്കുന്നതാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. മഅ്രിഫത്തിന് ഏറ്റവും അത്യാവശ്യം ദൈവിക വെളിപാടുകളാണ്. വ്രതമനുഷ്ടിക്കുന്നവർക്ക് ദൈവത്തിന്റെ മഅ്രിഫത്ത് കരസ്ഥമാകുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും അടയാളങ്ങൾ വെളിപാടുകളായോ മറ്റു രൂപത്തിലോ ദർശിക്കുവാൻ സാധിക്കുന്നതാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

വ്രതാനുഷ്ടാനത്തിന്റെ മറ്റൊരു ലക്ഷ്യം കൃതജ്ഞതയാണ്. വിശുദ്ധ ഖുർആൻ അവതരിപ്പിച്ചു കൊണ്ട് മനുഷ്യരാശിയെ ദൈവം നേർമാർഗ്ഗം കാണിച്ചിരിക്കുന്നതിനാൽ അവന്റെ മഹത്തായ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കുക എന്നത് മനുഷ്യരുടെ ബാധ്യതയായിത്തീരുന്നു. ഈ കാരണം കൊണ്ടുതന്നെ വിശുദ്ധ ഖുർആൻ അവതരിപ്പിക്കുവാൻ തുടങ്ങിയ റംസാൻ മാസം വ്രതമനുഷ്ടിക്കുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നു. വ്രതമനുഷ്ടിക്കാനുള്ള കല്പനകളും അതിന്റെ ഉദ്ദേശ്യവും ലക്ഷ്യങ്ങളും റംസാൻ മാസം തിരഞ്ഞെടുക്കുന്നതിന്റെ കാരണവും താഴെ പറയുന്ന വിശുദ്ധ വാക്യങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ ٱلصِّيَامُ كَمَا كُتِبَ

عَلَى ٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿

2:184. അല്ലയോ വിശ്വാസികളേ, നിങ്ങൾക്കു മുമ്പുള്ളവരുടെ മേൽ വിധിക്കപ്പെട്ടിരുന്നതു പോലെ നിങ്ങളുടെ മേലും വ്രതാനുഷ്ടാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദൈവഭയം ഉള്ളവരായിത്തീരുന്നതിന് വേണ്ടി.

شَهْرُ رَمَضَانَ ٱلَّذِىٓ أُنزِلَ فِيهِ ٱلْقُرْءَانُ هُدًى لِّلنَّاسِ وَبَيِّنَٰتٍ مِّنَ ٱلْهُدَىٰ وَٱلْفُرْقَانِ ۚ فَمَن

شَهِدَ مِنكُمُ ٱلشَّهْرَ فَلْيَصُمْهُ ۖ ..... وَلِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ وَلَعَلَّكُمْ تَشْكُرُونَ ﴿

2:186. റംസാൻ മാസം, അതിൽ ഖുർആൻ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു, മനുഷ്യർക്ക് മാർഗ്ഗദർശനത്തിനുവേണ്ടി. അതിൽ നേർവഴി കരസ്ഥമാക്കുന്നതിനുള്ള തെളിവുകളും (സത്യാസത്യങ്ങളുടെ) വിവേചനവും അടങ്ങിയിരിക്കുന്നു. അതുകൊണ്ട് നിങ്ങളിൽ ആരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അവർ അതിൽ വ്രതമനുഷ്ടിക്കട്ടെ..... നിങ്ങളെ നേർവഴി കാണിച്ചതിന് നിങ്ങൾ അല്ലാഹുവിന്റെ മഹത്വത്തെ വാഴ്ത്തുന്നതിന് വേണ്ടിയും നിങ്ങൾ നന്ദി കാണിക്കുന്നതിന് വേണ്ടിയും.

ദൈവത്തിൽനിന്നുള്ള അറിയിപ്പുകളായി (വെളിപാടുകളുമായി) മലക്കുകൾ ഇറങ്ങി വരുന്ന ഒരു രാത്രിയുണ്ടെന്ന് ദൈവം വിശുദ്ധ ഖുർആനിൽ പറയുന്നു. ആയിരം മാസത്തെക്കാൾ പ്രാധാന്യമുള്ള ഈ രാത്രിയെ ലൈലത്തുൽ ഖദർ അഥവാ നിർണ്ണായക രാത്രി എന്ന് വിശുദ്ധ ഖുർആനിൽ വിവിരിച്ചിരിക്കുന്നു. ദിവ്യവെളിപാടുകളുമായി മലക്കുകൾ ഇറങ്ങി വരുന്ന ഈ പ്രതിഭാസം അഥവാ ലൈലത്തുൽ ഖദ്ർ എല്ലാ റംസാനിലും സംഭവിക്കുന്നുണ്ടെന്ന് റസൂൽ (സ) വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് നിഷ്കളങ്കമായി റംസാൻ മാസത്തിൽ വ്രതമനുഷ്ടിക്കുന്നവർക്ക് ദൈവത്തിൽ നിന്നുള്ള അറിയിപ്പുകൾ വെളിപാടുകളായോ സ്വപ്നങ്ങളായോ ദർശനങ്ങളായോ ലഭിക്കുന്നതാണ്. അങ്ങനെ വ്രതമനുഷ്ടിക്കുന്നവർക്ക് മഅ്രിഫത്ത് ലഭ്യമായിത്തീരുന്നു.

إِنَّآ أَنزَلْنَٰهُ فِى لَيْلَةِ ٱلْقَدْرِ ﴿ وَمَآ أَدْرَىٰكَ مَا لَيْلَةُ ٱلْقَدْرِ ﴿ لَيْلَةُ ٱلْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ ﴿

تَنَزَّلُ ٱلْمَلَٰٓئِكَةُ وَٱلرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ ﴿ سَلَٰمٌ هِىَ حَتَّىٰ مَطْلَعِ ٱلْفَجْرِ ﴿

97:2–6 തീർച്ചയായും ഇതിനെ (ഖുർആനെ) നിർണ്ണായക രാത്രിയിൽ നാം ഇറക്കിയിരിക്കുന്നു. എന്താണ് നിർണ്ണായക രാത്രി എന്ന് നിന്നെ എങ്ങനെ മനസ്സിലാക്കിത്തരും? നിർണ്ണായക രാത്രി ആയിരം മാസത്തെക്കാൾ ശ്രേഷ്ടമാകുന്നു. അതിൽ മലക്കുകളും ദൈവിക വെളിപാടുകളും തങ്ങളുടെ നാഥന്റെ അനുമതിയോടെ വിവിധ കല്പനകളുമായി ഇറ

ങ്ങുകയായി. അത് സമാധാനമാണ്, പ്രഭാതോദയം വരെ.

വിശുദ്ധ ഖുർആൻ അവതരിപ്പിക്കാൻ തുടങ്ങിയത് റമസാൻ മാസത്തിലാണെന്നും ദൈവിക വെളിപാടുകളുമായി മലക്കുകൾ വരുന്നത് നിർണ്ണായക രാത്രിയിലാണെന്നും പറഞ്ഞതിൽനിന്നും നിർണ്ണായക രാത്രി റംസാൻ മാസത്തിലാണെന്ന് മനസ്സിലാക്കാം. ലോകത്ത് അന്ധകാരം നടമാടുന്ന സമയത്ത് ദൈവിക വെളിപാടുകളിൽകൂടി അന്ധകാരം തുടച്ചു നീക്കപ്പെടുകയും സത്യം സ്ഥാപിക്കപ്പെടുകയും ചെയ്യുന്ന പ്രതിഭാസമാണ് യഥാർത്ഥത്തിൽ ലൈലത്തുൽ ഖദ്ർ. അതൊരു രാത്രിയേക്കാൾ ഉപരിയായി ഒരു കാലഘട്ടത്തെ സൂചിപ്പിക്കുന്നു. ആ കാലഘട്ടം പ്രവാചകന്മാരും മുജദ്ദിദുമാരും (പരിഷ്ക്കർത്താക്കളും) ആവിർഭവിക്കുന്ന കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. ആയിരം മാസം ഒരു നൂറ്റാണ്ടിനേയും അതുപോലെ ഒരു മനുഷ്യായുസ്സിനേയും സൂചിപ്പിക്കുന്നു. മുജദ്ദിദുമാർ ഓരോ നൂറ്റാണ്ടിലും അവതരിക്കുന്നു. വ്യക്തിപരമായ രീതിയിൽ ലൈലത്തുൽ ഖദ്റിന്റെ പ്രതിഫലനം എല്ലാ ഓരോ റംസാൻ മാസത്തിലും സംഭവിച്ചു കൊണ്ടിരിക്കുന്നു. അതിലൂടെ ലഭിക്കുന്ന മഅ്രിഫത്ത് ഒരു വ്യക്തിയുടെ ജീവിതത്തെ പൂർണമായി മാറ്റി മറിച്ച് ദൈവത്തിൽ ലയിപ്പിക്കുന്നു.

റംസാനിൽ വ്രതമനുഷ്ടിക്കുന്നതുകൊണ്ടുള്ള മറ്റൊരു നേട്ടം ഈ മാസത്തിൽ ദുആകൾ അധികമായി സ്വീകരിക്കപ്പെടുന്നതുകൊണ്ട് വ്രതമനുഷ്ടിക്കുന്നവർക്ക് അവരുടെ പ്രയാസങ്ങളും വിഷമതകളും ദൈവത്തിന്റെ മുമ്പിൽ അവതരിപ്പിച്ച് അതിൽനിന്ന് മോചനം നേടുവാൻ സാധിക്കുന്നു എന്നതാണ്. റംസാൻ മാസത്തിൽ ദുആകൾ ധാരാളമായി സ്വീകരിക്കപ്പെടുന്നതിനെക്കുറിച്ച് വ്രതാനുഷ്ടാനങ്ങളെക്കുറിച്ച് വിവരിക്കുന്നതിനിടയിലായി ദൈവം നമ്മെ ഇങ്ങനെ അറിയിച്ചിരിക്കുന്നു:

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ

إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

2:187. എന്റെ ദാസന്മാർ എന്നെക്കുറിച്ച് നിന്നോട് ചോദിക്കുമ്പോൾ പറയുക: തീർച്ചയായും ഞാൻ സമീപസ്ഥനാണ്, പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് അവൻ എന്നോട് പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നൽകുന്നു. അതുകൊണ്ട് അവർ എനിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി.

പ്രഭാതം മുതൽ സന്ധ്യ വരെയാണ് വ്രതാനുഷ്ടാനത്തിന്റെ സമയം. രാത്രി കാലങ്ങളിൽ തിന്നുകയും കുടിക്കുകയും സ്ത്രീകളുമായി (ഭാര്യയുമായി) ബന്ധപ്പെടുകയും ചെയ്യാം. എന്നാൽ റംസാൻ വ്രതാനുഷ്ടാന

ത്തോടുകൂടി ഐച്ഛികമായി ചെയ്യപ്പെടുന്ന മറ്റൊരു ആരാധനയുണ്ട്. എല്ലാ ലൗകിക കാര്യങ്ങളും ഒഴിവാക്കിക്കൊണ്ട് അല്ലാഹുവിനുവേണ്ടി അവന്റെ പ്രാർത്ഥനാലയങ്ങളിൽ വസിച്ചുകൊണ്ട് അവനെ സ്മരിക്കുന്ന ഈ കർമ്മത്തിന് ഇഅ്തികാഫ് എന്ന് പറയുന്നു. ഇഅ്തികാഫ് ഇരിക്കുന്നവർ അവരുടെ പ്രാഥമികാവശ്യങ്ങൾക്കുവേണ്ടി മാത്രം വീടുകളിൽ ചെല്ലാവുന്നതാണ്. ഇവർക്ക് മറ്റുള്ളവരെപ്പോലെ രാത്രികാലങ്ങളിൽ ഭക്ഷണം കഴിക്കാമെങ്കിലും സ്ത്രീകളുമായി ബന്ധപ്പെടാനുള്ള അനുവാദം നൽകിയിട്ടില്ല.

أُحِلَّ لَكُمْ لَيْلَةَ ٱلصِّيَامِ ٱلرَّفَثُ إِلَىٰ نِسَآئِكُمْ ۚ هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ .... فَٱلْـَٰٔنَ

بَٰشِرُوهُنَّ وَٱبْتَغُوا۟ مَا كَتَبَ ٱللَّهُ لَكُمْ ۚ وَكُلُوا۟ وَٱشْرَبُوا۟ حَتَّىٰ يَتَبَيَّنَ لَكُمُ ٱلْخَيْطُ ٱلْأَبْيَضُ

مِنَ ٱلْخَيْطِ ٱلْأَسْوَدِ مِنَ ٱلْفَجْرِ ۖ ثُمَّ أَتِمُّوا۟ ٱلصِّيَامَ إِلَى ٱلَّيْلِ ۚ وَلَا تُبَٰشِرُوهُنَّ وَأَنتُمْ عَٰكِفُونَ فِى

ٱلْمَسَٰجِدِ ۗ تِلْكَ حُدُودُ ٱللَّهِ فَلَا تَقْرَبُوهَا ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ ءَايَٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَّقُونَ ﴿١٨٧﴾

2:188. വ്രതകാല രാത്രികളിൽ നിങ്ങളുടെ സ്ത്രീകളുമായുള്ള സംസർഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്കുള്ള വസ്ത്രവും നിങ്ങൾ അവർക്കുള്ള വസ്ത്രവുമാണ്.....അവരുമായി നിങ്ങൾ സംസർഗം പുലർത്തുകയും അല്ലാഹു നിങ്ങൾക്ക് വിധിച്ചത് നിങ്ങൾ തേടുകയും ചെയ്തു കൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, ഉഷസ്സിന്റെ കറുത്ത തന്തുവിൽ നിന്നും വെളുത്ത തന്തു നിങ്ങൾക്ക് വ്യക്തമാകുന്നതു വരെ. പിന്നീട് രാത്രിവരെ വ്രതം പൂർത്തിയാക്കുകയും ചെയ്യുക. പള്ളികളിൽ ഉപാസനയിൽ നിങ്ങൾ ഇരിക്കുമ്പോൾ അവരുമായി സംസർഗ്ഗം ചെയ്യരുത്. ഇവ അല്ലാഹുവിന്റെ പരിധികളാണ്. അതുകൊണ്ട് അവരെ സമീപിക്കരുത്. ഇപ്രകാരം അല്ലാഹു അവന്റെ സന്ദേശങ്ങൾ മനുഷ്യർക്ക് വേണ്ടി വ്യക്തമാക്കിക്കൊടുക്കുന്നു. അവർ ദൈവഭയമുള്ളവരായിത്തീരുന്നതിനുവേണ്ടി.

അല്ലാഹുവിന്റെ എല്ലാ കല്പനകളിലും വിധിവിലക്കുകളിലും ശിക്ഷാവിധികളിലും ഇളവുകൾ അനുവദിക്കപ്പെട്ടതുപോലെ വ്രതം അനുഷ്ടിക്കുവാൻ വിഷമതകൾ ഉള്ളവർക്ക് ഇളവുകൾ അനുവദിക്കപ്പെട്ടിരിക്കുന്നു. രോഗികളും യാത്രക്കാരും വ്രതം ഒഴിവാണ്ടേതാണ്. എന്നാൽ മറ്റു ദിവസങ്ങളിൽ വ്രതം പൂർത്തിയാക്കുകയും കഴിവുള്ളവർ പ്രായശ്ചിത്തമായി അഗതികൾക്ക് ഭക്ഷണം നൽകുകയും വേണം. അകാരണമായി വ്രതം ഒഴിവാക്കുന്നതിനേക്കാൾ വ്രതം അനുഷ്ടിക്കുന്നതിനെയാണ് ദൈവം മഹത്വപ്പെടുത്തിയിരിക്കുന്നത്.

فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۚ وَعَلَى ٱلَّذِينَ يُطِيقُونَهُۥ فِدْيَةٌ طَعَامُ
مِسْكِينٍ ۖ فَمَن تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهُۥ ۚ وَأَن تَصُومُوا۟ خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿١٨٤﴾

2:185. നിങ്ങളിൽ ആരെങ്കിലും രോഗിയാണ് അല്ലെങ്കിൽ യാത്രയിലാണ് എങ്കിൽ അയാൾ മറ്റുദിവസങ്ങളിൽ എണ്ണം പൂർത്തിയാക്കട്ടെ. അതോടൊപ്പം കഴിവുള്ളവർ പ്രായശ്ചിത്തമായി ഒരു അഗതിയുടെ ആഹാരം നൽകുകയും ചെയ്യട്ടെ. ഇനി സ്വമനസ്സാലെ ആരെങ്കിലും നന്മചെയ്യുവാൻ (വ്രതം അനുഷ്ടിക്കുന്നതോടൊപ്പം അഗതിക്ക് ആഹാരം നൽകുവാൻ) ഉദ്ദേശിക്കുന്നുവെങ്കിൽ അയാൾക്കത് കൂടുതൽ നല്ലതാണ്.

فَمَن شَهِدَ مِنكُمُ ٱلشَّهْرَ فَلْيَصُمْهُ ۖ وَمَن كَانَ مَرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۗ

2:186. നിങ്ങളിൽ ആരാണോ ആ മാസത്തിന് സാക്ഷ്യം വഹിക്കുന്നത് അയാൾ ആ മാസത്തിൽ വ്രതം അനുഷ്ടിക്കട്ടെ. എന്നാൽ നിങ്ങളിൽ ആരെങ്കിലും രോഗിയാണ് അല്ലെങ്കിൽ യാത്രയിലാണ് എങ്കിൽ അയാൾ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തിയാക്കുകയും ചെയ്യട്ടെ.

വ്രതം അനുഷ്ടിക്കുന്നതുകൊണ്ട് ആത്മീയമായ നേട്ടങ്ങളോടപ്പം തന്നെ ശാരിരികമായ പല നേട്ടങ്ങളും ഉണ്ട്. ഉപവാസ സമയത്ത് ശരീരത്തിൽ കെട്ടിക്കിടക്കുന്ന കൊഴുപ്പുകൾ വലിച്ചെടുത്ത് ഉപയോഗപ്പെടുത്തുന്നതിനാൽ ശരീരം കൂടുതൽ ആരോഗ്യമുള്ളതായിത്തീരുന്നു. ശരീരത്തിലെ വിഷാംശങ്ങൾ പുറം തള്ളപ്പെടുകയും ശരീരത്തിന്റെ ദഹനപ്രക്രിയയും രക്ത ചക്രമണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ കാര്യശേഷി വർദ്ധിക്കുകയും ചെയ്യുന്നു.

പരുശുദ്ധ റമസാനിലെ വ്രതാനുഷ്ടാനത്തിനു ശേഷം ആരാധനാ കർമ്മങ്ങളിൽ അടുത്തതാണ് വിശുദ്ധ മക്കയിൽ പോയി കഴിവുള്ളവർ ഹജ്ജ് കർമ്മം നിർവ്വഹിക്കുക എന്നത്. ഹജ്ജ് ചെയ്യാൻ കഴിവുള്ളവർക്ക് അതൊരു ബാദ്ധ്യതയാണന്ന് ദൈവം വിശുദ്ധഖുർആനിൽ കല്പിക്കുന്നു.

وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا ۚ

وَمَن كَفَرَ فَإِنَّ ٱللَّهَ غَنِىٌّ عَنِ ٱلْعَٰلَمِينَ ﴿٩٧﴾

3:98. യാത്രയ്ക്ക് കഴിവുള്ള എല്ലാ മനുഷ്യർക്കും (പരിശുദ്ധ) മന്ദിരത്തിൽ ചെന്ന് തീർത്ഥാടനം നിർവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാകുന്നു. ഇനി ആരെങ്കിലും നിഷേധിക്കുകയാണങ്കിൽ തീർച്ചയായും അല്ലാഹു ലോകങ്ങളിൽ വെച്ച് ആരെയും ആശ്രയിക്കാത്തവനാകുന്നു.

മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ആദ്യത്തെ പ്രാർത്ഥനാ മന്ദിരമാണ് കഅ്ബ.

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِى بِبَكَّةَ مُبَارَكًا وَهُدًى لِّلْعَـٰلَمِينَ ۝

3:97. അനുഗ്രഹീതവും സർവ്വ ലോകർക്കുമുള്ള മാർഗ്ഗദർശനവുമായി നിശ്ചയമായും സമസ്ത മനുഷ്യർക്കായി സ്ഥാപിക്കപ്പെട്ട ആദ്യത്തെ പ്രാർത്ഥനാ മന്ദിരം മക്കയിലുള്ളതുതന്നെയാണ്.

മക്കയുടെ വിശുദ്ധി ദൈവം തന്നെ അവന്റെ വചനങ്ങളാൽ വെളിപ്പെടുത്തിയിരിക്കുകയാണ്. അതൊരു പുണ്യഭൂമിയാണെന്നതിന് താഴെ പറയുന്ന വാക്യങ്ങൾ സാക്ഷ്യം വഹിക്കുന്നു.

إِنَّمَآ أُمِرْتُ أَنْ أَعْبُدَ رَبَّ هَـٰذِهِ ٱلْبَلْدَةِ ٱلَّذِى

حَرَّمَهَا وَلَهُۥ كُلُّ شَىْءٍ ۖ وَأُمِرْتُ أَنْ أَكُونَ مِنَ ٱلْمُسْلِمِينَ ۝

27:92. ഈ പട്ടണത്തെ (മക്കയെ) വിശുദ്ധമാക്കിവെച്ച അതിന്റെ നാഥനെ ഞാൻ ആരാധിക്കണമെന്നു മാത്രമാണ് എന്നോട് കല്പിക്കപ്പെട്ടിരിക്കുന്നത്. അവന്റെതാണ് എല്ലാ വസ്തുക്കളും. അവനെ അനുസരിക്കുന്നവരിൽ ഞാൻ ആയിരിക്കണമെന്നും എന്നോട് കല്പിക്കപ്പെട്ടിരിക്കുന്നു.

وَلَمْ نُمَكِّن لَّهُمْ حَرَمًا ءَامِنًا يُجْبَىٰٓ إِلَيْهِ ثَمَرَٰتُ كُلِّ شَىْءٍ رِّزْقًا

مِّن لَّدُنَّا وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ۝

28:58. നമ്മുടെ അടുക്കൽ നിന്നുള്ള ഭക്ഷണ വിഭവമെന്ന നിലയിൽ എല്ലാവിധ പഴങ്ങളും കൊണ്ടുവരപ്പെടുന്ന സുരക്ഷിതമായ ഒരു പുണ്യഭൂമി നാം അവർക്ക് സ്ഥാപിച്ചു കൊടുത്തില്ലേ? പക്ഷേ അവരിൽ അധികപേരും അറിയാത്തവരാകുന്നു.

മക്കയിൽ പോയി ഹജ്ജ് ചെയ്യുന്നതിലും കഅ്ബയുടെ നേരെ തിരിഞ്ഞു നമസ്ക്കരിക്കുന്നതിലും ഒരു ത്യാഗത്തിന്റെ കഥ ഒളിഞ്ഞു കിടക്കുന്നുണ്ട്. കഅ്ബയിൽ പോയി ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിലൂടെയും അതിനുനേരെ തിരിഞ്ഞു ആരാധനകൾ അർപ്പിക്കുന്നതിലൂടെയും അതേ ത്യാഗങ്ങൾ ദൈവത്തിനു വേണ്ടി അർപ്പിക്കുവാൻ തയ്യാറാണന്ന പ്രതിജ്ഞാ ബദ്ധതയാണ് നാം പ്രകടിപ്പിക്കുന്നത്. കഅ്ബയുടെ പുനർ നിർമ്മാണത്തിനു വേണ്ടി സ്വന്തം മകനെ അതിനു ചുറ്റും ആൾക്കാർ താമസിക്കാതിരിക്കുന്ന ഒരു കാലഘട്ടത്ത് ദൈവ കല്പന പ്രകാരം ഉപേക്ഷിച്ചു പോരേണ്ടി വന്ന ത്യാഗസമ്പന്നനായ ഒരു പിതാമഹന്റെ മഹൽ പ്രവൃത്തിയെ അനുസ്മരിച്ചുകൊണ്ട് അതുപോലുള്ള ത്യാഗങ്ങൾ നാം

ദൈവത്തിനു വേണ്ടി ഏറ്റെടുക്കുവാൻ തയ്യാറാണന്ന സന്നദ്ധതയാണ് നാം ഹജ്ജ് കർമ്മത്തിലൂടെ പ്രകടമാക്കുന്നത്. പ്രവാചകനായ ഇബ്രാഹീം (അ) ചെയ്ത ഈ ത്യാഗം സ്വന്തം മകനെ ദൈവത്തിനുവേണ്ടി ബലിയർപ്പിക്കുന്നതിനു തുല്യമായിരുന്നു. ഇബ്രാഹിം(അ)ന് തന്റെ മകനെ ബലിയർപ്പിക്കുന്നതിനെക്കുറിച്ച് ദൈവത്തിൽ നിന്നും സ്വപ്നരൂപത്തിലൂടെ ഉണ്ടായ ആ അറിയിപ്പിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു സാത്വികനായ മകനു വേണ്ടി ഇബ്രാഹീം (അ) പ്രാർത്ഥിക്കുകയും ദൈവം ഒരു മകനെ കനിഞ്ഞു നൽകുകയും ചെയ്തു. ഈ പ്രാർത്ഥനയും തുടർന്നുള്ള സംഭവ വികാസങ്ങളും വിശുദ്ധഖുർആനിൽ നമുക്ക് ഇങ്ങനെ പാരായണം ചെയ്യാം.

رَبِّ هَبْ لِي مِنَ ٱلصَّٰلِحِينَ ۝ فَبَشَّرْنَٰهُ بِغُلَٰمٍ حَلِيمٍ ۝ فَلَمَّا بَلَغَ مَعَهُ ٱلسَّعْىَ قَالَ يَٰبُنَىَّ إِنِّىٓ أَرَىٰ فِى ٱلْمَنَامِ أَنِّىٓ أَذْبَحُكَ فَٱنظُرْ مَاذَا تَرَىٰ ۚ قَالَ يَٰٓأَبَتِ ٱفْعَلْ مَا تُؤْمَرُ ۖ سَتَجِدُنِىٓ إِن شَآءَ ٱللَّهُ مِنَ ٱلصَّٰبِرِينَ ۝ فَلَمَّآ أَسْلَمَا وَتَلَّهُۥ لِلْجَبِينِ ۝ وَنَٰدَيْنَٰهُ أَن يَٰٓإِبْرَٰهِيمُ ۝ قَدْ صَدَّقْتَ ٱلرُّءْيَآ ۚ إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ۝ إِنَّ هَٰذَا لَهُوَ ٱلْبَلَٰٓؤُا۟ ٱلْمُبِينُ ۝ وَفَدَيْنَٰهُ بِذِبْحٍ عَظِيمٍ ۝

37:101–108. (ഇബ്രാഹീം പ്രാർത്ഥിച്ചു) എന്റെ നാഥാ സദ്വൃത്തനായ ഒരു മകനെ എനിക്ക് പ്രദാനം ചെയ്യേണമേ. അപ്പോൾ സഹന ശീലനായ ഒരു മകനെക്കുറിച്ചുള്ള സന്തോഷ വാർത്ത നാം അറിയിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ കൂടെ അദ്ധ്വാനിക്കാനുള്ള പ്രായം ആ ബാലന് എത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, എന്റെ കുഞ്ഞുമകനേ, ഞാൻ നിന്നെ ബലികൊടുക്കുന്നതായി സ്വപ്ന ദർശനത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ. നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു, എന്റെ പ്രിയ പിതാവേ, അങ്ങയോട് എന്താണോ കല്പിക്കപ്പെടുന്നത് അത് താങ്കൾ ചെയ്തു കൊള്ളുക. അല്ലാഹു നിശ്ചയിക്കുന്നുവെങ്കിൽ ക്ഷമാശീലരിൽ ഒരാളായി താങ്കൾ എന്നെ കാണുന്നതാണ്. അങ്ങനെ അവർ ഇരുവരും അനുസരണം കാണിക്കുകയും നെറ്റിത്തടത്തിന്മേൽ (മകനെ) താഴെ കിടത്തുകയും ചെയ്തപ്പോൾ നാം അദ്ദേഹത്തെ വിളിച്ചു പറഞ്ഞു: അല്ലയോ ഇബ്രാഹീം, തീർച്ചയായും നീ സ്വപ്ന ദർശനം നിറവേറ്റിയിരിക്കുന്നു. തീർച്ചയായും ഇപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. അത് തീർച്ചയായും സ്പഷ്ടമായ ഒരു പരീക്ഷണം തന്നെയായിരുന്നു. ശ്രേഷ്ടമായ ഒരു ബലിയർപ്പണം നാം അതിന് പകരം നൽകുകയും ചെയ്തു.

ഇസ്മായിൽ(അ)നെ ബലിയർപ്പിക്കാനുള്ള സ്വപ്നം പൊതുവെ വിശ്വസിക്കപ്പെടുന്നതുപോലെ അദ്ദേഹം ശിശുവായിരുന്ന പ്രായത്തിലല്ല ഉണ്ടായത്. ആ ബാലന് അദ്ധ്വാന പ്രായമെത്തിയ സമയത്താണെന്ന് മേൽവാക്യ

ത്തിൽ നിന്നും വ്യക്തമാണ്. കഅ്ബയുടെ പുനർനിർമ്മാണത്തിനും അവിടെ പുനരധിവസം നടക്കുന്നതിനും വേണ്ടി വിജന പ്രദേശത്ത് സ്വന്തം ഭാര്യയെയും മകനെയും ഉപേക്ഷിച്ചു പോരുവാനുള്ള കല്പനയായിരുന്നു യഥാർത്ഥത്തിൽ സ്വപ്നത്തിലൂടെ ബലികൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഈ ത്യാഗത്തെയാണ് ശ്രേഷ്ടമായ ഒരു ബലിയർപ്പണം നാം അതിന് പകരം നൽകുകയും ചെയ്തു എന്ന വാക്യം മനസ്സിലാക്കിത്തരുന്നത്. അല്ലാതെ ഒരാടിനെ ബലിയർപ്പിക്കുന്നത് ഒരു മകനെ ബലിയർപ്പിക്കുന്നതിനെക്കാൾ ശ്രേഷ്ടമാകുകയില്ല. ഈ ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി ഇസ്മായിലിനെ കഅ്ബയ്ക്കടുത്ത് താമസിപ്പിച്ചതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ വിവരിക്കുന്നതിങ്ങനെയാണ്:

رَّبَّنَآ إِنِّيٓ أَسۡكَنتُ مِن ذُرِّيَّتِي بِوَادٍ غَيۡرِ ذِي زَرۡعٍ عِندَ بَيۡتِكَ ٱلۡمُحَرَّمِ رَبَّنَا لِيُقِيمُواْ ٱلصَّلَوٰةَ

فَٱجۡعَلۡ أَفۡـِٔدَةٗ مِّنَ ٱلنَّاسِ تَهۡوِيٓ إِلَيۡهِمۡ وَٱرۡزُقۡهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمۡ يَشۡكُرُونَ ٣٧

14:38. (ഇബ്രാഹീം പറഞ്ഞു:) ഞങ്ങളുടെ നാഥാ എന്റെ സന്താനങ്ങളിൽ നിന്നും (ഒരുമകനെയും ഭാര്യയെയും) കൃഷിയിടമില്ലാത്ത ഒരു താഴ്വരയിൽ നിന്റെ പാവനമായ മന്ദിരത്തിന്റെ അടുത്ത് ഞാനിതാ പാർപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിലനിർത്തുന്നതിന് വേണ്ടിയാണ് (അങ്ങനെ ചെയ്തത്). അതുകൊണ്ട് മനുഷ്യരിൽ ചിലരുടെ ഹൃദയങ്ങളെ അവരിലേക്ക് ചായ്വുള്ളതാക്കിത്തീർക്കുകയും കായ്കനികളാൽ അവർക്ക് നീ ഭക്ഷണം നൽകുകയും ചെയ്യേണമേ. അവർ കൃതജ്ഞത പ്രകടിപ്പിക്കുന്നതിനുവേണ്ടി.

ഇബ്രാഹീം നബി(അ)യും ഇസ്മായിൽ നബി(അ)യും ചേർന്നാണ് കഅ്ബ പടുത്തുയർത്തിയത്. ആ സമയത്തുള്ള അവരുടെ പ്രാർത്ഥന വിശുദ്ധ ഖുർആനിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്.

وَإِذۡ يَرۡفَعُ إِبۡرَٰهِـۧمُ ٱلۡقَوَاعِدَ مِنَ ٱلۡبَيۡتِ وَإِسۡمَٰعِيلُ

رَبَّنَا تَقَبَّلۡ مِنَّآۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلۡعَلِيمُ ١٢٧

2:128. ഇബ്രാഹീമും ഇസ്മായീലും (കഅ്ബ) മന്ദിരത്തിന്റെ അടിത്തറ പടുത്തുയർത്തിയ സന്ദർഭം അവർ പ്രാർത്ഥിച്ചു, ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീ ഇത് സ്വീകരിച്ചാലും. നിശ്ചയമായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

ഇബ്രാഹീമും ഇസ്മായീലും (അ) ചേർന്ന് കഅ്ബ പടുത്തുയർത്തിയതിന് ശേഷമാണ് ഹജ്ജ് തീർത്ഥാടനം ആരംഭിച്ചതെന്ന് താഴെ പറയുന്ന വാക്യങ്ങളിൽനിന്ന് വ്യക്തമാണ്.

وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ
لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿٢٦﴾ وَأَذِّن فِى ٱلنَّاسِ بِٱلْحَجِّ
يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ ﴿٢٧﴾

22:27–28 ഇബ്രാഹീമിന് (പരിശുദ്ധ) മന്ദിരത്തിന്റെ സ്ഥാനം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (നാം പറഞ്ഞു:) എന്നോടൊരു വസ്തുവിനെയും നീ പങ്കുചേർക്കരുത്. എന്റെ മന്ദിരം പ്രദക്ഷിണം ചെയ്യുന്നവർക്കു വേണ്ടിയും നിന്നും കുനിഞ്ഞും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നവർക്കുവേണ്ടിയും ശുദ്ധമാക്കി വെക്കുക. മനുഷ്യർക്കിടയിൽ ഹജ്ജിനെക്കുറിച്ച് വിളംബരം ചെയ്യുക. അവർ കാൽനടയായും വിദൂരമായ ഓരോ മലവഴികളിൽകൂടിയും (യാത്രാക്ഷീണം കാരണമായി) ക്ഷീണിച്ച ഒട്ടകത്തിന്മേൽ കയറിയും നിന്റെ അടുക്കൽ വരുന്നതാണ്.

എന്താണ് ഹജ്ജ് കർമ്മമെന്നും അതെങ്ങനെയാണ് നിർവ്വഹിക്കേണ്ടതെന്നും വളരെ ചുരുങ്ങിയ രീതിയിൽ വിശുദ്ധ ഖുർആൻ വിവരിക്കുന്നതിപ്രകാരമാണ്.

لِّيَشْهَدُوا۟ مَنَٰفِعَ لَهُمْ وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَٰتٍ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ
ٱلْأَنْعَٰمِ ۖ فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْبَآئِسَ ٱلْفَقِيرَ ﴿٢٨﴾ ثُمَّ لْيَقْضُوا۟ تَفَثَهُمْ وَلْيُوفُوا۟ نُذُورَهُمْ وَلْيَطَّوَّفُوا۟
بِٱلْبَيْتِ ٱلْعَتِيقِ ﴿٢٩﴾ ذَٰلِكَ وَمَن يُعَظِّمْ حُرُمَٰتِ ٱللَّهِ فَهُوَ خَيْرٌ لَّهُۥ عِندَ رَبِّهِۦ ۗ وَأُحِلَّتْ لَكُمُ
ٱلْأَنْعَٰمُ إِلَّا مَا يُتْلَىٰ عَلَيْكُمْ ۖ فَٱجْتَنِبُوا۟ ٱلرِّجْسَ مِنَ ٱلْأَوْثَٰنِ وَٱجْتَنِبُوا۟ قَوْلَ ٱلزُّورِ ﴿٣٠﴾

22:29–31 അവർക്ക് (ഹജ്ജ് മൂലം ലഭിക്കേണ്ട) പ്രയോജനങ്ങൾക്ക് അവർ സന്നിഹിതരാകുന്നതിനും അല്ലാഹു അവർക്ക് നൽകിയ നാല്ക്കാലി മൃഗങ്ങളെ നിർണ്ണിത ദിവസങ്ങളിൽ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് അവർ (ബലി അർപ്പിക്കുന്നതിന് വേണ്ടിയും) ആകുന്നു (ഹജ്ജ്). അങ്ങനെ അതിൽനിന്നും നിങ്ങൾ ഭക്ഷിക്കുകയും വിശന്ന് പൊരിഞ്ഞ അഗതികൾക്ക് ഭക്ഷണമായി നൽകുകയും ചെയ്യുക. പന്നെ അവർ തങ്ങളെ വെടിപ്പാക്കുകയും അവരുടെ പ്രതിജ്ഞകളെ നിറവേറ്റുകയും പുരാതനമായ മന്ദിരത്തെ പ്രദക്ഷിണം ചെയ്യുകയും ചെയ്യട്ടെ. അതാണ് (ഹജ്ജ്). ആരാണോ അല്ലാഹു പവിത്രമാക്കിയ വസ്തുക്കളെ ആദരിക്കുന്നത് അപ്പോൾ അത് അവന് തന്റെ രക്ഷിതാവിന്റെ അടുക്കൽ ഗുണക

രമായിരിക്കുന്നതാണ്.

യഥാർത്ഥത്തലുള്ള ഹജ്ജ് ഈ വാക്യങ്ങളിൽ പറഞ്ഞ പ്രകാരം ഒരു പ്രതിജ്ഞ നിറവേറ്റലാണ്. അതായത് ഇബ്രാഹീം നബി(അ)നെ പോലെ ദൈവ മാർഗ്ഗത്തിൽ വേണ്ടിവന്നാൽ സ്വന്തം പുത്രനെപ്പോലും ബലിയർപ്പിക്കാൻ തയാറാണെന്നുള്ള പ്രതിജ്ഞ. ഈ പ്രതിജ്ഞയുമായി നിഷ്കളങ്കമായി ഹജ്ജ് ചെയ്യുന്നവരുടെ ഹജ്ജ് അല്ലാഹു സ്വീകരിക്കുകയും അതിനു ശേഷം അവരുടെ ജീവിതത്തിൽ ദൈവമാർഗ്ഗത്തിൽ ത്യാഗങ്ങൾ അനുഷ്ടിക്കാനുള്ള അവസരങ്ങൾ അല്ലാഹു ഉണ്ടാക്കിക്കൊടുക്കുകയും അങ്ങനെ അവരുടെ ത്യാഗങ്ങളുടെ ഫലമായി അവർ സ്വർഗ്ഗത്തിന് അർഹരായിത്തീരുകയും ചെയ്യുന്നു. ത്യാഗങ്ങൾ ചെയ്യാനുള്ള തയ്യാറെടുപ്പില്ലാതെ ഹജ്ജിന് പോയി വരുന്നവർക്ക് ഹജ്ജിന്റെ പ്രതിഫലമായ സ്വർഗ്ഗം ലഭിക്കണമെന്നില്ല. അവർക്ക് ചിലപ്പോൾ അവരുടെ യാത്രയുടെ പ്രതിഫലം ലഭിച്ചെന്ന് വരാം.

ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ അശ്ലീല കാര്യങ്ങളും ദുർവിവാദങ്ങളും അധിക്ഷേപങ്ങളും പാടില്ലെന്ന് ദൈവം ഹാജികളെ ഉദ്ബോധിപ്പിക്കുന്നു.

ٱلْحَجُّ أَشْهُرٌ مَّعْلُومَـٰتٌ ۚ فَمَن فَرَضَ فِيهِنَّ ٱلْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِى ٱلْحَجِّ ۗ وَمَا
تَفْعَلُوا۟ مِنْ خَيْرٍ يَعْلَمْهُ ٱللَّهُ ۗ وَتَزَوَّدُوا۟ فَإِنَّ خَيْرَ ٱلزَّادِ ٱلتَّقْوَىٰ ۚ وَٱتَّقُونِ يَـٰٓأُو۟لِى ٱلْأَلْبَـٰبِ ﴿١٩٧﴾

2:198. ഹജ്ജ് അറിയപ്പെടുന്ന മാസങ്ങളിലാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ (ഇഹ്റാമിൽ) പ്രവേശിച്ചു കഴിഞ്ഞാൽ സ്ത്രീപുരുഷ സംസർഗമോ അധിക്ഷേപങ്ങളോ ദുർവിവാദങ്ങളോ പാടുള്ളതല്ല. നന്മയായി നിങ്ങൾ എന്ത് ചെയ്യുന്നുവോ അത് അല്ലാഹു അറിയുന്നു. നിങ്ങൾ യാത്രയ്ക്കുവേണ്ട വിഭവങ്ങൾ കരുതിക്കൊള്ളുക. എന്നാൽ തഖ്വ(ദൈവഭയം)യാണ് ഏറ്റവും നല്ല മുൻകരുതൽ. അല്ലയോ ബുദ്ധിശാലികളേ, നിങ്ങൾ എന്നോട് തഖ്വയുള്ളവരായിരിക്കുവിൻ.

വിശുദ്ധ ഖുർആനിൽ ദൈവത്തിന്റെ ചിഹ്നങ്ങളായി ചില കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. വിശുദ്ധ കഅ്ബയും, കുന്നുകളായ സഫായും മർവയും, പുണ്യമാസങ്ങളും ബലി മൃഗങ്ങളും തീർത്ഥാടകരും ഒക്കെയാണ് ആ ചിഹ്നങ്ങൾ. ദൈവ ചിഹ്നങ്ങളെ ആദരിക്കുവാനും ബഹുമാനിക്കുവാനും വിശുദ്ധ ഖുർആനിൽ ദൈവം നമ്മോട് നിർദ്ദേശിക്കുന്നു. ദൈവിക ചിഹ്നങ്ങളെ അനാദരിക്കുന്നത് ദൈവകോപത്തിന് കാരണമായിത്തീരുന്നതാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحِلُّوا۟ شَعَـٰٓئِرَ ٱللَّهِ وَلَا ٱلشَّهْرَ ٱلْحَرَامَ وَلَا ٱلْهَدْىَ وَلَا ٱلْقَلَـٰٓئِدَ

وَلَآ ءَآمِّينَ ٱلْبَيْتَ ٱلْحَرَامَ يَبْتَغُونَ فَضْلًا مِّن رَّبِّهِمْ وَرِضْوَٰنًا

5:3. അല്ലയോ വിശ്വാസികളേ, അല്ലാഹുവിന്റെ ചിഹ്നങ്ങളെ നിങ്ങൾ അനാദരിക്കരുത്. പുണ്യമാസത്തെയും ബലിമൃഗങ്ങളെയും അവയുടെ കഴുത്തിൽ ചാർത്തിയ അടയാളത്താലികളെയും, തങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹവും തൃപ്തിയും തേടി പരിശുദ്ധ മന്ദിരം ലക്ഷ്യമാക്കി പോകുന്ന തീർത്ഥാടകരെയും നിങ്ങൾ അനാദരിക്കരുത്.

جَعَلَ ٱللَّهُ ٱلْكَعْبَةَ ٱلْبَيْتَ ٱلْحَرَامَ قِيَٰمًا لِّلنَّاسِ وَٱلشَّهْرَ ٱلْحَرَامَ وَٱلْهَدْىَ وَٱلْقَلَٰٓئِدَ

5:98. പരിശുദ്ധ മന്ദിരമായ കഅ്ബയെ മനുഷ്യർക്ക് നിലനില്പിനായി (പ്രാർത്ഥിക്കുവാനായി) അല്ലാഹു (പവിത്രമാക്കി) വെച്ചിരിക്കുന്നു. അതു പോലെ പുണ്യമാസങ്ങളെയും ബലി മൃഗങ്ങളെയും അവയുടെ കഴുത്തിൽ ചാർത്തിയ അടയാളത്താലികളെയും (പവിത്രമാക്കി വെച്ചിരിക്കുന്നു).

ذَٰلِكَ وَمَن يُعَظِّمْ شَعَٰٓئِرَ ٱللَّهِ فَإِنَّهَا مِن تَقْوَى ٱلْقُلُوبِ ۝

22:33. അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആരെങ്കിലും ആദരിക്കുന്നുവെങ്കിൽ അത് ഹൃദയത്തിൽ അല്ലാഹുവിനോടുള്ള ഭക്തി മൂലമാകുന്നു.

ഹജ്ജ് മാസങ്ങളിലും അതുപോലെ മറ്റു സമയങ്ങളിലും മക്കയിൽ ചെന്ന് വിശുദ്ധ കഅ്ബയെ പ്രദക്ഷിണം ചെയ്യാവുന്നതാണ്. ഇതിനെ ഉംറാ അഥവാ ഹൃസ്വതീർത്ഥാടനം എന്നു പറയുന്നു. ഹജ്ജും ഉംറയും ചെയ്യുന്നവർക്ക് സഫാ മർവാ എന്നീ കുന്നുകൾക്കിടയിലുള്ള നടത്തം പുണ്യമായി കല്പിച്ചിരിക്കുകയാണ്. ഹജ്ജിന് പോകുന്നവർക്ക് ഹജ്ജും ഉംറയും ഒന്നിച്ചോ അല്ലെങ്കിൽ വെവ്വേറെയോ നിർവ്വഹിക്കാവുന്നതാണ്.

إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِ ۖ فَمَنْ حَجَّ ٱلْبَيْتَ أَوِ ٱعْتَمَرَ فَلَا جُنَاحَ

عَلَيْهِ أَن يَطَّوَّفَ بِهِمَا ۚ وَمَن تَطَوَّعَ خَيْرًا فَإِنَّ ٱللَّهَ شَاكِرٌ عَلِيمٌ ۝

2:159. നിശ്ചയമായും സഫായും മർവയും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാണ്. അതുകൊണ്ട് (പരിശുദ്ധ) മന്ദിരത്തിൽ ഹജ്ജോ ഉംറയോ ചെയ്യുന്നവർ അവയിലൂടെ പ്രദക്ഷിണം ചെയ്യുന്നതിൽ കുറ്റമില്ല. ആരെങ്കിലും സ്വമേധയാ നന്മ ചെയ്യുകയാണെങ്കിൽ അല്ലാഹു പ്രതിഫലം നൽകുന്നവനും അറിവുറ്റവനുമാകുന്നു.

ദുൽഹജ്ജ് മാസം ഒമ്പതാം തീയതി മക്കയിൽ നിന്നും ഏകദേശം ഒൻപത് മൈൽ അകലെയുള്ള അറഫാ താഴ്വരയിൽ മദ്ധ്യാഹ്നത്തോടെയുള്ള സമ്മേളനത്തോടു കൂടി ഹജ്ജിന്റെ തുടക്കം കുറിക്കുന്നു. അവിടെ വെച്ച് ഹജ്ജ് ഖുതുബയ്ക്ക് ശേഷം മദ്ധ്യാഹ്നം നമസ്കാരവും

സായാഹ്ന നമസ്കാരവും രണ്ട് റക്അത്ത് വീതം ഒന്നിച്ച് നമസ്കരിച്ച് സന്ധ്യയോടു കൂടി മുസ്ദലിഫയിലേക്ക് പുറപ്പെടുന്നു. അവിടെയാണ് മശ്അറുൽ ഹറാം എന്ന കുന്നിൻ പ്രദേശമുള്ളത്. റസൂൽ (സ) തിരുമേനി ഇവിടെ വെച്ച് മഗ്രിബും ഇശായും ഒന്നിച്ച് നമസ്ക്കരിക്കുകയും പ്രാർത്ഥനാനിരതനായി രാത്രി കഴിച്ചു കൂട്ടുകയും ചെയ്തിരുന്നു. ഇവിടെ രാത്രി കഴിച്ചുകൂട്ടിയതിനു ശേഷം സുബ്ഹിയും നമസ്കരിച്ച് സൂര്യൻ ഉദിക്കാറായാൽ മീനായിലേക്ക് മൗനമായി ഭക്തി പുരസ്സരമായി പുറപ്പെടണം. മശ്അറുൽ ഹറാമിന്റേയും മീനായുടേയും ഇടയിലായി ബത്ത്നുമുഹസ്സർ എന്നൊരു താഴ്വരയുണ്ട്. അവിടെയത്തെിയാൽ ധൃതിയിൽ നടക്കേണ്ടതാണ്. ഇവിടം വിട്ടുകഴിഞ്ഞാൽ മീനാവരെ മൗനമായി ഭക്തിയോടെ നടക്കണം.

فَإِذَآ أَفَضْتُم مِّنْ عَرَفَـٰتٍ فَٱذْكُرُوا۟ ٱللَّهَ عِندَ ٱلْمَشْعَرِ ٱلْحَرَامِ ۖ وَٱذْكُرُوهُ كَمَا هَدَىٰكُمْ وَإِن
كُنتُم مِّن قَبْلِهِۦ لَمِنَ ٱلضَّآلِّينَ ﴿١٩٨﴾ ثُمَّ أَفِيضُوا۟ مِنْ حَيْثُ أَفَاضَ ٱلنَّاسُ وَٱسْتَغْفِرُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ
غَفُورٌ رَّحِيمٌ ﴿١٩٩﴾ فَإِذَا قَضَيْتُم مَّنَاسِكَكُمْ فَٱذْكُرُوا۟ ٱللَّهَ كَذِكْرِكُمْ ءَابَآءَكُمْ أَوْ أَشَدَّ ذِكْرًا ۗ

2:199–201 നിങ്ങൾ അറഫാത്തിൽനിന്നും പുറപ്പെട്ടു വരുമ്പോൾ മഷ്അറുൽ ഹറാമിൽ വെച്ച് അല്ലാഹുവിനെ സ്മരിക്കുക. അവൻ നിങ്ങൾക്ക് മാർഗ്ഗദർശനം നൽകിയ പ്രകാരം അവനെ നിങ്ങൾ സ്മരിക്കുവിൻ, ഇതിനുമുമ്പ് നിങ്ങൾ മാർഗഭ്രംശം സംഭവിച്ചവരായിരുന്നുവെങ്കിലും. പീന്നീട് ജനസമൂഹം പാഞ്ഞുപോകുന്ന സ്ഥലത്തു കൂടി വേഗത്തിൽ കടന്നു പോകുവിൻ. നിങ്ങൾ അല്ലാഹുവിനോടു പാപമോചനം തേടുകയും ചെയ്യുവിൻ. തീർച്ചയായും അല്ലാഹു പൊറുത്ത് തരുന്നവനും കരുണാനിധിയുമാകുന്നു. അങ്ങനെ നിങ്ങളുടെ കർമ്മങ്ങൾ നിർവ്വഹിച്ചു കഴിയുമ്പോൾ അല്ലാഹുവിനെ സ്മരിക്കുക. നിങ്ങളുടെ പിതാക്കളെ നിങ്ങൾ സ്മരിക്കുന്നതു പോലെ. അല്ലെങ്കിൽ അതിനേക്കാൾ ശക്തമായ സ്മരണയോടു കൂടി.

ബലിപെരുന്നാൾ ദിവസം (ദുൽഹജ്ജ് 10) മീനായിൽ വെച്ചു് ജംറത്തുൽ അഖബയെ എറിയുകയും ബലി അറുക്കുന്നവർ ബലി അറുക്കുകയും അതിനു ശേഷം വെടിപ്പാക്കുകയും (മുടിയെടുക്കുക, നഖം മുറിക്കുക) ചെയ്യേണ്ടതാണ്. അതിന് ശേഷം മക്കയിൽ വന്ന് കഅ്ബയെ പ്രദക്ഷിണം ചെയ്യുകയും സഫാമർവാക്കിടയിലെ ധൃതിയിലുള്ള നടത്തം (സഅ്യ്) പൂർത്തിയാക്കുകയും വേണം.

لِّيَشْهَدُوا۟ مَنَـٰفِعَ لَهُمْ وَيَذْكُرُوا۟ ٱسْمَ ٱللَّهِ فِىٓ أَيَّامٍ مَّعْلُومَـٰتٍ عَلَىٰ مَا رَزَقَهُم

مِّنۢ بَهِيمَةِ ٱلۡأَنۡعَٰمِۖ فَكُلُواْ مِنۡهَا وَأَطۡعِمُواْ ٱلۡبَآئِسَ ٱلۡفَقِيرَ ثُمَّ لۡيَقۡضُواْ
تَفَثَهُمۡ وَلۡيُوفُواْ نُذُورَهُمۡ وَلۡيَطَّوَّفُواْ بِٱلۡبَيۡتِ ٱلۡعَتِيقِ

22:29–31 അവർക്ക് (ഹജ്ജ് മൂലം ലഭിക്കേണ്ട) പ്രയോജനങ്ങൾക്ക് അവർ സന്നിഹിതരാകുന്നതിനും അല്ലാഹു അവർക്ക് നൽകിയ നാല്ക്കാലി മൃഗങ്ങളെ നിർണ്ണിത ദിവസങ്ങളിൽ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് അവർ (ബലി അർപ്പിക്കുന്നതിന് വേണ്ടിയും) ആകുന്നു (ഹജ്ജ്). അങ്ങനെ തിൽനിന്നും നിങ്ങൾ ഭക്ഷിക്കുകയും വിശന്ന് പൊരിഞ്ഞ അഗതികൾക്ക് ഭക്ഷണമായി നൽകുകയും ചെയ്യുക. പന്നെ അവർ തങ്ങളെ വെടിപ്പാക്കുകയും അവരുടെ പ്രതിജ്ഞകളെ നിറവേറ്റുകയും പുരാതനമായ മന്ദിരത്തെ പ്രദക്ഷിണം ചെയ്യുകയും ചെയ്യട്ടെ. അതാണ് (ഹജ്ജ്).

ശേഷം വീണ്ടും മീനായിലേക്ക് തിരിച്ചു വന്ന് അവിടെ രാപാർക്കണം പിറ്റെ ദിവസം മുതൽ മൂന്നു ദിവസങ്ങളിലായി (ദുൽഹജ്ജ് 11,12,13.) ജുമ്റത്തുൽ ഊല, ജംറത്തുൽ വുസ്ത, ജംറത്തുൽ അഖബ എന്നീ മുന്നു ജംറകളെ കല്ലെറിയണം. മൂന്നുദിവസങ്ങൾക്കു പകരം രണ്ട് ദിവസത്തെ കല്ലേറുകൾ കൊണ്ട് മതിയാക്കാവുന്നതാണ്. അങ്ങനെ നാല് അല്ലെങ്കിൽ അഞ്ച് ദിവസം കൊണ്ട് ഹജ്ജിന്റെ മുഖ്യ കർമ്മങ്ങൾ പൂർത്തിയാകുന്നു. കൂടുതൽ അറിയനാഗ്രഹിക്കുന്നവർ ഹജ്ജിനെ കുറിച്ച് പ്രത്യേകമായി വിവരിക്കുന്ന പുസ്തകങ്ങൾ വായിക്കേണ്ടതാണ്. ഹജ്ജ് കർമ്മങ്ങളെക്കുറിച്ച് വിശുദ്ധഖുർആനിൽ നിന്നും നമുക്ക് സൂചനകൾ മാത്രമേ ലഭിക്കുന്നുള്ളു.

وَٱذۡكُرُواْ ٱللَّهَ فِيٓ أَيَّامٖ مَّعۡدُودَٰتٖۚ فَمَن تَعَجَّلَ فِي يَوۡمَيۡنِ فَلَآ إِثۡمَ عَلَيۡهِ وَمَن تَأَخَّرَ
فَلَآ إِثۡمَ عَلَيۡهِۚ لِمَنِ ٱتَّقَىٰۗ وَٱتَّقُواْ ٱللَّهَ وَٱعۡلَمُوٓاْ أَنَّكُمۡ إِلَيۡهِ تُحۡشَرُونَ

2:204. നിർദ്ദിഷ്ട ദിവസങ്ങളിൽ അല്ലാഹുവിനെ സ്തുതിക്കുക. എന്നാൽ രണ്ടു ദിവസത്തിനുള്ളിൽ മതിയാക്കി ആരെങ്കിലും ധൃതിപ്പെട്ട് പോകുന്നുവെങ്കിൽ അപ്പോൾ അയാളുടെ മേൽ കുറ്റമില്ല. ആരെങ്കിലും (ഒരു ദിവസം കൂടി) താമസിച്ചു പോകുന്നവെങ്കിൽ അയാളുടെ മേലും കുറ്റമില്ല. ദൈവത്തെ ഭയപ്പെടുന്നവർ അല്ലാഹുവിനോടുള്ള കടമ സൂക്ഷിക്കുക. അവനിലേക്ക് നിങ്ങൾ ഒരുമിച്ചു ചേർക്കപ്പെടുമെന്നും അറിയുക.

ഹജ്ജിൽ പ്രവേശിച്ചു കഴിഞ്ഞാൽ ലൈംഗിക വികാരമായ പ്രവൃത്തികളും അധിക്ഷേപങ്ങളും ദുർവിവാദങ്ങളും പാടില്ലന്ന് 2:197–ൽ വ്യക്തമാക്കിയത് ഇതിനു മുമ്പ് വിവരിച്ചിട്ടുണ്ട്. എന്നാൽ ഹജ്ജ് നാളുകളിൽ

ഉപജീവനമാർഗ്ഗങ്ങൾ അന്വേഷിക്കുന്നതിനെ വിരോധിച്ചട്ടില്ല.

لَيۡسَ عَلَيۡكُمۡ جُنَاحٌ أَن تَبۡتَغُواْ فَضۡلٗا مِّن رَّبِّكُمۡۚ

2:199. (ഹജ്ജ്നാളുകളിൽ) നിങ്ങളുടെ രക്ഷിതാവിൽനിന്നുള്ള ഭൗതികാനുഗ്രഹങ്ങർ നിങ്ങൾ അന്വേഷിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല.

ഹജ്ജ് വേളയിൽ കരയിലെ വേട്ട പാടില്ലാത്തതാകുന്നു. കടലിലെ വേട്ടയാടിയാൽ തത്തുല്യമായ മൃഗത്തെ ബലിയർപ്പിച്ചുകൊണ്ട് പ്രായിശ്ചിത്തം ചെയ്യണ്ടതാണ്.

أُحِلَّتۡ لَكُم بَهِيمَةُ ٱلۡأَنۡعَٰمِ إِلَّا مَا يُتۡلَىٰ

عَلَيۡكُمۡ غَيۡرَ مُحِلِّي ٱلصَّيۡدِ وَأَنتُمۡ حُرُمٌۗ إِنَّ ٱللَّهَ يَحۡكُمُ مَا يُرِيدُ ١

5:2. നിങ്ങൾ (ഹജ്ജിന്റെ) പരിശുദ്ധിയിലായിരിക്കെ വേട്ടയാടുന്നത് നിയമാനുസൃതമല്ല. തീർച്ചയായും അല്ലാഹു (അവന്റെ ജ്ഞാന മഹിമയാൽ) ഇച്ചരിക്കുന്നത് അവൻ കല്പിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَيَبۡلُوَنَّكُمُ ٱللَّهُ بِشَيۡءٖ مِّنَ ٱلصَّيۡدِ تَنَالُهُۥٓ أَيۡدِيكُمۡ وَرِمَاحُكُمۡ

لِيَعۡلَمَ ٱللَّهُ مَن يَخَافُهُۥ بِٱلۡغَيۡبِۚ فَمَنِ ٱعۡتَدَىٰ بَعۡدَ ذَٰلِكَ فَلَهُۥ عَذَابٌ أَلِيمٞ ٩٤

5:95. അല്ലയോ വിശ്വാസികളേ, നിങ്ങളുടെ കൈകൾ കൊണ്ടും നിങ്ങളുടെ കുന്തങ്ങൾ കൊണ്ടും എത്തിപ്പിടിക്കാവുന്നതായ നിലയിലുള്ള വേട്ടജന്തുക്കളെക്കൊണ്ട് അല്ലാഹു നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും. അദൃശ്യമായനിലയിൽ തന്നെ ഭയപ്പെടുന്നത് ആരെന്ന് അല്ലാഹു അറിയുന്നതിന് വേണ്ടി. അതുകൊണ്ട് ആരാണോ ഇതിനു ശേഷം അതിരുകടക്കുന്നത്, അപ്പോൾ അവന് വേദനയേറിയ ശിക്ഷ ലഭിക്കുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَقۡتُلُواْ ٱلصَّيۡدَ وَأَنتُمۡ حُرُمٞۚ وَمَن قَتَلَهُۥ مِنكُم مُّتَعَمِّدٗا فَجَزَآءٞ مِّثۡلُ مَا قَتَلَ مِنَ

ٱلنَّعَمِ يَحۡكُمُ بِهِۦ ذَوَا عَدۡلٖ مِّنكُمۡ هَدۡيَۢا بَٰلِغَ ٱلۡكَعۡبَةِ أَوۡ كَفَّٰرَةٞ طَعَامُ مَسَٰكِينَ أَوۡ عَدۡلُ ذَٰلِكَ

صِيَامٗا لِّيَذُوقَ وَبَالَ أَمۡرِهِۦۗ عَفَا ٱللَّهُ عَمَّا سَلَفَۚ وَمَنۡ عَادَ فَيَنتَقِمُ ٱللَّهُ مِنۡهُۗ وَٱللَّهُ عَزِيزٞ ذُو ٱنتِقَامٖ ٩٥

5:96. അല്ലയോ വിശ്വാസികളേ, നിങ്ങൾ (ഹജ്ജിന്റെ) പരിശുദ്ധിയിലായിരിക്കെ (ഇഹ്റാമിലായിരിക്കെ) മൃഗങ്ങളെ (വേട്ടയാടി) കൊല്ലരുത്. നിങ്ങളിലൊരാൾ മന:പൂർവ്വം അതിനെ കൊല്ലുന്നതായാൽ അപ്പോൾ അതിന്റെ പ്രതികിയ നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാന്മാർ വിധി കല്പി

ക്കുന്നതനുസരിച്ച് കൊന്നതിന് തുല്യമായ കന്നുകാലിയെ കഅ്ബയിൽ എത്തിക്കുകയെന്നതാണ്. അല്ലെങ്കിൽ പ്രായശ്ചിത്തമായി ദരിദ്രർക്ക് ഭക്ഷണം നൽകുകയോ അല്ലെങ്കിൽ അതിന് തുല്യമായി വ്രതമനുഷ്ടിക്കുകയോ ചെയ്യേണ്ടതാണ്. അവന്റെ പ്രവൃത്തിയുടെ പരിണിത ഫലം അവൻ അനുഭവിക്കുന്നതിന് വേണ്ടി. കഴിഞ്ഞു പോയതിനെ അല്ലാഹു മാപ്പാക്കിയിരിക്കുന്നു. വല്ലവരും അത് ആവർത്തിക്കുന്നുവെങ്കിൽ അവന്റെ നേരേ അല്ലാഹു ശിക്ഷാ നടപടിയെടുക്കുന്നതാണ്. അല്ലാഹു സർവ്വ ശക്തനും ശിക്ഷ നടപ്പിലാക്കുന്നവനുമാകുന്നു.

أُحِلَّ لَكُمْ صَيْدُ ٱلْبَحْرِ وَطَعَامُهُۥ مَتَٰعًا لَّكُمْ وَلِلسَّيَّارَةِ ۖ وَحُرِّمَ عَلَيْكُمْ

صَيْدُ ٱلْبَرِّ مَا دُمْتُمْ حُرُمًا ۗ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٩٦﴾

5:97. നിങ്ങൾക്കും യാത്രക്കാർക്കും ജീവതവിഭവമെന്ന നിലയിൽ കടലിലെ വേട്ടയും അതിലെ ആഹാരവും അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ഹജ്ജിന്റെ) പരിശുദ്ധിയിലായിരിക്കെ കരയിലെ വേട്ടജന്തുക്കൾ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഏതൊരുവനിലേക്കാണോ നിങ്ങൾ ശേഖരിക്കപ്പെടുന്നത് ആ അല്ലാഹുവിനെ നിങ്ങൾ ഭയപ്പെടുവിൻ.

അറഫായിലെ സമ്മേളനം ഇസ്ലാമിന്റെ ആഗോള വിജയത്തെയും അതു പോലെ പുനരുത്ഥാന ദിവസം മനുഷ്യർ ഒന്നിച്ച് ശേഖരിക്കപ്പെടുന്നതിനെയും സൂചിപ്പിക്കുന്നു. ജംറകളിലെ കല്ലേറുകൾ നമ്മുടെ മനസ്സിൽ നിന്നും പൈശാചിക പ്രേരണകളെ എറിഞ്ഞു മാറ്റാൻ നാം തയ്യാറാണെന്ന നമ്മുടെ പ്രതിജ്ഞയെ ചിത്രീകരിക്കുന്നു.

ബലിയറുക്കൽ ഹജ്ജ് വേളയിൽ നിർബ്ബന്ധമില്ലെങ്കിലും ഹജ്ജും ഉംറയും ഒന്നിച്ച് നിർവ്വഹിക്കുന്നവർ ബലിയറുക്കേണ്ടതാണ്. അതു പോലെ രോഗമോ യുദ്ധമോ മറ്റുവല്ല പ്രതിബന്ധങ്ങൾ കാരണമോ ഹജ്ജ് നിർവ്വഹിക്കാൻ കഴിയാതെ മടങ്ങേണ്ടി വന്നാലും ബലി ദാനം ചെയ്യാവുന്നതാണ്. ബലിയറുക്കാൻ കഴിവില്ലാത്തവരോട് ഉപവാസം അനുഷ്ടിച്ച് പ്രായശ്ചിത്തം ചെയ്യുവാനും ആവശ്യപ്പെട്ടിരിക്കുന്നു.

وَأَتِمُّوا۟ ٱلْحَجَّ وَٱلْعُمْرَةَ لِلَّهِ ۚ فَإِنْ أُحْصِرْتُمْ فَمَا ٱسْتَيْسَرَ مِنَ ٱلْهَدْىِ ۖ وَلَا تَحْلِقُوا۟ رُءُوسَكُمْ

حَتَّىٰ يَبْلُغَ ٱلْهَدْىُ مَحِلَّهُۥ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ بِهِۦٓ أَذًى مِّن رَّأْسِهِۦ فَفِدْيَةٌ مِّن صِيَامٍ

أَوْ صَدَقَةٍ أَوْ نُسُكٍ ۚ فَإِذَآ أَمِنتُمْ فَمَن تَمَتَّعَ بِٱلْعُمْرَةِ إِلَى ٱلْحَجِّ فَمَا ٱسْتَيْسَرَ مِنَ ٱلْهَدْىِ ۚ فَمَن

لَّمْ يَجِدْ فَصِيَامُ ثَلَٰثَةِ أَيَّامٍ فِى ٱلْحَجِّ وَسَبْعَةٍ إِذَا رَجَعْتُمْ ۗ تِلْكَ عَشَرَةٌ كَامِلَةٌ ۗ ذَٰلِكَ لِمَن لَّمْ
يَكُنْ أَهْلُهُۥ حَاضِرِى ٱلْمَسْجِدِ ٱلْحَرَامِ ۚ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿١٩٦﴾

2:197. അല്ലാഹുവിനുവേണ്ടി ഹജ്ജും ഉംറയും പൂർത്തിയാക്കുക. എന്നാൽ നിങ്ങൾ തടയപ്പെടുന്നുവെങ്കിൽ നിങ്ങൾക്ക് സൗകര്യപ്പെടുന്ന ബലിമൃഗത്തെ ബലികഴിക്കുക. ബലിമൃഗം അതിന്റെ നിശ്ചിത സ്ഥാനത്ത് എത്തിച്ചേരുന്നതുവരെ നിങ്ങളുടെ ശിരസ്സുകൾ മുണ്ഡനം ചെയ്യരുത്. എന്നാൽ നിങ്ങളിൽ ആരെങ്കിലും രോഗിയാവുകയോ അല്ലെങ്കിൽ തലയിൽ വല്ല വ്യാധി ബാധിക്കുകയോ ചെയ്താൽ വ്രതമോ ദാനധർമ്മമോ ബലികർമ്മമോ കൊണ്ട് പ്രായശ്ചിത്തം ചെയ്യട്ടെ. ഇനി നിങ്ങൾ സമാധാനാവസ്ഥയിലാവുകയും ആരെങ്കിലും ഉംറ നിർവ്വഹിച്ച് ഹജ്ജ് വരെ സുഖമെടുക്കുന്നതായാൽ സൗകര്യപ്പെടുന്ന ബലിമൃഗത്തെ ബലികഴിക്കട്ടെ. അതിന് കഴിവില്ലാത്തവർ ഹജ്ജ് വേളയിൽ മൂന്ന് ദിവസവും നിങ്ങൾ നാട്ടിൽ മടങ്ങിയെത്തിയാൽ ഏഴുദിവസവും ചേർത്ത് ആകെ പത്ത് ദിവസം വ്രതമനുഷ്ടിക്കേണ്ടതാണ്. ഇത് പരിശുദ്ധ പ്രാർത്ഥനാലയത്തിന്നടുത്ത് കുടുംബസമേതം താമസിക്കാത്തവർക്കുള്ളതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് മനസ്സിലാക്കുകയും ചെയ്യുക.

ഹജ്ജിന് പുറപ്പെട്ട് അത് ചെയ്യാൻ സാധിക്കാതെ തിരിച്ചു വരുന്നവർ ബലിയറുക്കേണ്ടതാണ്. ഹജ്ജും ഉംറയും ഒന്നിച്ച് നിർവ്വഹിക്കുന്നവർ മസ്ജിദുൽഹറാമിന്നടുത്തുള്ള മീനായിൽ വെച്ചാണ് ബലി നിർവ്വഹിക്കേണ്ടത്.

مَحِلُّهَآ إِلَى ٱلْبَيْتِ ٱلْعَتِيقِ ﴿٣٣﴾

22:34. പുരാതന മന്ദിരത്തിന് സമീപമാണ് അവയുടെ ബലിസ്ഥാനം.

ബലികർമ്മം മുസ്ലിംകൾക്ക് മാത്രമല്ല, പൂർവ്വ മത സമൂഹങ്ങൾക്കും നിർബന്ധമാക്കിയിരുന്നതായി വിശുദ്ധ ഖുർആനിൽ ദൈവം വെളിപ്പെടുത്തിയിരിക്കയാണ്.

وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِّيَذْكُرُوا۟ ٱسْمَ ٱللَّهِ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ
ٱلْأَنْعَٰمِ ۗ فَإِلَٰهُكُمْ إِلَٰهٌ وَٰحِدٌ فَلَهُۥٓ أَسْلِمُوا۟ ۗ وَبَشِّرِ ٱلْمُخْبِتِينَ ﴿٣٤﴾

22:35. ഓരോ ജനസമൂഹത്തിനും ബലികർമ്മങ്ങൾ നാം നിശ്ചയിച്ചിട്ടുണ്ട്. നാം അവർക്ക് നൽകിയ നാല്ക്കാലി മൃഗങ്ങളെ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് ബലികഴിക്കുന്നതിനുവേണ്ടി. നിങ്ങളുടെ ദൈവം ഏക

ദൈവമാകുന്നു. അതുകൊണ്ട് അവന് നിങ്ങൾ അനുസരണമർപ്പിക്കുവിൻ. വിനയശീലരെ നീ സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുവിൻ.

ബലി മൃഗങ്ങൾ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാണെന്ന് ഇതിനു മുമ്പേ വിവരിച്ചതാണ്. ബലി മൃഗങ്ങൾ തന്റെ യജമാനന്റെ അഭീഷ്ടത്തിനു വഴങ്ങി അവയുടെ ജീവൻ ത്യാഗം ചെയ്യുന്നതുപോലെ നാമും ദൈവാഭീഷടത്തിന് വഴങ്ങി നമ്മുടെ ജീവൻ ത്യാഗം ചെയ്യാൻ തയ്യാറാകേണ്ടവരാണ് എന്നതത്രെ ബലികർമ്മങ്ങൾ നമ്മെ പഠിപ്പിക്കുന്ന പാഠം. ബലിമൃഗങ്ങൾ കാഴ്ച്ച വെക്കുന്ന ത്യാഗ മനോഭാവം നാം വളർത്തിയെടുക്കുക എന്നതാണ് ബലി കർമ്മങ്ങളുടെ ലക്ഷ്യം. ബലി മൃഗങ്ങളുടെ മാംസം ഉടമസ്ഥന് ഭക്ഷിക്കാവുന്നതും അതോടൊപ്പം മറ്റുള്ളവർക്ക് ദാനം ചെയ്യേണ്ടതുമാണ്.

وَٱلْبُدْنَ جَعَلْنَٰهَا لَكُم مِّن شَعَٰٓئِرِ ٱللَّهِ لَكُمْ فِيهَا خَيْرٌ ۖ فَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهَا صَوَآفَّ ۖ فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْقَانِعَ وَٱلْمُعْتَرَّ ۚ كَذَٰلِكَ سَخَّرْنَٰهَا لَكُمْ لَعَلَّكُمْ تَشْكُرُونَ ﴿٣٦﴾

22:37. ബലിയൊട്ടകങ്ങളെ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതായി നിങ്ങൾക്കു നാം നിശ്ചയിച്ചിരിക്കുന്നു. അവയിൽ നിങ്ങൾക്ക് പ്രയോജനങ്ങൾ ഉണ്ട്. അതുകൊണ്ട് (ബലിയറുക്കാൻ വേണ്ടി) അവ അണിനിരത്തപ്പെടുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് അവയെ ബലിയറുക്കുക. അങ്ങനെ അവ പാർശ്വങ്ങളിൽ വീണു കഴിഞ്ഞാൽ അവയുടെ മാംസം നിങ്ങൾ ഭക്ഷിക്കുകയും (യാചിക്കാതെ) സംതൃപ്തിയടയുന്നവനും ചോദിച്ചു വരുന്നവനും ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക. നിങ്ങൾ നന്ദി കാണിക്കുന്നതിന് വേണ്ടി ഇപ്രകാരം നിങ്ങൾക്ക് നാം അവയെ കീഴ്പ്പെടുത്തി തന്നിരിക്കുന്നു.

ബലി മൃഗങ്ങളുടെ മാംസമോ രക്തമോ ദൈവത്തിൽ എത്തിച്ചേരുന്നില്ലെന്നും എന്നാൽ നാം ബലികഴിക്കുന്നതിന്റെ ലക്ഷ്യമായ ദൈവഭയവും (തഖ്വ) നാം അതിൽ നിന്ന് ഉൾക്കൊള്ളുന്ന പ്രചോദനവും നമ്മുടെ സൽകർമ്മങ്ങളും മാത്രമെ ദൈവത്തിൽ എത്തിച്ചേരുകയുള്ളുവെന്നും അതാണ് ബലികർമ്മങ്ങളുടെ ആന്തരാർത്ഥമെന്നും വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു.

لَن يَنَالَ ٱللَّهَ لُحُومُهَا وَلَا دِمَآؤُهَا وَلَٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ ۚ كَذَٰلِكَ

سَخَّرَهَا لَكُمْ لِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ ۗ وَبَشِّرِ ٱلْمُحْسِنِينَ ﴿٣٧﴾

22:38. അവയുടെ മാംസമോ അവയുടെ രക്തമോ അല്ലാഹുവിങ്കൽ എത്തിച്ചേരുകയില്ല. എന്നാൽ നിങ്ങളുടെ തഖ്വ അവനിൽ എത്തിച്ചേരുന്നു. നിങ്ങൾക്ക് മാർഗ ദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുന്നതിനുവേണ്ടി. ഇപ്രകാരം അവയെ നിങ്ങൾക്കവൻ അധീനപ്പെടുത്തിത്തന്നിരിക്കുന്നു. സൽകർമ്മങ്ങൾ ചെയ്യുന്നവരെ നീ സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുക.

ബലികർമ്മങ്ങൾ നമ്മുടെ വയറ് നിറക്കുവാൻവേണ്ടിയുള്ളതല്ല. നമ്മുടെ ആഗ്രഹാഭിലാഷങ്ങൾ നാം ദൈവത്തിന് കാഴ്ച വെക്കാൻ തയ്യാറാണെന്ന് സൂചിപ്പിക്കാൻ വേണ്ടിയാകുന്നു.

ആരാധനാകർമ്മങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്നതും എന്നാൽ മനസ്സിൽ വളരെയധികം നന്മയുള്ളവർക്കല്ലാതെ ചെയ്യാൻ സാധിക്കുകയില്ലെന്നും പറഞ്ഞ ഒരു കർമ്മമാണ് ദൈവ മാർഗ്ഗത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കൽ. നാം വിശ്വസിക്കുന്ന നേർമാർഗ്ഗം നമുക്ക് ലഭിച്ചതുപോലെ അതു നാം മറ്റുള്ളവർക്കും എത്തിച്ചു കൊടുക്കേണ്ടതാണെന്ന് ദൈവം നമ്മോട് നിർദ്ദേശിക്കുന്നു. ദൈവ മാർഗ്ഗത്തിൽ മറ്റുള്ളവരെ ക്ഷണിക്കുന്നതിനെ തബ്ലീഗ് അഥവാ മതപ്രബോധനം എന്നു പറയുന്നു. മതപ്രബോധനം വളരെയധികം മാന്യമായ രീതിയിൽ നടത്തേണ്ടതാണെന്ന് വിശുദ്ധ ഖുർആൻ നമ്മെ മനസ്സിലാക്കിത്തരുന്നു. മതപ്രബോധനത്തിന്റെ ലക്ഷ്യം മറ്റുള്ളവരെ മതം സ്വീകരിപ്പിക്കുവാൻ നിർബ്ബന്ധിക്കുക എന്നതല്ല. ദൈവത്തിന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുകയും അതവർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ്. നന്മകൾ സ്വായത്തമാക്കിയവർ ദൈവിക സന്ദേശത്തെ സ്വീകരിക്കുകയും അല്ലാത്തവർ തിരസ്ക്കരിക്കുകയും ചെയ്യുന്നതാണ്. നേർമാർഗ്ഗം ലഭിക്കുവാൻ ആരാണ് അർഹരെന്ന് നമുക്കറിയാൻ സാധിക്കുന്നതല്ല. നമ്മുടെ ലക്ഷ്യം സന്ദേശത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുക എന്നതാണ്. അർഹതയുള്ളവരെ ദൈവം തന്നെ സന്ദേശം സ്വീകരിക്കുന്നവരാക്കിത്തീർക്കുകയും അല്ലാത്തവരെ അതിൽ നിന്ന് തിരിച്ചു കളയുകയും ചെയ്യുന്നതാണ്. മറ്റുള്ളവർ സന്ദേശം സ്വീകരിക്കാതിരിക്കുന്നതിനെക്കുറിച്ച് നാം നിരാശരാകേണ്ടതില്ല. മറ്റുള്ളവർ സന്ദേശം സ്വീകരിച്ചാലും ഇല്ലെങ്കിലും നമ്മുടെ സൽക്കർമ്മങ്ങളുടെ ഫലങ്ങൾക്ക് നാം അർഹരായിത്തീരുന്നതാണ്. ദൈവമാർഗ്ഗത്തിലേക്ക് പുറത്തുള്ളവരെ മാത്രമല്ല, നമ്മുടെ അടുത്ത ബന്ധുക്കളേയും ഗോത്രക്കാരെയും ക്ഷണിക്കേണ്ടതാണെന്ന് കൂടി നമ്മോട് നിർദ്ദേശിച്ചിരിക്കയാണ്. തബ്ലീഗിന്റെ ലക്ഷ്യം ഏക ദൈവ വിശ്വാസത്തെയും അവന്റെ മാർഗ്ഗത്തെയും പ്രചരിപ്പിക്കുക എന്നതാണ്. മറ്റു ദൈവ സങ്കല്പങ്ങൾക്കു വേണ്ടിയോ ദൈവത്തോടൊപ്പം മറ്റുള്ളവരെ ആരാധിക്കുവാനോ തബ്ലീഗ് ചെയ്യാൻ പാടുള്ളതല്ല.

തബ്ലീഗ് ചെയ്യാൻ നിർദ്ദേശിക്കുന്ന വിശുദ്ധ ഖുർആനിലെ ദിവ്യ വചനങ്ങളിൽ ഏതാനും ചിലത് താഴെ ഉദ്ധരിക്കുന്നു.

ٱدۡعُ إِلَىٰ سَبِيلِ رَبِّكَ بِٱلۡحِكۡمَةِ وَٱلۡمَوۡعِظَةِ ٱلۡحَسَنَةِۖ وَجَٰدِلۡهُم بِٱلَّتِي هِيَ أَحۡسَنُۚ
إِنَّ رَبَّكَ هُوَ أَعۡلَمُ بِمَن ضَلَّ عَن سَبِيلِهِۦۖ وَهُوَ أَعۡلَمُ بِٱلۡمُهۡتَدِينَ ١٢٥

16:126. വിജ്ഞാനവും നല്ലതായ തത്വോപദേശവും മുഖേനെ നീ (ജനങ്ങളെ) നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് ക്ഷണിക്കുക. ഏറ്റവും നല്ല രീതിയിൽ അവരോട് വാദപ്രതിവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോകുന്നവരെ നിന്റെ നാഥൻ നന്നായി അറിയുന്നു. നേർവഴി പ്രാപിക്കുന്നവരെയും അവൻ ഏറ്റവും നന്നായി അറിയുന്നു.

وَأَنذِرۡ عَشِيرَتَكَ ٱلۡأَقۡرَبِينَ ٢١٤ وَٱخۡفِضۡ جَنَاحَكَ لِمَنِ ٱتَّبَعَكَ مِنَ ٱلۡمُؤۡمِنِينَ ٢١٥

26:215–216 ഏറ്റവും അടുത്ത നിന്റെ ബന്ധുക്കൾക്ക് നീ മുന്നറിയിപ്പു നൽകുകയും നിന്നെ പിന്തുടരുന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക.

قُلۡ هُوَ ٱللَّهُ أَحَدٌ ١ ٱللَّهُ ٱلصَّمَدُ ٢ لَمۡ يَلِدۡ وَلَمۡ يُولَدۡ ٣ وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ ٤

112:2–5 പറയുക (പ്രബോധിക്കുക): അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു എന്നെന്നും നിലനിൽക്കുന്നവനും ആകുന്നു. അവൻ ജനയിതാവല്ല. ജാതനുമല്ല. അവന് തുല്യമായി ഒന്നുമില്ല.

നമ്മുടെ സംസാരത്തിലും വാക്കിലും ഏറ്റവും ഉത്തമമായത് ദൈവത്തിലേക്ക് മറ്റുള്ളവരെ വിളിക്കുന്നതാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. എന്നാൽ ക്ഷമാശീലർക്കും അതീവ ഭാഗ്യവാന്മാർക്കും അല്ലാതെ അതിന് സാധിക്കുന്നതല്ലെന്ന് ദൈവം തന്നെ തുറന്നു പറഞ്ഞിരിക്കയാണ്. വളരെയധികം ക്ഷമയും സഹനവും ആവശ്യമുള്ള ഒരു മേഖലയാണ് മതപ്രബോധനമെന്ന് ഇതിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. മതപ്രബോധനത്തിന്റെ ലക്ഷ്യം മറ്റുള്ളവരെ നന്മയിലേക്ക് നയിക്കുകയും സമാധാനവും സംതൃപ്തിയും സ്ഥാപിക്കുകയും ചെയ്യുക എന്നതാകുന്നു. മതത്തിന്റെ പേരിൽ വിദ്വേഷവും സംഘട്ടനങ്ങളും അക്രമങ്ങളും പ്രബോധിക്കുന്നവർ യഥാർത്ഥത്തിൽ മതപ്രബോധകരല്ല. അവർ മതവിദ്രോഹികളത്രെ.

وَمَنۡ أَحۡسَنُ قَوۡلٗا مِّمَّن دَعَآ إِلَى ٱللَّهِ وَعَمِلَ صَٰلِحٗا وَقَالَ إِنَّنِي مِنَ ٱلۡمُسۡلِمِينَ ٣٣

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ۚ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾ وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُوا۟ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٍ ﴿٣٥﴾

41:34–36 അല്ലാഹുവിലേക്ക് (ജനങ്ങളെ) ക്ഷണിക്കുകയും നന്മ പ്രവർത്തിക്കുകയും അനുസരണം കൈകൊണ്ടവനാണ് (മുസ്‌ലിമാണ്) താനെന്ന് പറയുകയും ചെയ്യുന്നവനേക്കാൾ അധികം ഉത്തമമായ വാക്ക് പറയുന്നവൻ ആരാണ്? സൽപ്രവൃത്തിയും ദുഷ്പ്രവൃത്തിയും സമമാവുകയില്ല. ഏറ്റവും നല്ല പ്രവൃത്തി മുഖേനെ തിന്മയെ പ്രതിരോധിക്കുക. അപ്പോൾ നീയുമായി ശത്രുതയിൽ കഴിയുന്നവൻ നിന്റെ ഉറ്റമിത്രമായിത്തീരുന്നതാണ്. ക്ഷമാശീലർക്കല്ലാതെ അത് പ്രാപ്യമല്ല. അതീവ ഭാഗ്യവാന്മാർക്കുമല്ലാതെ അത് പ്രാപ്യമല്ല.

ഹൃദയസാന്നിദ്ധ്യത്തോടുകൂടി അല്ലാഹുവിനെ ആരാധിക്കുവാനും അവന്റെ മാർഗത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുവാനുമുള്ള സൗഭാഗ്യം ദൈവം നമുക്കെല്ലാവർക്കും തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

****

29 വിശ്വാസികളുടെ പ്രത്യേകതകൾ

യഥാർത്ഥ ദൈവ ഭക്തന്മാരാണെന്ന് അവകാശപ്പെടുന്ന വളരെയേറെ പ്പേരെ നമുക്ക് ഈ ലോകത്ത് കാണാൻ സാധിക്കുമെങ്കിലും അവരെ തിരിച്ചറിയാൻ സാധിക്കുന്നതിനുവേണ്ടി അല്ലാഹു വിശുദ്ധ ഖുർആനിൽ പല അടയാളങ്ങളും വിവരിച്ചിരിക്കുന്നു. ഈ ഗുണങ്ങളെ മുൻനിർത്തി ക്കൊണ്ട് യഥാർത്ഥ ദൈവവിശ്വാസികളെ നമുക്ക് തിരിച്ചറിയാൻ സാധി ക്കുന്നതാണ്. അതുപോലെ യഥാർത്ഥ ദൈവവിശ്വാസികളായിത്തീരാൻ ആഗ്രഹിക്കുന്നവർ ഈ ഗുണവിശേഷണങ്ങളെ ജീവിതത്തിൽ പകർത്തി ക്കൊണ്ട് യഥാർത്ഥ വിശ്വാസികളുടെ ജീവിതരീതി മറ്റുള്ളവരുടെ മുമ്പി ൽ കാഴ്ച വെക്കേണ്ടതുമാണ്.

സത്യവിശ്വാസം ജീവിതം ഒരു തമാശയായി എടുത്ത് വിനോദിച്ച് രസി ക്കുന്നവർക്ക് വേണ്ടിയുള്ളതല്ല. ജീവിതം വളരെ ഗൗരവമേറിയതാണെ ന്നും അതിലധികം ഗൗരവമേറിയ ഒരു ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിന് വേണ്ടിയാണ് ജീവിതം കനിഞ്ഞു നൽകിയിരിക്കുന്നതെന്നും മനസ്സിലാ ക്കി ആ ലക്ഷ്യം പൂർത്തീകരിക്കാനാഗ്രഹിക്കുന്നവർക്ക് വേണ്ടിയുള്ളതാ ണ്. അതുകൊണ്ടുതന്നെ വിശ്വാസികൾക്ക് അല്ലാഹു നൽകിയ കർമ്മ പദ്ധതി പരിശ്രമനിർഭരമാണ്. വിശ്വാസികൾ കഠിനാദ്ധ്വാനം ചെയ്യേണ്ട വരാണ്. വിശ്വാസികളുടെ പല ഗുണങ്ങളും കഠിനാദ്ധ്വാനത്തിലൂടെയും അവിരാമ പരിശ്രമത്തിലൂടെയും നേടിയെടുക്കേണ്ടവയാകുന്നു.

വിശ്വാസത്തിന്റെ ആരംഭം ലാഘവത്തോടെയാണെങ്കിലും അതിന്റെ യാ ത്രയും ലക്ഷ്യഗേഹവും അവിരാന്ത പരിശ്രമത്തെ ആശ്രയിച്ചിരിക്കുന്നു. വിശ്വാസത്തിൽ അല്ലാഹുവിനും അവനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്കും മാത്രമെ പ്രസക്തിയുള്ളു. മറ്റുള്ള കാര്യങ്ങളെല്ലാം വിശ്വാസത്തിനു മുമ്പിൽ അപ്രസക്തമായിത്തീരുന്നു. ലൗകിക കാര്യങ്ങളോടുള്ള അപ്ര സക്തിയും ഒരു വിശ്വാസിയെ മറ്റുള്ളവരിൽ നിന്നും വേർതിരിച്ചു നിർ ത്തുന്നു.

വിശ്വാസികളുടെ പ്രത്യേകതകളിലൊന്നായി അല്ലാഹു പറയുന്നത് അവർ പ്രപഞ്ചസൃഷ്ടിയെക്കുറിച്ച് ചിന്തിച്ച് ദൈവത്തിന് സ്തോത്രം അർപ്പിച്ചു കൊണ്ടിരിക്കുന്നവരും ഈ പ്രപഞ്ചം വെറുതെ സൃഷ്ടിക്കപ്പെട്ടതല്ലെന്ന് മനസ്സിലാക്കി അതിന്റെ ഉദ്ദേശ്യം കണ്ടെത്തുന്നവരുമാണെന്നാണ്. ഈ പ്രത്യേകതയെക്കുറിച്ച് വിശുദ്ധ ഖുർആൻ വിവരിക്കുകയാണ്:

ٱلَّذِينَ يَذْكُرُونَ ٱللَّهَ قِيَـٰمًا وَقُعُودًا وَعَلَىٰ جُنُوبِهِمْ وَيَتَفَكَّرُونَ فِى خَلْقِ ٱلسَّمَـٰوَٰتِ

وَٱلۡأَرۡضِ رَبَّنَا مَا خَلَقۡتَ هَٰذَا بَٰطِلٗا سُبۡحَٰنَكَ فَقِنَا عَذَابَ ٱلنَّارِ ۝

3:192. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിക്കുകയും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നവർ. ഞങ്ങളുടെ രക്ഷിതാവേ, നീ ഇത് വ്യർത്ഥമായി സൃഷ്ടിച്ചതല്ല. നിനക്ക് സ്തുതി. അഗ്നിയുടെ ശിക്ഷയിൽ നിന്നും ഞങ്ങളെ നീ രക്ഷിക്കേണമേ. (എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നവർ).

വിശ്വാസികൾ അല്ലാഹുവിനെ ഓർക്കുന്നതു പോലെത്തന്നെ അവർ അല്ലാഹുവിന്റെ സ്മരണയിൽ മാധുര്യം കണ്ടെത്തുന്നവരുമാണ്. അവരുടെ മനസ്സിന് സമാധാനം നൽകുന്നത് ദൈവ സ്മരണ മാത്രമായിരിക്കും.

ٱلَّذِينَ ءَامَنُواْ وَتَطۡمَئِنُّ قُلُوبُهُم بِذِكۡرِ ٱللَّهِۗ أَلَا بِذِكۡرِ ٱللَّهِ تَطۡمَئِنُّ ٱلۡقُلُوبُ ۝

13:29. വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്യുന്നവർ. അറിഞ്ഞിരിക്കുക: അല്ലാഹുവിന്റെ സ്മരണകൊണ്ടു മാത്രമെ മനസ്സമാധാനം കൈവരികയുള്ളു.

ദൈവഭയത്തിൽ കൂടിയാണ് തിന്മകളിൽ നിന്നുള്ള മോചനം നേടിയെടുക്കാൻ സാധിക്കുന്നത്. ദൈവജ്ഞാനം ലഭിച്ച വിശ്വാസികൾക്ക് ദൈവം ശിക്ഷിക്കുന്നവനാണെന്ന അനുഭവജ്ഞാനം ലഭ്യമാകുന്നതാണ്. അത് അവരെ കൂടുതൽ തെറ്റുകൾ ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നു. അതോടൊപ്പം അവരുടെ ജീവിതത്തിൽ അല്ലാഹുവിനോടുള്ള ഭയം കൂടിവരികയും ചെയ്യുന്നതായിരിക്കും.

വിശ്വാസികളെക്കുറിച്ച് അല്ലാഹു പഠയുകയാണ്:

إِنَّ ٱلَّذِينَ هُم مِّنۡ خَشۡيَةِ رَبِّهِم مُّشۡفِقُونَ ۝

23:58. തീർച്ചയായും തങ്ങളുടെ നാഥനോടുള്ള ഭയം നിമിത്തം വിറക്കുന്നവർ.

وَٱلَّذِينَ هُم مِّنۡ عَذَابِ رَبِّهِم مُّشۡفِقُونَ ۝

70:28. തങ്ങളുടെ നാഥന്റെ ശിക്ഷയെക്കുറിച്ച് ഭയചകിതരാകുന്നവർ.

സത്യവിശ്വാസികൾ ഏക ദൈവത്തെ മാത്രം ആരാധിക്കുന്നവരായിരിക്കും. ഏകദൈവത്തിന്നപ്പുറം ആർക്കും തന്നെ എന്തെങ്കിലും ശക്തിയോ കഴിവോ ഉള്ളതായി അവർക്ക് അനുഭവപ്പെടുകയില്ല. ഈ ലോകത്ത് നടക്കുന്ന ഏതൊരു കാര്യത്തിന്റെ പിറകിലും ദൈവഹിതം മറഞ്ഞുകിടക്കുന്നുണ്ടെന്നും ദൈവം ഇച്ഛിക്കാത്ത കാലത്തോളം മറ്റുള്ള ആർക്കും തന്നെ തങ്ങളെ ഉപദ്രവിക്കാനോ ദ്രോഹിക്കാനോ സാധിക്കുന്നതല്ലെന്നും

അങ്ങനെയുള്ള കഴിവ് ആർക്കും തന്നെ ഇല്ലെന്നും അവർ അറിയുന്നു. അതുകൊണ്ട് തന്നെ സത്യവിശ്വാസികൾ ദൈവത്തെയല്ലാതെ മറ്റാരെയും തന്നെ ഭയപ്പെടുന്നവരോ, അങ്ങനെയുള്ള ശക്തികൾക്ക് ഭൗതികമോ ആത്മീയമോ ആയ രീതിയിൽ ആരാധനകൾ അർപ്പിക്കുന്നവരോ ആയിരിക്കുകയില്ല. ഈ പ്രത്യേകതയെക്കുറിച്ച് അല്ലാഹു പറയുന്നു:

ٱلَّذِينَ ءَامَنُواْ وَلَمۡ يَلۡبِسُوٓاْ إِيمَٰنَهُم بِظُلۡمٍ أُوْلَٰٓئِكَ لَهُمُ ٱلۡأَمۡنُ وَهُم مُّهۡتَدُونَ ۝

6:83. വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അക്രമവുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവർ. അവർക്കുതന്നെയാണ് സമാധാനം. അവരാകുന്നു നേർവഴി പ്രാപിച്ചവർ.

وَٱلَّذِينَ هُم بِرَبِّهِمۡ لَا يُشۡرِكُونَ ۝

23:60. തങ്ങളുടെ രക്ഷിതാവിനോട് ഒന്നിനേയും പങ്കുചേർക്കാതിരിക്കുന്നവർ.

വിശ്വാസികളുടെ മറ്റൊരു ഗുണമായി അല്ലാഹു പറയുന്നത്, ആർ അല്ലാഹുവിനേയും പ്രവാചകനേയും എതിർക്കുന്നുവോ, അവർ ആരായിരുന്നാലും സ്വന്തം മാതാപിതാക്കൾ തന്നെയായാലും അവരോട് സ്നേഹ ബന്ധം പുലർത്താത്തവരാണെന്നാണ്. ഇതിൽ നിന്നും സ്വന്തം മാതാപിതാക്കൾക്കുപരിയായി ദൈവത്തെ സ്നേഹിക്കുന്നവർക്കു മാത്രമെ യഥാർത്ഥ വിശ്വാസികളായിത്തീരാൻ സാധിക്കുകയുള്ളുവെന്ന് വ്യക്തമാകുന്നു. വിശുദ്ധ ഖുർആൻ ഈ തത്വ രഹസ്യത്തെ ഇങ്ങനെ വ്യക്തമാക്കുന്നു.

لَّا تَجِدُ قَوۡمٗا يُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِ يُوَآدُّونَ مَنۡ حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوۡ كَانُوٓاْ ءَابَآءَهُمۡ أَوۡ أَبۡنَآءَهُمۡ أَوۡ إِخۡوَٰنَهُمۡ أَوۡ عَشِيرَتَهُمۡۚ أُوْلَٰٓئِكَ كَتَبَ فِي قُلُوبِهِمُ ٱلۡإِيمَٰنَ وَأَيَّدَهُم بِرُوحٖ مِّنۡهُۖ وَيُدۡخِلُهُمۡ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ رَضِيَ ٱللَّهُ عَنۡهُمۡ وَرَضُواْ عَنۡهُۚ أُوْلَٰٓئِكَ حِزۡبُ ٱللَّهِۚ أَلَآ إِنَّ حِزۡبَ ٱللَّهِ هُمُ ٱلۡمُفۡلِحُونَ ۝

58:23. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനം അല്ലാഹുവിനെയും അവന്റെ റസൂലിനെയും എതിർക്കുന്നവരോട് സ്നേഹബന്ധം പുലർത്തുന്നതായി നീ കാണുകയില്ല. അവർ തങ്ങളുടെ പിതാക്കളോ പുത്രന്മാരോ കൂടപ്പിറപ്പുകളോ കുടുംബക്കാരോ ആയിരുന്നാൽ പോലും. അവരുടെ ഹൃദയത്തിൽ അല്ലാഹു സത്യവിശ്വാസം ആലേഖനം ചെയ്യുകയും അവനിൽ നിന്നുള്ള വെളിപാടുകൊണ്ട് അവരെ ശ

ക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

മറ്റെല്ലാത്തിനേക്കാളും അല്ലാഹുവിന് പ്രാധാന്യം കൊടുക്കുന്ന വിശ്വാസികൾക്ക് ഒരിക്കലും തന്നെ ലൗകിക കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുവാൻ സാധിക്കുകയില്ല. ലൗകിക കാര്യങ്ങൾക്ക് പ്രാധാന്യമുണ്ടെങ്കിലും അല്ലാഹുവിന്റെ നിർദ്ദേശങ്ങളെ അനുസരിക്കേണ്ട ഘട്ടം വരുമ്പോൾ ഭൗതികതയെ ഉപേക്ഷിച്ചുകൊണ്ട് അവർ അല്ലാഹുവിന്റെ കാര്യപരിപാടികൾക്ക് മുൻതൂക്കം കൊടുക്കുന്നവരായിരിക്കും. കുറച്ചു കൂടി വിശദമായി പറഞ്ഞാൽ അല്ലാഹുവിനെ അനുസരിക്കുന്നതിന് ഭൗതികമായ കാര്യങ്ങൾ തടസ്സം നിൽക്കുകയാണെങ്കിൽ അവർ ഭൗതികതയെ ഉപേക്ഷിക്കുകയും പകരം അല്ലാഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുന്നതായിരിക്കും.

ഈ പ്രതിഭാസത്തെ വിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു.

رِجَالٌ لَّا تُلْهِيهِمْ تِجَـٰرَةٌ وَلَا بَيْعٌ عَن ذِكْرِ ٱللَّهِ وَإِقَامِ ٱلصَّلَوٰةِ
وَإِيتَآءِ ٱلزَّكَوٰةِ ۙ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ ٱلْقُلُوبُ وَٱلْأَبْصَـٰرُ ﴿٣٧﴾

24:38. അല്ലാഹുവിനെ സ്മരിക്കുന്നതിലും നമസ്കാരം അനുഷ്ടിക്കുന്നതിലും സക്കാത്ത് കൊടുക്കുന്നതിലും നിന്ന് വ്യാപാരമൊ ക്രയവിക്രയമൊ അവരെ (വിശ്വാസികളെ) അശ്രദ്ധരാക്കുകയില്ല. ഹൃദയങ്ങളും കണ്ണുകളും കീഴ്മേൽ മറിയുന്ന ഒരു നാളിനെ അവർ ഭയപ്പെടുന്നു.

വിശ്വാസികൾ പൂർണ്ണമായും തെറ്റിൽ നിന്നും മോചിതരാണെന്ന് വിശുദ്ധഖുർആൻ അവകാശപ്പെടുന്നില്ല. തെറ്റു ചെയ്തു പോവുക എന്നത് മനുഷ്യ സഹജമായതു കൊണ്ട് വിശ്വാസികൾക്കും തെറ്റുകൾ പറ്റാവുന്നാതാണ്. എങ്കിലും വിശ്വാസികൾ അറിഞ്ഞ കൊണ്ട് തെറ്റുകളിൽ തുടർന്ന് നിൽക്കുന്നവരായിരിക്കുകയില്ല. അവർ തെറ്റു ചെയ്തു പോയാൽ അല്ലാഹുവിനെ ഓർക്കുന്നവരും അല്ലാഹുവിനോട് മാപ്പ് അപേക്ഷിക്കുന്നവരുമായിരിക്കം.

وَٱلَّذِينَ إِذَا فَعَلُوا۟ فَـٰحِشَةً أَوْ ظَلَمُوٓا۟ أَنفُسَهُمْ ذَكَرُوا۟ ٱللَّهَ فَٱسْتَغْفَرُوا۟ لِذُنُوبِهِمْ
وَمَن يَغْفِرُ ٱلذُّنُوبَ إِلَّا ٱللَّهُ وَلَمْ يُصِرُّوا۟ عَلَىٰ مَا فَعَلُوا۟ وَهُمْ يَعْلَمُونَ ﴿١٣٥﴾

3:136. അവർ ഒരു നീച പ്രവൃത്തി ചെയ്യുകയൊ അല്ലെങ്കിൽ അവരുടെ ആത്മാക്കളോട് അതിക്രമം പ്രവർത്തിക്കുകയൊ ചെയ്ത് പോകുമ്പോൾ അല്ലാഹുവിനെ ഓർമ്മിക്കുകയും അവരുടെ പാപങ്ങൾ പൊറുത്തു തരുവാനപേക്ഷിക്കുകയും ചെയ്യുന്നവരായിരിക്കും. അല്ലാഹുവല്ലാതെ പാപ

ങ്ങളെ പൊറുത്ത് തരുവാൻ ആരാണുള്ളത്? ചെയ്തുപോയ തെറ്റുകളിൽ ബോധപൂർവ്വം ഉറച്ചു നിൽക്കാതിരിക്കുകയും ചെയ്യുന്നവരായിരിക്കും.

വിശ്വാസികൾ സ്വന്തം തെറ്റുകൾക്ക് വേണ്ടി അല്ലാഹുവിനോട് മോക്ഷം അർത്ഥിക്കുന്നവരാണെന്നതു പോലെ അവർ മറ്റുള്ളവരുടെ തെറ്റുകൾ പൊറുത്ത് കൊടുക്കുന്നവരുമായിരിക്കും. അങ്ങനെ മറ്റുള്ളവരുടെ തെറ്റുകൾ പൊറുത്ത് കൊടുക്കുന്നതു കാരണമായി അവർ അല്ലാഹുവിന്റെ പ്രതിഫലത്തിന് പാത്രമായിത്തീരുന്നു.

قُل لِّلَّذِينَ ءَامَنُواْ يَغۡفِرُواْ لِلَّذِينَ لَا يَرۡجُونَ أَيَّامَ ٱللَّهِ لِيَجۡزِيَ قَوۡمَۢا بِمَا كَانُواْ يَكۡسِبُونَ ۝

45:15. അല്ലാഹുവിന്റെ ദിനങ്ങളെ പ്രത്യാശിക്കാത്തവർക്ക് പൊറുത്തു കൊടുക്കുവാൻ വിശ്വാസികളോട് നീ പറയുക. തങ്ങൾ സമ്പാദിക്കുന്ന (നന്മകൾ) കാരണം ഒരു ജനതയ്ക്ക് അല്ലാഹു പ്രതിഫലം നൽകുന്നതിന് വേണ്ടി.

തങ്ങൾ സമ്പാദിച്ചുണ്ടാക്കുന്ന വിഭവങ്ങളിൽനിന്ന് മറ്റുള്ളവർക്കു വേണ്ടി ചിലവഴിക്കുക എന്നത് വിശ്വാസികളെ മറ്റുള്ളവരിൽ നിന്നും വേർതിരിച്ചു നിർത്തുന്ന പ്രത്യേക ഗുണമാകുന്നു. യഥാർത്ഥത്തിൽ ഈ ഗുണമാണ് മറ്റെല്ലാ ഗുണങ്ങളുടെയും ഉത്ഭവസ്ഥാനം. കളവ്, വഞ്ചന, ചതി തുടങ്ങിയ എല്ലാ തിന്മകളിൽ നിന്നും വിശ്വാസികളെ സംരക്ഷിച്ചു നിർത്തുന്നതും ഈ ഗുണമാകുന്നു. സ്വന്തം സമ്പാദ്യത്തിൽനിന്നും ദാനം ചെയ്യുന്ന ഒരു വിശ്വാസി ഒരിക്കലും തന്നെ മറ്റുള്ളവരുടെ ധനം അന്യായമായി പിടിച്ചെടുക്കുവാനോ അല്ലെങ്കിൽ അന്യായമായ രീതിയിൽ ധനം സമ്പാദിച്ച് കുന്നുകൂട്ടുവാനോ ആഗ്രഹിക്കുന്നവരായിരിക്കുകയില്ല. അതു കൊണ്ടു തന്നെ സ്വന്തം ധനത്തിൽനിന്നും മറ്റുള്ളവർക്ക് വേണ്ടി ചിലവഴിക്കുക എന്ന ശ്ലാഘ്യ ഗുണത്തെ അല്ലാഹു വളരെയധികം പുകഴ്ത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വിശുദ്ധ ഖുർആൻ ഈ കാര്യത്തെക്കുറിച്ച് നൽകിയ അദ്ധ്യാപനങ്ങൾ മറ്റു ഗ്രന്ഥങ്ങൾ ഈ വിഷയത്തെക്കുറിച്ച് നൽകിയ എല്ലാ അദ്ധ്യാപനങ്ങളെയും തുലനം ചെയ്തു നോക്കിയാൽ ആനയും അണ്ണാനും തമ്മിലുള്ള വ്യത്യാസം കാണാൻ സാധിക്കുന്നതാണ്.

ദാനധർമ്മം ചെയ്യുക എന്നത് വിശ്വാസികളുടെ ഗുണമായി എടുത്തു പറയുന്ന ഏതാനും ചില വിശുദ്ധ വചനങ്ങൾ കാണുക:

وَٱلَّذِينَ يُؤۡتُونَ مَآ ءَاتَواْ وَّقُلُوبُهُمۡ وَجِلَةٌ أَنَّهُمۡ إِلَىٰ رَبِّهِمۡ رَٰجِعُونَ ۝ أُوْلَٰٓئِكَ يُسَٰرِعُونَ فِي ٱلۡخَيۡرَٰتِ
وَهُمۡ لَهَا سَٰبِقُونَ ۝ وَلَا نُكَلِّفُ نَفۡسًا إِلَّا وُسۡعَهَاۖ وَلَدَيۡنَا كِتَٰبٌ يَنطِقُ بِٱلۡحَقِّۚ وَهُمۡ لَا يُظۡلَمُونَ ۝

23:61–63 തങ്ങളുടെ രക്ഷിതാവിലേക്ക് മടങ്ങിച്ചെല്ലേണ്ടവരാണവർ എന്നു കരുതിക്കൊണ്ട് തങ്ങളുടെ ഹൃദയങ്ങൾ ഭയ ചകിതമായിക്കൊണ്ട് ദാന

ധർമ്മങ്ങൾ ചെയ്യുന്നവർ. നല്ലകാര്യങ്ങളിൽ നിലയുറപ്പിച്ചവർ, അതിൽ മുന്നേറുന്നവർ.

وَٱلَّذِينَ فِيٓ أَمۡوَٰلِهِمۡ حَقّٞ مَّعۡلُومٞ ۝ لِّلسَّآئِلِ وَٱلۡمَحۡرُومِ ۝ وَٱلَّذِينَ يُصَدِّقُونَ بِيَوۡمِ ٱلدِّينِ ۝

70:25–26 തങ്ങളുടെ ധനത്തിൽ നിന്നും നിശ്ചിത വിഹിതം നൽകുന്നവർ, ചോദിക്കുന്നവർക്കും ചോദിക്കാത്തവർക്കും.

വിശ്വാസികൾ ദാനധർമ്മങ്ങൾ ചെയ്യുന്നത് മറ്റുള്ളവരിൽനിന്നും എന്തെങ്കിലും പ്രത്യുപകാരം പ്രതീക്ഷിച്ചുകൊണ്ടായിരിക്കുകയില്ല. പ്രത്യുപകാരം പ്രതീക്ഷിച്ചുകൊണ്ട് ചെയ്യുന്ന യാതൊരു കർമ്മങ്ങൾക്കും ദാനധർമ്മം എന്ന് പറയാവതല്ല. അതൊരു കച്ചവടമാണ്. ലാഭം കിട്ടിയാലും ഇല്ലെങ്കിലും. എന്നാൽ വിശ്വാസികൾ ചെയ്യുന്ന ദാനധർമ്മം മറ്റുള്ളവരിൽ നിന്നും യാതൊരു പ്രത്യുപകാരവും പ്രതീക്ഷിക്കാതെ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് മാത്രമായിരിക്കുന്നതാണ്.

وَيُطۡعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسۡكِينٗا وَيَتِيمٗا وَأَسِيرًا ۝

إِنَّمَا نُطۡعِمُكُمۡ لِوَجۡهِ ٱللَّهِ لَا نُرِيدُ مِنكُمۡ جَزَآءٗ وَلَا شُكُورًا ۝

76:9–10 അല്ലാഹുവിനോടുള്ള സ്നേഹം നിമിത്തം അഗതികൾക്കും അനാഥർക്കും തടവുകാർക്കും അവർ ആഹാരം നൽകുന്നു. നിങ്ങൾക്കു ഞങ്ങൾ ആഹാരം നൽകുന്നത് അല്ലാഹുവിന്റെ പ്രീതിയ്ക്ക് വേണ്ടിമാത്രമാണ്. നിങ്ങളിൽനിന്ന് പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

വിശ്വാസികൾ സമ്പന്നഘട്ടങ്ങളിൽ മാത്രം ചിലവഴിക്കുന്നവരല്ല. അവർ ദാരിദ്ര്യത്തിലും വിഷമഘട്ടത്തിലും ചിലവഴിക്കുന്നവരായിരിക്കും.

ٱلَّذِينَ يُنفِقُونَ فِي ٱلسَّرَّآءِ وَٱلضَّرَّآءِ وَٱلۡكَٰظِمِينَ ٱلۡغَيۡظَ

وَٱلۡعَافِينَ عَنِ ٱلنَّاسِۗ وَٱللَّهُ يُحِبُّ ٱلۡمُحۡسِنِينَ ۝

3:135. (വിശ്വാസികൾ) ഐശ്വര്യ ഘട്ടത്തിലും വിഷമ ഘട്ടത്തിലും ചിലവഴിക്കുന്നവരും കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് മാപ്പ് ചെയ്തുകൊടുക്കുന്നവരും ആകുന്നു.

മേൽവാക്യത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്ന കോപം നിയന്ത്രിക്കുകയെന്ന ഗുണം വളരെ സവിശേഷത അർഹിക്കുന്നു. കോപം അടക്കിവെക്കുകയെന്ന ഗുണമാണ് സ്വഭാവ രൂപീകരണം സാദ്ധ്യമാക്കുന്നത്. ഇതിന്റെ വേറൊരു രൂപമാണ് ക്ഷമ കൈകൊള്ളുക എന്നത്. ഈ

ഗുണത്തെയും അല്ലാഹു വിശുദ്ധ ഖുർആനിൽ എടുത്തു പറഞ്ഞിരിക്കുന്നു.

ٱلَّذِينَ صَبَرُواْ وَعَلَىٰ رَبِّهِمۡ يَتَوَكَّلُونَ ۝

29:60. ക്ഷമ കൈകൊള്ളുകയും തങ്ങളുടെ നാഥനിൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നവർ.

വിശ്വാസികൾ പൈശാചിക ബോധനങ്ങളിൽ നിന്നും രക്ഷ തേടുന്നവരാകുന്നു. സ്വന്തം മനസ്സിലുണ്ടാകുന്ന ദുഷ്ചിന്തകളിൽ നിന്നും മറ്റുള്ളവരിൽകൂടിയുണ്ടാകുന്ന ദുഷ്പ്രേരണകളിൽനിന്നും ദൈവബോധം അവരെ രക്ഷിക്കുകയും പാപങ്ങളിൽ നിന്നും രക്ഷ നേടുവാൻ അത് വിശ്വാസികൾക്ക് സഹായകമായിത്തീരുകയും ചെയ്യുന്നു.

إِنَّ ٱلَّذِينَ ٱتَّقَواْ إِذَا مَسَّهُمۡ طَٰٓئِفٞ مِّنَ ٱلشَّيۡطَٰنِ تَذَكَّرُواْ فَإِذَا هُم مُّبۡصِرُونَ ۝

7:202. ദൈവത്തെ ഭയപ്പെടുന്നവർ, പിശാചിൽ നിന്ന് വല്ല ദുർബോധനവും അവരെ ബാധിക്കുമ്പോൾ അവർ (ദൈവത്തെ) സ്മരിക്കുന്നു. അപ്പോൾ അവർ കാര്യങ്ങൾ ശരിയായ രീതിയിൽ കാണുന്നവരായിത്തീരുന്നു.

മറ്റു മത വിശ്വാസികളിൽ നിന്നും സത്യവിശ്വാസത്തിലേക്ക് പുതുതായി വരുന്ന വിശ്വാസികൾക്കുവേണ്ടി സ്വന്തം ആവശ്യങ്ങളെ മാറ്റി നിർത്തിക്കൊണ്ട് വരുന്നവരുടെ ആവശ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുക്കയെന്നത് വിശ്വാസികളുടെ ഒരു പ്രധാന ഗുണമായി അല്ലാഹു എടുത്തു പറഞ്ഞിരിക്കുകയാണ്. സ്വയം ദരിദ്രരാണെങ്കിൽ പോലും പുതുവിശ്വാസികൾക്കു വേണ്ടി ത്യാഗം സഹിക്കുകയെന്നത് വിശ്വാസികളുടെ കർത്തവ്യമായി അല്ലാഹു ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. സ്വന്തം മനസ്സിന്റെ ആർത്തിയിൽ നിന്നും മുക്തി നേടിക്കൊണ്ട് ഇങ്ങനെയുള്ള ത്യാഗം സഹിക്കുന്നവരാണ് വിജയിക്കുക എന്ന് അല്ലാഹു സുവിശേഷം നൽകുന്നു.

وَٱلَّذِينَ تَبَوَّءُو ٱلدَّارَ وَٱلۡإِيمَٰنَ مِن قَبۡلِهِمۡ يُحِبُّونَ مَنۡ هَاجَرَ إِلَيۡهِمۡ وَلَا يَجِدُونَ
فِي صُدُورِهِمۡ حَاجَةٗ مِّمَّآ أُوتُواْ وَيُؤۡثِرُونَ عَلَىٰٓ أَنفُسِهِمۡ وَلَوۡ كَانَ بِهِمۡ خَصَاصَةٞۚ
وَمَن يُوقَ شُحَّ نَفۡسِهِۦ فَأُوْلَٰٓئِكَ هُمُ ٱلۡمُفۡلِحُونَ ۝

59:10. അവർക്കു മുമ്പേ ഭവനങ്ങളൊരുക്കിയവരും സത്യവിശ്വാസത്തിൽ നിലകെള്ളുന്നവരും അവരുടെ അടുക്കലേക്ക് പ്രയാണം ചെയ്തു വരുന്നവരെ സ്നേഹിക്കുന്നു. അവർക്ക് നൽകപ്പെടുന്നതിൽ തങ്ങളുടെ ഹൃദ

യങ്ങളിൽ ഒരാവശ്യവും അവർ കണ്ടെത്തുകയില്ല. തങ്ങൾക്ക് ദാരിദ്ര്യം ഉണ്ടെങ്കിൽ പോലും പ്രയാണം ചെയ്തു വരുന്നവർക്ക് തങ്ങളേക്കാൾ ഉ പരി അവർ മുൻഗണന നൽകുന്നു. തങ്ങളുടെ മനസ്സിന്റെ ആർത്തിയിൽ നിന്നും സുരക്ഷിതരാകുന്നവരാകുന്നു വിജയികൾ.

തങ്ങൾ ചെയ്യുന്ന കരാറുകളേയും വാഗ്ദാനങ്ങളെയും നിറവേറ്റുക എ ന്നത് വിശ്വാസികളുടെ ഗുണങ്ങളിലൊന്നായി അല്ലാഹു ഒന്നിലധികം ത വണ എടുത്ത് പറഞ്ഞിരിക്കുന്നു. ഈ കരാറുകൾ കടലാസ്സിൽ എഴുതി വെച്ചാൽ മാത്രമല്ല അത് നിറവേറ്റണ്ടത്. വിശ്വാസികളുടെ വായിൽ നി ന്ന് പുറപ്പെടുന്ന വാക്കുകൾ പോലും വാഗ്ദാനങ്ങളാണെന്ന് റസൂൽ(സ) പറഞ്ഞിരിക്കുന്നു.

ٱلَّذِينَ يُوفُونَ بِعَهۡدِ ٱللَّهِ وَلَا يَنقُضُونَ ٱلۡمِيثَٰقَ ۝

13:21. അല്ലാഹുവിനോടുള്ള പ്രതിജ്ഞ നിറവേറ്റുകയും കരാർ ഭജ്ഞി ക്കാതിരിക്കുകയും ചെയ്യുന്നവർ.

وَٱلَّذِينَ هُمۡ لِأَمَٰنَٰتِهِمۡ وَعَهۡدِهِمۡ رَٰعُونَ ۝

23:09. തങ്ങളുടെ അമാനത്തിനെയും തങ്ങളുടെ കരാറിനെയും പാലിക്കു ന്നവർ.

ദൈവ സാമീപ്യം പ്രാപിക്കുന്നതിൽ നിന്നും മനുഷ്യനെ തടഞ്ഞു നിർ ത്തുന്ന ഒരു ദുസ്വഭാവമാണ് അഹംഭാവം. സ്വയം വലിയവനാണെന്ന് നടിക്കുന്ന ഒരുവന് എങ്ങനെ സർവ്വാധിനാഥനും പ്രപഞ്ചചക്രവർത്തി യുമായ ദൈവത്തെ കാണുവാൻ സാധിക്കും? വിശ്വാസികൾ ലാളിത്യ ത്തോടെയും എളിമയോടെയും ജീവിതം നയിക്കുന്നവരാണ്.

وَعِبَادُ ٱلرَّحۡمَٰنِ ٱلَّذِينَ يَمۡشُونَ عَلَى ٱلۡأَرۡضِ هَوۡنٗا وَإِذَا خَاطَبَهُمُ ٱلۡجَٰهِلُونَ قَالُواْ سَلَٰمٗا ۝٦٣

25:64. പരമകാരുണികന്റെ ദാസന്മാർ വിനയത്തോടെ ഭൂമിയിൽ നടക്കു ന്നവരാണ്. അവിവേകികൾ അവരെ അഭിസംബോധന ചെയ്യുമ്പോൾ അവർ സലാം പറഞ്ഞ് (മാറിപ്പോകുന്നതായിരിക്കും).

إِنَّمَا يُؤۡمِنُ بِـَٔايَٰتِنَا ٱلَّذِينَ إِذَا ذُكِّرُواْ بِهَا خَرُّواْ سُجَّدٗا

وَسَبَّحُواْ بِحَمۡدِ رَبِّهِمۡ وَهُمۡ لَا يَسۡتَكۡبِرُونَ ۩ ۝

32:17. തീർച്ചയായും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ അവ

യെക്കുറിച്ച് അവരെ ഓർമ്മപ്പെടുത്തുമ്പോൾ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് വീഴുകയും തങ്ങളുടെ നാഥനെ സ്തുതി കീർത്തനം ചെയ്യുകയും ചെയ്യുന്നവർ മാത്രമാണ്. അവർ അഹംഭാവം പ്രകടിപ്പിക്കുന്നില്ല.

വിശ്വാസികളുടെ മറെറാരു ഗുണമാണ് ചാരിത്ര്യ സംരക്ഷണം. ആണായാലും പെണ്ണായാലും വിശ്വാസികൾ വ്യഭിചരിക്കുന്നവർ ആയിരിക്കുകയില്ലെന്ന് വിശുദ്ധ ഖുർആൻ എടുത്ത് പറഞ്ഞിരിക്കുന്നു.

وَٱلَّذِينَ هُمۡ لِفُرُوجِهِمۡ حَٰفِظُونَ ۝

23:06. തങ്ങളുടെ ചാരിത്ര്യത്തെ സൂക്ഷിക്കുന്നവർ.

സത്യവിശ്വാസം എന്നത് കർമ്മനിർഭരമായി, അനസ്യൂതം ജീവിതാവസാനം വരെ തുടർന്നു കൊണ്ടുപോകേണ്ട ഒരു പദ്ധതിയാണെന്ന് തുടക്കത്തിൽ തന്നെ പറഞ്ഞുവല്ലൊ. അതുകൊണ്ടു തന്നെ വിശ്വാസികൾക്ക് അനാവശ്യമായ സംസാരത്തിലൊ അലസമായ പ്രവർത്തികളിലൊ ഏർപ്പെട്ട് സമയം ചിലവഴിക്കാൻ സാധിക്കുകയില്ല. അനാവശ്യമായ കാര്യങ്ങളിലും വ്യർത്ഥ സംസാരങ്ങളിലും മനം മടുപ്പ് അനുഭവപ്പെടുന്ന രീതിയിലുള്ള ഒരു പരിവർത്തനം വിശ്വാസികളുടെ ജീവിതത്തിൽ അനുഭവപ്പെടുന്നതാണ്.

وَٱلَّذِينَ هُمۡ عَنِ ٱللَّغۡوِ مُعۡرِضُونَ ۝

23:04. വ്യർത്ഥ കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുന്നവർ

وَإِذَا سَمِعُواْ ٱللَّغۡوَ أَعۡرَضُواْ عَنۡهُ وَقَالُواْ لَنَآ أَعۡمَٰلُنَا

وَلَكُمۡ أَعۡمَٰلُكُمۡ سَلَٰمٌ عَلَيۡكُمۡ لَا نَبۡتَغِي ٱلۡجَٰهِلِينَ ۝

28:56. അനാവശ്യ വാക്കുകൾ കേൾക്കുമ്പോൾ അതിൽ നിന്നും ഒഴിഞ്ഞു മാറുന്നവർ. ഞങ്ങൾക്ക് ഞങ്ങളുടെ പ്രവർത്തികൾ, നിങ്ങൾക്ക് നിങ്ങളുടെ പ്രവർത്തികൾ. നിങ്ങൾക്കു സലാം. അവിവേകികളുമായി ബന്ധപ്പെടുന്നതിൽ ഞങ്ങൾക്ക് താല്പര്യമില്ല എന്ന് പറയുന്നവർ.

കുടുംബ ബന്ധങ്ങളും സ്നേഹ ബന്ധങ്ങളും നില നിർത്തുകയെന്നത് വിശ്വാസികളുടെ ഒരു ഗുണമായി അല്ലാഹു എടുത്ത് പറഞ്ഞിരിക്കുന്നു. ഭൗതികതയിൽ മുഴുകി രക്ത ബന്ധങ്ങൾക്ക് പ്രാധാന്യം കൊടുക്കാത്ത ഈ ലോകത്ത് ഈ അദ്ധ്യാപനം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. നല്ല ബന്ധങ്ങൾ നൽകുന്ന സമാധാനവും സംതൃപ്തിയും ഒന്നുവേറേ തന്നെയാണ്. അതുകൊണ്ട് തന്നെ വിശ്വാസികളോട് കുടുംബ ബന്ധങ്ങൾ പുലർത്തുവാനും ചാർച്ചയെ ചേർക്കുവാനും അല്ലാഹു കല്പിച്ചിരിക്കുന്നു.

وَٱلَّذِينَ يَصِلُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيَخۡشَوۡنَ

رَبَّهُمۡ وَيَخَافُونَ سُوٓءَ ٱلۡحِسَابِ ۝

13:22. നിലനിർത്തുവാൻ അല്ലാഹു കല്പിച്ച ബന്ധങ്ങളെ നിലനിർത്തുകയും തങ്ങളുടെ നാഥനെ ഭയപ്പെടുകയും കണക്കു വിചാരണയുടെ കാഠിന്യത്തെ പേടിക്കുകയും ചെയ്യുന്നവർ.

വിശ്വാസികൾക്ക് രണ്ടു രീതിയിലുള്ള കർത്തവ്യങ്ങളാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിക്കുന്നത്. ഒന്ന് സ്വന്തം സൃഷ്ടാവിനോടുള്ള കടമകൾ, രണ്ടാമത്തേത് സഹസൃഷ്ടികളോട് നിറവേറേണ്ട കടമകൾ. ഇവ രണ്ടും അഭേദ്യമായി ബന്ധിച്ചിരിക്കുകയാണ്. സഹസൃഷ്ടികളോടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നവർ സ്വന്തം സൃഷ്ടാവിനോടുള്ള കടമകൾ നിർവ്വഹിക്കുന്നവരായിരിക്കും. അതുപോലെ സ്വന്തം സൃഷ്ടാവിനോടുള്ള കടമകൾ നിർവ്വഹിക്കുന്നവർ സഹസൃഷ്ടികളോടുള്ള കടമകൾ നിർവ്വഹിക്കുന്നവരുമായിരിക്കും. സഹസൃഷ്ടികളോട് വിശ്വാസികൾ പ്രകടിപ്പിക്കേണ്ട ഗുണ വിശേഷങ്ങളെക്കുറിച്ചാണ് ഇതുവരെയും അധികമായി വിവരിച്ചത്. വിനയം, സത്യസന്ധത, കാപട്യമില്ലായ്മ, ആത്മാർത്ഥത തുടങ്ങിയ ഗുണ വിശേഷങ്ങളെക്കുറിച്ച് മറ്റ് അദ്ധ്യായങ്ങളിൽ വിവരിച്ചതിനാൽ അവയൊക്കെ ഇവിടെ പ്രത്യേകമായി വിവരിക്കുന്നില്ല. വിശ്വാസികൾ അല്ലാഹുവുമായി അഭേദ്യമായ ബന്ധം പുലർത്തുന്നവരായിരിക്കുന്നതാണ്. ദൈവവുമായുള്ള അവന്റെ സ്നേഹ പ്രകടനങ്ങൾ ആരാധനാ കർമ്മങ്ങളിലൂടെ ഒരു വിശ്വാസി ദൈവത്തിന് കാഴ്ച വെക്കുന്നു. ആരാധനാകർമ്മങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതാണ് നമസ്കാരം. നമസ്കാരം ഒരു സമയബന്ധിത പരിപാടിയും വിശ്വാസികൾ എല്ലാ അവസ്ഥകളിലും ജീവിതാവസാനം വരെ നിലനിർത്തിപ്പോരേണ്ട ഒരു നിർബ്ബന്ധ കർമ്മവുമാണ്.

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقۡنَٰهُمۡ يُنفِقُونَ ۝

8:04. നമസ്കാരം നിലനിർത്തുകയും നാം നൽകിയതിൽനിന്ന് ചിലവഴിക്കുകയും ചെയ്യുന്നവർ.

ٱلتَّٰٓئِبُونَ ٱلۡعَٰبِدُونَ ٱلۡحَٰمِدُونَ ٱلسَّآئِحُونَ ٱلرَّٰكِعُونَ ٱلسَّٰجِدُونَ ٱلۡأٓمِرُونَ

بِٱلۡمَعۡرُوفِ وَٱلنَّاهُونَ عَنِ ٱلۡمُنكَرِ وَٱلۡحَٰفِظُونَ لِحُدُودِ ٱللَّهِ

9:113. പശ്ചാത്തപിക്കുന്നവർ, ആരാധിക്കുന്നവർ, സ്തുതിക്കുന്നവർ, വ്രതമനുഷ്ടിക്കുന്നവർ, നമിക്കുന്നവർ, സാഷ്ടാംഗം പ്രണമിക്കുന്നവർ, നന്മ

കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ പരിധികളെ സൂക്ഷിക്കുന്നവർ.

وَٱلَّذِينَ صَبَرُواْ ٱبۡتِغَآءَ وَجۡهِ رَبِّهِمۡ وَأَقَامُواْ ٱلصَّلَوٰةَ وَأَنفَقُواْ مِمَّا رَزَقۡنَٰهُمۡ

سِرّٗا وَعَلَانِيَةٗ وَيَدۡرَءُونَ بِٱلۡحَسَنَةِ ٱلسَّيِّئَةَ

13:23. തങ്ങളുടെ നാഥന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ക്ഷമ കൈകൊള്ളുകയും നമസ്കാരം നിലനിർത്തുകയും അവർക്കു നാം നൽകിയതിൽനിന്ന് രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും തിന്മയെ നന്മ കൊണ്ട് തട്ടി മാറ്റുകയും ചെയ്യുന്നവർ.

قَدۡ أَفۡلَحَ ٱلۡمُؤۡمِنُونَ ۝ ٱلَّذِينَ هُمۡ فِي صَلَاتِهِمۡ خَٰشِعُونَ ۝ وَٱلَّذِينَ هُمۡ عَنِ ٱللَّغۡوِ

مُعۡرِضُونَ ۝ وَٱلَّذِينَ هُمۡ لِلزَّكَوٰةِ فَٰعِلُونَ ۝ وَٱلَّذِينَ هُمۡ لِفُرُوجِهِمۡ حَٰفِظُونَ ۝

23:2–6 വിശ്വാസികൾ വിജയം നേടിയിരിക്കുന്നു. തങ്ങളുടെ നമസ്കാരങ്ങളിൽ വിനയം കൈകൊള്ളുന്നവരും, വ്യർത്ഥകാര്യങ്ങളിൽനിന്ന് ഒഴിഞ്ഞു മാറുന്നവരും ആത്മ ശുദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നവരും തങ്ങളുടെ ചാരിത്ര്യം സൂക്ഷിച്ചു കൊള്ളുന്നവരുമായ (വിശ്വാസികൾ).

وَٱلَّذِينَ هُمۡ لِأَمَٰنَٰتِهِمۡ وَعَهۡدِهِمۡ رَٰعُونَ ۝ وَٱلَّذِينَ هُمۡ عَلَىٰ صَلَوَٰتِهِمۡ يُحَافِظُونَ ۝

أُوْلَٰٓئِكَ هُمُ ٱلۡوَٰرِثُونَ ۝ ٱلَّذِينَ يَرِثُونَ ٱلۡفِرۡدَوۡسَ هُمۡ فِيهَا خَٰلِدُونَ ۝

23:9–12 തങ്ങളുടെ അമാനത്തുകളെയും തങ്ങളുടെ കരാറുകളെയും പാലിക്കുന്നവർ, തങ്ങളുടെ നമസ്കാരങ്ങളെ സസൂക്ഷ്മം കാത്തു സൂക്ഷിക്കുന്നവർ, അവർ തന്നെയാണ് അനന്തരാവകാശികൾ. സ്വർഗ്ഗം അനന്തരാവകാശമെടുക്കുന്നവർ. അവർ അതിൽ നിത്യവാസികളായിരിക്കും.

അഞ്ചുനേരത്തെ നമസ്കാരത്തെപ്പോലെത്തന്നെ നിർബ്ബന്ധമല്ലെങ്കിലും വളരെ പ്രധാന്യമർഹിക്കുന്നതും സ്തുത്യർഹമായും വിവരിച്ചൊരു ആരാധനാ കർമ്മമാണ് അർദ്ധരാത്രിക്കു ശേഷമുള്ള തഹജ്ജുദ് നമസ്കാരം. ഈ നമസ്കാരവും വിശ്വാസികളുടെ ഒരു സവിശേഷ ഗുണമായി അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചിരിക്കുകയാണ്.

وَٱلَّذِينَ يَبِيتُونَ لِرَبِّهِمۡ سُجَّدٗا وَقِيَٰمٗا ۝

25:65. തങ്ങളുടെ നാഥനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നു പ്രാർത്ഥിച്ചുകൊണ്ടും രാത്രികഴിച്ചുകൂട്ടുന്നവർ.

كَانُوا۟ قَلِيلًا مِّنَ ٱلَّيْلِ مَا يَهْجَعُونَ ۝ وَبِٱلْأَسْحَارِ هُمْ يَسْتَغْفِرُونَ ۝

51:18–19 രാത്രിയിൽ അവർ അല്പം മാത്രം ഉറങ്ങിയിരുന്നു. പുലർകാലങ്ങളിൽ അവർ പാപമോചനത്തിനായി പ്രാർത്ഥിക്കുമായിരുന്നു.

വിശ്വാസികളെ അല്ലാഹു സഹോദര്യ ബന്ധത്താൽ കോർത്തിണക്കിയിരിക്കുകയാണ്. തങ്ങളെ മുൻകടന്ന വിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിക്കുകയെന്നത് വിശ്വാസികളുടെ പ്രത്യേകതയായി അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിക്കുന്നു. അതോടൊപ്പം തന്നെ മറ്റു വിശ്വാസികൾക്കെതിരായി ഹൃദയത്തിൽ വിദ്വേഷം വന്നു പോകുന്നതിനെക്കുറിച്ച് വിശ്വാസികൾ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരുമായിരിക്കുന്നതാണ്.

يَقُولُونَ رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ

فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ ۝

59:11. അവർ പറയുന്നു, ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും ഞങ്ങൾക്കുമുമ്പേ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരന്മാർക്കും പൊറുത്ത് തരേണമേ. സത്യവിശ്വാസികളുടെനേരെ ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും നീ ജനിപ്പിക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ദയാനിധിയും കരുണാനിധിയുമാകുന്നു.

വിശ്വാസികളുടെ വേറൊരു പ്രത്യേകതയായി അല്ലാഹു പറയുന്നത് അവർ വിനോദങ്ങളിൽ താല്പര്യം കാണിക്കാത്തവരാണെന്നാണ്. വിനോദകാര്യങ്ങളിൽ മുഴുകിയിരിക്കുകയെന്നതും അനാവശ്യമായി കളിതമാശകൾ പറഞ്ഞു കൊണ്ടിരിക്കുക എന്നതും അവിശ്വാസികളുടെ സ്വഭാവമായിട്ടാണ് വിശുദ്ധ ഖുർആൻ ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ള ഗുണങ്ങൾ വിശ്വാസികൾക്കുണ്ടായിരിക്കുന്നതല്ല. അവിശ്വാസികളെക്കുറിച്ച് അല്ലാഹു പറയുകയാണ്.

ٱلَّذِينَ هُمْ فِى خَوْضٍ يَلْعَبُونَ ۝ فَوَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ۝

52:12–13. എന്നാൽ ആ നാളിൽ സത്യനിഷേധികൾക്ക് മഹാനാശമാകുന്നു. വ്യർത്ഥഭാഷണത്തിൽ മുഴുകി വിനോദിക്കുന്നവർ.

وَتَضْحَكُونَ وَلَا تَبْكُونَ ۝ وَأَنتُمْ سَٰمِدُونَ ۝

53:61–62 നിങ്ങൾ (അവിശ്വാസികൾ) ചിരിക്കുകയാണ്, കരഞ്ഞിടാതെ, വിനോദമഗ്നരായിക്കൊണ്ട്.

قَالُوا۟ لَمْ نَكُ مِنَ ٱلْمُصَلِّينَ ۝ وَلَمْ نَكُ نُطْعِمُ ٱلْمِسْكِينَ ۝ وَكُنَّا نَخُوضُ
مَعَ ٱلْخَآئِضِينَ ۝ وَكُنَّا نُكَذِّبُ بِيَوْمِ ٱلدِّينِ ۝ حَتَّىٰٓ أَتَىٰنَا ٱلْيَقِينُ ۝

74:44-49 അവർ (അവിശ്വാസികൾ) പറയും: നമസ്കരിച്ചവരായിരുന്നില്ല ഞങ്ങൾ, ഞങ്ങൾ അഗതികൾക്ക് ആഹാരം നൽകുന്നവരുമായിരുന്നില്ല. തമാശകൾ പറയുന്നവരുടെ കൂടെ ഞങ്ങളും തമാശകൾ പറഞ്ഞു കൊണ്ടിരുന്നു. വിധിദിനത്തെ ഞങ്ങൾ നിഷേധിച്ചു കൊണ്ടിരുന്നു, മരണം ഞങ്ങൾക്ക് വന്നെത്തുന്നതു വരെ.

إِنَّ هَٰٓؤُلَآءِ يُحِبُّونَ ٱلْعَاجِلَةَ وَيَذَرُونَ وَرَآءَهُمْ يَوْمًا ثَقِيلًا ۝

76:28. തീർച്ചയായും ഇവർ ക്ഷണികമായ ഐഹിക ജീവിതത്തെ സ്നേഹിക്കുകയും ഗുരുതരമായ ഒരു ദിനത്തെ അവരുടെ പിറകിൽ അവഗണിച്ച് തള്ളിക്കളയുകയും ചെയ്യുന്നു.

إِنَّهُۥ كَانَ فِىٓ أَهْلِهِۦ مَسْرُورًا ۝

84:14-തീർച്ചയായും അവൻ തന്റെ ആൾക്കാരിൽ ഉല്ലാസവാനായിരുന്നു.

അവിശ്വാസികളുടെ ദു:സ്വഭാവങ്ങളെ കൈവെടിഞ്ഞുകൊണ്ട് വിശ്വാസികളായിത്തീരാൻ ദൈവം നമ്മെ എല്ലാവരേയും സഹായിക്കുമാറാകട്ടെ, ആമീൻ.

****

30 അവിശ്വാസികളുടെ പ്രത്യേകതകൾ

അല്ലാഹു മഹത്തായ അനുഗ്രഹമുടയവനാണ്. അവന്റെ കാരുണ്യം എല്ലാ വസ്തുക്കളിലും വ്യാപിച്ചു നിൽക്കുന്നു. അവന്റെ അനുഗ്രഹം അതിനർഹതപ്പെട്ടവർക്ക് അവൻ നൽകുകയും ചെയ്യുന്നു.

يُسَبِّحُ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ٱلْمَلِكِ ٱلْقُدُّوسِ ٱلْعَزِيزِ ٱلْحَكِيمِ ۝

62:2 അത് (പ്രവാചകത്വം) അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. അവൻ നിശ്ചയിക്കുന്നവർക്കത് നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനാകുന്നു.

എന്നാൽ എല്ലാ മതവിശ്വാസികളും അവരുടെ പണ്ഡിതന്മാരും മനസ്സിലാക്കിവെച്ചിരിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം അവരുടെ മതസ്ഥാപകർക്ക് മാത്രമെ ലഭിക്കുവാൻ പാടുള്ളുവെന്നും അല്ലെങ്കിൽ ലഭിക്കുകയുള്ളുവെന്നും ആണ്. വേറെ ആരെങ്കിലും ദൈവത്തിന്റെ ആത്മീയാനുഗ്രഹത്തിന് (പ്രവാചകത്വത്തിന്) അർഹമായിത്തീരുന്നത് അവർ ഇഷ്പ്പെടുന്നില്ല. അങ്ങനെ അവരുടെ മനസ്സ് സങ്കുചിതമായിത്തീരുന്നു. അവരുടെ മതവിശ്വാസങ്ങൾക്കപ്പുറത്ത് ആരെങ്കിലും ദൈവികാനുഗ്രഹത്തിന് അർഹമായിത്തീരുമ്പോൾ അവരുടെ സങ്കുചിതമനസ്ഥിതി കാരണം അവരുടെ മനസ്സുകൾ അസൂയ എന്ന വിഷം കൊണ്ട് നിറയുകയും അത് അവരെ നിഷേധത്തിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഓരോ മതവിശ്വാസികളും പിന്നീട് വരുന്ന വെളിപാടുകളെ നിഷേധിച്ചത്. അവിശ്വാസികളുടെ വലിയൊരു പ്രത്യേകതയാണ് ഈ അസൂയ. അസൂയ്ക്ക് അടിമപ്പെട്ട് പോകുന്നവർ പ്രവാചകന്മാരെ നിഷേധിക്കുക മാത്രമല്ല, പ്രവാചകന്മാരെയും അവരുടെ അനുയായികളെയും പീഠിപ്പിക്കുക എന്ന മഹാപാപത്തിലേക്കും വലിച്ചിഴക്കപ്പെടുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുകയാണ്:

بِئْسَمَا ٱشْتَرَوْا۟ بِهِۦٓ أَنفُسَهُمْ أَن يَكْفُرُوا۟ بِمَآ أَنزَلَ ٱللَّهُ بَغْيًا أَن يُنَزِّلَ ٱللَّهُ مِن فَضْلِهِۦ عَلَىٰ مَن

يَشَآءُ مِنْ عِبَادِهِۦ ۖ فَبَآءُو بِغَضَبٍ عَلَىٰ غَضَبٍ ۚ وَلِلْكَٰفِرِينَ عَذَابٌ مُّهِينٌ ۝

2:91. അല്ലാഹു അവന്റെ ദാസന്മാരിൽ അവൻ സിശ്ചയിക്കുന്നവർക്ക് തന്റെ അനുഗ്രഹം ഇറക്കിക്കൊടുക്കുന്നു എന്നതിൽ അസൂയപ്പെട്ട് അല്ലാഹു അവതരിപ്പിച്ചതിനെ നിഷേധിക്കുന്നുവെന്നത് എത്ര നീചമായ പ്രവൃത്തിയാണ്? അങ്ങനെ അവർ കോപത്തിനു മീതെ കോപത്തിന് പാത്രമായി.

ഈ അസൂയ കാരണം അവരുടെ ആത്മാവിന് കറപിടിക്കുകയും അസൂയ മാറ്റിക്കളയാതെ അതിനെ അധികമാക്കിക്കൊണ്ടു വരുന്നതോടു കൂടി അവരുടെ ഹൃദയത്തെ നിഷേധം വലയം വെക്കുകയും ചെയ്യുന്നു. ഇത് പ്രകൃതിയുടെ ഒരു നിയമമാകുന്നു.

خَتَمَ ٱللَّهُ عَلَىٰ قُلُوبِهِمْ وَعَلَىٰ سَمْعِهِمْ ۖ وَعَلَىٰٓ أَبْصَـٰرِهِمْ غِشَـٰوَةٌ ۖ وَلَهُمْ عَذَابٌ عَظِيمٌ ۝

02:08. അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും കേൾവിക്കും മുദ്രവെച്ചു. അവരുടെ കണ്ണുകളിന്മേൽ ഒരു മറയുമുണ്ട്. വൻശിക്ഷയുമവർക്കുണ്ട്.

ഇങ്ങനെ അവരുടെ മനസ്സ് അസൂയയാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ട് ദൈവിക ദൃഷ്ടാന്തങ്ങൾ കണ്ടാലും അവർക്ക് വിശ്വാസികളായിത്തീരാൻ സാധിക്കുകയില്ല, ദൈവത്തിന്റെ ശിക്ഷ അവർക്ക് വന്നെത്തുന്നതുവരെ.

وَلَنُسْكِنَنَّكُمُ ٱلْأَرْضَ مِنۢ بَعْدِهِمْ ۚ ذَٰلِكَ لِمَنْ خَافَ مَقَامِى وَخَافَ وَعِيدِ ۝ وَٱسْتَفْتَحُوا۟

وَخَابَ كُلُّ جَبَّارٍ عَنِيدٍ ۝

15:15–16 “ആകാശത്തിന്റെ ഒരുവാതിൽ നാം അവർക്ക് തുറന്നു കൊടുക്കുകയും അങ്ങനെ അവർ അതിൽക്കൂടി കയറിക്കൊണ്ടേയിരിക്കുകയും ചെയ്താൽ തന്നെയും അവർ തീർച്ചയായും ഞങ്ങളുടെ ദൃഷ്ടികൾക്ക് മത്തുപിടിപ്പിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ഞങ്ങൾ (കൺകെട്ടുവിദ്യക്ക്) വിധേയരായ ഒരു ജനമാണ് എന്ന് പറയുന്നതാണ്.”

എന്തുതന്നെ അലൗകിക ദൃഷ്ടാന്തങ്ങൾ കണ്ടാലും അവർക്ക് വിശ്വസിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അവർ പ്രകൃതിയിൽ സംഭവിക്കാത്ത ദൃഷ്ടാന്തങ്ങൾക്കു വേണ്ടി ചോദിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും. റസൂൽ (സ) തിരുമേനിയോട് ആ കാലഘട്ടത്തിലെ അവിശ്വാസികൾ അത്ഭുതങ്ങൾ കാണിച്ചു തരുവാൻ ആവശ്യപ്പെട്ടുകൊണ്ട് ചോദിക്കുകയാണ്:

وَقَالُوا۟ لَن نُّؤْمِنَ لَكَ حَتَّىٰ تَفْجُرَ لَنَا مِنَ ٱلْأَرْضِ يَنۢبُوعًا ۝ أَوْ تَكُونَ لَكَ جَنَّةٌ مِّن

نَّخِيلٍ وَعِنَبٍ فَتُفَجِّرَ ٱلْأَنْهَـٰرَ خِلَـٰلَهَا تَفْجِيرًا ۝ أَوْ تُسْقِطَ ٱلسَّمَآءَ كَمَا زَعَمْتَ عَلَيْنَا كِسَفًا أَوْ

تَأْتِىَ بِٱللَّهِ وَٱلْمَلَـٰٓئِكَةِ قَبِيلًا ۝ أَوْ يَكُونَ لَكَ بَيْتٌ مِّن زُخْرُفٍ أَوْ تَرْقَىٰ فِى ٱلسَّمَآءِ ۖ وَلَن نُّؤْمِنَ

لِرُقِيِّكَ حَتَّىٰ تُنَزِّلَ عَلَيْنَا كِتَـٰبًا نَّقْرَؤُهُۥ ۗ قُلْ سُبْحَانَ رَبِّى هَلْ كُنتُ إِلَّا بَشَرًا رَّسُولًا ۝

17:91–94 അവർ പറയുന്നു: ഭൂമിയിൽ നിന്ന് ഒരു അരുവി നീ ഞങ്ങൾക്ക് ഒഴുക്കിത്തരുന്നതു വരെ നിന്നെ ഞങ്ങൾ വിശ്വസിക്കുകയില്ല. അല്ലെങ്കിൽ ഈന്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടം നിനക്കുണ്ടാവുകയും അവയുടെ മധ്യത്തിൽ കൂടി നീ അരുവികൾ ഒഴുക്കുകയോ അല്ലെങ്കിൽ നീ പറയുന്നത് പോലെ ആകാശം ഞങ്ങളുടെ മേൽ കഷണങ്ങളാക്കി വീഴ്ത്തുകയോ അല്ലെങ്കിൽ അല്ലാഹുവിനെയും മലക്കുകളെയും ഞങ്ങളുടെ മുമ്പിൽ നീ കൊണ്ടു വരികയൊ ചെയ്യണം. അല്ലെങ്കിൽ കനകം കൊണ്ടുള്ള ഒരു വീട് നിനക്ക് ഉണ്ടായിരിക്കണം അല്ലെങ്കിൽ നീ ആകാശത്തേക്ക് കയറിപ്പോകണം. അങ്ങനെ ഞങ്ങൾക്ക് വായിക്കുവാൻ സാധിക്കുന്ന ഒരു ഗ്രന്ഥം നീ ഞങ്ങൾക്ക് ഇറക്കിക്കൊണ്ടുവരുന്നതുവരെ നിന്റെ ആരോഹണത്തിലും ഞങ്ങൾ വിശ്വസിക്കുകയില്ല. പറയുക, എന്റെ രക്ഷിതാവിനു സ്തുതി. മനുഷ്യനായ ഒരു ദൂതൻ അല്ലാതെ ഞാൻ മറ്റാരെങ്കിലുമാണോ?

മേൽ വചനങ്ങളിൽ നിന്നും മനസ്സിലാവുന്നത് അവിശ്വാസികൾ എന്നും പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നത് പ്രകൃതി നിയമങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന പ്രവാചകനെയാണെന്നാണ്. എന്നാൽ അല്ലാഹു എല്ലാ പ്രവാചകന്മരെയും മനുഷ്യഗുണത്തോടു കൂടിയാണ് അയക്കുന്നത്. ദുഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അത്ഭുതങ്ങൾ കാണിക്കുവാൻ അഹങ്കാരത്തോടു കൂടി അവർ വീണ്ടും ആവശ്യപ്പെട്ടതു കാണുക:

وَقَالَ ٱلَّذِينَ لَا يَرۡجُونَ لِقَآءَنَا لَوۡلَآ أُنزِلَ عَلَيۡنَا ٱلۡمَلَٰٓئِكَةُ

أَوۡ نَرَىٰ رَبَّنَاۗ لَقَدِ ٱسۡتَكۡبَرُواْ فِيٓ أَنفُسِهِمۡ وَعَتَوۡ عُتُوّٗا كَبِيرٗا ٢١

25:22. നാമുമായുള്ള കൂടിക്കാഴ്ച പ്രത്യാശിക്കാത്തവർ പറയുന്നു: ഞങ്ങളുടെ അടുക്കൽ മലക്കുകൾ ഇറക്കപ്പെടുകയോ അല്ലെങ്കിൽ ഞങ്ങളുടെ രക്ഷിതാവിനെ ഞങ്ങൾ കാണുകയോ ചെയ്യാത്തതെന്ത്? നിശ്ചയമായും അവർ അഹങ്കരിക്കുകയും വലിയ അതിക്രമം പ്രവർത്തിക്കുകയും ചെയ്തിരിക്കുന്നു.

എന്നാൽ അല്ലാഹുവിന്റെ നിയമം പ്രവർത്തിക്കുന്നത് അവിശ്വാസികളുടെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായാണ്. വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ടിക്കുകയും ചെയ്യുന്നവരുടെ അടുക്കൽ സന്തോഷവാർത്തകളുമായി മലക്കുകൾ ഇറങ്ങുമ്പോൾ അവിശ്വസിക്കുന്നവർക്ക് മലക്കുകളെ കാണുവാൻ കഴിയുന്നത് അവരുടെ മരണ സമയത്തും അവർക്ക് ശിക്ഷ ലഭിക്കുമ്പോഴുമാണ്.

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسۡتَقَٰمُواْ تَتَنَزَّلُ عَلَيۡهِمُ ٱلۡمَلَٰٓئِكَةُ أَلَّا تَخَافُواْ وَلَا تَحۡزَنُواْ

وَأَبۡشِرُواْ بِٱلۡجَنَّةِ ٱلَّتِي كُنتُمۡ تُوعَدُونَ ۝ نَحۡنُ أَوۡلِيَآؤُكُمۡ فِي ٱلۡحَيَوٰةِ ٱلدُّنۡيَا وَفِي ٱلۡأٓخِرَةِۖ

وَلَكُمۡ فِيهَا مَا تَشۡتَهِيٓ أَنفُسُكُمۡ وَلَكُمۡ فِيهَا مَا تَدَّعُونَ ۝

41:31–32 ഞങ്ങളുടെ രക്ഷിതാവ് അല്ലാഹു ആണ് എന്ന് പറയുകയും തുടർന്ന് അതിൽ ഉറച്ച് നിൽക്കുകയും ചെയ്യുന്നവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിച്ചെല്ലുന്നതാണ്. നിങ്ങൾ ഭയപ്പെടുകയോ ദു:ഖിക്കുകയോ വേണ്ട. നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത കേട്ടാലും എന്ന് പറഞ്ഞുകൊണ്ട്.

എന്നാൽ അവിശ്വാസികൾക്ക് മലക്കുകളെ കാണാൻ പറ്റുന്നത് രണ്ടു സന്ദർഭങ്ങളിലാണ്. ആദ്യത്തേത് അവർക്ക് ശിക്ഷലഭിക്കുന്ന അവസരം. അതോടുകൂടി അവരുടെ മരണവും സംഭവിക്കുന്നു. അവിശ്വാസികൾ റസൂൽ (സ) തിരുമേനിയോട് പറഞ്ഞതായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

لَّوۡ مَا تَأۡتِينَا بِٱلۡمَلَٰٓئِكَةِ إِن كُنتَ مِنَ ٱلصَّٰدِقِينَ ۝

15:08. നീ സത്യവാദിയാണെങ്കിൽ ഞങ്ങളുടെ അടുക്കൽ മലക്കുകളെ കൊണ്ടുവരാത്തതെന്ത്?

ഈ ചോദ്യത്തിനു മറുപടിയായി അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

مَا نُنَزِّلُ ٱلۡمَلَٰٓئِكَةَ إِلَّا بِٱلۡحَقِّ وَمَا كَانُوٓاْ إِذٗا مُّنظَرِينَ ۝

15:09. ന്യായമായ ആവശ്യത്തിനുവേണ്ടിയല്ലാതെ (ശിക്ഷയ്ക്കല്ലാതെ) മലക്കുകളെ നാം ഇറക്കുന്നില്ല. അപ്പോൾ അവർക്ക് സാവകാശം നൽകപ്പെടുകയുമില്ല.

وَقَالُواْ لَوۡلَآ أُنزِلَ عَلَيۡهِ مَلَكٞۖ وَلَوۡ أَنزَلۡنَا مَلَكٗا لَّقُضِيَ ٱلۡأَمۡرُ ثُمَّ لَا يُنظَرُونَ ۝

6:09. അവർ പറയുന്നു: എന്തു കൊണ്ടാണ് അവന്റെയടുക്കൽ ഒരു മലക്ക് ഇറക്കപ്പെടാത്തത്? ഒരു മലക്കിനെ നാം ഇറക്കിയിരുന്നുവെങ്കിൽ കാര്യം തീരുമാനിക്കപ്പെടുമായിരുന്നു. പിന്നീട് അവർക്ക് സാവകശം നൽകുകയുമില്ല.

وَقَالَ ٱلَّذِينَ لَا يَرۡجُونَ لِقَآءَنَا لَوۡلَآ أُنزِلَ عَلَيۡنَا ٱلۡمَلَٰٓئِكَةُ أَوۡ نَرَىٰ

رَبَّنَاۖ لَقَدِ ٱسۡتَكۡبَرُواْ فِيٓ أَنفُسِهِمۡ وَعَتَوۡ عُتُوّٗا كَبِيرٗا ۝

25:22. മലക്കുകളെ അവർ കാണുന്ന നാളിൽ കുറ്റവാളികൾക്ക് സന്തോഷ വാർത്തയല്ല ലഭിക്കുക. അവർ പറയും (തങ്ങൾക്കും ഈ ശിക്ഷയ്ക്കുമിടയിൽ) ശക്തമായ ഒരു തടസ്സം ഉണ്ടായിരുന്നുവെങ്കിൽ!
അവിശ്വാസികളുടെ മരണ സമയം അവർ മലക്കുകളെ കാണുന്നതിനെ കുറിച്ച് അല്ലാഹു നമുക്ക് ഇങ്ങനെ പറഞ്ഞു തരുന്നു:

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ قَالَ أُوحِيَ إِلَيَّ وَلَمْ يُوحَ إِلَيْهِ شَيْءٌ

وَمَن قَالَ سَأُنزِلُ مِثْلَ مَآ أَنزَلَ ٱللَّهُ ۗ وَلَوْ تَرَىٰٓ إِذِ ٱلظَّـٰلِمُونَ فِى غَمَرَٰتِ ٱلْمَوْتِ

وَٱلْمَلَـٰٓئِكَةُ بَاسِطُوٓا۟ أَيْدِيهِمْ أَخْرِجُوٓا۟ أَنفُسَكُمُ ۖ ٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ بِمَا

كُنتُمْ تَقُولُونَ عَلَى ٱللَّهِ غَيْرَ ٱلْحَقِّ وَكُنتُمْ عَنْ ءَايَـٰتِهِۦ تَسْتَكْبِرُونَ ﴿٩٣﴾

6:95. ആ അക്രമികളുടെ മരണമൂർച്ചയിൽ മലക്കുകൾ അവരുടെ കൈകൾ നീട്ടി നിങ്ങളുടെ ആത്മാക്കളെ പുറത്ത് വിടൂ എന്ന് പറയുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! നിങ്ങൾ അല്ലാഹുവിന്റെ പേരിൽ അസത്യം പറയുകയും അവന്റെ സന്ദേശങ്ങൾക്കെതിരെ അഹംഭാവം നടിക്കുകയും ചെയ്ത കാരണത്താൽ ഇന്ന് നിങ്ങൾക്ക് അപമാനത്തിന്റെ ശിക്ഷ പ്രതിഫലമായി നൽകപ്പെടുന്നതാണ്.

പ്രകൃതിയിൽ കാണാത്ത ദൈവിക ദൃഷ്ടാന്തങ്ങൾ കൊണ്ട് ദൈവത്തെ മനസ്സിലാക്കാത്ത അവിശ്വാസികൾ എന്തുതന്നെ അത്ഭുത ദൃഷ്ടാന്തങ്ങൾ കണ്ടാലും അവർക്ക് വിശ്വസിക്കാൻ സാധിക്കുകയില്ലെന്ന സത്യം അല്ലാഹു വെളിപ്പെടുത്തുന്നു.

وَلَئِنْ أَرْسَلْنَا رِيحًا فَرَأَوْهُ مُصْفَرًّا لَّظَلُّوا۟ مِنۢ بَعْدِهِۦ يَكْفُرُونَ ﴿٥١﴾

30:52. നാം ഒരു കാറ്റ് അയക്കുകയും (അതുമൂലം കൃഷികൾ നശിച്ച്) മഞ്ഞളിച്ച് പോയതായി അവർ കാണുകയും ചെയ്താലും അതിനു ശേഷവും അവർ അവിശ്വസിച്ചു കൊണ്ടിരിക്കും.

وَإِن يَرَوْا۟ كِسْفًا مِّنَ ٱلسَّمَآءِ سَاقِطًا يَقُولُوا۟ سَحَابٌ مَّرْكُومٌ ﴿٤٤﴾

52:45. ആകാശത്തിൽനിന്ന് കഷ്ണങ്ങൾ താഴോട്ടു വീഴുന്നതായി അവർ കണ്ടാൽ മേഘം കുന്നുകൂടിയതാണെന്ന് അവർ പറയുന്നതാണ്.

അവിശ്വാസികളുടെ മറ്റൊരു പ്രത്യേകത അവർക്ക് ദൈവത്തെക്കുറിച്ചുള്ള വികലമായ സങ്കല്പങ്ങളാണ്. അതുകൊണ്ട് ദൈവത്തിന്റെ ഗുണമഹാത്മ്യങ്ങളെ ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ അവർക്ക് സാ

ധിക്കുന്നില്ല. ഇതിനു പ്രധാന കാരണം അവരുടെ അഹംഭാവമാണ്. സർ വ്വവ്യാപിയും എന്നാൽ ഭൗതിക നേത്രങ്ങൾക്കധീനനുമല്ലാത്ത ദൈവത്തെ കാണുവാൻ ഫിർഔൻ കൈകൊണ്ട മാർഗ്ഗം നോക്കുക:

وَقَالَ فِرْعَوْنُ يَـٰٓأَيُّهَا ٱلْمَلَأُ مَا عَلِمْتُ لَكُم مِّنْ إِلَـٰهٍ غَيْرِى فَأَوْقِدْ لِى يَـٰهَـٰمَـٰنُ عَلَى

ٱلطِّينِ فَٱجْعَل لِّى صَرْحًا لَّعَلِّىٓ أَطَّلِعُ إِلَىٰٓ إِلَـٰهِ مُوسَىٰ وَإِنِّى لَأَظُنُّهُۥ مِنَ ٱلْكَـٰذِبِينَ ﴿٣٨﴾

28:39. ...എനിക്കുവേണ്ടി ഹേ! ഹാമാൻ കളിമണ്ണിൽ തീ കത്തിച്ച് (ഇഷ്ടികയുണ്ടാക്കി) നീ എനിക്കുവേണ്ടി ഉയർന്ന ഗോപുരം നിർമ്മിക്കുക. ഞാൻ മൂസായുടെ ദൈവത്തിന്റെ നേരെ നോക്കട്ടെ....

എന്നിട്ട് ഫിർഔനെക്കുറിച്ച് അല്ലാഹു പറയുകയാണ്:

وَٱسْتَكْبَرَ هُوَ وَجُنُودُهُۥ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَظَنُّوٓا۟ أَنَّهُمْ إِلَيْنَا لَا يُرْجَعُونَ ﴿٣٩﴾

28:40. അവനും അവന്റെ സൈന്യങ്ങളും നാട്ടിൽ അന്യായമായ രീതിയിൽ അഹങ്കരിച്ചു. അവർ നമ്മുടെ അടുക്കൽ തിരിച്ചു കൊണ്ടുവരികപ്പെടുകയില്ലെന്ന് അവർ കരുതുകയും ചെയ്തു.

മേൽ വചനത്തിൽ നിന്ന് മനസ്സിലാവുന്നത് അവിശ്വാസികൾ പൊതുവെ അഹങ്കാരികളാണെന്നാണ്. അവരുടെ അഹങ്കാരത്തെക്കുറിച്ച് കൂടുതൽ പിന്നീട് പ്രതിപാദിക്കുന്നതാണ്.

ദൈവത്തെക്കുറിച്ച് അവിശ്വാസികളുടെ വികല സങ്കല്പങ്ങൾക്ക് മറ്റൊരുദാഹരണമാണ് അവർ ദൈവം ശക്തിമാനാണെന്ന് മനസ്സിലാക്കുന്നില്ല എന്നത്. എല്ലാ മതാനുയായികളും അവരവരുടെ മതമാണ് സത്യമെന്ന് അവകാശപ്പെടുകയും പിന്നീടുണ്ടായ മതങ്ങളെ നിഷേധിക്കുകയും ചെയ്യുന്നു. അവർ വിശ്വസിക്കുന്ന ദൈവവും അവരുടെ വിശ്വാസങ്ങളും സത്യമാണെങ്കിൽ അവരുടെ വിശ്വാസങ്ങൾക്ക് എതിരെയുണ്ടാകുന്ന പുതിയ മതത്തെ അവരുടെ ദൈവം എന്തുകൊണ്ട് നശിപ്പിച്ചു കളയുന്നില്ല? അവരുടെ ദൈവത്തിന് അതിനു ശക്തിയില്ലേ? ഇല്ലെന്നാണ് ഓരോ പുതിയ ആശയങ്ങളുമായി പ്രവാചകന്മാർ വരുമ്പോഴൊക്കെ പ്രവാചകൻമാരെയും അവരുടെ അനുയായികളെയും ദ്രോഹിക്കുകയും നശിപ്പിക്കുകയും ചെയ്യാൻ ശ്രമിക്കുക വഴി അവർ തെളിയിച്ചു കാണിക്കുന്നത്.

അവിശ്വാസികളുടെ മറ്റൊരു പ്രത്യേകത അവരിൽ കൂടുതൽ പേരും സത്യത്തോട് വെറുപ്പുള്ളവരാണെന്നതാണ്. അവർ ദൈവത്തെക്കുറിച്ച് സങ്കല്പിക്കുന്ന കാര്യങ്ങൾ മാത്രമെ ഈ ഭൂമിയിൽ നടക്കാവൂ. ദൈവം ഇച്ഛിക്കുന്ന രീതിയിലുള്ള കാര്യങ്ങൾ നടന്നു കാണുമ്പോൾ അവർ അക്രമാസക്തരായി മാറുകയായി.

لَقَدۡ جِئۡنَٰكُم بِٱلۡحَقِّ وَلَٰكِنَّ أَكۡثَرَكُمۡ لِلۡحَقِّ كَٰرِهُونَ ۝

43:79. തീർച്ചയായും നാം നിങ്ങളുടെ അടുക്കൽ സത്യം കൊണ്ടുവന്നു. പക്ഷെ നിങ്ങളിൽ അധിക പേരും സത്യം വെറുക്കുന്നവരായിരുന്നു.

ذَٰلِكَ بِأَنَّ ٱلَّذِينَ كَفَرُواْ ٱتَّبَعُواْ ٱلۡبَٰطِلَ وَأَنَّ ٱلَّذِينَ ءَامَنُواْ ٱتَّبَعُواْ ٱلۡحَقَّ مِن رَّبِّهِمۡ

47:04. ...അവിശ്വാസികൾ അസത്യം പിന്തുടരുകയും സത്യവിശ്വാസികൾ തങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള സത്യം പിന്തുടരുകയും ചെയ്യുന്നു.

അവിശ്വാസികൾ അന്ധമായി പൂർവ്വ തലമുറകളെ അനുകരിക്കുന്നവരാണ്. ഈ അന്ധതകാരണമാണ് വഴിതെറ്റി പോയ ജനതയെ നേർവഴിയിലാക്കുവാൻ വേണ്ടി വരുന്ന പ്രവാചകന്മാരെ അവർ ധിക്കരിക്കുന്നത്. പുതിയ സന്ദേശങ്ങൾ എത്രതന്നെ നന്മകൾ നിറഞ്ഞതാണെങ്കിലും അവർ അതിനെ പരിഹസിച്ച് തള്ളിക്കളയുന്നു.

وَإِذَا قِيلَ لَهُمُ ٱتَّبِعُواْ مَآ أَنزَلَ ٱللَّهُ قَالُواْ بَلۡ نَتَّبِعُ مَا وَجَدۡنَا عَلَيۡهِ

ءَابَآءَنَآۚ أَوَلَوۡ كَانَ ٱلشَّيۡطَٰنُ يَدۡعُوهُمۡ إِلَىٰ عَذَابِ ٱلسَّعِيرِ ۝

31:22. അല്ലാഹു അവതരിപ്പിച്ചതിനെ പിന്തുടരുവിൻ എന്ന് അവരോട് പറയപ്പെടുമ്പോൾ, അവർ പറയുന്നു: ഇല്ല. ഞങ്ങളുടെ പിതാക്കൾ പിന്തുടർന്നതിനെ മാത്രമെ ഞങ്ങളും പിന്തുടരുകയുള്ളൂ. പിശാച് നരക ശിക്ഷയിലേക്കാണ് അവരെ വിളിക്കുന്നതെങ്കിൽപോലും (അവർ അതാണോ പിന്തുടരുക?)

അവിശ്വാസികളുടെ മറ്റൊരു പ്രത്യേകതയായി വിശുദ്ധ ഖുർആൻ പറയുന്നത് അവർ അല്ലാഹുവിനെയും പ്രവാചകന്മാരെയും വിശ്വാസികളെയും പരിഹസിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവരാണെന്നാണ്.

إِنَّ ٱلَّذِينَ أَجۡرَمُواْ كَانُواْ مِنَ ٱلَّذِينَ ءَامَنُواْ يَضۡحَكُونَ ۝

وَإِذَا مَرُّواْ بِهِمۡ يَتَغَامَزُونَ ۝ وَإِذَا ٱنقَلَبُوٓاْ إِلَىٰٓ أَهۡلِهِمُ ٱنقَلَبُواْ فَكِهِينَ ۝

83:30-32 തീർച്ചയായും കുറ്റവാളികൾ വിശ്വാസികളെ പരിഹസിച്ചു കൊണ്ടിരുന്നു. അവരുടെ അടുത്തു കൂടി അവർ കടന്നു പോകുമ്പോൾ തമ്മിൽ തമ്മിൽ (പരിഹാസ ഭാവത്തോടെ) കണ്ണിറുക്കിയിരുന്നു.

അവിശ്വാസികൾ അഹംഭാവികളാണ്. അവരാണ് സ്വയം വലിയവർ എന്നും അവരോട് നന്മ ഉപദേശിക്കേണ്ട സ്വാതന്ത്ര്യം ആർക്കുമില്ലെന്നും അവർ മനസ്സിലാക്കുന്നു. അങ്ങനെയുള്ളവരെ താഴ്ത്തിക്കളയുവാൻ അവ

ർ പരിശ്രമിക്കുന്നു.

وَإِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا وَلَّىٰ مُسْتَكْبِرًا كَأَن لَّمْ

يَسْمَعْهَا كَأَنَّ فِىٓ أُذُنَيْهِ وَقْرًا ۖ فَبَشِّرْهُ بِعَذَابٍ أَلِيمٍ ۝

31:08. നമ്മുടെ വചനങ്ങൾ അവന്റെ മുമ്പാകെ വായിച്ചു കേൾപ്പിക്കപ്പെടുമ്പോൾ അവൻ അഹംഭാവം നടിച്ചുകൊണ്ട് പിന്മാറിക്കളയുന്നു. അവൻ കേട്ടില്ല എന്ന പോലെ. അവന്റെ രണ്ട് ചെവികളിലും ബധിരതയുള്ളതുപൊലെ

അവിശ്വാസികൾ മൃഗങ്ങളെ പോലെയാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അവരുടെ പ്രധാന ഉദ്ദേശ്യം മൃഗങ്ങൾ ജീവിക്കുന്നതു പോലെ ജീവിക്കുകയാണ്. മൃഗങ്ങൾ തിന്നുന്നു, കുടിക്കുന്നു, ഉറങ്ങുന്നു, ഭോഗിക്കുന്നു. അവർക്ക് ഇതിനപ്പുറമുള്ള കാര്യങ്ങളിലേക്ക് ബുദ്ധി ഉപയോഗിക്കേ ആവശ്യമില്ല. അവിശ്വാസികളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മൃഗങ്ങളെപ്പോലെയാണെന്ന് വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നു:

أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ ۚ إِنْ

هُمْ إِلَّا كَٱلْأَنْعَٰمِ ۖ بَلْ هُمْ أَضَلُّ سَبِيلًا ۝

25:45. അല്ലെങ്കിൽ അവരിലധികം പേരും കേൾക്കുകയോ ബുദ്ധി ഉപയോഗിക്കുകയോ ചെയ്യുന്നുവെന്ന് നീ വിചാരിക്കുന്നുവോ? അവർ കന്നുകാലികളെപ്പോലെ മാത്രമാണ്. അതിലും കൂടുതൽ വഴിപിഴച്ചവരാകുന്നു.

وَٱلَّذِينَ كَفَرُوا۟ يَتَمَتَّعُونَ وَيَأْكُلُونَ كَمَا تَأْكُلُ ٱلْأَنْعَٰمُ

47:13. അവിശ്വസിച്ചവർ സുഖമെടുക്കുകയും കാലികൾ തിന്നുന്നതു പോലെ തിന്നുകയും ചെയ്യുന്നു.

അവിശ്വാസികൾ വിനോദങ്ങൾക്കും കളിതമാശകൾക്കും മുൻതൂക്കം കൊടുക്കുന്നവരാണ്. അതുകൊണ്ട് ആത്മീയമായി അവർക്ക് കൂടുതൽ ചിന്തിക്കാൻ സാധിക്കാതെ പോകുന്നു. അവിശ്വാസികളുടെ ഈ സ്വഭാവത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക:

ذَٰلِكُم بِمَا كُنتُمْ تَفْرَحُونَ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَبِمَا كُنتُمْ تَمْرَحُونَ ۝

40:76. സത്യവിരുദ്ധമായ രീതിയിൽ ഭൂമിയിൽ നിങ്ങൾ ആഹ്ലാദിച്ചിരുന്നതിന്റെയും ഗർവ്വ് കാട്ടിയതിന്റെയും ഫലമാണിത്. (അവർക്ക് നരകത്തി

ൽ പ്രവേശിക്കേണ്ടിവരുന്നത്).

ٱلَّذِينَ هُمۡ فِي خَوۡضٖ يَلۡعَبُونَ ۝

52:13. (അവിശ്വാസികൾ) അനാവശ്യകാര്യങ്ങളിൽ മുഴുകി വിനോദിച്ചു കൊണ്ടിരിക്കുന്നവർ.

പരലോകത്ത് അവിശ്വാസികൾ അവരെക്കുറിച്ചു തന്നെ പറയുന്ന കാര്യങ്ങളിൽ ഒന്നായി വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നതിങ്ങനെയാണ്:

وَكُنَّا نَخُوضُ مَعَ ٱلۡخَآئِضِينَ ۝

74:46. കളിതമാശകൾ പറയുന്നവരുടെ കൂടെ ഞങ്ങൾ തമാശകൾ പറഞ്ഞു കൊണ്ടിരുന്നു.

അവിശ്വാസികൾ ഈ ലോകത്തെ സ്നേഹിക്കുന്നവരും ഭൗതിക സമ്പത്തുകൾ വലിയ അനുഗ്രഹമാണെന്ന് കരുതി അതിന്റെ പിറകെ സമയം ചിലവഴിക്കുന്നവരുമാണ്. ദൈവിക സന്ദേശങ്ങൾ സ്വീകരിക്കുന്നതിനെതിരെ അവിശ്വാസികൾ പറഞ്ഞതായി വിശുദ്ധ ഖുർആൻ എടുത്തു പറയുന്നു:

وَقَالُواْ نَحۡنُ أَكۡثَرُ أَمۡوَٰلٗا وَأَوۡلَٰدٗا وَمَا نَحۡنُ بِمُعَذَّبِينَ ۝

34:36. സമ്പത്തുകളും സന്താനങ്ങളും ഞങ്ങൾക്കാണ് അധികം. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല.

അവിശ്വാസിൾക്ക് ഈ ലോകത്തോടുള്ള അമിതമായ സ്നേഹത്തെ കുറിച്ച് വീണ്ടും പറയുന്നു:

إِنَّ هَٰٓؤُلَآءِ يُحِبُّونَ ٱلۡعَاجِلَةَ وَيَذَرُونَ وَرَآءَهُمۡ يَوۡمٗا ثَقِيلٗا ۝

76:28. തീർച്ചയായും ഇവർ ക്ഷണികമായ ഐഹികജീവിതത്തെ സ്നേഹിക്കുകയും ഗുരുതരമായ ഒരു ദിവസത്തെ അവരുടെ പുറകിൽ വിട്ടുകളയുകയും ചെയ്യുന്നു.

إِنَّهُمۡ كَانُواْ قَبۡلَ ذَٰلِكَ مُتۡرَفِينَ ۝ وَكَانُواْ يُصِرُّونَ عَلَى ٱلۡحِنثِ ٱلۡعَظِيمِ ۝

56:46–47 തീർച്ചയായും ഇതിനു മുമ്പും (ഭൗതീകജീവിതത്തിൽ) അവർ സുഖലോലുപരായിരുന്നു. വലിയ കുറ്റകൃത്യങ്ങളിൽ അവർ ഉറച്ചു നിന്നിരുന്നു.

അവിശ്വാസികൾ ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാത്തവരും ദാനധർമ്മങ്ങൾ നല്കാത്തവരുമണ്.

وَإِذَا قِيلَ لَهُمْ أَنفِقُوا۟ مِمَّا رَزَقَكُمُ ٱللَّهُ قَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوٓا۟
أَنُطْعِمُ مَن لَّوْ يَشَآءُ ٱللَّهُ أَطْعَمَهُۥٓ إِنْ أَنتُمْ إِلَّا فِى ضَلَٰلٍ مُّبِينٍ ۝

36:47. ദൈവം നിങ്ങൾക്കു നൽകിയ സമ്പത്തിൽ നിന്നും ചിലവഴിക്കുവിൻ എന്ന് അവരോട് പറയപ്പെടുമ്പോൾ അവിശ്വാസികൾ വിശ്വാസികളോട് പറയുന്നു: ദൈവം നിശ്ചയിച്ചിരുന്നുവെങ്കിൽ അവൻ തന്നെ ആഹാരം കൊടുക്കുമായിരുന്ന ആളുകൾക്ക് ഞങ്ങൾ ആഹാരം കൊടുക്കേണമോ? നിങ്ങൾ വ്യക്തമായ തെറ്റിൽ തന്നെയാകുന്നു.

അവിശ്വാസികൾ ദൈവത്തെയും അവന്റെ പ്രവാചകന്മാരെയും നിഷേധിക്കുന്നതു വഴിയും ഈ ലോകത്തിന് പ്രാധാന്യം കൊടുക്കുന്നതുകൊണ്ടും അവരെ സൃഷ്ടിച്ചതിനുള്ള ഉദ്ദേശ്യം, അതായത് അല്ലാഹുവിന് ആരാധാനകളർപ്പിക്കാനുള്ള ആത്മീയാനുഗ്രഹം അവർക്ക് നഷ്ടപ്പെട്ടു പോകുന്നു. അങ്ങനെ അവർ നമസ്ക്കരിക്കാത്തവരും ദാനധർമ്മം ചെയ്യാത്തവരും ആയിത്തീരുന്നു:

فَلَا صَدَّقَ وَلَا صَلَّىٰ ۝

75:32. അവൻ ദാനധർമ്മങ്ങൾ ചെയ്തില്ല. നമസ്ക്കരിച്ചതുമില്ല.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ۝ وَإِذَا قِيلَ لَهُمُ ٱرْكَعُوا۟ لَا يَرْكَعُونَ ۝

77:48–49 ആ നാളിൽ സത്യനിഷേധികൾക്കു നാശം. കുമ്പിടുവിൻ എന്ന് അവരോട് പറയപ്പെടുമ്പോൾ അവർ കുമ്പിടുകയില്ല.

ഈ ലോകത്തുനിന്ന് നമസ്ക്കരിച്ചു ശീലിക്കാത്തത് കൊണ്ട് പുനരുത്ഥാനദിനം ദൈവം വെളിപ്പെടുന്ന അവസരത്തിൽ വിശ്വാസികളെല്ലാം സാഷ്ടാംഗം അർപ്പിക്കുമ്പോൾ അവിശ്വാസികൾക്ക് അതിന് സാധിക്കുകയില്ലെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു:

يَوْمَ يُكْشَفُ عَن سَاقٍ وَيُدْعَوْنَ إِلَى ٱلسُّجُودِ فَلَا يَسْتَطِيعُونَ ۝
خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۖ وَقَدْ كَانُوا۟ يُدْعَوْنَ إِلَى ٱلسُّجُودِ وَهُمْ سَٰلِمُونَ ۝

68:43–44 സത്യം (ദൈവം) വെളിപ്പെടുകയും സുജൂദ് ചെയ്യുവാൻ അവർ വിളിക്കപ്പെടുകയും ചെയ്യുന്ന നാളിൽ അവർക്കതിന് സാധിക്കുകയില്ല. അവരുടെ ദൃഷ്ടികൾ താഴ്ന്നിരിക്കും. നിന്ദ്യത അവരെ ആവരണം ചെയ്തിരിക്കും. അവർ സുരക്ഷിതർ ആയിരുന്ന സമയത്ത് സുജൂദ് ചെയ്യുവാനായി അവർ വിളിക്കപ്പെട്ടിരുന്നു. (അപ്പോൾ അവർ അനുസരിച്ചിരു

ന്നില്ല.)

അവിശ്വാസികൾ അഹംഭാവം കൊള്ളുകയും സത്യത്തെ തിരസ്ക്കരിക്കുകയും ദൈവദൂതന്മാരെ നിഷേധിക്കുകയും ചെയ്യുന്ന കാരണത്താൽ അവിശ്വാസികൾക്ക് അല്ലാഹുവിന്റെ സ്നേഹം നഷ്ടപ്പെടുകയും അങ്ങനെ അവർ ദൈവിക ശാപത്തിന് അർഹരായിത്തീരുകയും ചെയ്യുന്നു. ദൈവത്തെയും പുനരുത്ഥാനത്തെയും നിഷേധിക്കുക വഴി മരണശേഷം എന്തു സംഭവിക്കുമെന്ന് വ്യക്തമായ ധാരണയിലെത്താൻ സാധിക്കാത്തതു കൊണ്ട് അവരുടെ ആത്മാക്കളെ ഈ ലോകത്തു വെച്ചു തന്നെ ഭീതി വലയം ചെയ്യുന്നതാണെന്ന പ്രകൃതി രഹസ്യം ദൈവം വെളിപ്പെടുത്തിയിരിക്കുന്നു:

إِنَّهُۥ لَا يُحِبُّ ٱلْكَٰفِرِينَ ۝

30:46. ...തീർച്ചയായും അവൻ അവിശ്വാസികളെ സ്നേഹിക്കുന്നില്ല.

إِنَّ ٱللَّهَ لَعَنَ ٱلْكَٰفِرِينَ

33:65. തീർച്ചയായും അവിശ്വാസികളെ അല്ലാഹു ശപിച്ചു.

تَرَى ٱلظَّٰلِمِينَ مُشْفِقِينَ مِمَّا كَسَبُوا۟

42:23. തങ്ങൾ സമ്പാദിച്ച (തിന്മകൾ) കാരണത്താൽ ഭയചകിതരായി ദുഷ്ടന്മാരെ നീ കാണുന്നതാണ്.

അവിശ്വാസികളുടെ മറ്റൊരു പ്രത്യേകത അവർ ദൈവിക ശിക്ഷ കൊണ്ടുവരാൻ വേണ്ടി ദൈവദൂതന്മാരെ വെല്ലുവിളിക്കുന്നുവരും അതിനു വേണ്ടി ധൃതികൂട്ടുന്നവരുമാണെന്നതാണ്. ദൈവിക ശിക്ഷകൾ വരുമ്പോൾ അവർക്ക് സ്വയം രക്ഷപ്പെടാൻ സാധിക്കുമെന്നതു പോലെ. ലൂത്ത് നബിയോടുള്ള അദ്ദേഹത്തിന്റെ ജനതയുടെ വെല്ലുവിളി കേൾക്കുക:

ٱئْتِنَا بِعَذَابِ ٱللَّهِ إِن كُنتَ مِنَ ٱلصَّٰدِقِينَ ۝

29:30. നീ സത്യം പറയുന്നവനാണെങ്കിൽ അല്ലാഹുവിന്റെശിക്ഷ ഞങ്ങൾക്ക് നീ കൊണ്ടുവരിക.

وَقَالُوا۟ رَبَّنَا عَجِّل لَّنَا قِطَّنَا قَبْلَ يَوْمِ ٱلْحِسَابِ ۝

38:17. അവർ പറയുന്നു: ഞങ്ങളുടെ നാഥാ, വിചാരണ ദിവസത്തിനു മുമ്പുതന്നെ ഞങ്ങളുടെ (ശിക്ഷാ) വിധി ഞങ്ങൾക്ക് വേഗത്തിൽ നൽകുക.

എന്നാൽ കാരുണ്യവാനായ ദൈവം അവർക്ക് ഈ ലോകത്തു വെച്ചു

തന്നെ ചെറുശിക്ഷകൾ നൽകിക്കൊണ്ട് അവരുടെ കണ്ണുകൾ തുറപ്പിക്കാൻ ശ്രമിക്കുമ്പോൾ അവർ വീണ്ടും അഹങ്കാരത്തിലേക്കും നിഷേധത്തിലേക്കും തിരിച്ചു പോവുകയാണ് ചെയ്യുന്നത്.

മൂസാ നബി (അ) യോടും ഫിർഔനും ആൾക്കാരും ആവശ്യപ്പെട്ടതു കാണുക:

وَقَالُواْ يَـٰٓأَيُّهَ ٱلسَّاحِرُ ٱدۡعُ لَنَا رَبَّكَ بِمَا عَهِدَ عِندَكَ إِنَّنَا لَمُهۡتَدُونَ ۝

فَلَمَّا كَشَفۡنَا عَنۡهُمُ ٱلۡعَذَابَ إِذَا هُمۡ يَنكُثُونَ ۝

43:50–51 അവർ പറഞ്ഞു: ഹേ ജാലവിദ്യക്കാരാ, നിന്റെ നാഥൻ നിന്നോട് ചെയ്ത കരാറനുസരിച്ച് (ശിക്ഷ മാറ്റിവെക്കുവാൻ) ഞങ്ങൾക്കു വേണ്ടി അവനോട് നീ പ്രാർത്ഥിക്കുക. ഞങ്ങൾ നേർവഴി പ്രാപിക്കാം. എന്നാൽ അവരിൽ നിന്നും ആ ശിക്ഷ നാം അകറ്റി നിർത്തിയപ്പോൾ അവരതാ വാക്കുമാറുന്നു.

رَّبَّنَا ٱكۡشِفۡ عَنَّا ٱلۡعَذَابَ إِنَّا مُؤۡمِنُونَ ۝

44:13. അവർ പറയും: ഞങ്ങളുടെ നാഥാ ഞങ്ങളിൽനിന്ന് ഈ ശിക്ഷ നീ നീക്കിത്തരേണമേ. തീർച്ചയായും ഞങ്ങൾ വിശ്വസിക്കുന്നുതാണ്.

إِنَّا كَاشِفُواْ ٱلۡعَذَابِ قَلِيلًا إِنَّكُمۡ عَآئِدُونَ ۝

44:16. ശിക്ഷ നാം അല്പം മാറ്റിവെച്ചാൽ അവർ (പഴയ അവസ്ഥയിലേക്ക്) മടങ്ങുകയും ചെയ്യും.

لَّقَدۡ كَانَ لَكُمۡ فِي رَسُولِ ٱللَّهِ أُسۡوَةٌ حَسَنَةٌ لِّمَن

كَانَ يَرۡجُواْ ٱللَّهَ وَٱلۡيَوۡمَ ٱلۡأٓخِرَ وَذَكَرَ ٱللَّهَ كَثِيرًا ۝

32:22. ഏറ്റവും വലിയ ശിക്ഷ നൽകുന്നതിന് മുമ്പ് ചെറിയ ശിക്ഷകൾ നാം അവരെ രുചിപ്പിക്കുന്നു. അവർ (തിന്മയിൽ നിന്നും) പിന്മാറുന്നതിനു വേണ്ടി.

ചെറിയ ശിക്ഷകൾ നൽകി തെറ്റുകളിൽ നിന്ന് പിന്തിരിയാനുള്ള സന്ദർഭങ്ങൾ കാരുണ്യവാനായ ദൈവം എത്ര തന്നെ നൽകിയാലും ശിക്ഷ അനുഭവിക്കുന്നതുവരെ അവിശ്വാസികൾക്ക് വിശ്വാസികളായിത്തീരാൻ സാധിക്കുക്കുകയില്ലെന്നാണ് വിശുദ്ധ ഖുർആനിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ പറ്റുന്നത്.

إِنَّ ٱلَّذِينَ حَقَّتۡ عَلَيۡهِمۡ كَلِمَتُ رَبِّكَ لَا يُؤۡمِنُونَ ۝

وَلَوۡ جَآءَتۡهُمۡ كُلُّ ءَايَةٍ حَتَّىٰ يَرَوُاْ ٱلۡعَذَابَ ٱلۡأَلِيمَ ۝

10:97–98 തീർച്ചയായും നിന്റെ നാഥന്റെ (ശിക്ഷാ) വചനം ആരുടെമേൽ അന്വർത്ഥമായിരിക്കുന്നുവോ അവർ വിശ്വസിക്കുകയില്ല. എല്ലാ ദൃഷ്ടാന്തങ്ങളും അവർ കണ്ടെത്തിയാലും വേദനയേറിയ ശിക്ഷ അവർ നേരിൽ കാണുന്നതുവരെ (വിശ്വസിക്കുകയില്ല.)

എന്തിലധികം പറയുന്നു, പുനരുത്ഥാന ദിവസം അവിശ്വാസികൾ നരകത്തിന്റെ മുന്നിൽ കൊണ്ടു നിറുത്തപ്പെടുകയും അങ്ങനെ ശിക്ഷ നേരിൽ കാണുകയും ചെയ്തതിനു ശേഷം (ശിക്ഷയനുഭവിക്കാതെ) ഈ ലോകത്തേക്ക് നന്മചെയ്യുന്നതിനു വേണ്ടി അവരെ തിരിച്ചയച്ചാൽ പോലും അവർ നന്മ ചെയ്യുകയില്ലെന്ന് ദൈവം അവന്റെ അപാരജ്ഞാനത്താൽ നമുക്ക് മനസ്സിലാക്കിത്തരുന്നു.

وَلَوۡ تَرَىٰٓ إِذۡ وُقِفُواْ عَلَى ٱلنَّارِ فَقَالُواْ يَٰلَيۡتَنَا نُرَدُّ وَلَا نُكَذِّبَ بِـَٔايَٰتِ رَبِّنَا وَنَكُونَ مِنَ ٱلۡمُؤۡمِنِينَ ۝

بَلۡ بَدَا لَهُم مَّا كَانُواْ يُخۡفُونَ مِن قَبۡلُۖ وَلَوۡ رُدُّواْ لَعَادُواْ لِمَا نُهُواْ عَنۡهُ وَإِنَّهُمۡ لَكَٰذِبُونَ ۝

6:28–29 നരകാഗ്നിയുടെ മുന്നിൽ അവർ കൊണ്ടു നിർത്തപ്പെടുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! അപ്പോൾ അവർ പറയും: ഹാ ഞങ്ങൾ തിരിച്ചയക്കപ്പെട്ടിരുന്നെങ്കിൽ ഞങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ നിഷേധിക്കുകയില്ലായിരുന്നു. ഞങ്ങൾ വിശ്വാസികൾ ആയിത്തീരുകയും ചെയ്യുമായിരുന്നു. എന്നാൽ അവർ മുമ്പ് മറച്ചുവെച്ചിരുന്നത് ഇപ്പോൾ അവർക്ക് ബോധ്യമായിരിക്കുന്നു. അവരെ മടക്കി അയച്ചാൽ തന്നെയും അവരോട് വിലക്കപ്പെട്ട കാര്യങ്ങളിലേക്ക് തന്നെ അവർ ചെയ്തു തുടങ്ങുന്നതാണ്. തീർച്ചയായും അവർ കളവു പറയുന്നവർ തന്നെയാകുന്നു.

ഇങ്ങനെയുള്ള വ്യക്തികളെ ശുദ്ധീകരിക്കുന്നതിനു ഒരൊറ്റ മാർഗ്ഗമേയുള്ളൂ. അത് അവന്റെ നീതി നിയമമനുസരിച്ച് പ്രകൃതിയിൽ ഉണ്ടാക്കിയ മാർഗ്ഗത്തിൽ കൂടി കടത്തിവിടുക എന്നതാണത്.

وَيَوۡمَ نَحۡشُرُ مِن كُلِّ أُمَّةٖ فَوۡجٗا مِّمَّن يُكَذِّبُ بِـَٔايَٰتِنَا فَهُمۡ يُوزَعُونَ ۝

حَتَّىٰٓ إِذَا جَآءُو قَالَ أَكَذَّبۡتُم بِـَٔايَٰتِي وَلَمۡ تُحِيطُواْ بِهَا عِلۡمًا أَمَّاذَا كُنتُمۡ تَعۡمَلُونَ ۝

27:84–86. ഓരോ ജനതയിൽ നിന്നും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച സംഘത്തെ നാം ഒരുമിച്ച് ചേർക്കുന്ന ദിവസം അവർ അണിനി

രത്തപ്പെടും. അങ്ങനെ അവർ വരുമ്പോൾ അവൻ പറയും: എന്റെ സന്ദേശങ്ങളെ നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ നിങ്ങൾ അവയെ നിഷേധിച്ചതാണോ? അല്ലെങ്കിൽ എന്തായിരുന്നു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്? അവർ അക്രമം പ്രവർത്തിച്ചതു കാരണമായി (ശിക്ഷാ) വചനം അവരിൽ നിറവേറുന്നതാണ്. അതുകൊണ്ട് അവർ മിണ്ടുകയില്ല.

വീണ്ടും സത്യനിഷേധികളെക്കുറിച്ച് അല്ലാഹു പറയുന്നതു കാണുക:

وَسِيقَ ٱلَّذِينَ كَفَرُوٓاْ إِلَىٰ جَهَنَّمَ زُمَرًا ۖ حَتَّىٰٓ إِذَا جَآءُوهَا فُتِحَتۡ أَبۡوَٰبُهَا وَقَالَ لَهُمۡ خَزَنَتُهَآ أَلَمۡ يَأۡتِكُمۡ رُسُلٞ مِّنكُمۡ يَتۡلُونَ عَلَيۡكُمۡ ءَايَٰتِ رَبِّكُمۡ وَيُنذِرُونَكُمۡ لِقَآءَ يَوۡمِكُمۡ هَٰذَاۚ قَالُواْ بَلَىٰ وَلَٰكِنۡ حَقَّتۡ كَلِمَةُ ٱلۡعَذَابِ عَلَى ٱلۡكَٰفِرِينَ ۝ قِيلَ ٱدۡخُلُوٓاْ أَبۡوَٰبَ جَهَنَّمَ خَٰلِدِينَ فِيهَا ۖ فَبِئۡسَ مَثۡوَى ٱلۡمُتَكَبِّرِينَ ۝

39:72–73. അവിശ്വാസികൾ നരകത്തിലേക്ക് കൂട്ടം കൂട്ടമായി നയിക്കപ്പെടും. അങ്ങനെ അവർ അതിന്നടുത്തെത്തിയാൽ അതിന്റെ വാതിലുകൾ തുറക്കപ്പെടും. അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും: നിങ്ങൾക്ക് നിങ്ങളുടെ നാഥന്റെ സൂക്തങ്ങൾ ഓതിത്തരികയും നിങ്ങൾക്ക് ഈ ദിനം നേരിടേണ്ടിവരുമെന്ന മുന്നറിയിപ്പ് നൽകുകയും ചെയ്തുകൊണ്ട് നിങ്ങളിൽനിന്നുതന്നെയുള്ള ദൂതന്മാർ നിങ്ങളുടെ അടുത്ത് വന്നിരുന്നില്ലേ? അവർ പറയും: അതേ, എന്നാൽ സത്യനിഷേധികളായ (ഞങ്ങളുടെ) മേൽ ശിക്ഷാവചനം നിറവേറ്റപ്പെട്ടിരിക്കുന്നു. പറയപ്പെടും: നരകത്തിന്റെ വാതിലുകളിലൂടെ കടക്കുവിൻ. അവർ അവിടെ വസിക്കുന്നതാണ്. അങ്ങനെ അഹംഭാവികളുടെ പാർപ്പിടം എത്രയും ചീത്തയാകുന്നു.

ഇത്രയും വിവരിച്ചതിൽ നിന്നും ദൈവം അവിശ്വാസികളെ ശിക്ഷിക്കുന്നത് അവർ നരകശിക്ഷയിൽ കൂടി കടന്നു പോയാലല്ലാതെ ശുദ്ധീകരിക്കപ്പെടുകയില്ല എന്നതു കൊണ്ടാണ്. അല്ലാതെ ദൈവം പ്രതികാരദാഹിയായതു കൊണ്ടോ ക്രൂരനായതു കൊണ്ടോ അല്ല. അല്ലാഹു അല്ലാഹുവിനെക്കുറിച്ചു തന്നെ പറയുന്നതു കാണുക:

إِنَّ ٱللَّهَ لَا يَظۡلِمُ مِثۡقَالَ ذَرَّةٖۖ وَإِن تَكُ حَسَنَةٗ يُضَٰعِفۡهَا وَيُؤۡتِ مِن لَّدُنۡهُ أَجۡرًا عَظِيمٗا ۝

4:41. തീർച്ചയായും അല്ലാഹു ഒരു അണുവോളം അനീതി ചെയ്യുകയില്ല. അത് ഒരു സൽപ്രവർത്തിയാണെങ്കിൽ അവൻ അത് ഇരട്ടിയാക്കുകയും അവനിൽ നിന്നുള്ള മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുന്നതാ

ണ്.

ٱللَّهُ رَءُوفُۢ بِٱلۡعِبَادِ ۝

3:31. ...അല്ലാഹു തന്റെ ദാസന്മാരോട് വളരെ ദയയുള്ളവനാകുന്നു.

ദൈവം നമ്മെ എല്ലാവരെയും വശ്വാസികളാക്കിത്തീർക്കുകയും അവന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. ആമീൻ.

****

3. സ്ത്രീകളുടെ അവകാശങ്ങളും ബാദ്ധ്യതകളും

അല്ലാഹു സ്ത്രീകളെ വളരെ കരുണാമയത്തോടെയാണ് വിശുദ്ധ ഖുർ ആനിൽ വിവരിച്ചിരിക്കുന്നത്. അവരോട് നല്ല രീതിയിൽ പെരുമാറുവാ നും അവരെ സംരക്ഷിക്കാനും അവർക്ക് വേണ്ടി ചിലവു ചെയ്യാനുമുള്ള ചുമതല അല്ലാഹു പുരുഷന്മാരുടെമേൽ ചുമത്തി. അതോടൊപ്പം അവർ ക്ക് വിവാഹ മൂല്യം നൽകുവാനും സ്വത്തിൽ അവകാശം കൊടുക്കു വാനും കല്പിച്ചു. ഈ പ്രത്യേകമായ കാരുണ്യങ്ങൾ അല്ലാഹു സ്ത്രീക ൾക്ക് നൽകിയതോടൊപ്പം അവരിൽ നിന്നും ചില ത്യാഗങ്ങളും ആവശ്യ പ്പെട്ടിട്ടുണ്ട്. ഏറ്റവും വലിയ ത്യാഗമായി ഭർത്താവിനോടുള്ള അനുസര ണം ആവശ്യപ്പെട്ടിരുക്കുന്നു. അനുസരണക്കേട് കാണിക്കുന്ന അവസര ത്തിൽ അത് നേരെയാക്കാനുള്ള ചില രീതികൾ പുരുഷന്മാരോട് അവ ലംബിക്കാൻ പറഞ്ഞിട്ടുമുണ്ട്.

പുരുഷന്മാർക്ക് വിവാഹമോചനത്തിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും അനുവദിക്കപ്പെട്ട കാര്യത്തിൽ ഏററവും വെറുക്കപ്പെട്ടതാണ് അതെന്ന് റസൂൽ (സ) തിരുമേനി വ്യക്തമാക്കിയിരിക്കുന്നു. അവർ ഇഷ്ടപ്പെ ടാത്ത പുരുഷനോട് വിവാഹ മോചനം ആവശ്യപ്പെടാനുള്ള അധികാരം അല്ലാഹു സ്ത്രീകൾക്കും നൽകിയിട്ടുണ്ട്.

പുരുഷനു വേണ്ടിയോ അല്ലെങ്കിൽ അവരുടെ മക്കൾക്കു വേണ്ടിയോ ചിലവഴിക്കേണ്ട ബാദ്ധ്യത സ്ത്രീകൾക്കില്ലെങ്കിലും സ്വത്തുക്കൾ കൈ വശം വെക്കാനും അത് നോക്കിനടത്തുവാനുമുള്ള അവകാശം അല്ലാഹു സ്ത്രീകൾക്ക് നൽകിയിരിക്കുന്നു, സംരക്ഷണ ബാദ്ധ്യതയുള്ള പുരുഷന് സ്ത്രീയേക്കാൾ ഇരട്ടി ഓഹരി അനന്തരാവകാശമുണ്ടെങ്കിലും.

വിവാഹ മോചിതരാവുന്ന സ്ത്രീകൾക്ക് പ്രത്യേകനിലയിൽ സംരക്ഷണം നൽകുവാനും അല്ലാഹു പുരുഷന്മാരെ ഉപദേശിച്ചിരിക്കുന്നു. മാതാവി നോടും പിതാവിനോടും തുല്യമായി പെരുമാറുവാനും സ്ത്രീയും പുരുഷ നും ചാരിത്ര്യം ഒരു പോലെ സംരക്ഷിക്കുവാനും ഉപദേശിക്കപ്പെട്ടിരിക്കു ന്നു. പുരുഷനു തുല്യമായി സാക്ഷിപറയുവാനും വേണ്ടി വന്നാൽ ഭര ണം ഏറ്റെടുക്കാനും സ്ത്രീകൾക്കവകാശമുണ്ട്. അല്ലാഹുവിന്റെ പ്രതി ഫലത്തിനും സ്വർഗ്ഗത്തിനുള്ള അവകാശത്തിനും അതുപോലെ അവ ന്റെ ശിക്ഷയ്ക്കും അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്ത്രീകളും പുരുഷന്മാ രും തുല്യരാണ്. സ്ത്രീകളും പുരുഷന്മാരും ഒരാത്മാവിന്റെ രണ്ടു ഭാഗ ങ്ങളാണെന്ന് വിശുദ്ധ ഖുർആൻ പറഞ്ഞു തരുന്നു. ആണായാലും പെ ണ്ണായാലും അവരുടെ ആത്മാവിന്റെ അവസ്ഥാ വിശേഷം ഒന്നാണെ ന്നും സ്ത്രീയും പുരുഷനും എന്നത് ശാരീരികമായി വ്യത്യസ്ഥമായ അ വസ്ഥകളാണെന്നും ഇതിൽ നിന്നും മനസ്സിലാക്കാം. ഒരേ ആത്മാവിൽ

നിന്നാണ് സ്ത്രീയേയും പുരുഷനേയും സൃഷ്ടിച്ചതെന്ന് അല്ലാഹു പറയുന്നു. ഇതിൽ നിന്നും ആത്മീയാവസ്ഥയിൽ സ്ത്രീയും പുരുഷനും തുല്യരാണെന്ന് മനസ്സിലാക്കാം. എങ്കിലും ശാരീരികമായി രണ്ടുപേരുടെയും ധർമ്മങ്ങളും ബാദ്ധ്യതകളും വ്യത്യസ്ഥമായി കാണാവുന്നതാണ്. ഒരേ ആത്മാവിൽ നിന്നും സ്ത്രീയേയും പുരുഷനേയും സൃഷ്ടിച്ചിരിക്കുന്നതു കൊണ്ട് സ്ത്രീപുരുഷ ബന്ധത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അന്യോന്യമുള്ള അവകാശങ്ങളിലും കടപ്പാടുകളിലും രണ്ടു പേരും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് വർത്തിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

يَـٰٓأَيُّهَا ٱلنَّاسُ ٱتَّقُوا۟ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ
مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِى تَسَآءَلُونَ بِهِۦ وَٱلْأَرْحَامَ ۚ إِنَّ ٱللَّهَ كَانَ عَلَيْكُمْ
رَقِيبًا ۝

4:02– "അല്ലയോ മനുഷ്യരേ, ഒരാത്മാവിൽ നിന്നും നിങ്ങളെ സൃഷ്ടിക്കുകയും അതിൽ നിന്നും അതിന്റെ ഇണയെ സൃഷ്ടിക്കുകയും ഇരുവരിൽ നിന്നും അനവധി പുരഷന്മാരേയും സ്ത്രീകളേയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ ഭയപ്പെടുവിൻ. ആരുടെ പേരിൽ നിങ്ങൾ അന്യോന്യം അവകാശങ്ങൾ ചോദിക്കുന്നുവോ ആ അല്ലാഹുവിനെ നിങ്ങൾ ഭയപ്പെടുവിൻ. അതു പോലെ രക്തബന്ധം മാനിക്കുന്നതിലും (അല്ലാഹുവിനെ ഭയപ്പെടുവിൻ). അല്ലാഹു നിങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു."

സ്ത്രീ പുരുഷന്റെ പാതിയും അന്യോന്യം താങ്ങായി വർത്തിക്കുകയും ചെയ്യേണ്ടവരാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു. വസ്ത്രങ്ങൾ ശരീരത്തിന്റെ ന്യൂനത മറച്ചുവെക്കുന്നതുപോലെ ഇരുവരും അന്യോന്യം ന്യൂനതകൾ മറച്ചുവെക്കേണ്ടതാണ്.

هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ ۗ

2:188– ".....നിങ്ങൾ അവർക്കുള്ള വസ്ത്രവും അവർ നിങ്ങൾക്കുള്ള വസ്ത്രവുമാകുന്നു."

സ്ത്രീയേയും പുരുഷനേയും ദൈവം സൃഷ്ടിച്ചിരിക്കുന്നത് രണ്ടു പേരും തമ്മിൽ അന്യോന്യം ആശ്വാസം കണ്ടെത്തുവാൻ വേണ്ടിയാണ്. ഇതുതന്നെയാണ് വിവാഹത്തിന്റെ ഉദ്ദേശ്യവും.

هُوَ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا ۖ

7:190– അവനാകുന്നു ഒരാത്മാവിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചവൻ. അ തിൽ നിന്ന് അതിന്റെ ഇണയെയും അവൻ സൃഷ്ടിച്ചു. അവളിൽ അ വൻ ആശ്വാസം കണ്ടെത്തുന്നതിനു വേണ്ടി.

സ്ത്രീകളുടെ പ്രധാന കർത്തവ്യമായി വിശുദ്ധ ഖുർആൻ വിവരിക്കുന്ന ത് പ്രത്യുല്പാദനവും അതുമായി ബന്ധപ്പെട്ട ഗാർഹിക കാര്യങ്ങളു മാണ്.

نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُوا۟ حَرْثَكُمْ أَنَّىٰ شِئْتُمْ ۖ وَقَدِّمُوا۟ لِأَنفُسِكُمْ ۚ

2:224– "നിങ്ങളുടെ സ്ത്രീകൾ നിങ്ങൾക്കൊരു കൃഷിസ്ഥലമാകുന്നു. അ തിനാൽ നിങ്ങൾ ഇച്ഛിക്കുന്ന വിധം നിങ്ങളുടെ കൃഷ്സ്ഥലത്തു ചെ ല്ലുക.

സ്ത്രീകൾക്ക് ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി പുറത്തുപോയി അവ രുടെ ജോലികൾ നിർവ്വഹിക്കാമെങ്കിലും സൗന്ദര്യ പ്രദർശനം നടത്തി അനാവശ്യമായി വെളിയിലറങ്ങി നടക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നി ല്ലെന്ന് നബിതിരുമേനി(സ.അ)യുടെ ഭാര്യമാരെ മുൻനിറുത്തിക്കൊണ്ട് പറഞ്ഞ വാക്യത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. വീടും അതിനോട നുബന്ധിച്ച കാര്യങ്ങൾക്കുമാണ് സ്ത്രീകൾ മുൻഗണന നൽകേണ്ട തെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

وَقَرْنَ فِى بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَـٰهِلِيَّةِ ٱلْأُولَىٰ ۖ وَأَقِمْنَ ٱلصَّلَوٰةَ وَءَاتِينَ ٱلزَّكَوٰةَ وَأَطِعْنَ

ٱللَّهَ وَرَسُولَهُۥٓ ۚ إِنَّمَا يُرِيدُ ٱللَّهُ لِيُذْهِبَ عَنكُمُ ٱلرِّجْسَ أَهْلَ ٱلْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ﴿٣٣﴾

33:34– "നിങ്ങളുടെ ഭവനങ്ങളിൽ വസിക്കുക. അജ്ഞാന കാലത്ത് പ്ര വർത്തിച്ചതു പോലെ നിങ്ങളുടെ സൗന്ദര്യം വെളിവാക്കിക്കൊണ്ട് നടക്ക രുത്. നമസ്ക്കരിക്കുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെ യും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുക. തീർച്ചയാ യും അല്ലാഹു ഉദ്ദേശിക്കുന്നത് നിങ്ങളിൽ നിന്നും മാലിന്യം നീക്കിക്കള യുവാനും നിങ്ങളെ പൂർണ്ണമായ രീതിയിൽ ശുദ്ധീകരിക്കുന്നതിനുമാണ്.

സ്ത്രീകൾ ഭരണം ഏറ്റെടുക്കുന്നതിനും അതു പോലെയുള്ള മറ്റു കർ ത്തവ്യങ്ങൾ നിർവഹിക്കുന്നതിനും വിശുദ്ധ ഖുർആൻ എതിരു നിൽക്കു ന്നില്ലെന്ന് ബിൽക്കീസ് രാജ്ഞിയെക്കുറിച്ച് അല്ലാഹു പറഞ്ഞ വാക്യ ത്തിൽ നിന്നും നമ്മുക്ക് മനസ്സിലാക്കാവുന്നതാണ്. ഏതു മേഖലയിലാ യാലും സ്ത്രീകൾ അവരുടെ സൗന്ദര്യം പ്രദർശിപ്പിക്കുന്നതിനു മാത്രമേ വിശുദ്ധ ഖുർആൻ എതിർ നിൽക്കുന്നുള്ളൂ.

إِنِّى وَجَدتُّ ٱمْرَأَةً تَمْلِكُهُمْ وَأُوتِيَتْ مِن كُلِّ شَىْءٍ وَلَهَا عَرْشٌ عَظِيمٌ ﴿٢٣﴾

27:24– ".....അവരെ ഭരിക്കുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടു. എല്ലാ വിധവസ്തുക്കളും അവൾക്ക് നൽകപ്പെട്ടിട്ടുണ്ട്. വിശിഷ്ടമായ ഒരു സിംഹാസനവും അവൾക്കുണ്ട്."

സ്ത്രീ എത്ര തന്നെ സമ്പന്നയായാലും ഭർത്താവിനെയും സന്താനങ്ങളെയും സംരക്ഷിക്കാനുള്ള പ്രാഥമിക ബാദ്ധ്യത അല്ലാഹു പുരുഷന്മാർക്കാണ് നൽകിയിരിക്കുന്നത്. സ്ത്രീകൾക്ക് അവരുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യാനുള്ള അവകാശം ഉണ്ടെങ്കിലും നേതൃത്വം വഹിക്കാനുള്ള അവകാശം അല്ലാഹു പുരുഷന്മാർക്ക് നൽകിയിരിക്കുന്നു. സ്ത്രീയോട് ഭർത്താവിനെ അനുസരിക്കുവാൻ കല്പിച്ചിരിക്കുന്നു. ഈ കാരണത്താൽ പുരുഷന്മാർ സ്ത്രീകളേക്കാൾ ഒരുപടി മേലെയാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعۡضَهُمۡ عَلَىٰ بَعۡضٖ وَبِمَآ أَنفَقُواْ مِنۡ أَمۡوَٰلِهِمۡۚ

4:34– "അവരിൽ ചിലരെ മറ്റുചിലരെക്കാൾ അല്ലാഹു മെച്ചമാക്കിയതുകൊണ്ടും തങ്ങളുടെ ധനത്തിൽനിന്നും അവർ ചിലവഴിക്കുകയും ചെയ്യുന്നതുകൊണ്ട് പുരുഷന്മാർ സ്ത്രീകളുടെ മേൽനോട്ടക്കാരാകുന്നു."

സ്ത്രീകൾക്ക് പുരുഷന്മാരിൽനിന്ന് (ഭർത്താവിൽ നിന്നും പിതാവിൽ നിന്നും) ലഭിക്കേണ്ട അവകാശമായി താഴെ പറയുന്ന കാര്യങ്ങൾ വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

1. സംരക്ഷണാവകാശം.
2. വിവാഹസമ്മതം.
3. വിവാഹമൂല്യം.
4. നല്ല പെരുമാറ്റം.
5. അനന്തരാവകാശം.
6. വിവാഹ മോചന സമയത്ത് ചിലവിനുള്ള അവകാശം.

സ്ത്രീകളെ സംരക്ഷിക്കേണ്ട ചുമതല പുരുഷന്മാർക്കാണെന്ന് മേലുദ്ധരിച്ച ആയത്തിൽ അല്ലാഹു വ്യക്തമാക്കിയത് നാം കണ്ടുകഴിഞ്ഞു.

വിവാഹത്തിന് സ്ത്രീകളുടെ സമ്മതം ആവശ്യമാണെന്ന് താഴെ പറയുന്ന വിശുദ്ധ വാക്യം തെളിവു നൽകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا يَحِلُّ لَكُمۡ أَن تَرِثُواْ ٱلنِّسَآءَ كَرۡهٗاۖ

4:21– "അല്ലയോ വിശ്വാസികളേ, സ്ത്രീകളെ അവരുടെ സമ്മതമില്ലാതെ നിങ്ങൾ സ്വന്തമാക്കിയെടുക്കുന്നത് നിങ്ങൾക്ക് അനുവദനീയമല്ല....."

വിവാഹത്തിനുശേഷം അനാവശ്യകാരണങ്ങളാൽ വിവാഹമോചനം ചെയ്യപ്പെടാതിരിക്കുവാൻ വേണ്ടി ഒരു ഗ്യാരൻറിയെന്ന നിലയിൽ വിവാ

ഹ മൂല്യം ആവശ്യപ്പെടാനുള്ള അവകാശം അല്ലാഹു സ്ത്രീകൾക്ക് നൽകിയിരിക്കുന്നു.

وَءَاتُواْ ٱلنِّسَآءَ صَدُقَٰتِهِنَّ نِحۡلَةٗۚ فَإِن طِبۡنَ لَكُمۡ عَن شَيۡءٖ مِّنۡهُ نَفۡسٗا فَكُلُوهُ هَنِيٓـٔٗا مَّرِيٓـٔٗا ۝

4:05– "സ്ത്രീകൾക്ക് അവരുടെ വിവാഹധനം മനഃസംതൃപ്തിയോടു കൂടി നൽകുവിൻ. ഇനി അവർ അതിൽനിന്ന് ഒരു ഭാഗം നിങ്ങൾക്ക് സ്വമനസ്സാലെ വിട്ടുതരുന്നുവെങ്കിൽ നിങ്ങൾ അത് ആസ്വാദ്യമായി ഹൃദ്യമായി കഴിക്കുവിൻ."

സ്ത്രീകളോട് നല്ല രീതിയിൽ പെരുമാറേണ്ടതാണെന്ന് അല്ലാഹു തുടർന്ന് കൊണ്ട് ഇങ്ങനെ പറയുന്നു:

وَعَاشِرُوهُنَّ بِٱلۡمَعۡرُوفِۚ

4:21– ".....നിങ്ങൾ അവരോട് നല്ല രീതിയിൽ പെരുമാറുവിൻ."

മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോകുന്ന സ്വത്തിൽ നിന്ന് പുരുഷന്മാരെ പോലെ സ്ത്രീകൾക്കും അനന്തരാവകാശം നൽകേണ്ടതാണ്.

لِّلرِّجَالِ نَصِيبٞ مِّمَّا تَرَكَ ٱلۡوَٰلِدَانِ وَٱلۡأَقۡرَبُونَ وَلِلنِّسَآءِ نَصِيبٞ مِّمَّا تَرَكَ ٱلۡوَٰلِدَانِ وَٱلۡأَقۡرَبُونَ مِمَّا قَلَّ مِنۡهُ أَوۡ كَثُرَۚ نَصِيبٗا مَّفۡرُوضٗا ۝

4:08– "മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചു പോകുന്ന ധനത്തിൽ പുരുഷന്മാർക്ക് ഒരോഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചു പോകുന്ന ധനത്തിൽ സ്ത്രീകൾക്ക് ഒരോഹരിയുണ്ട്. അത് ചെറുതായാലും വലുതായാലും നിശ്ചിതമായ ഒരോഹരിയാകുന്നു."

സ്ത്രീകൾക്ക് മറ്റുപല പ്രത്യേക അവകാശങ്ങളും നൽകിയതിനാൽ സ്വത്തിലുള്ള അനന്തരാവകാശം പുരുഷന്മാരുടേതിന് പകുതിയായി അല്ലാഹു വെട്ടിക്കുറച്ചിരിക്കുന്നു. സ്ത്രീകളെ സംരക്ഷിക്കാനുള്ള ബാദ്ധ്യത പുരുഷന്മാർക്ക് നൽകിയതു കാരണമാണ് അനന്തരാവകാശം അല്ലാഹു പുരുഷന്മാർക്ക് ഇരട്ടി നൽകിയിരിക്കുന്നത്. സ്വത്തവകാശം ഒരു പോലെ നൽകുന്നതിനു പകരം അല്ലാഹു സ്ത്രീകളുടെ സംരക്ഷണത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്. അങ്ങനെ സ്ത്രീകളുടെ മാനസിക ഭാരം ലഘൂകരിച്ചിരിക്കുന്നു. സ്ത്രീകൾക്ക് സ്വത്തവകാശത്തിൽ ഉണ്ടാവുന്ന കമ്മിയേക്കാൾ വളരെ അധികമാണ് അവർക്ക് അല്ലാഹു നൽകിയിരിക്കുന്ന സംരക്ഷണാവകാശം. ഇത് ആഴത്തിൽ ചിന്തിക്കാതെ വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കുന്ന തരത്തിൽ വ്യക്തമാകുന്ന ഒരു

കാര്യമാണ്.

വിവാഹ മോചനം അനുവദിക്കപ്പെട്ട കാര്യത്തിൽ ഏറ്റവും വെറുക്കപ്പെട്ടതാണെങ്കിലും മറ്റു പോംവഴികളൊന്നുമില്ലാതിരിക്കുന്ന അവസരത്തിൽ വിവാഹ മോചനം നടത്തുവാൻ അല്ലാഹു അനുവാദം നൽകിയിരിക്കുന്നു. അതോടൊപ്പം തന്നെ വിവാഹമോചിതയായ സ്ത്രീകൾക്ക് നിത്യവൃത്തിക്കുവേണ്ടിയുള്ള ഉപജീവനവിഭവങ്ങൾ നൽകുവാനും അല്ലാഹു പുരുഷന്മാരോട് കല്പിച്ചിരിക്കുന്നു.

وَلِلْمُطَلَّقَٰتِ مَتَٰعٌۢ بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُتَّقِينَ ﴿٢٤١﴾

2:241– വിവാഹ മോചിതരായ സ്ത്രീകൾക്ക് ന്യായാനുസരണം ജീവിത വിഭവം നൽകേണ്ടത് ദൈവത്തെ ഭയപ്പെടുന്നവർക്കുള്ള ബാദ്ധ്യതയാകുന്നു.

സ്ത്രീകൾക്കു ലഭിക്കേണ്ട അവകാശങ്ങളാണ് ഇത്രയും പറഞ്ഞത്. സ്ത്രീകളുടെ ബാദ്ധ്യതകളായി അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിക്കുന്നത് ഭർത്താവിനോടുള്ള അനുസരണവും ചാരിത്ര്യ സംരക്ഷണവുമാണ്.

فَٱلصَّٰلِحَٰتُ قَٰنِتَٰتٌ حَٰفِظَٰتٌ لِّلْغَيْبِ بِمَا حَفِظَ ٱللَّهُ ۚ

4:35– "അതിനാൽ ഉത്തമ സ്ത്രീകൾ അനുസരണശീലമുള്ളവരും അല്ലാഹു കല്പിച്ച പ്രകാരം (പുരുഷന്മാരുടെ) അഭാവത്തിൽ സംരക്ഷിക്കേണ്ടതെല്ലാം സംരക്ഷിക്കുന്നവരുമാകുന്നു."

സ്ത്രീകൾക്കുവേണ്ടി ചിലവഴിക്കേണ്ട പ്രാഥമിക ചുമതല പുരുഷന്മാർക്കാണെങ്കിലും ആവശ്യം നേരിട്ടാൽ പുരുഷന്മാർക്കുവേണ്ടി സ്ത്രീകളും ചിലവഴിക്കേണ്ടതാണ്. സത്യവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അന്യോന്യം സംരക്ഷകരാണെന്ന് അല്ലാഹു വെളിപ്പെടുത്തുന്നു:

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٧١﴾

9:73–സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം രക്ഷാധികാരികളാകുന്നു. അവർ നന്മ അനുശാസിക്കുകയും തിന്മ വിരോധിക്കുകയും നമസ്ക്കാരം അനുഷ്ടിക്കുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുന്നു. അല്ലാഹു അവർക്ക് കാരുണ്യം ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു സർവ്വശക്തനും പരമതന്ത്രജ്ഞനും ആകുന്നു.

പുരുഷന്മാരെപ്പോലെത്തന്നെ സ്ത്രീകൾക്കും സാക്ഷി പറയാമെങ്കിലും

സ്ത്രീയാണ് സാക്ഷിയാവുന്നതെങ്കിൽ മറ്റൊരു സ്ത്രീ കൂടി കൂടെ ഉണ്ടായിരിക്കണമെന്ന് അല്ലാഹു കല്പിക്കുന്നു. സാധാരണയായി സ്ത്രീകൾ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അധികമായി ഇടപഴകാത്തതു കൊണ്ട് സാക്ഷിയായി നിൽക്കുന്ന സ്ത്രീ മറന്നു പോവുകയാണെങ്കിൽ അവരെ ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണ് ഇങ്ങനെയൊരു ഏർപ്പാട് വെച്ചിരിക്കുന്നത്.

وَٱسْتَشْهِدُواْ شَهِيدَيْنِ مِن رِّجَالِكُمْ ۖ فَإِن لَّمْ يَكُونَا رَجُلَيْنِ فَرَجُلٌ وَٱمْرَأَتَانِ مِمَّن تَرْضَوْنَ
مِنَ ٱلشُّهَدَآءِ أَن تَضِلَّ إِحْدَىٰهُمَا فَتُذَكِّرَ إِحْدَىٰهُمَا ٱلْأُخْرَىٰ ۚ

2:283– “..... (ഉടമ്പടികൾ എഴുതുമ്പോൾ) നിങ്ങളുടെ പുരുഷന്മാരിൽ നിന്ന് രണ്ടു സാക്ഷികളെ സാക്ഷി നിർത്തുക. എന്നാൽ രണ്ടു പുരുഷന്മാർ ഇല്ലാതിരുന്നാൽ നിങ്ങൾ ഇഷ്ടപ്പെടുന്ന ഒരു പുരുഷനും രണ്ടു സ്ത്രീകളും സാക്ഷി നിൽക്കട്ടെ. രണ്ടു പേരിൽ ആരെങ്കിലും മറന്നു പോവുകയാണെങ്കിൽ ഒരുവൾ മറ്റവളെ ഓർമ്മിപ്പിക്കുവാനത്രേ ഇത്....”

ഇതു വരെ വിവരിച്ചു കഴിഞ്ഞ കാര്യങ്ങൾ കഴിച്ചാൽ സൽകർമ്മങ്ങൾക്ക് അല്ലാഹുവിന്റെ പ്രതിഫലവും അതോടൊപ്പം തന്നെ ദുഷ്കർമ്മങ്ങൾക്ക് ലഭിക്കുന്ന ശിക്ഷകളും സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമാണെന്ന് വിശുദ്ധ ഖുർആനിലെ പല വാക്യങ്ങളും വ്യക്തമാക്കുന്നു. അവയിൽ ചിലത് താഴെ പറയുന്നവയാണ്.

أَنِّي لَآ أُضِيعُ عَمَلَ عَـٰمِلٍ مِّنكُم مِّن ذَكَرٍ أَوْ أُنثَىٰ ۖ بَعْضُكُم مِّنۢ بَعْضٍ ۖ

3:196– “.....നിശ്ചയമായും നിങ്ങളിൽ കർമ്മം ചെയ്യുന്ന പുരുഷന്റെയും സ്ത്രീയുടെയും പ്രതിഫലം ഞാൻ പാഴാക്കുകയില്ല. നിങ്ങളിൽ ചിലർ മറ്റു ചിലരിൽനിന്നുമുള്ളവരാകുന്നു.

وَمَن يَعْمَلْ مِنَ ٱلصَّـٰلِحَـٰتِ مِن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ
فَأُو۟لَـٰٓئِكَ يَدْخُلُونَ ٱلْجَنَّةَ وَلَا يُظْلَمُونَ نَقِيرًا ۝

4:125– “ആണായാലും പെണ്ണായാലും സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒട്ടും അനീതി കാണിക്കപ്പെടുന്നതല്ല.”

وَعَدَ ٱللَّهُ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا

9:73– “സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും അല്ലാഹു

താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങൾ വാഗ്ദാനം ചെയ്തി രിക്കുന്നു. അവർ അതിൽ നിത്യമായി വസിക്കുന്നതാണ്.

مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ۝

16:98– "പുരുഷനായാലും സ്ത്രീയായാലും സത്യവിശ്വാസിയായിക്കൊ ണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവർക്ക് നാം പരിശുദ്ധമായൊരു ജീവി തം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉ ത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം നാം നൽകു കയും ചെയ്യുന്നതാണ്."

إِنَّ ٱلْمُسْلِمِينَ وَٱلْمُسْلِمَٰتِ وَٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ وَٱلْقَٰنِتِينَ وَٱلْقَٰنِتَٰتِ وَٱلصَّٰدِقِينَ وَٱلصَّٰدِقَٰتِ وَٱلصَّٰبِرِينَ وَٱلصَّٰبِرَٰتِ وَٱلْخَٰشِعِينَ وَٱلْخَٰشِعَٰتِ وَٱلْمُتَصَدِّقِينَ وَٱلْمُتَصَدِّقَٰتِ وَٱلصَّآئِمِينَ وَٱلصَّآئِمَٰتِ وَٱلْحَٰفِظِينَ فُرُوجَهُمْ وَٱلْحَٰفِظَٰتِ وَٱلذَّٰكِرِينَ ٱللَّهَ كَثِيرًا وَٱلذَّٰكِرَٰتِ أَعَدَّ ٱللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا ۝

33:36– "തീർച്ചയായും അനുസരണം കൈകൊള്ളുന്ന പുരുഷന്മാർ സ്ത്രീകൾ, വിശ്വാസികളായ പുരുഷന്മാർ സ്ത്രീകൾ, ഭക്തരായ പുരുഷ ന്മാർ സ്ത്രീകൾ, സത്യസന്ധരായ പുരുഷന്മാർ സ്ത്രീകൾ, ദാനധർമ്മം ചെയ്യുന്ന പുരുഷന്മാർ സ്ത്രീകൾ, വിനയമുള്ള പുരുഷന്മാർ സ്ത്രീകൾ, വ്രതം അനുഷ്ടിക്കുന്ന പുരുഷന്മാർ സ്ത്രീകൾ, തങ്ങളുടെ ചാരിത്ര്യം സൂക്ഷിക്കുന്ന പുരുഷന്മാർ സ്ത്രീകൾ, അല്ലാഹുവിനെ അധികമായി സ്മരിക്കുന്ന പുരുഷന്മാർ സ്ത്രീകൾ ഇവർക്കെല്ലാം തന്നെ പാപമോചന വും മഹത്തായ പ്രതിഫലവും അല്ലാഹു ഒരുക്കി വെച്ചിരിക്കുന്നു.

مَنْ عَمِلَ سَيِّئَةً فَلَا يُجْزَىٰٓ إِلَّا مِثْلَهَا ۖ وَمَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُو۟لَٰٓئِكَ يَدْخُلُونَ ٱلْجَنَّةَ يُرْزَقُونَ فِيهَا بِغَيْرِ حِسَابٍ ۝

40:41– "ആരെങ്കിലും ഒരു തിന്മ ചെയ്യുന്നതായാൽ അതിനു സമമായ ല്ലാതെ അവന് പ്രതിഫലം (ശിക്ഷ) നൽകപ്പെടുകയില്ല. പുരുഷനാ യാലും സ്ത്രീയായാലും സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തി കൾ ചെയ്യുന്നവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്കില്ലാതെ

അവർക്കവിടെ ഉപജീവനം നൽകപ്പെടുന്നതാണ്."

സൽകർമ്മങ്ങളെയും ദുഷ്കർമ്മങ്ങളെയുംക്കുറിച്ച് പറഞ്ഞതു പോലെ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ ദൈവം പുരുഷന്മാർക്കും സ്തീകൾക്കും തുല്യമാക്കിയിരിക്കുകയാണ്. ഉദാഹരണമായി വ്യഭിചാരത്തിനുള്ള ശിക്ഷ നടപ്പാക്കുന്നതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ വിവരിക്കുന്നതിങ്ങനെയാണ്:

ٱلزَّانِيَةُ وَٱلزَّانِى فَٱجْلِدُوا۟ كُلَّ وَٰحِدٍ مِّنْهُمَا مِاْئَةَ جَلْدَةٍ ۖ وَلَا تَأْخُذْكُم بِهِمَا رَأْفَةٌ فِى دِينِ ٱللَّهِ

إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۖ وَلْيَشْهَدْ عَذَابَهُمَا طَآئِفَةٌ مِّنَ ٱلْمُؤْمِنِينَ ۝

24:03- "വ്യഭിചാരിണിയെയും വ്യഭിചാരിയെയും നൂറ് അടി വീതം അടിക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ വിധി നടപ്പാക്കുന്നതിൽ ഇരുവരോടുള്ള ദയയൊന്നും നിങ്ങളെ ബാധിക്കാതിരിക്കട്ടെ. ഇരുവരുടേയും ശിക്ഷ നടപ്പാക്കുമ്പോൾ വിശ്വാസികളായ ഒരു സംഘം സാക്ഷ്യം വഹിക്കുകയും ചെയ്യട്ടെ."

ആധുനിക കാലത്ത് വളരെയധികം വിമർശനത്തിന് വിഷയമായിത്തീരുന്ന ഒന്നാണ് ഇസ്ലാമിൽ സ്ത്രീകളുടെ വസ്ത്രധാരണ രീതിയായ പർദ്ദ. പർദ്ദയുടെ മാഹാത്മ്യം മനസ്സിലാക്കാതെയും ഉപരിപ്ലവുമായി മാത്രം ചിന്തിക്കുകയും ചെയ്യുന്നതു കൊണ്ടാണ് ഈ സമ്പ്രദായം വിമർശന വിധേയമായിത്തീരുന്നത്. സ്ത്രീകൾ അവരുടെ സൗന്ദര്യം പ്രദർശിപ്പിച്ചു നടക്കുന്നതുമൂലം സമൂഹത്തിൽ നടമാടുന്ന അനാശാസ്യ പ്രവണതകളെ തടയുകയും അതു മൂലം മനുഷ്യമനസ്സിൽ ഉടലെടുക്കുന്ന അവിഹിത ചിന്തകൾക്ക് കടിഞ്ഞാണിടുകയും ചെയ്യുവാനായിട്ടാണ് ദൈവം സ്ത്രീകളോട് അവരുടെ സൗന്ദര്യം വെളിവാക്കി നടക്കരുതെന്ന് കല്പന കൊടുത്തിരിക്കുന്നത്. സൗന്ദര്യം വെളിപ്പെടുത്താതിരിക്കുവാനും അന്യ പുരുഷന്മാരുടെ നേരെ ദൃഷ്ടി ചലിപ്പിക്കാതിരിക്കുവാനും സ്ത്രീകൾക്ക് കല്പന കൊടുത്തതു പോലെ പരസ്ത്രീകളെ നോക്കാതിരിക്കുവാനും ദൃഷ്ടികൾ താഴ്ത്തുവാനും അല്ലാഹു പുരുഷന്മാരോടും കല്പിച്ചിരിക്കുകയാണ്. അങ്ങനെ സ്തീകളെപ്പോലെ തന്നെ പുരുഷന്മാരും സംയമനം പാലിച്ചു കൊണ്ട് ജീവിക്കേണ്ടവരാണ്.

ചാരിത്ര്യ സംരക്ഷണം സ്തീകൾക്കു മാത്രം പാലിക്കേണ്ട ഒരു കാര്യമായിട്ടാണ് പലരും മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ വിശുദ്ധ ഖുർആനിൽ ചാരിത്ര്യം സംരക്ഷിക്കുവാൻ അല്ലാഹു ആദ്യം പുരുഷന്മാർക്കാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. അതിനു ശേഷമാണ് അല്ലാഹു സ്ത്രീകളോട് ചാരിത്ര്യം സംരക്ഷിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

قُل لِّلْمُؤْمِنِينَ يَغُضُّوا۟ مِنْ أَبْصَـٰرِهِمْ وَيَحْفَظُوا۟ فُرُوجَهُمْ ۚ
ذَٰلِكَ أَزْكَىٰ لَهُمْ ۗ إِنَّ ٱللَّهَ خَبِيرٌۢ بِمَا يَصْنَعُونَ ﴿٣٠﴾

24:31– "സത്യവിശ്വാസികളോട് നീ അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ചാരിത്ര്യം സംരക്ഷിക്കുവാനും പറയുക. അതവർക്ക് ഏറെ പരിശുദ്ധമായതാകുന്നു. അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് തീർച്ചയായും അല്ലാഹു അറിയുന്നവനാകുന്നു.

وَقُل لِّلْمُؤْمِنَـٰتِ يَغْضُضْنَ مِنْ أَبْصَـٰرِهِنَّ وَيَحْفَظْنَ فُرُوجَهُنَّ
وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ۖ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ۖ

24:32– " സത്യവിശ്വാസിനികളോട് നീ അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ചാരിത്ര്യം സംരക്ഷിക്കുവാനും പറയുക. അവരുടെ സൗന്ദര്യത്തിൽനിന്ന് പ്രത്യക്ഷമാകുന്നതൊഴിച്ച് മറെറാന്നും അവർ പ്രദർശിപ്പക്കരുത്. അവരുടെ ശിരോവസ്ത്രം അവരുടെ മാറിടങ്ങൾക്കു മീതെ അവർ താഴ്ത്തയിടട്ടെ.

ചാരിത്ര്യ സംരക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത് ലൈംഗീക വേഴ്ചയിൽ ഏർപ്പെടാതിരിക്കുക എന്നതല്ല. തന്റെ സൗന്ദര്യം വെളിപ്പെടുത്തിക്കൊണ്ട് മറ്റുള്ളവരുടെ മനസ്സിൽ അവിഹിത ചിന്തകൾ ഉടലടുപ്പിക്കാതിരിക്കുക എന്നതാണ് ചാരിത്ര്യ സംരക്ഷണം കൊണ്ട് ദൈവം ഉദ്ദേശിക്കുന്നത്. അങ്ങനെ മഹത്തായ രീതിയിൽ ചാരിത്ര്യം സംരക്ഷിക്കുന്നവർ മാത്രമെ ദൈവിക വെളിപാടുകൾ ലഭിക്കുന്നതിന് അർഹരായിത്തീരുകയുള്ളുവെന്ന് അല്ലാഹു ഹസ്രത്ത് മർയം എന്ന മഹതിയെക്കുറിച്ച് വെളിപ്പെടുത്തിയ വാക്യങ്ങളിൽ നിന്നും വ്യക്തമാകുന്നു. സൗന്ദര്യം വെളിപ്പെടുത്തിക്കൊണ്ട് അനാശാസ്യ രീതിയിൽ ജീവിക്കുന്ന ആർക്കും തന്നെ ദൈവികവെളിപാടുകൾ ലഭിക്കുവാനോ ദൈവത്തെ അടുത്തറിയുവാനോ ഉള്ള ഭാഗ്യം സിദ്ധിക്കാതെ പോകുന്നു.

وَٱلَّتِىٓ أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهَا مِن رُّوحِنَا وَجَعَلْنَـٰهَا وَٱبْنَهَآ ءَايَةً لِّلْعَـٰلَمِينَ ﴿٩١﴾

21:92– "തന്റെ ചാരിത്ര്യം സൂക്ഷിച്ചവളെ (ഹ:മർയം) അനുസ്മരിക്കുക. അതുകൊണ്ട് നമ്മുടെ ആത്മാവിൽനിന്ന് അവളിൽ നാം ഊതി....."

ദൈവിക വെളിപാടുകൾ നൽകുന്നതിനെയാണ് "ആത്മാവിൽ നിന്നും ഊതി" യെന്ന ആലങ്കാരികവചനം കൊണ്ട് അർത്ഥമാക്കുന്നത്. ദൈവിക വെളിപാടുകൾ ലഭിക്കുവാൻ അവരെ അർഹയാക്കിത്തീർത്തത് അതിമഹത്തായ രീതിയിലുള്ള അവരുടെ ചാരിത്ര്യ സംരക്ഷണവും അതോ

ടൊപ്പം ദൈവിക കല്പനകൾക്കനുസൃതമായിട്ടുള്ള അവരുടെ ജീവിതവു മായിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസികൾക്ക് ഉദാ ഹരണമായി എടുത്തു കാണിക്കുന്നു:

وَمَرْيَمَ ٱبْنَتَ عِمْرَٰنَ ٱلَّتِىٓ أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهِ مِن رُّوحِنَا

وَصَدَّقَتْ بِكَلِمَٰتِ رَبِّهَا وَكُتُبِهِۦ وَكَانَتْ مِنَ ٱلْقَٰنِتِينَ ﴿١٢﴾

66:13- "തന്റെ ചാരിത്ര്യം സൂക്ഷിച്ച ഇംറാന്റെ മകൾ മർയമിനെയും (ഉദാഹരണമായി എടുത്തു കാണിക്കുന്നു). അതുകൊണ്ട് നമ്മുടെ ആ ത്മാവിൽനിന്ന് അവനിൽ നാം ഊതി. അവളുടെ രക്ഷിതാവിന്റെ വചന ങ്ങളെയും അവന്റെ ഗ്രന്ഥങ്ങളെയും അവൾ സത്യപ്പെടുത്തുകയും ചെ യ്തു. ഭയഭക്തിയുള്ളവരിൽപ്പെട്ടവൾ ആയിരുന്നു അവൾ."

ഹസ്രത്ത് മർയമിനെ ഒരുദാഹരണമായി എടുത്തു കാണിച്ചു കൊണ്ട് അവരുടെ ചാരിത്ര്യ സംരക്ഷണമായിരുന്നു അവർക്ക് ദൈവിക വെളിപാ ടുകൾ ലഭിക്കാൻ അവരെ അർഹയാക്കിയതെന്ന് അല്ലാഹു പറയുന്നു. അങ്ങനെ വിശ്വാസികൾ അവരുടെ പാത പിന്തുടരുമ്പോൾ ദൈവിക വെളിപാടാകുന്ന അനുഗ്രഹം അങ്ങനെയുള്ള വിശ്വാസികൾക്കും ലഭിക്കു ന്നതാണെന്ന് ഈ ഉദാഹരണത്തിൽ കൂടി വ്യക്തമാകുന്നു. അതു കൊ ണ്ടാണ് അവളിൽ ഊതി എന്നു പറയുന്നതിനു പകരം അവനിൽ ഊതി എന്നു പറഞ്ഞിരിക്കുന്നത്.

പർദ്ദയുടെ രഹസ്യം

തിന്മകൾ അലങ്കാരങ്ങളായിത്തീർന്ന ആധുനിക ലോകത്തിന്റെ നഗ്ന തയുടെ മറ്റൊരു മുഖച്ഛായ ആയ സിനിമാ സംസ്ക്കാരത്തിൽ ആത്മീ യത മറന്ന് കൂരിരുട്ടിൽ തെളിഞ്ഞു വരുന്ന തിരശ്ശീലയിൽ തങ്ങളുടെ കൊഴുത്ത ഭാഗങ്ങളെ അന്തസ്സോടെ പ്രദർശിപ്പിക്കുന്നവരെ മാതൃകയാ ക്കി സ്വീകരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ പർദ്ദ അവതരിപ്പിക്കപ്പെടു മ്പോൾ മുഖത്ത് അവജ്ഞതയുടെ ഭാവങ്ങൾ അലയടിക്കുന്നു. പതിനാ ലു നൂറ്റാണ്ടുകൾക്കു മുമ്പുള്ള പഴഞ്ചൻ സംസ്ക്കാരം ആധുനിക ലോക ത്തോ?

ആധുനിക പാശ്ചാത്യ സംസ്ക്കാരത്തിന്റെ മുഖ മുദ്രയാണ് പ്രദർശനം. സ്ത്രീകൾ അവരുടെ സ്വയം വെളിവാകുന്ന ഭാഗങ്ങളും വെളിവാകാത്ത ഭാഗങ്ങളും വേണ്ടുവോളം പ്രദർശിപ്പിക്കുന്നു. സ്ത്രീകൾ എത്രയധികം നഗ്നത പ്രദർശിപ്പിക്കുന്നുവോ അത്രയധികം പരിഷ്ക്കാരികളായി കണ ക്കാക്കപ്പെടുന്നു. ചരിത്രം പരിശോധിക്കുകയാണെങ്കിൽ ഈ സംസ്ക്കാ രത്തിന് നൂറ്റാണ്ടുകളുടെ പഴക്കുമുണ്ടെന്ന് കാണാം. ഇസ്ലാമിന്റെ ആരം ഭത്തിനുമുമ്പായി സ്ത്രീകൾ നഗ്നരായി വിശുദ്ധ ദേവാലയം പ്രദക്ഷിണം ചെയ്തതായി ചരിത്രത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

പർദ്ദയുടെ മഹത്വം വിവരിക്കുന്നതിനുമുമ്പായി അത് അല്ലാഹു സത്യ വിശ്വാസികളോട് ആചരിക്കാൻ പറഞ്ഞ ഒരു കാര്യമാണെന്ന് ആദ്യമേ മനസ്സിലാക്കുക. എന്താണ് സത്യവിശ്വാസം? താൻ എന്തിനാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും തന്നെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം എന്താണെന്നും മനസ്സിലാക്കി ആ യഥാർത്ഥ ലക്ഷ്യവുമായി പൊരുത്തപ്പെട്ടു കൊണ്ട് ജീവിച്ച് തന്റെ സൃഷ്ടാവിനോടുള്ള ബാദ്ധ്യത നിറവേറ്റാൻ ഏറ്റെടുക്കുന്ന ഒരു കർമ്മ പദ്ധതിയാണ് സത്യവിശ്വാസം. അങ്ങനെ ആ കർമ്മ പദ്ധതിയിൽ പ്രവേശിപ്പിച്ചവരോട് അല്ലാഹു കല്പിച്ച ഒരു വസ്ത്രധാരണ രീതിയാണ് പർദ്ദ. അതു കൊണ്ട് തന്നെ ഏറ്റവും പരിശുദ്ധനായ ദൈവത്തിന്റെ പരിശുദ്ധിയിൽ ലയിച്ചു ചേരാൻ ആഗ്രഹിക്കുന്നവർക്കു മാത്രമെ പർദ്ദയുടെ മഹത്വം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

അപ്പോൾ പർദ്ദ ആദ്യമായിതന്നെ ഒരാരാധനയാണ്, കാരണം അല്ലാഹുവും അവന്റെ പ്രവാചകനും നമ്മോട് കല്പിച്ചതെന്തും നമ്മുടെ നന്മയ്ക്ക് വേണ്ടിയാണെന്ന് നാം മനസ്സിലാക്കി, നമുക്ക് അതിന്റെ രഹസ്യം പെട്ടെന്ന് മനസ്സിലായില്ലെങ്കിലും അതു നാം ധരിക്കാൻ പ്രതിപത്തി കാണിക്കുമ്പോൾ അതൊരു ആരാധനയായി മാറുന്നു.

രണ്ടാമതായി ഒരു സത്യവിശ്വാസിനി തന്റെ സാന്നിദ്ധ്യം കൊണ്ടോ, അല്ലെങ്കിൽ തന്റെ വേറെ എന്തെങ്കിലും പ്രവൃത്തികൾ കാരണമായോ മറ്റുള്ളവർക്ക് ആന്തരികമായോ ബാഹ്യമായോ ഒരു ശല്യമായിത്തീരാൻ ആഗ്രഹിക്കുകയില്ല. പർദ്ദ ധരിക്കാതെ തന്റെ സൗന്ദര്യം വെളിവാക്കി നടക്കുന്ന ഒരു സ്ത്രീ, തന്റെ സൗന്ദര്യം മറ്റുള്ളവർക്ക് പ്രദർശിപ്പിച്ചുകൊണ്ട് ആൾക്കാരുടെ ശ്രദ്ധ തന്നിലേക്ക് ക്ഷണിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അവൾ മറ്റുള്ളവരുടെ ഹൃദയത്തിൽ അവിഹിത ചിന്തകൾ ഉടലെടുക്കുവാൻ കാരണമായിത്തീരുകയും അവരുടെ മനോവ്യാപാരത്തിൽ ഒരു ശല്യമായിത്തീരുകയും ചെയ്യുന്നു.

മൂന്നാമതായി ഒരു സ്ത്രീ തന്റെ സൗന്ദര്യം അവളുടെ കർമ്മഫലമായി നേടുന്നതല്ല. അത് അവൾക്ക് നൽകിയ സൂക്ഷിപ്പു മുതലാണ്. അത് അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കെതിരായിട്ട് ഉപയോഗിക്കുമ്പോൾ ആ സൂക്ഷിപ്പുമുതൽ ദുരുപയോഗപ്പെടുത്തിയതു കരണമായി അവൾ കുറ്റക്കാരിയായിത്തീരുന്നു. അങ്ങനെ അവൾ അല്ലാഹുവിന്റെ ശിക്ഷയ്ക്ക് അർഹയായിത്തീരുന്നു.

നാലാമതായി സ്വയം പ്രദർശിപ്പിക്കുവാനും തനിക്കുള്ള അലങ്കാരവസ്തുക്കൾ മറ്റുള്ളവർക്ക് പ്രദർശിപ്പിക്കുവാനുള്ള ആഗ്രഹം ഒരു സ്ത്രീയുടെ ദേഹേച്ഛയിൽപ്പെട്ടതാണ്. ഇസ്ലാം മനുഷ്യന്റെ ദേഹേച്ഛയ്ക്ക് കടിഞ്ഞാണിട്ട് അവരെ ആത്മീയമായി ഉയർത്തി ആനന്ദം നൽകുവാനാണ് ആഗ്രഹിക്കുന്നത്. പർദ്ദ ധരിക്കാതെ തന്റെ അലങ്കാര വസ്തുക്കൾ പ്രദർശിപ്പിച്ചു നടക്കണമെന്ന് ആഗ്രഹിക്കുന്ന ഓരോ സ്ത്രീക്കും പുത്തൻ വസ്ത്രങ്ങളോടും അലങ്കാരങ്ങളോടും ആഗ്രഹം ജനിക്കുകയും അതിനുവേ

ണ്ടി ജീവിതം തള്ളി നീക്കുകയും ചെയ്യുന്നു. അങ്ങനെ ആത്മീയമായി ചിന്തിക്കുന്നതിനും ദൈവത്തെ ഓർക്കുന്നതിനുമുള്ള അവസരം നഷ്ട പ്പെടുകയും ചെയ്യുന്നു.

അഞ്ചാമതായി ഒരു സ്ത്രീക്ക് സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നതാണ് അ വളുടെ ലജ്ജ. പർദ്ദ ധരിക്കാതെ തന്റെ മാംസളഭാഗങ്ങൾ പ്രദർശിപ്പിച്ചു നടക്കുന്നവൾക്ക് തന്റെ സ്ത്രീത്വത്തിന്റേയും സൗന്ദര്യത്തിന്റേയും മ ഹത്വം നഷ്ടപ്പെടുന്നു.

പർദ്ദ ധരിക്കാതെ ഒരു സ്ത്രീയ്ക്ക് സത്യവിശ്വാസിയായി ആത്മീയമായി ഉയരാൻ സാധിക്കാത്തതു പോലെ ഒരു വിശ്വാസിയായ സ്ത്രീക്ക് പർദ്ദ ധരിക്കാതെ ജീവിക്കാനും സാധിക്കുന്നതല്ല.

ഒരു ആത്മീയ സമൂഹത്തിൽ പർദ്ദ ധരിക്കാത്ത സ്ത്രീകൾ വരുത്തി ത്തീർക്കുന്ന കെടുതികൾ ചില്ലറയൊന്നുമല്ല. സ്ത്രീയുടെ സൗന്ദര്യം പു രുഷന്റെ ലഹരിയാണെന്ന് എല്ലാവരും സമ്മതിക്കും. സ്ത്രീ സൗന്ദര്യം വിറ്റു കാശാക്കുന്ന സിനിമയുടെ പിറകെ ആൾക്കാർ ഓടിക്കൂടുന്നതി ന്റെ രഹസ്യവും ഇതു തന്നെയാണ്. ഇത് വിദ്യാർത്ഥികളുടെ പഠിത്ത ത്തെയും അവരുടെ ഭാവി ജീവിതത്തെയും പ്രതികൂലമായി ബാധിക്കു ന്നു.

ഇസ്ലാമിന്റെ പ്രശാന്ത സുന്ദരമായ ആത്മീയതിൽനിന്നു നോക്കിയാൽ ദൈവത്തിൽ ലയിച്ചു ചേരുന്നതിനും ദൈവത്തിന്റെ സ്മരണ നില നിർത്തുന്നതിനും മനുഷ്യമനസ്സിലെ വേണ്ടാത്ത ചിന്തകളെയും അസ്വ സ്ഥതകളെയും നീക്കം ചെയ്യേണ്ടതാണ്. അതിന് അമിതമായ ലൈംഗിക ചിന്തകളിൽനിന്നും മനുഷ്യ മനസ്സിനെ ഭൗതികതയിലേക്കാകർഷിക്കുന്ന സ്ത്രീകളുടെ നഗ്നതാ പ്രദർശനങ്ങളിൽനിന്നും മോചനം നേടേണ്ടത് ആ വശ്യമാണ്. അങ്ങനെ നോക്കുമ്പോൾ മനുഷ്യനെ ആത്മീയമായി ഉയർ ത്തി, അല്ലാഹുമായി ലയിച്ച് മഹത്തായ നേട്ടങ്ങൾ കൈവരുത്താൻ ശ്ര മിക്കുന്ന ഒരു മതം, തന്റെ അനുയായികളെ അതിനു വിലങ്ങു തടി യായി നില്ക്കുന്ന തിന്മകളിൽ ഒന്നായ സ്ത്രീ സൗന്ദര്യ പ്രദർശനത്തിന് എതിരായി വിലക്ക് കല്പിച്ചിട്ടുണ്ടെങ്കിൽ അത് തീർച്ചയായും അനുയോ ജ്യം തന്നെയാണ്.

ആത്മീയ കാര്യങ്ങൾ പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്ന പരലോകത്ത് വെച്ച് പർദ്ധയുടെ മഹത്വം വ്യക്തമായും മനസ്സിലാകുമ്പോൾ അതു ധരി ക്കാത്തവർ തീർച്ചയായും വിലപിക്കുമെന്നുള്ളതിന് ഇസ്ലാമികാദ്ധ്യാപന ങ്ങൾ സാക്ഷ്യം വഹിക്കുന്നു.

യഥാർത്ഥ ഇസ്ലാമികാദ്ധ്യാപനങ്ങൾ അനുസരിച്ച് ജീവിക്കാനുള്ള സൗഭാഗ്യം ദൈവം മനുഷ്യസമൂഹത്തിന് നൽകി അനുഗ്രഹിക്കുമാറാക ട്ടെ. ആമീൻ.

****

32 വിവാഹവും വിവാഹ മോചനവും.

ജീവജാലങ്ങളെ ഇണകളായി സൃഷ്ടിച്ചിരിക്കുന്നത് ദൈവത്തെ കണ്ടെത്താനുള്ള ഒരടയാളവും ദൈവത്തിന്റെ കാരുണ്യങ്ങളിലൊന്നുമായി വിശുദ്ധ ഖുർആൻ വിവരിക്കുന്നു. വിവാഹത്തിലൂടെ ജീവിതത്തിലെ ഏകാന്തതയ്ക്കും മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങൾക്കും ആശ്വാസം കണ്ടെത്തുന്നതോടൊപ്പം വിവാഹം ജീവിതത്തിന് പുതിയൊരു മാനവും ലക്ഷ്യവും നല്കുന്നു. വിവാഹത്തിലൂടെ ജീവജാലങ്ങളുടെ വംശ വർദ്ധനവ് തുടർന്നു പോരുകയും ചെയ്യുന്നു.

വംശങ്ങളും ഗോത്രങ്ങളും ഉടലെടുക്കുന്നത് വിവാഹത്തിൽ കൂടിയാണെങ്കിലും വിവാഹത്തിന്റെ ലക്ഷ്യം വംശങ്ങളെയും ഗോത്രങ്ങളെ സൃഷ്ടിക്കുക എന്നതു മാത്രമല്ല. വംശങ്ങൾക്കും ഗോത്രങ്ങൾക്കും ദൈവത്തിന്റെ മുന്നിൽ യാതൊരു പ്രാധാന്യവുമില്ലെന്നും പ്രാധാന്യം ഭയഭക്തിക്ക് മാത്രമാണെന്നും അല്ലാഹു പറയുന്നു.

ജീവിതത്തിലെ എല്ലാ സംഭവ വികാസങ്ങളും ഒരു പരീക്ഷണമായി നല്കപ്പെടുന്നതു പോലെ വിവാഹവും ഒരു പരീക്ഷണമാണെന്നും വിവാഹത്തിൽ നിന്നും ലഭിക്കുന്ന ഭൗതിക സംതൃപ്തിയിൽ ദൈവത്തെ തന്നെ മറന്നു പോകാൻ അത് കാരണമായിത്തീരരുതെന്നും നമുക്ക് മുന്നറിയിപ്പ് തന്നിരിക്കുകയാണ്.

വ്യഭിചാരത്തെ വളരെ നീചമായ പ്രവൃത്തിയായിട്ടാണ് ദൈവം കണക്കാക്കുന്നത്. ഏകഭാര്യാ ബന്ധത്തെ മഹത്വപൂർണ്ണമായി ദൈവം കണക്കാക്കിയതോടൊപ്പം ഒരു ത്യാഗമെന്ന നിലയിൽ ബഹുഭാര്യത്വവും ദൈവം അനുവദിച്ചിരിക്കുന്നു. ഭർത്താവ് മരണപ്പെട്ടു പോകുകയും അങ്ങനെ അനാഥകളായിത്തീരുന്ന കുട്ടികളേയും വിധവകളേയും സംരക്ഷിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ബഹുഭാര്യത്വത്തെ വിശുദ്ധ ഖുർആനിൽ പ്രതിപാതിക്കുന്നതു തന്നെ.

വിവാഹവും അതോടനുബന്ധമായ കാര്യങ്ങളും ദൈവികമായ ഏർപ്പാടുകളാണെന്നും അതവന്റെ കാരുണ്യത്തിൽപ്പെട്ടതാണെന്നും അവനെ കണ്ടെത്താനുള്ള അടയാളമാണെന്നും വിവരിക്കുന്ന ഏതാനും ചിലവാക്യങ്ങൾ താഴെ പറയുന്നവയാണ്:

وَٱللَّهُ جَعَلَ لَكُم مِّنۡ أَنفُسِكُمۡ أَزۡوَٰجٗا وَجَعَلَ لَكُم مِّنۡ أَزۡوَٰجِكُم بَنِينَ

وَحَفَدَةٗ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِۚ أَفَبِٱلۡبَٰطِلِ يُؤۡمِنُونَ وَبِنِعۡمَتِ ٱللَّهِ هُمۡ يَكۡفُرُونَ ٧٢

16:73– "നിങ്ങൾക്ക് ഇണകളെ നിങ്ങളിൽ നിന്നും തന്നെ അല്ലാഹു ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങളുടെ ഇണകളിൽ നിന്നും മക്കളേയും ചെറുമക്കളേയും അവൻ നിങ്ങൾക്കു തരികയും നല്ല വസ്തുക്കളാൽ നിങ്ങളെ അവൻ ഭക്ഷണമൂട്ടുകയും ചെയ്യുന്നു. അപ്പോൾ അസത്യത്തിൽ അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ അവർ നിഷേധിക്കുകയുമാണോ?"

وَهُوَ ٱلَّذِى خَلَقَ مِنَ ٱلْمَآءِ بَشَرًا فَجَعَلَهُۥ نَسَبًا وَصِهْرًا ۗ

25:55– "അവനത്രേ ജലത്തിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചവൻ. എന്നിട്ട് അവന് രക്തബന്ധവും വിവാഹ ബന്ധവും അവൻ ഉണ്ടാക്കി.

جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا وَمِنَ ٱلْأَنْعَٰمِ أَزْوَٰجًا ۖ يَذْرَؤُكُمْ فِيهِ ۚ

لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿١١﴾

42:12– നിങ്ങളിലും കന്നുകാലികളിലും ഇണകളെ ഉണ്ടാക്കി. അതിൽ കൂടി അവൻ നിങ്ങളെ വർദ്ധിപ്പിക്കുന്നു. അവന് സദൃശ്യമായി ഒരു വസ്തുവും ഇല്ല. അവൻ കേൾക്കുന്നവനും കാണുന്നവനുമാകുന്നു."

يَٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَٰكُمْ شُعُوبًا وَقَبَآئِلَ

لِتَعَارَفُوٓا۟ ۚ إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌ ﴿١٣﴾

49:14– "അല്ലയോ മനുഷ്യരേ, തീർച്ചയായും ഒരു പുരുഷനിലും ഒരു സ്ത്രീയിലും നിന്ന് നിങ്ങളെ നാം സൃഷ്ടിക്കുകയും നിങ്ങളെ നാം വംശങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തു. നിങ്ങൾ അന്യോന്യം അറിയുന്നതിനു വേണ്ടി. തീർച്ചയായും അല്ലാഹുവിങ്കൽ നിങ്ങളിലേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ച് ഏറ്റവും അധികം ഭയഭക്തിയുള്ളവനാകുന്നു. തീർച്ചയായും അല്ലാഹു അറിവുറ്റവനും ബോധവാനുമാകുന്നു.

ഇണകളിൽകൂടി ജീവിതത്തിന് ലഭിക്കുന്ന ആശ്വാസവും സംതൃപ്തിയും വിവാഹ ബന്ധത്തിലൂടെ ഉടലെടുക്കുന്ന സ്നേഹവും കാരുണ്യവുമാണ് വിവാഹത്തിന്റെ ഒരുദ്ദേശ്യമായി വിശുദ്ധ ഖുർആൻ പറയുന്നത്.

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا وَجَعَلَ

بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٢١﴾

30:22– "അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്, നിങ്ങളിൽ നിന്നു തന്നെ

നിങ്ങൾക്കു വേണ്ടി ഇണകളെ അവൻ സൃഷ്ടിച്ചുവെന്നത്. അവരോടൊത്ത് നിങ്ങൾ ആശ്വാസം കൊള്ളുന്നതിനു വേണ്ടി നിങ്ങളുടെ ഇടയിൽ സ്നേഹവും കാരുണ്യവും അവൻ ഉണ്ടാക്കുകയും ചെയ്തു. ചിന്തിക്കുന്ന ജനതയ്ക്ക് തീർച്ചയായും ഇതിൽ ദൃഷ്ടാന്തളുണ്ട്."

വിവാഹത്തിന്റെ മറ്റൊരുദ്ദേശം പുനരുല്പാദനവും അതോടനുബന്ധിച്ചുള്ള വംശവർദ്ധനയുമാണെന്ന് താഴെ പറയുന്ന വാക്യത്തിൽ നിന്നും ഗ്രഹിച്ചെടുക്കുവാൻ സാധിക്കുന്നതാണ്.

نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُوا۟ حَرْثَكُمْ أَنَّىٰ شِئْتُمْ ۖ وَقَدِّمُوا۟ لِأَنفُسِكُمْ ۚ
وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّكُم مُّلَٰقُوهُ ۗ وَبَشِّرِ ٱلْمُؤْمِنِينَ ﴿٢٢٣﴾

2:224–"നിങ്ങളുടെ സ്ത്രീകൾ നിങ്ങൾക്കൊരു കൃഷിസ്ഥലമാകുന്നു. (പുനരുല്പാദനത്തിനു വേണ്ടിയുള്ളതാകുന്നു). അതുകൊണ്ട് നിങ്ങൾ ഇച്ഛരിക്കുന്ന വിധം നിങ്ങളുടെ കൃഷിസ്ഥലത്തു ചെല്ലുക. നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി കരുതിവെക്കുകയും ചെയ്യുക. അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾ അവനെ കണ്ടുമുട്ടുമെന്ന് അറിയുവിൻ. സത്യ വിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുവിൻ."

സ്ത്രീകളെ സൃഷ്ടിച്ചതും അവർക്ക് സൗന്ദര്യം നൽകിയതും ദൈവമാണ്. അതുകൊണ്ടു തന്നെ അവരുടെ സൗന്ദര്യം ആസ്വദിക്കുവാനും അവരുമായി ബന്ധപ്പെടുവാനും ദൈവത്തിന്റെ അനുവാദം ആവശ്യമാണ്. ഈ അനുവാദമാണ് വിവാഹത്തിലൂടെ ലഭ്യമാകുന്നത്. വിവാഹത്തിനു പുറമെയുള്ള സൗന്ദര്യാസ്വാദനവും മറ്റു പ്രേമ പ്രകടനങ്ങളും അവിഹിത ബന്ധങ്ങളും മ്ലേഛമായും അതി നീചമായും പാപമായും ദൈവം ചിത്രീകരിക്കുന്നു.

وَلَا تَقْرَبُوا۟ ٱلزِّنَىٰٓ ۖ إِنَّهُۥ كَانَ فَٰحِشَةً ۖ وَسَآءَ سَبِيلًا ﴿٣٢﴾

17:33– "വ്യഭിചാരത്തോട് നിങ്ങൾ അടുക്കുകയുമരുത്. തീർച്ചയായും അതൊരു നീച പ്രവൃത്തിയും ചീത്ത വഴിയുമാകുന്നു."

وَٱلَّذِينَ لَا يَدْعُونَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ وَلَا يَقْتُلُونَ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ وَلَا
يَزْنُونَ ۚ وَمَن يَفْعَلْ ذَٰلِكَ يَلْقَ أَثَامًا ﴿٦٨﴾ يُضَٰعَفْ لَهُ ٱلْعَذَابُ يَوْمَ ٱلْقِيَٰمَةِ وَيَخْلُدْ فِيهِۦ
مُهَانًا ﴿٦٩﴾ إِلَّا مَن تَابَ وَءَامَنَ وَعَمِلَ عَمَلًا صَٰلِحًا فَأُو۟لَٰٓئِكَ يُبَدِّلُ ٱللَّهُ سَيِّـَٔاتِهِمْ

حَسَنَٰتٍۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ۝

25:69–71 "(ദൈവദാസന്മാർ) അല്ലാഹുവിനോടൊപ്പം മറ്റുദൈവത്തെ വിളിച്ചർത്തിക്കാത്തവരും നീതിക്കു വേണ്ടിയല്ലാതെ അല്ലാഹു നിരോധിച്ച ജീവനെ കൊലചെയ്യാത്തവരും വ്യഭിചരിക്കാത്തവരും ആകുന്നു. ആരെങ്കിലും അത് ചെയ്യുന്നതായാൽ അതിന്റെ പാപഫലം അവൻ കണ്ടെത്തുന്നതാണ്. ഉയിർത്തെഴുന്നേൽപ്പുനാളിൽ ശിക്ഷ അവന് ഇരട്ടിക്കപ്പെടും. നിന്ദിതനായി അവൻ അതിൽ പാർക്കുകയും ചെയ്യും. പശ്ചാതപിക്കുകയും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ ഒഴിച്ച്. അപ്പോൾ അവരുടെ തിന്മകളെ നന്മകളായി അല്ലാഹു മാറ്റുന്നതാണ്. അല്ലാഹു പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

ഒരാൾ വ്യഭിചാരിയെന്നോ വ്യഭിചാരിണിയെന്നോ വ്യക്തമായിക്കഴിഞ്ഞാൽ അവരെ വിവാഹം ചെയ്യുന്നത് സത്യവിശ്വാസികൾക്കു പാടില്ലാത്തതാകുന്നു.

ٱلزَّانِى لَا يَنكِحُ إِلَّا زَانِيَةً أَوْ مُشْرِكَةً وَٱلزَّانِيَةُ لَا يَنكِحُهَآ
إِلَّا زَانٍ أَوْ مُشْرِكٌۚ وَحُرِّمَ ذَٰلِكَ عَلَى ٱلْمُؤْمِنِينَ ۝

24:04– "വ്യഭിചാരിയായ പുരുഷൻ വ്യഭിചരിണിയേയോ ബഹു ദൈവവിശ്വാസിയേയോ അല്ലാതെ വിവാഹം ചെയ്യുന്നതല്ല. വ്യഭിചാരിണി വ്യഭിചാരിയായ പുരുഷനേയോ ബഹുദൈവ വിശ്വസിയേയോ അല്ലാതെ വിവാഹം ചെയ്യുന്നതല്ല. അത് സത്യ വിശ്വാസികൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു."

വ്യഭിചാരം നിഷിദ്ധമാക്കിയതു പോലെ തന്നെ വിവാഹം കഴിക്കാതെ രഹസ്യ ബന്ധമെന്ന നിലയിൽ വെപ്പാട്ടികളെ വെക്കുന്നതും ദൈവം നിഷിദ്ധമാക്കിയിരിക്കുന്നു.

وَٱلْمُحْصَنَٰتُ مِنَ ٱلْمُؤْمِنَٰتِ وَٱلْمُحْصَنَٰتُ مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ
إِذَآ ءَاتَيْتُمُوهُنَّ أُجُورَهُنَّ مُحْصِنِينَ غَيْرَ مُسَٰفِحِينَ وَلَا مُتَّخِذِىٓ أَخْدَانٍۗ وَمَن يَكْفُرْ
بِٱلْإِيمَٰنِ فَقَدْ حَبِطَ عَمَلُهُۥ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ۝

5:06– ".....വിശ്വാസികളായ പതിവ്രതകളേയും പൂർവ്വവേദക്കാരിലുള്ള പതിവ്രതകളേയും അവർക്ക് അവരുടെ വിവാഹ ധനം നിങ്ങൾ നൽകിക്കഴിഞ്ഞാൽ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ചാരിത്ര്യം സൂക്ഷി

ക്കുന്നവരായിട്ട്. വ്യഭിചാരം ചെയ്യുന്നവരോ വെപ്പാട്ടികളെ സ്വീകരിക്കുന്നവരോ ആയിട്ടല്ലാതെ. സത്യവിശ്വാസത്തെ ആരെങ്കിലും തിരസ്ക്കരിക്കുന്നതായാൽ അവന്റെ കർമ്മങ്ങൾ പാഴായിപ്പോയി. പരലോകത്തിൽ അവൻ നഷ്ടപ്പെട്ടവരുടെ കൂടെയുമായിരിക്കും."

ഇസ്ലാമിന്റെ ആവിർഭവകാലത്തും അതിനു മുമ്പും, ആധുനിക യുഗത്തിലെപ്പോലെ ജയിലറകൾ ഉണ്ടായിരുന്നില്ല. ആ കാലത്ത് നടന്നുകൊണ്ടിരുന്ന യുദ്ധങ്ങളിൽ വിജയികളായിത്തീർന്നവർ പരാജിതരെ തടവുകാരാക്കുകയും അവരെ വിജയികളിൽ വിതരണം ചെയ്യുകയുമാണ് പതിവുണ്ടായിരുന്നത്. ഇങ്ങനെയുള്ള യുദ്ധത്തടവുകാരെ പണത്തിനു പകരമായി കൈമാറ്റം ചെയ്യുകയും പതിവായിരുന്നു. ഈ വിഭാഗത്തെയാണ് വിശുദ്ധ ഖുർആനിൽ നിങ്ങളുടെ വലം കൈ ഉടമയാക്കിയവർ എന്ന് വിവരിച്ചിരിക്കുന്നത്. ഈ വിഭാഗത്തിലുള്ള സ്ത്രീകളേയും വെപ്പാട്ടികളായി ഉപയോഗിക്കുവാനോ വ്യഭിചാരത്തിന് നിർബന്ധിക്കുവാനോ പാടില്ലാത്തതാണെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു കല്പിച്ചിരിക്കുന്നു.

فَٱنكِحُوهُنَّ بِإِذۡنِ أَهۡلِهِنَّ وَءَاتُوهُنَّ أُجُورَهُنَّ بِٱلۡمَعۡرُوفِ

مُحۡصَنَٰتٍ غَيۡرَ مُسَٰفِحَٰتٍ وَلَا مُتَّخِذَٰتِ أَخۡدَانٖۚ

4:26– ".....യുദ്ധത്തടവുകാരെ അവരുടെ യജമാനന്മാരുടെ അനുമതിയോടു കൂടി വിവാഹം ചെയ്യുക. മര്യാദയനുസരിച്ച് അവരുടെ വിവാഹത്തുകകൾ അവർക്കു കൊടുക്കുകയും ചെയ്യുക. പതിവ്രതകളായിട്ട്. വ്യഭിചാരികളോ ജാരന്മാരെ സ്വീകരിക്കുന്നവരായിട്ടോ അല്ലാതെ....."

വ്യഭിചാരത്തെപ്പോലെത്തന്നെ മറ്റു അസാന്മാർഗ്ഗിക പ്രവൃത്തികളും ദൈവം നിഷിദ്ധമാക്കിയിരിക്കുന്നു. സ്ത്രീകൾ അന്യോന്യവും പുരുഷന്മാർ അന്യോന്യവും ചെയ്യുന്ന ലൈംഗിക പ്രവൃത്തികളും ശിക്ഷിക്കപ്പെടേണ്ടതാണെന്ന് ദൈവം പറയുന്നു. സ്ത്രീകളെക്കുറിച്ച് പറഞ്ഞിടേത്ത് നാലു ദൃക്സാക്ഷികൾ വേണമെന്ന നിബന്ധനവെച്ചിരിക്കുന്നു. പുരുഷന്മാരെക്കുറിച്ച് പറഞ്ഞിടത്ത് അങ്ങനെയൊരു നിബന്ധന കാണുന്നില്ല.

وَٱلَّٰتِي يَأۡتِينَ ٱلۡفَٰحِشَةَ مِن نِّسَآئِكُمۡ فَٱسۡتَشۡهِدُواْ عَلَيۡهِنَّ أَرۡبَعٗا مِّنكُمۡۖ فَإِن شَهِدُواْ

فَأَمۡسِكُوهُنَّ فِي ٱلۡبُيُوتِ حَتَّىٰ يَتَوَفَّىٰهُنَّ ٱلۡمَوۡتُ أَوۡ يَجۡعَلَ ٱللَّهُ لَهُنَّ سَبِيلٗا ۝

4:16– "നിങ്ങളുടെ സ്ത്രീകളിൽ നിന്ന് അസാന്മാർഗ്ഗിക പ്രവൃത്തി ചെയ്യുന്നവർക്കെതിരെ സാക്ഷികളായി നിങ്ങളിൽപ്പെട്ട നാലുപേരെ കൊണ്ടുവരിക. അങ്ങനെ അവർ സാക്ഷ്യം വഹിച്ചാൽ അവരെ വീടുകളിൽ തടഞ്ഞു വെയ്ക്കുക. മരണം അവരെ എടുത്തുകളയുകയോ അല്ലാഹു അ

വർക്ക് ഒരു പോംവഴി കാണിക്കുകയോ ചെയ്യുന്നതു വരെ."

മേൽ വാക്യത്തിൽ പറഞ്ഞ അസാന്മാർഗ്ഗിക പ്രവൃത്തി വ്യഭിചാരമല്ലാത്ത മറ്റുകാര്യങ്ങളാണ്. സ്ത്രീകളും സ്ത്രീകളും തമ്മിലുള്ള പ്രേമം, അന്യ പുരുഷന്മാരുമായുള്ള സംസർഗ്ഗം മുതലായവ അതിൽ പെടുന്നു. അങ്ങനെയുള്ളവരെ പുറത്തു പോകാൻ അനുവദിക്കാതെ വീട്ടിൽ തടഞ്ഞു വെക്കേണ്ടതാണ്. മരണം അവരെ എടുത്തുകൊള്ളുന്നതുവരെ എന്നതു കൊണ്ടുദ്ദേശിക്കുന്നത് അവർ ശാരീരികമായി മരിക്കുന്നതുവരെ എന്നല്ല. ആ വിപത്തിൽ നിന്നും അവർ മോചിതരാവുന്നതുവരെയോ, അല്ലെങ്കിൽ അവർ അത് മറക്കുന്നതുവരെയോ എന്നർത്ഥം. കാരണം മരണം എന്ന പദം ഇവിടെ പോംവഴിക്കു മുമ്പേയാണ് പറഞ്ഞിരിക്കുന്നത്. അല്ലെങ്കിൽ പോംവഴി ആദ്യവും മരണം അവസാനവും പറയുമായിരുന്നു. അല്ലാഹു അവർക്കു കൊടുക്കുന്ന പോംവഴി അവരുടെ വിവാഹമാകുന്നു.

وَٱلَّذَانِ يَأۡتِيَٰنِهَا مِنكُمۡ فَـَٔاذُوهُمَاۖ فَإِن تَابَا وَأَصۡلَحَا فَأَعۡرِضُواْ عَنۡهُمَآۗ إِنَّ ٱللَّهَ كَانَ تَوَّابَا رَّحِيمًا ۝

4:17– "നിങ്ങളിൽ നിന്ന് അത് പ്രവർത്തിക്കുന്ന രണ്ടു പുരുഷന്മാരെയും ശിക്ഷിക്കുക. ഇരുവരും പശ്ചാത്തപിക്കുകയും സ്വയം നന്നാക്കുകയും ചെയ്താൽ അവരിൽ നിന്നും വിട്ടുപോരുക. തീർച്ചയായും അല്ലാഹു സർവ്വദാ പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു."

വിവാഹം കഴിക്കുവാൻ, വിവാഹ മൂല്യം കൊടുക്കുവാനുള്ള സാമ്പത്തിക ശേഷി പുരുഷനുണ്ടായിരിക്കണം. വിവാഹ മൂല്യം സ്വതന്ത്ര സ്ത്രീകൾക്കും അതുപോലെ യുദ്ധത്തടവുകാരായ സ്ത്രീകൾക്കും നല്കേണ്ടതാണ്.

فَٱنكِحُوهُنَّ بِإِذۡنِ أَهۡلِهِنَّ وَءَاتُوهُنَّ أُجُورَهُنَّ بِٱلۡمَعۡرُوفِ

4:26– ".....യുദ്ധത്തടവുകാരെ അവരുടെ യജമാനന്മാരുടെ അനുമതിയോടു കൂടി വിവാഹം ചെയ്യുക. മര്യാദയനുസരിച്ച് അവരുടെ വിവാഹമൂല്യം അവർക്ക് കൊടുക്കുകയും ചെയ്യുക....."

وَٱلۡمُحۡصَنَٰتُ مِنَ ٱلۡمُؤۡمِنَٰتِ وَٱلۡمُحۡصَنَٰتُ مِنَ ٱلَّذِينَ

أُوتُواْ ٱلۡكِتَٰبَ مِن قَبۡلِكُمۡ إِذَآ ءَاتَيۡتُمُوهُنَّ أُجُورَهُنَّ

5:06– "വിശ്വാസികളായ പതിവ്രതകളേയും പൂർവ്വ വേദക്കാരിലുള്ള പതിവ്രതകളേയും അവർക്ക് അവരുടെ വിവാഹധനം നിങ്ങൾ നൽകുമ്പോൾ നിങ്ങൾക്ക് (വിവാഹത്തിന്) അനുവദിക്കപ്പെട്ടിരിക്കുന്നു....."

وَءَاتُواْ ٱلنِّسَآءَ صَدُقَٰتِهِنَّ نِحۡلَةٗۚ فَإِن طِبۡنَ لَكُمۡ عَن شَيۡءٖ مِّنۡهُ نَفۡسٗا فَكُلُوهُ هَنِيـٔٗا مَّرِيـٔٗا ۝

4:04– "സ്ത്രീകൾക്ക് അവരുടെ വിവാഹധനം ഒരു പാരിതോഷികമായി കൊടുക്കുവിൻ. എന്നാൽ അവർ അതിൽനിന്ന് ഒരു ഭാഗം നിങ്ങൾക്ക് സ്വമനസ്സാലെ വിട്ടു തരുന്നുവെങ്കിൽ അപ്പോൾ ആസ്വാദ്യമായി ഹൃദ്യമായി നിങ്ങൾ അത് ഭക്ഷിക്കുവിൻ."

വിവാഹമൂല്യം പുരുഷന്മാരാണ് സ്ത്രീകൾക്ക് നൽകേണ്ടതെന്നും സ്ത്രീകളുടെ ആൾക്കാരിൽനിന്ന് സ്ത്രീധനം വാങ്ങിക്കുന്നത് നിഷിദ്ധമാണെന്നും താഴെ ഉദ്ധരിക്കുന്ന വിശുദ്ധവാക്യം തെളിവു നൽകുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَأۡكُلُوٓاْ أَمۡوَٰلَكُم بَيۡنَكُم بِٱلۡبَٰطِلِ إِلَّآ أَن تَكُونَ تِجَٰرَةً عَن
تَرَاضٖ مِّنكُمۡۚ وَلَا تَقۡتُلُوٓاْ أَنفُسَكُمۡۚ إِنَّ ٱللَّهَ كَانَ بِكُمۡ رَحِيمٗا ۝ وَمَن يَفۡعَلۡ ذَٰلِكَ عُدۡوَٰنٗا
وَظُلۡمٗا فَسَوۡفَ نُصۡلِيهِ نَارٗاۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ۝

4:30–31 "അല്ലയോ വിശ്വാസികളേ, അന്യായമായി നിങ്ങളുടെ മുതലുകൾ നിങ്ങൾ അന്യോന്യം തിന്നരുത്, അത് നിങ്ങൾ നടത്തുന്ന പരസ്പര സമ്മത പ്രകാരമുള്ള വ്യാപാരത്തിൽകൂടിയല്ലാതെ. നിങ്ങളെ തന്നെ നിങ്ങൾ കൊലപ്പെടുത്തുകയും അരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കാരുണ്യമുള്ളവനാകുന്നു. അക്രമമായും അന്യായമായും ആരത് ചെയ്യുന്നുവോ, വേഗം തന്നെ അവനെ നാം നരകാഗ്നിയിൽ പ്രവേശിപ്പിക്കുന്നതാണ്. അല്ലാഹുവിന് അത് എളുപ്പമുള്ള കാര്യമാകുന്നു."

വിവാഹമൂല്യം കൊടുക്കുവാൻ വിശുദ്ധ ഖുർആനിൽ ദൈവം നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും വിവാഹമൂല്യം തരുവാനുള്ള സാമ്പത്തിക ശേഷിയെക്കാളുപരിയായി സാന്മാർഗ്ഗിക ഗുണങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. അങ്ങനെയുള്ളവർ ദരിദ്രരാണെങ്കിലും അല്ലാഹു തന്റെ ഔദാര്യം മുഖേനെ അവരെ സമ്പന്നരാക്കുന്നതാണെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്തിരിക്കുകയാണ്:

وَأَنكِحُواْ ٱلۡأَيَـٰمَىٰ مِنكُمۡ وَٱلصَّـٰلِحِينَ مِنۡ عِبَادِكُمۡ وَإِمَآئِكُمۡۚ
إِن يَكُونُواْ فُقَرَآءَ يُغۡنِهِمُ ٱللَّهُ مِن فَضۡلِهِۦۗ وَٱللَّهُ وَٰسِعٌ عَلِيمٞ ۝

24:33– "നിങ്ങളിലുള്ള അവിവാഹിതരെയും വിവാഹമോചിതരെയും നിങ്ങളുടെ വലം കൈ ഉടമപ്പെടുത്തിയ പുരുഷന്മാരിലും സ്ത്രീകളിലും പെട്ട സദ്വൃത്തരെയും വിവാഹം ചെയ്തു കൊടുക്കുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവരെ സമ്പന്നരാക്കുന്നതാണ്. അല്ലാഹു വിപുലമായ ഔദാര്യമുടയവനും അറിവുറ്റവനുമാകുന്നു."

വിവാഹം കഴിക്കുവാൻ സാമ്പത്തിക ശേഷിയില്ലാത്തവർ അല്ലാഹു അ വരെ സമ്പന്നരാക്കുന്നതുവരെ സംയമനം പാലിക്കുവാനും നബിതിരു മേനി(സ.അ) നോമ്പെടുക്കുവാനും ആവശ്യപ്പെട്ടിരിക്കുന്നു. വ്യഭിചാരത്തി ലേക്ക് എടുത്തു ചാടപ്പെടുമെന്ന് ഭയപ്പെടുന്നവരോട് യുദ്ധത്തടവുകാ രായ അടിമ സ്ത്രീകളെ വിവാഹം കഴിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

لْيَسْتَعْفِفِ ٱلَّذِينَ لَا يَجِدُونَ نِكَاحًا حَتَّىٰ يُغْنِيَهُمُ ٱللَّهُ مِن فَضْلِهِۦ

24:34– "വിവാഹം കഴിക്കുവാൻ സാമ്പത്തികശേഷിയില്ലാത്തവർ അല്ലാ ഹു തന്റെ അനുഗ്രഹത്തിൽനിന്ന് സമ്പന്നരാക്കുന്നതുവരെ സംയമനം പാലിക്കട്ടെ....."

وَمَن لَّمْ يَسْتَطِعْ مِنكُمْ طَوْلًا أَن يَنكِحَ ٱلْمُحْصَنَٰتِ ٱلْمُؤْمِنَٰتِ فَمِن مَّا مَلَكَتْ أَيْمَٰنُكُم مِّن فَتَيَٰتِكُمُ ٱلْمُؤْمِنَٰتِ ۚ وَٱللَّهُ أَعْلَمُ بِإِيمَٰنِكُم ۚ بَعْضُكُم مِّنۢ بَعْضٍ ۚ فَٱنكِحُوهُنَّ بِإِذْنِ أَهْلِهِنَّ وَءَاتُوهُنَّ أُجُورَهُنَّ ۚ ...ذَٰلِكَ لِمَنْ خَشِىَ ٱلْعَنَتَ مِنكُمْ ۚ وَأَن تَصْبِرُوا۟ خَيْرٌ لَّكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢٥﴾

4:26– "നിങ്ങളിൽ ആർക്കെങ്കിലും വിശ്വാസിനികളായ സ്വതന്ത്ര സ്ത്രീ കളെ വിവാഹം ചെയ്യുന്നതിന് കഴിവില്ലെങ്കിൽ നിങ്ങളുടെ വലം കൈ ഉടമയാക്കിയ (യുദ്ധത്തടവുകാരായ) വിശ്വാസിനികളായ യുവതികളെ വിവാഹം കഴിക്കുക..... അവരുടെ യജമാനന്മാരുടെ അനുമതിയോടു കൂ ടി അവരെ വിവാഹം കഴിക്കുക..... നിങ്ങളിൽ പാപം ചെയ്യുപോകു മെന്ന് ഭയപ്പെടുന്നവർക്കുള്ളതാണ് അത്. സംയമനം കൊള്ളുന്നതാണ് നിങ്ങൾക്കുത്തമം. അല്ലാഹു പൊറുത്തു കൊടുക്കുന്നവനും കരുണാനി ധിയുമാകുന്നു."

സ്ത്രീകളുടെ സമ്മതമില്ലാതെ അവരെ വിവാഹം കഴിക്കുവാൻ പാടുള്ള തല്ല. സ്വതന്ത്ര സ്ത്രികളെ വിവാഹം കഴിക്കുന്നതിന് അവരുടെ രക്ഷി താക്കളുടെ സമ്മതവും ആവശ്യമാണ്. യുദ്ധതടവുകാരായ സ്ത്രികളാ ണെങ്കിൽ അവരുടെ യജമാൻമാരുടെ സമ്മതം മതിയാവുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا يَحِلُّ لَكُمْ أَن تَرِثُوا۟ ٱلنِّسَآءَ كَرْهًا ۖ

4:21– "അല്ലയോ വിശ്വാസികളെ, സ്ത്രീകളെ അവരുടെ സമ്മതമില്ലാതെ നിങ്ങൾ സ്വന്തമാക്കിയെടുക്കുന്നത് നിങ്ങൾക്ക് നിയമാനുസൃതമല്ല....."

فَٱنكِحُوهُنَّ بِإِذْنِ أَهْلِهِنَّ

4:26– ".....യുദ്ധത്തടവുകാരായ സ്ത്രീകളെ അവരുടെ യജമാനന്മാരുടെ

അനുമതിയോടു കൂടി വിവാഹം ചെയ്യുക.

യുദ്ധത്തടവുകാരെപ്പോലെ, അവിശ്വാസിനികളായ സ്ത്രീകൾ സത്യവിശ്വാസം സ്വീകരിച്ചുകൊണ്ട് ഇസ്ലാമിലേക്ക് വരുമ്പോൾ അവരെ വിവാഹം കഴിക്കുന്നതിന് (അവർ വിവാഹിതരായിരുന്നാൽപോലും) അവരുടെ രക്ഷിതാക്കളുടെ ആവശ്യമില്ല. അതുപോലെ അവിശ്വാസിനികളെ (ഇസ്ലാമിൽനിന്ന് ആരെങ്കിലും പുറത്തു പോവുകയാണെങ്കിലും) വിവാഹബന്ധത്തിൽ പിടിച്ചു നിർത്തുവാനും അനുവാദം നൽകിയിട്ടില്ല. എങ്കിലും ഇങ്ങനെയുള്ള സ്ത്രീകളെ വിവാഹം കഴിക്കുന്നതിന് അവരുടെ സമ്മതം ആവശ്യമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. യുദ്ധത്തടവുകാരായ സ്ത്രീകൾ വിവാഹിതരാണെങ്കിൽപോലും അവരെ വിവാഹം കഴിക്കുവാൻ അവരുടെ രക്ഷിതാക്കളുടെ സമ്മതം ആവശ്യമില്ല. അവരെ അവരുടെ യജമാനന്റെ സമ്മതത്തോടെ വിവാഹം കഴിക്കാവുന്നതാണ്. ഇനി അവർ വിവാഹം കഴിക്കാതെ ചാരിത്ര്യ ശുദ്ധിയോടെ പൂർവ്വ ഭർത്താവിന്റെയടുത്ത് തിരിച്ചുപോകാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയിൽ കഴിയുകയാണെങ്കിൽ അവർ വിവാഹത്തിന് സമ്മതം നൽകുകയില്ലല്ലോ. അപ്പോൾ അവരെ വിവാഹം കഴിക്കുവാനും സാധിക്കുകയില്ല. അവരെ വ്യഭിചാരത്തിന് നിർബന്ധിക്കുവാൻ പാടുള്ളതല്ല എന്ന ദൈവ കല്പന ഇതിനു മുമ്പേ നാം കണ്ടു കഴിഞ്ഞതാണ്. (24:33)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا جَآءَكُمُ ٱلْمُؤْمِنَـٰتُ مُهَـٰجِرَٰتٍ فَٱمْتَحِنُوهُنَّ ۖ ٱللَّهُ أَعْلَمُ بِإِيمَـٰنِهِنَّ ۖ فَإِنْ
عَلِمْتُمُوهُنَّ مُؤْمِنَـٰتٍ فَلَا تَرْجِعُوهُنَّ إِلَى ٱلْكُفَّارِ ۖ لَا هُنَّ حِلٌّ لَّهُمْ وَلَا هُمْ يَحِلُّونَ لَهُنَّ ۖ وَءَاتُوهُم مَّآ
أَنفَقُواْ ۚ وَلَا جُنَاحَ عَلَيْكُمْ أَن تَنكِحُوهُنَّ إِذَآ ءَاتَيْتُمُوهُنَّ أُجُورَهُنَّ ۚ وَلَا تُمْسِكُواْ بِعِصَمِ ٱلْكَوَافِرِ
وَسْـَٔلُواْ مَآ أَنفَقْتُمْ وَلْيَسْـَٔلُواْ مَآ أَنفَقُواْ ۚ ذَٰلِكُمْ حُكْمُ ٱللَّهِ ۖ يَحْكُمُ بَيْنَكُمْ ۚ وَٱللَّهُ عَلِيمٌ حَكِيمٌ ۝

60:11–"അല്ലയോ വിശ്വാസികളേ, വിശ്വാസിനികളായ സ്ത്രീകൾ അഭയാർത്ഥികളായി നിങ്ങളുടെ അടുക്കൽ വരുമ്പോൾ അവരെ നിങ്ങൾ പരിശോധിക്കുക. അവരുടെ വിശ്വാസത്തെക്കുറിച്ച് അല്ലാഹു ഏറ്റവും നന്നായി അറിയുന്നു. അവർ വിശ്വാസിനികളാണെന്ന് നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞാൽ അവരെ അവിശ്വാസികളുടെ അടുക്കലേക്ക് നിങ്ങൾ മടക്കിഅയക്കരുത്. അവർ അവർക്ക് (അവരുടെ ഭർത്താക്കന്മാർക്ക്) അനുവദനീയമല്ല. അവർ (അവരുടെ ഭർത്താക്കന്മാർ) ഇവർക്കും അനുവദനയീമല്ല. എന്നാൽ (വിവാഹ ധനമായി) ചിലവാക്കിയത് അവർക്ക് (അവരുടെ പൂർവ്വ ഭർത്താവിന്) കൊടുക്കുക. അവരുടെ വിവാഹ ധനം നിങ്ങൾ അവർക്ക് കൊടുത്തു കഴിയുമ്പോൾ നിങ്ങൾ അവരെ വിവാഹം ചെയ്യുന്നതിന് നിങ്ങൾക്കു കുറ്റമില്ല. അവിശ്വാസിനികളെ വിവാഹ ബന്ധത്തിൽ നിങ്ങൾ പിടിച്ചു വെക്കരുത്. നിങ്ങൾ അവർക്ക് ചിലവാക്കിയത് നിങ്ങ

ൾ ചോദിക്കുവിൻ. അവർ ചിലവാക്കിയത് അവരും ചോദിക്കട്ടെ. ഇ താണ് അല്ലാഹുവിന്റെ വിധി. അവൻ നിങ്ങൾക്കിടയിൽ വിധികൽപി ക്കുന്നു. അല്ലാഹു അറിവുറ്റവനും തന്ത്രജ്ഞനുമാകുന്നു."

അവിശ്വാസിനികളെ വിവാഹം കഴിക്കുന്നത് നിഷിദ്ധമാക്കിയിട്ടുണ്ടെങ്കി ലും മുസ്ലിംകളോടും റസൂൽ (സ) തിരുമേനിയോടും വൈരാഗ്യം വെച്ചു പുലർത്താത്ത പൂർവ്വ വേദക്കാരിലുള്ള ബഹുദൈവാരാധകരല്ലാത്തവരെ വിവാഹം കഴിക്കാവുന്നതാണ്.

وَٱلْمُحْصَنَٰتُ مِنَ ٱلْمُؤْمِنَٰتِ وَٱلْمُحْصَنَٰتُ

مِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ إِذَآ ءَاتَيْتُمُوهُنَّ أُجُورَهُنَّ

5:06– "വിശ്വാസിനികളായ പതിവ്രതകളേയും പൂർവ്വ വേദക്കാരായ പ തിവ്രതകളേയും അവർക്ക് അവരുടെ വിവാഹമൂല്യം നൽകിക്കഴിഞ്ഞാൽ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു."

വ്യഭിചാരിണികളേയും ബഹുദൈവാരാധകരേയും വിവാഹം കഴിക്കുന്നത് നിഷിദ്ധമാണെന്ന് ഇതിനു മുമ്പു തന്നെ വിവരിച്ചിട്ടുണ്ട്. (26:03)

وَلَا تَنكِحُوا۟ ٱلْمُشْرِكَٰتِ حَتَّىٰ يُؤْمِنَّ ۚ وَلَأَمَةٌ مُّؤْمِنَةٌ خَيْرٌ مِّن مُّشْرِكَةٍ وَلَوْ أَعْجَبَتْكُمْ ۗ وَلَا

تُنكِحُوا۟ ٱلْمُشْرِكِينَ حَتَّىٰ يُؤْمِنُوا۟ ۚ وَلَعَبْدٌ مُّؤْمِنٌ خَيْرٌ مِّن مُّشْرِكٍ وَلَوْ أَعْجَبَكُمْ ۗ أُو۟لَٰٓئِكَ يَدْعُونَ

إِلَى ٱلنَّارِ ۖ وَٱللَّهُ يَدْعُوٓا۟ إِلَى ٱلْجَنَّةِ وَٱلْمَغْفِرَةِ بِإِذْنِهِۦ ۖ وَيُبَيِّنُ ءَايَٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ﴿٢٢١﴾

2:222– "ബഹുദൈവ വിശ്വാസിനികളെ അവർ വിശ്വസിക്കുന്നതു വരെ നിങ്ങൾ വിവാഹം ചെയ്യരുത്. വിശ്വാസിനിയായ ഒരു അടിമ സ്ത്രീയാ ണ് ബഹുദൈവ വിശ്വാസിനിയേക്കാൾ ഉത്തമം. അവൾ നിങ്ങളെ ഭ്രമി പ്പിച്ചാലും ശരി. ബഹുദൈവ വിശ്വാസികൾക്ക് അവർ വിശ്വസിക്കുന്നതു വരെ നിങ്ങൾ വിവാഹം ചെയ്തു കൊടുക്കരുത്. വിശ്വാസിയായ ഒരു അടിമയാണ് ബഹുദൈവ വിശ്വാസിയേക്കാൾ ഉത്തമം. അവൻ നിങ്ങളെ ഭ്രമിപ്പിച്ചാലും ശരി. അവർ നരകത്തിലേക്ക് ക്ഷണിക്കുന്നു. എന്നാൽ അ ല്ലാഹു സ്വർഗ്ഗത്തിലേക്കും അവന്റെ അനുമതിയോടെ പാപമുക്തിയിലേ ക്കും ക്ഷണിക്കുന്നു. അവർ ഓർമ്മിക്കുവാൻ വേണ്ടി അവന്റെ സന്ദേ ശങ്ങളെ അവൻ മനുഷ്യർക്ക് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുന്നു."

ഇവരെ കൂടാതെ താഴെ പറയുന്ന സ്ത്രീകളും വിവാഹത്തിന് നിഷിദ്ധ മായി വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു:

لَا تَنكِحُواْ مَا نَكَحَ ءَابَآؤُكُم مِّنَ ٱلنِّسَآءِ إِلَّا مَا قَدۡ
سَلَفَۚ إِنَّهُۥ كَانَ فَٰحِشَةٗ وَمَقۡتٗا وَسَآءَ سَبِيلٗا ٢٢

4:23– " നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്ത സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കരുത്. മുമ്പ് കഴിഞ്ഞു പോയത് ഒഴികെ. തീർച്ചയായും അത് നീചവും നിന്ദ്യവും ആണ്. ഒരു ചീത്തവഴിയുമാകുന്നു.

حُرِّمَتۡ عَلَيۡكُمۡ أُمَّهَٰتُكُمۡ وَبَنَاتُكُمۡ وَأَخَوَٰتُكُمۡ وَعَمَّٰتُكُمۡ وَخَٰلَٰتُكُمۡ وَبَنَاتُ ٱلۡأَخِ وَبَنَاتُ ٱلۡأُخۡتِ
وَأُمَّهَٰتُكُمُ ٱلَّٰتِيٓ أَرۡضَعۡنَكُمۡ وَأَخَوَٰتُكُم مِّنَ ٱلرَّضَٰعَةِ وَأُمَّهَٰتُ نِسَآئِكُمۡ وَرَبَٰٓئِبُكُمُ ٱلَّٰتِي فِي
حُجُورِكُم مِّن نِّسَآئِكُمُ ٱلَّٰتِي دَخَلۡتُم بِهِنَّ فَإِن لَّمۡ تَكُونُواْ دَخَلۡتُم بِهِنَّ فَلَا جُنَاحَ عَلَيۡكُمۡ وَحَلَٰٓئِلُ أَبۡنَآئِكُمُ
ٱلَّذِينَ مِنۡ أَصۡلَٰبِكُمۡ وَأَن تَجۡمَعُواْ بَيۡنَ ٱلۡأُخۡتَيۡنِ إِلَّا مَا قَدۡ سَلَفَۚ إِنَّ ٱللَّهَ كَانَ غَفُورٗا رَّحِيمٗا ٢٣

4:24– "നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, സഹോദരപുത്രിമാർ, സഹോദരിപുത്രിമാർ, നിങ്ങളെ മുലയൂട്ടിയ അമ്മമാർ, മുലകുടിബന്ധത്തിൽപ്പെട്ട സഹോദരിമാർ, നിങ്ങളുടെ ഭാര്യാമാതാക്കൾ, നിങ്ങൾ ലൈംഗികവേഴ്ച്ചയിലേർപ്പെട്ട നിങ്ങളുടെ ഭാര്യമാർവഴി നിങ്ങളുടെ സംരക്ഷണത്തിലുള്ള നിങ്ങളുടെ വളർത്തുപുത്രിമാർ – നിങ്ങൾ അവരുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ടില്ലെങ്കിൽ നിങ്ങൾക്ക് കുറ്റമില്ല – നിങ്ങളുടെ മുതുകിൽനിന്നുള്ള നിങ്ങളുടെ പുത്രന്മാരുടെ ഭാര്യമാർ, ഒരേ സമയം രണ്ടു സഹോദരിമാർ (കഴിഞ്ഞു പോയത് ഒഴികെ) എന്നിവർ നിങ്ങൾക്ക് വിവാഹത്തിന് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമത്രേ."

وَٱلۡمُحۡصَنَٰتُ مِنَ ٱلنِّسَآءِ إِلَّا مَا مَلَكَتۡ أَيۡمَٰنُكُمۡۖ

4:25– "നിങ്ങളുടെ വലതുകൈ ഉടമയാക്കിയവർ (യുദ്ധത്തടവുകാർ) ഒഴികെയുള്ള വിവാഹിതരായ സ്ത്രീകളും (നിങ്ങൾക്ക് വിവാഹത്തിന് നിഷിദ്ധമാണ്). ഇത് നിങ്ങളുടെ മേൽ അല്ലാഹുവിന്റെ നിയമമാകുന്നു...."

ഭാര്യാഭർത്താക്കന്മാർ അന്യോന്യം താങ്ങും തണലുമായി വർത്തിക്കേണ്ടതാണ്. ഭാര്യമാരോട് നല്ല രീതിയിൽ പെരുമാറുവാനും അന്യോന്യം നല്ല വാക്കുകൾ പറയുവാനും അവർക്കു വേണ്ടി ചിലവഴിക്കുവാനും അല്ലാഹു പുരുഷന്മാരോട് ആവശ്യപ്പെട്ടിരിക്കുന്നു.

وَعَاشِرُوهُنَّ بِٱلْمَعْرُوفِ ۚ

4:21–".....അവരോട് നല്ല രീതിയിൽ പെരുമാറുവിൻ."

وَقُل لِّعِبَادِى يَقُولُوا۟ ٱلَّتِى هِىَ أَحْسَنُ ۚ إِنَّ ٱلشَّيْطَـٰنَ يَنزَغُ

بَيْنَهُمْ ۚ إِنَّ ٱلشَّيْطَـٰنَ كَانَ لِلْإِنسَـٰنِ عَدُوًّا مُّبِينًا ﴿٥٣﴾

17:54– "എന്റെ ദാസന്മാരോട് നീ പറയുക: ഏറ്റവും നല്ലത് എന്തോ അത് അവർ പറയട്ടെ. തീർച്ചയായും പിശാചും അവരുടെയിടയിൽ അനർത്ഥം വിതയ്ക്കുന്നു. നിശ്ചയമായും പിശാചു മനുഷ്യന് ഒരു വ്യക്തമായ ശത്രുവാകുന്നു."

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَقُولُوا۟ قَوْلًا سَدِيدًا ﴿٧٠﴾

33:71– "അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ സൂക്ഷിക്കുകയും ശരിയായ വാക്കുകൾ പറയുകയും ചെയ്യുവിൻ."

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعْضَهُمْ عَلَىٰ بَعْضٍ وَبِمَآ أَنفَقُوا۟ مِنْ أَمْوَٰلِهِمْ ۚ

4:35– " പുരുഷന്മാർ സ്ത്രീകളുടെ മേൽനോട്ടക്കാരാകുന്നു. അവരിൽ ചിലർക്ക് മറ്റുചിലരേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയതുകൊണ്ടും അവരുടെ മുതലുകളിൽ നിന്ന് അവർ ചിലവ് ചെയ്യുന്നതുകൊണ്ടുമാകുന്നു അത്.

ഓരോരുത്തരുടേയും കഴിവനുസരിച്ച് മാത്രമെ ചിലവഴിക്കേണ്ടതുള്ളു. കഴിവിനതീതമായി ആരെയും തന്നെ പ്രയാസപ്പെടുത്തുവാൻ പാടുള്ളതല്ല.

لِيُنفِقْ ذُو سَعَةٍ مِّن سَعَتِهِۦ ۖ وَمَن قُدِرَ عَلَيْهِ رِزْقُهُۥ فَلْيُنفِقْ مِمَّآ ءَاتَىٰهُ ٱللَّهُ ۚ

لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا مَآ ءَاتَىٰهَا ۚ سَيَجْعَلُ ٱللَّهُ بَعْدَ عُسْرٍ يُسْرًا ﴿٧﴾

65:08– "കഴിവുള്ളവൻ തന്റെ കഴിവനുസരിച്ച് ചിലവഴിക്കട്ടെ. തന്റെ ഉപജീവനം ഇടുങ്ങിയവൻ അല്ലാഹു അവന് നൽകിയതിൽനിന്നും ചിലവഴിക്കട്ടെ. അല്ലാഹു ഒരാൾക്കും അയാൾക്ക് നൽകിയതിനപ്പുറം ഭാരം ചുമത്തുന്നില്ല. പ്രയാസത്തിനു ശേഷം അല്ലാഹു ആശ്വാസം നൽകുന്നതാണ്."

സ്ത്രീകൾക്കു വേണ്ടി ചിലവഴിക്കേണ്ട ബാദ്ധ്യത പുരുഷന്മാർക്കാണെങ്കി

ലും വിഷമഘട്ടങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുവേണ്ടി ചിലവഴിക്കാവുന്നതാണ്. സത്യവിശ്വാസിനികളായ സ്ത്രീകളും പുരുഷന്മാരും അന്യോന്യം സംരക്ഷകരായി വർത്തിക്കേണ്ടവരാണെന്ന് ദൈവം നമ്മെ അറിയിക്കുന്നു:

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَـٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ
ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَـٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٧١﴾

9:72– "സത്യവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അന്യോന്യം രക്ഷാധികാരികളാണ്. അവർ നന്മ അനുശാസിക്കുകയും തിന്മ വിരോധിക്കുകയും നമസ്ക്കാരം അനുഷ്ടിക്കുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുകയും ചെയ്യുന്നു. അല്ലാഹു അവർക്ക് കരുണ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപവാനും പരമതന്ത്രജ്ഞനുമാകുന്നു.

ഭർത്താവിനെ അനുസരിക്കുവാനും ചാരിത്ര്യം കാത്തു സൂക്ഷിക്കുവാനും അല്ലാഹു സ്ത്രീകളോട് ആജ്ഞാപിച്ചിരിക്കുന്നു.

فَٱلصَّـٰلِحَـٰتُ قَـٰنِتَـٰتٌ حَـٰفِظَـٰتٌ لِّلْغَيْبِ بِمَا حَفِظَ ٱللَّهُ ۚ

4:35–".....ഉത്തമ സ്ത്രീകൾ അനുസരണമുള്ളവരും അല്ലാഹു സൂക്ഷിക്കുവാൻ കല്പിച്ചത് സൂക്ഷിക്കുന്നവരുമാകുന്നു....."

അനുസരണക്കേടിന് സ്ത്രീകളെ ശിക്ഷിക്കാനുള്ള അധികാരം ഒരു മൂന്നാമത്തെ പോംവഴിയെന്ന നിലയിൽ അല്ലാഹു പുരുഷന്മാർക്ക് നൽകിയിട്ടുണ്ട്. എങ്കിലും ദേഹത്ത് പരുക്കു പറ്റത്തക്ക രീതിയിൽ ശിക്ഷിക്കരുതെന്ന് റസൂൽ (സ) അരുളിയിരിക്കുന്നു.

وَٱلَّـٰتِى تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَٱهْجُرُوهُنَّ فِى ٱلْمَضَاجِعِ وَٱضْرِبُوهُنَّ ۖ فَإِنْ
أَطَعْنَكُمْ فَلَا تَبْغُوا۟ عَلَيْهِنَّ سَبِيلًا ۗ إِنَّ ٱللَّهَ كَانَ عَلِيًّا كَبِيرًا ﴿٣٤﴾

4:35– "..... അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അവരെ ഉപദേശിക്കുകയും കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുകയും അവരെ അടിക്കുകയും ചെയ്യുക. എന്നിട്ട് അവർ നിങ്ങളെ അനുസരിച്ചു കഴിഞ്ഞാൽ നിങ്ങൾ അവർക്കെതിരിൽ മറ്റു വഴികൾ അന്വേഷിക്കരുത്. തീർച്ചയായും അല്ലാഹു അത്യുന്നതനും മഹത്വപൂർണ്ണനുമാകുന്നു."

ഭാര്യാഭർത്താക്കന്മാർ എപ്പോഴും അന്യോന്യം പ്രേമബദ്ധരായിരിക്കേണ്ടതാ

ണ്. സന്താനങ്ങളിൽനിന്ന് മനം കുളിർമ്മ ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതുമാണ്.

وَٱلَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ۝

25:75– "....ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിലും ഞങ്ങളുടെ സന്താനങ്ങളിലും നീ ഞങ്ങൾക്കു കൺകുളിർമ്മ പ്രദാനം ചെയ്യേണമേ. നീ ഞങ്ങളെ ഭയഭക്തിയുള്ളവർക്ക് (ഞങ്ങളുടെ സന്താനങ്ങൾ ഭയഭക്തിയുള്ളവരായിത്തീരാൻ) മാതൃകയാക്കേണമേ.

വിവാഹിതരായ സ്ത്രീകൾ വീടും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്. അതോടൊപ്പം നമസ്ക്കാരം നിലനിർത്തുവാനും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുവാനും കല്പിക്കപ്പെട്ടിരിക്കുന്നു. വിവാഹം ഒരു പരീക്ഷണമാണെന്നും ഭാര്യയും സന്താനങ്ങളും പിന്നീടൊരവസരത്തിൽ ശത്രുക്കളായി മാറാവുന്നതാണന്നും അതുകൊണ്ട് ദൈവത്തെ മറന്നുപോകത്തക്ക രീതിയിൽ ഭാര്യയിലും സന്തനാങ്ങളിലും അമിത താല്പര്യം കാണിക്കരുതെന്നും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

وَقَرْنَ فِى بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَٰهِلِيَّةِ ٱلْأُولَىٰ ۖ وَأَقِمْنَ ٱلصَّلَوٰةَ وَءَاتِينَ ٱلزَّكَوٰةَ وَأَطِعْنَ ٱللَّهَ وَرَسُولَهُۥٓ ۚ إِنَّمَا يُرِيدُ ٱللَّهُ لِيُذْهِبَ عَنكُمُ ٱلرِّجْسَ أَهْلَ ٱلْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ۝

33:34– (പ്രവാചക പത്നിമാരേ), "നിങ്ങളുടെ ഭവനങ്ങളിൽ വസിക്കുക. മുമ്പ് അജ്ഞാന കാലത്തെ സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്. നമസ്ക്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുക. അല്ലയോ വീട്ടുകാരേ തീർച്ചയായും അല്ലാഹു ഉദ്ദേശിക്കുന്നത് നിങ്ങളിൽ നിന്ന് മാലിന്യം എടുത്തു കളയുവാനും പൂർണ്ണമായ രീതിയിൽ നിങ്ങളെ ശുദ്ധീകരിക്കുന്നതിനുമാണ്."

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ مِنْ أَزْوَٰجِكُمْ وَأَوْلَٰدِكُمْ عَدُوًّا لَّكُمْ فَٱحْذَرُوهُمْ ۚ وَإِن تَعْفُوا۟ وَتَصْفَحُوا۟ وَتَغْفِرُوا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ۝

64:15– "അല്ലയോ വിശ്വാസികളേ, നിങ്ങളുടെ ഭാര്യമാരിലും നിങ്ങളുടെ സന്താനങ്ങളിലും തീർച്ചയായും നിങ്ങൾക്ക് ശത്രുക്കൾ ഉണ്ട്. അതുകൊണ്ട് അവരെ നിങ്ങൾ സൂക്ഷിച്ചു കൊള്ളുവിൻ. നിങ്ങൾ വിട്ടുവീഴ്ച കാട്ടുകയും മാപ്പു ചെയ്യുകയും പൊറുത്തു കൊടുക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുത്തു കൊടുക്കുന്നവനും

കരുണാനിധിയുമാകുന്നു.

ഭാര്യമാരോടും സന്താനങ്ങളോടും വിട്ടുവീഴ്ചാമനോഭാവത്തോടെ പെരുമാറേണ്ടതാണ്. അല്ലെങ്കിൽ അവർ ശത്രുക്കളായിത്തീരാനുള്ള സാദ്ധ്യത ഏറെയാണ്.

ആർത്തവകാലത്ത് സ്ത്രീകളുമായി സംസർഗ്ഗം ചെയ്യാനുള്ള അനുവാദമില്ല. മറ്റു സമയങ്ങളിൽ അവരുമായി ബന്ധപ്പെട്ടതിനുശേഷം കുളിച്ച് ശുദ്ധിയായവേണ്ടതാണ്.

وَيَسْـَٔلُونَكَ عَنِ ٱلْمَحِيضِ ۖ قُلْ هُوَ أَذًى فَٱعْتَزِلُوا۟ ٱلنِّسَآءَ فِى ٱلْمَحِيضِ ۖ وَلَا تَقْرَبُوهُنَّ حَتَّىٰ يَطْهُرْنَ ۖ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ ٱللَّهُ ۚ إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ ﴿٢٢٣﴾

2:223– "ആർത്തവത്തെക്കുറിച്ച് അവർ നിന്നോടു ചോദിക്കുന്നു. പറയുക, അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവസമയത്ത് നിങ്ങൾ സ്ത്രീകളെ വിട്ടകന്നിരിക്കുക. അവർ ശുദ്ധിയാകുന്നതുവരെ അവരെ നിങ്ങൾ സമീപിക്കുകയും അരുത്. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കല്പിച്ച വിധത്തിൽ അവരുടെ അടുത്തു ചെല്ലുക. തീർച്ചയായും പാശ്ചാചതപിക്കുന്നവരെയും ശുചിത്വം പാലിക്കുന്നവരെയും അല്ലാഹു സ്നേഹിക്കുന്നു."

لَا تَقْرَبُوا۟ ٱلصَّلَوٰةَ ....وَلَا جُنُبًا ..... حَتَّىٰ تَغْتَسِلُوا۟ ۚ

4:44– ".... അശുദ്ധിയിലായിരിക്കെ കുളിച്ച് ശുദ്ധമാകുന്നതുവരെ നിങ്ങൾ നമസ്ക്കാരത്തെ സമീപിക്കരുത്,

മാതാപിതാക്കളോട് കരുണ ചെയ്യുവാൻ ആവശ്യപ്പെട്ടിടത്ത്, മാതാവെന്ന നിലയിൽ അല്ലാഹു സ്ത്രീകളുടെ സേവനങ്ങളെ പിതാവിനെക്കാളേറെ എടുത്തു പറഞ്ഞിരിക്കുന്നു. മാതാവ് പ്രയാസങ്ങൾ സഹിച്ചുകൊണ്ട് ഗർഭം ധരിച്ചതും മുലയൂട്ടിയതും എടുത്തുദ്ധരിച്ചുകൊണ്ട് അതേ രീതിയിൽ അവരോട് കാരുണ്യം കാണിക്കുവാൻ കല്പിച്ചിരിക്കുന്നു. അങ്ങനെ മനുഷ്യസമൂഹത്തെയാകെ മാതാവിന്റെ അധീനതയിൽ കൊണ്ടുവന്നിരിക്കുകയാണ്. "അമ്മയുടെ കാൽപാദങ്ങൾക്കടിയിലാണ് സ്വർഗ്ഗം സ്ഥിതി ചെയ്യുന്നത്" എന്ന് പറഞ്ഞു കൊണ്ട് റസൂൽ (സ) തിരുമേനിയും സ്ത്രീകളെ അത്യുന്നതമായ രീതിയിൽ മഹത്വപ്പെടുത്തിയിരിക്കുന്നു. ഈ നിലയിൽ നോക്കുമ്പോൾ മാതാവായ സ്ത്രീകളുടെ സ്ഥാനം ഇസ്ലാമിൽ അത്യുന്നതമാണെന്ന് കാണാവുന്നതാണ്. മാതാപിതാക്കളോട് കരുണകാണിച്ചുകൊണ്ട് ജീവിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്നവർക്ക് അല്ലാഹു സ്വർഗ്ഗം നൽകുന്നതാണെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്തിരിക്കുന്നു.

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ حَمَلَتْهُ أُمُّهُۥ وَهْنًا عَلَىٰ وَهْنٍ وَفِصَـٰلُهُۥ

فِى عَامَيْنِ أَنِ ٱشْكُرْ لِى وَلِوَٰلِدَيْكَ إِلَىَّ ٱلْمَصِيرُ ﴿١٤﴾

31:15– "തന്റെ മാതാപിതാക്കളോട് നന്മ ചെയ്യുവാൻ മനുഷ്യനോട് നാം അനുശാസിച്ചു. ബലഹീനതയ്ക്കു മേൽ ബലഹീനതയുമായി അവന്റെ അമ്മ അവനെ ഗർഭം ചുമന്നു. രണ്ടു വർഷത്തോളം അവനെ മുലയൂട്ടുകയും ചെയ്തു. എന്നോടും നിന്റെ മാതാപിതാക്കളോടും നന്ദി കാണിക്കുക. എന്നിലേയ്ക്കാണ് നിങ്ങളുടെ മടക്കം."

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ إِحْسَـٰنًا ۖ حَمَلَتْهُ أُمُّهُۥ كُرْهًا وَوَضَعَتْهُ كُرْهًا ۖ

وَحَمْلُهُۥ وَفِصَـٰلُهُۥ ثَلَـٰثُونَ شَهْرًا ۚ

46:16– "തന്റെ മാതാപിതാക്കളോട് നന്മ ചെയ്യുവാൻ മനുഷ്യനോട് നാം അനുശാസിച്ചു. പ്രയാസപ്പെട്ടുകൊണ്ട് അവന്റെ മാതാവ് ഗർഭം ചുമക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ അവൾ പ്രസവിക്കുകയും ചെയ്തു. അവനെ ഗർഭം ധരിച്ച് ചുമന്ന് നടന്നതും മുലയൂട്ടിയതും മുപ്പതു മാസ മാസക്കാലമാണ്..."

യഥാർത്ഥത്തിൽ സ്വർഗ്ഗത്തിനർഹരാവുന്നവർ മാതാപിതാക്കളെ ബഹുമാനിക്കുന്നവരും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരുമാണെന്ന് മേൽവാക്യത്തിൽ തുടർന്നുകൊണ്ടു പറയുകയാണ്:

حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ وَبَلَغَ أَرْبَعِينَ سَنَةً قَالَ رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ

وَٰلِدَىَّ وَأَنْ أَعْمَلَ صَـٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ ﴿١٥﴾

46:16– "...അങ്ങനെ തന്റെ പൂർണ്ണ ശക്തി പ്രാപിക്കുകയും നാല്പത് വയസ്സ് തികയുകയും ചെയ്യുമ്പോൾ അവൻ പ്രാർത്ഥിക്കുന്നു: എന്റെ രക്ഷിതാവേ എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്ന നിന്റെ അനുഗ്രഹത്തിന് ഞാൻ നന്ദി കാണിക്കുന്നതിനും നിനക്ക് തൃപ്തികരമായ സൽപ്രവൃത്തികൾ ഞാൻ ചെയ്യുന്നതിനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്കുവേണ്ടി നന്മകളുണ്ടാക്കിത്തരേണമേ. തീർച്ചയായും നിന്നിലേക്ക് ഞാൻ പാശ്ചാപിച്ചു മടങ്ങുന്നു. തീർച്ചയായും ഞാൻ അനുസരണം കൈകൊണ്ടവനാകുന്നു.

ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്നവരെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണെന്ന് തുടർന്നുകൊണ്ട് പറഞ്ഞിരി

ക്കുകയാണ്.

أُوْلَـٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنْهُمْ أَحْسَنَ مَا عَمِلُوا۟ وَنَتَجَاوَزُ عَن سَيِّـَٔاتِهِمْ
فِىٓ أَصْحَـٰبِ ٱلْجَنَّةِ ۖ وَعْدَ ٱلصِّدْقِ ٱلَّذِى كَانُوا۟ يُوعَدُونَ ﴿١٦﴾

46:17– "അവരിൽനിന്നും അവർ പ്രവർത്തിച്ചതിൽ ഏറ്റവും നല്ലത് നാം സ്വീകരിക്കുകയും അവരുടെ ദോഷങ്ങളെ നാം വിട്ടുകളയുകയും ചെയ്യുന്നതാണ്. അവർ സ്വർഗ്ഗാവകാശികളായിരിക്കും. അവർക്ക് നല്കപ്പെട്ടിരുന്ന സത്യമായ വാഗ്ദാനമത്രെ അത്."

മാതാപിതാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ മറ്റൊരിടത്ത് വിശുദ്ധ ഖുർആനിൽ അല്ലാഹു നമ്മെ ഇങ്ങനെ ഉണർത്തുന്നു:

وَٱخْفِضْ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحْمَةِ وَقُل رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا ﴿٢٤﴾

17:25– "എന്നെ ചെറുപ്രായത്തിൽ അവർ എന്നോടു കരുണ ചെയ്തതു പോലെ നീ അവരോട് കാരുണ്യം കാണിക്കേണമേ."

മാതാപിതാക്കളും നവദമ്പതികളും തമ്മിൽ വിവാഹാനന്തരം പ്രശ്നങ്ങൾ ഉടലെടുക്കാവുന്നതാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഭർത്താവായ മകനും ഭാര്യയായ മകളും ആരുടെ ഭാഗം ചേരണമെന്ന സംശയം ഉടലെടുക്കുന്നു. ഭാര്യയെ അവഗണിച്ചുകൊണ്ട് മാതാപിതാക്കളുടെ ഭാഗം ചേരുന്ന പുരുഷനെയും ഇതുപോലെ സ്ത്രീയെയും കാണാൻ സാധിക്കുന്നതാണ്. എന്നാൽ അല്ലാഹു വിശുദ്ധ ഖുർആനിൽ ആരുടെ ഭാഗമാണോ നീതിയുള്ളത് അവരുടെ ഭാഗം ചേരുവാനാണ് പറഞ്ഞിരിക്കുന്നത്. നീതിയുടെ പരിപാലനം മാതാപിതാക്കൾക്കും മറ്റുള്ളവർക്കും അതീതമായ ഒരു കാര്യമായി അല്ലാഹു വിധിച്ചിരിക്കയാണ്. മാതാപിതാക്കൾക്കുവേണ്ടി ഭാര്യയോട് അനീതി പ്രവർത്തിക്കുവാനോ അല്ലെങ്കിൽ ഭാര്യക്കുവേണ്ടി മാതാപിതാക്കളോട് അനീതി പ്രവർത്തിക്കാനോ പാടുള്ളതല്ല.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ ٱلْوَٰلِدَيْنِ
وَٱلْأَقْرَبِينَ ۚ إِن يَكُنْ غَنِيًّا أَوْ فَقِيرًا فَٱللَّهُ أَوْلَىٰ بِهِمَا ۖ فَلَا تَتَّبِعُوا۟ ٱلْهَوَىٰٓ أَن تَعْدِلُوا۟ ۚ وَإِن تَلْوُۥٓا۟ أَوْ
تُعْرِضُوا۟ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ﴿١٣٥﴾

4:136– "അല്ലയോ വിശ്വാസികളേ, അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരായി നിങ്ങൾ നീതിയുടെ പരിപാലകർ ആയിരിക്കുവിൻ. അത് നിങ്ങൾക്കോ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എ

തിരായാലും ശരി. അവർ ധനികനോ ദരിദ്രനോ ആയിരുന്നാലും ശരി. അല്ലാഹുവാണ് ഇരുവരോടും (നിങ്ങളേക്കാൾ) ഏറേ അടുത്തവൻ. അ തുകൊണ്ട് നിങ്ങൾ നീതിപാലിക്കാതെ സ്വേച്ഛയെ പിന്തുടരരുത്. നി ങ്ങൾ (സത്യം) വളച്ചു തിരിക്കുകയോ (നീതിയിൽ നിന്നും) പിന്മാറുക യോ ചെയ്താൽ തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു ബോധവാനാകുന്നു.

മാതാപിതാക്കൾ നവദമ്പതിമാരിൽ പിണക്കം ഉണ്ടാക്കുവാനോ അവർ ത മ്മിൽ അനിഷ്ടങ്ങൾ ഉണ്ടാവാൻ ഇടയാക്കിക്കൊണ്ട് അവർ തമ്മിലുള്ള വേർപാടിന് കാരണമായിത്തീരാനോ പാടുള്ളതല്ല. അങ്ങനെയുള്ള മാ താപിതാക്കൾ ദൈവത്തിനു മുന്നിൽ കുറ്റക്കാരായിത്തീരുന്നതാണ്.

ٱلَّذِينَ يَنقُضُونَ عَهۡدَ ٱللَّهِ مِنۢ بَعۡدِ مِيثَٰقِهِۦ وَيَقۡطَعُونَ مَآ أَمَرَ ٱللَّهُ بِهِۦٓ

أَن يُوصَلَ وَيُفۡسِدُونَ فِي ٱلۡأَرۡضِۚ أُوْلَٰٓئِكَ هُمُ ٱلۡخَٰسِرُونَ ٢٧

2:28– "അല്ലാഹുവിന്റെ ഉടമ്പടിയെ അതിന്റെ സ്ഥിരീകരണത്തിനു ശേ ഷം ഛേദിക്കുകയും അല്ലാഹു കൂട്ടിച്ചേർക്കുവാൻ കല്പിച്ചതിനെ വേർ പെടുത്തുകയും ഭൂമിയിൽ അനർത്ഥം പ്രവർത്തിക്കുകയും ചെയ്യുന്നവര ത്രേ നഷ്ടപ്പെട്ടവർ."

വിവാഹിതരായ സ്ത്രീകളും അല്ലാത്തവരും അവരുടെ ചാരിത്ര്യം സംര ക്ഷിക്കുകയും സൗന്ദര്യം പ്രദർശിപ്പിക്കാതിരിക്കുകയും ചെയ്യേണ്ടതാകു ന്നു. സ്ത്രീകൾ ശിരോവസ്ത്രങ്ങൾ അണിയുകയും അത് മാറിടങ്ങൾക്കു മീതെ വലിച്ചിടുകയും സൗന്ദര്യം മറക്കുകയും ചെയ്യേണ്ടതാണ്. സ്ത്രീക ൾ സൗന്ദര്യം പ്രദർശിപ്പിച്ചുകൊണ്ട് നൃത്തമാടുന്നതിനെയും ഇസ്ലാം വില ക്കുന്നു.

وَقُل لِّلۡمُؤۡمِنَٰتِ يَغۡضُضۡنَ مِنۡ أَبۡصَٰرِهِنَّ وَيَحۡفَظۡنَ فُرُوجَهُنَّ وَلَا يُبۡدِينَ زِينَتَهُنَّ إِلَّا مَا

ظَهَرَ مِنۡهَاۖ وَلۡيَضۡرِبۡنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّۖ ..... وَلَا يَضۡرِبۡنَ بِأَرۡجُلِهِنَّ لِيُعۡلَمَ مَا يُخۡفِينَ

مِن زِينَتِهِنَّۚ وَتُوبُوٓاْ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلۡمُؤۡمِنُونَ لَعَلَّكُمۡ تُفۡلِحُونَ ٣١

24:32– "വിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവ രുടെ ചാരിത്ര്യം സംരക്ഷിക്കുവാനും നീ പറയുക. സാമാന്യം വെളിവാ ക്കുന്നതല്ലാതെ അവരുടെ സൗന്ദര്യത്തെ അവർ പ്രദർശിപ്പിക്കരുത്. അവ രുടെ ശിരോവസ്ത്രങ്ങൾ അവരുടെ മാറിടങ്ങൾക്കു മീതെ അവർ വലി ച്ചിടട്ടെ.....അവർ മറച്ചുവെക്കേണ്ട അലങ്കരങ്ങൾ മറ്റുള്ളവർ ശ്രദ്ധിക്കുന്ന തിനു വേണ്ടി അവരുടെ കാലുകൾ കൊണ്ട് ഒച്ച വെച്ച് (നൃത്തമാടി

ക്കൊണ്ട്) നടക്കുകയുമരുത്. അല്ലാഹുവിലേക്ക് നിങ്ങൾ പാശ്ചാത്തപിച്ചു മടങ്ങുവിൻ, അല്ലയോ വിശ്വാസികളേ നിങ്ങൾ വിജയം നേടുന്നതിനു വേണ്ടി." (33:59)

അടുത്ത ബന്ധുക്കൾ ഒഴികെ മറ്റുള്ള എല്ലാവരുടെ മുമ്പിലും സ്ത്രീകൾ സൗന്ദര്യം മറച്ചുവെച്ച് കൊണ്ട് ജീവിക്കേണ്ടവരാണ്. അടുത്ത ബന്ധുക്കളുടെ മുമ്പിൽ വെളിവാക്കപ്പെടുന്ന ശരീരഭാഗങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ വെളിവാക്കാതിരിക്കുക എന്നതാണ് പർദ്ദയുടെ മറ്റൊരു വ്യാഖ്യാനം. പർദ്ദ ആവശ്യമില്ലാത്ത അടുത്ത ബന്ധുക്കൾ ആരൊക്കെയാണെന്ന് വിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിച്ചിരിക്കുകയാണ്:

وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ ءَابَآئِهِنَّ أَوْ ءَابَآءِ بُعُولَتِهِنَّ أَوْ أَبْنَآئِهِنَّ أَوْ أَبْنَآءِ بُعُولَتِهِنَّ أَوْ
إِخْوَٰنِهِنَّ أَوْ بَنِىٓ إِخْوَٰنِهِنَّ أَوْ بَنِىٓ أَخَوَٰتِهِنَّ أَوْ نِسَآئِهِنَّ أَوْ مَا مَلَكَتْ أَيْمَٰنُهُنَّ أَوِ
ٱلتَّٰبِعِينَ غَيْرِ أُو۟لِى ٱلْإِرْبَةِ مِنَ ٱلرِّجَالِ أَوِ ٱلطِّفْلِ ٱلَّذِينَ لَمْ يَظْهَرُوا۟ عَلَىٰ عَوْرَٰتِ ٱلنِّسَآءِ ۖ
مِن زِينَتِهِنَّ ۚ

24:32– "അവരുടെ ഭർത്താക്കന്മാർ, പിതാക്കൾ, ഭർത്തൃപിതാക്കൾ, പുത്രന്മാർ, ഭർത്തൃപുത്രന്മാർ, സഹോദരന്മാർ, സഹോദരപുത്രന്മാർ, സഹോദരീപുത്രിമാർ, അവരുടെ സ്ത്രീകൾ, അവരുടെ വലംകൈ ഉടമയാക്കിയവർ, ശരീരേച്ഛയില്ലാത്ത പരിചാരകന്മാർ, സ്ത്രീകളുടെ നഗ്നതകളെക്കുറിച്ച് ഗ്രാഹ്യതയില്ലാത്ത കൊച്ചുകുട്ടികൾ എന്നിവർ ഒഴികെ മറ്റാർക്കും അവരുടെ (സ്ത്രീകളുടെ) സൗന്ദര്യം അവർ വെളിപ്പെടുത്തരുത്....."

വൃദ്ധരായ സ്ത്രീകൾക്ക് അവരുടെ മേൽവസ്ത്രങ്ങൾ അഴിച്ചു വെക്കാവുന്നതാണ്. എങ്കിലും അങ്ങനെ ചെയ്യാതിരിക്കലാണ് ഉത്തമമെന്ന് അല്ലാഹു പറയുന്നു:

وَٱلْقَوَٰعِدُ مِنَ ٱلنِّسَآءِ ٱلَّٰتِى لَا يَرْجُونَ نِكَاحًا فَلَيْسَ عَلَيْهِنَّ جُنَاحٌ أَن يَضَعْنَ
ثِيَابَهُنَّ غَيْرَ مُتَبَرِّجَٰتٍۭ بِزِينَةٍ ۖ وَأَن يَسْتَعْفِفْنَ خَيْرٌ لَّهُنَّ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٦٠﴾

24:61– "വിവാഹ പ്രായം കഴിഞ്ഞു വൃദ്ധരായവർ, അവരുടെ സൗന്ദര്യം പ്രദർശിപ്പിക്കാത്ത രീതിയിൽ അവരുടെ മേൽവസ്ത്രങ്ങൾ അഴിച്ചുവെക്കുന്നതിൽ അവർക്ക് കുറ്റമില്ല. അങ്ങനെ ചെയ്യാതിരിക്കലാണ് അവർക്കുത്തമം. അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു."

വിവാഹാനന്തരം മധുവിധു കാലങ്ങൾക്കു ശേഷം ഗർഭധാരണവും ശിരു

പരിപാലനവും ആരംഭിക്കുന്നു. രണ്ടു വർഷക്കാലം ശിശുക്കളെ മുലയൂട്ടുന്നത് ഉത്തമമായി കല്പിച്ചിരിക്കുകയാണ്. രണ്ടു വർഷക്കാലം മുല കൊടുക്കാതെ നിർത്തിവെക്കുന്നത് കുറ്റകരമായി കല്പിചില്ലെങ്കിലും, ആരോഗ്യപരമായ കാരണങ്ങളില്ലാതെ അങ്ങനെ ചെയ്യുന്നത് അനഭിലഷണീയമാണെന്ന് ശാസ്ത്രീയ പരീക്ഷണങ്ങൾ തെളിയിക്കുന്നു. സൗന്ദര്യത്തിന് കുറവു വരുമെന്ന കാരണത്താൽ മുലകുടി നിർത്തൽ ചെയ്യുന്ന മാതാപിതാക്കൾ യഥാർത്ഥത്തിൽ ശിശുക്കളോട് ക്രൂരത കാട്ടുന്നവരാണ്. അല്പനാളത്തെ മുലയൂട്ടൽ ശിശുക്കളുടെ രോഗപ്രതിരോധശക്തി കുറച്ചുകളയുകയും ചെയ്യുന്നു.

وَٱلْوَٰلِدَٰتُ يُرْضِعْنَ أَوْلَٰدَهُنَّ حَوْلَيْنِ كَامِلَيْنِ ۖ لِمَنْ أَرَادَ أَن يُتِمَّ ٱلرَّضَاعَةَ ۚ وَعَلَى ٱلْمَوْلُودِ
لَهُۥ رِزْقُهُنَّ وَكِسْوَتُهُنَّ بِٱلْمَعْرُوفِ ۚ لَا تُكَلَّفُ نَفْسٌ إِلَّا وُسْعَهَا ۚ لَا تُضَآرَّ وَٰلِدَةٌۢ بِوَلَدِهَا وَلَا
مَوْلُودٌ لَّهُۥ بِوَلَدِهِۦ ۚ وَعَلَى ٱلْوَارِثِ مِثْلُ ذَٰلِكَ ۗ فَإِنْ أَرَادَا فِصَالًا عَن تَرَاضٍ مِّنْهُمَا وَتَشَاوُرٍ
فَلَا جُنَاحَ عَلَيْهِمَا ۗ وَإِنْ أَرَدتُّمْ أَن تَسْتَرْضِعُوٓا۟ أَوْلَٰدَكُمْ فَلَا جُنَاحَ عَلَيْكُمْ إِذَا سَلَّمْتُم مَّآ
ءَاتَيْتُم بِٱلْمَعْرُوفِ ۗ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿٢٣٣﴾

2:234– "മാതാക്കൾ രണ്ടു വർഷം മുഴുവനായും അവരുടെ സന്താനങ്ങൾക്ക് മുലകൊടുക്കേണ്ടതാണ്. ഇത് മുലകുടി പൂർത്തിയാക്കണമെന്ന് ആഗ്രഹിക്കുന്നവർക്കുള്ളതാണ്. അവർക്ക് മാന്യമായ ആഹാരവും വസ്ത്രങ്ങളും നൽകേണ്ടത് കുട്ടിയുടെ പിതാവിന്റെ ബാദ്ധ്യതയാകുന്നു. എന്നാൽ ഒരാളോടും അയാളുടെ കഴിവിനപ്പുറം നൽകാൻ നിർബന്ധിക്കരുത്. ഒരു മാതാവും തന്റെ ശിശുകാരണമായി ദ്രോഹിക്കപ്പെടരുത്. (പിതാവ് മരണപ്പെടുകയാണെങ്കിൽ) പിതാവിന്റെ അവകാശിയുടെ മേൽ ഇതിന്റെ ബാദ്ധ്യതയുണ്ട്. എന്നാൽ അന്യോന്യം യോജിച്ചും കൂടിയാലോചിച്ചും മുലകുടിമാറ്റുന്നതിന് ഇരുവരും ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് കുറ്റമില്ല. നിങ്ങളുടെ കുട്ടികൾക്ക് (വളർത്തമ്മയെ വെച്ച്) മുലകൊടുപ്പിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ മാന്യമായി നിശ്ചയിച്ച അവരുടെ പ്രതിഫലം കൊടുത്തുകൊണ്ട് മുലകൊടുപ്പിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു കാണുന്നവനാണ് എന്ന് അറിയുക."

ശിശുക്കളെ അവരുടെ പിതാവിന്റെ പേരോട് ചേർത്താണ് വിളിക്കേണ്ടത്. ഉമ്മയുടെ കുടുംബപ്പേർ ചേർത്തുവിളിക്കുന്ന വടക്കെ മലബാറിലെ

രീതി അനിസ്ലാമികമാകുന്നു. പിതാവ് മരണപ്പെട്ടുപോയ വളർത്തു പുത്ര ന്മാരെപ്പോലും പിതാവിന്റെ പേരോട് ചേർത്താണ് വിളിക്കേണ്ടതെന്ന് വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തിയിരിക്കുന്നു:

ٱدۡعُوهُمۡ لِأٓبَآئِهِمۡ هُوَ أَقۡسَطُ عِندَ ٱللَّهِۚ فَإِن لَّمۡ تَعۡلَمُوٓاْ ءَابَآءَهُمۡ فَإِخۡوَٰنُكُمۡ فِي ٱلدِّينِ وَمَوَٰلِيكُمۡۚ وَلَيۡسَ

عَلَيۡكُمۡ جُنَاحٞ فِيمَآ أَخۡطَأۡتُم بِهِۦ وَلَٰكِن مَّا تَعَمَّدَتۡ قُلُوبُكُمۡۚ وَكَانَ ٱللَّهُ غَفُورٗا رَّحِيمٗا ٥

33:06– "(വളർത്തു പുത്രന്മാരെ) അവരുടെ പിതാക്കളുടെ പേരോട് ചേർത്തു വിളിക്കുക. അല്ലാഹുവിങ്കൽ അതാണ് കൂടുതൽ നീതിയുക്തം. അവരുടെ പിതാക്കന്മാരെ നിങ്ങൾ അറിയുന്നില്ലെങ്കിൽ അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളും ആകുന്നു. തെറ്റു പറ്റിപ്പോകുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. നിങ്ങളുടെ ഹൃദയം അറിഞ്ഞു കൊണ്ട് ചെയ്യുന്നതിൽ നിങ്ങൾക്ക് കണക്ക് ബോധിപ്പിക്കേണ്ടിവരും. അല്ലാഹു പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

മാതാപിതാക്കൾ കുട്ടികളെ അച്ചടക്കത്തോടും സംസ്ക്കാരസമ്പന്നതയോടും കൂടി വളർത്തേണ്ടതാണ്. കുട്ടികളെ ചെറുപ്രായത്തിൽ തന്നെ സാമൂഹ്യ മര്യാദകൾ പഠിപ്പിക്കേണ്ടതുമാണ്. ഇതിന്റെ ആരംഭമെന്ന നിലയിൽ മാതാപിതാക്കളുടെ മുറിയിൽ പോലും ചില സന്ദർഭങ്ങളിൽ കുട്ടികൾ അനുവാദത്തോടു കൂടി പ്രവേശിക്കണമെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു കല്പിച്ചിരിക്കുന്നു. മാതാപിതാക്കളെ അവരുടെ വസ്ത്രങ്ങൾ നീങ്ങിയ നിലയിൽ കുട്ടികൾ കാണാതിരിക്കുവാനാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لِيَسۡتَـٔۡذِنكُمُ ٱلَّذِينَ مَلَكَتۡ أَيۡمَٰنُكُمۡ وَٱلَّذِينَ لَمۡ يَبۡلُغُواْ ٱلۡحُلُمَ

مِنكُمۡ ثَلَٰثَ مَرَّٰتٖۚ مِّن قَبۡلِ صَلَوٰةِ ٱلۡفَجۡرِ وَحِينَ تَضَعُونَ ثِيَابَكُم مِّنَ ٱلظَّهِيرَةِ وَمِنۢ بَعۡدِ

صَلَوٰةِ ٱلۡعِشَآءِۚ ثَلَٰثُ عَوۡرَٰتٖ لَّكُمۡۚ لَيۡسَ عَلَيۡكُمۡ وَلَا عَلَيۡهِمۡ جُنَاحُۢ بَعۡدَهُنَّۚ طَوَّٰفُونَ

عَلَيۡكُم بَعۡضُكُمۡ عَلَىٰ بَعۡضٖۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلۡأٓيَٰتِۗ وَٱللَّهُ عَلِيمٌ حَكِيمٞ ٥٨

24:59– "അല്ലയോ വിശ്വാസികളേ, നിങ്ങളുടെ വലം കൈ ഉടമപ്പെടുത്തിയവരും നിങ്ങളിൽ പ്രായം തികയാത്തവരും മൂന്ന് സന്ദർഭങ്ങളിൽ നിങ്ങളോട് അനുവാദം ചോദിക്കട്ടെ. പ്രഭാത നമസ്ക്കാരത്തിനു മുമ്പും ഉച്ച നേരത്ത് നിങ്ങളുടെ വസ്ത്രങ്ങൾ അഴിച്ചുവെക്കുന്ന സമയത്തും ഇഷാ നമസ്ക്കാരത്തിനു ശേഷവും. ഇത് നിങ്ങളുടെ മൂന്ന് സ്വകാര്യ സമയങ്ങളാകുന്നു. മറ്റു സമയങ്ങളിൽ (അനുവാദം ചോദിക്കുന്നില്ലെങ്കിൽ) നിങ്ങ

ൾക്കോ അവർക്കോ കുറ്റമില്ല. നിങ്ങളിൽ ചിലർ മറ്റു ചിലർക്ക് പരിചര ണം നടത്തുന്നവരാകുന്നു. ഇപ്രകാരം അല്ലാഹു നിങ്ങൾക്കു കല്പനക ൾ വ്യക്തമാക്കിത്തരുന്നു. അല്ലാഹു അറിവുറ്റവനും തന്ത്രജ്ഞനുമാകുന്നു.

وَإِذَا بَلَغَ ٱلْأَطْفَـٰلُ مِنكُمُ ٱلْحُلُمَ فَلْيَسْتَـْٔذِنُوا۟ كَمَا ٱسْتَـْٔذَنَ ٱلَّذِينَ مِن قَبْلِهِمْ ۚ كَذَٰلِكَ

يُبَيِّنُ ٱللَّهُ لَكُمْ ءَايَـٰتِهِۦ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ۝

24:59 “നിങ്ങളുടെ കുട്ടികൾ പ്രായപൂർത്തിയെത്തുമ്പോൾ അവർക്കു മുമ്പുള്ളവർ അനുവാദം ചോദിച്ചതുപോലെ അവർ അനുവാദം ചോദി ക്കട്ടെ. ഇപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ കല്പനകൾ വ്യക്തമാ ക്കുന്നു. അല്ലാഹു അറിവുറ്റവനും തന്ത്രജ്ഞനുമാകുന്നു.”

ഒരു പ്രായത്തിനു ശേഷം മുതിർന്ന കുട്ടികൾ മാതാപിതാക്കളോടൊപ്പം കിടന്നുറങ്ങരുതെന്ന് മേൽ വചനത്തിൽ നിന്നും മനസ്സിലാക്കിയെടുക്കാൻ സാധിക്കുന്നതാണ്.

സാമൂഹ്യമായി ഇടപഴകുവാനും ബന്ധങ്ങൾ പുതുക്കുവാനും അത് നില നിർത്തുവാനും (അവരുടെ ക്ഷണം സ്വീകരിച്ചുകൊണ്ട്) സ്നേഹിതന്മാരു ടെയും ബന്ധുക്കളുടെയും വീടുകളിൽ പോയി ഭക്ഷണം കഴിക്കുന്നതി നേയും വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രോത്സാഹിപ്പിച്ചിരിക്കുകയാണ്. ബന്ധങ്ങളെ കൂട്ടിച്ചേർക്കുന്നതിനു പകരം പരദൂഷണങ്ങളും മറ്റും പറ ഞ്ഞ് ബന്ധങ്ങളെ അകറ്റുന്നവരെ അല്ലാഹു താക്കീതു ചെയ്യുകയും ചെ യ്തിരിക്കുന്നു.

لَّيْسَ عَلَى ٱلْأَعْمَىٰ حَرَجٌ وَلَا عَلَى ٱلْأَعْرَجِ حَرَجٌ وَلَا عَلَى ٱلْمَرِيضِ حَرَجٌ وَلَا عَلَىٰٓ أَنفُسِكُمْ أَن

تَأْكُلُوا۟ مِنۢ بُيُوتِكُمْ أَوْ بُيُوتِ ءَابَآئِكُمْ أَوْ بُيُوتِ أُمَّهَـٰتِكُمْ أَوْ بُيُوتِ إِخْوَٰنِكُمْ أَوْ بُيُوتِ أَخَوَٰتِكُمْ

أَوْ بُيُوتِ أَعْمَـٰمِكُمْ أَوْ بُيُوتِ عَمَّـٰتِكُمْ أَوْ بُيُوتِ أَخْوَٰلِكُمْ أَوْ بُيُوتِ خَـٰلَـٰتِكُمْ أَوْ مَا مَلَكْتُم

مَّفَاتِحَهُۥٓ أَوْ صَدِيقِكُمْ ۚ لَيْسَ عَلَيْكُمْ جُنَاحٌ أَن تَأْكُلُوا۟ جَمِيعًا أَوْ أَشْتَاتًا ۚ فَإِذَا دَخَلْتُم بُيُوتًا فَسَلِّمُوا۟ عَلَىٰٓ

أَنفُسِكُمْ تَحِيَّةً مِّنْ عِندِ ٱللَّهِ مُبَـٰرَكَةً طَيِّبَةً ۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلْـَٔايَـٰتِ لَعَلَّكُمْ تَعْقِلُونَ ۝

24:62– “അന്ധനോ മുടന്തനോ രോഗിക്കോ നിങ്ങൾക്കു തന്നേയോ ഒ ന്നിച്ചോ അല്ലാതേയോ നിങ്ങളുടെ വീടുകളിൽ നിന്നോ അല്ലെങ്കിൽ നി ങ്ങളുടെ പിതാക്കളുടെയോ മാതാക്കളുടെയോ, സഹോദരന്മാരുടേയോ സഹോദരികളുടേയോ, പിതൃമാതൃ സഹോദരീസഹോദരങ്ങളുടേയോ വീ ടുകളിൽ നിന്നോ നിങ്ങളുടെ ഉടമസ്ഥതയിലുള്ള വീടുകളിൽ നിന്നോ

നിങ്ങളുടെ സ്നേഹിതന്റെ വീടുകളിൽ നിന്നോ നിങ്ങൾ ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ നിങ്ങൾക്ക് കുറ്റമില്ല. നിങ്ങൾ ഒരുമിച്ചോ, വെവ്വേറെയോ ഭക്ഷണം കഴിക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല. എന്നാൽ വീടുകളിൽ നിങ്ങൾ പ്രവേശിക്കുമ്പോൾ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹീതവും പരിപാവനുമായ ഒരു ഉപചാരമെന്ന നിലയിൽ നിങ്ങൾ അന്യോന്യം സലാം ആശംസിക്കുവിൻ. ഇപ്രകാരം നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുന്നതിനു വേണ്ടി അല്ലാഹു നിങ്ങൾക്ക് സന്ദേശങ്ങൾ വ്യക്തമാക്കുന്നു.

ആരോഗ്യപരമായ കാരണങ്ങളാൽ കുടുംബാസൂത്രണം നിഷിദ്ധമല്ലെങ്കിലും ദാരിദ്ര്യം ഭയന്നുകൊണ്ടുള്ള സന്താനനിയന്ത്രണം ദൈവം വിലക്കിയിരിക്കുന്നു. ദൈവത്തിന്റെ എല്ലാ സൃഷ്ടികൾക്കും, ഭൂമിയുടെ അടിയിലുള്ള കീടങ്ങൾക്കു പോലും ദൈവം ഭക്ഷണം നൽകുന്നവനാണെന്നും, മനുഷ്യർക്കും മനുഷ്യൻ ഭക്ഷണം കൊടുക്കാത്ത ഇതര ജീവികൾക്കെല്ലാം തന്നെ സുഭിക്ഷമായി ഭക്ഷണം ലഭിക്കത്തക്ക രീതിയിൽ ഉപജീവിന വിഭവങ്ങൾ ഭൂമിയിൽ ഉണ്ടാക്കിയിട്ടുണ്ടെന്നും അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു. ദാരിദ്ര്യഭയം പൈശാചികമാണെന്നും ദൈവം സുഭിക്ഷതയെക്കുറിച്ചാണ് സന്തോഷവാർത്ത അറിയിക്കുന്നതെന്നും പറയുന്നു. മൂന്നാം ലോകങ്ങളിൽ കാണുന്ന ദാരിദ്ര്യം അജ്ഞരായ രാഷ്ട്രിയ നേതാക്കളുടെ വികലമായ സാമ്പത്തിക നയങ്ങളുടെയും പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനുള്ള അവരുടെ കഴിവുകേടിന്റെയും ഫലമായുണ്ടാകുന്നതാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം ദാരിദ്ര്യം ഒരു സ്ഥായിയായ അവസ്ഥയല്ല. സമ്പന്നത പോലെത്തന്നെ ദാരിദ്ര്യവും ഒരു പരീക്ഷണമാണെന്നും സമ്പത്തു കൊണ്ടും ദാരിദ്ര്യം കൊണ്ടും ദൈവം പരീക്ഷിക്കുമെന്നും പറഞ്ഞിരിക്കുകയാണ്. ജനസംഖ്യാ വർദ്ധനയില്ലാത്ത പൗരാണിക കാലങ്ങളിൽ ദാരിദ്ര്യവും ക്ഷാമവും ഉണ്ടായതായി ചരിത്രത്തിൽ കാണാൻ സാധിക്കുന്നതാണ്. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികൾക്കും ഭക്ഷണം നൽകാനുള്ള കഴിവ് ഭൂമിക്കുണ്ടെങ്കിലും ഭൂമിയിലെ വിഭവങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് യഥാർത്ഥ ദൈവവിശ്വാസികൾക്കു വേണ്ടിയാണെന്ന് ദൈവം പറയുന്നു. മറ്റുള്ളവരെയും അവന്റെ കാരുണ്യത്താൽ പങ്കു ചേരാൻ അനുവദിച്ചിരിക്കുകയാണ്, പുനരുത്ഥാന കാലം വരെ. തന്റെ സംരക്ഷകൻ ദൈവമാണെന്നും തന്റെ എല്ലാ കഷ്ടപ്പാടുകളിൽ നിന്നും ദൈവം സംരക്ഷിക്കുന്നവനാണെന്നും കരുതുന്ന ഒരു ദൈവ വിശ്വാസി ഒരിക്കലും തന്നെ ദാരിദ്ര്യത്തെക്കുറിച്ച് ഭയപ്പെടുന്നതല്ല. മാത്രമല്ല യഥാർത്ഥ ദൈവവിശ്വാസികളെ എല്ലാവിധ കഷ്ടാരിഷ്ടതകളിൽ നിന്നും ദൈവം സംരക്ഷിക്കുമെന്നും വാഗ്ദാനം ചെയ്തിരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ദാരിദ്ര്യ ഭയം ദൈവ നിഷേധികളുടെ മനസ്സിൽ നിന്നും ഉടലെടുക്കുന്നതാണെന്ന് മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടു തന്നെയാണ് ദാരിദ്ര്യഭയം പൈശാചികമാണെന്ന് വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നതും. ദാരിദ്ര്യ ഭയത്തിൽ നിന്നും രക്ഷപ്പെടുവാനുള്ള ഒരേ

യൊരു വഴി ദൈവത്തിലേക്ക് അഭയം പ്രാപിക്കുകയെന്നതും ദൈവം നിർദ്ദേശിച്ച രീതിയിലുള്ള കർമ്മനിരതമായ ജീവിതം നയിക്കുകയും ചെയ്യുക എന്നതാണ്. ദൈവിശ്വാസിയാണെന്ന് വെറുതെ അവകാശപ്പെട്ടതു കൊണ്ടും ദൈവം നിരോധിച്ച കാര്യങ്ങൾ പ്രവർത്തിച്ചു കൊണ്ടുമിരിക്കുന്ന നാമമാത്രമായ മതവിശ്വാസികൾക്ക് ദാരിദ്ര്യത്തിൽ നിന്നുള്ള മോചനം ലഭിക്കണമെന്നില്ല. യഥാർത്ഥ ഭയഭക്തിയുള്ള വിശ്വാസികൾക്കു മാത്രമെ അതിപ്രധാനമായ രീതിയിലുള്ള ദൈവിക സംരക്ഷണം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളൂ.

ഭൂമിയിൽ വസിക്കുന്ന എല്ലാ ജീവികൾക്കും സുഭിക്ഷമായ നിലയിൽ ഭക്ഷണം ലഭിക്കത്തക്ക രീതിയിലാണ് അല്ലാഹു ഭൂമിയെ സംവിധാനം ചെയ്തിട്ടുള്ളതെന്ന് താഴെ പറയുന്ന വിശുദ്ധ വചനങ്ങൾ വിളിച്ചോതുന്നു:

وَٱلْأَرْضَ مَدَدْنَـٰهَا وَأَلْقَيْنَا فِيهَا رَوَٰسِىَ وَأَنۢبَتْنَا فِيهَا مِن كُلِّ شَىْءٍ مَّوْزُونٍ ۝

وَجَعَلْنَا لَكُمْ فِيهَا مَعَـٰيِشَ وَمَن لَّسْتُمْ لَهُۥ بِرَٰزِقِينَ ۝

15:20–21 “ഭൂമിയെ നാം വിശാലമാക്കുകയും നിലയുറച്ച പർവ്വതങ്ങൾ അതിൽ നാം സ്ഥാപിക്കുകയും നിശ്ചിത ക്രമത്തിൽ എല്ലാ വസ്തുക്കളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തു. നിങ്ങൾക്കും നിങ്ങൾ ഭക്ഷണം കൊടുക്കാത്ത ഇതരജീവികൾക്കും അതിൽ ഇപജീവന വിഭവങ്ങൾ നാം ഉണ്ടാക്കുകയും ചെയ്തു.”

وَكَأَيِّن مِّن دَآبَّةٍ لَّا تَحْمِلُ رِزْقَهَا ٱللَّهُ يَرْزُقُهَا وَإِيَّاكُمْ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ۝

29:61– “എത്രയെത്ര ജന്തുക്കളാണ് സ്വന്തം ആഹാരവും പേറിക്കൊണ്ട് നടക്കാത്തത്. അല്ലാഹു അവയ്ക്കും നിങ്ങൾക്കും ആഹാരം തരുന്നു. അവൻ കേൾക്കുന്നവനും കാണുന്നവനും ആകുന്നു.”

وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَـٰرَكَ فِيهَا وَقَدَّرَ فِيهَآ

أَقْوَٰتَهَا فِىٓ أَرْبَعَةِ أَيَّامٍ سَوَآءً لِّلسَّآئِلِينَ ۝

41:11– “ഭൂമിയിൽ ഉറച്ചമലകൾ നാം സ്ഥാപിക്കുകയും അതിൽ അവൻ അനുഗ്രഹങ്ങൾ ചൊരിയുകയും നാലുനാളുകളിലായി അതിൽ ആഹാര വിഭവങ്ങൾ അവൻ നിർണ്ണയിച്ചുവെക്കുകയും ചെയ്തു. (ആഹാരം) തേടുന്നവർക്കെല്ലാം സുഭിക്ഷമായി.”

യഥാർത്ഥ ദൈവത്തെ കൂടാതെ മനുഷ്യർ ആരാധിക്കുന്ന മറ്റു ദൈവങ്ങൾക്ക് ഭക്ഷണം നൽകാനുള്ള കഴിവില്ലെന്നും അതുകൊണ്ട് യഥാർത്ഥത്തിൽ സുഭിക്ഷത ആഗ്രഹിക്കുന്നവർ ഏകദൈവത്തോടു മാത്രം പ്രാർ

ത്ഥിക്കണമെന്നും അങ്ങനെയുള്ളവർക്ക് സുഭിക്ഷത ലഭിക്കുന്നതാണെന്നും ഉള്ള രഹസ്യം താഴെ ഉദ്ധരിക്കുന്ന വിശുദ്ധ വാക്യത്തിൽ അടങ്ങിയിരിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

إِنَّمَا تَعْبُدُونَ مِن دُونِ ٱللَّهِ أَوْثَـٰنًا وَتَخْلُقُونَ إِفْكًا ۚ إِنَّ ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ لَا

يَمْلِكُونَ لَكُمْ رِزْقًا فَٱبْتَغُوا۟ عِندَ ٱللَّهِ ٱلرِّزْقَ وَٱعْبُدُوهُ وَٱشْكُرُوا۟ لَهُۥٓ ۖ إِلَيْهِ تُرْجَعُونَ ﴿١٧﴾

29:18– "അല്ലാഹുവിനെ കൂടാതെ നിങ്ങൾ ആരാധിക്കുന്നത് ബിംബങ്ങൾ മാത്രമാണ്. ഒരു അസത്യം നിങ്ങൾ ജല്പിക്കുകയും ചെയ്യുന്നു. അല്ലാഹുവിനെ കൂടാതെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങൾക്ക് ആഹാരം തരുന്നതിന് ശക്തരല്ല. അല്ലാഹുവിനോട് നിങ്ങൾ ആഹാരം ചോദിക്കുവിൻ. അവനെ ആരാധിക്കുകയും അവനോട് നന്ദികാട്ടുകയും ചെയ്യുവിൻ. അവനിലേക്കാണ് നിങ്ങൾ മടങ്ങിപ്പോകുന്നത്."

അതുപോലെ ദൈവാരാധനയും (നമസ്ക്കാരവും) സുഭിക്ഷതയ്ക്ക് കാരണമായിത്തീരുന്നു.

സദ്വൃത്തർക്ക് വിവാഹം കഴിച്ചുകൊടുക്കുന്നതും സുഭിക്ഷതയ്ക്ക് കാരണമായിത്തീരുന്നതാണ്.

وَأَنكِحُوا۟ ٱلْأَيَـٰمَىٰ مِنكُمْ وَٱلصَّـٰلِحِينَ مِنْ عِبَادِكُمْ وَإِمَآئِكُمْ ۚ

إِن يَكُونُوا۟ فُقَرَآءَ يُغْنِهِمُ ٱللَّهُ مِن فَضْلِهِۦ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٣٢﴾

24:33– "നിങ്ങളിലുള്ള അവിവാഹിതരെയും വിവാഹ മോചിതരെയും നിങ്ങളുടെ വലം കൈ ഉടമയാക്കിയിട്ടുള്ള പുരുഷന്മാരിലും സ്ത്രീകളിലും പെട്ട സദ്വൃത്തരേയും വിവാഹം കഴിപ്പിക്കുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്നും അവരെ സമ്പന്നരാക്കും. അല്ലാഹു വിപുലമായ അനുഗ്രഹമുടവനും അറിവുറ്റവനുമാകുന്നു."

ദാരിദ്ര്യഭയം നിമിത്തമുള്ള സന്താന നിയന്ത്രണം ഇസ്ലാം വിലക്കുന്നുവെങ്കിലും, അനാശാസ്യമായി ഗർഭം ധരിച്ചുകൊണ്ട് നല്ല വിദ്യാഭ്യാസവും ശിക്ഷണങ്ങളും നൽകാതെ മക്കളെ കാടന്മാരാക്കി വളർത്തിവിടണമെന്ന് ഇതിന് അർത്ഥമില്ല. ഓരോരുത്തരുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി കുട്ടികൾ എത്ര വേണമെന്ന് തീരുമാനിക്കേണ്ടതും അവരവർ തന്നെയാണ്. അത് ദാരിദ്ര്യം ഭയന്നുകൊണ്ടായിരിക്കരുതെന്ന് മാത്രം. അതുപോലെ വർഷം തോറും ഗർഭം ധരിച്ച്, ആദ്യത്തെ കുട്ടിക്ക് മുലകൊടുക്കാനാവാതെ വേണ്ട പരിഗണന നൽകാനാവാതെ, ആരോഗ്യം കുറഞ്ഞ കുട്ടികളെ പ്രസവിച്ചു വിടുന്നതും ഇസ്ലാമികമല്ല. ഇങ്ങനെയുള്ള പ്രവണതകളെ റസൂൽ (സ) നിരുത്സാഹപ്പെടുത്തിയിരിക്കുന്നു.

ദാരിദ്ര്യഭയത്താൽ സന്താനങ്ങളെ കൊലചെയ്യുന്നത് മഹാപാപമാണെന്ന് വിശുദ്ധ ഖുർആനിൽ ദൈവം മുന്നറിയിപ്പു നൽകുന്നു.

وَلَا تَقْتُلُوٓاْ أَوْلَـٰدَكُمْ خَشْيَةَ إِمْلَـٰقٍ ۖ نَّحْنُ نَرْزُقُهُمْ وَإِيَّاكُمْ ۚ إِنَّ قَتْلَهُمْ كَانَ خِطْـًٔا كَبِيرًا ﴿٣١﴾

17:32– "ദാരിദ്ര്യഭയത്താൽ നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല ചെയ്യരുത്. നാമാണ് അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത്. തീർച്ചയായും അവരെ കൊല ചെയ്യുന്നത് മഹാപാപമാകുന്നു."

ദാരിദ്ര്യ ഭയത്താൽ സന്താനങ്ങളെ കൊലചെയ്യുന്നതിൽ മുന്നിട്ടു നിൽക്കുന്ന ബഹുദൈവാരാധകരാണെന്നും ദൈവം എടുത്തു പറഞ്ഞിരിക്കുകയാണ്.

ആധുനിക കാലത്ത് വളരെയധികം വിമർശനങ്ങൾക്ക് വിഷയമാകുന്ന ഒന്നാണ് ബഹുഭാര്യത്വം. നാമമാത്ര മതവിശ്വാസികൾ ബഹുഭാര്യത്വത്തെ ദുരുപയോഗപ്പെടുത്തിയതാണ് ഇതിന്റെ കാരണം. ഒരേ സമയത്ത് നാലു ഭാര്യമാരെ വരെ വിവാഹം കഴിക്കുവാനുള്ള അനുവാദം വിശുദ്ധ ഖുർആനിൽ ഉണ്ടെങ്കിലും തോന്നിയതു പോലെ ഒന്നിലധികം വിവാഹം കഴിക്കുവാൻ വിശുദ്ധ ഖുർആനിൽ ദൈവം ആവശ്യപ്പെട്ടിട്ടില്ല. ഏക വിവാഹത്തെ വിശുദ്ധ ഖുർആൻ മഹത്വപ്പെടുത്തുകയും നീതി വിട്ട് പ്രവർത്തിക്കാതിരിക്കാൻ ഏകഭാര്യത്വമാണ് ഉത്തമമെന്ന് അല്ലാഹു അറിയിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഒരു ത്യാഗമെന്ന നിലയിൽ ചിലഘട്ടങ്ങളിൽ ബഹുഭാര്യത്വം ആവശ്യമായിവരുന്നതാണ്. സമൂഹത്തിന്റെ നന്മയാണ് ബഹുഭാര്യത്വത്തിന്റെ ലക്ഷ്യം. നാട്ടിൽ നടക്കുന്ന കലാപങ്ങളും യുദ്ധങ്ങളും കാരണമായി വിധവകളുടേയും അനാഥകളുടേയും എണ്ണം വർദ്ധിക്കുമ്പോൾ അവരെ സംരക്ഷിക്കുവാനായി ഒന്നിലധികം വിവാഹം ചെയ്യുവാനുള്ള അനുവാദം ദൈവം തന്നിരിക്കുകയാണ്. ഇതുപോലെയുള്ള മറ്റു സന്ദർഭങ്ങളിലും ഒന്നിലധികം വിവാഹം ആകാവുന്നതാണ്. ബഹുഭാര്യത്വത്തിന്റെ ലക്ഷ്യം മാംസദാഹം തീർക്കുവാനായി ഒന്നിലധികം സ്ത്രീകളെ വെച്ചു പൊറുപ്പിക്കുക എന്നതല്ല. ഒന്നിലധികം വിവാഹം കഴിക്കുന്നവർ, അത്ര തന്നെ സ്ത്രീകളെയും അവർക്ക് കുട്ടികൾ ഉണ്ടെങ്കിൽ അവരെയും സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. ഇത് വളരെയധികം ഭാരിച്ച ഉത്തരവാദിത്വമാണെന്ന് ഒരു വിവാഹം കഴിച്ച് ഭാര്യയെയും കുട്ടികളെയും സംരക്ഷിക്കുവാൻ പാടുപെടുന്നവർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. നേരെമറിച്ച് കാമപൂർത്തിക്കു വേണ്ടി മാത്രം ഒന്നിലധികം വിവാഹം കഴിക്കുകയും മൊഴിചൊല്ലുകയും ചെയ്ത് സ്ത്രീകളെ കണ്ണീർ കുടിപ്പിക്കുന്ന സാമൂഹ്യ ദ്രോഹികളെ നിയമപരമായി തന്നെ നേരിടേണ്ടതാണ്. ചുരുക്കത്തിൽ വിശുദ്ധ ഖുർആനിൽ അല്ലാഹു അനുവദിച്ച ബഹുഭാര്യത്വം വളരെ ഭാരമേറിയതും ത്യാഗമനോഭാവമുള്ളവർക്കു മാത്രം ഏറ്റെടുത്ത് നിർവ്വഹിക്കുവാ

ൻ സാധിക്കുന്നതുമായ ഒരു ഏർപ്പാടാകുന്നു.

അനാഥക്കുട്ടികളെക്കുറിച്ച് പറയുന്നിടത്താണ് ഒന്നിലധികം വിവാഹത്തെ ക്കുറിച്ച് അല്ലാഹു സൂചിപ്പിക്കുന്നത്. തുല്യമായ നിലയിൽ എല്ലാ ഭാര്യ മരോടും നീതി പാലിക്കുവാൻ സാധിക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമെ ഒന്നിലധികം വിവാഹം കഴിക്കുവാൻ പാടുള്ളു. ഉറപ്പുണ്ടായാൽ തന്നെ യും നീതിവിട്ട് പ്രവർത്തിച്ചു പോകാതിരിക്കാൻ ഒരു വിവാഹമാണ് അഭി കാമ്യമെന്ന് അല്ലാഹു പറയുകയും ചെയ്യുന്നു.

وَإِنْ خِفْتُمْ أَلَّا تُقْسِطُوا۟ فِى ٱلْيَتَـٰمَىٰ فَٱنكِحُوا۟ مَا طَابَ لَكُم مِّنَ ٱلنِّسَآءِ مَثْنَىٰ وَثُلَـٰثَ وَرُبَـٰعَ ۖ

فَإِنْ خِفْتُمْ أَلَّا تَعْدِلُوا۟ فَوَٰحِدَةً أَوْ مَا مَلَكَتْ أَيْمَـٰنُكُمْ ۚ ذَٰلِكَ أَدْنَىٰٓ أَلَّا تَعُولُوا۟ ۝

4:04– “അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാൻ കഴി യുകയില്ല എന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരെ നിങ്ങൾ വിവാഹം കഴിക്കുക. നീതി പാലിക്കുവാൻ കഴിയുകയില്ല എന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു വിവാഹം മാത്രം. അല്ലെങ്കിൽ നിങ്ങളുടെ വ ലം കൈ ഉടമയായിക്കിയവരിൽ നിന്ന്. നിങ്ങൾ നീതി വിട്ട് പോകാതിരി ക്കുന്നതിന് അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്.

അനാഥരോട് നീതിപാലിക്കുവാൻ കഴിയുകയില്ല എന്ന് ഭയപ്പെടുന്നു വെങ്കിൽ എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം പിതാക്കളുടെ വിയോഗം കാര ണം സ്വന്തം സംരക്ഷണത്തിൽ വരുന്ന അനാഥക്കുട്ടികളെ കുറിച്ചാണ്. അവരെ സംരക്ഷിക്കുന്നതിന് അവരുടെ മാതാക്കളെ വിവാഹം കഴിക്കാ വുന്നതാണ്. മാതാക്കളില്ലെങ്കിൽ അനാഥകളെത്തന്നെ വിവാഹം കഴിച്ച് സംരക്ഷണംഏറ്റെടുക്കാവുന്നതാണ്. എന്നാൽ വിവാഹത്തിന്റെ ഉദ്ദേശ്യം അവരുടെ സമ്പത്ത് ചൂഷണം ചെയ്യലാവരുത്. അതുപോലെ സാമ്പത്തി ക ഭദ്രതയില്ലാത്ത അനാഥരേയും വിവാഹം കഴിക്കേണ്ടതാണ്. എന്നാൽ സാമ്പത്തിക വലിപ്പമോ, കുടുംബ മഹിമകയോ നോക്കി ഭാര്യമാരോട് പ ക്ഷപാതപരമായ രീതിയിൽ പ്രവർത്തിച്ചു പോകരുതെന്നും എല്ലാവരോ ടും തുല്യമായ രീതിയിൽ പെരുമാറണമെന്നും പറഞ്ഞിരിക്കുകയാണ്. അനാഥർ സമ്പന്നരാണെങ്കിൽ അവരെ അനുയോജ്യമായ രീതിയിൽ വി വാഹം കഴിച്ചു കൊടുക്കുകയാണ് വേണ്ടത്. അവരുടെ സമ്പത്ത് ചൂ ഷണം ചെയ്യാമെന്ന ധാരണയോടെ അവരെ വിവാഹം കഴിക്കരുതെന്ന് സാരം. ഏതു രീതിയിൽ വിവാഹം കഴിച്ചാലും അവർ ആരായാലും എ ല്ലാവരോടും തുല്യ രീതിയിൽ പെരുമാറണമെന്ന് താഴെ ഉദ്ധരിക്കുന്ന വാക്യത്തിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുകയാണ്:

وَيَسْتَفْتُونَكَ فِى ٱلنِّسَآءِ ۖ قُلِ ٱللَّهُ يُفْتِيكُمْ فِيهِنَّ وَمَا يُتْلَىٰ عَلَيْكُمْ فِى ٱلْكِتَـٰبِ فِى يَتَـٰمَى

ٱلنِّسَآءِ ٱلَّـٰتِى لَا تُؤْتُونَهُنَّ مَا كُتِبَ لَهُنَّ وَتَرْغَبُونَ أَن تَنكِحُوهُنَّ وَٱلْمُسْتَضْعَفِينَ مِنَ

ٱلْوِلْدَٰنِ وَأَن تَقُومُوا۟ لِلْيَتَـٰمَىٰ بِٱلْقِسْطِ ۚ وَمَا تَفْعَلُوا۟ مِنْ خَيْرٍ فَإِنَّ ٱللَّهَ كَانَ بِهِۦ عَلِيمًا ﴿١٢٧﴾

4:128– "സ്ത്രീകളുടെ കാര്യത്തിൽ (ഒന്നിലധികം വിവാഹം കഴിക്കുന്നതിനെക്കുറിച്ച്) നിന്നോടവർ വിധി തേടുന്നു. പറയുക: അവരുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്കു വിധി നൽകുന്നു. അതു ഗ്രന്ഥത്തിൽ മുൻകൂട്ടി (മറ്റൊരിടത്ത്) അറിയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ അവകാശങ്ങൾ കൊടുത്തിട്ടില്ലാതിരിക്കുകയും അതോടൊപ്പം നിങ്ങൾ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന അനാഥപ്പെൺകുട്ടികളുടെ കാര്യത്തിലും ബലഹീനരായ കുട്ടികളുടെ കാര്യത്തിലും (അല്ലാഹു നിങ്ങൾക്കു വിധി നൽകുന്നു). അനാഥരുടെ കാര്യത്തിൽ നിങ്ങൾ നീതിയോടെ നില കൊള്ളുണമെന്നതാണ് (ആ വിധി). നിങ്ങൾ പ്രവർത്തിക്കുന്ന ഏതൊരു നല്ല കാര്യവും അല്ലാഹു പൂർണ്ണമായി അറിയുന്നവനാകുന്നു.

തുല്യനീതി എന്നതു കൊണ്ടു ഉദ്ദേശിക്കുന്നത് തുല്യമായ ഭക്ഷണവും വസ്ത്രവും പാർപ്പിടസൗകര്യവും ഒന്നിച്ചുള്ള താമസവുമാണ്. മാനസികമായ അടുപ്പവും ഇതിൽ പെടുന്നുവെങ്കിലും അത് ഓരോ ഭാര്യയുടെയും സൽഗുണങ്ങളെ ആശ്രയിച്ചിരിക്കും. അങ്ങനെ നോക്കുമ്പോൾ മാനസികമായി എല്ലാവരോടും ഒരേ രീതിയിൽ പെരുമാറാൻ സാധിക്കണമെന്നില്ല. എങ്കിലും ഒരാളെ അവഗണിച്ചു കൊണ്ട് മറ്റെവളുടെ ഭാഗത്തേക്ക് ചാഞ്ഞു പോകത്തക്ക രീതിയിൽ പ്രവർത്തിക്കരുതെന്ന് അല്ലാഹു ഉണർത്തിയിരിക്കുന്നു.

وَلَن تَسْتَطِيعُوٓا۟ أَن تَعْدِلُوا۟ بَيْنَ ٱلنِّسَآءِ وَلَوْ حَرَصْتُمْ ۖ فَلَا تَمِيلُوا۟ كُلَّ ٱلْمَيْلِ

فَتَذَرُوهَا كَٱلْمُعَلَّقَةِ ۚ وَإِن تُصْلِحُوا۟ وَتَتَّقُوا۟ فَإِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴿١٢٩﴾

4:130– "നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതിപാലിക്കുവാൻ നിങ്ങൾക്ക് കഴിയുന്നതല്ല. അതിനാൽ മറ്റെവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടുകൊണ്ട് ഒരാളുടെ ഭാഗത്തേക്ക് മാത്രമായി ചാഞ്ഞു പോകരുത്. എന്നാൽ നിങ്ങൾ ഒത്തുതീർപ്പുണ്ടാക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ഇത്രയും പറഞ്ഞു കൊണ്ട് വിവാഹമോചനത്തിലേക്ക് കടക്കുകയാണ്. പെട്ടെന്നുള്ള കോപമോ മറ്റുകാരണങ്ങൾ കൊണ്ടോ വിവാഹമോചനത്തിലേക്ക് എടുത്തു ചാടരുതെന്നും, സ്വന്തം ഭാര്യയിൽ കൂടി ലഭിക്കാനിരി

ക്കുന്നത് നന്മയാണോ തിന്മയാണോ എന്ന് മുൻകൂട്ടി കാണുവാൻ സാ ധിക്കുകയില്ലെന്നും അതുകൊണ്ട് പെട്ടെന്നുണ്ടാകുന്ന വികാരക്ഷോഭത്തി ന് അടിമപ്പെടാതെ സ്ത്രീകളോട് നല്ല രീതിയിൽ പെരുമാറണമെന്നും അല്ലാഹു കല്പിച്ചിരിക്കുകയാണ്.

وَعَاشِرُوهُنَّ بِٱلْمَعْرُوفِ ۚ فَإِن كَرِهْتُمُوهُنَّ فَعَسَىٰٓ أَن تَكْرَهُوا۟ شَيْـًٔا وَيَجْعَلَ ٱللَّهُ فِيهِ خَيْرًا كَثِيرًا ﴿١٩﴾

4:20– “..... അവരോട് (ഭാര്യമാരോട്) നല്ല രീതിയിൽ പെരുമാറുവിൻ. നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ നിങ്ങൾ ഒരു കാര്യം വെറുക്കുക യും അതേ കാര്യത്തിൽ അല്ലാഹു വളരെയധികം നന്മ വെച്ചിരിക്കുകയും ചെയ്തെന്ന് വരാം.”

പെരുമാറ്റ ദൂഷ്യങ്ങൾ കാരണം വേർപാടിന്റെ ഘട്ടത്തിൽ എത്തുമെന്ന് ഭയപ്പെടുന്ന അവസ്ഥയിൽ, വിവാഹ മോചനത്തിനു മുമ്പേ രണ്ടുപേരു ടെയും കുടുംബത്തിൽനിന്ന് മദ്ധ്യസ്ഥന്മാരെ നിയോഗിച്ചു കൊണ്ട് ഒത്തു തീർപ്പുണ്ടാക്കാനുള്ള ആഹ്വാനമാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ ന ൽകിയിരിക്കുന്നത്. ഇങ്ങനെയുള്ള ഒത്തുതീർപ്പ് ഭർത്താവിൽ നിന്ന് ദുഷ് പെരുമാറ്റം പ്രതീക്ഷിക്കുന്ന സ്ത്രീക്കും ഉണ്ടാക്കാവുന്നതാണ്.

وَإِنْ خِفْتُمْ شِقَاقَ بَيْنِهِمَا فَٱبْعَثُوا۟ حَكَمًا مِّنْ أَهْلِهِۦ وَحَكَمًا مِّنْ أَهْلِهَآ

إِن يُرِيدَآ إِصْلَٰحًا يُوَفِّقِ ٱللَّهُ بَيْنَهُمَآ ۗ إِنَّ ٱللَّهَ كَانَ عَلِيمًا خَبِيرًا ﴿٣٥﴾

4:36– “അവർക്കിടയിൽ ഭിന്നിപ്പുണ്ടാകുമെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം അവന്റെ കുടുംബത്തിൽനിന്ന് ഒരു മദ്ധ്യസ്ഥനെയും അവളുടെ കുടും ബത്തിൽനിന്ന് ഒരു മദ്ധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുവിൻ. രണ്ടാ ളും ഒത്തുതീർപ്പ് ആഗ്രഹിക്കുന്നുവെങ്കിൽ അല്ലാഹു അവർക്കിടയിൽ ര ജ്ജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു അറിവുറ്റവനും ബോധ വാനുമാകുന്നു.

ഇതു പോലെയൊരു ഒത്തുതീർപ്പ് ഭാര്യാഭർത്താക്കന്മാർ തമ്മിലും ഉണ്ടാ ക്കാവുന്നതാണ്.

وَإِنِ ٱمْرَأَةٌ خَافَتْ مِنۢ بَعْلِهَا نُشُوزًا أَوْ إِعْرَاضًا فَلَا جُنَاحَ عَلَيْهِمَآ أَن يُصْلِحَا بَيْنَهُمَا صُلْحًا ۚ

وَٱلصُّلْحُ خَيْرٌ ۗ وَأُحْضِرَتِ ٱلْأَنفُسُ ٱلشُّحَّ ۚ وَإِن تُحْسِنُوا۟ وَتَتَّقُوا۟ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ

خَبِيرًا ﴿١٢٨﴾

4:129– “ഒരു സ്ത്രീ തന്റെ ഭർത്താവിൽനിന്ന് ദുഷ്പെരുമാറ്റമോ അവഗ

ണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ രണ്ടുപേരും ചേർന്ന് ഒരു ഒത്തു തീർപ്പ് ഉണ്ടാക്കുന്നതിൽ കുറ്റമില്ല. ഒത്തുതീർപ്പാണുത്തമം. അന്തരംഗങ്ങളിൽനിന്ന് പിശുക്ക് വിട്ടുമാറാത്തതാകുന്നു. നിങ്ങൾ നന്മചെയ്യുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുമെങ്കിൽ. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് ബോധവാനാകുന്നു.

മദ്ധ്യസ്ഥന്മാർ ഒത്തുതീർപ്പുണ്ടാക്കാൻ അവരുടെ കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടതാണ്. ചേർക്കപ്പെടേണ്ട ബന്ധങ്ങൾ പരദൂഷണം, അന്യായം, അസത്യം എന്നീ മാർഗ്ഗങ്ങളിലൂടെ മുറിച്ച് കളയുന്നവരെ ദൈവം ശപിച്ചിരിക്കുകയാണ്.

وَٱلَّذِينَ يَنقُضُونَ عَهۡدَ ٱللَّهِ مِنۢ بَعۡدِ مِيثَٰقِهِۦ وَيَقۡطَعُونَ مَآ أَمَرَ ٱللَّهُ بِهِۦٓ أَن يُوصَلَ وَيُفۡسِدُونَ فِي ٱلۡأَرۡضِ أُوْلَٰٓئِكَ لَهُمُ ٱللَّعۡنَةُ وَلَهُمۡ سُوٓءُ ٱلدَّارِ ۝

13:26– “അല്ലാഹുമായുള്ള പ്രതിജ്ഞ ഉറപ്പിക്കപ്പെട്ട ശേഷം അത് ലംഘിക്കുകയും ചേർക്കപ്പെടുന്നതിന് അല്ലാഹു കല്പിച്ചതിനെ ഛേദിച്ചു കളയുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവർക്കുള്ളത് ശാപമാണ്. ചീത്ത ഭവനവും അവർക്കു തന്നെ.”

ഇസ്ലാമിന്റെ ആരംഭ കാലത്ത് അറബികളിലുണ്ടായിരുന്ന അനാചാരങ്ങളായിരുന്നു ഭാര്യയിൽ നിന്ന് വിട്ടുനിൽക്കുമെന്ന് ശപഥം ചെയ്യലും, ഭാര്യ സ്വന്തം മാതാവിനെപ്പോലെയാണെന്ന് പറഞ്ഞ് അവളുമായി ബന്ധപ്പെടാതെയും അവളെ മൊഴിചൊല്ലാതെയും അവളെ അനിശ്ചിതമായി തടഞ്ഞു വെക്കലും. വിട്ടുനിൽക്കുമെന്ന് ശപഥം ചെയ്തവർക്ക് കൂടി വന്നാൽ നാലു മാസമെ കാത്തു നിൽക്കാവൂ. അതിനുള്ളിൽ രണ്ടിലൊരു തീരുമാനം എടുക്കേണ്ടതാണ്. ഒന്നുങ്കിൽ തിരിച്ചെടുക്കുകയോ അല്ലെങ്കിൽ വിവാഹ മോചനം ചെയ്യുകയോ വേണ്ടതാണ്.

لِّلَّذِينَ يُؤۡلُونَ مِن نِّسَآئِهِمۡ تَرَبُّصُ أَرۡبَعَةِ أَشۡهُرٖۖ فَإِن فَآءُو فَإِنَّ ٱللَّهَ غَفُورٞ رَّحِيمٞ ۝

2:227 “തങ്ങളുടെ സ്ത്രീകളിൽ നിന്ന് വിട്ടകന്ന് നില്ക്കുമെന്ന് ശപഥം ചെയ്തവർക്ക് നാലു മാസം കാത്തിരിക്കാം. അതിനിടയിൽ അവർ മടങ്ങി ചെല്ലുന്നുവെങ്കിൽ അല്ലാഹു സർവ്വദാ പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

ഭാര്യ സ്വന്തം മാതാവിനെപ്പോലെയാണെന്ന് പറയുന്നത് വെറുംവായകൊണ്ടുള്ള പറച്ചിൽ മാത്രമാണന്നും അത് അസത്യമാണെന്നും പറഞ്ഞു കൊണ്ട് ഇങ്ങനെയുള്ള ശപഥത്തിന്റെ അർത്ഥമില്ലായ്മ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുകയാണ്:

مَّا جَعَلَ ٱللَّهُ لِرَجُلٍ مِّن قَلْبَيْنِ فِى جَوْفِهِۦ ۚ وَمَا جَعَلَ أَزْوَٰجَكُمُ ٱلَّـٰٓـِٔى تُظَـٰهِرُونَ مِنْهُنَّ أُمَّهَـٰتِكُمْ ۚ وَمَا جَعَلَ أَدْعِيَآءَكُمْ أَبْنَآءَكُمْ ۚ ذَٰلِكُمْ قَوْلُكُم بِأَفْوَٰهِكُمْ ۖ وَٱللَّهُ يَقُولُ ٱلْحَقَّ وَهُوَ يَهْدِى ٱلسَّبِيلَ ۝

33:05– “അല്ലാഹു ഒരാളിലും രണ്ടു ഹൃദയങ്ങൾ ഉണ്ടാക്കിയിട്ടില്ല. മാതാവാണെന്നും പറഞ്ഞ് നിങ്ങൾ മാറ്റിവെക്കുന്ന ഭാര്യമാരെ അവൻ നിങ്ങളുടെ മാതാക്കൾ ആക്കിയിട്ടുമില്ല. നിങ്ങളുടെ വളർത്തു പുത്രന്മാരെ അവൻ നിങ്ങളുടെ സ്വന്തം പുത്രന്മാരാക്കിയിട്ടുമില്ല. അതൊക്കെ നിങ്ങളുടെ വായ കൊണ്ട് നിങ്ങൾ പറയുന്ന വാക്കുകൾ മാത്രം. അല്ലാഹു സത്യം പറയുന്നു. അവൻ നേർവഴി കാണിച്ചു തരികയും ചെയ്യുന്നു.”

ٱلَّذِينَ يُظَـٰهِرُونَ مِنكُم مِّن نِّسَآئِهِم مَّا هُنَّ أُمَّهَـٰتِهِمْ ۖ إِنْ أُمَّهَـٰتُهُمْ إِلَّا ٱلَّـٰٓـِٔى وَلَدْنَهُمْ ۚ وَإِنَّهُمْ لَيَقُولُونَ مُنكَرًا مِّنَ ٱلْقَوْلِ وَزُورًا ۚ وَإِنَّ ٱللَّهَ لَعَفُوٌّ غَفُورٌ ۝

58:03– “നിങ്ങൾ ഭാര്യമാരെ മാതാക്കളാണെന്ന് പറഞ്ഞ് മാറ്റിവെക്കുന്നതു മൂലം അവർ നിങ്ങളുടെ മാതാക്കളായിത്തീരുന്നില്ല. അവരെ പ്രസവിച്ചവർ മാത്രമാണ് അവരുടെ മാതാക്കൾ. അവർ തീർച്ചയായും നിഷിദ്ധമായ വാക്കും അസത്യവും പറയുന്നു. നിശ്ചയമായും അല്ലാഹു മാപ്പു ചെയ്യുന്നവനും പൊറുത്തു കൊടുക്കുന്നവനും ആകുന്നു.

സ്വന്തം ഭാര്യ മാതാവിനെപ്പോലെയാണന്ന് പറഞ്ഞ് ശപഥം ചെയ്യുന്നവർ തമ്മിൽ ബന്ധപ്പെടുന്നതിനു മുമ്പേ പ്രായശ്ചിത്തം ചെയ്യേണ്ടതാണ്. അവർ ചെയ്യേണ്ട പ്രായശ്ചിത്തം താഴെയുള്ള വിശുദ്ധ വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു:

وَٱلَّذِينَ يُظَـٰهِرُونَ مِن نِّسَآئِهِمْ ثُمَّ يَعُودُونَ لِمَا قَالُوا۟ فَتَحْرِيرُ رَقَبَةٍ مِّن قَبْلِ أَن يَتَمَآسَّا ۚ ذَٰلِكُمْ تُوعَظُونَ بِهِۦ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ۝ فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ مِن قَبْلِ أَن يَتَمَآسَّا ۖ فَمَن لَّمْ يَسْتَطِعْ فَإِطْعَامُ سِتِّينَ مِسْكِينًا ۚ ذَٰلِكَ لِتُؤْمِنُوا۟ بِٱللَّهِ وَرَسُولِهِۦ ۚ وَتِلْكَ حُدُودُ ٱللَّهِ ۗ وَلِلْكَـٰفِرِينَ عَذَابٌ أَلِيمٌ ۝

58:4–5 “തങ്ങളുടെ ഭാര്യമാർ മാതാക്കളാണെന്ന് പറഞ്ഞു മാറ്റീനിർത്തുകയും പിന്നീട് തങ്ങൾ പറഞ്ഞതിൽനിന്ന് പിന്മാറുകയും ചെയ്യുന്നവർ അന്യോന്യം സ്പർശിക്കുന്നതിനു മുമ്പായി ഒരടിമയെ മോചിപ്പിക്കേണ്ടതാണ്. ഇത് നിങ്ങളോടുള്ള ഉപദേശമാണ്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ബോധവാനാകുന്നു. എന്നാൽ ഇതിന് വഴികാണാത്തവർ അന്യോന്യം സ്പർശിക്കുന്നതിനു മുമ്പ് തുടർച്ചയായി രണ്ടു മാസം വ്രതം അനുഷ്ടിക്കേണ്ടതാണ്. അതിനു കഴിവില്ലാത്തവർ അറുപത് ദരിദ്രർക്ക് ആഹാരം നൽകേണ്ടതാണ്. ഇത് അല്ലാഹുവിലും അവ

ന്റെ ദൂതനിലും നിങ്ങൾ വിശ്വസിക്കുന്നതിനായാണ്. ഇത് അല്ലാഹുവിന്റെ പരിധികളാകുന്നു. അവിശ്വാസികൾക്ക് വേദനയുറ്റ ശിക്ഷയുമുണ്ട്."

ഇസ്ലാമിൽ ആകെ അനുവദിച്ച വിവാഹമോചനം മൂന്ന് തവണയാണ്. അതിൽ രണ്ടു തവണ ഭാര്യക്ക് സമ്മതമാണെങ്കിൽ തിരിച്ചെടുക്കാവുന്നതാണ്. മൂന്നാമത്തെ തവണ തിരിച്ചെടുക്കണമെങ്കിൽ ആ ഭാര്യയെ മറ്റൊരാൾ വിവാഹം കഴിച്ച് മൊഴി ചൊല്ലിയിരിക്കണം. വിവാഹമോചിതരായ സ്ത്രീകൾക്ക് ഉടനെ പുനർവിവാഹം ചെയ്യാൻ പാടുള്ളതല്ല. അവർ ഒരു നിശ്ചിത സമയം കാത്തിരിക്കേണ്ടതുണ്ട്. പുരുഷന്മാർക്ക് വിവാഹ മോചനം ചെയ്യാവുന്നതുപോലെ സ്ത്രീകൾക്കും അവരുടെ മഹർ തിരിച്ചു കൊടുത്തുകൊണ്ട് വിവാഹമോചനം മതന്യായാധിപനിൽകൂടി നേടിയെടുക്കാവുന്നതാണ്.

ٱلطَّلَـٰقُ مَرَّتَانِ ۖ فَإِمۡسَاكُۢ بِمَعۡرُوفٍ أَوۡ تَسۡرِيحُۢ بِإِحۡسَـٰنٍ ۗ وَلَا يَحِلُّ لَكُمۡ أَن تَأۡخُذُواْ مِمَّآ ءَاتَيۡتُمُوهُنَّ

شَيۡـًٔا إِلَّآ أَن يَخَافَآ أَلَّا يُقِيمَا حُدُودَ ٱللَّهِ ۖ فَإِنۡ خِفۡتُمۡ أَلَّا يُقِيمَا حُدُودَ ٱللَّهِ فَلَا جُنَاحَ عَلَيۡهِمَا فِيمَا

ٱفۡتَدَتۡ بِهِۦ ۗ تِلۡكَ حُدُودُ ٱللَّهِ فَلَا تَعۡتَدُوهَا ۚ وَمَن يَتَعَدَّ حُدُودَ ٱللَّهِ فَأُوْلَـٰٓئِكَ هُمُ ٱلظَّـٰلِمُونَ ۝

2:230– "(തിരിച്ചെടുക്കാവുന്ന) വിവാഹ മോചനം രണ്ടു തവണയാണ്. പിന്നീട് നീതിപൂർവ്വം അവരെ കൂടെ നിർത്തുകയോ അല്ലെങ്കിൽ നല്ലനിലയിൽ അവരെ വിട്ടയക്കുകയോ ചെയ്യേണ്ടതാണ്. നിങ്ങൾ അവർക്കു കൊടുത്തതൊന്നും തിരിച്ചുവാങ്ങിക്കുന്നത് നിങ്ങൾക്ക് നിയമാനുസൃതമല്ല. അല്ലാഹുവിന്റെ പരിധികൾ നിലനിർത്തുവാൻ സാധ്യമല്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിലല്ലാതെ. അല്ലാഹുവിന്റെ പരിധികൾ നിലനിർത്തുവാൻ സാധ്യമല്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അവൾ വല്ലതും വിട്ടുകൊടുത്തുകൊണ്ട് മോചനം നേടുന്നതിൽ ഇരുവർക്കും കുറ്റമില്ല. ഇവ അല്ലാഹുവിന്റെ പരിധികളാണ്. അതുകൊണ്ട് അവയെ നിങ്ങൾ ലംഘിക്കരുത്. അല്ലാഹുവിന്റെ പരിധികൾ ലംഘിക്കുന്നവർ തന്നെയാകുന്നു അക്രമികൾ.

فَإِن طَلَّقَهَا فَلَا تَحِلُّ لَهُۥ مِنۢ بَعۡدُ حَتَّىٰ تَنكِحَ زَوۡجًا غَيۡرَهُۥ ۗ فَإِن طَلَّقَهَا فَلَا جُنَاحَ عَلَيۡهِمَآ أَن

يَتَرَاجَعَآ إِن ظَنَّآ أَن يُقِيمَا حُدُودَ ٱللَّهِ ۗ وَتِلۡكَ حُدُودُ ٱللَّهِ يُبَيِّنُهَا لِقَوۡمٍ يَعۡلَمُونَ ۝

2:231–"ഇനി അവൻ അവളെ (മൂന്നാമതും) വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവൾ വേറൊരു വിവാഹം കഴിക്കുന്നതുവരെ അവന് നിയമാനുസ്രതമല്ല. അങ്ങനെ അയാളും അവളെ ഉപേക്ഷിക്കുന്നുവെങ്കിൽ അവർ അന്യോന്യം (പഴയ ദാമ്പത്യത്തിലേക്ക്) മടങ്ങിവരുന്നതിൽ

ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ പരിധികൾ നിലനിർത്തുവാൻ കഴിയുമെന്ന് അവർ ഇരുവരും കരുതുന്നുവെങ്കിൽ. ഇവ അല്ലാഹുവിന്റെ പരിധികളാകുന്നു. മനസ്സിലാക്കുന്ന ജനതയ്ക്കുവേണ്ടി അവൻ (കാര്യങ്ങൾ) വ്യക്തമാക്കിത്തരുന്നു."

വിവാഹമോചനവും തിരിച്ചെടുക്കലും ഒരു കളിതമാശയാക്കി പരിധിയില്ലാതെ തുടരാതിരിക്കാനാണ് തിരിച്ചെടുക്കാവുന്ന വിവാഹമോചനം രണ്ടുതവണയായി നിജപ്പെടുത്തിയിരിക്കുന്നത്. തീരെ നാണമില്ലാത്തവൻ മാത്രമെ മൊഴി ചൊല്ലിയ ഭാര്യയെ മൂന്നാമതും തിരിച്ചെടുക്കാൻ ആഗ്രഹിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ അവന് മറെറാരു നാണംകെട്ട വഴിയും നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

വിവാഹ മോചനം ചെയ്ത സ്ത്രീകളെ ഭർത്താവിന്റെ വീട്ടിൽ നിന്നും ഉടനെ പുറത്താക്കാൻ പാടുള്ളതല്ല. അവർ അവരുടെ കാത്തിരിപ്പു സമയം വരെ ഭർത്താവിന്റെ വീട്ടിൽ തന്നെ കഴിയുകയാണ് വേണ്ടത്.

കാത്തിരിപ്പ് സമയം മൂന്ന് ആർത്തവം ഉണ്ടാകുന്നതു വരെയാണ്.

وَٱلْمُطَلَّقَٰتُ يَتَرَبَّصْنَ بِأَنفُسِهِنَّ ثَلَٰثَةَ قُرُوٓءٍ ۚ وَلَا يَحِلُّ لَهُنَّ أَن يَكْتُمْنَ مَا خَلَقَ ٱللَّهُ فِىٓ
أَرْحَامِهِنَّ إِن كُنَّ يُؤْمِنَّ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۚ وَبُعُولَتُهُنَّ أَحَقُّ بِرَدِّهِنَّ فِى ذَٰلِكَ إِنْ أَرَادُوٓا۟
إِصْلَٰحًا ۚ وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ ۚ وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٢٢٨﴾

2:229– "വിവാഹമോചിതരായ സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്ന് ആർത്തവം വരെ കാത്തിരിക്കേണ്ടതാണ്. അല്ലാഹുവിലും അന്ത്യദിനത്തിലും അവർ വിശ്വസിക്കുന്നുവെങ്കിൽ അവരുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചത് മറച്ചു വെയ്ക്കുവാൻ അവർക്ക് അനുവാദമില്ല. അവർ ഒത്തുതീർപ്പ് ആഗ്രഹിക്കുന്നവരാണെങ്കിൽ അവരുടെ ഭർത്താക്കന്മാർക്ക് ഈ സമയത്ത് അവരെ തിരിച്ചെടുക്കാൻ കൂടുതൽ അവകാശമുണ്ട്. സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെ തുല്യ അവകാശങ്ങളുണ്ട്. എന്നാൽ പുരുഷന്മാർക്ക് സ്ത്രീകളേക്കാൾ പദവിയുണ്ട്. അല്ലാഹു സർവ്വ ശക്തനും സർവ്വ തന്ത്രജ്ഞനുമാകുന്നു.

ഈ കാലാവധി കഴിഞ്ഞാൽ ഒന്നുകിൽ തിരിച്ചെടുക്കുകയോ അല്ലെങ്കിൽ വിട്ടയക്കുകയോ വേണം. ദ്രോഹിക്കാൻ വേണ്ടി തടഞ്ഞു വെക്കരുത്.

وَإِذَا طَلَّقْتُمُ ٱلنِّسَآءَ فَبَلَغْنَ أَجَلَهُنَّ فَأَمْسِكُوهُنَّ بِمَعْرُوفٍ أَوْ سَرِّحُوهُنَّ بِمَعْرُوفٍ ۚ وَلَا

تُمۡسِكُوهُنَّ ضِرَارٗا لِّتَعۡتَدُواْۚ وَمَن يَفۡعَلۡ ذَٰلِكَ فَقَدۡ ظَلَمَ نَفۡسَهُۥۚ وَلَا تَتَّخِذُوٓاْ ءَايَٰتِ ٱللَّهِ
هُزُوٗاۚ وَٱذۡكُرُواْ نِعۡمَتَ ٱللَّهِ عَلَيۡكُمۡ وَمَآ أَنزَلَ عَلَيۡكُم مِّنَ ٱلۡكِتَٰبِ وَٱلۡحِكۡمَةِ
يَعِظُكُم بِهِۦۚ وَٱتَّقُواْ ٱللَّهَ وَٱعۡلَمُوٓاْ أَنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٞ ٢٣١

2:232– "നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയും എന്നിട്ട് അവർ അവരുടെ കാലാവധി പൂർത്തിയാക്കുകയും ചെയ്താൽ ഒന്നുകിൽ നീതി പൂർവ്വം അവരെ കൂടെ നിർത്തുക. അല്ലെങ്കിൽ നീതിപൂർവ്വം അവരെ വിട്ടയക്കുക. ദ്രോഹിക്കുവാനായി നിങ്ങൾ അവരെ തടഞ്ഞു വെക്കരുത്. അപ്രകാരം വല്ലവനും അങ്ങനെ ചെയ്യുന്നതായാൽ അവൻ തനിക്കുതന്നെ ദ്രോഹം വരുത്തിവെക്കുന്നു. അല്ലാഹുവിന്റെ സന്ദേശങ്ങളെ നിങ്ങൾ പരിഹാസമായി എടുക്കരുത്. അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹം നിങ്ങൾ ഓർക്കുവിൻ. നിങ്ങൾക്ക് സാരോപദേശം നൽകിക്കൊണ്ട് അവൻ ഇറക്കിത്തന്ന ഗ്രന്ഥവും വിജ്ഞാനവും നിങ്ങൾ ഓർക്കുക. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. അല്ലാഹു എല്ലാ കാര്യവും അറിയുന്നവനാണെന്നും മനസ്സിലാക്കുക."

അവരെ വിട്ടയച്ചു കഴിഞ്ഞാലും സ്ത്രീ വേറെ വിവാഹം കഴിച്ചില്ലെങ്കിൽ അവരുടെ സമ്മതത്തോടെ അവരെ തിരിച്ചെടുക്കാവുന്നതാണ്. സ്ത്രീക്ക് വേണമെങ്കിൽ വേറെ വിവാഹം കഴിക്കാവുന്നതുമാണ്.

وَإِذَا طَلَّقۡتُمُ ٱلنِّسَآءَ فَبَلَغۡنَ أَجَلَهُنَّ فَلَا تَعۡضُلُوهُنَّ أَن يَنكِحۡنَ أَزۡوَٰجَهُنَّ إِذَا تَرَٰضَوۡاْ بَيۡنَهُم بِٱلۡمَعۡرُوفِۗ ذَٰلِكَ يُوعَظُ
بِهِۦ مَن كَانَ مِنكُمۡ يُؤۡمِنُ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۗ ذَٰلِكُمۡ أَزۡكَىٰ لَكُمۡ وَأَطۡهَرُۚ وَٱللَّهُ يَعۡلَمُ وَأَنتُمۡ لَا تَعۡلَمُونَ ٢٣٢

2:233– "നിങ്ങൾ സ്ത്രീകളെ മൊഴിചൊല്ലുകയും അവരുടെ കാലാവധി പൂർത്തിയാവുകയും ചെയ്താൽ അവർ അവരുടെ ഭർത്താക്കന്മാരെ വിവാഹം കഴിക്കുന്നതിൽ നിങ്ങൾ തടസ്സമുണ്ടാക്കരുത്, നീതിപൂർവ്വം അവർ തമ്മിൽ യോജിപ്പിലെത്തുന്നുവെങ്കിൽ. നിങ്ങളിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കുള്ള ഉപദേശമാണിത്. ഇതാണ് നിങ്ങൾക്ക് കൂടുതൽ അനുഗ്രഹദായകവും പരിശുദ്ധവുമായിട്ടുള്ളത്. അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല.

കാത്തിരിപ്പു സമയത്ത് ഭാര്യമാരെ ഭർത്താക്കന്മാരുടെ വീട്ടിൽനിന്ന് പുറത്താക്കാൻ പാടില്ല എന്നത് താഴെ ഉദ്ധരിക്കുന്ന വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

يَٰٓأَيُّهَا ٱلنَّبِيُّ إِذَا طَلَّقۡتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحۡصُواْ ٱلۡعِدَّةَۖ وَٱتَّقُواْ ٱللَّهَ رَبَّكُمۡۖ لَا

تُخۡرِجُوهُنَّ مِنۢ بُيُوتِهِنَّ وَلَا يَخۡرُجۡنَ إِلَّآ أَن يَأۡتِينَ بِفَٰحِشَةٖ مُّبَيِّنَةٖۚ وَتِلۡكَ حُدُودُ ٱللَّهِۚ
وَمَن يَتَعَدَّ حُدُودَ ٱللَّهِ فَقَدۡ ظَلَمَ نَفۡسَهُۥۚ لَا تَدۡرِي لَعَلَّ ٱللَّهَ يُحۡدِثُ بَعۡدَ ذَٰلِكَ أَمۡرٗا ۝

65:02– "അല്ലയോ നബിയേ, സ്ത്രീകളെ നിങ്ങൾ വിവാഹ മോചനം നടത്തുമ്പോൾ അവരുടെ നിർണ്ണയ സമയത്ത് അവരെ മൊഴിചൊല്ലുകയും അതിനു ശേഷം കാലാവധി എണ്ണികണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. അവരുടെ വീടുകളിൽനിന്ന് അവരെ നിങ്ങൾ പുറത്താക്കുകയോ അവർ പുറത്തു പോകുകയോ ചെയ്യരുത്. വ്യക്തമായ വല്ല ഹീനകൃത്യവും അവർ ചെയ്യുന്നെങ്കിലല്ലാതെ. ഇവ അല്ലാഹുവിന്റെ നിയമ പരിധികളാകുന്നു. ആരാണോ അല്ലാഹുവിന്റെ പരിധികളെ ലംഘിക്കുന്നത് അവൻ തന്നോടുതന്നെ അതിക്രമം ചെയ്യുന്നു. അതിനു ശേഷം അല്ലാഹു പുതിയതായി വല്ല കാര്യത്തിനും ഇടവരുത്തിയേക്കാം എന്ന് നീ അറിയുന്നില്ല."

നിർണ്ണയ സമയത്ത് മൊഴിചൊല്ലുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മൊഴി ചൊല്ലുവാൻ അനുവദിക്കപ്പെട്ട സമയമാകുന്നു. ലൈംഗികമായി ബന്ധപ്പെടാത്ത രണ്ടു ആർത്തവങ്ങൾക്കിടയിലെ സമയം. വല്ല കാര്യത്തിനും ഇടവരുത്തിയേക്കാം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു ഇച്ചരിക്കുകയാണെങ്കിൽ അവർ ഒരു ഒത്തുതീർപ്പിലെത്തുമെന്നാണ്.

അവരുടെ കാത്തിരിപ്പിന്റെ കാലാവധി എത്തിക്കഴിഞ്ഞാൽ വിവാഹ മോചനം ചെയ്തു എന്നതിന് രണ്ടു പേരെ സാക്ഷിനിർത്തിക്കൊണ്ട് വേണം അവരെ വിട്ടയക്കുവാൻ.

فَإِذَا بَلَغۡنَ أَجَلَهُنَّ فَأَمۡسِكُوهُنَّ بِمَعۡرُوفٍ أَوۡ فَارِقُوهُنَّ بِمَعۡرُوفٖ وَأَشۡهِدُواْ ذَوَيۡ عَدۡلٖ مِّنكُمۡ وَأَقِيمُواْ
ٱلشَّهَٰدَةَ لِلَّهِۚ ذَٰلِكُمۡ يُوعَظُ بِهِۦ مَن كَانَ يُؤۡمِنُ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ وَمَن يَتَّقِ ٱللَّهَ يَجۡعَل لَّهُۥ مَخۡرَجٗا ۝

65:03– "അങ്ങനെ അവരുടെ കാലാവധി എത്തിക്കഴിയുമ്പോൾ ന്യായമായ നിലയിൽ നിങ്ങൾ അവരെ കൂടെ നിർത്തുകയോ അല്ലെങ്കിൽ വിട്ടയക്കുകയോ ചെയ്യുക. നിങ്ങളിലുള്ള രണ്ടു നീതിമാന്മാരെ സാക്ഷിനിർത്തുകയും അല്ലാഹുവിനു വേണ്ടി സാക്ഷ്യം നിലനിർത്തുകയും ചെയ്യുക. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവരോട് ഇത് ഉപദേശിക്കപ്പെട്ടിരിക്കുന്നു."

വിവാഹിതരാകുന്നവർക്ക് സുഭിക്ഷത നൽകുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടതു പോലെത്തന്നെ വിവാഹ മോചനം നേടുന്നവർക്കും സുഭിക്ഷത നൽകുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുകയും അവനിൽ ആശ്രയം കണ്ടെത്തുകയും ചെയ്യു

ന്ന സ്ത്രീകൾക്ക് തീർച്ചയായും ഈ വാക്യത്തിൽ സന്തോഷം കൊള്ളുവാൻ സാധിക്കും. സാധാരണയായി സ്ത്രീകളാണല്ലോ വിവാഹ മോചന സമയത്ത് കൂടുതൽ ദു:ഖിതരായിത്തീരുന്നത്. മേൽ വാക്യത്തെ തുടർന്നുകൊണ്ട് അല്ലാഹു പറയുകയാണ്:

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ ۚ وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ ۚ

إِنَّ ٱللَّهَ بَـٰلِغُ أَمْرِهِۦ ۚ قَدْ جَعَلَ ٱللَّهُ لِكُلِّ شَىْءٍ قَدْرًا ۝

65:04– "വല്ലവനും അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ അല്ലാഹു അവന് ഒരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ നിനച്ചിരിക്കാത്ത രീതിയിൽ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. ആരെങ്കിലും അല്ലാഹുവിനെ ഭാരമേൽപ്പിക്കുന്നതായാൽ അല്ലാഹു അവന് മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു അവന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. തീർച്ചയായും ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം നിശ്ചയിച്ചിട്ടുണ്ട്."

وَإِن يَتَفَرَّقَا يُغْنِ ٱللَّهُ كُلًّا مِّن سَعَتِهِۦ ۚ وَكَانَ ٱللَّهُ وَٰسِعًا حَكِيمًا ۝

4:131– "ഇനി ഇരുവരും വേർപിരിയുകയാണെങ്കിൽ അല്ലാഹു തന്റെ വിശാലമായ അനുഗ്രഹത്തിൽനിന്ന് ഓരോരുത്തരേയും സ്വയം പര്യാപ്തമാക്കുന്നതാണ്. അല്ലാഹു വിശാലമായ കഴിവുള്ളവനും പരമതന്ത്രജ്ഞനുമാകുന്നു.

വിവാഹമോചിതരുടെ കാത്തിരുപ്പുസമയം മൂന്ന് രീതിയിൽ അല്ലാഹു വിശദീകരിക്കുന്നു. നിക്കാഹിനു ശേഷം ലൈംഗീകമായി ബന്ധപ്പെടാത്തവരെക്കുറിച്ചും, ആർത്തവം നിലക്കാത്ത സ്ത്രീകളെക്കുറിച്ചും ആർത്തവം നിലച്ചവരെക്കുറിച്ചും. നിക്കാഹിനു ശേഷം ലൈംഗീകമായി ബന്ധപ്പെടാത്തവർക്ക് ഇദ്ദ കണക്കാക്കേണ്ട ആവശ്യമില്ല.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نَكَحْتُمُ ٱلْمُؤْمِنَـٰتِ ثُمَّ طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ

فَمَا لَكُمْ عَلَيْهِنَّ مِنْ عِدَّةٍ تَعْتَدُّونَهَا ۖ فَمَتِّعُوهُنَّ وَسَرِّحُوهُنَّ سَرَاحًا جَمِيلًا ۝

33:50– "അല്ലയോ വിശ്വാസികളേ, വിശ്വാസിനികളെ നിങ്ങൾ വിവാഹം ചെയ്യുകയും നിങ്ങൾ അവരെ സ്പർശിക്കുന്നതിനു മുമ്പ് മൊഴി ചൊല്ലുകയും ചെയ്താൽ അവരുടെ കാര്യത്തിൽ ഒരു ഇദ്ദ കണക്കാക്കേണ്ട ബാദ്ധ്യത നിങ്ങൾക്കില്ല. എന്നാൽ അവർക്കൊരു പാരിതോഷികം നൽകുകയും നല്ല നിലയിൽ അവരെ വിട്ടയക്കുകയും ചെയ്യുക."

ഭർത്താവും ഭാര്യയും ലൈംഗീകമായി ബന്ധം പുലർത്തിയവരാ

ണെങ്കിൽ മൂന്ന് ആർത്തവം വരെ കാത്തിരിക്കേണ്ടതാണ്.

وَٱلْمُطَلَّقَـٰتُ يَتَرَبَّصْنَ بِأَنفُسِهِنَّ ثَلَـٰثَةَ قُرُوٓءٍ ۚ

2:229– "വിവാഹ മോചിതരായ സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്ന് ആർത്തവം വരെ കാത്തിരിക്കേണ്ടതാണ്...."

ആർത്തവം നിലച്ചവരും ആർത്തവം തുടങ്ങിയിട്ടില്ലാത്തവരും (പ്രസവ ശേഷം മുലയൂട്ടുന്ന അമ്മമാർ മുതലായവർ) മൂന്നു മാസംവരെയാണ് കാത്തിരിക്കേണ്ടത്. ഗർഭിണികളാണെങ്കിൽ അവർ പ്രസവിക്കുന്നതു വരെ കാത്തിരിക്കേണ്ടിയിരിക്കുന്നു.

وَٱلَّـٰٓـِٔى يَئِسْنَ مِنَ ٱلْمَحِيضِ مِن نِّسَآئِكُمْ إِنِ ٱرْتَبْتُمْ فَعِدَّتُهُنَّ ثَلَـٰثَةُ أَشْهُرٍ وَٱلَّـٰٓـِٔى لَمْ يَحِضْنَ ۚ

وَأُو۟لَـٰتُ ٱلْأَحْمَالِ أَجَلُهُنَّ أَن يَضَعْنَ حَمْلَهُنَّ ۚ وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مِنْ أَمْرِهِۦ يُسْرًا ﴿٤﴾

65:05– "ആർത്തവത്തെക്കുറിച്ച് പ്രതീക്ഷയില്ലാത്ത നിങ്ങളുടെ സ്ത്രീകളുടെ കാലാവധി (അതു സംബന്ധമായി) നിങ്ങൾ സംശയത്തിലാണെങ്കിൽ മൂന്ന് മാസമാണ്. ആർത്തവം തുടങ്ങിയിട്ടില്ലാത്തവരുടേതും അത്രതന്നെ. ഗർഭിണികളായവരുടെ കാലാവധി അവരുടെ പ്രസവംവരെയാണ്. അല്ലാഹുവിനെ ഭയപ്പെടുന്നവന്റെ കാര്യത്തിൽ അല്ലാഹു അവന് എളുപ്പം ഉണ്ടാക്കിക്കൊടുക്കുന്നതാണ്.

അവർക്ക് നിശ്ചയിച്ച മഹറോ അല്ലെങ്കിൽ അവർക്ക് കൊടുത്ത പാരിതോഷികങ്ങളോ വിവാഹ മോചന സമയത്ത് തിരിച്ചു വാങ്ങാൻ പാടുള്ളതല്ല. വിവാഹമോചനം ലൈംഗികമായി ബന്ധപ്പെടുന്നതിനു മുമ്പാണെങ്കിൽ സ്ത്രീയോ അവരുടെ വീട്ടുകാരോ വിട്ടുവീഴ്ച ചെയ്യുകയാണെങ്കിൽ പകുതി തിരിച്ചു വാങ്ങാവുന്നതാണ്. എങ്കിലും വാങ്ങാതിരിക്കുന്നതാണ് കൂടുതൽ ഉത്തമമെന്ന് പറഞ്ഞിരിക്കുന്നു:

وَإِن طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ وَقَدْ فَرَضْتُمْ لَهُنَّ فَرِيضَةً فَنِصْفُ مَا فَرَضْتُمْ إِلَّآ أَن يَعْفُونَ أَوْ يَعْفُوَا۟

ٱلَّذِى بِيَدِهِۦ عُقْدَةُ ٱلنِّكَاحِ ۚ وَأَن تَعْفُوٓا۟ أَقْرَبُ لِلتَّقْوَىٰ ۚ وَلَا تَنسَوُا۟ ٱلْفَضْلَ بَيْنَكُمْ ۚ إِنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿٢٣٧﴾

2:238– "ഇനി നിങ്ങൾ അവരെ സ്പർശിക്കുന്നതിനു മുമ്പുതന്നെ വിവാഹബന്ധം വേർപ്പെടുത്തുകയും അവരുടെ വിവാഹമൂല്യം (മഹർ) നിങ്ങൾ നിശ്ചയിച്ചു കഴിഞ്ഞിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾ നിശ്ചയിച്ചതിന്റെ പകുതി നൽകേണ്ടതാണ്. അവർ വിട്ടുവീഴ്ച ചെയ്യുകയോ അല്ലെങ്കിൽ വിവാഹക്കരാർ തന്റെ കൈയിലുള്ളവൻ (വിവാഹം കഴിച്ചു കൊടുക്കുവാൻ അവകാശമുള്ളവൻ/ഭർത്താവ്) വിട്ടുവീഴ്ച ചെയ്യുന്നുവെങ്കിലോ അല്ലാതെ. എന്നാൽ നിങ്ങൾ വിട്ടു വീഴ്ച ചെയ്യുന്നതാണ് ഭയഭക്തിയോട് കൂടുതൽ അടുത്തത്. നിങ്ങൾ അന്യോന്യം

ഔദാര്യം കാണിക്കാൻ മറക്കരുത്. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു തീർച്ചയായും കാണുന്നവനാകുന്നു.

وَإِنْ أَرَدتُّمُ ٱسْتِبْدَالَ زَوْجٍ مَّكَانَ زَوْجٍ وَءَاتَيْتُمْ إِحْدَىٰهُنَّ قِنطَارًا فَلَا تَأْخُذُوا۟ مِنْهُ شَيْـًٔا ۚ أَتَأْخُذُونَهُۥ
بُهْتَـٰنًا وَإِثْمًا مُّبِينًا ﴿٢٠﴾ وَكَيْفَ تَأْخُذُونَهُۥ وَقَدْ أَفْضَىٰ بَعْضُكُمْ إِلَىٰ بَعْضٍ وَأَخَذْنَ مِنكُم مِّيثَـٰقًا غَلِيظًا ﴿٢١﴾

4:21–22– "ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു ധനസഞ്ചയം തന്നെ കൊടുത്തിട്ടുണ്ടെങ്കിൽ തന്നെയും അതിൽനിന്ന് ഒന്നും തന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്. തെറ്റായ ആരോപണം ചുമത്തിക്കൊണ്ടും വ്യക്തമായ അപവാദം പറഞ്ഞുകൊണ്ടും നിങ്ങൾ അത് തിരിച്ചെടുക്കുകയോ? നിങ്ങൾ അന്യോന്യം കൂടിച്ചേരുകയും അവർ നിങ്ങളിൽനിന്ന് ഉറച്ച ഒരു കരാർ വാങ്ങുകയും ചെയ്തിരിക്കേ എങ്ങനെ നിങ്ങൾ അത് തിരിച്ചെടുക്കും?"

വിവാഹ മോചിതരാവുന്ന സ്ത്രീകൾക്ക് ജീവിത സൗകര്യം ഏർപ്പെടുത്തിക്കൊടുക്കേണ്ടത് ദൈവത്തെ ഭയപ്പെടുന്നവരുടെ ബാദ്ധ്യതയായി അല്ലാഹു എടുത്തു പറഞ്ഞിരിക്കുകയാണ്. അവർ പുനർ വിവാഹം കഴിക്കുന്നതുവരെയോ അല്ലെങ്കിൽ മരണംവരെയോ ചിലവിനു കൊടുക്കണമെന്ന് ഇതിന് അർത്ഥമില്ല. എന്നാൽ ഓരോരുത്തരുടേയും സാമ്പത്തിക കഴിവനുസരിച്ച് അവർ വഴിയാധാരമാവാതെ അവരുടെ പുനർ ജീവിതം തുടർന്നു കൊണ്ടുപോകുവാനുള്ള ഏർപ്പാടുകൾ ചെയ്തു കൊടുക്കേണ്ടതാണ്.

لَّا جُنَاحَ عَلَيْكُمْ إِن طَلَّقْتُمُ ٱلنِّسَآءَ مَا لَمْ تَمَسُّوهُنَّ أَوْ تَفْرِضُوا۟ لَهُنَّ فَرِيضَةً ۚ وَمَتِّعُوهُنَّ عَلَى
ٱلْمُوسِعِ قَدَرُهُۥ وَعَلَى ٱلْمُقْتِرِ قَدَرُهُۥ مَتَـٰعًۢا بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُحْسِنِينَ ﴿٢٣٦﴾

2:237– "സ്ത്രീകളെ നിങ്ങൾ സ്പർശിക്കുകയോ അവരുടെ വിവാഹമൂല്യം നിശ്ചയിക്കുകയോ ചെയ്യുന്നതിനു മുമ്പേ അവരെ നിങ്ങൾ മൊഴിചൊല്ലുന്നുവെങ്കിൽ (മഹർ നൽകാത്തതിൽ) നിങ്ങൾക്ക് കുറ്റമില്ല. എന്നാൽ നിങ്ങൾ അവർക്ക് ന്യായമായ രീതിയിലുള്ള ജീവിത സൗകര്യം ധനവാൻ അവന്റെ കഴിവനുസരിച്ചും പ്രയാസമുള്ളവൻ അവന്റെ കഴിവനുസരിച്ചും അവർക്ക് സൗകര്യപ്പെടുത്തി കൊടുക്കേണ്ടതാണ്. സദ്വൃത്തർക്ക് ഇതൊരു ബാദ്ധ്യതയാകുന്നു."

വിവാഹശേഷം സ്ത്രീകളെ സ്പർശിക്കുന്നതിനു മുമ്പ് മൊഴിചൊല്ലിയാലും അവർക്ക് ജീവിതസൗകര്യം നൽകിക്കൊണ്ട് വിട്ടയക്കേണ്ടതാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نَكَحْتُمُ ٱلْمُؤْمِنَـٰتِ ثُمَّ طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ فَمَا لَكُمْ عَلَيْهِنَّ مِنْ عِدَّةٍ تَعْتَدُّونَهَا ۖ فَمَتِّعُوهُنَّ وَسَرِّحُوهُنَّ سَرَاحًا جَمِيلًا ۝

33:50– "അല്ലയോ വിശ്വാസികളേ, വിശ്വാസിനികളായ സ്ത്രീകളെ നിങ്ങൾ വിവാഹം ചെയ്യുകയും നിങ്ങൾ സ്പർശിക്കുന്നതിനു മുമ്പ് അവരെ മൊഴി ചൊല്ലുകയും ചെയ്താൽ .... അവർക്ക് ജീവിത സൗകര്യം നൽകുകയും നല്ല നിലയിൽ അവരെ വിട്ടയക്കുകയും ചെയ്യുക."

وَلِلْمُطَلَّقَـٰتِ مَتَـٰعٌۢ بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُتَّقِينَ ۝

2:242– "വിവാഹമോചിതരായ സ്ത്രീകൾക്ക് ന്യായമായ രീതിയിലുള്ള ജീവിത വിഭവം നൽകേണ്ടത് ദൈവത്തെ ഭയപ്പെടുന്നവരുടെ ബാദ്ധ്യതയാകുന്നു."

ഭർത്താവ് മരണപ്പെട്ടു പോകുകയാണെങ്കിൽ ഭാര്യയെ വീട്ടിൽനിന്ന് പറഞ്ഞയക്കാതെ ഒരു വർഷത്തേക്കുള്ള ജീവിത വിഭവത്തിന് വസിയത്ത് ചെയ്യണം. എന്നാൽ ഭാര്യ സ്വമേധയാ പോവുകയാണെങ്കിൽ അവരെ തടയേണ്ട ആവശ്യമില്ല. ഒരു വർഷത്തെ ജീവിത സൗകര്യം കൂടാതെ അവർക്ക് ഭർത്താവിന്റെ സ്വത്തിൽ പിന്തുടർച്ചാവകാശവുമുണ്ട്.

وَٱلَّذِينَ يُتَوَفَّوْنَ مِنكُمْ وَيَذَرُونَ أَزْوَٰجًا وَصِيَّةً لِّأَزْوَٰجِهِم مَّتَـٰعًا إِلَى ٱلْحَوْلِ غَيْرَ إِخْرَاجٍ ۚ فَإِنْ خَرَجْنَ فَلَا جُنَاحَ عَلَيْكُمْ فِى مَا فَعَلْنَ فِىٓ أَنفُسِهِنَّ مِن مَّعْرُوفٍ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ۝

2:241– "നിങ്ങളിൽനിന്ന് മരണപ്പെടുകയും ഭാര്യമാരെ വിട്ടു പോവുകയും ചെയ്യുന്നവർ അവരെ പുറത്താക്കാതെ ഒരു വർഷത്തേക്ക് ജീവിത വിഭവം നൽകാൻ വസിയത്ത് ചെയ്യേണ്ടതാണ്. ഇനി അവർ പുറത്തു പോവുകയും നീതി പൂർവ്വം തങ്ങളുടെ കാര്യത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നതിൽ നിങ്ങളുടെ മേൽ കുറ്റമില്ല. അല്ലാഹു സർവ്വശക്തനും സർവ്വതന്ത്രജ്ഞനുമാകുന്നു."

ഭർത്താവിന്റെ വിയോഗം കാരണം വിധവയായിത്തീരുന്ന ഭാര്യമാർ നാലു മാസവും പത്തു ദിവസവും കാത്തിരിക്കേണ്ടതാണ്. അതിനു ശേഷം അവരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് പുനർ വിവാഹം ചെയ്യാവുന്നതാണ്.

وَٱلَّذِينَ يُتَوَفَّوْنَ مِنكُمْ وَيَذَرُونَ أَزْوَٰجًا يَتَرَبَّصْنَ بِأَنفُسِهِنَّ أَرْبَعَةَ أَشْهُرٍ وَعَشْرًا ۖ فَإِذَا بَلَغْنَ

أَجَلَهُنَّ فَلَا جُنَاحَ عَلَيْكُمْ فِيمَا فَعَلْنَ فِيٓ أَنفُسِهِنَّ بِٱلْمَعْرُوفِ ۗ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ۝

2:235– "നിങ്ങളിൽ നിന്ന് മരണപ്പെടുകയും ഭാര്യമാരെ വിട്ടുപോവുകയും ചെയ്യുമ്പോൾ അവർ (ഭാര്യമാർ) തങ്ങളുടെ കാര്യത്തിൽ നാലുമാസവും പത്തു ദിവസവും കാത്തിരിക്കേണ്ടതാണ്. അങ്ങനെ അവരുടെ കാലാവധി എത്തുമ്പോൾ തങ്ങളുടെ കാര്യത്തിൽ അവർ നീതിപൂർവ്വം പ്രവർത്തിക്കുന്നതിൽ നിങ്ങളുടെ മേൽ കുറ്റമില്ല. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ബോധവാനാകുന്നു.

ഭർത്താവു മരിച്ചശേഷം ഇദ്ദ ആചരിക്കുന്ന സ്തീകളോട് വിവാഹാഭ്യർത്ഥന നടത്താമെങ്കിലും വിവാഹത്തെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ നൽകുവാനോ അല്ലെങ്കിൽ വിവാഹം ഉറപ്പിക്കുവാനോ പാടുള്ളതല്ല.

وَلَا جُنَاحَ عَلَيْكُمْ فِيمَا عَرَّضْتُم بِهِۦ مِنْ خِطْبَةِ ٱلنِّسَآءِ أَوْ أَكْنَنتُمْ فِيٓ أَنفُسِكُمْ ۚ عَلِمَ ٱللَّهُ أَنَّكُمْ
سَتَذْكُرُونَهُنَّ وَلَٰكِن لَّا تُوَاعِدُوهُنَّ سِرًّا إِلَّآ أَن تَقُولُوا۟ قَوْلًا مَّعْرُوفًا ۚ وَلَا تَعْزِمُوا۟ عُقْدَةَ ٱلنِّكَاحِ حَتَّىٰ يَبْلُغَ
ٱلْكِتَٰبُ أَجَلَهُۥ ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ يَعْلَمُ مَا فِيٓ أَنفُسِكُمْ فَٱحْذَرُوهُ ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ غَفُورٌ حَلِيمٌ ۝

2:236– "(ഭർതൃവിയോഗത്തിനുശേഷം) സ്ത്രീകളോട് വിവാഹാഭ്യർത്ഥനയെ കുറിച്ച് സൂചിപ്പിക്കുന്നതിൽ നിങ്ങളുടെ മേൽ കുറ്റമില്ല. നിങ്ങളുടെ മനസ്സിൽ മറച്ചു വെക്കുന്നതിലും കുറ്റമില്ല. നിങ്ങൾ അവരെ സ്മരിക്കുമെന്ന് അല്ലാഹു അറിയുന്നു. എന്നാൽ മാന്യമായ വാക്ക് നിങ്ങൾ പറയുകയല്ലാതെ നിങ്ങൾ അന്യോന്യം വാഗ്ദാനം നടത്തരുത്. നിർദ്ദിഷ്ടകാലം (ഇദ്ദ) പൂർത്തിയാകുന്നതു വരെ നിങ്ങൾ വിവാഹ ബന്ധം ഉറപ്പിക്കുകയും അരുത്. നിങ്ങളുടെ മനസ്സിലുള്ളത് അല്ലാഹു അറിയുന്നുവെന്ന് അറിയുകയും അവനെ ഭയപ്പെടുകയും ചെയ്യുക. അല്ലാഹു ഏറെ പൊറുത്തു കൊടുക്കുന്നവനും സഹനശീലനുമാണെന്ന് നിങ്ങൾ മനസ്സിലാക്കുക.

നല്ല സ്ത്രീകളുടെ ഉദാഹരണമായി അല്ലാഹു വിശുദ്ധ ഖുർആനിൽ റസൂൽ (സ) തിരുമേനിയുടെ ഭാര്യമാരെയും, ഫിർഔന്റെ ഭാര്യയെയും, ഹസ്രത്ത് മർയമിനെയും എടുത്തുകാണിച്ചിരിക്കുന്നു. റസൂൽ (സ) തിരുമേനിയുടെ ഭാര്യമാർ വിശ്വാസികളുടെ മാതാക്കളാണെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെ വിശ്വാസികളുടെ പിതാവായി ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ഈ ആത്മീയ പൈതൃകത്തിലൂടെയാണ് ഇസ്ലാമിന്റെ സാർവ്വലൗകിക സാഹോദര്യം പടുത്തുയർത്തിയിരിക്കുന്നത്.

ٱلنَّبِىُّ أَوْلَىٰ بِٱلْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَٰجُهُۥٓ أُمَّهَٰتُهُمْ ۗ وَأُو۟لُوا۟ ٱلْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ فِى كِتَٰبِ ٱللَّهِ مِنَ

ٱلْمُؤْمِنِينَ وَٱلْمُهَٰجِرِينَ إِلَّآ أَن تَفْعَلُوٓاْ إِلَىٰٓ أَوْلِيَآئِكُم مَّعْرُوفًا ۚ كَانَ ذَٰلِكَ فِى ٱلْكِتَٰبِ مَسْطُورًا ۝

33:07– "നബി വിശ്വാസികളോട് അവരുടെ ശരീരങ്ങളേക്കാൾ ഏറെ അടുത്തയാളാകുന്നു. അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു. അല്ലാഹുവിന്റെ നിയമത്തിൽ രക്ത ബന്ധമുള്ളവർ മറ്റു വിശ്വാസികളും ദൈവമാർഗ്ഗത്തിൽ പ്രയാണം ചെയ്തവരും തമ്മിലുള്ള സാഹോദര്യത്തേക്കാൾ കൂടുതൽ അടുത്തവരാകുന്നു. നിങ്ങൾ നിങ്ങളുടെ സ്നേഹിതന്മാർക്ക് ചെയ്യുന്ന ഉപകാരങ്ങൾ ഇതിൽനിന്ന് ഒഴിവാകുന്നു. ഇത് ഗ്രന്ഥത്തിൽ എഴുതപ്പെട്ടതാകുന്നു."

മൂസാനബി(അ)ന്റെ കടുത്ത ശത്രുവും അവിശ്വാസികളുടെ നേതാവും നരകാവകാശിയെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു വെളിപ്പെടുത്തുകയും ചെയ്ത ഫിർഔന്റെ ഭാര്യയെ അല്ലാഹു വിശ്വാസികൾക്ക് നല്ലൊരുദാഹരണമായി എടുത്തു കാണിച്ചിരിക്കുകയാണ്. അവരുടെ സൽഗുണങ്ങൾ അല്ലാഹു നമുക്ക് പറഞ്ഞു തന്ന അവരുടെ പ്രാർത്ഥനയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

وَضَرَبَ ٱللَّهُ مَثَلًا لِّلَّذِينَ ءَامَنُواْ ٱمْرَأَتَ فِرْعَوْنَ إِذْ قَالَتْ رَبِّ ٱبْنِ لِى

عِندَكَ بَيْتًا فِى ٱلْجَنَّةِ وَنَجِّنِى مِن فِرْعَوْنَ وَعَمَلِهِۦ وَنَجِّنِى مِنَ ٱلْقَوْمِ ٱلظَّٰلِمِينَ ۝

66:12– "അല്ലാഹു ഫിർഔന്റെ ഭാര്യയെ സത്യവിശ്വാസികൾക്ക് ഒരു ഉദാഹരണമായി എടുത്തു കാണിക്കുന്നു. അവർ പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ അടുക്കൽ സ്വർഗ്ഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരികയും ഫിർഔനിൽ നിന്നും അവന്റെ പ്രവർത്തനങ്ങളിൽ നിന്നും എന്നെ രക്ഷിക്കുകയും ചെയ്യേണമേ. അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ.

ഹസ്രത്ത് മറിയമിനെ സ്ത്രീ രത്നങ്ങളുടെ മകുടോദാഹരണമായി അല്ലാഹു എടുത്തു കാട്ടിയിരിക്കുന്നു. അവർ അവരുടെ ചാരിത്ര്യം അതിമഹാത്തയ രീതിയിൽ സംരക്ഷിക്കുകയും ദൈവ കല്പനകൾക്കനുസരിച്ച് ജീവിതം നയിക്കുകയും ചെയ്ത കാരണത്താൽ അല്ലാഹു അവരെ തിരഞ്ഞെടുക്കുകയും അവർക്ക് വെളിപാടുകൾ നൽകി ഇസ്രായീൽ സമൂഹത്തിലെ അവസാനത്തെ പ്രവാചകന്റെ മാതാവാക്കുകയും ചെയ്തു.

مَرْيَمَ ٱبْنَتَ عِمْرَٰنَ ٱلَّتِىٓ أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهِ مِن رُّوحِنَا

وَصَدَّقَتْ بِكَلِمَٰتِ رَبِّهَا وَكُتُبِهِۦ وَكَانَتْ مِنَ ٱلْقَٰنِتِينَ ۝

66:13– "തന്റെ ചാരിത്ര്യം കാത്തുസൂക്ഷിച്ചവളായ ഇംറാന്റെ മകൾ

മർയമിനെയും ഒരു ഉദാഹരണമായി എടുത്തു കാണിക്കുന്നു. അതു കൊണ്ട് അവനിൽ നമ്മുടെ ആത്മാവിൽ നിന്നും നാം ഊതി. അവളുടെ രക്ഷിതാവിന്റെ വചനങ്ങളെയും അവന്റെ ഗ്രന്ഥങ്ങളെയും അവൾ അംഗീകരിക്കുകയും ചെയ്തു. അവൾ ഭയഭക്തിയുള്ളവരിൽപ്പെട്ടവൾ ആയിരുന്നു."

പ്രവാചകന്മാരുടെ ഭാര്യമാരാവാൻ ഭാഗ്യം സിദ്ധിച്ചവരായിരുന്നുവെങ്കിലും വിശ്വാസികളായിത്തീരാൻ ഭാഗ്യമില്ലാത്തവരായിരുന്നു നൂഹ്, ലൂത്ത് (അ) എന്നിവരുടെ ഭാര്യമാർ. ഈ ഭാഗ്യദോഷിനികൾ ദൈവത്തിനെതിരായി പ്രവർത്തിക്കുകയും അങ്ങനെ അവർ നരകാവകാശികളായിത്തീരുകയും ചെയ്തു.

ضَرَبَ ٱللَّهُ مَثَلًا لِّلَّذِينَ كَفَرُواْ ٱمۡرَأَتَ نُوحٖ وَٱمۡرَأَتَ لُوطٖۖ كَانَتَا تَحۡتَ عَبۡدَيۡنِ مِنۡ عِبَادِنَا صَٰلِحَيۡنِ فَخَانَتَاهُمَا فَلَمۡ يُغۡنِيَا عَنۡهُمَا مِنَ ٱللَّهِ شَيۡـٔٗا وَقِيلَ ٱدۡخُلَا ٱلنَّارَ مَعَ ٱلدَّٰخِلِينَ ١٠

66:11– "അല്ലാഹു അവിശ്വാസികൾക്ക് ഉദാഹരണമായി നൂഹിന്റെ ഭാര്യയെയും ലൂത്തിന്റെ ഭാര്യയെയും എടുത്തു കാണിക്കുന്നു. അവർ ഇരുവരും നമ്മുടെ ദാസന്മാരിൽപ്പെട്ട സദ്വൃത്തരായ രണ്ടു ദാസന്മാരുടെ കീഴിൽ ആയിരുന്നു. എന്നാൽ ഇരുവരും അവരോട് വിശ്വാസ വഞ്ചന കാണിച്ചു. അപ്പോൾ അല്ലാഹുവിന്റെ ശിക്ഷയ്ക്കെതിരെ അവർ അവർക്കൊട്ടും പ്രയോജനപ്പെട്ടില്ല. നരകത്തിൽ പ്രവേശിക്കുന്നവരുടെ കൂടെ നിങ്ങളും പ്രവേശിക്കുകയെന്ന് അവരോട് പറയപ്പെട്ടു.

പതിവ്രതകളായ സ്തീകളെക്കുറിച്ച് അപവാദം പ്രചരിപ്പിക്കുന്നത് ദൈവ ശാപത്തിന് പാത്രമായിത്തീരുന്ന വൻകുറ്റമായി വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തിയിരിക്കുന്നു. കുറ്റാരോപണം നടത്തുകയും എന്നിട്ട് നാലു സാക്ഷികളെ കൊണ്ട്വരാതിരിക്കുകയും ചെയ്യുന്നവരെ എൺപത് അടി അടിക്കുവാൻ കല്പിച്ചിരിക്കുകയാണ്.

وَٱلَّذِينَ يَرۡمُونَ ٱلۡمُحۡصَنَٰتِ ثُمَّ لَمۡ يَأۡتُواْ بِأَرۡبَعَةِ شُهَدَآءَ فَٱجۡلِدُوهُمۡ ثَمَٰنِينَ جَلۡدَةٗ وَلَا تَقۡبَلُواْ لَهُمۡ شَهَٰدَةً أَبَدٗاۚ وَأُوْلَٰٓئِكَ هُمُ ٱلۡفَٰسِقُونَ ٤ إِلَّا ٱلَّذِينَ تَابُواْ مِنۢ بَعۡدِ ذَٰلِكَ وَأَصۡلَحُواْ فَإِنَّ ٱللَّهَ غَفُورٞ رَّحِيمٞ ٥

24:5–6 "പതിവ്രതകളുടെ മേൽ കുറ്റാരോപണം നടത്തുകയും എന്നിട്ട് നാലു സാക്ഷികളെ കൊണ്ടു വരാതിരിക്കുകയും ചെയ്യുന്നവരെ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം ഒരിക്കലും നിങ്ങൾ സ്വീകരിക്കുകയും ചെയ്യരുത്. അവർ അതിക്രമികളാകുന്നു. അതിനുശേഷം പശ്ചാത്തപിക്കുകയും സ്വയം മാറ്റം വരുത്തുകയും ചെയ്യുന്നവർ ഒഴികെ. തീർച്ചയായും അല്ലാഹു ഏറെ പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

ഈ ലോകത്തിലെ ശിക്ഷ കൂടാതെ പുനരുത്ഥാനനാൾ പരലോകത്ത് അവർക്ക് അർഹമായ പ്രതിഫലവും (ശിക്ഷ) ലഭിക്കുന്നതാണ്.

إِنَّ ٱلَّذِينَ يَرۡمُونَ ٱلۡمُحۡصَنَٰتِ ٱلۡغَٰفِلَٰتِ ٱلۡمُؤۡمِنَٰتِ لُعِنُواْ فِي ٱلدُّنۡيَا وَٱلۡأٓخِرَةِ وَلَهُمۡ

عَذَابٌ عَظِيمٞ ۝ يَوۡمَ تَشۡهَدُ عَلَيۡهِمۡ أَلۡسِنَتُهُمۡ وَأَيۡدِيهِمۡ وَأَرۡجُلُهُم بِمَا كَانُواْ يَعۡمَلُونَ ۝

يَوۡمَئِذٖ يُوَفِّيهِمُ ٱللَّهُ دِينَهُمُ ٱلۡحَقَّ وَيَعۡلَمُونَ أَنَّ ٱللَّهَ هُوَ ٱلۡحَقُّ ٱلۡمُبِينُ ۝

24:24–26 “വിശ്വാസികളും നിഷ്കളങ്കരുമായ പതിവ്രതകളെപ്പററി കുറ്റമാരോപിക്കുന്നവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ട്. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെക്കുറിച്ച് അവരുടെ നാവുകളും അവരുടെ കൈകളും അവരുടെ കാലുകളും സാക്ഷി പറയുന്ന ദിനം, അന്ന് അവരുടെ അർഹമായ പ്രതിഫലം അല്ലാഹു പൂർണ്ണമായി നൽകുന്നതാണ്. സുവ്യക്തമായ യാഥാർത്ഥ്യമാണ് അല്ലാഹു എന്ന് അവർ അറിയുകയും ചെയ്യും.”

ഭാര്യയോ ഭർത്താവോ ചെയ്യുന്ന അവിഹിത പ്രവൃത്തികൾക്ക് അവരല്ലാതെ സാക്ഷികളില്ലെങ്കിൽ, ഓരോരുത്തരും അല്ലാഹുവിനെ മുൻനിർത്തിക്കൊണ്ട് നാലു തവണ സത്യം ചെയ്യണമെന്നതാണ് ദൈവിക നിയമം. ഒരാൾ പറയുന്നത് കള്ളമാണെങ്കിൽ മറുകക്ഷിക്ക് അതിനെതിരായി സത്യം ചെയ്യാവുന്നതാണ്. താഴെ വിവരിക്കുന്ന വാക്യത്തിൽ ഇതിന്റെ പൂർണ്ണരൂപം പ്രകടമാക്കിയിരിക്കുന്നു.

وَٱلَّذِينَ يَرۡمُونَ أَزۡوَٰجَهُمۡ وَلَمۡ يَكُن لَّهُمۡ شُهَدَآءُ إِلَّآ أَنفُسُهُمۡ فَشَهَٰدَةُ أَحَدِهِمۡ أَرۡبَعُ

شَهَٰدَٰتِۭ بِٱللَّهِ إِنَّهُۥ لَمِنَ ٱلصَّٰدِقِينَ ۝ وَٱلۡخَٰمِسَةُ أَنَّ لَعۡنَتَ ٱللَّهِ عَلَيۡهِ إِن كَانَ مِنَ

ٱلۡكَٰذِبِينَ ۝ وَيَدۡرَؤُاْ عَنۡهَا ٱلۡعَذَابَ أَن تَشۡهَدَ أَرۡبَعَ شَهَٰدَٰتِۭ بِٱللَّهِ إِنَّهُۥ لَمِنَ

ٱلۡكَٰذِبِينَ ۝ وَٱلۡخَٰمِسَةَ أَنَّ غَضَبَ ٱللَّهِ عَلَيۡهَآ إِن كَانَ مِنَ ٱلصَّٰدِقِينَ ۝

24:07–10 “തങ്ങളുടെ ഭാര്യമാരുടെമേൽ കുറ്റമാരോപിക്കുകയും തങ്ങളല്ലാതെ സാക്ഷികൾ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ താൻ സത്യം പറയുന്നവനാണെന്ന് നാലു തവണ അല്ലാഹുവിനെ മുൻനിർത്തിക്കൊണ്ട് സത്യം ചെയ്യലാണ് അവന്റെ സാക്ഷ്യം. താൻ കള്ളം പറയുകയാണെങ്കിൽ അല്ലാഹുവിന്റെ ശാപം തന്റെമേൽ ഉണ്ടാകട്ടെയെന്ന് അഞ്ചാമതായി അവൻ പറയുകയും ചെയ്യട്ടെ. അവൻ കള്ളം പറയുകതന്നെയാ

ണെന്ന് അവൾ അല്ലാഹുവിനെ മുൻനിർത്തിക്കൊണ്ട് നാലു തവണ സത്യം ചെയ്താൽ അവൾ ശിക്ഷയിൽ നിന്ന് ഒഴിവാകുന്നതാണ്. അവൻ സത്യം പറയുകയാണെങ്കിൽ അല്ലാഹുവിന്റെ കോപം തന്റെ മേൽ ഉണ്ടാകട്ടെയെന്ന് അഞ്ചാമതായി അവൾ പറയുകയും ചെയ്യട്ടെ."

ഇസ്ലാമിലെ വിവാഹ നിയമങ്ങളും അതുപോലെ വിവാഹ മോചന നിയമങ്ങളും മനുഷ്യരാശിക്ക് സങ്കല്പിക്കാനാകാത്തത്ര സുന്ദരവും അതി വിശാലവുമായ രീതിയിലാണ് അല്ലാഹു അവതരിപ്പിച്ചിരിക്കുന്നതെന്ന് ഇതുവരെയുദ്ധരിച്ച എല്ലാ വിശുദ്ധ വചനങ്ങങ്ങളും തെളിയിക്കുന്നു. അല്ലാഹു നമ്മെയെല്ലാവരെയും നല്ല ഭർത്താക്കൻമാരായി ജീവിക്കുവാൻ അനുഗ്രഹിക്കുമാറാകട്ടെ ആമീൻ.

****

33 പിന്തുടർച്ചാവകാശ നിയമങ്ങൾ.

സ്വന്തം രക്തബന്ധുക്കൾ അന്യോന്യം ചൂഷണവിധേയമാക്കപ്പെടുന്നത് അവർക്കർഹമായ പിന്തുടർച്ചാവകാശം അതിന്റെതായ രീതിയിൽ കൊടുക്കാത്തത് കൊണ്ടാണ്. മറ്റുള്ളവർക്കുള്ള അവകാശം വകവെച്ചു കൊടുക്കുന്നതിലാണ് മനുഷ്യർ ഏറ്റവും വലിയ ധാർമ്മികത കാണിക്കേണ്ടത്. എന്നാൽ അവർ ഏറ്റവും വലിയ അധർമ്മിയാവുന്നതും ഇവിടെ തന്നെ.

ചിലരുടെ കണ്ണിൽ ആദ്യം പിറക്കുന്ന കുട്ടിക്കാണ് മുൻഗണന. മറ്റു ചിലരുടെ കണ്ണിൽ ഏറ്റവും ഇളയ കുട്ടിക്കായിരിക്കും. ചിലർ ആൺകുട്ടികൾക്ക് പെൺകുട്ടികളെക്കാൾ പ്രാധാന്യം കൊടുക്കുന്നു. പെൺകുട്ടികളെ വിവാഹം കഴിച്ചയച്ചാൽ അവർ വേറൊരു കുടുംബത്തിൽ ചെന്നു ചേരുന്നതുകൊണ്ട് പിന്നീട് അവൾക്ക് എന്തെങ്കിലും കൊടുക്കേണ്ടി വരുന്നത് ഒരു അനാവശ്യ ചിലവായി കണക്കാക്കുന്ന മാതാപിതാക്കളുമുണ്ട്. വിവാഹ സമയത്ത് പെൺകുട്ടിക്ക് എന്തെങ്കിലും കിട്ടുന്നതല്ലാതെ അതിനു ശേഷം മറ്റൊന്നും പ്രതീക്ഷിക്കാൻ വയ്യാത്തൊരു സാഹചര്യം സമൂഹത്തിൽ ഉടലെടുക്കുമ്പോൾ അത് സ്ത്രീധനം മുതലായ സാമൂഹ്യ വിപത്തുകൾക്ക് കാരണമായിത്തീരുന്നു. സാമ്പത്തികാവകാശങ്ങളിൽ പെൺകുട്ടികളാണ് ഏറ്റവും കൂടുതൽ ചൂഷണവിധേയരാവുന്നത്. അനാഥരുടെ കാര്യത്തിലും കൂടുതൽ ചൂഷണങ്ങൾക്ക് വിധേയരാവുന്നതും പെൺകുട്ടികൾ തന്നെ. മാതാപിതാക്കൾ മരണപ്പെടുകയാണെങ്കിൽ കുടുംബസ്വത്തുക്കൾ നോക്കി നടത്തുന്നത് ആൺമക്കൾ ആയിരിക്കും. സ്വന്തം സഹോദരികൾക്ക് കൊടുക്കേണ്ട അവകാശങ്ങൾ കൊടുക്കാതെ അത് അവർ ക്രമേണെ സ്വന്തമാക്കി മാറ്റും. പുറമെ ഭക്തി പ്രകടിപ്പിക്കുന്ന പല ആൾക്കാരും ഈ വക കാര്യങ്ങളിൽ വലിയ ചൂഷകരായി മാറുന്നത് കാണുവാൻ സാധിക്കുന്നതാണ്. അതുകൊണ്ടു തന്നെയാണ് മറ്റുള്ളവരുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കുവാൻ വെള്ളിയാഴ്ച്ച നടക്കുന്ന ഖുത്ബാ പ്രസംഗങ്ങളിൽ എപ്പോഴും ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നത്.

മറ്റുള്ളവരുടെ മുതലുകൾ അത് സ്വന്തം രക്തബന്ധുക്കളുടെതായാലും തട്ടിയെടുക്കുന്നത് മാപ്പർഹിക്കാത്ത മഹാപാപമായി അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. അങ്ങനെയുള്ളവർക്ക് നരക ശിക്ഷ വാഗ്ദാനം ചെയ്തിരിക്കുകയാണ്.

وَلَا تَأْكُلُوٓاْ أَمْوَٰلَكُم بَيْنَكُم بِٱلْبَٰطِلِ وَتُدْلُواْ بِهَآ إِلَى ٱلْحُكَّامِ

لِتَأۡكُلُواْ فَرِيقٗا مِّنۡ أَمۡوَٰلِ ٱلنَّاسِ بِٱلۡإِثۡمِ وَأَنتُمۡ تَعۡلَمُونَ ١٨٨

2:189– "അന്യായമായ രീതിയിൽ നിങ്ങളുടെ മുതലുകൾ നിങ്ങൾ അന്യോന്യം തിന്നരുത്. നിങ്ങൾ അറിഞ്ഞുകാണ്ട് ജനങ്ങളുടെ മുതലുകളിൽനിന്ന് ഒരു ഭാഗം അധർമ്മമായി തിന്നുന്നതിനുവേണ്ടി നിങ്ങൾ ന്യായാധിപന്മാർക്ക് കോഴ കൊടുക്കുകയും ചെയ്യരുത്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَأۡكُلُوٓاْ أَمۡوَٰلَكُم بَيۡنَكُم بِٱلۡبَٰطِلِ إِلَّآ أَن تَكُونَ تِجَٰرَةً عَن تَرَاضٖ مِّنكُمۡۚ وَلَا تَقۡتُلُوٓاْ أَنفُسَكُمۡۚ إِنَّ ٱللَّهَ كَانَ بِكُمۡ رَحِيمٗا ٢٩ وَمَن يَفۡعَلۡ ذَٰلِكَ عُدۡوَٰنٗا وَظُلۡمٗا فَسَوۡفَ نُصۡلِيهِ نَارٗاۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ٣٠

4:30–31 "അല്ലയോ വിശ്വാസികളേ, അന്യായമായ രീതിയിൽ നിങ്ങളുടെ മുതലുകൾ അന്യോന്യം നിങ്ങൾ തിന്നരുത്. നിങ്ങൾ പരസ്പര സമ്മത പ്രകാരം ചെയ്യുന്ന വ്യാപാരം മുഖേനെയല്ലാതെ. നിങ്ങൾ നിങ്ങളെ തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. അക്രമവും അന്യായവുമായി ആരത് ചെയ്യുന്നുവോ വേഗം തന്നെ അവനെ നാം നരകത്തിലിടുന്നതാണ്. അല്ലാഹുവിനത് എളുപ്പവുമാകുന്നു.

സാമ്പത്തിക ചൂഷണത്തിന് വിധേയമാക്കപ്പെടുന്ന മറ്റൊരു വിഭാഗമാണ് അനാഥരായ കുട്ടികൾ. പിതാവിന്റെ മരണം മൂലമോ അല്ലെങ്കിൽ മാതാപിതാക്കൾ രണ്ടു പേരുടെയും മരണം മൂലമോ പിഞ്ചുകുഞ്ഞുങ്ങൾ അനാഥരായിത്തീരുന്നു. പിതാവ് സാമ്പത്തിക ശേഷിയുള്ള വ്യക്തിയായിരുന്നുവെങ്കിൽ ആ സമ്പത്തിന്റെ മേൽ നോട്ടം വഹിക്കാനുള്ള സൗഭാഗ്യം സഹോദരന്മാർക്ക് ലഭിക്കുന്നു. ഇങ്ങനെയുള്ള സഹോദരന്മാരിൽ മിക്കവരും മരുമക്കളുടെ അവകാശങ്ങൾ വേണ്ട രീതിയിൽ കൊടുക്കാതെ തട്ടിയെടുക്കുവാൻ ശ്രമിക്കുന്നവരാണ്. മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ തന്നെ മുതിർന്ന മകന്റെ മരണം കാരണമായി അനാഥരായിത്തീരുന്ന ചെറുമക്കളും ഉണ്ട്. മുതിർന്ന മകന് കൊടുക്കേണ്ട അവകാശം അയാളുടെ ചെറുമക്കൾക്ക് ഭാഗിച്ചു കൊടുക്കാതെ തട്ടിയെടുക്കുവാൻ ശ്രമിക്കുന്ന പിതാക്കളും സമൂഹത്തിൽ നില കൊള്ളുന്നുണ്ട്. ഇങ്ങനെ അനാഥരുടെ മുതലുകൾ തട്ടിയെടുക്കുന്ന സാമൂഹ്യ ദ്രോഹികൾക്ക് വളരെ രൂക്ഷമായ മുന്നറിയിപ്പ് വിശുദ്ധ ഖുർആനിൽ നൽകിയിരിക്കുന്നു. അവർക്കും നരകശിക്ഷ വാഗ്ദാനം ചെയ്തിരിക്കുകയാണ്.

وَءَاتُواْ ٱلۡيَتَٰمَىٰٓ أَمۡوَٰلَهُمۡۖ وَلَا تَتَبَدَّلُواْ ٱلۡخَبِيثَ بِٱلطَّيِّبِۖ وَلَا تَأۡكُلُوٓاْ

أَمْوَٰلَهُمْ إِلَىٰٓ أَمْوَٰلِكُمْ ۚ إِنَّهُۥ كَانَ حُوبًا كَبِيرًا ۝

4:03– "അനാഥക്കുട്ടികൾക്ക് അവരുടെ മുതലുകൾ നിങ്ങൾ വിട്ടുകൊടുക്കുവിൻ. നല്ലതിനു പകരം ദുഷിച്ചത് നിങ്ങൾ മാറ്റിയെടുക്കരുത്. നിങ്ങളുടെ മുതലുകളോട് കൂട്ടിച്ചേർത്തുകൊണ്ട് അവരുടെ മുതലുകൾ നിങ്ങൾ തിന്നുകയും ചെയ്യരുത്. തീർച്ചയായും അത് മഹാപാപമാകുന്നു.

അനാഥരുടെ മുതലുകൾ നോക്കിനടത്തുന്നവർ, അവരുടെ വിവാഹപ്രായമെത്തുമ്പോൾ അതവർക്ക് വിട്ടുകൊടുക്കേണ്ടതാണ്. നോക്കി നടത്തുന്നവർ ദരിദ്രരാണെങ്കിൽ നീതിപൂർവ്വമായ രീതിയിൽ അയാളുടെ സേവനത്തിനുള്ള പ്രതിഫലമെന്ന നിലിയിൽ ഒരംശം അയാൾക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ നോക്കി നടത്തുന്നവൻ ധനികനാണെങ്കിൽ ഒന്നും എടുക്കാതെ ഒഴിഞ്ഞു നിൽക്കുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

وَٱبْتَلُوا۟ ٱلْيَتَٰمَىٰ حَتَّىٰٓ إِذَا بَلَغُوا۟ ٱلنِّكَاحَ فَإِنْ ءَانَسْتُم مِّنْهُمْ رُشْدًا فَٱدْفَعُوٓا۟ إِلَيْهِمْ أَمْوَٰلَهُمْ ۖ
وَلَا تَأْكُلُوهَآ إِسْرَافًا وَبِدَارًا أَن يَكْبَرُوا۟ ۚ وَمَن كَانَ غَنِيًّا فَلْيَسْتَعْفِفْ ۖ وَمَن كَانَ فَقِيرًا
فَلْيَأْكُلْ بِٱلْمَعْرُوفِ ۚ فَإِذَا دَفَعْتُمْ إِلَيْهِمْ أَمْوَٰلَهُمْ فَأَشْهِدُوا۟ عَلَيْهِمْ ۚ وَكَفَىٰ بِٱللَّهِ حَسِيبًا ۝

4:07– "അനാഥക്കുട്ടികളുടെ വിവാഹ പ്രായം എത്തുന്നതുവരെ അവരെ പരീക്ഷിച്ചു നോക്കുക. അവരിൽ കാര്യബോധം നിങ്ങൾ കാണുന്നുവെങ്കിൽ അവരുടെ മുതലുകൾ അവർക്ക് വിട്ടു കൊടുക്കുക. അവർ വളർന്നുവരുന്നത് കണ്ടുകൊണ്ട് ധൂർത്തടിച്ചും ധൃതിപ്പെട്ടും നിങ്ങൾ അത് തിന്നുകളയരുത്. അയാൾ ധനികനാണെങ്കിൽ ഒഴിഞ്ഞു നിൽക്കട്ടെ. എന്നാൽ ദരിദ്രനാണെങ്കിൽ നീതിപൂർവ്വം ഭക്ഷിച്ചു കൊള്ളുകയും ചെയ്യട്ടെ. അവരുടെ മുതലുകൾ അവർക്ക് നിങ്ങൾ വിട്ടുകൊടുക്കുമ്പോൾ സാക്ഷി നിർത്തുകയും ചേയ്യേണ്ടതാണ്. കണക്കെടുക്കുന്നവനായി അല്ലാഹു മതിയായവനാണ്.

ഈ രീതിയിലല്ലാതെ അക്രമമായി അനാഥരുടെ മുതലുകൾ തിന്നുവർ നരകത്തിൽ ചെന്നുപതിക്കുന്നതാണ്.

إِنَّ ٱلَّذِينَ يَأْكُلُونَ أَمْوَٰلَ ٱلْيَتَٰمَىٰ ظُلْمًا إِنَّمَا يَأْكُلُونَ فِى بُطُونِهِمْ نَارًا ۖ وَسَيَصْلَوْنَ سَعِيرًا ۝

4:11– "അന്യായമായി അനാഥക്കുട്ടികളുടെ മുതലുകൾ തിന്നുന്നവർ അവരുടെ വയറുകളിൽ തിന്നിറക്കുന്നത് തീ മാത്രമാണ്. പിന്നീട് അവർ നരകത്തിൽ കത്തിയെരിയുന്നതുമാണ്.

وَلَا تَقْرَبُوا۟ مَالَ ٱلْيَتِيمِ إِلَّا بِٱلَّتِى هِىَ أَحْسَنُ حَتَّىٰ يَبْلُغَ أَشُدَّهُۥ ۚ وَأَوْفُوا۟ بِٱلْعَهْدِ ۖ إِنَّ ٱلْعَهْدَ كَانَ مَسْـُٔولًا ۝

17:35– "ഏറ്റവും ഉത്തമമായ രീതിയിലല്ലാതെ അനാഥയുടെ മുതലിനെ അവൻ പ്രായപൂർത്തി എത്തുന്നതുവരെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ കരാർ പാലിക്കുക. തീർച്ചയായും കരാറുകളെക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്.

ഇസ്‌ലാം പലിശയും അന്യായമായ സമ്പാദ്യത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇതും മറ്റുള്ളവരുടെ മുതലുകൾ അന്യായമായി തിന്നുതിനു തുല്യമാക്കിയിരിക്കുകയാണ്. ഉല്പാദനത്തിനു വേണ്ടി നൽകുന്ന ധനസഹായങ്ങൾക്കീടാക്കുന്ന പലിശ ഉല്പ്പാദനച്ചെലവിൽ ഉൾപ്പെടുത്തി സാധാരണക്കാരിൽനിന്നാണ് അത് അവസാനം ഈടാക്കുന്നത്. ഇത് ഉല്പ്പാദിത വസ്തുക്കളുടെ വില അഞ്ചിലൊന്നു മുതൽ നാലിലൊന്നുവരെ വർദ്ധിക്കുവാൻ ഇടയാകുന്നു. ഇങ്ങനെ സാധാരണക്കാരിൽ നിന്നും ഈടാക്കപ്പെടുന്ന പലിശ അത് ഏതാനും ചില സമ്പന്നരുടെ കീശയിൽ എത്തിച്ചേരുകയാണ് ചെയ്യുന്നത്. ഈ സംവിധാനം മുഖേന നാണയപ്പെരുപ്പുമുണ്ടാവുകയും ദരിദ്രൻ കൂടുതൽ ദരിദ്രനായിത്തീരുകയും ധനവാൻ കൂടുതൽ ധനവാനായിത്തീരുകയും ചെയ്യുന്നു. നമ്മുടെ സമ്പദ്ഘടനയുടെ വലിയൊരു ഭാഗം പലിശയായി നൽകികൊണ്ടിരിക്കുകയാണ്. ഏകദേശം നാലിലൊരു ഭാഗം. ഈ സ്ഥിതിവിവരണക്കണക്കിൽ നിന്ന് പലിശ സാധാരണക്കാരന്റെ രക്തം ഊറ്റിക്കുടിച്ചുകൊണ്ടിരിക്കുന്ന ഒരു വിപത്താണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഈ വിപത്തിനെക്കുറിച്ച് ഖുർആനെ പോലെ മറ്റൊരു വേദഗ്രന്ഥവും സമൂഹത്തെ ബോധവാന്മാരാക്കുന്നില്ല. ഇങ്ങനെ പലിശകാരണമായും മറ്റുവിധേനയും സമ്പത്ത് ധനികരിൽ മാത്രം കൈമാറപ്പെടുന്ന ഒരു വസ്തുവായിരിക്കരുതെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

كَيْ لَا يَكُونَ دُولَةًۢ بَيْنَ ٱلْأَغْنِيَآءِ مِنكُمْ

59:08– ".....ധനം നിങ്ങളിൽപ്പെട്ട ധനികരുടെയിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവായിരിക്കരുത്.....

പലിശയിലൂടെ യഥാർഥത്തിൽ സമ്പദ്ഘടന വർദ്ധിക്കുന്നില്ല. പലിശ നാണയത്തിന് മൂല്യശോഷണം ഉണ്ടാക്കുകയും സാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയുമാണ് ചെയ്യുന്നത്. ഒരു വർഷത്തിൽ സാധനങ്ങൾക്കുണ്ടാകുന്ന വിലക്കയറ്റം ആ വർഷത്തിൽ ലഭിക്കുന്ന പലിശ നിരക്കിനേക്കാൾ കൂടുതലാണ്. പലിശയിൽകൂടി സാധാരണക്കാരുടെ സമ്പത്തിൽ വർദ്ധനയുണ്ടാവില്ലെന്ന രഹസ്യം അല്ലാഹു അവന്റെ പവിത്ര ഗ്രന്ഥത്തിൽ ഇങ്ങനെ വിവരിക്കുന്നു:

وَمَآ ءَاتَيْتُم مِّن رِّبًا لِّيَرْبُوَا۟ فِىٓ أَمْوَٰلِ ٱلنَّاسِ فَلَا يَرْبُوا۟ عِندَ ٱللَّهِ ۖ وَمَآ ءَاتَيْتُم

مِّن زَكَوٰةٍ تُرِيدُونَ وَجْهَ ٱللَّهِ فَأُوْلَٰٓئِكَ هُمُ ٱلْمُضْعِفُونَ ۝

30:40– "ജനങ്ങളുടെ മുതലുകളിലൂടെ വർദ്ധനവുണ്ടാക്കാനായി നിങ്ങൾ പലിശയ്ക്ക് കൊടുക്കുന്നതൊന്നും അല്ലാഹുവിങ്കൽ വർദ്ധിക്കുകയില്ല. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നിങ്ങൾ വല്ലതും സക്കാത്തായി നൽകുന്നുവെങ്കിൽ അങ്ങനെ ചെയ്യുന്നവരാകുന്നു അവരുടെ സമ്പാദ്യം ഇരട്ടിയായി വർദ്ധിപ്പിക്കുന്നത്.

ഇസ്ലാമിന്റെ ആവിർഭാവ കാലം മുതൽ മുസ്ലിംകളുടെ മേൽക്കോയ്മ അവസാനിക്കുന്നതുവരെ പലിശയില്ലാത്തൊരു സമ്പദ്ഘടന ലോകത്ത് നിലനിന്നിരുന്നു. എന്നാൽ മുസ്ലിംകൾക്ക് കാലക്രമേണ അവരുടെ പ്രതാപം നഷ്ടമാവുകയും അവർക്ക് പാശ്ചാത്യസമ്പദ്ഘടനയ്ക്ക് കീഴ്പ്പെട്ടു ജീവിക്കേണ്ടതായും വന്നു. എന്നാൽ ജനങ്ങൾ പലിശ ഉണ്ടാക്കുന്ന വിപത്തിനെക്കുറിച്ച് ബോധവാന്മാരായിത്തീരുകയും അങ്ങനെ പലിശ ഭൂമിയിൽനിന്ന് നിശ്ലേഷം തുടച്ചു മാറ്റപ്പെടുന്ന ഒരു കാലഘട്ടം സംജാതമാകുകയും ചെയ്യും. ദൈവിക കരങ്ങളാൽ തന്നെ പലിശ ഭൂമിയിൽ നിന്നും നിർമ്മാർജനം ചെയ്യപ്പെടുന്നതാണെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വാഗ്ദാനം നൽകിയിരിക്കുകയാണ്.

يَمْحَقُ ٱللَّهُ ٱلرِّبَوٰا۟ وَيُرْبِى ٱلصَّدَقَٰتِ ۗ وَٱللَّهُ لَا يُحِبُّ كُلَّ كَفَّارٍ أَثِيمٍ ۝

2:277– "അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമ്മങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യും. യാതൊരു നന്ദികെട്ട മഹാപാപിയെയും അല്ലാഹു സ്നേഹിക്കുന്നതല്ല.

പലിശയും അതോടനുബന്ധിച്ചുള്ള എല്ലാ ഇടപാടുകളും അല്ലാഹു വിശ്വാസികൾക്ക് നിഷിദ്ധമാക്കിയിരിക്കുകയാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَذَرُوا۟ مَا بَقِىَ مِنَ ٱلرِّبَوٰٓا۟ إِن كُنتُم مُّؤْمِنِينَ ۝

2:279– "അല്ലയോ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. പലിശയിനത്തിൽ ബാക്കി കിട്ടാനുള്ളത് വിട്ടുകളയുകയും ചെയ്യുക. നിങ്ങൾ (യഥാർത്ഥ) വിശ്വാസികളാണെങ്കിൽ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَأْكُلُوا۟ ٱلرِّبَوٰٓا۟ أَضْعَٰفًا مُّضَٰعَفَةً ۖ

وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُفْلِحُونَ ۝ وَٱتَّقُوا۟ ٱلنَّارَ ٱلَّتِىٓ أُعِدَّتْ لِلْكَٰفِرِينَ ۝

3:131–132 "അല്ലയോ വിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നരുത്. അല്ലാഹുവിനെ നിങ്ങൾ ഭയപ്പെടുവിൻ. നിങ്ങൾ വിജയിക്കുന്നതിനുവേണ്ടി. നിഷേധികൾക്ക് ഒരുക്കിവെക്കപ്പെട്ട നരകാഗ്നിയെ നിങ്ങ

ൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

നിയന്ത്രണങ്ങൾക്ക് വിധേയമാകാതെ വ്യാപരത്തിന് അനുമതി ലഭിക്കുന്ന ഒരു സമ്പദ്ഘടനയാണ് വിശുദ്ധ ഖുർആനിൽ വിഭാവനം ചെയ്തിരിക്കുന്നത്. ആധുനിക ലോകത്ത് Free Market Economy എന്ന പേരിൽ അറിയപ്പെടുന്ന സാമ്പത്തിക സിദ്ധാന്തം ഇതിന്റെ ഒരു ഭാഗമത്രെ. ഭൂമിശാസ്ത്ര രേഖകൾക്കതീതമായി അന്താരാഷ്ട്ര നിലയിൽ കച്ചവടം ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ വിശുദ്ധ ഖുർആൻ ഉയർത്തിപ്പിടിക്കുന്നു. ഈ സ്വാതന്ത്ര്യത്തിന് ഹാനി വരുത്തുന്ന ഏതൊരു രാജ്യവും പട്ടിണിയിലേക്ക് തള്ളപ്പെടുമെന്ന് ഇതിൽനിന്ന് ഊഹിക്കാവുന്നതാണ്. സോവിയറ്റു യൂനിയനിലെയും ഇന്ത്യയിലെയും ദാരിദ്ര്യ പ്രശ്നം ഇതിന്റെ ഉദാഹരണമാകുന്നു.

സാമ്പത്തിക ശേഷിയുള്ളവർ അവരുടെ സമ്പത്ത് പലിശ ഈടാക്കുന്നതിനു വേണ്ടി ഉപയോഗിക്കാതെ അവർ അത് ഉല്പാദനപരമായ കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുകയാണ് വേണ്ടത്. അതുമൂലം സമൂഹത്തിന്റെ ക്രിയാശേഷി വർദ്ധിക്കുകയും പലർക്കും തൊഴിലവസരങ്ങൾ ലഭിക്കുകയും ചെയ്യുന്നതാണ്. ഇതിന് തുനിയുന്നവർക്ക് ദൈവികാനുഗ്രഹങ്ങൾ ആത്മീയമായും ഭൗതീകമായും ലഭിക്കുന്നതാണ്. അല്ലാതെ പലിശയിലേക്കു മടങ്ങുന്നവർ നരകശിക്ഷയ്ക്കു അവകാശികളായിത്തീരുന്നതാണെന്ന് ദൈവം മുന്നറിയിപ്പു നൽകുന്നു.

وَأَحَلَّ ٱللَّهُ ٱلْبَيْعَ وَحَرَّمَ ٱلرِّبَوٰا۟ ۚ فَمَن جَآءَهُۥ مَوْعِظَةٌ مِّن رَّبِّهِۦ فَٱنتَهَىٰ فَلَهُۥ مَا سَلَفَ وَأَمْرُهُۥٓ
إِلَى ٱللَّهِ ۖ وَمَنْ عَادَ فَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٢٧٥﴾

2:276 – "അല്ലാഹു വ്യാപാരം അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു. തന്റെ രക്ഷിതാവിൽ നിന്നുള്ള ഉപദേശം വന്നു കിട്ടയതിനു ശേഷം വല്ലവനും (പലിശയിൽനിന്ന്) വിരമിക്കുകയാണെങ്കിൽ മുമ്പ് വാങ്ങിയത് അവനുള്ളതാണ്. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിലേക്ക്) മടങ്ങുന്നുവെങ്കിൽ അവർ നരകാവകാശികളാണ്. അവർ അതിൽ വളരെക്കാലം വസിക്കുന്നതാണ്.

ഒരാളിൽ കൂടി അയാളുടെ ബന്ധുക്കൾക്ക് പിന്തുടർച്ചാവകാശം ലഭിക്കണമെങ്കിൽ അയാൾക്ക് വിട്ടേച്ചു പോകാൻ ധനം ഉണ്ടായിരിക്കണം. പക്ഷെ അനാവശ്യ മാർഗ്ഗങ്ങളിൽ കൂടി ധനം സമ്പാദിച്ച് അത് ബന്ധുക്കൾക്കു വേണ്ടി ഉപേക്ഷിച്ചു പോകുവാനല്ല ഇസ്ലാം പഠിപ്പിക്കുന്നത്. ഇസ്ലാം മാർഗ്ഗവും ലക്ഷ്യവും പരിശുദ്ധമായിരിക്കണമെന്ന് പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ അവൻ സമ്പാദിക്കുന്ന ധനവും പരിശുദ്ധമായിരിക്കണം. പരിശുദ്ധമായ ധനം മറ്റുള്ളവരുടെ മുതലുകൾ തട്ടിയെടുക്കാതെ

യും പലിശവാങ്ങാതെയും ഉള്ള സമ്പാദ്യമായിരിക്കണം. ഈ സത്യം മനസ്സിലാക്കുന്നതിനു വേണ്ടിയാണ് അനന്തരാവകാശ നിയമങ്ങൾ വിവരിക്കുന്നതിനു മുമ്പായി ഇത്രയും സംഗതികൾ വിശദീകരിച്ചത്.

വിശുദ്ധ ഖുർആനിൽ എറ്റവും അടുത്തബന്ധുക്കൾക്ക് മാത്രമെ നിശ്ചിത ഓഹരി ക്രമങ്ങൾ തിട്ടപ്പെടുത്തിയിട്ടുള്ളു. അവർ മാതാപിതാക്കളും ഭാര്യാഭർത്താക്കന്മാരും സന്താനങ്ങളും ചില സാഹചര്യങ്ങളിൽ സഹോദരീ സഹോദരന്മാരുമാണ്. ഇവരെ കൂടാതെ ഒരാൾക്ക് കടപ്പാടുള്ള മറ്റു കുടുംബാംഗങ്ങളും ഉണ്ടാകാവുന്നതാണ്. അതോടൊപ്പം സമൂഹത്തിന്റെ ഉന്നതിക്ക് ആവശ്യമായ മറ്റു കാര്യങ്ങളും ഉണ്ടാവാം. ഇതിനൊക്കെ വേണ്ടി ദേഹവിയോഗം ആസന്നമായവർ (ഉദാ: പ്രായമായവർ, അത്യാസന്നമായ നിലയിൽ രോഗബാധിതരായവർ) അവരുടെ വിയോഗശേഷം അവരുടെ സമ്പത്ത് എത് രീതിയിലാണ് ഭാഗിക്കേണ്ടതെന്ന് വസിയ്യത്ത് ചെയ്യണമെന്ന് അല്ലാഹു കല്പന പുറപ്പെടുവിച്ചിരിക്കയാണ്.
ആകെയുള്ള സമ്പത്തിന്റെ മൂന്നിലൊന്ന് വരെ വസിയ്യത്തായി രേഖപ്പെടുത്തുവാൻ റസൂൽ (സ) അനുവാദം നൽകിയിട്ടുണ്ട്. മൂന്നിലൊന്നിൽ അധികം വസിയ്യത്ത് ചെയ്യാൻ പാടില്ല. മൂന്നിൽ രണ്ടു ഭാഗം അടുത്ത അവകാശികൾക്ക് വിശുദ്ധ ഖുർആനിൽ അറിയിച്ച പ്രകാരം വീതിച്ചു കൊടുക്കേണ്ടതാണ്.

كُتِبَ عَلَيْكُمْ إِذَا حَضَرَ أَحَدَكُمُ ٱلْمَوْتُ إِن تَرَكَ خَيْرًا ٱلْوَصِيَّةُ

لِلْوَٰلِدَيْنِ وَٱلْأَقْرَبِينَ بِٱلْمَعْرُوفِ ۖ حَقًّا عَلَى ٱلْمُتَّقِينَ ۝

2:181– നിങ്ങളിൽ ആർക്കെങ്കിലും മരണം ആസന്നമായാൽ അയാൾ ധനം അവശേഷിപ്പിക്കുന്നുവെങ്കിൽ മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും ന്യായമായ രീതിയിൽ വസിയ്യത്ത് ചെയ്യുവാൻ നിങ്ങളോട് കല്പിക്കപ്പെട്ടിരിക്കുന്നു. ദൈവത്തെ ഭയപ്പെടുന്നവർക്ക് ഇതൊരു ബാദ്ധ്യതയാകുന്നു.

വസിയ്യത്ത് ചെയ്യുന്ന സമയത്ത് രണ്ടുസാക്ഷികൾ ഹാജരുണ്ടാവണം. സാധാരണ നിലയിൽ അവർ മുസ്ലിംകൾ തന്നെയായിരിക്കണം. യാത്രാ സമയത്താണ് മരണം ആസന്നമാവുന്നതെങ്കിൽ അമുസ്ലിം സുഹൃത്തുക്കളെയും സാക്ഷികളാക്കാവുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ شَهَٰدَةُ بَيْنِكُمْ إِذَا حَضَرَ أَحَدَكُمُ ٱلْمَوْتُ حِينَ ٱلْوَصِيَّةِ ٱثْنَانِ ذَوَا

عَدْلٍ مِّنكُمْ أَوْ ءَاخَرَانِ مِنْ غَيْرِكُمْ إِنْ أَنتُمْ ضَرَبْتُمْ فِى ٱلْأَرْضِ فَأَصَٰبَتْكُم مُّصِيبَةُ ٱلْمَوْتِ

5:106– “അല്ലയോ വിശ്വാസികളേ, നിങ്ങളിൽ ഒരാൾക്ക് മരണം വന്നണ

യുമ്പോൾ വസിയ്യത്ത് പറയുന്ന സമയത്ത് നിങ്ങളിൾ നിന്നു തന്നെയു ള്ള രണ്ടുപേരെ സാക്ഷികളാക്കുക. നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുന്ന സമയത്താണ് മരണം ആസന്നമാവുന്നതെങ്കിൽ നിങ്ങളിൽ പെടാത്ത ര ണ്ടു പേരെ (അമുസ്ലിം സുഹൃത്തുക്കളെ) സാക്ഷികളാക്കാവുന്നതാണ്. വസിയ്യത്ത് കേട്ടവർ അത് മാറ്റിമറിക്കുകയാണെങ്കിൽ അതിനുള്ള പാപം അവർ ചുമക്കേണ്ടി വരുന്നതാണ്.

فَمَنۢ بَدَّلَهُۥ بَعۡدَ مَا سَمِعَهُۥ فَإِنَّمَآ إِثۡمُهُۥ عَلَى ٱلَّذِينَ يُبَدِّلُونَهُۥٓۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٞ ١٨١

2:182– (വസിയ്യത്ത്) കേട്ടതിനുശേഷം ആരെങ്കിലും അത് മാറ്റിമറിക്കുക യാണെങ്കിൽ അതിന്റെ പാപം അത് മാറ്റിമറിച്ചവരുടെ മേൽ തന്നെയാ ണ്. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

എന്നാൽ ആരെങ്കിലും അന്യായമായ രീതിയിൽ വസിയ്യത്ത് ചെയ്യുകയാ ണെങ്കിൽ അതിനെ തടയുവാനും വസിയ്യത്ത് ന്യായ പൂർവ്വമാക്കുവാനും അതിന്റെ അവകാശികൾക്ക് അവകാശമുണ്ട്.

فَمَنۡ خَافَ مِن مُّوصٍ جَنَفًا أَوۡ إِثۡمٗا فَأَصۡلَحَ بَيۡنَهُمۡ فَلَآ إِثۡمَ عَلَيۡهِۚ إِنَّ ٱللَّهَ غَفُورٞ رَّحِيمٞ ١٨٢

2:183– "എന്നാൽ വസിയ്യത്ത് ചെയ്യുന്ന ആളുടെ ഭാഗത്തുനിന്നുതന്നെ അനീതിയോ കുറ്റമോ സംഭവിച്ചതായി ഭയപ്പെടുന്നുവെങ്കിൽ അവർക്കിട യിൽ രജ്ജിപ്പുണ്ടാക്കുന്നയാളുടെ മേൽ കുറ്റമില്ല. തീർച്ചയായും അല്ലാ ഹു പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

യാത്രാവേളയിലോ വിദൂര ദേശത്തുനിന്നോ മരണമാസന്നമായ സമയ ത്തുള്ള സമ്പാദ്യങ്ങൾ ഏല്പിച്ചവർ അതവരുടെ അവകാശികൾക്ക് എ ത്തിച്ചതിൽ വല്ല വീഴ്ചയും വരുത്തിയിട്ടുണ്ടെന്ന് സംശയം തോന്നുകയാ ണെങ്കിൽ കൊടുത്തേല്പിച്ചവരെ വിളിച്ചു വരുത്തി ചോദ്യം ചെയ്യാവുന്ന തും ഉചിതമായ നടപടി കൈകൊള്ളുകയും ചെയ്യാവുന്നതാണ്. റസൂൽ (സ) തിരുനേമനിയുടെ കാലത്ത് ഇങ്ങനെയൊരു സംഭവം നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ എടുക്കേണ്ട നടപടിയെക്കുറിച്ച് വിശുദ്ധ ഖുർആനിൽ ഇങ്ങനെ വെളിച്ചം വീശിയിരി ക്കുന്നു:

تَحۡبِسُونَهُمَا مِنۢ بَعۡدِ ٱلصَّلَوٰةِ فَيُقۡسِمَانِ بِٱللَّهِ إِنِ ٱرۡتَبۡتُمۡ لَا نَشۡتَرِي بِهِۦ

ثَمَنٗا وَلَوۡ كَانَ ذَا قُرۡبَىٰ وَلَا نَكۡتُمُ شَهَٰدَةَ ٱللَّهِ إِنَّآ إِذٗا لَّمِنَ ٱلۡأٓثِمِينَ ١٠٨

5:108 – "നിങ്ങൾ (സമ്പാദ്യം കൊടുത്തേല്പിച്ചവർ, അതു മുഴുവനായി എത്തിച്ചു തരാതെ വീഴ്ച്ച വരുത്തിയെന്ന്) സംശയിക്കുന്നെങ്കിൽ നമസ് ക്കാരത്തിനു ശേഷം ഇരുവരേയും തടഞ്ഞു നിർത്തുക. എന്നിട്ട് അവർ

ഇരുവരും അല്ലാഹുവിന്റെ പേരിൽ 'സത്യം മറച്ചുവെക്കുന്നതിനു പകര മായി ഞങ്ങൾ ഒരു വിലയും വാങ്ങുകയില്ല' എന്ന് സത്യം ചെയ്യണം. അത് ഒരു അടുത്ത ബന്ധുവായിരുന്നാലും. അല്ലാഹുവിന്റെ സാക്ഷ്യ ത്തെ ഞങ്ങൾ മറച്ചുവെക്കുകയില്ലെയെന്നും അങ്ങനെയാണെങ്കിൽ ഞ ങ്ങൾ തീർച്ചയായും പാപികൾ തന്നെയാണെന്നും അവർ പറയട്ടെ.

വസിയ്യത്ത് സാധനങ്ങൾ ഏല്പിച്ചവർ കുറ്റക്കാരാണെന്നു കണ്ടാൽ അ തിന്റെ അവകാശികൾക്ക് അവരുടെ സാക്ഷ്യത്തെ മറികടന്നുകൊണ്ട് മറ്റൊരു സാക്ഷ്യം ചെയ്യാവുന്നതാണ്. അപ്പോൾ അവകാശികളുടെ സാ ക്ഷ്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം ഉണ്ടായിരിക്കുക. എന്നാൽ അവർ കൊടുക്കാതിരുന്ന മുതലുകൾ വിറ്റതായോ ഒളിപ്പിച്ചതായോ മറ്റോ തെളി വുകൾ കിട്ടുകയാണെങ്കിൽ മാത്രമെ ഇങ്ങനെയൊരു സാക്ഷ്യം പറയുന്ന തിന് അർത്ഥമുണ്ടാവുകയുള്ളു.

فَإِنۡ عُثِرَ عَلَىٰٓ أَنَّهُمَا ٱسۡتَحَقَّآ إِثۡمٗا فَـَٔاخَرَانِ يَقُومَانِ مَقَامَهُمَا مِنَ ٱلَّذِينَ ٱسۡتَحَقَّ عَلَيۡهِمُ ٱلۡأَوۡلَيَٰنِ
فَيُقۡسِمَانِ بِٱللَّهِ لَشَهَٰدَتُنَآ أَحَقُّ مِن شَهَٰدَتِهِمَا وَمَا ٱعۡتَدَيۡنَآ إِنَّآ إِذٗا لَّمِنَ ٱلظَّٰلِمِينَ ١٠٨

5:108– "എന്നാൽ ഇരുവരും കുറ്റക്കാരാണെന്ന് തെളിയുന്നുവെങ്കിൽ വ സിയ്യത്തിന്റെ അവകാശികളിൽപെട്ട രണ്ടു പേർ സാക്ഷി നിൽക്കണം. ഞങ്ങളുടെ സാക്ഷ്യം ആദ്യത്തെ രണ്ടു പേരുടെ സാക്ഷ്യത്തെക്കാളേറെ സത്യമാണ്, ഞങ്ങൾ അതിരു കടന്നിട്ടില്ല, അങ്ങനെയാണെങ്കിൽ ഞങ്ങ ൾ തെറ്റുകാരാണ് എന്ന് അല്ലാഹുവിനെ മുൻനിർത്തിക്കൊണ്ട് അവർ സത്യം ചെയ്യുകയും വേണം.

നമസ്ക്കാരാനന്തരം മറ്റുള്ളവരുടെ മുമ്പിൽ വെച്ച് സാക്ഷ്യം പറയിക്കു ന്നതിന്റെ പിറകിലുള്ള യുക്തി അടുത്ത വാക്യത്തിൽ അല്ലാഹു ഇങ്ങ നെ വ്യക്തമാക്കിയിരിക്കുന്നു:

فَإِنۡ عُثِرَ عَلَىٰٓ أَنَّهُمَا ٱسۡتَحَقَّآ إِثۡمٗا فَـَٔاخَرَانِ يَقُومَانِ مَقَامَهُمَا مِنَ ٱلَّذِينَ ٱسۡتَحَقَّ عَلَيۡهِمُ ٱلۡأَوۡلَيَٰنِ
فَيُقۡسِمَانِ بِٱللَّهِ لَشَهَٰدَتُنَآ أَحَقُّ مِن شَهَٰدَتِهِمَا وَمَا ٱعۡتَدَيۡنَآ إِنَّآ إِذٗا لَّمِنَ ٱلظَّٰلِمِينَ ١٠٨

5:109– "സത്യാവസ്ഥയനുസരിച്ച് അവർ സാക്ഷ്യം പറയുന്നതിന് അല്ലെ ങ്കിൽ അവരുടെ സാക്ഷ്യങ്ങൾക്കു ശേഷം മറ്റുള്ളവർ സാക്ഷ്യം പറയുമെ ന്ന് അവർ ഭയപ്പെടുകയും ചെയ്യുന്നതിന് ഇത് ഏറെ അടുത്ത മാർഗ്ഗമാ കുന്നു. അതുകൊണ്ട് അല്ലാഹുവിനെ ഭയപ്പെടുകയും ശ്രദ്ധിച്ചു കേൾക്കു കയും ചെയ്യുവിൻ.

ആദ്യമായി സ്ത്രീകൾക്കു പിന്തുടർച്ചാവകാശം നൽകിയ മതം ഇസ്ലാ മാണ്. ഇസ്ലാം 1400 വർഷങ്ങൾക്കു മുമ്പെ ഈ അവകാശം നല്കിയ

പ്പോൾ പാശ്ചാത്യ രാജ്യങ്ങൾ ഈ കഴിഞ്ഞ നൂറ്റാണ്ടിൽ ഏതാനും ശതാബ്ദങ്ങൾക്കു മുമ്പാണ് നിമയനിർമ്മാണം വഴി ഇങ്ങനെയൊരു അവകാശം സ്ത്രീകൾക്ക് കൊടുത്തത്. ഇസ്ലാമിൽ സ്ത്രീകൾക്ക് പുരുഷന്മാരുടേതിനു തുല്യമായ അവകാശം നൽകിയിട്ടില്ല. പുരുഷന്റെ പകുതി ഓഹരി മാത്രമെ സ്തീകൾക്കു ലഭിക്കുന്നുള്ളൂ. ആദ്യ നോട്ടത്തിൽ ഇതൊരു വിവേചനമായി തോന്നുമെങ്കിലും കൂടുതൽ ആഴത്തിൽ നോക്കിയാൽ ഇതൊരു വിവേചനമല്ലെന്ന് മനസ്സിലാക്കാവുന്നതാണ്. പുരുഷന് ഇരട്ടി ഓഹരി നൽകിയതിന്റെ കാരണം സ്വന്തം ഭാര്യയ്ക്കു വേണ്ടി ചിലവു ചെയ്യാനുള്ള ഉത്തരാവാദിത്വം അവനിൽ അർപ്പിതമായതു കൊണ്ടാണ്. സ്ത്രീകൾക്കു ഭർത്താവിനു വേണ്ടി ചിലവഴിക്കാനുള്ള ഉത്തരവാദിത്വം ഇല്ല. സ്ത്രീകൾക്ക് പുരുഷനു തുല്യമായ സ്വത്തവകാശം കൊടുക്കുന്നതിലും ഉപരിയായി അല്ലാഹു സ്ത്രീകളുടെ സംരക്ഷണത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്. അങ്ങനെ സ്ത്രീകളെ സംരക്ഷിക്കാനുള്ള ഉത്തരാവാദിത്വം പുരുഷന് കൊടുക്കുകയും അതിനുപോൽബലകമായി പിന്തുടർച്ചാവകാശം പുരുഷന് സ്ത്രീയേക്കാൾ ഇരട്ടിയാക്കുകയും ചെയ്തു. അങ്ങനെ സ്ത്രീയ്ക്ക് മാനസിക ഭാരം ലഘൂകരിച്ചു കൊടുക്കുകയും ചെയ്തു. രണ്ടു പേരെയും അല്ലാഹു സൃഷ്ടിച്ചത് കൊണ്ട് രണ്ടു പേർക്ക് ഏറ്റവും നല്ലത് ഏതാണെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ വിവേകത്തിനും യുക്തിക്കും മുന്നിൽ നാം കീഴ്വണക്കം കാണിക്കുകയാണ് വേണ്ടത്.

ഇങ്ങനെയൊക്കെയാണെങ്കിലും മാതാപിതാക്കളുടെ ജീവിത കാലത്ത് അവർ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പരിഗണന നൽകുകയും തുല്യമായി ചിലവാക്കുകയും ചെയ്യേണ്ടതാണ്. ഒരാൾക്കും മറ്റുള്ളവരേക്കാൾ കൂടുതൽ പരിഗണന നൽകുവാൻ പാടുള്ളതല്ല.

يُوصِيكُمُ ٱللَّهُ فِيٓ أَوۡلَٰدِكُمۡۖ لِلذَّكَرِ مِثۡلُ حَظِّ ٱلۡأُنثَيَيۡنِۚ فَإِن كُنَّ نِسَآءٗ فَوۡقَ ٱثۡنَتَيۡنِ فَلَهُنَّ
ثُلُثَا مَا تَرَكَۖ وَإِن كَانَتۡ وَٰحِدَةٗ فَلَهَا ٱلنِّصۡفُۚ وَلِأَبَوَيۡهِ لِكُلِّ وَٰحِدٖ مِّنۡهُمَا ٱلسُّدُسُ مِمَّا
تَرَكَ إِن كَانَ لَهُۥ وَلَدٞۚ فَإِن لَّمۡ يَكُن لَّهُۥ وَلَدٞ وَوَرِثَهُۥٓ أَبَوَاهُ فَلِأُمِّهِ ٱلثُّلُثُۚ فَإِن كَانَ لَهُۥٓ إِخۡوَةٞ
فَلِأُمِّهِ ٱلسُّدُسُۚ مِنۢ بَعۡدِ وَصِيَّةٖ يُوصِي بِهَآ أَوۡ دَيۡنٍۗ ءَابَآؤُكُمۡ وَأَبۡنَآؤُكُمۡ لَا تَدۡرُونَ أَيُّهُمۡ
أَقۡرَبُ لَكُمۡ نَفۡعٗاۚ فَرِيضَةٗ مِّنَ ٱللَّهِۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمٗا ۝ وَلَكُمۡ نِصۡفُ مَا تَرَكَ
أَزۡوَٰجُكُمۡ إِن لَّمۡ يَكُن لَّهُنَّ وَلَدٞۚ فَإِن كَانَ لَهُنَّ وَلَدٞ فَلَكُمُ ٱلرُّبُعُ مِمَّا تَرَكۡنَۚ مِنۢ بَعۡدِ وَصِيَّةٖ

يُوصِينَ بِهَآ أَوۡ دَيۡنٍۚ وَلَهُنَّ ٱلرُّبُعُ مِمَّا تَرَكۡتُمۡ إِن لَّمۡ يَكُن لَّكُمۡ وَلَدٞۚ فَإِن كَانَ لَكُمۡ وَلَدٞ فَلَهُنَّ ٱلثُّمُنُ مِمَّا تَرَكۡتُم مِّنۢ بَعۡدِ وَصِيَّةٖ تُوصُونَ بِهَآ أَوۡ دَيۡنٖۗ وَإِن كَانَ رَجُلٞ يُورَثُ كَلَٰلَةً أَوِ ٱمۡرَأَةٞ وَلَهُۥٓ أَخٌ أَوۡ أُخۡتٞ فَلِكُلِّ وَٰحِدٖ مِّنۡهُمَا ٱلسُّدُسُۚ فَإِن كَانُوٓاْ أَكۡثَرَ مِن ذَٰلِكَ فَهُمۡ شُرَكَآءُ فِي ٱلثُّلُثِۚ مِنۢ بَعۡدِ وَصِيَّةٖ يُوصَىٰ بِهَآ أَوۡ دَيۡنٍ غَيۡرَ مُضَآرّٖۚ وَصِيَّةٗ مِّنَ ٱللَّهِۗ وَٱللَّهُ عَلِيمٌ حَلِيمٞ ١٢ تِلۡكَ حُدُودُ ٱللَّهِۚ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ يُدۡخِلۡهُ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ وَذَٰلِكَ ٱلۡفَوۡزُ ٱلۡعَظِيمُ ١٣ وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ وَيَتَعَدَّ حُدُودَهُۥ يُدۡخِلۡهُ نَارًا خَٰلِدٗا فِيهَا وَلَهُۥ عَذَابٞ مُّهِينٞ ١٤

4:12– “നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളോട് കല്പിക്കുന്നു: പുരുഷന് രണ്ടു സ്ത്രീകളുടേതിനു തുല്യമായ ഓഹരികൾ ഉണ്ട്. അവർ രണ്ടിലധികം സ്ത്രീകൾ ഉണ്ടായിരുന്നാൽ വിട്ടുപോകുന്നതിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കാകുന്നു. ഒരു മകൾ മാത്രമാണെങ്കിൽ അവൾക്ക് പകുതിയാണുള്ളത്. പരേതന് സന്താനമുണ്ടെങ്കിൽ മാതാപിതാക്കൾ ഓരോരുത്തർക്കും അയാൾ വിട്ടേച്ചു പോയതിന്റെ ആറിലൊന്ന് വീതം ഉണ്ടായിരിക്കുന്നതാണ്. പരേതന് സന്താനമില്ലാതിരിക്കുകയും അയാളുടെ മതാപിതാക്കൾ അവകാശികളാവുകയും ചെയ്താൽ അയാളുടെ മാതാവിന് മൂന്നിലൊരു ഭാഗം ഉണ്ടായിരിക്കും. മരിച്ചവന് സഹോദരങ്ങളുണ്ടെങ്കിൽ മാതാവിന് ആറിലൊരു ഭാഗം ഉണ്ടായിരിക്കും. അയാൾ ചെയ്ത വസിയ്യത്തോ കടമോ തീർത്തതിനുശേഷം. നിങ്ങളുടെ മാതാപിതാക്കളിലും നിങ്ങളുടെ മക്കളിലും പ്രയോജനത്തിൽ ആരാണ് നിങ്ങളോട് കൂടുതൽ അടുത്തതെന്ന് നിങ്ങൾ അറിയുന്നില്ല. അല്ലാഹുവിൽനിന്നുള്ള നിർബന്ധമായ നിയമമാണിത്. തീർച്ചയായും അല്ലാഹു അറിവുറ്റവനും പരമ തന്ത്രജ്ഞനുമാകുന്നു.

وَلَكُمۡ نِصۡفُ مَا تَرَكَ أَزۡوَٰجُكُمۡ إِن لَّمۡ يَكُن لَّهُنَّ وَلَدٞۚ فَإِن كَانَ لَهُنَّ وَلَدٞ فَلَكُمُ ٱلرُّبُعُ مِمَّا تَرَكۡنَۚ مِنۢ بَعۡدِ وَصِيَّةٖ يُوصِينَ بِهَآ أَوۡ دَيۡنٖۚ وَلَهُنَّ ٱلرُّبُعُ مِمَّا تَرَكۡتُمۡ إِن لَّمۡ يَكُن لَّكُمۡ وَلَدٞۚ فَإِن كَانَ لَكُمۡ وَلَدٞ فَلَهُنَّ ٱلثُّمُنُ مِمَّا تَرَكۡتُم مِّنۢ بَعۡدِ وَصِيَّةٖ تُوصُونَ بِهَآ أَوۡ دَيۡنٖۗ وَإِن كَانَ رَجُلٞ يُورَثُ كَلَٰلَةً أَوِ

ٱمۡرَأَةٌ وَلَهُۥٓ أَخٌ أَوۡ أُخۡتٞ فَلِكُلِّ وَٰحِدٖ مِّنۡهُمَا ٱلسُّدُسُۚ فَإِن كَانُوٓاْ أَكۡثَرَ مِن ذَٰلِكَ فَهُمۡ
شُرَكَآءُ فِي ٱلثُّلُثِۚ مِنۢ بَعۡدِ وَصِيَّةٖ يُوصَىٰ بِهَآ أَوۡ دَيۡنٍ غَيۡرَ مُضَآرّٖۚ وَصِيَّةٗ مِّنَ ٱللَّهِۗ وَٱللَّهُ عَلِيمٌ
حَلِيمٞ ١٢

4:13- നിങ്ങളുടെ ഭാര്യമാർക്ക് സന്താനമില്ലെങ്കിൽ അവർ വിട്ടുപോകുന്നതിൽ നിങ്ങൾക്ക് പകുതിയുണ്ട്. അവർക്ക് സന്താനമുണ്ടെങ്കിൽ അവർ വിട്ടുപോകുന്നതിൽ നിങ്ങൾക്ക് നാലിലൊന്നുണ്ട്. അവർ ചെയ്ത വസിയ്യത്തോ കടമോ തീർത്തതിനുശേഷം. നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടുപോകുന്നതിന്റെ നാലിലൊന്ന് അവർക്കാണ്. സന്താനമുണ്ടെങ്കിൽ നിങ്ങൾ വിട്ടുപോകുന്നതിന്റെ എട്ടിലൊന്നും. നിങ്ങൾ ചെയ്തതായ വസിയ്യത്തോ കടമോ തീർത്തതിനുശേഷം. നിങ്ങളിലെ പരേതൻ കലാല (മാതാപിതാക്കളും സന്താനങ്ങളും ഇല്ലാത്തവൻ) ആയിരുന്നാൽ അയാൾക്ക് ഒരു സഹോദരനോ സഹോദരിയോ ഉണ്ടെങ്കിൽ അവരിലോരോർത്തർക്കും ആറിലൊന്നുണ്ട്. എന്നാൽ അവർ അതിൽ കൂടുതൽ ആയിരുന്നാൽ അപ്പോൾ അവർക്ക് മൂന്നിൽ ഒരോഹരിയുണ്ട്. ദ്രോഹകരമല്ലാത്ത രീതിയിൽ അയാൾ ചെയ്ത വസിയ്യത്തോ കടമോ തീർത്തതിനു ശേഷം. അല്ലാഹുവിൽനിന്നുള്ള ശാസനമാണിത്. അല്ലാഹു അറിവുറ്റവനും സഹനശീലനുമാകുന്നു.

تِلۡكَ حُدُودُ ٱللَّهِۚ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ يُدۡخِلۡهُ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ
خَٰلِدِينَ فِيهَاۚ وَذَٰلِكَ ٱلۡفَوۡزُ ٱلۡعَظِيمُ ١٣ وَمَن يَعۡصِ ٱللَّهَ وَرَسُولَهُۥ وَيَتَعَدَّ حُدُودَهُۥ يُدۡخِلۡهُ
نَارًا خَٰلِدٗا فِيهَا وَلَهُۥ عَذَابٞ مُّهِينٞ ١٤

4:14-15. ഇവ അല്ലാഹുവിന്റെ പരിധികളാകുന്നു. ആർ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നുവോ അവനെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്. അതിലവർ വസിക്കുകയായി. അതത്രേ മഹത്തായ വിജയം. ആർ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കാതിരിക്കുകയും അല്ലാഹുവിന്റെ പരിധികളെ കവച്ചു വെക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കുന്നതാണ്. അതിലവൻ പാർക്കും. അവന് അപമാനകരമായ ശിക്ഷയുണ്ട്.

കലാല എന്ന വാക്കിന്റെ ഉദ്ദേശം മാതാപിതാക്കളും സന്താനങ്ങളും ഇല്ലാത്തവൻ എന്നാണ്. സന്താനങ്ങൾ ഇല്ലാതെ മാതാപിതാക്കൾ അവശേ

ഷിക്കുന്നവർക്കുള്ള ഓഹരികൾ അതിനു മുകളിലായി വിവരിച്ചിട്ടുണ്ട്. കലാലയെക്കുറിച്ച് കൂടുതൽ വിശദമായി താഴെ വീണ്ടും വിവരിക്കുന്നുണ്ട്.

മാതാപിതാക്കളിലും മക്കളിലും നിന്ന് ആരാണ് കൂടുതൽ പ്രയോജനത്തിന് എത്തുക എന്ന് നിങ്ങൾ അറിയുന്നില്ല എന്നു പറഞ്ഞതിന്റെ താല്പര്യം മാതാപിതാക്കളെ അവഗണിച്ചുകൊണ്ട് മക്കൾക്കോ മക്കളെ അവഗണിച്ചു കൊണ്ട് മാതാപിതാക്കൾക്കോ പ്രാധാന്യം കൊടുക്കരുതെന്നാണ്. അതുപോലെ മക്കളിൽ പ്രത്യേകമായി ഒരാൾക്കും പ്രാധാന്യം കൊടുക്കരുതെന്നുമാണ്. അങ്ങനെ അതിരു കടക്കുന്നവർ അവസാനം പരാജയം ഏറ്റുവാങ്ങേണ്ടി വരുമെന്നർത്ഥം.

അല്ലാഹുവിൽനിന്നുള്ള ശാസനയാണിതെന്ന് പറഞ്ഞതിന്റെ അർത്ഥം അല്ലാഹു തിട്ടപ്പെടുത്തിയ ഓഹരി ക്രമങ്ങൾ കളിതമാശയായി എടുക്കുകയോ അതിരു കടക്കുകയോ ചെയ്യരുതെന്നാണ്. അങ്ങനെ അതിരു കടക്കുന്നവർക്ക് നരക ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. കലാലയെക്കുറിച്ച് വീണ്ടും വിശുദ്ധ ഖുർആനിൽ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു.

يَسْتَفْتُونَكَ قُلِ ٱللَّهُ يُفْتِيكُمْ فِى ٱلْكَلَٰلَةِ ۚ إِنِ ٱمْرُؤٌا۟ هَلَكَ لَيْسَ لَهُۥ وَلَدٌ وَلَهُۥٓ أُخْتٌ فَلَهَا نِصْفُ مَا تَرَكَ ۚ وَهُوَ يَرِثُهَآ إِن لَّمْ يَكُن لَّهَا وَلَدٌ ۚ فَإِن كَانَتَا ٱثْنَتَيْنِ فَلَهُمَا ٱلثُّلُثَانِ مِمَّا تَرَكَ ۚ وَإِن كَانُوٓا۟ إِخْوَةً رِّجَالًا وَنِسَآءً فَلِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ ۗ يُبَيِّنُ ٱللَّهُ لَكُمْ أَن تَضِلُّوا۟ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌۢ ﴿١٧٦﴾

4:178– "കലാലയുടെ കാര്യത്തിൽ അവർ നിന്നോട് വിധി ആരായുന്നു, അല്ലാഹു ഇതാ നിങ്ങൾക്കു വിധിതരുന്നു. മകനില്ലാതെ ഒരാൾ മരിക്കുകയും അയാൾക്കൊരു സഹോദരിയുണ്ടാവുകയും ചെയ്താൽ അയാൾ വിട്ടു പോകുന്നതിന്റെ പകുതി അവൾക്കുണ്ട്. ഒരു മകനില്ലാതെ അവൾ മരണപ്പെടുകയാണെങ്കിൽ അവൻ (സഹോദരൻ) അവളുടെ സ്വത്തിന് മുഴുവനും അവകാശിയായിത്തീരും. ഇനി അവർ രണ്ട് (സഹോദരികൾ) ആണുള്ളതെങ്കിൽ അവൻ വിട്ടുപോയതിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കുള്ളതാണ്. സഹോദരീ സഹോദരങ്ങൾ ഉണ്ടായിരുന്നാൽ രണ്ടു സ്ത്രീകളുടെതിനു തുല്യമായ ഓഹരി പുരുഷനുണ്ടായിരിക്കും. നിങ്ങൾക്ക് തെറ്റ്പറ്റാതിരിക്കുന്നതിനുവേണ്ടി അല്ലാഹു കാര്യങ്ങൾ വ്യക്തമാക്കിത്തരുന്നു. അല്ലാഹു എല്ലാ കാര്യത്തിലും അറിവുറ്റവനാകുന്നു.

അവർ രണ്ടിലധികം സ്ത്രീകൾ ഉണ്ടായിരുന്നാൽ വിട്ടുപോകുന്നതിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കാകുന്നു എന്ന് 4:12ൽ പറഞ്ഞതിൽനിന്നും ഒരു സംശയം ഉടലെടുക്കാവുന്നതാണ്, രണ്ടും സ്ത്രീകൾ മാത്രം ആയാലോ?

രണ്ടു സ്ത്രീകളായാലും മൂന്നിൽ രണ്ടു ഭാഗം തന്നെയാണ് ഓഹരിയെന്ന് കലാലയെ സംബന്ധിച്ചു പറഞ്ഞ മേൽ സൂക്തത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. കാരണം കലാലയുടെ കാര്യത്തിൽ അങ്ങനെയാണ് അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നത്.

സന്താനങ്ങളിൽ ആൺ മക്കൾക്ക് ഇരട്ടി ഓഹരി ലഭിക്കുന്നതു പോലെ, മാതാപിതാക്കളിൽ പിതാവിനാണ് കൂടുതൽ ഓഹരി ലഭിക്കുന്നത്. പരേതന് സന്താനങ്ങളും സഹോദരീസഹോദരൻമാരുമില്ലെങ്കിൽ മാതാവിന് മൂന്നിലൊന്നും ബാക്കി പിതാവിനുമാണ് (മൂന്നിൽ രണ്ടു ഭാഗം). മരിച്ച വ്യക്തിക്ക് സഹോദരങ്ങൾ ഉണ്ടാവുകയും അതോടൊപ്പം സന്താനമില്ലാതെയുമിരുന്നാൽ മാതാവിന് ആറിലൊന്നും ബാക്കി (ആറിൽ അഞ്ചു ഭാഗം) പിതാവിനുമാണ്. പിതാവിൽനിന്ന് പിന്നീട് പിന്തുടർച്ചയായി ലഭിക്കുന്നതല്ലാതെ സഹോദരങ്ങൾക്ക് മറ്റ് അവകാശങ്ങൾ ഒന്നുമില്ല. കാരണം സ്വന്തം മക്കളെ സംരക്ഷിക്കേണ്ട ബാദ്ധ്യത പിതാവിൻെറതാണ്.

മേൽപറഞ്ഞ ഓഹരികളെല്ലാം ഭാഗികമാണ്. ഓരോരുത്തരുടെയും ഓഹരികൾ കണക്കാക്കി അതെല്ലാം ഒന്നിച്ചു കൂട്ടിയതിനുശേഷമാണ് ശരിയായ ഓഹരികൾ കണക്കാക്കേണ്ടത്. താഴെ കൊടുത്ത ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

ഉദാഹരണമായി മൂന്ന് പെൺമക്കളും, മാതാവും പിതാവും അവകാശികളാകുകയും, വസിയ്യത്തും കടവും കഴിച്ച് ബാക്കി സ്വത്തിൻെറ വില 6 ലക്ഷം രൂപയുമാണെങ്കിൽ, പെൺമക്കൾക്കെല്ലാവർക്കും കൂടി 2/3ഉം (നാല് ലക്ഷവും) മാതാവിന് 1/6ഉം (ഒരു ലക്ഷവും) പിതാവിന് 1/6 ഉം (ഒരു ലക്ഷവും) കൂടി കണക്ക് പൂർത്തിയാകുന്നതാണ്. എന്നാൽ പരേതൻെറ ഭാര്യയും കൂടി ജീവിച്ചിരുപ്പുണ്ടെങ്കിൽ അവർക്ക് 1/8 ലഭിക്കേണ്ടതുണ്ട്. അപ്പോൾ എല്ലാവർക്കും തുക ആനുപാതികമായി കുറയുന്നതാണ്.

മൂന്ന് പെൺമക്കൾ	2/3 = 16/24
പിതാവ്	1/6 = 04/24
മാതാവ്	1/6 = 04/24
ഭാര്യ	1/8 = 03/24
ആകെ ഓഹരി	27

അപ്പോൾ ആകെ സ്വത്ത് 27 ഓഹരിയാക്കേണ്ടതും മൂന്ന് പെൺമക്കൾക്കും കൂടി 16/27ഉം (3,55,555 രൂപയും) പിതാവിന് 4/27ഉം (88,888 രൂപയും) മാതാവിന് 4/27ഉം (88,888 രൂപയും) ഭാര്യയ്ക്ക് 3/27ഉം (66,666 രൂപയും) ലഭിക്കുന്നതാണ്.

ഇനി ഒരു മകളും മാതാവും പിതാവും ആണ് അവകാശികളാവുന്നതെങ്കിൽ:

മകൾക്ക് പകുതി	1/2 = 3/6
മാതാവിന്	1/6
പിതാവിന്	1/6
ആകെ ഓഹരി	5

അപ്പോൾ ആകെയുള്ള സ്വത്തായ 6 ലക്ഷം രൂപ അഞ്ചോഹരി വെക്കുകയും മകൾക്ക് 3/5ഉം (3,60,000 രൂപയും) മാതാവിന് 1/5ഉം (1,20,000 രൂപയും) പിതാവിന് 1/5ഉം (1,20,000 രൂപയും) ലഭിക്കുന്നതാണ്.

ഇനി ഒരു മകളും മാതാവും പിതാവും ഭാര്യയും ആണ് അവകാശികളാവുന്നതെങ്കിൽ:

മകൾക്ക് പകുതി	1/2 = 12/24
മാതാവിന്	1/6 = 04/24
പിതാവിന്	1/6 = 04/24
ഭാര്യക്ക്	1/8 = 03/24
ആകെ ഓഹരി	23

ആകെയുള്ള 6 ലക്ഷം രൂപ 23 ഓഹരിവെച്ചുകൊണ്ട് മകൾക്ക് 12/23 ഉം (3,13,043 രൂപയും) മാതാവിന് 4/23ഉം (1,04,347 രൂപയും) പിതാവിന് 4/23ഉം (1,04,347 രൂപയും) ഭാര്യയ്ക്ക് 3/23ഉം (78,260 രൂപയും) ലഭിക്കുന്നതാണ്.

മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ പൈസ്സയായിവരുന്ന തുക വിട്ടു കളഞ്ഞിരിക്കുകയാണ്. ഇനിയും കൂടുതൽ അറിയണമെന്നാഗ്രഹിക്കുന്നവർ നിയമ പുസ്തകങ്ങൾ നോക്കേണ്ടതാണ്.

അർഹമായ രീതിയിൽ അവകാശങ്ങൾ പ്രഖ്യാപിച്ച ഏക ദൈവിക മതം ഇസ്ലാം മാത്രമാണ്. അല്ലാഹു കല്പിച്ച രീതിയിൽ അവകാശങ്ങൾ നല്കാനുള്ള സൗഭാഗ്യം അല്ലാഹു നമുക്കെല്ലാവർക്കും നൽകുമാറാകട്ടെ ആമീൻ.

****

34
ദൈവികാനുഗ്രഹങ്ങൾ.

ദൈവം നമുക്ക് കനിഞ്ഞു നൽകിയ അനുഗ്രഹങ്ങൾ ഓർക്കുകയും നാം അതിന് ദൈവത്തോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമെ നമുക്ക് ദൈവത്തിന്റെ അടുക്കലേക്ക് എത്തിച്ചേരാൻ പറ്റുകയുള്ളു. നാം ഓരോ നിമിഷവും എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്ത രീതിയിൽ അവന്റെ അനുഗ്രഹത്തിനു താഴെയാണ് ജീവിക്കുന്നത്. നമ്മുടെ ജീവിത നിലനില്പിനാവശ്യമായ ഘടകങ്ങൾ എന്തൊക്കെയാണെന്നതു തന്നെ നമ്മുടെ സങ്കല്പത്തിനതീതമാണ്. കുറെയൊക്കെ നമുക്ക് അനുഭവിച്ചറിയുവാനും തിട്ടപ്പെടുത്തുവാനും സാധിക്കുമെങ്കിലും നമുക്കറിയുവാൻ കഴിയാത്ത എത്രയോ ഘടകങ്ങൾ വേറെയും കിടക്കുന്നു. എന്നാൽ നന്ദികെട്ട മനുഷ്യർ ഇതൊന്നും ഗൗനിക്കാതെയും കൃതജ്ഞത പ്രകടിപ്പിക്കാതെയും അഹങ്കാരത്തോടെ ദൈവികാനുഗ്രഹങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ നിഷേധഭാവത്തിൽ ജീവിതം കഴിച്ചു കൂട്ടുന്നു. പക്ഷെ ദൈവികാനുഗ്രഹത്തെ നിഷേധിക്കുന്നവന് അവന്റെ എല്ലാം തന്നെ നഷ്ടപ്പെട്ടുപോകുകയാണ് ചെയ്യുന്നത്. അവന് അവൻ തന്നെ സ്വയം നഷ്ടമാകുന്നു. ഈ പ്രപഞ്ചവും അതിലെ സകലവും ദൈവം മനുഷ്യനു വേണ്ടി സൃഷ്ടിക്കുകയും അവന് അധീനപ്പെടുത്തി കൊടുത്തിരിക്കുകയും ചെയ്തിരിക്കുന്നുവെന്നാണ് അല്ലാഹു പറയുന്നത്. അതു കൂടാതെ മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പു തന്നെ അവന്റെ നിലനില്പിനാവശ്യമായ എല്ലാം തന്നെ ഭൂമിയിൽ ഒരുക്കി വെച്ചു. മനുഷ്യൻ പിറവിയെടുക്കുന്നതിനുമുമ്പായി മാതാവിന്റെ സ്തനങ്ങളിൽ മുലപ്പാലും ആ മുലപ്പാലിൽ ജീവിതം ആരംഭിക്കുവാനവശ്യമായ എല്ലാ ഘടകങ്ങളും ഉൾകൊള്ളിക്കുകയും ചെയ്തു. അവന് കാണുവാൻ കണ്ണുകളും കേൾക്കുവാൻ ചെവിയും ആലോചിക്കുവാൻ ബുദ്ധിയും കൺകുളിർക്കുവാൻ ഇണകളെയും ജീവിതം സന്തോഷമാക്കിത്തീർക്കാൻ അഭിരുചികളും കൊടുത്തു. മാത്രമല്ല സ്വർഗ്ഗീയാനുഭൂതി നേടിയെടുക്കുവാൻ തക്കരീതിയിൽ ആത്മചോദനവും നൽകി. പാരിതോഷികമായി ജീവിതം തരികയും ആ ജീവിതത്തിൽ അത്യുന്നതമായ ആനന്ദം അനുഭവിക്കാനുള്ള സാഹചര്യങ്ങൾ ലഭ്യമാക്കിത്തരികയും ചെയ്ത ദൈവത്തെ നിഷേധിക്കുന്ന മനുഷ്യൻ എത്രമാത്രം ഭാഗ്യം കെട്ടവാനാണ്! അവൻ പ്രകടിപ്പിക്കുന്ന നന്ദികേട് അവസാനം അവന് ഹൃദയവേദനയായ അഗ്നിയായി പരിണമിച്ച് അവനതിൽ വെന്തെരിയുവാൻ കാരണമായിത്തീരുന്നു.

എണ്ണിതിട്ടപ്പെടുത്തുവാൻ സാധിക്കാത്ത രീതിയിൽ സീമാതീതമാണ് അല്ലാഹുവിന്റെ അനുഗ്രഹമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. മാത്രമല്ല, മനുഷ്യന് അവന്റെ നിലനില്പിന് ആവശ്യമുള്ളതെല്ലാം ദൈവം നൽകുകയും ചെയ്തിരിക്കുന്നു.

وَءَاتَىٰكُم مِّن كُلِّ مَا سَأَلْتُمُوهُ ۚ وَإِن تَعُدُّوا۟ نِعْمَتَ ٱللَّهِ لَا تُحْصُوهَآ ۗ إِنَّ ٱلْإِنسَـٰنَ لَظَلُومٌ كَفَّارٌ ﴿٣٤﴾

14:35– "അവനോട് നിങ്ങൾ ചോദിച്ചതിൽ നിന്നെല്ലാം അവൻ നിങ്ങൾക്ക് നൽകിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് എണ്ണിതിട്ടപ്പെടുത്താൻ കഴിയുകയില്ല. (എന്നാൽ) മനുഷ്യൻ തീർച്ചയായും മഹാ അക്രമകാരിയും വളരെ നന്ദികെട്ടവനുമാകുന്നു.

وَإِن تَعُدُّوا۟ نِعْمَةَ ٱللَّهِ لَا تُحْصُوهَآ ۗ إِنَّ ٱللَّهَ لَغَفُورٌ رَّحِيمٌ ﴿١٨﴾

16:19 – "അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് എണ്ണിതിട്ടപ്പെടുത്താൻ കഴിയുകയില്ല. തീർച്ചയായും അല്ലാഹു പൊറുത്തു തരുന്നവനും കരുണാനിധിയുമാകുന്നു.

അല്ലാഹുവിനോട് ഭയഭക്തി കാണിക്കുവാൻ പറഞ്ഞിരിക്കുന്നത് ദൈവത്തെ ഒരു പേടി സ്വപ്നമെന്ന പോലെ കണ്ടുകൊണ്ട് ജീവിതം കഴിച്ചു കൂട്ടുവാനല്ല. അവന്റെ എല്ലാതരം ഭൗതികവും ആത്മീയവും ആയ അനുഗ്രഹങ്ങൾ പൂർണ്ണമായി ലഭിക്കുന്നതിനും സ്വർഗ്ഗ പ്രാപ്തി നേടുന്നതിനുമാണ്.

وَٱخْشَوْنِى وَلِأُتِمَّ نِعْمَتِى عَلَيْكُمْ وَلَعَلَّكُمْ تَهْتَدُونَ ﴿١٥٠﴾

2:151–"...നിങ്ങൾ എന്നെ ഭയപ്പെടുവിൻ. എന്റെ അനുഗ്രഹം നിങ്ങളുടെ മേൽ പൂർത്തീകരിക്കുന്നതിനും നിങ്ങൾ സന്മാർഗ്ഗം പ്രാപിക്കുന്നതിനും വേണ്ടി."

ഈ പ്രപഞ്ചം പൂർണ്ണമായും മനുഷ്യനു വേണ്ടി സൃഷ്ടിച്ചൊരുക്കിയ ദൈവത്തെ മറന്നു കൊണ്ട് ജീവിക്കാൻ മാത്രം ഈ ലോകത്ത് വേറെ എന്താണുള്ളത്? നശ്വരമായ ജീവിതം മനുഷ്യനെ വഞ്ചിതനാക്കാതിരിക്കുവാൻ ഔദാര്യവാനായ സൃഷ്ടാവ് അവനെ ഉപദേശിക്കുന്നു.

فَبِأَىِّ ءَالَآءِ رَبِّكَ تَتَمَارَىٰ ﴿٥٥﴾

53:56– "നിന്റെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതൊന്നിനെക്കുറിച്ചാണ് നീ തർക്കിക്കുന്നത്?"

يَـٰٓأَيُّهَا ٱلْإِنسَـٰنُ مَا غَرَّكَ بِرَبِّكَ ٱلْكَرِيمِ ﴿٦﴾ ٱلَّذِى خَلَقَكَ فَسَوَّىٰكَ فَعَدَلَكَ ﴿٧﴾

82:7–8 "ഹേ മനുഷ്യാ, ഔദാര്യനിധിയായ നിന്റെ നാഥന്റെ കാര്യത്തിൽ നിന്നെ വഞ്ചിതനാക്കിയത് ഏതൊരു കാര്യമാണ്? നിന്നെ സൃഷ്ടിക്കുകയും ക്രമീകരിക്കുകയും രൂപ ഘടനയിലാക്കുകയും താനുദ്ദേശിച്ച രൂപത്തിൽ നിന്നെ കൂട്ടിയോജിപ്പിക്കുകയും ചെയ്തവനത്രേ അവൻ.

ഈ പ്രപഞ്ചത്തെ സത്യത്തിലും നീതിയിലും സൃഷ്ടിച്ചു എന്നതാണ് ദൈവത്തിന്റെ മഹത്തായൊരനുഗ്രഹം. ദൈവേതര ശക്തികളെല്ലാം ത ന്നെ മനുഷ്യനെ ചൂഷണ വിധേയമാക്കാൻ ശ്രമിക്കുമ്പോൾ അവന്റെ നീതി നിയമം നടപ്പാകുകയും ദുഷ്ടന്മാർ നാശമടയുകയും നല്ലവർ ബാ ക്കിയാവുകയും ചെയ്യുന്നു. അവന്റെ നീതി നിയമം ലോകത്ത് നടപ്പായി രുന്നില്ലെങ്കിൽ ഏതാനും ചില മനുഷ്യ വ്യക്തികൾ അവരെക്കാൾ ശക്തി കുറഞ്ഞവരെയെല്ലാം തന്നെ ചൂഷണവിഷധയമാക്കുകയും അടിമത്തത്തി ൽ ബന്ധിക്കുകയും ചെയ്യുമായിരുന്നു. ഈ ലോകത്തിലെ ദുഷ്ടന്മാർ അന്യായമായി അവിഹിത മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് ലോകത്തെ അവരുടെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുമ്പോൾ ദൈവിക നീതി നടപ്പിലാവുകയും അന്യായം പരാജയപ്പെടുകയും ചെയ്യുന്നു.

وَٱلسَّمَآءَ رَفَعَهَا وَوَضَعَ ٱلْمِيزَانَ ۝ أَلَّا تَطْغَوْا۟ فِى ٱلْمِيزَانِ ۝

55:8–9 “ആകാശത്തെ അവൻ ഉയർത്തി. നിങ്ങൾ തൂക്കുന്നതിൽ പരിധി ലംഘിക്കാതിരിക്കുന്നതിന് അവൻ നീതിയുടെ തുലാസ്സ് സ്ഥാപിച്ചു.”

لَقَدْ أَرْسَلْنَا رُسُلَنَا بِٱلْبَيِّنَٰتِ وَأَنزَلْنَا مَعَهُمُ ٱلْكِتَٰبَ وَٱلْمِيزَانَ لِيَقُومَ ٱلنَّاسُ بِٱلْقِسْطِ ۖ

57:26– “സുവ്യക്തങ്ങളായ തെളിവുകളും കൊണ്ട് തീർച്ചയായും നമ്മുടെ ദൂതന്മാരെ നാം അയക്കുകയും ജനങ്ങൾ നീതിപൂർവ്വം നിലകൊള്ളുന്ന തിനു വേണ്ടി അവരോടൊപ്പം വേദഗ്രന്ഥവും തുലാസ്സും നാം ഇറക്കി കൊടുക്കുകയും ചെയ്തു.....”

ദൈവം മനുഷ്യനു വേണ്ടി ചെയ്ത അനുഗ്രഹങ്ങളിൽ വളരെ കുറച്ച് മാ ത്രമാണ് വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നത്. പ്രപഞ്ചം മുഴുവനും മനുഷ്യരാശിക്ക് വേണ്ടിയാണ് സൃഷ്ടിച്ചതെന്ന് പറഞ്ഞപ്പോൾ എല്ലാ അ നുഗ്രഹങ്ങളും ഒറ്റവാചകത്തിൽ തന്നെ അടങ്ങി. എങ്കിലും കുറച്ച് കൂടി വിശദമായി മറ്റു ചില കാര്യങ്ങൾ കൂടി പറഞ്ഞിരിക്കുന്നു. ആകാശവും ഭൂമിയും അവന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്, അതു പോലെ നക്ഷ ത്രങ്ങളും സൂര്യനും ചന്ദ്രനും, ഭൂമിയിലുള്ള എല്ലാ വസ്തുക്കളും, രാത്രിയും പകലും മഴയും സമുദ്രങ്ങളും മലകളും നദികളും മനുഷ്യനു വേണ്ടി ഉണ്ടാക്കി. ഏറ്റവും സുന്ദരമായ രീതിയിൽ മനുഷ്യ സൃഷ്ടി നടത്തുക യും അവന് കേൾവിയും കാഴ്ചയും കൊടുക്കുകയും ചെയ്തു. ദൈവം അവന്റെ സംതൃപ്തിക്കു വേണ്ടി ഇണകളെ സൃഷ്ടിക്കുകയും വിവാഹ ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്തു. പഴങ്ങളും പച്ചക്കറികളും ധാന്യ ങ്ങളും മാംസങ്ങളും അവന് ആഹാരത്തിനു വേണ്ടി ഉണ്ടാക്കി. കന്നുകാ ലികളെയും സവാരി മൃഗങ്ങളെയും കൊടുത്തു. പാലും തേനും ഒഴുക്കി. വെയിലിൽ നിന്ന് രക്ഷനേടുവാൻ തണലും ഗുഹയും ഉണ്ടാക്കി. മനുഷ്യ ന് യാത്ര ചെയ്യുവാൻ കപ്പലുകളും മറ്റു യാത്രാസൗകര്യങ്ങളും ഏർപ്പെടു ത്തി. സമുദ്രത്തെ കീഴ്പ്പെടുത്തിക്കൊടുത്തു. അവനാണ് രോഗം ഭേദമാ

ക്കുന്നവൻ, വിഷമതകൾ മാറ്റിത്തരുന്നവൻ, പൊറുത്തു കൊടുക്കുന്നവൻ, എഴുത്തും വായനയും സംസാരവും പഠിപ്പിച്ചവനും അവൻ തന്നെ. നന്മ തിന്മകളെക്കുറിച്ച് ബോധം നൽകിയവനും ദൈവം തന്നെ. പ്രവാചകന്മാരെ അയച്ചു സന്മാർഗ്ഗം കാണിക്കുന്നവനും നീതിപൂർവ്വം വിധി കല്പിക്കുവാൻ വേദഗ്രന്ഥം തന്നവനും സമ്പത്തുകളും സന്താനങ്ങളും നൽകുന്നവനും അവൻ തന്നെയാകുന്നു. എല്ലാറ്റിനും ഉപരിയായി സ്വർഗ്ഗീയസുഖങ്ങളും അവൻ തന്നെ തരുന്നു. അവന്റെ അനുഗ്രഹങ്ങളിൽ ചിലത് അവന്റെ വിശുദ്ധ വാക്യങ്ങളിലൂടെ ഓരോന്നായി നമുക്കിങ്ങനെ പാരായണം ചെയ്യാം.

ആകാശങ്ങളും ഭൂമിയും മനുഷ്യർക്കു വേണ്ടി സൃഷ്ടിച്ചവൻ.

أَلَمْ تَرَوْا۟ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَأَسْبَغَ عَلَيْكُمْ نِعَمَهُۥ ظَٰهِرَةً وَبَاطِنَةً ۗ

31:21– "ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹു നിങ്ങൾക്കധീനപ്പെടുത്തി തന്നിരിക്കുന്നുവെന്നും അവന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ അവൻ നിങ്ങളുടെ മേൽ പൂർത്തിയാക്കി തരികയും ചെയ്തിട്ടുണ്ടെന്ന് നിങ്ങൾ കാണുന്നില്ലേ?..."

إِنَّ ٱللَّهَ يُمْسِكُ ٱلسَّمَٰوَٰتِ وَٱلْأَرْضَ أَن تَزُولَا ۚ وَلَئِن زَالَتَآ إِنْ

أَمْسَكَهُمَا مِنْ أَحَدٍ مِّنۢ بَعْدِهِۦٓ ۚ إِنَّهُۥ كَانَ حَلِيمًا غَفُورًا ۝

35:42– "തീർച്ചയായും അല്ലാഹു ആകാശങ്ങളേയും ഭൂമിയേയും അവ വ്യതിചലിച്ചു പോകാതെ പിടിച്ചു നിർത്തുന്നു. അവ വ്യതിചലിച്ചു പോകുകയാണെങ്കിൽ അവയെ പിടിച്ചു നിർത്തുവാൻ അവനുപുറമെ ആരും തന്നെ ഇല്ല. തീർച്ചയായും അവൻ സഹന ശീലനും പൊറുത്തു കൊടുക്കുന്നവനുമാകുന്നു."

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ قَرَارًا وَٱلسَّمَآءَ بِنَآءً وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ

وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ ۖ فَتَبَارَكَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ۝

40:65– "അല്ലാഹു ആണ് നിങ്ങൾക്കുവേണ്ടി ഭൂമിയെ ഒരു വാസസ്ഥാനവും ആകാശത്തെ ഒരു മേൽപ്പുരയുമാക്കിയത്. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും നിങ്ങളുടെ രൂപങ്ങൾ സുന്ദരമാക്കുകയും നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾക്കാഹാരം നൽകുകയും ചെയ്തു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ നാഥനായ അല്ലാഹു. അപ്പോൾ ലോകങ്ങളുടെ നാഥനായ അല്ലാഹു അനുഗ്രഹപൂർണ്ണനാകുന്നു."

وَسَخَّرَ لَكُم مَّا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ جَمِيعًا مِّنْهُ

45:14– "ആകാശങ്ങളിലും ഭൂമിയിലുള്ളതുമെല്ലാം അവൻ നിങ്ങൾക്ക് അധീനപ്പെപ്പെടുത്തി തന്നിരിക്കുന്നു..."

ٱللَّهُ ٱلَّذِى خَلَقَ سَبْعَ سَمَـٰوَٰتٍ وَمِنَ ٱلْأَرْضِ مِثْلَهُنَّ يَتَنَزَّلُ ٱلْأَمْرُ بَيْنَهُنَّ لِتَعْلَمُوٓا۟

أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ وَأَنَّ ٱللَّهَ قَدْ أَحَاطَ بِكُلِّ شَىْءٍ عِلْمًا ﴿١٢﴾

65:13– "അല്ലാഹു ആകുന്നു ഏഴ് ആകാശങ്ങളേയും അത്രതന്നെ ഭൂമിയേയും സൃഷ്ടിച്ചവൻ. അവയിലെല്ലാം അവന്റെ കല്പന ഇറങ്ങുന്നു. എല്ലാ വസ്തുക്കളുടെമേലും അല്ലാഹു നിയന്ത്രണശക്തിയുള്ളവനാണെന്നും ജ്ഞാനത്താൽ അവൻ എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നുവെന്നും നിങ്ങൾ അറിയുന്നതിനു വേണ്ടി."

നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും മനുഷ്യർക്കുവേണ്ടി.

وَهُوَ ٱلَّذِى جَعَلَ لَكُمُ ٱلنُّجُومَ لِتَهْتَدُوا۟ بِهَا فِى ظُلُمَـٰتِ ٱلْبَرِّ وَٱلْبَحْرِ

6:98– "അവനാകുന്നു നിങ്ങൾക്കു വേണ്ടി നക്ഷത്രങ്ങളെ ഉണ്ടാക്കിത്തന്നവൻ. അവ മുഖേനെ കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾ നേർവഴി കാണുന്നതിനു വേണ്ടി...."

هُوَ ٱلَّذِى جَعَلَ ٱلشَّمْسَ ضِيَآءً وَٱلْقَمَرَ نُورًا وَقَدَّرَهُۥ مَنَازِلَ لِتَعْلَمُوا۟ عَدَدَ ٱلسِّنِينَ

وَٱلْحِسَابَ ۚ مَا خَلَقَ ٱللَّهُ ذَٰلِكَ إِلَّا بِٱلْحَقِّ ۚ يُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ ﴿٥﴾

10:6– "അവനാകുന്നു സൂര്യനെ ഒരു വിളക്കായും ചന്ദ്രനെ ഒരു പ്രകാശമായും ഉണ്ടാക്കിയവനും അതിനു രാശിമണ്ഡലങ്ങൾ നിർണ്ണയിച്ചു വെക്കുകയും ചെയ്തവനും. വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിനു വേണ്ടി....."

وَسَخَّرَ لَكُمُ ٱلشَّمْسَ وَٱلْقَمَرَ دَآئِبَيْنِ ۖ وَسَخَّرَ لَكُمُ ٱلَّيْلَ وَٱلنَّهَارَ ﴿٣٣﴾

14:34– "അവിരാമമായി ചരിക്കുന്ന സൂര്യനേയും ചന്ദ്രനേയും അവൻ നിങ്ങൾക്കധീനമാക്കി. രാത്രിയേയും പകലിനേയും അവൻ നിങ്ങൾക്കധീനമാക്കുകയും ചെയ്തു."

وَسَخَّرَ لَكُمُ ٱلَّيْلَ وَٱلنَّهَارَ وَٱلشَّمْسَ وَٱلْقَمَرَ ۖ وَٱلنُّجُومُ مُسَخَّرَٰتٌۢ بِأَمْرِهِۦٓ

16:13– "രാത്രിയേയും പകലിനേയും സൂര്യനേയും ചന്ദ്രനെയും അവൻ നിങ്ങൾക്ക് അധീനമാക്കി. അവന്റെ കല്പനയാൽ നക്ഷത്രങ്ങളും അധിനമാക്കിപ്പെട്ടിരിക്കുന്നു...."

تَبَارَكَ ٱلَّذِى جَعَلَ فِى ٱلسَّمَآءِ بُرُوجًا وَجَعَلَ فِيهَا سِرَٰجًا وَقَمَرًا مُّنِيرًا ۝

25:62– "ആകാശത്തിൽ താരരാശികൾ ഉണ്ടാക്കി അതിൽ ഒരു ദീപത്തേയും വെളിച്ചം തരുന്ന ചന്ദ്രനേയും ഉണ്ടാക്കിയവൻ അനുഗ്രഹപൂർണ്ണനാകുന്നു."

ഭൂമിയിലുള്ളതെല്ലാം മനുഷ്യർക്കുവേണ്ടി.

هُوَ ٱلَّذِى خَلَقَ لَكُم مَّا فِى ٱلْأَرْضِ جَمِيعًا ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ

فَسَوَّىٰهُنَّ سَبْعَ سَمَٰوَٰتٍ ۚ وَهُوَ بِكُلِّ شَىْءٍ عَلِيمٌ ۝

2:30–"അവനാണ് ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ചത്. പിന്നീടവൻ ആകാശത്തേക്ക് തിരിഞ്ഞു. അവൻ അവയെ ഏഴ് ആകാശങ്ങളായി ക്രമപ്പെടുത്തുകയും ചെയ്തു. അവൻ എല്ലാ വസ്തുക്കളെക്കുറിച്ചും അറിവുള്ളവനാകുന്നു.

أَلَمْ تَرَ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلْأَرْضِ وَٱلْفُلْكَ تَجْرِى فِى ٱلْبَحْرِ بِأَمْرِهِۦ

22:66– "ഭൂമിയിലുള്ളത് മുഴുവനും അതുപോലെ തന്റെ കല്പന പ്രകാരം കടലിൽ ചരിക്കുന്ന കപ്പലുകളും അല്ലാഹു നിങ്ങൾക്ക് അധീനമാക്കി തന്നിരിക്കുന്നുവെന്ന് നീ കണ്ടില്ലേ?....."

وَٱلْأَرْضَ وَضَعَهَا لِلْأَنَامِ ۝ فِيهَا فَٰكِهَةٌ وَٱلنَّخْلُ ذَاتُ ٱلْأَكْمَامِ ۝ وَٱلْحَبُّ ذُو

ٱلْعَصْفِ وَٱلرَّيْحَانُ ۝ فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝

55:11–14 "ഭൂമിയെ സൃഷ്ടിജാലങ്ങൾക്കു വേണ്ടി അവൻ സൃഷ്ടിച്ചിരിക്കുന്നു. അതിൽ പഴങ്ങളും കൂമ്പോളകളുള്ള ഈന്തപ്പനകളുമുണ്ട്. ഉമിയുള്ള ധാന്യങ്ങളും സുഗന്ധച്ചെടികളുമുണ്ട്. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?"

രാത്രിയും പകലും ദൈവത്തിന്റെ അനുഗ്രഹം.

ٱلْحَمْدُ لِلَّهِ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَجَعَلَ ٱلظُّلُمَٰتِ وَٱلنُّورَ ۖ ثُمَّ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ يَعْدِلُونَ ۝

6:02– "ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും ഇരുട്ടും വെളിച്ചവും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു എല്ലാ സ്തുതിയും. എന്നിട്ടുമ

താ സത്യനിഷേധികൾ തങ്ങളുടെ നാഥന് സമന്മാരെ കല്പിക്കുന്നു."

وَهُوَ ٱلَّذِى جَعَلَ لَكُمُ ٱلَّيۡلَ لِبَاسًا وَٱلنَّوۡمَ سُبَاتًا وَجَعَلَ ٱلنَّهَارَ نُشُورًا ۝

25:48– "അവനാകുന്നു രാത്രിയെ നിങ്ങൾക്ക് ഒരു വസ്ത്രവും ഉറക്കത്തെ ഒരു വിശ്രമവും ആക്കിത്തന്നവൻ. പകലിനെ അവൻ ഒരു ഉയർത്തെഴുന്നേൽപ്പും ആക്കിത്തന്നിരിക്കുന്നു.

قُلۡ أَرَءَيۡتُمۡ إِن جَعَلَ ٱللَّهُ عَلَيۡكُمُ ٱلَّيۡلَ سَرۡمَدًا إِلَىٰ يَوۡمِ ٱلۡقِيَـٰمَةِ مَنۡ إِلَـٰهٌ غَيۡرُ ٱللَّهِ يَأۡتِيكُم بِضِيَآءٍ ۖ أَفَلَا تَسۡمَعُونَ ۝

قُلۡ أَرَءَيۡتُمۡ إِن جَعَلَ ٱللَّهُ عَلَيۡكُمُ ٱلنَّهَارَ سَرۡمَدًا إِلَىٰ يَوۡمِ ٱلۡقِيَـٰمَةِ مَنۡ إِلَـٰهٌ غَيۡرُ ٱللَّهِ يَأۡتِيكُم بِلَيۡلٍ تَسۡكُنُونَ فِيهِ ۖ أَفَلَا

تُبۡصِرُونَ ۝ وَمِن رَّحۡمَتِهِۦ جَعَلَ لَكُمُ ٱلَّيۡلَ وَٱلنَّهَارَ لِتَسۡكُنُواْ فِيهِ وَلِتَبۡتَغُواْ مِن فَضۡلِهِۦ وَلَعَلَّكُمۡ تَشۡكُرُونَ ۝

28:72–74 "പറയുക: നിങ്ങൾ ചിന്തിച്ചുനോക്കുക, അല്ലാഹു രാത്രിയെ നിങ്ങളുടെ മേൽ ഉയർത്തെഴുന്നേൽപ്പുനാൾ വരെ നിശ്ചലമാക്കിയിരുന്നുവെങ്കിൽ നിങ്ങൾക്കു വെളിച്ചം കൊണ്ടു തരുവാനായി അല്ലാഹു അല്ലാതെ വേറൊരു ദൈവമുണ്ടോ? അപ്പോൾ നിങ്ങൾ ശ്രദ്ധിക്കുകയില്ലേ?"

"പറയുക: നിങ്ങൾ ചിന്തിച്ചുനോക്കുക, അല്ലാഹു പകലിനെ നിങ്ങളുടെ മേൽ ഉയർത്തെഴുന്നേൽപ്പുനാൾ വരെ നിശ്ചലമാക്കിയിരുന്നുവെങ്കിൽ നിങ്ങൾ വിശ്രമിക്കുന്ന രാത്രിയെ നിങ്ങൾക്കു കൊണ്ടു തരുവാനായി അല്ലാഹു അല്ലാതെ വേറൊരു ദൈവമുണ്ടോ? അപ്പോൾ നിങ്ങൾ നോക്കിക്കാണുകയില്ലേ?"

"അവന്റെ കാരുണ്യത്തിൽ നിന്നും അവൻ നിങ്ങൾക്ക് രാത്രിയും പകലും ഉണ്ടാക്കിത്തന്നിരിക്കുന്നു. നിങ്ങൾ വിശ്രമിക്കുവാനും (പകൽ സമയം) നിങ്ങൾ അവന്റെ അനുഗ്രഹങ്ങൾ (ഉപജീവനമാർഗങ്ങൾ) തേടി നടക്കുന്നതിനു വേണ്ടിയും നിങ്ങൾ നന്ദികാണിക്കുന്നതിനു വേണ്ടിയും.

മഴവർഷവും അതിനോടുനബന്ധമായ മറനുഗ്രഹങ്ങളും.

وَهُوَ ٱلَّذِى يُرۡسِلُ ٱلرِّيَـٰحَ بُشۡرَۢا بَيۡنَ يَدَىۡ رَحۡمَتِهِۦٓ ۖ حَتَّىٰٓ إِذَآ أَقَلَّتۡ سَحَابًا ثِقَالًا

سُقۡنَـٰهُ لِبَلَدٍ مَّيِّتٍ فَأَنزَلۡنَا بِهِ ٱلۡمَآءَ فَأَخۡرَجۡنَا بِهِۦ مِن كُلِّ ٱلثَّمَرَٰتِ ۚ

7:58– "അവനാകുന്നു തന്റെ കാരുണ്യ(വർഷ)ത്തിനു മുമ്പേ സന്തോഷവാർത്തയുമായി കാറ്റുകളെ അയക്കുന്നവൻ. അങ്ങനെ അവയെ ഭാരമുള്ള മേഘവുമായി നിർജീവമായ ഒരു പ്രദേശത്തേക്ക് നാം നയിച്ചുകൊണ്ടു പോകുകയും അതിൽനിന്ന് നാം മഴ വർഷിക്കുകയും അതു മൂലം എല്ലാ തരം കായ്കനികളും നാം ഉല്പാദിപ്പിക്കുകയും ചെയ്യുന്നു....."

قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَآءٍ مَّعِينٍ ۝

67:31– "നിങ്ങളുടെ ജലം വറ്റി പോവുകയാണെങ്കിൽ ഒഴുകി വരുന്ന ഉറവുജലം നിങ്ങൾക്കാരാണ് കൊണ്ടുതരിക?"

മനുഷ്യനെ സൃഷ്ടിച്ചത് ദൈവത്തിൽനിന്നുള്ള അനുഗ്രഹം

وَلَقَدْ خَلَقْنَا ٱلْإِنسَـٰنَ مِن سُلَـٰلَةٍ مِّن طِينٍ ۝ ثُمَّ جَعَلْنَـٰهُ نُطْفَةً فِى قَرَارٍ مَّكِينٍ ۝

ثُمَّ خَلَقْنَا ٱلنُّطْفَةَ عَلَقَةً فَخَلَقْنَا ٱلْعَلَقَةَ مُضْغَةً فَخَلَقْنَا ٱلْمُضْغَةَ عِظَـٰمًا فَكَسَوْنَا ٱلْعِظَـٰمَ

لَحْمًا ثُمَّ أَنشَأْنَـٰهُ خَلْقًا ءَاخَرَ ۚ فَتَبَارَكَ ٱللَّهُ أَحْسَنُ ٱلْخَـٰلِقِينَ ۝

23:13–15 "തീർച്ചയായും നാം മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഭദ്രമായ ഒരു വിശ്രമസ്ഥാനത്ത് ഒരു രേതസ്ക്കണമായി അവനെ നാം വെച്ചു."

"പിന്നീട് ആ രേതസ്ക്കണത്തെ ഒരു ഒട്ടിപിടിക്കുന്ന വസ്തുവായും (ഭ്രൂണം) പിന്നീടാ ഒട്ടിപിടിക്കുന്നതിനെ മാംസപിണ്ഡമായും നാം രൂപപ്പെടുത്തി. തുടർന്ന് ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി നാം രൂപപ്പെടുത്തി. എന്നിട്ട് ആ അസ്ഥികൂടത്തെ നാം മാംസം കൊണ്ട് പൊതിയുകയും ചെയ്തു. പിന്നീട് മാറ്റൊരു സൃഷ്ടിയായി അതിനെ നാം വളർത്തിയെടുത്തു. അതിനാൽ സൃഷ്ടികർത്താക്കളിൽ അത്യുന്നതനായ അല്ലാഹു അനുഗ്രഹപൂർണ്ണനാകുന്നു."

ٱلَّذِىٓ أَحْسَنَ كُلَّ شَىْءٍ خَلَقَهُۥ ۖ وَبَدَأَ خَلْقَ ٱلْإِنسَـٰنِ مِن طِينٍ ۝ ثُمَّ جَعَلَ نَسْلَهُۥ

مِن سُلَـٰلَةٍ مِّن مَّآءٍ مَّهِينٍ ۝ ثُمَّ سَوَّىٰهُ وَنَفَخَ فِيهِ مِن رُّوحِهِۦ ۖ وَجَعَلَ لَكُمُ ٱلسَّمْعَ

وَٱلْأَبْصَـٰرَ وَٱلْأَفْـِٔدَةَ ۚ قَلِيلًا مَّا تَشْكُرُونَ ۝

32:8–10 "താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനാകുന്നു അവൻ. മനുഷ്യ സൃഷ്ടി അവൻ കളിമണ്ണിൽ നിന്നും ആരംഭിച്ചു. പിന്നീട് നിസ്സാരമായ ഒരു ജലത്തിന്റെ സത്തിൽ നിന്ന് അവൻ അവന്റെ സന്തതിയെ ഉണ്ടാക്കി."

"പിന്നീട് അവനെ അവൻ ശരിയായ രൂപത്തിലാക്കുകയും തന്റെ ആത്മാവിൽ നിന്ന് അവനിൽ ഊതുകയും ചെയ്തു. കേൾവിയും കാഴ്ചകളും ഹൃദയങ്ങളും നിങ്ങൾക്കവൻ ഉണ്ടാക്കിത്തന്നു. (എന്നിട്ടും) നിങ്ങൾ നന്ദി

കാട്ടുന്നത് അല്പം മാത്രം."

കേൾവിയും കാഴ്ചയും തന്നവൻ.

وَٱللَّهُ أَخۡرَجَكُم مِّنۢ بُطُونِ أُمَّهَٰتِكُمۡ لَا تَعۡلَمُونَ شَيۡـٔٗا وَجَعَلَ
لَكُمُ ٱلسَّمۡعَ وَٱلۡأَبۡصَٰرَ وَٱلۡأَفۡـِٔدَةَۙ لَعَلَّكُمۡ تَشۡكُرُونَ ٧٨

16:79– "അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഗർഭാശയങ്ങളിൽ നിന്ന് ഒരു കാര്യവും അറിഞ്ഞുകൂടാത്ത നിലയിൽ പുറത്തു കൊണ്ടു വന്നു. നിങ്ങൾക്കവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദികാട്ടുന്നതിനു വേണ്ടി."

വിവാഹ ബന്ധം സ്ഥാപിച്ചവൻ.

هُوَ ٱلَّذِي خَلَقَكُم مِّن نَّفۡسٖ وَٰحِدَةٖ وَجَعَلَ مِنۡهَا زَوۡجَهَا لِيَسۡكُنَ إِلَيۡهَاۖ فَلَمَّا تَغَشَّىٰهَا حَمَلَتۡ حَمۡلًا
خَفِيفٗا فَمَرَّتۡ بِهِۦۖ فَلَمَّآ أَثۡقَلَت دَّعَوَا ٱللَّهَ رَبَّهُمَا لَئِنۡ ءَاتَيۡتَنَا صَٰلِحٗا لَّنَكُونَنَّ مِنَ ٱلشَّٰكِرِينَ ١٨٩
فَلَمَّآ ءَاتَىٰهُمَا صَٰلِحٗا جَعَلَا لَهُۥ شُرَكَآءَ فِيمَآ ءَاتَىٰهُمَاۚ فَتَعَٰلَى ٱللَّهُ عَمَّا يُشۡرِكُونَ ١٩٠

7:190–191 "അവനാകുന്നു ഒരൊറ്റ ആത്മാവിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചവൻ. അതിൽ നിന്നു തന്നെ അതിന്റെ ഇണയെയും അവൻ ഉണ്ടാക്കി. അവളിൽ അവൻ ആശ്വാസം കണ്ടെത്തുന്നതിനു വേണ്ടി. അങ്ങനെ അവളെ അവൻ പ്രാപിക്കുമ്പോൾ ലഘുവായ ഒരു ഭാരം അവൾ വഹിക്കുന്നു. അതുമായി അവൾ നടക്കുന്നു. അതു (വളർന്നു) ഭാരം കൂടുമ്പോൾ ഇരുവരുടേയും രക്ഷിതാവായ അല്ലാഹുവിനോട് അവർ പ്രാർത്ഥിക്കുന്നു: നീ ഞങ്ങൾക്കു നല്ലൊരു സന്താനത്തെ നൽകുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരായിരിക്കും. അങ്ങനെ അവർക്കവൻ നല്ലൊരു സന്താനത്തെ നൽകിയപ്പോൾ അവർക്കവൻ നൽകിയതിൽ അവർ അവന് പങ്കാളികളെ കൂട്ടിച്ചേർക്കുന്നു. എന്നാൽ അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു ഉന്നതനായിരിക്കുന്നു."

وَٱللَّهُ جَعَلَ لَكُم مِّنۡ أَنفُسِكُمۡ أَزۡوَٰجٗا وَجَعَلَ لَكُم مِّنۡ أَزۡوَٰجِكُم بَنِينَ وَحَفَدَةٗ
وَرَزَقَكُم مِّنَ ٱلطَّيِّبَٰتِۚ أَفَبِٱلۡبَٰطِلِ يُؤۡمِنُونَ وَبِنِعۡمَتِ ٱللَّهِ هُمۡ يَكۡفُرُونَ ٧٢

16:73 – "അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽ നിന്നു തന്നെ ഇണകളെ ഉണ്ടാക്കുകയും നിങ്ങളുടെ ഇണകളിലൂടെ പുത്രന്മാരെയും പൗത്രന്മാരെയും അവൻ നിങ്ങൾക്കു തരികയും നല്ല വസ്തുക്കളിൽനിന്നും അവൻ

നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. എന്നിട്ടും അവർ അ സത്യത്തിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേ ധിക്കുകയും ആണോ ചെയ്യുന്നത്?"

ആഹാരം നൽകുന്നവൻ.

وَٱلْأَرْضَ مَدَدْنَـٰهَا وَأَلْقَيْنَا فِيهَا رَوَٰسِىَ وَأَنۢبَتْنَا فِيهَا مِن كُلِّ شَىْءٍ مَّوْزُونٍ ﴿٢٠﴾

15:20–21– "ഭൂമിയെ നാം വിശാലമാക്കുകയും അതിൽ ഉറച്ചു നിൽക്കു ന്ന പർവ്വതങ്ങൾ നാം സ്ഥാപിക്കുകയും നിശ്ചിത ക്രമത്തിൽ എല്ലാ വ സ്തുക്കളേയും നാം അതിൽ മുളപ്പിക്കുകയും ചെയ്തു. നിങ്ങൾക്കും നി ങ്ങൾ ആഹാരം കൊടുക്കാത്ത (മറ്റു ജീവികൾക്കും) നാം അതിൽ ഉപ ജീവന വിഭവങ്ങൾ ഉണ്ടാക്കുകയും ചെയ്തു."

وَلَقَدْ كَرَّمْنَا بَنِىٓ ءَادَمَ وَحَمَلْنَـٰهُمْ فِى ٱلْبَرِّ وَٱلْبَحْرِ وَرَزَقْنَـٰهُم مِّنَ

ٱلطَّيِّبَـٰتِ وَفَضَّلْنَـٰهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا ﴿٧٠﴾

17:71– "ആദമിന്റെ സന്തതികളെ തീർച്ചയായും നാം ആദരിക്കുകയും കടലിലും കരയിലും അവരെ നാം (വാഹനങ്ങളിൽ) കയറ്റുകയും നല്ല പദാർത്ഥങ്ങൾ നാം അവർക്ക് ആഹാരമായി നൽകുകയും നാം സൃഷ്ടി ച്ചിട്ടുള്ളവരിൽ മിക്കതിനെക്കാളും സവിശേഷത നൽകി അവരെ നാം മെച്ചപ്പെടുത്തുകയും ചെയ്തിരിക്കുന്നു."

وَكَأَيِّن مِّن دَآبَّةٍ لَّا تَحْمِلُ رِزْقَهَا ٱللَّهُ يَرْزُقُهَا وَإِيَّاكُمْ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦٠﴾

29:61– "എത്രയെത്ര ജന്തുക്കളാണ് സ്വന്തം ആഹാരവും വഹിച്ചുകൊണ്ടു നടക്കാത്തത്? അല്ലാഹുവാണ് അവയ്ക്കും നിങ്ങൾക്കും ആഹാരം തരുന്നത്. അവനാണ് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്ന വൻ."

يَـٰٓأَيُّهَا ٱلنَّاسُ ٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ ۚ هَلْ مِنْ خَـٰلِقٍ غَيْرُ ٱللَّهِ يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۚ

35:04– "അല്ലയോ മനുഷ്യരേ! നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ അ നുഗ്രഹത്തെ ഓർക്കുവിൻ. ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങ ൾക്ക് ആഹാരം നൽകാൻ അല്ലാഹുവല്ലാതെ വേറൊരു സൃഷ്ടാവു ണ്ടോ?....."

وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَـٰرَكَ فِيهَا وَقَدَّرَ فِيهَآ أَقْوَٰتَهَا فِىٓ أَرْبَعَةِ أَيَّامٍ سَوَآءً لِّلسَّآئِلِينَ ﴿١٠﴾

41:11– "....ഭൂമിയുടെ ഉപരിഭാഗത്ത് ഉറച്ചമലകളെ അവൻ സ്ഥാപിക്കു കയും അതിൽ അവൻ അനുഗ്രഹങ്ങൾ ചൊരിയുകയും നാലു ഘട്ടങ്ങ

ളിലായി അതിലെ ആഹാരങ്ങളെ അതിൽ അവൻ നിർണയിച്ചു വെക്കുകയും ചെയ്തു. ആവശ്യക്കാർക്കെല്ലാം ശരിയായ അനുപാതത്തിൽ."

പഴങ്ങളും പച്ചക്കറികളും

إِنَّ ٱللَّهَ فَالِقُ ٱلْحَبِّ وَٱلنَّوَىٰ ۖ

6:96– "ധാന്യ വിത്തുകളും ഈത്തപ്പഴക്കുരുവും പിളർക്കുന്നവൻ തീർച്ചയായും അല്ലാഹു ആകുന്നു....."

وَهُوَ ٱلَّذِىٓ أَنشَأَ جَنَّٰتٍ مَّعْرُوشَٰتٍ وَغَيْرَ مَعْرُوشَٰتٍ وَٱلنَّخْلَ وَٱلزَّرْعَ مُخْتَلِفًا أُكُلُهُۥ وَٱلزَّيْتُونَ وَٱلرُّمَّانَ مُتَشَٰبِهًا وَغَيْرَ مُتَشَٰبِهٍ ۚ

6:142– "പന്തലുകളിൽ പടർത്തപ്പെട്ടതും അല്ലാത്തതുമായ തോട്ടങ്ങളും ഈന്തപ്പനകളും വിവിധതരം ഫലങ്ങളുള്ള കൃഷികളും ഒലീവും മാതളവും അന്യോന്യം സാദൃശ്യമുള്ളതും സാദൃശ്യമില്ലാത്തതുമായ രീതിയിൽ സൃഷ്ടിച്ചിട്ടുള്ളത് അവനാകുന്നു. "

കന്നുകാലികൾ, സവാരിമൃഗങ്ങൾ, വാഹനങ്ങൾ മുതലായവ

وَٱلْأَنْعَٰمَ خَلَقَهَا ۗ لَكُمْ فِيهَا دِفْءٌ وَمَنَٰفِعُ وَمِنْهَا تَأْكُلُونَ ۝ وَلَكُمْ فِيهَا جَمَالٌ حِينَ تُرِيحُونَ وَحِينَ تَسْرَحُونَ ۝ وَتَحْمِلُ أَثْقَالَكُمْ إِلَىٰ بَلَدٍ لَّمْ تَكُونُوا۟ بَٰلِغِيهِ إِلَّا بِشِقِّ ٱلْأَنفُسِ ۚ إِنَّ رَبَّكُمْ لَرَءُوفٌ رَّحِيمٌ ۝ وَٱلْخَيْلَ وَٱلْبِغَالَ وَٱلْحَمِيرَ لِتَرْكَبُوهَا وَزِينَةً ۚ وَيَخْلُقُ مَا لَا تَعْلَمُونَ ۝

16:6–9–"കന്നുകാലികളും അവൻ നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ചു. കമ്പിളിയും മററു പ്രയോജനങ്ങളും അവയിൽനിന്ന് നിങ്ങൾക്ക് ലഭിക്കുന്നു. അവയുടെതന്നെ മാംസം നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു."

"അവയെ നിങ്ങൾ വൈകുന്നേരം തിരിച്ചുകൊണ്ടുവരുമ്പോഴും പുലർച്ചയ്ക്ക് പുറത്തു കൊണ്ടുപോവുമ്പോഴും നിങ്ങൾക്കവയിൽ കൗതുകമുണ്ട്.

"ശാരീരിക ക്ലേശത്തോടെയല്ലാതെ നിങ്ങൾക്ക് ചെന്നത്താൻ കഴിയാത്ത ഒരു പ്രദേശത്തേയ്ക്ക് അവ നിങ്ങളുടെ ഭാരങ്ങൾ വഹിച്ചു കൊണ്ടു പോകുകയും ചെയ്യുന്നു. തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ദയാനിധിയും കരുണാനിധിയുമാകുന്നു."

"കുതിരകളെയും കോവർകഴുതകളെയും കഴുതകളെയും–നിങ്ങൾ അവയുടെ മീതെ സവാരി ചെയ്യുന്നതിനുവേണ്ടിയും ഒരു അലങ്കാരമെന്ന

നിലയിലും (അവൻ സൃഷ്ടിച്ചു). അതുപോലെ നിങ്ങൾക്കറിവില്ലാത്ത മ റ്റു (വാഹനങ്ങളേയും അവൻ സൃഷ്ടിക്കുന്നതാണ്.)"

وَٱللَّهُ جَعَلَ لَكُم مِّنۢ بُيُوتِكُمۡ سَكَنٗا وَجَعَلَ لَكُم مِّن جُلُودِ ٱلۡأَنۡعَٰمِ بُيُوتٗا تَسۡتَخِفُّونَهَا يَوۡمَ

ظَعۡنِكُمۡ وَيَوۡمَ إِقَامَتِكُمۡ وَمِنۡ أَصۡوَافِهَا وَأَوۡبَارِهَا وَأَشۡعَارِهَآ أَثَٰثٗا وَمَتَٰعًا إِلَىٰ حِينٖ ٨٠

16:81– "നിങ്ങളുടെ വീടുകളെ അല്ലാഹു നിങ്ങൾക്ക് വിശ്രമസ്ഥാനമാക്കി യിരിക്കുന്നു. കന്നുകാലികളുടെ തുകലുകളിൽ നിന്നും നിങ്ങൾക്കവൻ പാർപ്പിടങ്ങൾ നൽകിയിരിക്കുന്നു. നിങ്ങളുടെ യാത്രാ വേളയിലും നിങ്ങ ൾ താവളമടിക്കുന്ന സമയത്തും നിങ്ങൾ അവയെ അനായാസം ഉപയോ ഗിക്കുന്നു. അവയുടെ കമ്പിളിയിൽ നിന്നും മൃദുരോമങ്ങളിൽനിന്നും വീട്ടുപകരണങ്ങളും ഉപഭോഗസാധനങ്ങളും ഒരു കാലയളവുവരെ നിങ്ങ ൾക്കവൻ നൽകിയിരിക്കുന്നു.

وَإِنَّ لَكُمۡ فِي ٱلۡأَنۡعَٰمِ لَعِبۡرَةٗۖ نُّسۡقِيكُم مِّمَّا فِي بُطُونِهَا وَلَكُمۡ فِيهَا مَنَٰفِعُ

كَثِيرَةٞ وَمِنۡهَا تَأۡكُلُونَ ٢١ وَعَلَيۡهَا وَعَلَى ٱلۡفُلۡكِ تُحۡمَلُونَ ٢٢

23:22–23 "നിശ്ചയമായും നാൽക്കാലിമൃഗങ്ങളിൽ നിങ്ങൾക്കൊരു ഗുണ പാഠമുണ്ട്. അവയുടെ ഉദരങ്ങളിലുള്ളതിൽനിന്ന് നിങ്ങൾക്കു നാം കുടി ക്കാൻ (പാൽ) തരുന്നു. അവയിൽ നിങ്ങൾക്ക് ധാരാളം പ്രയോജനങ്ങൾ വേറെയുമുണ്ട്. അവയുടെ മാംസം നിങ്ങൾ ഭക്ഷിക്കുന്നു. അവയുടെ പു റത്തും കപ്പലുകളിലും നിങ്ങൾ യാത്രപോകുന്നു."

أَوَلَمۡ يَرَوۡاْ أَنَّا خَلَقۡنَا لَهُم مِّمَّا عَمِلَتۡ أَيۡدِينَآ أَنۡعَٰمٗا فَهُمۡ لَهَا مَٰلِكُونَ ٧١ وَذَلَّلۡنَٰهَا لَهُمۡ

فَمِنۡهَا رَكُوبُهُمۡ وَمِنۡهَا يَأۡكُلُونَ ٧٢ وَلَهُمۡ فِيهَا مَنَٰفِعُ وَمَشَارِبُۖ أَفَلَا يَشۡكُرُونَ ٧٣

36:72–74 നമ്മുടെ കൈകൾ പ്രവർത്തിച്ചതിൽനിന്ന് കന്നുകാലികളെ അ വർക്ക് വേണ്ടി നാം സൃഷ്ടിച്ചിരിക്കുന്നുവെന്നത് അവർ കണ്ടില്ലേ? അ ങ്ങനെ അവർ അവയുടെ യജമാനന്മാരായിരിക്കുന്നു."

"അവർക്ക് നാം അവയെ കീഴ്പ്പെടുത്തി കൊടുത്തു, അവയിൽ സവാ രി മൃഗങ്ങളുണ്ട്. മാംസത്തിനുവേണ്ടി ഉപയോഗിക്കുന്നവയുമുണ്ട്."

"അവകൊണ്ട് അവർക്ക് പല പ്രയോജനമുണ്ട്. പാനീയങ്ങളുമുണ്ട്. എ ന്നിട്ടും അവർ നന്ദികാട്ടുകയില്ലേ?"

പാലും തേനും തണലുകളും ഗുഹകളും മറ്റും.

وَإِنَّ لَكُمْ فِى ٱلْأَنْعَـٰمِ لَعِبْرَةً ۖ نُّسْقِيكُم مِّمَّا فِى بُطُونِهِۦ

مِنۢ بَيْنِ فَرْثٍ وَدَمٍ لَّبَنًا خَالِصًا سَآئِغًا لِّلشَّـٰرِبِينَ ﴿٦٦﴾

16:67– "നാൽക്കാലികളിൽ നിങ്ങൾക്ക് തീർച്ചയായും ഒരു പാഠം ഉണ്ട്. അവയുടെ ഉദരങ്ങളിലുള്ളതിൽനിന്ന്– കാഷ്ഠത്തിനും രക്തത്തിനും ഇടയിൽനിന്ന് ശുദ്ധവും ഹൃദ്യവുമായ പാൽ നാം നിങ്ങൾക്കു കുടിക്കുവാനായി നൽകുന്നു."

وَأَوْحَىٰ رَبُّكَ إِلَى ٱلنَّحْلِ أَنِ ٱتَّخِذِى مِنَ ٱلْجِبَالِ بُيُوتًا وَمِنَ ٱلشَّجَرِ وَمِمَّا يَعْرِشُونَ ﴿٦٨﴾ ثُمَّ كُلِى مِن كُلِّ

ٱلثَّمَرَٰتِ فَٱسْلُكِى سُبُلَ رَبِّكِ ذُلُلًا ۚ يَخْرُجُ مِنۢ بُطُونِهَا شَرَابٌ مُّخْتَلِفٌ أَلْوَٰنُهُۥ فِيهِ شِفَآءٌ لِّلنَّاسِ ۗ

16:69–70 "നിന്റെ രക്ഷിതാവ് തേനീച്ചയ്ക്ക് ബോധനം നൽകി. മലകളിലും മരങ്ങളിലും അവർ കെട്ടി ഉയർത്തുന്നവയിലും നീ കൂടുകൾ കെട്ടുക. എല്ലാതരം കനികളിലും നിന്ന് നീ ഭക്ഷിച്ചു കൊള്ളുക.... അവയുടെ ഉദരങ്ങളിൽനിന്ന് വിവിധ നിറങ്ങളുള്ള പാനീയം പുറത്തു വരുന്നു. അതിൽ മനുഷ്യർക്ക് രോഗ ശമനമുണ്ട്....."

وَٱللَّهُ جَعَلَ لَكُم مِّمَّا خَلَقَ ظِلَـٰلًا وَجَعَلَ لَكُم مِّنَ ٱلْجِبَالِ أَكْنَـٰنًا وَجَعَلَ لَكُمْ

سَرَٰبِيلَ تَقِيكُمُ ٱلْحَرَّ وَسَرَٰبِيلَ تَقِيكُم بَأْسَكُمْ ۚ كَذَٰلِكَ يُتِمُّ نِعْمَتَهُۥ عَلَيْكُمْ لَعَلَّكُمْ تُسْلِمُونَ ﴿٨١﴾

16:82– "അല്ലാഹു താൻ സൃഷ്ടിച്ച വസ്തുക്കളിൽനിന്ന് നിങ്ങൾക്ക് തണലുകൾ ഉണ്ടാക്കിത്തരികയും മലകളിൽ നിങ്ങൾക്കവൻ ഗുഹകൾ ഉണ്ടാക്കിത്തരികയും ഊഷ്മാവിൽനിന്ന് നിങ്ങളെ പരിരക്ഷിക്കുന്ന ഉടുപ്പുകളും നിങ്ങളുടെ യുദ്ധവേളയിൽ നിങ്ങളെ പരിരക്ഷിക്കുന്ന കവചങ്ങളും നിങ്ങൾക്കായി അവൻ ഉണ്ടാക്കിത്തന്നു. ഇപ്രകാരം അവന്റെ അനുഗ്രഹങ്ങൾ നിങ്ങളുടെ മേൽ അവൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു. നിങ്ങൾ കീഴ്വണക്കം കാണിക്കുന്നതിനുവേണ്ടി."

ٱلَّذِى جَعَلَ لَكُم مِّنَ ٱلشَّجَرِ ٱلْأَخْضَرِ نَارًا فَإِذَآ أَنتُم مِّنْهُ تُوقِدُونَ ﴿٨٠﴾

36:81– "അവനാണ് പച്ചത്തടിയിൽ നിന്ന് നിങ്ങൾക്കു വേണ്ടി തീ ഉണ്ടാക്കിത്തന്നിട്ടുള്ളത്. അങ്ങനെ നിങ്ങൾ അതിൽ നിന്ന് തീ കത്തിച്ചെടുക്കുന്നു."

കപ്പൽയാത്രകളും അനുഗ്രഹങ്ങളും.

أَلَمْ تَرَ أَنَّ ٱلْفُلْكَ تَجْرِى فِى ٱلْبَحْرِ بِنِعْمَتِ ٱللَّهِ لِيُرِيَكُم

مِّنْ ءَايَـٰتِهِۦٓ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّكُلِّ صَبَّارٍ شَكُورٍ ۝

31:32– "കടലിൽ കൂടി കപ്പലുകൾ സഞ്ചരിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണെന്ന് നീ കാണുന്നില്ലേ? അവന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങൾക്കു കാണിച്ചു തരുന്നതിനു വേണ്ടിയാകുന്നു അത്. തീർച്ചയായും ക്ഷമാശീലരും നന്ദിയുള്ളവരുമായ എല്ലാവർക്കും ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്."

രോഗം സുഖപ്പെടുത്തുന്നവൻ.

وَٱلَّذِى هُوَ يُطْعِمُنِى وَيَسْقِينِ ۝ وَإِذَا مَرِضْتُ فَهُوَ يَشْفِينِ ۝

26:80–81 "എനിക്ക് ഭക്ഷണം തരികയും എനിക്ക് പാനീയം നൽകുകയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിക്കുമ്പോൾ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്."

وَأَنَّهُۥ هُوَ أَغْنَىٰ وَأَقْنَىٰ ۝

53:49– "അവൻ തന്നെയാണ് സമ്പന്നനാക്കുന്നതും സംതൃപ്തനാക്കുന്നതും."

വിഷമതകൾ മാറ്റിത്തരുന്നവൻ.

قُلْ مَن يُنَجِّيكُم مِّن ظُلُمَـٰتِ ٱلْبَرِّ وَٱلْبَحْرِ تَدْعُونَهُۥ تَضَرُّعًا وَخُفْيَةً لَّئِنْ أَنجَىٰنَا مِنْ هَـٰذِهِۦ

لَنَكُونَنَّ مِنَ ٱلشَّـٰكِرِينَ ۝ قُلِ ٱللَّهُ يُنَجِّيكُم مِّنْهَا وَمِن كُلِّ كَرْبٍ ثُمَّ أَنتُمْ تُشْرِكُونَ ۝

6:64–65 "പറയുക: ആരാണ് കരയിലെയും കടലിലെയും ആപത്തുകളിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്തുന്നത്, വിനയത്തോടും രഹസ്യമായും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. ഈ വിപത്തിൽ നിന്നും ഞങ്ങളെ രക്ഷപ്പെടുത്തിയാൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരായിരിക്കും."

"പറയുക: അല്ലാഹുവാണ് അവയിൽ നിന്നും മറ്റുള്ള ദുരിതങ്ങളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നത്. എന്നിട്ട് നിങ്ങൾ അവനെ കൂടാതെ മറ്റു ദൈവങ്ങളെ ആരാധിക്കുന്നു."

وَإِذَا مَسَّ ٱلْإِنسَـٰنَ ٱلضُّرُّ دَعَانَا لِجَنۢبِهِۦٓ أَوْ قَاعِدًا أَوْ قَآئِمًا
فَلَمَّا كَشَفْنَا عَنْهُ ضُرَّهُۥ مَرَّ كَأَن لَّمْ يَدْعُنَآ إِلَىٰ ضُرٍّ مَّسَّهُۥ ۚ

10:13–"മനുഷ്യനെ ഒരു വിപത്ത് ബാധിക്കുമ്പോൾ അവൻ കിടന്നോ, ഇരുന്നോ നിന്നോ അവൻ നമ്മോട് പ്രാർത്ഥിക്കുന്നു. അങ്ങനെ അവന്റെ വിപത്ത് അവനിൽ നിന്നും നീക്കിക്കൊടുത്താൽ അവനെ ബാധിച്ച ഒരു വിപത്തിനെക്കുറിച്ച് അവൻ നമ്മോട് പ്രാർത്ഥിച്ചിട്ടേയില്ല എന്ന ഭാവത്തിൽ അവൻ നടന്നു കളയുന്നു..."

وَإِذَا مَسَّكُمُ ٱلضُّرُّ فِى ٱلْبَحْرِ ضَلَّ مَن تَدْعُونَ إِلَّآ إِيَّاهُ ۖ فَلَمَّا
نَجَّىٰكُمْ إِلَى ٱلْبَرِّ أَعْرَضْتُمْ ۚ وَكَانَ ٱلْإِنسَـٰنُ كَفُورًا ۝

17:68– "കടലിൽ വെച്ച് നിങ്ങളെ ഒരാപത്ത് ബാധിക്കുമ്പോൾ അവനെ കൂടാതെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്ന എല്ലാവരും മാറിമറയുകയായി. എന്നാൽ കരയിലേക്ക് അവൻ നിങ്ങളെ രക്ഷപ്പെടുത്തുമ്പോൾ നിങ്ങൾ (അവനെ വിട്ടു) മാറിക്കളയുന്നു. തീരെ നന്ദിയില്ലാത്തവനാണ് മനുഷ്യൻ."

ശിക്ഷയെ മാറ്റിവെക്കുന്നവൻ, പൊറുത്തു കൊടുക്കുന്നവൻ

وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِظُلْمِهِم مَّا تَرَكَ عَلَيْهَا مِن دَآبَّةٍ وَلَـٰكِن يُؤَخِّرُهُمْ إِلَىٰٓ أَجَلٍ مُّسَمًّى ۖ

16:62– "മനുഷ്യരെ അവരുടെ തെറ്റുകൾക്കെല്ലാം അല്ലാഹു ശിക്ഷിച്ചിരുന്നുവെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയെയും അവൻ വിട്ടേക്കുമായിരുന്നില്ല. എന്നാൽ ഒരു നിശ്ചിത അവധിവരെ അവൻ അവർക്ക് സാവകാശം നൽകുന്നു..."

ٱلَّذِينَ يَجْتَنِبُونَ كَبَـٰٓئِرَ ٱلْإِثْمِ وَٱلْفَوَٰحِشَ إِلَّا ٱللَّمَمَ ۚ إِنَّ رَبَّكَ وَاسِعُ ٱلْمَغْفِرَةِ ۚ هُوَ أَعْلَمُ بِكُمْ إِذْ
أَنشَأَكُم مِّنَ ٱلْأَرْضِ وَإِذْ أَنتُمْ أَجِنَّةٌ فِى بُطُونِ أُمَّهَـٰتِكُمْ ۖ فَلَا تُزَكُّوٓا۟ أَنفُسَكُمْ ۖ هُوَ أَعْلَمُ بِمَنِ ٱتَّقَىٰ ۝

53:33– "മഹാപാപങ്ങളിൽനിന്നും ചെറിയ തെറ്റുകൾ ഒഴിച്ചുള്ള ഹീന പ്രവൃത്തികളിൽനിന്നും വിട്ടുനിൽക്കുന്നവർക്ക് നിശ്ചയമായും നിന്റെ നാഥൻ വിശാലമായ പാപമോചനം നൽകുന്നവനാകുന്നു. ഭൂമിയിൽ നി

ന്നും നിങ്ങളെ സൃഷ്ടിച്ചു കൊണ്ടു വന്നപ്പോഴും നിങ്ങളുടെ മാതാക്കളു ടെ വയറ്റിൽ നിങ്ങൾ ഗർഭസ്ഥ ശിശുക്കളായിരുന്നപ്പോഴും അവനാകു ന്നു നിങ്ങളെ കുറിച്ച് ഏറ്റവും നന്നായി അറിവുള്ളവൻ. അതുകൊണ്ട് നിങ്ങൾ സ്വയം വിശുദ്ധി കല്പിക്കാതിരിക്കുക. അവനാകുന്നു സൂക്ഷ്മ ത പാലിച്ചവരെ കുറിച്ച് നന്നായി അറിയുന്നവൻ."

എഴുത്തും വായനയും സംസാരവും അറിവും പഠിപ്പിച്ചവൻ.

ٱقْرَأْ وَرَبُّكَ ٱلْأَكْرَمُ ۝ ٱلَّذِى عَلَّمَ بِٱلْقَلَمِ ۝ عَلَّمَ ٱلْإِنسَـٰنَ مَا لَمْ يَعْلَمْ ۝

96:04–06 "വായിക്കുക. നിന്റെ നാഥൻ ഏറ്റവും ഔദാര്യവാനാകുന്നു. പേന കൊണ്ട് (വിജ്ഞാനം) പഠിപ്പിച്ചവൻ. മനുഷ്യന് അറിവില്ലാത്ത കാ ര്യങ്ങൾ അവനെ പഠിപ്പിച്ചു."

خَلَقَ ٱلْإِنسَـٰنَ ۝ عَلَّمَهُ ٱلْبَيَانَ ۝

55:04–05 "മനുഷ്യനെ സൃഷ്ടിച്ചു. അവനെ സംസാരം പഠിപ്പിച്ചു."

ആത്മീയാനുഗ്രഹങ്ങൾ–മരണവും ജീവിതവും

ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ۝

67:03– "മരണവും ജീവിതവും സൃഷ്ടിച്ചവൻ, നിങ്ങളിൽ ആരാണ് പ്രവൃ ത്തിയിൽ ഏറ്റവും ഉത്തമൻ എന്ന് നിങ്ങളെ പരീക്ഷിച്ചറിയുന്നതിനു വേ ണ്ടി. അവൻ സർവ്വശക്തനും പൊറുത്തു കൊടുക്കുന്നവനും ആകുന്നു."

നന്മയെയും തിന്മയെയും കുറിച്ച് ബോധം നൽകിയവൻ.

وَنَفْسٍ وَمَا سَوَّىٰهَا ۝ فَأَلْهَمَهَا فُجُورَهَا وَتَقْوَىٰهَا ۝

قَدْ أَفْلَحَ مَن زَكَّىٰهَا ۝ وَقَدْ خَابَ مَن دَسَّىٰهَا ۝

91:08–11 "ആത്മാവിനെക്കൊണ്ടും അതിന്റെ പരിപൂർണ്ണതയെക്കൊണ്ടും സത്യം. അതിന്റെ തിന്മയെയും നന്മയെയും കുറിച്ച് അതിന് ബോധനം നൽകി. തീർച്ചയായും അതിനെ പരുശുദ്ധമാക്കിയവൻ വിജയം കൈവരി ച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും പരാജയമടയുകയും ചെയ്തു."

പ്രവാചകൻമാരെ അയക്കുന്നവൻ.

وَلِأُتِمَّ نِعْمَتِي عَلَيْكُمْ وَلَعَلَّكُمْ تَهْتَدُونَ ۝ كَمَآ أَرْسَلْنَا فِيكُمْ رَسُولًا مِّنكُمْ يَتْلُواْ عَلَيْكُمْ

ءَايَٰتِنَا وَيُزَكِّيكُمْ وَيُعَلِّمُكُمُ ٱلْكِتَٰبَ وَٱلْحِكْمَةَ وَيُعَلِّمُكُم مَّا لَمْ تَكُونُواْ تَعْلَمُونَ ۝

2:151–152 "...എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ പൂർത്തിയാക്കിത്തരുന്നതിനും നിങ്ങൾ നേർവഴി പ്രാപിക്കുന്നതിനും വേണ്ടി നിങ്ങൾക്ക് നമ്മുടെ സന്ദേശങ്ങൾ ഓതികേൾപ്പിക്കുകയും നിങ്ങളെ ശുദ്ധീകരിക്കുകയും വേദഗ്രന്ഥവും വിജ്ഞാനവും നിങ്ങളെ പഠിപ്പിക്കുകയും നിങ്ങൾക്കറിവില്ലാത്തത് നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നിങ്ങളുടെയിടയിലേക്ക് നാം അയച്ചു."

നേർമാർഗ്ഗം കാണിക്കുന്നവൻ.

وَٱللَّهُ يَدْعُوٓاْ إِلَىٰ دَارِ ٱلسَّلَٰمِ وَيَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ۝

10:26– "അല്ലാഹു സമാധാനത്തിന്റെ ഭവനത്തിലേക്കും വിളിക്കുകയും അവൻ നിശ്ചയിക്കുന്നവരെ (അതിനർഹതപ്പെട്ടവരെ) നേർമാർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു."

വിശുദ്ധ ഖുർആൻ അവതരിപ്പിച്ചവൻ.

ٱلرَّحْمَٰنُ ۝ عَلَّمَ ٱلْقُرْءَانَ ۝ خَلَقَ ٱلْإِنسَٰنَ ۝ عَلَّمَهُ ٱلْبَيَانَ ۝

55:02–05 "പരമകാരുണികൻ ഖുർആൻ പഠിപ്പിച്ചു. മനുഷ്യനെ സൃഷ്ടിച്ചു. അവനെ സംസാരം പഠിപ്പിച്ചു."

വിശ്വാസികൾക്ക് പ്രത്യേകമായി അനുഗ്രഹങ്ങൾ നൽകുന്നവൻ.

أَمْ نَجْعَلُ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ كَٱلْمُفْسِدِينَ فِى ٱلْأَرْضِ

38:29– "വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ ഭൂമിയിൽ അനർത്ഥമുണ്ടാക്കുന്നവരേപ്പോലെ നാം ആക്കിത്തീർക്കുമോ?"

أَمْ حَسِبَ ٱلَّذِينَ ٱجْتَرَحُواْ ٱلسَّيِّـَٔاتِ أَن نَّجْعَلَهُمْ كَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ

سَوَآءً مَّحْيَاهُمْ وَمَمَاتُهُمْ ۚ سَآءَ مَا يَحْكُمُونَ ۝

45:22– "അല്ലെങ്കിൽ തിന്മകൾ പ്രവർത്തിക്കുന്നവർ വിചാരിക്കുന്നുവോ വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ പ്പോലെ അവരുടെ ജീവിതവും അവരുടെ മരണവും തുല്യനിലയിൽ നാം ആക്കിക്കൊള്ളുമെന്ന്? അവർ വിധികല്പിക്കുന്നത് വളരെ മോശം തന്നെ."

പ്രത്യേകമായ ആഹാര വിഭവങ്ങൾ, വിശ്വാസികൾക്കു വേണ്ടി.

قُلْ مَنْ حَرَّمَ زِينَةَ ٱللَّهِ ٱلَّتِىٓ أَخْرَجَ لِعِبَادِهِۦ وَٱلطَّيِّبَٰتِ مِنَ ٱلرِّزْقِ ۚ قُلْ هِىَ لِلَّذِينَ ءَامَنُوا۟ فِى ٱلْحَيَوٰةِ ٱلدُّنْيَا خَالِصَةً يَوْمَ ٱلْقِيَٰمَةِ ۗ كَذَٰلِكَ نُفَصِّلُ ٱلْـَٔايَٰتِ لِقَوْمٍ يَعْلَمُونَ ﴿٣٢﴾

7:33– "പറയുക: അല്ലാഹു തന്റെ ദാസന്മാർക്കു വേണ്ടി ഉല്പാദിപ്പിച്ചിട്ടുള്ള അല്ലാഹുവിന്റെ സുന്ദരവസ്തുക്കളും നല്ല ഭക്ഷണ പദാർത്ഥങ്ങളും ആരാണ് നിഷിദ്ധമാക്കിയത്? പറയുക: അവ ഐഹിക ജീവിതത്തിൽ സത്യവിശ്വാസികൾക്ക് വേണ്ടിയുള്ളതാണ്. ഉയർത്തെഴുന്നേൽപ്പുനാളിൽ അവർക്ക് പ്രത്യേകമായിട്ടുള്ളതുമാണ്. മനസ്സിലാക്കുന്നവർക്ക് വേണ്ടി ഇപ്രകാരം നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു."

പ്രതീക്ഷിക്കാതെയുള്ള ആഹാര വിഭവങ്ങൾ, വിശ്വാസികൾക്ക് വേണ്ടി.

وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا ﴿٢﴾ وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ ۚ

65:03–04 "....അല്ലാഹുവിനെ ഭയപ്പെടുന്നുവന് അല്ലാഹു ഒരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ കണക്കാക്കാത്ത വിധത്തിൽ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്."

وَأَلَّوِ ٱسْتَقَٰمُوا۟ عَلَى ٱلطَّرِيقَةِ لَأَسْقَيْنَٰهُم مَّآءً غَدَقًا ﴿١٦﴾

لِّنَفْتِنَهُمْ فِيهِ ۚ وَمَن يُعْرِضْ عَن ذِكْرِ رَبِّهِۦ يَسْلُكْهُ عَذَابًا صَعَدًا ﴿١٧﴾

72:17–18 "അവർ നേർമാർഗ്ഗത്തിൽ നിലകൊണ്ടാൽ തീർച്ചയായും നാം അവർക്ക് സമൃദ്ധമായ നിലയിൽ വെള്ളം കുടിക്കാൻ നൽകുന്നതാണ്. അതിലൂടെ നാം അവരെ പരീക്ഷിക്കുന്നതിനു വേണ്ടിയാണത്. തന്റെ രക്ഷിതാവിന്റെ സ്മരണയിൽ നിന്നും ആർ തിരിഞ്ഞു മാറുന്നുവോ അവനെ കർക്കശമായ ഒരു ശിക്ഷയിൽ അവൻ പ്രവേശിപ്പിക്കുന്നതുമാണ്.

ٱسْتَغْفِرُوا۟ رَبَّكُمْ إِنَّهُۥ كَانَ غَفَّارًا ﴿١٠﴾ يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا ﴿١١﴾ وَيُمْدِدْكُم بِأَمْوَٰلٍ
وَبَنِينَ وَيَجْعَل لَّكُمْ جَنَّٰتٍ وَيَجْعَل لَّكُمْ أَنْهَٰرًا ﴿١٢﴾

71:11–13 "..... നിങ്ങളുടെ രക്ഷിതാവിനോട് പൊറുത്തു തരുവാൻ പ്രാർത്ഥിക്കുവിൻ. തീർച്ചയായും അവൻ ഏറ്റവും പൊറുത്തു തരുന്നവനാകുന്നു. സമൃദ്ധമായി മഴ പൊഴിയുന്ന ആകാശത്തെ നിങ്ങൾക്കവൻ അയച്ചു തരികയും സമ്പത്തുകളും സന്തതികളും കൊണ്ട് അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ നദികൾ ഉണ്ടാക്കിത്തരികയും ചെയ്യുന്നതാണ്."

ഖിലാഫത്ത് വിശ്വാസികൾക്കു വേണ്ടി.

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَيَسْتَخْلِفَنَّهُمْ فِى ٱلْأَرْضِ كَمَا ٱسْتَخْلَفَ
ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِى ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّنۢ بَعْدِ خَوْفِهِمْ أَمْنًا ۚ

24:56– "നിങ്ങളിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർക്കു മുമ്പുള്ളവരിൽ അവൻ പ്രതിനിധികളെ (ഖലീഫമാരെ) നിയോഗിച്ചതു പോലെ അവർക്കും ഭൂമിയിൽ പ്രധിനിധകളെ (ഖലീഫമാരെ) നിയോഗിക്കുന്നതാണ്. അവർക്ക് അവൻ തൃപ്തിപ്പെട്ട അവരുടെ മതത്തെ അവൻ അവർക്കു തീർച്ചയായും സ്ഥാപിച്ചു കൊടുക്കും. അവരുടെ ഭയത്തിനു ശേഷം നിർഭയത്വം നിശ്ചയമായും അവൻ അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണ്...."

പ്രാർത്ഥനകൾക്കുത്തരം നൽകുന്നു, വിശ്വസിച്ചവർക്ക്

وَيَسْتَجِيبُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَيَزِيدُهُم
مِّن فَضْلِهِۦ ۚ وَٱلْكَٰفِرُونَ لَهُمْ عَذَابٌ شَدِيدٌ ﴿٢٦﴾

42:27– "വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അവൻ പ്രത്യുത്തരം നൽകുകയും തന്റെ അനുഗ്രഹത്തിൽ നിന്ന് അവൻ അവർക്ക് വർദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നതാണ്..."

അനുഗ്രഹാശിസ്സുകൾ വിശ്വാസികൾക്കു വേണ്ടി.

هُوَ ٱلَّذِى يُصَلِّى عَلَيۡكُمۡ وَمَلَٰٓئِكَتُهُۥ لِيُخۡرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِۚ وَكَانَ بِٱلۡمُؤۡمِنِينَ رَحِيمًا ۝

33:44– "അവൻ നിങ്ങളുടെ മേൽ അനുഗ്രഹാശിസ്സുകൾ അർപ്പിക്കുന്നവ നാകുന്നു. ഒപ്പം അവന്റെ മലക്കുകളും. അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് നിങ്ങളെ അവൻ ആനയിക്കുന്നതിനു വേണ്ടി. സത്യവിശ്വാസികളോട് അവൻ പ്രത്യേകം കാരുണ്യം ചെയ്യുന്നവനാകുന്നു."

വിശ്വാസികൾക്ക് സ്വർഗ്ഗീയാനുഗ്രഹങ്ങൾ നൽകുന്നു.

وَلِمَنۡ خَافَ مَقَامَ رَبِّهِۦ جَنَّتَانِ ۝ فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ ذَوَاتَآ أَفۡنَانٍ ۝ فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ فِيهِمَا عَيۡنَانِ تَجۡرِيَانِ ۝ فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ فِيهِمَا مِن كُلِّ فَٰكِهَةٍ زَوۡجَانِ ۝ فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ مُتَّكِـِٔينَ عَلَىٰ فُرُشِۭ بَطَآئِنُهَا مِنۡ إِسۡتَبۡرَقٍۚ وَجَنَى ٱلۡجَنَّتَيۡنِ دَانٍ ۝ فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ فِيهِنَّ قَٰصِرَٰتُ ٱلطَّرۡفِ لَمۡ يَطۡمِثۡهُنَّ إِنسٌ قَبۡلَهُمۡ وَلَا جَآنٌّ ۝ فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ كَأَنَّهُنَّ ٱلۡيَاقُوتُ وَٱلۡمَرۡجَانُ ۝ فَبِأَىِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝

55:47–60 "തന്റെ രക്ഷിതാവിന്റെ സന്നിധാനത്തെ ഭയപ്പെടുന്നവന് രണ്ട് ഉദ്യാനങ്ങൾ ഉണ്ട്. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? രണ്ടും (വിവിധ) സുഖ സൗകര്യങ്ങൾ ഉൾകൊള്ളുന്നവ. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? അവയിൽ ഒഴുകുന്ന രണ്ടു അരുവികൾ ഉണ്ട്. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? അവരണ്ടിലും എല്ലാ തരം പഴവർഗങ്ങളിൽ നിന്നുമുള്ള ഇണകളുണ്ട്. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? അവർ വിരിപ്പുകളിന്മേൽ ചാരിക്കിടക്കുകയായിരിക്കും. അവയുടെ ഉൾതലങ്ങൾ കസവുപട്ടുകളാലുള്ളതായിരിക്കും. ഉദ്യാനങ്ങളിലെ കായ്കനികൾ താഴ്ന്നു നിൽക്കുന്നതായിരിക്കും. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? ദൃഷ്ടികൾ നിയന്ത്രിക്കുന്നവരായ (ഹൂറികൾ) അവയിലുണ്ട്, മനുഷ്യനോ ജിന്നോ മുമ്പ് അവരെ സ്പർശിച്ചിട്ടുണ്ടായിരിക്കുകയില്ല. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേ

ധിക്കുന്നത്? അവർ മാണിക്യവും പവിഴവും പോലെ ആയിരിക്കും. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?"

وَمِن دُونِهِمَا جَنَّتَانِ ۝ فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ مُدْهَآمَّتَانِ ۝ فَبِأَيِّ ءَالَآءِ
رَبِّكُمَا تُكَذِّبَانِ ۝ فِيهِمَا عَيْنَانِ نَضَّاخَتَانِ ۝ فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ فِيهِمَا
فَـٰكِهَةٌ وَنَخْلٌ وَرُمَّانٌ ۝ فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ فِيهِنَّ خَيْرَٰتٌ حِسَانٌ ۝ فَبِأَيِّ
ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ حُورٌ مَّقْصُورَٰتٌ فِى ٱلْخِيَامِ ۝ فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝
لَمْ يَطْمِثْهُنَّ إِنسٌ قَبْلَهُمْ وَلَا جَآنٌّ ۝ فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ مُتَّكِـِٔينَ عَلَىٰ
رَفْرَفٍ خُضْرٍ وَعَبْقَرِىٍّ حِسَانٍ ۝ فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ۝ تَبَـٰرَكَ ٱسْمُ رَبِّكَ
ذِى ٱلْجَلَـٰلِ وَٱلْإِكْرَامِ ۝

55:63–79 "ഇവരണ്ടിനും പുറമെ വേറെയും ഉദ്യാനങ്ങൾ രണ്ടെണ്ണമുണ്ട്. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? രണ്ടും കടും പച്ചയണിഞ്ഞത്. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെ നിങ്ങൾ നിഷേധിക്കും? അവരണ്ടിലും നിറഞ്ഞൊഴുകുന്ന രണ്ട് അരുവികൾ ഉണ്ട്. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? അവ രണ്ടിലും കായ്കനികളുണ്ട്, ഈന്തമരങ്ങളും റുമാൻ പഴങ്ങളും. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?"

"അവയിൽ സുന്ദരികളായ ഉത്തമ തരുണീമണികളുണ്ട്. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെ നിങ്ങൾ നിഷേധിക്കും? കൂടാരങ്ങളിൽ ഒതുക്കി നിർത്തപ്പെട്ട ഹൂറികൾ. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? മനുഷ്യനോ ജിന്നോ മുമ്പ് അവരെ സ്പർശിച്ചിട്ടുണ്ടായിരിക്കുകയില്ല. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?"

"പച്ചനിറമുള്ള തലയണകളിലും അഴകുള്ള പരവതാനികളിലും ചാരിക്കിടക്കുകയായിരിക്കും അവർ. അപ്പോൾ നിങ്ങളുടെ നാഥന്റെ അനുഗ്ര

ഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?"

"മഹത്വവും ഔദാര്യവും ഉള്ളവനായ നന്റെ നാഥന്റെ നാമം ഉൽകൃഷ്ടമായിരിക്കുന്നു."

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ജീവിക്കുന്നവരായിത്തീരാനുള്ള സൗഭാഗ്യം നമുക്കെല്ലാവർക്കും ലഭിക്കുമാറാകട്ടെ. ആമീൻ.

****

35 ദൈവിക ശിക്ഷകളും കാരണങ്ങളും.

ഈ ലോകത്ത് നടക്കുന്ന എല്ലാ സംഭവ വികാസങ്ങളിലും ദൈവത്തിന്റെ ഉദ്ദേശ്യം മറഞ്ഞു കിടക്കുന്നു. അല്ലാഹു അറിയാതെ വൃക്ഷങ്ങളിൽ നിന്ന് ഒരു ഇല പോലും കൊഴിയുന്നില്ലെന്ന് വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുകയാണ്. ഏതൊരു കാര്യവും എത്ര തന്നെ നിസ്സാരമായി മനുഷ്യന് തോന്നിയാലും അതിന്റെ പിന്നിൽ ദൈവഹിതം മറഞ്ഞു കിടക്കുന്നു. എന്നാൽ ദൈവം മനുഷ്യനു നൽകിയ സ്വാതന്ത്ര്യ പരിധിക്കുള്ളിൽ ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തികൾക്ക് അവനവൻ തന്നെയാണ് ഉത്തരവാദി. മനുഷ്യരുടെ ഓരോ പ്രവർത്തനങ്ങൾക്കും ദൈവത്തിന്റെ പ്രതിപ്രവർത്തനങ്ങളും ഉടലെടുക്കുന്നതാണ്. മനുഷ്യൻ നന്മകൾ ചെയ്യുമ്പോൾ ദൈവത്തിൽ നിന്ന് സൽഫലം ലഭിക്കുന്നു. മനുഷ്യൻ തിന്മകൾ ചെയ്യുമ്പോൾ അതിന്റെ ഫലമായി വൈത്തിൽനിന്ന് ശിക്ഷകൾ വന്നു ഭവിക്കുന്നു.

ദൈവം കാരുണ്യവാനാണ്. അവൻ സൃഷ്ടികളോട് അനീതി പ്രവർത്തിക്കുന്നവനല്ല. അവൻ മനുഷ്യരാശിക്ക് നന്മകൾ നേരുന്നു. എന്നാൽ മനുഷ്യർ ദൈവം അവർക്ക് നൽകിയ അനുഗ്രഹങ്ങളെ മനസ്സിലാക്കാതെയും ഗൗനിക്കാതെയും ധിക്കാരപൂർവ്വം ദൈവത്തിൽ നിന്ന് അകലാൻ ശ്രമിക്കുന്നു. ദൈവം കൂടുതർ അനുഗ്രഹങ്ങൾ ഒരാൾക്ക് ചെയ്തു കൊടുക്കുമ്പോൾ അതേ അളവിൽ തന്നെ അവന്റെ മനസ്സിൽ ദൈവധിക്കാരവും കൂടിവരുന്നു. അപ്പോൾ പെട്ടെന്നതാ അവനിൽ ആപത്തുകൾ വന്നണയുന്നു. അപ്പോൾ മനുഷ്യൻ ദൈവത്തിലേക്ക് തിരിയുകയും ദൈവത്തിൽ അപേക്ഷകൾ അർപ്പിക്കുകയും ചെയ്യുകയായി. ദൈവം ആപത്തുകൾ മാറ്റി കൊടുത്താൽ വീണ്ടും മനുഷ്യൻ നന്ദികേട് കാണിക്കുകയായി. അങ്ങനെ നന്ദികേടു കാണിച്ച് ധിക്കാരത്തിൽ തന്നെ തുടർന്നു കൊണ്ടിരിക്കുന്ന മനുഷ്യന് അവന്റെ പ്രവർത്തന ഹേതുവായി അവസാനം അവൻ രക്ഷപ്പെടാൻ സാധിക്കാത്ത രീതിയിലുള്ള ദൈവിക കോപത്തിന് പാത്രമായിത്തീരുന്നു. ദൈവ കോപത്തിൽ നിന്നും രക്ഷ പ്രാപിക്കാനുള്ള ഓരേ ഒരു മാർഗ്ഗം ദൈവഹിതം മനസ്സിലാക്കുകയും അതിനനുസരിച്ചുള്ള ജീവിതം നയിക്കുകയുമാണ്. ഇത് യാതൊരു നിർബന്ധവുമില്ലാതെ മനുഷ്യന് ദൈവം നൽകിയ ബുദ്ധിയും യുക്തിയും ഉപയോഗിച്ച് ശരിയായ മാർഗ്ഗം കണ്ടു പിടിച്ച് ആ മാർഗ്ഗസരിണിയിലൂടെ ജീവിതം നയിക്കുകയെന്നതാണ്. ഇതിന് മിനക്കെടാൻ തയ്യാറില്ലാത്തവർക്ക് അതിനുള്ള അവസരം ദൈവിക ശിക്ഷകൾ അനുഭവിച്ചതിനു ശേഷമെ കരഗതമാവുകയുള്ളു. അപ്പോൾ അവർ അതിന് കനത്തവില നൽകേണ്ടി വരുന്നതാണ്. ദൈവാഭീഷ്ടം അനുസരിച്ച് ജീവിതം നയിച്ചു കൊണ്ട് ദൈവകോപത്തിന് പാത്രമാവാതെ രക്ഷപ്രാപിക്കുന്നവരാണ് യഥാർത്ഥബുദ്ധിമാന്മാർ.

മനുഷ്യർ ചെയ്യുന്ന തിന്മകൾ കാരണമായാണ് ആപത്തുകൾ വന്നു ഭവിക്കുന്നതെന്നാണ് ദൈവം പറയുന്നത്. കാരുണ്യവാനായ ദൈവം പലതും മാപ്പു ചെയ്തു കൊടുക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവർ തിന്മകൾ ചെയ്യുമ്പോൾ അതിനു മൂക സാക്ഷികളായി നിൽക്കുന്നവരും അതിനെ തടുക്കാത്തവരും മനസ്സുകൊണ്ട് വെറുക്കാത്തവരും കുറ്റക്കാർ തന്നെയാണ്. ദൈവത്തിന്റെ ശിക്ഷവരുമ്പോൾ തങ്ങൾ നിരപരാധികളായിരുന്നുവെന്ന് അവർക്ക് വാദിക്കുവാൻ സാധിക്കുന്നതല്ല. ചുറ്റുപാടുമുള്ളവർ തിന്മകളിൽ മുഴുകുമ്പോൾ മുക്തി നേടാൻ ആഗ്രഹിക്കുന്നവർ അതിൽ നിന്നു ഒഴിഞ്ഞു നിൽക്കുകയും അവർ പിന്തുടരുന്ന മാർഗം തിന്മയുടേതാണെന്ന് അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും വേണം. നാടോടുന്നതനുസരിച്ച് നടുവേ ഓടുന്നവർ ആയിരിക്കും ദൈവിക ശിക്ഷ വരുമ്പോൾ നടുക്ക് അകപ്പെടുന്നവർ. മനുഷ്യരുടെ തിന്മകൾ കാരണമായി ആപത്തുവരുന്നതിനെക്കുറിച്ച് ദൈവം പറയുകയാണ്:

وَمَآ أَصَـٰبَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُواْ عَن كَثِيرٍ ۝

42:31 – "നിങ്ങൾക്ക് ഏതൊരാപത്ത് പിണയുന്നുവോ അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാകുന്നു. അധികവും അവൻ മാപ്പാക്കുകയും ചെയ്യുന്നു."

അല്ലാഹുവിന്റെ അനുമതിയില്ലാതെ ആപത്തുകൾ ഒന്നും സംഭവിക്കുന്നില്ലെന്നും വിശുദ്ധ ഖുർആൻ പറയുന്നു:

مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَـٰبٍ

مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ۝

57:23– "ആപത്തുകൾ ഒന്നും തന്നെ അതിനു നാം അസ്തിത്വം കൊടുക്കുന്നതിനു മുമ്പ് ഒരു ലിഖിതത്തിലില്ലാതെ ഭൂമിയിലോ നിങ്ങളിലോ വന്നണയുന്നില്ല. നിശ്ചയമായും അല്ലാഹുവിന് അത് എളുപ്പമാകുന്നു."

എന്നാൽ ഒരു ഗ്രാമത്തിലെ ആൾക്കാർ നന്മകൾ ചെയ്യുന്നവരായിരിക്കെ അവരെ നാശം പിടികൂടുന്നതല്ലെന്നും ദൈവം വെളിപ്പെടുത്തുന്നു.

وَمَا كَانَ رَبُّكَ لِيُهْلِكَ ٱلْقُرَىٰ بِظُلْمٍ وَأَهْلُهَا مُصْلِحُونَ ۝ .

11:118– "പട്ടണങ്ങളെ നിന്റെ നാഥൻ അക്രമമായി നശിപ്പിക്കുന്നതല്ല, അവയിലെ ആളുകൾ സൽക്കർമ്മം ചെയ്യുന്നവരായിരിക്കെ."

മിക്ക മനുഷ്യരും ദൈവധിക്കാരികളായിത്തീരുന്നത് അവന് കൂടുതൽ അനുഗ്രഹങ്ങൾ ദൈവത്തിൽ നിന്നും ലഭിക്കുമ്പോഴാണെന്നത് വിചിത്രമാ

യൊരു സത്യമാകുന്നു. മനുഷ്യനും മൃഗവും തമ്മിലുള്ള ഒരു അന്തരമാണിത്. മൃഗങ്ങൾ വിശക്കുമ്പോൾ അക്രമകാരികളായിത്തീരുകയും വയറു നിറഞ്ഞു കഴിഞ്ഞാൽ ശാന്തരായിത്തീരുകയും ചെയ്യുന്നു. എന്നാൽ മനുഷ്യൻ നേരെ വിപരീതമായി പ്രവർത്തിക്കുന്നു.

وَإِذَآ أَنۡعَمۡنَا عَلَى ٱلۡإِنسَٰنِ أَعۡرَضَ وَنَـَٔا بِجَانِبِهِۦ وَإِذَا مَسَّهُ ٱلشَّرُّ فَذُو دُعَآءٍ عَرِيضٖ ۝

41:52– "നാം മനുഷ്യന് അനുഗ്രഹം ചെയ്തു കൊടുക്കുമ്പോൾ അവൻ നമ്മെ വിട്ടുമാറിക്കളയുകയും അവന്റെ ഭാഗത്തേക്ക് അവൻ അകന്നു പോകുകയും ചെയ്യുന്നു. വിഷമം അവനെ ബാധിക്കുമ്പോൾ ധാരാളമായ പ്രാർത്ഥനയുമായി അവൻ വരുന്നു."

രക്ഷപ്പെടാൻ സാധിക്കാത്ത രീതിയിലുള്ള കഠിനശിക്ഷ ആദ്യമെ തന്നെ ദൈവം മനുഷ്യന് കൊടുക്കുന്നില്ല. ഗുണ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട് ബോധവാന്മാരായിത്തീരുന്നതിനു വേണ്ടി ചെറിയ ചെറിയ ശിക്ഷകൾ മാത്രമെ ദൈവം ആദ്യം കൊടുക്കുന്നുള്ളു. പക്ഷെ ചെറിയ ശിക്ഷകളിൽ നിന്നും പാഠം പഠിക്കാതെ ധിക്കാരത്തിൽ തന്നെ തുടർന്നു പോകുന്നവർക്ക് കഠിന ശിക്ഷ പിന്നീട് നൽകുന്നു. അപ്പോൾ ശിക്ഷയിൽ അകപ്പെടുകയെന്നതൊഴികെ മറ്റൊരു മോചന മാർഗ്ഗവും മനുഷ്യന് കാണുവാൻ സാധിക്കുന്നതല്ല.

وَإِذَا مَسَّ ٱلۡإِنسَٰنَ ٱلضُّرُّ دَعَانَا لِجَنۢبِهِۦٓ أَوۡ قَاعِدًا أَوۡ قَآئِمٗا فَلَمَّا كَشَفۡنَا عَنۡهُ ضُرَّهُۥ مَرَّ كَأَن لَّمۡ

يَدۡعُنَآ إِلَىٰ ضُرّٖ مَّسَّهُۥۚ كَذَٰلِكَ زُيِّنَ لِلۡمُسۡرِفِينَ مَا كَانُواْ يَعۡمَلُونَ ۝

10:13–"മനുഷ്യന് വിഷമം ബാധിക്കുമ്പോൾ അവൻ കിടന്നുകൊണ്ടോ ഇരുന്നു കൊണ്ടോ നിന്നു കൊണ്ടോ അവൻ നമ്മോട് അപേക്ഷിക്കുന്നു. എന്നാൽ അവനെ ബാധിച്ച വിഷമം നാം അവനിൽ നിന്ന് നീക്കിക്കളയുമ്പോൾ അവനെ ബാധിച്ച ഒരു വിഷമത്തെക്കുറിച്ച് അവൻ നമ്മോട് പ്രാർത്ഥിച്ചിട്ടേയില്ല എന്ന ഭാവത്തിൽ അവൻ നടന്നു കളയുന്നു. ഇപ്രകാരം അതിരു വിട്ട് പ്രവർത്തിക്കുന്നവർക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ആകർഷമാക്കപ്പെട്ടിരിക്കുന്നു."

പ്രാർത്ഥനകൾക്കു ശേഷം ദൈവം വിപത്തുകൾ മാറ്റിക്കൊടുക്കുന്നതാണ്. ഇത് ഒന്നിലധികം തവണ സംഭവിക്കാവുന്നതാണ്. പക്ഷെ മനുഷ്യർ അതിക്രമത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണെങ്കിൽ രക്ഷാമാർഗ്ഗമില്ലാത്ത നിലയിൽ കഠിന ശിക്ഷയിൽ അകപ്പെടുന്നു. ദൈവം അവരെ അവന്റെ ശിക്ഷയിലൂടെ തടുത്തുനിർത്തിയില്ലെങ്കിൽ ലോകം മുഴുവനും കുഴപ്പങ്ങൾ നിറഞ്ഞു നശിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്.

وَلَوِ ٱتَّبَعَ ٱلۡحَقُّ أَهۡوَآءَهُمۡ لَفَسَدَتِ ٱلسَّمَٰوَٰتُ وَٱلۡأَرۡضُ وَمَن فِيهِنَّۚ بَلۡ أَتَيۡنَٰهُم بِذِكۡرِهِمۡ فَهُمۡ عَن

ذِكْرِهِم مُّعْرِضُونَ ۝ أَمْ تَسْـَٔلُهُمْ خَرْجًا فَخَرَاجُ رَبِّكَ خَيْرٌ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ۝ وَإِنَّكَ لَتَدْعُوهُمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ۝ وَإِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ عَنِ ٱلصِّرَٰطِ لَنَٰكِبُونَ ۝ وَلَوْ رَحِمْنَٰهُمْ وَكَشَفْنَا مَا بِهِم مِّن ضُرٍّ لَّلَجُّوا۟ فِى طُغْيَٰنِهِمْ يَعْمَهُونَ ۝ وَلَقَدْ أَخَذْنَٰهُم بِٱلْعَذَابِ فَمَا ٱسْتَكَانُوا۟ لِرَبِّهِمْ وَمَا يَتَضَرَّعُونَ ۝ حَتَّىٰٓ إِذَا فَتَحْنَا عَلَيْهِم بَابًا ذَا عَذَابٍ شَدِيدٍ إِذَا هُمْ فِيهِ مُبْلِسُونَ ۝

23:72–78 “സത്യം അവരുടെ സ്വേച്ഛകളെ പിൻപറ്റിയിരുന്നുവെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും കുഴപ്പങ്ങൾ കൊണ്ട് നിറയുമായിരുന്നു. എന്നാൽ അവർക്കുള്ള സാരോപദേശവും കൊണ്ടാണ് നാം അവരുടെ അടുക്കൽ ചെന്നിരിക്കുന്നത്. എന്നാൽ അവർക്കുള്ള സാരോപദേശത്തിൽ നിന്നും അവർ തിരിഞ്ഞു മാറുകയാണ് ചെയ്യുന്നത്.....അവരോട് നാം കരുണ കാണിക്കുകയും അവരെ ബാധിച്ച ദുരിതം നാം മാറ്റിക്കളയുകയും ചെയ്തിരുന്നുവെങ്കിൽ അവരുടെ അതിക്രമത്തിൽ തന്നെ അവർ വാശിപിടിച്ച് നിൽക്കുമായിരുന്നു..... ഒടുവിൽ കഠിന ശിക്ഷയുടെ ഒരു കവാടം അവരുടെ നേരെ നാം തുറന്നിടുമ്പോൾ അവർ അതിൽ നിരാശരായിക്കഴിയുന്നു.”

ദൈവിക ശിക്ഷയ്ക്ക് അർഹരായിത്തീരുന്നത് അക്രമികളും അഹങ്കാരികളും നിയമലംഘരും പ്രവാചകനിഷേധികളുമായിരിക്കുമെന്ന് അല്ലാഹു മുന്നറിയിപ്പു നൽകുന്നു:

قُلْ أَرَءَيْتَكُمْ إِنْ أَتَىٰكُمْ عَذَابُ ٱللَّهِ بَغْتَةً أَوْ جَهْرَةً هَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلظَّٰلِمُونَ ۝

6:48– “പറയുക: നിങ്ങൾ കാണുന്നുവോ? അല്ലാഹുവിന്റെ ശിക്ഷ അവിചാരിതമായോ പ്രത്യക്ഷമായോ നിങ്ങൾക്ക് വന്നെത്തുന്നുവെങ്കിൽ അക്രമികളായ ജനതയല്ലാതെ നശിപ്പിക്കപ്പെടുമോ?”

وَٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا يَمَسُّهُمُ ٱلْعَذَابُ بِمَا كَانُوا۟ يَفْسُقُونَ ۝

6:50– “നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരാരോ അവർ നിയമലംഘനം നടത്തുന്നതു കാരണമായി അവരെ ശിക്ഷ ബാധിക്കുന്നു.”

وَلَقَدْ أَهْلَكْنَا ٱلْقُرُونَ مِن قَبْلِكُمْ لَمَّا ظَلَمُوا۟ وَجَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ وَمَا كَانُوا۟ لِيُؤْمِنُوا۟ ۚ كَذَٰلِكَ نَجْزِى ٱلْقَوْمَ ٱلْمُجْرِمِينَ ۝

10:14– “നിങ്ങൾക്കു മുമ്പുള്ള തലമുറകളെ അവർ തെറ്റു ചെയ്തപ്പോൾ നാം തീർച്ചയായും നശിപ്പിച്ചു കളഞ്ഞിട്ടുണ്ട്. അവരുടെ പ്രവാചകന്മാർ

വ്യക്തമായ തെളിവുമായി അവരുടെ അടുത്തു ചെല്ലുകയുണ്ടായി. എ ന്നാൽ വിശ്വസിക്കുന്നതിന് അവർ തയ്യാറായില്ല. ഇപ്രകാരം കുറ്റവാളിക ളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുന്നു."

ദൈവത്തിൽ നിന്നും ലഭിക്കുന്ന മാർഗ്ഗ ദർശനത്തെ അവഗണിക്കുന്നതാ ണ് മനുഷ്യർ ശിക്ഷയ്ക്ക് പാത്രമായിത്തീരുന്നതിനുള്ള മറെറാരു കാരണ മായി അല്ലാഹു പറയുന്നത്.

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓاْ إِذْ جَآءَهُمُ ٱلْهُدَىٰ وَيَسْتَغْفِرُواْ رَبَّهُمْ إِلَّآ أَن تَأْتِيَهُمْ سُنَّةُ
ٱلْأَوَّلِينَ أَوْ يَأْتِيَهُمُ ٱلْعَذَابُ قُبُلًا ۝

18:56– "തങ്ങൾക്ക് മാർഗ്ഗദർശനം വന്നു കിട്ടിയപ്പോൾ അതിൽ വിശ്വസി ക്കുകയും തങ്ങളുടെ നാഥനോട് പൊറുത്തു തരുവാൻ പ്രാർത്ഥിക്കുക യും ചെയ്യുന്നതിന് മനുഷ്യർക്ക് തടസ്സമായത്, പൂർവ്വീകരുടെ കാര്യത്തി ൽ കൈകൊണ്ട (ശിക്ഷാ) നടപടി അവരിൽ വരികയോ അല്ലെങ്കിൽ ശി ക്ഷ അവർക്ക് നേരിട്ട് വരികയോ ചെയ്യണമെന്ന (അവരുടെ ശാഠ്യം) ഒ ന്നുകൊണ്ടു മാത്രമാകുന്നു."

ശിക്ഷ വരുന്നതിന് പലരീതികൾ ഉണ്ട്. ചിലത് പ്രത്യക്ഷവും മറ്റു ചില ത് പരോക്ഷവും ആയിരിക്കും. അമതിമായ ഭൗതീകത നശിക്കാൻ കാര ണമാകുന്ന പരോക്ഷമായ ഒരു ശിക്ഷയായിട്ട് വിശുദ്ധ ഖുർആൻ പറയു ന്നു:

مَّتَّعْتَهُمْ وَءَابَآءَهُمْ حَتَّىٰ نَسُواْ ٱلذِّكْرَ وَكَانُواْ قَوْمًۢا بُورًا ۝

25:19– "അവർക്കും അവരുടെ പിതാക്കൾക്കും നീ (ദൈവം) സുഖസൗക ര്യങ്ങൾ നൽകി. അങ്ങനെ അവർ ഉൽബോധനം വിസ്മരിക്കുകയും ന ശിച്ച ഒരു ജനതയായിത്തീരുകയും ചെയ്തു."

ശിക്ഷ ലഭിക്കുന്നതിനുള്ള മറ്റു കാരണങ്ങൾ മനുഷ്യർ ചെയ്യുന്ന തിന്മക ളും അധർമ്മങ്ങളും അതിക്രമത്തിൽ തന്നെ തുടർന്നു കൊണ്ടിരിക്കണമെ ന്ന മനുഷ്യരുടെ വാശിയുമാണ്.

وَوَقَعَ ٱلْقَوْلُ عَلَيْهِم بِمَا ظَلَمُواْ فَهُمْ لَا يَنطِقُونَ ۝

27:86 "....അവർ തിന്മ ചെയ്തതു കാരണമായി (ശിക്ഷാ) വചനം അ വരുടെ മേൽ വന്നു ഭവിക്കും. അപ്പോൾ അവർ ഒന്നും മിണ്ടുന്നതല്ല."

إِنَّا مُنزِلُونَ عَلَىٰٓ أَهْلِ هَٰذِهِ ٱلْقَرْيَةِ رِجْزًا مِّنَ ٱلسَّمَآءِ بِمَا كَانُواْ يَفْسُقُونَ ۝

29:35– "ഈ പട്ടണത്തിലെ ആളുകൾ അധർമ്മികൾ ആയതു കാരണമാ

യി അവരുടെ മേൽ ആകാശത്തുനിന്ന് ഒരു ശിക്ഷ തീർച്ചയായും ഞങ്ങൾ ഇറക്കാൻ പോകുകയാണ്."

ശിക്ഷ വരുന്നത് പരോക്ഷമായും പ്രത്യക്ഷമായും ആവാമെന്ന് ഇതിനുമുമ്പ് പറഞ്ഞുവല്ലോ. ശിക്ഷ നൽകുന്നതിന്റെ മറ്റൊരു കാരണമായി ദൈവം പറയുന്നത് കഠിന ശിക്ഷ കാണാത്തിടത്തോളം അവർ ബോധവാന്മാരാവുകയില്ല എന്നതാണ്."

لَا يُؤْمِنُونَ بِهِۦ حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ ۝ فَيَأْتِيَهُم بَغْتَةً وَهُمْ لَا يَشْعُرُونَ ۝

26:202–203 "വേദനയുറ്റ ശിക്ഷ അവർ കാണുന്നതുവരെ അതിൽ അവർ വിശ്വസിക്കുകയില്ല. എന്നാൽ അവർ ഓർക്കാത്തനിലയിൽ പെട്ടെന്നായിരിക്കും അത് അവരിൽ വന്നുചേരുന്നത്."

പ്രത്യക്ഷമായ ശിക്ഷകൾ മനുഷ്യൻ വിചാരിക്കാത്ത രീതിയിൽ വിചാരിക്കാത്ത സമയത്താണ് വരിക. വിഭിന്ന കക്ഷികളായി വിഘടിച്ചു നിൽക്കുകയെന്നതും ദൈവിക ശിക്ഷയായി വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

قُلْ هُوَ ٱلْقَادِرُ عَلَىٰٓ أَن يَبْعَثَ عَلَيْكُمْ عَذَابًا مِّن فَوْقِكُمْ أَوْ مِن تَحْتِ أَرْجُلِكُمْ أَوْ يَلْبِسَكُمْ شِيَعًا وَيُذِيقَ بَعْضَكُم بَأْسَ بَعْضٍ ۗ ٱنظُرْ كَيْفَ نُصَرِّفُ ٱلْآيَـٰتِ لَعَلَّهُمْ يَفْقَهُونَ ۝

6:66– "പറയുക: നിങ്ങളുടെ മുകളിൽ നിന്നോ നിങ്ങളുടെ പാദങ്ങൾക്കടിയിൽ നിന്നോ നിങ്ങളുടെ മേൽ ശിക്ഷ അയക്കുന്നതിന് അവൻ ശക്തനാണ്. അല്ലെങ്കിൽ നിങ്ങളെ ഭിന്നകക്ഷികളാക്കി ആശയകുഴപ്പത്തിലാക്കുകയും നിങ്ങളിൽ ചിലരെ മറ്റു ചിലരുടെ അക്രമണത്തിന് വിധേയരാക്കുകയും ചെയ്യുന്നതിനും (അവൻ ശക്തനാണ്). അവർ ഗ്രഹിക്കുന്നതിനു വേണ്ടി നാം ദൃഷ്ടാന്തങ്ങൾ എങ്ങനെയാണ് വിശദീകരിച്ചു കൊടുക്കുന്നുവെന്നത് നോക്കുക."

മനുഷ്യ സമൂഹം വിഭിന്ന കക്ഷികളായും മതവിഭാഗങ്ങളായും വേർതിരിഞ്ഞു നിൽക്കുന്നതിന് മനുഷ്യർ തന്നെയാണ് കുറ്റക്കാരെന്ന് ദൈവം പറയുന്നു. ദൈവം മനുഷ്യരെ ഏകസമൂഹമായി സൃഷ്ടിക്കുകയും, പിന്നീടവരിൽ ഭിന്നതകൾ ഉടലെടുത്തപ്പോൾ അവരെ ഏകീകരിക്കുവാനായി പ്രവാചകന്മാരെ അയക്കുകയും ചെയ്തു. എന്നാൽ അവർ വീണ്ടും ഒരു സമൂഹമായി മാറുവാൻ ആഗ്രഹിക്കാതെ പല കക്ഷികളായി തന്നെ നിലകൊള്ളുകയാണ് ചെയ്തത്.

وَإِنَّ هَـٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ فَٱتَّقُونِ ۝

23:53– "നിശ്ചയമായും ഇതാകുന്നു നിങ്ങളുടെ സമുദായം. അത് ഏക സമുദായമാകുന്നു. ഞാൻ നിങ്ങളുടെ രക്ഷിതാവുമാകുന്നു. അതു കൊണ്ട് എന്നെ ഭയപ്പെടുവിൻ. എന്നാൽ അവർ പരസ്പരം ഭിന്നിച്ചുകൊണ്ട് വിഭിന്ന കക്ഷികളായിത്തീരുകയാണുണ്ടായത്....

ഈ ലോകത്ത് എത്രയോ സമുദായങ്ങൾ കടന്നു കഴിഞ്ഞിട്ടുണ്ട്. അതിൽ അതിക്രമം പ്രവർത്തിച്ച പല സമൂഹങ്ങളും ദൈവിക ശിക്ഷയ്ക്ക് പാത്രമായിട്ടുണ്ട്. നൂഹ് നബിയുടെ ജനതയും, ലൂത്ത് നബിയുടെ ആൾക്കാരും. സബാ നഗരവാസികളും, ആദ്, ഥമൂദ്, മദിയൻ എന്നീ വർഗ്ഗങ്ങളും. മറ്റു പല സമൂഹങ്ങളും ഇവരിൽപ്പെടുന്നു. എന്നാൽ ഏതൊരു സമൂഹമാണോ ദൈവിക ശിക്ഷക്ക് അർഹരായിത്തീരുന്നത്, അവരെ നശിപ്പിക്കുന്നതിനു മുമ്പെ ദൈവം പ്രവാചകന്മാരെ അയച്ച് അവരോട് സന്മാർഗ്ഗം ഉപദേശിക്കുക എന്നതും ദൈവം അവന്റെ മഹത്തായ കാരുണ്യത്തിന്റെ ഒരു ഭാഗമാക്കിവെച്ചിരിക്കുന്നു.

وَإِذَآ أَرَدْنَآ أَن نُّهْلِكَ قَرْيَةً أَمَرْنَا مُتْرَفِيهَا فَفَسَقُوا۟ فِيهَا فَحَقَّ عَلَيْهَا ٱلْقَوْلُ فَدَمَّرْنَـٰهَا تَدْمِيرًا ﴿١٦﴾

17:17– "ഒരു നഗരത്തെ നശിപ്പിക്കുവാൻ നാം ഉദ്ദേശിക്കുമ്പോൾ അതിലെ സുഖലോലുപർക്ക് നാം (തെറ്റുതിരുത്താനുള്ള) ആജ്ഞകൾ നൽകുന്നു. എന്നാൽ (അവരത് അനുസരിക്കാതെ) അവിടെ നിയമലംഘനം നടത്തുന്നു. അങ്ങനെ അതിന്റെ മേൽ ശിക്ഷാവചനം പൂർത്തിയാകുന്നു. നാം അതിനെ ഉന്മൂലനാശത്താൽ നശിപ്പിക്കുകയും ചെയ്യുന്നു."

وَإِن مِّن قَرْيَةٍ إِلَّا نَحْنُ مُهْلِكُوهَا قَبْلَ يَوْمِ ٱلْقِيَـٰمَةِ أَوْ مُعَذِّبُوهَا عَذَابًا شَدِيدًا ۚ كَانَ ذَٰلِكَ فِى ٱلْكِتَـٰبِ مَسْطُورًا ﴿٥٨﴾

17:59– "ഉയിർത്തേഴുന്നേൽപ്പു നാളിനു മുമ്പായി നാം നശിപ്പിക്കുകയോ അല്ലെങ്കിൽ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്ത ഒരു നഗരവും ഉണ്ടായിരിക്കുകയില്ല. അത് ലിഖിതത്തിൽ എഴുതപ്പെട്ട കാര്യമാകുന്നു."

وَكَمْ قَصَمْنَا مِن قَرْيَةٍ كَانَتْ ظَالِمَةً وَأَنشَأْنَا بَعْدَهَا قَوْمًا ءَاخَرِينَ ﴿١١﴾ فَلَمَّآ أَحَسُّوا۟ بَأْسَنَآ إِذَا هُم مِّنْهَا يَرْكُضُونَ ﴿١٢﴾ لَا تَرْكُضُوا۟ وَٱرْجِعُوٓا۟ إِلَىٰ مَآ أُتْرِفْتُمْ فِيهِ وَمَسَـٰكِنِكُمْ لَعَلَّكُمْ تُسْـَٔلُونَ ﴿١٣﴾ قَالُوا۟ يَـٰوَيْلَنَآ إِنَّا كُنَّا ظَـٰلِمِينَ ﴿١٤﴾ فَمَا زَالَت تِّلْكَ دَعْوَىٰهُمْ حَتَّىٰ جَعَلْنَـٰهُمْ حَصِيدًا خَـٰمِدِينَ ﴿١٥﴾

21:13–17 “അക്രമത്തിലേർപ്പെട്ട എത്ര നഗരങ്ങളെയാണ് നാം നശിപ്പിച്ചു കളഞ്ഞത്! അവർക്കു ശേഷം നാം മറെറാരു ജനവിഭാഗത്തെ വളർത്തി ക്കൊണ്ടു വരികയും ചെയ്തു. അങ്ങനെ നമ്മുടെ ശിക്ഷ അവർക്ക് അ നുഭവപ്പെട്ടപ്പോൾ അവരതാ അവിടെനിന്നും ഓടിരക്ഷപ്പെടാൻ ശ്രമിക്കു ന്നു. ധൃതിപ്പെട്ട് ഓടിപ്പോകാതെ, നിങ്ങൾ ഏർപ്പെട്ട സുഖഭോഗങ്ങളിലേ ക്കും നിങ്ങളുടെ വസതികളിലേക്കും നിങ്ങൾ തിരിച്ചു ചെല്ലുക. നിങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. അവർ പറഞ്ഞു, ഹാ ഞങ്ങളുടെ കഷ് ടം, ഞങ്ങൾ തന്നെയായിരുന്നു തെറ്റുകാർ. അവരുടെ ഈ നിലവിളി അ വർ തുടർന്നുകൊണ്ടേയിരുന്നു, കൊയ്തിട്ട വിളപോലെ നാം അവരെ ആ ക്കിത്തീർക്കുന്നതുവരെ.”

ലൂത്ത് നബിയുടെ (അ) ആൾക്കാരെ അല്ലാഹു നശിപ്പിച്ചത് ആകാശ ത്തിൽ നിന്നും ശിക്ഷ ഇറക്കിയാണ്.

إِنَّا مُنزِلُونَ عَلَىٰٓ أَهۡلِ هَٰذِهِ ٱلۡقَرۡيَةِ رِجۡزٗا مِّنَ ٱلسَّمَآءِ بِمَا كَانُواْ يَفۡسُقُونَ ۝

29:35– “ഈ നഗരവാസികളുടെ മേൽ ആകാശത്തിൽ നിന്നും ഒരു ശി ക്ഷ തീർച്ചയായും ഞങ്ങൾ ഇറക്കുവാൻ പോകുന്നു. അവർ അധർമ്മകാ രികൾ ആയിരിക്കുക കാരണമായി.”

സബാ നഗരവാസികൾക്ക് ദൈവിക ശിക്ഷ വന്നെത്തിയത് അവരുടെ ത ന്നെ അണക്കെട്ടിലെ ജലപ്രളയത്താലാണ്.

لَقَدۡ كَانَ لِسَبَإٖ فِي مَسۡكَنِهِمۡ ءَايَةٞۖ جَنَّتَانِ عَن يَمِينٖ وَشِمَالٖۖ كُلُواْ مِن رِّزۡقِ رَبِّكُمۡ وَٱشۡكُرُواْ لَهُۥۚ بَلۡدَةٞ طَيِّبَةٞ وَرَبٌّ غَفُورٞ ۝ فَأَعۡرَضُواْ فَأَرۡسَلۡنَا عَلَيۡهِمۡ سَيۡلَ ٱلۡعَرِمِ وَبَدَّلۡنَٰهُم بِجَنَّتَيۡهِمۡ جَنَّتَيۡنِ ذَوَاتَيۡ أُكُلٍ خَمۡطٖ وَأَثۡلٖ وَشَيۡءٖ مِّن سِدۡرٖ قَلِيلٖ ۝ ذَٰلِكَ جَزَيۡنَٰهُم بِمَا كَفَرُواْۖ وَهَلۡ نُجَٰزِيٓ إِلَّا ٱلۡكَفُورَ ۝

34:16–18 “സബാവാസികളുടെ അധിവാസകേന്ദ്രത്തിൽ അവർക്കൊരു ദൃ ഷ്ടാന്തമുണ്ട്. ഇടത്തും വലത്തുമായി രണ്ടു തോട്ടങ്ങൾ ഉണ്ടായിരുന്നു. നിങ്ങളുടെ നാഥൻ തന്ന ഭക്ഷണപദാർത്ഥങ്ങളിൽനിന്ന് നിങ്ങൾ ഭക്ഷി ക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുവിൻ. നല്ലൊരു രാജ്യ വും ഏറെ പൊറുക്കുന്നവനായ നിങ്ങളുടെ നാഥനും. എന്നാൽ അവർ പിന്തിരിഞ്ഞു കളഞ്ഞപ്പോൾ അവരുടെ നേരെ അണകെട്ടുകളിലെ ജല പ്രളയത്തെ നാം അയച്ചു. അവരുടെ രണ്ടു നല്ല തോട്ടങ്ങൾക്കു പകരം കയ്പുള്ള പഴങ്ങളും കാറ്റാടി മരങ്ങളും കുറെ വാകമരങ്ങളുമുള്ള ര ണ്ടു തോട്ടങ്ങൾ നാം അവർക്ക് പകരം കൊടുക്കുകയും ചെയ്തു. അവ ർ അവിശ്വസിച്ചതുകാരണമായി നാം അതാണ് അവർക്ക് പ്രതിഫലമായി നൽകിയത്. നന്ദികേട് കാണിക്കുന്നവരുടെ നേരെയല്ലാതെ നാം ശിക്ഷാ നടപടി എടുക്കുമോ?”

നൂഹ് നബിയുടെ (അ) ജനതയും വെള്ളപ്പൊക്കത്താൽ തന്നെയാണ് നാശമടഞ്ഞത്.

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَٱلْأَحْزَابُ مِنۢ بَعْدِهِمْ ۖ وَهَمَّتْ كُلُّ أُمَّةٍۭ بِرَسُولِهِمْ لِيَأْخُذُوهُ ۖ
وَجَٰدَلُوا۟ بِٱلْبَٰطِلِ لِيُدْحِضُوا۟ بِهِ ٱلْحَقَّ فَأَخَذْتُهُمْ ۖ فَكَيْفَ كَانَ عِقَابِ ﴿٥﴾ وَكَذَٰلِكَ
حَقَّتْ كَلِمَتُ رَبِّكَ عَلَى ٱلَّذِينَ كَفَرُوٓا۟ أَنَّهُمْ أَصْحَٰبُ ٱلنَّارِ ﴿٦﴾

40:06–07 “തങ്ങൾക്കു മുമ്പ് നൂഹിന്റെ ജനതയും അവർക്കു ശേഷം സഖ്യകക്ഷികളും (ദൂതന്മാരെ) നിഷേധിച്ചു. ഓരോ സമുദായവും തങ്ങളുടെ ദൂതനെ പിടികൂടുവാനായി ഉദ്യമിക്കുകയും അസത്യങ്ങൾ ഉന്നയിച്ച് കൊണ്ട് സത്യത്തെ ഇല്ലായ്മ ചെയ്യുവാനായി തർക്കിക്കുകയും ചെയ്തു. എന്നാൽ ഞാൻ അവരെ പിടി കൂടി. അപ്പോൾ എത്ര കഠിനമായിരുന്നു എന്റെ ശിക്ഷ! അങ്ങനെ നിന്റെ നാഥന്റെ വചനം, അവിശ്വാസികൾ നരകാവകാസികൾ ആണെന്നത്, അവരുടേമെൽ നിറവേറുകയും ചെയ്തു.”

ദൈവം കൊടുങ്കാറ്റു അയച്ചുകൊണ്ടാണ് ആദ് സമൂഹത്തെ നശിപ്പിച്ചു കളഞ്ഞത്.

فَأَمَّا عَادٌ فَٱسْتَكْبَرُوا۟ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَقَالُوا۟ مَنْ أَشَدُّ مِنَّا قُوَّةً ۖ أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَهُمْ
هُوَ أَشَدُّ مِنْهُمْ قُوَّةً ۖ وَكَانُوا۟ بِـَٔايَٰتِنَا يَجْحَدُونَ ﴿١٥﴾ فَأَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِىٓ أَيَّامٍ نَّحِسَاتٍ
لِّنُذِيقَهُمْ عَذَابَ ٱلْخِزْىِ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَعَذَابُ ٱلْءَاخِرَةِ أَخْزَىٰ ۖ وَهُمْ لَا يُنصَرُونَ ﴿١٦﴾

41:16–17 “എന്നാൽ ആദ് സമുദായം ന്യായം കൂടാതെ ഭൂമിയിൽ അഹംഭാവം നടിക്കുകയും, ഞങ്ങളെക്കാൾ ശക്തിയിൽ മികച്ചവൻ ആരുണ്ട് എന്ന് പറയുകയുമാണ് ചെയ്തത്. അവർക്കു കണ്ടുകൂടെ, അവരെ സൃഷ്ടിച്ച അല്ലാഹുതന്നെയാണ് അവരെക്കാൾ ശക്തിയിൽ മികച്ചവനെന്ന്? നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചു കളയുകയായിരുന്നു. അങ്ങനെ ദുരിന്തം പിടിച്ച ഏതാനും ദിവസങ്ങളിൽ അവരുടെ നേർക്ക് ഉഗ്രമായ ഒരു ശീതകാറ്റ് നാം അയച്ചു. ഐഹികജീവിതത്തിൽ തന്നെ അവർക്ക് അപമാനകരമായ ശിക്ഷ നാം ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. എന്നാൽ പരലോകത്തിലെ ശിക്ഷയാണ് കൂടുതൽ അപമാനകരം. അവർക്ക് സഹായമൊന്നും നൽകപ്പെടുകയുമില്ല.”

ഇതേ പ്രകാരം തന്നെയാണ് ഥമൂദ് വംശവും സശിപ്പിക്കപ്പെട്ടത്.

وَأَمَّا ثَمُودُ فَهَدَيْنَٰهُمْ فَٱسْتَحَبُّواْ ٱلْعَمَىٰ عَلَى ٱلْهُدَىٰ فَأَخَذَتْهُمْ صَٰعِقَةُ ٱلْعَذَابِ ٱلْهُونِ بِمَا كَانُواْ يَكْسِبُونَ ۝

41:18– "എന്നാൽ ഥമൂദ് ഗോത്രമോ, അവർക്ക് നാം നേർവഴി കാണിച്ചു കൊടുത്തു. അപ്പോൾ സന്മാർഗത്തെക്കാളുപരി അന്ധതയെ അവർ പ്രിയങ്കരമായി കരുതുകയാണ് ചെയ്തത്. അങ്ങനെ അവർ ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമായി അപമാനകരമായ ഒരു ഭയങ്കര ശിക്ഷ അവരെ പിടികൂടി."

പിന്നീടു വന്ന തലമുറയെക്കാളും വളരെ പ്രബലമായവർ, ശക്തിയിലും അറിവിലും മേന്മയുള്ളവർ മുൻ കഴിഞ്ഞ തലമുറകളിൽ ഉണ്ടായിരുന്നുവെന്നത് നമ്മെ ആശ്ചര്യപ്പെടുത്തുന്ന കാര്യമാണ്. അന്നത്തെ എല്ലാ ശക്തിസമൂഹങ്ങളും വിചാരിച്ചിരുന്നത് തങ്ങളേക്കാൾ പ്രബലർ ആരുണ്ട് എന്നായിരിന്നു. ഓരോ സമൂഹവും എത്രതന്നെ പ്രബലമായിരുന്നാലും ദൈവിക ശിക്ഷയിൽ നിന്ന് രക്ഷപ്പെടുവാൻ ആ സമൂഹത്തെക്കൊണ്ട് സാധിക്കുന്നതല്ലെന്ന് വിശുദ്ധ ഖുർആനിൽ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്.

أَوَلَمْ يَسِيرُواْ فِى ٱلْأَرْضِ فَيَنظُرُواْ كَيْفَ كَانَ عَٰقِبَةُ ٱلَّذِينَ كَانُواْ مِن قَبْلِهِمْ ۚ كَانُواْ هُمْ أَشَدَّ مِنْهُمْ قُوَّةً وَءَاثَارًا فِى ٱلْأَرْضِ فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمْ وَمَا كَانَ لَهُم مِّنَ ٱللَّهِ مِن وَاقٍ ۝ ذَٰلِكَ بِأَنَّهُمْ كَانَت تَّأْتِيهِمْ رُسُلُهُم بِٱلْبَيِّنَٰتِ فَكَفَرُواْ فَأَخَذَهُمُ ٱللَّهُ ۚ إِنَّهُۥ قَوِىٌّ شَدِيدُ ٱلْعِقَابِ ۝

40:22–23 "ഇവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ടില്ലേ? അപ്പോൾ ഇവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ഇവർക്കു നോക്കാമല്ലോ. അവർ ശക്തികൊണ്ടും ഭൂമിയിൽ(അവശേഷിപ്പിച്ച) സ്മാരകങ്ങൾ കൊണ്ടും ഇവരെക്കാൾ കരുത്തരായിരുന്നു. എന്നിട്ട് അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അവർക്കു കാവൽ നല്കാൻ ആരുമുണ്ടായില്ല. അതെന്തുകൊണ്ടെന്നാൽ അവരിലേക്കുള്ള ദൈവദൂതൻ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുക്കൽ ചെല്ലാറുണ്ടായിരുന്നു. എന്നിട്ട് അവർ അവിശ്വസിച്ചുകളഞ്ഞു. അപ്പോൾ അല്ലാഹു അവരെ പിടികൂടി. തീർച്ചയായും അവൻ ശക്തനും കഠിനമായി ശിക്ഷിക്കുന്നവനുമത്രെ."

ദൈവത്തിൽ നിന്ന് ഈ ലോകത്തു വെച്ചു തന്നെ പ്രത്യക്ഷമായി ലഭിച്ച ശിക്ഷകളെക്കുറിച്ചാണ് ഇത്രയും പറഞ്ഞത്. എന്നാൽ ചില പാപങ്ങളുടെ ശിക്ഷകൾ പ്രത്യക്ഷമായി ഈ ലോകത്തു വെച്ചുതന്നെ ലഭിക്കുന്നില്ല. അതിനുള്ള ശിക്ഷകൾ ദൈവം തന്നെ അവന്റെ അടുക്കൽ വെച്ചിരിക്കുകയാണ്. ഈ ശിക്ഷ അവർ അനുഭവിക്കുന്ന ആത്മഭയത്തോടെ ഈ ലോകത്തു വെച്ചു തന്നെ ആരംഭിക്കുകയും മരണത്തോടു കൂടി അതി

ന്റെ പ്രതിച്ഛായയിൽ കഴിഞ്ഞു കൂടുകയും പുനരുത്ഥാന നാൾ നരക ശിക്ഷയുടെ രൂപത്തിൽ അത് പ്രത്യക്ഷമായി അനുഭവിക്കുമാറാകുകയും ചെയ്യുന്നു. ഇതിൽ പ്രധാനപ്പെട്ട പാപകർമ്മങ്ങൾ താഴെ പറയുന്നവയാണ്. താഴെ പറയുന്ന എല്ലാ പാപകർമ്മങ്ങളും നേരിട്ട് നരകശിക്ഷയ്ക്ക് അർഹമാക്കുന്നില്ല. ചില പാപകർമ്മങ്ങൾ ചെയ്യുന്നതു കാരണം വഴികേടിലായിത്തീരുകയും പിന്നീട് തുടർന്ന് വരുന്ന മാർഗ്ഗ ഭ്രംശം അവരെ നരകത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. പശ്ചാത്തപത്തിന്റെ വാതിൽ മരണം വരെ തുറന്നു കിടക്കുന്നതുകൊണ്ട് എത്ര തന്നെ പാപിയായാലും മരിക്കുന്നതിനു മുമ്പേ പാശ്ചാത്തപിച്ചു കൊണ്ട് സ്വയം നന്നാക്കി സൽകർമ്മങ്ങൾ ചെയ്തു കൊണ്ട് പാപകർമ്മങ്ങളെ മായിച്ച് കളയുവാൻ സാധിക്കുന്നതാണ്. അതിനുള്ള സൗഭാഗ്യം അതിനർഹരായവർക്കു മാത്രമമെ ലഭിക്കുകയുള്ളു. നരകശിക്ഷ ലഭിക്കുന്നതിനർഹരായവരായിത്തീരുന്നവർ താഴെ പറയുന്ന പാപ കർമ്മങ്ങൾ ചെയ്യുന്നവരാണ്.

- ബഹുദൈവാരാധന
- ത്രിയേകത്വസിദ്ധാന്തം
- അവിശ്വാസം
- നിരീശ്വരത്വം
- കപടവിശ്വാസം
- ഇസ്ലാം മതം ഉപേക്ഷിക്കൽ
- വിശുദ്ധ ഖുർആനെ നിഷേധിക്കൽ
- ദൈവിക ഗ്രന്ഥത്തിലുള്ള സത്യങ്ങളെ മറച്ചുവെക്കൽ
- പ്രവാചകന്മാരെ പീഡിപ്പിക്കൽ
- വിശ്വാസികളെ പീഡിപ്പിക്കൽ
- വിശ്വാസികളെക്കുറിച്ച് അപവാദം പ്രചരിപ്പിക്കൽ
- പരലോകത്തെ നിഷേധിക്കൽ
- സ്വയം ദൈവമാണെന്ന് പ്രഖ്യാപിക്കൽ
- വ്യാജ പ്രവാചകത്വം വാദിക്കൽ
- അവസാനത്തെ പ്രവാചകനാണെന്ന് പ്രചരിപ്പിക്കൽ
- നമസ്ക്കാരത്തെ പാഴാക്കൽ
- പള്ളിയിൽ നിന്നും പുറത്താക്കൽ
- അഹംഭാവം
- ഈ ലോകത്തെ തിരഞ്ഞെടുക്കൽ

- അന്ധമായി പൂർവ്വീകരെ പിന്തുടരൽ
- അന്ധമായി പണ്ഡിതന്മാരെ അനുകരിക്കൽ
- സ്വന്തം സന്താനങ്ങളെ കൊല ചെയ്യൽ
- അന്യരുടെ മുതലുകൾ സ്വായത്തമാക്കൽ
- ആത്മഹത്യ
- പലിശ
- കൊലപാതകവും വ്യഭിചാരവും

1. ബഹു ദൈവാരാധനയും ശിക്ഷകളും.

سَنُلۡقِي فِي قُلُوبِ ٱلَّذِينَ كَفَرُواْ ٱلرُّعۡبَ بِمَآ أَشۡرَكُواْ بِٱللَّهِ مَا لَمۡ يُنَزِّلۡ بِهِۦ
سُلۡطَٰنٗاۖ وَمَأۡوَىٰهُمُ ٱلنَّارُۚ وَبِئۡسَ مَثۡوَى ٱلظَّٰلِمِينَ ١٥١

3:152– “സത്യനിഷേധികളുടെ മനസ്സുകളിൽ നാം ഭയം ഇട്ടുകൊടുക്കുന്നതാണ്. അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്ത വസ്തുക്കളെ അല്ലാഹുവിനോട് അവർ പങ്കുചേർത്തതിന്റെ ഫലമായാണത്. നരകമാകുന്നു അവരുടെ സങ്കേതം. അക്രമികളുടെ പാർപ്പിടം എത്ര മോശം.”

إِنَّ ٱللَّهَ لَا يَغۡفِرُ أَن يُشۡرَكَ بِهِۦ وَيَغۡفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُۚ
وَمَن يُشۡرِكۡ بِٱللَّهِ فَقَدِ ٱفۡتَرَىٰٓ إِثۡمًا عَظِيمًا ٤٨

4:49– “തന്നോട് പങ്കുചേർക്കുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവിനോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് കെട്ടിച്ചമച്ചുണ്ടാക്കിയിരിക്കുന്നത്.”

فَمَنۡ أَظۡلَمُ مِمَّنِ ٱفۡتَرَىٰ عَلَى ٱللَّهِ كَذِبًا أَوۡ كَذَّبَ بِـَٔايَٰتِهِۦٓۚ أُوْلَٰٓئِكَ يَنَالُهُمۡ نَصِيبُهُم مِّنَ ٱلۡكِتَٰبِۖ
حَتَّىٰٓ إِذَا جَآءَتۡهُمۡ رُسُلُنَا يَتَوَفَّوۡنَهُمۡ قَالُوٓاْ أَيۡنَ مَا كُنتُمۡ تَدۡعُونَ مِن دُونِ ٱللَّهِۖ قَالُواْ ضَلُّواْ عَنَّا وَشَهِدُواْ عَلَىٰٓ
أَنفُسِهِمۡ أَنَّهُمۡ كَانُواْ كَٰفِرِينَ ٣٧ قَالَ ٱدۡخُلُواْ فِيٓ أُمَمٖ قَدۡ خَلَتۡ مِن قَبۡلِكُم مِّنَ ٱلۡجِنِّ وَٱلۡإِنسِ فِي ٱلنَّارِۖ

كُلَّمَا دَخَلَتْ أُمَّةٌ لَّعَنَتْ أُخْتَهَا ۖ حَتَّىٰٓ إِذَا ٱدَّارَكُوا۟ فِيهَا جَمِيعًا قَالَتْ أُخْرَىٰهُمْ لِأُولَىٰهُمْ رَبَّنَا هَٰٓؤُلَآءِ
أَضَلُّونَا فَـَٔاتِهِمْ عَذَابًا ضِعْفًا مِّنَ ٱلنَّارِ ۖ قَالَ لِكُلٍّ ضِعْفٌ وَلَٰكِن لَّا تَعْلَمُونَ ﴿٣٨﴾

7:38–39 “അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ, അവന്റെ തെളിവുകളെ നിഷേധിച്ചു തള്ളുകയോ ചെയ്തവനെക്കാൾ ക ടുത്ത അക്രമി ആരുണ്ട്? (അല്ലാഹുവിന്റെ) രേഖയിൽ തങ്ങൾക്ക് നിശ്ച യിച്ചിട്ടുള്ള ഓഹരി അത്തരക്കാർക്കു ലഭിക്കുന്നതാണ്. അവസാനം അവ രെ മരിപ്പിക്കുവാനായി നമ്മുടെ ദൂതന്മാർ (മലക്കുകൾ)അവരുടെ അടു ത്ത് ചെല്ലുമ്പോൾ അവർ പറയും: അല്ലാഹുവിന് പുറമെ നിങ്ങൾ വിളി ച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നവരൊക്കെ എവിടെ? അവർ പറയും: അവ രൊക്കെ വിട്ടുപോയിക്കളഞ്ഞു. തങ്ങൾ സത്യനിഷേധികളായിരുന്നുവെ ന്ന് അവർക്കെതിരായി അവർ തന്നെ സാക്ഷ്യം വഹിക്കുകയും ചെയ്യും. അവൻ (അല്ലാഹു) പറയും: ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നുമാ യി നിങ്ങൾക്കു മുമ്പു കഴിഞ്ഞു പോയിട്ടുള്ള സമൂഹങ്ങളുടെ കൂട്ടത്തിൽ നിങ്ങളും പ്രവേശിക്കുക. അങ്ങനെ ഓരോ സമൂഹവും (അതിൽ) പ്രവേ ശിക്കുമ്പോഴൊക്കെ അവർ അതിന്റെ സഹോദര സമൂഹത്തെ ശപിക്കും. അവരെല്ലാവരും അവിടെ ഒരുമിച്ചു കൂടികഴിഞ്ഞാൽ അവരിലെ പിൻഗാ മികൾ അവരുടെ മുൻഗാമികളെപ്പറ്റി പറയും: ഞങ്ങളുടെ രക്ഷിതാവേ, ഇവരാണ് ഞങ്ങളെ വഴിതെറ്റിച്ചത്. അതുകൊണ്ട് ഇവർക്ക് നീ നരക ത്തിൽ ഇരട്ടി ശിക്ഷ കൊടുക്കേണമേ. അവൻ പറയും: എല്ലാവർക്കും ഇരട്ടിയുണ്ട്. പക്ഷെ നിങ്ങൾ മനസ്സിലാക്കുന്നില്ല.”

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰٓؤُلَآءِ شُفَعَـٰٓؤُنَا عِندَ ٱللَّهِ ۚ قُلْ
أَتُنَبِّـُٔونَ ٱللَّهَ بِمَا لَا يَعْلَمُ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿١٨﴾

10:19– “അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെ യ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ അല്ലാഹുവി ന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് അവർ പറയു കയും ചെയ്യുന്നു. പറയുക: അകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ല കാര്യവും നിങ്ങളവന് അറിയിച്ചു കൊടുക്കു കയോണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്ര യോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു.”

إِنَّكُمْ وَمَا تَعْبُدُونَ مِن دُونِ ٱللَّهِ حَصَبُ جَهَنَّمَ أَنتُمْ لَهَا وَٰرِدُونَ ﴿٩٨﴾
لَوْ كَانَ هَٰٓؤُلَآءِ ءَالِهَةً مَّا وَرَدُوهَا ۖ وَكُلٌّ فِيهَا خَـٰلِدُونَ ﴿٩٩﴾

21:99–100 “തീർച്ചയായും നിങ്ങളും അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിലെ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വന്നുചേരുക തന്നെ ചെയ്യുന്നതാണ്. ഇവർ ദൈവങ്ങളായിരുന്നുവെങ്കിൽ അതിൽ (നരകത്തിൽ) വന്നുചേരുകയില്ലായിരുന്നു. അവരെല്ലാം അതിൽ നിത്യവാസികളായിരിക്കും.”

هَـٰذَا خَلْقُ ٱللَّهِ فَأَرُونِى مَاذَا خَلَقَ ٱلَّذِينَ مِن دُونِهِۦ ۚ بَلِ ٱلظَّـٰلِمُونَ فِى ضَلَـٰلٍ مُّبِينٍ ۝

31:12– “ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടിയാകുന്നു. എന്നാൽ അവന്നു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്നാണ് നിങ്ങൾ എനിക്ക് കാണിച്ചു തരൂ. അല്ല, അക്രമകാരികൾ വ്യക്തമായ വഴികേടിലാകുന്നു.”

أَلَا لِلَّهِ ٱلدِّينُ ٱلْخَالِصُ ۚ وَٱلَّذِينَ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ

إِنَّ ٱللَّهَ يَحْكُمُ بَيْنَهُمْ فِى مَا هُمْ فِيهِ يَخْتَلِفُونَ ۗ إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ كَـٰذِبٌ كَفَّارٌ ۝

39:04– “അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു, നിഷ്കളങ്കമായ കീഴ്വണക്കം. അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്”. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധി കല്പിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.”

2. ത്രയേകത്വ സിദ്ധാന്തം

وَقَالُوا۟ ٱتَّخَذَ ٱللَّهُ وَلَدًا ۗ سُبْحَـٰنَهُۥ ۖ بَل لَّهُۥ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ كُلٌّ لَّهُۥ قَـٰنِتُونَ ۝

2:117– “അവർ പറയുന്നു: അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന്. അവനെത്ര പരിശുദ്ധൻ! അങ്ങനെയല്ല, ആകാശഭൂമികളിലുള്ളതെല്ലാം തന്നെ അവന്റെതാകുന്നു. എല്ലാവരും അവന്ന് കീഴ്പെട്ടിരിക്കുന്നവരാകുന്നു.”

يَـٰٓأَهْلَ ٱلْكِتَـٰبِ لَا تَغْلُوا۟ فِى دِينِكُمْ وَلَا تَقُولُوا۟ عَلَى ٱللَّهِ إِلَّا ٱلْحَقَّ ۚ إِنَّمَا ٱلْمَسِيحُ عِيسَى ٱبْنُ مَرْيَمَ رَسُولُ ٱللَّهِ

وَكَلِمَتُهُۥٓ أَلْقَىٰهَآ إِلَىٰ مَرْيَمَ وَرُوحٌ مِّنْهُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرُسُلِهِۦ ۖ وَلَا تَقُولُوا۟ ثَلَـٰثَةٌ ۚ ٱنتَهُوا۟ خَيْرًا لَّكُمْ ۚ إِنَّمَا ٱللَّهُ إِلَـٰهٌ

وَٰحِدٌ ۖ سُبْحَـٰنَهُۥٓ أَن يَكُونَ لَهُۥ وَلَدٌ ۘ لَّهُۥ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَكَفَىٰ بِٱللَّهِ وَكِيلًا ۝

4:172– "വേദക്കാരെ, നിങ്ങൾ മതകാര്യത്തിൽ അതിരു കവിയരുത്. അ ല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമി ലേക്ക് അവൻ ഇട്ടു കൊടുത്ത അവന്റെ വചനവും, അവനിൽ നിന്നുള്ള ഒരാത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അ വന്റെ ദൂതന്മാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയ രുത്. നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏകനായ ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമു ണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാ ശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റെതാകുന്നു. കൈകാര്യ കർത്താവായി അല്ലാഹു തന്നെ മതി."

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ هُوَ ٱلْمَسِيحُ ٱبْنُ مَرْيَمَ ۚ قُلْ فَمَن يَمْلِكُ مِنَ ٱللَّهِ شَيْـًٔا إِنْ أَرَادَ
أَن يُهْلِكَ ٱلْمَسِيحَ ٱبْنَ مَرْيَمَ وَأُمَّهُۥ وَمَن فِى ٱلْأَرْضِ جَمِيعًا ۗ وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ
وَٱلْأَرْضِ وَمَا بَيْنَهُمَا ۚ يَخْلُقُ مَا يَشَآءُ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٧﴾

5:18– "മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞ വർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. പറയുക: മർയമിന്റെ മകൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനെയും, ഭൂമിയിലുള്ള മുഴുവൻ പേരെയും അല്ലാഹു നശിപ്പിക്കാനുദ്ദേശിക്കുകയാണെങ്കിൽ അവ ന്റെ വല്ല നടപടിയിലും സ്വാധീനം ചെലുത്താൻ ആർക്കാണ് കഴിയുക? ആകാശങ്ങളുടെയും ഭൂമിയുടെയും, അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടി ക്കുന്നു. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു."

لَقَدْ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ هُوَ ٱلْمَسِيحُ ٱبْنُ مَرْيَمَ ۖ وَقَالَ ٱلْمَسِيحُ يَٰبَنِىٓ إِسْرَٰٓءِيلَ ٱعْبُدُواْ ٱللَّهَ رَبِّى
وَرَبَّكُمْ ۖ إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴿٧٢﴾
لَّقَدْ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ ثَالِثُ ثَلَٰثَةٍ ۘ وَمَا مِنْ إِلَٰهٍ إِلَّآ إِلَٰهٌ وَٰحِدٌ ۚ وَإِن لَّمْ يَنتَهُواْ عَمَّا يَقُولُونَ
لَيَمَسَّنَّ ٱلَّذِينَ كَفَرُواْ مِنْهُمْ عَذَابٌ أَلِيمٌ ﴿٧٣﴾ أَفَلَا يَتُوبُونَ إِلَى ٱللَّهِ وَيَسْتَغْفِرُونَهُۥ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٧٤﴾
مَّا ٱلْمَسِيحُ ٱبْنُ مَرْيَمَ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ ٱلرُّسُلُ ۖ وَأُمُّهُۥ صِدِّيقَةٌ ۖ كَانَا يَأْكُلَانِ ٱلطَّعَامَ

ٱنظُرۡ كَيۡفَ نُبَيِّنُ لَهُمُ ٱلۡأٓيَٰتِ ثُمَّ ٱنظُرۡ أَنَّىٰ يُؤۡفَكُونَ ۝

5:73–76 “മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞു: ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവിനോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. ഏക ആരാധ്യനല്ലാത യാതൊരാരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ, അവരിൽ അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും. അവർ ഇനിയും അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.”

“മർയമിന്റെ മകൻ മസീഹ് ഒരു വൈദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിനു മുമ്പുള്ള എല്ലാ ദൂതന്മാരും കാലഗതി പ്രാപിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവരിരുവരും ഭക്ഷണം കഴിക്കുന്നവരായിരുന്നു. നാം അവർക്ക് എങ്ങനെയെല്ലാം ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നുവെന്ന് നോക്കുക; എന്നിട്ടും അവർ എങ്ങനെയാണ് പിൻതിരിഞ്ഞു പോയ്ക്കളയുന്നതെന്നും നോക്കുക.”

قَالُواْ ٱتَّخَذَ ٱللَّهُ وَلَدٗا سُبۡحَٰنَهُۥۖ هُوَ ٱلۡغَنِيُّۖ لَهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۚ إِنۡ عِندَكُم مِّن سُلۡطَٰنِۭ بِهَٰذَآۚ أَتَقُولُونَ عَلَى ٱللَّهِ مَا لَا تَعۡلَمُونَ ۝ قُلۡ إِنَّ ٱلَّذِينَ يَفۡتَرُونَ عَلَى ٱللَّهِ ٱلۡكَذِبَ لَا يُفۡلِحُونَ ۝ مَتَٰعٞ فِي ٱلدُّنۡيَا ثُمَّ إِلَيۡنَا مَرۡجِعُهُمۡ ثُمَّ نُذِيقُهُمُ ٱلۡعَذَابَ ٱلشَّدِيدَ بِمَا كَانُواْ يَكۡفُرُونَ ۝

10:69–71 “അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്നവർ പറയുന്നു. അവൻ എത്ര പരിശുദ്ധൻ. അവൻ പരാശ്രയരഹിതനാകുന്നു. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റെതാകുന്നു. നിങ്ങളുടെ പക്കൽ ഇതിന് (ദൈവത്തിന് സന്താനം ഉണ്ടെന്നതിന്) യാതൊരു പ്രമാണവുമില്ല. അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിവില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുകയാണോ? പറയുക: അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുന്നവർ വിജയിക്കുകയില്ല. തീർച്ച. (അവർക്കുള്ളത്) ഇഹലോകത്തെ സുഖാനുഭവമത്രെ. പിന്നെ നമ്മുടെ അടുക്കലേക്കാണ് അവരുടെ മടക്കം. എന്നിട്ട് അവർ അവിശ്വസിച്ചിരുന്നതിന്റെ ഫലമായി കഠിനമായ ശിക്ഷ നാം അവരെ ആസ്വദിപ്പിക്കുന്നതാണ്.”

وَيُنذِرَ ٱلَّذِينَ قَالُواْ ٱتَّخَذَ ٱللَّهُ وَلَدًا ۝

مَّا لَهُم بِهِۦ مِنْ عِلْمٍ وَلَا لِأَبَآئِهِمْ ۚ كَبُرَتْ كَلِمَةً تَخْرُجُ مِنْ أَفْوَٰهِهِمْ ۚ إِن يَقُولُونَ إِلَّا كَذِبًا ۝

18:05-06 "അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന് പറയുന്നവർക്ക് താക്കീതു നൽകുവാൻ വേണ്ടിയുമാകുന്നു (ഈ ഗ്രന്ഥം അവതരിപ്പിച്ചരിക്കുന്നത്). അവർക്കാകട്ടെ, അവർക്കോ അവരുടെ പിതാക്കൾക്കോ അതിനെപ്പറ്റി ഒരറിവുമില്ല. അവരുടെ വായകളിൽനിന്ന് പുറത്തു വരുന്ന വാക്ക് ഗുരുതരമായതാണ്. അവർ കള്ളമല്ലാതെ പറയുന്നില്ല."

مَا كَانَ لِلَّهِ أَن يَتَّخِذَ مِن وَلَدٍ ۖ سُبْحَٰنَهُۥ ۚ إِذَا قَضَىٰٓ أَمْرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ۝

19:36-"ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് ചേർന്നതല്ല. അവൻ എത്രയോ പരിശുദ്ധൻ; അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അതിനോട് ഉണ്ടാകുക എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു."

وَقَالُواْ ٱتَّخَذَ ٱلرَّحْمَٰنُ وَلَدًا ۝ لَّقَدْ جِئْتُمْ شَيْـًٔا إِدًّا ۝ تَكَادُ ٱلسَّمَٰوَٰتُ يَتَفَطَّرْنَ مِنْهُ

وَتَنشَقُّ ٱلْأَرْضُ وَتَخِرُّ ٱلْجِبَالُ هَدًّا ۝ أَن دَعَوْاْ لِلرَّحْمَٰنِ وَلَدًا ۝ وَمَا يَنۢبَغِى لِلرَّحْمَٰنِ

أَن يَتَّخِذَ وَلَدًا ۝ إِن كُلُّ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ إِلَّآ ءَاتِى ٱلرَّحْمَٰنِ عَبْدًا ۝

19:89-94 "പരമകാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ചെയ്തിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാകുന്നു. അത് നിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി പിളരുകയും, പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്യുമാറാകും. പരമകാരുണികന് ഒരു സന്താനമുണ്ടെന്ന് അവർ വാദിച്ച കാരണത്താൽ. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണികന് അനുയോജ്യമായതല്ല. ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം ഒരു ദാസനെന്ന നിലയിൽ പരമകാരുണികന്റെ സന്നിധിയിൽ വരുന്നവർ മാത്രമാകുന്നു."

مَا ٱتَّخَذَ ٱللَّهُ مِن وَلَدٍ وَمَا كَانَ مَعَهُۥ مِنْ إِلَٰهٍ ۚ إِذًا لَّذَهَبَ كُلُّ إِلَٰهٍۭ

بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍ ۚ سُبْحَٰنَ ٱللَّهِ عَمَّا يَصِفُونَ ۝

23:92 "അല്ലാഹു ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം ഒരു ദൈവവും ഉണ്ടായിട്ടുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോയ്ക്കളയുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധനാകുന്നു."

قُلْ إِن كَانَ لِلرَّحْمَـٰنِ وَلَدٌ فَأَنَا۠ أَوَّلُ ٱلْعَـٰبِدِينَ ۝ سُبْحَـٰنَ رَبِّ ٱلسَّمَـٰوَٰتِ وَٱلْأَرْضِ رَبِّ

ٱلْعَرْشِ عَمَّا يَصِفُونَ ۝ فَذَرْهُمْ يَخُوضُوا۟ وَيَلْعَبُوا۟ حَتَّىٰ يُلَـٰقُوا۟ يَوْمَهُمُ ٱلَّذِى يُوعَدُونَ ۝

43:82–84 "പറയുക: പരമകാരുണികന് ഒരു സന്താനമുണ്ടായിരുന്നെങ്കിൽ ഞാൻ ആരാധിക്കുന്നവരിൽ ഒന്നാമനാകുമായിരുന്നു. എന്നാൽ ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്, സിംഹാസനത്തിന്റെ നാഥൻ അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനാകുന്നു. അതിനാൽ നീ അവരെ വിട്ടേക്കുക. അവർക്കു താക്കീതു നൽകപ്പെടുന്ന അവരുടെ ആ ദിവസം അവർ കണ്ടുമുട്ടുന്നതുവരെ അവർ അസംബന്ധങ്ങൾ പറയുകയും കളിതമാശയിൽ ഏർപ്പെടുകയും ചെയ്തു കൊള്ളട്ടെ."

3. അവിശ്വാസികളും ശിക്ഷകളും

إِنَّ ٱلَّذِينَ كَفَرُوا۟ وَمَاتُوا۟ وَهُمْ كُفَّارٌ أُو۟لَـٰٓئِكَ عَلَيْهِمْ لَعْنَةُ ٱللَّهِ وَٱلْمَلَـٰٓئِكَةِ وَٱلنَّاسِ أَجْمَعِينَ ۝

2:162–163 "സത്യം നിഷേധിക്കുകയും, നിഷേധികളായിത്തന്നെ മരിക്കുകയും ചെയ്തവരാരോ അവരുടെ മേൽ അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയും ഒന്നടങ്കം ശാപമുണ്ടായിരിക്കുന്നതാണ്."

إِنَّ ٱلَّذِينَ كَفَرُوا۟ يُنفِقُونَ أَمْوَٰلَهُمْ لِيَصُدُّوا۟ عَن سَبِيلِ ٱللَّهِ ۚ فَسَيُنفِقُونَهَا ثُمَّ تَكُونُ عَلَيْهِمْ

حَسْرَةً ثُمَّ يُغْلَبُونَ ۗ وَٱلَّذِينَ كَفَرُوٓا۟ إِلَىٰ جَهَنَّمَ يُحْشَرُونَ ۝

8:37– "തീർച്ചയായും സത്യനിഷേധികൾ തങ്ങളുടെ സ്വത്തുക്കൾ ചിലവഴിക്കുന്നത് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) പിന്തിരിപ്പിക്കുവാൻ വേണ്ടിയാകുന്നു. അവർ അത് ചെലവഴിക്കുന്നതാണ്. പിന്നീട് അതവർക്ക് ഖേദത്തിന് കാരണമായിത്തീരും. അനന്തരം അവർ കീഴടക്കപ്പെടുകയും ചെയ്യും. സത്യനിഷേധികൾ നരകത്തിലേക്ക് ശേഖരിക്കപ്പെടുന്നതാണ്."

إِنَّ شَرَّ ٱلدَّوَآبِّ عِندَ ٱللَّهِ ٱلَّذِينَ كَفَرُوا۟ فَهُمْ لَا يُؤْمِنُونَ ۝

8:56– "തീർച്ചയായും അല്ലാഹുവിന്റെ അടുക്കൽ ജന്തുക്കളിൽ വെച്ച് ഏ

റവും നികൃഷ്ടർ സത്യനിഷേധികളാകുന്നു. ആകയാൽ അവർ വിശ്വസിക്കുകയില്ല."

ٱلَّذِينَ كَفَرُواْ وَصَدُّواْ عَن سَبِيلِ ٱللَّهِ زِدْنَٰهُمْ عَذَابًا فَوْقَ ٱلْعَذَابِ بِمَا كَانُواْ يُفْسِدُونَ ۝

16:89– "അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് (ആളുകളെ) തടയുകയും ചെയ്തവരാരോ അവർക്ക് നാം ശിക്ഷയ്ക്കുമേൽ ശിക്ഷ വർധിപ്പിച്ചു കൊടുക്കുന്നതാണ്. അവർ കുഴപ്പം സൃഷ്ടിച്ചു കൊണ്ടിരുന്നതിന്റെ ഫലമായാകുന്നു അത്."

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ لَا يَهْدِيهِمُ ٱللَّهُ وَلَهُمْ عَذَابٌ أَلِيمٌ ۝

16:105– "അല്ലാഹുവിന്റെ ദൃഷ്ടാന്തുങ്ങളിൽ വിശ്വസിക്കാത്തവരാരോ അവരെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച. അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടായിരിക്കുന്നതുമാണ്."

وَٱلَّذِينَ كَفَرُوٓاْ أَعْمَٰلُهُمْ كَسَرَابٍۭ بِقِيعَةٍ يَحْسَبُهُ ٱلظَّمْـَٔانُ مَآءً حَتَّىٰٓ إِذَا جَآءَهُۥ لَمْ يَجِدْهُ شَيْـًٔا وَوَجَدَ ٱللَّهَ عِندَهُۥ فَوَفَّىٰهُ حِسَابَهُۥ ۗ وَٱللَّهُ سَرِيعُ ٱلْحِسَابِ ۝

24:40– "അവിശ്വസിച്ചവരാകട്ടെ അവരുടെ കർമ്മങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായി തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവിനെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന് അവന്റെ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു."

إِنَّ ٱللَّهَ لَعَنَ ٱلْكَٰفِرِينَ وَأَعَدَّ لَهُمْ سَعِيرًا ۝ خَٰلِدِينَ فِيهَآ أَبَدًا ۖ لَّا يَجِدُونَ وَلِيًّا وَلَا نَصِيرًا ۝

33:65–66 "തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്കുവേണ്ടി ജ്വലിക്കുന്ന നരകാഗ്നി ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ ശാശ്വതവാസികളായിരിക്കും. യാതൊരു രക്ഷാധികാരിയെയും സഹായിയെയും അവർ കണ്ടെത്തുകയില്ല."

إِنَّ ٱلَّذِينَ كَفَرُواْ يُنَادَوْنَ لَمَقْتُ ٱللَّهِ أَكْبَرُ مِن مَّقْتِكُمْ أَنفُسَكُمْ إِذْ تُدْعَوْنَ إِلَى ٱلْإِيمَٰنِ فَتَكْفُرُونَ ۝

40:11– "തീർച്ചയായും സത്യനിഷേധികളോട് ഇപ്രകാരം വിളിച്ചുപറയപ്പെടും: നിങ്ങൾ വിശ്വാസത്തിലേക്ക് ക്ഷണിക്കപ്പെടുകയും, എന്നിട്ട് നിങ്ങൾ

അവിശ്വസിക്കുകയും ചെയ്തിരുന്ന സന്ദർഭത്തിൽ അല്ലാഹുവിന് (നിങ്ങളോടുള്ള) അമർഷം നിങ്ങൾ തമ്മിലുള്ള അമർഷത്തേക്കാൾ വലുതാകുന്നു."

إِنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ ۚ وَإِن تُؤْمِنُوا۟ وَتَتَّقُوا۟ يُؤْتِكُمْ أُجُورَكُمْ وَلَا يَسْـَٔلْكُمْ أَمْوَٰلَكُمْ ﴿٣٦﴾

47:37– "ഐഹികജീവിതം കളിയും വിനോദവും മാത്രമാകുന്നു. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്കുള്ളതായ പ്രതിഫലം അവൻ നിങ്ങൾക്ക് നൽകുന്നതാണ്. നിങ്ങളോട് നിങ്ങളുടെ സ്വത്തുകൾ അവൻ ചോദിക്കുകയുമില്ല."

أَلْقِيَا فِى جَهَنَّمَ كُلَّ كَفَّارٍ عَنِيدٍ ﴿٢٤﴾ مَّنَّاعٍ لِّلْخَيْرِ مُعْتَدٍ مُّرِيبٍ ﴿٢٥﴾
ٱلَّذِى جَعَلَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَأَلْقِيَاهُ فِى ٱلْعَذَابِ ٱلشَّدِيدِ ﴿٢٦﴾

50:25–27 "(അല്ലാഹു മലക്കുകളോട് കല്പിക്കും:) സത്യനിഷേധിയും ധിക്കാരിയുമായിട്ടുള്ള ഏതൊരാളെയും നിങ്ങൾ നരകത്തിൽ ഇട്ടേക്കുക. അതായത് നന്മയെ തടയുന്നവനും അതിക്രമകാരിയും സംശാലുവുമായ ഏതൊരാളെയും. അതെ അല്ലാഹുവിനോടൊപ്പം വേറെ ദൈവത്തെ സ്ഥാപിച്ച ഏതൊരാളെയും. അതിനാൽ കഠിനമായ ശിക്ഷയിൽ അവനെ നിങ്ങൾ ഇട്ടേക്കുക."

4. ദൈവ നിഷേധവും ശിക്ഷയും

وَقَالُوٓا۟ إِنْ هِىَ إِلَّا حَيَاتُنَا ٱلدُّنْيَا وَمَا نَحْنُ بِمَبْعُوثِينَ ﴿٢٩﴾

06:30–31 "അവർ പറഞ്ഞിരുന്നു: 'ഞങ്ങളുടെ ഐഹികജീവിതമല്ലാതെയാതൊന്നുമില്ല. ഞങ്ങൾ ഉയിർത്തെഴുന്നേല്പിക്കപ്പെടുന്നവരുമല്ല' എന്ന്. അവർ അവരുടെ രക്ഷിതാവിന്റെ മുമ്പിൽ നിർത്തപ്പെടുന്ന രംഗം നീ കണ്ടിരുന്നെങ്കിൽ! അവൻ ചോദിക്കും: ഇത് യഥാർത്ഥം തന്നെയല്ലേ? അവർ പറയും: അതെ, ഞങ്ങളുടെ രക്ഷിതാവിനെത്തനെയാണെ സത്യം. അവൻ പറയും: എന്നാൽ നിങ്ങൾ അവിശ്വസിച്ചു കൊണ്ടിരുന്ന കാരണത്താൽ ശിക്ഷ ആസ്വദിച്ചുകൊള്ളുക."

مَّثَلُ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ ۖ أَعْمَٰلُهُمْ كَرَمَادٍ ٱشْتَدَّتْ بِهِ ٱلرِّيحُ فِى يَوْمٍ عَاصِفٍ ۖ
لَّا يَقْدِرُونَ مِمَّا كَسَبُوا۟ عَلَىٰ شَىْءٍ ۚ ذَٰلِكَ هُوَ ٱلضَّلَٰلُ ٱلْبَعِيدُ ﴿١٨﴾

14:19– "തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമ്മങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീരിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അതു തന്നെയാണ് വിദൂരമായ മാർഗ്ഗഭ്രംശം."

وَمَنْ أَظْلَمُ مِمَّن ذُكِّرَ بِـَٔايَـٰتِ رَبِّهِۦ ثُمَّ أَعْرَضَ عَنْهَآ ۚ إِنَّا مِنَ ٱلْمُجْرِمِينَ مُنتَقِمُونَ ﴿٢٢﴾

32:23– "തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽ നിന്ന് തിരിഞ്ഞുകളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടിയെടുക്കുന്നതാണ്."

إِنَّ ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ قَدْ ضَلُّوا۟ ضَلَـٰلًۢا بَعِيدًا ﴿١٦٧﴾

إِنَّ ٱلَّذِينَ كَفَرُوا۟ وَظَلَمُوا۟ لَمْ يَكُنِ ٱللَّهُ لِيَغْفِرَ لَهُمْ وَلَا لِيَهْدِيَهُمْ طَرِيقًا ﴿١٦٨﴾

إِلَّا طَرِيقَ جَهَنَّمَ خَـٰلِدِينَ فِيهَآ أَبَدًا ۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿١٦٩﴾

4:168–170 "അവിശ്വസിക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് (ജനങ്ങളെ) തടയുകയും ചെയ്യുന്നവർ തീർച്ചയായും ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. അവിശ്വസിക്കുകയും, അന്യായം പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്തുകൊടുക്കുന്നതല്ല. നരകത്തിന്റെ മാർഗ്ഗത്തിലേക്കല്ലാതെ മറ്റൊരു മാർഗ്ഗത്തിലേക്കും അവൻ അവരെ നയിക്കുന്നതുമല്ല. ദീർഘനാൾ അവരതിൽ സ്ഥിരവാസികളായിരിക്കും. അല്ലാഹുവിന് അത് എളുപ്പമുള്ള കാര്യമാകുന്നു."

وَٱلَّذِينَ سَعَوْ فِىٓ ءَايَـٰتِنَا مُعَـٰجِزِينَ أُو۟لَـٰٓئِكَ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿٥﴾

34:06– "(നമ്മെ) തോൽപ്പിച്ചു കളയുവാനായി നമ്മുടെ ദൃഷ്ടാന്തങ്ങളെ എതിർക്കുന്നതിന് ശ്രമിച്ചവരാരോ അവർക്കത്രെ വേദനാജനകമായ കഠിന ശിക്ഷയുള്ളത്."

5. കപട വിശ്വാസവും ശിക്ഷയും

بَشِّرِ ٱلْمُنَـٰفِقِينَ بِأَنَّ لَهُمْ عَذَابًا أَلِيمًا ﴿١٣٨﴾

4:139– "കപടവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുണ്ട് എന്ന 'സന്തോഷവാർത്ത' നീ അവരെ അറിയിക്കുക."

إِنَّ ٱلْمُنَٰفِقِينَ يُخَٰدِعُونَ ٱللَّهَ وَهُوَ خَٰدِعُهُمْ وَإِذَا قَامُوٓاْ إِلَى ٱلصَّلَوٰةِ قَامُواْ كُسَالَىٰ يُرَآءُونَ ٱلنَّاسَ وَلَا يَذْكُرُونَ ٱللَّهَ إِلَّا قَلِيلًا ۝

4:143–144 "തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ അല്ലാഹു അവർക്ക് വഞ്ചനക്കുള്ള ശിക്ഷ തിരിച്ചു നൽകുന്നതാണ്. അവർ നമസ്കാരത്തിന് ഉദാസീനരായിക്കൊണ്ടും, ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ചുമാത്രമേ അവർ അല്ലാഹുവിനെ ഓർമിക്കുകയുള്ളു.

ٱلْمُنَٰفِقُونَ وَٱلْمُنَٰفِقَٰتُ بَعْضُهُم مِّنۢ بَعْضٍ ۚ يَأْمُرُونَ بِٱلْمُنكَرِ وَيَنْهَوْنَ عَنِ ٱلْمَعْرُوفِ وَيَقْبِضُونَ أَيْدِيَهُمْ ۚ نَسُواْ ٱللَّهَ فَنَسِيَهُمْ ۗ إِنَّ ٱلْمُنَٰفِقِينَ هُمُ ٱلْفَٰسِقُونَ ۝ وَعَدَ ٱللَّهُ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ وَٱلْكُفَّارَ نَارَ جَهَنَّمَ خَٰلِدِينَ فِيهَا ۚ هِىَ حَسْبُهُمْ ۚ وَلَعَنَهُمُ ٱللَّهُ ۖ وَلَهُمْ عَذَابٌ مُّقِيمٌ ۝

9:68–69 "കപടവിശ്വാസികളും കപടവിശ്വാസിനികളും ഒരേ തരക്കാരാകുന്നു. അവർ നിഷിദ്ധകാര്യം കൽപിക്കുകയും സദാചാരത്തിൽ നിന്ന് വിലക്കുകയും, തങ്ങളുടെ കൈകൾ അവർ (ചിലവിടാതെ) പിടിച്ചുവെക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിനെ മറന്നു. അപ്പോൾ അവൻ അവരെയും മറന്നു. തീർച്ചയായും കപടവിശ്വാസികൾ തന്നെയാണ് ധിക്കാരികൾ. കപടവിശ്വാസികൾക്കും, കപടവിശ്വാസിനികൾക്കും, സത്യനിഷേധികൾക്കും അല്ലാഹു നരകാഗ്നി വാഗ്ദാനം ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അവർക്കതു മതി. അവരെ അല്ലാഹു ശപിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് സ്ഥിരമായ ശിക്ഷയുണ്ടായിരിക്കുന്നതാണ്."

وَلَا تُصَلِّ عَلَىٰٓ أَحَدٍ مِّنْهُم مَّاتَ أَبَدًا وَلَا تَقُمْ عَلَىٰ قَبْرِهِۦٓ ۖ إِنَّهُمْ كَفَرُواْ بِٱللَّهِ وَرَسُولِهِۦ وَمَاتُواْ وَهُمْ فَٰسِقُونَ ۝

09:85– "അവരിൽ നിന്ന് മരണപ്പെടുന്ന ആർക്കുവേണ്ടിയും നീ ഒരിക്കലും നമസ്കരിക്കരുത്. അവന്റെ ഖബ്റിന്നരികിൽ നിൽക്കുകയുമരുത്. തീർച്ചയായും അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിക്കുകയും, ധിക്കാരികളായിക്കൊണ്ട് മരിക്കുകയും ചെയ്തിരിക്കുന്നു."

إِنَّ ٱلْمُنَٰفِقِينَ فِى ٱلدَّرْكِ ٱلْأَسْفَلِ مِنَ ٱلنَّارِ وَلَن تَجِدَ لَهُمْ نَصِيرًا ۝

04:146– "തീർച്ചയായും കപട വിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതുമല്ല."

6. മതപരിത്യാഗം (ഇസ്ലാംമതമുപേക്ഷിക്കൽ)

وَمَن يَرْتَدِدْ مِنكُمْ عَن دِينِهِۦ فَيَمُتْ وَهُوَ كَافِرٌ فَأُو۟لَٰٓئِكَ حَبِطَتْ أَعْمَٰلُهُمْ فِى ٱلدُّنْيَا وَٱلْءَاخِرَةِ ۖ وَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٢١٧﴾

2:218– "നിങ്ങളിൽ നിന്നാരെങ്കിലും തന്റെ മതത്തിൽ നിന്ന് പിന്മാറി സത്യനിഷേധിയായിക്കൊണ്ട് മരിക്കുന്നപക്ഷം, അത്തരക്കാരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിത്തീരുന്നതാണ്. അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും."

إِنَّ ٱلَّذِينَ كَفَرُوا۟ بَعْدَ إِيمَٰنِهِمْ ثُمَّ ٱزْدَادُوا۟ كُفْرًا لَّن تُقْبَلَ تَوْبَتُهُمْ ۖ وَأُو۟لَٰٓئِكَ هُمُ ٱلضَّآلُّونَ ﴿٩٠﴾ إِنَّ ٱلَّذِينَ كَفَرُوا۟ وَمَاتُوا۟ وَهُمْ كُفَّارٌ فَلَن يُقْبَلَ مِنْ أَحَدِهِم مِّلْءُ ٱلْأَرْضِ ذَهَبًا وَلَوِ ٱفْتَدَىٰ بِهِۦٓ ۗ أُو۟لَٰٓئِكَ لَهُمْ عَذَابٌ أَلِيمٌ وَمَا لَهُم مِّن نَّٰصِرِينَ ﴿٩١﴾

3:91–92– "വിശ്വസിച്ചതിനു ശേഷം അവിശ്വാസിക്കുകയും, അവിശ്വാസത്തിൽ തുടർന്നു പോരുകയും ചെയ്തവരുടെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവരത്രെ വഴിപിഴച്ചവർ. അവിശ്വസിക്കുകയും അവിശ്വാസിയായിക്കൊണ്ട് മരിക്കുകയും ചെയ്തവരിൽപെട്ട ഒരാൾ ഭൂമി നിറയെ സ്വർണ്ണം പ്രായശ്ചിത്തമായി നൽകിയാൽപോലും അത് സ്വീകരിക്കപ്പെടുന്നതല്ല. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്. അവർക്ക് സഹായികളായി ആരുമുണ്ടായിരിക്കുന്നതുമല്ല."

ഇസ്ലാം മതം സ്വീകരിച്ച് അത് സത്യമാണെന്ന് ബോദ്ധ്യമായതിനു ശേഷം വിട്ടു പോകുന്നവർ നരകത്തിന് അവകാശികളായിത്തീരുന്നതു പോലെ, ഇസ്ലാമിന്റെ സത്യ സാക്ഷ്യത്തിന് തെളിവുകൾ കിട്ടിയിട്ടും ഇസ്ലാം സ്വീകരിക്കാതെ അവിശ്വാസത്തിൽ തന്നെ തുടർന്നു കൊണ്ടിരിക്കുന്ന ജന സമൂഹങ്ങൾ, ദൈവത്തിന്റെ നിർണ്ണായക സമയം വന്നെത്തുമ്പോൾ നാശത്തിന് വിധേയരായിത്തീരുന്നതാണ്. ആ സർവ്വ നാശം വന്നതിനു ശേഷമേ പിന്നീടവശേഷിക്കുന്ന തലമുറക്ക് ഇസ്ലാം സ്വീകരിക്കാനാവൂ എന്ന് ദൈവം വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തിയിരിക്കുകയാണ്.

وَيَسْـَٔلُونَكَ عَنِ ٱلْجِبَالِ فَقُلْ يَنسِفُهَا رَبِّى نَسْفًا ﴿١٠٥﴾ فَيَذَرُهَا قَاعًا صَفْصَفًا ﴿١٠٦﴾ لَّا تَرَىٰ فِيهَا عِوَجًا وَلَآ أَمْتًا ﴿١٠٧﴾ يَوْمَئِذٍ يَتَّبِعُونَ ٱلدَّاعِىَ لَا عِوَجَ لَهُۥ ۖ وَخَشَعَتِ ٱلْأَصْوَاتُ لِلرَّحْمَٰنِ فَلَا تَسْمَعُ إِلَّا هَمْسًا ﴿١٠٨﴾

20:106–109 "പർവ്വതങ്ങളെ (വൻശക്തികളെ) സംബന്ധിച്ച് അവർ

നിന്നോട് ചോദിക്കുന്നു. പറയുക: എന്റെ രക്ഷിതാവ് അവയെ ഛിന്ന ഭിന്നമാക്കുന്നതാണ്. എന്നിട്ട് അവൻ അതിനെ സമനിരപ്പായ മൈതാന മാക്കി വിടുന്നതാണ്. ഇറക്കമോ കയറ്റമോ നീ അവിടെ കാണുകയില്ല. അന്നേദിവസം വിളിക്കുന്നവന്റെ പിന്നാലെ (മുഹമ്മദ് (സ) നബിയെ) അവർ പിൻതുടർന്നു ചെല്ലും. അദ്ദേഹത്തിന്റെ (അദ്ധ്യാപനങ്ങളിൽ) ഒരു വക്രതയുമില്ല. എല്ലാ ശബ്ദങ്ങളും പരമകാരുണികനുവേണ്ടി നിശബ്ദമാകുന്നതാണ്. അതിനാൽ ഒരു നേർത്ത ശബ്ദമല്ലാതെ നീ കേൾക്കുകയില്ല."

7. വിശുദ്ധ ഖുർആനെ നിഷേധിക്കലും ശിക്ഷയും

وَإِن كُنتُمْ فِى رَيْبٍ مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا فَأْتُوا۟ بِسُورَةٍ مِّن مِّثْلِهِۦ وَٱدْعُوا۟ شُهَدَآءَكُم مِّن دُونِ ٱللَّهِ إِن كُنتُمْ
صَٰدِقِينَ ﴿٢٣﴾ فَإِن لَّمْ تَفْعَلُوا۟ وَلَن تَفْعَلُوا۟ فَٱتَّقُوا۟ ٱلنَّارَ ٱلَّتِى وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ ۖ أُعِدَّتْ لِلْكَٰفِرِينَ ﴿٢٤﴾

2:24–25 "നമ്മുടെ ദാസന് നാം അവതരിപ്പിച്ചു കൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ ഇതിനു സമമായ ഒരു അദ്ധ്യായം നിങ്ങൾ കൊണ്ടു വരിക. അല്ലാഹുവിനു പുറമെയുള്ള നിങ്ങളുടെ സഹായികളെയും നിങ്ങൾ വിളിച്ചു കൊള്ളുക, നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ. നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ –നിങ്ങൾക്കതു ചെയ്യാൻ കഴിയുകയുമില്ല– മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തു സൂക്ഷിച്ചു കൊള്ളുക. സത്യനിഷേധികൾക്കു വേണ്ടി അത് ഒരുക്കപ്പെട്ടിരിക്കുന്നു."

8.ദൈവിക ഗ്രന്ഥങ്ങളിലുള്ള സത്യങ്ങളെ മറച്ചുവെക്കൽ.

إِنَّ ٱلَّذِينَ يَكْتُمُونَ مَآ أَنزَلَ ٱللَّهُ مِنَ ٱلْكِتَٰبِ وَيَشْتَرُونَ بِهِۦ ثَمَنًا قَلِيلًا ۙ أُو۟لَٰٓئِكَ مَا يَأْكُلُونَ
فِى بُطُونِهِمْ إِلَّا ٱلنَّارَ وَلَا يُكَلِّمُهُمُ ٱللَّهُ يَوْمَ ٱلْقِيَٰمَةِ وَلَا يُزَكِّيهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿١٧٤﴾ أُو۟لَٰٓئِكَ
ٱلَّذِينَ ٱشْتَرَوُا۟ ٱلضَّلَٰلَةَ بِٱلْهُدَىٰ وَٱلْعَذَابَ بِٱلْمَغْفِرَةِ ۚ فَمَآ أَصْبَرَهُمْ عَلَى ٱلنَّارِ ﴿١٧٥﴾

2:175–176 "വേദഗ്രന്ഥത്തിലുള്ള അല്ലാഹു അവതരിപ്പിച്ച കാര്യങ്ങൾ മറച്ചുവക്കുകയും, അതിനു വിലയായി തുച്ഛമായ നേട്ടങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നവരാരോ അവർ തങ്ങളുടെ വയറുകളിൽ തിന്നു നിറക്കുന്നത് നരകാഗ്നിയല്ലാതെ മറ്റൊന്നുമല്ല. ഉയിർത്തെഴുന്നേല്പിന്റെ നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ (പാപങ്ങളിൽ നിന്ന്) അവരെ സംശുദ്ധരാക്കുകയോ ചെയ്യുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുകയും ചെയ്യും. സന്മാർഗ്ഗത്തിനു പകരം ദുർമാർഗ്ഗവും, പാപമോചനത്തിനുപകരം ശിക്ഷയും വാങ്ങിയവരാകുന്നു അവർ. നരക ശിക്ഷ അനുഭവിക്കുന്നതിൽ അവർക്കെന്തൊരു ക്ഷമയാണ്!"

9. പ്രവാചകനെ പീഡിപ്പിക്കൽ

أَلَمْ يَعْلَمُوٓاْ أَنَّهُۥ مَن يُحَادِدِ ٱللَّهَ وَرَسُولَهُۥ فَأَنَّ لَهُۥ نَارَ جَهَنَّمَ خَٰلِدًا فِيهَاۚ ذَٰلِكَ ٱلْخِزْيُ ٱلْعَظِيمُ ۝

9:64– "വല്ലവനും അല്ലാഹുവിനോടും അവന്റെ ദൂതനോടും എതിർത്തു നിൽക്കുന്നപക്ഷം അവന് നരകാഗ്നിയാണുണ്ടായിരിക്കുക എന്നും, അവനതിൽ നിത്യവാസിയായിരിക്കുമെന്നും അവർ മനസ്സിലാക്കിയിട്ടില്ലെ? അതാണ് വമ്പിച്ച അപമാനം."

10. വിശ്വാസികളെ പീഡിപ്പിക്കൽ

إِنَّ ٱلَّذِينَ فَتَنُواْ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ثُمَّ لَمْ يَتُوبُواْ فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ ٱلْحَرِيقِ ۝

85:10–11 "സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും മർദ്ദിക്കുകയും, പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവരാരോ അവർക്കു തീർച്ചയായും നരകശിക്ഷയുണ്ട്. അവർക്ക് ചുട്ടുകരിക്കുന്ന ശിക്ഷയുമുണ്ട്."

11. വിശ്വാസികളെക്കുറിച്ച് അപവാദം പ്രചരിപ്പിക്കൽ.

إِنَّ ٱلَّذِينَ يُحِبُّونَ أَن تَشِيعَ ٱلْفَٰحِشَةُ فِى ٱلَّذِينَ ءَامَنُواْ لَهُمْ عَذَابٌ

أَلِيمٌ فِى ٱلدُّنْيَا وَٱلْءَاخِرَةِۚ وَٱللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ۝

24:20– "തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ അപവാദം പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുണ്ട്. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല."

إِنَّ ٱلَّذِينَ يَرْمُونَ ٱلْمُحْصَنَٰتِ ٱلْغَٰفِلَٰتِ ٱلْمُؤْمِنَٰتِ

لُعِنُواْ فِى ٱلدُّنْيَا وَٱلْءَاخِرَةِ وَلَهُمْ عَذَابٌ عَظِيمٌ ۝

24:25 "തീർച്ചയായും പതിവ്രതകളും (ദുർവൃത്തിയെപ്പറ്റി) ചിന്തിക്കാത്തവരുമായ സത്യവിശ്വാസിനികളെപ്പറ്റി ദുരാരോപണം നടത്തുന്നവരാരോ അവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ട്.

12. പരലോകത്തെ നിഷേധിക്കൽ

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ زَيَّنَّا لَهُمْ أَعْمَٰلَهُمْ فَهُمْ يَعْمَهُونَ ۝

أُوْلَـٰٓئِكَ ٱلَّذِينَ لَهُمْ سُوٓءُ ٱلْعَذَابِ وَهُمْ فِى ٱلْأَخِرَةِ هُمُ ٱلْأَخْسَرُونَ ۝

27:05-06 "പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ നാം ഭംഗിയായി തോന്നിപ്പിച്ചിരിക്കുന്നു. അങ്ങനെ അവർ വിഹരിച്ചുകൊണ്ടിരിക്കുന്നു. അവരത്രെ കഠിന ശിക്ഷയുള്ളവർ. പരലോകത്താകട്ടെ അവർ തന്നെയായിരിക്കും ഏറ്റവും നഷ്ടം നേരിടുന്നവരും.

13. സ്വയം ദൈവമാണെന്ന് പ്രഖ്യാപിക്കൽ.

وَمَن يَقُلْ مِنْهُمْ إِنِّىٓ إِلَـٰهٌ مِّن دُونِهِۦ فَذَٰلِكَ نَجْزِيهِ جَهَنَّمَ ۚ كَذَٰلِكَ نَجْزِى ٱلظَّـٰلِمِينَ ۝

21:30- "അവരിൽ ആരെങ്കിലും ഞാൻ അവനെ (അല്ലാഹുവിനെ) കൂടാതെയുള്ള ദൈവമാണെന്ന് പറയുന്നപക്ഷം അവന് നാം നരകം പ്രതിഫലമായി നൽകുന്നതാണ്. അപ്രകാരം അക്രമികൾക്ക് നാം പ്രതിഫലം നൽകുന്നു."

14. വ്യാജ പ്രവാചകത്വം വാദിക്കൽ

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ قَالَ أُوحِىَ إِلَىَّ وَلَمْ يُوحَ إِلَيْهِ شَىْءٌ وَمَن قَالَ سَأُنزِلُ مِثْلَ مَآ أَنزَلَ ٱللَّهُ ۗ وَلَوْ تَرَىٰٓ إِذِ ٱلظَّـٰلِمُونَ فِى غَمَرَٰتِ ٱلْمَوْتِ وَٱلْمَلَـٰٓئِكَةُ بَاسِطُوٓا۟ أَيْدِيهِمْ أَخْرِجُوٓا۟ أَنفُسَكُمُ ۖ ٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ بِمَا كُنتُمْ تَقُولُونَ عَلَى ٱللَّهِ غَيْرَ ٱلْحَقِّ وَكُنتُمْ عَنْ ءَايَـٰتِهِۦ تَسْتَكْبِرُونَ ۝

6:94- "അല്ലാഹുവിന്റെ പേരിൽ ഒരു അസത്യം കെട്ടിച്ചമയ്ക്കുകയോ അല്ലെങ്കിൽ തനിക്ക് ഒന്നും അരുളപ്പെടാതിരിക്കെ ദിവ്യസന്ദേശം ലഭിച്ചു എന്നു പറയുകയോ അല്ലെങ്കിൽ അല്ലാഹു അവതരിപ്പിച്ചതിനു സമമായത് ഞാനും അവതരിപ്പിക്കാം എന്നു പറയുകയോ ചെയ്യുന്നവനേക്കാളും വലിയ അക്രമി ആരാണ്? അക്രമികളുടെ മരണമൂർച്ചയിൽ മലക്കുകൾ അവരുടെ കൈകൾ നീട്ടി, നിങ്ങളുടെ ആത്മാക്കളെ പുറത്തേക്ക് വിടൂ എന്ന് പറയുന്ന രംഗം നീ കണ്ടിരിന്നുവെങ്കിൽ! നിങ്ങൾ അല്ലാഹുവിന്റെ പേരിൽ നേരല്ലാത്തത് പറയുകയും അവന്റെ സന്ദേശങ്ങൾക്കെതിരെ അഹംഭാവം കാട്ടുകയും ചെയ്തിരുന്നതു കാരണം ഈ ദിനം അപമാനത്തിന്റെ ശിക്ഷ നിങ്ങൾക്കു പ്രതിഫലം നൽകപ്പെടുന്നു."

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ ٱلْأَقَاوِيلِ ۝ لَأَخَذْنَا مِنْهُ بِٱلْيَمِينِ ۝

ثُمَّ لَقَطَعْنَا مِنْهُ ٱلْوَتِينَ ۝ فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَـٰجِزِينَ ۝

69:45–48 “നമ്മുടെ പേരിൽ (പ്രവാചകൻ) വല്ല വാക്കുകളും കെട്ടിച്ചമച്ചു പറഞ്ഞിരുന്നുവെങ്കിൽ. അദ്ദേഹത്തെ നാം വലതു കൈകൊണ്ട് പിടികൂടുകയും, എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചു കളയുകയും ചെയ്യുമായിരുന്നു. അപ്പോൾ അതിനെ തടയുന്നവരായി നിങ്ങളിൽ ആരും ഉണ്ടായിരിക്കുകയില്ല.”

15. അവസാനത്തെ പ്രവാചകനെന്ന് പ്രചരിപ്പിക്കൽ

وَلَقَدْ جَآءَكُمْ يُوسُفُ مِن قَبْلُ بِٱلْبَيِّنَٰتِ فَمَا زِلْتُمْ فِى شَكٍّ مِّمَّا جَآءَكُم بِهِۦ ۖ حَتَّىٰٓ إِذَا هَلَكَ

قُلْتُمْ لَن يَبْعَثَ ٱللَّهُ مِنۢ بَعْدِهِۦ رَسُولًا ۚ كَذَٰلِكَ يُضِلُّ ٱللَّهُ مَنْ هُوَ مُسْرِفٌ مُّرْتَابٌ ۝

40:35– “വ്യക്തമായ തെളിവുകളും കൊണ്ട് മുമ്പ് യൂസുഫ് നിങ്ങളുടെ അടുക്കൽ വരികയുണ്ടായി. അപ്പോൾ അദ്ദേഹം കൊണ്ടുവന്നതിനെപ്പറ്റി നിങ്ങൾ സംശയിച്ചു കൊണ്ടേയിരുന്നു. എന്നിട്ട് അദ്ദേഹം മരിച്ചപ്പോൾ, ‘അദ്ദേഹത്തിനു ശേഷം അല്ലാഹു ഇനി ഒരു ദൂതനെയും അക്കുകയേ ഇല്ല’ എന്ന് നിങ്ങൾ പറഞ്ഞു. ഇപ്രകാരം അതിക്രമകാരിയും സംശയാലുവുമായിട്ടുള്ളവരെ അല്ലാഹു വഴികേടിലാക്കുന്നു.”

16. നമസ്ക്കാരത്തെ പാഴാക്കൽ

فَخَلَفَ مِنۢ بَعْدِهِمْ خَلْفٌ أَضَاعُوا۟ ٱلصَّلَوٰةَ وَٱتَّبَعُوا۟ ٱلشَّهَوَٰتِ ۖ فَسَوْفَ يَلْقَوْنَ غَيًّا ۝

19:60 എന്നാൽ അവരുടെ ശേഷം ഒരു പിൻതലമുറ വന്നു. അവർ നമസ്ക്കാരം പാഴാക്കിക്കളയുകയും, തന്നിഷ്ടങ്ങൾ പിന്തുടരുകയുംചെയ്തു. അതിനാൽ അവർ കണ്ടുമുട്ടാൻ പോകുന്നത് വൻനാശത്തെയാണ്.

17. പള്ളിയിൽ നിന്നും പുറത്താക്കൽ

وَلَا تَطْرُدِ ٱلَّذِينَ يَدْعُونَ رَبَّهُم بِٱلْغَدَوٰةِ وَٱلْعَشِىِّ يُرِيدُونَ وَجْهَهُۥ ۖ مَا عَلَيْكَ مِنْ حِسَابِهِم

مِّن شَىْءٍ وَمَا مِنْ حِسَابِكَ عَلَيْهِم مِّن شَىْءٍ فَتَطْرُدَهُمْ فَتَكُونَ مِنَ ٱلظَّٰلِمِينَ ۝

6:53– “തങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹം ലക്ഷ്യമാക്കിക്കൊണ്ട് രാവിലെയും വൈകുന്നേരവും അവനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെ നീ ആട്ടിയകറ്റരുത്. അവരുടെ കണക്ക് നോക്കേണ്ട യാതൊരു ബാദ്ധ്യതയും നിനക്കക്കില്ല. നിന്റെ കണക്ക് നോക്കേണ്ട യാതൊരു ബാദ്ധ്യതയും അവർക്കുമില്ല. എങ്കിലല്ലേ നിനക്ക് അവരെ ആട്ടിയകറ്റേണ്ടി വരിക. അങ്ങനെ ചെയ്യുന്ന പക്ഷം നീ അക്രമികളിൽ പെട്ടവനായിരിക്കും.

وَمَنْ أَظْلَمُ مِمَّن مَّنَعَ مَسَٰجِدَ ٱللَّهِ أَن يُذْكَرَ فِيهَا ٱسْمُهُۥ وَسَعَىٰ فِى خَرَابِهَآ ۚ أُو۟لَٰٓئِكَ مَا كَانَ لَهُمْ أَن يَدْخُلُوهَآ إِلَّا خَآئِفِينَ ۚ لَهُمْ فِى ٱلدُّنْيَا خِزْىٌ وَلَهُمْ فِى ٱلْءَاخِرَةِ عَذَابٌ عَظِيمٌ ﴿١١٤﴾

2:115 അല്ലാഹുവിന്റെ പള്ളികളിൽ അവന്റെ നാമം പ്രകീത്തിക്കപ്പെടുന്നത് തടയുകയും അവയുടെ തകർച്ചയ്ക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവനേക്കാൾ വലിയ അക്രമി ആരാണ്? ഇവർക്കുതന്നെയും ഭയചികിതരായിട്ടില്ലാതെ അവയിൽ പ്രവേശിക്കാൻ പാടുള്ളതല്ല. ഇഹലോകത്ത് അവർക്ക് അപമാനമാണുള്ളത്. പരലോകത്ത് അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ട്.

18. അഹംഭാവം

وَٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا وَٱسْتَكْبَرُوا۟ عَنْهَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٣٦﴾

7:37- "എന്നാൽ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു തള്ളുകയും, അവയുടെ നേരെ അഹങ്കാരം നടിക്കുകയും ചെയ്യുന്നതാരോ അവരാണ് നരകാവകാശികൾ. അവർ അതിൽ നിത്യവാസികളായിരിക്കും."

إِنَّ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا وَٱسْتَكْبَرُوا۟ عَنْهَا لَا تُفَتَّحُ لَهُمْ أَبْوَٰبُ ٱلسَّمَآءِ وَلَا يَدْخُلُونَ ٱلْجَنَّةَ حَتَّىٰ يَلِجَ ٱلْجَمَلُ فِى سَمِّ ٱلْخِيَاطِ ۚ وَكَذَٰلِكَ نَجْزِى ٱلْمُجْرِمِينَ ﴿٤٠﴾ لَهُم مِّن جَهَنَّمَ مِهَادٌ وَمِن فَوْقِهِمْ غَوَاشٍ ۚ وَكَذَٰلِكَ نَجْزِى ٱلظَّٰلِمِينَ ﴿٤١﴾

7:41-42 "നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച് തള്ളുകയും, അവയുടെ നേരെ അഹങ്കാരം നടിക്കുകയും ചെയ്തവരാരോ അവർക്ക് വേണ്ടി ആകാശത്തിന്റെ കവാടങ്ങൾ തുറന്നു കൊടുക്കപ്പെടുകയില്ല. ഒട്ടകം സൂചിയുടെ ദ്വാരത്തിലൂടെ കടന്നു പോകുന്നതുവരെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുമില്ല. അപ്രകാരമാണ് നാം കുറ്റവാളികൾക്ക് പ്രതിഫലം നൽകുന്നത്.

19. ലൗകിക ജീവിതത്തിന് പ്രാധാന്യം കൊടുക്കൽ.

مَّن كَانَ يُرِيدُ ٱلْعَاجِلَةَ عَجَّلْنَا لَهُۥ فِيهَا مَا نَشَآءُ لِمَن نُّرِيدُ ثُمَّ جَعَلْنَا لَهُۥ جَهَنَّمَ يَصْلَىٰهَا مَذْمُومًا مَّدْحُورًا ﴿١٨﴾

17:19- "ക്ഷണികമായതിനെ(ഇഹലോകത്തെ)യാണ് വല്ലവരും ഉദ്ദേശിക്കുന്നതെങ്കിൽ അവർക്ക് നാം ഉദ്ദേശിക്കുന്നത് ഇവിടെ വെച്ചുതന്നെ വേഗത്തിൽ നൽകുന്നതാണ്. പിന്നെ നാം അങ്ങനെയുള്ളവന് നൽകുന്നത് നരകമായിരിക്കും. അപമാനിതനും പുറംതള്ളപ്പെട്ടവനുമായി

ക്കൊണ്ട് അവൻ അതിൽ കടന്നെരിയുന്നതാണ്."

20. അന്ധമായി പൂർവ്വീകരെ പിന്തുടരൽ.

وَإِذَا قِيلَ لَهُمُ ٱتَّبِعُواْ مَآ أَنزَلَ ٱللَّهُ قَالُواْ بَلۡ نَتَّبِعُ مَا وَجَدۡنَا عَلَيۡهِ ءَابَآءَنَآۚ

أَوَلَوۡ كَانَ ٱلشَّيۡطَٰنُ يَدۡعُوهُمۡ إِلَىٰ عَذَابِ ٱلسَّعِيرِ ۝

31:22- "അല്ലാഹു അവതരിപ്പിച്ചതിനെ നിങ്ങൾ പിന്തുടരൂ എന്ന് അവരോട് പറയപ്പെട്ടാൽ, അല്ല, ഞങ്ങളുടെ പൂർവ്വപിതാക്കളെ ഏതൊന്നിൽ ഞങ്ങൾ കണ്ടുവോ അത് മാത്രമേ ഞങ്ങൾ പിന്തുടരുകയുള്ളു എന്നാണവർ പറയുക. പിശാച് ജ്വലിക്കുന്ന നരക ശിക്ഷയിലേക്കാണ് അവരെ ക്ഷണിക്കുന്നതെങ്കിൽ പോലും (അവർ പൂർവ്വപിതാക്കളെ പിന്തുടരുകയോ?)"

21. പണ്ഡിതന്മാരെ കണ്ണടച്ച് വിശ്വസിക്കൽ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِنَّ كَثِيرٗا مِّنَ ٱلۡأَحۡبَارِ وَٱلرُّهۡبَانِ لَيَأۡكُلُونَ أَمۡوَٰلَ ٱلنَّاسِ بِٱلۡبَٰطِلِ وَيَصُدُّونَ عَن سَبِيلِ

ٱللَّهِۗ وَٱلَّذِينَ يَكۡنِزُونَ ٱلذَّهَبَ وَٱلۡفِضَّةَ وَلَا يُنفِقُونَهَا فِي سَبِيلِ ٱللَّهِ فَبَشِّرۡهُم بِعَذَابٍ أَلِيمٖ ۝ يَوۡمَ يُحۡمَىٰ عَلَيۡهَا فِي نَارِ

جَهَنَّمَ فَتُكۡوَىٰ بِهَا جِبَاهُهُمۡ وَجُنُوبُهُمۡ وَظُهُورُهُمۡۖ هَٰذَا مَا كَنَزۡتُمۡ لِأَنفُسِكُمۡ فَذُوقُواْ مَا كُنتُمۡ تَكۡنِزُونَ ۝

9:35-36 "സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണ്ണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി 'സന്തോഷവാർത്ത'യറിയിക്കുക. നരകാഗ്നിയിൽ വെച്ച് അവ ചുട്ടു പഴുപ്പിക്കപ്പെടുകയും, എന്നിട്ടതുകൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും): നിങ്ങൾക്കു വേണ്ടി നിങ്ങൾതന്നെ നിക്ഷേപിച്ചു വെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചു വെച്ചിരുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക."

22. സന്താനങ്ങളെ കൊലചെയ്യൽ.

قَدۡ خَسِرَ ٱلَّذِينَ قَتَلُوٓاْ أَوۡلَٰدَهُمۡ سَفَهَۢا بِغَيۡرِ عِلۡمٖ وَحَرَّمُواْ

مَا رَزَقَهُمُ ٱللَّهُ ٱفۡتِرَآءً عَلَى ٱللَّهِۚ قَدۡ ضَلُّواْ وَمَا كَانُواْ مُهۡتَدِينَ ۝

6:141– "ഒരറിവുമില്ലാതെ മൂഢതയിൽ തങ്ങളുടെ സന്താനങ്ങളെ കൊല പ്പെടുത്തുന്നവരും, അല്ലാഹുവിന്റെ പേരിൽ കളവു പറഞ്ഞുകൊണ്ട് അല്ലാഹു അവർക്കു നൽകിയിട്ടുള്ള ആഹാരത്തെ നിഷിദ്ധമാക്കുകയും ചെയ്യുന്നവരും തീർച്ചയായും നഷ്ടപ്പെട്ടവർ തന്നെയാണ്. അവർ പിഴച്ചു പോയി. അവർ നേർവഴി പ്രാപിക്കുകയില്ല."

23:അന്യരുടെ മുതലുകൾ സ്വായത്തമാക്കൽ, ആത്മഹത്യ.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَأۡكُلُوٓاْ أَمۡوَٰلَكُم بَيۡنَكُم بِٱلۡبَٰطِلِ إِلَّآ أَن تَكُونَ تِجَٰرَةً
عَن تَرَاضٖ مِّنكُمۡۚ وَلَا تَقۡتُلُوٓاْ أَنفُسَكُمۡۚ إِنَّ ٱللَّهَ كَانَ بِكُمۡ رَحِيمٗا ۝ وَمَن يَفۡعَلۡ ذَٰلِكَ
عُدۡوَٰنٗا وَظُلۡمٗا فَسَوۡفَ نُصۡلِيهِ نَارٗاۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ۝

4:30–31 "സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങളന്യോന്യം എടുത്തു തിന്നരുത്. നിങ്ങൾ നിങ്ങളെ ത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നി ങ്ങളോട് കരുണയുള്ളവനാകുന്നു. അന്യായമയും അക്രമമായും ആർ അത് ചെയ്യുന്നുവോ, വേഗം തന്നെ നാം അവനെ നരകത്തിൽ ഇടുന്ന താണ്. അല്ലാഹുവിനത് എളുപ്പമവുമാകുന്നു."

24. പലിശ

ٱلَّذِينَ يَأۡكُلُونَ ٱلرِّبَوٰاْ لَا يَقُومُونَ إِلَّا كَمَا يَقُومُ ٱلَّذِي يَتَخَبَّطُهُ ٱلشَّيۡطَٰنُ مِنَ ٱلۡمَسِّۚ ذَٰلِكَ بِأَنَّهُمۡ
قَالُوٓاْ إِنَّمَا ٱلۡبَيۡعُ مِثۡلُ ٱلرِّبَوٰاْۗ وَأَحَلَّ ٱللَّهُ ٱلۡبَيۡعَ وَحَرَّمَ ٱلرِّبَوٰاْۚ فَمَن جَآءَهُۥ مَوۡعِظَةٞ مِّن رَّبِّهِۦ فَٱنتَهَىٰ فَلَهُۥ مَا
سَلَفَ وَأَمۡرُهُۥٓ إِلَى ٱللَّهِۖ وَمَنۡ عَادَ فَأُوْلَٰٓئِكَ أَصۡحَٰبُ ٱلنَّارِۖ هُمۡ فِيهَا خَٰلِدُونَ ۝

2:276– "പലിശ തിന്നുന്നവർ പിശാച് ബാധ മൂലം ശക്തമായ ആഘാ തമേറ്റവൻ എഴുന്നേറ്റു നിൽക്കുന്നതു പോലെയല്ലാതെ എഴുന്നേറ്റു നിൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവർ പറയുന്നതാണതിന് കാരണം. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കു കയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിന്റെ ഉപദേശം വന്നുകിട്ടുകയും (അതനുസരിച്ച്) വല്ലവനും (പലിശയിൽ നിന്ന്) വിരമിക്കുകയും ചെയ്താൽ അവൻ മുമ്പ് വാങ്ങി യത് അവനുള്ളതാണ്. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുക ളിലേക്ക്) മടങ്ങുകയാണെങ്കിൽ അവർ നരകാവകാശികളാകുന്നു. അവ

രതിൽ നിത്യവാസികളായിരിക്കും.”

25. കൊലപാതകവും വ്യഭിചാരവും.

وَٱلَّذِينَ لَا يَدۡعُونَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ وَلَا يَقۡتُلُونَ ٱلنَّفۡسَ ٱلَّتِي حَرَّمَ ٱللَّهُ إِلَّا بِٱلۡحَقِّ وَلَا يَزۡنُونَۚ

وَمَن يَفۡعَلۡ ذَٰلِكَ يَلۡقَ أَثَامٗا ۝ يُضَٰعَفۡ لَهُ ٱلۡعَذَابُ يَوۡمَ ٱلۡقِيَٰمَةِ وَيَخۡلُدۡ فِيهِۦ مُهَانًا ۝

25:69–70 “അല്ലാഹുവിനോടൊപ്പം വേറെയൊരു ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കാത്തവരും, അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ വധിച്ചുകളയാത്തവരും, വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആരെങ്കിലും അത് ചെയ്യുന്നതായാൽ അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. ഉയിർത്തെഴുന്നേല്പുനാളിൽ അവന് ശിക്ഷ ഇരട്ടിയാക്കപ്പെടുകയും, നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചു കൂട്ടുകയും ചെയ്യും.”

അല്ലാഹു എന്നെന്നും അവന്റെ നല്ല ദാസരായി ജീവിപ്പിച്ച് അവന്റെ ശിക്ഷയിൽനിന്ന് നമ്മെ മോചിപ്പിക്കുമാറാകട്ടെ. ആമീൻ.

****

36 മരണവും മരണശേഷവും.

മരണത്തെക്കുറിച്ചും മരണത്തിനു ശേഷമുള്ള അവസ്ഥയെക്കുറിച്ചും ഗവേഷണങ്ങൾ നടത്തി കണ്ടുപിടിക്കാനോ, മരിച്ചതിനു ശേഷം തിരിച്ച് വന്ന് അതിനെക്കുറിച്ച് വിവരിച്ചു തരുവാനോ ആർക്കും സാധിക്കാത്തതു കൊണ്ട് മരണത്തെക്കുറിച്ചും അതിനു ശേഷമുള്ള അവസ്ഥയെക്കുറിച്ചും അറിയുന്നതിനു വേണ്ടി ദൈവിക വെളിപാടുകളെയും ദിവ്യ ദർശനങ്ങളെയും മനസ്സിലാക്കി വിവരങ്ങൾ അറിയുവാനേ നിർവ്വാഹമുള്ളൂ. വിശുദ്ധ ഖുർആനിൽ മരണശേഷമുള്ള അവസ്ഥയെക്കുറിച്ച് പറയുന്ന കാര്യങ്ങൾ സദ്വൃത്തന്മാർക്ക് ദൈവം ദിവ്യ ദർശനങ്ങളിലൂടെ കാണിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും ദിവ്യ ദർശനങ്ങളിലൂടെ അനുഭവജ്ഞാനം ലഭിക്കാത്ത സാധാരണ ജനങ്ങൾക്ക് വിശുദ്ധ ഖുർആനിൽ ദൈവം എന്താണ് പറഞ്ഞിരിക്കുന്നതെന്ന് മനസ്സിലാക്കി അതനുസരിച്ച് ജീവിതം നയിച്ച് ആത്മീയോന്നതി പ്രാപിച്ച് ദിവ്യ ദർശനമാകുന്ന അനുഭവജ്ഞാനം നേടിയെടുക്കുക എന്നതു മാത്രമാണ് ഈ ജീവിതത്തിൽ വെച്ച് മരണാനന്തരാവസ്ഥയെക്കുറിച്ച് അറിയുവാനുള്ള ഏക മാർഗ്ഗം. വിശുദ്ധ ഖുർആൻ ദൈവവചനമാണെന്നതിനു തെളിവുകൾ കണ്ടെത്തി അതിൽ പറയുന്ന കാര്യങ്ങൾ സത്യമാണെന്ന് മനസ്സിലാക്കുക എന്നതാണ് ദൈവിക ദർശനത്തിന് ഭാഗ്യം സിദ്ധിക്കാത്തവർക്കുള്ള മറ്റൊരു മാർഗ്ഗം.

തെറ്റുകളും അതിക്രമങ്ങളും ചെയ്തു ജീവിക്കുന്ന എല്ലാവർക്കും തന്നെ അവരുടെ ക്രൂരതകൾക്കർഹമായ ശിക്ഷ ഈ ലോകത്തു വെച്ചു തന്നെ ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം മരണ ശേഷം വേറൊരു ജീവിതമുണ്ടെന്ന സത്യത്തെ ചൂണ്ടികാണിക്കുന്നു. അതുപോലെ സൽകർമ്മം ചെയ്യുന്നവർക്കും അവരുടെ കർമ്മങ്ങൾക്കുള്ള പ്രതിഫലവും പൂർണ്ണമായി ഈ ലോകത്തു വെച്ചു തന്നെ ലഭിക്കുന്നില്ല. ലൗകിക ജീവിതം, ഇവിടെ വെച്ച് കർമ്മങ്ങൾ ചെയ്യുവാനും ആ കർമ്മങ്ങളുടെ പ്രതിഫലം, നല്ലതായാലും ചീത്തയായാലും, പൂർണ്ണരൂപത്തിൽ അനുഭവിച്ചറിയുവാൻ മരണാനന്തരശേഷമുള്ള ജീവിതവും വെച്ചിരിക്കയാണ്. ഈ ജീവിതത്തിൽ നിന്ന് അടുത്ത ജീവിതത്തിലേക്കുള്ള പ്രവേശനമാണ് മരണം കൊണ്ട് പ്രാപ്യമാകുന്നത്.

മരണം ഒരു പരിവർത്തനമാണ്. നാം അറിയാത്ത മറ്റൊരു രൂപത്തിൽ നമ്മെ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് മരണംവിധിച്ചിരിക്കുന്നതെന്ന് ദൈവം വ്യക്തമാക്കുന്നു. ഗർഭാശയത്തിൽ നിന്ന് നാം ഭൂമിയിലേക്ക് വരുന്നതു പോലെ നാം ഈ ലോകത്തു തന്നെയുള്ള മറ്റൊരു ലോകത്തേക്ക് പോകുന്നു.

نَحْنُ قَدَّرْنَا بَيْنَكُمُ ٱلْمَوْتَ وَمَا نَحْنُ بِمَسْبُوقِينَ ۝ عَلَىٰٓ أَن نُّبَدِّلَ أَمْثَٰلَكُمْ وَنُنشِئَكُمْ فِى مَا لَا تَعْلَمُونَ ۝

56:61–62– “നാം നിങ്ങൾക്കിടയിൽ മരണം വിധിച്ചിരിക്കുന്നു. നമ്മെ ആരും (മരണത്തിൽ നിന്ന്) കവച്ചു വെക്കുകയില്ല. നിങ്ങളുടെ രൂപങ്ങളെ നാം മാറ്റുകയും നിങ്ങൾ അറിയാത്തതായ (മറ്റു) രൂപത്തിൽ നിങ്ങളെ നാം സൃഷ്ടിക്കുകയും ചെയ്യുന്നതിനു വേണ്ടി.”

മരണത്തെക്കുറിച്ച് അറിയുന്നതിനു വേണ്ടി അല്ലാഹു ഉറക്കത്തെ ചൂണ്ടിക്കാണിച്ചിരിക്കയാണ്. ഉറക്കം ഒരു മരണം പോലെയാകുന്നു. ഉറക്കത്തിൽ അല്ലാഹു ആത്മാവിനെ താൽക്കാലികമായി പിടിച്ചു വെക്കുകയും എന്നിട്ട് തിരിച്ചയുക്കുകയും ചെയ്യുന്നു. എന്നാൽ മരണ സമയത്ത് ആത്മാവിനെ തിരിച്ചയക്കാതെ പിടിച്ചു വെക്കുകയാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കിയിരിക്കുകയാണ്.

وَهُوَ ٱلَّذِى يَتَوَفَّىٰكُم بِٱلَّيْلِ وَيَعْلَمُ مَا جَرَحْتُم بِٱلنَّهَارِ ثُمَّ يَبْعَثُكُمْ فِيهِ

لِيُقْضَىٰٓ أَجَلٌ مُّسَمًّى ۖ ثُمَّ إِلَيْهِ مَرْجِعُكُمْ ثُمَّ يُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۝

6:61– “അവനാകുന്നു രാത്രിയിൽ നിങ്ങളെ മരിപ്പിക്കുന്നത്. പകൽ സമയത്ത് നിങ്ങൾ പ്രവർത്തിച്ചതെല്ലാം അവൻ അറിയുന്നു. നിശ്ചിതമായ ഒരവധി പൂർത്തിയാക്കുവാൻ വേണ്ടി പിന്നീട് അവൻ നിങ്ങളെ ഉണർത്തുന്നു. പിന്നീട് അവനിലേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരിക്കുന്നതിനെക്കുറിച്ച് അവൻ നിങ്ങളെ അറിയിക്കുന്നതാണ.

ٱللَّهُ يَتَوَفَّى ٱلْأَنفُسَ حِينَ مَوْتِهَا وَٱلَّتِى لَمْ تَمُتْ فِى مَنَامِهَا ۖ فَيُمْسِكُ ٱلَّتِى قَضَىٰ عَلَيْهَا ٱلْمَوْتَ

وَيُرْسِلُ ٱلْأُخْرَىٰٓ إِلَىٰٓ أَجَلٍ مُّسَمًّى ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ۝

39:43– “അല്ലാഹു ആത്മാക്കളെ അവയുടെ മരണ സമയത്ത് പിടിച്ചെടുക്കുന്നു. മരണപ്പെടാത്തവയെ അതിന്റെ ഉറക്കത്തിൽ പിടിച്ചെടുക്കുന്നു. മരണം വിധിച്ചവയെ അവൻ പിടിച്ചുവെക്കുകയും അല്ലാത്തവയെ ഒരു നിശ്ചിതാവധിയിലേക്ക് വിട്ടയക്കുകയും ചെയ്യുന്നു. ചിന്തിക്കുന്ന ജനതയ്ക്ക് തീർച്ചയായും ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്.”

മരണം അല്ലാഹുവിന്റെ നിശ്ചിത വിധിയാണെന്നും മരണത്തെ കവച്ചു വെക്കുവാൻ ആരെക്കൊണ്ടും സാധിക്കുകയില്ലെന്നും അറിയിച്ചിരിക്കയാണ്. ഗവേഷണങ്ങൾ കൊണ്ടോ കണ്ടുപിടിത്തങ്ങൾ കൊണ്ടോ മരണത്തെ ഇല്ലാതാക്കാൻ സാധിക്കുന്നതല്ല.

وَمَا كَانَ لِنَفْسٍ أَن تَمُوتَ إِلَّا بِإِذْنِ ٱللَّهِ

3:145– "അല്ലാഹുവിന്റെ അനുമതിയില്ലാതെ ഒരാത്മാവിനും മരിക്കുവാൻ സാധിക്കുകയില്ല.

كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۗ

3:186– "എല്ലാ ആത്മാവും മരണത്തിന്റെ രുചി അറിയുന്നതാണ്....."

أَيْنَمَا تَكُونُوا۟ يُدْرِككُّمُ ٱلْمَوْتُ وَلَوْ كُنتُمْ فِى بُرُوجٍ مُّشَيَّدَةٍ ۗ

4:79– "നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട ഗോപുരങ്ങളിൽ ആയിരുന്നാൽ പോലും."

ഇനി അഥവാ മരണത്തെ മറികടന്നു കൊണ്ട് ഈ ലോകത്ത് നിത്യ ജീവിതം കിട്ടിയിട്ടും കാര്യമില്ല. അതിവാർദ്ധക്യ ദശയിലെത്തുന്ന വ്യക്തികൾ അവസാനം ശിശുക്കളെപ്പോലെ ഒന്നും അറിയാത്തവരായി തീരുന്നതാണ്.

തിന്മകൾ ചെയ്യുന്നവരാണ് യഥാർത്ഥത്തിൽ മരണത്തെ ഭയപ്പെടുന്നത്. നന്മകൾ ചെയ്യുന്നവർക്ക് ഈ ലോകത്തു വെച്ചു തന്നെ സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത ലഭിക്കുന്നതു കൊണ്ടും, മരണ ശേഷമുള്ള ജീവിതവും പരലോകവും ദിവ്യദർശനങ്ങളിലൂടെ കാണാൻ സാധിക്കുന്നതു കൊണ്ടും, മരണത്തെക്കുറിച്ചുള്ള അവരുടെ അനിശ്ചിതാവസ്ഥ നീങ്ങിപ്പോവുകയും സുകൃതികളുടെ മനസ്സ് ശാന്തി പ്രാപിക്കുകയും ചെയ്യുന്നതാണ്. എന്നാൽ കുറ്റവാളികൾ മരണത്തെ ഭയപ്പെടുന്നവരും മരണം വരാതിരിക്കണമെന്ന് ആഗ്രഹിക്കുന്നവരും ആയിരിക്കും.

قُلْ إِن كَانَتْ لَكُمُ ٱلدَّارُ ٱلْـَٔاخِرَةُ عِندَ ٱللَّهِ خَالِصَةً مِّن دُونِ ٱلنَّاسِ فَتَمَنَّوُا۟ ٱلْمَوْتَ إِن

كُنتُمْ صَـٰدِقِينَ ﴿٩٤﴾ وَلَن يَتَمَنَّوْهُ أَبَدًۢا بِمَا قَدَّمَتْ أَيْدِيهِمْ ۗ وَٱللَّهُ عَلِيمٌۢ بِٱلظَّـٰلِمِينَ ﴿٩٥﴾

2:95–96 "നീ (യഹൂദരോട്) പറയുക: മനുഷ്യരിൽ നിങ്ങൾക്കു വേണ്ടി മാത്രമാണ് അല്ലാഹുവിലുള്ള പരലോക ഗൃഹമെങ്കിൽ നിങ്ങൾ മരിക്കുവാൻ കൊതിക്കുക. നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ. എന്നാൽ അവരുടെ കൈകൾ നേരത്തെ ചെയ്തുവെച്ച (ദുഷ് കർമ്മങ്ങൾ) കാരണമായി അവർ ഒരിക്കലും അങ്ങനെ ആഗ്രഹിക്കുകയില്ല. തിന്മ ചെയ്യുന്നവരെക്കുറിച്ച് അല്ലാഹു അറിവുള്ളവനാകുന്നു."

സൽകർമ്മങ്ങൾ ചെയ്തു കൊണ്ട് ദൈവത്തിൽ നിന്ന് പ്രതിഫലം കരസ്ഥമാക്കുന്നതിനുവേണ്ടി ഈ ലോകത്തെ ജീവിതം ദൈവം ഒരു പാരിതോഷികം എന്ന നിലയിലാണ് തന്നിരിക്കുന്നത്. അവന്റെ സൃഷ്ടികൾ ഈ സത്യം മനസ്സിലാക്കുകയും അതിനനുസരിച്ച് ജീവിതം നയിക്കുക

യും ചെയ്യേണ്ടവരാകുന്നു. ഇതിനുള്ള സാഹചര്യം മരണം വരെ തുറന്നു കിടക്കുന്നു. തെറ്റു ചെയ്തു പോകുന്നവർ അവരുടെ ജീവിതം തീരുന്നതിനു മുമ്പായി പശ്ചാത്തപിക്കുകയും അവരുടെ തെറ്റുകളെ മായിച്ചു കളയുവാൻ ഉതകുന്ന രീതിയിൽ സൽകർമ്മങ്ങൾ ചേയ്യേണ്ടതുമാകുന്നു. ജീവിതം മുഴുവനും തെറ്റിൽ തുടർന്നു കൊണ്ടിരിക്കുകയും അവസാനം മരണം വന്നണയുന്ന സമയത്ത് പശ്ചാത്തപിക്കുവാൻ തുനിയുകയും ചെയ്താൽ ആ പശ്ചാത്താപം ദൈവം സ്വീകരിക്കുന്നതല്ല. സ്വീകരിച്ചിട്ടും കാര്യമില്ല. കാരണം അവന്റെ തെറ്റുകളെ മായിച്ചു കളയുവാൻ തക്ക നിലയിലുള്ള സൽകർമ്മങ്ങൾ ചെയ്യുവാൻ ജീവിതം ശേഷിച്ചു നിൽക്കുന്നില്ല.

وَلَيْسَتِ ٱلتَّوْبَةُ لِلَّذِينَ يَعْمَلُونَ ٱلسَّيِّـَٔاتِ حَتَّىٰٓ إِذَا حَضَرَ أَحَدَهُمُ ٱلْمَوْتُ قَالَ إِنِّى تُبْتُ

ٱلْـَٰٔنَ وَلَا ٱلَّذِينَ يَمُوتُونَ وَهُمْ كُفَّارٌ ۚ أُو۟لَـٰٓئِكَ أَعْتَدْنَا لَهُمْ عَذَابًا أَلِيمًا ﴿١٨﴾

4:19– “പശ്ചാത്താപം എന്നത് തെറ്റുകൾ ചെയ്തു കൊണ്ടിരിക്കുകയും എന്നിട്ട് മരണം ആസന്നമാവുകയും ചെയ്യുമ്പോൾ ഞാനിതാ പശ്ചാത്തപിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല. സത്യ നിഷേധികളായിക്കൊണ്ട് മരിക്കുന്നവർക്കുമുള്ളതല്ല. അവർക്കെല്ലാം വേദനയുറ്റ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്.”

وَأَنِيبُوٓا۟ إِلَىٰ رَبِّكُمْ وَأَسْلِمُوا۟ لَهُۥ مِن قَبْلِ أَن يَأْتِيَكُمُ ٱلْعَذَابُ ثُمَّ لَا تُنصَرُونَ ﴿٥٤﴾

39:55 “നിങ്ങൾക്ക് ശിക്ഷ വരുന്നതിനു മുമ്പ് നിങ്ങളുടെ നാഥനിലേക്ക് മടങ്ങുകയും അവന് കീഴ്പ്പെടുകയും ചെയ്യുവിൻ. പിന്നീട് നിങ്ങൾ സഹായിക്കപ്പെടുന്നതല്ല.”

അതുകൊണ്ട് ദൈവത്തെ ഭയപ്പെടുന്നവരും അനുസരണമുള്ളവരുമായിട്ടല്ലാതെ മരിക്കുവാൻ ഇടവരരുതെന്ന് അല്ലാഹു വിശ്വാസികളെ ഉദ്ബോധിപ്പിച്ചിരിക്കയാണ്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٠٢﴾

3:103– “അല്ലയോ വിശ്വാസികളെ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടേണ്ട രീതിയിൽ ഭയപ്പെടുവിൻ. നിങ്ങൾ അനുസരണമുള്ളവരായിട്ടല്ലാതെ മരിക്കുവാൻ ഇടയാകരുത്.”

പല വ്യക്തികളും മരണപ്പെടാതെ നിത്യമായി ജീവിച്ചിരിക്കുന്നതായി ചില ജനവിഭാഗങ്ങൾ ഇന്നും അന്ധമായി വിശ്വസിച്ചു കൊണ്ടിരിക്കുന്നു. ചില വ്യക്തികൾ മരിച്ചാലും ഇല്ലെങ്കിലും വീണ്ടും തിരിച്ചു വരുന്നതാണെന്നും വിശ്വസിക്കപ്പെടുന്നു. എന്നാൽ ഇങ്ങനെയുള്ള വിശ്വാസങ്ങളൊ

ക്കെ അബദ്ധജടിലമാണെന്നും മനുഷ്യരായി ജനിച്ചവരൊക്കെ മരിച്ചിരിക്കുകയാണെന്നും മരിച്ചവർ ആരും തന്നെ വീണ്ടും ഈ ലോകത്തേക്ക് മടങ്ങി വരികയില്ലെന്നും വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തിത്തന്നിരിക്കുകയാണ്.

وَلَئِن مُّتُّمْ أَوْ قُتِلْتُمْ لَإِلَى ٱللَّهِ تُحْشَرُونَ ۝

3:159– "നിങ്ങൾ മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്താൽ തീർച്ചയായും അല്ലാഹുവിലേക്ക് നിങ്ങൾ ശേഖരിക്കപ്പെടുന്നു."

وَحَرَٰمٌ عَلَىٰ قَرْيَةٍ أَهْلَكْنَٰهَآ أَنَّهُمْ لَا يَرْجِعُونَ ۝

21:96– "നാം നശിപ്പിച്ച പട്ടണത്തിന്മേൽ വിലക്ക് ഏർപ്പടുത്തിയിരിക്കുന്നു. അവർ മടങ്ങി വരുന്നതല്ല."

حَتَّىٰٓ إِذَا جَآءَ أَحَدَهُمُ ٱلْمَوْتُ قَالَ رَبِّ ٱرْجِعُونِ ۝ لَعَلِّىٓ أَعْمَلُ صَٰلِحًا فِيمَا تَرَكْتُ كَلَّآ ۚ

إِنَّهَا كَلِمَةٌ هُوَ قَآئِلُهَا ۖ وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ ۝

23:100–101 "അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നണയുമ്പോൾ അയാൾ പറയുന്നു: എന്റെ നാഥാ, എന്നെ മടക്കി അയച്ചാലും," "ഞാൻ ചെയ്യാതെ വിട്ടു കളഞ്ഞ നന്മകൾ ഞാൻ ചെയ്യുന്നതിനു വേണ്ടി. ഒരിക്കലുമില്ല. അതയാൾ പറയുന്നതായ വെറും വാക്ക് മാത്രം. അവർ ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന നാൾ വരെ അവരുടെ പിന്നിൽ ഒരു ഇടവേളയുണ്ടായിരിക്കുന്നതാണ്."

ശാരീരിക മരണവും ജീവിതവും കൂടാതെ ഈ ലോകത്ത് വേറൊരു മരണവും കൂടിയുണ്ട്. ദൈവത്തെ മനസ്സിലാക്കാതെ, അറിയാതെ, അതിനു തുനിയാതെ വെറും വൈകാരിക പ്രേരണക്കനുസൃതമായി സ്വന്തം ആത്മാവിനെ മറന്നു കൊണ്ട് ജീവിക്കുന്നവർ ആത്മീയമായി മരണമടഞ്ഞവരാണെന്നാണ് വിശുദ്ധ ഖുർആൻ പറഞ്ഞു തരുന്നത്. അങ്ങനെ അവിശ്വാസികൾ ഈ ലോകത്ത് വെച്ചുതന്നെ രണ്ടു പ്രാവശ്യം മരണമടയുന്നു. ആദ്യം ആത്മീയമായും പിന്നീട് ശാരീരികമായും. എന്നാൽ വിശ്വാസികൾ ഈ ലോകത്ത് വെച്ച് ആത്മീയമായി ഉയിർത്തെഴുന്നേൽക്കുകയും, അവസാനം ശാരീരികമായി മാത്രം ഈ ലോകത്തോട് വിട പറയുകയും ചെയ്യുന്നു. അങ്ങനെ വിശ്വാസികൾ ഒരു തവണ മാത്രം മൃതിയടയുന്നു.

قَالُوا۟ رَبَّنَآ أَمَتَّنَا ٱثْنَتَيْنِ وَأَحْيَيْتَنَا ٱثْنَتَيْنِ فَٱعْتَرَفْنَا بِذُنُوبِنَا فَهَلْ إِلَىٰ خُرُوجٍ مِّن سَبِيلٍ ۝

40:12– "(അവിശ്വാസികൾ) പറയും: ഞങ്ങളുടെ നാഥാ, രണ്ടു തവണ

നീ ഞങ്ങളെ മരപ്പിക്കുകയും രണ്ടു തവണ നീ ഞങ്ങളെ ജീവിപ്പിക്കുക യും ചെയ്തു. ഞങ്ങളുടെ കുറ്റങ്ങൾ ഞങ്ങൾ ഏറ്റു പറയുന്നു. ആക യാൽ (നരകത്തിൽ) നിന്നും പുറത്തു കടക്കുവാൻ വല്ല വഴിയുമുണ്ടോ?

എന്നാൽ സ്വർഗ്ഗ വാസികൾ പറയുന്നതായി വിശുദ്ധ ഖുർആൻ വിവരി ക്കുകയാണ്:

أَفَمَا نَحْنُ بِمَيِّتِينَ ۝ إِلَّا مَوْتَتَنَا ٱلْأُولَىٰ وَمَا نَحْنُ بِمُعَذَّبِينَ ۝

37:59–60 "സ്വർഗ്ഗവാസികൾ പറയും: നമ്മുടെ ആദ്യത്തെ മരണം അല്ലാ തെ ഇനി നാം മരിക്കുന്നവരല്ല. നാം ശിക്ഷിക്കപ്പെടുന്നവരുമല്ല."
സ്വർഗ്ഗവാസികളെക്കുറിച്ച് അല്ലാഹു വീണ്ടും പറയുകയാണ്:

لَا يَذُوقُونَ فِيهَا ٱلْمَوْتَ إِلَّا ٱلْمَوْتَةَ ٱلْأُولَىٰ ۖ وَوَقَىٰهُمْ عَذَابَ ٱلْجَحِيمِ ۝

44:57– "ആദ്യത്തെ മരണം അല്ലാതെ മറെറാരു മരണം അവർക്ക് അതി ൽ രുചിക്കേണ്ടിവരില്ല. നരക ശിക്ഷയിൽ നിന്ന് അവരെ അവൻ കാ ത്തു രക്ഷിക്കുകയും ചെയ്തിരിക്കുന്നു.

എല്ലാവരും ആദ്യമെ തന്നെ ദൈവത്തെക്കുറിച്ച് അറിയാത്തവരാണെങ്കി ലും ദൈവം ദിവ്യ വെളിപാടുകൾ മുഖേന അവന്റെ അസ്ഥിത്വത്തെ ക്കുറിച്ച് വെളിപ്പെടുത്തി കൊടുക്കുന്നു. അങ്ങനെ ദൈവം തന്നെ മനു ഷ്യർക്ക് ആത്മീയ ജീവൻ നൽകുന്നു. അങ്ങനെ മനുഷ്യരെ ആത്മീയ മായി ജീവിപ്പിക്കുന്ന ദൈവത്തെ മനുഷ്യർക്കെങ്ങനെ നിഷേധിക്കുവാൻ സാധിക്കുമെന്നാണ് ദൈവം നമ്മോട് തന്നെ ചോദിക്കുന്നത്.

كَيْفَ تَكْفُرُونَ بِٱللَّهِ وَكُنتُمْ أَمْوَٰتًا فَأَحْيَٰكُمْ ۖ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ثُمَّ إِلَيْهِ تُرْجَعُونَ ۝

2:29– "നിങ്ങൾക്കെങ്ങനെയാണ് അല്ലാഹുവിനെ നിഷേധിക്കുവാൻ കഴി യുക? നിങ്ങൾ മരിച്ചവർ ആയിരുന്നു. അവൻ നിങ്ങൾക്കു ജീവൻ നൽ കി. പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുകയും വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നതാണ്. എന്നിട്ട് അവനിലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യു ന്നതാണ്."

ജീവൻ നൽകൽ ഈ ലോകത്ത് രണ്ടു പ്രാവശ്യമായി നടക്കുന്നു. ആദ്യ ത്തേത് ഗർഭപാത്രത്തിൽ വെച്ച്, രണ്ടാമത്തേത് ഈ ലോകത്ത് വെച്ച്. ഈ ലോകത്ത് വെച്ച് ലഭിക്കേണ്ട ആത്മീയ ജീവനാണ് ഏറ്റവും മഹ ത്വമേറിയത്.

ഗർഭപാത്രത്തിൽ വെച്ച് ജീവൻ നൽകുന്നതിനെക്കുറിച്ച് അല്ലാഹു പറ യുന്നു:

وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ مِن سُلَٰلَةٖ مِّن طِينٖ ۝ ثُمَّ جَعَلۡنَٰهُ نُطۡفَةٗ فِي قَرَارٖ مَّكِينٖ ۝ ثُمَّ
خَلَقۡنَا ٱلنُّطۡفَةَ عَلَقَةٗ فَخَلَقۡنَا ٱلۡعَلَقَةَ مُضۡغَةٗ فَخَلَقۡنَا ٱلۡمُضۡغَةَ عِظَٰمٗا فَكَسَوۡنَا ٱلۡعِظَٰمَ لَحۡمٗا
ثُمَّ أَنشَأۡنَٰهُ خَلۡقًا ءَاخَرَۚ فَتَبَارَكَ ٱللَّهُ أَحۡسَنُ ٱلۡخَٰلِقِينَ ۝

23:13–15. “മനുഷ്യനെ നാം കളിമണ്ണിന്റെ സത്ത് കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് നാം അവനെ ഭദ്രമായ ഒരു സ്ഥലത്ത് (ഗർഭപാത്രത്തിൽ) വെച്ചു. പിന്നെ നാം ആ ബീജത്തെ ഭ്രൂണമായും ഭ്രൂണത്തെ മാംസപിണ്ഡമായും, തുടർന്ന് ആ മാംസപിണ്ഡത്തെ അസ്ഥികൂടമായും നാം സൃഷ്ടിച്ചു. എന്നിട്ട് ആ എല്ലുകളെ നാം മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി വളർത്തിക്കൊണ്ട് വന്നു. ഏറ്റവും നല്ല സ്രഷ്ടാവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു.

ٱلَّذِيٓ أَحۡسَنَ كُلَّ شَيۡءٍ خَلَقَهُۥۖ وَبَدَأَ خَلۡقَ ٱلۡإِنسَٰنِ مِن طِينٖ ۝ ثُمَّ جَعَلَ نَسۡلَهُۥ مِن
سُلَٰلَةٖ مِّن مَّآءٖ مَّهِينٖ ۝ ثُمَّ سَوَّىٰهُ وَنَفَخَ فِيهِ مِن رُّوحِهِۦۖ وَجَعَلَ لَكُمُ ٱلسَّمۡعَ
وَٱلۡأَبۡصَٰرَ وَٱلۡأَفۡـِٔدَةَۚ قَلِيلٗا مَّا تَشۡكُرُونَ ۝

32:8–10 താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും അവൻ വിശിഷ്ടമാക്കി യിരിക്കുന്നു. മനുഷ്യന്റെ സൃഷ്ടി കളിമണ്ണിൽനിന്ന് അവൻ ആരംഭിച്ചു. പിന്നീട് നിസ്സാരമായ ജലത്തിന്റെ സത്തിൽ നിന്നും മനുഷ്യന്റെ സന്താനങ്ങളെ അവനുണ്ടാക്കി. പിന്നീട് അവൻ മനുഷ്യനെ പൂർണ്ണനാക്കുകയും, തന്റെ ആത്മാവിൽ നിന്ന് അവനിൽ ഊതുകയും, കേൾവിയും കാഴ്ചകളും ഹൃദയങ്ങളും നിങ്ങൾക്കവൻ ഉണ്ടാക്കിത്തരികയും ചെയ്തു. കുറച്ചു മാത്രമേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളു.

രണ്ടാമതായി ഈ ലോകത്ത് വെച്ച് ലഭിക്കുന്ന ആത്മീയ ജീവൻ വെളിപാടുകൾ മുഖേനെയാണ് ലഭിക്കുന്നത്. വെളിപാട് ലഭിക്കുന്നത് വഴി മനുഷ്യൻ യഥാർത്ഥത്തിൽ ദൈവത്തിന്റെ ദാസനായിത്തീരുകയും ദൈവമാർഗത്തിൽ ത്യാഗങ്ങൾ സഹിക്കുവാൻ സന്നദ്ധനായിത്തീരുകയും ചെയ്യുന്നു.

وَٱلَّتِيٓ أَحۡصَنَتۡ فَرۡجَهَا فَنَفَخۡنَا فِيهَا مِن رُّوحِنَا وَجَعَلۡنَٰهَا وَٱبۡنَهَآ ءَايَةٗ لِّلۡعَٰلَمِينَ ۝

21:92 “തന്റെ ചാരിത്ര്യം കാത്തുസൂക്ഷിച്ച വനിതയെയും (ഹന്നത്ത് മർ

യം) ഓർക്കുക. അങ്ങനെ നമ്മുടെ ആത്മാവിൽനിന്നും നാം അവരിൽ ഊതി."

ഇതാണ് രണ്ടാമത്തെ ജീവൻ നൽകൽ. ഇത് പ്രവാചകന്മാർക്ക് മാത്രമ ല്ല, ദൈവമാർഗത്തിൽ സ്ഥിരചിത്തത കാണിക്കുന്ന വിശ്വാസികൾക്കും ലഭിക്കുന്നതാണ്.

لَّا تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوْ كَانُوٓاْ ءَابَآءَهُمْ أَوْ أَبْنَآءَهُمْ أَوْ إِخْوَٰنَهُمْ أَوْ عَشِيرَتَهُمْ ۚ أُوْلَـٰٓئِكَ كَتَبَ فِى قُلُوبِهِمُ ٱلْإِيمَـٰنَ وَأَيَّدَهُم بِرُوحٍ مِّنْهُ ۖ وَيُدْخِلُهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ خَـٰلِدِينَ فِيهَا ۚ رَضِىَ ٱللَّهُ عَنْهُمْ وَرَضُواْ عَنْهُ ۚ أُوْلَـٰٓئِكَ حِزْبُ ٱللَّهِ ۚ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ۝

58:23 അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത, അ ല്ലാഹുവിനോടും അവന്റെ ദൂതനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കാണുകയില്ല. അവർ അവരുടെ പിതാക്കളോ, പുത്രന്മാരോ, സഹോദരന്മാരോ, ബന്ധുക്കളോ ആയിരു ന്നാൽ പോലും. അവരുടെ ഹൃദയങ്ങളിൽ അവൻ സത്യവിശ്വാസം രേഖ പ്പെടുത്തുകയും, അവനിൽ നിന്നുള്ള ആത്മാവു കൊണ്ട് അവരെ അവ ൻ ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകികൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ അവരെ അവൻ പ്രവേശിപ്പിക്കും. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെയും അവർ അ വനെയും തൃപ്തിപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ കക്ഷികളാണവർ. അറി യുക, അല്ലാഹുവിന്റെ കക്ഷികൾ തന്നെയാണ് വിജയം പ്രാപിക്കുന്നവർ.

ഗർഭപാത്രത്തിൽ വെച്ച് ലഭിക്കുന്ന പോഷകമൂല്യങ്ങൾക്ക് അനുസരിച്ചാ യിരിക്കും നമുക്ക് പ്രസവിക്കുന്ന സമയത്ത് ഉണ്ടാകുന്ന ശരീരം. അതു പോലെ അടുത്ത ലോകത്ത് നമുക്ക് ലഭിക്കുന്ന ശരീരം നാം ഈ ലോ കത്ത് വെച്ച് നേടിയെടുക്കുന്ന പോഷകമൂല്യങ്ങൾക്ക് അനുസരിച്ചുള്ളതാ യിരിക്കും. ആ പോഷകമൂല്യങ്ങൾ നാം ഇവിടെ വെച്ച് ചെയ്യുന്ന നല്ല കർമ്മങ്ങളാണ്.

ആത്മീയമായ ജീവൻ നൽകുവാൻ വേണ്ടിയാണ് ദൈവം പ്രവാചകന്മാ രെ നിയോഗിച്ച് അയക്കുന്നത്. റസൂൽ (സ) തിരുമേനിയുടെ നിയോഗ ത്തെക്കുറിച്ച് അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسْتَجِيبُواْ لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ ۖ وَٱعْلَمُوٓاْ أَنَّ ٱللَّهَ

يَحُولُ بَيْنَ ٱلْمَرْءِ وَقَلْبِهِۦ وَأَنَّهُۥٓ إِلَيْهِ تُحْشَرُونَ ﴿٢٤﴾

8:25– "അല്ലയോ വിശ്വാസികളേ, നിങ്ങൾക്ക് ജീവൻ നൽകുന്നതിനു വേണ്ടി നിങ്ങളെ വിളിക്കുമ്പോൾ അല്ലാഹുവിനും റസൂലിനും പ്രത്യുത്തരം നൽകുവിൻ. മനുഷ്യനേറയും അവന്റെ ഹൃദയത്തിനേറയും മദ്ധ്യേ നിശ്ചയമായും അല്ലാഹു വരുന്നുവെന്നും അവനിലേക്ക് നിങ്ങൾ ശേഖരിക്കപ്പെടുമെന്നും അറിഞ്ഞു കൊള്ളുക."

എന്നാൽ ആത്മീയമായി നിശ്ശേഷം മൃതിയടിഞ്ഞവരെ പ്രവാചകന്മാർക്കു പോലും ജീവിപ്പിക്കുവാൻ സാദ്ധ്യമല്ലെന്ന് ദൈവം വെളിപ്പെടുത്തുന്നു. അങ്ങനെ ആത്മീയമായ കേൾവിക്ക് ബധിരതയും ആത്മീയ കാഴ്ചക്ക് അന്ധതയും ബാധിച്ച് മരണമടഞ്ഞ നിലയിൽ ജീവിക്കുന്നവർ പ്രവാചകന്മാരുടെ വിളികൾ കേൾക്കുവാൻ കൂട്ടാക്കാതെ പിന്തിരിഞ്ഞു പോകുന്നതാണെന്ന് ദൈവം വെളിപ്പെടുത്തിയിരിക്കുന്നു.

إِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ وَلَا تُسْمِعُ ٱلصُّمَّ ٱلدُّعَآءَ إِذَا وَلَّوْا۟ مُدْبِرِينَ ﴿٨١﴾

27:81– "തീർച്ചയായും നിനക്ക് മരിച്ചവരെ കേൾപ്പിക്കുവാൻ സാദ്ധ്യമല്ല. ബധിരന്മാരേയും നിനക്ക് വിളി കേൾപ്പിക്കാനാവുകയില്ല. അവർ പുറകോട്ട് തിരിഞ്ഞു പോകുമ്പോൾ."

فَإِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ وَلَا تُسْمِعُ ٱلصُّمَّ ٱلدُّعَآءَ إِذَا وَلَّوْا۟ مُدْبِرِينَ ﴿٥٣﴾

30:53– "അതു കൊണ്ട് മരിച്ചവരെ നിനക്ക് കേൾപ്പിക്കുവാൻ കഴിയുകയില്ല. ബധിരന്മാരെയും നിനക്ക് വിളി കേൾപ്പിക്കാനാവുകയില്ല. അവർ ഓടിക്കൊണ്ട് പിന്തിരിയുമ്പോൾ."

ഈ വാക്യങ്ങളിൽ മരിച്ചവർ എന്നതു കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായി മരിച്ചവരാണ്. ശാരീരികമായി മരിച്ചവർക്ക് ഓടിക്കൊണ്ടു പിന്തിരിയുവാൻ സാധിക്കുകയില്ല.

ദൈവം മനുഷ്യനു നൽകിയ ബുദ്ധിയുപയോഗിച്ചു കൊണ്ട് ദൈവത്തെ കണ്ടെത്തുകയും അവനെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യാതെ പൂർവ്വീകരുടെ നടപടി ക്രമങ്ങളെ അന്ധമായി പിന്തുടർന്നു ജീവിക്കുന്നവർ കാലികളെപ്പോലെ തിന്നുക, കുടിക്കുക, ഉറങ്ങുക, ആഹാരം തേടുക, ഭോഗിക്കുക എന്നിവയിൽ മാത്രം അവരുടെ ജീവിത രീതി ഒതുക്കി നിർത്തുന്നതു കൊണ്ടും കാര്യങ്ങളെ വിശകലനം ചെയ്യുന്നതിൽ ബുദ്ധി ഉപയോഗിക്കുന്നതിനു പകരം വൈകാരിക പ്രേരണകൾക്കടിമപ്പെട്ടു കൊണ്ട് ജീവിക്കുന്നതുകൊണ്ടുമാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്.

أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ ۚ إِنْ هُمْ إِلَّا كَٱلْأَنْعَـٰمِ ۖ بَلْ هُمْ أَضَلُّ سَبِيلًا ﴿٤٤﴾

25:45– "അവരിൽ അധികപേരും കേൾക്കുകയോ ബുദ്ധി ഉപയോഗിക്കുക യോ ചെയ്യുന്നുവെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കാലികളെപ്പോ ലെയാണ്. അവർ അതിലും വഴിപിഴച്ചവരാകുന്നു."

ഇങ്ങനെ ബുദ്ധിക്കും വിവേകത്തിനും സ്ഥാനം കൊടുക്കാതെ വികാര ങ്ങൾക്കടിമപ്പെട്ടു കൊണ്ട് ജീവിക്കുന്നവർക്ക് ആത്മീയമായ കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കാത്ത നിലയിൽ അവരുടെ മനസ്സിന് അന്ധത ബാധിക്കുന്നതാണെന്ന് ദൈവം വെളിപ്പെടുത്തുന്നു. ഇങ്ങനെയുള്ളവരെ യാണ് ആത്മീയമായി മരിച്ചവർ എന്ന് വിശുദ്ധ ഖുർആനിൽ പറഞ്ഞിരി ക്കുന്നത്.

أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَآ أَوْ ءَاذَانٌ يَسْمَعُونَ بِهَا ۖ فَإِنَّهَا لَا تَعْمَى
ٱلْأَبْصَـٰرُ وَلَـٰكِن تَعْمَى ٱلْقُلُوبُ ٱلَّتِى فِى ٱلصُّدُورِ ﴿٤٦﴾

22:47– "എന്നാൽ അവർ ഭൂമിയിൽ സഞ്ചരിക്കുന്നില്ലേ? അങ്ങനെ ചിന്തി ച്ചു ഗ്രഹിക്കാനുള്ള ഹൃദയങ്ങളോ കേൾക്കാനുള്ള കാതുകളോ അവർ ക്ക് ഉണ്ടായികൊള്ളുന്നതിന്? തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. നെഞ്ചുകളിലെ ഹൃദയങ്ങളെയാണ് അന്ധത ബാധിക്കു ന്നത്.

ഇങ്ങനെ മനസ്സിന് അന്ധത ബാധിച്ചവരെ ജീവനില്ലാത്തവരായും (മരി ച്ചവരായും), ശവക്കല്ലറയിലുള്ളവരായും വിശുദ്ധ ഖുർആനിൽ വിവരിച്ചി രിക്കുന്നു.

وَمَا يَسْتَوِى ٱلْأَحْيَآءُ وَلَا ٱلْأَمْوَٰتُ ۚ إِنَّ ٱللَّهَ يُسْمِعُ مَن يَشَآءُ ۖ وَمَآ أَنتَ بِمُسْمِعٍ مَّن فِى ٱلْقُبُورِ ﴿٢٢﴾

35:23– "ജീവനുള്ളവരും ജീവനില്ലാത്തവരും സമമാവുകയില്ല. തീർച്ചയാ യും അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ കേൾപ്പിക്കുന്നു. എന്നാൽ ശവ ക്കല്ലറയിലുള്ളവരെ നിനക്ക് കേൾപ്പിക്കാനാവുകയില്ല."

ഇങ്ങനെ ബുദ്ധി ഉപയോഗിക്കാതെ വികാരങ്ങൾക്ക് പ്രാധാന്യം കൊടു ത്തുകൊണ്ട് ജീവിക്കുന്നവർ ദൈവത്തിന്റെ നീതി നിയമമനുസരിച്ച് നര കത്തിന് അവകാശികളായിത്തീരുന്നതും, അവരെ ആത്മീയമായി ജീവി പ്പിക്കുവാൻ വേണ്ടി നരകത്തിൽ നിറയ്ക്കുന്നതുമായിരിക്കും.

إِنَّ ٱللَّهَ لَا يَظْلِمُ ٱلنَّاسَ شَيْـًٔا وَلَـٰكِنَّ ٱلنَّاسَ أَنفُسَهُمْ يَظْلِمُونَ ﴿٤٤﴾

10:45– "തീർച്ചയായും അല്ലാഹു മനുഷ്യരോട് ഒട്ടും അനീതി കാണിക്കു ന്നില്ല. അവർ തങ്ങളോടു തന്നെയാണ് അനീതി കാണിക്കുന്നത്.

وَلَوْ شِئْنَا لَـَٔاتَيْنَا كُلَّ نَفْسٍ هُدَىٰهَا وَلَـٰكِنْ حَقَّ ٱلْقَوْلُ مِنِّى لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ ﴿١٣﴾

32:14– "നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഓരോ ആൾക്കും നാം മാർഗ്ഗദർശനം നൽകുമായിരുന്നു. എന്നാൽ എന്നിൽ നിന്നുള്ള വചനം ന്യായമായി പുലർന്നു. (ധിക്കാരികളായി ജീവിതം നയിച്ച് ആത്മീയമായി മരണമടഞ്ഞവരെ ചികിത്സിക്കുവാനായി) ജിന്നുകളേയും മനുഷ്യരേയും കൊണ്ട് ഞാൻ നരകം നിറയ്ക്കുന്നതാണ്."

മരണത്തെക്കുറിച്ച് ഇത്രയും പറഞ്ഞതിനു ശേഷം, മരണാനന്തരാവസ്ഥയെക്കുറിച്ച് അല്ലാഹു എന്താണ് പറയുന്നതെന്ന് നോക്കാം. അല്ലാഹു മരണത്തെ ഉറക്കത്തോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നതെന്ന് നാം മനസ്സിലാക്കികഴിഞ്ഞു. മരണത്തോടു കൂടി നാം ഒരു തരം ഉറക്കത്തിലേക്ക് പ്രവേശിക്കുകയാണ്. ഈ ഉറക്കത്തിൽ നിന്നും ഉണരുന്ന നാളിനേയാണ് ഉയിർത്തഴുന്നേൽപ്പുനാൾ എന്ന് പറയുന്നത്. മരണത്തോട് കൂടി ആരംഭിക്കുന്ന നിദ്ര ഉയർത്തെഴുന്നേൽപ്പു നാൾ വരെ നീണ്ടു നിൽക്കുന്നു. നാം ഉറങ്ങുമ്പോൾ നമ്മുടെ ആത്മാവിന് എന്തൊക്കെ കാണുവാനും കേൾക്കുവാനും അനുഭവിക്കുവാനും സാദ്ധ്യമാകുന്നുവോ അതുപോലെ മരണാനന്തര ശേഷമുള്ള അവസ്ഥയിലും സാധിക്കുന്നതാണ്. ഈ അവസ്ഥയെ വിശുദ്ധ ഖുർആനിൽ ബർസഖ് (ഇടവേള) എന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ നിദ്രയിൽ നാം കാണാറുള്ള സ്വപ്നത്തിൽ നമുക്ക് സഞ്ചരിക്കുവാനും മറ്റുള്ളവരെ കാണുവാനും അവരുമായി വർത്തമാനം പറയുവാനും, ചിരിക്കുവാനും കരയുവാനും സാധിക്കുന്നു. ശാരീരികമായ പ്രവർത്തനങ്ങൾ ഒന്നും നടത്തുവാൻ സാധിക്കുന്നില്ലെങ്കിലും ആത്മാവിന് നിദ്രാവസ്ഥയിൽ സുഖങ്ങളും ദു:ഖങ്ങളും വേവലാതികളും അനുഭവിക്കുവാൻ സാധിക്കുന്നതാണെന്ന് നമുക്ക് അറിയാവുന്നതാണ്. ഇതേ അനുഭവങ്ങൾ തന്നെയാണ് മരണശേഷമുള്ള ബർസഖിലും നടക്കുന്നത്. വിശ്വാസികൾക്ക് ഈ ജീവിതത്തിലും മരണസമയത്തും സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത നൽകപ്പെടുന്നതു കാരണം അവർ സന്തോഷവാന്മാരായി മരണാനന്തര ജീവിതം കഴിച്ചു കൂട്ടുന്നതാണ്. മരണാനന്തര ജീവിതത്തിൽ വരാനിരിക്കുന്ന നല്ല ജീവിതത്തെക്കുറിച്ചുള്ള അറിയിപ്പുകളും രംഗങ്ങളും അവർ ബർസഖിൽ വെച്ചു കാണുന്നതു കാരണം അവരുടെ ആത്മാക്കൾ ആഹ്ലാദ നിർവൃതിയിൽ ഈ അവസ്ഥ കഴിച്ചു കൂട്ടുന്നു.

ദുരാത്മാക്കൾക്ക് അവരുടെ ശിക്ഷയെക്കുറിച്ചുള്ള ദു:ഖവാർത്ത അവരുടെ മരണസമയത്ത് ലഭിക്കുന്നു. ശിക്ഷയുടെ വേവലാതിയുമായി അവർ മരണശേഷമുള്ള ഇടവേള കഴിച്ചുകൂട്ടുന്നു. ശിക്ഷയുടെ സിഗ്നലുകൾ സ്വപ്നത്തിലെന്നപോലെ അവർ കാണുമാറാവുകയും ചെയ്യുന്നു. അതു കാരണം അവരുടെ മരണാനന്തര ജീവിതം ശോകമൂകമായിത്തീരുന്നു. ഉയിർത്തെഴുന്നേല്പുനാൾ അവരുടെ ഉറക്കത്തിൽ നിന്ന് അവർ ഉണരുകയും അവരുടെ യഥാർത്ഥ ജീവിതം അവരുടെ കൺമുമ്പിൽ അനുഭവ ബോധ്യമായി കാണുമാറാവുകയും ചെയ്യുന്നതാണ്.

മരണസമയവും അതിനു ശേഷവും ദുരാത്മാക്കൾക്ക് അല്ലാഹു ശിക്ഷ നൽകുന്നുണ്ട്. ഇതിനെ ഖബ്റിലെ ശിക്ഷ എന്നു പറയുന്നു. പക്ഷെ ഇത് ഭൂമിയിൽ മൃതശരീരത്തെ മറവു ചെയ്യുന്ന ശവകല്ലറയിലല്ല ലഭിക്കുന്നത്, അത് ആത്മാവിന് അല്ലാഹു നൽകുന്ന ഉറക്കറയിൽ വെച്ചു കൊടുക്കുന്ന ശിക്ഷയാകുന്നു. അതു പോലെ സത്യാത്മാക്കൾക്ക് അവനിൽ നിന്നുള്ള വിഭവങ്ങളും നൽകുന്നു.

മേൽ പറഞ്ഞ കാര്യങ്ങൾക്കു വിശദീകരണമായി മരണത്തെക്കുറിച്ച് ഉദ്ധരിച്ചു കഴിഞ്ഞ വിശുദ്ധ വാക്യങ്ങൾ വീണ്ടും എടുത്തു ചേർക്കുകയാണ്.

ٱللَّهُ يَتَوَفَّى ٱلْأَنفُسَ حِينَ مَوْتِهَا وَٱلَّتِى لَمْ تَمُتْ فِى مَنَامِهَا ۖ فَيُمْسِكُ ٱلَّتِى قَضَىٰ عَلَيْهَا ٱلْمَوْتَ

وَيُرْسِلُ ٱلْأُخْرَىٰٓ إِلَىٰٓ أَجَلٍ مُّسَمًّى ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٤٢﴾

39:43– "അല്ലാഹു ആത്മാക്കളെ അവയുടെ മരണ സമയത്ത് പിടിച്ചെടുക്കുന്നു. മരണപ്പെടാത്തവയെ അതിന്റെ ഉറക്കത്തിൽ പിടിച്ചെടുക്കുന്നു. മരണം വിധിച്ചവയെ അവൻ പിടിച്ചുവെക്കുകയും അല്ലാത്തവയെ ഒരു നിശ്ചിതാവധിയിലേക്ക് വിട്ടയക്കുകയും ചെയ്യുന്നു. ചിന്തിക്കുന്ന ജനതയ്ക്ക് തീർച്ചയായും ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്."

حَتَّىٰٓ إِذَا جَآءَ أَحَدَهُمُ ٱلْمَوْتُ قَالَ رَبِّ ٱرْجِعُونِ ﴿٩٩﴾ لَعَلِّىٓ أَعْمَلُ صَـٰلِحًا فِيمَا تَرَكْتُ ۚ كَلَّآ

إِنَّهَا كَلِمَةٌ هُوَ قَآئِلُهَا ۖ وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ ﴿١٠٠﴾

23:100–101 "അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നണയുമ്പോൾ അയാൾ പറയുന്നു: എന്റെ നാഥാ, എന്നെ മടക്കി അയച്ചാലും," "ഞാൻ ചെയ്യാതെ വിട്ടു കളഞ്ഞ നന്മകൾ ഞാൻ ചെയ്യുന്നതിനു വേണ്ടി. ഒരിക്കലുമില്ല. അതയാൾ പറയുന്നതായ വെറും വാക്ക് മാത്രം. അവർ ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന നാൾ വരെ അവരുടെ പിന്നിൽ ഒരു ഇടവേളയുണ്ടയായിരിക്കുന്നതാണ്."

ഈ ഇടവേള ഒരു ഉറക്കം പോലെയാകുന്നു. ഉയർത്തെഴുന്നേൽപു നാൾ മരിച്ചവർ ഇങ്ങനെ പറയുന്നതാണെന്ന് എഴുതപ്പെട്ടിരിക്കുന്നു:

قَالُوا۟ يَـٰوَيْلَنَا مَنۢ بَعَثَنَا مِن مَّرْقَدِنَا ۜ

36:53– "അവർ പറയും: ഞങ്ങൾക്കു വന്ന നാശമേ, ഞങ്ങളുടെ ഉറക്കത്തിൽ നിന്നും ഞങ്ങളെ ആരാണ് എഴുന്നേൽപ്പിച്ചത്?"

മരണത്തോടു കൂടി ദുരാത്മാക്കൾക്കു ദൈവിക ശിക്ഷ ആരംഭിക്കുന്നുവെന്ന് താഴെ പറയുന്ന വിശുദ്ധ വാക്യങ്ങൾ വ്യക്തമാക്കുന്നു:

إِنَّ ٱلَّذِينَ كَفَرُواْ وَمَاتُواْ وَهُمۡ كُفَّارٌ أُوْلَٰٓئِكَ عَلَيۡهِمۡ لَعۡنَةُ ٱللَّهِ وَٱلۡمَلَٰٓئِكَةِ وَٱلنَّاسِ

أَجۡمَعِينَ ۝ خَٰلِدِينَ فِيهَاۖ لَا يُخَفَّفُ عَنۡهُمُ ٱلۡعَذَابُ وَلَا هُمۡ يُنظَرُونَ ۝

2:162-163 "അവിശ്വസിക്കുകയും അവിശ്വാസികളായി മരിക്കുകയും ചെയ്യുന്നവരിൽ അല്ലാഹുവിന്റേയും മലക്കുകളുടേയും മനുഷ്യരുടേയും ഒന്നിച്ചുള്ള ശാപമുണ്ടായിരിക്കുന്നതാണ്. അതിൽ അവർ കഴിഞ്ഞു കൂടുന്നതാണ്. അവർക്ക് ശിക്ഷ ലഘൂകരിക്കപ്പെടുകയില്ല. അവർക്ക് ഇളവ് നൽകപ്പെടുകയുമില്ല."

إِنَّ ٱلَّذِينَ تَوَفَّىٰهُمُ ٱلۡمَلَٰٓئِكَةُ ظَالِمِيٓ أَنفُسِهِمۡ قَالُواْ فِيمَ كُنتُمۡۖ قَالُواْ كُنَّا مُسۡتَضۡعَفِينَ فِي ٱلۡأَرۡضِۚ

قَالُوٓاْ أَلَمۡ تَكُنۡ أَرۡضُ ٱللَّهِ وَٰسِعَةً فَتُهَاجِرُواْ فِيهَاۚ فَأُوْلَٰٓئِكَ مَأۡوَىٰهُمۡ جَهَنَّمُۖ وَسَآءَتۡ مَصِيرًا ۝

4:98- "തങ്ങളുടെ ആത്മാക്കളോട് തെറ്റു ചെയ്തുകൊണ്ടിരുന്നവരുടെ ജീവൻ എടുക്കുന്ന സമയത്ത് മലക്കുകൾ അവരോട് ചോദിക്കും, നിങ്ങൾ ഏത് അവസ്ഥയിലായിരുന്നു? അവർ പറയും, ഞങ്ങൾ ഭൂമിയിൽ മർദ്ദിതരായിരുന്നു. അവർ പറയും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? അതിൽ നിങ്ങൾക്ക് സ്വദേശം വിട്ടു കൊണ്ട് വേറെ എവിടെയെങ്കിലും പോകാമായിരുന്നില്ലേ? അതുകൊണ്ട് അവരുടെ അഭയസ്ഥാനം നരകമായിരിക്കുന്നതാണ്. അതൊരു ചീത്തയായ സങ്കേതമാകുന്നു.

وَلَوۡ تَرَىٰٓ إِذِ ٱلظَّٰلِمُونَ فِي غَمَرَٰتِ ٱلۡمَوۡتِ وَٱلۡمَلَٰٓئِكَةُ بَاسِطُوٓاْ أَيۡدِيهِمۡ أَخۡرِجُوٓاْ أَنفُسَكُمُۖ ٱلۡيَوۡمَ

تُجۡزَوۡنَ عَذَابَ ٱلۡهُونِ بِمَا كُنتُمۡ تَقُولُونَ عَلَى ٱللَّهِ غَيۡرَ ٱلۡحَقِّ وَكُنتُمۡ عَنۡ ءَايَٰتِهِۦ تَسۡتَكۡبِرُونَ ۝

6:94- "..... അക്രമികളുടെ മരണ മൂർച്ഛയിൽ മലക്കുകൾ അവരുടെ കൈകൾ നീട്ടി നിങ്ങളുടെ ആത്മാക്കളെ പുറത്തേക്ക് വിടൂ എന്ന് പറയുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! നിങ്ങൾ അല്ലാഹുവിന്റെ പേരിൽ അസത്യം പറയുകയും അവന്റെ സന്ദേശങ്ങൾക്കെതിരെ അഹംഭാവം കാട്ടുകയും ചെയ്തതിന്റെ ഫലമായി ഈ ദിനം നിങ്ങൾക്കു അപമാനകരമായ ശിക്ഷ പ്രതിഫലമായി നൽകപ്പെടുന്നു."

മേൽ വചനത്തിലെ ഈ ദിനം നിങ്ങൾക്കു അപമാനകരമായ ശിക്ഷ പ്രതിഫലമായി നൽകപ്പെടുന്നു എന്ന ഭാഗം മരണത്തോടു കൂടിതന്നെ ശിക്ഷ ആരംഭിക്കുന്നുവെന്ന് വളരെ വ്യക്തമായി പ്രസ്താവിക്കുന്നു.

وَلَوۡ تَرَىٰٓ إِذۡ يَتَوَفَّى ٱلَّذِينَ كَفَرُواْ ٱلۡمَلَٰٓئِكَةُ يَضۡرِبُونَ وُجُوهَهُمۡ وَأَدۡبَٰرَهُمۡ وَذُوقُواْ عَذَابَ

ٱلْحَرِيقِ ۝ ذَٰلِكَ بِمَا قَدَّمَتْ أَيْدِيكُمْ وَأَنَّ ٱللَّهَ لَيْسَ بِظَلَّٰمٍ لِّلْعَبِيدِ ۝

8:51–52 "സത്യനിഷേധികളുടെ മുഖങ്ങളിലും മുതുകുകളിലും പ്രഹരിച്ചു കൊണ്ട് മലക്കുകൾ അവരുടെ ജീവൻ എടുക്കുന്ന സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ! (പറയപ്പെടും) ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷ നിങ്ങൾ ആസ്വദിക്കുക. ഇത് നിങ്ങളുടെ കൈകൾ മുൻകൂട്ടി ചെയ്തു വെച്ചത് കാരണമാണ്. അല്ലാഹു തന്റെ ദാസന്മാരോട് ഒട്ടും അനീതി കാണിക്കുന്നവനല്ല."

മേൽ വചനത്തിൽനിന്ന് ജീവൻ വിടുന്നതിനു മമ്പുതന്നെ അവരുടെ ശിക്ഷ ആരംഭിക്കുന്നുവെന്ന് വ്യക്തമായി.

ٱلَّذِينَ تَتَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ ظَالِمِىٓ أَنفُسِهِمْ ۖ فَأَلْقَوُا۟ ٱلسَّلَمَ مَا كُنَّا نَعْمَلُ مِن سُوٓءٍ ۚ

بَلَىٰٓ إِنَّ ٱللَّهَ عَلِيمٌۢ بِمَا كُنتُمْ تَعْمَلُونَ ۝

16:29– "തങ്ങളുടെ ആത്മാക്കളോട് തെറ്റു ചെയ്തു കൊണ്ടിരിക്കുന്നവരുടെ ജീവൻ മലക്കുകൾ എടുക്കുമ്പോൾ അവർ അനുസരണമർപ്പിക്കും. ഞങ്ങൾ ഒരു തിന്മയും ചെയ്തിരുന്നില്ല എന്ന് അവർ പറയുകയും ചെയ്യും. (അവരോട് പറയപ്പെടും): അല്ലാഹു നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെക്കുറിച്ച് തീർച്ചയായും അറിയുന്നവനാകുന്നു. അതിനാൽ നരകകവാടങ്ങളിലൂടെ നിങ്ങൾ കടന്നു ചെല്ലുവിൻ. അവരവിടെ നിത്യമായി വസിക്കുന്നതാണ്. അഹംഭാവികളുടെ വാസ്ഥലം ചീത്തതന്നെയാകുന്നു."

ദുരാത്മാക്കൾക്ക് മരണത്തോടു കൂടി ആരംഭിക്കുന്ന ശിക്ഷ മരണാനന്തര ജീവിതത്തിലും തുടർന്നു കൊണ്ടിരിക്കുന്നതാണെന്നതിനു വിശുദ്ധ ഖുർആനിൽ തന്നെ തെളിവുകൾ ഉണ്ട്. മൂസാനബി(അ)നെ ധിക്കരിച്ച്കൊണ്ട് ദൈവ കല്പനകളെ തമാശയാക്കിയെടുത്ത ഫിർഔനെക്കുറിച്ച് പറഞ്ഞ വാക്യങ്ങളിൽ നിന്നും ഈ യാഥാർത്ഥ്യം മനസ്സിലക്കാവുന്നതാണ്.

فَوَقَىٰهُ ٱللَّهُ سَيِّـَٔاتِ مَا مَكَرُوا۟ ۖ وَحَاقَ بِـَٔالِ فِرْعَوْنَ سُوٓءُ ٱلْعَذَابِ ۝ ٱلنَّارُ يُعْرَضُونَ

عَلَيْهَا غُدُوًّا وَعَشِيًّا ۚ وَيَوْمَ تَقُومُ ٱلسَّاعَةُ أَدْخِلُوٓا۟ ءَالَ فِرْعَوْنَ أَشَدَّ ٱلْعَذَابِ ۝

40:46–47 "....ഫിർഔന്റെ ആൾക്കാരെ കഠിനമായ ശിക്ഷ വലയം ചെയ്തു. നരകം. രാവിലെയും വൈകുന്നേരവും അത് അവർക്കു മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്. ഉയർത്തെഴുനേൽപ്പുനാൾ (പറയപ്പെടും): ഏറ്റവും കഠിനമായ ശിക്ഷയിലേക്ക് ഫിർഔന്റെ ആൾക്കാരെ കടത്തി വിടുവിൻ."

ഇവിടെ പറഞ്ഞ ഉയർത്തെഴുനേൽപ്പു ദിനത്തിനു മുമ്പുള്ള രാവിലെയും വൈകുന്നേരവും മരണാനന്തരാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. അവർ മരിച്ചതിനു ശേഷം അവർക്ക് ഈ ലോകത്തുള്ള രാവിലെയും വൈകുന്നേരവും ഇല്ലല്ലോ.

പരിശുദ്ധാത്മാക്കൾക്ക് ഈ ലോകത്തുള്ള ജീവിതത്തിൽ വെച്ചുതന്നെ സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത ലഭിക്കുന്നുണ്ട്. അവർക്ക് അവരുടെ മരണം വരെ കാത്തുനിൽക്കേണ്ട ആവശ്യമില്ല.

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَـٰمُواْ تَتَنَزَّلُ عَلَيْهِمُ ٱلْمَلَـٰٓئِكَةُ أَلَّا تَخَافُواْ وَلَا تَحْزَنُواْ

وَأَبْشِرُواْ بِٱلْجَنَّةِ ٱلَّتِى كُنتُمْ تُوعَدُونَ ﴿٣٠﴾ نَحْنُ أَوْلِيَآؤُكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْـَٔاخِرَةِ ۖ

وَلَكُمْ فِيهَا مَا تَشْتَهِىٓ أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ ﴿٣١﴾

41:31–32 "ഞങ്ങളുടെ രക്ഷിതാവ് അല്ലാഹു ആണ് എന്ന് പറയുകയും എന്നിട്ടതിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിച്ചെല്ലുന്നതാണ്, നിങ്ങൾ ഭയപ്പെടുകയോ ദു:ഖിക്കുകയോ വേണ്ടാ, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത കേട്ടുകൊള്ളുവിൻ എന്നു പറഞ്ഞു കൊണ്ട്."
"ഞങ്ങൾ ഈലോകജീവിതത്തിലും പരലോകത്തിലും നിങ്ങളുടെ സ്നേഹിതന്മാരാണ്. നിങ്ങൾ ആഗ്രഹിക്കുന്നതെന്തും അവിടെ നിങ്ങൾക്ക് ലഭിക്കുന്നതാണ്. നിങ്ങൾ ചോദിക്കുന്നതെന്തും അവിടെ നിങ്ങൾക്ക് ലഭിക്കുന്നതാണ്."

ലൗകീക ജീവിതത്തിൽ ലഭിച്ചുകൊണ്ടിരുന്ന സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത മരണ സമയത്തും തുടർന്നു ലഭിക്കുന്നതാണ്.

ٱلَّذِينَ تَتَوَفَّىٰهُمُ ٱلْمَلَـٰٓئِكَةُ طَيِّبِينَ ۙ يَقُولُونَ سَلَـٰمٌ عَلَيْكُمُ ٱدْخُلُواْ ٱلْجَنَّةَ بِمَا كُنتُمْ تَعْمَلُونَ ﴿٣٢﴾

16:33–"മലക്കുകൾ പരിശുദ്ധരായിരിക്കുന്നവരുടെ ജീവൻ എടുക്കുമ്പോൾ അവരോട് പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിന്റെ ഫലമായി സ്വർഗ്ഗത്തിർ പ്രവേശിച്ചു കൊള്ളുവിൻ."

ഈ ജീവിതത്തിൽ വെച്ച് പരിശുദ്ധന്മാർക്ക് സ്വർഗ്ഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത ലഭിക്കുന്നതോടെ അവരുടെ ദു:ഖവും വ്യസനവും വേവലാതികളും ഇല്ലാതായിത്തീരുകയും അവരുടെ മനസ്സ് സന്തോഷം കൊണ്ട് ആഹ്ലാദഭരിതമായിത്തീരുകയും ചെയ്യുന്നതാണ്. മനുഷ്യന്റെ എല്ലാ ദു:ഖങ്ങളിൽ നിന്നുമുള്ള മോചനം ഇവിടെ നിന്നാണ് ആരംഭിക്കുന്നത്. ഈ അവസ്ഥാവിശേഷം മരണം വരെയും മരണ ശേഷവും തുടർന്നു കൊണ്ടിരിക്കുന്നതാണ്. പരിശുദ്ധാത്മാക്കൾ അവരുടെ മരണ ശേഷവും

ആഹ്ലാദഭരിതരായി കഴിഞ്ഞു കൂടുന്നവരാണെന്നതിന് ദൈവമാർഗ്ഗത്തിൽ മൃതിയടഞ്ഞവരെക്കുറിച്ചും കൊല്ലപ്പെട്ടവരെക്കുറിച്ചും അല്ലാഹു നമ്മെ അറിയിച്ച വാക്യങ്ങൾ തെളിവുകളാകുന്നു:

وَلَا تَقُولُواْ لِمَن يُقْتَلُ فِي سَبِيلِ ٱللَّهِ أَمْوَٰتٌۚ بَلْ أَحْيَآءٌ وَلَٰكِن لَّا تَشْعُرُونَ ۝

2:155– "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെക്കുറിച്ച് മൃതിയടഞ്ഞു പോയവർ എന്ന് നിങ്ങൾ പറയരുത്. അവർ ജീവിച്ചിരിക്കുന്നവരാകുന്നു. പക്ഷെ നിങ്ങൾ അത് അറിയുന്നില്ല."

وَلَا تَحْسَبَنَّ ٱلَّذِينَ قُتِلُواْ فِي سَبِيلِ ٱللَّهِ أَمْوَٰتًاۚ بَلْ أَحْيَآءٌ عِندَ رَبِّهِمْ يُرْزَقُونَ ۝ فَرِحِينَ بِمَآ ءَاتَىٰهُمُ ٱللَّهُ

مِن فَضْلِهِۦ وَيَسْتَبْشِرُونَ بِٱلَّذِينَ لَمْ يَلْحَقُواْ بِهِم مِّنْ خَلْفِهِمْ أَلَّا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ۝

3:170–171 "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചവരായി നീ വിചാരിക്കരുത്. അവർ ജീവിച്ചിരിക്കുന്നവരാകുന്നു. അവരുടെ നാഥനിൽ നിന്ന് അവർക്ക് വിഭവങ്ങൾ നൽകപ്പെടുന്നു. അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് നൽകിയതിൽ അവർ ആഹ്ലാദിക്കുന്നു. അവരുടെ പിന്നാലെ തങ്ങളോടൊപ്പം ഇതുവരെയും വന്നുചേർന്നിട്ടില്ലാത്തവരെക്കുറിച്ച് അവർക്ക് ഭയപ്പെടേണ്ടതില്ല, അവർക്ക് ദു:ഖിക്കേണ്ടതുമില്ല എന്നതിലും അവർ സന്തോഷം കൊള്ളുന്നു."

وَٱلَّذِينَ هَاجَرُواْ فِي سَبِيلِ ٱللَّهِ ثُمَّ قُتِلُوٓاْ أَوْ مَاتُواْ لَيَرْزُقَنَّهُمُ ٱللَّهُ رِزْقًا حَسَنًاۚ وَإِنَّ ٱللَّهَ لَهُوَ خَيْرُ ٱلرَّٰزِقِينَ ۝

22:59– "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വദേശം വെടിഞ്ഞവർ, പിന്നീട് കൊല്ലപ്പെടുകയോ, മരണപ്പെടുകയോ ചെയ്താൽ അല്ലാഹു തീർച്ചയായും അവർക്ക് നല്ലതായ വിഭവങ്ങൾ നൽകുന്നതാണ്. നിശ്ചയമായും അല്ലാഹു തന്നെയാണ് ഉപജീവന വിഭവങ്ങൾ നൽകുന്നവരിൽ അത്യുത്തമൻ.

മേൽ വാക്യത്തിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ കൂടാതെ മരണപ്പെട്ടവരെക്കുറിച്ചും ഒന്നു തന്നെയാണ് പറഞ്ഞിരിക്കുന്നത്. അവരും ജീവിച്ചിരിക്കുന്നവരും ആഹാരം നൽകപ്പെടുന്നവരുമാണ്.

മുകളിൽ ഉദ്ധരിച്ച വചനങ്ങളിൽ നിന്നും ദൈവമാർഗ്ഗത്തിൽ മരണം വരിക്കുന്ന ആത്മാക്കൾ ആഹ്ലാദഭരിതരും സന്തോഷവാന്മാരും ആയിരിക്കുമെന്നും അല്ലാഹുവിൽ നിന്ന് അവർക്ക് ഭക്ഷണം നൽകപ്പെടുന്നുവെന്നും മനസ്സിലാകുന്നു. ഇവിടെ പറയപ്പെടുന്ന ഭക്ഷണം നാം ഈ ലോകത്ത് വെച്ചു കഴിക്കുന്ന ആഹാര സാധനങ്ങളല്ല. അത് എന്താണെന്ന് നാം അനുഭവിച്ച് തന്നെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധരായി മരിക്കുന്നവരായിത്തീരുവാൻ അല്ലാഹു നമ്മെയെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

****

37 ഉയിർത്തെഴുന്നേൽപ്പുനാൾ

ലൗകിക ജീവിതത്തിന്റെ ഉദ്ദേശസാഫല്യത്തിനായിട്ടാണ് ഉയിർത്തെഴുന്നേൽപ്പുനാൾ വെച്ചിരിക്കുന്നത്. ദൈവത്തെ അറിയുവാനും അവനെ കണ്ടെത്തി അവന്റെ തൃപ്തി കരസ്ഥമാക്കുന്ന രീതിയിൽ സൽകർമ്മങ്ങൾ ചെയ്തു കൊണ്ട് ഈ ജീവിതത്തിൽ വെച്ചു തന്നെ ആത്മാവിന്റെ സമാധാനവും സന്തോഷവും നേടിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെയുമാണ് ജീവിതം ഒരു പാരിതോഷകമെന്ന നിലയിൽ ദൈവം തന്നിരിക്കുന്നത്. എന്നാൽ ബുദ്ധി ഉപയോഗിക്കാതെ വികാരത്തിന് അടിമപ്പെട്ട് കഴിയുന്നവർ ഈ ലോകത്ത് ശാശ്വതമായി ജീവിക്കുവാൻ പോവുകയാണ് എന്ന് തോന്നുമാറ്, ജനങ്ങളുടെ മുമ്പിൽ വലിയവർ ആകുന്നതിനുവേണ്ടിയും താൽക്കാലികമായിമാത്രം നിലനിൽക്കുന്ന ജനപ്രീതി നേടിയെടുക്കുന്നതിനുവേണ്ടിയും ദൈവം തന്ന സമ്മാനത്തെ ദുരുപയോഗപ്പെടുത്തുകയും അനാവശ്യവും വ്യാജ സംതൃപ്തി നൽകുന്നതുമായ കാര്യങ്ങൾക്കുവേണ്ടി ഈ ജീവിതത്തെ പാഴാക്കുകയും ചെയ്യുന്നു. എന്നാൽ യഥാർത്ഥ ബുദ്ധിമാന്മാർ ഈ ജീവിതത്തിന്റെ ഉദ്ദേശ്യം കണ്ടെത്തി അതിനെ ശരിക്കും വിനിയോഗിക്കുന്നവരാകുന്നു. ദൈവ പ്രീതിക്കു വേണ്ടി അവർ ചെയ്ത സൽകർമ്മങ്ങളിലൂടെ പ്രതിഫലം അനുഭവിച്ചറിയുവാനും, അതുപോലെ കുറ്റവാളികൾ ചെയ്ത ക്രൂരതകൾക്കുള്ള ശിക്ഷ ആസ്വദിച്ചറിയുവനും ആരോടും യാതൊരു അനീതിയും കാണിക്കാതെ ഓരോരുത്തരും ചെയ്ത നന്മതിന്മകളുടെ തോതനുസരിച്ച് അവർക്ക് പ്രതിഫലം നൽകുവാനും ഉയിർത്തെഴുന്നേൽപ്പുനാൾ വെച്ചിരിക്കുകയാണ്. ദൈവത്തെ നിഷേധിക്കുന്നവർക്ക്, നിഷേധിക്കുവാൻ സാധിക്കാത്ത ഒരു പരമാർത്ഥമാണ് ദൈവമെന്ന് വെളിപ്പെടുത്തി കൊടുക്കുവാനും അവന്റെ അപരാജ്ജനത്താൽ ദൈവം വിധി ദിവസമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. വളരെ ഭയാനകമായ ഒരു ദിവസമാണെങ്കിലും ആ ദിനം സൽക്കർമ്മികൾ ആഹ്ലാദഭരിതരും കുറ്റവാളികൾ ശോകമൂകരുമായതിനാൽ മുഖം കറുത്തിരുണ്ടു പോയവരും ആയിത്തീരുന്നതാണ്. സൃഷ്ടിക്കാൻ കഴിവുള്ള ദൈവത്തിന് തന്റെ സൃഷ്ടികളെ സംഹരിക്കുവാനും വീണ്ടും സൃഷ്ടിക്കുവാനും കഴിവുണ്ടെന്ന് ഉയിർത്തെഴുന്നേൽപ്പു നാൾ തെളിയിച്ച് കാണിക്കുന്നു.

ഉയിർത്തെഴുന്നേൽപ്പു നാളിന്റെ ഉദ്ദേശ്യമായി അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുകയാണ്:

لِيَجْزِيَ ٱللَّهُ كُلَّ نَفْسٍ مَّا كَسَبَتْ ۚ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ۝

14:52– “ഓരോ ആൾക്കും അയാൾ സമ്പാദിച്ചതനുസരിച്ച് അല്ലാഹു പ്ര

തിഫലം നൽകുന്നതിനു വേണ്ടിയാണ് (ഉയിർത്തെഴുന്നേൽപ്പുനാൾ). തീർച്ചയായും അല്ലാഹു അതിവേഗത്തിൽ കണക്കു നോക്കുന്നവനാകുന്നു.

ٱلْيَوْمَ تُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ ۚ لَا ظُلْمَ ٱلْيَوْمَ ۚ إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ۝

40:18– "ആ ദിനം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചതിന് പ്രതിഫലം നൽകപ്പെടും. ആ ദിനത്തിൽ (യാതൊരുവിധ) അനീതിയുമില്ല. തീർച്ചയായും അല്ലാഹു അതിവോഗം കണക്കെടുക്കുന്നവനാകുന്നു.

വിശുദ്ധ ഖുർആൻ ഒരു കാര്യവും തന്നെ തെളിവില്ലാതെ വിശ്വസിക്കുവാൻ ആവശ്യപ്പെടുന്നില്ല. അത് മുന്നോട്ട് വെക്കുന്ന എല്ലാ സിദ്ധാന്തങ്ങൾക്കും പ്രകൃതിയിൽ നിന്നും ഉദാഹരണങ്ങൾ എടുത്തു കാണിക്കുന്നു. അതുപോലെ ഉയിർത്തെഴുന്നേൽപ്പു നാൾ സുനിശ്ചിതമാണെന്നതിന് പ്രകൃതിയിൽ നിന്നും ധാരാളം ഉദാഹരണങ്ങൾ വിശുദ്ധ ഖുർആൻ എടുത്തു കാണിക്കുന്നുണ്ട്. അവയിൽ ചിലത് താഴെ വിവരിക്കുന്നവയാണ്.

يَـٰٓأَيُّهَا ٱلنَّاسُ إِن كُنتُمْ فِى رَيْبٍ مِّنَ ٱلْبَعْثِ فَإِنَّا خَلَقْنَـٰكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ مِن مُّضْغَةٍ مُّخَلَّقَةٍ وَغَيْرِ مُخَلَّقَةٍ لِّنُبَيِّنَ لَكُمْ ۚ وَنُقِرُّ فِى ٱلْأَرْحَامِ مَا نَشَآءُ إِلَىٰٓ أَجَلٍ مُّسَمًّى ثُمَّ نُخْرِجُكُمْ طِفْلًا ثُمَّ لِتَبْلُغُوٓا۟ أَشُدَّكُمْ ۖ وَمِنكُم مَّن يُتَوَفَّىٰ وَمِنكُم مَّن يُرَدُّ إِلَىٰٓ أَرْذَلِ ٱلْعُمُرِ لِكَيْلَا يَعْلَمَ مِنۢ بَعْدِ عِلْمٍ شَيْـًٔا ۚ وَتَرَى ٱلْأَرْضَ هَامِدَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ وَأَنۢبَتَتْ مِن كُلِّ زَوْجٍۭ بَهِيجٍ ۝ ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّهُۥ يُحْىِ ٱلْمَوْتَىٰ وَأَنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝ وَأَنَّ ٱلسَّاعَةَ ءَاتِيَةٌ لَّا رَيْبَ فِيهَا وَأَنَّ ٱللَّهَ يَبْعَثُ مَن فِى ٱلْقُبُورِ ۝

22:07–08 "അല്ലയോ മനഷ്യരേ, ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് നിങ്ങൾ സംശയത്തിലാണെങ്കിൽ (നിങ്ങൾ ചിന്തിച്ചു നോക്കുക!). തീർച്ചയായും നിങ്ങളെ നാം മണ്ണിൽ നിന്നും, പിന്നീട് രേതസ്ക്കണത്തിൽ നിന്നും, പിന്നീട് (ഗർഭപാത്രത്തിൽ) ഒട്ടിപ്പിടിക്കുന്നതായും, പിന്നീട് പൂർണ്ണവും അപൂർണ്ണവുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചു കൊണ്ടുവന്നു. നിങ്ങൾക്കു നാം (നമ്മുടെ ശക്തിയെ) വ്യക്തമാക്കിത്തരുന്നതിനു വേണ്ടി. നാം ഉദ്ദേശിക്കുന്ന ഒരു നിശ്ചിതാവധിവരെ ഗർഭാശയത്തിൽ താമസിപ്പിക്കുകയും, പിന്നീട് ശിശുക്കളായി നാം നിങ്ങളെ പുറത്തു കൊണ്ടു വരികയും ചെയ്യുന്നു, പിന്നീട് പൂർണ്ണ വളർച്ച പ്രാപിക്കുന്നതിനുവേണ്ടി. നിങ്ങളിൽ ചിലർ (വേഗം) മരണപ്പെടുന്നു. ചിലർ അറിവുണ്ടായിരുന്നതിനു ശേഷം ഒന്നും തന്നെ അറിയാതിരിക്കുന്ന ഏറ്റവും

അവശമായ പ്രായത്തിലേക്ക് കൊണ്ടുവരപ്പെടുന്നു. ഭൂമി ഉണങ്ങി വരണ്ട നിലയിൽ നീ കാണുന്നു. എന്നിട്ട് അതിന്മേൽ നാം ജലം ചൊരിയുമ്പോൾ അത് ഇളകുകയും വികസിക്കുകയും മനോഹരമായ പലവിധത്തിലുള്ള ചെടികളെ അത് മുളപ്പിക്കുകയും ചെയ്യുന്നു. അത് അല്ലാഹു തന്നെയാണ് സത്യസ്വരൂപൻ എന്നതുകൊണ്ടാകുന്നു. തീർച്ചയായും അവൻ തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു.

أَوَلَمْ يَرَوْا۟ كَيْفَ يُبْدِئُ ٱللَّهُ ٱلْخَلْقَ ثُمَّ يُعِيدُهُۥٓ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ۝ قُلْ سِيرُوا۟ فِى ٱلْأَرْضِ

فَٱنظُرُوا۟ كَيْفَ بَدَأَ ٱلْخَلْقَ ۚ ثُمَّ ٱللَّهُ يُنشِئُ ٱلنَّشْأَةَ ٱلْـَٔاخِرَةَ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝

29:20–21 – “അല്ലാഹു സൃഷ്ടികർമം ആരംഭിക്കുകയും പിന്നീട്, അവൻ അത് ആവർത്തിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന് അവർ കാണുന്നില്ലേ? തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാണ്. പറയുക, ‘നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ച് അല്ലാഹു സൃഷ്ടികർമം എങ്ങനെ ആരംഭിച്ചുവെന്ന് നോക്കുക. ശേഷം അല്ലാഹു വേറൊരു സൃഷ്ടിപ്പ് നടത്തുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു.”

يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَيُحْىِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ وَكَذَٰلِكَ تُخْرَجُونَ ۝

30:20– “അവൻ നിർജീവ വസ്തുക്കളിൽ നിന്ന് ജീവനുള്ള വസ്തുക്കളേയും ജീവനുള്ള വസ്തുക്കളിൽ നിന്ന് നിർജീവ വസ്തുക്കളേയും പുറത്തേക്ക് കൊണ്ടു വരുന്നു. ഭൂമി നിർജീവമായതിനു ശേഷം അതിനെ അവൻ പുനർജീവിപ്പിക്കുകയും ചെയ്യുന്നു. ഇതേപ്രകാരം നിങ്ങളേയും (പുനർജീവിപ്പിച്ച്) പുറത്തേക്ക് കൊണ്ടു വരുന്നതാണ്.”

ٱللَّهُ ٱلَّذِى يُرْسِلُ ٱلرِّيَٰحَ فَتُثِيرُ سَحَابًا فَيَبْسُطُهُۥ فِى ٱلسَّمَآءِ كَيْفَ يَشَآءُ وَيَجْعَلُهُۥ كِسَفًا فَتَرَى

ٱلْوَدْقَ يَخْرُجُ مِنْ خِلَٰلِهِۦ ۖ فَإِذَآ أَصَابَ بِهِۦ مَن يَشَآءُ مِنْ عِبَادِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ۝

وَإِن كَانُوا۟ مِن قَبْلِ أَن يُنَزَّلَ عَلَيْهِم مِّن قَبْلِهِۦ لَمُبْلِسِينَ ۝

30:49– “അല്ലാഹുവാണ് കാറ്റുകളെ അയക്കുന്നവൻ. അങ്ങനെ അവ മേഘത്തെ ഇളക്കിവിടുന്നു. അവൻ ഉദ്ദേശിക്കുന്ന വിധം ആകാശത്തിൽ അതിനെ പരത്തുകയും അതിനെ അവൻ പല കഷണങ്ങളാക്കുകയും ചെയ്യുന്നതു നീ കാണുന്നു. അപ്പോൾ അതിനിടയിൽനിന്ന് മഴ പുറത്തുവരുന്നതു നീ കാണുന്നു. എന്നിട്ട് തന്റെ ദാസന്മാരിൽ താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആ മഴ എത്തിച്ചുകൊടുക്കുമ്പോൾ അവരതാ സന്തോഷ

ഭരിതരായിത്തീരുന്നു. അതിനു മുമ്പ്, അത് അവരുടെ മേൽ വർഷിക്കുന്നതു വരെയും അവർ നിരാശരായിരുന്നു. അതു കൊണ്ട് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഫലങ്ങൾ നീ നോക്കുക. എങ്ങനെ ഭൂമിയെ അതിന്റെ മരണശേഷം അവൻ ജീവിപ്പിക്കുന്നുവെന്ന്! തീർച്ചയായും അതുപോലെ അവൻ മരിച്ചവരേയും ജീവിപ്പിക്കുന്നതാണ്. അവൻ എല്ലാകാര്യത്തിനും കഴിവുള്ളവനാകുന്നു.

ٱلَّذِى جَعَلَ لَكُم مِّنَ ٱلشَّجَرِ ٱلْأَخْضَرِ نَارًا فَإِذَآ أَنتُم مِّنْهُ تُوقِدُونَ ﴿٨٠﴾ أَوَلَيْسَ ٱلَّذِى
خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِقَٰدِرٍ عَلَىٰٓ أَن يَخْلُقَ مِثْلَهُم ۚ بَلَىٰ وَهُوَ ٱلْخَلَّٰقُ ٱلْعَلِيمُ ﴿٨١﴾

36:81–82 "പച്ചമരത്തിൽനിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിത്തന്നവനാകുന്നു അവൻ. അപ്പോൾ നിങ്ങൾ അതിൽനിന്ന് തീ കത്തിക്കുന്നു. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ (ഇനിയും) സൃഷ്ടിക്കുവാൻ കഴിവുള്ളവനല്ലേ? അതേ അവനാകുന്നു കിടയറ്റ സൃഷ്ടികർത്താവും എല്ലാം അറിയുന്നവനും.

وَمِنْ ءَايَٰتِهِۦٓ أَنَّكَ تَرَى ٱلْأَرْضَ خَٰشِعَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ ۚ إِنَّ
ٱلَّذِىٓ أَحْيَاهَا لَمُحْىِ ٱلْمَوْتَىٰٓ ۚ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٩﴾

41:40– "ഭൂമി ഉണങ്ങി വരണ്ടതായി നീ കാണുന്നുവെന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. എന്നിട്ട് അതിൽ നാം മഴ വർഷിച്ചാൽ അതിന് ചലനമുണ്ടാവുകയും അത് വളരുകയും ചെയ്യുന്നു. അതിന് ജീവൻ നൽകിയവൻ മരിച്ചവരെ ജീവിപ്പിക്കുന്നവനാകുന്നു. തീർച്ചയായും അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَلَمْ يَعْىَ بِخَلْقِهِنَّ
بِقَٰدِرٍ عَلَىٰٓ أَن يُحْۦِىَ ٱلْمَوْتَىٰ ۚ بَلَىٰٓ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٣﴾

46:34– "ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിക്കുകയും അവയെ സൃഷ്ടിച്ചതു കാരണം ക്ഷീണിക്കാതിരിക്കുകയും ചെയ്തവനായ അല്ലാഹു മരിച്ചവരെ ജീവിപ്പിക്കുവാൻ ശക്തിയുള്ളവനാണെന്ന് അവർ കാണുന്നില്ലേ? അതേ, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

أَمْ حَسِبَ ٱلَّذِينَ ٱجْتَرَحُوا۟ ٱلسَّيِّـَٔاتِ أَن نَّجْعَلَهُمْ كَٱلَّذِينَ ءَامَنُوا۟

وَعَمِلُواْ ٱلصَّٰلِحَٰتِ سَوَآءً مَّحۡيَاهُمۡ وَمَمَاتُهُمۡۚ سَآءَ مَا يَحۡكُمُونَ ۝

45:22– "അല്ലെങ്കിൽ തിന്മകൾ സമ്പാദിച്ചു കൂട്ടുന്നവർ വിചാരിക്കുന്നുവോ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ പോലെ അവരെയും നാം ആക്കിക്കൊള്ളുമെന്ന്? അവരുടെ ജീവിതവും മരണവും സമമായിക്കൊള്ളുമെന്ന്? അവർ വിധികൽപ്പിക്കുന്നത് വളരെ മോശമായതു തന്നെ.

أَيَحۡسَبُ ٱلۡإِنسَٰنُ أَن يُتۡرَكَ سُدًى ۝ أَلَمۡ يَكُ نُطۡفَةٗ مِّن مَّنِيّٖ يُمۡنَىٰ ۝ ثُمَّ كَانَ عَلَقَةٗ فَخَلَقَ فَسَوَّىٰ ۝

فَجَعَلَ مِنۡهُ ٱلزَّوۡجَيۡنِ ٱلذَّكَرَ وَٱلۡأُنثَىٰٓ ۝ أَلَيۡسَ ذَٰلِكَ بِقَٰدِرٍ عَلَىٰٓ أَن يُحۡۦِۧيَ ٱلۡمَوۡتَىٰ ۝

75:37–41 " മനുഷ്യൻ വിചാരിക്കുന്നുവോ അവനെ വെറുതെയങ്ങ് വിട്ടേക്കുമെന്ന്? സ്രവിക്കപ്പെട്ട രേതസ്സിൽ നിന്നുമുള്ള ഒരു കണികയായിരുന്നില്ലേ അവൻ? പിന്നീട് അവൻ (ഗർഭപാത്രത്തിൽ) ഒട്ടിപ്പിടിക്കുന്നതായി. അങ്ങനെ അവനെ സൃഷ്ടിക്കുകയും പൂർണ്ണമാക്കുകയും ചെയ്തു. അതിൽ നിന്ന് ആണും പെണ്ണുമാകുന്ന ഇണകൾ രണ്ടിനേയും അവൻ ഉണ്ടാക്കി. അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കുവാൻ കഴിവുള്ളവനല്ലേ?"

ഉയിർത്തെഴുന്നേൽപ്പു നാൾ ദൈവത്തിന്റെ വാഗ്ദാനമാണെന്നും അതിന് യാതൊരു വിധത്തിലും ഭംഗം വരികയില്ലെന്നും ദൈവം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിരിക്കുകയാണ്.

رَبَّنَآ إِنَّكَ جَامِعُ ٱلنَّاسِ لِيَوۡمٖ لَّا رَيۡبَ فِيهِۚ إِنَّ ٱللَّهَ لَا يُخۡلِفُ ٱلۡمِيعَادَ ۝

3:10– "ഞങ്ങളുടെ രക്ഷിതാവേ, നിശ്ചയമായും മനുഷ്യരെ ഒരു ദിനം ഒരുമിച്ച് ചേർക്കുന്നവനാണ് നീ. അതിൽ യാതൊരു സംശയവുമില്ല. തീർച്ചയായും അല്ലാഹു വാഗ്ദാനം ലംഘിക്കുന്നതല്ല."

ٱللَّهُ لَآ إِلَٰهَ إِلَّا هُوَۚ لَيَجۡمَعَنَّكُمۡ إِلَىٰ يَوۡمِ ٱلۡقِيَٰمَةِ لَا رَيۡبَ فِيهِۗ وَمَنۡ أَصۡدَقُ مِنَ ٱللَّهِ حَدِيثٗا ۝

4:88– "അല്ലാഹു അവനല്ലാതെ ദൈവമില്ല. ഉയിർത്തെഴുന്നേൽപ്പുനാളിലേക്ക് തീർച്ചയായും അവൻ നിങ്ങളെ ഒരുമിച്ച് ചേർക്കും. അതിൽ സംശയമേ ഇല്ല. വിവരം നൽകുന്നവരിൽ അല്ലാഹുവിനേക്കാൾ സത്യസന്ധനായി ആരുണ്ട്?"

وَأَقۡسَمُواْ بِٱللَّهِ جَهۡدَ أَيۡمَٰنِهِمۡ لَا يَبۡعَثُ ٱللَّهُ مَن يَمُوتُۚ

بَلَىٰ وَعۡدًا عَلَيۡهِ حَقّٗا وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ۝

16:39– "മരണപ്പെടുന്നവരെ അല്ലാഹു ഉയിർത്തെഴുന്നേൽപ്പിക്കുകയില്ല എന്ന് തങ്ങളുടെ ദൃഢമായ പ്രതിജ്ഞകളോടെ അവർ അല്ലാഹുവിനെ ക്കൊണ്ട് സത്യം ചെയ്തു പറയുന്നു. അങ്ങനെയല്ല, അത് അവനിൽ നി ന്നുള്ള സത്യമായൊരു വാഗ്ദാനമാകുന്നു. പക്ഷെ മനുഷ്യരിൽ അധിക പേരും മനസ്സിലാക്കുന്നില്ല."

وَقَالُوٓاْ أَءِذَا كُنَّا عِظَٰمًا وَرُفَٰتًا أَءِنَّا لَمَبۡعُوثُونَ خَلۡقًا جَدِيدًا ۝ قُلۡ كُونُواْ حِجَارَةً أَوۡ حَدِيدًا ۝
أَوۡ خَلۡقٗا مِّمَّا يَكۡبُرُ فِي صُدُورِكُمۡۚ فَسَيَقُولُونَ مَن يُعِيدُنَاۖ قُلِ ٱلَّذِي فَطَرَكُمۡ أَوَّلَ مَرَّةٖۚ

17:50– "അവർ പറയുന്നു: നാം അസ്ഥികളും ജീർണമായ അവശിഷ്ട ങ്ങളും ആയിക്കഴിയുമ്പോൾ ഒരു പുതിയ സൃഷ്ടിയായി നാം ഉയിർത്തെ ഴുന്നേല്പ്പിക്കപ്പെടുമെന്നോ?" "പറയുക: നിങ്ങൾ കല്ലോ ഇരുമ്പോ ആ യിക്കൊള്ളുക. അല്ലെങ്കിൽ നിങ്ങളുടെ മനസ്സിൽ വലുതായി തോന്നുന്ന മറ്റു സൃഷ്ടിയോ ആയിക്കൊള്ളുക. അപ്പോൾ അവർ പറയുമായിരിക്കും ഞങ്ങളെ ആരാണ് (പുനർജീവിതത്തിലേക്ക്) തിരിച്ചു കൊണ്ടുവരിക? പറയുക: ആദ്യ തവണ നിങ്ങളെ സൃഷ്ടിച്ചവൻ തന്നെ....."

أَوَلَمۡ يَرَ ٱلۡإِنسَٰنُ أَنَّا خَلَقۡنَٰهُ مِن نُّطۡفَةٖ فَإِذَا هُوَ خَصِيمٞ مُّبِينٞ ۝ وَضَرَبَ لَنَا مَثَلٗا وَنَسِيَ خَلۡقَهُۥۖ
قَالَ مَن يُحۡيِ ٱلۡعِظَٰمَ وَهِيَ رَمِيمٞ ۝ قُلۡ يُحۡيِيهَا ٱلَّذِيٓ أَنشَأَهَآ أَوَّلَ مَرَّةٖۖ وَهُوَ بِكُلِّ خَلۡقٍ عَلِيمٌ ۝

36:78–80 "മനുഷ്യൻ കണ്ടില്ലേ, നാം അവനെ ഒരു രേതസ്ക്കണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നുവെന്ന്? എന്നാലിപ്പോൾ നോക്കുക, അവൻ വ്യക്തമായ പ്രതിയോഗിയായി മാറിയിരിക്കുന്നു. അവൻ നമ്മുക്കെതിരാ യി ഉപമകൾ കൊണ്ടുവരുന്നു. അവൻ സൃഷ്ടിയാണന്ന കാര്യം വിസ്മ രിക്കുകയും ചെയ്യുന്നു. അവൻ പറയുന്നു: അസ്ഥികൾ ദ്രവിച്ചു കഴിഞ്ഞ ശേഷം ആരാണ് അവയെ ജീവിപ്പിക്കുക? പറയുക: ആദ്യ തവണ അവ യെ സൃഷ്ടിച്ചവൻ തന്നെ വീണ്ടും ജീവിപ്പിക്കുന്നതാണ്. അവൻ എല്ലാ തരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുറ്റവനാകുന്നു.

ഈ ഭൂമിയിൽ തന്നെയാണ് ഉയിർത്തെഴുന്നേൽക്കുക എന്നത് വിശുദ്ധ ഖുർആനിലുള്ള ആശ്ചര്യകരമായൊരു പ്രസ്താവനയാകുന്നു. പക്ഷെ ആ സമയം ഈ ഭൂമിയെ ഇന്നു കാണുന്നതിൽ നിന്നും വ്യത്യസ്ഥമായൊരു ഭൂമിയാക്കി ദൈവം മാറ്റുന്നതാണെന്നും പറഞ്ഞിരിക്കുന്നു.

قَالَ فِيهَا تَحۡيَوۡنَ وَفِيهَا تَمُوتُونَ وَمِنۡهَا تُخۡرَجُونَ ۝

7:26– ".....(ഈ ഭൂമിയിൽ) നിങ്ങൾ ജീവിക്കുകയും അതിൽ നിങ്ങൾ മരിക്കുകയും അതിൽ നിന്നും നിങ്ങളെ പുറപ്പെടുവിക്കുകയും ചെയ്യും."

يَوْمَ تُبَدَّلُ ٱلْأَرْضُ غَيْرَ ٱلْأَرْضِ وَٱلسَّمَٰوَٰتُ ۖ وَبَرَزُوا۟ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴿٤٨﴾

14:49– "മറ്റൊരു ഭൂമിയായി ഈ ഭൂമിയും അതുപോലെ ആകാശങ്ങളും മാറ്റപ്പെടുന്ന ദിവസം. ഏകനും സർവാധിപനുമായ അല്ലാഹുവിലേക്ക് അവർ പുറപ്പെട്ടു വരികയും ചെയ്യും."

مِنْهَا خَلَقْنَٰكُمْ وَفِيهَا نُعِيدُكُمْ وَمِنْهَا نُخْرِجُكُمْ تَارَةً أُخْرَىٰ ﴿٥٥﴾

20:56– "(ഭൂമിയിൽ) നിന്ന് നിങ്ങളെ നാം സൃഷ്ടിച്ചു. അതിലേക്കു ത ന്നെ നിങ്ങളെ നാം മടക്കിക്കൊണ്ടുവരികയും അതിൽ നിന്നു തന്നെ നി ങ്ങളെ നാം രണ്ടാമതൊരു തവണ പുറത്തു കൊണ്ടു വരികയും ചെയ്യും.

وَٱللَّهُ أَنۢبَتَكُم مِّنَ ٱلْأَرْضِ نَبَاتًا ﴿١٧﴾ ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ إِخْرَاجًا ﴿١٨﴾

71:18–19 "അല്ലാഹു നിങ്ങളെ ഭൂമിയിൽനിന്ന് വളർത്തിക്കൊണ്ടു വന്നു. പിന്നെ അതിലേക്ക് നിങ്ങളെ അവൻ തിരിച്ചയക്കുകയും നിങ്ങളെ പുറ ത്തു കൊണ്ടുവരികയും ചെയ്യും."

എല്ലാ ദിവസവും ദൈവത്തിന്റേതാണെങ്കിലും ഉയിർത്തെഴുന്നേൽപ്പുനാ ൾ പ്രത്യേകമായി ദൈവത്തിന്റെതാണെന്ന് പറഞ്ഞിരിക്കുന്നു. അതി ന്റെ കാരണം ദൈവം മറ്റുള്ളവർക്കു നൽകിയ ആജ്ഞാ സ്വാതന്ത്ര്യം അന്ന് ഇല്ലാതായിത്തീരുകയും ദൈവത്തിന്റെ കല്പനകൾ മാത്രം നട ക്കുകയും ചെയ്യുന്നതു കൊണ്ടാണ്."

ٱلْمُلْكُ يَوْمَئِذٍ لِّلَّهِ يَحْكُمُ بَيْنَهُمْ ۚ فَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فِى جَنَّٰتِ ٱلنَّعِيمِ ﴿٥٦﴾

22:57– "അന്നാളിൽ ആധിപത്യം അല്ലാഹുവിനു മാത്രമുള്ളതായിരിക്കും. അവൻ അവർക്കിടയിൽ തീരുമാനം കല്പിക്കുന്നതാണ്. അപ്പോൾ വിശ്വ സിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർ സുഖാ നുഭൂതിയുടെ ആരാമങ്ങളിൽ ആയിരിക്കും.

ٱلْمُلْكُ يَوْمَئِذٍ ٱلْحَقُّ لِلرَّحْمَٰنِ ۚ وَكَانَ يَوْمًا عَلَى ٱلْكَٰفِرِينَ عَسِيرًا ﴿٢٦﴾

25:27– "അന്നാളിൽ യഥാർഥമായ ആധിപത്യം പരമകാരുണികനായ അല്ലാഹുവിനായിരിക്കും. സത്യനിഷേധികൾക്ക് വളരെ പ്രയാസകരമായ ഒരു നാളായിരിക്കും അത്."

وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦ وَٱلْأَرْضُ جَمِيعًا قَبْضَتُهُۥ يَوْمَ ٱلْقِيَٰمَةِ

وَٱلسَّمَٰوَٰتُ مَطْوِيَّٰتٌۢ بِيَمِينِهِۦ ۚ سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشْرِكُونَ ﴿٦٧﴾

39:68– "അല്ലാഹുവിനെ ബഹുമാനിക്കേണ്ട മുറപ്രകാരം അവർ ബഹുമാനിച്ചില്ല. പുനരുത്ഥാന നാളിൽ ഭൂമി മുഴുവനും അവന്റെ വലതുകൈയിൽ ചുരുളുകളായി അമർന്നിരിക്കും. അവൻ പരിശുദ്ധനാണ്. അവർ പങ്കുക്കാരെ സങ്കല്പിക്കുന്നതിൽ നിന്ന് അവൻ ഉന്നതനാകുന്നു."

ഭൂമി മുഴുവനും അവന്റെ പിടിയിലൊതുങ്ങുമെന്നും ആകാശങ്ങൾ വലതു കരത്തിൽ ചുരുളുകളാകുമെന്നും പറഞ്ഞിരിക്കുന്നത് ആലങ്കാരീകമായാണ്. അല്ലാതെ ദൈവത്തിന് നമ്മുടേത് പോലെ കരങ്ങളുണ്ടെന്ന് സങ്കൽപ്പിക്കുന്നതു തന്നെ മൗഢ്യമായാണ്. ആകാശങ്ങൾ ചുരുളുകളാകുമെന്ന് പറഞ്ഞതിൽ നിന്ന് ആകാശം ഒരു കടലാസ്സ് പോലെയാണെന്ന് പറയുകയാണെങ്കിൽ അയാൾ സ്വയം ഒരു വിഡ്ഡിയായി ചമയുന്നു. ഭൂമിയും ആകാശത്തിൽ പെട്ടതു തന്നെയാണ്. മറ്റു ഗോളങ്ങളിൽ പോയി താമസിക്കുകയാണെങ്കിൽ അവരുടെ ആകാശത്തിലെ ഒരു ഗോളമായിരിക്കും ഭൂമി.

يَوْمَ لَا تَمْلِكُ نَفْسٌ لِّنَفْسٍ شَيْـًٔا ۖ وَٱلْأَمْرُ يَوْمَئِذٍ لِّلَّهِ ۝

82:20– "മറ്റൊരാൾക്കുവേണ്ടി ഒന്നുംതന്നെ നേടിക്കൊടുക്കാൻ ഒരാൾക്കും സാധിക്കാത്ത നാൾ. അന്ന് ആജ്ഞാധികാരം അല്ലാഹുവിനുള്ളതായിരിക്കും."

ഉയിർത്തെഴുന്നേൽപ്പുനാൾ സംഭവിക്കുന്നതിനെക്കുറിച്ച് വിശുദ്ധഖുർആനിൽ ആലങ്കാരികമായാണ് പറഞ്ഞിരിക്കുന്നത്. ദൈവ കൽപ്പനയുടെ സമയമെത്തുമ്പോൾ അത് പെട്ടെന്ന് സംഭവിക്കുന്നതായിരിക്കും. ഇതിന് രണ്ടു സ്റ്റേജുകൾ ഉണ്ട്. ആദ്യമായി മരണമടഞ്ഞവർ ഉറക്കത്തിൽ നിന്നെന്ന പോലെ ഉണരുന്നതും രണ്ടാമതായി അവർ എഴുന്നേറ്റ് അന്യോന്യം നോക്കുന്നതും സംസാരിക്കുന്നതുമാണെന്നും പറഞ്ഞിരിക്കുന്നു.

وَلِلَّهِ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَمَآ أَمْرُ ٱلسَّاعَةِ إِلَّا كَلَمْحِ ٱلْبَصَرِ

أَوْ هُوَ أَقْرَبُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝

16:78– "ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യകാര്യങ്ങൾ അല്ലാഹുവിന് മാത്രമുള്ളതാണ്. ആ നിശ്ചിത സമയത്തിന്റെ കാര്യം കണ്ണിമയ്ക്കുന്നതു പോലെ മാത്രമാകുന്നു. അത് അഥവാ അതിനേക്കാൾ സമീപസ്ഥമാണ്. അല്ലാഹു എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു."

وَنُفِخَ فِى ٱلصُّورِ فَإِذَا هُم مِّنَ ٱلْأَجْدَاثِ إِلَىٰ رَبِّهِمْ يَنسِلُونَ ۝

قَالُواْ يَـٰوَيۡلَنَا مَنۢ بَعَثَنَا مِن مَّرۡقَدِنَاۜ هَـٰذَا مَا وَعَدَ ٱلرَّحۡمَـٰنُ وَصَدَقَ ٱلۡمُرۡسَلُونَ ۝

إِن كَانَتۡ إِلَّا صَيۡحَةٗ وَٰحِدَةٗ فَإِذَا هُمۡ جَمِيعٞ لَّدَيۡنَا مُحۡضَرُونَ ۝

36:52-54 "കാഹളത്തിൽ ഊതപ്പെടും. അപ്പോൾ അതാ അവർ ഖബ്റുകളിൽ നിന്ന് (എഴുന്നേറ്റ്) തങ്ങളുടെ നാഥനിലേക്ക് ധൃതിപ്പെട്ടു ചെല്ലുന്നു. അവർ പറയും, 'അഹോ കഷ്ടം! ഞങ്ങളുടെ ഖബ്റുകളിൽ നിന്ന് ഞങ്ങളെ എഴുന്നേല്പിച്ചതാരാണ്'. പരമകാരുണികനായ അല്ലാഹു വാഗ്ദാനം ചെയ്തതും ദൈവദൂതന്മാർ സത്യമായി പറഞ്ഞതുമാണിത്. അതൊരു ഘോരനാദം മാത്രമായിരിക്കും. അപ്പോൾ അതാ അവരെല്ലാവരും നമ്മുടെ മുമ്പിൽ ഹാജരാക്കപ്പെടുന്നു."

وَنُفِخَ فِي ٱلصُّورِ فَصَعِقَ مَن فِي ٱلسَّمَـٰوَٰتِ وَمَن فِي ٱلۡأَرۡضِ

إِلَّا مَن شَآءَ ٱللَّهُۖ ثُمَّ نُفِخَ فِيهِ أُخۡرَىٰ فَإِذَا هُمۡ قِيَامٞ يَنظُرُونَ ۝

39:69- "കാഹളം ഊതപ്പെടും. അപ്പോൾ അല്ലാഹു ഇച്ഛിച്ചവരൊഴിച്ച് ആകാശങ്ങളിലും ഭൂമിയിലുമുള്ളവർ (എല്ലാം) ബോധരഹിതരായി വീഴും. പിന്നെ രണ്ടാമതും ഊതപ്പെടും. അപ്പോൾ അതാ, അവരെഴുന്നേറ്റു നിന്ന് നോക്കിക്കൊണ്ടിരിക്കുകയായി."

ഉയിർത്തെഴുന്നേൽപ്പുനാൾ എപ്പോഴാണ് സംഭവിക്കുന്നതെന്ന് ദൈവം രഹസ്യമാക്കിവെച്ചിരിക്കുകയാണ്. അതാർക്കും വെളിപ്പെടുത്തി കൊടുത്തിട്ടില്ല. റസൂൽ (സ) തിരുമേനിക്കു പോലും അതറിയിച്ചു കൊടുത്തിട്ടില്ല. എങ്കിലും റസൂൽ (സ) അതിന്റെ അടയാളങ്ങളായി പറഞ്ഞ ചില കാര്യങ്ങൾ ഹദീസുകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവസാനനാൾ ഇന്ന ദിവസമാണെന്ന് ചിലർ പ്രവചനം നടത്തുകയും ആദിവസത്തെ പേടിച്ച് പലരും ആത്മഹത്യ ചെയ്തതുമായുള്ള പത്ര വാർത്തകൾ പലരും കണ്ടിരിക്കും. എന്നാൽ അതു പോലെയൊന്നും ഒരിക്കലും സംഭവിക്കുന്നതല്ല. കാരണം ആ നാഴിക ദൈവം ആർക്കും അറിയിച്ചു കൊടുക്കാതെ രഹസ്യമാക്കിവെച്ചിരിക്കുകയാണ്.

إِنَّ ٱلسَّاعَةَ ءَاتِيَةٌ أَكَادُ أُخۡفِيهَا لِتُجۡزَىٰ كُلُّ نَفۡسِۭ بِمَا تَسۡعَىٰ ۝

20:16- "തീർച്ചയായും ആ നാഴിക വരുന്നതാണ്. ഞാനത് മറച്ചു വെക്കുവാൻ ഉദ്ദേശിക്കുന്നു. ഓരോ ആത്മാവും പ്രവർത്തിക്കുന്നതനുസരിച്ച് പ്രതിഫലം നൽകപ്പെടുന്നതിനു വേണ്ടി."

يَسْـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرْسَىٰهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ رَبِّى ۖ لَا يُجَلِّيهَا لِوَقْتِهَآ إِلَّا هُوَ ۚ
ثَقُلَتْ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ لَا تَأْتِيكُمْ إِلَّا بَغْتَةً ۗ يَسْـَٔلُونَكَ كَأَنَّكَ حَفِىٌّ عَنْهَا ۖ قُلْ
إِنَّمَا عِلْمُهَا عِندَ ٱللَّهِ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿١٨٧﴾

7:188– "ആ നാഴികയെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. എപ്പോഴാണ് അത് വന്നണയുക എന്ന്. പറയുക: എന്റെ രക്ഷിതാവിലാണ് അതിനെക്കുറിച്ചുള്ള അറിവ്. അതിന്റെ സമയത്ത് അവനല്ലാതെ അത് വെളിപ്പെടുത്തുകയില്ല. ആകാശങ്ങളിലും ഭൂമിയലും അത് ഭാരം തൂങ്ങി നിൽക്കുന്നു. പെട്ടെന്നല്ലാതെ അത് നിങ്ങളിൽ വരികയില്ല. അതിനെക്കുറിച്ച് നന്നായി അറിയുന്നവനാണ് നീ എന്ന പോലെ അവർ നിന്നോട് ചോദിക്കുന്നു. പറയുക: അതിന്റെ അറിവ് അല്ലാഹുവിൽ മാത്രമാണ്. പക്ഷെ മനുഷ്യരിൽ അധികം പേരും അറിയുന്നില്ല."

ആത്മാവിനെ കിടിലം കൊള്ളിക്കുന്ന രീതിയിലാണ് ഉയിർത്തെഴുന്നേൽപ്പിനെ കുറിച്ച് വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നത്. അന്ന് ഓരോരുത്തരും സ്വന്തം കർമ്മങ്ങളെക്കുറിച്ച് മാത്രം വേവിലാതിപ്പെടുകയും ആ വേവിലാതിയിൽ മറ്റുള്ള എല്ലാ ബന്ധങ്ങളും കടപ്പാടുകളും മനുഷ്യൻ വിസ്മരിച്ചു പോകുന്നതുമായിരിക്കും. പിതാവ് പുത്രനേയും മുലയൂട്ടുന്ന അമ്മമാർ സ്വന്തം കുഞ്ഞിനേയും മറന്നു പോകുമെന്നും ദമ്പതികൾ അന്യോന്യം വിസ്മരിക്കുമെന്നും പിഞ്ചു കുഞ്ഞുങ്ങൾ പോലും വേവലാതികൾ കാരണം നരച്ചു പോകുമെന്നും പറഞ്ഞിരിക്കുകയാണ്. എല്ലാ ലൗകീക ബന്ധങ്ങളും വിസ്മരിച്ചുകൊണ്ട് മനുഷ്യൻ തന്റെ ചെയ്തികൾക്ക് ഉത്തരം പറയണ്ടേി വരുന്ന ഭയാനകമായ ഈ ദിനം വരുന്നതിനു മുമ്പ് ദൈവത്തിനു കീഴ്പ്പെട്ടു കൊണ്ട് ജീവിതം നന്നാക്കിത്തീർക്കുവാൻ വിശുദ്ധ ഖുർആൻ ജാതിമത ഭേദമെന്യേ ആഹ്വാനം ചെയ്തിരിക്കയാണ്.

وَٱتَّقُوا۟ يَوْمًا لَّا تَجْزِى نَفْسٌ عَن نَّفْسٍ شَيْـًٔا وَلَا يُقْبَلُ
مِنْهَا شَفَـٰعَةٌ وَلَا يُؤْخَذُ مِنْهَا عَدْلٌ وَلَا هُمْ يُنصَرُونَ ﴿٤٨﴾

2:49– "ഒരാളും മറ്റൊരാൾക്ക് യാതൊന്നിലും പകരമാവാത്തതും ആരിൽ നിന്നും ഒരു ശുപാർശയും അംഗീകരിക്കപ്പെടാത്തതും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്തതും ആരും സഹായിക്കപ്പെടാത്തതുമായ ഒരു നാളിനെ നിങ്ങൾ സൂക്ഷിക്കുക."

إِنَّ ٱلَّذِينَ كَفَرُوا۟ لَوْ أَنَّ لَهُم مَّا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ

لِيَفْتَدُواْ بِهِۦ مِنْ عَذَابِ يَوْمِ ٱلْقِيَٰمَةِ مَا تُقُبِّلَ مِنْهُمْ ۖ وَلَهُمْ عَذَابٌ أَلِيمٌ ۝

5:37– "തീർച്ചയായും അവിശ്വാസികൾക്ക് ഉയിർത്തെഴുന്നേൽപ്പു നാളിന്റെ ശിക്ഷയിൽ നിന്നും മോചനം നേടാൻ വേണ്ടി ഈ ഭൂമിയിലുള്ളത് മുഴുവനും അത്രതന്നെ വേറെയും ഉണ്ടായിരുന്നാലും അവരിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയില്ല. അവർക്ക് വേദനയുറ്റ ശിക്ഷയുമുണ്ട്."

وَلَوْ أَنَّ لِكُلِّ نَفْسٍ ظَلَمَتْ مَا فِى ٱلْأَرْضِ لَٱفْتَدَتْ بِهِۦ ۗ

وَأَسَرُّواْ ٱلنَّدَامَةَ لَمَّا رَأَوُاْ ٱلْعَذَابَ ۖ وَقُضِىَ بَيْنَهُم بِٱلْقِسْطِ ۚ وَهُمْ لَا يُظْلَمُونَ ۝

10:55– "അക്രമം പ്രവർത്തിച്ച എല്ലാ ഓരോ ആത്മാവിനും ഭൂമിയിലുള്ളത് എല്ലാം ഉണ്ടായാൽ പോലും അതെല്ലാം തന്നെ അയാൾ പ്രായശ്ചിത്തമായി നല്കുന്നതാണ്. ആ ശിക്ഷ കാണുമ്പോൾ അവർ ഖേദം മറച്ചുവെക്കും. അവർക്കിടയിൽ നീതിപൂർവം വിധി കല്പിക്കപ്പെടുന്നതാണ്. അവരോട് ഒരുവിധത്തിലുള്ള അന്യായവും ചെയ്യപ്പെടുകയില്ല."

يَوْمَ تَرَوْنَهَا تَذْهَلُ كُلُّ مُرْضِعَةٍ عَمَّآ أَرْضَعَتْ وَتَضَعُ كُلُّ ذَاتِ حَمْلٍ حَمْلَهَا وَتَرَى ٱلنَّاسَ

سُكَٰرَىٰ وَمَا هُم بِسُكَٰرَىٰ وَلَٰكِنَّ عَذَابَ ٱللَّهِ شَدِيدٌ ۝

22:03–"നിങ്ങൾ അതു കാണുന്ന നാളിൽ, മുലകൊടുക്കുന്ന എല്ലാ മാതാക്കളും അവർ മുലയൂട്ടുന്ന ശിശുക്കളെ വിസ്മരിച്ചു പോകും. എല്ലാ ഗർഭിണികളും തങ്ങളുടെ ഗർഭം പ്രസവിച്ചുപോകും. ജനങ്ങളെ മത്തു പിടിച്ചവരായി നിനക്കു കാണാം; യഥാർഥത്തിൽ അവർ മത്തുപിടിച്ചവരായിരിക്കുകയില്ല. പക്ഷേ, അല്ലാഹുവിന്റെ ശിക്ഷ കഠിനമായതാണ്."

فَإِذَا نُفِخَ فِى ٱلصُّورِ فَلَآ أَنسَابَ بَيْنَهُمْ يَوْمَئِذٍ وَلَا يَتَسَآءَلُونَ ۝

23:102– "പിന്നെ കാഹളത്തിൽ ഊതപ്പെട്ടാൽ അന്നാളിൽ അവർക്കിടയിൽ കുടുംബ ബന്ധങ്ങളൊന്നുമുണ്ടാകുകയില്ല. അവർ പരസ്പരം അന്വേഷിക്കുകയുമില്ല."

وَيَوْمَ يَعَضُّ ٱلظَّالِمُ عَلَىٰ يَدَيْهِ يَقُولُ يَٰلَيْتَنِى ٱتَّخَذْتُ مَعَ ٱلرَّسُولِ سَبِيلًا ۝

25:28– "അക്രമി തന്റെ രണ്ടുകൈകളിൽ കടിക്കുന്ന ആ നാളിൽ, 'ഞാൻ ദൈവദൂതനോടൊപ്പം ഒരു മാർഗം സ്വീകരിച്ചെങ്കിൽ എത്ര നന്നായേനെ' എന്നവർ പറയും. (ഖേദിച്ചു വിലപിക്കും.)"

يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ ۝

26:89– "....ധനമോ പുത്രന്മാരോ പ്രയോജനപ്പെടാത്ത ദിനത്തിൽ....."

وَيَوْمَ تَقُومُ ٱلسَّاعَةُ يُبْلِسُ ٱلْمُجْرِمُونَ ۝

30:13– "(അന്ത്യ) നിമിഷം വന്നെത്തുന്ന നാളിൽ കുറ്റവാളികൾ നിരാശ രായിത്തീരും."

فَيَوْمَئِذٍ لَّا يَنفَعُ ٱلَّذِينَ ظَلَمُوا۟ مَعْذِرَتُهُمْ وَلَا هُمْ يُسْتَعْتَبُونَ ۝

30:58– "അപ്പോൾ, അന്നാളിൽ അക്രമം പ്രവർത്തിച്ചവർക്ക് അവരുടെ ഒഴികഴിവുകൾ ബോധിപ്പിക്കുന്നത് ഒരു പ്രയോജനവും ചെയ്യുകയില്ല. അവർ പ്രായശ്ചിത്തം നല്കാൻ അനുവദിക്കപ്പെടുന്നവരുമല്ല."

وَٱخْشَوْا۟ يَوْمًا لَّا يَجْزِى وَالِدٌ عَن وَلَدِهِۦ وَلَا مَوْلُودٌ هُوَ جَازٍ عَن وَالِدِهِۦ شَيْـًٔا

31:34– "മനുഷ്യരേ, നിങ്ങളുടെ നാഥനെ സൂക്ഷിക്കുക. ഒരുനാളിനെ ഭയപ്പെടുക. അന്ന് ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജന പ്പെടുകയില്ല. (അതേ പ്രകാരം) ഒരു സന്താനവും തന്റെ പിതാവിനു വേണ്ടിയും ഒട്ടും പ്രയോജനപ്പെടുകയില്ല

وَأَسَرُّوا۟ ٱلنَّدَامَةَ لَمَّا رَأَوُا۟ ٱلْعَذَابَ وَجَعَلْنَا ٱلْأَغْلَـٰلَ فِىٓ أَعْنَاقِ ٱلَّذِينَ كَفَرُوا۟

هَلْ يُجْزَوْنَ إِلَّا مَا كَانُوا۟ يَعْمَلُونَ ۝

34:34– ".... ശിക്ഷ കണ്ടുകഴിഞ്ഞാൽ, അവർ ഖേദം മറച്ചുവെയ്ക്കും. വിശ്വസിക്കാത്തവരുടെ കഴുത്തുകളിൽ നാം ചങ്ങലകൾ ചാർത്തുകയും ചെയ്യും. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനല്ലാതെ അവർക്ക് പ്രതി ഫലം നല്കപ്പെടുമോ?"

وَأَنذِرْهُمْ يَوْمَ ٱلْـَٔازِفَةِ إِذِ ٱلْقُلُوبُ لَدَى ٱلْحَنَاجِرِ كَـٰظِمِينَ

مَا لِلظَّـٰلِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ ۝

40:19– "അടുത്തുതന്നെ വരുന്ന ഒരു വിപത്തിന്റെ നാളിനെക്കുറിച്ച് നീ അവർക്ക് മുന്നറിയിപ്പ് നല്കുക; ദുഃഖം അമർത്തിപ്പിടിക്കുന്നവരായി ഹൃദയങ്ങൾ തൊണ്ടക്കുഴിയുടെ അടുത്തെത്തുന്ന സന്ദർഭം. അധർമ കാരികൾക്ക് (അന്ന്) ഒരു മിത്രമോ അംഗീകരിക്കപ്പെടുന്ന ഒരു ശുപാർ ശകനോ ഉണ്ടായിരിക്കുകയില്ല."

يَسْتَعْجِلُ بِهَا ٱلَّذِينَ لَا يُؤْمِنُونَ بِهَا ۖ وَٱلَّذِينَ ءَامَنُوا۟ مُشْفِقُونَ مِنْهَا وَيَعْلَمُونَ أَنَّهَا ٱلْحَقُّ ۗ

42:19– "അതിൽ വിശ്വാസമില്ലാത്തവർ അതിനു വേണ്ടി ധൃതി കൂട്ടുന്നു. വിശ്വസിക്കുന്നവർ അതേക്കുറിച്ച് ഭയചകിതരാവുകയും അത് സത്യമാ ണെന്ന് അറിയുകയും ചെയ്യുന്നു....."

يَوْمَ لَا يُغْنِى مَوْلًى عَن مَّوْلًى شَيْـًٔا وَلَا هُمْ يُنصَرُونَ ۝

44:42– "സ്നേഹിതന് സ്നേഹിതൻ ഒട്ടും പ്രയോജനപ്പെടാത്ത ഒരു ദിനം. അവർ സഹായിക്കപ്പെടുകയില്ല."

وَيَوْمَ تَقُومُ ٱلسَّاعَةُ يَوْمَئِذٍ يَخْسَرُ ٱلْمُبْطِلُونَ ۝

45:28– "...ആ നിശ്ചിത സമയം വരുന്ന നാളിൽ, അന്ന് അസത്യത്തെ പിൻപറ്റുന്നവർ നഷ്ടത്തിലായിരിക്കും."

وَنُفِخَ فِى ٱلصُّورِ ۚ ذَٰلِكَ يَوْمُ ٱلْوَعِيدِ ۝

50:21–"കാഹളത്തിൽ ഊതപ്പെടും. അതാണ് താക്കീതു ചെയ്യപ്പെട്ടനാൾ."

يَوْمَ تَكُونُ ٱلسَّمَآءُ كَٱلْمُهْلِ ۝ وَتَكُونُ ٱلْجِبَالُ كَٱلْعِهْنِ ۝ وَلَا يَسْـَٔلُ حَمِيمٌ حَمِيمًا ۝

يُبَصَّرُونَهُمْ ۚ يَوَدُّ ٱلْمُجْرِمُ لَوْ يَفْتَدِى مِنْ عَذَابِ يَوْمِئِذٍۭ بِبَنِيهِ ۝ وَصَٰحِبَتِهِۦ وَأَخِيهِ ۝

وَفَصِيلَتِهِ ٱلَّتِى تُـْٔوِيهِ ۝ وَمَن فِى ٱلْأَرْضِ جَمِيعًا ثُمَّ يُنجِيهِ ۝

70:09–15 "ആകാശം, ഉരുകിയ ചെമ്പുപോലെയും പർവതങ്ങൾ കടഞ്ഞ രോമം പോലെയും ആയിത്തീരുന്ന നാളിൽ. അന്നു ഒരു സുഹൃത്തും മറ്റൊരു സുഹൃത്തിനെക്കുറിച്ചു ചോദിക്കുകയില്ല.അവരെ അവർക്ക് കാണിക്കപ്പെടും. സ്വസന്താനങ്ങളെ പ്രായശ്ചിത്തം നല്കി അന്നത്തെ ശിക്ഷയിൽ നിന്ന് മോചനം നേടാമെന്ന് കുറ്റവാളി ആഗ്രഹിക്കും; തന്റെ സഹധർമിണിയേയും തന്റെ സഹോദരനേയും; തനിക്ക് അഭയം നല്കു ന്ന തന്റെ കുടുംബത്തേയും; ഭൂമിയിലുള്ള എല്ലാവരേയും (പ്രായശ്ചിത്ത മായി നല്കിക്കൊണ്ട്) മോചനം നേടാമെന്നും അവൻ (ആഗ്രഹിക്കും)."

فَكَيْفَ تَتَّقُونَ إِن كَفَرْتُمْ يَوْمًا يَجْعَلُ ٱلْوِلْدَٰنَ شِيبًا ۝

73:18– "എന്നാൽ നിങ്ങൾ നിഷേധിക്കുന്നുവെങ്കിൽ (പിഞ്ചു) കുഞ്ഞുങ്ങ ളെ നരച്ചവരാക്കുന്ന ഒരു ദിനത്തെ എങ്ങനെ നിങ്ങൾ സൂക്ഷിച്ചു കൊ ള്ളും?"

നമ്മുടെ ചെറു പ്രായത്തിൽ ലൗകീക ജീവിതം വളരെ ദൈർഘ്യമേറിയ താണെന്ന ഒരു തോന്നൽ നമ്മുക്ക് ഉണ്ടാകാറുണ്ടെങ്കിലും വളർന്ന് വലു താകുമ്പോൾ ഈ ജീവിതം, നാം ആഗ്രഹിക്കുന്നതൊക്കെ നേടാൻ പറ്റാ ത്ത, ദൈർഘ്യം കുറഞ്ഞ കാലയളവായി നമ്മുക്കത് അനുഭവപ്പെടുന്നു. വരാനിരിക്കുന്ന പരലോക ജീവിതത്തെ അപേക്ഷിച്ച് ഈ ജീവിതം വള രെ നിസ്സാരമാണെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തിയി രിക്കുകയാണ്. എത്രമാത്രം നിസ്സാരമാണെന്ന് വെച്ചാൽ നാം ഇവിടെ ഒരു നാഴികയുടെ അല്പഭാഗമല്ലാതെ താമസിച്ചിട്ടില്ല എന്ന പോലെയാ യിരിക്കും. ഇവിടത്തെ ജിവിതം വളരെ നിസ്സാരവും ക്ഷണികവും ആയ തിനാൽ, ഇവിടെയെല്ലാം നേടിയെടുക്കുവാൻ വേണ്ടി അതിക്രമങ്ങൾ പ്രവർത്തിക്കുന്നവരെ ബുദ്ധിയില്ലാത്തവരായി അല്ലാഹു ഗണിച്ചിരിക്കുന്നു. മനുഷ്യൻ സ്വൽപ്പനേരം ഇരുന്ന് തന്നെക്കുറിച്ച് തന്നെ വിലയിരുത്തി യാൽ ഈ കാര്യം മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. നാം എല്ലാം വിട്ടേച്ചു പോകുന്ന ഈ ലോകത്തിനുവേണ്ടി, അതിക്രമത്തിലൂടെ ഇവി ടെ ജിവിതം നയിച്ചവർ അവസാനം ദു:ഖിതരും നിരാശമൂകരും ആയി ത്തീരുമെന്ന ദൈവികദ്ധ്യാപനം മനസ്സിലാക്കുവാൻ സാധാരണയിൽ കവിഞ്ഞ ബുദ്ധികൂർമ്മതയൊന്നും ആവശ്യമില്ല. ദൈവം ശിക്ഷ ഒന്നും നൽകുന്നില്ലെങ്കിൽ തന്നെയും ഈ നിരാശ തന്നെ അവന് ആത്മവേദന യായി പരിണമിക്കുന്നതാണ്.

فَمَا مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا فِى ٱلْءَاخِرَةِ إِلَّا قَلِيلٌ ۝

9:39– "....ഈ ലോകജീവിതത്തിലെ സുഖസൗകര്യം പരലോകത്തെ അപേക്ഷിച്ച് എത്രയും നിസ്സാരമാണ്."

وَيَوْمَ يَحْشُرُهُمْ كَأَن لَّمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّنَ ٱلنَّهَارِ يَتَعَارَفُونَ بَيْنَهُمْ

قَدْ خَسِرَ ٱلَّذِينَ كَذَّبُوا۟ بِلِقَآءِ ٱللَّهِ وَمَا كَانُوا۟ مُهْتَدِينَ ۝

10:46– "അവരെ അവൻ ഒരുമിച്ച് ചേർക്കുന്ന നാളിൽ, പകലിൽ നിന്ന് അല്പനേരമല്ലാതെ തങ്ങൾ (ഈ ലോകത്ത്) താമസിച്ചിട്ടില്ലെന്ന് അവർ ക്ക് തോന്നും. അവർ പരസ്പരം തിരിച്ചറിയുന്നതാണ്."

يَوْمَ يَدْعُوكُمْ فَتَسْتَجِيبُونَ بِحَمْدِهِۦ وَتَظُنُّونَ إِن لَّبِثْتُمْ إِلَّا قَلِيلًا ۝

17:53– "അവൻ നിങ്ങളെ വിളിക്കുകയും അപ്പോൾ അവനെ സ്തുതിച്ചു കൊണ്ട് നിങ്ങൾ ഉത്തരം നല്കുകയും അല്പനേരമല്ലാതെ നിങ്ങൾ (ലോകത്ത്) താമസിച്ചിട്ടില്ലെന്ന് ധരിക്കുകയും ചെയ്യുന്ന നാളിൽ (അത് സംഭവിക്കുന്നതാണ്)."

وَيَوْمَ تَقُومُ ٱلسَّاعَةُ يُقْسِمُ ٱلْمُجْرِمُونَ مَا لَبِثُوا۟ غَيْرَ سَاعَةٍ ۚ كَذَٰلِكَ كَانُوا۟ يُؤْفَكُونَ ﴿٥٥﴾

وَقَالَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ وَٱلْإِيمَٰنَ لَقَدْ لَبِثْتُمْ فِى كِتَٰبِ ٱللَّهِ إِلَىٰ يَوْمِ ٱلْبَعْثِ ۖ

فَهَٰذَا يَوْمُ ٱلْبَعْثِ وَلَٰكِنَّكُمْ كُنتُمْ لَا تَعْلَمُونَ ﴿٥٦﴾

30:56–57 “ആ നിശ്ചിത സമയം വരുമ്പോൾ, തങ്ങൾ (ഇഹ ലോകത്ത്) അല്പ സമയമല്ലാതെ താമസിച്ചിട്ടില്ലെന്ന് കുറ്റവാളികൾ സത്യം ചെയ്ത് പറയും. ഇപ്രകാരം അവർ (നേർമാർഗത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്ന വരായിരുന്നു. ജ്ഞാനവും സത്യവിശ്വാസവും നല്കപ്പെട്ടവർ പറയും, ‘അല്ലാഹുവിന്റെ കണക്കിൽ ഉയർത്തെഴുന്നേല്പിനു വേണ്ടി നിശ്ചയിക്കപ്പെട്ട നാൾ വരെ നിങ്ങൾ താമസിച്ചു. എന്നാൽ, ഇതാണ് (യഥാർത്ഥ) ഉയർത്തെഴുന്നേല്പ് നാൾ. പക്ഷേ, നിങ്ങളറിയുന്നവരായിരുന്നില്ല.”

മനുഷ്യൻ ഇവിടെ വെച്ച് ചെയ്യുന്ന എല്ലാ പ്രവൃത്തികളും മലക്കുകൾ അപ്പപ്പോൾ രേഖപ്പെടുത്തിവെക്കുന്നുവെന്ന് വിശുദ്ധ ഖുർആനിൽ ദൈവം വെളിപ്പെടുത്തി തന്നിരിക്കുകയാണ്. അങ്ങനെ രേഖപ്പെടുത്തി വെച്ചിരിക്കുന്ന ഒരു ഗ്രന്ഥം ഉയിർത്തെഴുന്നേൽപ്പു നാളിൽ ഓരോരുത്തരുടെയും മുമ്പാകെ കാഴ്ചവെക്കുന്നതാണ്. ആ ഗ്രന്ഥം അല്ലെങ്കിൽ ലിഖിതം നാം ഈ ലോകത്തു കാണുന്നതു പോലെയുള്ള ഒരു ഗ്രന്ഥമായിരിക്കണമെന്നില്ല. അത് ഏതു രീതിയിലായിരിക്കുമെന്ന് നമ്മുക്ക് ഇപ്പോൾ ഊഹിക്കുവാൻ പോലും സാധിക്കുമെന്ന് തോന്നുന്നില്ല. ആ ഗ്രന്ഥം ഒരോരുത്തരുടേയും പ്രവർത്തികൾക്കനുസൃതമായി സാക്ഷി നിൽക്കുന്നതാണ്. കുറ്റവാളികൾക്ക് ആ ഗ്രന്ഥം ഇടം കൈയ്യിൽ നൽകപ്പെടുമ്പോൾ അവർ പരിഭ്രാന്തരായിത്തീരുന്നതാണ്. സൽക്കർമ്മം ചെയ്തവരുടെ ഗ്രന്ഥം അവരുടെ വലം കൈയ്യിൽ നൽകപ്പെടുന്നതും അവർ സന്തോഷവാന്മാരായി ആ ഗ്രന്ഥം മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്നതുമായിരിക്കും.

وَكُلَّ إِنسَٰنٍ أَلْزَمْنَٰهُ طَٰٓئِرَهُۥ فِى عُنُقِهِۦ ۖ وَنُخْرِجُ لَهُۥ يَوْمَ ٱلْقِيَٰمَةِ كِتَٰبًا يَلْقَىٰهُ مَنشُورًا ﴿١٣﴾

ٱقْرَأْ كِتَٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾

17:14–15 “എല്ലാ ഓരോ മനുഷ്യന്റേയും കർമഫലം നാം അവന്റെ കഴുത്തിനോട് ബന്ധിച്ചിരിക്കുന്നു. പുനരുത്ഥാന നാളിൽ ഒരു പുസ്തകം അവനുവേണ്ടി നാം പുറത്തു കൊണ്ടു വരുകയും ചെയ്യും. അത് തുറന്നുവെക്കപ്പെട്ടതായി അവൻ കാണുന്നതാണ്. നിന്റെ പുസ്തകം വായിക്കുക. ഇന്ന് നിനക്കെതിരായി കണക്ക് ബോധിപ്പിക്കുന്നവൻ എന്ന നിലയിൽ നിന്റെ ആത്മാവ് തന്നെ മതി.”

يَوْمَ نَدْعُوا۟ كُلَّ أُنَاسٍۭ بِإِمَـٰمِهِمْ ۖ فَمَنْ أُوتِىَ كِتَـٰبَهُۥ بِيَمِينِهِۦ

فَأُو۟لَـٰٓئِكَ يَقْرَءُونَ كِتَـٰبَهُمْ وَلَا يُظْلَمُونَ فَتِيلًا ﴿٧١﴾

17:72- "എല്ലാ മനുഷ്യരേയും അവരുടെ നേതാവിനോടൊപ്പം നാം വിളിക്കുന്ന ദിവസം (ഓർക്കുക). അപ്പോൾ ആരുടെ കർമപുസ്തകം തന്റെ വലതുകയ്യിൽ നല്കപ്പെട്ടുവോ അക്കൂട്ടർ, തങ്ങളുടെ കർമപുസ്തകം വായിക്കുന്നതാണ്. അവരോട് അശേഷം അനീതി ചെയ്യപ്പെടുകയില്ല."

فَلَمَّا ٱعْتَزَلَهُمْ وَمَا يَعْبُدُونَ مِن دُونِ ٱللَّهِ وَهَبْنَا لَهُۥٓ إِسْحَـٰقَ وَيَعْقُوبَ ۖ وَكُلًّا جَعَلْنَا نَبِيًّا ﴿٤٩﴾

18:50- "(അവരുടെ കർമങ്ങളുടെ) പുസ്തകം (അവരുടെ മുമ്പിൽ) വെക്കപ്പെടും. അപ്പോൾ അതിലുള്ളതു കാരണമായി കുറ്റവാളികളെ ഭയപ്പെട്ടവരായി നീ കാണുന്നതാണ്. അവർ പറയും, 'അഹോ കഷ്ടം! ഇതെന്തൊരു ഗ്രന്ഥമാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് രേഖപ്പെടുത്താതെ വിട്ടുകളഞ്ഞിട്ടില്ലല്ലോ!' അവർ പ്രവർത്തിച്ചത് സർവവും മുമ്പിൽ ഹാജരാക്കപ്പെട്ടതായി അവർ കണ്ടെത്തും. നിന്റെ നാഥൻ ഒരാളോടും അനീതി പ്രവർത്തിക്കുകയില്ല."

إِنَّا نَحْنُ نُحْىِ ٱلْمَوْتَىٰ وَنَكْتُبُ مَا قَدَّمُوا۟ وَءَاثَـٰرَهُمْ ۚ وَكُلَّ شَىْءٍ أَحْصَيْنَـٰهُ فِىٓ إِمَامٍ مُّبِينٍ ﴿١٢﴾

36:13- " നാം തന്നെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്. അവർ (ജീവിതത്തിൽ) പ്രവർത്തിച്ചതും അവരുടെ ചുവടടയാളങ്ങളും നാം എഴുതിവയ്ക്കുന്നതാണ്. സർവകാര്യങ്ങളും സ്പഷ്ടമായൊരു പ്രമാണത്തിൽ നാം രേഖപ്പെടുത്തിയിരിക്കുന്നു."

وَتَرَىٰ كُلَّ أُمَّةٍ جَاثِيَةً ۚ كُلُّ أُمَّةٍ تُدْعَىٰٓ إِلَىٰ كِتَـٰبِهَا ٱلْيَوْمَ تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٢٨﴾

هَـٰذَا كِتَـٰبُنَا يَنطِقُ عَلَيْكُم بِٱلْحَقِّ ۚ إِنَّا كُنَّا نَسْتَنسِخُ مَا كُنتُمْ تَعْمَلُونَ ﴿٢٩﴾

45:29-30 "ഓരോ ജനതയേയും മുട്ടുകുത്തിയവരായി നിനക്ക് കാണാം. ഓരോ ജനതയും അവരുടെ (കർമഫലം രേഖപ്പെടുത്തിയ) ഏടുകളിലേക്ക് വിളിക്കപ്പെടുന്നതാണ്. (അവരോട് പറയപ്പെടും:) 'നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനുള്ള പ്രതിഫലം ഇന്നു നിങ്ങൾക്ക് നല്കപ്പെടുന്നതാണ്.' ഇത് നമ്മുടെ കുറിപ്പ് പുസ്തകമാണ്. ഇത് നിങ്ങൾക്കെതിരിൽ സത്യപൂർവം സംസാരിക്കുന്നു. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതെല്ലാം നാം എഴുതി രേഖപ്പെടുത്തുകയായിരുന്നു."

فَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِيَمِينِهِۦ فَيَقُولُ هَآؤُمُ ٱقْرَءُوا۟ كِتَٰبِيَهْ ۝

69:20– "അപ്പോൾ, ആരുടെ വലതു കൈയിൽ തന്റെ കർമപുസ്തകം നല്കപ്പെടുന്നുവോ അവൻ (തന്റെ കൂട്ടുകാരോട്) പറയും, 'ഇതാ എന്റെ പുസ്തകം നിങ്ങൾ വായിച്ചുകൊള്ളുക."

فَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِيَمِينِهِۦ ۝ فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ۝

وَيَنقَلِبُ إِلَىٰٓ أَهْلِهِۦ مَسْرُورًا ۝

84:08–12– "അപ്പോൾ, ഏതൊരുവന്റെ കർമപുസ്തകം തന്റെ വലതു കയ്യിൽ നല്കപ്പെട്ടുവോ. അവൻ ലഘുവായ വിധത്തിൽ വിചാരണ ചെയ്യപ്പെടും. അവൻ തന്റെ വീട്ടുകാരുടെയടുക്കലേക്ക് സന്തുഷ്ടനായി തിരിച്ചു ചെല്ലുകയും ചെയ്യും."

പുനരുത്ഥാന നാൾ നൽകപ്പെടുന്ന ഗ്രന്ഥം ഓരോരുത്തരുടേയും പ്രവർത്തനങ്ങൾക്കനുസൃതമായി സാക്ഷീ നില്ക്കുന്നതു പോലെ മനുഷ്യന്റെ ഓരോ അവയവങ്ങളും അവന്റെ പ്രവൃത്തിക്കനുസരിച്ച് സാക്ഷീ പറയുന്നതാണെന്നും വിശുദ്ധ ഖുർആനിൽ ദൈവം നമ്മെ അറിയിച്ചിരിക്കുകയാണ്. കൈകളും കാലുകളും സാക്ഷീ പറയും എന്നു പറഞ്ഞതിൽ നിന്നും നാം വായ്കൊണ്ട് സംസാരിക്കുന്നതു പോലെ അവ സംസാരിക്കും എന്നർത്ഥമാക്കേണ്ടതില്ല. അവ എങ്ങനെയായിരിക്കും സാക്ഷി പറയുക എന്നത് നമ്മുടെ സങ്കല്പത്തനതീതമായതു കൊണ്ട്, നമ്മുക്കത് കാണുന്ന അവസരത്തിൽ മാത്രമേ അനുഭവ ബോധ്യമായ രീതിയിൽ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.

يَوْمَ تَشْهَدُ عَلَيْهِمْ أَلْسِنَتُهُمْ وَأَيْدِيهِمْ وَأَرْجُلُهُم بِمَا كَانُوا۟ يَعْمَلُونَ ۝

24:25– "തങ്ങൾ ചെയ്തുകൊണ്ടിരുന്ന പ്രവൃത്തികളെക്കുറിച്ച് അവരുടെ നാവുകളും അവരുടെ കൈകളും അവരുടെ കാലുകളും അവർക്കെതിരിൽ സാക്ഷ്യം വഹിക്കുന്ന നാളിൽ (അവർക്ക് കഠിന ശിക്ഷ ഉണ്ടാകുന്നതാണ്)."

ٱلْيَوْمَ نَخْتِمُ عَلَىٰٓ أَفْوَٰهِهِمْ وَتُكَلِّمُنَآ أَيْدِيهِمْ وَتَشْهَدُ أَرْجُلُهُم بِمَا كَانُوا۟ يَكْسِبُونَ ۝

36:66– "അന്ന് നാം അവരുടെ വായകൾക്ക് മുദ്രവയ്ക്കും. അവരുടെ കൈകൾ നമ്മോട് സംസാരിക്കും. അവർ പ്രവർത്തിക്കുകയായിരുന്നതിന് അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുകയും ചെയ്യും."

حَتَّىٰٓ إِذَا مَا جَآءُوهَا شَهِدَ عَلَيۡهِمۡ سَمۡعُهُمۡ وَأَبۡصَٰرُهُمۡ وَجُلُودُهُم بِمَا كَانُواْ يَعۡمَلُونَ ۝

41:21– "അങ്ങനെ അവർ അതിന്റെ സമീപത്ത് എത്തിക്കഴിഞ്ഞാൽ അവ രുടെ കാതുകളും അവരുടെ കണ്ണുകളും അവരുടെ ചർമങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്."

وَقَالُواْ لِجُلُودِهِمۡ لِمَ شَهِدتُّمۡ عَلَيۡنَاۖ قَالُوٓاْ أَنطَقَنَا ٱللَّهُ ٱلَّذِيٓ

أَنطَقَ كُلَّ شَيۡءٖ وَهُوَ خَلَقَكُمۡ أَوَّلَ مَرَّةٖ وَإِلَيۡهِ تُرۡجَعُونَ ۝

41:22– "അവർ തങ്ങളുടെ ചർമങ്ങളോട് ചോദിക്കും: 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരിൽ സാക്ഷീ പറഞ്ഞത്?' ആ ചർമങ്ങൾ പറയും, 'സർവ വസ്തുക്കളേയും സംസാരിപ്പിച്ചിരിക്കുന്ന അല്ലാഹു ഞങ്ങളെയും സംസാ രിപ്പിച്ചിരിക്കുന്നു. അവനാണ് ആദ്യ തവണ നിങ്ങളെ സൃഷ്ടിച്ചത്. അവ നിലേക്ക് തന്നെ നിങ്ങൾ തിരിച്ചുകൊണ്ടു പോകപ്പെടുന്നതാണ്."

പുനരുത്ഥാന ദിവസത്തിന്റെ വേറൊരുദ്ദേശമായി അല്ലാഹു പറയുന്നത്, വിഭിന്ന കക്ഷികളും സമുദായങ്ങളും മതവിഭാഗങ്ങളും തമ്മിലുള്ള എല്ലാ അഭിപ്രായ വ്യത്യാസങ്ങളേക്കുറിച്ചും അവർക്കിടയിൽ അന്നായിരിക്കും ദൈവിക തീർപ്പ് കല്പിക്കുകയെന്നാണ്. ഈ വിധിതീർപ്പ് യാതൊരുവി ധ അനീതിയോ അന്യായമോ കൂടാതെ ആരെയും തീരെ ദ്രോഹിക്കത്ത രീതിയിലായിരിക്കും. അവിശ്വാസികൾ അസത്യം പറയുന്നവരായിരുന്നു വെന്ന് അന്ന് വെളിപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നതാണ്.

فَٱللَّهُ يَحۡكُمُ بَيۡنَهُمۡ يَوۡمَ ٱلۡقِيَٰمَةِ فِيمَا كَانُواْ فِيهِ يَخۡتَلِفُونَ ۝

02:114– "..... അവർ (യഹൂദന്മാരും ക്രിസ്ത്യാനികളും) യാതൊന്നിൽ അന്യോന്യം ഭിന്നിച്ചിരുന്നുവോ അതിനെക്കുറിച്ച് അല്ലാഹു ഉയിർത്തെ ഴുന്നേൽപ്പു നാളിൽ അവർക്കിടയിൽ വിധി പറയും."

لِيُبَيِّنَ لَهُمُ ٱلَّذِي يَخۡتَلِفُونَ فِيهِ وَلِيَعۡلَمَ ٱلَّذِينَ كَفَرُوٓاْ أَنَّهُمۡ كَانُواْ كَٰذِبِينَ ۝

16:40– "....അവർ (അവിശ്വാസികൾ) ഏതു കാര്യത്തിൽ ഭിന്നിച്ചു കൊ ണ്ടിരിക്കുന്നുവോ അതിന്റെ യാഥാർഥ്യം അവർക്ക് വ്യക്തമാക്കിക്കൊ ടുക്കാനും അവിശ്വാസികൾ തങ്ങൾ കളവു പറയുന്നവരായിരുന്നുവെന്ന് അറിയുന്നതിനും വേണ്ടി."

وَنَضَعُ ٱلۡمَوَٰزِينَ ٱلۡقِسۡطَ لِيَوۡمِ ٱلۡقِيَٰمَةِۚ فَلَا تُظۡلَمُ نَفۡسٞ شَيۡـٔٗاۖ

وَإِن كَانَ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ أَتَيْنَا بِهَا ۗ وَكَفَىٰ بِنَا حَاسِبِينَ ۝

21:48– "പുനരുത്ഥാന നാളിൽ ശരിയായ തുലാസ്സുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാത്മാവിനോടും ഒരനീതിയും കാണിക്കപ്പെടുകയില്ല. (ആ കർമം) ഒരു കടുകളവാണെങ്കിൽ പോലും നാം അത് കൊണ്ടുവരും; കണക്കുകൂട്ടുന്നവരായി നാം തന്നെ മതി."

وَلَيَحْمِلُنَّ أَثْقَالَهُمْ وَأَثْقَالًا مَّعَ أَثْقَالِهِمْ ۖ وَلَيُسْأَلُنَّ يَوْمَ الْقِيَامَةِ عَمَّا كَانُوا يَفْتَرُونَ ۝

29:14– "യഥാർഥത്തിൽ, അവർ തീർച്ചയായും തങ്ങളുടെ (പാപ) ഭാരങ്ങൾ വഹിക്കുന്നതാണ്. അവരുടെ (പാപ) ഭാരങ്ങളോടൊപ്പം (അവർ വഴിപിഴപ്പിച്ചവരുടെ പാപ) ഭാരങ്ങളും (അവർ വഹിക്കുന്നതാകുന്നു). അവർ വ്യാജമായി നിർമിച്ചു കൊണ്ടിരുന്നതിനെ സംബന്ധിച്ച് പുനരുത്ഥാന നാളിൽ അവരോട് ചോദിക്കപ്പെടുന്നതായിരിക്കും."

ഉയിർത്തെഴുന്നേൽപ്പു ദിനത്തിന്റെ സവിശേഷതയിലൊന്നായി, ഓരോരുത്തരുടേയും പ്രവർത്തികൾക്കനുസരിച്ചുള്ള പ്രതിഫലം അത് നന്മയുടേതായാലും തിന്മയുടേതായാലും അന്നായിരിക്കും ലഭിക്കുകയെന്ന് ഇതിനു മുമ്പുതന്നെ പ്രസ്താവിച്ചുവല്ലൊ. ഈ ദിനത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ജീവിതം തന്നെ നൽകിയിരിക്കുന്നത് എന്നാണ് അല്ലാഹു പറഞ്ഞു തന്നിട്ടുള്ളത്. ഈ ദിനത്തെ അവഗണിച്ച് തന്നിഷ്ടപ്രകാരം ജീവിക്കുന്നവർ ആ ദിനം ദു:ഖിക്കേണ്ടി വരുന്നതും യാതൊരു വിധത്തിലുള്ള പ്രായശ്ചിത്തവും കൊണ്ട് അന്നനുഭവിക്കേണ്ടി വരുന്ന വേദനയെ അകറ്റാൻ സാധിക്കാത്തതുമായിരിക്കും.

ഉയിർത്തെഴുന്നേൽപ്പ് വളരെ അകലെയായി മനുഷ്യർക്ക് തോന്നാമെങ്കിലും ദൈവം അത് വളരെ അടുത്തായി കാണുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽനിന്ന് സമയമെന്നത് സൃഷ്ടിയാണെന്നും മനുഷ്യനുണ്ടാവുന്ന ഒരു തോന്നലാണ് അതെന്നും ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്.

إِنَّهُمْ يَرَوْنَهُ بَعِيدًا ۝ وَنَرَاهُ قَرِيبًا ۝

70:07–08 "തീർച്ചയായും അവരതിനെ വിദൂരമാണെന്ന് കരുതുന്നു. എന്നാൽ നാം അതിനെ സമീപസ്ഥമായി കാണുന്നു."

പാശ്ചാതാപത്തിന്റെ വാതിൽ മരണത്തോടെ അടഞ്ഞു പോകുന്നുവെങ്കിലും ശുപാർശയിലൂടെ മോക്ഷം ലഭിക്കുവാനുള്ള അർഹത പുനരുത്ഥാന നാളിൽ ലഭ്യമാകുന്നതാണ്. എന്നാൽ ശുപാർശകനും ശുപാർശ പറയപ്പെടുന്ന ആൾക്കും ദൈവത്തിന്റെ അനുവാദം കിട്ടിയെങ്കിൽ മാത്രമേ അതിനു സാധിക്കുകയുള്ളൂ.

يَوْمَ يَأْتِ لَا تَكَلَّمُ نَفْسٌ إِلَّا بِإِذْنِهِۦ ۚ فَمِنْهُمْ شَقِيٌّ وَسَعِيدٌ ۝

11:106– "അത് വരുന്ന നാളിൽ ഒരു ആത്മാവും അവന്റെ അനുമതി കൂടാതെ സംസാരിക്കുകയില്ല. അവരിൽ ചിലർ ദൗർഭാഗ്യവാൻമാരും മറ്റു ചിലർ സൗഭാഗ്യവാൻമാരുമായിരിക്കും."

لَّا يَمْلِكُونَ ٱلشَّفَـٰعَةَ إِلَّا مَنِ ٱتَّخَذَ عِندَ ٱلرَّحْمَـٰنِ عَهْدًا ۝

19:88– "(അന്ന്) റഹ്മാനായ (അല്ലാഹു)വിന്റെ അടുക്കൽ നിന്ന് (മുൻ കൂട്ടി) കരാർ വാങ്ങിയവരല്ലാതെ ശുപാർശ ചെയ്യാൻ (മറ്റാർക്കും) അധി കാരമുണ്ടായിരിക്കുകയില്ല."

വിശ്വാസികൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന ദിവസമായിരിക്കും അത്. ഈ ലോത്തുള്ള എല്ലാം തന്നെ അല്ലാഹു വിശ്വാസികൾക്കു വേ ണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെങ്കിലും, ദൈവനിഷേധികളേയും അവിശ്വാ സികളേയും അതിൽ പങ്കുചേരുവാൻ അനുവദിച്ചിരിക്കുകയാണ്. എന്നാ ൽ പുനരുത്ഥാന ദിനം അല്ലാഹുവിന്റെ സുന്ദര വസ്തുക്കളും നല്ല ഭക്ഷ ണവും വിശ്വാസികൾക്ക് പ്രത്യേകമായി ലഭിക്കുന്നതായിരിക്കും. അവി ശ്വാസികൾക്ക് അത് ലഭ്യമല്ലാതായിത്തീരുകയും ചെയ്യും."

وَقُلْ مَنْ حَرَّمَ زِينَةَ ٱللَّهِ ٱلَّتِىٓ أَخْرَجَ لِعِبَادِهِۦ وَٱلطَّيِّبَـٰتِ مِنَ ٱلرِّزْقِ ۚ قُلْ هِىَ لِلَّذِينَ ءَامَنُوا۟ فِى ٱلْحَيَوٰةِ ٱلدُّنْيَا خَالِصَةً يَوْمَ ٱلْقِيَـٰمَةِ ۗ كَذَٰلِكَ نُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ ۝

7:33– "പറയുക: 'അല്ലാഹു തന്റെ ദാസർക്കുവേണ്ടി ഉല്പാദിപ്പിച്ചിരി ക്കുന്ന അലങ്കാര വസ്തുക്കളെയും ആഹാരങ്ങളിൽ നിന്നുള്ള നല്ല വിഭവങ്ങളെയും നിഷിദ്ധമാക്കിയതാരാണ്?' പറയുക, '(യഥാർഥത്തിൽ) ഐഹികജീവിതത്തിൽ സത്യവിശ്വാസികൾക്കുള്ളതാണ് അത്. അന്ത്യ നാളിൽ അത് അവർക്ക് പ്രത്യേകമായി ഉള്ളതുമായിരിക്കും'. ഇപ്രകാരം അറിയുന്ന ജനങ്ങൾക്കു വേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിവരിക്കുന്നു."
വിശ്വാസികൾ അന്ന് ആഹ്ലാദഭരിതരും പദവിയിൽ ഉയിർന്നവരും ആയി രിക്കുന്നതാണ്.

زُيِّنَ لِلَّذِينَ كَفَرُوا۟ ٱلْحَيَوٰةُ ٱلدُّنْيَا وَيَسْخَرُونَ مِنَ ٱلَّذِينَ ءَامَنُوا۟ ۘ وَٱلَّذِينَ ٱتَّقَوْا۟ فَوْقَهُمْ يَوْمَ ٱلْقِيَـٰمَةِ ۗ وَٱللَّهُ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ ۝

2:213–"അവിശ്വാസികൾക്ക് ഇഹലോക ജീവിതം ആകർഷകമായി കാണി ക്കപ്പെട്ടിരിക്കുന്നു. വിശ്വാസികളെ അവർ പരിഹസിക്കുകയും ചെയ്യുന്നു.

എന്നാൽ, സൂക്ഷ്മത പാലിക്കുന്നവരാകട്ടെ പുനരുത്ഥാനനാളിൽ അവരുടെ മേലെയായിരിക്കും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ (അനുഗ്രഹങ്ങൾ) നല്കുന്നു."

قَالَ ٱللَّهُ هَٰذَا يَوۡمُ يَنفَعُ ٱلصَّٰدِقِينَ صِدۡقُهُمۡۚ لَهُمۡ جَنَّٰتٞ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ
خَٰلِدِينَ فِيهَآ أَبَدٗاۚ رَّضِيَ ٱللَّهُ عَنۡهُمۡ وَرَضُواْ عَنۡهُۚ ذَٰلِكَ ٱلۡفَوۡزُ ٱلۡعَظِيمُ ١١٩

5:120– "അല്ലാഹു പറയും, ഇത് സത്യവാൻമാർക്ക് അവരുടെ സത്യം പ്രയോജനപ്പെടുന്ന നാളാണ്. അവർക്ക് താഴോരത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ഉദ്യാനങ്ങൾ ഉണ്ട്. അവർ അതിൽ എന്നും നിവസിക്കുന്നവരായിരിക്കും. അല്ലാഹു അവരെക്കുറിച്ച് സംതൃപ്തനായിരിക്കുന്നു; അവർ അവനെക്കുറിച്ചും സംതൃപ്തനായിരിക്കുന്നു; അതാണ് മഹത്തായ വിജയം."

ٱنظُرۡ كَيۡفَ فَضَّلۡنَا بَعۡضَهُمۡ عَلَىٰ بَعۡضٖۚ وَلَلۡأٓخِرَةُ أَكۡبَرُ دَرَجَٰتٖ وَأَكۡبَرُ تَفۡضِيلٗا ٢١

17:22– "അവരിൽ ചിലരെ ചിലർക്കുപരി നാം മെച്ചപ്പെടുത്തിയത് എങ്ങനെയെന്ന് നോക്കുക. തീർച്ചയായും പരലോകം പദവികളിലും മേന്മയിലും മഹത്തരമായതാകുന്നു."

لَا يَحۡزُنُهُمُ ٱلۡفَزَعُ ٱلۡأَكۡبَرُ وَتَتَلَقَّىٰهُمُ ٱلۡمَلَٰٓئِكَةُ هَٰذَا يَوۡمُكُمُ ٱلَّذِي كُنتُمۡ تُوعَدُونَ ١٠٣

21:104– "മഹാഭീതി അവരെ വിഷമിപ്പിക്കുകയില്ല. മലക്കുകൾ അവരെ സ്വാഗതം ചെയ്യും. (അവർ പറയും,) നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന നാളാണിത്."

يَوۡمَ تَرَى ٱلۡمُؤۡمِنِينَ وَٱلۡمُؤۡمِنَٰتِ يَسۡعَىٰ نُورُهُم بَيۡنَ أَيۡدِيهِمۡ وَبِأَيۡمَٰنِهِم بُشۡرَىٰكُمُ ٱلۡيَوۡمَ
جَنَّٰتٞ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ ذَٰلِكَ هُوَ ٱلۡفَوۡزُ ٱلۡعَظِيمُ ١٢

57:13– "വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളേയും അവരുടെ പ്രകാശം അവരുടെ മുമ്പിലും അവരുടെ വലതു കൈകളിലും പ്രവഹിക്കുന്നതായി നീ കാണുന്ന ദിനം. (അവരോട് പറയപ്പെടും) ഇന്ന് നിങ്ങൾക്ക് അനുമോദനം താഴോരത്തുകൂടി അരുവികളൊഴുകിക്കൊണ്ടിരിക്കുന്ന ആരാമങ്ങൾ നിങ്ങൾക്കുണ്ട്. അതിൽ (നിങ്ങൾ) ശാശ്വതമായി വസിക്കുന്നവരാണ്. അത് തന്നെയാണ് മഹത്തായ വിജയം."

വിശ്വാസികളിൽ നിന്നും വിപരീതമായ ഒരവസ്ഥയിലായിരിക്കും അവിശ്വാസികൾ ഉയിർത്തെഴുന്നേൽക്കുന്നത്. അവർ അല്ലാഹുവിന്റെ ദൃഷ്

ടാന്തങ്ങൾക്കെതിരെ അന്ധരും മൂകരും ആയ നിലയിൽ ഈ ലോകത്ത് ജീവിതം നയിച്ചതിനാൽ അവർ ഉയിർത്തെഴുന്നേൽക്കുന്നതും ആ രീതിയിൽ തന്നെയായിരിക്കും.

وَمَن كَانَ فِي هَٰذِهِۦٓ أَعۡمَىٰ فَهُوَ فِي ٱلۡأٓخِرَةِ أَعۡمَىٰ وَأَضَلُّ سَبِيلٗا ۝

17:73- "വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല, കൂടുതൽ വഴിപിഴച്ചവനുമായിരിക്കും."

وَنَحۡشُرُهُمۡ يَوۡمَ ٱلۡقِيَٰمَةِ عَلَىٰ وُجُوهِهِمۡ عُمۡيٗا وَبُكۡمٗا وَصُمّٗاۖ مَّأۡوَىٰهُمۡ جَهَنَّمُۖ

17:98- "....പുനരുത്ഥാനനാളിൽ നാം അവരെ അവരുടെ മുഖങ്ങളിൽ അന്ധരും മൂകരും ബധിരരുമായി ഒരുമിച്ചു കൂട്ടുന്നതാണ്. "

وَمَنۡ أَعۡرَضَ عَن ذِكۡرِي فَإِنَّ لَهُۥ مَعِيشَةٗ ضَنكٗا وَنَحۡشُرُهُۥ يَوۡمَ ٱلۡقِيَٰمَةِ أَعۡمَىٰ ۝

قَالَ رَبِّ لِمَ حَشَرۡتَنِيٓ أَعۡمَىٰ وَقَدۡ كُنتُ بَصِيرٗا ۝

قَالَ كَذَٰلِكَ أَتَتۡكَ ءَايَٰتُنَا فَنَسِيتَهَاۖ وَكَذَٰلِكَ ٱلۡيَوۡمَ تُنسَىٰ ۝

20:125-127 "ഏതൊരാൾ എന്റെ ഉൽബോധനത്തിൽ നിന്ന് മുഖം തിരിച്ചുകളയുന്നവോ തീർച്ചയായും അവന് ഇടുങ്ങിയ ജീവിതമാണ് ഉണ്ടാവുക. നാം അവനെ പുനരുത്ഥാനനാളിൽ അന്ധനായി എഴുന്നേല്പിക്കുന്നതുമാണ്. അവൻ പറയും: എന്റെ രക്ഷിതാവേ ഞാൻ കാഴ്ചയുള്ളവനായിരിക്കേ എന്തിന് അന്ധനായിട്ട് എന്നെ നീ ഉയിർത്തി? അല്ലാഹു പറയും: ഇപ്രകാരം നിന്റെ സന്ദേശങ്ങൾ നിന്റെ അടുത്തു വന്നു. എന്നാൽ അവയെ നീ വിസ്മരിച്ചു. ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു."

അവിശ്വാസികൾ അന്ധരും മൂകരും ബധിരരുമായിരുക്കുമെങ്കിലും പരലോകത്ത് നടക്കുന്ന കാര്യങ്ങളും അവയുടെ കാരണങ്ങളും അവർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണെന്ന് വിശുദ്ധ ഖുർആനിൽ ദൈവം പറയുകയും ചെയ്യുന്നു.

أَسۡمِعۡ بِهِمۡ وَأَبۡصِرۡ يَوۡمَ يَأۡتُونَنَا لَٰكِنِ ٱلظَّٰلِمُونَ ٱلۡيَوۡمَ فِي ضَلَٰلٖ مُّبِينٖ ۝

19:39- "അവർ നമ്മുടെ സന്നിധിയിൽ ഹാജരാകുന്ന നാളിൽ അവരുടെ കേൾവിയും കാഴ്ചയും എന്തുമാത്രം ശക്തിയുള്ളതായിരിക്കും! പക്ഷേ, ഇന്നേദിവസം അക്രമികൾ പ്രത്യക്ഷമായ വഴികേടിൽ കുടുങ്ങിയിരിക്കു

കയാണ്.”

لَّقَدْ كُنتَ فِي غَفْلَةٍ مِّنْ هَـٰذَا فَكَشَفْنَا عَنكَ غِطَآءَكَ فَبَصَرُكَ ٱلْيَوْمَ حَدِيدٌ ۝

50:23– “(നാം പറയും,) “നീ ഇതിനെക്കുറിച്ച് അശ്രദ്ധയിലായിരുന്നുവ ല്ലോ. ഇപ്പോൾ നിന്നിൽ നിന്നു നിന്റെ മറ (മുഖാവരണം) നാം നിക്കിയി രിക്കുന്നു. അതിനാൽ ഇന്ന് നിന്റെ ദൃഷ്ടി നല്ലവണ്ണം തീക്ഷ്ണമാണ്.”

അവിശ്വാസികൾ അന്ന് ദു:ഖിതരും നിരാശമൂകരും അപമാനം കൊണ്ട് മൂടപ്പെട്ടവരും ആയിരിക്കും. അവരന്ന് ചങ്ങലകളിൽ ബന്ധിതരും ആയി രിക്കും. ഈ ചങ്ങല നാം ഇവിടെ വെച്ച് കാണുന്ന ചങ്ങല പോലെയാ യിരിക്കണമെന്നില്ല.

وَتَرَى ٱلْمُجْرِمِينَ يَوْمَئِذٍ مُّقَرَّنِينَ فِي ٱلْأَصْفَادِ ۝

14:50– “അന്നാളിൽ കുറ്റവാളികളെ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടവരായി നിനക്കു കാണാം.”

سَرَابِيلُهُم مِّن قَطِرَانٍ وَتَغْشَىٰ وُجُوهَهُمُ ٱلنَّارُ ۝

14:51– “അവരുടെ കുപ്പായങ്ങൾ താറുകൊണ്ടുള്ളതായിരിക്കും. അഗ്നി അവരുടെ മുഖങ്ങളെ മൂടുകയും ചെയ്യുന്നതാണ്.”

അവശ്വാസികൾ ദൈവത്തെ ധിക്കരിക്കുകയും ഇവിടെ വെച്ച് ദൈവത്തി ന് സാഷ്ടാംഗം പ്രണമിക്കുവാൻ കൂട്ടാക്കുകയും ചെയ്യാത്തതിനാൽ പുന രുത്ഥാന ദിനം ദൈവം അവന്റെ സൃഷ്ടികൾക്കു മുമ്പിൽ പ്രത്യക്ഷപ്പെ ടുന്ന ദിനം എല്ലാ വിശ്വാസികളും ദൈവത്തിനു മുമ്പിൽ കുമ്പിടുന്ന നേരം അവിശ്വാസികൾക്കു അതിനു സാധിക്കാതെ വരുന്നതും അങ്ങനെ അവർ എളിമയിൽ ആയിത്തീരുന്നതുമാണ്. അവിശ്വാസികൾ അനുഭവി ക്കേണ്ടി വരുന്ന അപമാനത്തിന്റെ മൂർധന്യാവസ്ഥയാണ് ഇതെന്ന് മന സ്സിലാക്കുവാൻ സാധിക്കുന്നതാണ്.

يَوْمَ يُكْشَفُ عَن سَاقٍ وَيُدْعَوْنَ إِلَى ٱلسُّجُودِ فَلَا يَسْتَطِيعُونَ ۝ خَـٰشِعَةً أَبْصَـٰرُهُمْ

تَرْهَقُهُمْ ذِلَّةٌ ۖ وَقَدْ كَانُوا۟ يُدْعَوْنَ إِلَى ٱلسُّجُودِ وَهُمْ سَـٰلِمُونَ ۝

68:43–44 “കടുത്ത പരിഭ്രമാവസ്ഥ നേരിടുകയും സാഷ്ടാംഗം പ്രണമി ക്കാൻ അവർ വിളിക്കപ്പെടുകയും ചെയ്യുന്ന നാളിൽ, അപ്പോൾ അതിന വർക്ക് സാധ്യമാവുകയില്ല. അവരുടെ ദൃഷ്ടികൾ ഭയനമ്രങ്ങളായിരിക്കും. അപമാനം അവരെ ആവരണം ചെയ്തിരിക്കും. അവർ സുരക്ഷിതരായി രുന്നപ്പോൾ സാഷ്ടാംഗപ്രണാമത്തിലേക്ക് അവർ വിളിക്കപ്പെടാറുണ്ടാ യിരുന്ന. (അപ്പോൾ അവർ അത് ചെയ്തിരുന്നില്ല).”

അല്ലാഹു നമ്മെയെല്ലാവരേയും അന്നേ ദിവസം പരിഭ്രമാവസ്ഥയിൽ നിന്നു രക്ഷിക്കുകയും വലതു കൈയിൽ ഗ്രന്ഥം നൽകി എഴുന്നേല്പിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

****

38 സ്വർഗ്ഗവും സ്വർഗ്ഗവാസികളും.

സ്വർഗ്ഗം സമാധാനത്തിന്റെ ഭവനമാകുന്നു. ഈ ലോകത്ത് വെച്ച് ആത്മാവ് നേടിയെടുക്കുന്ന സമാധാന നിർവൃതിയോടു കൂടി സ്വർഗ്ഗീയാനന്ദം ഈ ലോകത്തു വെച്ചുതന്നെ മനസ്സിൽ അലയടിച്ച് തുടങ്ങുന്നതാണ്. മനുഷ്യന്റെ എല്ലാ ദു:ഖങ്ങളും നീങ്ങിപ്പോകുന്ന അവസ്ഥ മനുഷ്യനു വന്നു ചേരുന്നതോടു കൂടിയാണ് ആത്മാവ് സമാധാനത്തിന്റേയും നിർവൃതിയുടേയും ആനന്ദമൂർച്ഛ അനുഭവിക്കുവാൻ തുടങ്ങുന്നത്. ഈ ആനന്ദമൂർച്ഛ അവനു ലഭ്യമാകുന്നത് തന്റെ എല്ലാ ദു:ഖങ്ങളും ദൈവം ഏറ്റെടുത്തിരിക്കുകയാണെന്നും ഏതു വിഷമഘട്ടത്തിൽ നിന്നും ദൈവം തന്നെ രക്ഷിക്കുന്നതാണെന്നും ഉള്ള അനുഭവ ജ്ഞാനം നേടിയെടക്കുമ്പോഴാണ്. ഈ അനുഭവ ജ്ഞാനത്തിന് സൽക്കർമ്മങ്ങൾ അനിവാര്യമാകുന്നു. സൽക്കർമ്മങ്ങളിൽ കൂടി മാത്രമെ ദൈവത്തെ കണ്ടെത്തുവാൻ സാധിക്കുകയുള്ളു. അങ്ങനെ അവൻ ചെയ്യുന്ന സൽകർമ്മങ്ങൾ ദൈവസന്നിധിയിൽ സ്വീകാര്യമായി തുടങ്ങുമ്പോൾ ദൈവം അവനെ സ്വീകരിക്കുന്നു എന്ന നിലയിൽ ദൈവത്തിൽ നിന്നും അവന് സ്വപ്നങ്ങളും ദർശനങ്ങളും വെളിപാടുകളും ലഭിച്ചു കൊണ്ടിരിക്കുന്നു. ഈ അറിയിപ്പുകൾ തുടർന്നു പോകുകയും അങ്ങനെ അവന്റെ കർമ്മങ്ങൾ ഒരു നിശ്ചിതഘട്ടത്തിൽ എത്തുമ്പോൾ ദൈവം ഉണ്ടാക്കിവെച്ചിരിക്കുന്ന പൂന്തോപ്പുകൾ ദർശനങ്ങളിൽ കൂടി അവന് കാണിച്ചു കൊടുക്കുന്നു. അങ്ങനെ ഈ നിമിഷത്തോടു കൂടി അവന്റെ ആത്മാവ് നിർവൃതിയടയുകയും അലൗകീകമായ ഒരാനന്ദത്തിലേക്ക് അവൻ ആനയിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ സ്വർഗ്ഗവാസി ഈ ലോകത്തു വെച്ചു തന്നെ അനുഭവിക്കുന്ന ആത്മീയാനന്ദം അതനുഭവിക്കാത്തവർക്ക് തിരിച്ചറിയുവാൻ സാധിക്കുന്നതല്ല. മരണാനന്തരം ദൈവം അവന് ഒരുക്കിവെച്ച സ്വർഗ്ഗം അവൻ പൂർണ്ണ രൂപത്തിൽ കാണുകയും അതിൽ പ്രവേശിക്കുകയും ചെയ്യുന്നു. സൽകർമ്മങ്ങളിൽ കൂടി നേടിയെടുക്കുന്ന ആത്മീയനിർവൃതിയാണ് സ്വർഗ്ഗീയ സുഖത്തിന്റെ ആരംഭം കുറിക്കുന്നത്. സൽക്കർമ്മങ്ങൾ ചെയ്യാത്തവർക്ക് അതിന്റെ സുഖം നിഷിദ്ധമാക്കപ്പെട്ടിരിക്കുകയാണ്. ദൈവം നല്ല ഉദ്ദേശ്യത്തോടു കൂടിയാണ് മനുഷ്യന് അവന്റെ ജീവിതം ഒരു പാരിതോഷികമായി നൽകിയിരിക്കുന്നത്. ഈ പാരിതോഷികം പരിശുദ്ധമായി സൂക്ഷിച്ചു കൊണ്ട് ദൈവത്തിന്റെ സ്വർഗ്ഗീയോദ്യാനത്തിലേക്ക് കയറിച്ചെല്ലുവാൻ ദൈവം മനുഷ്യരാശിയെ ഒന്നടങ്കം ആഹ്വാനം ചെയ്തിരിക്കുന്നു. ഈ ആഹ്വാനത്തിൽ നിന്നും ജീവിതത്തിനു പിറകിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം എത്രമാത്രം മഹനീയവും കരുണാമയമാണെന്നും നിർവ്വചിക്കുവാൻ വാക്കുകൾക്ക് സാധിക്കുകയില്ലതന്നെ. ഈ ഉദ്ദേശ്യം മനസ്സിലാക്കാതെ ധിക്കാരപരമായി ദൈവത്തിൽ നിന്നും

അകന്നു പോകുന്നവരെക്കുറിച്ച് ഹാ കഷ്ടം, നിങ്ങൾ എത്ര ബുദ്ധീഹീനർ എന്ന് വ്യാകുലപ്പെടാനല്ലാതെ സാധിക്കുന്നില്ല.

അല്ലാഹു ഓരോരുത്തർക്കും ജീവിതം നൽകിയിരിക്കുന്നത് അവരെ സ്വർഗ്ഗീയ സുഖം ആസ്വദിപ്പിക്കുവാനാണെന്ന് വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തിയിരിക്കുകയാണ്. അല്ലാഹു എല്ലാവരേയും ക്ഷണിക്കുന്നത് അവന്റെ സ്വർഗ്ഗത്തിലേക്കാണ്. ഈ സ്വർഗ്ഗം ആകാശഭൂമിയേക്കാൾ വിസ്തൃവുമാകുന്നു.

وَٱللَّهُ يَدۡعُوٓاْ إِلَىٰ ٱلۡجَنَّةِ وَٱلۡمَغۡفِرَةِ بِإِذۡنِهِۦۖ وَيُبَيِّنُ ءَايَٰتِهِۦ لِلنَّاسِ لَعَلَّهُمۡ يَتَذَكَّرُونَ ٢٢٢

2:222– "...അല്ലാഹു സ്വർഗ്ഗത്തിലേക്കും അവന്റെ അനുമതിയോടെ പാപമുക്തിയിലേക്കും ക്ഷണിക്കുന്നു. അവന്റെ സന്ദേശങ്ങളെ അവൻ മനുഷ്യർക്ക് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുന്നു. അവർ ഓർമ്മിക്കുവാൻ വേണ്ടി."

وَسَارِعُوٓاْ إِلَىٰ مَغۡفِرَةٖ مِّن رَّبِّكُمۡ وَجَنَّةٍ عَرۡضُهَا ٱلسَّمَٰوَٰتُ وَٱلۡأَرۡضُ أُعِدَّتۡ لِلۡمُتَّقِينَ ١٣٤

3:134– "നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള പാപമോചനത്തിലേക്കും ആകാശഭൂമിയോളം വിസ്ത്രിതിയുള്ള ഒരുദ്യാനത്തിലേക്കും നിങ്ങൾ ഓടിമുന്നേറുവിൻ. അത് ദൈവത്തെ ഭയപ്പെടുന്നവർക്കായി ഒരുക്കിയിരിക്കുന്നു."

ജീവിതം സ്വർഗ്ഗീയാനന്ദം അനുഭവിക്കുവാൻ വേണ്ടി പാരിതോഷികമായി നൽകിയിരിക്കുകയാണല്ലോ. എന്നാൽ സ്വർഗ്ഗം പാരിതോഷികമായല്ല ലഭിക്കുന്നത്. അതിനു വേണ്ടി മനുഷ്യർ ത്യാഗങ്ങൾ അനുഷ്ടിക്കുവാൻ സന്നദ്ധനാകേണ്ടതാണ്. അങ്ങനെ ത്യാഗങ്ങൾ അനുഷ്ടിച്ചു കൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്നതിന്റെ ഫലമാണ് സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കുന്നതിന് അർഹരായിത്തീരുന്നതെന്നാണ് ദൈവം അറിയിച്ചിരിക്കുന്നത്.

لَهُمۡ دَارُ ٱلسَّلَٰمِ عِندَ رَبِّهِمۡۖ وَهُوَ وَلِيُّهُم بِمَا كَانُواْ يَعۡمَلُونَ ١٢٨

6:128– "അവർക്ക് തന്റെ സാഥന്റെ സന്നിധിയിൽ സമാധാനത്തിന്റെ വീടുണ്ട്. അവൻ അവരുടെ രക്ഷാധികാരിയുമായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതു കാരണമായി."

وَنُودُوٓاْ أَن تِلۡكُمُ ٱلۡجَنَّةُ أُورِثۡتُمُوهَا بِمَا كُنتُمۡ تَعۡمَلُونَ ٤٣

7:44– "...അവരോട് വിളിച്ച് പറയപ്പെടും. ഇതാണ് സ്വർഗ്ഗം. നിങ്ങൾ പ്രവർത്തിച്ചത് കാരണം നിങ്ങൾ അതിന്റെ അവകാശികളായിരിക്കുന്നു."

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ يَهۡدِيهِمۡ رَبُّهُم
بِإِيمَٰنِهِمۡۖ تَجۡرِي مِن تَحۡتِهِمُ ٱلۡأَنۡهَٰرُ فِي جَنَّٰتِ ٱلنَّعِيمِ ۝

10:10– "വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ അവരുടെ വിശ്വാസം മൂലം അവരുടെ നാഥൻ വഴി കാട്ടുന്നതാണ്. അവരുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന ആനന്ദസ്വർഗ്ഗത്തിലേക്ക്."

وَمَن يَأۡتِهِۦ مُؤۡمِنٗا قَدۡ عَمِلَ ٱلصَّٰلِحَٰتِ فَأُوْلَٰٓئِكَ لَهُمُ ٱلدَّرَجَٰتُ ٱلۡعُلَىٰ ۝ جَنَّٰتُ
عَدۡنٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ وَذَٰلِكَ جَزَٰٓؤُاْ مَن تَزَكَّىٰ ۝

20:76–77 "സത്യ വിശ്വാസിയായി അവന്റെയടുത്ത് വരുന്നത് ആരാണോ –അവൻ സൽകർമ്മങ്ങൾ ചെയ്തിട്ടുമുണ്ട്, അങ്ങനെയുള്ളവർക്ക് ഉത്തമമായ പദവികൾ ഉണ്ട്. നിത്യനിവാസ തോട്ടങ്ങൾ. അവയുടെ താഴെ അരുവികൾ ഒഴുകുന്നു. അതിലവർ പാർക്കുകയായി. അതാണ് പരിശുദ്ധി നേടിയവന്റെ പ്രതിഫലം."

أَمَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ فَلَهُمۡ جَنَّٰتُ ٱلۡمَأۡوَىٰ نُزُلَۢا بِمَا كَانُواْ يَعۡمَلُونَ ۝

32:20– "വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാണെങ്കിൽ അവർക്ക് നിവാസോദ്യാനങ്ങൾ ഉണ്ട്. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനുള്ള ഒരു സൽക്കാരവിഭവമായി."

أُوْلَٰٓئِكَ أَصۡحَٰبُ ٱلۡجَنَّةِ خَٰلِدِينَ فِيهَا جَزَآءُۢ بِمَا كَانُواْ يَعۡمَلُونَ ۝

46:15– "അവർ സ്വർഗ്ഗ വാസികൾ അത്രേ. അതിലവർ വസിക്കും. അവർ പ്രവർത്തിച്ചിരുന്നതിന് ഒരു പ്രതിഫലമായി."

كُلُواْ وَٱشۡرَبُواْ هَنِيٓـَٔۢا بِمَآ أَسۡلَفۡتُمۡ فِي ٱلۡأَيَّامِ ٱلۡخَالِيَةِ ۝

69:25– "കഴിഞ്ഞു പോയ നാളുകളിൽ നിങ്ങൾ മുൻകൂട്ടി ചെയ്തു വെച്ചത് കാരണമായി നിങ്ങൾ സന്തോഷത്തോടെ തിന്നുകയും കുടിക്കുകയും ചെയ്യുവിൻ."

ദൈവാധീനമില്ലാതെ മനുഷ്യന്റെ പ്രയത്നഫലം കൊണ്ടു മാത്രം മഹനീയ കാര്യങ്ങൾ നേടിയെടുക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടു തന്നെ സ്വർഗ്ഗപ്രാപ്തിക്ക് വേണ്ടിയും ദൈവത്തോടു പ്രാർത്ഥിച്ചു കൊണ്ടിരിക്കേണ്ടതാണ്.

സ്വർഗ്ഗത്തിലേക്കുള്ള കവാടം ദൈവം ഏകനാണ്, അവനല്ലാതെ ആരാധ്യനില്ല എന്ന സത്യം മനസ്സിലാക്കുന്നതിലൂടെയാണ് തുറക്കപ്പെടുന്നത്. ഈ വസ്തുത മനുഷ്യൻ ഗ്രഹിച്ചു തുടങ്ങുമ്പോൾ, ദൈവപ്രീതിക്കു വേണ്ടി എല്ലാവിധത്തിലുമുള്ള സൽക്കർമ്മങ്ങൾ ചെയ്യുവാനുള്ള അവസരം അവന് ലഭ്യമായിത്തീരുന്നു. അങ്ങനെ അവന് സ്വർഗ്ഗം ലഭിക്കുകയും ചെയ്യുന്നു.

كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِي ٱلسَّمَآءِ ۝

تُؤْتِيٓ أُكُلَهَا كُلَّ حِينٍۭ بِإِذْنِ رَبِّهَا ۗ وَيَضْرِبُ ٱللَّهُ ٱلْأَمْثَالَ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ۝

14:25–26 "...പരിശുദ്ധവചനം ഒരു പരിശുദ്ധ വൃക്ഷത്തെ പോലെയാണ്. അതിന്റെ വേര് ഉറച്ചതാണ്. അതിന്റെ ശാഖകൾ ആകാശത്തിൽ എത്തി നിൽക്കുന്നു. അതിന്റെ രക്ഷിതാവിന്റെ അനുമതിയിൽ എക്കാലത്തും അതിന്റെ ഫലം അത് തരികയായി. മനുഷ്യർക്കായി അല്ലാഹു ഉപമകൾ പ്രയോഗിക്കുകയാണ്. അവർ ഓർമ്മിക്കുന്നതിനു വേണ്ടി."

യഥാർത്ഥത്തിൽ ദൈവത്തെ അനുസരിക്കുന്നവന് ദൈവം നിയോഗിച്ചയക്കുന്ന പ്രവാചകനെ അനുസരിക്കാതിരിക്കുവാൻ സാധിക്കുകയില്ല. പ്രവാചകന്മാരിൽ കൂടിയാണ് ദൈവീക പ്രകാശം ഭൂമിയിൽ വിളയാടുന്നത്. അതുകൊണ്ടു തന്നെ പ്രവാചകന്മാരെ ധിക്കരിക്കുന്നവർക്ക് സ്വർഗ്ഗത്തിലേക്ക് എത്തിച്ചേരുവാനും സാധിക്കുന്നതല്ല.

وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ يُدْخِلْهُ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ

خَٰلِدِينَ فِيهَا ۚ وَذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ۝

4:14– "...ആർ അല്ലാഹുവിനേയും അവന്റെ പ്രവാചകനേയും അനുസരിക്കുന്നുവോ, (അല്ലാഹു) അവനെ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്നതായ തോട്ടങ്ങളിൽ പ്രവേശിപ്പിക്കും. അതിലവർ പാർക്കുകയായി. അതത്രേ മഹത്തായ നേട്ടം."

സത്യവിശ്വാസത്തിന്റെ പ്രകാശം ലഭിക്കാത്തവർ മരണശേഷം വരാനിരിക്കുന്ന ജീവിതത്തെക്കുറിച്ച് സംശയാലുക്കളായിരിക്കുന്നതാണ്. യാതൊരു ഉറപ്പും ലഭിക്കാത്ത ഒരു സ്വർഗ്ഗത്തിനു വേണ്ടി പ്രയാസ്സങ്ങൾ അനുഭവിക്കുന്നതിലുള്ള അനൗചിത്യം അവരെ നല്ല കർമ്മങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുകയില്ല. എന്നാൽ വിശുദ്ധ ഖുർആനിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സ്വർഗ്ഗം, ഈ ലോകത്ത് വെച്ച് കർമ്മങ്ങൾ ചെയ്തു കൊണ്ട് അതിന്റെ ആനന്ദം അനുഭവിക്കാൻ മരണ ശേഷം വരെ കാത്തു നിൽക്കുവാൻ ആവശ്യപ്പെടുന്ന രീതിയിലല്ല. വിശ്വസിച്ച് കൊണ്ട് കർമ്മങ്ങൾ

ചെയ്യുവാൻ ആരംഭിക്കുമ്പോൾ തന്നെ സ്വർഗ്ഗീയ സുഖത്തിന്റെ ശീതള ച്ഛായയും അനുഭവിച്ചു തുടങ്ങുന്നതാണ്. ഈ ലോകത്തു വെച്ചു തന്നെ സ്വർഗ്ഗീയ സുഖം ലഭിച്ചു തുടങ്ങുന്നതാണെന്ന് വിശുദ്ധ ഖുർആനിലുള്ള അനിഷേധ്യമായ അദ്ധ്യാപനമാകുന്നു.

وَبَشِّرِ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ أَنَّ لَهُمۡ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُۖ كُلَّمَا رُزِقُواْ مِنۡهَا مِن ثَمَرَةٖ رِّزۡقٗاۙ قَالُواْ هَٰذَا ٱلَّذِي رُزِقۡنَا مِن قَبۡلُۖ وَأُتُواْ بِهِۦ مُتَشَٰبِهٗاۖ وَلَهُمۡ فِيهَآ أَزۡوَٰجٞ مُّطَهَّرَةٞۖ وَهُمۡ فِيهَا خَٰلِدُونَ ٢٥

2:26– "വിശ്വസിക്കുകയും സൽകർമ്മങ്ങൽ പ്രവർത്തിക്കുകയും ചെയ്യുന്നവരെ സന്തോഷ വാർത്ത അറിയിക്കുക. താഴെ അരുവികൾ ഒഴുകുന്ന തോട്ടങ്ങൾ അവർക്കുണ്ട്. അതിലുള്ള കായ്കനികൾ ഭക്ഷണത്തിന് അവർക്ക് നൽകപ്പെടുമ്പോഴൊക്കെ അവർ പറയും: ഇത് മുമ്പും (ഭൗതീകലോകത്ത്) ഞങ്ങൾക്കു നൽകപ്പെട്ട ഒന്നാണ്. സാദൃശ്യമുള്ളത് അവർക്ക് നൽകപ്പെടും. അവർക്ക് അവിടെ പരിശുദ്ധരായ ഇണകളുണ്ട്. അവർ അതിൽ വസിക്കുകയായി."

يُبَشِّرُهُمۡ رَبُّهُم بِرَحۡمَةٖ مِّنۡهُ وَرِضۡوَٰنٖ وَجَنَّٰتٖ لَّهُمۡ فِيهَا نَعِيمٞ مُّقِيمٞ ٢١

9:22– "അവരുടെ രക്ഷിതാവ് തന്നിൽ നിന്നുള്ള കാരുണ്യത്തേയും തൃപ്തിയേയും സ്വർഗത്തേയും കുറിച്ച് അവരെ (വിശ്വാസികളെ, ഈ ലോകത്തുവെച്ച്) സന്തോഷ വാർത്ത അറിയിക്കുന്നു. അവയിൽ അവർക്ക് സ്ഥായിയായ സുഖാനുഭൂതികൾ ഉണ്ടായിരിക്കും."

ٱلَّذِينَ تَتَوَفَّىٰهُمُ ٱلۡمَلَٰٓئِكَةُ طَيِّبِينَۙ يَقُولُونَ سَلَٰمٌ عَلَيۡكُمُ ٱدۡخُلُواْ ٱلۡجَنَّةَ بِمَا كُنتُمۡ تَعۡمَلُونَ ٣٢

16:33– "പരിശുദ്ധരായിരിക്കുന്നവരുടെ ജീവൻ മലക്കുകൾ എടുക്കുമ്പോൾ അവർ പറയും: നിങ്ങൾക്കു സമാധാനം. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതു കാരണമായി സ്വർഗ്ഗത്തിൽ പ്രവേശിക്കുവിൻ."

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسۡتَقَٰمُواْ تَتَنَزَّلُ عَلَيۡهِمُ ٱلۡمَلَٰٓئِكَةُ أَلَّا تَخَافُواْ وَلَا تَحۡزَنُواْ وَأَبۡشِرُواْ بِٱلۡجَنَّةِ ٱلَّتِي كُنتُمۡ تُوعَدُونَ ٣٠ نَحۡنُ أَوۡلِيَآؤُكُمۡ فِي ٱلۡحَيَوٰةِ ٱلدُّنۡيَا وَفِي ٱلۡأٓخِرَةِۖ وَلَكُمۡ فِيهَا مَا تَشۡتَهِيٓ أَنفُسُكُمۡ وَلَكُمۡ فِيهَا مَا تَدَّعُونَ ٣١

41:31–32 "ഞങ്ങളുടെ രക്ഷിതാവ് അല്ലാഹു ആണ് എന്നു പറയുകയും

എന്നിട്ട് അതിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നവരിൽ മലക്കുകൾ ഇറങ്ങി ചെല്ലുന്നതാണ്. നിങ്ങൾ ഭയപ്പെടുകയോ ദു:ഖിക്കുകയോ ചെയ്യേണ്ടതില്ല, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സ്വർഗത്തെക്കുറിച്ചുള്ള സന്തോഷ വാർത്ത കേട്ടുകൊള്ളുവിൻ എന്നു പറഞ്ഞു കൊണ്ട്. ഞങ്ങൾ ഈ ലോകജീവിതത്തിലും പരലോകത്തിലും നിങ്ങളുടെ സ്നേഹിതന്മാരാകുന്നു. നിങ്ങളുടെ ആത്മാക്കൾ ആഗ്രഹിക്കുന്നതെന്തും അതിൽ നിങ്ങൾക്ക് ലഭിക്കുന്നതാണ്. നിങ്ങൾ ചോദിക്കുന്നതെന്തും അതിൽ നിങ്ങൾക്ക് ലഭിക്കുന്നതാണ്."

وَلِمَنْ خَافَ مَقَامَ رَبِّهِۦ جَنَّتَانِ ۝

55:47– "തന്റെ രക്ഷിതാവിന്റെ സാമീപ്യത്തെ ഭയപ്പെടുന്നവന് രണ്ടു ഉദ്യാനങ്ങൾ ഉണ്ട്. (ഈ ലോകത്തിലും പരലോകത്തിലും.)"

إِنَّ ٱلْأَبْرَارَ يَشْرَبُونَ مِن كَأْسٍ كَانَ مِزَاجُهَا كَافُورًا ۝

عَيْنًا يَشْرَبُ بِهَا عِبَادُ ٱللَّهِ يُفَجِّرُونَهَا تَفْجِيرًا ۝

76:06–07 "തീർച്ചയായും സുകൃതവാന്മാർ ഒരു ചഷകത്തിൽ നിന്നും പാനം ചെയ്യുന്നതാണ്. അതിന്റെ ചേരുവ കർപൂരം ആയിരിക്കും. അല്ലാഹുവിന്റെ ദാസന്മാർ പാനം ചെയ്യുന്നതായ ഒരു സ്രോതസ്സാകുന്നു അത്. അവർ അതിനെ നല്ലപോലെ ഒഴുക്കുന്നതാണ്."

സ്വർഗ്ഗത്തിലെ അനുഭൂതികളെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ. മനുഷ്യന്റെ സങ്കൽപ്പങ്ങൾക്കനുസരിച്ച് മനസ്സിലാവുന്ന രീതിയിൽ പല കാര്യങ്ങളും വിവരിച്ചിരിക്കുകയാണ്. ഉദാഹരണമായി സ്വർഗ്ഗത്തിൽ തങ്കവും പട്ടും കസവും പവിഴവും മുത്തും കായ്കനികളും മാംസവും പാനീയങ്ങളും അരുവികളും തണലുകളും ഒക്കെ ഉണ്ടെന്ന് പറയുമ്പോൾ അതൊക്കെ നാം ഈ ലോകത്ത് കാണുന്ന വസ്തുക്കളെപ്പോലെയാണെന്ന് സങ്കൽപ്പിക്കുന്നത് മഠയത്തരമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹു തന്നെ പറഞ്ഞിരിക്കുന്നത്, അതിലെ അനുഭൂതികൾ ഒരു നയനവും ദർശിച്ചിട്ടില്ലെന്ന്. എങ്കിലും മനുഷ്യ മനസ്സുകൾക്ക് ഒരു ധാരണ ലഭിക്കുവാൻ വേണ്ടി സ്വർഗ്ഗത്തെക്കുറിച്ച് വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചിരിക്കുന്ന ചില കാര്യങ്ങൾ ഓരോന്നായി ഇവിടെ വിവരിക്കുകയാണ്.

മനുഷ്യന്റെ എല്ലാ ആഗ്രഹങ്ങളും സഫലമാകുന്ന ഒരവസ്ഥ, ഇച്ഛരിക്കുന്നതെല്ലാം ലഭിക്കുന്ന ഒരു ജീവിതം എല്ലാ മനുഷ്യരുടേയും മനസ്സിൽ തളം കെട്ടി നിൽക്കുന്നു. ഇങ്ങനെയൊരു ജീവിതം ലഭിക്കുകയില്ലെങ്കിൽ ദൈവം ഇതു പോലെയൊരു ആഗ്രഹം മനുഷ്യർക്ക് കൊടുക്കുമായിരുന്നില്ല. മനുഷ്യർ ഇച്ഛരിക്കുന്നതെന്തും ലഭിക്കുന്നത് സ്വർഗ്ഗത്തിൽ

വെച്ചായിരിക്കുമെന്ന് അല്ലാഹു അറിയിച്ചിരിക്കുകയാണ്.

لَهُمْ فِيهَا مَا يَشَآءُونَ ۚ

16:32–"....അവർ ഇച്ഛിക്കുന്നതെന്തും അതിൽ അവർക്കുണ്ടായിരിക്കും."

لَهُمْ فِيهَا فَـٰكِهَةٌ وَلَهُم مَّا يَدَّعُونَ ۝

36:58– "...അവർക്കവിടെ പഴങ്ങളും ചോദിക്കുന്നതെന്തും ഉണ്ടായിരിക്കുന്നതാണ്."

لَهُم مَّا يَشَآءُونَ عِندَ رَبِّهِمْ ۚ

42:23– "..... അവർ ഇച്ഛിക്കുന്നതെന്തും അവരുടെ നാഥനിൽ നിന്ന് അവർക്ക് ലഭിക്കുന്നതാണ്."

സ്വർഗ്ഗവാസികൾ പട്ടും കസവും ധരിക്കുന്നതും തങ്കവും പവിഴവും മുത്തും കൊണ്ടുള്ള ആഭരണങ്ങൾ അണിയുന്നതുമായിരിക്കും."

يُحَلَّوْنَ فِيهَا مِنْ أَسَاوِرَ مِن ذَهَبٍ وَيَلْبَسُونَ ثِيَابًا خُضْرًا مِّن سُندُسٍ وَإِسْتَبْرَقٍ

مُّتَّكِـِٔينَ فِيهَا عَلَى ٱلْأَرَآئِكِ ۚ نِعْمَ ٱلثَّوَابُ وَحَسُنَتْ مُرْتَفَقًا ۝

18:32– "...അതിൽ സ്വർണ്ണത്താലുള്ള കങ്കണങ്ങളാൽ അവർ അണിയിക്കപ്പെടും. പട്ടും കസവും കൊണ്ടുള്ള ഹരിത വസ്ത്രങ്ങൾ അവർ ധരിക്കുന്നതാണ്. അതിൽ മേത്തരം ശയ്യകളിൽ അവർ ചാരിക്കിടക്കും. എത്ര നല്ല പ്രതിഫലം എത്ര നല്ലതായ വിശ്രമസ്ഥാനം."

يُحَلَّوْنَ فِيهَا مِنْ أَسَاوِرَ مِن ذَهَبٍ وَلُؤْلُؤًا ۖ وَلِبَاسُهُمْ فِيهَا حَرِيرٌ ۝

22:24"...അതിൽ തങ്കത്താലുള്ള കങ്കണങ്ങളും മുത്തുകളും അവർ അണിയിക്കപ്പെടും. അതിൽ അവരുടെ വസ്ത്രം പട്ടുകൊണ്ടുള്ളതായിരിക്കും."

يَلْبَسُونَ مِن سُندُسٍ وَإِسْتَبْرَقٍ مُّتَقَـٰبِلِينَ ۝

44:54– "പട്ടും കസവും ധരിച്ച് അവർ അന്നോന്യം അഭിമുഖീകരിക്കുന്നതാണ്."

يُطَافُ عَلَيْهِم بِصِحَافٍ مِّن ذَهَبٍ وَأَكْوَابٍ ۖ

وَفِيهَا مَا تَشْتَهِيهِ ٱلْأَنفُسُ وَتَلَذُّ ٱلْأَعْيُنُ ۖ وَأَنتُمْ فِيهَا خَـٰلِدُونَ ۝

43:71– "സ്വർണ്ണത്താലുള്ള ചഷകങ്ങളും പാനപാത്രങ്ങളും അവരെ വലയം ചെയ്യും. മനസ്സിനാഗ്രഹമുള്ളതും കണ്ണുകൾക്ക് ആനന്ദമുള്ളതുമെല്ലാം അവർക്കവിടെ ലഭിക്കുന്നതാണ്. "

സ്വർഗ്ഗവാസികളുടെ ഭക്ഷണമായി അല്ലാഹു പറയുന്നത് കായ്കനികളും പറവകളുടെ മാംസവും ലഹരി ബാധിക്കാത്ത പാനീയങ്ങളുമാണ്.

وَلَحْمِ طَيْرٍ مِّمَّا يَشْتَهُونَ ۝

56:22– "അവർ ആഗ്രഹിക്കുന്ന പക്ഷികളുടെ മാംസവും."

لَكُمْ فِيهَا فَاكِهَةٌ كَثِيرَةٌ مِّنْهَا تَأْكُلُونَ ۝

43:74– "നിങ്ങൾക്കവിടെ ധാരാളം പഴങ്ങൾ ഉണ്ടായിരിക്കും. അതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുന്നതാണ്."

സ്വർഗ്ഗത്തിലെ പാനീയത്തിന്റെ പ്രത്യേകതയായി അല്ലാഹു എടുത്തു പറഞ്ഞിരിക്കുന്നത് അത് കുടിക്കുന്നവർക്ക് ലഹരിയോ തളർച്ചയോ ബാധിക്കുകയില്ല എന്നാണ്.

يُطَافُ عَلَيْهِم بِكَأْسٍ مِّن مَّعِينٍ ۝ بَيْضَاءَ لَذَّةٍ لِّلشَّارِبِينَ ۝ لَا فِيهَا غَوْلٌ وَلَا هُمْ عَنْهَا يُنزَفُونَ ۝

37:46–48 "അരുവിയിൽ നിന്നും നിറച്ച പാനപാത്രവുമായി അവർക്കു ചുറ്റം വലം ചെയ്യപ്പെടും. അത് വെളുത്തതും കുടിക്കുന്നവർക്ക് സ്വാദിഷ്ടവുമായിരിക്കും. അതു മൂലം അവർക്ക് ലഹരിയോ തളർച്ചയോ ഉണ്ടാകുകയില്ല."

സ്വർഗ്ഗവാസികളുടെ ഇണകളും കുട്ടികളും നേർമാർഗ്ഗത്തിൽ ചരിച്ചവരാണെങ്കിൽ അവരും അവരോടൊത്ത് ചേരുന്നതാണ്. അല്ലാത്തവർക്ക് സ്വർഗ്ഗീയരായ മറ്റു ഇണകളായിരിക്കും ഉണ്ടായിരിക്കുക. സ്വർഗ്ഗ സുന്ദരികളുടെ ഏറ്റവും മഹത്തായ ലക്ഷണമായി അല്ലാഹു പറഞ്ഞിരിക്കുന്നത് അവർ സമവയസ്ക്കർ (ഒരേ ചിന്താഗതിക്കാർ) ആയിരിക്കുമെന്നാണ്.

وَعِندَهُمْ قَاصِرَاتُ الطَّرْفِ أَتْرَابٌ ۝

38:53– "അവരുടെയടുക്കൽ ദൃഷ്ടികൾ നിയന്ത്രിക്കുന്ന സമവയസ്കരായ തരുണീമണികൾ ഉണ്ടായിരിക്കും."

وَزَوَّجْنَاهُم بِحُورٍ عِينٍ ۝

44:55– "വിശാലാക്ഷികളായ സുന്ദരതരുണികളെ നാം അവർക്ക് ഇണയായി കൊടുക്കും."

وَعِندَهُمْ قَٰصِرَٰتُ ٱلطَّرْفِ عِينٌ ۝ كَأَنَّهُنَّ بَيْضٌ مَّكْنُونٌ ۝

37:48–49 “അവരുടെ പാർശ്വങ്ങളിൽ ദൃഷ്ടികൾ നിയന്ത്രിക്കുന്ന വിശാല ലോചനർ ഉണ്ടായിരിക്കും. ഗോപനം ചെയ്യപ്പെട്ട മുട്ടകൾ പോലെയായിരിക്കും അവർ.”

مُتَّكِـِٔينَ عَلَىٰ سُرُرٍ مَّصْفُوفَةٍ ۖ وَزَوَّجْنَٰهُم بِحُورٍ عِينٍ ۝

52:21– “അണിനിരത്തപ്പെട്ട കട്ടിലുകളിൽ അവർ ചാരിക്കിടക്കുന്നതാണ്. വിശാലലോചനരായ തരുണികളെ നാം അവർക്ക് ഇണകളായി ചേർത്തു കൊടുക്കുകയും ചെയ്യും.”

وَيَطُوفُ عَلَيْهِمْ غِلْمَانٌ لَّهُمْ كَأَنَّهُمْ لُؤْلُؤٌ مَّكْنُونٌ ۝

52:25– “അവർക്കു ചുറ്റും യുവപരിചാരകൻമാർ സേവനനിരതരായിരിക്കും. ഭദ്രമായി സൂക്ഷിച്ചുവെച്ച പവിഴങ്ങൾ പോലെയായിരിക്കും അവർ.”

فِيهِنَّ قَٰصِرَٰتُ ٱلطَّرْفِ لَمْ يَطْمِثْهُنَّ إِنسٌ قَبْلَهُمْ وَلَا جَآنٌّ- كَأَنَّهُنَّ ٱلْيَاقُوتُ وَٱلْمَرْجَانُ ۝

55:57–59 “ദൃഷ്ടികൾ നിയന്ത്രിക്കുന്ന തരുണികൾ അവയിലുണ്ട്. മനുഷ്യനോ ജിന്നുകളോ അവരെ മുമ്പ് സ്പർശിച്ചിട്ടുണ്ടായിരിക്കുകയില്ല. അവർ മാണിക്യവും പവിഴവും പോലെയായിരിക്കും.”

إِنَّآ أَنشَأْنَٰهُنَّ إِنشَآءً ۝ فَجَعَلْنَٰهُنَّ أَبْكَارًا ۝ عُرُبًا أَتْرَابًا ۝

56:36–37 “അവരെ നാം പ്രത്യേകമായ രീതിയിൽ സൃഷ്ടിച്ചിരിക്കുന്നു. നാം അവരെ കന്യകമാരും. പ്രേമശീലരും, സമവയസ്ക്കരുമാക്കിയിരിക്കുന്നു.”

സ്വർഗ്ഗ വാസികൾക്ക് ചാരിക്കിടക്കുവാൻ സിംഹാസനങ്ങളും തണലേകുവാൻ പൂങ്കാവനങ്ങളും കുളിരേകുവാൻ അരുവികളും ഉണ്ടായിരിക്കുന്നതാണ്.

لَٰكِنِ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ لَهُمْ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا

3:199– “തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവർക്കു താഴെ അരുവികൾ ഒഴുകുന്നതായ ഉദ്യാനങ്ങൾ ഉണ്ട്. അവരതിൽ വസിക്കുന്നതാണ്....”

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ سَنُدْخِلُهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ

خَٰلِدِينَ فِيهَآ أَبَدًا ۖ لَّهُمْ فِيهَآ أَزْوَٰجٌ مُّطَهَّرَةٌ ۖ وَنُدْخِلُهُمْ ظِلًّا ظَلِيلًا ۝

4:58- "വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുന്നവരെ താഴെ അരുവികൾ ഒഴുകുന്ന തോട്ടങ്ങളിൽ നാം പ്രവേശിപ്പിക്കുന്നതാണ്. എന്നെന്നും അവർ അതിൽ വസിക്കുന്നതാണ്. അവിടെ അവർക്ക് പരിശുദ്ധരായ ഇണകളുണ്ടായിരിക്കും. തണലുകളുള്ള ശീതളച്ഛായയിൽ അവരെ നാം പ്രവേശിപ്പിക്കുകയും ചെയ്യും."
വരെ ആരാമങ്ങളിൽ പ്രവേശിക്കപ്പെടും. അവയുടെ താഴത്തു കൂടി അരുവികൾ ഒഴുകുന്നു. തങ്ങളുടെ രക്ഷിതാവിന്റെ അനുമതിയാൽ അതിൽ അവർ പാർക്കുകയായി. അതിൽ അവരുടെ അഭിവാദനം സമാധാനം എന്നതത്രേ."

സ്വർഗ്ഗത്തിൽ അല്ലാഹു ലഭ്യമാക്കിവെച്ചിരിക്കുന്ന മറ്റു വിവിധതരം അനുഗ്രഹങ്ങൾ താഴെ പറയുന്നവയാണ്.

مَّثَلُ ٱلْجَنَّةِ ٱلَّتِى وُعِدَ ٱلْمُتَّقُونَ ۖ فِيهَآ أَنْهَٰرٌ مِّن مَّآءٍ غَيْرِ ءَاسِنٍ وَأَنْهَٰرٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُۥ وَأَنْهَٰرٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّٰرِبِينَ وَأَنْهَٰرٌ مِّنْ عَسَلٍ مُّصَفًّى ۖ وَلَهُمْ فِيهَا مِن كُلِّ ٱلثَّمَرَٰتِ وَمَغْفِرَةٌ مِّن رَّبِّهِمْ ۖ

47:16- "സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ ഉപമ എങ്ങനെയെന്നാൽ അതിൽ മലിനമാകാത്ത വെള്ളത്തിന്റെ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിന്റെ അരുവികളും, കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ അരുവികളും, ശുദ്ധമായ തേനിന്റെ അരുവികളുമുണ്ട്. അവർക്കതിൽ എല്ലാ തരം കായ്കനികളുമുണ്ട്. തങ്ങളുടെ രക്ഷിതാവിൽനിന്നുള്ള പാപമോചനവുമുണ്ട്.

عَلَىٰ سُرُرٍ مَّوْضُونَةٍ ۝ مُّتَّكِـِٔينَ عَلَيْهَا مُتَقَٰبِلِينَ ۝ يَطُوفُ عَلَيْهِمْ وِلْدَٰنٌ مُّخَلَّدُونَ ۝ بِأَكْوَابٍ وَأَبَارِيقَ وَكَأْسٍ مِّن مَّعِينٍ ۝ لَّا يُصَدَّعُونَ عَنْهَا وَلَا يُنزِفُونَ ۝ وَفَٰكِهَةٍ مِّمَّا يَتَخَيَّرُونَ ۝ وَلَحْمِ طَيْرٍ مِّمَّا يَشْتَهُونَ ۝ وَحُورٌ عِينٌ ۝ كَأَمْثَٰلِ ٱللُّؤْلُؤِ ٱلْمَكْنُونِ ۝ جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ ۝ لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا ۝ إِلَّا قِيلًا سَلَٰمًا سَلَٰمًا ۝

وَأَصْحَـٰبُ ٱلْيَمِينِ مَآ أَصْحَـٰبُ ٱلْيَمِينِ ۝ فِى سِدْرٍ مَّخْضُودٍ ۝ وَطَلْحٍ مَّنضُودٍ ۝
وَظِلٍّ مَّمْدُودٍ ۝ وَمَآءٍ مَّسْكُوبٍ ۝ وَفَـٰكِهَةٍ كَثِيرَةٍ ۝ لَّا مَقْطُوعَةٍ وَلَا مَمْنُوعَةٍ ۝
وَفُرُشٍ مَّرْفُوعَةٍ ۝ إِنَّآ أَنشَأْنَـٰهُنَّ إِنشَآءً ۝ فَجَعَلْنَـٰهُنَّ أَبْكَارًا ۝ عُرُبًا أَتْرَابًا ۝
لِّأَصْحَـٰبِ ٱلْيَمِينِ ۝ ثُلَّةٌ مِّنَ ٱلْأَوَّلِينَ ۝ وَثُلَّةٌ مِّنَ ٱلْـَٔاخِرِينَ ۝

56:16–41 “രത്നഖചിതമായ കട്ടിലുകളിൽ ആയിരിക്കും അവർ. അവയിൽ അവർ പരസ്പരം അഭിമുഖമായി ചാരിയിരിക്കുകയായിരിക്കും. നിത്യ ബാലന്മാർ അവരുടെ ഇടയിൽ ചുറ്റിനടക്കും. ശുദ്ധമായ ഉറവു ജലം നിറച്ച കോപ്പകളും കൂജകളും പാനപാത്രവും കൊണ്ട്. അതു (കുടിക്കുക) മൂലം അവർക്ക് തല വേദനയുണ്ടാവുകയോ ലഹരിബാധിക്കുകയോ ഇല്ല. അവർ ഇഷ്ടപ്പെട്ടു തെരഞ്ഞെടുക്കുന്ന പഴവർഗ്ഗങ്ങളും, അവർ കൊതിക്കുന്ന പക്ഷിമാംസവും കൊണ്ട്. (അവർ ചുറ്റി നടക്കും). (ചിപ്പികളിൽ) ഒളിച്ചു വെക്കപ്പെട്ട മുത്തു പോലെയുള്ള, വിശാലമായ നയനങ്ങളുള്ള വെളുത്ത തരുണികളും (അവർക്ക് നല്കപ്പെടും.) അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിന്റെ പ്രതിഫലമായി. അനാവശ്യ വാക്കുകളോ കുറ്റപ്പെടുത്തലുകളോ അവർ അവിടെ വെച്ച് കേൾക്കുകയില്ല. സമാധാനം! സമാധാനം! എന്ന അഭിവാദ്യമല്ലാതെ. വലതു പക്ഷക്കാർ, ആരായിരിക്കും അവർ! മുള്ളില്ലാത്ത ഇലന്തമരങ്ങളിലും, അടുക്കടുക്കായി കുലകളുള്ള വാഴകളിലും, വിശാലമായ തണലിലും. സദാ ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളത്തിലും, നിലച്ചു പോകാത്തതും തടസ്സപ്പെട്ടു പോകാത്തതുമായ ധാരാളം പഴവർഗ്ഗങ്ങളിലും, ഉയർന്ന മെത്തകളിലും ഉള്ള സുഖാനുഭവങ്ങളിലായിരിക്കും അവർ. ഉന്നതരായ സഹധർമ്മിണികളുടെ കൂടെ അവർ താമസിക്കും. തീർച്ചയായും അവരെ (സ്വർഗ സ്ത്രീകളെ) നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുന്നു. അങ്ങനെ നാം അവരെ കന്യകമാരും സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു. വലതുപക്ഷക്കാർക്ക് വേണ്ടിയത്രെ ഇതൊക്കെ. ആദ്യമുള്ളവരിൽനിന്ന് ഒരു വിഭാഗവും അവസാനമുള്ളവരിൽ നിന്ന് ഒരു വിഭാഗവും ആയിരിക്കും അവർ.”

عَلَى ٱلْأَرَآئِكِ يَنظُرُونَ ۝ تَعْرِفُ فِى وُجُوهِهِمْ نَضْرَةَ ٱلنَّعِيمِ ۝ يُسْقَوْنَ مِن رَّحِيقٍ
مَّخْتُومٍ ۝ خِتَـٰمُهُۥ مِسْكٌ ۚ وَفِى ذَٰلِكَ فَلْيَتَنَافَسِ ٱلْمُتَنَـٰفِسُونَ ۝ وَمِزَاجُهُۥ مِن تَسْنِيمٍ ۝

عَيۡنٗا يَشۡرَبُ بِهَا ٱلۡمُقَرَّبُونَ ۝

83:23–29 “തീർച്ചയായും സദ്‌വൃത്തർ സുഖാനുഭൂതിയിൽ തന്നെയായിരിക്കും. സോഫകളിലിരുന്നുകൊണ്ട് അവർ വീക്ഷിച്ചു കൊണ്ടിരിക്കും. അവരുടെ മുഖങ്ങളിൽ സുഖാനുഭൂതിയുടെ തിളക്കം നീ കണ്ടറിയും. മുദ്രവെച്ച ശുദ്ധമായ മദ്യത്തിൽ നിന്ന് അവർക്ക് കുടിക്കാൻ നല്കപ്പെടും. അതിന്റെ മുദ്ര കസ്തൂരിയായിരിക്കും. വാശി പിടിക്കുന്നവർ അതിനുവേണ്ടി വാശി പിടിക്കട്ടെ. അതിലെ ചേരുവ ‘തസ്നീം’ ആയിരിക്കും. ദൈവ സാമിപ്യം സിദ്ധിച്ചവർ കുടിക്കുന്ന ഒരു ഉറവു ജലമാകുന്നു അത്.”

മനുഷ്യ സങ്കൽപങ്ങൾക്ക് മനസ്സിലാകാത്ത രീതിയിലാണ് മേൽ വിവരിച്ച സ്വർഗ്ഗീയാനുഭൂതികൾ. എന്നാൽ ഇവയൊക്കെ നാം ഈ ലോകത്ത് കാണുന്നതു പോലെയുള്ളതിൽ വിഭിന്നമായിട്ടുള്ളതാണ്. അത് ഏത് രീതിയിലാണെന്ന് നമ്മുക്ക് ഇവിടെ വച്ച് മനസ്സിലാക്കുവാൻ സാധിക്കുന്നതല്ലെന്നും വിശുദ്ധ ഖുർആൻ തന്നെ പറഞ്ഞു തരുന്നു.

فَلَا تَعۡلَمُ نَفۡسٞ مَّآ أُخۡفِيَ لَهُم مِّن قُرَّةِ أَعۡيُنٖ جَزَآءَۢ بِمَا كَانُواْ يَعۡمَلُونَ ۝

32:18– “നയനങ്ങൾക്ക് ആനന്ദമായി എന്തെന്ത് ആസ്വാദ്യതകളാണ് അവർക്കു വേണ്ടി ഗുപ്തമാക്കി വെച്ചിരിക്കുന്നതെന്ന് ഒരാത്മാവും അറിയുന്നില്ല. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനുള്ള പ്രതിഫലമായി.”

സ്വർഗ്ഗീയ ജീവിതം ഈ ജീവിതത്തിന്റെ മറ്റൊരു തലത്തിലുള്ള തുടർച്ച തന്നെയാകുന്നു. ഓരോരുത്തരും അവരവരുടെ പ്രവൃത്തികളിൽ മുഴുകിയിരിക്കുന്നതാണ്. സ്വർഗ്ഗത്തിലും കർമ്മങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നുവെന്ന് സാരം. കർമ്മമില്ലാത്ത ജീവിതം വിരസവും ആനന്ദരഹിതവുമാണ്. സ്വർഗ്ഗവാസികൾ തിന്നുകയും കുടിക്കുകയും ചെയ്യുമെന്നും അന്യോന്യം അഭിവാദനം ചെയ്യുമെന്നും അവർ അന്യോന്യം കൂടിക്കാഴ്ചകൾ നടത്തുമെന്നും വിശുദ്ധ ഖുർആനിൽ നമ്മുക്ക് ദൈവം അറിയിച്ചു തന്നിരിക്കുന്നു.

دَعۡوَىٰهُمۡ فِيهَا سُبۡحَٰنَكَ ٱللَّهُمَّ وَتَحِيَّتُهُمۡ فِيهَا سَلَٰمٞۚ وَءَاخِرُ دَعۡوَىٰهُمۡ أَنِ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ۝

10:11– “അതിൽ അവരുടെ പ്രാർത്ഥന ‘അല്ലാഹുവേ, നിനക്ക് സ്തോത്രം’ എന്നായിരിക്കും. അതിൽ അവരുടെ അഭിവാദ്യം ‘സമാധാനം’ എന്നായിരിക്കും. അവരുടെ പ്രാർത്ഥനയുടെ അവസാന ഭാഗം ‘ലോക രക്ഷിതാവായ അല്ലാഹുവിന് സർവ്വസ്തുതിയും’ എന്നായിരിക്കും.

لَّا يَسۡمَعُونَ فِيهَا لَغۡوًا إِلَّا سَلَٰمٗاۖ وَلَهُمۡ رِزۡقُهُمۡ فِيهَا بُكۡرَةٗ وَعَشِيّٗا ۝

19:63– “സമാധാന വചനമല്ലാതെ നിരർത്ഥകമായ യാതൊന്നും അവര

വിടെ കേൾക്കുകയില്ല. രാവിലെയും വൈകുന്നേരവും അതിൽ അവർക്ക് ആഹാരം ലഭിക്കുന്നതാണ്."

إِنَّ أَصْحَٰبَ ٱلْجَنَّةِ ٱلْيَوْمَ فِى شُغُلٍ فَٰكِهُونَ ۝

36:56– "തീർച്ചയായും സ്വർഗ്ഗവാസികൾ ആ ദിനം ആനന്ദത്തോടെ പ്രവൃത്തികളിൽ വ്യാപൃതരായിരിക്കും."

سَلَٰمٌ قَوْلًا مِّن رَّبٍّ رَّحِيمٍ ۝

36:59– "സമാധാനം! അതായിരിക്കും കരുണാ നിധിയായ രക്ഷിതാവിൽ നിന്ന് അവർക്കുള്ള അഭിവാദ്യം."

സ്വർഗ്ഗത്തിനു തന്നെ പല തട്ടുകൾ ഉണ്ട്. ഓരോരുത്തർക്കും ലഭിക്കുന്ന സ്വർഗ്ഗീയ ജീവിതം ഓരോരുത്തരുടേയും കർമ്മങ്ങൾക്കനുസരിച്ച രീതിയിലാണ്. എങ്കിലും സ്വർഗ്ഗത്തിൽ പ്രവേശിച്ച ശേഷവും അതിലും ഉന്നതമായ സ്വർഗ്ഗത്തിലേക്കുള്ള പ്രണാമം തുടർന്നു കൊണ്ടിരിക്കുന്നതാണ്. അങ്ങനെ അതിരില്ലാത്തതും അനന്തവുമായ ആത്മീയാനുഭൂതിയിലേക്ക് സ്വർഗ്ഗവാസികൾ അവരുടെ യാത്ര അനസ്യൂതമായി തുടർന്നു കൊണ്ടിരിക്കുന്നതാണ്. ഇപ്പോഴുള്ള ആത്മീയാവസ്ഥയിൽ നിന്നും അതിനേക്കാൾ ഉന്നതമായ ആത്മീയാവസ്ഥയിലേക്കുള്ള പ്രയാണത്തിനു വേണ്ടിയുള്ള ഈ പ്രാർത്ഥനക്ക് "ഇസ്തിഗ്ഫാർ" എന്നു പറയുന്നു. ഭൂമിയിൽ നിന്ന് വിശ്വാസികൾ ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുന്നതു പോലെ സ്വർഗ്ഗത്തിൽ വെച്ചും വിശ്വാസികൾ ഇസ്തിഗ്ഫാർ ചെയ്യുന്നതാണ്.

يَوْمَ تَرَى ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ يَسْعَىٰ نُورُهُم بَيْنَ أَيْدِيهِمْ وَبِأَيْمَٰنِهِم بُشْرَىٰكُمُ ٱلْيَوْمَ
جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ۝

57:13– "സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും, അവരുടെ പ്രകാശം അവരുടെ മുൻഭാഗങ്ങളിലൂടെയും വലതു ഭാഗങ്ങളിലൂടെയും പ്രവഹിക്കുന്ന നിലയിൽ നീ കാണുന്ന ദിവസം! 'ഇന്നു നിങ്ങൾക്കുള്ള സന്തോഷവാർത്ത ചില സ്വർഗത്തോപ്പുകളെക്കുറിച്ചാകുന്നു. അവയുടെ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. നിങ്ങൾ അതിൽ നിത്യവാസികളായിരിക്കും. അത് മഹത്തായ ഭാഗ്യം തന്നെയാണ്."

എല്ലാ മനുഷ്യരും സ്വന്തം കുഞ്ഞുങ്ങളെ പരിപാലിച്ചു വളർത്തുന്നുണ്ട്. മതേതര വ്യത്യാസമില്ലാതെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും വൈകാരികമായ ഈ സ്വഭാവം കാണാവുന്നതാണ്. വിശ്വാസികൾക്ക് അവരുടെ എല്ലാ കർമ്മങ്ങൾക്കും ദൈവത്തിൽ നിന്നും പ്രതിഫലം ലഭിക്കണമെങ്കിൽ അവിശ്വാസികളിൽ നിന്നും ഭിന്നമായി കുട്ടികളെ വളർത്തുന്നതിൽ

വിശ്വാസികൾ അവരുടേതായ പ്രത്യേകതകൾ കാണിക്കേണ്ടതാണ്. ദൈവനിഷേധികൾ തന്നെയും സ്വന്തം കുട്ടികൾക്ക് ആഹാരവും വസ്ത്രവും വിദ്യാഭ്യാസവും നൽകുന്നുണ്ട്. വിശ്വാസികളും ഇതേ രീതിയിൽ തന്നെയാണ് കുട്ടികളെ വളർത്തുന്നതെങ്കിൽ ദൈവത്തിൽ നിന്നും എന്ത് പ്രതിഫലമാണ് മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥമായി വിശ്വാസികൾക്ക് ലഭിക്കുക? ദൈവത്തിന്റെ പ്രത്യേക പ്രതിഫലത്തിനുള്ള അർഹത ലഭിക്കണമെങ്കിൽ നാം നമ്മുടെ കുട്ടികളെ ദൈവമാർഗ്ഗത്തിൽ കർമ്മോന്മുഖരാക്കി വാർത്തെടുക്കേണ്ടതാണ്. അങ്ങനെയുള്ള സന്താനങ്ങളെ മാത്രമെ നമ്മുക്കും സ്വർഗ്ഗത്തിൽ മക്കളായി ലഭിക്കുകയുള്ളൂ. നാം വെറും ഭക്ഷണവും വസ്ത്രവും നൽകി മതപരമായ അറിവും കൊടുക്കാതെ നാം അവരെ വളർത്തിക്കഴിഞ്ഞാൽ ആ മക്കൾ നമ്മുക്ക് നഷ്ടമാവുകയാണ് ചെയ്യുക. മക്കളെ നല്ല രീതിയിൽ വളർത്തിയെടുക്കുകയെന്നതും അവരെ സ്വർഗ്ഗത്തിന് അർഹരാക്കിത്തീർക്കുകയെന്നതും ആണ് വിശ്വാസികളുടെ കർത്തവ്യം. അപ്പോൾ അവരെയും അവരുടെ കുട്ടികളേയും അല്ലാഹു സ്വർഗ്ഗത്തിൽ ഒന്നിച്ച് ചേർക്കുന്നതാണ്.

തന്നോടൊപ്പം തന്റെ ഇണയും കൂടെ സ്വർഗ്ഗത്തിൽ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഭാര്യാഭർത്താക്കന്മാരും ഇതു തന്നെ ചെയ്യണം. ഭാര്യ ഭർത്താവിനേയും ഭർത്താവ് ഭാര്യയേയും സൽക്കർമ്മങ്ങൾ ചെയ്യുന്നതിനു വേണ്ടി പ്രേരണ ചെലുത്തേണ്ടതാണ്. അപ്പോൾ സൽക്കർമ്മികളായ മാതാപിതാക്കളേയും ഭാര്യാഭർത്താക്കന്മാരേയും അല്ലാഹു സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂട്ടുന്നതായിരിക്കും. ദൈവ നിഷേധികളിൽ നിന്നും വ്യത്യസ്ഥമായി ദൈവ വിശ്വാസികൾക്ക് നേടിയെടുക്കുവാൻ സാധിക്കുന്ന മഹത്തായൊരു അനുഗ്രഹമത്രേ ഇത്. എല്ലാ വിശ്വാസികളും ഈ അനുഗ്രഹത്തെക്കുറിച്ച് ബോധവാന്മാരാകേണ്ടതും അവരുടെ മക്കളെ സ്വർഗ്ഗത്തിന് അവകാശികളാക്കി വളർത്തിയെടുക്കേണ്ടതുമാകുന്നു.

جَنَّٰتُ عَدۡنٖ يَدۡخُلُونَهَا وَمَن صَلَحَ مِنۡ ءَابَآئِهِمۡ وَأَزۡوَٰجِهِمۡ وَذُرِّيَّٰتِهِمۡۖ

13:24– "നിത്യ നിവാസത്തോട്ടങ്ങൾ–അവയിൽ അവർ പ്രവേശിക്കും. അവരുടെ പിതാക്കളിലും അവരുടെ ഭാര്യമാരിലും അവരുടെ സന്താനങ്ങളിലും ഉള്ള സദ്വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്...."

ٱلَّذِينَ ءَامَنُواْ بِـَٔايَٰتِنَا وَكَانُواْ مُسۡلِمِينَ ٦٩ ٱدۡخُلُواْ ٱلۡجَنَّةَ أَنتُمۡ وَأَزۡوَٰجُكُمۡ تُحۡبَرُونَ ٧٠

43:70–71 "എന്റെ സന്ദേശങ്ങളിൽ വിശ്വസിക്കുകയും അനുസരണം കൈകൊള്ളുകയും ചെയ്തവരേ, സന്തോഷഭരിതരായി നിങ്ങളും നിങ്ങളുടെ ഇണകളും സ്വർഗ്ഗത്തിൽ പ്രവേശിക്കുവിൻ."

وَٱلَّذِينَ ءَامَنُواْ وَٱتَّبَعَتۡهُمۡ ذُرِّيَّتُهُم بِإِيمَٰنٍ أَلۡحَقۡنَا بِهِمۡ ذُرِّيَّتَهُمۡ
وَمَآ أَلَتۡنَٰهُم مِّنۡ عَمَلِهِم مِّن شَيۡءٖۚ كُلُّ ٱمۡرِيِٕۭ بِمَا كَسَبَ رَهِينٞ ۝

52:22– "വിശ്വസിച്ചവരോടൊപ്പം, വിശ്വാസത്തിൽ അവരെ പിന്തുടരുകയും ചെയ്ത അവരുടെ സന്താനങ്ങളെ നാം ഒന്നിച്ചു ചേർക്കുന്നതാണ്. അവരുടെ കർമ്മഫലത്തിൽ നിന്ന് യാതൊന്നും നാം അവർക്കു കുറവു വരുത്തുകയുമില്ല. ഏതൊരു മനുഷ്യനും താൻ സമ്പാദിച്ചുവെച്ചതിന് (സ്വന്തം കർമ്മങ്ങൾക്ക്) പണയം വെക്കപ്പെട്ടവനാകുന്നു."

സ്വർഗ്ഗത്തിന്റേതായ പ്രത്യേകതകളെക്കുറിച്ച് അതിലുണ്ടാകുന്ന അനുഭൂതികളെക്കുറിച്ചും നാം മനസ്സിലാക്കി കഴിഞ്ഞു. ഈ അനുഭൂതികളുടെ അലയടി സ്വർഗ്ഗവാസികളുടെ മുഖത്ത് പ്രസരിപ്പുണ്ടാക്കുന്നതാണ്. ഈ അടയാളങ്ങൾ കൊണ്ടു തന്നെ സ്വർഗ്ഗവാസികളെ ഈ ലോകത്തും പരലോകത്തും തിരിച്ചറിയാൻ സാധിക്കുന്നതാണ്. സ്വർഗ്ഗവാസികളുടെ മുഖത്ത് സ്വർഗ്ഗത്തിന്റെ പ്രസാദം അലയടിക്കുന്നതും അല്ലാഹു അവരെ അപമാനത്തിൽ നിന്ന് സംരക്ഷിക്കുന്നതും അവരുടെ മനസ്സിൽ നിന്ന് വിദ്വേഷത്തേയും ദു:ഖത്തേയും നീക്കിക്കളയുകയും ചെയ്യുന്നതാണ്. ഈ വാഗ്ദാനം ഈ ലൊകത്തു വെച്ചുതന്നെ ആരംഭിക്കുന്നതും സ്വർഗ്ഗത്തിൽ വെച്ച് പൂർണ്ണത പ്രാപിക്കുന്നതുമായിരിക്കും.

وَأَمَّا ٱلَّذِينَ ٱبۡيَضَّتۡ وُجُوهُهُمۡ فَفِي رَحۡمَةِ ٱللَّهِ هُمۡ فِيهَا خَٰلِدُونَ ۝

3:108– "തങ്ങളുടെ മുഖങ്ങൾ വെൺമയാർന്നവരാകട്ടെ, അവർ അല്ലാഹുവിന്റെ കാരുണ്യത്തിലായിരിക്കും. അവരതിൽ സ്ഥിരവാസികളായിരിക്കുന്നതാണ്."

وَنَزَعۡنَا مَا فِي صُدُورِهِم مِّنۡ غِلٍّ

7:44– "അവരുടെ ഹൃദയങ്ങളിലുള്ള വിദ്വേഷത്തെയെല്ലാം നാം മാറ്റിക്കളയും..."

لِّلَّذِينَ أَحۡسَنُواْ ٱلۡحُسۡنَىٰ وَزِيَادَةٞۖ وَلَا يَرۡهَقُ وُجُوهَهُمۡ قَتَرٞ وَلَا ذِلَّةٌۚ أُوْلَٰٓئِكَ أَصۡحَٰبُ
ٱلۡجَنَّةِۖ هُمۡ فِيهَا خَٰلِدُونَ ۝

10:27–"സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും അതിലധികവും ഉണ്ട്, അവരുടെ മുഖങ്ങളെ ഇരുളോ അപമാനമോ മൂടുകയില്ല. അവരാണ് സ്വർഗ്ഗവാസികൾ. അവർ അതിൽ നിത്യവാസികളായിരിക്കും."

وَنَزَعۡنَا مَا فِي صُدُورِهِم مِّنۡ غِلٍّ إِخۡوَٰنًا عَلَىٰ سُرُرٖ مُّتَقَٰبِلِينَ ۝

15:48– "അവരുടെ ഹൃദയത്തിൽ നിന്നും വിദ്വേഷത്തെ നാം എടുത്തു കളയും. സഹോദരങ്ങളെന്ന നിലയിൽ അവർ കട്ടിലുകളിൽ പരസ്പരം അഭിമുഖമായി ഇരിക്കുന്നവരായിരിക്കും."

സ്വർഗം ശാശ്വതമായ ഒരു അനുഗ്രഹമാണ്. ആ അനുഗ്രഹത്തിന് പാത്ര മായിത്തീർന്നവരിൽ നിന്ന് അതൊരിക്കലും എടുത്ത് മാറ്റപ്പെടുകയില്ല. നിലച്ചു പോകാത്തതും എന്നെന്നും നിലനിൽക്കുന്നതുമായ അനുഗ്രഹം. അതുകൊണ്ടുതന്നെ സ്വർഗ്ഗത്തിൽ പ്രവേശിച്ചവർ ഒരിക്കലും ബഹിഷ്ക രിക്കപ്പെടുകയില്ല. ആദം നബി (അ) ആദ്യം സ്വർഗ്ഗത്തലായിരുന്നുവെ ന്നും അവിടെ നിന്നും ബഹിഷ്കൃതമായതാണെന്നും ഉള്ള സങ്കല്പം വികലമായതണ്. പിശാച് സ്വർഗ്ഗത്തിൽ വന്നുവെന്നും അവിടെ നിന്ന് ആദം നബിയെ (അ) വഴിതെറ്റിച്ചു എന്ന വിശ്വസവും അതു പോലെ തന്നെ വികലമായതാണ്.

وَأَمَّا ٱلَّذِينَ سُعِدُواْ فَفِي ٱلۡجَنَّةِ خَٰلِدِينَ فِيهَا مَا دَامَتِ

ٱلسَّمَٰوَٰتُ وَٱلۡأَرۡضُ إِلَّا مَا شَآءَ رَبُّكَ عَطَآءً غَيۡرَ مَجۡذُوذٖ ۝

11:109– "സൗഭാഗ്യവാന്മാർ സ്വർഗത്തിൽ ആയിരിക്കും. ആകാശഭൂമികൾ നിലനിൽക്കുവോളം അവർ അതിൽ വസിക്കുന്നതാണ്. എന്റെ നാഥൻ നിശ്ചയിക്കുന്നത് ഒഴികെ. നിലച്ചുപോകാത്ത ഒരു പാരിതോഷികമാ ണത്."

مَّثَلُ ٱلۡجَنَّةِ ٱلَّتِي وُعِدَ ٱلۡمُتَّقُونَۖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُۖ أُكُلُهَا دَآئِمٞ وَظِلُّهَاۚ

13:36– "സുകൃതികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഉദ്യാനത്തിന്റെ ഉപമ: അവയുടെ താഴെ അരുവികൾ ഒഴുകുന്നു. അതിന്റെ കനികളും തണ ലും എക്കാലവുമുള്ളതാണ്...."

وَمَا هُم مِّنۡهَا بِمُخۡرَجِينَ ۝

15:49– "...അവിടെ നിന്നും അവർ ബഹിഷ്കൃതരാവുകയുമില്ല."

إِنَّ هَٰذَا لَرِزۡقُنَا مَا لَهُۥ مِن نَّفَادٖ ۝

38:55– "തീർച്ചയായും ഇതാണ് നമ്മുടെ വിഭവം. അത് നിലച്ചു പോകുകയില്ല."

لَا يَذُوقُونَ فِيهَا ٱلْمَوْتَ إِلَّا ٱلْمَوْتَةَ ٱلْأُولَىٰ ۖ وَوَقَىٰهُمْ عَذَابَ ٱلْجَحِيمِ ۝

44:57– "ആദ്യ മരണം അല്ലാതെ അവർ അതിൽ വേറൊരു മരണത്തെ രുചിക്കുകയില്ല. നരകാഗ്നിയുടെ ശിക്ഷയിൽ നിന്നും അവരെ അവൻ രക്ഷപ്പെടുത്തുകയും ചെയ്യും."

സ്വർഗ്ഗവും നരകവും ഈ ഭൂമിയിൽ തന്നെയാണെങ്കിലും സ്വർഗ്ഗത്തിനും നരകത്തിനുമിടയിൽ ഒരു മറ ഉണ്ടായിരിക്കുന്നത് രണ്ടു വിഭാഗക്കാരേയും തമ്മിൽ വേർതിരിക്കുവാനാണത്. സ്വർഗ്ഗവാസികളെ അല്ലാഹു നരകത്തിലെ അലമുറകൾ കേൾക്കുവാനിടയകാത്ത രീതിയിൽ വേർപെടുത്തുവാനുമാണത്.

وَبَيْنَهُمَا حِجَابٌ ۚ

7:47– "അവരണ്ടിനും (സ്വർഗ്ഗത്തിനും നരകത്തിനും) ഇടയിൽ ഒരു മറയുണ്ട്."

إِنَّ ٱلَّذِينَ سَبَقَتْ لَهُم مِّنَّا ٱلْحُسْنَىٰٓ أُو۟لَٰٓئِكَ عَنْهَا مُبْعَدُونَ ۝

لَا يَسْمَعُونَ حَسِيسَهَا ۖ وَهُمْ فِى مَا ٱشْتَهَتْ أَنفُسُهُمْ خَٰلِدُونَ ۝

21:102–103 "തീർച്ചയായും നമ്മുടെ പക്കൽ നിന്ന് മുമ്പേ നന്മ ലഭിച്ചവരാരോ അവർ അതിൽ (നരകത്തിൽ) നിന്ന് അകറ്റിനിർത്തപ്പെടുന്നവരാകുന്നു. അതിന്റെ നേരിയ ശബ്ദം പോലും അവർ കേൾക്കുകയില്ല. തങ്ങളുടെ മനസ്സുകൾക്ക് ഇഷ്ടപ്പെട്ട സുഖാനുഭവങ്ങളിൽ അവർ നിത്യവാസികളായിരിക്കും."

يَوْمَ يَقُولُ ٱلْمُنَٰفِقُونَ وَٱلْمُنَٰفِقَٰتُ لِلَّذِينَ ءَامَنُوا۟ ٱنظُرُونَا نَقْتَبِسْ مِن نُّورِكُمْ قِيلَ

ٱرْجِعُوا۟ وَرَآءَكُمْ فَٱلْتَمِسُوا۟ نُورًا فَضُرِبَ بَيْنَهُم بِسُورٍ لَّهُۥ بَابٌۢ بَاطِنُهُۥ فِيهِ ٱلرَّحْمَةُ وَظَٰهِرُهُۥ

مِن قِبَلِهِ ٱلْعَذَابُ ۝

57:14– "കപടവിശ്വാസികളും കപടവിശ്വാസിനികളും സത്യവിശ്വാസകളോട് (ഇങ്ങനെ) പറയുന്ന ദിവസം: 'നിങ്ങൾ ഞങ്ങളെ ഗൗനിച്ചാലും. നിങ്ങളുടെ പ്രകാശത്തിൽ നിന്ന് ഞങ്ങൾ അല്പം എടുക്കട്ടെ' (അപ്പോൾ അവരോടു) പറയപ്പെടും: 'നിങ്ങൾ നിങ്ങളുടെ പിൻഭാഗത്തേക്കു തന്നെ മടങ്ങിപ്പോകുക. എന്നിട്ട് പ്രകാശം അന്വേഷിച്ചു കൊള്ളുക!'

39 നരകവും നരകവാസികളും.

നരകം വളരെ ഭയാനകമായിട്ടാണ് വിശുദ്ധ ഖുർആനിൽ വിവരച്ചിരിക്കുന്നതെങ്കിലും അത് ഒളിഞ്ഞു കിടക്കുന്ന ദൈവത്തിന്റെ കാരുണ്യമാകുന്നു. കാരുണ്യം എന്നു പറയുമ്പോൾ അത് ആളുകൾ നിസ്സാരമായി എടുത്ത് കളയാനിടയുണ്ട്. അതുകൊണ്ട് നരകത്തെ വേദനകൾ നിറഞ്ഞ കാരുണ്യം എന്നു പറയാം. നാം രോഗ ബാധിതരാവുകയും അങ്ങനെ നമ്മുടെ ശരീരത്തെ ഓപ്പറേഷന് വേണ്ടി കീറിമുറിക്കുകയും ചെയ്യേണ്ടി വരികയാണെങ്കിൽ ആ സമയത്തുണ്ടാകുന്ന വേദനകൾ നാം സഹിച്ചേ മതിയാവുകയുള്ളൂ. ആ വേദന എത്ര തന്നെ കഠിനമായിരുന്നാലും അതിനുവേണ്ടി ദൈവത്തെ നമുക്ക് കുറ്റപ്പെടുത്താൻ സാധിക്കുന്നതല്ല. ഒരാൾ നരകാവകാശിയായിത്തീരുന്നത് അയാളോട് ദൈവം അനീതികാണിച്ചു കൊണ്ട് നരകത്തിലേക്ക് പിടിച്ചിടുന്നത് കൊണ്ടല്ല. നേരെ മറിച്ച് ദൈവം എന്തിനു വേണ്ടി അയാളെ സൃഷ്ടിച്ചുവോ ആ ഉദ്ദേശ്യം അയാൾ മനസ്സിലാക്കാതെ താന്തോന്നിയായി ഈ ലോകത്ത് ജീവിക്കുകയും അയാളുടെ ഇഷ്ടത്തിനൊത്ത് പ്രവർത്തിക്കുകയും ചെയ്തതു കാരണമാണ്. നന്മതിന്മകളെ കുറിച്ചുള്ള ബോധം ദൈവം മനുഷ്യ മനസ്സുകൾക്ക് നല്കുകയും നന്മകൾ പ്രവർത്തിക്കുന്നവരെ സന്തോഷ വാർത്ത അറിയിക്കുവാനും തിന്മകൾ പ്രവർത്തിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുവാനും ദൈവം അവന്റെ കാരുണ്യത്താൽ പ്രവാചകന്മാരെ അയക്കുകയും ചെയ്തു. സ്വന്തം മനസ്സിലെ വിദ്വേഷവും അസൂയയും അഹങ്കാരവും കാരണമായല്ലാതെ പ്രവാചകന്മാരെ നിഷേധിക്കുന്നതിന് മറ്റു യാതൊരു കാരണങ്ങളുമില്ല. എന്തു കൊണ്ടെന്നാൽ പ്രവാചകന്മാർ കൊണ്ടു വരുന്ന അദ്ധ്യാപനങ്ങൾ നന്മയുടേതാണ്. അവർ മനുഷ്യരെ നല്ലതു പ്രവർത്തിക്കുവാനും തിന്മകളെ വെടിയുവാനും ഉപദേശിക്കുന്നു. നന്മയുടെ ഉപദേശങ്ങൾ നൽകുന്നവരെ മനുഷ്യരാശി എന്തിനു നിഷേധിക്കണം? അപ്പോൾ പ്രവാചകന്മാരെ നിഷേധിക്കുന്നതിനുള്ള കാരണങ്ങൾ മേൽ പറഞ്ഞതല്ലാതെ മറ്റൊന്നുമല്ല. അങ്ങനെ അകാരണമായി ഉടലെടുക്കുന്ന നിഷേധഭാവം അവിശ്വാസികളെ കൂടുതൽ കൂടുതൽ തിന്മയിലേക്ക് പ്രേരിപ്പിക്കുകയും അങ്ങനെ അവരുടെ പ്രവർത്തികൾ കാരണമായി അവർ നരകത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. ആ തിന്മകളിൽ നിന്ന് മനുഷ്യാത്മാവിനുള്ള മോചനമായി ദൈവം നരകത്തെ രൂപപ്പെടുത്തിയിരിക്കുന്നു.

നരകത്തെക്കുറിച്ചുള്ള ഭയാനക മുന്നറിയിപ്പുകൾ വായിച്ചുകൊണ്ട് ദൈവം ഇത്ര ക്രൂരനാണോ എന്ന് ചോദിക്കുന്ന കുബുദ്ധികൾ നമ്മുടെ സമൂഹത്തിലുണ്ട്. അവരുടെ ചോദ്യം കേട്ടാൽ തെറ്റു ചെയ്യാത്തവരെ അന്യായപരമായാണ് ദൈവം ശിക്ഷക്കു വിധിക്കുന്നതെന്ന് തോന്നിപ്പോകും. അതുകൊണ്ട് തന്നെയാണ് തെറ്റ് ചെയ്യാത്തവരെ ശക്ഷിക്കുന്നതല്ലെന്നും

ദൈവം യാതൊരു വിധേനയും തന്റെ സൃഷ്ടികളോട് അനീതി കാണിക്കുകയില്ലെന്നും വിശുദ്ധ ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നത്. ഒരു നന്മയ്ക്ക് ദൈവം പത്തിരട്ടി പ്രതിഫലം നൽകുമെന്നും എന്നാൽ തെറ്റിന് തതുല്യമായ ശിക്ഷ മാത്രമേ നൽകുകയുള്ളുവെന്നും പറഞ്ഞപ്പോൾ നമുക്ക് അതിൽ ദൈവത്തിന്റെ മഹത്തായ കാരുണ്യമാണ് ദർശിക്കുവാൻ സാധിക്കുന്നത്. പത്തു തെറ്റുകൾ ചെയ്താൽ അതിനു തുല്യമായി ഒരു നന്മ ചെയ്യുകയാണെങ്കിൽ അവന്റെ തെറ്റുകൾ മാഞ്ഞു പോകുമെന്ന് സാരം. ഈ രീതിയിൽ കണക്കുക്കൂട്ടിക്കിഴിച്ച് പിന്നെയും തിന്മകൾ ബാക്കി വരുന്നവരെയാണ് ദൈവം ശിക്ഷിക്കുന്നത്. ഓരോരുത്തർക്കും ലഭിക്കുന്ന ശിക്ഷ ഓരോരുത്തരുടേയും തിന്മകൾക്ക് തുല്യമായിരിക്കും. വിശുദ്ധ ഖുർആനിൽ നരകത്തെക്കുറിച്ച് പറഞ്ഞ ഭയാനകരമായ കാര്യങ്ങൾ അത്ര തന്നെ ഭയാനകമായ ക്രൂരതകൾ ചെയ്തവർക്കാണ്. നിസ്സാരമായ തെറ്റു ചെയ്തവർ നിസ്സാരമായ ശിക്ഷാ വിധികളെ മാത്രമേ ഭയപ്പെടേണ്ടതുള്ളൂ. നരകത്തെ അതിഭയാനകമായ രീതിയിൽ ചിത്രീകരിച്ചിരിക്കുന്നത് അതിന്റെ ശിക്ഷാ കാഠിന്യം ഓർത്തു കൊണ്ട് മനുഷ്യ സമുദായം തിന്മകളിൽ നിന്നും പിന്തിരിയുവാൻ വേണ്ടിയാണ്. അല്ലാതെ ദൈവം ക്രൂരനാണെന്ന് ബോധിപ്പിക്കുവാനല്ല.

إِنَّ ٱللَّهَ لَا يَظۡلِمُ مِثۡقَالَ ذَرَّةٖۖ وَإِن تَكُ حَسَنَةٗ يُضَٰعِفۡهَا وَيُؤۡتِ مِن لَّدُنۡهُ أَجۡرًا عَظِيمٗا ۝

4:41– "തീർച്ചയായും അല്ലാഹു ഒരു അണുവോളം അനീതി കാണിക്കുകയില്ല. അത് ഒരു സൽപ്രവൃത്തിയാണെങ്കിൽ അവൻ അത് ഇരട്ടിച്ചു കൊടുക്കുകയും അവനിൽ നിന്നുള്ള മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്."

مَن جَآءَ بِٱلۡحَسَنَةِ فَلَهُۥ عَشۡرُ أَمۡثَالِهَاۖ وَمَن جَآءَ بِٱلسَّيِّئَةِ فَلَا يُجۡزَىٰٓ إِلَّا مِثۡلَهَا وَهُمۡ لَا يُظۡلَمُونَ ۝

6:161– "ആരെങ്കിലും ഒരു നന്മ കൊണ്ടുവന്നാൽ അപ്പോൾ അവന് പത്തു മടങ്ങ് (പ്രതിഫലം) ലഭിക്കുന്നു. ആരെങ്കിലും ഒരു തിന്മ കൊണ്ടുവന്നാൽ അതിന് തുല്യമായ പ്രതിഫലമല്ലാതെ അവന് നൽകപ്പെടുകയില്ല."

وَنَضَعُ ٱلۡمَوَٰزِينَ ٱلۡقِسۡطَ لِيَوۡمِ ٱلۡقِيَٰمَةِ فَلَا تُظۡلَمُ نَفۡسٞ شَيۡـٔٗاۖ

وَإِن كَانَ مِثۡقَالَ حَبَّةٖ مِّنۡ خَرۡدَلٍ أَتَيۡنَا بِهَاۗ وَكَفَىٰ بِنَا حَٰسِبِينَ ۝

21:48– "ഉയിർത്തെഴുനേൽപ്പുനാളിൽ നീതിയോടുകൂടിയ തുലാസ്സുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളും ഒട്ടും അനീതിക്ക് പാത്രമാവുകയില്ല. ഒരു കടുക് മണിയുടെ തൂക്കമാണെങ്കിൽപോലും നാമത് കൊണ്ടുവരുന്നതാണ്. കണക്കെടുക്കുവാൻ നാം മതിയായവനാണ്."

നരകശിക്ഷക്ക് പാത്രമാകുന്നവർ അവരുടെ തെറ്റുകൾ സ്വയം സമ്മതിക്കുന്നതാണെന്ന് വിശുദ്ധ ഖുർആൻ എടുത്തു പറഞ്ഞിരിക്കുകയാണ്:

قَالُوا۟ رَبَّنَا غَلَبَتْ عَلَيْنَا شِقْوَتُنَا وَكُنَّا قَوْمًا ضَآلِّينَ ﴿١٠٦﴾

23:107– "അവർ പറയും, ഞങ്ങളുടെ നാഥാ, ഞങ്ങളുടെ നിർഭാഗ്യം ഞങ്ങളെ കീഴ്പ്പെടുത്തിക്കളഞ്ഞു. ഞങ്ങൾ വഴിപിഴച്ച ഒരു ജനതയായിരുന്നു."

ഓരോരുത്തരും നരകത്തിന് അവകാശികളായിത്തീരുന്നത് അല്ലാഹു അവർക്ക് നൽകിയ ബുദ്ധി സൂക്ഷ്മമായി വിനിയോഗിക്കാതെ ധിക്കാരപരമായും അഹന്തയോടും ദൈവത്തെ നിഷേധിച്ചു കൊണ്ട് ജീവിതം നയിക്കുന്നതു കൊണ്ടാണ്. അതുകൊണ്ടു തന്നെ അവർ ചെയ്ത തെറ്റിന് തുല്യമായ ശിക്ഷ അവർക്ക് അനുഭവിക്കേണ്ടിവരുന്നു.

وَٱلَّذِينَ كَسَبُوا۟ ٱلسَّيِّـَٔاتِ جَزَآءُ سَيِّئَةٍۭ بِمِثْلِهَا وَتَرْهَقُهُمْ ذِلَّةٌ ۖ مَّا لَهُم مِّنَ ٱللَّهِ مِنْ عَاصِمٍ ۖ كَأَنَّمَآ أُغْشِيَتْ وُجُوهُهُمْ قِطَعًا مِّنَ ٱلَّيْلِ مُظْلِمًا ۚ أُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٢٧﴾

10:28– "തിന്മകൾ സമ്പാദിച്ചവർക്കുള്ള പ്രതിഫലം ആ തിന്മകൾക്ക് തുല്യമായതായിരിക്കും. അപമാനം അവരെ മൂടിപ്പൊതിഞ്ഞിരക്കും. അല്ലാഹുവിൽനിന്ന് അവരെ രക്ഷിക്കുന്ന ആരും ഉണ്ടായിരിക്കുകയില്ല. അവരുടെ മുഖങ്ങൾ ഇരുളടഞ്ഞ രാവിന്റെ കഷണങ്ങൾ കൊണ്ട് പൊതിഞ്ഞതുപോലെ (അന്ധകാരാവൃതം) ആയിരിക്കും. അവരാണ് നരകവാസികൾ. അവർ അതിൽ യുഗങ്ങളോളം വസിക്കുകയായി."

ദൈവം തെറ്റു ചെയ്യുന്ന മനുഷ്യരെ അവരുടെ തിന്മകളിൽ നിന്ന് പിന്തിരിപ്പിക്കുവാനായി ഈ ലോകത്തു വെച്ചു തന്നെ പ്രവാചകന്മാരെ അയക്കുകയും സത്യാസത്യങ്ങളും നല്ലതും ചീത്തയും ചൂണ്ടി കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. എന്നാൽ നന്മയുടെ ഉപദേശവുമായി വരുന്ന പ്രവാചകന്മാരെ കൈകൊള്ളാതെ ധിക്കാരിയായി മനുഷ്യൻ അവരെ നാശോന്മുഖമാക്കുവാൻ ശ്രമിക്കുന്നു. എത്ര തന്നെ ദൈവിക അടയാളങ്ങൾ അവർ കാണിച്ചാലും അതൊന്നും ശ്രദ്ധിക്കുവാൻ കൂട്ടാക്കാതെ ധിക്കാരികൾ അവരുടെ ക്രൂരതയിൽ തന്നെ തുടർന്നുറച്ചു നിൽക്കുന്നു. തിന്മകൾക്കെതിരായ ഉപദേശങ്ങൾ ചെവികൊള്ളാതെ തെറ്റുകളിൽ തന്നെ ജീവിതം തുടർന്നു വന്നവരുടെ പാപങ്ങളുടെ കറകൾ നീക്കിക്കളയുവാൻ നരകമല്ലാതെ മറ്റൊരു മാർഗ്ഗം ഇല്ലാത്തതു കൊണ്ടാണ് ദൈവം നരകത്തെ സൃഷ്ടിച്ചിരിക്കുന്നത്. നരകം മുന്നിൽ കാണിച്ചു കൊണ്ട് അവരെ ശിക്ഷിക്കാതെ വെറുതെ ഭൂമിയിലേക്ക് തിരിച്ചയച്ചാലും അവർ തെറ്റുകളിൽ തന്നെ തുടർന്നു നിൽക്കുന്നതാണെന്ന് അല്ലാഹു വെളിപ്പെടുത്തുന്നു.

وَلَوۡ تَرَىٰٓ إِذۡ وُقِفُواْ عَلَى ٱلنَّارِ فَقَالُواْ يَٰلَيۡتَنَا نُرَدُّ وَلَا نُكَذِّبَ بِـَٔايَٰتِ رَبِّنَا وَنَكُونَ مِنَ ٱلۡمُؤۡمِنِينَ ۝

بَلۡ بَدَا لَهُم مَّا كَانُواْ يُخۡفُونَ مِن قَبۡلُۖ وَلَوۡ رُدُّواْ لَعَادُواْ لِمَا نُهُواْ عَنۡهُ وَإِنَّهُمۡ لَكَٰذِبُونَ ۝

6:28-29 "അഗ്നിയുടെ മുമ്പിൽ അവർ നിർത്തപ്പെടുന്നത് നീ കണ്ടിരുന്നു വെങ്കിൽ! അപ്പോൾ അവർ പറയും, ഹാ കഷ്ടം, ഞങ്ങൾ തിരിച്ചയച്ചയ ക്കപ്പെട്ടിരുന്നുവെങ്കിൽ ഞങ്ങളുടെ നാഥന്റെ ദൃഷ്ടാങ്ങളെ ഞങ്ങൾ നി ഷേധിക്കുകയില്ലായിരുന്നു. ഞങ്ങൾ വിശ്വാസികളായിത്തീരുകയും ചെയ്തു മായിരുന്നു." "എന്നാൽ മുമ്പ് അവർ മറച്ചു വെച്ചിരുന്നത് അവർക്ക് വെ ളിപ്പെട്ടിരിക്കുന്നു. അവരെ മടക്കി അയച്ചാൽ തന്നെയും അവരെ വില ക്കിയതിലേക്ക് തന്നെ അവർ തിരിച്ചു ചെല്ലും. തീർച്ചയായും അവർ കള വു പറയുന്നവരാകുന്നു.

മേൽവചനം മനസ്സിലാക്കിത്തരുന്നത് ശിക്ഷ അനുഭവിക്കാതെ അത് നേ രിൽ കണ്ടാൽ തന്നെയും തിന്മകൾ ചെയ്യാനുള്ള പ്രേരണകൾ ദുരാത്മാ ക്കളിൽ നിന്നും നീങ്ങിപ്പോവുകയില്ലെന്നാണ്. ശിക്ഷ അനുഭവിപ്പിക്കാതെ അതിന്റെ മുന്നിൽ കൊണ്ടു നിർത്തിയാൽപ്പോലും അവർ ശുദ്ധീകരിക്ക പ്പെടുകയില്ലെന്ന് സാരം.

إِنَّ ٱلَّذِينَ حَقَّتۡ عَلَيۡهِمۡ كَلِمَتُ رَبِّكَ لَا يُؤۡمِنُونَ ۝

وَلَوۡ جَآءَتۡهُمۡ كُلُّ ءَايَةٍ حَتَّىٰ يَرَوُاْ ٱلۡعَذَابَ ٱلۡأَلِيمَ ۝

10:97-98 "തീർച്ചയായും നിന്റെ നാഥന്റെ വചനം ആരുടെ മേൽ അ ന്വർത്ഥമായോ എല്ലാ ദൃഷ്ടാന്തങ്ങളും അവർക്ക് വന്നുകിട്ടിയാലും വേദ നയുറ്റ ശിക്ഷ അവർ കാണുന്നതുവരെ അവർ വിശ്വസിക്കുകയില്ല."

യുദ്ധം അനുഭവിച്ചാൽ മാത്രമെ സമാധാനത്തിന്റെ വില അറിയൂ എന്ന പറഞ്ഞതു പോലെ സ്വർഗ്ഗീയ സുഖം അറിയണമെങ്കിൽ നരകം എന്താ ണെന്നും അറിയണം. അതുകൊണ്ട് ദൈവം വിശ്വാസികളുടെ ജീവിത ത്തിൽ അവർക്കു നേരിടേണ്ടി വരുന്ന പരീക്ഷണങ്ങൾ മുഖേനയും മറ്റു ള്ളവരിൽ നിന്നും ഏൽക്കേണ്ടി വരുന്ന വിഷമതകൾ മുഖേനയും താല് ക്കാലികമാണെങ്കിലും നരക തുല്യമായൊരവസ്ഥാ വിശേഷം ഈ ലോ കത്ത് സംജാതമാക്കുന്നു. അതു പോലെ പരലോകത്തുവെച്ചും വിശ്വാ സികൾക്കു അതിന്റെ സാമീപ്യം ബോദ്ധ്യമാകും. എങ്കിലും ഈ ലോക ത്തുവെച്ച് ചെയ്തതുപോലെ വിശ്വാസികളെ അവിടെ നിന്ന് രക്ഷപ്പെടു ത്തി സ്വർഗ്ഗത്തിലേക്ക് ആനയിക്കുന്നതാണ്.

وَإِن مِّنكُمۡ إِلَّا وَارِدُهَاۚ كَانَ عَلَىٰ رَبِّكَ حَتۡمٗا مَّقۡضِيّٗا ۝

ثُمَّ نُنَجِّي ٱلَّذِينَ ٱتَّقَواْ وَّنَذَرُ ٱلظَّٰلِمِينَ فِيهَا جِثِيًّا ﴿٧٢﴾

19:72–73 “അതിനടുത്ത് വരാത്തവരായി നിങ്ങളിൽ ആരുമുണ്ടായിരിക്കുക യില്ല. ഇത് നിന്റെ രക്ഷിതാവിന്റെ സുനിശ്ചിതവും നടപ്പിലാക്കപ്പെടുന്ന തുമായ ഒരു വിധിയാകുന്നു. പിന്നീട് സൂക്ഷ്മത പാലിച്ചവരെ നാം ര ക്ഷപ്പെടുത്തുകയും അക്രമികളെ മുട്ടുക്കുത്തി വീണ നിലയിൽ നാം വി ട്ടേക്കുകയും ചെയ്യുന്നതാണ്.”

നരകം ദൈവത്തിന്റെ ഗോപ്യമായ കാരുണ്യമാണെന്ന് ആദ്യമേ തന്നെ പറഞ്ഞുവല്ലോ. അല്ലാഹു നരകത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു:

فَأُمُّهُۥ هَاوِيَةٌ ﴿٩﴾

101:10– “നരകം അവനെ (ശുശ്രൂഷിക്കുന്നൊരു) മാതാവായിരിക്കും.”

ഇവിടെ നരകം ഒരു മാതാവായിരിക്കും എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, മാതാവിന്റെ വയറ്റിൽനിന്ന് കുട്ടികൾ രൂപം പ്രാപിച്ച് പുറത്തു വരുന്ന തു പോലെ നരകത്തിൽനിന്നും പാപികൾ അവരുടെ പാപങ്ങളുടെ കറ കൾ നീങ്ങി പരിശുദ്ധരായി പുറത്തു വരുന്നതു കൊണ്ടാണ്.

ഓരോരുത്തരും ചെയ്ത തിന്മകൾക്കനുസൃതമായ രീതിയിലാണ് അല്ലാ ഹു നരകത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. എല്ലാവർക്കും ഒരേ നരകമല്ല ഉള്ളത്.

لَهَا سَبْعَةُ أَبْوَٰبٍ لِّكُلِّ بَابٍ مِّنْهُمْ جُزْءٌ مَّقْسُومٌ ﴿٤٤﴾

15:45– “ഏഴ് (അനേകം) കവാടങ്ങൾ അതിനുണ്ട്. ഓരോ വാതിലിലൂടെ യും കടക്കുവാനായി വീതിക്കപ്പെട്ട ഒരു വിഭാഗം ആളുകൾ അവരിലു ണ്ടായിരിക്കും.

പരലോകത്തെ അപേക്ഷിച്ച് ഈ ലോകം വളരെ ക്ഷണികമാണെന്നത് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ പ്രഖ്യാപനമാണ്. ഇവിടത്തെ ജീ വിതം അവിടത്തെ ഒരു നാഴികയുടെ ഭാഗം പോലെയായിരിക്കും. ഇവി ടെ തിന്മകൾ നിറഞ്ഞ ജീവിതം നയിക്കുന്നവരുടെ തിന്മകൾക്ക് മരണമാ ണ് അറുതി വരുത്തുന്നത്. മരണം അവരെ പിടികൂടാതെ യുഗാന്തരങ്ങ ൾ അവർ ഇവിടെ ജീവിക്കുമായിരുന്നുവെങ്കിൽ അവർ തിന്മകളിൽ ത ന്നെ യുഗാന്തരോളം ജീവിതം നയിക്കുമായിരുന്നു. ഈ കാരണം കൊ ണ്ട് യുഗാന്തരങ്ങൾ നീണ്ടു നിൽക്കുന്ന ശിക്ഷക്ക് അവർ അർഹരായി ത്തീരുകയും ചെയ്യുന്നു. നരകജീവിതം യുഗാന്തരങ്ങൾ നീണ്ടു നിൽക്കു മെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. ഇതിന് എല്ലാ നരക ങ്ങളും യുഗാന്തരങ്ങൾ നീണ്ടു നിൽക്കുമെന്ന് നാം മനസ്സിലാക്കേണ്ടതി ല്ല. ഓരോരുത്തരുടെയും ശിക്ഷയുടെ കാലാവധി തീരുമ്പോൾ അവർ ന

രകത്തിൽനിന്ന് മോചിതരാവുന്നതാണ്. ദീർഘ നാൾ ശിക്ഷ അനുഭവിക്കേണ്ടവർ അത്രയും കാലം നരകത്തിൽ വസിച്ചീടുകയും ചെയ്യുന്നതാണ്.

يُرِيدُونَ أَن يَخْرُجُوا۟ مِنَ ٱلنَّارِ وَمَا هُم بِخَـٰرِجِينَ مِنْهَا ۖ وَلَهُمْ عَذَابٌ مُّقِيمٌ ۝

5:38– "നരകത്തിൽനിന്ന് പുറത്തു കടക്കണമെന്ന് അവർ ആഗ്രഹിക്കും. അവർക്ക് അതിൽനിന്ന് പുറത്തു കടക്കുവാൻ സാധിക്കുന്നതല്ല. അവർക്ക് നീണ്ടു നിൽക്കുന്ന ശിക്ഷയുമുണ്ട്."

إِنَّ جَهَنَّمَ كَانَتْ مِرْصَادًا ۝ لِّلطَّـٰغِينَ مَـَٔابًا ۝ لَّـٰبِثِينَ فِيهَآ أَحْقَابًا ۝

78:22–24 "തീർച്ചയായും നരകം പതിയിരിക്കുകയാകുന്നു, അതിക്രമകാരികൾക്ക് ഒരു പ്രത്യാഗമന സ്ഥാനമായി. അതിലവർ യുഗങ്ങളോളം വസിക്കുന്നതായിരിക്കും.

അങ്ങനെ യുഗാന്തരങ്ങൾക്കു ശേഷം ഏറ്റവും കഠിനമായ ശിക്ഷക്ക് അർഹരായവർ അവരുടെ കാലാവധി തീരുന്നതോടു കൂടി നരകത്തിൽ നിന്നും വിമോചിതരാവുന്നതും അങ്ങനെ നരകത്തിൽ ആരും അവശേഷിക്കാത്ത ഒരു കാലം സംജാതമായിത്തരുന്നതുമാണ്. അതോടുകൂടി നരകം നിലച്ചു പോകുന്നതും അവന്റെ സൃഷ്ടിജാലങ്ങളെ ദൈവ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും വലയത്തിൽ കൊണ്ടുവരുന്നതുമായിരിക്കും. ഇതോടുകൂടി ദുരാത്മാക്കൾ പരിശുദ്ധരായിത്തീരുകയും അവർ ആത്മീയ ജീവിതത്തിലേക്ക് പ്രവേശിച്ച് ക്രമേണയായി സ്വർഗ്ഗീയാനുഭൂതികൾ ആസ്വദിക്കുമാറാവുകയും ചെയ്യുന്നതാണ്.

وَبَيْنَهُمَا حِجَابٌ ۚ وَعَلَى ٱلْأَعْرَافِ رِجَالٌ يَعْرِفُونَ كُلًّۢا بِسِيمَىٰهُمْ ۚ

وَنَادَوْا۟ أَصْحَـٰبَ ٱلْجَنَّةِ أَن سَلَـٰمٌ عَلَيْكُمْ ۚ لَمْ يَدْخُلُوهَا وَهُمْ يَطْمَعُونَ ۝

7:47– "അവരണ്ടിനും (സ്വർഗ്ഗത്തിനും നരകത്തിനും) ഇടയിൽ ഒരു തടസ്സമുണ്ടായിരിക്കും. ഓരോരുത്തരേയും അവരുടെ അടയാളങ്ങൾ മുഖേന തിരിച്ചറിയുന്ന ആളുകൾ ഉന്നത തലങ്ങളിലുണ്ടായിരിക്കും. സ്വർഗ്ഗവാസികളോട് അവർ വിളിച്ചു പറയും, നിങ്ങൾക്കു സമാധാനം. അതിൽ അവർ പ്രവേശിച്ചു കഴിഞ്ഞിട്ടില്ല. എന്നാൽ അവർ (അതിന്) പ്രത്യാശിക്കുന്നവരാണ്.

പിൽക്കാലത്ത് സ്വർഗ്ഗത്തിൽ വന്നു ചേരുന്നവരെയാണ് മേൽ വചനം സൂചിപ്പിക്കുന്നത്.

فَأَمَّا ٱلَّذِينَ شَقُوا۟ فَفِى ٱلنَّارِ لَهُمْ فِيهَا زَفِيرٌ وَشَهِيقٌ ۝ خَـٰلِدِينَ فِيهَا

مَا دَامَتِ ٱلسَّمَٰوَٰتُ وَٱلۡأَرۡضُ إِلَّا مَا شَآءَ رَبُّكَۚ إِنَّ رَبَّكَ فَعَّالٞ لِّمَا يُرِيدُ ١٠٧

11:107–108 “എന്നാൽ നിർഭാഗ്യവാന്മാർ നരകത്തിൽ ആയിരിക്കും. അവർ ക്കവിടെ നെടുവീർപ്പും തേങ്ങിക്കരച്ചലുമായിരിക്കും. ആകാശങ്ങളും ഭൂമി യും നിലനിൽക്കുവോളം അവർ അതിൽ വസിക്കുന്നതാണ്. നിന്റെ നാ ഥൻ ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും നിന്റെ നാഥൻ ഇച്ഛിക്കുന്ന തെന്തും പ്രവർത്തിക്കുന്നവനാകുന്നു.”

ഇവിടെ “നിന്റെ നാഥൻഉദ്ദേശിച്ചതൊഴികെ” എന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഇത് വ്യക്തമാക്കുന്നത് യുഗാന്തരങ്ങൾക്കു ശേഷം അവരവ രുടെ ശിക്ഷയുടെ കാലാവധി തീരുന്നതനുസരിച്ച് നരകവാസികൾ നര കത്തിൽനിന്ന് മോചിതരായി സ്വർഗ്ഗത്തിൽ പ്രവേശിച്ച് തുടങ്ങുമെന്നാണ്.

സ്വർഗ്ഗീയാനുഭൂതി പോലെ നരകീയമായ യാതനകളും ഈ ലോകത്തി ൽ വെച്ചുതന്നെ ആരംഭിക്കുന്നുണ്ട്. ദൈവനിഷേധത്തിന്റെ ഫലമായി ദൈവ നിഷേധികളുടെ മനസ്സിൽ ഭയം ഉടലെടുക്കുന്നതാണെന്ന് അല്ലാ ഹു വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല, ദൈവ നിഷേധികൾ ദൈവഹിതത്തിനെതിരായ പല കാര്യങ്ങളിലും വ്യാപൃതരാ യിക്കൊണ്ട് അവർ തന്നെ മനഃസ്സമാധാനം നഷ്ടമാകുന്ന ചങ്ങലകളിൽ സ്വയം ബന്ധിതരായിത്തീരുകയും ചെയ്യുന്നു. അങ്ങനെ അവർ നയിക്കു ന്ന തിന്മകളും പാപങ്ങളും നിറഞ്ഞ ജീവിതത്തിന്റെ ഫലമായി അവരു ടെ മനസ്സിന്റെ വ്യഥ ക്രമേണെ വർദ്ധിച്ച് വരികയും അതവരുടെ ആ ത്മാവിൽ അഗ്നിയുടെ രൂപം പ്രാപിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ ആത്മാവിൽ കത്തിക്കപ്പെടുന്ന ഈ അഗ്നിയാണ് യഥാർത്ഥത്തിൽ പി ന്നീട് നരകമായിത്തീരുന്നത്. പിന്നീട് അത് മരണാനന്തരം ദൈവികശി ക്ഷയുടെ രൂപമായിത്തീരുകയും ചെയ്യുന്നു. തങ്ങൾ ഈ ലോകത്ത് അ ശക്തരായിരുന്നുവെന്നോ, നന്മകൾ ചെയ്യാൻ കഴിവില്ലാത്തവരായിരുന്നു വെന്നോ, ദൈവിക കല്പനകൾ അനുസരിച്ച് ജീവിക്കുവാൻ സാധിക്കാ ത്ത നിലയിൽ പീഡിതരായിരുന്നുവെന്നോ ഉള്ള വാദഗതികളെ ദൈവം അംഗീകരിക്കുന്നില്ല. അങ്ങനെയുള്ളവർക്ക് സ്വദേശം വെടിഞ്ഞ് മറ്റൊരു ദേശത്ത് പോയി ജീവിതം നയിക്കാമായിരുന്നില്ലേ എന്നാണ് ദൈവത്തി ന്റെ മറുചോദ്യം.

إِنَّ ٱلَّذِينَ تَوَفَّىٰهُمُ ٱلۡمَلَٰٓئِكَةُ ظَالِمِيٓ أَنفُسِهِمۡ قَالُواْ فِيمَ كُنتُمۡۖ قَالُواْ كُنَّا مُسۡتَضۡعَفِينَ فِي ٱلۡأَرۡضِۚ

قَالُوٓاْ أَلَمۡ تَكُنۡ أَرۡضُ ٱللَّهِ وَٰسِعَةٗ فَتُهَاجِرُواْ فِيهَاۚ فَأُوْلَٰٓئِكَ مَأۡوَىٰهُمۡ جَهَنَّمُۖ وَسَآءَتۡ مَصِيرًا ٩٧

04:98– “തങ്ങളുടെ ആത്മാക്കളോട് അതിക്രമം ചെയ്യുന്നവരുടെ ജീവൻ എടുക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും: നിങ്ങൾ ഏത് അവ സ്ഥയിലായിരുന്നു? അവർ പറയും: ഞങ്ങൾ ഭൂമിയിൽ അശക്തരായിരു

ന്നു. അവർ പറയും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? അ തിൽ നിങ്ങൾക്ക് സ്വദേശം വെടിഞ്ഞ് മറെറവിടെയെങ്കിലും പോകാമായി രുന്നില്ലേ? അതിനാൽ അവരുടെ അഭയസ്ഥാനം നരകം ആണ്. അ തൊരു ചീത്ത സങ്കേതമാകുന്നു."

അങ്ങനെ ഈ ലോകത്ത് വെച്ചു തന്നെ ആരംഭിക്കുന്ന ആത്മീയവ്യഥ മ രണത്തോടു കൂടി വേറൊരു രൂപം പ്രാപിക്കുന്നതും ഉയിർത്തെഴുന്നേൽ പ്പുനാളിൽ അത് പൂർണ്ണ രൂപത്തിൽ അനുഭവിച്ചറിയുമാറാവുകയും ചെയ്യുന്നതാണ്.

لَوْ تَرَىٰٓ إِذِ ٱلظَّـٰلِمُونَ فِى غَمَرَٰتِ ٱلْمَوْتِ وَٱلْمَلَـٰٓئِكَةُ بَاسِطُوٓا۟ أَيْدِيهِمْ أَخْرِجُوٓا۟ أَنفُسَكُمُ ۖ ٱلْيَوْمَ

تُجْزَوْنَ عَذَابَ ٱلْهُونِ بِمَا كُنتُمْ تَقُولُونَ عَلَى ٱللَّهِ غَيْرَ ٱلْحَقِّ وَكُنتُمْ عَنْ ءَايَـٰتِهِۦ تَسْتَكْبِرُونَ ﴿٩٣﴾

6:95– ".... അക്രമികളുടെ മരണമൂർച്ഛയിൽ മലക്കുകൾ അവരുടെ നേ രെ കൈ നീട്ടി, നിങ്ങളുടെ ആത്മാക്കളെ പുറത്തേക്ക് വിടൂ എന്ന് പറ യുന്ന രംഗം നീ കണ്ടിരിന്നുവെങ്കിൽ! നിങ്ങൾ അല്ലാഹുവിന്റെ പേരിൽ നേരല്ലാത്തത് പറയുകയും അവന്റെ സന്ദേശങ്ങൾക്കെതിരെ അഹംഭാ വം കാട്ടുകയും ചെയ്തിരുന്നതു കാരണം ഈ ദിനം അപമാനത്തിന്റെ ശിക്ഷ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ്."

മരണത്തോടു കൂടി ആരംഭിക്കുന്ന നരക ശിക്ഷകളെക്കുറിച്ച് മരണവും മരണശേഷവും എന്ന അദ്ധ്യായത്തിൽ വ്യക്തമായി പ്രതിപാദിച്ചതിനാൽ ഇവിടെ കൂടുതൽ വിവരിക്കുന്നില്ല.

നാം സങ്കല്പിക്കുന്നതിനപ്പുറം എത്രയോ ഭയാനകമായാണ് വിശുദ്ധ ഖു ർആനിൽ നരകത്തെക്കുറിച്ച് ചിത്രീകരിച്ചിരിക്കുന്നത്. അതുപോലെ നാം ചിന്തിക്കുന്നതിനെക്കാൾ അതിഭയാനകമായ കുറ്റ കൃത്യങ്ങളും വഞ്ചനക ളും പാപങ്ങളുമാണ് ചില വ്യക്തികൾ സമൂഹത്തിൽ ചെയ്തു കൂട്ടുന്ന ത്. ദൈവം നരകത്തെ ഭയാനകമായി ചിത്രീകരിച്ചതിൽനിന്ന് അത്രയും ഭയാനകമായ ക്രൂരതകൾ ചില വ്യക്തികൾ ചെയ്തു കൂട്ടുന്നുവെന്ന ന മ്മുടെ ധരണയെ അത് ബലപ്പെടുത്തുന്നു.

വളരെ ദൂരത്തു വെച്ചുതന്നെ നരകത്തിന്റെ ഇരമ്പൽ കേൾക്കുവാൻ സാധിക്കുമെന്ന് അല്ലാഹു പറയുന്നു:

إِذَا رَأَتْهُم مِّن مَّكَانٍۭ بَعِيدٍ سَمِعُوا۟ لَهَا تَغَيُّظًا وَزَفِيرًا ﴿١٢﴾

25:13–"ദൂരെ നിന്ന് അത് അവർ കാണുമ്പോൾ തന്നെ അതിന്റെ ക്ഷോ ഭവും ഇരമ്പലും അവർ കേൾക്കുന്നതാണ്."

നരകവാസികളുടെ ഉടുപ്പുകളെക്കുറിച്ച് അല്ലാഹു ഇങ്ങനെയാണ് വിവരി ച്ചിരിക്കുന്നത്.

سَرَابِيلُهُم مِّن قَطِرَانٍ وَتَغْشَىٰ وُجُوهَهُمُ ٱلنَّارُ ۝

14:51– "അവരുടെ ഉടുപ്പുകൾ കീല് (ടാറ്) കൊണ്ടുള്ളതായിരിക്കും. തീ അവരുടെ മുഖങ്ങളെ വലയം ചെയ്യുന്നതാണ്."

قُطِّعَتْ لَهُمْ ثِيَابٌ مِّن نَّارٍ يُصَبُّ مِن فَوْقِ رُءُوسِهِمُ ٱلْحَمِيمُ ۝

22:20– ".....അവർക്ക് തീകൊണ്ടുള്ള വസ്ത്രങ്ങൾ മുറിച്ച് കൊടുക്കപ്പെടുന്നതാണ്. അവരുടെ ശിരസ്സുകൾക്കു മീതെ തിളയ്ക്കുന്ന വെള്ളം ഒഴിക്കപ്പെടുന്നതാണ്."

ഈ അഗ്നിയുടെ കാഠിന്യം ഏതു പോലെയാണെന്നു വെച്ചാൽ അതിന്റെ ചൂടു കൊണ്ട് ചർമ്മങ്ങൾ ഉരുകിപ്പോകുന്നതാണ്.

كُلَّمَا نَضِجَتْ جُلُودُهُم بَدَّلْنَـٰهُمْ جُلُودًا غَيْرَهَا

4:57– ".....അവരുടെ ചർമ്മങ്ങൾ വെന്തുപോവുമ്പോഴൊക്കെയും മറ്റു ചർമ്മങ്ങൾ നാം അവർക്ക് മാറ്റിക്കൊടുക്കുന്നതാണ്."

يُصْهَرُ بِهِۦ مَا فِى بُطُونِهِمْ وَٱلْجُلُودُ ۝

22:21– "അവരുടെ വയറുകളിലുള്ളതും ചർമ്മങ്ങളും ഉരുകിപ്പോകും."

നരക ശിക്ഷ ഒരു ജയിൽ ശിക്ഷയെന്ന പോലെയാണ് ദൈവം പറഞ്ഞിരിക്കുന്നത്. കുറ്റവാളികളെ അവർ ചെയ്തുവെച്ച പാപങ്ങൾ കാരണമായി ചങ്ങലകളിൽ ബന്ധിക്കപ്പെടുന്നതും ഇരുമ്പു ദണ്ഡുകൾ കൊണ്ട് അവരെ ചൂടുപിടിപ്പിക്കുന്നതുമായിരിക്കും.

وَجَعَلْنَا ٱلْأَغْلَـٰلَ فِىٓ أَعْنَاقِ ٱلَّذِينَ كَفَرُوا۟

34:34– ".....ദൈവ നിഷേധികളുടെ കഴുത്തുകളിൽ നാം നുകവളയങ്ങൾ ചാർത്തുകയും ചെയ്യും....."

إِنَّآ أَعْتَدْنَا لِلْكَـٰفِرِينَ سَلَـٰسِلَا۠ وَأَغْلَـٰلًا وَسَعِيرًا ۝

76:05– "തീർച്ചയായും ദൈവനിഷേധികൾക്കായി ചങ്ങലകളും നുകവളയങ്ങളും എരിയുന്ന തീയും നാം ഒരുക്കിയിട്ടുണ്ട്."

ثُمَّ فِى سِلْسِلَةٍ ذَرْعُهَا سَبْعُونَ ذِرَاعًا فَٱسْلُكُوهُ ۝

69:33–എഴുപത് മുഴം നീളമുള്ള ഒരു ചങ്ങലയിൽ അവനെ കടത്തുവിൻ."

وَلَهُم مَّقَـٰمِعُ مِنْ حَدِيدٍ ۝

22:22– "ഇരുമ്പിന്റെ ദണ്ഡുകളും അവർക്കായുണ്ട്."

നരകവാസികളുടെ പാനീയം വിഴുപ്പുജലവും, തിളക്കുന്ന വെള്ളവും, ഉരുകിയലോഹവും ആയിരിക്കും. അതു പോലെ വിപരീത ഗുണങ്ങളുള്ള തണുത്തു കോച്ചുന്ന പാനീയങ്ങളും ആയിരിക്കും.

وَيُسْقَىٰ مِن مَّآءٍ صَدِيدٍ ۝ يَتَجَرَّعُهُۥ وَلَا يَكَادُ يُسِيغُهُۥ وَيَأْتِيهِ ٱلْمَوْتُ مِن كُلِّ مَكَانٍ وَمَا هُوَ بِمَيِّتٍ ۖ وَمِن وَرَآئِهِۦ عَذَابٌ غَلِيظٌ ۝

14:17–18 ".....അഴുക്കു ജലത്തിൽ നിന്ന് അവൻ കുടിപ്പിക്കപ്പെടുകയും ചെയ്യും. അത് അവൻ മോന്തിക്കുടിക്കും. എന്നാൽ അതവന് കുടിച്ചിറക്കുവാൻ സാധിക്കുകയില്ല. എല്ലായിടത്തു നിന്നും മരണം അവന്റെ നേർക്കു വരും. എന്നാൽ അവൻ മരണപ്പെടുകയില്ല. അതിനപ്പുറത്ത് കഠോരമായ ശിക്ഷയുമുണ്ട്."

هَـٰذَا فَلْيَذُوقُوهُ حَمِيمٌ وَغَسَّاقٌ ۝

38:58 ".....തിളച്ചു പൊള്ളുന്നതും തണുത്തുകോച്ചുന്നതും കൊണ്ട് അവർ രുചി നോക്കട്ടെ.

يَطُوفُونَ بَيْنَهَا وَبَيْنَ حَمِيمٍ ءَانٍ ۝

55:45– "അതിനും തിളച്ചു പൊള്ളുന്ന വെള്ളത്തിനുമിടയിൽ അവർ ചുറ്റിക്കറങ്ങുന്നതാണ്."

ഇത്ര ഭയാനകവും അതി വേദനാജനകവുമായ അവസ്ഥയിൽ മനുഷ്യൻ സ്വാഭാവികമായും മരിക്കുവാൻ ആഗ്രഹിക്കുന്നതാണ്. എന്നാൽ നരകവാസികൾ മരിക്കുവാനോ ജീവിക്കുവാനോ കഴിയാത്ത ഒരവസ്ഥയിലായിരിക്കുന്നതാണ്.

كُلَّمَآ أَرَادُوٓا۟ أَن يَخْرُجُوا۟ مِنْهَا مِنْ غَمٍّ أُعِيدُوا۟ فِيهَا وَذُوقُوا۟ عَذَابَ ٱلْحَرِيقِ ۝

22:23– "അതിൽ നിന്ന് കഠിന വ്യഥ മൂലം പുറത്തു കടക്കുവാൻ അവർ ഉദ്ദേശിക്കുമ്പോഴൊക്കെ അവരെ അതിലേക്കുതന്നെ മടക്കപ്പെടുന്നതാണ്. (പറയപ്പെടും:) എരിയുന്ന തീയുടെ ശിക്ഷ നിങ്ങൾ രുചിക്കുവിൻ."

وَإِذَآ أُلْقُوا۟ مِنْهَا مَكَانًا ضَيِّقًا مُّقَرَّنِينَ دَعَوْا۟ هُنَالِكَ ثُبُورًا ۝

25:14– "അതിൽ ഇടുങ്ങിയ ഒരിടത്തേക്ക് ചങ്ങലകളിൽ ബന്ധിതരായി

ക്കൊണ്ട് അവർ എറിയപ്പെടുമ്പോൾ അവിടവെച്ചു തന്നെ അവർ നാശത്തിനുവേണ്ടി കേഴുന്നതാണ്."

وَلَمْ أَدْرِ مَا حِسَابِيَهْ ۝ يَا لَيْتَهَا كَانَتِ الْقَاضِيَةَ ۝

مَا أَغْنَىٰ عَنِّي مَالِيَهْ ۝ هَلَكَ عَنِّي سُلْطَانِيَهْ ۝

69:27–29 "എന്റെ വിചാരണ എന്തായിരിക്കുമെന്ന് ഞാൻ അറിയാതിരുന്നുവെങ്കിൽ! ഇത് എന്റെ അന്ത്യമായിരുന്നെങ്കിൽ! എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ല. എന്റെ അധികാരം എനിക്ക് നഷ്ടപ്പെട്ടുപോയി.

لَا يَمُوتُ فِيهَا وَلَا يَحْيَىٰ ۝

20:75– "അതിൽ അവർ മരിക്കുകയുമില്ല, ജീവിക്കുകയുമില്ല."

ഇവിടെ നിന്ന് മരണം വരെ ധിക്കാരം പ്രവർത്തിച്ചവർ നരകത്തിലേക്ക് വലിച്ചെറിയപ്പെട്ട ഉടനെതന്നെ അവരുടെ മനസ്സിൽ പാശ്ചാത്തപത്തിന്റെ ബാഹ്യ പ്രകടനങ്ങൾ കണ്ടുതുടങ്ങുന്നതാണ്. എങ്കിലും ദൈവം ബാഹ്യ പ്രകടനങ്ങൾ കണക്കിലെടുക്കാതെ അവരുടെ ശിക്ഷാവിധി തീർന്ന് ശുദ്ധരായി തീരുന്നതുവരെ നരകത്തിൽ തന്നെ പാർപ്പിക്കുന്നതാണ്.

يَوْمَ تُقَلَّبُ وُجُوهُهُمْ فِي النَّارِ يَقُولُونَ يَا لَيْتَنَا أَطَعْنَا اللَّهَ وَأَطَعْنَا الرَّسُولَا ۝

33:67– അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിനം, അവർ പറയും: ഞങ്ങൾക്ക് ഹാ കഷ്ടം, അല്ലാഹുവിനെ ഞങ്ങൾ അനുസരിച്ചിരുന്നുവെങ്കിൽ! റസൂലിനെ ഞങ്ങൾ അനുസരിച്ചരുന്നുവെങ്കിൽ!"

وَهُمْ يَصْطَرِخُونَ فِيهَا رَبَّنَا أَخْرِجْنَا نَعْمَلْ صَالِحًا غَيْرَ الَّذِي كُنَّا نَعْمَلُ ۚ أَوَلَمْ نُعَمِّرْكُمْ مَا

يَتَذَكَّرُ فِيهِ مَنْ تَذَكَّرَ وَجَاءَكُمُ النَّذِيرُ ۖ فَذُوقُوا فَمَا لِلظَّالِمِينَ مِنْ نَصِيرٍ ۝

35:38– "അതിലവർ മുറവിളി കൂട്ടും. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ പുറത്തു വിടേണമേ. ഞങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽനിന്നും വ്യത്യസ്ഥമായി ഞങ്ങൾ നന്മ പ്രവർത്തിക്കാം. (പറയപ്പെടും:) മുന്നറിയിപ്പു സ്വീകരിക്കുന്നവന് മുന്നറിയിപ്പ് സ്വീകരിക്കത്തക്കവിധം നിങ്ങൾക്കു നാം ആയുസ്സ് നീട്ടിത്തന്നില്ലേ? മുന്നറിയിപ്പുകാരൻ നിങ്ങളിൽ വരികയും ചെയ്തു. അതിനാൽ നിങ്ങൾ അനുഭവിച്ചു കൊള്ളുക. അക്രമികൾക്ക് ഒരു സഹായിയുമില്ല."

നരകവാസികൾ ഭക്ഷിക്കുന്ന വൃക്ഷത്തെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിക്കുന്നുണ്ട്. പാപികൾ അതു ഭക്ഷിച്ചു കഴിഞ്ഞാൽ ഉരു

കിയ പിത്തള പോലെ അത് വയറ്റിൽ ചുട്ടുതിളക്കുന്നതാണ്. നരകാഗ്നി യുടെ അടിയിൽ നിന്നാണ് അത് മുളച്ച് പുറപ്പെടുന്നത്. ആ വൃക്ഷത്തെ ക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പലയിടത്തായി വിവരിച്ചിരി ക്കുന്നു:

أَذَٰلِكَ خَيْرٌ نُّزُلًا أَمْ شَجَرَةُ ٱلزَّقُّومِ ۝ إِنَّا جَعَلْنَٰهَا فِتْنَةً لِّلظَّٰلِمِينَ ۝ إِنَّهَا شَجَرَةٌ تَخْرُجُ
فِىٓ أَصْلِ ٱلْجَحِيمِ ۝ طَلْعُهَا كَأَنَّهُۥ رُءُوسُ ٱلشَّيَٰطِينِ ۝ فَإِنَّهُمْ لَءَاكِلُونَ مِنْهَا فَمَالِـُٔونَ
مِنْهَا ٱلْبُطُونَ ۝ ثُمَّ إِنَّ لَهُمْ عَلَيْهَا لَشَوْبًا مِّنْ حَمِيمٍ ۝ ثُمَّ إِنَّ مَرْجِعَهُمْ لَإِلَى ٱلْجَحِيمِ ۝

37:63–69 “ഇതാണോ ഒരു സൽക്കാരമായി നല്ലത്, അതല്ല സഖൂം വൃ ക്ഷമാണോ? തീർച്ചയായും തെറ്റു ചെയ്യുന്നവർക്ക് നാം അതിനെ ഒരു ശിക്ഷയാക്കി വെച്ചിരിക്കുന്നു. അത് നരകത്തിന്റെ അടിയിൽ നിന്ന് മുള ച്ചു പുറപ്പെടുന്ന ഒരു വൃക്ഷമാകുന്നു. അതിന്റെ കുല പിശാചുക്കളുടെ ശിരസ്സുകൾ പോലെയാണ്. തീർച്ചയായും അവർ അതിൽ നിന്ന് ഭക്ഷിച്ച് വയർ നിറക്കുന്നതാണ്. അതിനു മീതെയായി തിളച്ച വെള്ളം കൊണ്ടു ള്ള ഒരു ചേരുവയും അവർക്ക് നൽകപ്പെടുന്നതാണ്.”

إِنَّ شَجَرَتَ ٱلزَّقُّومِ ۝ طَعَامُ ٱلْأَثِيمِ ۝ كَٱلْمُهْلِ يَغْلِى فِى ٱلْبُطُونِ ۝ كَغَلْىِ ٱلْحَمِيمِ ۝
خُذُوهُ فَٱعْتِلُوهُ إِلَىٰ سَوَآءِ ٱلْجَحِيمِ ۝ ثُمَّ صُبُّوا۟ فَوْقَ رَأْسِهِۦ مِنْ عَذَابِ ٱلْحَمِيمِ ۝ ذُقْ
إِنَّكَ أَنتَ ٱلْعَزِيزُ ٱلْكَرِيمُ ۝ إِنَّ هَٰذَا مَا كُنتُم بِهِۦ تَمْتَرُونَ ۝

44:44–51 “തീർച്ചയായും സഖൂം വൃക്ഷം പാപികളുടെ ആഹാരമാകുന്നു. ഉരുകിയ ലോഹം പോലെ. വയറുകളിൽ അത് ചൂടുവെള്ളം തിളയ്ക്കു ന്നതു പോലെ തിളയ്ക്കും. നിങ്ങൾ അവനെ പിടിക്കൂ, നരകാഗ്നിയുടെ മദ്ധ്യത്തിലെക്ക് അവനെ വലിച്ചിഴയ്ക്കൂ. ചൂടുവെള്ളം കൊണ്ടുള്ള ശിക്ഷ അവന്റെ ശിരസ്സിനുമീതെ നിങ്ങൾ ഒഴിക്കൂ. നീ ആസ്വദിക്കുക. തീർച്ചയായും നീ പ്രതാപിയും മാന്യനും ആയിരുന്നല്ലോ. നിങ്ങൾ സംശയിച്ചു കൊണ്ടിരുന്നത് ഇത് തന്നെയാകുന്നു.”

لَءَاكِلُونَ مِن شَجَرٍ مِّن زَقُّومٍ ۝ فَمَالِـُٔونَ مِنْهَا ٱلْبُطُونَ ۝ فَشَٰرِبُونَ عَلَيْهِ مِنَ
ٱلْحَمِيمِ ۝ فَشَٰرِبُونَ شُرْبَ ٱلْهِيمِ ۝ هَٰذَا نُزُلُهُمْ يَوْمَ ٱلدِّينِ ۝

56:53–57– “ തീർച്ചയായും നിങ്ങൾ സഖൂം വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കു

ന്നതാണ്. അങ്ങനെ നിങ്ങൾ വയറുകൾ നിറക്കുന്നതാണ്. അതിനു മീ തെ തിളച്ചുപൊള്ളുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്നതുമാണ്. ദാഹിച്ചു വലഞ്ഞ ഒട്ടകം കുടിക്കുന്നതുപോലെ. ഇതാണ് വിധിദിനത്തിൽ അവർ ക്കുള്ള സൽക്കാര വിഭവങ്ങൾ."

നരകയാതന അനുഭവിക്കേണ്ടി വരുന്നത് നിരപരാധികൾക്കോ നിഷ്കള ങ്കർക്കോ അല്ലാ എന്നത് ആദ്യമേ പറഞ്ഞുവല്ലോ. നരകവാസികൾ ആ രൊക്കെയാണെന്നും വഴികേടിലാവുന്നത് ആരൊക്കെ യാണെന്നും വിശു ദ്ധഖുർആനിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അവർ തിന്മ ചെയ്ത വരും, ദൈവത്തിന്റെ അതിരുകൾ ലംഘിച്ചവരും അഹങ്കാരികളും അക്ര മികളും ഒക്കെയാണ്.

وَمَن جَآءَ بِٱلسَّيِّئَةِ فَكُبَّتۡ وُجُوهُهُمۡ فِى ٱلنَّارِ هَلۡ تُجۡزَوۡنَ إِلَّا مَا كُنتُمۡ تَعۡمَلُونَ ۝

27:91- "ആർ തിന്മയുമായി വരുന്നുവോ, അവർ നരകത്തിൽ മുഖം കു ത്തി എറിയപ്പെടുന്നതാണ്. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനല്ലാ തെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ?"

وَأَمَّا ٱلَّذِينَ فَسَقُواْ فَمَأۡوَىٰهُمُ ٱلنَّارُۖ

32:21- "എന്നാൽ ധിക്കാരികളുടെ അഭയസ്ഥാനം നരകമാകുന്നു."

فَأَمَّا مَن طَغَىٰ ۝ وَءَاثَرَ ٱلۡحَيَوٰةَ ٱلدُّنۡيَا ۝ فَإِنَّ ٱلۡجَحِيمَ هِىَ ٱلۡمَأۡوَىٰ ۝

79:38-40 " അതിക്രമം ചെയ്യുകയും ഇഹലോകജീവതം തിരഞ്ഞടുക്കുക യും ചെയ്തവരുടെ അഭയസ്ഥാനം നരകാഗ്നി തന്നെയായിരിക്കുന്നതാ ണ്."

ഇവർ ആരൊക്കെയാണെന്ന് വിശദമായി "ദൈവിക ശിക്ഷകളും കാരണ ങ്ങളും", "മഹാഹപാങ്ങളും കുറ്റകൃത്യങ്ങളും" എന്നീ അദ്ധ്യായങ്ങളിൽ വിവരിച്ചിരിട്ടുണ്ട്.

അല്ലാഹു നമ്മെയെല്ലാവരേയും നരകശിക്ഷയിൽനിന്ന് രക്ഷിക്കുമാറാക ട്ടെ. ആമീൻ.

****

40 സ്തോത്രങ്ങളും പ്രാർത്ഥനകളും

1- സൂറ ഫാതിഹ
2- കഅബാ നിർമ്മാണവും അതോടനുബന്ധിച്ച പ്രാർത്ഥനകളും
3- ഈ ലോകത്തും പരലോകത്തും നന്മലഭിക്കാനുള്ള പ്രാർത്ഥന.
4- സത്യനിഷേധികൾക്കെതിരെ സഹായം ലഭിക്കാനുള്ള പ്രർത്ഥന.
5- ആയത്തുൽ കുർസി (സിംഹാസന സൂക്തം)

6- അല്ലാഹുവിനോട് മാപ്പപേക്ഷ
7- വിശ്വസിച്ച ശേഷം വഴി തെറ്റാതിരിക്കാനുള്ള പ്രാർത്ഥന.
8- നരകരക്ഷയ്ക്കു വേണ്ടിയുള്ള വിശ്വാസികളുടെ പ്രാർത്ഥന
9- പരാശ്രയരഹിതമായ ജീവിതത്തിനു വേണ്ടിയുള്ള പ്രാർത്ഥന
10- ഹ:മർയമിനെ ദൈവത്തിലർപ്പിച്ചു മാതാവ് ചെയ്ത പ്രാർത്ഥന.

11- സൽസന്താനത്തിനുവേണ്ടി യഹ്യാനബിയുടെ(അ) പ്രാർത്ഥന.
12- ഈസാനബിയുടെയും(അ) അനുയായികളുടെയും പ്രാർത്ഥന.
13- ദൈവ ഭക്തരുടെ പ്രാർത്ഥന
14- ബുദ്ധിമാന്മാരുടെ പ്രാർത്ഥന.
15- അക്രമണവിധേയരായ അശക്തരുടെ പ്രാർത്ഥന

16- അനുയായികൾക്ക് ഭക്ഷണത്തളികക്ക് ഈസാ(അ)ന്റെ പ്രാർത്ഥന
17- ആദം ദമ്പതിമാരുടെ പാശ്ചാത്താപവും പ്രാർത്ഥനയും
18- ഷുഐബ് നബി (അ)ന്റെ അനുയായികളുടെ പ്രാർത്ഥന
19- മൂസാനബി (അ) ന്റെ അനുയായികളുടെ പ്രാർത്ഥന
20- മൂസാനബിയുടെ (അ) പ്രാർത്ഥന

21- മൂസാനബിയുടെ (അ) വേറൊരു പ്രാർത്ഥന
22- സ്വർഗവാസികളുടെ പ്രാർത്ഥന
23- മൂസാനബി (അ) യുടെ അനുയായികളുടെ പ്രാർത്ഥന
24- യുസഫ് നബി (അ)ന്റെ പ്രാർത്ഥന
25- ഇബ്രാഹീം നബി (അ) ന്റെ പ്രാർത്ഥന

26- മാതാപിതാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന
27- റസൂൽ (സ.അ)യുടെ പ്രാർത്ഥന
28- ഗുഹാവാസികളുടെ പ്രാർത്ഥന
29- റസൂൽ(സ.അ)യുടെ പ്രാർത്ഥന, അറിവ് വർദ്ധനവിനു വേണ്ടി.
30- അയ്യൂബ് നബി (അ)ന്റെ പ്രാർത്ഥന

40 സ്തോത്രങ്ങളും പ്രാർത്ഥനകളും.

31- യൂനുസു നബി (അ) ന്റെ പ്രാർത്ഥന
32- സക്കരിയാ നബി (അ) യുടെ പ്രാർത്ഥന
33- സത്യവിധിക്കു വേണ്ടിയുള്ള പ്രാർത്ഥന
34- നൂഹ് നബി (അ) ന്റെ പ്രാർത്ഥന
35- ദൈവിക ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാനുള്ള പ്രാർത്ഥന

36- പൈശാചിക ബോധനങ്ങളിൽനിന്ന് രക്ഷനേടുവാനായി.
37- വിശ്വാസികളുടെ പ്രാർത്ഥന
38- വിശ്വാസികളുടെ വേറൊരു പ്രാർത്ഥന
39- നരകശിക്ഷക്കെതിരായി വിശ്വാസികളുടെ പ്രാർത്ഥന
40- സഹവാസികളിൽനിന്ന് കൺകുളിർമ്മ ലഭിക്കുവാനുായി.

41- ഇബ്രാഹീം നബി (അ) ന്റെ പ്രാർത്ഥന
42- നൂഹ് നബി(അ)ന്റെ പ്രാർത്ഥന
43- മാതാപിതാക്കൾക്കുവേണ്ടി സുലൈമാൻനബി (അ)
44- മൂസാ നബി (അ) ന്റെ പ്രാർത്ഥന
45- സ്വർഗ്ഗവാസികളുടെ പ്രാർത്ഥന

46- ഇബ്രാഹീംനബി (അ) സന്താനലബ്ധിക്കുവേണ്ടി.
47- സത്യവിശ്വാസികളുടെ പ്രാർത്ഥന
48- സ്വർഗ്ഗവാസികളുടെ സ്തുതിഗീതം
49- വിശ്വാസികൾക്കു വേണ്ടിയുള്ള മലക്കുകളുടെ പ്രാർത്ഥന
50- വാഹനങ്ങളിൽ കയറുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന

51- മാതാപിതാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന
52- വിശ്വാസികൾ വിശ്വാസികൾക്കു വേണ്ടി ചെയ്യുന്ന പ്രാർത്ഥന
53- ദൈവം അത്യുന്നതൻ.
54- ഇബ്രാഹീം നബി (അ) ന്റെ മറെറാരു പ്രാർത്ഥന
55- വിശ്വാസികൾ സ്വർഗ്ഗത്തിൽവെച്ച് ചെയ്യുന്ന പ്രാർത്ഥന.

56- നൂഹ് നബി (അ) ന്റെ പ്രാർത്ഥന
57- അല്ലാഹുവിന്റെ ഏകത്വം
58- പ്രഭാദോതയത്തിന്റെ നാഥനിലേക്ക് അഭയം.
59- മനുഷ്യരുടെ നാഥനിലേക്ക് അഭയം.

40 സ്തോത്രങ്ങളും പ്രാർത്ഥനകളും

വിശ്വാസിയുടെ ജീവനാഡിയാണ് പ്രാർത്ഥന. ശരീരത്തിൽ രക്തം ഒഴുകിക്കൊണ്ടിരിക്കുന്നതുപോലെ വിശ്വാസികളുടെ മനസ്സിൽ എപ്പോഴും സ്തോത്രങ്ങളും പ്രാർത്ഥനകളും ഒഴുകികൊണ്ടിരിക്കും. എല്ലാശക്തിയും ദൈവത്തിൽനിന്നാണ് ഉണ്ടായിരിക്കുന്നത്. മനുഷ്യൻ പ്രവർത്തിക്കുന്നതും ദൈവം അവന് ശക്തി നൽകിയതുകൊണ്ടാണ്. എന്നാൽ മനുഷ്യന്റെ പ്രവൃത്തികൾക്ക് പരിധികളും പരിമിതികളും ഉണ്ട്. ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് പരിധികളില്ല. പരിമിതികളുമില്ല. അതുകൊണ്ടാണല്ലോ ദൈവം സർവശക്തനാണെന്ന് പറയുന്നത്. പരിമിതികളുള്ള മനുഷ്യന് അവന്റെ കഴിവിന്നതീതമായ പ്രവർത്തനങ്ങൾ ചെയ്യണമെങ്കിൽ ദൈവികസഹായം കൂടിയേ തീരൂ. അവിടെയാണ് പ്രാർത്ഥനയുടെ ആവശ്യം വരുന്നത്. അതോടൊപ്പം തന്നെ മനുഷ്യന് സ്വയം ചെയ്യാൻപററിയ കാര്യങ്ങൾപോലും പ്രാർത്ഥന ഉണ്ടെങ്കിൽ അത് എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്നതാണ്.

വിശുദ്ധഖുർആനിൽ, മുൻ കടന്നുപോയ പ്രാവചകന്മാരുടെയും വിശ്വാസികളുടെയും പ്രാർത്ഥനകൾ അല്ലാഹു എടുത്തുദ്ധരിച്ചിരിക്കുകയാണ്. ആ പ്രാർത്ഥനകളിൽ നിന്ന് നമുക്ക് അവരനുഭവിച്ച വേദനകളും പ്രയാസങ്ങളും അവർക്ക് അവിശ്വാസികളിൽ നിന്ന് നേരിടേണ്ടിവന്ന പീഢനങ്ങളും ഗ്രഹിക്കുവാൻ സാധിക്കും. ഈ പ്രാർത്ഥനകളിലൂടെ വിശ്വാസികളായ നമുക്കും ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടാവാമെന്നും അവയൊക്കെ തരണം ചെയ്യുവാൻ നാം തയ്യാറായിരിക്കേണ്ടതാണെന്നും സൂചനകൾ നൽകിയിരിക്കുകയാണ്. ഈ പ്രാർത്ഥനകൾ നാം പഠിച്ച് അറബിയിൽ മന:പാഠമാക്കിവെച്ച് നമസ്കാരങ്ങളിൽ പാരായണം ചെയ്യുന്നതുവഴി ദൈവകാരുണ്യം ത്വരിതപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ചില പ്രാർത്ഥനകൾ അല്ലാഹുതന്നെ വിശ്വാസികൾക്ക് പഠിപ്പിക്കുന്നുമുണ്ട്. കാര്യങ്ങൾ കൂടുതൽ വ്യക്തമാകുന്നതിനുവേണ്ടി പ്രാർത്ഥനകളോടൊപ്പം അതിന്റെ പാശ്ചാത്തല സൂക്തങ്ങളും ഉദ്ധരിച്ചിരിക്കുന്നു.

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ

إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

2:187– എന്റെ അടിമകൾ എന്നെക്കുറിച്ചു നിന്നോടു ചോദിക്കുമ്പോൾ, തീർച്ചയായും ഞാൻ അടുത്തുണ്ട്. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് അവൻ എന്നോടു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നൽകുന്നു. അതുകൊണ്ട് അവൻ എന്റെ വിളി കേൾക്കുകയും അവൻ നേർവഴി

ചരിക്കുന്നതിനുവേണ്ടി എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ.

ഈ സൂക്തത്തിലൂടെ ദൈവം അവന്റെ സാന്നിദ്ധ്യത്തെ അസന്നിഗ്ദ മായി പരീക്ഷിച്ചറിയുവാനുള്ള ഒരു മാർഗ്ഗം കാണിച്ചു തന്നിരിക്കുകയാ ണ്. ദൈവം തന്നോടു പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്കു ഉത്തരം നൽകുന്നുവെന്നതാണ് ആ മാർഗ്ഗം. സൽകർമ്മങ്ങൾ ചെയ്യുന്നവർക്ക് മാത്രമെ ദൈവത്തെ അറിയണമെന്നുള്ള ആഗ്രഹം ഉണ്ടാവുകയുള്ളു. തിന്മ ചെയ്യുന്നവർ ദൈവം ഉണ്ടായിരിക്കരുത് എന്ന് ആഗ്രഹിക്കുന്നവ രാണ്. കാരണം അവരെ ശിക്ഷിക്കുന്ന ഒരു ദൈവത്തെ കാണുവാൻ അവർ ആഗ്രഹിക്കുകയില്ലല്ലോ. അവർ തന്റെ വിളികേൾക്കട്ടെ എന്ന് പറഞ്ഞത് പ്രാർത്ഥനയ്ക്കു ഉത്തരം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഒപ്പം സൽകർമ്മങ്ങളും ചെയ്യട്ടെ എന്ന അർത്ഥത്തിലാണ്. എത്രത്തോളം സൽകർമ്മങ്ങൾ ചെയ്യുന്നുവോ അത്രത്തോളം പ്രാർത്ഥനയ്ക്ക് ഉത്തരവും ലഭിക്കും എന്നർത്ഥം. ഇത് മറെറാരു അർത്ഥത്തിൽ പറഞ്ഞാൽ സൽകർ മ്മങ്ങൾ ചെയ്യാത്തവരുടെ പ്രാർത്ഥനകൾക്ക് ഉത്തരവും ലഭിക്കുകയില്ല എന്നർത്ഥം. ഞങ്ങൾ എത്ര തന്നെ പ്രാർത്ഥിച്ചാലും ഞങ്ങളുടെ പ്രാർ ത്ഥനയ്ക്കു എന്തുകൊണ്ടാണ് ഉത്തരം ലഭിക്കാത്തതെന്ന് വ്യാകുലപ്പെടു ന്നവരുണ്ട്. അതിന്റെ കാരണം അവർ സൽകർമ്മങ്ങൾ ചെയ്യുന്നവരല്ല എന്നതു മാത്രമാണ്. ദൈവത്തോട് പ്രാർത്ഥിക്കേണ്ടത് അവനെ അറിയു വാനും അവന്റെ സാമിപ്യം കരസ്ഥമാക്കാനുള്ള അഭിവാഞ്ചയോടുകൂടി യായിരിക്കണം. വെറും ഭൗതികമായ സ്വാർത്ഥപരമായ ആഗ്രഹങ്ങൾ മാത്രം സമർപ്പിക്കുന്നവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചില്ലെന്ന് വരാം.

1 – സൂറ ഫാതിഹ

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ۝ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَـٰلَمِينَ ۝ ٱلرَّحۡمَـٰنِ ٱلرَّحِيمِ ۝

مَـٰلِكِ يَوۡمِ ٱلدِّينِ ۝ إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ۝ ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ ۝

صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ۝

1:1–7. പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമ ത്തിൽ (ഞാൻ ആരംഭിക്കുന്നു). ലോകങ്ങളുടെ പരിപാലകനായ അല്ലാ ഹുവിനാകുന്നു സർവസ്തുതിയും. (അവന്റെ സൃഷ്ടികൾക്കെല്ലാം) നിരുപാധികം കരുണചെയ്യുന്നവൻ. (അവന്റെ കല്പനകൾക്ക് വിധേയ രായി ജീവിക്കുന്നവർക്ക്) കൂടുതലായി കാരുണ്യം ചെയ്യുന്നവൻ. വിധി ദിനത്തിന്റെ ആധിപത്യമുള്ളവൻ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കു കയും നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു. നീ ഞങ്ങളെ നേരായമാർഗത്തിൽ നയിക്കേണമേ. നിന്റെ അനുഗ്രഹത്തിന്

പാത്രമായവരുടെ മാർഗത്തിൽ. (നിന്റെ) കോപത്തിന് പാത്രമായവരുടെയും വഴിപഴച്ചവരുടെയുമല്ലാത്ത മാർഗത്തിൽ.

വിശുദ്ധഖുർആനിലെ ആദ്യത്തെ അദ്ധ്യായമായ സൂറ ഫാതിഹ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുടെ സംഗ്രഹമാകുന്നു. ദൈവകാരുണ്യത്തിന് അർഹമായിത്തീരുവാൻ പ്രകൃതിയിൽ ഇതിനെക്കാൾ നല്ലൊരു പ്രാർത്ഥനയോ സ്തോത്രമോ ഇല്ല. ഈ പ്രാർത്ഥനയുടെ ആദ്യ ഭാഗം ദൈവ സ്തോത്രങ്ങളാണ്. അല്ലാഹുവിന്റെ ഗുണമാഹാത്മ്യങ്ങളിൽ മനുഷ്യനുമായി ഏറ്റവും അടുത്ത ബന്ധമുള്ളവ ആദ്യം എടുത്ത് പറഞ്ഞിരിക്കുകയാണ്. അതിൽ ആദ്യത്തേത് അല്ലാഹുവിന്റെ സർവ്വലോക പരിപാലകൻ എന്ന ഗുണവിശേഷണമാണ്. എല്ലാ സൃഷ്ടികളേയും പരിപാലിച്ച് പടിപടിയായി വളർത്തിക്കൊണ്ടുവരുന്നവൻ ദൈവമാകുന്നു.

അതിനുശേഷം റഹ്മാൻ എന്ന ഗുണവിശേഷണമാണ് വരുന്നത്. ഒരു ഉപാധിയും കൂടാതെ തന്നെ മനുഷ്യന് കരുണ ചെയ്യുന്നവനായ ദൈവം. അവൻ ജനിക്കുന്നതിനു മുമ്പേ അവന്റെ ജീവിതത്തിനാവശ്യമായതെല്ലാം മുൻകൂട്ടി ഒരുക്കിവെച്ച ദൈവം. അതു പോലെ മനുഷ്യൻ ജനിച്ചു മരിക്കുന്നതുവരെ ദൈവവിശ്വാസിയാണോ നിഷേധിയാണോ എന്ന് നോക്കാതെ അവന്റെ ജീവിതത്തിനാവശ്യമായതെല്ലാം നല്കുന്ന ദൈവം. പിന്നീട് റഹീം എന്ന വിശുദ്ധ ഗുണം റഹ്മാൻ എന്ന ഗുണത്തെ തുടർന്നു വരുന്നു. ഇതിന്റെ അർത്ഥം മനുഷ്യന് അവന്റെ പ്രവർത്തനങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകുന്നവൻ എന്നാണ്. നല്ല പ്രവർത്തനങ്ങൾ ആര് ചെയ്താലും വിശ്വാസിയായാലും അവിശ്വാസിയായാലും അവർക്ക് അതിന്റെ സൽഫലങ്ങൾ ലഭിക്കുന്നതാണ്. എങ്കിലും വിശ്വാസികൾക്ക് അവരുടെ മഹോന്നതമായ പ്രവൃത്തികൾ കാരണം സ്വർഗ്ഗീയാനുഭൂതികളും ദൈവസാമിപ്യവും കരസ്ഥമായിത്തീരുമ്പോൾ അവിശ്വാസികൾക്ക് ഇതിനുള്ള ഭാഗ്യം ലഭിക്കാതെ പോകുന്നു. സൽകർമ്മങ്ങൾക്ക് പ്രതിഫലം നൽകുന്നവൻ എന്ന ഗുണവിശേഷണത്തിൽ ദുഷ്കർമ്മങ്ങൾക്കു തിക്തഫലം നൽകുന്നവൻ എന്ന ഗുണവും അടങ്ങിയിരിക്കുന്നു എന്നത് നാം ഗൗരിച്ചിരിക്കേണ്ട ഒരു യാഥാർത്ഥ്യമാകുന്നു.

പിന്നീട് മാലികിയൗമിദ്ദീൻ അഥവാ പ്രതിഫല ദിനത്തിന്റെ അധിപൻ എന്ന ഗുണവിശേഷണം തുടർന്നു വരുന്നു. ദൈവം അവന്റെ ജ്ഞാനത്താൽ മനുഷ്യന്റെ കർമ്മങ്ങൾക്ക് അവിശ്വാസികൾക്കുപോലും നിഷേധിക്കാൻ സാധിക്കാത്ത രീതിയിൽ വിധിപറയുവാനും ഒരോരുത്തരുടെയും കർമ്മങ്ങൾക്ക് അനുസരിച്ചുള്ള പ്രതിഫലം പൂർണമായ രീതിയിൽ നൽകുവാനും ഒരു പ്രത്യേക നാൾ തിരഞ്ഞെടുത്തു വെച്ചിരിക്കുകയാണ്. ഈ ദിനം മരണശേഷം വരുന്ന ഉയിർത്തെഴുന്നേല്പു ദിനം ആണെങ്കിലും ഈ ഗുണവിശേഷം ഈ ലോകത്തും അതിന്റേതായ സമയത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു. മാലികിയൗമിദ്ദീൻ എന്ന ഗുണവിശേഷണം ഈ ലോകജീവിതത്തിന്റെ ലക്ഷ്യത്തെയും മരണശേഷം വരാനിരിക്കു

ന്ന ജീവിതത്തെയും അവിടെ വെച്ചു നടക്കുന്ന അന്തിമമായ ദൈവിക വിധിതീർപ്പിനെയും ചൂണ്ടികാണിക്കുന്നു.

ദൈവത്തിന്റെ ഈ നാല് ഗുണങ്ങൾ സ്തോത്രം ചെയ്യുന്ന മനുഷ്യൻ അവന്റെ ജീവിതത്തിലും ഈ നാല് ഗുണങ്ങൾ സ്വായത്തമാക്കേണ്ട താണ്. ഒരാളുടെ നല്ല ഗുണത്തെ നാം പുകഴ്ത്തുന്നത് അയാളിൽ കാ ണുന്ന ആ നല്ല ഗുണത്തെ നാം ഇഷ്ടപ്പെടുന്നതുകൊണ്ടാണല്ലോ. ആ ഗുണത്തെ നാം പുകഴ്ത്തുകയും എന്നാൽ സ്വന്തം ജീവിതത്തിൽ ആ ഗുണം നാം ആഗ്രഹിക്കാതിരിക്കുകയും ചെയ്യുമ്പോൾ നാം നമ്മുടെ കാപട്യമാണ് പ്രദർശിപ്പിക്കുന്നത്.

അല്ലാഹുവിന്റെ സർവ്വലോകപരിപാലകൻ എന്ന ഗുണവിശേഷണത്തെ സ്വായത്തമാക്കിക്കൊണ്ട് നാമും നമ്മുടെ കീഴിലുള്ളവരെ നമ്മെക്കൊണ്ട് കഴിയുന്ന രീതിയിൽ സംരക്ഷിക്കേണ്ടതാണ്. നമ്മുടെ കടമകൾ നാം ആദ്യമായി നിർവ്വഹിക്കേണ്ടത് നമ്മുടെ മാതാപിതാക്കളോടും അടുത്ത ബന്ധുക്കളോടുമാണ്.

അല്ലാഹുവിന്റെ റഹ്മാൻ എന്ന ഗുണത്തെ നാം പുകഴ്ത്തുമ്പോൾ ആ ദൈവകാരുണ്യം നാമും സ്വായത്തമാക്കിക്കൊണ്ടു നമ്മുടെ ചുറ്റുപാടുമു ള്ള അവന്റെ സൃഷ്ടികളിൽ കാരുണ്യം ചൊരിയുവാൻ നാം തയ്യാറാ വേണ്ടതാണ്. അത് നമ്മുടെ മാതാപിതാക്കളിൽനിന്നും അടുത്തബന്ധു ക്കളിൽ നിന്നും തുടങ്ങി അയൽവാസികളിലേക്കും സുഹൃത്തുക്കളിലേ ക്കും അതിനപ്പുറമുള്ളവരിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

അല്ലാഹുവിന്റെ റഹീം എന്ന ഗുണത്തെ സ്വായത്തമാക്കിക്കൊണ്ട് നമു ക്ക് നന്മ ചെയ്തു തരുന്നവർക്ക് കൂടുതൽ നന്മ നാമും ചെയ്തു കൊടു ക്കേണ്ടതാണ്.

അല്ലാഹുവിന്റെ വിധികർത്താവ് എന്ന ഗുണവിശേഷണത്തെ സ്വായത്ത മാക്കിക്കൊണ്ടു നാമും നല്ലൊരു വിധികർത്താവായിത്തിരേണ്ടതാണ്. ഒരു പ്രശ്നം വരുമ്പോൾ രണ്ടുഭാഗവും കേട്ടതിനു ശേഷമായിരിക്കണം നാം വിധി പറയേണ്ടത്. പലർക്കും പ്രവാചകന്മാരെ സ്വീകരിക്കാൻ പറ്റാത്ത ത് ശത്രുക്കൾ പറയുന്നത് കേട്ട് വിധികല്പിക്കുകയും എന്നാൽ പ്രവാച കൻ എന്താണോ പറയുന്നത് അത് കേൾക്കാൻ ഭാവിക്കാത്തതുകൊണ്ടു മാണ്. പ്രതിഭാഗം കേൾക്കാതെ വാദിഭാഗം കേട്ട് വിധി പറയുന്ന ഒരു ജഡ്ജിയെക്കുറിച്ച് എന്തായിരിക്കും നമ്മുടെ അഭിപ്രായം? അതുപോലെ അല്ലാഹുവിന്റെ മുമ്പിൽ നാമും നീതിമാനാല്ലാത്ത ഒരു ജഡ്ജിയെപ്പോ ലെ വിലയില്ലാത്തവരായിത്തീരുന്നതാണ്.

ഈ നാല് ഗുണങ്ങൾ നമ്മുടെ ജീവിതത്തിൽ നിത്യമായി നിലനിന്നു വരുവാനാണ് എല്ലാ ദിവസം ചുരുങ്ങിയത് 17 പ്രാവശ്യമെങ്കിലും പ്രാർ ത്ഥനാവേളകളിൽ ഈ സ്തോത്രങ്ങൾ നാം ഉരുവിടാൻ കല്പിച്ചതിന്റെ രഹസ്യം. ഈ സൂക്തങ്ങൾ നാം ഉരുവിടുകയും എന്നാൻ ഈ ഗുണങ്ങ

ൾ നമ്മുടെ ജീവിതത്തിൽ ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ പ്രാർത്ഥനകളും ജീവിതവും നിഷ്ഫലമായിത്തീർന്നിരിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്.

ദൈവത്തിന്റെ ഇത്രയും വിശേഷഗുണങ്ങൾ പറഞ്ഞതിനുശേഷം അവനോടു മാത്രം പ്രാർത്ഥിക്കുവാനും അവനോടു മാത്രം സഹായം അഭ്യർത്ഥിക്കുവാനും ആവശ്യപ്പെട്ടിരിക്കുകയാണ്. അവനല്ലാതെ വേറൊരു ദൈവമില്ലാത്തതുകൊണ്ട് മറ്റുള്ളവരെ ആരാധിക്കുന്നതിലും അവരോടു സഹായം ആഭ്യർത്ഥിക്കുന്നതിലും അർത്ഥമില്ല തന്നെ. മാത്രമല്ല ദൈവ പ്രീതി കരസ്ഥമാക്കണമെങ്കിൽ മുറ്റുള്ളവരുടെ സഹായങ്ങളെക്കാൾ വലുതായി ദൈവത്തിൽ നിന്നുള്ള സഹായത്തിൽ നാം വിശ്വാസമർപ്പിച്ചേ മതിയാവൂ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടു മാത്രം ഞങ്ങൾ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു എന്നു പറയുകയും എന്നാൽ നമ്മുടെ വിഷമതകളിൽ നാം ദൈവത്തെ അവഗണിച്ചുകൊണ്ട് മറ്റുള്ളവർക്ക് പ്രാധാന്യം നൽകുകയുമാന്നെങ്കിൽ നമ്മുടെ പ്രാർത്ഥന കളവായിത്തീരുന്നതാണ്.

നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടു മാത്രം ഞങ്ങൾ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു എന്നു പറയുന്നതുമൂലം വിവക്ഷിക്കപ്പെടുന്ന മാർഗ്ഗമാണ് ദൈവപ്രീതി കരസ്ഥമാകുന്ന മാർഗ്ഗം. പിന്നീട് ആ പ്രീതി കരഗതമാകുന്ന മാർഗ്ഗത്തിൽ അതായത് നേരായ മാർഗ്ഗത്തിൽ നയിക്കുവാൻ പറഞ്ഞിരിക്കുകയാണ്. നേർമാർഗ്ഗം എന്താണെന്ന് ഈസാ നബി (അ) ഉപദേശിച്ചത് വിശുദ്ധഖുർആനിൽ (3:52) എടുത്തുദ്ധരിച്ചിട്ടുണ്ട്. നിങ്ങളുടെയും എന്റെയും ദൈവമായ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ് സന്മാർഗമെന്നു വിശുദ്ധഖുർആൻ പറയുന്നു. ഇതിൽ നിന്ന് വ്യതിരിക്തമായ മറ്റെല്ലാ മാർഗ്ഗങ്ങളും ദൈവ ക്രോധത്തിനും ശാപത്തിനും പാത്രമായിത്തീരുന്ന മാർഗ്ഗമാകുന്നു. നേർമാർഗ്ഗത്തിൽ നിന്നു ഭൂരിഭാഗവും വ്യതിചലിച്ചു പോകുമ്പോൾ ആ മാർഗ്ഗം കൂടുതൽ വ്യക്തമാക്കിത്തരുവാനാണ് അല്ലാഹു അവന്റെ പ്രവാചകന്മാരെ അയക്കുന്നത്. അവർ കാണിച്ചു തരുന്ന മാർഗ്ഗമാണ് ശരിയായ നേർമാർഗ്ഗം. അവരെ നിഷേധിക്കുന്നവരുടെ മാർഗം ദൈവക്രോധത്തിനും ശാപത്തിനും ഇരയായിത്തീരുന്ന മാർഗമാകുന്നു. അങ്ങിനെയുള്ളവരുടെ മാർഗ്ഗത്തിൽ നയിക്കാത്ത ദൈവപ്രീതികരസ്ഥമാകുന്ന മാർഗ്ഗത്തിൽ നയിക്കുവാനുള്ള പ്രാർത്ഥനയാണ് ഫാതിഹ.

നേർമാർഗം ലഭിക്കുന്നതിനുവേണ്ടി രണ്ട് മാനദണ്ഡങ്ങളാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ഒന്നാമതായി അയാൾ ദൈവത്തെ മാത്രം ആരാധിക്കുന്നവനും രണ്ടാമതായി അവനോട് മാത്രം സഹായം തേടുന്നവനും ആയിരിക്കണം. ഇങ്ങനെയുള്ളവർക്ക് ദൈവം അവന്റെ പ്രീതി കരസ്ഥമാക്കാനുള്ള വഴികൾ കാണിച്ചുകൊടുക്കുന്നതാണ്. ആ മാർഗം കണ്ടുകഴിഞ്ഞാൽ അതനുസരിച്ചു ജീവിക്കുകയെന്നത് പ്രാർത്ഥന ചയ്യുന്ന മനു

ഷ്യന്റെ ബാദ്ധ്യതയായിമാറുന്നു. ആ മാർഗ്ഗം അനുസരിച്ചു ജീവിക്കാതെ യുള്ള പ്രാർത്ഥന നിരർത്ഥകമായ അധരവ്യായാമമായി അവിശേഷിക്കു ന്നതാണ്.

ഈ പ്രാർത്ഥന ആത്മാർത്ഥമായി നിത്യേനെ ആത്മാവിൽ നിന്ന് ഉയരു മ്പോൾ ദൈവം അവരുടെ ജീവിതത്തിൽ ദൈവപ്രീതി കരസ്ഥമാക്കാ നുള്ള സാഹചര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതാണ്. ഇതേ പ്രാർത്ഥന നിത്യവും ഉരുവിട്ടു കൊണ്ടിരിക്കുമ്പോൾ ദൈവപ്രീതി കരഗതമാകാനുള്ള സാഹചര്യങ്ങളും വർദ്ധിച്ചുവരുന്നു. ഈ പ്രാർത്ഥനയും അതുമൂലം ഉട ലെടുക്കുന്ന സാഹചര്യങ്ങളും മനുഷ്യന്റെ ജീവിതാവസാനംവരെ തുടർ ന്നു കൊണ്ടിരിക്കുമ്പോൾ അവൻ അവിരാമമായി ദൈവ സ്നേഹത്തിൽ നിമഗ്നമായി കൊണ്ടിരിക്കുന്നതാണ്. ഇങ്ങനെ ലഭ്യമാകുന്ന ആത്മീയാ നന്ദത്തിന് യാതൊരു അന്ത്യവും ഇല്ലതന്നെ. എല്ലാ നമസ്ക്കാരങ്ങളിലും ഈ പ്രാർത്ഥന ഉരുവിടുവാൻ പറഞ്ഞതിന്റെ രഹസ്യവും ഇതുന്നെ യാകുന്നു.

യഥാർത്ഥത്തിലുള്ള നേർമാർഗം ഇസ്ലാം ആണെങ്കിലും ആരെങ്കിലും മുസ്ലിമായി ജനിക്കുന്നതു കൊണ്ടുമാത്രം അയാൾ നേർമാർഗത്തിൽ ആയിരിക്കുന്നതല്ല. ഇസ്ലാമികാദ്ധ്യാപനങ്ങൾ സ്വജീവിതത്തിൽ പകർ ത്തുന്നവർക്കു മാത്രമെ നേർമാർഗം ലഭിക്കുകയുള്ളൂ. അതിനു ദൈവ ത്തിന്റെ പ്രത്യേക സഹായം കൂടി ആവശ്യമാണ്. അതിനാലാണ് നേർ മാർഗം തരുവാൻ ദൈവത്തോടു തന്നെ പ്രാർത്ഥിക്കാൻ പറഞ്ഞിരിക്കു ന്നത്.

മുസ്ലിംകളോട് നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേയെന്നും, നിന്റെ കോപത്തിന് പാത്രമായവരുടെ മാർഗ്ഗത്തിലും വഴിതെറ്റിയവരുടെ മാർഗ്ഗത്തിലും ഞങ്ങളെ നീ ആക്കരുതേയെന്നും പ്രാർത്ഥിക്കാൻ പഠിപ്പി ച്ചതിന്റെ പിറകിൽ ഒരു പ്രവചനം കൂടി അടങ്ങിയിട്ടുണ്ട്. ഭൂരിപക്ഷം മുസ്ലിംകളും നേർമാർഗത്തിൽ നിന്നും വ്യതിചലിച്ചു പോകുന്ന ഒരു കാലഘട്ടം വരാനിരിക്കുന്നതിന്റെ ഒരു സൂചനയാണത്. ഇത് മുസ്ലിം കൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദീമസീഹിന്റെ കാലഘട്ടത്തെ സൂചി പ്പിക്കുന്നു. അങ്ങനെ അദ്ദേഹം ദൈവ നിയോഗിതനാകുമ്പോൾ അദ്ദേഹ ത്തെ നിഷേധിക്കുക വഴി ഭൂരിപക്ഷം മുസ്ലിംകളും ദൈവത്തിന്റെ നേ ർവഴി ഉപേക്ഷിച്ചുകൊണ്ട് അവന്റെ ക്രോധത്തിന് പാത്രമായവരുടെയും വഴികേടിലായവരുടെയും മാർഗത്തിൽ അതായത് പ്രവാചകനിഷേധിക ളുടെ മാർഗത്തിൽ ചരിക്കുമെന്ന് ഈ പ്രവചനം സൂചിപ്പിക്കുന്നു. അങ്ങ നെ തന്നെ സംഭവിക്കുകയും ചെയ്തു. അദ്ദേഹം ആഗതനായപ്പോൾ ഭൂരിപക്ഷ മുസ്ലിംകളും അദ്ദേഹത്തെ നിഷേധിച്ചു. അതിൽനിന്ന് രക്ഷ നേടുവാനായാണ് മുസ്ലിംകളെ അല്ലാഹു ഈ പ്രാർത്ഥന പഠിപ്പിച്ചിരി ക്കുന്നത്. ഈ പ്രാർത്ഥനയുടെ ഫലമായിത്തന്നെ പിന്നീട് വരുന്ന മുസ് ലിം തലമുറകൾ മഹ്ദീമസീഹിനെ സ്വീകരിച്ചുകൊണ്ടു ദൈവത്തിന്റെ

നേർമാർഗത്തിൽ ചരിക്കുമെന്ന സുവാർത്തയും ഈ വരികളിൽ അടങ്ങിയിരിക്കുന്നു. അല്ലാഹു അവരെ അനുഗ്രഹിക്കുകയും അവന്റെ മഹ്ദീ മസീഹിനെ സ്വീകരിക്കാനുള്ള സൗഭാഗ്യം നൽകിക്കൊണ്ട് മുസ്ലിം സമൂഹത്തെ വീണ്ടും നേർമാർഗത്തിലാക്കുകയും ചെയ്യട്ടെ. ആമീൻ.

2–കഅബാ നിർമ്മാണവും അതോടനുബന്ധിച്ച പ്രാർത്ഥനകളും

وَإِذِ ٱبْتَلَىٰٓ إِبْرَٰهِـۧمَ رَبُّهُۥ بِكَلِمَٰتٍ فَأَتَمَّهُنَّ ۖ قَالَ إِنِّى جَاعِلُكَ لِلنَّاسِ
إِمَامًا ۖ قَالَ وَمِن ذُرِّيَّتِى ۖ قَالَ لَا يَنَالُ عَهْدِى ٱلظَّٰلِمِينَ ﴿١٢٥﴾

2:125– ഇബ്രാഹീമിനെ അവന്റെ രക്ഷിതാവ് തന്റെ കല്പനകൾ കൊണ്ട് പരീക്ഷിച്ചപ്പോൾ അദ്ദേഹം അവ നിറവേറ്റി. (അല്ലാഹു) പറഞ്ഞു: തീർച്ചയായും നിന്നെ നാം മനുഷ്യർക്കു നേതാവാക്കുന്നുണ്ടു. അദ്ദേഹം പറഞ്ഞു: എന്റെ സന്തതികളിൽ നിന്നും (നേതാക്കന്മാരെ തിരഞ്ഞെടുത്താലും). (അല്ലാഹു) പറഞ്ഞു: എന്റെ കരാർ ദുർവ്യൂർത്തന്മാർക്ക് ബാധകമല്ല.

وَإِذْ جَعَلْنَا ٱلْبَيْتَ مَثَابَةً لِّلنَّاسِ وَأَمْنًا ۖ وَٱتَّخِذُوا۟ مِن مَّقَامِ إِبْرَٰهِـۧمَ مُصَلًّى ۖ وَعَهِدْنَآ إِلَىٰٓ
إِبْرَٰهِـۧمَ وَإِسْمَٰعِيلَ أَن طَهِّرَا بَيْتِىَ لِلطَّآئِفِينَ وَٱلْعَٰكِفِينَ وَٱلرُّكَّعِ ٱلسُّجُودِ ﴿١٢٦﴾

2:126– ജനങ്ങൾക്ക് ഒരു സമ്മേളന സ്ഥാനവും ഒരു രക്ഷാകേന്ദ്രവും ആയി (കഅ്ബാ) മന്ദിരത്തെ നാം ആക്കിയ സന്ദർഭം: ഇബ്രാഹീം നിന്ന് പ്രാർത്ഥിച്ച സ്ഥാനത്തെ നിങ്ങളും ഒരു പ്രാർത്ഥനാവേദിയായി എടുക്കുവിൻ (എന്ന് നാം കല്പിച്ചു). എന്റെ മന്ദിരത്തെ പ്രദക്ഷിണം ചെയ്യുന്നവർക്കും അവിടെ ഭജനമിരിക്കുന്നവർക്കും റുകൂഉം സുജൂദും ചെയ്യുന്നവർക്കും വേണ്ടി പരിശുദ്ധമാക്കിവെക്കുകയും ചെയ്യുക എന്ന് ഇബ്രാഹീമിനും ഇസ്മായിലിനും നാം കല്പന നല്കി.

وَإِذْ قَالَ إِبْرَٰهِـۧمُ رَبِّ ٱجْعَلْ هَٰذَا بَلَدًا ءَامِنًا وَٱرْزُقْ أَهْلَهُۥ مِنَ ٱلثَّمَرَٰتِ مَنْ ءَامَنَ مِنْهُم بِٱللَّهِ
وَٱلْيَوْمِ ٱلْءَاخِرِ ۖ قَالَ وَمَن كَفَرَ فَأُمَتِّعُهُۥ قَلِيلًا ثُمَّ أَضْطَرُّهُۥٓ إِلَىٰ عَذَابِ ٱلنَّارِ ۖ وَبِئْسَ ٱلْمَصِيرُ ﴿١٢٧﴾

2:127– ഇബ്രാഹീം പ്രാർത്ഥിച്ച സന്ദർഭം: എന്റെ രക്ഷിതാവേ ഈ പട്ടണത്തെ നീ സുരക്ഷിതമായൊരു സ്ഥലമാക്കുകയും ഇവിടത്തെ താമസക്കാരിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ. (അല്ലാഹു)

പറഞ്ഞു: ആർ അവിശ്വസിക്കുന്നുവോ അവനെ ഞാൻ അല്പം സുഖം അനുഭവിപ്പിക്കുന്നതാണ്. പിന്നിടു നരകശിക്ഷയിലേക്ക് അവനെ നാം കടത്തിവിടുന്നതാണ്. ചെന്നുചേരാനുള്ള ആ സ്ഥലം വളരെ ചീത്ത തന്നെ.

وَإِذْ يَرْفَعُ إِبْرَٰهِـۧمُ ٱلْقَوَاعِدَ مِنَ ٱلْبَيْتِ وَإِسْمَٰعِيلُ رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ ﴿١٢٧﴾

2:128- ഇബ്രാഹിമും ഇസ്മായിലും (കഅ്ബാ) മന്ദിരത്തിന്റെ അടിത്തറകൾ ഉയർത്തിയ സന്ദർഭം: (അവർ പ്രാർത്ഥിച്ചു:) ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽ നിന്ന് നീ ഇത് സ്വീകരിച്ചാലും. നിശ്ചയമായും നീ കേൾക്കുന്നവനും അറിയുന്നവനും ആകുന്നു.

رَبَّنَا وَٱجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةً مُّسْلِمَةً لَّكَ

وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَآ ۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٢٨﴾

2:129- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ രണ്ടു പേരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്നവരായ മുസ്ലിം ജനതയെ ഉയർത്തുകയും ഞങ്ങളുടെ ആരാധനാരീതികൾ ഞങ്ങൾക്ക് നീ കാണിച്ചു തരികയും ഞങ്ങളുടെ പശ്ചാത്താപം നീ സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.

رَبَّنَا وَٱبْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَٰتِكَ وَيُعَلِّمُهُمُ

ٱلْكِتَٰبَ وَٱلْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿١٢٩﴾

2:130- ഞങ്ങളുടെ രക്ഷിതാവേ, നിന്റെ സന്ദേശങ്ങൾ അവരെ ഓതിക്കേൾപ്പിക്കുകയും ഗ്രന്ഥവും വിജ്ഞാനവും അവരെ പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. നിശ്ചയമായും നീ സർവ്വശക്തനും സർവതന്ത്രജ്ഞനുമാകുന്നു.

ഈ പ്രാർത്ഥനകളിൽ പല തത്ത്വ രഹസ്യങ്ങളും അടങ്ങിയിരിക്കുന്നു. ഇബ്രാഹീം നബി (അ)നെ പോലെയുള്ള നേതാക്കന്മാരെ അദ്ദേഹത്തിന്റെ സന്താനപരമ്പരകളിൽ നിന്നും നിയോഗിക്കുവാനപേക്ഷിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥനയും അതിന് അല്ലാഹു കൊടുത്ത മറുപടിയും സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. അദ്ദേഹത്തിന്റെ സന്തതികളിൽ ഏതുകാലം വരെ സദ്വൃത്തന്മാർ ഉണ്ടായിരിക്കുമോ ആ കാലം വരെ അദ്ദേഹത്തെപ്പോലെയുള്ള നേതാക്കന്മാർ അല്ലെങ്കിൽ പ്രവാചക

ന്മാർ ഉണ്ടായിക്കൊണ്ടിരിക്കും എന്നർത്ഥം. പ്രവാചകാവതാരം നിലച്ചു പോയി എന്നു പറയുന്നത് അദ്ദേഹത്തിന്റെ സന്തതിപരമ്പരകൾ ദുർവ്യത്തരായിത്തീർന്നിരിക്കുന്നുവെന്ന് പറയുന്നതിനു തുല്യമാകുന്നു.

ഇബ്രാഹീം (അ) വിശ്വാസികൾക്ക് കായ്കനി കൊണ്ട് ആഹാരം നൽകേണമേ എന്ന് പ്രാർത്ഥിച്ചപ്പോൾ അല്ലാഹു പറഞ്ഞത് കായ്കനി കൊണ്ടുള്ള ആഹാരം വിശ്വാസികൾക്കും അവിശ്വാസികൾക്കും ഒരുപോലെ നൽകുമെന്നാണ്. ഇങ്ങനെ സുഭിക്ഷമായി ആഹാരം ലഭിക്കുമ്പോൾ ആരെങ്കിലും നന്ദികേടു കാണിക്കാൻ തുടങ്ങിയാൽ അവർക്കു അതിന് തക്കതായ ശിക്ഷയും ലഭിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ആദ്യം അല്ലാഹുവിന്റെ റഹ്മാൻ എന്ന ഗുണവും പിന്നീടു റഹീം എന്ന ഗുണവും പ്രാവർത്തികമാകുന്നു എന്നു സാരം.

ഞങ്ങളുടെ ആരാധനാരീതികൾ ഞങ്ങൾക്കു കാണിച്ചുതരേണമേ എന്ന ഈ പ്രാർത്ഥന, ദൈവം നമുക്ക് കാണിച്ചു തരുന്ന രീതിയിലാണ് നാം ദൈവത്തെ ആരാധിക്കേണ്ടത് അല്ലാതെ നാം ഇച്ചരിക്കുന്ന രീതിയിലല്ല എന്ന പരമാർത്ഥത്തെ വെളിപ്പെടുത്തുന്നു. ഈ സൂക്തത്തിലെ പ്രാർത്ഥനയുടെ ഫലമായാണ് റസൂൽ (സ.അ) നിയോഗിതനായതെന്ന് അല്ലാഹു മറെറാരു സൂക്തത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

3–ഈ ലോകത്തും പരലോകത്തും നന്മ ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന.

فَإِذَا قَضَيْتُم مَّنَاسِكَكُمْ فَٱذْكُرُواْ ٱللَّهَ كَذِكْرِكُمْ ءَابَآءَكُمْ أَوْ أَشَدَّ ذِكْرًا ۗ

فَمِنَ ٱلنَّاسِ مَن يَقُولُ رَبَّنَآ ءَاتِنَا فِى ٱلدُّنْيَا وَمَا لَهُۥ فِى ٱلْءَاخِرَةِ مِنْ خَلَـٰقٍ ﴿٢٠٠﴾

2:201– അങ്ങനെ (ഹജ്ജിൽ) നിങ്ങളുടെ ചടങ്ങുകൾ നിർവ്വഹിച്ചു കഴിഞ്ഞാൽ അല്ലാഹുവിനെ നിങ്ങൾ സ്മരിക്കുക. നിങ്ങളുടെ പിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നതുപോലെ. അല്ലെങ്കിൽ അതിനേക്കാൾ അധികമധികം സ്മരണയോടെ. മനുഷ്യരിൽ (ചിലർ) പറയും; ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്തിൽ നീ അനുഗ്രഹങ്ങൾ നൽകേണമേ എന്ന്. എന്നാൽ അങ്ങനെയുള്ളവർക്ക് പരലോകത്ത് ഒരോഹരിയും ഉണ്ടായിരിക്കുകയില്ല.

وَمِنْهُم مَّن يَقُولُ رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾

2:202– എന്നാൽ അവരിൽ (മററു ചിലർ) പറയുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഈ ലോകത്തിലും പരലോകത്തിലും നീ നല്ലത് നൽകേണമേ. നരകശിക്ഷയിൽനിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കുമാറാകേണമേ.

أُوْلَـٰٓئِكَ لَهُمْ نَصِيبٌ مِّمَّا كَسَبُواْ ۚ وَٱللَّهُ سَرِيعُ ٱلْحِسَابِ ۝

2:203– അത്തരക്കാർക്ക് അവർ സമ്പാദിച്ചതിൽ നിന്നുള്ള പങ്കുണ്ടായിരിക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്കെടുക്കുന്നവനാകുന്നു.

നാം നമ്മുടെ പിതാക്കന്മാരെ സ്മരിക്കുന്നതിനേക്കാൾ മഹനീയമായി ദൈവത്തെ സ്മരിക്കണം എന്നു പറഞ്ഞതിന്റെ ഒരു വിവക്ഷ, നമുക്ക് ഒന്നിലധികം പിതാവുണ്ടായിരിക്കാൻ നാം ആഗ്രഹിക്കാത്തതുപോലെ നമുക്ക് ഒന്നിലധികം ദൈവം ഉണ്ടായിരിക്കുവാനും നാം ആഗ്രഹിക്കരുത് എന്നാണ്. നമ്മുടെ സന്താനങ്ങൾ നമ്മെ സ്മരിക്കണമെങ്കിൽ നാം അവരിൽ ദൈവ ചിന്ത വളർത്തിയെടുക്കണം എന്ന സത്യത്തെയും ഈ സൂക്തം വെളിപ്പെടുത്തുന്നു. വെറും ഭൗതീകമായ ആഗ്രഹങ്ങൾ വെച്ചു പുലർത്തുന്നവർക്ക് പരലോകം നേടാൻ സാധിക്കുകയില്ലെന്ന് തുടർന്ന് പറഞ്ഞിരിക്കുകയാണ്. അതുപോലെ ഈ ലോകത്ത് നന്മയും പരലോകത്ത് നന്മയും തരേണമേ എന്നു പ്രാർത്ഥിക്കുന്നതുകൊണ്ടു മാത്രം പരലോകം ലഭിക്കുകയില്ല എന്നും സൂചിപ്പിക്കുന്നു. അവർ പ്രാർത്ഥിക്കുന്നതിനോടൊപ്പം സൽകർമ്മങ്ങൾ ചെയ്യേണ്ടതിനെയാണ് അത്തരക്കാർക്കുള്ള പങ്ക് അവർ സമ്പാദിച്ചതിൽ നിന്നാകുന്നു എന്ന വാക്യം സൂചിപ്പിക്കുന്നത്.

4–സത്യനിഷേധികൾക്കെതിരെ സഹായം ലഭിക്കാനുള്ള പ്രർത്ഥന.

قَالَ ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَـٰقُواْ ٱللَّهِ كَم مِّن فِئَةٍ قَلِيلَةٍ غَلَبَتْ فِئَةً كَثِيرَةًۢ بِإِذْنِ ٱللَّهِ ۗ وَٱللَّهُ مَعَ ٱلصَّـٰبِرِينَ ۝ وَلَمَّا بَرَزُواْ لِجَالُوتَ وَجُنُودِهِۦ قَالُواْ رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَـٰفِرِينَ ۝ فَهَزَمُوهُم بِإِذْنِ ٱللَّهِ وَقَتَلَ دَاوُۥدُ جَالُوتَ وَءَاتَىٰهُ ٱللَّهُ ٱلْمُلْكَ وَٱلْحِكْمَةَ وَعَلَّمَهُۥ مِمَّا يَشَآءُ ۗ وَلَوْلَا دَفْعُ ٱللَّهِ ٱلنَّاسَ بَعْضَهُم بِبَعْضٍ لَّفَسَدَتِ ٱلْأَرْضُ وَلَـٰكِنَّ ٱللَّهَ ذُو فَضْلٍ عَلَى ٱلْعَـٰلَمِينَ ۝

2:250–252– .....അല്ലാഹുവിനെ കണ്ടുമുട്ടുമെന്ന് കരുതിയിരുന്നവർ പറഞ്ഞു: അല്ലാഹുവിന്റെ അനുമതിയോടുകൂടി എത്രയെത്ര ചെറുസംഘങ്ങളാണ് വലിയ സംഘങ്ങളെ കീഴടക്കിയിട്ടുള്ളത്. അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു. ജാലൂത്തിന്റെയും അവരുടെ സൈന്യങ്ങളുടെയും നേരെ അവർ (പോരിന്) ഇറങ്ങിയപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ

രക്ഷിതാവേ, ഞങ്ങൾക്ക് നീ ക്ഷമ ചൊരിഞ്ഞു നൽകുകയും ഞങ്ങളു ടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും ചെയ്യേണമേ. അവിശ്വാസികളായ ജനതയ്ക്കെതിര ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ. അങ്ങ നെ അല്ലാഹുവിന്റെ അനുമതിയോടെ അവർ അവരെ പരാജയപ്പെടു ത്തി. ദാവൂദ് ജാലൂത്തിനെ കൊല്ലുകയും ചെയ്തു. അല്ലാഹു അദ്ദേഹ ത്തിന് ആധിപത്യവും വിജ്ഞാനവും നൽകുകയും താൻ ഉദ്ദേശിച്ച പല തും അദ്ദേഹത്തെ പഠിപ്പിക്കുകയും ചെയ്തു. മനുഷ്യരിൽ ചിലരെ മറ്റു ചിലർ മുഖേനെ അല്ലാഹു തട്ടിനീക്കിയിരുന്നില്ലെങ്കിൽ ഭൂമി കുഴപ്പം കൊണ്ട് നിറയുമായിരുന്നു. എന്നാൽ അല്ലാഹു ലോകരോട് വളരെ ഔദാര്യമുള്ളവനാകുന്നു.

വിശ്വാസികളായ ചെറിയ സംഘം അവരേക്കാൾ ശക്തരായ വലിയ സംഘത്തെ കീഴ്പ്പെടുത്തുമെന്ന സത്യം ഈ സൂക്തം ചൂണ്ടികാണിക്കു ന്നു. അതിന് ആവശ്യമായത് ക്ഷമയാകുന്നു. ക്ഷമയുള്ളർക്ക് മലകളെ തന്നെ മറിക്കുവാൻ സാധിക്കുമെന്ന് സാരം. അതിന്റെ കാരണം അവ ർക്ക് ദൈവികസഹായം വന്നെത്തുമെന്നതാണ്. അല്ലാഹു സഹനശീല രുടെ കൂടെയാണ് എന്ന വാക്യം അതാണ് സൂചിപ്പിക്കുന്നത്. ദൈവിക സഹായത്തോടെ അവർ മഹത്തരമായ കാര്യങ്ങൾ ചെയ്തു തീർക്കുന്ന തായിരിക്കും.

ഈ ഭൂമിയിൽ ഒരു വിഭാഗം ആൾക്കാർ ആക്രമികളായിത്തീരുമ്പോൾ അവരെ തട്ടിമാറ്റുവാൻ അല്ലാഹു വേറൊരു വിഭാഗത്തെ നിയോഗിക്കു ന്നതാണെന്ന് ഈ പ്രാർത്ഥനയിലെ അവസാനത്തെ ഭാഗം വെളിപ്പെടു ത്തുന്നു. അക്രമികൾ മുസ്ലിംകൾ ആയാലും ശരി.

5- ആയത്തുൽ കുർസി (സിംഹാസന സൂക്തം)

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ
مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ
إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴿٢٥٥﴾

2:256- അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. നിത്യമായി ജീവിക്കുന്ന വൻ. സ്വയം നില നിൽക്കുന്നവൻ. ഒരു മയക്കമോ ഉറക്കമോ അവനെ ബാധിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാ ണ്. അവന്റെ അനുമതിയില്ലാതെ അവനോട് ശുപാർശ ചെയ്യാൻ ആരാ ണുള്ളത്? അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും അവനറിയുന്നു. അ വന്റെ അറിവിൽനിന്ന് അവൻ നിശ്ചയിക്കുന്നതല്ലാതെ ഒരു കാര്യവും അവർ അറിയുകയില്ല. (ഉൾക്കൊള്ളുകയില്ല). അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നില്ക്കുന്നു. അവയുടെ സംരക്ഷ

ണം അവനെ ക്ഷീണിപ്പിക്കുന്നുമില്ല. അവൻ അത്യുന്നതനും അതിശ്രേഷ്ടനുമാകുന്നു.

ഈ സൂക്തം ദൈവത്തിന്റെ അത്യുന്നതമായ മഹത്വങ്ങളെ പ്രഖ്യാപിക്കുന്നു. ദൈവത്തോടു അങ്ങോട്ടു സംസാരിക്കണമെങ്കിൽ ആദ്യം ദൈവത്തിന്റെ അനുമതി കിട്ടിയിരിക്കണം. അവന്റെ സൃഷ്ടികൾക്ക് അവന്റെ മുന്നിൽ പ്രാർത്ഥനകൾ സമർപ്പിക്കാം. ദൈവത്തോടു അങ്ങോട്ടു സംസാരിക്കുവാനോ ദൈവിക പ്രവർത്തനങ്ങൾ ചോദ്യം ചെയ്യുവാനോ ആർക്കും അവകാശമില്ലെന്നർത്ഥം.

മനുഷ്യൻ എത്ര തന്നെ ശാസ്ത്ര സത്യങ്ങൾ കണ്ടെത്തിയാലും അതെല്ലാം ദൈവത്തിന്റെ ഇച്ഛയ്ക്കു വിധേയമായാണ് അവർ കണ്ടെത്തുന്നത്. ദൈവം ആഗ്രഹിക്കാത്ത ഒരു കാര്യവും അവർക്ക് കണ്ടെത്തുവാനോ അല്ലെങ്കിൽ ദൈവത്തിന്റെ അറിവുകൾ അവർക്ക് ഉൾക്കൊള്ളുവാനോ സാധിക്കുകയില്ല. ശാസ്ത്രീയമായ കണ്ടുപിടിത്തതിലൂടെയോ ഗവേഷണങ്ങളിലൂടെയോ പ്രപഞ്ച രഹസ്യങ്ങൾ പൂർണമായും ആർക്കും തന്നെ ഉൾക്കൊള്ളുവാനോ അല്ലെങ്കിൽ ദൈവിക നിയമങ്ങളെയോ സൃഷ്ടി കർമ്മത്തെയോ മറികടക്കുവാനോ സാധിക്കുകയില്ലെന്നും 'അവൻ അറിയിച്ചുകൊടുക്കുന്നതല്ലാതെ അവർ ഉൾക്കൊള്ളുകയില്ല' എന്ന ഭാഗം വ്യക്തമാക്കുന്നു.

6- അല്ലാഹുവിനോട് മാപ്പപേക്ഷ

لِّلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۗ وَإِن تُبْدُوا۟ مَا فِىٓ أَنفُسِكُمْ أَوْ تُخْفُوهُ

يُحَاسِبْكُم بِهِ ٱللَّهُ ۖ فَيَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٨٤﴾

2:285- ആകാശങ്ങളിലും ഭൂമിയിലുള്ളതുമെല്ലാം അല്ലാഹുവിന്റേതാണ്. നിങ്ങളുടെ മനസ്സിലുള്ളത് വെളിപ്പെടുത്തിയാലും അല്ലെങ്കിൽ അത് നിങ്ങൾ മറച്ചുവെച്ചാലും അല്ലാഹു അതിനെ കുറിച്ചു നിങ്ങളോടു കണക്കു ചോദിക്കുന്നതാണ്. എന്നിട്ടവൻ നിശ്ചയിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കയും അവൻ നിശ്ചയിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيْهِ مِن رَّبِّهِۦ وَٱلْمُؤْمِنُونَ ۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ

وَرُسُلِهِۦ لَا نُفَرِّقُ بَيْنَ أَحَدٍ مِّن رُّسُلِهِۦ ۚ وَقَالُوا۟ سَمِعْنَا وَأَطَعْنَا ۖ غُفْرَانَكَ رَبَّنَا وَإِلَيْكَ ٱلْمَصِيرُ ﴿٢٨٥﴾

2:286- തന്റെ രക്ഷിതാവിൽ നിന്ന് തനിക്ക് അവതരിക്കപ്പെട്ടതിൽ റസൂൽ വിശ്വസിക്കുന്നു. ഒപ്പം സത്യവിശ്വാസികളും. അവരെല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവ

ൻറ ദൂതന്മാരിലും വിശ്വസിക്കുന്നു. അവൻറെ ദൂതന്മാരിൽ ആർക്കുമിട യിലും ഞങ്ങൾ ഒരു വ്യത്യാസവും കല്പിക്കുന്നില്ല. അവർ പറയുന്നു: ഞങ്ങൾ കേൾക്കുകയും ഞങ്ങൾ അനുസരിക്കുകയും ചെയ്തു. ഞങ്ങളു ടെ രക്ഷിതാവേ നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. നിന്നിലേക്കാകു ന്നു പ്രത്യാഗമനം.

لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا ۚ لَهَا مَا كَسَبَتْ وَعَلَيْهَا مَا ٱكْتَسَبَتْ ۗ رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ
أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا
طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٢٨٦﴾

2:287– അല്ലാഹു ഒരാളുടെ മീതെയും അയാളുടെ കഴിവിനപ്പുറം ഭാരം ചുമത്തുന്നില്ല. അയാൾ സമ്പാദിച്ച (നന്മ) അയാൾക്കുണ്ട്. അയാൾ സമ്പാദിച്ച (തിന്മയും) അയാൾക്കുണ്ട്. (പറയുക:) ഞങ്ങളുടെ രക്ഷിതാ വേ, ഞങ്ങൾക്കു മറവി പററുകയോ ഞങ്ങൾക്കു തെററു പററുകയോ ചെയ്യുന്നുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ രക്ഷിതാ വേ, ഞങ്ങൾക്കു മുമ്പുള്ളവരുടെ മേൽ നീ ചുമത്തിയതുപോലെയുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞ ങ്ങൾക്ക് (താങ്ങാൻ) കഴിവില്ലാത്തത് ഞങ്ങളെക്കൊണ്ട് നീ വഹിപ്പിക്ക രുതേ. ഞങ്ങൾക്ക് നീ മാപ്പു നൽകുകയും പൊറുത്തുതരികയും ഞങ്ങ ളോട് നീ കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതയ്ക്കെതിൽ ഞങ്ങളെ നീ സഹായിക്കേണമേ.

അല്ലാഹു ഒരു കടുകുമണിയോളം തൻെറ ദാസന്മാരോട് അനീതി ചെ യ്യുന്നവനല്ല (3:109) എന്ന വാക്യത്തെ മുന്നിൽ കണ്ടുകൊണ്ടുവേണം അവൻ നിശ്ചയിക്കുന്നവർക്ക് പൊറുത്തു കൊടുക്കുന്നു, അവൻ നിശ്ച യിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്നു എന്ന വാക്യത്തിലുള്ള തത്ത്വ രഹസ്യം മനസ്സിലാക്കുവാൻ. അല്ലാഹുവിൻെറ നീതിനിയമമനുസരിച്ചു ആർക്കാണോ പൊറുത്തു കിട്ടുവാൻ അർഹതയുള്ളത് അവർക്ക് പൊറു ത്തു കിട്ടുകയും ശിക്ഷ ലഭിക്കുവാൻ അർഹതയുള്ളവർക്ക് ശിക്ഷ ലഭി ക്കുകയും ചെയ്യുന്നു എന്നാണ് മേൽ വാക്യത്തിൻെറ സാരാംശം. അഗാ ധമായ ദൈവ സ്നേഹമില്ലാത്തവർ വഴിതെറി പോകാവുന്നൊരു വാക്യ മാണിത്.

തങ്ങളിഷ്ടപ്പെടുന്ന, തങ്ങളുടെ വർഗ്ഗത്തിൽ മാത്രം വരുന്ന ദൂതന്മാരെ ഇഷ്ടപ്പെടുകയും വർഗ്ഗത്തിൻെറയൊ ഭാഷയുടെയോ പേരിൽ മാത്രം മററു സമൂഹങ്ങളിൽ വരുന്ന ദൂതന്മാരെ അസൂയ നിമിത്തം നിഷേധിക്കു കയും ചെയ്യുക എന്നത് ദൈവകോപത്തിന് കാരണമായിത്തീരുന്ന

പ്രക്രിയയാണ്. എല്ലാ വർഗ്ഗ സമൂഹങ്ങളും ദൈവത്തിന്റെ സൃഷ്ടികളായതിനാൽ പ്രവാചകന്മാർ ആരിലൊക്കെ, എപ്പോഴൊക്കെ, എവിടെയൊക്കെ വന്നാലും അവരിൽ എല്ലാവരിലും വിശ്വസിക്കുകയെന്നതാകുന്നു സത്യവിശ്വാസം. ചിലരെ വിശ്വസിക്കുകയും ചിലരെ നിഷേധിക്കുകയും ചെയ്യുക എന്നത് എല്ലാ പ്രവാചകന്മാരെയും അയച്ചിരിക്കുന്നത് ദൈവമായതിനാൽ ആ ദൈവത്തെ നിഷേധിക്കുന്നതിന് തുല്യമാണ്. അങ്ങനെയുള്ളവർ ആരായാലും അവർ അവിശ്വാസികളാണെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

നാം അറിയാതെ നമ്മിൽ വന്നു പോകുന്ന പിഴവുകൾക്ക് നാം അല്ലാഹുവിനോട് മാപ്പപേക്ഷിച്ചുകൊണ്ടിരിക്കണം. ദൈവത്തോടുള്ള മാപ്പപേക്ഷ ഹൃദയത്തിന്റെ അഗാധതയിൽ നിന്നുയരുമ്പോൾ അതൊരു സൽകർമ്മമായിത്തീരുകയും അതിന് ദൈവികപ്രതിഫലം ലഭിക്കുകയുംചെയ്യുന്നു.

7- വിശ്വസിച്ച ശേഷം വഴി തെറ്റാതിരിക്കാനുള്ള പ്രാർത്ഥന.

هُوَ ٱلَّذِىٓ أَنزَلَ عَلَيْكَ ٱلْكِتَـٰبَ مِنْهُ ءَايَـٰتٌ مُّحْكَمَـٰتٌ هُنَّ أُمُّ ٱلْكِتَـٰبِ وَأُخَرُ مُتَشَـٰبِهَـٰتٌ ۖ فَأَمَّا ٱلَّذِينَ فِى قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَـٰبَهَ مِنْهُ ٱبْتِغَآءَ ٱلْفِتْنَةِ وَٱبْتِغَآءَ تَأْوِيلِهِۦ ۗ وَمَا يَعْلَمُ تَأْوِيلَهُۥٓ إِلَّا ٱللَّهُ ۗ وَٱلرَّٰسِخُونَ فِى ٱلْعِلْمِ يَقُولُونَ ءَامَنَّا بِهِۦ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟ ٱلْأَلْبَـٰبِ ۝

3:8- അവനാണ് നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നത്. അതിൽ ഖണ്ഡിതമായ വാക്യങ്ങളുണ്ട്. അവയാണ് ഗ്രന്ഥത്തിന്റെ മൂലവാക്യം. മുറ്റുള്ളവ രൂപകങ്ങളാണ്. എന്നാൽ ഹൃദയത്തിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ടും ദുർവ്യാഖ്യാനം നടത്താനാഗ്രഹിച്ചുകൊണ്ടും അതിൽ ഉപമാരൂപത്തിലുള്ള വചനങ്ങളെ പിന്തുടരുന്നു. എന്നാൽ അല്ലാഹു അല്ലാതെ അതിന്റെ ആന്തരാർത്ഥം അറിയുകയില്ല. അറിവിൽ അടിയുറച്ചവരും. അവർ പറയുന്നു: ഞങ്ങൾ അതിൽ വിശ്വസിക്കുന്നു. അത് മുഴുവനും ഞങ്ങളുടെ രക്ഷിതാവിൽ നിന്നുള്ളതാണ്. എന്നാൽ ബുദ്ധിമാന്മാരല്ലാതെ ആലോചിച്ച് മനസ്സിലാക്കുകയില്ല.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ ٱلْوَهَّابُ ۝

3:9- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ വ്യതിചലിപ്പിച്ചു കളയരുതേ. നിന്റെ സന്നിധിയിൽ നിന്നും കാരുണ്യം ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ വളരെയധികം ഔദാര്യവാനാകുന്നു.

رَبَّنَآ إِنَّكَ جَامِعُ ٱلنَّاسِ لِيَوْمٍ لَّا رَيْبَ فِيهِ ۚ إِنَّ ٱللَّهَ لَا يُخْلِفُ ٱلْمِيعَادَ ۝

3:10– ഞങ്ങളുടെ രക്ഷിതാവേ! നിശ്ചയമായും മനുഷ്യരെയെല്ലാം ഒരു ദിവസം ഒരുമിച്ചു ചേർക്കുന്നവനാണ് നീ. അതിൽ സംശയമേയില്ല. തീർച്ചയായും അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല.

വിശുദ്ധഖുർആനിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളും കേവല ബുദ്ധി കൊണ്ടോ, സാഹിത്യത്തിലോ ഭാഷാപരമായോ ഉള്ള അറിവ് കൊണ്ടോ മനസ്സിലാക്കിയെടുക്കാൻ സാധിക്കുകയില്ലെന്ന് അല്ലാഹു ഇവിടെ പ്രസ്താവിച്ചിരിക്കുകയാണ്. വിശുദ്ധഖുർആനിലെ ഉപമാലങ്കാരത്തിലുള്ള വാക്യങ്ങളുടെ അർത്ഥം ശരിക്കും ഗ്രഹിക്കുവാൻ ആത്മീയമായ പരിശുദ്ധിയും അതു മുഖേനെ ലഭ്യമാകുന്ന ദൈവിക ജ്ഞാനവും ആവശ്യമാകുന്നു.

ദൈവികജ്ഞാനം കേവലമായ ബുദ്ധിശക്തികൊണ്ടോ ഭാഷാപരമായ കഴിവുകൊണ്ടോ ലഭിക്കുകയില്ല. അത് ദൈവിക സാമീപ്യത്തിലൂടെയാകുന്നു നേടിയെടുക്കേണ്ടത്. ദൈവികസാമിപ്യത്തിലൂടെ നേടിയെടുക്കുന്ന ദൈവിക ജ്ഞാനത്തിലൂടെ മാത്രമെ വിശുദ്ധഖുർആനിൽ ഉപമാരൂപത്തിൽ വിവരിച്ച കാര്യങ്ങൾ മനസ്സിലാക്കിയെടുക്കുവാൻ സാധിക്കുകയുള്ളു. അല്ലാത്തവർ അത് തെറ്റായി മനസ്സിലാക്കുവാൻ ഇടയാകുകയും അങ്ങനെ അവരുടെ മനസ്സിലെ വക്രത കാരണമായിത്തന്നെ വഴിപിഴച്ചു പോകുന്നതുമാകുന്നു. അതുകൊണ്ടാണ് ഉപമാരൂപത്തിലുള്ള വാക്യങ്ങളെ കുഴപ്പത്തെ തേടികൊണ്ടു പിന്തുടരുതെന്ന് പറഞ്ഞിരിക്കുന്നത്.

ഈ പാശ്ചാത്തലം പ്രദിപാതിച്ച ശേഷം വഴിതെറ്റിപ്പോകാതിരിക്കാനുള്ള പ്രാർത്ഥനയാണ് അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്. വിശ്വാസത്തിൽ പ്രവേശിച്ചതുകൊണ്ടു മാത്രം പിന്നീട് ആ വിശ്വാസത്തിൽ ഉറച്ചുനിൽക്കണമെന്നതിന് യാതൊരു ഉറപ്പുമില്ല എന്ന് ഈ പ്രാർത്ഥനാവാക്യം വ്യക്തമാക്കുന്നു. കാരണം വിശ്വാസത്തിനു ശേഷമാണ് പരീക്ഷണങ്ങൾ ഉണ്ടാകുന്നത്. ആ പരീക്ഷണങ്ങളിൽ തളരാതെ, വ്യാകുലപ്പെടാതെ വഴിതെറ്റാതെ മുന്നേറാൻ സാധിക്കണമെങ്കിൽ തന്റെ പ്രയത്നങ്ങൾ മാത്രം മതിയാവാതെ ദൈവിക സഹായങ്ങൾ കൂടി ആവശ്യമായി വരുന്നതാണ്. അതുകൊണ്ടാണ് നീ ഞങ്ങളെ വ്യതിച്ചലിപ്പിക്കരുതേ എന്ന് പ്രാർത്ഥിക്കുവാൻ അല്ലാഹു വിശ്വാസികളെ തുടർന്ന് പഠിപ്പിക്കുന്നത്. പരീക്ഷണ ഘട്ടങ്ങളിൽ ദൈവ കാരുണ്യം ലഭ്യമാവാതെ നാം നിരാശരായിത്തീരുമ്പോൾ മനസ്സിന്റെ താളം തെറ്റിപ്പോവുകയും അവിശ്വാസത്തിലേക്ക് കാലിടറിപ്പോകുകയും ചെയ്യാവുന്നതാണ്. അതുകൊണ്ടാണ് ദൈവസന്നിധിയിൽ നിന്നുള്ള കാരുണ്യത്തെ നൽകുവാൻ പിന്നീട്

പ്രാർത്ഥിക്കുവാൻ പറഞ്ഞിരിക്കുന്നത്. ഇങ്ങനെയുള്ള പരീക്ഷണ ഘട്ട ങ്ങളിൽ വിശ്വാസികളെ സഹായിക്കുവാൻ ദൈവമല്ലാതെ വേറെ ആരും തന്നെ ഉണ്ടായിരിക്കുകയില്ല.

8- നരകരക്ഷയ്ക്കു വേണ്ടിയുള്ള വിശ്വാസികളുടെ പ്രാർത്ഥന.

زُيِّنَ لِلنَّاسِ حُبُّ ٱلشَّهَوَٰتِ مِنَ ٱلنِّسَآءِ وَٱلْبَنِينَ وَٱلْقَنَٰطِيرِ ٱلْمُقَنطَرَةِ مِنَ ٱلذَّهَبِ وَٱلْفِضَّةِ وَٱلْخَيْلِ
ٱلْمُسَوَّمَةِ وَٱلْأَنْعَٰمِ وَٱلْحَرْثِ ۗ ذَٰلِكَ مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَٱللَّهُ عِندَهُۥ حُسْنُ ٱلْمَـَٔابِ ﴿١٤﴾

3:15- സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങൾ, മേൽത്തരമായ കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമി കൾ എന്നീ കാമിതവസ്തുക്കളോടുള്ള സ്നേഹം മനുഷ്യന് ആകർഷ കമാക്കപ്പെട്ടിരിക്കുന്നു. ഇതൊക്കെ ഇഹലോകത്തിലെ വിഭവങ്ങളാകുന്നു. എന്നാൽ അല്ലാഹുവിന്റെ അടുക്കലാകുന്നു സുന്ദരമായ പ്രതാഗമന സ്ഥാനമുള്ളത്.

قُلْ أَؤُنَبِّئُكُم بِخَيْرٍ مِّن ذَٰلِكُمْ ۚ لِلَّذِينَ ٱتَّقَوْا۟ عِندَ رَبِّهِمْ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ
خَٰلِدِينَ فِيهَا وَأَزْوَٰجٌ مُّطَهَّرَةٌ وَرِضْوَٰنٌ مِّنَ ٱللَّهِ ۗ وَٱللَّهُ بَصِيرٌۢ بِٱلْعِبَادِ ﴿١٥﴾

3:16- പറയുക, ഇതിനേക്കാൾ നല്ലതിനെക്കുറിച്ചു നിങ്ങൾക്ക് ഞാൻ പറയഞ്ഞു തരട്ടെയോ? സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ രക്ഷി താവിന്റെ സന്നിധിയിൽ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന തോട്ടങ്ങളുണ്ട്. അവർ അതിൽ വസിക്കുന്നതാണ്, പരിശുദ്ധരായ ഇണകളും, അല്ലാഹുവിന്റെ തൃപ്തിയും (അവർക്ക് ലഭിക്കുന്നതാണ്). അല്ലാഹു തന്റെ ദാസന്മാരെ കാണുന്നവനാകുന്നു.

ٱلَّذِينَ يَقُولُونَ رَبَّنَآ إِنَّنَآ ءَامَنَّا فَٱغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ ﴿١٦﴾

3:17- ഞങ്ങളുടെ രക്ഷിതാവേ! തീർച്ചയായും ഞങ്ങൾ വിശ്വസിച്ചിരി ക്കുന്നു. അതുകൊണ്ട് ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾക്ക് പൊറുത്തു തരികയും നരകശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേ ണമേ എന്ന് പറയുന്നവർ.

ٱلصَّٰبِرِينَ وَٱلصَّٰدِقِينَ وَٱلْقَٰنِتِينَ وَٱلْمُنفِقِينَ وَٱلْمُسْتَغْفِرِينَ بِٱلْأَسْحَارِ ﴿١٧﴾

3:18- സഹനശീലരും സത്യസന്ധരും അനുസരണമുള്ളവരും ചിലവിടു

ന്നവരും പ്രഭാത യാമങ്ങളിൽ പൊറുക്കലിനെ തേടുന്നവരുമാകുന്നു അവർ.

നരകശിക്ഷയിൽ നിന്ന് രക്ഷനേടുവാൻ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചതോടൊപ്പം അങ്ങനെയുള്ളവരുടെ ഗുണങ്ങളെക്കുറിച്ചും അല്ലാഹു പറഞ്ഞതു ശ്രദ്ധിക്കുക. സൽക്കർമ്മങ്ങളില്ലാത്ത വെറും വായ്വാക്കുകളിൽ അടങ്ങിയിരിക്കുന്ന പ്രാർത്ഥനകൾക്ക് പ്രസക്തിയില്ലെന്ന് ഇത് ചൂണ്ടികാണിക്കുന്നു. പ്രാർത്ഥനയും പ്രവർത്തനവും ഒന്നിച്ചു കൊണ്ടുപോകണമെന്ന് ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു. നരകമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവർ സഹനം, സത്യസന്ധത, അനുസരണം ദൈവമാർഗ്ഗത്തിൽ ചിലവഴിക്കൽ ഇത്യാദി സൽഗുണങ്ങൾ സ്വയത്തമാക്കേണ്ടതാകുന്നു.

9- പരാശ്രയരഹിതമായ ജീവിതത്തിനു വേണ്ടിയുള്ള പ്രാർത്ഥന

قُلِ ٱللَّهُمَّ مَـٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ
مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٦﴾

3:27- പറയുക: ആധിപത്യത്തിന് അധിപനായ അല്ലാഹുവേ, നീ നിശ്ചയിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ നിശ്ചയിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുകളയുന്നു. നീ നിശ്ചയിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ നിശ്ചയിക്കുന്നവരെ നീ എളിമയിലാക്കുന്നു. നിന്റെ കൈവശമാകുന്നു നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

تُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَتُولِجُ ٱلنَّهَارَ فِى ٱلَّيْلِ ۖ وَتُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ
وَتُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ ۖ وَتَرْزُقُ مَن تَشَآءُ بِغَيْرِ حِسَابٍ ﴿٢٧﴾

3:28- രാത്രിയെ നീ പകലിൽ പ്രവേശിപ്പക്കുന്നു. പകലിനെ നീ രാത്രിയിലും പ്രവേശിപ്പക്കുന്നു. ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതിനെ നീ പുറത്തുകൊണ്ടുവരുന്നു. ജീവനുള്ളതിൽ നിന്നും ജീവനില്ലാത്തതിനെ നീ പുറത്തുകൊണ്ടുവരുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നൽകുകയും ചെയ്യുന്നു.

പ്രത്യക്ഷത്തിൽ ഇതൊരു പ്രാർത്ഥനയല്ല, ഒരു സ്തോത്രമാണ്. ഇതു നാം പാരായണം ചെയ്യുമ്പോൾ ദൈവിക മാഹാത്മ്യങ്ങളെ സ്തുതിക്കുകയാണ് ചെയ്യുന്നത്. ചക്രവർത്തിമാരുടെ ചക്രവർത്തിയായ ദൈവത്തെയും അവന്റെ കൈയിലുള്ള പരമാധികാരത്തെയും നാം വാഴ്ത്തുമ്പോ

ൾ അതിന്റെ ഫലമായി ദൈവം കനിഞ്ഞു നൽകുന്ന അധികാരം നമ്മിൽ വന്നു ചേരുന്നതാണ്. മറ്റുള്ളവരെ ആശ്രയിക്കാതെ സ്വതന്ത്രമായി ജീവിക്കുകയെന്നതാണല്ലൊ ഒരു വിശ്വാസിയുടെ ആത്മാഭിമാനം. ഈ ആത്മാഭിമാനം ലഭ്യമായിത്തീരുന്നത് ദൈവത്തിൽ നിന്ന് മാത്രമാണ്. എല്ലാ നന്മയും നിന്റെ കൈവശമാകുന്നു, നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളനാകുന്നു എന്ന് നാം പറയുമ്പോൾ ദൈവമേ, നിന്റെ കൈയിൽനിന്ന് നന്മകൾ നീ ഞങ്ങൾക്കു തരേണമേ എന്ന നമ്മുടെ അഭിലാഷം ഈ സ്തോത്രത്തിന്റെ അഗാധതയിൽ അലയടിക്കുന്നുണ്ട്. അതുപോലെ കണക്കില്ലാത്ത ആഹാര വിഭവങ്ങൾ ലഭ്യമായിത്തീരാനും ഈ സ്തോത്രം നമ്മെ പ്രാപ്തരാക്കുന്നു.

10- ഹന്നത്ത് മർയമിനെ ദൈവത്തിലർപ്പിച്ചുകൊണ്ട് അവരുടെ മാതാവു ചെയ്ത പ്രാർത്ഥന.

إِذْ قَالَتِ ٱمْرَأَتُ عِمْرَٰنَ رَبِّ إِنِّى نَذَرْتُ لَكَ مَا فِى بَطْنِى

مُحَرَّرًا فَتَقَبَّلْ مِنِّىٓ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ ۝

3:36- ഇംറാൻ (താവഴിയിലെ) ഒരു സ്ത്രീ പറഞ്ഞ സന്ദർഭം. എന്റെ രക്ഷിതാവേ, എന്റെ വയറ്റിലുള്ള കുട്ടിയെ നിനക്ക് അർപ്പിക്കപ്പെട്ടതായി ഞാൻ നേർച്ച നേർന്നിരിക്കുന്നു. എന്നിൽനിന്ന് നീ അത് സ്വീകരിച്ചാലും. തീർച്ചയായും നീ കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

فَلَمَّا وَضَعَتْهَا قَالَتْ رَبِّ إِنِّى وَضَعْتُهَآ أُنثَىٰ وَٱللَّهُ أَعْلَمُ بِمَا وَضَعَتْ وَلَيْسَ ٱلذَّكَرُ

كَٱلْأُنثَىٰ ۖ وَإِنِّى سَمَّيْتُهَا مَرْيَمَ وَإِنِّىٓ أُعِيذُهَا بِكَ وَذُرِّيَّتَهَا مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ ۝

3:37- പക്ഷേ ആ കുട്ടിയെ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ ഞാൻ പ്രസവിച്ചത് ഒരു പെൺകുട്ടിയെ ആണല്ലൊ. ആൺകുട്ടി പെൺകുട്ടിയെപ്പോലെയല്ല. ഞാൻ അവൾക്ക് മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചിൽനിന്ന് അവളെയും അവളുടെ സന്തതിയെയും രക്ഷിക്കാനായി ഞാൻ നിന്നിൽ സംരക്ഷണമേല്പിക്കുയും ചെയ്യുന്നു.

فَتَقَبَّلَهَا رَبُّهَا بِقَبُولٍ حَسَنٍ وَأَنۢبَتَهَا نَبَاتًا حَسَنًا وَكَفَّلَهَا زَكَرِيَّا ۖ كُلَّمَا دَخَلَ عَلَيْهَا زَكَرِيَّا ٱلْمِحْرَابَ وَجَدَ

عِندَهَا رِزْقًا ۖ قَالَ يَٰمَرْيَمُ أَنَّىٰ لَكِ هَٰذَا ۖ قَالَتْ هُوَ مِنْ عِندِ ٱللَّهِ ۖ إِنَّ ٱللَّهَ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ ۝

3:38- അങ്ങനെ അവളുടെ രക്ഷിതാവ് നല്ലനിലയിൽ അവളെ സ്വീകരിക്കുകയും ഉത്തമമായ നിലയിൽ അവളെ വളർത്തിക്കൊണ്ട് വരികയും

അവളുടെ സംരക്ഷണച്ചുമതല സക്കറിയ്യായെ ഏല്പിക്കുകയും ചെയ്തു. അവളുടെ അടുക്കൽ പ്രാർത്ഥനാമുറിയിൽ സക്കരിയ്യാ പ്രവേശിക്കുമ്പോൾ എന്തെങ്കിലും ആഹാരവിഭവങ്ങൾ അവിടെ കാണുമായിരുന്നു. അദ്ദേഹം ചോദിച്ചു, അല്ലായോ മർയം ഇത് നിനക്ക് എവിടെ നിന്നാണ് കിട്ടുന്നത്? അവൾ പറഞ്ഞു: ഇത് അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത്. തീർച്ചയായും അല്ലാഹു അവൻ നിശ്ചയിക്കുന്നവർക്ക് കണക്കില്ലാതെ ആഹാരവിഭവങ്ങൾ നൽകുന്നു.

സൽസന്താനങ്ങളെ ആഗ്രഹിക്കുന്ന ഒരോ മാതാവും ഇതുപോലെ ദുആ ചെയ്യേണ്ടതാകുന്നു. ഈ ദുആയുടെ ഫലമായി പൈശാചികപ്രേരണകളിൽനിന്ന് അല്ലാഹു നമ്മുടെ സന്താനങ്ങൾക്ക് പ്രത്യേക രക്ഷ നൽകുന്നതാണ്.

ആഹാരം അല്ലാഹുവിൽ നിന്നുമാണ് എന്ന് പറഞ്ഞതിന് ആകാശത്തിൽ നിന്നും ലഭ്യമായി എന്ന് അർത്ഥമില്ല. അല്ലാഹുവിന്റെ ദാസൻമാർ കൊണ്ടുകൊടുത്തതായിരിക്കാം അത്.

11- സൽസന്താനത്തിനു വേണ്ടി യഹ്യാ നബി (അ)യുടെ പ്രാർത്ഥന.

هُنَالِكَ دَعَا زَكَرِيَّا رَبَّهُۥ ۖ قَالَ رَبِّ هَبْ لِى مِن لَّدُنكَ ذُرِّيَّةً طَيِّبَةً ۖ إِنَّكَ سَمِيعُ ٱلدُّعَآءِ ۝

3:39- അവിടെവെച്ച് സക്കരിയാ തന്റെ രക്ഷിതാവിനോട് പ്രാർത്ഥിച്ചു: എന്റെ രക്ഷിതാവേ, പരിശുദ്ധമായൊരു സന്താനത്തെ നീ എനിക്ക് കനിഞ്ഞു നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാകുന്നു.

فَنَادَتْهُ ٱلْمَلَـٰٓئِكَةُ وَهُوَ قَآئِمٌ يُصَلِّى فِى ٱلْمِحْرَابِ أَنَّ ٱللَّهَ يُبَشِّرُكَ بِيَحْيَىٰ

مُصَدِّقًۢا بِكَلِمَةٍ مِّنَ ٱللَّهِ وَسَيِّدًا وَحَصُورًا وَنَبِيًّا مِّنَ ٱلصَّـٰلِحِينَ ۝

3:40- അങ്ങനെ പ്രാർത്ഥനാമുറിയിൽ അദ്ദേഹം നമസ്ക്കരിച്ചുകൊണ്ട് നിൽക്കവേ മലക്കുകൾ വിളിച്ചു പറഞ്ഞു: അല്ലാഹു യഹ്യായെക്കുറിച്ച് നിന്നെ സന്തോഷവാർത്ത അറിയിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള ഒരു വചനത്തെ ശരിവയ്ക്കുന്നവനും നേതാവും ആത്മനിയന്ത്രണമുള്ളവനും സദ്വൃത്തരിൽപ്പെട്ട ഒരു പ്രവാചകനും ആയിരിക്കും അവൻ.

قَالَ رَبِّ أَنَّىٰ يَكُونُ لِى غُلَـٰمٌ وَقَدْ بَلَغَنِىَ ٱلْكِبَرُ وَٱمْرَأَتِى عَاقِرٌ ۖ قَالَ كَذَٰلِكَ ٱللَّهُ يَفْعَلُ مَا يَشَآءُ ۝

3:41- അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ വാർദ്ധക്യം പ്രാപിക്കുകയും എന്റെ ഭാര്യ വന്ധ്യയും ആയിരിക്കെ എങ്ങനെയാണ് എനിക്ക് ഒരു മകൻ ഉണ്ടാകുക? അവൻ പറഞ്ഞു: അത് അങ്ങനെ

തന്നെയാകുന്നു. അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നു.

قَالَ رَبِّ ٱجۡعَل لِّيٓ ءَايَةٗۚ قَالَ ءَايَتُكَ أَلَّا تُكَلِّمَ ٱلنَّاسَ ثَلَٰثَةَ

أَيَّامٍ إِلَّا رَمۡزٗاۗ وَٱذۡكُر رَّبَّكَ كَثِيرٗا وَسَبِّحۡ بِٱلۡعَشِيِّ وَٱلۡإِبۡكَٰرِ ٤١

3:42– അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് ഒരു അടയാളം നിശ്ചയിച്ചു തന്നാലും. അവൻ പറഞ്ഞു: നിനക്കുള്ള അടയാളം ആംഗ്യം കൊണ്ടല്ലാതെ മൂന്നു ദിവസം നീ ജനങ്ങളോടു സംസാരിക്കാതിരിക്കലാകുന്നു. നിന്റെ രക്ഷിതാവിനെ നീ അധികമായി സ്മരിക്കുകയും വൈകുന്നേരവും രാവിലെയും അവനെ സ്തോത്രം ചെയ്യുകയും ചെയ്യുക.

സൽസന്താനങ്ങളെ ആഗ്രഹിക്കുന്ന ഓരോ പിതാവും ദൈവത്തോട് സക്കരിയാ നബി (അ) പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കേണ്ടതാണ്. ഈ പ്രാർത്ഥനയിൽ വളരെയധികം തത്ത്വ രഹസ്യം അടങ്ങിയിരിക്കുന്നു. ദൈവിക കാരുണ്യത്തെക്കുറിച്ചു ഒരിക്കലും തന്നെ നാം നിരാശരായിത്തീരരുതെന്ന് ഈ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു. ഭാര്യ വന്ധ്യയായാലും, നാം വാർദ്ധക്യം പ്രാപിച്ചാലും അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ സന്താനങ്ങൾ ഉണ്ടാകാമെന്നുള്ള സന്തോഷവാർത്ത ഈ പ്രാർത്ഥനയിൽ കൂടി നമുക്ക് ലഭിക്കുന്നു.

അല്ലാഹു പ്രാർത്ഥന കേൾക്കുന്നവനാണെന്ന യഹ്യാ നബിയുടെ പ്രഖ്യാപനവും ആ പ്രാർത്ഥനയ്ക്കു ഉത്തരമായി മാലാഖമാരിലൂടെയുള്ള മറുപടിയും ദൈവം അവന്റെ പരിശുദ്ധ ദാസന്മാരുടെ പ്രാർത്ഥനയ്ക്ക് എങ്ങനെയാണ് മറുപടി നൽകുന്നത് എന്നതിനുള്ള ഒരു ഉദാഹരണമാണ്.

യഹ്യാ നബി (അ) അല്ലാഹുവിന്റെ പ്രവാചകനായിട്ടും ഒരു സന്താനമില്ലാത്തതിന്റെ ദു:ഖം അദ്ദേഹം വാർദ്ധക്യം പ്രാപിക്കുന്നതുവരെ ക്ഷമിച്ചുകൊണ്ടിരുന്നു, ദൈവത്തോട് യാതൊരു രീതിയിലുമുള്ള പരാതിയും പറയാതെ. അദ്ദേഹം തനിക്ക് സൽസന്താനം ലഭിക്കണമെന്ന ആഗ്രഹം ദൈവത്തിന്റെ മുന്നിൽ പല തവണ പ്രകടിപ്പിച്ചിട്ടുണ്ടാവാം. നാം പ്രാർത്ഥിക്കുന്നതോടൊപ്പം ക്ഷമയോടെ കാത്തുനിൽക്കുകയും വേണം. ആ കാത്തിരിപ്പ് എത്ര തന്നെ ദൈർഘ്യമേറിയതായാലും ദൈവത്തെ കുറ്റം പറയാതെയും അവന്റെ കാരുണ്യത്തിൽ നിരാശപ്പെടാതെയും വാർദ്ധക്യദശവരെയും ചിലപ്പോൾ കാത്തു നിൽക്കേണ്ടി വരും എന്ന സൂചനയും ഈ വാക്യങ്ങൾ നമുക്ക് തരുന്നുണ്ട്. പ്രാർത്ഥിക്കുക, നിരാശനാവാതെ പ്രാർത്ഥിക്കുക, ദൈവത്തിൽ നിന്ന് ഉത്തരം ലഭിക്കുന്നതുവരെ പ്രാർത്ഥിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. നമ്മുടെ പ്രാർത്ഥനയിൽ നാം ക്ഷമ പ്രകടിപ്പിക്കുകയും നിരാശ കൈവെടിയുകയും ചെയ്യേണ്ട ആവശ്യകതയെയും ഈ പ്രാർത്ഥന നമ്മെ പഠിപ്പി

ക്കുന്നു.

12- ഈസാ നബി (അ) ന്റെയും അനുയായികളുടെയും പ്രാർത്ഥന.

إِنَّ ٱللَّهَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۗ هَٰذَا صِرَٰطٌ مُّسْتَقِيمٌ ۝

3:52- തീർച്ചയായും അല്ലാഹു എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമാകുന്നു. അതുകൊണ്ട് അവനെ ആരാധിക്കുക, ഇതാകുന്നു നേർമാർഗ്ഗം.

فَلَمَّآ أَحَسَّ عِيسَىٰ مِنْهُمُ ٱلْكُفْرَ قَالَ مَنْ أَنصَارِىٓ إِلَى ٱللَّهِ ۖ قَالَ ٱلْحَوَارِيُّونَ

نَحْنُ أَنصَارُ ٱللَّهِ ءَامَنَّا بِٱللَّهِ وَٱشْهَدْ بِأَنَّا مُسْلِمُونَ ۝

3:53- എന്നാൽ ഈസായ്ക്ക് അവരുടെ നിഷേധ സ്വഭാവം ബോദ്ധ്യമായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ എന്റെ സഹായികളായി ആരാണുള്ളത്? ശിഷ്യന്മാർ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചരിക്കുന്നു. ഞങ്ങൾ അനുസരണമുള്ളവരാണെന്നതിന് താങ്കൾ സാക്ഷ്യം വഹിച്ചാലും.

رَبَّنَآ ءَامَنَّا بِمَآ أَنزَلْتَ وَٱتَّبَعْنَا ٱلرَّسُولَ فَٱكْتُبْنَا مَعَ ٱلشَّٰهِدِينَ ۝

3:54- ഞങ്ങളുടെ രക്ഷിതാവേ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും നിന്റെ ദൂതനെ ഞങ്ങൾ പിന്തുടരുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് സാക്ഷ്യം വഹിച്ചവരോടൊപ്പം നീ ഞങ്ങളെയും രേഖപ്പെടുത്തേണമേ.

എന്താണ് യഥാർത്ഥത്തിലുള്ള നേർമാർഗ്ഗമെന്ന് 51ാം വാക്യം വ്യക്തമാക്കുന്നു. പ്രവാചകന്മാരും അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികളും ആ ഏകത്വത്തിന് സാക്ഷ്യം വഹിക്കുന്നവരാണ്.

13- ദൈവ ഭക്തരുടെ പ്രാർത്ഥന

وَكَأَيِّن مِّن نَّبِيٍّ قَٰتَلَ مَعَهُۥ رِبِّيُّونَ كَثِيرٌ فَمَا وَهَنُوا۟ لِمَآ

أَصَابَهُمْ فِى سَبِيلِ ٱللَّهِ وَمَا ضَعُفُوا۟ وَمَا ٱسْتَكَانُوا۟ ۗ وَٱللَّهُ يُحِبُّ ٱلصَّٰبِرِينَ ۝

3:147- എത്രയെത്ര പ്രവാചകന്മാരും അവരോടൊപ്പം അനേകം ദൈവ ഭക്തരും പോരാടിയിരിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ

അവർക്ക് നേരിട്ട യാതൊന്നിലും അവർ നിരാശരായില്ല. അവർ ദുർബല രാകുകയോ കീഴടങ്ങിക്കൊടുക്കുകയോ ചെയ്തില്ല. സഹനശീലരെ അല്ലാ ഹു സ്നേഹിക്കുന്നു.

وَمَا كَانَ قَوْلَهُمْ إِلَّآ أَن قَالُوا۟ رَبَّنَا ٱغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا

فِىٓ أَمْرِنَا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَـٰفِرِينَ ﴿١٤٧﴾

3:148- അവരുടെ പ്രാർത്ഥന ഇങ്ങനെയല്ലാതെ മറെറാന്നുമായിരുന്നില്ല. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ വീഴ്ചകളും ഞങ്ങളുടെ കാര്യങ്ങ ളിൽ വന്നുപോകുന്ന അമിതത്വവും നീ ഞങ്ങൾക്കു പൊറുത്തുതരേണ മേ. ഞങ്ങളുടെ പാദങ്ങൾ നീ ഉറപ്പിച്ചു നിർത്തുകയും അവിശ്വാസിക ളായ ജനതയ്ക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

فَـَٔاتَىٰهُمُ ٱللَّهُ ثَوَابَ ٱلدُّنْيَا وَحُسْنَ ثَوَابِ ٱلْـَٔاخِرَةِ ۗ وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ﴿١٤٨﴾

3:149- അതിനാൽ അല്ലാഹു അവർക്ക് ഈ ലോകത്തിലെ പ്രതിഫല വും പരലോകത്തിലെ മെച്ചമായ പ്രതിഫലവും നൽകി. നന്മ ചെയ്യുന്ന വരെ അല്ലാഹു സ്നേഹിക്കുന്നു.

ദൈവമാർഗ്ഗത്തിൽ നിരാശാബോധത്തിന് യാതൊരു സ്ഥാനുവമില്ലെന്ന് ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഇങ്ങനെയുള്ള പോരാട്ടത്തിൽ ചിലപ്പോൾ വീഴ്ചയും വന്നു പോകാം, അമിതത്വവും വന്നു പോകാം. അതൊക്കെ മാപ്പു ചെയ്തു കിട്ടുവാൻ ദൈവത്തോടു നിത്യവും അപേക്ഷി ച്ചു കൊണ്ടിരിക്കണം. നന്മ ചെയ്യുന്നതിനുള്ള പ്രതിഫലത്തിന് മരണാ നന്തരം വരെ കാത്തിരിക്കേണ്ടതില്ലെന്നും ഈ ലോകത്തിൽ വെച്ചു തന്നെ അതിന്റെ സദ്ഫലങ്ങൾ അനുഭവിച്ച് തുടങ്ങുന്നതാണെന്നും ഈ വാക്യം വിളംബരപ്പെടുത്തുന്നു.

14- ബുദ്ധിമാന്മാരുടെ പ്രാർത്ഥന.

وَلِلَّهِ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٨٩﴾

3:190- അല്ലാഹുവിനാകുന്നു ആകശങ്ങളുടെയും ഭൂമിയുടെയും ആധി പത്യം. അല്ലാഹു എല്ലാ കാര്യത്തിനും ശക്തനുമാകുന്നു.

إِنَّ فِى خَلْقِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَٱخْتِلَـٰفِ ٱلَّيْلِ وَٱلنَّهَارِ لَـَٔايَـٰتٍ لِّأُو۟لِى ٱلْأَلْبَـٰبِ ﴿١٩٠﴾

3:191- ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിവരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

ٱلَّذِينَ يَذۡكُرُونَ ٱللَّهَ قِيَٰمٗا وَقُعُودٗا وَعَلَىٰ جُنُوبِهِمۡ وَيَتَفَكَّرُونَ فِي خَلۡقِ ٱلسَّمَٰوَٰتِ
وَٱلۡأَرۡضِ رَبَّنَا مَا خَلَقۡتَ هَٰذَا بَٰطِلٗا سُبۡحَٰنَكَ فَقِنَا عَذَابَ ٱلنَّارِ ۝

3:192- നിന്നും ഇരുന്നും കിടന്നും കൊണ്ട് അല്ലാഹുവിനെ സ്മരിക്കുകയും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിവൈഭവത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നവരാകുന്നു അവർ. ഞങ്ങളുടെ രക്ഷിതാവേ, നീ ഇത് വ്യർത്ഥമായി സൃഷ്ടിച്ചതല്ല. നിനക്ക് സ്തോത്രം. അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ.

رَبَّنَآ إِنَّكَ مَن تُدۡخِلِ ٱلنَّارَ فَقَدۡ أَخۡزَيۡتَهُۥۖ وَمَا لِلظَّٰلِمِينَ مِنۡ أَنصَارٖ ۝

3:193- ഞങ്ങളുടെ രക്ഷിതാവേ, നീ നരകത്തിൽ കടത്തിവിടുന്നവനെ തീർച്ചയായും നീ അപമാനിച്ചിരിക്കുന്നു. തിന്മ ചെയ്യുന്നവർക്ക് സഹായികളായി ആരും ഇല്ലതന്നെ.

رَّبَّنَآ إِنَّنَا سَمِعۡنَا مُنَادِيٗا يُنَادِي لِلۡإِيمَٰنِ أَنۡ ءَامِنُواْ بِرَبِّكُمۡ فَـَٔامَنَّاۚ
رَبَّنَا فَٱغۡفِرۡ لَنَا ذُنُوبَنَا وَكَفِّرۡ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلۡأَبۡرَارِ ۝

3:194- ഞങ്ങളുടെ രക്ഷിതാവേ, നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ (എന്നു പറഞ്ഞുകൊണ്ട്) സത്യവിശ്വാസത്തിലേക്ക് വിളിക്കുന്നയാളുടെ വിളി ഞങ്ങൾ കേട്ടു. അതുകൊണ്ട് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്കു പൊറുത്തു തരികയും ഞങ്ങളുടെ ദുഷ്യങ്ങൾ ഞങ്ങളിൽ നിന്ന് നീ അകറ്റിക്കളയുകയും ചെയ്യേണമേ. സച്ചരിതരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ.

رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخۡزِنَا يَوۡمَ ٱلۡقِيَٰمَةِۗ إِنَّكَ لَا تُخۡلِفُ ٱلۡمِيعَادَ ۝

3:195- ഞങ്ങളുടെ രക്ഷിതാവേ! നിന്റെ ദൂതന്മാർ മുഖേനെ നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നീ നൽകേണമേ. ഉയിർത്തെഴുനേൽപ്പുനാളിൽ ഞങ്ങളെ നീ അപമാനിക്കരുതേ. നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല.

فَٱسۡتَجَابَ لَهُمۡ رَبُّهُمۡ أَنِّي لَآ أُضِيعُ عَمَلَ عَٰمِلٖ مِّنكُم مِّن ذَكَرٍ أَوۡ أُنثَىٰۖ بَعۡضُكُم مِّنۢ بَعۡضٖۖ فَٱلَّذِينَ
هَاجَرُواْ وَأُخۡرِجُواْ مِن دِيَٰرِهِمۡ وَأُوذُواْ فِي سَبِيلِي وَقَٰتَلُواْ وَقُتِلُواْ لَأُكَفِّرَنَّ عَنۡهُمۡ سَيِّـَٔاتِهِمۡ

وَلَأُدۡخِلَنَّهُمۡ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ ثَوَابٗا مِّنۡ عِندِ ٱللَّهِۗ وَٱللَّهُ عِندَهُۥ حُسۡنُ ٱلثَّوَابِ ۝

3:196– അതിനാൽ അവരുടെ രക്ഷിതാവ് അവർക്ക് പ്രത്യുത്തരം നൽകി: പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, നിശ്ചയമായും നിങ്ങളിൽ (നന്മ) പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവൃത്തി ഞാൻ പാഴാക്കുകയില്ല. നിങ്ങളിൽ ചിലർ മറ്റുചിലരിൽനിന്നും ഉണ്ടായവരാകുന്നു. അതുകൊണ്ട് പാലായനം ചെയ്യുകയും തങ്ങളുടെ വീടുകളിൽനിന്ന് പുറത്താക്കപ്പെടുകയും എന്റെ മാർഗത്തിൽ മർദ്ദിക്കപ്പെടുകയും യുദ്ധത്തിലേർപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തവരുടെ ദൂഷ്യങ്ങളെ അവരിൽനിന്ന് ഞാൻ നീക്കിക്കളയുകയും അവരെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന തോട്ടങ്ങളിൽ ഞാൻ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിൽനിന്നുമുള്ള ഒരു പ്രതിഫലമത്രെ അത്. അല്ലാഹുവിങ്കലാകുന്നു ഏറ്റവും ഉത്തമമായ പ്രതിഫലമുള്ളത്.

പ്രപഞ്ചത്തിൽ നടക്കുന്ന ഓരോ പ്രതിഭാസത്തിന്റെയും പിറകിൽ ദൈവികകരം പ്രവർത്തിക്കുന്നതായി സൂക്ഷ്മമായി ചിന്തിക്കുന്നവർക്ക് കണ്ടെത്തുവാൻ സാധിക്കുന്നതാണെന്ന് ആദ്യ സൂക്തങ്ങൾ വ്യക്തമാക്കുന്നു. അങ്ങനെ അഗാധമായി ചിന്തിക്കുന്നവർക്ക് ദൈവത്തിലേക്ക് ക്ഷണിക്കുന്ന ദൈവദൂതന്മാരെ തിരിച്ചറിയുവാൻ സാധിക്കുന്നതും അവരുടെ ആഹ്വാനങ്ങൾ സ്വീകരിച്ചു കൊണ്ട് ജീവിതം ക്രമപ്പെടുത്തുവാൻ സാധിക്കുന്നതുമാണ്. ഇത് പെട്ടെന്ന് ഒരു പ്രഭാതം കൊണ്ട് പൂർത്തിയാകുന്നില്ല. അവർ ക്രമേണെ പടിപടിയായി പുരോഗമിച്ച് മരിക്കുന്നതിനു മുമ്പായി സജ്ജനങ്ങളായി മാറുകയാണ് ചെയ്യുന്നത്. സച്ചരിതരായി ഞങ്ങളുടെ ജീവൻ എടുക്കേണമേ എന്ന പ്രാർത്ഥനയുടെ താല്പര്യം അതാണ്. ഇങ്ങനെയുള്ള യഥാർത്ഥ വിശ്വാസികൾക്ക് പല കഷ്ടതകളും സഹിക്കേണ്ടി വരുന്നതാണ്. ചിലർക്ക് ഓടിപ്പോകേണ്ടി വരും. ചിലരെ ഭവനങ്ങളിൽ നിന്നും പുറത്താക്കും. ചിലരെ മറ്റുള്ളവർ പീഡിപ്പിക്കും. ചിലർക്ക് യുദ്ധം ചെയ്യേണ്ടി വരും, ചിലർ കൊല്ലപ്പെടും. പക്ഷെ ഇതിനൊക്കെ സാഹചര്യം ലഭിക്കുന്നവർ മഹാഭാഗ്യവാന്മാരാണ്. ഇങ്ങനെയുള്ള ത്യാഗങ്ങൾ സഹിക്കേണ്ടി വന്നവരുടെ തെറ്റുകൾ അല്ലാഹു മായിച്ചുകളയുമെന്നും അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുമെന്നും വാഗ്ദാനം നൽകിയിരിക്കുകയാണിവിടെ. ഇതിനെക്കാൾ മഹത്തായ ഭാഗ്യം വേറെയെന്താണുള്ളത്?

15–അക്രമണവിധേയരായ അശക്തരുടെ പ്രാർത്ഥന

فَلۡيُقَٰتِلۡ فِي سَبِيلِ ٱللَّهِ ٱلَّذِينَ يَشۡرُونَ ٱلۡحَيَوٰةَ ٱلدُّنۡيَا بِٱلۡأٓخِرَةِۚ وَمَن

يُقَٰتِلۡ فِي سَبِيلِ ٱللَّهِ فَيُقۡتَلۡ أَوۡ يَغۡلِبۡ فَسَوۡفَ نُؤۡتِيهِ أَجۡرًا عَظِيمٗا ۝

4:75– എന്നാൽ പരലോകത്തിനു വേണ്ടി ഇഹലോകജീവിതത്തെ വിൽക്കുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യട്ടെ. അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നുവൻ കൊല്ലപ്പെട്ടാലും അല്ലെങ്കിൽ വിജയിച്ചാലും നാമവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്.

وَمَا لَكُمْ لَا تُقَٰتِلُونَ فِى سَبِيلِ ٱللَّهِ وَٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ وَٱلنِّسَآءِ
وَٱلْوِلْدَٰنِ ٱلَّذِينَ يَقُولُونَ رَبَّنَآ أَخْرِجْنَا مِنْ هَٰذِهِ ٱلْقَرْيَةِ ٱلظَّالِمِ أَهْلُهَا وَٱجْعَل
لَّنَا مِن لَّدُنكَ وَلِيًّا وَٱجْعَل لَّنَا مِن لَّدُنكَ نَصِيرًا ۝

4:76– ഞങ്ങളുടെ രക്ഷിതാവേ, അക്രമികളായ ആളുകൾ അധിവസിക്കുന്ന ഈ പട്ടണത്തിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും നിന്നിൽ നിന്ന് ഞങ്ങൾക്ക് ഒരു രക്ഷാധികാരിയെയും നിന്നിൽ നിന്ന് ഞങ്ങൾക്ക് ഒരു സഹായിയെയും തരികയും ചെയ്യേണമേ എന്നു പറയുന്ന മർദ്ദിതരായ പുരുഷന്മാർക്കും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യാതിരിക്കാൻ നിങ്ങൾക്ക് എന്തു കാരണമാണുള്ളത്?

ٱلَّذِينَ ءَامَنُوا۟ يُقَٰتِلُونَ فِى سَبِيلِ ٱللَّهِ ۖ وَٱلَّذِينَ كَفَرُوا۟ يُقَٰتِلُونَ فِى سَبِيلِ
ٱلطَّٰغُوتِ فَقَٰتِلُوٓا۟ أَوْلِيَآءَ ٱلشَّيْطَٰنِ ۖ إِنَّ كَيْدَ ٱلشَّيْطَٰنِ كَانَ ضَعِيفًا ۝

4:77– സത്യവിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അവിശ്വാസികൾ പിശാചിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അതിനാൽ പിശാചിന്റെ മിത്രങ്ങളോട് നിങ്ങൾ യുദ്ധം ചെയ്യുവിൻ. തീർച്ചയായും പിശാചിന്റെ കുതന്ത്രം ദുർബലമാകുന്നു.

മക്കയിൽവെച്ച് അവിശ്വാസികളിൽ നിന്ന് എത്രതന്നെ പീഡനങ്ങളനുഭവിച്ചിട്ടും സത്യവിശ്വാസികൾ അവരെ നശിപ്പിക്കുവാനോ അവരിൽ ശാപം ഇറക്കുവാനൊ പ്രാർത്ഥിച്ചിരുന്നില്ല എന്നകാര്യം ഇവിടെ സ്മരണീയമാണ്. അവരിൽനിന്ന് രക്ഷപ്പെടാനുള്ള സഹായത്തിനു വേണ്ടിയായിരുന്നു അവർ എപ്പോഴും പ്രാർത്ഥിച്ചകൊണ്ടിരുന്നത്. ഇങ്ങനെ അക്രമവിധേയമായവരെ അക്രമികളിൽനിന്ന് മോചിപ്പിക്കാനുള്ള യുദ്ധത്തിനാണ് ദൈവമാർഗത്തിലുള്ള യുദ്ധമെന്ന് പറയുന്നത്. ഈ യുദ്ധത്തിൽ പോരാടുന്നവർ തോറ്റാലും ജയിച്ചാലും അവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു.

16- അനുയായികൾക്ക് ഭക്ഷണത്തളികയ്ക്കു വേണ്ടി ഈസാ(അ)ന്റെ പ്രാർത്ഥന

إِذْ قَالَ ٱلْحَوَارِيُّونَ يَٰعِيسَى ٱبْنَ مَرْيَمَ هَلْ يَسْتَطِيعُ رَبُّكَ أَن يُنَزِّلَ

عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ ۖ قَالَ ٱتَّقُوا۟ ٱللَّهَ إِن كُنتُم مُّؤْمِنِينَ ﴿١١٢﴾

5:113- ശിഷ്യന്മാർ പറഞ്ഞ സന്ദർഭം: അല്ലയോ മർയമിന്റെ മകൻ ഈസാ, ആകാശത്തുനിന്ന് ഒരു ഭക്ഷണതളിക ഞങ്ങൾക്ക് ഇറക്കിതരുവാൻ നിന്റെ രക്ഷിതാവിനു കഴിയുമോ? അദ്ദേഹം പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികൾ ആണെങ്കിൽ അല്ലാഹുവിനെ ഭയപ്പെടുക.

قَالُوا۟ نُرِيدُ أَن نَّأْكُلَ مِنْهَا وَتَطْمَئِنَّ قُلُوبُنَا وَنَعْلَمَ أَن

قَدْ صَدَقْتَنَا وَنَكُونَ عَلَيْهَا مِنَ ٱلشَّٰهِدِينَ ﴿١١٣﴾

5:114- അവർ പറഞ്ഞു: അതിൽനിന്ന് ഞങ്ങൾ ഭക്ഷിക്കുന്നതിനും ഞങ്ങൾക്ക് മനസ്സമാധാനമുണ്ടാകുന്നതിനും താങ്കൾ ഞങ്ങളോട് പറഞ്ഞകാര്യങ്ങൾ സത്യമാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യമാകുന്നതിനും ഞങ്ങൾ അതിന് സാക്ഷികളാകുന്നതിനും ഞങ്ങൾ ആഗ്രഹിക്കുന്നു.

قَالَ عِيسَى ٱبْنُ مَرْيَمَ ٱللَّهُمَّ رَبَّنَآ أَنزِلْ عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ تَكُونُ لَنَا

عِيدًا لِّأَوَّلِنَا وَءَاخِرِنَا وَءَايَةً مِّنكَ ۖ وَٱرْزُقْنَا وَأَنتَ خَيْرُ ٱلرَّٰزِقِينَ ﴿١١٤﴾

5:115- മർയമിന്റെ മകൻ ഈസാ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ആകാശത്തുനിന്നും ഞങ്ങൾക്ക് ഒരു ഭക്ഷണതളിക നീ ഇറക്കിത്തന്നാലും, ഞങ്ങളിൽ ആദ്യത്തിലുള്ളവർക്കും ഞങ്ങളിൽ അന്ത്യത്തിലുള്ളവർക്കും വേണ്ടി ഒരു പെരുന്നാളും നിന്നിൽനിന്നുള്ള ഒരു ദൃഷ്ടാന്തവും ആയി. ഞങ്ങൾക്ക് നീ ഉപജീവനം നൽകേണമേ. നീയാണ് ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമൻ.

قَالَ ٱللَّهُ إِنِّى مُنَزِّلُهَا عَلَيْكُمْ ۖ فَمَن يَكْفُرْ بَعْدُ مِنكُمْ فَإِنِّىٓ

أُعَذِّبُهُۥ عَذَابًا لَّآ أُعَذِّبُهُۥٓ أَحَدًا مِّنَ ٱلْعَٰلَمِينَ ﴿١١٥﴾

5:116- അല്ലാഹു പറഞ്ഞു: തീർച്ചയായും നിങ്ങൾക്ക് ഞാനത് ഇറക്കിത്തരാം. എന്നാൽ അതിനുശേഷം നിങ്ങളിൽ ആരെങ്കിലും അവിശ്വസിക്കുന്നതായാൽ ലോകത്ത് ഒരാൾക്കും നൽകാത്ത ശിക്ഷ ഞാൻ അവന്

നൽകുന്നതാണ്.

ആകാശത്തുനിന്നും ഒരു ഭക്ഷണത്തളിക ഞങ്ങൾക്ക് ഇറക്കിത്തരേണമെ എന്ന പ്രാർത്ഥനയുടെ അർത്ഥം ഭക്ഷണം നിറച്ച ഒരു തളിക ആകാശത്തുനിന്ന് അത്ഭുതകരമായ രീതിയിൽ ഇറങ്ങിവരണം എന്നതല്ല. അവർ ആവശ്യപ്പെട്ടത് ഒരു നേരത്തെ ഭക്ഷണവുമല്ല. അവരിൽ ആദ്യമുള്ളവർക്കും അവസാനമുള്ളവർക്കും നീണ്ടു നിൽക്കുന്ന രീതിയിൽ സുഭിക്ഷമായുള്ള ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ ദൈവിക സഹായത്താൽ ഉണ്ടായിത്തീരുവാനുള്ള അവരുടെ ആഗ്രഹ പ്രകടനമായിരുന്നു അത്.

ഈ പ്രാർത്ഥനയുടെ ഫലമായി കോൺസ്റ്റെന്റെ കാലത്തും അതായത് മൂന്നാം നൂറ്റാണ്ടിലും അതു പോലെ അവസാനമായി 19ാം നൂറ്റാണ്ടിലും 20ാം നൂറ്റാണ്ടിലും ക്രൈസ്തീയസമൂഹങ്ങൾ ഭൗതികമായി തുല്യതയില്ലാത്ത രീതിയിൽ സുഭിക്ഷമായിരിക്കുകയാണ്.

ഇവിടെ പറയുന്ന ഭക്ഷണതളിക രണ്ടു രീതിയിലും എടുക്കാവുന്നതാണ്. ആത്മീയമായും ഭൗതീകമായും. ആത്മീയമായ ഭക്ഷണത്തളിക യഥാർത്ഥത്തിൽ ദൈവമാർഗത്തിൽ അനുഭവിക്കുന്ന പീഡനങ്ങളണ്. അതുവഴി ആത്മാവിന് ഔന്നത്യം ലഭ്യമായിത്തീരുന്നു. ഈ അർത്ഥത്തിലെടുക്കുമ്പോൾ ആദ്യകാല മസീഹിന്റെ അനുയായികൾക്കും അവസാന കാലത്ത് ആഗതനായ മഹ്ദീമസീഹിന്റെ അനുയായികൾക്കും അത്തരത്തിലുള്ള ഭക്ഷണതളികകൾ ലഭ്യമായി. ആദ്യകാല മസീഹിന്റെ അനുയായികളെ അവിശ്വാസികൾ വിശന്നുവലഞ്ഞ സിംഹങ്ങളുടെ മുന്നിലേക്ക് എറിഞ്ഞു കൊടുത്തുകൊണ്ട് അവരെ കീറിമുറിക്കുന്നത് കണ്ടു രസിച്ചു. രണ്ടാമത്തെ മസീഹിന്റെ അനുയായികളെയും സിംഹങ്ങളേക്കാൾ ക്രൂരരായ മനുഷ്യമൃഗങ്ങളുടെ മുന്നിലേക്ക് എറിഞ്ഞുകൊടുക്കയും അങ്ങനെ ആ മനുഷ്യ മൃഗങ്ങൾ അവരെ കുത്തിക്കീറുന്നത് കണ്ടു രസിക്കുകയും ചെയ്തു. അങ്ങനെ രണ്ടു വിഭാഗങ്ങളും അല്ലാഹുവിന്റെ യഥാർത്ഥത്തിലുള്ള ആത്മീയഭക്ഷണം കരസ്ഥമാക്കി.

ഭൗതിക സമ്പന്നതയുടെ വിവക്ഷയിലെടുക്കുമ്പോൾ, അല്ലാഹുവിൽ നിന്ന് സുഭിക്ഷത വന്നു കിട്ടിയ ശേഷം കൃതഘ്നത കാട്ടുന്നവരായി അനുയായികൾ മാറിപ്പോകരുത്. അങ്ങനെ നന്ദികേടു കാട്ടുന്നവർക്ക് ഈ ലോകത്ത് ഒരിക്കലും വന്നു ഭവിച്ചിട്ടില്ലാത്ത ശിക്ഷ ലഭിക്കുന്നതാണ്. ഈ മുന്നറിയിപ്പ് ഈ കാലഘട്ടത്തിലെ പാശ്ചാത്യ ക്രൈസ്തീയ ജനതയ്ക്കുള്ളതാണ്. അവർ അതി ഭയങ്കരമായ ദൈവിക ശിക്ഷയിലൂടെ (മൂന്നാം ലോക മഹായുദ്ധത്തിലൂടെ) നശിക്കപ്പെടുമെന്ന് സാരം.

17- ആദം ദമ്പതിമാരുടെ പാശ്ചാത്താപവും പ്രാർത്ഥനയും

قَالَا رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٢٣﴾

7:24- അവർ ഇരുവരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടു തന്നെ തെറ്റു ചെയ്തുപോയിരിക്കുന്നു. നീ ഞങ്ങൾക്കു പൊറുത്തു തരികയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ നിശ്ചയമായും ഞങ്ങൾ നഷ്ടപ്പെട്ടവരുടെ കൂടെ ആയിത്തീരും.

قَالَ ٱهْبِطُوا۟ بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ وَلَكُمْ فِى ٱلْأَرْضِ مُسْتَقَرٌّ وَمَتَٰعٌ إِلَىٰ حِينٍ ﴿٢٤﴾

7:25- (അല്ലാഹു) പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോകുവിൻ. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളായിരിക്കും. ഭൂമിയിൽ നിങ്ങൾക്ക് വാസ സ്ഥലവും ഒരു കാലയളവുവരെ ജീവിത സൗകര്യവുമുണ്ട്.

قَالَ فِيهَا تَحْيَوْنَ وَفِيهَا تَمُوتُونَ وَمِنْهَا تُخْرَجُونَ ﴿٢٥﴾

7:26- (അല്ലാഹു) പറഞ്ഞു: അതിൽ തന്നെ നിങ്ങൾ ജീവിക്കുകയും അതിൽ തന്നെ നിങ്ങൾ മരിക്കുകയും അവിടെ നിന്നുതന്നെ നിങ്ങൾ പുറപ്പെടുവിക്കപ്പെടുകയും ചെയ്യും.

ഭൂമിയിൽ ആദം ദമ്പതിമാർ വസിച്ച സ്വർഗ തുല്യമായ നഗരത്തിൽ വെച്ചു തിന്മ ചെയ്തു പോയപ്പോൾ അവർ ചെയ്ത പ്രാർത്ഥനയാണിത്. ചെയ്തു പോയ തെറ്റ് അവർ മനസ്സിലാക്കുകയും അല്ലാഹുവിനോടു പാപ മോചനത്തിനു വേണ്ടി അപേക്ഷിക്കുകയും ചെയ്തു. അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനായതു കൊണ്ടു അവരുടെ അഭ്യർത്ഥന സ്വീകരിക്കുകയും അവരുടെ തെറ്റുകൾ അല്ലാഹു പൊറുത്തുകൊടുക്കുകയും ചെയ്തു. (2:38). ആദ്യ പിതാവായ ആദം പാപം ചെയ്തു കൊണ്ടു പിന്നീടുവന്ന തലമുറകളെല്ലാം പാപിയായിത്തീർന്നു എന്ന ക്രൈസ്തീയ വിശ്വാസത്തെ ഈ സൂക്തം ഖണ്ഡിക്കുന്നു.

മനുഷ്യന്റെ ജീവിതവും മരണവും മരണാന്തരജീവിതവും, അവന്റെ സ്വർഗവും അവന്റെ നരകവും എല്ലാം തന്നെ ഈ ഭൂമിയിൽ തന്നെയാണ് കൂടികൊള്ളുന്നതെന്ന് 25ാം വാക്യം വ്യക്തമാക്കുന്നു.

18–ഷുഐബ് നബി (അ)ന്റെ അനുയായികളുടെ പ്രാർത്ഥന

قَالَ ٱلْمَلَأُ ٱلَّذِينَ ٱسْتَكْبَرُوا۟ مِن قَوْمِهِۦ لَنُخْرِجَنَّكَ يَٰشُعَيْبُ وَٱلَّذِينَ

ءَامَنُوا۟ مَعَكَ مِن قَرْيَتِنَآ أَوْ لَتَعُودُنَّ فِى مِلَّتِنَا ۚ قَالَ أَوَلَوْ كُنَّا كَٰرِهِينَ ﴿٨٨﴾

7:89– അദ്ദേഹത്തിന്റെ ജനതയിലെ അഹംഭാവികളായിരുന്ന പ്രമാണിമാർ പറഞ്ഞു: ഹേ ഷുഐബ്, നിന്നെയും നിന്റെ കൂടെ വിശ്വാസിച്ചവരെയും ഞങ്ങളുടെ നാട്ടിൽ നിന്ന് ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ ഞങ്ങളുടെ മതത്തിൽ തീർച്ചയായും നിങ്ങൾ തിരിച്ചു വരണം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ അതിനെ വെറുക്കുന്നവരാണെങ്കിൽപോലും (തിരിച്ചുവരണമെന്നോ?).

قَدِ ٱفْتَرَيْنَا عَلَى ٱللَّهِ كَذِبًا إِنْ عُدْنَا فِى مِلَّتِكُم بَعْدَ إِذْ نَجَّىٰنَا ٱللَّهُ مِنْهَا ۚ وَمَا

يَكُونُ لَنَآ أَن نَّعُودَ فِيهَآ إِلَّآ أَن يَشَآءَ ٱللَّهُ رَبُّنَا ۚ وَسِعَ رَبُّنَا كُلَّ شَىْءٍ عِلْمًا ۚ

عَلَى ٱللَّهِ تَوَكَّلْنَا ۚ رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِٱلْحَقِّ وَأَنتَ خَيْرُ ٱلْفَٰتِحِينَ ﴿٨٩﴾

7:90– അല്ലാഹു ഞങ്ങളെ നിങ്ങളുടെ മതത്തിൽനിന്ന് രക്ഷപ്പെടുത്തിയ ശേഷം അതിൽ ഞങ്ങൾ തിരിച്ചുവരികയാണെങ്കിൽ, തീർച്ചയായും അല്ലാഹുവിന്റെ പേരിൽ ഞങ്ങൾ അസത്യം കെട്ടിച്ചമയ്ക്കുകയാവും ചെയ്യുന്നത്. ഞങ്ങളുടെ രക്ഷിതാവായ അല്ലാഹു നിശ്ചയിക്കുന്നുവെങ്കിലല്ലാതെ അതിലേക്ക് തിരിച്ചു പോകുവാൻ ഞങ്ങൾക്ക് സാധിക്കുന്നതല്ല. ഞങ്ങളുടെ രക്ഷിതാവിന്റെ അറിവ് എല്ലാ വസ്തുക്കളിലും വ്യാപിച്ചു നിൽക്കുന്നു. അല്ലാഹുവിൽ ഞങ്ങൾ ഭരമേല്പിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളുടെയും ഞങ്ങളുടെ ജനതയുടെയും മദ്ധേ നീ സത്യത്തോടെ വിധി കല്പിക്കേണമേ. വിധികർത്താക്കളിൽ നീയാണ് ഏറ്റവും ഉത്തമൻ.

وَقَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ لَئِنِ ٱتَّبَعْتُمْ شُعَيْبًا إِنَّكُمْ إِذًا لَّخَٰسِرُونَ ﴿٩٠﴾

7:91– അദ്ദേഹത്തിന്റെ ജനതയിലെ അവിശ്വാസികളായ പ്രമാണിമാർ പറഞ്ഞു: നിങ്ങൾ ഷുഐബിനെ പിൻപറ്റുകയാണെങ്കിൽ തീർച്ചയായും നിങ്ങൾക്കു തന്നെയായിരിക്കും നഷ്ടം സംഭവിക്കുന്നത്.

فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟ فِى دَارِهِمْ جَٰثِمِينَ ﴿٩١﴾

7:92– അപ്പോൾ ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ പ്രഭാതമായപ്പോ

ൾ അവരുടെ വീടുകളിൽ അവർ കമിഴ്ന്നുവീണു കിടക്കുകയായിരുന്നു.

ٱلَّذِينَ كَذَّبُواْ شُعَيۡبٗا كَأَن لَّمۡ يَغۡنَوۡاْ فِيهَاۚ ٱلَّذِينَ كَذَّبُواْ شُعَيۡبٗا كَانُواْ هُمُ ٱلۡخَٰسِرِينَ ٩٢

7:93– ശുഐബിനെ നിഷേധിച്ചവരുടെ അവസ്ഥ അവരവിടെ താമസിച്ചിരുന്നതേയില്ല എന്നതു പോലെയായി. ഷുഐബിനെ നിഷേധിച്ചവർ തന്നെയായിരുന്നു നഷ്ടം സംഭവിച്ചവർ.

അതാതു കാലഘട്ടത്തിലെ സത്യവിശ്വാസികൾക്കെതിരായി ഭൂരിപക്ഷം വരുന്ന അവിശ്വാസികൾ കാട്ടിക്കൂട്ടിയ ക്രൂരതകൾക്ക് ഒരുദാഹരണമാണ് ഷുഐബ് നബി (അ) ന്റെയും അനുയായികളുടെയും ഈ പ്രാർത്ഥന. ഒരാൾ ഇഷ്ടപ്പെടാത്ത മതവിശ്വാസത്തിൽ ബലാൽക്കാരമായി അയാളെ പിടിച്ചുനിർത്തുകയെന്നത് അവിശ്വാസികളുടെ സ്വഭാവമായി വിശുദ്ധ ഖുർആനിൽ എടുത്തു പറയുന്നു.

അങ്ങനെ യാതൊരു ഗത്യന്തരവുമില്ലാത്തൊരു അവസ്ഥ സംജാതമായപ്പോൾ ദൈവിക വിധിതീർപ്പിനുവേണ്ടി അവർ പ്രാർത്ഥിച്ചു. ദൈവം അവിശ്വാസികളെ നശിപ്പിക്കാനുള്ള ശിക്ഷയിറക്കി. ഭൂകമ്പം.

അവിശ്വാസികൾ നാശമടയാനുള്ള ശക്തി വിശ്വാസികളുടെ പ്രാർത്ഥനയ്ക്കുണ്ടെന്ന് ഈ സംഭവം തെളിയിക്കുന്നു. പൊതുവെ ബലഹീനരും അശക്തരുമായ വിശ്വാസികളല്ല, ഭൂരിപക്ഷം വരുന്ന അവിശ്വാസികളാണ് യഥാർത്ഥത്തിൽ എല്ലാം നഷ്ടമായവർ എന്ന് നമുക്കീ സംഭവം വ്യക്തമാക്കിതരുന്നു.

19– മൂസാനബി (അ) ന്റെ അനുയായികളുടെ പ്രാർത്ഥന – 1

قَالَ فِرۡعَوۡنُ ءَامَنتُم بِهِۦ قَبۡلَ أَنۡ ءَاذَنَ لَكُمۡۖ إِنَّ هَٰذَا لَمَكۡرٞ

مَّكَرۡتُمُوهُ فِي ٱلۡمَدِينَةِ لِتُخۡرِجُواْ مِنۡهَآ أَهۡلَهَاۖ فَسَوۡفَ تَعۡلَمُونَ ١٢٣

7:124– ഫിർഔൻ പറഞ്ഞു: നിങ്ങൾക്ക് ഞാൻ അനുമതി തരുന്നതിനു മുമ്പ് അവനിൽ നിങ്ങൾ വിശ്വസിക്കുകയോ? തീർച്ചയായും ഈ പട്ടണത്തിൽനിന്ന് അതിലെ ആളുകളെ പുറത്താക്കുവാൻ വേണ്ടി നിങ്ങൾ ആസൂത്രണം ചെയ്ത ഒരു ഗൂഢാലോചന തന്നെയാണിത്. എന്നാൽ വേഗം തന്നെ നിങ്ങൾ അറിഞ്ഞുകൊള്ളും.

لَأُقَطِّعَنَّ أَيۡدِيَكُمۡ وَأَرۡجُلَكُم مِّنۡ خِلَٰفٖ ثُمَّ لَأُصَلِّبَنَّكُمۡ أَجۡمَعِينَ ١٢٤

7:125– നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും എതിർ വശങ്ങളിൽ നിന്ന് ഞാൻ മുറിച്ചു കളയും. പിന്നെ നിങ്ങൾ എല്ലാവരെയും ഞാൻ ക്രൂശിക്കുകയും ചെയ്യും.

قَالُوٓاْ إِنَّآ إِلَىٰ رَبِّنَا مُنقَلِبُونَ ۝

7:126– അവർ പറഞ്ഞു: തീർച്ചയായും ഞങ്ങളുടെ രക്ഷിതാവിലേക്ക് തിരിച്ചുചെല്ലുന്നവരാണ് ഞങ്ങൾ.

وَمَا تَنقِمُ مِنَّآ إِلَّآ أَنْ ءَامَنَّا بِـَٔايَـٰتِ رَبِّنَا لَمَّا جَآءَتْنَا ۚ

رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ ۝

7:127– ഞങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ ഞങ്ങളൾക്ക് വന്നു കിട്ടിയപ്പോൾ ഞങ്ങൾ അതിൽ വിശ്വസിച്ചുവെന്നതിനാണല്ലോ നീ ഞങ്ങളോടു പകരം വീട്ടുന്നത്. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ മേൽ നീ ക്ഷമ ചൊരിഞ്ഞുതരികയും അനുസരണം കൈകൊണ്ടവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ.

വിശ്വാസികൾക്കെതിരെ അവിശ്വാസികൾ ചെയ്ത ക്രൂരതകൾക്കുള്ള മ റ്റൊരുദാഹരണം. സ്വയം സത്യമായി തോന്നിയ വിശ്വാസം സ്വീകരിക്ക ണമെങ്കിൽ ഫിർഔന്റെ സമ്മതം വേണമായിരുന്നു. ഫറോവയുടെ ഹി തത്തിനെതിരായി സത്യവിശ്വാസം സ്വീകരിച്ചവർക്കുള്ള ശിക്ഷാവിധികൾ കാണുക! കൈകളും കാലുകളും എതിർ ദിശകളിൽ നിന്ന് വെട്ടിമാറ്റുമെ ന്ന ഭീഷണിക്കു മുമ്പിൽ സത്യവിശ്വാസികൾ കുലുങ്ങിയില്ല. അവർ സ ഹനശക്തിക്കും ദൈവാനുസാരികളായി മരിക്കുവാനും വേണ്ടി പ്രാർത്ഥി ച്ചു കൊണ്ട് അവരുടെ മോക്ഷം നേടിയെടുത്തു.

20– മൂസാനബിയുടെ (അ) പ്രാർത്ഥന – 2

وَلَمَّا رَجَعَ مُوسَىٰٓ إِلَىٰ قَوْمِهِۦ غَضْبَـٰنَ أَسِفًا قَالَ بِئْسَمَا خَلَفْتُمُونِى مِنۢ بَعْدِىٓ ۖ أَعَجِلْتُمْ أَمْرَ

رَبِّكُمْ ۖ وَأَلْقَى ٱلْأَلْوَاحَ وَأَخَذَ بِرَأْسِ أَخِيهِ يَجُرُّهُۥٓ إِلَيْهِ ۚ قَالَ ٱبْنَ أُمَّ إِنَّ ٱلْقَوْمَ ٱسْتَضْعَفُونِى

وَكَادُواْ يَقْتُلُونَنِى فَلَا تُشْمِتْ بِىَ ٱلْأَعْدَآءَ وَلَا تَجْعَلْنِى مَعَ ٱلْقَوْمِ ٱلظَّـٰلِمِينَ ۝

7:151– മൂസാ കുപിതനും ദു:ഖിതനുമായിക്കൊണ്ട് തന്റെ ജനങ്ങളുടെ അടുക്കൽ മടങ്ങിവന്നുകൊണ്ട് പറഞ്ഞു: ഞാൻ പോയിരുന്ന ശേഷം നി ങ്ങൾ ചെയ്ത കാര്യം വളരെ മോശമായതു തന്നെ. നിങ്ങളുടെ നാഥ ന്റെ വിധിതീർപ്പ് ത്വരിതപ്പെടുത്തുകയാണോ നിങ്ങൾ? അദ്ദേഹം പലക കൾ താഴെയിട്ടു. തന്റെ സഹോദരന്റെ തല പിടിച്ചു തന്റെ അടു ത്തേക്ക് വലിക്കുകയും ചെയ്തു. (ഹാറൂൻ) പറഞ്ഞു: എന്റെ മാതാവി ന്റെ മകനേ, തീർച്ചയായും ജനങ്ങൾ എന്നെ നിസ്സാരനായി കരുതി. അ

വർ എന്നെ കൊല്ലുകയും ചെയ്തേനെ. അതുകൊണ്ട് നീ ശത്രുക്കൾക്ക് സന്തോഷത്തിന് ഇടവരുത്തരുത്. തെറ്റു ചെയ്യുന്ന ജനങ്ങളുടെ കൂട്ടത്തിൽ നീ എന്നെ കണക്കാക്കുകയും അരുത്.

قَالَ رَبِّ ٱغۡفِرۡ لِي وَلِأَخِي وَأَدۡخِلۡنَا فِي رَحۡمَتِكَۖ وَأَنتَ أَرۡحَمُ ٱلرَّٰحِمِينَ ۝

7:152- (മൂസാ) പ്രാർത്ഥിച്ചു: എന്റെ രക്ഷിതാവേ! എനിക്കും എന്റെ സഹോദരനും നീ പൊറുത്തു തരേണമേ. നിന്റെ കാരുണ്യത്തിൽ ഞങ്ങളെ നീ ഉൾപ്പെടുത്തേണമേ. നീ കരുണ ചെയ്യുന്നവരിൽ വെച്ച് ഏറ്റവും കൂടുതൽ കരുണ ചെയ്യുന്നവനാണല്ലോ.

إِنَّ ٱلَّذِينَ ٱتَّخَذُواْ ٱلۡعِجۡلَ سَيَنَالُهُمۡ غَضَبٞ مِّن رَّبِّهِمۡ

وَذِلَّةٞ فِي ٱلۡحَيَوٰةِ ٱلدُّنۡيَاۚ وَكَذَٰلِكَ نَجۡزِي ٱلۡمُفۡتَرِينَ ۝

7:153- കാളക്കുട്ടിയെ (ദൈവമായി) എടുത്തവർക്ക് തീർച്ചയായും അവരുടെ നാഥനിൽ നിന്നുള്ള കോപവും ഐഹികജീവിതത്തിൽ അപമാനവും വന്നു ഭവിക്കുന്നതാണ്. ഇപ്രകാരം കള്ളം കെട്ടിച്ചമയ്ക്കുന്നവർക്ക് നാം പ്രതിഫലം നൽകുന്നു.

മൃഗങ്ങളെയും രൂപങ്ങളെയും ദൈവതുല്യമായി ആരാധിക്കുന്നവർക്കുള്ള ശിക്ഷ ഇവിടെ വെളിപ്പെടുത്തിയിരിക്കുകയാണ്. ബൗദ്ധിപരമായി കാര്യങ്ങൾ വിശകലനം ചെയ്യാതെ വെറും വികാരത്തിനടിമപ്പെട്ടു കൊണ്ടുള്ള ആരാധനാരീതികൾ സ്വയം തിരുത്തിക്കൊണ്ടു അവിവേകത്തിൽ നിന്നും മോചനം നേടിയെടുക്കുക എന്നത് മനുഷ്യൻ സ്വയം തന്നെ അവന്റെ ബുദ്ധിശക്തി ഉപയോഗിച്ചു ചെയ്യേണ്ട കാര്യമാണ്.

21- മൂസാനബിയുടെ (അ) വേറൊരു പ്രാർത്ഥന-3

وَٱخۡتَارَ مُوسَىٰ قَوۡمَهُۥ سَبۡعِينَ رَجُلٗا لِّمِيقَٰتِنَاۖ فَلَمَّآ أَخَذَتۡهُمُ ٱلرَّجۡفَةُ قَالَ رَبِّ لَوۡ شِئۡتَ

أَهۡلَكۡتَهُم مِّن قَبۡلُ وَإِيَّيَۖ أَتُهۡلِكُنَا بِمَا فَعَلَ ٱلسُّفَهَآءُ مِنَّآۖ إِنۡ هِيَ إِلَّا فِتۡنَتُكَ تُضِلُّ بِهَا

مَن تَشَآءُ وَتَهۡدِي مَن تَشَآءُۖ أَنتَ وَلِيُّنَا فَٱغۡفِرۡ لَنَا وَٱرۡحَمۡنَاۖ وَأَنتَ خَيۡرُ ٱلۡغَٰفِرِينَ ۝

7:156- നമ്മുടെ നിശ്ചിത സ്ഥാനത്തേക്കു മൂസാ തന്റെ ജനതയിൽ നിന്ന് എഴുപതു ആളുകളെ തിരഞ്ഞെടുത്തു. എന്നിട്ട് ഭയങ്കരമായ ഭൂചലനം അവരെ പിടികൂടിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ നിശ്ചയിച്ചിരുന്നുവെങ്കിൽ മുമ്പുതന്നെ അവരെയും എന്നെയും നിനക്ക് നശിപ്പിക്കാമായിരുന്നു. ഞങ്ങളിലുള്ള മൂഢന്മാർ പ്രവർത്തിച്ചതി

ന്റെ ഫലമായി നീ ഞങ്ങളെ നശിപ്പിക്കുകയോ? ഇത് നിന്റെ പരീക്ഷ ണമല്ലാതെ മറെറാന്നുമല്ല. അതു മൂലം നീ നിശ്ചയിക്കുന്നവരെ ദുർമാർ ഗത്തിലാക്കുകയും നീ നിശ്ചയിക്കുന്നവരെ നേർവഴിയിലാക്കുകയും ചെ യ്യുന്നു. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് നീ ഞങ്ങൾ ക്ക് പൊറുത്തു തരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേ ണമേ. നീ പൊറുത്തുകൊടുക്കുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു.

وَٱكْتُبْ لَنَا فِى هَٰذِهِ ٱلدُّنْيَا حَسَنَةً وَفِى ٱلْـَٔاخِرَةِ إِنَّا هُدْنَآ إِلَيْكَ ۚ قَالَ عَذَابِىٓ
أُصِيبُ بِهِۦ مَنْ أَشَآءُ ۖ وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ ۚ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ
وَيُؤْتُونَ ٱلزَّكَوٰةَ وَٱلَّذِينَ هُم بِـَٔايَـٰتِنَا يُؤْمِنُونَ ۝

7:157– ഈ ലോകത്തും പരലോത്തും നീ ഞങ്ങൾക്ക് നല്ലത് വിധി ക്കേണമേ. തീർച്ചയായും ഞങ്ങൾ നിന്നിലേക്ക് മടങ്ങുന്നു. അവൻ പറ ഞ്ഞു: ഞാൻ നിശ്ചയിക്കുന്നവരെ ഞാൻ ശിക്ഷിക്കുന്നു. എന്റെ കാരു ണ്യം എല്ലാവസ്തുക്കളിലും വ്യാപിച്ചു നിൽക്കുന്നു. എന്നാൽ സൂക്ഷ്മത പാലിക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്യുന്നവർക്കായി നാമത് പ്രത്യേകമായ നിലയിൽ നൽകുന്നതാണ്. അവർ നമ്മുടെ ദൃഷ്ടാന്തങ്ങ ളിൽ വിശ്വസിക്കുന്നവരുമാണ്.

കാളക്കുട്ടിയെ ആരാധിച്ചതിനു ശേഷം സംഭവിച്ച ഭൂകമ്പമായതുകൊണ്ട് സ്വാഭാവികമായും അത് ദൈവിക ശിക്ഷയാണെന്ന് കരുതി മൂസാ നബി (അ) ഭയപ്പെട്ടു പോയിരിക്കണം. ദൈവം കാരുണ്യവാനാണ്. ആ കാരു ണ്യം എല്ലാവരിലേക്കും ദൈവം വ്യാപിച്ചിരിക്കുന്നു. എന്നാൽ അത് എ ല്ലാവരും ഒരുപോലെയല്ല കരസ്ഥമാക്കുന്നത്. ഓരോരുത്തരുടെയും സൂ ക്ഷ്മതയനുസരിച്ചും സൽക്കർമ്മമനുസരിച്ചും അത് വേറിട്ടു നിൽക്കുന്നു.

22– സ്വർഗവാസികളുടെ പ്രാർത്ഥന

إِنَّ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا وَرَضُوا۟ بِٱلْحَيَوٰةِ ٱلدُّنْيَا وَٱطْمَأَنُّوا۟ بِهَا وَٱلَّذِينَ هُمْ عَنْ ءَايَـٰتِنَا
غَـٰفِلُونَ ۝ أُو۟لَـٰٓئِكَ مَأْوَىٰهُمُ ٱلنَّارُ بِمَا كَانُوا۟ يَكْسِبُونَ ۝

10:8–9 നാമുമായുള്ള കൂടികാഴ്ചയെ പ്രത്യാശിക്കാതിരിക്കുകയും ഇഹ ലോക ജീവിതം കൊണ്ടു തൃപ്തിയടയുകയും അതിൽ നിർവൃതി കൊ ള്ളുകയും നമ്മുടെ സന്ദേശങ്ങളെക്കുറിച്ച് അശ്രദ്ധരായി കഴിയുകയും ചെയ്യുന്നവരുടെ അഭയസ്ഥാനം അവർ സമ്പാദിച്ച തിന്മകൾ കാരണം നരകമായിരിക്കുന്നതാണ്.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ يَهۡدِيهِمۡ رَبُّهُم بِإِيمَٰنِهِمۡۖ
تَجۡرِي مِن تَحۡتِهِمُ ٱلۡأَنۡهَٰرُ فِي جَنَّٰتِ ٱلنَّعِيمِ ۝

10:10 – വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ അവരുടെ വിശ്വാസത്തിന്റെ ഫലമായി അവരുടെ നാഥൻ നേർവഴിയിലാക്കുന്നതാണ്. അനുഗ്രഹങ്ങൾ നിറഞ്ഞ സ്വർഗത്തിൽ അവരുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നതാണ്.

دَعۡوَىٰهُمۡ فِيهَا سُبۡحَٰنَكَ ٱللَّهُمَّ وَتَحِيَّتُهُمۡ فِيهَا سَلَٰمٞۚ
وَءَاخِرُ دَعۡوَىٰهُمۡ أَنِ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ۝

10:11– അല്ലാഹുവേ, നിനക്ക് സ്തോത്രം എന്നതായിരിക്കും അതിൽ അവരുടെ പ്രാർത്ഥന. സമാധാനം എന്നതായിരിക്കും അതിൽ അവരുടെ അഭിവാദനം. സർവ്വലോക സംരക്ഷകനായ അല്ലാഹുവിന് സ്തുതി എന്നതായിരിക്കും അവരുടെ പ്രാർത്ഥനയുടെ അവസാനഭാഗം.

ലൗകികകാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തുന്നവർക്ക് ദൈവത്തെ ഓർക്കാൻ സമയം കിട്ടാതെ പോകുന്നു. ഒരു ഇടവേളയ്ക്ക് ശേഷം വേർപിരിഞ്ഞു പോകേണ്ട ഈ ലോകത്തിനു വേണ്ടി ജീവിതമെല്ലാം വെറുതെ ചിലവഴിക്കുന്നതിന്റെ നിരർത്ഥകത കൂടുതൽ വിചിന്തനം ചെയ്യാതെ തന്നെ നമുക്ക് മനസ്സിലാക്കിയെടുക്കുവാൻ സാധിക്കുന്നതാണ്. അതിനു തുനിയാതെ ഈ ലോകത്തിനുവേണ്ടി സ്വയം മറക്കുന്നവർ നരകത്തിൽ ചെന്നു പതിക്കുന്നു. അത് അവർ ചെയ്ത പ്രവൃത്തികൾ കാരണമാണെന്ന് അല്ലാഹു വിശദമാക്കുകയും ചെയ്തിരിക്കുന്നു.

നല്ലകർമ്മങ്ങൾ പ്രവർത്തിക്കുന്നവർ അവർ ആരായിരുന്നാലും അല്ലാഹു അവരെ നേർമാർഗത്തിലേക്കും തുടർന്ന് സ്വർഗത്തിലേക്കും വഴി കാണിക്കുന്നതാണ്. നല്ല കർമ്മങ്ങൾ എന്താണെന്ന് തീരുമാനിക്കുന്നവൻ അല്ലാഹു ആകുന്നു. മനുഷ്യരുടെ മുമ്പിൽ ഒരു കർമ്മം എത്രതന്നെ മഹത്വമുള്ളതായി അനുഭവപ്പെട്ടാലും അതിന്റെ യഥാർത്ഥ മഹത്വം അറിയുന്നവൻ അവസാനം ദൈവം തന്നെയാകുന്നു.

23– മൂസാനബി (അ) യുടെ അനുയായികളുടെ പ്രാർത്ഥന–4

وَقَالَ مُوسَىٰ يَٰقَوۡمِ إِن كُنتُمۡ ءَامَنتُم بِٱللَّهِ فَعَلَيۡهِ تَوَكَّلُوٓاْ إِن كُنتُم مُّسۡلِمِينَ ۝

10:85– മൂസാ പറഞ്ഞു: എന്റെ ജനങ്ങളെ, നിങ്ങൾ അല്ലാഹുവിൽ

വിശ്വസിക്കുന്നുവെങ്കിൽ അവനെ നിങ്ങൾ ഭരമേല്പിക്കുവിൻ. നിങ്ങൾ അവനെ അനുസരിക്കുന്നവരാണെങ്കിൽ.

فَقَالُواْ عَلَى ٱللَّهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ ٱلظَّٰلِمِينَ ۝

10:86– അപ്പോൾ അവർ പറഞ്ഞു: അല്ലാഹുവിൽ ഞങ്ങൾ ഭരമേല്പിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ഈ ജനതയുടെ മർദ്ദനത്തിന് ഇരയാക്കരുതേ!

وَنَجِّنَا بِرَحْمَتِكَ مِنَ ٱلْقَوْمِ ٱلْكَٰفِرِينَ ۝

10:87– നീ ഞങ്ങളെ നിന്റെ കാരുണ്യം കൊണ്ട് അവിശ്വാസികളായ ഈ ജനതയിൽ നിന്ന് രക്ഷപ്പെടുത്തേണമേ.

അല്ലാഹുവിൽ ഭരമേല്പിക്കുക എന്നവാക്കിന് പല അർത്ഥങ്ങളുമുണ്ട്. നമ്മുടെ എല്ലാ പ്രയാസങ്ങളും അല്ലാഹുവിന് വിട്ടു കൊടുത്തു കൊണ്ട് നമ്മുടെ മനസ്സ് സ്വസ്ഥമാക്കിവെക്കുക, അല്ലാഹു അനുവാദിക്കാത്ത കാലത്തോളം മറ്റുള്ളവർക്ക് നമ്മെ ഉപദ്രവിക്കാനോ പീഡിപ്പിക്കാനോ സാധിക്കുകയില്ല എന്ന് മനസ്സിലാക്കിക്കൊണ്ട് ഭയരഹിതമായി ജീവിക്കുക, നമ്മുടെ ആശകളെ അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ അഭീഷ്ടങ്ങളെ നമ്മുടെ അഭീഷ്ടങ്ങളാക്കി മാറ്റിയെടുക്കുക മുതലായവ അതിൽപ്പെടുന്നു. എല്ലാ ആപത്തുകളിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും അല്ലാഹു നമ്മെ കരകയറ്റുന്നതാണെന്ന് വിശ്വസിക്കുക. അവനാണ് നമ്മുടെ സംരക്ഷകനെന്ന് വിശ്വസിക്കുക. എല്ലാം തന്നെ അല്ലാഹുവിൽ ഭരമേല്പിക്കുന്നവർക്ക് മാത്രമെ മനസ്സിനെ മനോദു:ഖങ്ങളിൽ നിന്നും വ്യാകുലതകളിൽ നിന്നും മോചിപ്പിച്ചുകൊണ്ട് മനസ്സ:മാധാനം നേടിയെടുക്കുവാൻ സാധിക്കുകയുള്ളു.

24– യുസഫ് നബി (അ)ന്റെ പ്രാർത്ഥന

وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّواْ لَهُۥ سُجَّدًا ۖ وَقَالَ يَٰٓأَبَتِ هَٰذَا تَأْوِيلُ رُءْيَىَ مِن قَبْلُ قَدْ جَعَلَهَا رَبِّى حَقًّا ۖ وَقَدْ أَحْسَنَ بِىٓ إِذْ أَخْرَجَنِى مِنَ ٱلسِّجْنِ وَجَآءَ بِكُم مِّنَ ٱلْبَدْوِ مِنۢ بَعْدِ أَن نَّزَغَ ٱلشَّيْطَٰنُ بَيْنِى وَبَيْنَ إِخْوَتِىٓ ۚ إِنَّ رَبِّى لَطِيفٌ لِّمَا يَشَآءُ ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ ۝

12:101– അദ്ദേഹം തന്റെ മാതാപിതാക്കളെ രാജപീഠത്തിന്മേൽ കയറിയിരുത്തി. അവനു (അല്ലാഹുവിനു) വേണ്ടി അവർ സുജൂദ് ചെയ്തു. അദ്ദേഹം പറഞ്ഞു: എന്റെ പിതാവേ, ഞാൻ മുമ്പു കണ്ട എന്റെ സ്വപ്നത്തിന്റെ സാഫല്യമാണിത്. എന്റെ രക്ഷിതാവ് അത് യാഥാർത്ഥ്യമാക്കി കാണിച്ചിരിക്കുന്നു. എന്നെ ജയിലിൽ നിന്ന് പുറത്തു കൊണ്ടു

വന്നപ്പോഴും എനിക്ക് അവൻ അനുഗ്രഹം ചെയ്തു. എന്നെയും എന്റെ സഹോദരന്മാരെയും പിശാച് ഭിന്നിപ്പിച്ചു നിർത്തിയതിനു ശേഷം മരുഭൂമിയിൽ നിന്നും നിങ്ങളെ അവൻ (അല്ലാഹു) കൊണ്ടു വന്നപ്പോഴും (എനിക്ക് അവൻ അനുഗ്രഹം ചെയ്തു). തീർച്ചയായും താൻ നിശ്ചയിക്കുന്നവർക്ക് കൃപ ചെയ്യുന്നവനാകുന്നു എന്റെ നാഥൻ. തീർച്ചയായും അവൻ അറിവുറ്റവനും പരമതന്ത്രജ്ഞാനുമാകുന്നു.

رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ ٱلْأَحَادِيثِ ۚ فَاطِرَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ

أَنتَ وَلِيِّۦ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ ۖ تَوَفَّنِى مُسْلِمًا وَأَلْحِقْنِى بِٱلصَّـٰلِحِينَ ﴿١٠١﴾

12:102– എന്റെ രക്ഷിതാവേ തീർച്ചയായും നീ എനിക്ക് ആധിപത്യം നൽകിയിരിക്കുന്നു. സ്വപ്നങ്ങളുടെ ആന്തരാർത്ഥം നീ എന്നെ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടാവേ നീയാണ് ഈ ലോകത്തിലും പര ലോകത്തിലും എന്റെ രക്ഷാധികാരി. അനുസരണം കൈകൊണ്ടവനായി നീ എന്നെ മരിപ്പിക്കേണമേ. സജ്ജനങ്ങളുടെ കൂടെ നീ എന്നെ ചേർക്കുകയും ചെയ്യേണമേ.

വിശ്വാസികളുടെ സ്വപ്നങ്ങൾക്ക് ആന്തരാർത്ഥമുണ്ടെന്നും അല്ലാഹുവിന്റെ കാലാവധിയെത്തുമ്പോൾ സ്വപ്നങ്ങൾ പൂർത്തിയാകുന്നതാണെന്നും ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ചില സ്വപ്നങ്ങളുടെ പൂർത്തികരണത്തിനു വേണ്ടി ശതകങ്ങൾ തന്നെയെടുത്തെന്നുവരാം.

പിശാച് ഭിന്നിപ്പിച്ചു എന്നത് കൊണ്ടു അർത്ഥമാക്കുന്നത് അവർ രൂപം കൊടുത്ത പൈശാചിക പ്രക്രിയെയാണ്.

ധാരാളം സ്വപ്നങ്ങൾ ഉണ്ടാവുകയും അത് ജീവിതത്തിൽ പൂർത്തിയാവുകയും ചെയ്യുന്നതു വഴിയാണ് യഥാർത്ഥത്തിൽ സ്വപ്നങ്ങളെ കൂടുതൽ മനസ്സിലാക്കുവാനും അതിന്റെ ആന്തരാർത്ഥം ഗ്രഹിക്കുവാനും സാധിക്കുക.

25– ഇബ്രാഹീം നബി (അ) ന്റെ പ്രാർത്ഥന

وَإِذْ قَالَ إِبْرَٰهِيمُ رَبِّ ٱجْعَلْ هَـٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾

14:36– ഇബ്രാഹീം ഇങ്ങനെ പറഞ്ഞ സന്ദർഭം ശ്രദ്ധേയമാണ്: എന്റെ രക്ഷിതാവേ, ഈ പട്ടണത്തെ (മക്കയെ) നീ സമാധാന നർഭരമാക്കേണമേ. നീ എന്നെയും എന്റെ സന്താനങ്ങളെയും വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ.

رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ ٱلنَّاسِ ۖ فَمَن تَبِعَنِى فَإِنَّهُۥ

مِنِّي وَمَنْ عَصَانِي فَإِنَّكَ غَفُورٌ رَّحِيمٌ ﴿٣٦﴾

14:37- എന്റെ നാഥാ, തീർച്ചയായും അവ മനുഷ്യരിൽ അധികം പേരെയും വഴി പിഴപ്പിച്ചിരിക്കുന്നു. എന്നെ പിന്തുടരുന്നുവൻ നിശ്ചയമായും എന്നിൽ പെട്ടവനാകുന്നു. ആരെങ്കിലും എന്നെ അനുസരിക്കാതിരിക്കുന്നുവെങ്കിൽ തീർച്ചയായും നി പൊറത്തുകൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

رَّبَّنَآ إِنِّيٓ أَسْكَنتُ مِن ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِندَ بَيْتِكَ ٱلْمُحَرَّمِ رَبَّنَا لِيُقِيمُواْ ٱلصَّلَوٰةَ

فَٱجْعَلْ أَفْـِٔدَةً مِّنَ ٱلنَّاسِ تَهْوِيٓ إِلَيْهِمْ وَٱرْزُقْهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَشْكُرُونَ ﴿٣٧﴾

14:38- ഞങ്ങളുടെ നാഥാ! തീർച്ചയായും എന്റെ സന്താനങ്ങളിൽ ചിലരെ കൃഷിയിടമല്ലാത്ത ഒരു താഴ്വരയിൽ പാവനമായ നിന്റെ മന്ദിരത്തിന്നടുത്ത് ഞാൻ പാർപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ അവർ നമസ്കാരം നിലനിർത്തുന്നതിനു വേണ്ടിയാണത്. അതുകൊണ്ടു മനുഷ്യരുടെ ഹൃദയങ്ങളെ അവരിലേക്ക് ആകൃഷ്ടമാക്കുകയും കായ്കനികൾ കൊണ്ട് നീ അവർക്ക് ഭക്ഷണം നൽകുകയും ചെയ്യേണമേ. അവർ നന്ദി കാട്ടുന്നതിനു വേണ്ടി.

رَبَّنَآ إِنَّكَ تَعْلَمُ مَا نُخْفِي وَمَا نُعْلِنُ ۗ وَمَا يَخْفَىٰ عَلَى

ٱللَّهِ مِن شَىْءٍ فِى ٱلْأَرْضِ وَلَا فِى ٱلسَّمَآءِ ﴿٣٨﴾

14:39- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ മറച്ചുവെയ്ക്കുന്നതും ഞങ്ങൾ വെളിപ്പെടുത്തുന്നതും തീർച്ചയായും നീ അറിയുന്നു. ഭൂമിയിലോ ആകാശത്തിലോ ഒരു വസ്തുവും അല്ലാഹുവിൽനിന്ന് മറഞ്ഞിരിക്കുന്നില്ല.

ٱلْحَمْدُ لِلَّهِ ٱلَّذِى وَهَبَ لِى عَلَى ٱلْكِبَرِ إِسْمَـٰعِيلَ وَإِسْحَـٰقَ ۚ إِنَّ رَبِّى لَسَمِيعُ ٱلدُّعَآءِ ﴿٣٩﴾

14:40- വാർദ്ധക്യ കാലത്ത് എനിക്ക് ഇസ്മായിലിനെയും ഇസ്ഹാക്കിനെയും കനിഞ്ഞു നൽകിയ അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും. തീർച്ചയായും എന്റെ രക്ഷിതാവ് പ്രാർത്ഥന കേൾക്കുന്നവൻ തന്നെയാകുന്നു.

رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ﴿٤٠﴾

14:41- എന്റെ നാഥാ, എന്നെ നീ നമസ്കാരം നിലനിർത്തുന്നവനാക്കേണമേ. എന്റെ സന്തതികളേയും. ഞങ്ങളുടെ നാഥാ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ.

رَبَّنَا ٱغۡفِرۡ لِي وَلِوَٰلِدَيَّ وَلِلۡمُؤۡمِنِينَ يَوۡمَ يَقُومُ ٱلۡحِسَابُ ۝

14:42– ഞങ്ങളുടെ നാഥാ, വിചാരണനാളിൽ എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യ വിശ്വാസികൾക്കും നീ പൊറുത്തു തരേണമേ.

ഇബ്രാഹീം നബി (അ)ന്റെ ഈ പ്രാർത്ഥനയിൽ പല ദൈവികാനുഗ്രഹങ്ങളും ഒളിഞ്ഞു കിടക്കുന്നു. നാം ഈ പ്രാർത്ഥന അല്ലാഹുവിനോടു ഏറ്റു പറയുമ്പോൾ ഇതിൽ ഉൾകൊണ്ട എല്ലാ അനുഗ്രഹങ്ങളും ലഭിക്കാനുള്ള അർഹത നമുക്കും ഉണ്ടായിത്തീരുന്നതാണ്. ഈ പ്രാർത്ഥനയിൽ ദൈവത്തിന്റെ മഹാനായ ആ പ്രവാചകൻ തന്റെ സ്രഷ്ടാവിനു വേണ്ടി ചെയ്ത ത്യാഗങ്ങൾ എടുത്തു പറഞ്ഞുകൊണ്ട് തന്റെ സന്താനങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചിരിക്കുന്നു. അല്ലാഹുവിനുവേണ്ടി ചെയ്തിട്ടുള്ള ത്യാഗങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ വേഗത്തിൽ സ്വീകരിക്കുമെന്നാണ് നാം ഇതിൽ നിന്നും മനസ്സിലാക്കേണ്ട്. 'ഞങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നുതും നീ അറിയുന്നു' എന്ന ഭാഗം ഈ ആവശ്യകതയെ എടുത്തു കാണിക്കുന്നു.

നാം സുഭിക്ഷതയ്ക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ നന്ദി കാട്ടുന്നവരായിത്തീരുവാനും വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. ദൈവത്തെ മറന്നുപോകാനുള്ള സാദ്ധ്യത ഏറ്റവും കൂടുതലുള്ളത് നാം സമ്പന്നരായിത്തീരുമ്പോഴാണ്. 'അവർ നന്ദികാട്ടുന്നതിനു വേണ്ടി' എന്ന ഭാഗം ഈ സാദ്ധ്യതകളെ ഇല്ലാതാക്കിത്തീർക്കുന്നതാണ്.

പ്രാർത്ഥനകളിൽ നാം അല്ലാഹുവിനോട് എപ്പോഴും കൃതജ്ഞത പ്രകടിപ്പിക്കേണ്ടതാണ്. അവൻ നമുക്ക് ചെയ്തു തന്ന അനുഗ്രഹങ്ങൾ എണ്ണിപറഞ്ഞുകൊണ്ട്. പ്രത്യേകമായ അനുഗ്രഹങ്ങൾ ഉണ്ടെങ്കിൽ അവ എടുത്തുദ്ധരിക്കുന്നതായിരിക്കും കൂടുതൽ നല്ലത്. ഇവിടെ ഇബ്രാഹീം (അ) വാർദ്ധക്യ ദശയിൽ ദൈവം അദ്ദേഹത്തിന് സന്താനങ്ങളെ നൽകിയ കാര്യമാണ് പറഞ്ഞിരിക്കുന്നത്. ദൈവത്തെ മഹത്വപ്പെടുത്തുന്ന എല്ലാവർക്കും തന്നെ പ്രത്യേകമായ ദൈവികാനുഗ്രഹങ്ങൾ വന്നു ചേരുന്നതാണ്. അങ്ങനെയുള്ള അനുഗ്രഹങ്ങളെ കണ്ടെത്തുവാൻ വേണ്ടി ജീവിതത്തിൽ പരതിനടക്കേണ്ട ആവശ്യം വരില്ല.

26– മാതാപിതാക്കൾക്കു വേണ്ടിയുള്ള ദുആ

وَقَضَىٰ رَبُّكَ أَلَّا تَعۡبُدُوٓاْ إِلَّآ إِيَّاهُ وَبِٱلۡوَٰلِدَيۡنِ إِحۡسَٰنًاۚ إِمَّا يَبۡلُغَنَّ عِندَكَ ٱلۡكِبَرَ أَحَدُهُمَآ أَوۡ كِلَاهُمَا فَلَا تَقُل لَّهُمَآ أُفّٖ وَلَا تَنۡهَرۡهُمَا وَقُل لَّهُمَا قَوۡلٗا كَرِيمٗا ۝

17:24– അവനെ മാത്രമല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കളോടു നന്മ ചെയ്യണമെന്നും നിന്റെ നാഥൻ കല്പിച്ചു. അവരിൽ

ഒരാളോ അല്ലെങ്കിൽ രണ്ടുപേരോ നിന്റെ ജീവിത കാലത്ത് വാർദ്ധക്യം പ്രാപിക്കുന്നുവെങ്കിൽ അവരോടു 'ച്ചേ' എന്നു പോലും നീ പറയരുത്. അവരോട് നീ കയർക്കുകയും ചെയ്യരുത്. ഇരുവരോടും നീ മാന്യമായ രീതിയിൽ സംസാരിക്കുക.

وَٱخۡفِضۡ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحۡمَةِ وَقُل رَّبِّ ٱرۡحَمۡهُمَا كَمَا رَبَّيَانِي صَغِيرًا ۝

17:25- കരുണാമയത്തോടെ ഇരുവർക്കും നീ വിനയത്തിന്റെ ചിറക്താഴ്ത്തികൊടുക്കുക. പറയുക: എന്റെ രക്ഷിതാവേ, കുട്ടിക്കാലം ഇരുവരും എന്നെ പോറ്റിവളർത്തിയതു പോലെ ഇവരോടും നീ കരുണ ചെയ്യേണമേ.

വിശുദ്ധഖുർആനിൽ അല്ലാഹു മാതാപിതാക്കൾ രണ്ടുപേർക്കും തുല്യമായ സ്ഥാനമാണ് നൽകിയിട്ടുള്ളത്. ആരൊടും തന്നെ അപമര്യാദയായി പെരുമാറരുതെന്ന് പറഞ്ഞിരിക്കുകയാണ്. പക്ഷേ സന്താനങ്ങളിൽ നിന്ന് നല്ല പെരുമാറ്റം കിട്ടുവാൻ മാതാപിതാക്കൾ അവരുടെ കുട്ടികളോടു നല്ല നിലയിൽ പെരുമാറുകയും അവരെ നല്ല നിലയിൽ വളർത്തികൊണ്ടുവരികയും ചെയ്യണം. ചെറുപ്പത്തിൽ ഞങ്ങളെ പോറ്റി വളർത്തിയതു പോലെ എന്ന ഭാഗം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ചെറുപ്പത്തിൽ കുട്ടികളോട് കാരുണ്യം കാണിക്കാതെ, അവർക്ക് വേണ്ട സംരക്ഷണം നൽകാതെ, അവരെ ശകാരിച്ചു വളർത്തുന്ന മാതാപിതാക്കൾക്ക് തിരിച്ചു ലഭിക്കുന്ന കാരുണ്യം ഈ പ്രാർത്ഥനമൂലം എന്തായിരിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

27- റസൂൽ (സ.അ)യുടെ ദുആ

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمۡسِ إِلَىٰ غَسَقِ ٱلَّيۡلِ وَقُرۡءَانَ ٱلۡفَجۡرِۖ إِنَّ قُرۡءَانَ ٱلۡفَجۡرِ كَانَ مَشۡهُودًا ۝

17:79- സൂര്യൻ മദ്ധ്യാഹനം വിട്ടതിരിയുന്നതു മുതൽ രാത്രി ഇരുൾ മൂടുന്നതു വരെ നമസ്ക്കാരം നിലനിർത്തുക. അതുപോലെ പ്രഭാതവേളയിലെ ഖുർആൻ പാരായണവും. തീർച്ചയായും പ്രഭാതവേളയിലെ പാരായണം സാക്ഷ്യം വഹിക്കുന്നതാണ്.

وَمِنَ ٱلَّيۡلِ فَتَهَجَّدۡ بِهِۦ نَافِلَةً لَّكَ عَسَىٰٓ أَن يَبۡعَثَكَ رَبُّكَ مَقَامًا مَّحۡمُودًا ۝

17:80- രാത്രിയിൽ നീ അതുമായി ഉറക്കമുണർന്നിരിക്കുക. ഇത് നിനക്ക് ഐച്ഛികമായ ഒരു കർമ്മമാകുന്നു. നിന്റെ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ സ്ഥാനത്തേക്ക് ഉയർത്തുന്നതിനുവേണ്ടിയാണത്.

وَقُل رَّبِّ أَدۡخِلۡنِي مُدۡخَلَ صِدۡقٖ وَأَخۡرِجۡنِي مُخۡرَجَ

صِدۡقٖ وَٱجۡعَل لِّي مِن لَّدُنكَ سُلۡطَٰنٗا نَّصِيرٗا ۝

17:81- പറയുക: എന്റെ രക്ഷിതാവേ, സത്യത്തിന്റെ പ്രവേശന മാർഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും സത്യത്തിന്റെതായ ബഹിർഗമന മാർഗത്തിലൂടെ നീ എന്നെ പുറത്തു കൊണ്ടുവരികയും ചെയ്യേണമേ. നിന്നിൽ നിന്ന് ശക്തമായ ആധികാരികത നീ എനിക്കു നൽകുകയും ചെയ്യേണമേ.

അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം അവന് ആരാധനകളർപ്പിക്കേണ്ട ആവശ്യകതയെയും ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. യഥാർത്ഥത്തിൽ നമ്മുടെ ആരാധനകളുടെ ആധിക്യമാണ് നമ്മുടെ പ്രാർത്ഥനകൾ ദൈവ സന്നിധിയിൽ സ്വീകാര്യമാക്കിത്തീർക്കുന്നത്.

വിശുദ്ധ ഖുർആൻ പാരായണം ചെയ്യേണ്ടത് ആരാധനയുടെ ഒരു ഭാഗമായും വിശുദ്ധഖുർആൻ പാരായണം ചെയ്തുകൊണ്ട് രാത്രിയിൽ തഹജ്ജുദ് നമസ്കരിക്കേണ്ടതിനെക്കുറിച്ചും അല്ലാഹു ഇവിടെ ചൂണ്ടികാണിക്കുന്നു. അങ്ങനെയുള്ളവരെ അല്ലാഹു സ്തുത്യർഹമായ സ്ഥാനത്തേക്ക് ഉയർത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്.

സത്യത്തിൽ നമുക്ക് ഉറച്ചുനിൽക്കുവാൻ തീർച്ചയായും അല്ലാഹുവിന്റെ പ്രത്യേക കാരുണ്യവും ശക്തിമത്തായ സഹായവും ആവശ്യമാണ്. സത്യത്തിൽ ഉറച്ചു നിൽക്കുമ്പോൾ നമുക്ക് തരണം ചെയ്യേണ്ടി വരുന്ന പ്രയാസ്സങ്ങളെ അതിജീവിച്ചു മുന്നേറുവാൻ ഈ പ്രാർത്ഥന ആവശ്യമാണ്.

28- ഗുഹാവാസികളുടെ പ്രാർത്ഥന

أَمۡ حَسِبۡتَ أَنَّ أَصۡحَٰبَ ٱلۡكَهۡفِ وَٱلرَّقِيمِ كَانُواْ مِنۡ ءَايَٰتِنَا عَجَبًا ۝

18:10. അല്ലെങ്കിൽ ഗുഹവാസികളും അവരുടെ ലിഖിതങ്ങളും നമ്മുടെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒരു അത്ഭുതം ആയിരുന്നുവെന്ന് നീ ചിന്തിച്ചുവോ?

إِذۡ أَوَى ٱلۡفِتۡيَةُ إِلَى ٱلۡكَهۡفِ فَقَالُواْ رَبَّنَآ ءَاتِنَا مِن

لَّدُنكَ رَحۡمَةٗ وَهَيِّئۡ لَنَا مِنۡ أَمۡرِنَا رَشَدٗا ۝

18:11- ആ യുവാക്കൾ ഗുഹയിലേക്ക് അഭയം പ്രാപിച്ചപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, നിന്നിൽ നിന്ന് ഞങ്ങൾക്ക് കാരു

ണ്യം ചൊരിയുകയും ഞങ്ങളുടെ കാര്യങ്ങൾ ശരിയായ രീതിയിൽ നിർവ്വഹിക്കാനുള്ള സഹചര്യം ഒരുക്കിത്തരികയും ചെയ്യേണമേ.

فَضَرَبْنَا عَلَىٰٓ ءَاذَانِهِمْ فِى ٱلْكَهْفِ سِنِينَ عَدَدًا ۝

18:12– അങ്ങനെ കുറെയേറെ വർഷങ്ങൾ ഗുഹയിൽ നാം അവരുടെ കാതുകൾക്കു മീതെ മറയിട്ടു. (അവർ മറ്റുള്ളവരുടെ ശബ്ദം കേൾക്കാതെയായി/അവരെക്കുറിച്ച് മറ്റുള്ളവർ അറിയാതെയായി.)

റോമാ ചക്രവർത്തിമാരുടെ കിരാതമർദ്ദനങ്ങൾ സഹിക്കവയ്യാതായപ്പോൾ ആദ്യകാല കൃസ്ത്യാനികൾക്ക് മലകൾക്കിടയിലുള്ള ഗുഹകളിലേക്ക് അഭയം പ്രാപിക്കേണ്ടി വന്നു. ഒരോ കാലഘട്ടത്തിലെയും വിശ്വാസികൾക്ക് അതാതുകാലത്തെ അവിശ്വാസികളിൽ നിന്ന് നേരിടേണ്ടിവന്ന പീഡനങ്ങളുടെ മറ്റൊരുദാഹരണം. ഏതൊരു വിശ്വാസിക്കും ഇതുപോലെയുള്ള അനുഭവങ്ങൾ നേരിടേണ്ടിവരാം എന്നു ചൂണ്ടിക്കാണിക്കുവാനായി അല്ലാഹു വിശുദ്ധഖുർആനിൽ ഈ സംഭവം ഉൾക്കൊള്ളിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ വിശ്വാസികൾ എല്ലാം തന്നെ ഗുഹയിൽ അഭയം തേടുന്നവർ തന്നെയാണ്. ആധുനിക കാലത്ത് മലയിടുക്കുകളിലുള്ള ഗുഹയിൽ പോകേണ്ടി വരുന്നില്ലെങ്കിലും മറ്റുള്ളവരിൽ നിന്ന് ഒറ്റപ്പെട്ട് അവരുടെ പരിഹാസങ്ങളെയും എതിർപ്പുകളെയും നേരിട്ടുകൊണ്ടു വിശ്വാസികൾക്ക് ഒരുതരം ഗുഹാജീവിതം ദൈവം അവരുടെ കാല്പാദങ്ങൾ ഉറപ്പിച്ചുനിർത്തുന്നതുവരെ നയിക്കേണ്ടിവരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ ദൈവകാരുണ്യത്തിനു വേണ്ടിയുള്ള ഈ പ്രാർത്ഥനയ്ക്കു അതിന്റേതായ പ്രസക്തിയുണ്ട്.

29– റസൂൽ (സ.അ)യുടെ ദുആ, അറിവ് വർദ്ധിക്കുന്നതിനു വേണ്ടി.

فَتَعَـٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۗ وَلَا تَعْجَلْ بِٱلْقُرْءَانِ مِن قَبْلِ

أَن يُقْضَىٰٓ إِلَيْكَ وَحْيُهُۥ ۖ وَقُل رَّبِّ زِدْنِى عِلْمًا ۝

20:115– സാക്ഷാൽ രാജാവായ അല്ലാഹു അത്യുന്നതനാകുന്നു. ഖുർആന്റെ വെളിപാട് നിന്നിൽ പൂർണ്ണമാകുന്നതിനു മുമ്പേ (അതിന്റെ ആന്തരാർത്ഥം മനസ്സിലാക്കാൻ) നീ ധൃതി കാണിക്കരുത്. എന്റെ രക്ഷിതാവേ, എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക.

വിജ്ഞാനവർദ്ധനവ് ലഭിക്കാനുള്ള ഈ പ്രാർത്ഥന നമ്മുടെ ജീവിതകാലം മുഴുവനും തുടർന്നു കൊണ്ടേയിരിക്കേണ്ടതാണ്. വെളിപാടുപൂർണ്ണമാകുന്നുതിനു മുമ്പേ നീ ധൃതി കാണിക്കരുതെന്ന് പറഞ്ഞതിനു ശേഷം

അറിവു വർദ്ധിപ്പിച്ചു തരുവാൻ നിർദ്ദേശിച്ചതിൽ നിഗൂഢരഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. ഈ പ്രാർത്ഥന വിശുദ്ധഖുർആൻ മറക്കാതെ മന: പാഠമായിരിക്കുവാൻ വേണ്ടി മാത്രമുള്ളതല്ല. വിശുദ്ധഖുർആനിൽ നിഗൂ ഢമാക്കി വെച്ചിരിക്കുന്ന തത്ത്വജ്ഞാനം ലഭിക്കുവാൻ വേണ്ടിയുള്ളതാ ണ്. വിശുദ്ധഖുർആൻ വെറുതെ പാരായണം ചെയ്യുന്നതിനെക്കാളുപരി യായി അതിലടങ്ങിയിരിക്കുന്ന അഗാധജ്ഞാനം ലഭ്യമാവാനുള്ള പ്രാർ ത്ഥന. അതുപോലെ മറ്റു ലൗകിക വിജ്ഞാനങ്ങളെ ക്കുറിച്ചുള്ള അവ ഗാഹം ലഭിക്കുവാനും ഈ പ്രാർത്ഥന ഉപയോഗപ്പെടുത്തേണ്ടതാണ്. ദൈവത്തെ അറിയുകയാണല്ലോ ഈ ലോകത്തിൽ വെച്ച് ലഭിക്കേണ്ട ഏറ്റവും വിലപ്പെട്ട വിജ്ഞാനം.

30- അയ്യൂബ് നബി (അ)ന്റെ പ്രാർത്ഥന

وَأَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ﴿٨٣﴾

21:84- അയ്യൂബിനേയും സ്മരിക്കുക. തന്റെ രക്ഷിതാവിനോട് അദ്ദേ ഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം: എനിക്കിതാ കഠിനവ്യഥ ബാധി ച്ചിരിക്കുന്നു, നീ കാരുണ ചെയ്യുന്നവരിൽ പരമ കാരുണികനാണല്ലൊ.

فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم

مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ ﴿٨٤﴾

21:85- അപ്പോൾ നാം അദ്ദേഹത്തിന് മറുപടി കൊടുക്കുകയും അദ്ദേ ഹത്തെ ബാധിച്ച വ്യഥ നാം മാറ്റിക്കൊടുക്കുകയും ചെയ്തു. അദ്ദേഹ ത്തിന്റെ കുടുംബത്തെ നാം അദ്ദേഹത്തോടൊപ്പം ചേർക്കുകയും ചെയ്തു. അതുപോലെ അവരെപ്പോലെയുള്ള മറ്റുള്ളവരേയും. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യമായും (ദൈവത്തെ) ആരാധിക്കുന്ന വർക്ക് ഒരു അനുസ്മരണമായും.

പൊതുവെ സാധാരണക്കാർ കഠിന വ്യഥകളിൽ ദൈവത്തെ കുറ്റപ്പെടു ത്തുവാനാണ് ശ്രമിക്കാറ്. എന്നാൽ പ്രവാചകനായ അയ്യൂബ് നബി(അ) കഠിന വ്യഥകളിൽ പോലും ദൈവ കാരുണ്യത്തെ മഹത്വപ്പെടുത്തുകയാ ണ് ചെയ്തിരിക്കുന്നത്. വിഷമതകൾ എത്രതന്നെ കഠിനമായാലും ദൈവ കാരുണ്യം എടുത്തു പറഞ്ഞു കൊണ്ടുള്ള പ്രാർത്ഥനയ്ക്കു അതിന്റേറ താ യ ഫലം ലഭിക്കുമെന്ന് ഈ പ്രാർത്ഥനയും അതിന് കൊടുത്ത മറു പടിയും വ്യക്തമാക്കുന്നു. യഥാർത്ഥ ദൈവരാധകർക്ക് ഒരു അനുസ്മര ണമായും എന്നു പറഞ്ഞതിന്റെ വിവക്ഷ അല്ലാഹുവിന്റെ ആരാധകർ ഇതിൽനിന്ന് പാഠം പഠിക്കുവാനും ഇതുപോലെയുള്ള ദൈവികാനുഗ്ര ഹങ്ങൾ അങ്ങനെയുള്ളവർക്ക് എക്കാലത്തും കിട്ടിക്കൊണ്ടിരിക്കുമെന്ന്

കാണിക്കുവാനുമാണ്..

31- യൂനുസു നബി (അ) ന്റെ പ്രാർത്ഥന

وَذَا ٱلنُّونِ إِذ ذَّهَبَ مُغَـٰضِبًا فَظَنَّ أَن لَّن نَّقۡدِرَ عَلَيۡهِ فَنَادَىٰ فِى

ٱلظُّلُمَـٰتِ أَن لَّآ إِلَـٰهَ إِلَّآ أَنتَ سُبۡحَـٰنَكَ إِنِّى كُنتُ مِنَ ٱلظَّـٰلِمِينَ ۝

21:88- ദൂന്നൂനിനെയും സ്മരിക്കുക. അദ്ദേഹം കുപിതനായിക്കൊണ്ട് പോയ സന്ദർഭം അദ്ദേഹത്തെ നാം പിടികൂടുകയില്ലെന്ന് അദ്ദേഹം ധരിക്കുകയും ചെയ്തു. എന്നാൽ അന്ധകാരങ്ങളിൽ നിന്ന് (മത്സ്യത്തിന്റെ വയറ്റിൽ നിന്ന്) അദ്ദേഹം വിളിച്ചു പ്രാർത്ഥിച്ചു: നീ അല്ലാതെ ഒരു ദൈവവുമില്ല. നീ പരിശുദ്ധനാകുന്നു. തീർച്ചയായും ഞാൻ തെറ്റുകാരനിൽപ്പെട്ടവനായിരിക്കുന്നു.

فَٱسۡتَجَبۡنَا لَهُۥ وَنَجَّيۡنَـٰهُ مِنَ ٱلۡغَمِّۚ وَكَذَٰلِكَ نُـۡٔجِى ٱلۡمُؤۡمِنِينَ ۝

21:89- അപ്പോൾ നാം അദ്ദേഹത്തിന് മറുപടി കൊടുക്കുകയും ദുഃഖത്തിൽനിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം സത്യവിശ്വാസികളെ നാം രക്ഷപ്പെടുത്തുന്നു.

ദൈവത്തിന്റെ പ്രവാചകൻ തന്നെയും ദൈവത്തോടു കോപം പ്രകടിപ്പിച്ചാൽ ശിക്ഷ ബാധിക്കുന്നതാണെന്ന് ഈ വാക്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു. എങ്കിലും ദൈവത്തോട് ചെയ്തുപോയ തെറ്റുകൾ ഏറ്റുപറയുമ്പോൾ കാരുണ്യവാനായ ദൈവം അത് പൊറുത്തുകൊടുക്കുന്നതാണെന്നതിനുള്ള വലിയൊരുദാഹരണവും ഈ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു. വന്നുപെടുന്ന ആപത്തുകൾ എത്രതന്നെ രക്ഷാമാർഗമില്ലാത്തതായി നമുക്ക് അനുഭവപ്പെട്ടാലും ദൈവത്തിൽ നിന്ന് അവന്റേതായ രക്ഷാമാർഗങ്ങൾ മനുഷ്യനു വേണ്ടിയുണ്ടെന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. സത്യവിശ്വാസകൾ നേരിടുന്ന ആപത്തുകൾ എത്ര തന്നെ വലുതായാലും അതിൽ നിന്നൊക്കെ അല്ലാഹു അവരെ രക്ഷപ്പെടുത്തുന്നതാണെന്നുള്ള സന്തോഷ വാർത്തയാണ് 'ഇപ്രകാരം സത്യവിശ്വാസികളെ നാം രക്ഷപ്പെടുത്തുന്നു' എന്ന ഭാഗം വിളിച്ചോതുന്നത്.

32- സക്കരിയാ നബി (അ) യുടെ പ്രാർത്ഥന

وَزَكَرِيَّآ إِذۡ نَادَىٰ رَبَّهُۥ رَبِّ لَا تَذَرۡنِى فَرۡدًا وَأَنتَ خَيۡرُ ٱلۡوَٰرِثِينَ ۝

21:90- സക്കരിയ്യായെയും സ്മരിക്കുക. തന്റെ രക്ഷിതാവിനോട് അദ്ദേഹം ഇപ്രകാരം വിളിച്ചു പ്രാർത്ഥിച്ച സന്ദർഭം: എന്റെ രക്ഷിതാവേ, ഏകനായി (സന്താനമില്ലാത്തവനായി) എന്നെ നീ വിട്ടുകളയരുതേ. നീയാ

ണല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ അത്യുത്തമൻ.

فَٱسْتَجَبْنَا لَهُۥ وَوَهَبْنَا لَهُۥ يَحْيَىٰ وَأَصْلَحْنَا لَهُۥ زَوْجَهُۥٓ ۚ إِنَّهُمْ كَانُوا۟ يُسَـٰرِعُونَ

فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَـٰشِعِينَ ﴿٩٠﴾

21:91– അപ്പോൾ നാം അദ്ദേഹത്തിന് മറുപടി കൊടുക്കുകയും (മകനായി) നാം യഹ്യായെ നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യയെ നാം സുഖപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. തീർച്ചയായും സൽപ്രവൃത്തികളിൽ അവർ സത്വരം മുന്നിട്ടു നിൽക്കുകയും പ്രത്യാശയോടും ഭയത്തോടും കൂടി നമ്മെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അവർ നമ്മുടെ നേരെ വിനയം കാണിക്കുന്നവരായിരുന്നു.

അതിവാർദ്ധക്യ കാലത്ത് സക്കരിയാ നബി (അ)ക്ക് അല്ലാഹു ഒരു ആൺകുട്ടിയെ നൽകിയതിനെക്കുറിച്ചാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. അവരുടെ പ്രാർത്ഥന സ്വീകരിക്കുന്നതിന് അവരിലുണ്ടായിരുന്ന മഹത്വം അല്ലാഹു എടുത്തുദ്ധരിക്കുകയും ചെയ്തിരിക്കുന്നു. അവർ സൽക്കർമ്മങ്ങൾ ചെയ്തു കൊണ്ടിരിക്കുകയും ആശ വെച്ചു പുലർത്തിക്കൊണ്ട് വിനയത്തോടെ പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ടിരുന്നു. പ്രാർത്ഥന സ്വീകരിക്കപ്പെടാനുള്ള ഉപാധികളിൽ രണ്ടെണ്ണമാണ് ഇവിടെ നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നത്. നമ്മുടെ പ്രാർത്ഥനകൾ കൂടുതൽ സ്വീകരിക്കപ്പെടാനായി നാമും സൽക്കർമ്മങ്ങളിൽ മുന്നിട്ടു നിൽക്കേണ്ടതും പ്രത്യാശ വെച്ചു പുലർത്തികൊണ്ട് വിനയത്തോടുകൂടി അല്ലാഹുവിന്റെ മുമ്പിൽ നമ്മുടെ ആവശ്യങ്ങൾ സമർപ്പിച്ചുകൊണ്ട് കാത്തിരിക്കേണ്ടതുമാകുന്നു.

33– സത്യവിധിക്കു വേണ്ടിയുള്ള പ്രാർത്ഥന

إِنَّهُۥ يَعْلَمُ ٱلْجَهْرَ مِنَ ٱلْقَوْلِ وَيَعْلَمُ مَا تَكْتُمُونَ ﴿١١٠﴾

21:111– തീർച്ചയായും സംസാരത്തിൽ പരസ്യമായിട്ടുള്ളത് അവൻ അറിയുന്നു. നിങ്ങൾ മറച്ചു വെക്കുന്നതും അവൻ അറിയുന്നു.

وَإِنْ أَدْرِى لَعَلَّهُۥ فِتْنَةٌ لَّكُمْ وَمَتَـٰعٌ إِلَىٰ حِينٍ ﴿١١١﴾

21:112– അത് (ശിക്ഷമാറ്റിവെക്കൽ) നിങ്ങൾക്ക് ഒരു പരീക്ഷണമോ അല്പ നേരത്തേക്കുള്ള സുഖമെടുപ്പോ ആണെന്ന് ഞാൻ അറിയുന്നില്ല.

قَـٰلَ رَبِّ ٱحْكُم بِٱلْحَقِّ ۗ وَرَبُّنَا ٱلرَّحْمَـٰنُ ٱلْمُسْتَعَانُ عَلَىٰ مَا تَصِفُونَ ﴿١١٢﴾

21:113– "പറയുക: എന്റെ രക്ഷിതാവേ, നീ സത്യത്തോടെ വിധികൽപി

ച്ചാലും. ഞങ്ങളുടെ രക്ഷിതാവ് പരമകാരുണികനും നിങ്ങൾ പറഞ്ഞു ണ്ടാക്കുന്നതിനെതിരെ സഹായമർത്ഥിക്കപ്പെടേണ്ടവനുമാകുന്നു.

അല്ലാഹു എല്ലാം അറിയുന്നവനാകുന്നു. നാം രഹസ്യമാക്കി വെക്കുന്ന തും പരസ്യമാക്കി വെക്കുന്നതും അല്ലാഹു അറിയുന്നു. നമ്മുടെ ഹൃദയ മിടിപ്പും നമ്മുടെ മനസ്സിലെ ചിന്തകളും നാം നിരൂപിച്ചു വെക്കുന്നതും അവൻ അറിയുന്നു. ഇവിടെ ഉദ്ദേശിക്കുന്ന രഹസ്യാലോചന അവിശ്വാ സികൾ വിശ്വാസികൾക്കെതിരായി കൈകൊള്ളുവാൻ ഉദ്ദേശിക്കുന്ന നി ഗൂഢമായ അക്രമ പ്രവർത്തനങ്ങളാണ്. വിശ്വാസികൾക്കെതിരെ എന്തു തന്നെ ദ്രോഹങ്ങൾ ചെയ്തിട്ടും തങ്ങൾക്കു ശിക്ഷ വരുന്നില്ലല്ലോ എന്ന വിചാരം അവിശ്വാസികളെ കൂടുതൽ ദ്രോഹങ്ങൾ ചെയ്യുവാൻ പ്രേരിപ്പി ക്കുന്നു. അല്ലാഹു സഹന ശീലനായതുകൊണ്ട് അവിശ്വാസികൾ വിശ്വാ സികൾക്കെതിരെ ചെയ്യുന്ന ദ്രോഹങ്ങൾ ഒരു പരിധി വരെ ക്ഷമിക്കുക യും അല്ലാഹു വിശ്വാസികളോട് ക്ഷമിക്കുവാൻ ആവശ്യപ്പെടുകയും ചെ യ്യുന്നു. പക്ഷെ അല്ലാഹുവിന്റെ അവധി പൂർത്തിയാവുമ്പോൾ ശിക്ഷവ രുന്നതും അല്ലാഹുവിന്റെ വിധി നടപ്പിലാവുന്നതുമാണ്. അവന്റെ നീ തി നിയമമനുസരിച്ച് ആ സമയം അവൻ സത്യത്തോടെ വിധികല്പിക്കു ന്നതാണ്. വിശ്വാസികൾ കുറ്റം ചെയ്യാത്തവരായതിനാൽ അവർക്ക് ന്യാ യവിധിയെക്കുറിച്ച് ഭയപ്പെടേണ്ടതില്ല. അതു കൊണ്ടുതന്നെ സത്യത്തോ ടെ വിധി കല്പിക്കുന്നതിൽ തീർച്ചയായും വിശ്വാസികൾ സന്തോഷഭരി തരായിത്തീരുന്നതാണ്. കുറ്റവാളികൾ അപമാനിതരായിത്തീരുന്നതുമാണ്.

34- നൂഹ് നബി (അ) ന്റെ പ്രാർത്ഥന

قَالَ رَبِّ ٱنصُرۡنِي بِمَا كَذَّبُونِ ۝

23:27- അദ്ദേഹം (നൂഹ്) പറഞ്ഞു: എന്റെ രക്ഷിതാവേ, ഇവർ എന്നെ നിഷേധിച്ചു തള്ളിയതിനാൽ എന്നെ നീ സഹായിക്കേണമേ.

فَأَوۡحَيۡنَآ إِلَيۡهِ أَنِ ٱصۡنَعِ ٱلۡفُلۡكَ بِأَعۡيُنِنَا وَوَحۡيِنَا فَإِذَا جَآءَ أَمۡرُنَا وَفَارَ ٱلتَّنُّورُ فَٱسۡلُكۡ فِيهَا مِن كُلّٖ
زَوۡجَيۡنِ ٱثۡنَيۡنِ وَأَهۡلَكَ إِلَّا مَن سَبَقَ عَلَيۡهِ ٱلۡقَوۡلُ مِنۡهُمۡۖ وَلَا تُخَٰطِبۡنِي فِي ٱلَّذِينَ ظَلَمُوٓاْۖ إِنَّهُم مُّغۡرَقُونَ ۝

23:28- അപ്പോൾ നാം അദ്ദേഹത്തിന് വെളിപാട് നൽകി: നമ്മുടെ മേൽ നോട്ടത്തിലും നിർദ്ദേശത്തിലും നീ ഒരു കപ്പൽ പണിയുക. അങ്ങനെ നമ്മുടെ കല്പന വരികയും (പ്രകൃതിയുടെ) അടുപ്പിൽനിന്ന് ഉറവ് പൊട്ടുകയും ചെയ്യുമ്പോൾ ഓരോ വർഗ്ഗത്തിലുമുള്ള രണ്ട് ഇണകളേയും നിന്റെ കുടുംബത്തെയും അതിൽ കയറ്റുക. അവരിൽ ശിക്ഷാവചനം നിറവേറാൻ പോകുന്നവർ ഒഴികെ. അവരിലുള്ള അക്രമികളുടെ കാര്യത്തിൽ എന്നോട് നീ സംസാരിച്ചു പോകരുത്. തീർച്ചയായും അവർ മുക്കിക്കൊല്ലപ്പെടുന്നതാണ്."

فَإِذَا ٱسْتَوَيْتَ أَنتَ وَمَن مَّعَكَ عَلَى ٱلْفُلْكِ فَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى نَجَّىٰنَا مِنَ ٱلْقَوْمِ ٱلظَّـٰلِمِينَ ۝

23:29- അങ്ങനെ നീയും നിന്റെ കൂടെയുള്ളവരും കപ്പലുകളിൽ കയറിക്കഴിയുമ്പോൾ പറയുക: തെറ്റുകാരായ ജനതയിൽ നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തിയ അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും.

وَقُل رَّبِّ أَنزِلْنِى مُنزَلًا مُّبَارَكًا وَأَنتَ خَيْرُ ٱلْمُنزِلِينَ ۝

23:30- പറയുക: എന്റെ രക്ഷിതാവേ, അനുഗ്രഹീതമായ ഒരു സ്ഥലത്ത് എന്നെ നീ ഇറക്കേണമേ. കരക്കെത്തിക്കുന്നവരിൽ നീയാണ് അത്യുത്തമൻ.

തന്നെ നിഷേധിച്ച ജനതക്കെതിരെ സഹായത്തിനായുള്ള നൂഹ് നബിയുടെ പ്രാർത്ഥന. ആ പ്രാർത്ഥനയുടെ ഫലമായി അല്ലാഹുവിൽ നിന്ന് വന്നെത്തിയ സഹായമാണ് കപ്പൽ നിർമാണം. ആ സഹായത്തിന് കൃതജ്ഞത പ്രകടിപ്പിക്കുവാൻ കാരുണ്യവാനായ ദൈവം തന്നെ നൂഹ് നബി (അ) നെ പ്രാർത്ഥന പഠിപ്പിക്കുന്നു. നാം പ്രാർത്ഥിച്ച ശേഷം നമ്മുടെ പ്രാർത്ഥന സ്വീകരിച്ചു കൊണ്ട് ദൈവം സഹായം ലഭ്യമാക്കിത്തന്നാൽ നാം ദൈവത്തിന് കൃതജ്ഞത പ്രകടിപ്പിക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതാണെന്ന് ഈ പ്രാർത്ഥനാ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

35- ദൈവിക ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാനുള്ള ദുആ

عَـٰلِمِ ٱلْغَيْبِ وَٱلشَّهَـٰدَةِ فَتَعَـٰلَىٰ عَمَّا يُشْرِكُونَ ۝

23:93- അദൃശ്യവും ദൃശ്യവും അറിയുന്നവൻ. അതിനാൽ അവർ പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം അവൻ അത്യുന്നതനായിരിക്കുന്നു.

قُل رَّبِّ إِمَّا تُرِيَنِّى مَا يُوعَدُونَ ۝

23:94- പറയുക: എന്റെ രക്ഷിതാവേ, അവർക്ക് മുന്നറിയിപ്പ് നൽകപ്പട്ട ശിക്ഷ എനിക്കു നീ കാണിച്ചു തരികയാണെങ്കിൽ-

رَبِّ فَلَا تَجْعَلْنِى فِى ٱلْقَوْمِ ٱلظَّـٰلِمِينَ ۝

23:95- എന്റെ രക്ഷിതാവേ, അപ്പോൾ എന്നെ നീ അക്രമികളായ ജനതയുടെ കൂട്ടത്തിൽ ഉൾപ്പെടുത്തരുതേ.

നമ്മുടെ വികലമായ ജ്ഞാന പരിധിക്കുള്ളിൽ നിന്നുകൊണ്ട് നാം അ

ല്ലാഹുവിനെക്കുറിച്ച് എന്തു തന്നെ അസഭ്യങ്ങൾ പുലമ്പിയാലും അവനെ നിന്ദിച്ചാലും ദൈവത്തിന്റെ ഔന്നത്യം താണുപോവുന്നില്ല. നാമാണ് യഥാർത്ഥത്തിൽ സ്വയം നിന്ദിതരാവുന്നത്. അതിന്റെ പ്രധാന കാരണം ദൈവം എല്ലാം അറിയുന്നവനും നാം അല്പം മാത്രം അറിയുന്നവരും ആകുന്നു എന്നതാണ്. അവിശ്വാസികളുടെ ദൈവനിഷേധം ദൈവകോപം ആളിപ്പടരുന്ന ഒരുഘട്ടത്തിലേക്ക് എത്തുമ്പോൾ പെട്ടെന്ന് ദൈവിക ശിക്ഷ ഭൂമിയിൽ വെളിപ്പെടുന്നു. അങ്ങനെയുള്ള അവസരത്തിൽ വിശ്വാസികൾക്കും ആ ശിക്ഷയുടെ വേദനകൾ അനുഭവിക്കേണ്ടിവന്നേക്കാം. ആ ശിക്ഷ വരുന്നതിനു മുമ്പായി രക്ഷ പ്രാപിക്കുവാൻ വേണ്ടിയുള്ളതാണ് ഈ പ്രാർത്ഥന. ഈ തത്വം വിപരീത രീതിയിൽ അപഗ്രഥിച്ചാൽ ഒരു സത്യവിശ്വാസിയെങ്കിലും ഒരു നഗരത്തിൽ താമസിക്കുന്നത് അവിശ്വാസികൾക്ക് വരുന്ന ശിക്ഷയെ തടുത്തു നിർത്തുവാൻ കാരണമായിത്തീരുമെന്നും വിശ്വാസികളെ ആ നഗരത്തിൽ നിന്നും പുറത്തേക്കോടിക്കുന്നത് അവിശ്വാസികൾക്ക് ശിക്ഷ വന്നെത്തുന്നതിനുള്ള സമയമായെന്നതിന്റെ സൂചനയാണെന്നും മനസ്സിലാക്കാവുന്നതാണ്.

36- പൈശാചിക ബോധനങ്ങളിൽ നിന്ന് രക്ഷനേടുവാനുള്ള പ്രാർത്ഥന.

ٱدۡفَعۡ بِٱلَّتِي هِيَ أَحۡسَنُ ٱلسَّيِّئَةَۚ نَحۡنُ أَعۡلَمُ بِمَا يَصِفُونَ ۝

23:97- ഏറ്റവും നല്ലത് എന്തോ അതു മൂലം തിന്മയെ തടയുക. അവർ ആരോപിക്കുന്നതിനെക്കുറിച്ച് നാം നല്ലതുപോലെ അറിയുന്നവനാകുന്നു.

وَقُل رَّبِّ أَعُوذُ بِكَ مِنۡ هَمَزَٰتِ ٱلشَّيَٰطِينِ ۝

23:98- പറയുക: എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു.

وَأَعُوذُ بِكَ رَبِّ أَن يَحۡضُرُونِ ۝

23:99- അവർ എന്നെ സമീപിക്കുന്നതിൽ നിന്നും എന്റെ നാഥാ, നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു.

നമ്മുടെ മനസ്സിൽ ഉടലെടുക്കുന്ന പൈശാചികമായ ഉൾപ്രേരണകളിൽ നിന്നാണ് തിന്മകൾ ഉടലെടുക്കുന്നത്. തിന്മകൾ കൊണ്ട് തിന്മകളെ തടയുമ്പോൾ തിന്മകളുടെ ആധിക്യം കൂടിവരുന്നു. അതു കൊണ്ടാണ് നന്മ കൊണ്ട് തിന്മയെ തടയുവാൻ കൽപിച്ചിരിക്കുന്നത്. നാം നമ്മുടെ സ്വഭാവ രൂപീകരണത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതാണ് നമ്മുടെ മനസ്സിൽ ദുഷ്ചിന്തകൾ ഉണ്ടാവാനുള്ള കാരണം. അങ്ങനെയുള്ള നമ്മുടെ മനസ്സിനെ കൂടുതൽ വിഷലിപ്തമാക്കുവാൻ തിന്മകൾ ചെയ്യു

വാൻ നമ്മെ പ്രേരിപ്പിക്കുന്ന കൂട്ടുകാർക്കും നേതാക്കന്മാർക്കും ഭൗതിക നേട്ടത്തിന് വേണ്ടി നമ്മുടെ അധമ വികാരങ്ങളെ ചൂഷണം ചെയ്യുന്ന സമൂഹത്തിലെ ഉന്നതന്മാർക്കും സാധിക്കുന്നതാണ്. ഇങ്ങനെയുള്ള പിശാചുക്കളുടെ ദുഷ്പ്രേരണകളിൽ നിന്ന് മുക്തി നേടുവാൻ നമ്മുടെ കഴിവ് അപൂർണ്ണമാകുന്നു. അതിന് ദൈവസഹായം കൂടിയേ തീരൂ. അതുകൊണ്ടാണ് തിന്മകളിൽ നിന്ന് രക്ഷനേടുവാൻ എപ്പോഴും തന്നെ ദൈവത്തോട് പ്രാർത്ഥിക്കുവാൻ പറഞ്ഞിരിക്കുന്നത്. ഇങ്ങനെയുള്ള പ്രാർത്ഥനകൾ ക്രമേണ നമ്മുടെ മനസ്സിൽ ചീത്ത കാര്യങ്ങളെക്കുറിച്ച് വെറുപ്പുണ്ടാക്കുകയും നാം ക്രമേണയായി ചീത്ത പ്രവൃത്തികളിൽ നിന്ന് മോചിതരായിത്തീരുകയും ചെയ്യുന്നതാണ്.

37- വിശ്വാസികളുടെ ദുആ

إِنَّهُۥ كَانَ فَرِيقٌ مِّنْ عِبَادِى يَقُولُونَ رَبَّنَآ ءَامَنَّا فَٱغْفِرْ لَنَا وَٱرْحَمْنَا وَأَنتَ خَيْرُ ٱلرَّٰحِمِينَ ۝

23:110 - തീർച്ചയായും എന്റെ ദാസന്മാരിൽ ഒരു വിഭാഗം ഇപ്രകാരം പറയുമായിരുന്നു: ഞങ്ങളുടെ നാഥാ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് നീ ഞങ്ങൾക്കു പൊറുത്തു തരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. കാരുണ്യവാന്മാരിൽ അത്യുത്തമ നാകുന്നു നീ.

فَٱتَّخَذْتُمُوهُمْ سِخْرِيًّا حَتَّىٰٓ أَنسَوْكُمْ ذِكْرِى وَكُنتُم مِّنْهُمْ تَضْحَكُونَ ۝

23:111- അപ്പോൾ നിങ്ങൾ അവരെ പരിഹാസ പാത്രമാക്കിയെടുത്തു, നിങ്ങൾ എന്നെ സ്മരിക്കുന്നത് മറക്കുവോളം അവരെ നിങ്ങൾ പരിഹാസ്യമായി എടുത്തു. നിങ്ങൾ അവരെക്കുറിച്ച് ചിരിച്ചുകൊണ്ടേയിരുന്നു.

إِنِّى جَزَيْتُهُمُ ٱلْيَوْمَ بِمَا صَبَرُوٓا۟ أَنَّهُمْ هُمُ ٱلْفَآئِزُونَ ۝

23:112- അവർ ക്ഷമിച്ചിരുന്നതുകൊണ്ട് തീർച്ചയായും ഇന്ന് ഞാൻ അവർക്ക് പ്രതിഫലം നൽകിയിരിക്കുന്നു. തീർച്ചയായും അവർ തന്നെയാകുന്നു വിജയം നേടിയവർ.

അവിശ്വാസികളുടെ പരിഹാസത്തിനെതിരെ വിശ്വാസികൾ സഹനം കൈകൊള്ളേണ്ട ആവശ്യകതയെ ഈ സൂക്തങ്ങൾ എടുത്തു കാണിക്കുന്നു. കാരണം അവർ കാണിക്കുന്ന ക്ഷമ അപാരമായ ദൈവികാനുഗ്രഹത്തിന് കാരണമായിത്തീരുന്നതാണ്. അതു പോലെ നാം മറ്റുള്ളവരെ പരിഹസിക്കുന്നതിനെതിരായും ഈ വാക്യങ്ങൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നു. അപ്പോൾ നാം ദൈവസന്നിധിയിൽ നിന്ദ്യരായിത്തീരുന്നതാണ്.

മറ്റുള്ളവരെ പരിഹസിക്കുന്നവർ സ്വയം തന്നെ വലിയവർ എന്നു നടിക്കുന്നവരായിരിക്കുമല്ലോ. ഇങ്ങനെയുള്ള പ്രവർത്തനഫലമായി സൽക്കർ

മ്മങ്ങൾ പ്രവർത്തിക്കാനുള്ള സാഹചര്യം അവർ സ്വയം നഷ്ടപ്പെടുത്തുന്നു. സൽക്കർമ്മങ്ങളുടെ അഭാവം ഈശ്വര വിചാരത്തെ മനസ്സിൽ നിന്ന് അകറ്റിക്കളയുന്നതാണെന്ന് ഈ വാക്യങ്ങൾ നമ്മെ ഉണർത്തുന്നു.

38- വിശ്വാസികളുടെ വേറൊരു ദുആ

فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۖ لَآ إِلَٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْكَرِيمِ ﴿١١٦﴾

23:117- യഥാർത്ഥ രാജാവായ അല്ലാഹു പരമോന്നതനാകുന്നു. അവ നല്ലാതെ ദൈവമേയില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനാകുന്നു അവൻ.

وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ

فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ ﴿١١٧﴾

23:118- അല്ലാഹുവിനോടൊപ്പം മറ്റൊരു ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുന്നവന് അവന്റെയടുക്കൽ അതിന് ഒരു തെളിവും ഇല്ല. എന്നാൽ അവന്റെ കണക്കുവിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ തന്നെയായിരിക്കും. തീർച്ചയായും അവിശ്വാസികൾ വിജയിക്കുകയില്ല.

وَقُل رَّبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّٰحِمِينَ ﴿١١٨﴾

23:119- പറയുക: എന്റെ രക്ഷിതാവേ, നീ പൊറുത്തു തരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണ്യവാന്മാരിൽ അത്യുത്തമനാകുന്നു.

ദൈവം എല്ലാം അറിയുന്നവനായതു കൊണ്ട് വേറൊരു ദൈവം ഉണ്ടായിരുന്നുവെങ്കിൽ അത് ആദ്യം തന്നെ ഏക ദൈവം അറിയുമായിരുന്നു. അവനല്ലാതെ വോറൊരു ദൈവമില്ല എന്ന ഏകദൈവത്തിന്റെ പ്രവചനം യുക്തിപരമായിത്തന്നെ സത്യമായിത്തീരുന്നു. മറ്റുദൈവങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അവർ അവരുടെ സാന്നിദ്ധ്യം വെളിപ്പെടുത്തുകയും ഈ പ്രസ്താവന തെറ്റാണെന്ന് ചൂണ്ടി കാണിക്കുകയും ചെയ്യേണ്ടതായിരുന്നു. പൂർവ്വീകരുടെ ചെയ്തികളെ യുക്തിചിന്തകൾക്ക് വിധേയമാക്കാതെയുള്ള അന്ധമായ അനുകരണമാണ് ബഹുദൈവ വിശ്വാസത്തിലേക്ക് കൊണ്ടെത്തിക്കുന്നത്. വേദഗ്രന്ഥങ്ങളിൽ അതിന് ഉപോൽബലകമായ തെളിവുകൾ കണ്ടെത്തുവാൻ സാധിക്കുകയില്ല.

ഏക ദൈവവിശ്വാസത്തെ പ്രഖ്യാപിക്കുന്നവർ എല്ലാം തന്നെ നൂറു ശതമാനവും ആ വിശ്വാസത്തിൽ ജീവിതം നയിക്കുന്നവരല്ല. അവരുടെ ബലഹീനതകൾ അവരുടെ ജീവിതത്തിൽ വീഴ്ചകൾ ഉണ്ടാക്കുന്നു. നാം മറ്റു

ള്ളവരെ പേടിച്ചുകൊണ്ട് കളവു പറഞ്ഞു പോകുന്നത് ഇതിനൊരുദാ ഹരണമാണ്. അതു കൊണ്ടാണ് പൊറുക്കുവാനും കരുണ കാണിക്കുവാ നും ദൈവത്തോട് പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിരിക്കുന്നത്.

39- നരകശിക്ഷക്കെതിരായി വിശ്വാസികളുടെ പ്രാർത്ഥന

وَعِبَادُ ٱلرَّحۡمَـٰنِ ٱلَّذِينَ يَمۡشُونَ عَلَى ٱلۡأَرۡضِ هَوۡنًا

وَإِذَا خَاطَبَهُمُ ٱلۡجَـٰهِلُونَ قَالُواْ سَلَـٰمًا ۝

25:64- പരമകാരുണികന്റെ ദാസന്മാൽ വിനയത്തോടെ ഭൂമിയിൽ നട ക്കുന്നവരാകുന്നു. അജ്ഞന്മാർ അവരെ സംബോധന ചെയ്യുമ്പോൾ അവർ പറയുന്നു സലാം. (അവർ സലാം പറഞ്ഞു പിരിയുന്നതാ യിരിക്കും).

وَٱلَّذِينَ يَبِيتُونَ لِرَبِّهِمۡ سُجَّدًا وَقِيَـٰمًا ۝

25:65- തങ്ങളുടെ രക്ഷിതാവിന് പ്രണാമം ചെയ്യുന്നവരായിക്കൊണ്ടും, നിന്ന് നമസ്കരിക്കുന്നവരായിക്കൊണ്ടും രാത്രി കഴിച്ചു കൂട്ടുന്നവരുമാ കുന്നു അവർ.

وَٱلَّذِينَ يَقُولُونَ رَبَّنَا ٱصۡرِفۡ عَنَّا عَذَابَ جَهَنَّمَۖ إِنَّ عَذَابَهَا كَانَ غَرَامًا ۝

25:66- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷയെ നീ അകറ്റിത്തരേണമേ എന്ന് പറയുന്നവർ. തീർച്ചയായും ആ ശിക്ഷ അഭേ ദ്യം തന്നെയാണ്.

إِنَّهَا سَآءَتۡ مُسۡتَقَرًّا وَمُقَامًا ۝

24:67- തീർച്ചയായും അത് ഒരു പാർപ്പിടമായും വിശ്രമസ്ഥാനമായും ചീത്തയാകുന്നു.

ദൈവവിശ്വാസികളുടെ ഏറ്റവും വലിയ പ്രത്യേകതയാണ് അവർ ലളിത മായി ജീവിതം നയിക്കുന്നവരാണെന്നതും വിനയത്തോടെ പെരുമാറുന്ന വരാണ് എന്നതും. ഇവിടെ എടുത്തു പറഞ്ഞ അജ്ഞന്മാർ യഥാർത്ഥ ത്തിൽ ദൈവത്തെക്കുറിച്ചും അവന്റെ ഗുണമാഹാത്മ്യങ്ങളെക്കുറിച്ചും വിവരമില്ലാത്തവരാണ്. അവർ ദൈവത്തിന് സൃഷ്ടികളുടെ ഗുണങ്ങൾ സങ്കൽപ്പിച്ചു കൊടുക്കുകയും സൃഷ്ടികളെ കാണുന്ന രീതിയിൽ ദൈവ ത്തെ കാണുവാൾ ശ്രമിക്കുകയും ചെയ്യുന്നു. സ്വയം വലിയവരാണെന്ന് നടിച്ച് ദൈവത്തിന്റെ ഗുണമാഹാത്മ്യങ്ങളെക്കുറിച്ച് വിതർക്കങ്ങളിൽ ഏ

ർപ്പെടുന്നവരാണ് വേറൊരു വിഭാഗം. ഇങ്ങനെയുള്ള തർക്കവിതർക്കങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവരായിരിക്കും വിശ്വാസികളെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ ഗുണമാഹാത്മ്യങ്ങളെക്കുറിച്ച് അനാവശ്യമായി തർക്കങ്ങളിൽ ഏർപ്പെടുന്നവർ അവസാനം നരകശിക്ഷക്ക് അർഹരായിത്തീരാനുള്ള സാധ്യതകളുള്ളതു കൊണ്ടാണ് വിശ്വാസികളോട് നരകശിക്ഷയിൽ നിന്ന് മോചനം നേടുവാൻ പ്രാർത്ഥിക്കുവാൻ പറഞ്ഞിരിക്കുന്നത്.

40- സഹവാസികളിൽനിന്ന് കൺകുളിർമ്മ ലഭിക്കുവാനുള്ള പ്രാർത്ഥന

وَٱلَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ۝

25:75- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഇണകളിൽനിന്നും ഞങ്ങളുടെ സന്താനങ്ങളിൽനിന്നും നീ ഞങ്ങൾക്ക് കൺകുളിർമ നൽകേണമേ. നീ ഞങ്ങളെ സൂക്ഷ്മത പാലിക്കുന്നവർക്ക് മാതൃകയാക്കുകയും ചെയ്യേണമേ എന്നു പറയുന്നവരും (ആണ് വിശ്വാസികൾ).

أُو۟لَٰٓئِكَ يُجْزَوْنَ ٱلْغُرْفَةَ بِمَا صَبَرُوا۟ وَيُلَقَّوْنَ فِيهَا تَحِيَّةً وَسَلَٰمًا ۝

25:76- അവർ ക്ഷമ കൈകൊണ്ടതിന്റെ ഫലമായി അവർക്ക് ഉന്നത പദവികൾ പ്രതിഫലം നൽകപ്പെടുന്നതും അഭിവാദനത്തോടും സമാധാനാശംസയോടും കൂടി അവരവിടെ സ്വീകരിക്കപ്പെടുന്നതുമാണ്.

خَٰلِدِينَ فِيهَا ۚ حَسُنَتْ مُسْتَقَرًّا وَمُقَامًا ۝

25:77- അവരതിൽ നിത്യമായി വസിക്കുന്നതാണ്. ഒരു പാർപ്പിടവും വിശ്രമസ്ഥാനവുമെന്ന നിലയിൽ ഉത്തമമായതാകുന്നു അത്.

നമ്മുടെ ചുറ്റുപാടുമുള്ളവരുടെ സ്നേഹപ്രകടനങ്ങളാണ് യഥാർത്ഥത്തിൽ നമ്മുടെ ജീവിതത്തെ സമ്പുഷ്ടമാക്കുന്നത്. നമ്മെ വെറുക്കുന്നവരുടെയും നാം വെറുക്കുന്നവരുടെയും ഇടയിൽ നാം താമസിക്കുമ്പോൾ നമ്മുടെ ജീവിതം ദുസ്സഹമായിത്തീരുകയും മനോവ്യഥകൾ വർദ്ധിച്ചുവരികയും ചെയ്യുന്നു. നമ്മുടെ ജീവിതത്തുടിപ്പിന്റെ അത്ര തന്നെ പ്രധാന്യം ഈ പ്രാർത്ഥനക്കുണ്ട്. നമ്മുടെ ഭാര്യാമക്കളാണ് ഈ പ്രാർത്ഥനയിലെ പ്രഥമ സംബോധിതരെങ്കിലും ഇതിന്റെ വ്യാപ്തി അവരിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. നമ്മുടെ മാതാപിതാക്കളിലും സഹോദരീസഹോദരന്മാരിലും അടുത്ത ബന്ധുക്കളിലും സ്നേഹിതന്മാരിലും നമ്മുടെ കൂടെ ജോലിയെടുക്കുന്നവരിലും നമ്മുടെ ഉദ്യോഗമേധാവികളിലും മുഴുവൻ ലോകജനതയിലും ഈ പ്രാർത്ഥനയുടെ ഫലം വ്യാപിച്ചു നിൽക്കുന്നു. ഇവിടെ ക്ഷമയുടെ മഹത്വത്തെ എടുത്തു

പറഞ്ഞിരിക്കുകയാണ്. കാരണം ഇത്തരത്തിലുള്ള കൺകുളിർമ്മ നമ്മുടെ മനസ്സിൽ അലയടിക്കണമെങ്കിൽ നാം ക്ഷമയുള്ളവരും മറ്റുള്ള വരുടെ തെറ്റുകൾ ഒരു പരിധിവരെ പൊറുത്തു കൊടുക്കുന്നവരുമായിരി ക്കണം. കൂടാതെ നാം സ്വയം നല്ലൊരു മാതൃകയായിരിക്കണം. നമ്മുടെ നല്ല മാതൃക അനുകരിച്ചുകൊണ്ടു വേണം നമ്മുടെ ഭാര്യാമക്കളും നല്ലവ രായിത്തീരാൻ. അപ്പോഴാണ് നമുക്ക് യഥാർത്ഥത്തിൽ അവരിൽനിന്ന് കൺകുളിർമ്മ ലഭിക്കുക.

41- ഇബ്രാഹീം നബി (അ) ന്റെ പ്രാർത്ഥന

رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِالصَّالِحِينَ ۝

26:84- എന്റെ നാഥാ, നീ എനിക്ക് വിജ്ഞാനം നൽകുകയും നീ എ ന്നെ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ.

وَاجْعَل لِّي لِسَانَ صِدْقٍ فِي الْآخِرِينَ ۝

26:85- പിൻതലമുറക്കാരിൽ നീ എനിക്ക് സൽകീർത്തി ഉണ്ടാക്കിത്തരി കയും ചെയ്യേണമേ.

وَاجْعَلْنِي مِن وَرَثَةِ جَنَّةِ النَّعِيمِ ۝

26:86- ആനന്ദനിർഭരമായ സ്വർഗ്ഗത്തിന്റെ അവകാശികളിൽ എന്നെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ.

ഇവിടെ ഉദ്ദേശിക്കുന്ന വിജ്ഞാനം ഭൗതിക വസ്തുക്കളെക്കുറിച്ചുള്ള വിജ് ഞാനമല്ല. അത് വിജ്ഞാനത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഉൾപ്പെടു ന്നതുകൊണ്ട് അതും ഈ പ്രാർത്ഥനയുടെ ഒരു ഭാഗമാണുതാനും. എന്നാൽ ഇവിടെ പ്രസക്തിയുള്ള വിജ്ഞാനം ദൈവത്തെക്കുറിച്ചുള്ള അവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അവന്റെ പ്രവർത്തനങ്ങളെക്കുറി ച്ചുള്ള അറിവാണ്. ഈ ജ്ഞാനത്തിന്റെ വർദ്ധനവാണ് നമ്മെ യഥാർ ത്ഥത്തിൽ സൽക്കർമ്മങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നതും സജ്ജനങ്ങ ളാക്കി മാറ്റുന്നതും. അതു കൊണ്ടാണ് വിജ്ഞാനം കനിഞ്ഞു നൽകു വാൻ പ്രാർത്ഥിച്ചതോടൊപ്പം സജ്ജനങ്ങളോട് ചേർക്കുവാനും ആവശ്യ പ്പെട്ടിരിക്കുന്നത്. ഒരാൾ ചെയ്യുന്ന നല്ലകർമ്മങ്ങളാണ് അയാളെക്കുറി ച്ചുള്ള മാന്യത പിൻതലമുറയിൽ അവശേഷിപ്പിക്കുന്നത്. അതേ കർമ്മ ങ്ങൾ തന്നെ അയാളെ സ്വർഗ്ഗത്തിനവകാശിയാക്കിത്തീർക്കുകയും ചെയ്യുന്നു. വിജ്ഞാനവും സൽക്കർമ്മങ്ങളും മാന്യമായ അനുസ്മര ണവും സ്വർഗ്ഗീയാനന്ദവും എല്ലാം തന്നെ ഒരേ ചരടിലെ കണ്ണികളെ പ്പോലെ കോർത്തിരിക്കയാണ്.

എല്ലാ പ്രവാചകന്മാരും സ്വർഗ്ഗത്തിന്റെ അവകാശികളാണ്. എന്നിട്ടും

ആ സ്വർഗ്ഗത്തിനു വേണ്ടി അല്ലാഹുവിനോട് അവർ കേണപേക്ഷിച്ചു കൊണ്ടിരുന്നതു കാണുക. അപ്പോൾ സാധാരണക്കാരായ നാം അല്ലാഹുവിനോട് എത്ര മാത്രം കരഞ്ഞു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

42- നൂഹ് നബി(അ)ന്റെ പ്രാർത്ഥന

قَالُواْ لَئِن لَّمْ تَنتَهِ يَـٰنُوحُ لَتَكُونَنَّ مِنَ ٱلْمَرْجُومِينَ ﴿١١٦﴾

26:117- അവർ പറഞ്ഞു: നീ (നിന്റെ സന്ദേശത്തിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ ഹേ നൂഹ്, നിന്നെ (ഞങ്ങൾ) കല്ലെറിഞ്ഞു കൊല്ലുന്നതാണ്.

قَالَ رَبِّ إِنَّ قَوْمِى كَذَّبُونِ ﴿١١٧﴾

26:118- അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത എന്നെ നിഷേധിച്ചിരിക്കുന്നു.

فَٱفْتَحْ بَيْنِى وَبَيْنَهُمْ فَتْحًا وَنَجِّنِى وَمَن مَّعِىَ مِنَ ٱلْمُؤْمِنِينَ ﴿١١٨﴾

26:119- അതുകൊണ്ട് അവർക്കും എനിക്കും മദ്ധ്യേ നീ വിധി കല്പിക്കുകയും എന്നെയും എന്റെ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷപ്പെടുത്തുകയും ചെയ്യേണമേ.

അവിശ്വാസികൾ വിശ്വാസികളോട് കാണിച്ച ക്രൂരതയ്ക്ക് മറ്റൊരുദാഹരണം. അവരോട് അങ്ങോട്ട് കല്ലെറിയുമെന്ന് പറയാതെ വിധിതീർപ്പ് നടത്തുവാനായി അല്ലാഹുവിനോട് അപേക്ഷിച്ചിരിക്കുന്നു. കല്ലേറും ദ്രോഹവും എപ്പോഴും അഴിച്ചുവിട്ടു കൊണ്ടിരുന്നത് അവിശ്വാസികളായിരുന്നു. വിശ്വാസികൾ അതൊക്കെ സഹിച്ചു കൊണ്ട് സഹായത്തിനു വേണ്ടി അല്ലാഹുവിനോട് അപേക്ഷിക്കുകയായിരുന്നു ചെയ്തു കൊണ്ടിരുന്നത്.

43- മാതാപിതാക്കൾക്കു വേണ്ടി സുലൈമാൻ നബി (അ) ന്റെ പ്രാർത്ഥന

وَحُشِرَ لِسُلَيْمَـٰنَ جُنُودُهُۥ مِنَ ٱلْجِنِّ وَٱلْإِنسِ وَٱلطَّيْرِ فَهُمْ يُوزَعُونَ ﴿١٧﴾

27:18- സുലൈമാനു വേണ്ടി ജിന്നിലും മനുഷ്യരിലും പക്ഷികളിലും പെട്ട തന്റെ സൈന്യങ്ങൾ അണിനിരത്തപ്പെട്ടു.

حَتَّىٰٓ إِذَآ أَتَوْا۟ عَلَىٰ وَادِ ٱلنَّمْلِ قَالَتْ نَمْلَةٌ يَـٰٓأَيُّهَا ٱلنَّمْلُ ٱدْخُلُوا۟ مَسَـٰكِنَكُمْ

لَا يَحْطِمَنَّكُمْ سُلَيْمَٰنُ وَجُنُودُهُۥ وَهُمْ لَا يَشْعُرُونَ ﴿١٩﴾

27:19– അങ്ങനെ അവർ ഉറുമ്പിന്റെ താഴ്വരയിൽ എത്തിയപ്പോൾ ഒരു ഉറമ്പു പറഞ്ഞു: ഹേ ഉറുമ്പുകളേ, നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചു കൊള്ളുവിൻ. സുലൈമാനും സൈന്യങ്ങളും അവർ അറിയാതെ നിങ്ങളെ ചവിട്ടാതിരിക്കുന്നതിനുവേണ്ടി

فَتَبَسَّمَ ضَاحِكًا مِّن قَوْلِهَا وَقَالَ رَبِّ أَوْزِعْنِيٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِيٓ أَنْعَمْتَ عَلَيَّ وَعَلَىٰ

وَٰلِدَيَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ ٱلصَّٰلِحِينَ ﴿٢٠﴾

27:20– അപ്പോൾ അതിന്റെ സംസാരത്തിൽ വിസ്മയിച്ച് അദ്ദേഹം പുഞ്ചിരിച്ചു. അദ്ദേഹം പറഞ്ഞു, എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ നൽകിയ അനുഗ്രഹത്തിന് ഞാൻ നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽപ്രവൃത്തി ഞാൻ ചെയ്യുന്നതിനും വേണ്ടി നീ എനിക്ക് പ്രേരണ നല്കേണമേ. നിന്റെ കാരുണ്യത്താൽ സദ്വൃത്തരായ നിന്റെ ദാസന്മാരിൽ എന്നെയും നീ ഉൾപ്പെടുത്തേണമേ.

ഇവിടെ ഉറുമ്പു കൊണ്ടുദ്ദേശിക്കുന്നത് സാധാരണ പൗരന്മാരാവാനാണ് സാധ്യത. സുലൈമാൻ നബി (അ) ന്റെ സൈന്യങ്ങൾ അവരെ ശത്രുക്കളാണെന്ന് കരുതി അക്രമിക്കാതിരിക്കുവാനും സുലൈമാന്റെ പടയോട്ടത്തിൽ നിന്നും രക്ഷനേടുവാനും വേണ്ടി അവരുടെ വീടുകളിൽ പോയി വാതിലടച്ചു അകത്തു കൂടുവാനുള്ള ആഹ്വാനമാണിത്. സാധാരണ ഭരണാധികാരികൾ വിജയലഹരിയിൽ തലമറന്ന് എണ്ണതേക്കുമ്പോൾ സുലൈമാൻനബി(അ) അദ്ദേഹത്തിലും അദ്ദേഹത്തിന്റെ മാതാപിതാക്കളിലും ഉണ്ടായ അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കുകയും കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുവാനുള്ള സൗഭാഗ്യത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. യഥാർത്ഥ വിശ്വാസികൾ ഇങ്ങനെ പ്രാർ ിക്കുന്നവരായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രാർത്ഥന അല്പം ഭേദഗതിയോടെ വേറൊരിടത്ത് ഉദ്ധരിച്ചിട്ടുണ്ട്. (46:16).

44– മൂസാ നബി (അ) ന്റെ ദുആ

وَدَخَلَ ٱلْمَدِينَةَ عَلَىٰ حِينِ غَفْلَةٍ مِّنْ أَهْلِهَا فَوَجَدَ فِيهَا رَجُلَيْنِ يَقْتَتِلَانِ هَٰذَا مِن شِيعَتِهِۦ

وَهَٰذَا مِنْ عَدُوِّهِۦ ۖ فَٱسْتَغَٰثَهُ ٱلَّذِي مِن شِيعَتِهِۦ عَلَى ٱلَّذِي مِنْ عَدُوِّهِۦ فَوَكَزَهُۥ مُوسَىٰ

فَقَضَىٰ عَلَيْهِ ۖ قَالَ هَٰذَا مِنْ عَمَلِ الشَّيْطَانِ ۖ إِنَّهُ عَدُوٌّ مُضِلٌّ مُبِينٌ ﴿١٥﴾

28:16– പട്ടണവാസികൾ ശ്രദ്ധിക്കാതിരുന്ന ഒരു സമയത്ത് അദ്ദേഹം അവിടെ പ്രവേശിച്ചു. അപ്പോൾ അവിടെ രണ്ടുപേർ അന്യോന്യം അടി പിടി കൂടുന്നത് അദ്ദേഹം കണ്ടു. ഒരാൾ തന്റെ കക്ഷിയിലുള്ളവനും മറ്റെയാൾ തന്റെ ശത്രു പക്ഷത്തുള്ളവനും. അപ്പോൾ തന്റെ കക്ഷി യിൽ പെട്ടവൻ തന്റെ ശത്രുപക്ഷക്കാരനെതിരിൽ അദ്ദേഹത്തോട് സഹായഭ്യർത്ഥന നടത്തി. അപ്പോൾ മൂസാ നബി അവനെ മുഷ്ടി ചുരുട്ടി അടിച്ചു. അങ്ങനെ അവന്റെ കഥ കഴിച്ചു. മൂസാ പറഞ്ഞു, ഇത് പിശാചിന്റെ പണിയാകുന്നു. അവൻ വ്യക്തമായും വഴിതെറ്റി ക്കുന്ന ശത്രുവാകുന്നു.

قَالَ رَبِّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي فَغَفَرَ لَهُ ۚ إِنَّهُ هُوَ الْغَفُورُ الرَّحِيمُ ﴿١٦﴾

28:17– അദ്ദേഹം പറഞ്ഞു, എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോടു തന്നെ തെറ്റു ചെയ്തു പോയിരിക്കുന്നു. അതു കൊണ്ട് എനി ക്ക് നീ പൊറുത്തു തരേണമേ. അപ്പോൾ അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുത്തു. തീർച്ചയായും അവൻ തന്നെയാകുന്നു പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയും.

قَالَ رَبِّ بِمَا أَنْعَمْتَ عَلَيَّ فَلَنْ أَكُونَ ظَهِيرًا لِلْمُجْرِمِينَ ﴿١٧﴾

28:18– അദ്ദേഹം പറഞ്ഞു: എന്റെ നാഥാ, നീ എനിക്ക് അനുഗ്രഹം ചെയ്തു തന്നതിനാൽ കുറ്റവാളികൾക്ക് ഞാൻ ഒരിക്കലും സഹായം ന ൽകുന്നവനാകുകയില്ല.

നാം അറിയാതെ ചെയ്തു പോകുന്ന തെറ്റുകളും നമ്മിൽ നിന്ന് വന്നു പോകുന്ന വീഴ്ചകളും എത്ര തന്നെ ഭീമമായാലും, നാം അകമഴിഞ്ഞ് ദൈവത്തോട് മാപ്പപേക്ഷിക്കുകയാണെങ്കിൽ അതു പൊറുത്തു കിട്ടുന്ന താണെന്നതിനുള്ള വലിയൊരു ഉദാഹരണമാണ് ഈ സംഭവം. മൂസാ നബി (അ) ന്റെ കൈയ്യിൽ നിന്നു വന്നു പോയ പിഴവ് അദ്ദേഹം സ്വയം ഏറ്റെടുക്കുകയും അല്ലാഹുവിനോട് മാപ്പു ചോദിക്കുകയുമാണ് ചെയ്തിരിക്കുന്നത്. വീണ്ടും അങ്ങിനെയൊരു പിഴവ് വരുത്താതിരിക്കാ നുള്ള അദ്ദേഹത്തിന്റെ ദൃഢനിശ്ചയവും തുടർന്നു പ്രഖ്യാപിച്ചിരിക്കുന്നു.

45– സ്വർഗ്ഗവാസികളുടെ പ്രാർത്ഥന

جَنَّاتُ عَدْنٍ يَدْخُلُونَهَا يُحَلَّوْنَ فِيهَا مِنْ أَسَاوِرَ

مِن ذَهَبٍ وَلُؤْلُؤًا ۖ وَلِبَاسُهُمْ فِيهَا حَرِيرٌ ﴿٣٥﴾

35:34– നിത്യനിവാസത്തിനുള്ള സ്വർഗത്തിൽ അവർ പ്രവേശിക്കുന്നതാണ്. സ്വർണ്ണം കൊണ്ടുള്ള കങ്കണങ്ങളും പവിഴങ്ങളും അവിടെ അവർക്ക് അണിയിക്കപ്പെടും. അവിടെ അവരുടെ വസ്ത്രം പട്ടായിരിക്കും.

وَقَالُوا الْحَمْدُ لِلَّهِ الَّذِي أَذْهَبَ عَنَّا الْحَزَنَ ۖ إِنَّ رَبَّنَا لَغَفُورٌ شَكُورٌ ﴿٣٥﴾

35:35– അവർ പറയും: ദു:ഖങ്ങൾ ഞങ്ങളിൽ നിന്ന് നീക്കിക്കളഞ്ഞ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. തീർച്ചയായും ഞങ്ങളുടെ നാഥൻ പൊറുത്തു തരുന്നവനും (പ്രവർത്തനങ്ങളെ) വിലമതിക്കുന്നവനും തന്നെയാകുന്നു.

الَّذِي أَحَلَّنَا دَارَ الْمُقَامَةِ مِن فَضْلِهِ لَا يَمَسُّنَا فِيهَا نَصَبٌ وَلَا يَمَسُّنَا فِيهَا لُغُوبٌ ﴿٣٥﴾

35:36– തന്റെ അനുഗ്രഹത്താൽ സ്ഥിരവാസത്തിനുള്ള ഈ ഭവനത്തിൽ ഞങ്ങളെ താമസിപ്പിച്ചവൻ. ഇവിടെ യാതൊരു ബുദ്ധിമുട്ടും ഞങ്ങളെ ബാധിക്കുകയില്ല. യാതൊരു ക്ഷീണവും ഞങ്ങൾ അനുഭവിക്കുകയുമില്ല.

സൃഷ്ടിയുടെ ലക്ഷ്യപ്രാപ്തിയുടെ പൂർത്തീകരണമാണ് നാമിവിടെ കാണുന്നത്. അല്ലാഹു മനുഷ്യനെ സൃഷ്ടിക്കുകയും അവനു വേണ്ടി സ്വർഗ്ഗവും അതിലെ അനുഭൂതികളും ഒരുക്കിവെക്കുകയും ചെയ്തു. ദൈവം മനുഷ്യനു വേണ്ടി എത്രമാത്രം ഉദാത്തമായ കാരുണ്യമാണ് ഒരുക്കി വെച്ചിട്ടുള്ളത് എന്നതിന് ഏറ്റവും പ്രബലമായ ദൃഷ്ടാന്തം. മനുഷ്യനെ സൃഷ്ടിക്കുകയും അവന് വേണ്ടി സ്വർഗ്ഗം പണിയുകയും ചെയ്തവനായ ദൈവം. എന്നിട്ട് സൽക്കർമ്മങ്ങളിലൂടെ എല്ലാവരോടും സ്വർഗ്ഗം നേടിയെടുക്കുവാൻ പറഞ്ഞ ദൈവം. താന്തോന്നിയും നന്ദികെട്ടവനുമായ മനുഷ്യൻ ദൈവത്തിന്റെ ഈ കരുണാ കടാക്ഷത്തെ അവഗണിച്ചു കൊണ്ട് യാതനകളുടെ ജീവിതം തിരഞ്ഞെടുക്കുന്നു. എന്നിട്ട് അവന്റെ കുറ്റങ്ങൾ കൊണ്ട് ദൈവത്തെ പഴിചാരുന്നു. എന്നാൽ ദൈവിക കാരുണ്യത്തെ മനസ്സിലാക്കുകയും അതിനനുസരിച്ച് ജീവിതം നയിക്കുന്നവരുമായ ഒരു വിഭാഗം സത്യവിശ്വാസികൾ ദൈവകാരുണ്യത്തെ ശരിക്കും നുണച്ചിറക്കുന്നു. അവരുടെ കൃതജ്ഞതയാണ് നമുക്ക് ഈ പ്രാർത്ഥനയിൽ കാണുവാൻ സാധിക്കുന്നത്.

46– ഇബ്രാഹീം നബി (അ) സന്താനലബ്ധിക്കു വേണ്ടി ചെയ്ത പ്രാർത്ഥന.

رَبِّ هَبْ لِي مِنَ الصَّالِحِينَ ﴿١٠٠﴾

37:101– എന്റെ നാഥാ, സദ്വൃത്തനായ (ഒരു മകനെ) എനിക്ക് നീ

പ്രദാനം ചെയ്യേണമേ.

فَبَشَّرْنَٰهُ بِغُلَٰمٍ حَلِيمٍ ۝

37:102– അപ്പോൾ സഹനശീലനായ ഒരു ബാലനെക്കുറിച്ച് നാം അദ്ദേഹത്തെ സന്തോഷവാർത്ത അറിയിച്ചു.

فَلَمَّا بَلَغَ مَعَهُ ٱلسَّعْىَ قَالَ يَٰبُنَىَّ إِنِّىٓ أَرَىٰ فِى ٱلْمَنَامِ أَنِّىٓ أَذْبَحُكَ فَٱنظُرْ
مَاذَا تَرَىٰ ۚ قَالَ يَٰٓأَبَتِ ٱفْعَلْ مَا تُؤْمَرُ ۖ سَتَجِدُنِىٓ إِن شَآءَ ٱللَّهُ مِنَ ٱلصَّٰبِرِينَ ۝

37:103– അങ്ങനെ അദ്ദേഹത്തിന്റെ കൂടെ ആ ബാലൻ അദ്ധ്വാനിക്കുന്ന പ്രായം എത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കുഞ്ഞുമകനേ, നിന്നെ ഞാൻ ബലികൊടുക്കണമെന്ന് ഒരു സ്വപ്നദർശനത്തിൽ ഞാൻ കാണുന്നു. അതുകൊണ്ട് നോക്കൂ, നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: എന്റെ പ്രിയപിതാവേ, അങ്ങയോട് എന്താണോ കല്പിക്കപ്പെടുന്നത് അത് ചെയ്യുക. അല്ലാഹു നിശ്ചയിക്കുന്നുവെങ്കിൽ ക്ഷമാശീലനായി താങ്കൾ എന്നെ കാണുന്നതാണ്.

നമുക്ക് സന്താനങ്ങൾ ജനിക്കുന്നതിനു മുമ്പുതന്നെ അവർ നല്ലവരായിത്തീരുന്നതിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കേണ്ടതിന്റെ പ്രാധാന്യം ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. സ്വപ്ന ദർശനങ്ങൾ ദൈവത്തിൽ നിന്നുള്ള അറിയിപ്പുകളാണെന്ന് ഈ വാക്യങ്ങൾ സ്ഥരീകരിക്കുകയും ചെയ്യുന്നു. സാധാരണ ഒരു ബാലൻ പേടിച്ചു വിറച്ചു പോകാവുന്ന ഒരു പ്രായത്തിൽ ദൈവകല്പന എന്താണോ അത് നിറവേറ്റുവാനുള്ള ആ കൊച്ചു മകന്റെ ക്ഷമാശീലത്തിന് നമുക്ക് മറ്റൊരുദാഹരണം കണ്ടെത്തുവാൻ പ്രയാസം. അതുപോലെ സ്വന്തം മകനെ ദൈവാഭീഷ്ടമാനിച്ച് ബലികൊടുക്കുവാൻ തയ്യാറായ പിതാവിന്റെ ദൃഢനിശ്ചയവും. എന്നാൽ സ്വപ്നത്തിൽ കാണിച്ചിരുന്ന ബലി കൊണ്ടുദ്ദേശിക്കപ്പെട്ടിരുന്നത് നരബലിയായിരുന്നില്ല. ആ കൊച്ചു മകനെയും മാതാവിനെയും വിജനമായ ഒരു സ്ഥലത്ത് ആൾപാർപ്പില്ലാതിരുന്ന സമയത്ത് കഅബ നിർമ്മാണത്തിനു വേണ്ടി നിയോഗിക്കുവാനുള്ള കല്പനയായിരുന്നു അത്. ഈ സ്വപ്നം കണ്ടത് മകൻ കൊച്ചുകുട്ടിയായിരുന്ന സമയത്തല്ല, അദ്ധ്വനിക്കുന്ന പ്രായം എത്തിയപ്പോഴാണെന്നത് ഇവിടെ പ്രത്യേകം സ്മരണീയമാണ്.

47– സത്യവിശ്വാസികളുടെ പ്രാർത്ഥന

قُل لِّلَّهِ ٱلشَّفَٰعَةُ جَمِيعًا ۖ لَّهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ ثُمَّ إِلَيْهِ تُرْجَعُونَ ۝

39:45– പറയുക: ശുപാർശ മുഴുവനും അല്ലാഹുവിനാകുന്നു. ആകാശ

ങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവന്റേതാണ്. പിന്നീട് അവനിലേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നത്.

وَإِذَا ذُكِرَ ٱللَّهُ وَحْدَهُ ٱشْمَأَزَّتْ قُلُوبُ ٱلَّذِينَ لَا يُؤْمِنُونَ
بِٱلْـَٔاخِرَةِ ۖ وَإِذَا ذُكِرَ ٱلَّذِينَ مِن دُونِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

39:46- ഏകനായ അല്ലാഹുവിനെക്കുറിച്ച് മാത്രം അനുസ്മരിക്കപ്പെടുമ്പോൾ പരലോകത്തിൽ വിശ്വാസിമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പടുന്നു. അവനെ കൂടാതെയുള്ള മറ്റു (ദൈവങ്ങളെ)ക്കുറിച്ച് പ്രസ്താവിക്കപ്പെടുമ്പോഴതാ അവർ സന്തോഷഭരിതരായിത്തീരുന്നു.

قُلِ ٱللَّهُمَّ فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ عَٰلِمَ ٱلْغَيْبِ وَٱلشَّهَٰدَةِ
أَنتَ تَحْكُمُ بَيْنَ عِبَادِكَ فِى مَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿٤٦﴾

39:47- പറയുക: ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടാവും അദൃശ്യവും ദൃശ്യവും അറിയുന്നവനുമായ അല്ലാഹുവേ, നിന്റെ ദാസന്മാർക്കിടയിൽ അവർ അന്യോന്യം ഭിന്നിച്ചു നിൽക്കുന്ന കാര്യങ്ങളിൽ നീ തന്നെയാകുന്നു വിധി കൽപ്പിക്കുന്നത്.

സ്വന്തം ആത്മാക്കളോട് തെറ്റു ചെയ്യുന്നവരാണ് ഒന്നിലധികം ദൈവമുണ്ടായിരിക്കുവാൻ ആഗ്രഹിക്കുകയെന്ന് ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നു. സ്വന്തം അഭീഷ്ടങ്ങൾ പൂർത്തിയായി കിട്ടുമെന്ന് മോഹിച്ച് കൊണ്ടാണ് അവർ അങ്ങനെയുള്ള ദൈവങ്ങളെ ആരാധിക്കുന്നത്. എന്നാൽ നേരെ മറിച്ച് ഏകദൈവത്തെ ആരാധിക്കുന്നവർ ദൈവത്തിന്റെ അഭീഷ്ടങ്ങളെ വകവെച്ചു കൊടുക്കുവാൻ തയ്യാറെടുക്കുകയാണ് ചെയ്യുന്നത്. ഇതാണ് കാതലായ വ്യത്യാസം. ബഹുദൈവ വിശ്വാസികൾക്ക് ഏകദൈവത്തെ ഉൾക്കൊള്ളാൻ സാധിക്കാത്തതും ഇതു കൊണ്ടു തന്നെ. എങ്കിലും ബഹു ദൈവവിശ്വാസത്തിന്റെ പേരിൽ അവരോട് യാതൊരു വിധ പ്രകോപനമായ രീതിയിലും പെരുമാറാതെ അല്ലാഹുവിന്റെ വിധിതീർപ്പ് വരുന്നതുവരെ ക്ഷമിച്ചിരിക്കുവാനുള്ള ആഹ്വാനമാണ് തുടർന്നു വന്ന വാക്യത്തിൽ അറിയിച്ചിരിക്കുന്നത്.

48- സ്വർഗ്ഗവാസികളുടെ സ്തുതിഗീതം

وَسِيقَ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ إِلَى ٱلْجَنَّةِ زُمَرًا ۖ حَتَّىٰٓ إِذَا جَآءُوهَا وَفُتِحَتْ
أَبْوَٰبُهَا وَقَالَ لَهُمْ خَزَنَتُهَا سَلَٰمٌ عَلَيْكُمْ طِبْتُمْ فَٱدْخُلُوهَا خَٰلِدِينَ ﴿٧٣﴾

39:74–തങ്ങളുടെ നാഥനോട് ഭയഭക്തിയോടെ ജീവിതം കഴിച്ചുകൂട്ടിയവർ കൂട്ടം കൂട്ടമായി സ്വർഗ്ഗത്തിലേക്ക് ആനയിക്കപ്പെടും. അങ്ങനെ അവർ അവിടെ എത്തുകയും വാതിലുകൾ തുറക്കപ്പെടുകയും ചെയ്യുമ്പോൾ അതിന്റെ കാവൽക്കാൽ അവരോട് പറയും: നിങ്ങൾക്കു സമാധാനം. നിങ്ങൾ സന്തോഷഭരിതരായിരിക്കുവിൻ. നിത്യവാസികളായിക്കൊണ്ട് നിങ്ങൾ ഇതിൽ പ്രവേശിക്കുവിൻ.

وَقَالُواْ ٱلۡحَمۡدُ لِلَّهِ ٱلَّذِي صَدَقَنَا وَعۡدَهُۥ وَأَوۡرَثَنَا ٱلۡأَرۡضَ

نَتَبَوَّأُ مِنَ ٱلۡجَنَّةِ حَيۡثُ نَشَآءُۖ فَنِعۡمَ أَجۡرُ ٱلۡعَٰمِلِينَ ٧٤

39:75– അവർ പറയും: തന്റെ വാഗ്ദാനം ഞങ്ങൾക്കു നിറവേറ്റിത്തരികയും സ്വർഗ്ഗത്തിൽ നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് വസിക്കാവുന്ന രീതിയിൽ ഈ (സ്വർഗ) ഭൂമി ഞങ്ങൾക്കു അനന്തരാവകാശമാക്കിത്തരികയും ചെയ്തുതന്ന അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും. അപ്പോൾ (നന്മ) പ്രവർത്തിച്ചവരുടെ പ്രതിഫലം എത്ര വിശിഷ്ടം.

وَتَرَى ٱلۡمَلَٰٓئِكَةَ حَآفِّينَ مِنۡ حَوۡلِ ٱلۡعَرۡشِ يُسَبِّحُونَ بِحَمۡدِ

رَبِّهِمۡۖ وَقُضِيَ بَيۡنَهُم بِٱلۡحَقِّ وَقِيلَ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ٧٥

39:76– സിംഹാസനിത്തിനു ചുറ്റും തങ്ങളുടെ നാഥന്റെ സ്തുതികീർത്തനം ചെയ്തുകൊണ്ട് തിങ്ങിപ്പൊതിയുന്നവിധം മലക്കുകളെ നീ കാണും. അവർക്കിടയിൽ സത്യത്തോടെ വിധിക്കപ്പെടും. പറയപ്പെടും: ലോകങ്ങളുടെ നാഥനായ അല്ലാഹുവിനു സ്തുതി.

മനുഷ്യ സൃഷ്ടിയുടെ പിറകിലുള്ള ദൈവത്തിന്റെ ഏറ്റവും സുന്ദരവും അതിമഹനീയവുമായ കാരുണ്യം നിറഞ്ഞ ഉദ്ദേശ്യങ്ങൾക്കു പൂർണ്ണത കൈവരുന്ന നിമിഷത്തിന്റെ ഒരു വെളിവെട്ടം നമുക്കീ വാക്യങ്ങളിൽ കാണുവാൻ സാധിക്കുന്നു. ദൈവത്തിന്റെ അനർഘമായ കാരുണ്യത്തിനു മുമ്പിൽ നമ്മുടെ ഹൃദയത്തിൽ എന്തെന്നില്ലാത്തൊരു സ്പന്ദനത്തിന്റെ തുടിപ്പുകൾ. മലക്കുകൾ ആനയിച്ചു കൊണ്ടു പോകുന്ന ഈ രംഗത്തിന് പ്രപഞ്ചത്തിലുള്ള എല്ലാ രത്നങ്ങളും മുത്തുകളും സുഗന്ധ ദ്രവ്യങ്ങളും വർണ്ണങ്ങളും ശോഭകളും ഒത്തു ചേർന്നാൽ പോലും ലഭിക്കാത്തൊരു അനൗപമ കാന്തിയും സൗരഭ്യവും അടങ്ങിയിരിക്കുന്നു.

49- വിശ്വാസികൾക്കു വേണ്ടിയുള്ള മലക്കുകളുടെ പ്രാർത്ഥന

ٱلَّذِينَ يَحْمِلُونَ ٱلْعَرْشَ وَمَنْ حَوْلَهُۥ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيُؤْمِنُونَ بِهِۦ وَيَسْتَغْفِرُونَ لِلَّذِينَ ءَامَنُوا۟
رَبَّنَا وَسِعْتَ كُلَّ شَىْءٍ رَّحْمَةً وَعِلْمًا فَٱغْفِرْ لِلَّذِينَ تَابُوا۟ وَٱتَّبَعُوا۟ سَبِيلَكَ وَقِهِمْ عَذَابَ ٱلْجَحِيمِ ﴿٤٠:٠٨﴾

40:08- ദൈവസിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റുമുള്ളവരും തങ്ങളുടെ നാഥനെ സ്തുതി കീർത്തനം ചെയ്യുന്നു. അവർ അവനിൽ വിശ്വസിക്കുകയും വിശ്വാസികൾക്കു വേണ്ടി പൊറുത്തു കൊടുക്കുവാൻ അപക്ഷിക്കുകയും ചെയ്യുന്നു: ഞങ്ങളുടെ നാഥാ, നീ കാരുണ്യവും ജ്ഞാനവും മുഖേനെ എല്ലാ വസ്തുക്കളിലും വ്യാപിച്ചു നില്ക്കുന്നു. അതുകൊണ്ട് നിന്നെ ലക്ഷ്യമാക്കുകയും നിന്റെ മാർഗ്ഗത്തെ പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തു കൊടുക്കേണമേ. നരക ശിക്ഷയിൽ നിന്ന് അവരെ നീ രക്ഷിക്കുകയും ചെയ്യേണമേ.

رَبَّنَا وَأَدْخِلْهُمْ جَنَّـٰتِ عَدْنٍ ٱلَّتِى وَعَدتَّهُمْ وَمَن صَلَحَ مِنْ
ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّـٰتِهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿٤٠:٠٩﴾

40:09- ഞങ്ങളുടെ നാഥാ, അവർക്കു നീ വാഗ്ദത്തം ചെയ്ത നിത്യ നിവാസത്തോട്ടങ്ങളിൽ അവരെയും അവരുടെ പിതാക്കളിലും ഭാര്യമാരിലും സന്താനങ്ങളിലും നിന്നുമുള്ള സദ്വൃത്തരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു സർവ്വശക്തനും സർവ്വ തന്ത്രജ്ഞനും.

وَقِهِمُ ٱلسَّيِّـَٔاتِ ۚ وَمَن تَقِ ٱلسَّيِّـَٔاتِ يَوْمَئِذٍ فَقَدْ رَحِمْتَهُۥ ۚ وَذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٤٠:١٠﴾

40:10- അവരെ നീ തിന്മകളിൽ നിന്ന് രക്ഷിക്കേണമേ. ആ ദിനം തിന്മകളിൽ നിന്ന് ആരെ നീ രക്ഷിച്ചുവോ അപ്പോൾ അവന് നീ കരുണ ചെയ്തിരിക്കുന്നു. അതത്രേ മഹത്തായ നേട്ടം.

മാലാഖമാരുടെ മേലാധികാരികളെയാണ് ഇവിടെ ദൈവസിംഹാസനം വഹിക്കുന്നവരായി ചിത്രീകരിച്ചിരിക്കുന്നത്. അതിന്റെ ചുറ്റുമുള്ളവർ അവരുടെ കീഴെയുള്ളവരെ സൂചിപ്പിക്കുന്നു. വിശ്വാസികൾക്കുപൊറുത്തു കൊടുക്കുവാൻ പ്രാർത്ഥിക്കുവാൻ വേണ്ടി അല്ലാഹു ഒരു കൂട്ടം മലക്കുകളെ തന്നെ നിയോഗിച്ചിരിക്കുകയാണ്. പ്രാർത്ഥിക്കുന്നതോടൊപ്പം അതിനുവേണ്ട സാഹചര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കേണ്ട ചുമതലയും മലക്കുകൾക്കു തന്നെയാണ്. ഈ പ്രാർത്ഥനയുടെ ഫലമായി നരകത്തിൽ നിന്ന് എല്ലാവരെയും മോചിപ്പിക്കുന്ന ഒരു ദിനം വന്നണയു

ന്നതാണ്. ദൈവ കാരുണ്യത്തിന്റെ വേറൊരു ദൃഷ്ടാന്തം.

50- വാഹനങ്ങളിൽ കയറുമ്പോൾ ചൊല്ലേണ്ട ദുആ

وَٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا وَجَعَلَ لَكُم مِّنَ ٱلْفُلْكِ وَٱلْأَنْعَٰمِ مَا تَرْكَبُونَ ۝

43:13- എല്ലാ ഇണകളെയും സൃഷ്ടിച്ചവൻ. നിങ്ങൾക്ക് സവാരി ചെയ്യാനായി കപ്പലുകളും നാൽക്കാലി മൃഗങ്ങളും ഏർപ്പെടുത്തിത്ത രികയും ചെയ്തവൻ.

لِتَسْتَوُۥا۟ عَلَىٰ ظُهُورِهِۦ ثُمَّ تَذْكُرُوا۟ نِعْمَةَ رَبِّكُمْ إِذَا ٱسْتَوَيْتُمْ عَلَيْهِ

وَتَقُولُوا۟ سُبْحَٰنَ ٱلَّذِى سَخَّرَ لَنَا هَٰذَا وَمَا كُنَّا لَهُۥ مُقْرِنِينَ ۝

43:14- - നിങ്ങൾ അവയുടെ പുറത്തു ഉറച്ചിരിക്കുവാനും ഉറച്ചിരുന്നതി നുശേഷം നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹം നിങ്ങൾ സ്മരിക്കു വാനും നിങ്ങൾ ഇങ്ങനെ പറയുവാനും വേണ്ടി: ഇതിനെ ഞങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നവൻ പരിശുദ്ധനാകുന്നു. ഇതിനെ കീഴ്പ്പെടുത്തുവാൻ സ്വയം ഞങ്ങൾക്കു സാധിക്കുമായിരുന്നില്ല.

وَإِنَّآ إِلَىٰ رَبِّنَا لَمُنقَلِبُونَ ۝

43:15- -തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ നാഥന്റെ അടുക്കലേക്ക് തിരിച്ചു ചെല്ലുന്നവരാകുന്നു.

വിശ്വാസികൾ അവരുടെ ഓരോ വ്യവഹാരത്തിലും ദൈവികാനുഗ്രഹ ങ്ങളെ വിലമതിക്കുന്നവരും കൃതജ്ഞത പ്രകടിപ്പിക്കുന്നവരും ആയിരി ക്കണം. നാം നിത്യേനെ വാഹനങ്ങളിൽ കയറിപ്പോകുന്നവരാണെങ്കിലും അത് നമുക്ക് സൗകര്യപ്പെടുത്തിത്തന്ന ദൈവത്തെ നാം സൗകര്യപൂർവ്വം മറക്കുകയാണ് ചെയ്യാറ്. മനുഷ്യനു വേണ്ടി ദൈവം ഒരുക്കിവെച്ച എണ്ണി ത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്ത അനുഗ്രഹങ്ങളിൽ ഒന്നായി വാഹന ങ്ങളെ ഇവിടെ ചൂണ്ടികാണിച്ചിരിക്കുകയാണ്. നാം നമ്മുടെ നാഥനി ലേക്ക് തിരിച്ചു ചെല്ലുന്നവരാണ് എന്ന ഭാഗം വാഹന സഞ്ചാരത്തിൽ പതിയിരിക്കുന്ന അപകട സാദ്ധ്യതകളെയാണ് ഓർമ്മിപ്പിക്കുന്നത്. നമുക്ക് സഞ്ചാര സൗകര്യം എർപ്പെടുത്തിത്തന്ന ദൈവം തന്നെ നമ്മെ വാഹനാപകടങ്ങളിൽ നിന്ന് രക്ഷിക്കുകയും വേണം. വാഹനത്തിൽ കയ റുമ്പോൾ ദൈവത്തെ ഓർക്കുകയും അവൻ നൽകിയ അനുഗ്രഹത്തിന് കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യാത്തവർക്ക് എങ്ങനെ ദൈവിക സംരക്ഷണത്തെക്കുറിച്ച് പ്രത്യാശവെച്ച് പുലർത്തുവാൻ പറ്റും? എന്നാൽ ഈ പ്രാർത്ഥനയിലൂടെ കൃതജ്ഞത പ്രകടിപ്പിക്കുന്നവരെ ദൈവം അതു ല്യമായ രീതിയിൽ അപകടങ്ങളിൽനിന്ന് സംരക്ഷിക്കുന്നതായിരിക്കും.

51- മാതാപിതാക്കൾക്കു വേണ്ടിയുള്ള ദുആ

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ إِحْسَـٰنًا ۖ حَمَلَتْهُ أُمُّهُۥ كُرْهًا وَوَضَعَتْهُ كُرْهًا ۖ وَحَمْلُهُۥ وَفِصَـٰلُهُۥ ثَلَـٰثُونَ شَهْرًا ۚ

حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ وَبَلَغَ أَرْبَعِينَ سَنَةً قَالَ رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ

وَٰلِدَىَّ وَأَنْ أَعْمَلَ صَـٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ ﴿١٥﴾

46:16-17. മനുഷ്യനോട് തന്റെ മാതാപിതാക്കളോട് നന്മ ചെയ്യുവാൻ നാം അനുശാസിച്ചു. കഷ്ടപ്പാടോടുകൂടി അവന്റെ മാതാവ് അവനെ ഗർഭം ചുമന്നു. പ്രയാസങ്ങൾ സഹിച്ചുകൊണ്ട് അവനെ അവൾ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിയും മുപ്പത് മാസക്കാലമാണ്. ഒടുവിൽ അവന്റെ പൂർണ്ണ ശക്തി അവൻ പ്രാപിക്കുകയും നാല്പത് വയസ്സ് തികയുകയും ചെയ്യുമ്പോൾ അവൻ പ്രാർത്ഥിക്കുന്നു. എന്റെ രക്ഷിതാവേ, എന്നിലും എന്റെ മാതാപിതാക്കളിലും നീ ചെയ്ത നിന്റെ അനുഗ്രഹത്തിന് ഞാൻ നന്ദി കാണിക്കുന്നതിനും നിനക്ക് തൃപ്തികരമായ കാര്യങ്ങൾ ഞാൻ ചെയ്യുന്നതിനും നീ എനിക്ക് പ്രേരണ നൽകേണമേ. എന്റെ സന്തതികളിൽ എനിക്കായി നീ നന്മവരുത്തേണമെ. തീർച്ചയായും നിന്നെ ഞാൻ ലക്ഷ്യമാക്കുന്നു. തീർച്ചയായും ഞാൻ അനുസരണമർപ്പിക്കുന്നവരിൽപ്പെട്ടവനാകുന്നു.

أُو۟لَـٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنْهُمْ أَحْسَنَ مَا عَمِلُوا۟ وَنَتَجَاوَزُ عَن سَيِّـَٔاتِهِمْ فِىٓ

أَصْحَـٰبِ ٱلْجَنَّةِ ۖ وَعْدَ ٱلصِّدْقِ ٱلَّذِى كَانُوا۟ يُوعَدُونَ ﴿١٦﴾

46:17- അവരിൽ നിന്നും അവർ പ്രവർത്തിച്ചതിൽ ഏറ്റവും നല്ലത് നാം സ്വീകരിക്കുകയും അവരുടെ ദോഷങ്ങളെ നാം വിട്ട് കളയുകയും ചെയ്യുന്നതാണ്, സ്വർഗ്ഗവാസികളുടെ കൂടെയായിരിക്കും അവർ. അവരോട് ചെയ്ത സത്യമായവാഗ്ദത്തനിർവ്വഹണമാണിത്.

ഒരു മാതാവെന്ന നിലയിൽ സ്ത്രീകളുടെ സേവനങ്ങൾക്ക് പിതാവിനേക്കാൾ വിലമതിപ്പ് രേഖപ്പെടുത്തിയ ഒരു സൂക്തമാണിത്. മാതാവ് നമ്മെ ഗർഭം ചുമക്കുകയും പ്രസവിക്കുകയും മുലയൂട്ടുകയും ചെയ്യുമ്പോൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് തുല്യതയില്ലാത്തതാണ് ഇതിന്റെ കാരണം. ഈ വേദനകളിൽ തീർച്ചയായും പിതാവ് അയാളുടേതായ പങ്ക് വഹിക്കുന്നുണ്ട്. മുലകുടി തീരുന്നതോടെ മാതാവിന്റെ ഭാരം ലഘൂകരിക്കപ്പെടുന്നുണ്ടെങ്കിലും പിതാവിന്റെ ഭാരം വീണ്ടും വീണ്ടും വർദ്ധിച്ചു വരികയാണ് ചെയ്യുന്നത്. സ്വന്തം കുട്ടികൾ ഗർഭസ്ഥ ശിശുവായിരുന്ന അവസ്ഥയിലും, കൈകുഞ്ഞായിരുന്ന അവസ്ഥയിലും അമ്മക്കും കുഞ്ഞിനും വേണ്ട എല്ലാ ഒത്താശകളും പിതാവിനു ചെയ്യു

കൊടുക്കേണ്ടി വരുന്നു. മാത്രമല്ല കുട്ടികൾ വലുതായി വരുന്തോറും പിതാവിന്റെ ഭാരം കൂടി വരുന്നു. അവരെ സംരക്ഷിക്കേണ്ടതും അവർക്ക് വിദ്യാഭ്യാസം നൽകേണ്ടതും പിതാവിന്റെ ചുമതലയാണ്. അങ്ങനെ തന്റെ കുട്ടികൾ അവരുടെ സ്വന്തം കാലിൽ നില്ക്കുവാൻ കെല്പുള്ളവരായിത്തീരുവോളം ഉള്ള ഭാരം പിതാവിന്റെ തലയിൽ വന്നു ചേരുകയാണ് ചെയ്യുന്നത്. ഈ ഭാരം ഗർഭധാരണം പോലെ പ്രകടമല്ലെങ്കിലും ചിലപ്പോൾ ഗർഭധാരണത്തേക്കാൾ ഭാരം ഏറിയതാണ്. അതുകൊണ്ടാണ് മാതാപിതാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ രണ്ടു പേർക്കു വേണ്ടിയും ഒരുപോലെ പ്രാർത്ഥിക്കുവാനും രണ്ടു പേരേയും ഒരുപോലെ ബഹുമാനിക്കുവാനും രണ്ടു പേർക്കും ഒരു പോലെ അനുഗ്രഹങ്ങൾ ചെയ്തു കൊടുക്കുവാനും ആവശ്യപ്പെട്ടിരിക്കുന്നത്.

നമ്മുടെ മാതാപിതാക്കൾക്കു വേണ്ടി നാം ഏതുരീതിയിലുള്ള നന്മകൾ ചെയ്തു കൊടുക്കുന്നുവോ അതേരീതിയിലിള്ള പ്രതിഫലനമായിരിക്കും നമുക്കും നമ്മുടെ കുട്ടികളിൽനിന്ന് ലഭിക്കുക. മാതാപിതാക്കളിൽകൂടി നമുക്ക് ലഭിച്ച ദൈവീകാനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊണ്ട് നമ്മുടെ സന്തതികളിൽ നിന്ന് നന്മയരുളുവാൻ പ്രാർത്ഥിക്കുവാൻ പറഞ്ഞതിന്റെ രഹസ്യവും അതു തന്നെയാണ്. നാം നമ്മുടെ കുട്ടികളിൽനിന്ന് എത്ര മാത്രം നന്മകളാണോ നാം പ്രതീക്ഷിക്കുന്നത് അതേ രീതിയിലുള്ള നന്മകളാണ് നാം നമ്മുടെ മാതാപിതാക്കൾക്കും ചെയ്തുകൊടുക്കേണ്ടത്. അങ്ങനെ ചെയ്യുന്നവർക്കും അതിനു വേണ്ടി പ്രാർത്ഥിക്കുന്നവർക്കും അല്ലാഹു അതിമഹത്തായ പ്രതിഫലമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. മാതാപിതാക്കളോട് നന്മ പ്രവർത്തിക്കുന്നതു കാരണമായി ഓരോരുത്തരും സ്വർഗ്ഗത്തിനവകാശിയായിത്തീരുന്നതാണ്. അല്ലാഹു അവരുടെ തെറ്റുകളെ പൊറുത്തു കൊടുക്കുമെന്നും അവരുടെ ദോഷങ്ങളെ മായിച്ചുകളയുമെന്നും അവർ ചെയ്ത സൽപ്രവർത്തിക്കനുസരിച്ച് ഏറ്റവും മേന്മയുള്ള പ്രതിഫലം നൽകിക്കൊണ്ടു അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണെന്നും വാഗ്ദാനം ചെയ്തിരിക്കയാണ്.

52–വിശ്വാസികൾ വിശ്വാസികൾക്കു വേണ്ടി ചെയ്യുന്ന പ്രാർത്ഥന

وَٱلَّذِينَ جَآءُو مِنۢ بَعۡدِهِمۡ يَقُولُونَ رَبَّنَا ٱغۡفِرۡ لَنَا وَلِإِخۡوَٰنِنَا ٱلَّذِينَ سَبَقُونَا

بِٱلۡإِيمَٰنِ وَلَا تَجۡعَلۡ فِي قُلُوبِنَا غِلّٗا لِّلَّذِينَ ءَامَنُواْ رَبَّنَآ إِنَّكَ رَءُوفٞ رَّحِيمٌ ١٠

59:11. അവർക്കുശേഷം (സത്യ വിശ്വാസത്തിലേക്ക്) വന്നവർ പറയുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തിൽ ഞങ്ങളെ മുൻകടുന്ന ഞങ്ങളുടെ സഹോദരന്മാർക്കും പൊറുത്തു തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരുടെ നേരെ ഞങ്ങളുടെ മനസ്സുകളിൽ നീ

ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ തീർച്ചയായും നീ ദയാലുവും കരുണാനിധിയും ആകുന്നു.

വിശ്വാസികളായ നം വളരെയധികം ശ്രദ്ധ വെക്കുകയും നിത്യേന ഉരു വിട്ടു കൊണ്ടിരിക്കുകയും ചെയ്യേണ്ട ഒരു പ്രാർത്ഥനയാണിത്. സത്യവി ശ്വാസം സ്വീകരിച്ചവർക്കെതിരായി നമ്മുടെ മനസ്സിൽ പകയും വിദ്വേ ഷവും ഇല്ലാതായിത്തീരുവാൻ ഈ പ്രാർത്ഥന നമ്മെ സഹായിക്കുന്ന താണ്. പൊതുവെ ഏതു സമൂഹത്തിലും വ്യക്തിവൈരാഗ്യവും പരദൂഷ ണവും പടർന്നുപിടിക്കുന്ന ഈ കാലഘട്ടത്ത് ഈ പ്രാർത്ഥനക്കുള്ള പ്രാധാന്യം അതിമഹത്തായതാണ്. ഈ പ്രാർത്ഥന വഴി നമ്മുടെ മന സ്സിന് ശാന്തി ലഭിക്കുന്നതും നമ്മുടെ മനസ്സിൽനിന്ന് പകയും വിദ്വേ ഷവും നീങ്ങിപ്പോവുകയും ചെയ്യുന്നതാണ്. വിശ്വാസികൾ തമ്മിലുള്ള സ്നേഹഭാവം കാലദേശങ്ങൾക്കതീതമായി എത്രയോ മൺ മറഞ്ഞ തലമുറകളിലെ വിശ്വാസികൾ വരെ അല്ലാഹു വലിച്ചു നീട്ടിയിരിക്കുക യാണ്. ഈ പ്രാർത്ഥന വഴി നമ്മുടെ ഹൃദയത്തിലുണ്ടാവുന്ന സ്നേഹ ത്തിന്റെ അടയൊഴുക്കിന് ആദ്യവുമില്ല അന്ത്യവുമില്ല. ദൈവത്തിൽ നിന്ന് ഉത്ഭവിച്ച സ്നേഹം അവന്റെ സൃഷ്ടികളിലേക്കെല്ലാം വ്യാപി പിച്ചു കൊണ്ട് അവസാനം അവനിലേക്കു തന്നെ നാം അത് തിരിച്ചെ ത്തിക്കുന്നു. ഷിയാ മുസ്ലികൾ ആദ്യകാല മുസ്ലിം ഖലീഫമാർക്കെതി രെ ചൊരിയുന്ന ആരോപണങ്ങളും ശകാരവർഷങ്ങളും ഈ പ്രർത്ഥന ക്കെതിരായ പ്രവൃത്തികളാകുന്നു.

53- ദൈവം അത്യുന്നതൻ.

لَا يَسْتَوِيٓ أَصْحَٰبُ ٱلنَّارِ وَأَصْحَٰبُ ٱلْجَنَّةِ ۚ أَصْحَٰبُ ٱلْجَنَّةِ هُمُ ٱلْفَآئِزُونَ ۝

59:22- നരകസ്ഥരും സ്വർഗസ്ഥരും സമൻമാരല്ല. സ്വർഗസ്ഥർ തന്നെ യാണ് വിജയികൾ.

لَوْ أَنزَلْنَا هَٰذَا ٱلْقُرْءَانَ عَلَىٰ جَبَلٍ لَّرَأَيْتَهُۥ خَٰشِعًا مُّتَصَدِّعًا مِّنْ خَشْيَةِ ٱللَّهِ ۚ

وَتِلْكَ ٱلْأَمْثَٰلُ نَضْرِبُهَا لِلنَّاسِ لَعَلَّهُمْ يَتَفَكَّرُونَ ۝

59:23- നാം ഈ ഖുർആനെ ഒരു പർവതത്തിന്മേൽ ഇറക്കിയിരുന്നെങ്കി ൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം നിമിത്തം അത് നമ്രമായും പൊട്ടി ക്കീറുന്നതുമായും നീ കാണുമായിരുന്നു. അങ്ങ നെ ഉദാഹരണങ്ങൾ മനുഷ്യർക്കായി നാം വിവരിച്ചു കൊടു ക്കുന്നു; അവർ ചിന്തിക്കാൻ വേണ്ടി.

هُوَ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ ۖ عَـٰلِمُ ٱلْغَيْبِ وَٱلشَّهَـٰدَةِ ۖ هُوَ ٱلرَّحْمَـٰنُ ٱلرَّحِيمُ ﴿٢٢﴾

59:24– അവനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല; പരോക്ഷ മായതും പ്രത്യക്ഷമായതും അറിയുന്നവൻ. പരമകാരുണികനും കരുണാ മയനും അവൻ തന്നെയാണ്.

هُوَ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ ٱلْمَلِكُ ٱلْقُدُّوسُ ٱلسَّلَـٰمُ ٱلْمُؤْمِنُ

ٱلْمُهَيْمِنُ ٱلْعَزِيزُ ٱلْجَبَّارُ ٱلْمُتَكَبِّرُ ۚ سُبْحَـٰنَ ٱللَّهِ عَمَّا يُشْرِكُونَ ﴿٢٣﴾

59:25– അവനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല. മഹാരാജാ വും പരമപരിശുദ്ധനും സമാധാനസാമ്രാട്ടും അഭയദാതാവും രക്ഷാപരി പാലകനും പ്രതാപവാനും സർവരേയും അടക്കിഭരിക്കുന്നവനും മഹാ പ്രഭാവനുമാണവൻ. അവർ പങ്കുചേർക്കുന്നതിൽനിന്ന് അല്ലാഹു എത്ര യും പരിശുദ്ധാകുന്നു.

هُوَ ٱللَّهُ ٱلْخَـٰلِقُ ٱلْبَارِئُ ٱلْمُصَوِّرُ ۖ لَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ ۚ يُسَبِّحُ لَهُۥ

مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٤﴾

59:26–അവൻ, സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപ സന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാ കുന്നു.

ഇവിടെ പറയുന്ന പർവ്വതം നാം സാധാരണ രീതിയിൽ ഉദ്ദേശിക്കുന്ന മലകളല്ല. അത് ഓരോ കാലഘട്ടത്തിലെയും വൻശക്തികളാണ്. വൻ ശക്തികൾക്കൊന്നും ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കാത്ത മഹത്തായ കാര്യങ്ങളാണ് അല്ലാഹു പ്രവാചകന്മാർ മുഖേന നടപ്പിൽ വരുത്തുന്നത്. ആ പദ്ധതിയെ എതിർക്കാനായി വൻശക്തികൾ മുന്നിട്ടു വരികയാണെ ങ്കിൽ അവർ തകർന്ന് തരിപ്പണമായിത്തീരുന്നാണ്. യഥാർത്ഥത്തിൽ ഇങ്ങനെ തന്നെയാണ് സംഭവിച്ചതും. ഇസ്ലാമിന്റെ ആരംഭകാലത്തെ പേർഷ്യൻ സാമ്രാജ്യവും റോമാസാമ്രാജ്യവും മുസ്ലിം സൈന്യത്തിനു മുമ്പിൽ തകർന്നു തരിപ്പണമാവുകയുണ്ടായി. അതു പോലെ അവസാന കാലഘട്ടമായ മസീഹിന്റെ കാലത്തുള്ള സാമ്രാജ്യങ്ങളും ഇസ്ലാമുമാ യുള്ള അവരുടെ അന്തിമ പോരാട്ടത്തിൽ തകർന്നു തരിപ്പണമാകുന്നതാ

ണ്. കാരണം ഒരു വിഭാഗം സ്വർഗ്ഗത്തിന്റെ അവകാശികളും മറുവിഭാഗം നരകത്തിന്റെ അവകാശികളുമാണ്. അല്ലാഹു സ്വർഗ്ഗത്തിന്റെ അവകാശികൾക്കാണ് വിജയം വാഗ്ദാനം ചെയ്തിരിക്കുന്നത്. ഈ സാമ്രാജ്യങ്ങൾ സ്വയം ദൈവം ചമഞ്ഞു നടക്കാൻ തുനിയുന്നവരാണെങ്കിലും അവരുടെ കുതന്ത്രങ്ങളൊന്നും യഥാർത്ഥരാജാവായ അല്ലാഹുവിന്റെയും അവന്റെ പദ്ധതികളുടെയും മുമ്പിൽ വിലപ്പോവുകയില്ല. കാരണം അവനാണ് യഥാർത്ഥ രാജാവും പ്രതാപവാനും. അവനല്ലാതെ മറ്റൊരു ദൈവമില്ല. ആരെങ്കിലും ദൈവം തുനിയാൻ ശ്രമിച്ചാലും അവർ വിജയിക്കുകയില്ല. അവനല്ലാതെ ദൈവമില്ല എന്ന് ഇവിടെ രണ്ട് പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. ഇത് ഇസ്ലാമിന്റെ ആദ്യകാലത്തും അവസാന കാലത്തും നടക്കാനിരിക്കുന്ന ദൈവികേതര ശക്തികളുടെ യുദ്ധങ്ങളിലേക്കുള്ള സൂചനകളാണ്. ഈ രണ്ടു കാലഘട്ടത്തെ യുദ്ധങ്ങളിലും സ്വർഗ്ഗത്തിന്റെ അവകാശികളായ വിശ്വാസികൾ തന്നെയായിരിക്കും വിജയിക്കുന്നതെന്ന് അല്ലാഹു ഇവിടെ ഉറപ്പു നൽകിയിരിക്കയാണ്.

അല്ലാഹു പ്രത്യക്ഷമായ കാര്യങ്ങളും പരോക്ഷമായ കാര്യങ്ങളും അറിയുന്നവനായതുകൊണ്ട് വേറൊരു ദൈവമുണ്ടെങ്കിൽ അവനായിരുന്നു ആദ്യംതന്നെ അതറിയേണ്ടിയിരുന്നത്. വേറൊരു ദൈവമുണ്ടായിരുന്നുവെങ്കിൽ ഇവിടെ പറഞ്ഞ അവന്റെ ഗുണമഹാത്മ്യങ്ങൾ അപൂർണ്ണമാകുമായിരുന്നു. എന്നാൽ അവന്റെ ഗുണമഹാത്മ്യങ്ങൾ പൂർണവും അന്യൂനവുമായതുകൊണ്ട് വോറൊരു ദൈവമുണ്ടെന്ന വാദത്തിന്റെ പ്രസക്തിതന്നെ ഇല്ലാതായിത്തീരുന്നു.

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ഇവിടെ പറയുന്ന സ്തോത്രം എല്ലാം വസ്തുക്കളും പ്രഞ്ചനിയമത്തിന് വിധേയമായി നിലനിൽക്കുന്നതിനെ സൂചിപ്പിക്കുന്നു. ദൈവത്തെ സ്വീകരിച്ചാലും ഇല്ലെങ്കിലും ആർക്കും അവന്റെ പ്രകൃതി നിയമത്തെ മറികടന്നുകൊണ്ട് ജീവിക്കാൻ സാധിക്കുകയില്ല.

54- ഇബ്രാഹീം നബി (അ) ന്റെ മറെറാരു പ്രാർത്ഥന

رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ ٱلْمَصِيرُ ۝

60:05- ..... ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ കാര്യങ്ങൾ നിന്നിൽ ഞങ്ങൾ ഭരമേൽപ്പിക്കുന്നു. നിന്നിലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്യുന്നു. നിന്നിലേക്കു തന്നെയാണ് പ്രത്യഗമനസ്ഥാനം.

رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا۟ وَٱغْفِرْ لَنَا رَبَّنَآ ۖ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ۝

60:06- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അവിശ്വാസികളുടെ പരീക്ഷണത്തിന് വിധേയമാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങ

ൾക്കു നീ പൊറുത്തു തരേണമേ, തീർച്ചയായും നീ സർവ്വശക്തനും സർവ്വതന്ത്രജ്ഞനുമാകുന്നു.

വിശ്വാസികൾ സ്വന്തം കാലിൽ നില്ക്കുന്നവരും അല്ലാഹുവിനെയല്ലാതെ മറ്റാരേയും ആശ്രയിച്ച് കഴിയാത്തവരും ആയിരിക്കണം. അവിശ്വാസികളുടെ നേരിട്ടുള്ള നിയന്ത്രണങ്ങൾക്കു കീഴിൽ വിശ്വാസികൾക്ക് അവരുടേതായ ആത്മാഭിമാനത്തോടെ ജീവിക്കുവാൻ സാധിക്കുകയില്ല. ഓരോരുത്തരുടേയും ദൈനം ദിന പ്രവർത്തനങ്ങളിൽ വിശ്വാസികൾ സ്വതന്ത്രരായിരിക്കണം. എന്നാൽ മാത്രമേ സമയ പരിധിയിലുള്ള ആരാധനകളും മറ്റും അർപ്പിക്കുവാൻ വിശ്വാസികൾക്ക് അവരുടേതായ സ്വാതന്ത്ര്യവും സൗകര്യവും ലഭിക്കുകയുള്ളൂ. അവിശ്വാസികൾക്കുള്ള ഒരു പരീക്ഷണ വസ്തുവായി വിശ്വാസികൾ മാറുമ്പോൾ വിശ്വാസികളുടെ ആത്മാഭിമാനത്തിന് കോട്ടം തട്ടുകയാണ് ചെയ്യുന്നത്. തീർച്ചയായും അല്ലാഹു അവന്റെ യഥാർത്ഥ ദാസന്മാർക്ക് സ്വതന്ത്രമായ നിലനില്പും ജീവിത സൗകര്യങ്ങളും നൽകുന്നതാണ്. ഈ പ്രാർത്ഥനയിൽ അതിനു വേണ്ടിയുള്ള സഹായാഭ്യർത്ഥന അടങ്ങിയിരിക്കുന്നു. അതുപോലെ മറ്റു പല പരീക്ഷണങ്ങളിൽ നിന്നുള്ള രക്ഷക്കു വേണ്ടിയും ഈ പ്രാർത്ഥന ഉപയോഗപ്പെടുന്നതാണ്.

55- വിശ്വാസികൾ സ്വർഗ്ഗത്തിൽവെച്ച് ചെയ്യുന്ന പ്രാർത്ഥന.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ أَن يُكَفِّرَ عَنكُمْ سَيِّـَٔاتِكُمْ

وَيُدْخِلَكُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ يَوْمَ لَا يُخْزِى ٱللَّهُ ٱلنَّبِىَّ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ ۖ

نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَـٰنِهِمْ يَقُولُونَ رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝

66:09- അല്ലയോ വിശ്വാസികളേ, ഹൃദയംഗമായ പാശ്ചാതാപത്തോടെ നിങ്ങൾ അല്ലാഹുവിലേക്ക് മടങ്ങുവിൻ. പ്രവാചകനെയും അദ്ദേഹത്തിനോടൊപ്പം വിശ്വസിച്ചവരെയും അല്ലാഹു അപമാനിക്കാത്ത ഒരു നാളിൽ നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ തെറ്റുകളെ അകറ്റിക്കളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്നതായ തോട്ടങ്ങളിൽ നിങ്ങളെ അവൻ പ്രവേശിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി. (ആ നാളിൽ) അവരുടെ പ്രകാശം അവരുടെ മുന്നിലൂടെയും അവരുടെ വലതു വശങ്ങളിലൂടെയും പ്രസരിക്കുന്നതാണ്. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം നീ ഞങ്ങൾക്ക് പൂർണ്ണമാക്കിത്തരികയും ഞങ്ങൾക്കു പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

അല്ലയോ വിശ്വാസികളേ, ഹൃദയംഗമായ പാശ്ചാതാപത്തോടെ നിങ്ങൾ

അല്ലാഹുവിലേക്ക് മടങ്ങുവിൻ എന്ന ഉൽബോധനം സത്യവിശ്വാസം കൈകൊണ്ട ശേഷം അതിനു സംഭവിക്കാവുന്ന മൂല്യ ശോഷണത്തെ ചൂണ്ടി കാണിച്ചിരിക്കുന്നു. സത്യവിശ്വാസത്തെ അതിന്റെ തനിമയാർന്ന ആവേശത്തോടെ ജീവിതകാലം മുഴുവൻ പിടിച്ചു നിർത്തുവാനുള്ള ആഹ്വാനമാണിവിടെ തന്നിരിക്കുന്നത്. സത്യവിശ്വാസം വഴി നേടിയെടുക്കാവുന്ന പ്രഭാവത്തിനു യാതൊരു അന്ത്യവുമില്ല. അതിന്റെ പ്രഭാവം അല്ലെങ്കിൽ പ്രകാശം നമ്മിൽ പ്രവഹിക്കുന്നതായി കാണുന്ന ഒരു കാലം വന്നണയുന്നതാണ്. ഓരോ പ്രകാശത്തിനപ്പുറവും അതിനേക്കാൾ വെണ്മയുള്ള വേറൊരു പ്രകാശം സ്ഥിതി ചെയ്യുന്നു. അങ്ങനെ നാം പ്രകാശത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നതാണ്. അതിനു വേണ്ടിയുള്ളതാണ് ഈ പ്രാർത്ഥന. അതിനു വേണ്ടിയാണ് നാം ദൈവത്തോട് പൊറുത്തു തരുവാൻ അപേക്ഷിക്കുന്നത്. ദൈവത്തോടുള്ള മാപ്പപേക്ഷ ഈ ഭൂമിയിൽ മാത്രമല്ല, സ്വർഗ്ഗത്തിൽ വെച്ചും നടക്കുന്നതാണ്. അതു വഴി നമ്മുടെ പ്രകാശം പൂർണ്ണതയിലേക്ക് പ്രവഹിച്ചു കൊണ്ടിരിക്കുന്നതായിരിക്കും.

56- നൂഹ് നബി (അ) ന്റെ പ്രാർത്ഥന

وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَٰفِرِينَ دَيَّارًا ۝

71:27- നൂഹ് പറഞ്ഞു: എന്റെ രക്ഷിതാവേ, അവിശ്വാസികളിൽ പെട്ട ഒരുത്തനേയും നീ ഈ ഭൂമുഖത്ത് വിട്ടേക്കരുതേ

إِنَّكَ إِن تَذَرْهُمْ يُضِلُّوا۟ عِبَادَكَ وَلَا يَلِدُوٓا۟ إِلَّا فَاجِرًا كَفَّارًا ۝

71:28- തീർച്ചയായും അവരെ നീ വിട്ടേക്കുമെങ്കിൽ നിന്റെ ദാസന്മാരെ അവർ വഴിപിഴപ്പിച്ചു കളയും. ദുഷ്ടന്മാർക്കും സത്യനിഷേധികൾക്കുമല്ലാത അവർ ജന്മം നൽകുകയുമില്ല.

رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ

وَٱلْمُؤْمِنَٰتِ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا تَبَارًا ۝

71:29- എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും വിശ്വാസിയായി എന്റെ വീട്ടിൽ പ്രവേശിച്ചവർക്കും (മറ്റു) വിശ്വാസികൾക്കും വിശ്വാസിനികൾക്കും നീ പൊറുത്തു കൊടുക്കേണമേ. അക്രമികൾക്ക് നാശമല്ലാതൊന്നും നീ വർദ്ധിപ്പിക്കരുതേ.

നൂഹ് നബിയുടെ (അ) ജനത ധാർമ്മികമായി എത്രമാത്രം അധ:പതിച്ചിരിക്കുന്നുവെന്നതിനുള്ള ഒരു തെളിവാണ് ഈ പ്രാർത്ഥന. അവരുടെ സന്തതികൾ പോലും ദുഷ്ടന്മാരായിട്ടല്ലാതെ ജനിച്ചു വളരുകയില്ല എന്ന

ഘട്ടത്തിൽ എത്തുന്നതു വരെയുള്ള അധോഗതിയിൽ അവർ ചെന്നെത്തിയിരിക്കുകയായിരുന്നു. വെള്ളപ്പൊക്കം മൂലം അല്ലാഹു അവരുടെ സർവ്വ നാശത്തിനു വഴിയൊരുക്കിയതും ഇതു കൊണ്ടു തന്നെയാണ്.

കാലാകാലത്തിലുള്ള ദുഷ്ടന്മാരുടെ നിഗ്രഹത്തിനും ഭക്ത ജനങ്ങളുടെ സംരക്ഷണത്തിനും ഈ പ്രാർത്ഥന സഹായകമായിത്തീരുന്നതാണ്. അതോടൊപ്പം തന്നെ മൺമറഞ്ഞ വിശ്വാസികൾ മുതൽ ജനിക്കാനിരിക്കുന്ന വിശ്വാസികൾക്കു കൂടിയും ഈ പ്രാർത്ഥനയുടെ സൽഫലം എത്തിച്ചേരുന്നതാണ്.

57- അല്ലാഹുവിന്റെ ഏകത്വം

قُلْ هُوَ ٱللَّهُ أَحَدٌ ۝ ٱللَّهُ ٱلصَّمَدُ ۝ لَمْ يَلِدْ وَلَمْ يُولَدْ ۝ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ۝

112:02-05 പറയുക: അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനാകുന്നു. അവൻ ജനയിതാവല്ല ജാതനുമല്ല. അവനു തുല്യമായി ഒന്നുമില്ല.

ഇതു ഒരു പ്രാർത്ഥനയേക്കാളേറെ ഒരു സ്തോത്രമാകുന്നു. ഓരോ വാക്കുകളിലും അല്ലാഹുവിന്റെ ഏകത്വം നിറഞ്ഞു നില്ക്കുകയാണ്. ദൈവം പരാശ്രയരഹിതനായതും അവൻ ഏകനായതു കൊണ്ടാണ്. പിതാവില്ലാത്തവനായതും അവൻ ഏകനായതു കൊണ്ടാണ്. സന്താനമില്ലാ എന്നതും അവന്റെ ഏകത്വത്തിനുള്ള തെളിവാകുന്നു.

വളരെയധികം ഗൗരവപൂർവ്വമായി ചിന്തിക്കേണ്ട പ്രതിപാദ്യമാണ് അവനു തുല്യമായി ഒന്നുമില്ല എന്ന ഭാഗം. ദൈവത്തെ നാം സൃഷ്ടികളോടു തുലനം ചെയ്യരുതെന്നും സൃഷ്ടികളുടെ ഗുണത്തെ പോലെ അവന്റെ ഗുണ മാഹാത്മ്യങ്ങളെ മനസ്സിലാക്കരുതെന്നും ഈ ഗുണം നമ്മെ പഠിപ്പിക്കുന്നു.

ദൈവത്തെ നമ്മുടെ നഗ്നനേത്രങ്ങൾക്കു കാണുവാൻ സാധിക്കാത്തതും അവൻ പ്രത്യക്ഷനായിരിക്കുന്നതോടൊപ്പം തന്നെ അഗോചരനായിരിക്കുന്നതും അവനു തുല്യതയില്ലാത്ത മറ്റൊന്നും ഇല്ലാത്തതു കൊണ്ടാണ്. സൃഷ്ടികളെ മനസ്സിലാക്കുന്നതു പോലെ നാം ദൈവത്തെ മനസ്സിലാക്കുവാൻ ശ്രമിച്ചാൽ നാം വഴിപിഴച്ചു പോകുമെന്ന് ഈ സൂക്ഷ്മങ്ങൾ വെളിപ്പെടുത്തിയിരിക്കുകയാണ്. അല്ലാഹു നമ്മിൽ ആരെയും പോലെയല്ല. ദൈവത്തെ നാം ദൈവത്തിന്റേതായ ഗുണമാഹാത്മ്യങ്ങളോടു കൂടി മനസ്സിലാക്കണം. അവനു തുല്യമായി ആരെയും തന്നെ സങ്കൽപ്പിക്കാതിരിക്കണം. അവനു വകവെച്ചു കൊടുക്കേണ്ട ആരാധനാഭാവങ്ങൾ നാം മറ്റാർക്കും വകവെച്ചു കൊടുക്കരുത്. അവനു തുല്യമായി നാം മറ്റാരേയും സ്നേഹിക്കരുത് തുടങ്ങി അനേകം കാര്യങ്ങൾ ഈ ഒറ്റ വാചകത്തിൽ അടങ്ങിയിരിക്കുന്നു.

58- പ്രഭാതോദയത്തിന്റെ നാഥനിലേക്ക് അഭയം

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ۝ مِن شَرِّ مَا خَلَقَ ۝ وَمِن شَرِّ غَاسِقٍ إِذَا وَقَبَ ۝

وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ۝ وَمِن شَرِّ حَاسِدٍ إِذَا حَسَدَ ۝

113:02-06 പറയുക: പ്രഭാതോദയത്തിന്റെ നാഥനിൽ ഞാൻ അഭയം പ്രാപിക്കുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ ഉപദ്രവങ്ങളിൽ നിന്നും, രാത്രി ഇരുൾ മൂടുമ്പോൾ ഉണ്ടാകുന്ന അതിന്റെ ഉപദ്രവങ്ങളിൽ നിന്നും, കെട്ടുകളിൽ (ബന്ധങ്ങളിൽ) ഊതുന്നവരുടെ (അതു തകർക്കുവാൻ മന്ത്രിക്കുന്നവരുടെ) ഉപദ്രവങ്ങളിൽ നിന്നും, അസൂയാലു അസൂയപ്പെടുമ്പോഴുണ്ടാകുന്ന അവന്റെ ഉപദ്രവങ്ങളിൽ നിന്നും.

അദൃശ്യമായ ജീവികളിൽ നിന്നോ പിശാചിൽ നിന്നോ ഉണ്ടായേക്കാവുന്ന ഉപദ്രവങ്ങളിൽ നിന്ന് രക്ഷനേടുന്നതിന് മാത്രമുള്ള പ്രാർത്ഥനയല്ല ഇത്. നമ്മുടെ ദൈനം ദിന ജീവിതത്തിൽ നാമുമായി ഇടപഴകുന്നവരിൽ നിന്ന് നമുക്ക് നേരിടാവുന്ന ഉപദ്രവങ്ങളിൽ നിന്നും, അത് ചിലപ്പോൾ പ്രത്യക്ഷമായിരിക്കാം അല്ലെങ്കിൽ പരോക്ഷമായിരിക്കാം, രക്ഷ നേടുന്നതിനുള്ള പ്രാർത്ഥനയാണിത്. നമ്മുടെയിടയിൽ കലഹത്തിനും വക്കാണത്തിനും ഇട വരുത്തിയേക്കാവുന്ന എല്ലാ വിധ ദുഷ്പ്രേരണകളിൽ നിന്നുമുള്ള മോചനത്തിനു വേണ്ടി ഈ പ്രാർത്ഥന ഉപകരിക്കുന്നതാണ്. നാമും നമ്മുടെ സ്നേഹിതന്മാരും തമ്മിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളിൽ നിന്നും നമ്മുടെ കുടുംബബന്ധങ്ങൾ തകരുവാനും സ്നേഹബന്ധങ്ങൾ ഇല്ലാതായിത്തീരുവാനും കാരണമായിത്തീരുന്ന എല്ലാവിധ പ്രശ്നങ്ങളിൽ നിന്നും ഉള്ള മോചനത്തിനു വേണ്ടിയും ഈ പ്രാർത്ഥന സഹായകമായിത്തീരുന്നതാണ്. രാഷ്ട്രീയതലത്തിലും അന്താരാഷ്ട്രീയതലത്തിലും ഉണ്ടായേക്കാവുന്ന എല്ലാവിധ കെടുതികളിൽനിന്നും ഈ പ്രാർത്ഥന രക്ഷ നല്കുന്നതാണ്. ഈ പ്രാർത്ഥന നമ്മുടെ ജീവൻ നിലനിൽക്കുവോളം നമ്മുടെ നിത്യ ജീവിതത്തിന്റെ ഒരു ഭാഗമാക്കിത്തീർക്കേണ്ടതാണ്.

59- മനുഷ്യരുടെ നാഥനിലേക്ക് അഭയം.

قُلْ أَعُوذُ بِرَبِّ ٱلنَّاسِ ۝ مَلِكِ ٱلنَّاسِ ۝ إِلَٰهِ ٱلنَّاسِ ۝ مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ۝

ٱلَّذِى يُوَسْوِسُ فِى صُدُورِ ٱلنَّاسِ ۝ مِنَ ٱلْجِنَّةِ وَٱلنَّاسِ ۝

114:02-07 പറയുക: മനുഷ്യ ഹൃദയങ്ങളിൽ തിന്മ മന്ത്രിച്ച് പിന്മാറിക്കളയുന്ന ജിന്നിലും മനുഷ്യരിലുമുള്ള ദുർബോധകന്റെ ഉപദ്രവങ്ങളിൽ നിന്ന് രക്ഷനേടുവാനായി മനുഷ്യരുടെ നാഥനും മനുഷ്യരുടെ രാജാവും

മനുഷ്യരുടെ ദൈവവുമായവനിലേക്ക് ഞാൻ അഭയം തേടുന്നു.

മുൻ കഴിഞ്ഞ പ്രാർത്ഥനയുടെ ഒരു തുടർച്ചയാണ് ഈ പ്രാർത്ഥനയും. എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും ദൈവത്തെ ശരണം പ്രാപിക്കുവാനാണ് ഇത് നമ്മെ ഉണർത്തുന്നത്. എല്ലാറ്റിന്റേയും അധിരാജനായ ദൈവത്തിന്റെ സന്നിധിയിലേക്കുള്ള നമ്മുടെ പ്രവേശനമാണ് എല്ലാവിധ തിന്മകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും നമ്മെ സുരക്ഷിതരാക്കുന്നതെന്ന വിശുദ്ധ രഹസ്യവും ഈ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു.

വിശുദ്ധ ഖുർആനെ പൂർണ്ണമായി മനസ്സിലാക്കുവാനും ദൈവത്തെ പൂർണ്ണമായി അറിയുവാനും അവനിൽ പൂർണ്ണമായി ലയിച്ചു ചേരുവാനുമുള്ള ആഹ്വാനത്തോടെ ഈ അദ്ധ്യായത്തിന് ഇവിടെ പരിസമാപ്തി കുറിക്കുന്നു. അല്ലാഹു നമ്മെ അതിനു സഹായിക്കുമാറാകട്ടെ. ആമീൻ.

وَءَاخِرُ دَعْوَانَا أَنِ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ ۝

സർവ്വലോക സംരക്ഷകനായ അല്ലാഹുവിനാകുന്നു എല്ലാ സ്തുതിയും. എന്ന സ്തോത്രത്തോടെ ഈ ഗ്രന്ഥം ഇവിടെ പൂർണമാകുന്നു.

****